# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

2018 ജനുവരി 25, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 170 - നമ്പർ 4

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

2018 ജനുവരി 25, വ്യാഴം

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ.ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

478/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

## ഉള്ളടക്കം


പേജ്

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...31

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...31

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...77

**II. അടിയന്തരപ്രമേയം**

ഓഖി ബാധിതരുടെ പ്രശ്നങ്ങൾ

(അവതരണാനുമതി നിഷേധിച്ചു) ...452

**III. ശ്രദ്ധ ക്ഷണിക്കൽ**

(1)താമരശ്ശേരി ചുരം —
ശ്രീ. ജോർജ് എം. തോമസ് ...479

(2) കുടിവെള്ള പദ്ധതികൾ—

ശ്രീ. സി. മമ്മൂട്ടി ...486

**IV. സബ്മിഷൻ**

(1) പത്ര-ദൃശ്യ മാധ്യമങ്ങളിൽ വന്ന വാർത്ത സംബന്ധിച്ച്—

പ്രതിപക്ഷനേതാവ് ( ശ്രീ. രമേശ് ചെന്നിത്തല) ...489

(2) ജാനകി ടീച്ചറുടെ കൊലപാതകം—

ശ്രീ. എം. രാജഗോപാലൻ ...496

(3) ഗെയ്‌ൽ പൈപ്പ് ലൈൻ—

ശ്രീ. പി. ഉബൈദുള്ള ...498

പേജ്

(4) കാർഷിക വൈദ്യുതി കണക്ഷൻ—

ശ്രീ. കെ. രാജൻ ...501

(5) കിടത്തി ചികിത്സ—

ശ്രീ. കെ. വി. വിജയദാസ് ...503

(6) വൈറ്റില മേൽപ്പാലം—

ശ്രീ. പി. ടി. തോമസ് ...505

(7) തിരുവാഭരണ ഘോഷയാത്ര—

ശ്രീ. ഒ. രാജഗോപാൽ

ശ്രീ. ചിറ്റയം ഗോപകുമാർ ...508

(8) തീപിടുത്തം

—ശ്രീ. യു. ആർ. പ്രദീപ് ...510

(9) ടൗൺ മാസ്റ്റർ പ്ലാൻ

—ശ്രീ. പി. ടി. എ. റഹീം ...511

(10) മാലിന്യ നിർമ്മാർജ്ജനം

—ശ്രീ. ജോൺ ഫെർണാണ്ടസ് ...512

**V. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

(1) ഓഖി ദുരന്തം—

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) ...514

(2) രാഷ്ട്രപിതാവിന്റെ എഴുപതാം രക്തസാക്ഷി ദിനം—

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) ..521

പേജ്

VI. ക്രമപ്രശ്നം

നയപ്രഖ്യാപന പ്രസംഗത്തിലെ ഒഴിവാക്കപ്പെട്ട ഭാഗങ്ങൾ ചർച്ചചെയ്യാൻ പാടില്ലെന്നത് സംബന്ധിച്ച്—

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി(ശ്രീ. എ. കെ. ബാലൻ) ...524

റൂളിംഗ്

മി. സ്പീക്കർ ...529

VII. ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച ...530

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

*2018 ജനുവരി 25, വ്യാഴം*

| വാല്യം 170] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 4 |
|---|---|---|

നിയമസഭ 2018 ജനുവരി മാസം 25 -ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളന കാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ....... ചോദ്യം നമ്പർ (* 61)

### കുടിവെള്ള പദ്ധതികൾ

1 (*61) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആവർത്തിച്ചുണ്ടാകുന്ന വരൾച്ചയുടെ ഫലമായുള്ള കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കിഫ്ബി ധനസഹായത്തോടുകൂടി നടപ്പാക്കാൻ 2016-17-ൽ ഭരണാനുമതി ലഭിച്ച 1257 കോടി രൂപയുടെ 23 കുടിവെള്ള പദ്ധതികളുടെ പണി ആരംഭിക്കാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(ബി) 2017-18 ബജറ്റിൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച കുടിവെള്ള പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ;

(സി) അമൃത്, നബാർഡ്, ഗ്രീൻബുക്ക് തുടങ്ങിയ പദ്ധതികൾ പ്രകാരം ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ആരംഭിച്ച കുടിവെള്ള പദ്ധതികളും അവയുടെ പുരോഗതിയും അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ,

(എ) 2016-17-ൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കാൻ 1257 കോടി രൂപയുടെ 23 കുടിവെള്ള പദ്ധതികൾക്കാണ് അനുമതി ലഭിച്ചത്. 55 പാക്കേജുകളിലായാണ് ഇത് നടപ്പിലാക്കുന്നത്. 22 കുടിവെള്ള പദ്ധതികളുടെ പണികൾ ആരംഭിച്ചു. അതായത് 55 പാക്കേജുകളിൽ 35 പാക്കേജുകൾ ഇതിനോടകം ടെണ്ടർ ചെയ്തിട്ടുണ്ട്. 24 പാക്കേജുകളുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന 20 പാക്കേജുകളിൽ 10 പാക്കേജുകൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ബാക്കിയുള്ള 10 പാക്കേജുകൾ ഇലക്ട്രോ-മെക്കാനിക്കൽ അടക്കമുള്ള പ്രവൃത്തികളായതിനാൽ ടെണ്ടർ ചെയ്യപ്പെട്ട മുൻ പാക്കേജുകളുടെ പുരോഗതിക്കനുസരിച്ച് ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതാണ്.

KIIFB പദ്ധതികളുടെ വിവരങ്ങളും അവയുടെ പ്രവർത്തന പുരോഗതിയും വിശദമായി അനുബന്ധം 1 ആയി ചേർക്കുന്നു*. അത് മേശപ്പുറത്തുവയ്ക്കുന്നു.

(ബി) 2017-18-ൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച 35 കുടിവെള്ള പദ്ധതികളിൽ 4 പദ്ധതികൾക്ക് സർക്കാരിൽ നിന്നും തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. അത് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നവയുമാണ്.

9 പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടുകൾ സർക്കാരിന്റെ പരിഗണനയിലാണ്. ബാക്കിയുള്ള 22 പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടുകൾ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു. ഈ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം- 2 ആയി ചേർക്കുന്നു*. അത് മേശപ്പുറത്തുവയ്ക്കുന്നു.

(സി) അമൃത് പദ്ധതി സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ 9 നഗരങ്ങളിലാണ് നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുള്ളത്. അമൃത് പദ്ധതിയിൽ ഈ 9 നഗരങ്ങൾക്കായി 1047 കോടി രൂപയുടെ എൺപത്തിയേഴ് (87) കുടിവെള്ള പദ്ധതികളാണ് മൂന്ന് ആക്ഷൻ (2015-16, 2016-17, 2017-18) പ്ലാനുകളായി കേരള ജല അതോറിറ്റിക്ക് അനുവദിച്ചിട്ടുള്ളത്.

അമൃത് പദ്ധതിയിൽ ഭരണാനുമതി ലഭിച്ച എല്ലാ കുടിവെള്ള പ്രവൃത്തികളുടെയും വിശദവിവരങ്ങൾ അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു*. അത് മേശപ്പുറത്തുവയ്ക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിലെത്തിയശേഷം നബാർഡിന്റെ ധനസഹായത്തോടെ 2016 നവംബറിൽ RIDF XXII-ൽ ഉൾപ്പെടുത്തി 6 പദ്ധതികൾക്കും 2017 ഡിസംബർ 31-ന് RIDF XXIII-ൽ ഉൾപ്പെടുത്തി 3 പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ ഒൻപത് പദ്ധതികളുടെ പുരോഗതി റിപ്പോർട്ട് അനുബന്ധം-4 ആയി ചേർത്തിരിക്കുന്നു*.

ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ഗ്രീൻബുക്കിൽ ഉൾപ്പെടുത്തി 6 പദ്ധതികൾക്ക് 140 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-5 ആയി ചേർത്തിരിക്കുന്നു*. മേശപ്പുറത്തുവയ്ക്കുന്നു.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഭരണാനുമതി ലഭിച്ച പദ്ധതികളെ സംബന്ധിച്ചും പ്രവൃത്തിപഥത്തിൽ വന്നിട്ടുള്ളവയെ സംബന്ധിച്ചുമുള്ള വിശദ വിവരം ലഭിച്ചിട്ടുണ്ട്. ചില പദ്ധതികൾ അകാലമായി നീണ്ടുപോകുന്നതിന്റെ ഫലമായി കുറഞ്ഞ നിരക്കിൽ ടെണ്ടർ എടുത്തവർക്ക് പണി പൂർത്തിയാക്കാൻ കഴിയാതെവരുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. ഇത് ഒഴിവാക്കുന്നതിനായി പദ്ധതിക്ക് അനുമതി ലഭിച്ചാലുടൻതന്നെ അത് പ്രാവർത്തികമാക്കാനാവശ്യമായ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. മാത്യു ടി. തോമസ്: സർ, 2016-17-ൽ ഭരണാനുമതി ലഭിച്ച 23 പദ്ധതികളിൽ 22 പദ്ധതികളും ഭാഗികമായെങ്കിലും ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്ഥലം ലഭ്യമാകാത്ത ഒരു പദ്ധതിയുടെ പണി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥലലഭ്യതയുടെ പ്രശ്നം, റോഡ് കട്ടിംഗിന്റെ പെർമിഷൻ, നൂതന രീതിയിൽ പൂർത്തീകരിച്ച റോഡ് ഉടനെ വെട്ടിപ്പൊളിക്കുമ്പോൾ നാട്ടിലുണ്ടാകുന്ന പ്രതിഷേധം തുടങ്ങിയവ പദ്ധതിയെ സാരമായി ബാധിക്കുന്നുണ്ട്. ഇക്കാര്യങ്ങൾ ഓരോ ഘട്ടത്തിലും ഉദ്യോഗസ്ഥ തലത്തിലും മന്ത്രിതലത്തിലും അവലോകനം നടത്തി കഴിയുന്നത്ര വേഗത്തിലാക്കാൻ ശ്രമിക്കുന്നുണ്ട്. കിഫ്ബി ഒഴികെയുള്ള ചില പദ്ധതികൾക്കുള്ള സാമ്പത്തിക പ്രതിസന്ധികളും കേരള വാട്ടർ അതോറിറ്റി അഭിമുഖീകരിക്കുന്നുണ്ട്. പദ്ധതിപ്രവർത്തനങ്ങൾ വേഗത്തിലാക്കാനുള്ള പരിശ്രമങ്ങൾ സർക്കാർ തലത്തിലും കേരള വാട്ടർ അതോറിറ്റി തലത്തിലും സ്വീകരിച്ചുവരികയാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, കൊച്ചിയിലെ കുടിവെള്ള ക്ഷാമത്തിന് വലിയ തോതിൽ പരിഹാരം കാണാൻ കഴിയുന്ന ഒരു പദ്ധതിയാണ് ഇൻഡസ്ട്രിയൽ വാട്ടർ സപ്ലൈ സ്കീം. അതിനുള്ള സ്ഥലം ആവശ്യപ്പെട്ട് കേരള വാട്ടർ അതോറിറ്റി മുന്നോട്ടുവന്നിട്ടുണ്ട്. എന്നാൽ സ്ഥലം വിട്ടുകൊടുക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. കളമശ്ശേരിയിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള സ്ഥലം വിട്ടുകൊടുക്കണമെന്നാവശ്യപ്പെട്ട് എറണാകുളത്തെ പ്രത്യേകിച്ച്, നഗരചുറ്റുപാടുമുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എം.എൽ.എ.-മാർ സർക്കാരിന് ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഇൻഡസ്ട്രിയൽ വാട്ടർ സപ്ലൈ സ്കീം നടപ്പാക്കിയാൽ കൊച്ചി നഗരസഭയിലെയും പരിസര പ്രദേശങ്ങളിലെയും കുടിവെള്ളക്ഷാമത്തിന് വലിയ തോതിൽ പരിഹാരം കാണാൻ സാധിക്കും. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് അങ്ങേയ്ക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. മാത്യു ടി. തോമസ്: സർ, സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 2016-ൽ, കഴിഞ്ഞ സർക്കാരിന്റെ അവസാന കാലഘട്ടത്തിൽ തറക്കല്ലിട്ട പദ്ധതിയാണ്. പക്ഷേ സ്ഥലം ലഭ്യമായിരുന്നില്ല. കിൻഫ്രയുടെ സ്ഥലം ലഭ്യമാകുമെന്നുള്ള പ്രതീക്ഷയിലായിരുന്നു തറക്കല്ലിട്ടത് എന്നുതോന്നുന്നു. പക്ഷേ കിൻഫ്രയിൽനിന്നും സ്ഥലം കിട്ടാത്ത ചില നിയമപരമായ കുരുക്കുകളും കേസ്സുകളുമുണ്ടായി. എച്ച്.എം.ടി.-യുടെ സ്ഥലം ലഭ്യമാകുമോ എന്നുള്ളത് പരിശോധിക്കുന്നുണ്ട്. അനുയോജ്യമായ സ്ഥലം ലഭിച്ചാൽ മാത്രമേ പ്രസ്തുത പദ്ധതിയുമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. 2016-ൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി കിട്ടിയ ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞുവെന്നുള്ള സാങ്കേതിക പ്രശ്നവും നിലനിൽക്കുന്നുണ്ട്. ഈ പ്രശ്നത്തെ എങ്ങനെ നേരിടാൻ കഴിയും എന്നുള്ളതുസംബന്ധിച്ച് പരിശോധിക്കാം.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, കുടിവെള്ള പദ്ധതികളുടെ ഭാഗമായി ഇടുന്ന പൈപ്പുകൾ പൊട്ടുന്നത് ഒരു സാധാരണ സംഭവമായി തീർന്നിരിക്കുന്നു. അതിനാൽ ഗുണമേന്മയുള്ളതും ഭാരം കയറ്റിയ വണ്ടികൾ പോകുമ്പോൾ തകർന്നുപോകാത്തതുമായ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുമോ; അതുപോലെ, കുടിവെള്ള സ്രോതസ്സുകൾ മലിനമാകുന്നതും വറ്റിപ്പോകുന്നതുമായ സ്ഥിതിയുണ്ട്, ഈ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ ഒരു കോ-ഓർഡിനേഷൻ ജലവിഭവ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, റോഡിന്റെ വശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ പൊട്ടുന്നുവെന്നുള്ള പ്രശ്നം വളരെ നാളുകളായി കേൾക്കുന്നതാണ്. അത് ജലവിതരണത്തെ മാത്രമല്ല, റോഡുകളുടെ ഗുണനിലവാരത്തെയും ദോഷമായി ബാധിക്കുന്നുണ്ട്. റോഡുകൾ മെച്ചപ്പെട്ട രീതിയിൽ നിലനിർത്തണമെന്നുള്ളത് ഈ സർക്കാരിന്റെ വലിയൊരു ആഗ്രഹമാണ്. മുൻകാലങ്ങളിൽ സ്ഥാപിച്ച എ.സി. പൈപ്പുകളാണ് പ്രധാനമായും പൊട്ടുന്നത്. ചിലയിടത്ത് പി.വി.സി. പൈപ്പുകളാണ് സ്ഥാപിച്ചിരിക്കുന്നത്. ഇപ്പോൾ പ്രധാനമായും, പ്രത്യേകിച്ച് പുതിയ പദ്ധതികൾക്ക് വേഗത്തിൽ പൊട്ടാൻ സാധ്യതയില്ലാത്ത ഡി.ഐ. പൈപ്പുകളിടാനാണ് ശ്രമിക്കുന്നത്. മറ്റൊന്ന്, വേനൽക്കാലത്ത് കുടിവെള്ള

സ്രോതസ്സുകളിൽ വെള്ളമില്ലാതാകുന്ന അവസ്ഥ പരിഹരിക്കുന്നതിന് സ്രോതസ്സുകളോടുചേർത്ത് തടയണകൾ നിർമ്മിച്ച് വെള്ളം കെട്ടിനിർത്തുന്ന നടപടി കേരള വാട്ടർ അതോറിറ്റിതന്നെ മുൻകൂട്ടി ചെയ്യാറുണ്ട്. അതോടൊപ്പം ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്ക് കർശന ശിക്ഷ നിഷ്കർഷിച്ചുകൊണ്ട് നിയമഭേദഗതി ഓർഡിനൻസായി സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അത് നിയമമാക്കിയെടുക്കാനുള്ള ശ്രമം അടുത്ത നിയമസഭാ സമ്മേളനത്തിൽ പരിഗണിക്കാൻ കഴിയുമോ എന്നുള്ളത് പരിശോധിക്കുന്നതാണ്.

ശ്രീ. എ. എം. ആരിഫ്: സർ, കുടിവെള്ള പദ്ധതികളുടെ പണി പൂർത്തീകരിച്ചുകഴിഞ്ഞാൽ ജനങ്ങൾക്ക് വെള്ളം ലഭ്യമാക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനം. നിലവിലുള്ള പദ്ധതികളുടെ ലൈൻ എക്സ്റ്റൻഷനുമായി ബന്ധപ്പെട്ട് 60 കോടി രൂപ നബാർഡിൽനിന്നും അനുവദിക്കുകയുണ്ടായി. അതിൽ 40 കോടി രൂപയുടെ വർക്കുകൾ മാത്രമേ നടന്നിരുന്നുള്ളൂ. ബാക്കി 20 കോടി രൂപയുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെയും വകുപ്പ് അധികൃതരുടെയും സാന്നിദ്ധ്യത്തിൽ പലപ്രാവശ്യം ചർച്ചചെയ്തതിന്റെ അടിസ്ഥാനത്തിൽ 20 കോടി രൂപയുടെ പ്രൊപ്പോസൽ പഞ്ചായത്തുതലത്തിൽനിന്നും വാങ്ങി വെള്ളമില്ലാത്ത സ്ഥലങ്ങളിൽ വെള്ളമെത്തിക്കാമെന്നും പഴയ ലൈനുകൾ നവീകരിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കാമെന്നും പറഞ്ഞിരുന്നു. ഇക്കാര്യത്തിൽ പ്രൊപ്പോസൽ വാങ്ങുകയോ നടപടിക്രമങ്ങളിലേയ്ക്ക് നീങ്ങുകയോ ചെയ്തിട്ടില്ല. കോടിക്കണക്കിന് രൂപ മുടക്കി പദ്ധതികൾ നടപ്പാക്കിയാലും ജനങ്ങൾക്ക് ആവശ്യമായ ജലം ലഭ്യമാക്കുന്ന നിലയിൽ കാര്യങ്ങൾ ക്രമീകരിക്കേണ്ടതായിട്ടുണ്ട്. ഇതുസംബന്ധിച്ച് അങ്ങയുടെ സാന്നിദ്ധ്യത്തിലെടുത്ത തീരുമാനം എത്രയുംവേഗം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. പ്രതിദിനം ഏതാണ്ട് 1000 മി.ലി. ശുദ്ധീകരിച്ച വെള്ളം വിതരണം ചെയ്യാനാവശ്യമായ സംവിധാനങ്ങൾ കേരള വാട്ടർ അതോറിറ്റിയുടെ കൈവശമുണ്ട്. വിതരണ ശൃംഖല മെച്ചപ്പെടുത്തേണ്ടതുണ്ട്. നബാർഡിന്റെ പദ്ധതിയിൽ വിതരണ ശൃംഖലയ്ക്കുവേണ്ടിയുള്ള പണം മിച്ചമുണ്ട് എന്ന് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുസംബന്ധിച്ച് കൃത്യമായി മറുപടി പറയാൻ കഴിയുന്നില്ല. വിതരണ ശൃംഖല വ്യാപിപ്പിക്കുക എന്നുള്ളത് കേരള വാട്ടർ അതോറിറ്റിയുടെ മുൻഗണനയിൽപ്പെടുന്ന ഒരു വിഷയമാണ്.

ശ്രീ. വി. ജോയി : സർ, മേജർ കുടിവെള്ള പദ്ധതികളിൽ പലതിലും വെള്ളം ലഭ്യമാകാത്ത അവസ്ഥയാണുള്ളത്. വാമനപുരം ആറിന്റെ വരൾച്ചയുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസത്തെ പത്രങ്ങളിൽ വാർത്ത വരികയുണ്ടായി. തിരുവനന്തപുരം ജില്ലയിലെ ആറ് നിയമസഭാ മണ്ഡലങ്ങളിൽ വാമനപുരം ആറിലെ വെള്ളമാണ് കുടിവെള്ള പദ്ധതികൾക്കായി ഉപയോഗപ്പെടുത്തുന്നത്.

പതിനൊന്നോളം ശുദ്ധജല പദ്ധതികളാണ് അതിൽ പ്രവർത്തിക്കുന്നത്. ഇപ്പോൾ അവിടെ വെള്ളമില്ലാത്ത സ്ഥിതിയാണുള്ളത്. അവിടെ ചെറിയ ഡാം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശമുണ്ടോ; അതുമായി ബന്ധപ്പെട്ട് എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്; ചെറിയ കുടിവെള്ള പദ്ധതികൾക്കാവശ്യമായ ഫണ്ട് ഈ വർഷത്തെ ബജറ്റിലെങ്കിലും വകയിരുത്താൻ സാധിക്കുമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, വാമനപുരം അടക്കം പല നദികളിലും കഴിഞ്ഞ വേനൽക്കാലത്ത് വെള്ളമില്ലായിരുന്നു എന്നുള്ളത് രൂക്ഷമായ ഒരു പ്രശ്നമായി വന്നതാണ്. അതിന്റെ പശ്ചാത്തലത്തിലാണ് കഴിഞ്ഞ ബജറ്റിൽ കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകൾക്ക് മുൻഗണന നൽകിക്കൊണ്ട് നദികൾക്ക് കുറുകെ പുതിയ റെഗുലേറ്ററുകൾ പണിയാനുള്ള പദ്ധതി പ്രഖ്യാപിച്ചത്. അതിൽ വാമനപുരം കുടിവെള്ള പദ്ധതിക്ക് എപ്പോഴും ജലലഭ്യത ഉറപ്പാക്കുന്ന രൂപത്തിലുള്ള റെഗുലേറ്റർ പണിയുന്നതിന് വിശദമായ റിപ്പോർട്ട് തയ്യാറാക്കി വരികയാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുന്ന പദ്ധതികളെല്ലാം ആ സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെങ്കിലും കുറെ പദ്ധതികൾ ആരംഭിക്കാനെങ്കിലും സാധിക്കണം. ഇവിടെ ലഭ്യമാക്കിയിരിക്കുന്ന മറുപടിയിലെ (ബി) പിരിവിൽ പറയുന്നത്, 2017-18 ബജറ്റിൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച 35 കുടിവെള്ള പദ്ധതികളിൽ നാല് എണ്ണത്തിന് സർക്കാരിൽനിന്നും തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ടെന്നാണ്. എ.എസ്. കൊടുത്തിട്ടില്ല. തത്വത്തിൽ പോലും അംഗീകാരമില്ലാതെയാണോ ബജറ്റ് പ്രസംഗത്തിൽ പദ്ധതികൾ പ്രഖ്യാപിക്കുന്നത്? ആ ഡോക്യുമെന്റിന്റെ സാംഗ്റ്റിറ്റി എന്താണ്? പദ്ധതി പ്രഖ്യാപിച്ചിട്ട് ഒരു കൊല്ലം പൂർത്തിയാകാൻ പോകുകയാണ്. 35 എണ്ണത്തിൽ നാലെണ്ണത്തിന് മാത്രമാണ് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ളത്. അത് ഭരണവകുപ്പിന്റെ വീഴ്ചയാണോ? ബജറ്റ് എന്നുപറയുന്നത് ഒരു solemn ഡോക്യുമെന്റാണ്. അതിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾക്ക് പിന്നീട് എന്തിനാണ് ഇൻ പ്രിൻസിപ്പിൾ അംഗീകാരം ലഭിക്കുന്നത്? ഇത് ഗുരുതരമായ വീഴ്ചയാണ്. അങ്ങയുടെ വകുപ്പിന്റെ തകരാറുമൂലമാണോ പദ്ധതികൾക്ക് എ.എസ്. ലഭിക്കാത്തത്?

ശ്രീ. മാത്യു ടി. തോമസ്: സർ, ബഹുമാനപ്പെട്ട അംഗം മറുപടിയിലെ (എ) ഭാഗം വായിച്ചിട്ടുവേണം (ബി) വായിക്കേണ്ടത്. (എ)-യിൽ, 2016-17 സാമ്പത്തിക വർഷം പ്രഖ്യാപിച്ച 23 കുടിവെള്ള പദ്ധതികളിൽ 22 എണ്ണവും ടെണ്ടർ വിളിച്ച് പണി ആരംഭിച്ചുകഴിഞ്ഞു. എന്നാൽ 2017-18-ൽ പ്രായോഗികമായ ചില ബുദ്ധിമുട്ടുകളുണ്ടായി. ജനങ്ങളുടെ ആവശ്യം അറിഞ്ഞുള്ള പ്രഖ്യാപനമാണ് ബജറ്റിൽ ഉണ്ടായത്. അതുകൊണ്ടുതന്നെ ജനപ്രതിനിധികളുമായി ബന്ധപ്പെട്ട് അതിന്റെ സാധ്യതകൾ പരിശോധിച്ച് ഡി.പി.ആർ. തയ്യാറാക്കാൻ കാലതാമസം വന്നുവെന്നത് വസ്തുതയാണ്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, കേരളത്തിൽ കുടിവെള്ളത്തിനുവേണ്ടി ജനങ്ങൾ എല്ലാക്കാലത്തും മുറവിളികൂട്ടുകയാണ്. നിയമസഭയിൽ എല്ലാ അംഗങ്ങളും ഇതുസംബന്ധിച്ച് ആക്ഷേപം ഉന്നയിക്കുകയാണ്. കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരം കാണാൻ ഗവൺമെന്റ് നടപടി സ്വീകരിക്കേണ്ടതുണ്ട്. ഈയടുത്ത കാലത്ത് തിരുവനന്തപുരം നഗരത്തിൽ കുടിവെള്ളക്ഷാമമുണ്ടായപ്പോൾ കോടിക്കണക്കിന് രൂപ ചെലവാക്കി ജലം ലഭ്യമാക്കി. എന്നാൽ തിരുവനന്തപുരം നഗരത്തിന് പുറത്തുള്ള ഗ്രാമങ്ങളിൽ കുടിവെള്ളത്തിനുവേണ്ടി ജനങ്ങൾ റോഡ് ബ്ലോക്ക് ചെയ്യുകയും കലാപമുണ്ടാക്കുകയും ചെയ്തു. അത് ഇപ്പോഴും തുടരുകയാണ്. നെടുമങ്ങാട് മുനിസിപ്പാലിറ്റിയിലെ വെള്ളനാട്-കരകുളം-അരുവിക്കര പ്രോജക്ട് ഇതുവരെ നടപ്പിലാക്കിയിട്ടില്ല. ഗ്രാമങ്ങളിൽ കുടിവെള്ളം എത്തിക്കാനുള്ള പ്രോജക്ടുകളെല്ലാം സ്തംഭനാവസ്ഥയിലാണ്. കുടിവെള്ളം ലഭ്യമാക്കുന്ന കാര്യത്തിൽ നഗരങ്ങളും ഗ്രാമങ്ങളും തമ്മിലുള്ള അന്തരം അവസാനിപ്പിക്കണം. അരുവിക്കരയിൽനിന്ന് തിരുവനന്തപുരം നഗരത്തിൽ ജലം എത്തിക്കുമ്പോൾ അരുവിക്കരയുടെ സമീപ ഗ്രാമങ്ങളിൽ വെള്ളം ലഭ്യമാക്കാൻ സംവിധാനമില്ല. ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം പ്രോജക്ടുകൾ കമ്മീഷൻ ചെയ്തു. എത്ര എണ്ണം ബാക്കിയുണ്ട് എന്നതിന്റെ വിശദാംശങ്ങൾ എം.എൽ.എ.-മാരെ അറിയിക്കാൻ സംവിധാനമുണ്ടോ?

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വാട്ടർ അതോറിറ്റി ഏറ്റെടുത്ത എല്ലാ പ്രോജക്ടുകളുടെയും ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ചുമുള്ള വിശദാംശങ്ങൾ അഞ്ച് അനെക്സറുകളിലായി മേശപ്പുറത്ത് വച്ചിട്ടുണ്ട്. അത് നിയമസഭയുടെ രേഖയായി മാറുകയാണ്. എല്ലാ വരൾച്ചക്കാലത്തും ചെയ്യുന്നതുപോലെ കഴിഞ്ഞ വരൾച്ചക്കാലത്തും ഗ്രാമങ്ങളിലുൾപ്പെടെ ടാങ്കർ ലോറിയിലടക്കം കുടിവെള്ളം വിതരണം ചെയ്യാൻ ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ വലിയ പരിശ്രമം നടന്നിട്ടുണ്ട്. അത് എല്ലാ വർഷവും ചെയ്യുന്നതാണ്. പക്ഷേ കഴിഞ്ഞ വർഷമുണ്ടായ അതിരൂക്ഷമായ വരൾച്ചയിൽ നഗരത്തിൽ ജലമെത്തിക്കുന്ന പേപ്പാറ ഡാം വറ്റിവരളുന്ന സാഹചര്യമുണ്ടായി. അപ്പോൾ അതിസാഹസികമായ ചില നടപടികൾ സ്വീകരിച്ചാണ് നെയ്യാർഡാമിൽ നിന്ന് ജലം അരുവിക്കരയിൽ എത്തിച്ച് നഗരത്തിൽ ജലം ലഭ്യമാക്കിയത്. നെയ്യാർഡാമിന്റെ ഇടതുകരയിലും വലതുകരയിലുമുള്ള കനാലുകളിലൂടെ ജലം തുറന്നുവിട്ടുകൊണ്ട് അവിടെയുള്ള ജനങ്ങൾക്ക് ജലലഭ്യത ഉറപ്പാക്കിക്കൊണ്ടുമാത്രമാണ് അധികമുണ്ടായിരുന്ന ജലം അരുവിക്കരയിലേയ്ക്ക് എത്തിച്ച് നഗരത്തിൽ ജലം ലഭ്യമാക്കിയത്. തിരുവനന്തപുരം നഗരത്തിൽ കുടിവെള്ളം ലഭ്യമായില്ലെങ്കിലുണ്ടാകുന്ന സങ്കീർണ്ണമായ പ്രശ്നങ്ങൾ

പരിഹരിക്കാനുള്ള നടപടിയെന്ന നിലയിലാണ് അങ്ങനെ ചെയ്തത്. ഗ്രാമങ്ങളെ അവഗണിക്കുന്ന പ്രശ്നമില്ല. ഗ്രാമങ്ങളിൽ എല്ലാ വർഷവും സ്വീകരിക്കുന്ന നടപടികൾ ഇപ്പോഴും സ്വീകരിച്ചിട്ടുണ്ട്. ഗ്രാമങ്ങളിലും നഗരങ്ങളിലുമുള്ള ജനങ്ങൾക്ക് ജലം ലഭ്യമാക്കുക എന്നതുതന്നെയാണ് ഗവൺമെന്റ് നിലപാട്. വേനൽക്കാലത്ത്, പ്രത്യേകിച്ച് അതിരൂക്ഷമായ വരൾച്ചയുണ്ടാകുമ്പോൾ ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാൻ സാധ്യമായതെല്ലാം റവന്യൂ വകുപ്പും ജലവിഭവ വകുപ്പും സംയുക്തമായി ചെയ്യുന്നുണ്ട്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, എന്റെ നിയോജകമണ്ഡലമായ ഹരിപ്പാട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 200 കോടി രൂപയുടെ ശുദ്ധജല വിതരണ പദ്ധതി ആരംഭിച്ചു. എന്നാൽ അതിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഒച്ചിന്റെ വേഗതയിലാണ് മുന്നോട്ടുപോകുന്നത്. കരാറുകാർക്ക് പണം കൊടുക്കാത്തതുകൊണ്ട് പണി കാര്യമായി പുരോഗമിക്കുന്നില്ല. ഇതുസംബന്ധിച്ച് ചർച്ചചെയ്യുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ഒരു യോഗം വിളിച്ചുകൂട്ടിയിരുന്നു. ഏറ്റവും കൂടുതൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന തീരപ്രദേശങ്ങളുൾപ്പെടെയുള്ള ഒരു മണ്ഡലമാണ് ഹരിപ്പാട്. അവിടെ ഈ കുടിവെള്ള പദ്ധതി വേഗത്തിൽ നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, കരാറുകാർക്ക് വലിയ തുക കൊടുക്കാനുണ്ടെന്നത് യാഥാർത്ഥ്യമാണ്. പണി പൂർത്തിയാക്കിയവയ്ക്ക് 350 കോടി രൂപയുടെ ബിൽത്തുക കൊടുക്കാനുണ്ട്. അതൊരു വലിയ ബുദ്ധിമുട്ടായി നിലനിൽക്കുകയാണ്. ഹരിപ്പാട് മണ്ഡലത്തിലെ ഈ പദ്ധതി പ്രവർത്തനങ്ങൾക്ക് തടസ്സമെന്താണെന്ന് പ്രത്യേകമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ജില്ലാ അടിസ്ഥാനത്തിൽ ഒരു പ്രാവശ്യം അവലോകനയോഗം നടന്നിരുന്നു. അത് ആവർത്തിച്ച് നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, വളരെയേറെ വർഷങ്ങൾക്കുമുമ്പ് പ്രവർത്തനം ആരംഭിച്ച ചാലിശ്ശേരി-പാവറട്ടി കുടിവെള്ള പദ്ധതിയിലെ പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകൾ കേവലം പദ്ധതി രേഖകളിൽ മാത്രമാണ് നിലകൊള്ളുന്നത്. ആ പ്രദേശങ്ങളിൽ ജലം ലഭിക്കുന്നില്ല. ഈ സർക്കാർ രണ്ട് പഞ്ചായത്തുകൾക്കുംകൂടി കുടിവെള്ളം ലഭ്യമാക്കുന്നതിനായി 13.6 കോടി രൂപയുടെ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദീകരിക്കാമോ; അടിയന്തരമായി ഈ പദ്ധതി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളെ സംബന്ധിച്ച വിശദമായ രേഖകൾ ഞാൻ മേശപ്പുറത്ത് വച്ചിട്ടുണ്ട്. ഏകദേശം 1081 ശുദ്ധജല പദ്ധതികൾ നിലവിലുണ്ട്. ഓരോ പദ്ധതിയുടെയും കൃത്യമായ വിവരം ഒറ്റനോട്ടത്തിൽ പറയാൻ കഴിയില്ല. അത് പരിശോധിച്ച് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കാം.

ശ്രീ. ടി. വി. ഇബ്രാഹിം : സർ, സംസ്ഥാനത്തെ ഏറ്റവും വലിയ കുടിവെള്ള പദ്ധതികളിൽ ഒന്നാണ് ചീക്കോട് കുടിവെള്ള പദ്ധതി. ചീക്കോട് കുടിവെള്ള പദ്ധതിയിൽ വിതരണശൃംഖല ആരംഭിക്കാൻ കഴിയാത്തതുകൊണ്ട് അഞ്ച് ടാങ്കുകളിൽ ജലം നിറഞ്ഞുനിൽക്കുകയാണ്. പി.ഡബ്ല്യൂ.ഡി. റോഡുകളുടെ ട്രെഞ്ചിംഗിന് അനുമതി കൊടുക്കാത്തതുകൊണ്ട് എസ്.എൽ.ഐ.സി.യിലും നബാർഡിലുമായി 32 കോടി രൂപയുടെ രണ്ട് വർക്കുകൾ ആരംഭിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. പി.ഡബ്ല്യൂ.ഡി.-ക്ക് വാട്ടർ അതോറിറ്റി കൊടുക്കാനുള്ള തുക കൊടുക്കാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഈ വർക്കുകൾ ആരംഭിക്കാനാവശ്യമായ നടപടി വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, ചീക്കോട് കുടിവെള്ള പദ്ധതിയുമായി സംയോജിപ്പിച്ച് രാമനാട്ടുകര കുടിവെള്ള പദ്ധതിയുടെ മെച്ചപ്പെടുത്തൽ കിഫ്ബിയുടെ 2016-17 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അത് രണ്ട് പാക്കേജാണ്. രണ്ട് പാക്കേജുകളിലെയും പ്രവൃത്തി പുരോഗതിയിലാണെന്നാണ് മേശപ്പുറത്തുവച്ച അനെക്സറിൽനിന്നും മനസ്സിലാകുന്നത്. കുടിവെള്ളം എത്തിക്കുക എന്നതും റോഡുകൾ നല്ല രീതിയിൽ നിലനിർത്തുകയെന്നതും ഗവൺമെന്റിന്റെയും ജനങ്ങളുടെയും ആവശ്യമാണ്. രണ്ട് വിഷയത്തെയും അഡ്രസ് ചെയ്യാൻ തക്കവണ്ണം ചില പ്രശ്നങ്ങൾ പ്രായോഗികമായി ഉണ്ടാകുന്നുണ്ട്. പലപ്രാവശ്യം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയും ഞാനും കൂടി ഇതുസംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ട്. ഇനിയും പ്രശ്നങ്ങൾ പരിഹരിക്കാനുണ്ട്. കഴിഞ്ഞ ദിവസവും ഞങ്ങൾ ഇതുസംബന്ധിച്ച് ചർച്ചചെയ്തിരുന്നു. സെക്രട്ടറി തലത്തിലും ചർച്ച ചെയ്യുന്നതാണ്. ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുകയും റോഡുകൾ നല്ല രീതിയിൽ നിലനിർത്തുകയും ചെയ്യുക എന്നതാണ് ഗവൺമെന്റിന്റെ നിലപാട്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഏറ്റവും കൂടുതൽ വരൾച്ചയുള്ള ജില്ലകൾക്കായി 'ജലഗ്രാമം' എന്ന ഒരു സ്കീം കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. അതിനായി ഇവിടെ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അത് ആവിഷ്കരിക്കുമോ; അതിന് കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിക്കുമോ?

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, കിഫ്ബി പദ്ധതിയൊക്കെ തയ്യാറാക്കുമ്പോഴും ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾക്ക് മുൻഗണന കൊടുക്കുന്നുണ്ട്. കഴിഞ്ഞവർഷം രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെട്ട പ്രദേശങ്ങൾക്ക്, പ്രത്യേകിച്ച് പാലക്കാട് ജില്ലയ്ക്ക് മുന്തിയ പരിഗണന നൽകുന്നതാണ്. ഭൂഗർഭജലം ഓവർ എക്സ്പ്ലോയിറ്റഡെന്ന് കണ്ടെത്തിയിട്ടുള്ള ഒരേയൊരു ബ്ലോക്ക് ചിറ്റൂരാണ്. അക്കാര്യങ്ങളുൾപ്പെടെ പരിശോധിച്ച് അത്തരം പ്രദേശങ്ങൾക്ക് മുൻഗണന നൽകുന്ന രൂപത്തിലാണ് പദ്ധതികൾ തയ്യാറാക്കുന്നത്. മൂലചോദ്യത്തിൽനിന്ന് മാറിയുള്ള ചോദ്യമായതുകൊണ്ട് 'ജലഗ്രാമം' പദ്ധതിയുടെ വിശദാംശങ്ങൾ ഇപ്പോൾ എന്റെ കൈവശമില്ല. അത് പരിശോധിച്ച് പറയാം.

<u>മി. സ്പീക്കർ</u>: സ്പെസിഫിക്കായുള്ള ചോദ്യങ്ങൾ ഉപചോദ്യങ്ങളായി ചോദിച്ചാൽ മിനിസ്റ്റർക്ക് മറുപടി പറയാൻ സാധിച്ചുവെന്ന് വരില്ല.

<u>ഡോ. എൻ. ജയരാജ്</u>: സർ, കേന്ദ്രാവിഷ്കൃത പദ്ധതികളായ എ.ആർ.ഡബ്ല്യു.എസ്.എസ്. ഉൾപ്പെടെയുള്ള പദ്ധതികളുടെ കേന്ദ്രവിഹിതം വെട്ടിക്കുറച്ച സാഹചര്യത്തിൽ, കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ 2008-ൽ ആരംഭിച്ചതാണ് മണിമല മേജർ കുടിവെള്ള പദ്ധതി. ഈ പദ്ധതിക്കായി ഏകദേശം 22.5 കോടി രൂപ ചെലവഴിച്ചുകഴിഞ്ഞു. പ്രധാനപ്പെട്ട പ്രവൃത്തികളെല്ലാം പൂർത്തിയാകുകയും ഡിസ്ട്രിബ്യൂഷൻ ലൈനുമായി ബന്ധപ്പെട്ട് ഏകദേശം 32.5 കോടി രൂപയുടെ വർക്ക് ടെൻഡർ ചെയ്യുകയും ചെയ്തു. എന്നാൽ എഗ്രിമെന്റ് വയ്ക്കാത്തതിനാൽ ടെൻഡർ ചെയ്ത കരാറുകാർ പിൻമാറിയിരിക്കുകയാണ്. കിഫ്ബിയിൽ ഇതുപോലുള്ള ഓൺഗോയിംഗ് പ്രോജക്ട് ഏറ്റെടുക്കാൻ നിലവിൽ സംവിധാനമില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേന്ദ്ര ഗവൺമെന്റ് ഫണ്ട് വെട്ടിക്കുറച്ചതുകൊണ്ട് പൂർത്തീകരിക്കാതെ കിടക്കുന്ന ഒട്ടേറെ പദ്ധതികൾ കേരളത്തിലുടനീളമുണ്ട്. അടുത്ത സംസ്ഥാന ബജറ്റിൽ പ്രത്യേകമായ വിഹിതം കണ്ടെത്തിക്കൊണ്ട് ആ പദ്ധതികൾ പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, സംസ്ഥാന ബജറ്റിൽ പ്രഖ്യാപിക്കാൻ പോകുന്ന കാര്യങ്ങൾ ആർക്കും മുൻകൂട്ടി പറയാൻ അനുവാദമില്ലല്ലോ. ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്ക് (NRDWP) പ്രതിമാസം 200 കോടിയോളം രൂപ കേന്ദ്രസർക്കാർ നൽകിയിരുന്നതാണ്. 50 ശതമാനം കേന്ദ്രവിഹിതവും 50

ശതമാനം സംസ്ഥാന വിഹിതവും. കഴിഞ്ഞ വർഷം മുതൽ അത് വെട്ടിക്കുറച്ച് 47 കോടി രൂപയാണ് ലഭിക്കുന്നത്. വലിയ തോതിലുള്ള വെട്ടിക്കുറവാണ് ആ മേഖലയിലുണ്ടായത്. കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിൽനിന്നും ഗ്രാമീണ മേഖലയിൽ കുടിവെള്ളമെത്തിക്കുന്ന വിഷയം എങ്ങനെ ഒഴിവായി എന്നത് അത്ഭുതാവഹമാണ്. നിർമ്മാണം തുടങ്ങിയ പദ്ധതികളിൽത്തന്നെ ഇതുവരെ പൂർത്തീകരിച്ചിട്ടില്ലാത്ത 25 ശതമാനം പദ്ധതികൾ ഇനി മുന്നോട്ടുകൊണ്ടുപോകണ്ട എന്ന കർശന നിർദ്ദേശവും ലഭിച്ചിട്ടുണ്ട്. നമ്മുടെ നാട്ടിലെ പ്രത്യേക സാഹചര്യത്തിൽ ആ പ്രതിസന്ധി ഒരു പരിധിവരെ മറികടക്കാൻ കിഫ്ബി മുഖേനയും സ്റ്റേറ്റ് പ്ലാൻ മുഖേനയും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ പ്രത്യേക പദ്ധതിയിൽ വിതരണ ശൃംഖല മാത്രമാണ് വിഷയമെങ്കിൽ അത് പരിഹരിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

<u>ശ്രീമതി സി. കെ. ആശ</u> : സർ, ഡോ. എൻ. ജയരാജ്, എം.എൽ.എ. സൂചിപ്പിച്ച വിഷയം തന്നെയാണ് എനിക്ക് ചോദിക്കാനുള്ളത്. എന്റെ മണ്ഡലത്തിലെ ഉദയനാപുരം കുടിവെള്ള പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി എട്ട് കോടി രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും ബഹുമാനപ്പെട്ട മന്ത്രി അതിന്റെ നിർമ്മാണോദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തതാണ്. എന്നാൽ കേന്ദ്രവിഹിതം വെട്ടിക്കുറച്ചതുമൂലം പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. സ്റ്റേറ്റ് പദ്ധതിയിലുൾപ്പെടുത്തി ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള സഹായം ചെയ്യുമോ?

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, NRDWP-യുടെ കേന്ദ്രവിഹിതം വെട്ടിക്കുറച്ചതിനെത്തുടർന്ന് ബജറ്റ് ഹെഡ്ഡ് മാറ്റി സ്റ്റേറ്റ് പ്ലാനിൽ പണം ഉപയോഗിക്കാൻ ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതിയോടുകൂടി ചില പ്രത്യേക പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. അതിൽ ഉദയനാപുരം ഉൾപ്പെടുമോ എന്നത് പ്രത്യേകമായി പരിശോധിച്ച് പറയാം. ആ പദ്ധതി അവിടെ അത്യാവശ്യമുള്ളതാണ്. ബജറ്റ് ഹെഡ്ഡ് മാറ്റി ഇത് പൂർത്തീകരിക്കാൻ കഴിയുന്നതാണോയെന്ന് പ്രത്യേകം പരിശോധിക്കുന്നതാണ്.

<u>മി. സ്പീക്കർ</u>: കുടിവെള്ളവുമായി ബന്ധപ്പെട്ട വിഷയമായതുകൊണ്ട് 20 മിനിട്ട് സമയമെടുത്തു. ഫ്ലോറിൽ കുറച്ച് ചോദ്യങ്ങളെങ്കിലും പരിഗണിക്കണം. അനുവദിക്കുന്ന ഉപചോദ്യം വെറും തോന്നലിൽ നിന്നല്ല, എല്ലാ പ്രാതിനിധ്യവും ഉറപ്പുവരുത്തിയിട്ടാവണം. അക്കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾ മനസ്സിലാക്കണം.

**വനഭൂമിയുടെ സംരക്ഷണം**

2 (*62) ശ്രീ. സി. കെ. ഹരീന്ദ്രൻ :

ശ്രീ. റ്റി. വി. രാജേഷ് :

ശ്രീ. ജെയിംസ് മാത്യു :

ശ്രീ. കെ. ഡി. പ്രസേനൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാഭാവിക വനഭൂമിയുടെ സംരക്ഷണത്തിനായി സർവ്വേ നടത്തി വനാതിർത്തി വേർതിരിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) വനാതിർത്തി വേർതിരിക്കാത്തതുകൊണ്ട് വനഭൂമിയോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിലെ ജനങ്ങൾക്ക് സ്വകാര്യ സ്ഥലം കൈമാറ്റം നടത്തുന്നതിനും കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും ബുദ്ധിമുട്ട് നേരിടുന്നത് പരിഹരിക്കാനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) 1977 ജനുവരി 1-നുശേഷമെന്ന് കരുതുന്ന വനം കയ്യേറ്റം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇത്തരം ഭൂമി തിരിച്ചുപിടിക്കാൻ എടുത്തിട്ടുള്ള നടപടി എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) സ്വാഭാവിക വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തി സർവ്വേ നടത്തി വേർതിരിക്കുന്ന പ്രവൃത്തി ദ്രുതഗതിയിൽ നടന്നുവരുന്നു. അപ്രകാരം സർവ്വേ നടത്തി 2016-17 വർഷത്തിൽ 12500-ൽപ്പരം ജണ്ടകൾ സ്ഥാപിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ ഇതുവരെ 9200 ഓളം ജണ്ടകൾ നിർമ്മിച്ചിട്ടുണ്ട്.

(ബി) വനാതിർത്തി വേർതിരിക്കാത്തതുകൊണ്ട് വനഭൂമിയോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിലെ ജനങ്ങൾക്ക് സ്വകാര്യ സ്ഥലം കൈമാറ്റം ചെയ്യുന്നതിനും കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും കാലതാമസം വരുന്നതായി പരാതി ലഭിച്ചിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിലേയ്ക്കായി സംസ്ഥാനത്തെ വനാതിർത്തി പൂർണ്ണമായും സ്ഥിരം ജണ്ട നിർമ്മിച്ച് വേർതിരിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടപ്പിലാക്കിവരുന്നുണ്ട്.

(സി) 1977 ജനുവരി 1-നുശേഷം 31-3-2016 വരെ കണ്ടെത്തിയിട്ടുള്ള വനം കയ്യേറ്റം 7801.10 ഹെക്ടർ ഭൂമിയാണ്. കേരള ലാന്റ് കൺസർവൻസി ആക്ട് 1957 കേരള ഫോറസ്റ്റ് ആക്ട് 1961 എന്നിവ പ്രകാരം കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകി കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും ടി പ്രവൃത്തി കോടതിവിധി കൈപ്പറ്റിയ തീയതി മുതൽ ആറ് മാസത്തിനകം ആരംഭിച്ച് അടുത്ത

ആറ് മാസത്തിനകം പൂർത്തീകരിക്കുന്നതിനും 4-9-2015-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. കോടതി ഉത്തരവ് 20-1-2016 തീയതിയിലെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ 6-ാമത് സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ വിശദമായ ചർച്ചയ്ക്ക് വയ്ക്കുകയും യോഗ തീരുമാനപ്രകാരം ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നടപടി സ്വീകരിക്കാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു.
2. ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നടപടി സ്വീകരിക്കാൻ കയ്യേറ്റക്കാരുടെ ലിസ്റ്റ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകി.
3. ഏതാനും സ്ഥലങ്ങളിൽ വനം കയ്യേറ്റക്കാർക്ക് വനം വകുപ്പ് നേരിട്ട് നോട്ടീസ് നൽകിയിട്ടുണ്ട്.
4. 4-9-2015-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിപ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകുന്നതിനും കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയാക്കി ബഹുമാനപ്പെട്ട കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിനും അധിക സമയവും നോട്ടീസ് നൽകുന്ന കാര്യത്തിൽ വ്യക്തതയും ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. അതിന്മേൽ അന്തിമ ഉത്തരവ് ആയിട്ടില്ല.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, വനാതിർത്തി വേർതിരിക്കാത്തതു കാരണം വനഭൂമിയോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിലെ ജനങ്ങൾക്ക് സ്വകാര്യസ്ഥലം കൈമാറ്റം നടത്താനോ സർക്കാർ സഹായത്തോടെ സ്വന്തമായി വീട് നിർമ്മിക്കാനോ ധനകാര്യ സ്ഥാപനത്തിൽ വസ്തു പണയപ്പെടുത്തി ആ പണംകൊണ്ട് കുട്ടികളുടെ വിദ്യാഭ്യാസം നടത്താനോ കഴിയാത്ത അവസ്ഥയുണ്ട്. തിരുവനന്തപുരം ജില്ലയിൽ എത്ര ഹെക്ടർ ഭൂമിക്കാണ് കൈവശാവകാശ രേഖ കൊടുക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. രാജു: സർ, 2017-18 വരെയുള്ള കണക്കുപ്രകാരം സംസ്ഥാനത്ത് വനാതിർത്തി ഉദ്ദേശം 16845 കി.മീ. ആണ്. പ്രകൃത്യാലുള്ള വനാതിർത്തി ഉൾപ്പെടെ ഇതിൽ 14204 കി.മീറ്ററോളം വനാതിർത്തി വേർതിരിച്ചിട്ടുണ്ട്. ആ ഭാഗങ്ങളിൽ തർക്കമുണ്ടാകേണ്ട കാര്യമില്ല. വനാതിർത്തി നിശ്ചയിച്ചിട്ടുള്ള സ്ഥലങ്ങളിൽ എൻ.ഒ.സി. നൽകുന്നതിന് കാലതാമസമുണ്ടാകേണ്ടതില്ല. 2017 മാർച്ച് മാസം അവശേഷിക്കുന്നതായി കണക്കാക്കിയ 2641 കി.മീറ്ററോളം വനാതിർത്തി സർവ്വേ ചെയ്ത് ജണ്ട നിർമ്മിച്ച് വേർതിരിക്കാൻ ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരികയാണ്. തിരുവനന്തപുരം ജില്ലയുടെ കണക്ക് പ്രത്യേകം പരിശോധിച്ചശേഷം അറിയിക്കുന്നതാണ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, എന്റെ മണ്ഡലത്തിൽ നെയ്യാർ ഡാം കേന്ദ്രീകരിച്ച് മൂന്നുനാല് മേഖലകളിലായാണ് വസ്തു കൈവശമുള്ളത്. ട്രൈബൽ, ഫോറസ്റ്റ്, റവന്യൂ, ഇറിഗേഷൻ എന്നീ നാല് ഡിപ്പാർട്ട്മെന്റുകളുടെയും ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ട് ലഭിക്കാത്തതുകാരണം കഴിഞ്ഞ കുറേ വർഷങ്ങളായി 500-ൽപ്പരം കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നില്ല. റിസർവ് വനഭൂമിയാണെന്ന തെറ്റായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് 500-ൽപ്പരം കുടുംബങ്ങൾക്ക് കൈവശാവകാശമോ പട്ടയമോ ലഭിക്കാതിരിക്കുന്നത്. വനം വകുപ്പ് മുൻകയ്യെടുത്ത് പിശക് തിരുത്തി അടിയന്തരമായി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ശ്രീ. കെ. രാജു: സർ, വനാതിർത്തി ജണ്ട നിർമ്മിച്ച് വേർതിരിക്കുന്നതിൽ കാലതാമസമുണ്ടാകാറുണ്ട്. റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിലാണ് വനാതിർത്തി നിർണ്ണയിക്കുന്നത്. സംയുക്ത പരിശോധന എല്ലാ ജില്ലകളിലും പൂർത്തിയായിട്ടില്ല. അതിർത്തി നിർണ്ണയവുമായി ബന്ധപ്പെട്ട തർക്കങ്ങൾ പലതും കോടതിയുടെ പരിഗണനയിലുമാണ്. വനാതിർത്തി നിർണ്ണയിക്കുന്ന സർവ്വേ ജോലികളിലും കാലതാമസം വരുന്നുണ്ട്. സർവ്വേ ഡിപ്പാർട്ട്മെന്റിന്റെ സേവനമായിരുന്നു അതിന് ഉപയോഗിച്ചിരുന്നതെങ്കിലും അത് വേണ്ടത്ര ലഭ്യമല്ലാത്തതിനാൽ വനം വകുപ്പിലെ ജീവനക്കാർക്ക് സർവ്വേയിൽ പരിശീലനം നൽകിക്കൊണ്ട് അവരുടെ സേവനം ഉപയോഗിക്കുകയാണ്. വനം കയ്യേറ്റം നടന്ന പ്രദേശങ്ങളിൽ അതിർത്തി നിർണ്ണയത്തിന് എത്തുമ്പോഴുള്ള ജനങ്ങളുടെ പ്രതിരോധവും കാലതാമസത്തിനിടയാകുന്നുണ്ട്. ജനപ്രതിനിധികളുടെ സഹായത്തോടെ അതിർത്തി നിർണ്ണയിക്കാൻ സാധിച്ചാലേ ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ സാധിക്കൂ. ഇത്തരം സ്ഥലങ്ങളിലും ദുർഘടമായ മേഖലകളിലുമാണ് ഇനി ജണ്ട നിർമ്മാണം പൂർത്തീകരിക്കാനുള്ളത്. ജണ്ട നിർമ്മിക്കുന്നതിനുള്ള അസംസ്കൃത വസ്തുക്കൾ എത്തിക്കുന്നതിനുള്ള കാലതാമസവും ഒരു കാരണമാണ്. അതിർത്തി നിർണ്ണയിച്ച് ജണ്ട നിർമ്മിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആ നടപടികൾ സ്വീകരിക്കുന്ന മുറയ്ക്ക് മാത്രമേ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രദേശത്തെ പ്രശ്നത്തിനുൾപ്പെടെ പരിഹാരം കാണാൻ കഴിയൂ.

ശ്രീ. റ്റി. വി. രാജേഷ്: സർ, കണ്ടൽ സംരക്ഷിക്കപ്പെടേണ്ടതാണ്. തീരദേശ സംരക്ഷണത്തിലും മത്സ്യ വിഭവങ്ങൾ വർദ്ധിപ്പിക്കുന്നതിലും കണ്ടലിന് വളരെയേറെ പ്രാധാന്യമുണ്ട്. സംസ്ഥാന സർക്കാർ നെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പ്രഖ്യാപിച്ച അഞ്ച് സോണുകളിലൊന്നാണ് കണ്ണൂർ ജില്ലയിലെ കൈപ്പാട്. ആ മേഖലയിൽ ഇപ്പോൾ കണ്ടൽ പടർന്നുകയറുകയാണ്. പ്രസവിക്കുന്ന ഒരു മരമാണ് കണ്ടൽ എന്നുപറയാറുണ്ട്. കരം അടയ്ക്കുന്ന കൃഷിഭൂമിയിൽ ചുള്ളി പോലുള്ള കണ്ടലുകൾ വ്യാപകമാകുകയാണ്. അതുകൊണ്ട് കൃഷി ചെയ്യാൻ സാധിക്കാത്ത സാഹചര്യം ഉണ്ടാകുന്നുണ്ട്. പ്രസ്തുത സാഹചര്യത്തിൽ കൃഷിക്ക് ബുദ്ധിമുട്ടില്ലാത്തവിധം ഈ വിഷയം പരിഹരിക്കാൻ പ്രായോഗികമായ നിലപാട് സ്വീകരിക്കാൻ ബഹുമാന്യനായ മന്ത്രി തയ്യാറാകുമോ?

ശ്രീ. കെ. രാജു: സർ, കണ്ടൽക്കാടുകൾ സംരക്ഷിക്കപ്പെടേണ്ടത് പ്രകൃതി സംരക്ഷണത്തിന് ആവശ്യമാണ്. കണ്ടൽക്കാടുകൾമൂലം കൃഷി ചെയ്യാൻ സാധിക്കുന്നില്ലെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്. ആ വിഷയം പ്രത്യേകമായി പരിശോധിച്ച് വനം വകുപ്പിലുൾപ്പെടുന്ന അല്ലെങ്കിൽ, ടേക്ക് ഓവർ ചെയ്ത കണ്ടൽക്കാടാണെങ്കിൽ വനം വകുപ്പ് ഇടപെട്ട് പരിഹാര മാർഗ്ഗം കണ്ടെത്തുന്നതാണ്.

ശ്രീ. ജെയിംസ് മാത്യു: സർ, വനാതിർത്തി നിർണ്ണയം സംബന്ധിച്ച പ്രശ്നം നമ്മുടെ സംസ്ഥാനത്ത് നിരവധി വർഷങ്ങളായി നിലനിൽക്കുകയാണ്. കോടതി ഇടപെട്ട് ഇതിലൊരു അടിയന്തര നടപടി സ്വീകരിക്കണമെന്ന നിലപാട് സ്വീകരിച്ചത് നല്ലതുതന്നെയാണ്. വളരെ പ്രധാനപ്പെട്ട ഒരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത് കയ്യേറ്റക്കാരെയും കുടിയേറ്റക്കാരെയും വേർതിരിച്ച് കാണാൻ സർക്കാരിന് സാധിക്കണം എന്നതാണ്. ഒരു തുണ്ടുഭൂമി പോലുമില്ലാത്ത കൃഷിക്കാരന് ഭൂമി കൊടുക്കുന്നതിന് പ്രതിജ്ഞാബദ്ധതയോടുകൂടി പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. സ്വാഭാവികമായും വനാതിർത്തി എന്നുപറയുന്നത് ജീവിക്കാൻ വളരെ ബുദ്ധിമുട്ടുള്ള പ്രദേശമാണ്, ആരും അറിഞ്ഞുകൊണ്ട് അവിടെ പോയി ജീവിക്കാൻ ആഗ്രഹിക്കുകയില്ല. യാത്രാസൗകര്യമില്ലാത്ത, കുടിവെള്ളമില്ലാത്ത, മക്കളെ പഠിപ്പിക്കാൻ സൗകര്യമില്ലാത്ത, ചികിത്സാസൗകര്യമില്ലാത്ത വനാതിർത്തിയിൽ പോയി ജീവിച്ചേ മതിയാകൂ എന്ന് ആരും ആഗ്രഹിക്കുകയില്ല. പക്ഷെ നിവൃത്തികേടുകൊണ്ട് അവിടെപോയി ജീവിക്കാൻ വിധിക്കപ്പെട്ടവരാണ്. എന്നാൽ അങ്ങനെയുള്ളവരെയും വനം കയ്യേറ്റം നടത്തി കൈവശം വച്ച് കോടികളുണ്ടാക്കുന്ന ആളുകളെയും ഒരേ രീതിയിൽ കാണുന്ന സമീപനത്തിൽ മാറ്റം വരുത്തി ഇതിനെ വേർതിരിച്ചുകാണാൻ കഴിയണം. പത്രമെഴുതുമ്പോൾ പോലും കുടിയേറ്റക്കാർ ആരാണ്, കയ്യേറ്റക്കാർ ആരാണ് എന്ന് തിരിച്ചറിയാത്ത സ്ഥിതിയാണുള്ളത്. വളരെ ഗുരുതരമായ ഇക്കാര്യത്തിൽ വിവേചനത്തോടെയുള്ള ഒരു സമീപനം സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. കെ. രാജു: സർ, സുപ്രീംകോടതിയും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുമെല്ലാം അംഗീകരിക്കപ്പെട്ട കട്ട് ഓഫ് ഡേറ്റ് 1-1-1977 ആണ്. ആ തീയതിക്കുമുമ്പുള്ള കൈവശക്കാരെ ഒഴിപ്പിക്കുന്ന യാതൊരുവിധ സമീപനവും വനം വകുപ്പ് സ്വീകരിക്കുന്നില്ല. കയ്യേറിയതായാലും കുടിയേറിയതായാലും 1977-നുമുമ്പാണോ അതിനുശേഷമാണോ എന്ന് തീരുമാനിക്കുന്നത് ഗവൺമെന്റും കോടതിയുമെല്ലാം അംഗീകരിക്കപ്പെട്ട കട്ട് ഓഫ് ഡേറ്റിന്റെ അടിസ്ഥാനത്തിലാണ്. അതിൽ പലപ്പോഴും തർക്കം വരുന്നു. വ്യാജരേഖകളുണ്ടാക്കി 1977-നുശേഷമുള്ള കൈവശമാണെന്ന് വരുത്തി തീർക്കാനുള്ള ശ്രമം വ്യാപകമായി നടക്കുന്നുണ്ട്. 1977-ന് മുമ്പുള്ള കൈവശമാണെങ്കിൽ അതിനെ സാധൂകരിച്ചുകൊടുക്കുന്ന നയമാണ് ഗവൺമെന്റിനുള്ളത്. അവരെ കയ്യേറ്റക്കാരാണെന്നുകണ്ട് ഇറക്കിവിടുന്ന ഒരു നയം ഗവൺമെന്റിനില്ല എന്നത് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, വനഭൂമിയുടെയും വന്യജീവികളുടെയും സംരക്ഷണത്തിന്റെ പേരിൽ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനത്തിന്റെ ശോഭ കെടുത്താൻ ചില ഉദ്യോഗസ്ഥർ ശ്രമങ്ങൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്നാണ് കരുതുന്നത്. എന്റെ മണ്ഡലത്തിലെ വണ്ടാഴി, കിഴക്കഞ്ചേരി പഞ്ചായത്തുകളിൽ വനം വകുപ്പ് തങ്ങളുടേതെന്നും പതിറ്റാണ്ടുകളായി താമസിച്ചുവരുന്നവർ അവരുടേതെന്നും പറയുന്ന ഭൂമിയിൽ വോട്ടർ ഐ.ഡി. കാർഡും റേഷൻ കാർഡുമെല്ലാം ലഭിച്ചിട്ടും വൈദ്യുതി കണക്ഷൻ ലഭിക്കാത്ത ഒരു അവസ്ഥ നിലനിൽക്കുകയാണ്. റവന്യൂ, വനം വകുപ്പുകളുടെ സംയുക്ത സർവ്വേ പൂർത്തീകരിച്ച് ഉടമസ്ഥാവകാശത്തിൽ അന്തിമതീർപ്പ് വരുന്നതുവരെ പ്രത്യേക എഗ്രിമെന്റ് വ്യവസ്ഥയിൽ താൽക്കാലികമായിട്ടെങ്കിലും വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, നൂറ്റാണ്ടുകളായി താമസിച്ചുവരുന്ന ആളുകൾ എന്നാണ് ബഹുമാനപ്പെട്ട അംഗം അദ്ദേഹത്തിന്റെ ചോദ്യത്തിൽ തന്നെ സൂചിപ്പിച്ചത്. നൂറ്റാണ്ടുകളായി അല്ലെങ്കിൽ ഞാൻ നേരത്തെ പറഞ്ഞ കട്ട് ഓഫ് ഡേറ്റിനു മുമ്പായി താമസിച്ചുവരുന്നവരിൽ ഐ.ഡി. കാർഡും റേഷൻ കാർഡും മറ്റ് രേഖകളുമൊക്കെയുണ്ടെങ്കിൽ തീർച്ചയായും അവിടെ വൈദ്യുതി കണക്ഷൻ നൽകുന്നതിന് തടസ്സമുണ്ടാകുമെന്ന് കരുതുന്നില്ല. എന്തെങ്കിലും തടസ്സം വനം വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ടെങ്കിൽ ഒരു അപേക്ഷ എഴുതിത്തന്നാൽ പ്രത്യേകമായി പരിശോധിച്ച്, മരങ്ങൾ മുറിച്ചുമാറ്റാത്ത തരത്തിൽ വൈദ്യുതി കണക്ഷൻ കൊടുക്കുന്നതിനുള്ള നിർദ്ദേശം നൽകാവുന്നതേയുള്ളൂ. അപേക്ഷ കിട്ടിയാൽ അത് പ്രത്യേകമായി പരിശോധിക്കാം.

ശ്രീ. അടൂർ പ്രകാശ്: സർ, എന്റെ നിയോജകമണ്ഡലമായ കോന്നി മലയോരമേഖലയാണ്. വനാതിർത്തി നിർണ്ണയിക്കുക എന്ന വ്യാജേന ഈ മേഖലയിൽ വനം വകുപ്പിലെ ഉദ്യോഗസ്ഥർ പോകുകയാണ്. 1996-ൽ അങ്ങയുടെ നേതാവ് ശ്രീ. കെ. ഇ. ഇസ്മായിൽ റവന്യൂ വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടത്തിൽ പട്ടയം നൽകിയ ഭൂമിയിൽപോലും വനം വകുപ്പ് ഉദ്യോഗസ്ഥർ അളന്നുതിരിക്കുന്നതിനുവേണ്ടി എത്തുകയാണ്. അവിടത്തെ പാവപ്പെട്ട കർഷകർ 1977-നുമുമ്പ് മുതൽ ആ ഭൂമി കൈവശംവച്ച് അവിടെ കൃഷിയിറക്കി കൊണ്ടിരിക്കുകയാണ്. രണ്ടുംമൂന്നും തവണ റബ്ബർ ആവർത്തനകൃഷി നടത്തിയ ആ പ്രദേശത്ത് വനാതിർത്തി അളന്നുതിരിക്കുന്നതിനുവേണ്ടി വനം വകുപ്പിലെ ഉദ്യോഗസ്ഥന്മാർ പോകുന്നത് അവിടെയുള്ള കർഷകരിൽ ശക്തമായ പ്രതിഷേധമുയർത്തിയിരിക്കുകയാണ്. അങ്ങ് നേരിട്ട് ഇടപെട്ട് ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. കെ. രാജു: സർ, വനാതിർത്തി സമ്പൂർണ്ണമായി നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട ചോദ്യമാണിത്. ഇപ്പോൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെ സംബന്ധിച്ച് ഉത്തരത്തിൽ പറഞ്ഞിരുന്നു. ഫോറസ്റ്റും റവന്യൂവും തമ്മിലുള്ള അതിർത്തി നിശ്ചയിക്കുന്നതിനുവേണ്ടി യഥാർത്ഥത്തിൽ സർവ്വേ ആവശ്യമാണ്. അത്തരം തർക്കമുണ്ടാകാതിരിക്കുന്നതിനുവേണ്ടിയാണ് ജോയിന്റ് വെരിഫിക്കേഷനെ സംബന്ധിച്ച് പറയുന്നത്. നേരത്തെ പട്ടയം നൽകിയിട്ടുള്ളത് റവന്യൂ അധികാരികളാണ്. സ്വാഭാവികമായും റവന്യൂ അധികാരികളും വനം വകുപ്പിലെ ഉദ്യോഗസ്ഥരും സംയുക്തമായി സ്ഥലം പരിശോധിച്ച് അതിർത്തി നിർണ്ണയിച്ച് ജണ്ട സ്ഥാപിക്കണം. ആ നിലയിലുള്ള നിർദ്ദേശമാണ് കൊടുത്തിട്ടുള്ളത്. കുറച്ചുഭൂമി മാത്രം കൈവശമുള്ള ചിലർ വനത്തിനുള്ളിലെ കുറച്ചുഭൂമികൂടി കൈവശപ്പെടുത്തി കൃഷി ചെയ്യുന്നുണ്ട്. ഉദ്യോഗസ്ഥർ അതിർത്തി നിർണ്ണയിക്കാൻ വരുമ്പോൾ യഥാർത്ഥ അതിർത്തി നിർണ്ണയിക്കുന്ന സ്ഥലത്തുകൂടി തന്നെ ജണ്ടയിട്ടായിരിക്കും പോകുന്നത്. ജനപ്രതിനിധികളടക്കമുള്ളവർ ഇടപെട്ട് കുറച്ച് വിട്ടുവീഴ്ചയൊക്കെ ചെയ്ത് ജണ്ട കൃത്യസ്ഥലത്തുതന്നെ സ്ഥാപിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുത്താൽ ഈ പ്രശ്നങ്ങൾക്ക് പെട്ടെന്ന് പരിഹാരം കാണാൻ സാധിക്കും. അത്തരം അതിർത്തി നിർണ്ണയമാണ് തർക്കങ്ങൾ മേലിലുണ്ടാകാതിരിക്കാൻ ഏറ്റവും നല്ലത്. തീർച്ചയായും അങ്ങ് സൂചിപ്പിച്ചതുപോലെ തർക്കങ്ങളുള്ള പ്രദേശങ്ങളിൽ ഏകപക്ഷീയമായ നിലപാട് സ്വീകരിക്കാതെ വനം വകുപ്പിലെ ഉദ്യോഗസ്ഥരും ബന്ധപ്പെട്ട മറ്റു വകുപ്പിലെ ഉദ്യോഗസ്ഥന്മാരും അവിടത്തെ ജനപ്രതിനിധികളുമൊക്കെ ചേർന്നുകൊണ്ടാണ് പ്രശ്നപരിഹാരത്തിനുള്ള ശ്രമം നടത്തേണ്ടത് എന്നുള്ള നിർദ്ദേശം നൽകാം.

ശ്രീമതി പി. അയിഷാ പോറ്റി: സർ, കഴിഞ്ഞ മാസം ബഹുമാനപ്പെട്ട സ്പീക്കറും മന്ത്രിയുമെല്ലാം അനുവദിച്ചതനുസരിച്ച് വനത്തെ സംബന്ധിച്ച് രണ്ടുദിവസത്തെ പഠനത്തിന് പോകാനുള്ള ഒരു സാഹചര്യമുണ്ടായി. അങ്ങനെ പോയപ്പോൾ പറമ്പിക്കുളത്ത് വർഷങ്ങൾക്കുമുമ്പ് വച്ചുപിടിപ്പിച്ച കിലോമീറ്ററുകളോളമുള്ള തേക്കിൻതോട്ടങ്ങൾ കാണാൻ കഴിഞ്ഞു. അവ മൂന്നുനാലു മാസക്കാലം ഇല പൊഴിഞ്ഞ് തടി മാത്രമായി നിൽക്കുകയും കഠിനമായ ഉണക്ക് വന്ന് ആ പ്രദേശത്ത് വെള്ളത്തിന് ക്ഷാമം വരികയും വന്യജീവികൾക്ക് ആവാസ വ്യവസ്ഥയില്ലാത്ത സ്ഥിതിയുണ്ടായിയെന്നും അറിയാൻ സാധിച്ചു. കോടതി വിധിയുള്ളതുകൊണ്ടാണ് അതിനൊരു പരിഹാരമുണ്ടാക്കാൻ സാധിക്കാത്തതെന്ന് പറഞ്ഞു. അത് നമ്മളെ ബാധിക്കുന്നതല്ല എന്ന് കോടതിയെ ബോദ്ധ്യപ്പെടുത്തിക്കൊണ്ട് അവ വെട്ടിമാറ്റി സർക്കാരിന് വരുമാനമുണ്ടാക്കാനും ആ പ്രദേശങ്ങളെ സ്വാഭാവിക വനവൽക്കരണത്തിലേയ്ക്ക് കൊണ്ടുവരാനുമുള്ള എന്തെങ്കിലും നടപടിയെടുക്കാൻ സാധിക്കുമോ?

മി. സ്പീക്കർ: വനത്തെ അറിയാനുള്ള പരിപാടി സംഘടിപ്പിച്ചതുകൊണ്ട് ഗുണമുണ്ട് എന്ന് മനസ്സിലായി.

ശ്രീ. കെ. രാജു: സർ, പൊതുവെ ഇവിടെയുണ്ടായ സ്പിരിറ്റിന് അനുസരിച്ചുള്ള പ്രാതിനിധ്യമില്ലായിരുന്നു. 24 എം.എൽ.എ.മാർ മാത്രമാണ് അതിൽ പങ്കെടുത്തത്. ബഹുമാനപ്പെട്ട സ്പീക്കർ പങ്കെടുത്തത് വലിയ കാര്യമാണ്. അവിടെ വന്ന അംഗങ്ങൾക്ക് വനത്തെക്കുറിച്ച് അറിയാനും വന്യജീവികളെ രാത്രിയിലടക്കം നേരിൽ കാണാനും ആദിവാസി കോളനിയിൽ നേരിട്ട് പോകാനും അവരുടെ കലാപരിപാടികൾ കാണാനും ആസ്വദിക്കാനുമൊക്കെ അവസരമുണ്ടായി. ബഹുമാനപ്പെട്ട അംഗം ചോദിച്ചത് തേക്ക് പ്ലാന്റേഷനെ സംബന്ധിച്ചാണ്. വ്യവസായ ആവശ്യത്തിനുള്ള തടികൾ ഒഴികെ ബാക്കിവരുന്ന ഇതുപോലുള്ള പ്ലാന്റേഷനുകൾ സ്വാഭാവിക വനമാക്കി മാറ്റുക എന്നുള്ളത് ഇന്നത്തെ കാലഘട്ടത്തിലെ വളരെ പ്രധാനപ്പെട്ട ആവശ്യം തന്നെയാണ്. തേക്ക് പ്ലാന്റേഷൻ നിൽക്കുന്നിടത്ത് കാടുകൾ വളരെ കുറവാണ്. ഫലവൃക്ഷങ്ങളൊന്നുമില്ലാത്തതിനാൽ വന്യജീവികൾക്കാവശ്യമായ ആഹാരമോ വെള്ളമോ ലഭിക്കുന്നില്ല. അതാണ് വന്യജീവികൾ വനത്തിൽ നിന്ന് പുറത്തേയ്ക്ക് വരുന്നതിന്റെ പ്രധാന കാരണം. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കോടതിയിൽ ആവശ്യമായ വിശദീകരണം നൽകി പ്ലാന്റേഷനുകൾ മുറിച്ചു നീക്കുന്നതിനാവശ്യമായ അനുവാദം വാങ്ങി വ്യവസായ ആവശ്യത്തിനുള്ള തടി ഒഴികെയുള്ളവ മുറിച്ചുനീക്കി സ്വാഭാവിക വനം വച്ചുപിടിപ്പിക്കുന്നതിനെ സംബന്ധിച്ച് കാര്യമായിത്തന്നെ ആലോചിക്കുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വനാതിർത്തിയുമായി ബന്ധപ്പെട്ട തർക്കങ്ങളും അതിർത്തി നിർണ്ണയവും തീർന്നാൽ പ്രശ്നമില്ലെന്ന് അങ്ങ് മറുപടിയിൽ പറഞ്ഞു. പക്ഷേ 1977-നുമുമ്പ് കൈവശമിരിക്കുന്നതും 1992-94 കാലഘട്ടത്തിൽ ഫോറസ്റ്റും റവന്യൂവും തമ്മിലുള്ള ജോയിന്റ് വെരിഫിക്കേഷൻ പൂർത്തീകരിച്ചതുമായ മണ്ണാർക്കാട് താലൂക്കിലെ കോട്ടോപ്പാടം, കള്ളമല, കാഞ്ഞിരപ്പുഴ വില്ലേജ് എന്നിവിടങ്ങളിലെ 400 കർഷകരുടെ കണക്ക് വനം വകുപ്പിന്റെ കയ്യിലുണ്ട്. റവന്യൂ വകുപ്പിന് ഒരു തർക്കവുമില്ല. പതിറ്റാണ്ടുകളായി എല്ലാ നടപടികളും പൂർത്തിയായിട്ടും ഇതുവരെ അവർക്ക് പട്ടയം കൊടുക്കാനുള്ള നടപടിയുണ്ടായിട്ടില്ല. രണ്ട് ഗവൺമെന്റിന്റെ കാലത്തും പലതവണ ഈ വിഷയം സബ്മിഷനായും ശ്രദ്ധ ക്ഷണിക്കലായും കൊണ്ടുവന്നിട്ടുണ്ട്. ഇതുവരെയും ഇതിനൊരു പരിഹാരമുണ്ടായിട്ടില്ല. അങ്ങേയ്ക്കും നിവേദനം നൽകിയിട്ടുണ്ട്. മണ്ണാർക്കാട് താലൂക്കിലെ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തീകരിച്ച 400 കർഷകർക്ക് പട്ടയം ലഭ്യമാക്കുന്ന കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, ജോയിന്റ് വെരിഫിക്കേഷനിൽ 1977-നുമുമ്പുള്ള കൈവശമാണെന്ന് കണ്ടെത്തിയിട്ടുള്ള ആളുകൾക്ക് പട്ടയം കൊടുക്കുന്നതിൽ തടസ്സമില്ല. 1977-നുമുമ്പ് താമസിച്ചിരുന്ന ആളുകളുടെ കൂട്ടത്തിൽ അതിനുശേഷം വന്ന് താമസിച്ച ആളുകളും ഉൾപ്പെടുന്നുണ്ട്. 1977-ന് മുമ്പുള്ള കൈവശമാണെന്ന് ജോയിന്റ് വെരിഫിക്കേഷനിൽ ബോധ്യമായിട്ടുണ്ടെങ്കിൽ പട്ടയം കൊടുക്കുന്നതിന് തടസ്സമുണ്ടാകില്ല. ഇക്കാര്യത്തെ സംബന്ധിച്ച് പ്രത്യേകമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, ഒരിക്കൽ ഇ.എഫ്.എൽ.ആയി ഏറ്റെടുത്ത ഭൂമി വിട്ടുകൊടുക്കുന്നതുമായി ബന്ധപ്പെട്ട് ധാരാളം നടപടിക്രമങ്ങൾ ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ആ ഭൂമി അർഹതപ്പെട്ട ആളുകൾക്ക് വിട്ടുകൊടുക്കുന്നതിനുള്ള ഉത്തരവ് വനം വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ആ ഉത്തരവ് അടിയന്തരമായി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, ഇ.എഫ്.എൽ. (Ecologically Fragile Land) ആയി പ്രഖ്യാപിച്ച് സർക്കാർ ഏറ്റെടുത്ത ഭൂമി വിട്ടുകൊടുക്കേണ്ട ആവശ്യമില്ല.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, ഒരിക്കൽ ഇ.എഫ്.എൽ.ആയി പ്രഖ്യാപിച്ച് ഏറ്റെടുത്ത ഭൂമിയിൽ ആളുകൾ താമസിച്ചിരുന്ന ഭൂമിയും ഉൾപ്പെട്ടിട്ടുണ്ടെന്ന കാരണത്താൽ ഗവൺമെന്റ് എം.എൽ.എ.-മാർ ചെയർമാനായി ഒരു കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുകയും ആ കമ്മിറ്റി ഡി.എഫ്.ഒ.-യുടെ നേതൃത്വത്തിൽ കൂടി അവരുടെ ശിപാർശ ജില്ലാതലത്തിൽ പരിശോധിച്ച് ഇ.എഫ്.എൽ. സി.സി.എഫ്.-ന് അപ്പീൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അവിടെ താമസിച്ചിരുന്നവരെ ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്നാണ് നിബന്ധന. അങ്ങും ആ കമ്മിറ്റിയിൽ അംഗമായിരുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ ഉത്തരവ് ഇതുവരെ ഉണ്ടായിട്ടില്ലെന്നാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്.

ശ്രീ. കെ. രാജു: ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചൂണ്ടിക്കാണിച്ച് അപേക്ഷ നൽകിയാൽ അതിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഇ.എഫ്.എൽ. ആയി ഏറ്റെടുത്ത നടപടി തെറ്റാണെന്നുള്ള കോടതിവിധി വരാറുണ്ട്. കോടതിവിധിയുടെ അടിസ്ഥാനത്തിൽ തിരിച്ചുകൊടുക്കാൻ ബാധ്യതയുള്ളതെല്ലാം തിരിച്ചുകൊടുത്തിട്ടുണ്ട്. ഈ കേസ് എന്താണെന്നുള്ളതിനെ സംബന്ധിച്ച് പ്രത്യേകമായി പരിശോധിക്കുന്നതാണ്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, കോടതിവിധിയോ കേന്ദ്രസർക്കാരിന്റെ നിയമമോ ആണ് വനം വകുപ്പ് സാധാരണഗതിയിൽ എടുത്തുപറയുന്നത്. ഭരണഘടനയനുസരിച്ച് വന്യജീവികൾക്കാണോ നാട്ടിൽ ജീവിക്കുന്ന മനുഷ്യജീവികൾക്കാണോ പ്രാധാന്യം എന്നുള്ളതിനെ സംബന്ധിച്ച് വ്യക്തതയുണ്ടാകേണ്ടതുണ്ട്. ഇ.എഫ്.എൽ.-ന്റെ പേരിൽ വനം വകുപ്പ് കയ്യേറിയിട്ടുള്ള ഭൂമി തിരിച്ചുകൊടുക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. രാജു: സർ, രാജ്യത്ത് നിലവിലിരിക്കുന്ന നിയമങ്ങളും ഭരണഘടനയുമനുസരിച്ച് മനുഷ്യജീവനും സ്വത്തിനും സംരക്ഷണം നൽകാനുള്ള ബാദ്ധ്യത കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കുണ്ട്. അത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാവുന്ന വസ്തുതയാണ്. വന്യജീവികൾക്കുകൂടി അവകാശപ്പെട്ടതാണ് ഈ ഭൂമി. ഭൂമിയിലെ സ്വത്തുക്കൾ മുഴുവൻ മനുഷ്യരുടേത് മാത്രമാണെന്ന തോന്നൽ പല ആളുകൾക്കുമുണ്ട്. ആ തെറ്റിദ്ധാരണ മാറണം. ഭൂമിയിൽ കാണുന്ന വിഭവങ്ങൾ മനുഷ്യർക്കും മറ്റ് ജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണെന്നുള്ള ധാരണ ബഹുമാനപ്പെട്ട മെമ്പർക്കുണ്ടാകുന്നത് നല്ലതാണെന്നാണ് എനിക്ക് ആദ്യം സൂചിപ്പിക്കാനുള്ളത്. വനം വകുപ്പ് കയ്യേറിയ ഭൂമിയെന്നാണ് അദ്ദേഹം സൂചിപ്പിച്ചത്. സാധാരണഗതിയിൽ വനം വകുപ്പിന് വനം കയ്യേറേണ്ട കാര്യമില്ല. വനമായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഭൂമിയിൽ 1977-നുമുമ്പ് താമസമായിട്ടുള്ള ആളുകൾക്ക് പട്ടയം നൽകുന്നതിന് ഗവൺമെന്റിന് എതിർപ്പില്ലെന്നാണ് ഞാൻ സൂചിപ്പിച്ചത്. പിന്നീട് കയ്യേറിയവരെ ഒഴിപ്പിക്കണമെന്നാണ് ഹൈക്കോടതി വിധിതന്നെ സൂചിപ്പിക്കുന്നത്. അതിന് ഹൈക്കോടതി ഒരു കാലാവധിയും നിശ്ചയിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ ആ കാലാവധി കഴിഞ്ഞിരിക്കുകയാണ്. ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വേണമെന്നാണ് ഇപ്പോൾ ഗവൺമെന്റ് ആവശ്യപ്പെടുന്നത്.

## പട്ടികഗോത്രവർഗ്ഗക്കാർക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിന് നടപടി

3 (*63) ശ്രീ. എം. സ്വരാജ്:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭ്യസ്തവിദ്യരായ പട്ടികഗോത്രവർഗ്ഗക്കാർക്കിടയിൽ തൊഴിൽ രാഹിത്യം വർദ്ധിച്ചുവരുന്നെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധന നടത്തിയിരുന്നോ; കണക്ക് ലഭ്യമാണോ;

(ബി) ഇത്തരക്കാർക്ക് മുൻഗണനാടിസ്ഥാനത്തിൽ തൊഴിൽ നൽകാൻ പ്രത്യേക പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(സി) പട്ടിക ഗോത്ര മേഖലയിൽ അഭ്യസ്തവിദ്യർക്കും അല്ലാത്തവർക്കുമായി തൊഴിലവസരം സൃഷ്ടിക്കുന്നതിനും സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികളും അവയുടെ ഫലപ്രാപ്തിയും വിശദമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,

(എ) പരിശോധിച്ചിട്ടുണ്ട്. പട്ടികവർഗ്ഗക്കാരിൽ +2-നുമുകളിൽ യോഗ്യതയുള്ള 11474 പേരുണ്ടെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ സർവ്വേയിലൂടെ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ +2 മുതൽ ബിരുദാനന്തര ബിരുദം വരെ വിദ്യാഭ്യാസ യോഗ്യതയുള്ളവർ 9357 പേരും പ്രൊഫഷണൽ യോഗ്യതയുള്ളവർ 1334 പേരും സാങ്കേതിക യോഗ്യതയുള്ളവർ 670 പേരും മറ്റ് യോഗ്യതയുള്ളവർ 113 പേരുമാണ്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് ടി.ടി.സി./ഡി.എഡ്. അല്ലെങ്കിൽ ബി.എഡ്. പാസ്സായ പട്ടികവർഗ്ഗ യുവതി-യുവാൾക്കൾക്ക് തൊഴിൽ നൽകുന്നതിനായി ഗോത്രബന്ധു എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ 2017-18 വർഷം ആരംഭിച്ചു. പദ്ധതി പ്രകാരം വയനാട് ജില്ലയിലെ പ്രൈമറി ക്ലാസ്സുകളുള്ള 241 സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ടി.ടി.സി./ഡി.എഡ്. അല്ലെങ്കിൽ ബി.എഡ്. പാസ്സായവരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരെ മെന്റർ ടീച്ചർമാരായി നിയമിച്ചു. പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിലെ 26 സ്കൂളുകളിൽ ഈ പദ്ധതി ആരംഭിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്; ഈ വർഷം അത് ആരംഭിക്കും. ഗോത്രബന്ധു പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതോടെ ബി.എഡ്., ടി.ടി.സി. യോഗ്യത നേടിയ പട്ടികവർഗ്ഗത്തിൽപ്പെട്ട മുഴുവൻ പേർക്കും ജോലി നൽകാനാകും.

കൂടാതെ പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പട്ടികവർഗ്ഗ കോളനികളിൽ നടപ്പിലാക്കുന്ന സാമൂഹ്യ പഠനമുറി പദ്ധതി പ്രകാരം 600 കേന്ദ്രങ്ങൾ ആരംഭിക്കുകയും അത്രയും അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീ-യുവാക്കളെ ട്യൂട്ടർമാരായി നിയമിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

- ➢ സാക്ഷരതാ മിഷൻ മുഖേന നടപ്പിലാക്കുന്ന പട്ടികവർഗ്ഗക്കാർക്കായുള്ള സാക്ഷരതാ തുടർ വിദ്യാഭ്യാസ പരിപാടിക്കായി അഭ്യസ്തവിദ്യരായ 100 യുവതീ-യുവാക്കളെ സാക്ഷരതാ പ്രേരക്മാരായി നിയമിക്കുന്നതിന്

നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

- എം.എ. സോഷ്യോളജി, എം.എ. ആന്ത്രോപ്പോളജി, എം.എസ്.ഡബ്ല്യു എന്നീ വിദ്യാഭ്യാസ യോഗ്യതയുള്ള 31 പട്ടികവർഗ്ഗ യുവതീ-യുവാക്കളെ പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യ ഉന്നമനം ലക്ഷ്യമാക്കി കമ്മിറ്റഡ് സോഷ്യൽ വർക്കർമാരായി വിവിധ ജില്ലകളിൽ നിയമിച്ചിട്ടുണ്ട്.
- പട്ടികവർഗ്ഗത്തിൽപ്പെട്ട 1182 പേരെ പട്ടികവർഗ്ഗ പ്രൊമോട്ടർമാരായും 140 പേരെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഓഫീസുകളിൽ മാനേജ്മെന്റ് ട്രെയിനിയായും നിയമിച്ചുകഴിഞ്ഞു.

(സി) പട്ടിക ഗോത്ര മേഖലയിൽ അഭ്യസ്തവിദ്യർക്കും അല്ലാത്തവർക്കുമായി തൊഴിലവസരം സൃഷ്ടിക്കുന്നതിനും സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരികയാണ്.

വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ.-കൾ മുഖേനയും മറ്റ് തൊഴിൽ പരിശീലന കേന്ദ്രങ്ങൾവഴിയും പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നു.

- 2016-17-ലെ 'ഗോത്രജീവിക' പദ്ധതി പ്രകാരം 1170 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനം മുഖേന തൊഴിൽ നൈപുണ്യ പരിശീലനം നൽകിവരുന്നു. ഈ പദ്ധതിക്കായി 3.34 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

- ഐ.ടി. മേഖലയിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി വകുപ്പിന്റെ കീഴിൽ ഒരു സെന്റർ ഓഫ് എക്സലൻസ് തിരുവനന്തപുരത്ത് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 3.08 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

- പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിന് അട്ടപ്പാടിയിൽ അപ്പാരൽ പാർക്ക് ആരംഭിക്കുന്നതിന് 267.34 ലക്ഷം രൂപയുടെ പദ്ധതി ആരംഭിക്കുന്നതാണ്. ഇതിലൂടെ 250 വനിതകൾക്ക് 6 മാസത്തെ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിന് ലക്ഷ്യമിടുന്നു.

കൂടാതെ, താഴെപ്പറയുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലനം നൽകി സ്വകാര്യ സ്ഥാപനങ്ങളിൽ പ്ലേസ്മെന്റ് ഉറപ്പുവരുത്തുന്നു.

1. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ (NTTF) മുഖേന 351 പേർക്ക് വിവിധ സാങ്കേതിക വിഷയങ്ങളിൽ പരിശീലനം നൽകി പ്ലേസ്മെന്റ് ഉറപ്പുവരുത്തി.

2. സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി (CBPST) മുഖേന പ്ലാസ്റ്റിക് നിർമ്മാണ മേഖലയിൽ 50 പേർക്ക്

പരിശീലനത്തിലൂടെ പ്ലേസ്മെന്റ് നൽകിക്കഴിഞ്ഞു.

3. ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (ECIL) മുഖേന അട്ടപ്പാടിയിൽ ഡി.സി.എ. (Diploma in Computer Application) കോഴ്സ് പരിശീലനം നൽകി 21 പേർക്ക് പ്ലേസ്മെന്റ് ലഭ്യമാക്കി.

4. എത്തിയോസ് (Atheos) എന്ന സ്ഥാപനം മുഖേന ഹോട്ടൽ മാനേജ്മെന്റിൽ 125 പേർക്ക് പരിശീലനം നൽകി പ്ലേസ്മെന്റ് നൽകിക്കഴിഞ്ഞു.

5. സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (C-DIT) മുഖേന 60 കുട്ടികൾക്ക് മീഡിയ ടെക്നോളജിയിൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചുകഴിഞ്ഞു.

ഇതിനുപുറമെ പരമ്പരാഗത കാർഷിക മേഖലയിൽ തൊഴിൽ നൽകുന്നതിനായി

- മിൽമ മുഖേന മലപ്പുറം, എറണാകുളം, കാസർഗോഡ്, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, തിരുവനന്തപുരം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിൽ 450 പേർക്ക് ഡെയറി യൂണിറ്റുകളും മിൽമ ഉൽപ്പന്നങ്ങളുടെ വിപണന കനോപ്പികളും ആരംഭിക്കുന്നതിന് 1224.17 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു.

- കുടുംബശ്രീ മുഖേന പട്ടികവർഗ്ഗക്കാരുടെ സുസ്ഥിര വികസന പദ്ധതിക്കായി 350 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു.

- മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് മുഖേന മോഡേൺ മീറ്റ് ഷോപ്പ് സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു. കൂടാതെ പട്ടികവർഗ്ഗ സഹകരണ സ്വയം സഹായ സംഘങ്ങൾ വഴി സ്വയം തൊഴിൽ പരിപോഷിപ്പിക്കുന്നതിനായി ഗദ്ദിക പോലുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

വകുപ്പിന്റെ ജില്ലാ ഓഫീസുകൾ വഴി ആർട്ടിക്കിൾ 275 (1), കോർപ്പസ് ഫണ്ട്, എസ്.സി.എ., ടി.എസ്.പി. എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന തൊഴിൽദായക പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. കൃഷി

2. പശു, ആട് വളർത്തൽ

3. ക്രിമിറ്റോറിയംപെട്ടി അനുവദിക്കൽ

4. യന്ത്രസഹായത്തോടെ കാട് വെട്ടൽ

5. യന്ത്രസഹായത്തോടെ മരംമുറി
6. തയ്യൽ യൂണിറ്റുകൾ
7. വയറിംഗ്
8. പി.എസ്.സി. പരിശീലനം
9. ഫാഷൻ ഡിസൈനിംഗിൽ പരിശീലനം നൽകി പുതിയ തയ്യൽ ജോലികൾ
10. സിവിൽ ആർക്കിടെക്ച്ചർ ഡ്രാഫ്റ്റിംഗ് ലാന്റ് സർവ്വേ കോഴ്സിൽ പരിശീലനം നൽകി ആധുനിക തൊഴിൽ സമ്പാദനം
11. കോഴിയും കൂട്ടും പദ്ധതി
12. ചെറുകിട വ്യാപാരം

**കോർപ്പസ് ഫണ്ട്**

1. കട നിർമ്മാണം
2. മത്സ്യക്കച്ചവടം
3. ബേക്കറി
4. തുണിക്കട
5. കോഫീബാർ
6. യന്ത്രവത്കൃത പുല്ലുവെട്ടൽ
7. യന്ത്രവത്കൃത പാൽ കറവ
8. റബ്ബർ റോളർ വിതരണം
9. പെട്ടിക്കടകൾ
10. പന്നി വളർത്തൽ
11. ജില്ലാ അടിസ്ഥാനത്തിൽ സഹായി സെന്ററുകൾ നടത്തിപ്പിന്.

**എസ്.സി.എ.-ടി.എസ്.പി. നടപ്പിലാക്കിയ പദ്ധതികൾ**

1. യന്ത്രവത്കൃത തെങ്ങുകയറ്റം
2. യന്ത്രവത്കൃത കോൺക്രീറ്റ് കട്ടിംഗ്
3. യന്ത്രവത്കൃത കൃഷി, തയ്യൽ
4. ഗാർമെന്റ് & ടെയിലറിംഗ് യൂണിറ്റ്
5. ഡെയറി ഡെവലപ്മെന്റ് യൂണിറ്റ്
6. ഫോട്ടോസ്റ്റാറ്റ് മെഷീൻ
7. തൊഴിൽ, സംഗീത ഉപകരണങ്ങൾ
8. യന്ത്രവത്കൃത കളപറിക്കൽ
9. ലൈറ്റ് മോട്ടോർ ഡ്രൈവിംഗ്
10. ഹെവി മോട്ടോർ ഡ്രൈവിംഗ്
11. കയർ ഉത്പാദനം
12. യന്ത്രവത്കൃത മരംവെട്ട്
13. ഫാഷൻ ടെക്നോളജി
14. കമ്പ്യൂട്ടർ ട്രെയിനിംഗ്
15. ഹാച്ചറി യൂണിറ്റ്
16. യന്ത്രവത്കൃത കവുങ്ങ് കയറ്റം
17. മെഴുകുതിരി നിർമ്മാണം
18. കരകൗശല ഉൽപ്പന്നങ്ങൾ
19. ഫർണിച്ചർ ഉത്പാദനം

നൈപുണ്യ വികസന പരിപാടികൾക്ക് ഓരോ കോഴ്സിനും നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യതയ്ക്കും മറ്റ് മാനദണ്ഡങ്ങൾക്കും അനുസരിച്ചായിരിക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ജില്ലാതല ഓഫീസർമാരും ട്രെയിനിംഗ് ഏജൻസികളും അഭിമുഖത്തിലൂടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു.

വളരെ ഫലപ്രദമായ ഒട്ടേറെ തൊഴിൽ പരിശീലന കേന്ദ്രങ്ങളും തൊഴിൽ സംരംഭങ്ങളും കഴിഞ്ഞ ഒരു വർഷത്തിനിടയിൽ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. എം. സ്വരാജ്: സർ, പട്ടികഗോത്ര വിഭാഗങ്ങളിൽപ്പെടുന്നവർ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും തൊഴിൽപരവുമായി പിന്നോക്കാവസ്ഥ അനുഭവിക്കുന്നവരാണ്. ഇത് പരിഹരിക്കുന്നതിന് വിവിധ കാലങ്ങളിലായി ഒട്ടേറെ പദ്ധതികൾ ആവിഷ്കരിക്കുകയും ചെറുതല്ലാത്ത ഫണ്ടുകൾ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ചില വിശദാംശങ്ങളാണ് മന്ത്രി ഇവിടെ വിശദീകരിച്ചിട്ടുള്ളത്. അതിനെയെല്ലാം അംഗീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. അതുകൊണ്ടുമാത്രം പട്ടികഗോത്ര വിഭാഗങ്ങളിൽപ്പെട്ടവരുടെ ദുരിതങ്ങൾക്ക് പൊതുവെ അറുതിയാകുന്നില്ല. ആവിഷ്കരിക്കപ്പെടുന്ന പദ്ധതികളുടെ ഗുണം പ്രസ്തുത വിഭാഗങ്ങൾക്ക് തന്നെ കൃത്യമായി ലഭിക്കുന്നുണ്ടോ; ഇതുമൂലം എന്തൊക്കെ മാറ്റങ്ങൾ പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ജീവിതത്തിൽ ഉണ്ടായി; ആവിഷ്കരിക്കപ്പെടുന്ന പദ്ധതികളുടെ ഗുണഫലം മറ്റ് വിഭാഗങ്ങളിലേയ്ക്ക് മാറി പ്പോകുന്നുണ്ടോ തുടങ്ങി എല്ലാ വിശദാംശങ്ങളും ശരിയായി മനസ്സിലാക്കുന്നതിനും പദ്ധതികൾ കൂടുതൽ ഫലപ്രദമാക്കാനും സഹായിക്കുംവിധം സമഗ്രമായ സർവ്വേ നടത്താൻ തയ്യാറാകുമോ; അതിന്റെ അടിസ്ഥാനത്തിൽ ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയുമോ?

ശ്രീ. എ. കെ. ബാലൻ: സർ, വളരെ പ്രസക്തമായ ചോദ്യമാണ്. യഥാർത്ഥത്തിൽ ശാസ്ത്രീയമായ പഠന സംവിധാനം കേരളത്തിൽ ഇല്ല. ഇക്കാര്യം മനസ്സിലാക്കി ആന്ത്രോപ്പോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഫീൽഡ് സ്റ്റേഷൻ കേരളത്തിൽ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്റ്റേഷൻ അട്ടപ്പാടിയിലോ വയനാട്ടിലോ ആയിരിക്കും ആരംഭിക്കാൻ പോകുന്നത്. 19-1-2018-ൽ ബംഗാളിൽ പോയപ്പോൾ കൊൽക്കത്തയിലുള്ള ആന്ത്രോപ്പോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഹെഡ് ഓഫീസ് സന്ദർശിച്ചിരുന്നു. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും ഉണ്ടായിരുന്നു. ഇക്കാര്യത്തിൽ വിശദമായ ചർച്ച നടത്തിയതിന്റെ ഭാഗമായി ഫീൽഡ് സ്റ്റേഷൻ കേരളത്തിൽ ആരംഭിക്കാൻ അവർ സമ്മതം നൽകിയിട്ടുണ്ട്. ഇന്ത്യയിൽ വിശാഖപട്ടണത്തും മധ്യപ്രദേശിലെ സാഗറിലും ജാർഖണ്ഡിലെ റാഞ്ചിയിലും മാത്രമാണ് മൂന്ന് മേഖലാ ഓഫീസുകൾ പ്രവർത്തിക്കുന്നത്. ആന്ത്രോപ്പോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ പ്രധാനപ്പെട്ട ഭാഗം ഫിസിക്കൽ ആന്ത്രോപ്പോളജിയിലും സോഷ്യൽ ആന്ത്രോപ്പോളജിയിലും ആണ്. ലോകത്ത് അറിയപ്പെടുന്ന എക്സ്പെർട്ടുകളാണ് അവിടെയുള്ളത്. കേരളത്തിൽ കിർത്താഡ്സ് മാത്രമാണുള്ളത്. ആദിവാസികളുടെ ജീവിതരീതി, സംസ്കാരം, ഭാഷ തുടങ്ങിയവ സംബന്ധിച്ച് മാത്രം പരിശോധന നടത്തുന്ന സംവിധാനമാണ് കിർത്താഡ്സ്.

എന്നാൽ മനുഷ്യശാസ്ത്രപരമായ സമഗ്ര പഠനത്തിന് ഫിസിക്കൽ ആന്ത്രോപ്പോളജി വളരെ പ്രധാനപ്പെട്ടതാണ്. ആദിവാസികളുടെയിടയിൽ കാണുന്ന സിക്കിൾസെൽ അനീമിയ പോലുള്ള ജനറ്റിക്കായ രോഗങ്ങൾ മനസ്സിലാക്കണമെങ്കിൽ ഡി.എൻ.എ. ടെസ്റ്റും സ്ക്രീനിംഗുമൊക്കെ നടത്തണം. ഇവ നടത്തുന്നതിനുള്ള യാതൊരു സംവിധാനവും ഇവിടെയില്ല. ഇതെല്ലാം മനസ്സിലാക്കിക്കൊണ്ടാണ് സമഗ്രമായ പഠനത്തിനുള്ള സംവിധാനമെന്ന നിലയിൽ കേരളത്തിൽ ഗോത്ര നരവംശ കേന്ദ്രത്തിന്റെ മേഖലാ ഓഫീസ് ആന്ത്രോപ്പോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ അനുവദിച്ചിട്ടുള്ളത്.

<u>ശ്രീ. എം. സ്വരാജ്</u>: സർ, ഈ രംഗത്ത് തുടങ്ങുന്ന പുതിയ പദ്ധതികളും വിശദീകരിച്ച കാഴ്ചപ്പാടുകളുമെല്ലാം പ്രതീക്ഷ നൽകുന്നതാണ്. ഇക്കാര്യത്തിൽ പ്രത്യേകമായി അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പട്ടികഗോത്ര വിഭാഗങ്ങളുടെ ഭാഷ, കലാരൂപങ്ങൾ, തുടങ്ങിയവയെല്ലാം നമ്മുടെ നാടിന്റെ സ്വത്താണ്. സാംസ്കാരിക വൈവിദ്ധ്യത്തിന്റെ അടയാളങ്ങളായി ഇത്തരം ഗോത്ര ഭാഷകളും പ്രത്യേക കലാരൂപങ്ങളും മറ്റും അന്യംനിന്ന് പോകാതിരിക്കാനും സംരക്ഷിക്കാനും എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഇവരുടെ സംസ്കാരം, ഭാഷ, ആചാരരീതി തുടങ്ങിയവ സംരക്ഷിക്കുന്നതിനുള്ള ശക്തമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. കിർത്താഡ്സ് അതുമായി ബന്ധപ്പെട്ടുകൊണ്ട് ഫലപ്രദമായ നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. കുറേക്കൂടി സമഗ്രമായ രൂപത്തിൽ ഈ രംഗത്ത് മുന്നോട്ടുപോകാൻ സാധിക്കും. സർവ്വേ റിപ്പോർട്ടിന്റെ ഭാഗമായി കുറേകാര്യങ്ങൾ ഫലത്തിൽ ചെയ്തുതീർക്കാൻ സാധിക്കും. അന്യംനിന്നുപോകുന്ന അവരുടെ ലിപിയില്ലാത്ത ഭാഷ, സംസ്കാരം, ജീവിത രീതി, ഭാഷാ രീതി, സംഘാടനം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് സമഗ്രമായ പരിശോധന ഈ സംവിധാനം ഉപയോഗപ്പെടുത്തിക്കൊണ്ട് നടത്തുന്നതായിരിക്കും.

<u>ശ്രീ. ജോർജ് എം. തോമസ്</u>: സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം ആദിവാസി മേഖലയിൽ സ്വീകരിച്ചുകൊണ്ടിരിക്കുന്ന നടപടികളെല്ലാം അഭിനന്ദനാർഹമാണ്. School drop outs-ന്റെ എണ്ണം ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി, തിരുവമ്പാടി, മുക്കം, കോടഞ്ചേരി എന്നീ പഞ്ചായത്തുകളിൽ മലമുത്തന്മാർ അഥവാ മുതുവാന്മാർ എന്ന ഒരു വിഭാഗം നേരത്തെ പട്ടികവർഗ്ഗത്തിൽപ്പെട്ടതായിരുന്നു. സമീപകാലത്ത് കിർത്താഡ്സിന്റെ പഠന റിപ്പോർട്ട് പ്രകാരം മലബാറിൽ മുതുവാന്മാർ/മലമുത്തന്മാർ

ഇല്ലായെന്ന് റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. അതുകൊണ്ട് ഈ വിഭാഗത്തിൽപ്പെട്ടവർക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങളും തൊഴിൽ സംവരണാനുകൂല്യങ്ങളും നിഷേധിക്കപ്പെടുകയാണ്. ഓരോ കുടുംബവും ഹൈക്കോടതിയിൽ പോയി പ്രത്യേക ഉത്തരവ് വാങ്ങിയാൽ മാത്രമേ ഈ സർട്ടിഫിക്കറ്റ് കൊടുക്കാൻ സാധിക്കുകയുള്ളൂ എന്നാണ് അറിയാൻ കഴിഞ്ഞത്. പാവപ്പെട്ട ആദിവാസികൾക്കെല്ലാം ഹൈക്കോടതിയിൽ പോയി ഇത്തരം ഉത്തരവ് നേടുക അസാദ്ധ്യമാണ്. കോഴിക്കോട് തഹസിൽദാർ നിയമത്തെ ദുർവ്യാഖ്യാനിച്ച് നേരത്തെ കൊടുത്തുകൊണ്ടിരുന്ന കുടുംബങ്ങൾക്കുപോലും ഇപ്പോൾ സർട്ടിഫിക്കറ്റ് കൊടുക്കുന്നില്ല. ഇതിന് ഒരു പരിഹാരം ഉണ്ടാക്കാൻ കിർത്താഡ്സിന്റെ പഠനം പുനഃപരിശോധനയ്ക്ക് വിധേയമാക്കി അവർക്കുകൂടി ആനുകൂല്യം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ആവശ്യപ്പെടുന്നത്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, തിരുവമ്പാടി, മുക്കം പഞ്ചായത്തുകളിൽ താമസിക്കുന്ന മുതുവാൻ വിഭാഗത്തിന്റെ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതാണ്. ഇതിൽ മുതുവാൻ എസ്.ടി.-യിലും മലമുതുവാൻ ഒ.ഇ.സി. വിഭാഗത്തിലുമാണുള്ളത്. ഇത് രണ്ടുംകൂടി ഒരുമിച്ചായി പോകുന്നതിന്റെ ഭാഗമായി എസ്.ടി.-ക്ക് കിട്ടേണ്ട ചില സർട്ടിഫിക്കറ്റ് ഒ.ഇ.സി. വിഭാഗത്തിൽപ്പെടുത്തി ചില തഹസിൽദാർമാർ കൊടുക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി മലമുത്തൻ, മുതുവാൻ ഈ രണ്ട് കമ്മ്യൂണിറ്റിയുമായി ബന്ധപ്പെട്ട ആശയക്കുഴപ്പമുണ്ട്. ഇതിന്റെ ഭാഗമായി കൃത്യമായി പഠനം നടത്തുന്നതിന് കിർത്താഡ്സിനെ ചുമതലപ്പെടുത്തും. മുതുവാനെ സംബന്ധിച്ചിടത്തോളം ഗസറ്റിൽ എസ്.ടി. എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെങ്കിൽ എസ്.ടി. സർട്ടിഫിക്കറ്റ് കിട്ടുന്നതിന് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകില്ല.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, നൈപുണ്യ വികസന പരിപാടികളും പുതിയ കാലത്തിന്റെ സവിശേഷതകൾക്കനുസരിച്ചുള്ള പരിശീലന പദ്ധതികളും രാജ്യത്തിനുതന്നെ മാതൃകയാണ്. വനാശ്രയ സമൂഹത്തിന്റെ പരമ്പരാഗത കൈത്തൊഴിലുകളും ഉത്പന്നങ്ങളും ഉണ്ട്. ഇവ സംബന്ധിച്ച് ഒരു അവബോധം പൊതുസമൂഹത്തിന് സൃഷ്ടിക്കുകയും പ്രകൃതി സൗഹൃദ ഉത്പന്നങ്ങളുടെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനും അത്തരം ഉത്പന്നങ്ങളുടെ വിപണന ശൃംഖലകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, പരമ്പരാഗത മേഖലയിലെ ആദിവാസികൾ തൊഴിൽ സാധ്യതകൾ തേടിപ്പോകുന്ന നിരവധി മേഖലകളുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് വനാന്തരങ്ങളിൽ താമസിക്കുന്ന ആദിവാസികൾക്ക് വന

ഉത്പന്നങ്ങളെടുത്ത് ശേഖരിച്ച് സംസ്കരണം നടത്തി വിപണനം നടത്തുന്നതിനുള്ള പദ്ധതി. കേന്ദ്ര വനാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ കമ്മ്യൂണിറ്റി വിഭാഗങ്ങൾക്ക് സമൂഹത്തിൽ ചിതറിക്കിടക്കുന്നതും കേന്ദ്രീകരിച്ച് കിടക്കുന്നതുമായ ഭാഗങ്ങളുണ്ട്. വനവിഭവങ്ങൾ എടുത്ത് സമഗ്രമായി സംസ്കരണം നടത്തി വിപണനം നടത്തുന്നതിനുള്ള സമ്പ്രദായം ഫലപ്രദമായി നടപ്പിലാക്കാൻ അവർക്ക് ഇന്നും കഴിഞ്ഞിട്ടില്ല. അതിന് സൊസൈറ്റികളെയാണ് ആശ്രയിക്കുന്നത്. ആ രൂപത്തിൽ എസ്.ടി. മേഖലയിലെ സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും സാമ്പത്തികമായി നല്ല രൂപത്തിൽ സഹായിക്കുന്നതിനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. പി. വി. അൻവർ: സർ, വലിയ ഒരു ആദിവാസി സമൂഹം ജീവിക്കുന്ന മണ്ഡലമാണ് എന്റേത്. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ 20 മാസമായി ആദിവാസി മേഖലയിൽ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനം ആശാവഹമായ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്; പ്രത്യേകിച്ച് വിദ്യാഭ്യാസ രംഗത്ത്. അവരുടെ വിദ്യാഭ്യാസത്തിന് പഠന മുറികളുൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്തത് വലിയ മാറ്റങ്ങൾ ഉണ്ടാക്കുന്നതാണ്. അവരുടെ തൊഴിൽപരമായ പ്രശ്നങ്ങളെ സംബന്ധിച്ചാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. 18000-ഓളം അഭ്യസ്തവിദ്യരായ ചെറുപ്പക്കാരും ചെറുപ്പക്കാരികളും ഉണ്ടെന്നാണ് കണക്കുകൾ പറയുന്നത്. അവർക്ക് വ്യക്തമായി തൊഴിൽ കൊടുക്കാൻ സാധിക്കുന്നില്ല. ആ മേഖലയിൽ ഗവൺമെന്റ് കൃത്യമായ ഇടപെടൽ നടത്തുന്നതോടൊപ്പം സ്വയംതൊഴിൽ കണ്ടെത്താനുള്ള പ്രായപരിധി 50 വയസ്സ് എന്നുള്ളത് 55 വയസ്സാക്കി ഉയർത്തണമെന്ന അവരുടെ ആവശ്യം പ്രത്യേകമായി പരിഗണിക്കുമോ ?

ശ്രീ. എ. കെ. ബാലൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒമ്പത് തൊഴിൽ പരിശീലന പരിപാടികൾ പുതിയതായി രൂപപ്പെടുത്തിയിട്ടുണ്ട്. എത്തിയോസ് എന്ന സ്ഥാപനം മുഖേന ഹോട്ടൽ മാനേജ്മെന്റിനുള്ള പരിശീലനം നടന്നുകൊണ്ടിരിക്കുകയാണ്. സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി, കുടുംബശ്രീ മുഖാന്തിരമുള്ള പട്ടികവർഗ്ഗക്കാരുടെ സുസ്ഥിര വികസന പദ്ധതി, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യാ ലിമിറ്റഡുമായി ബന്ധപ്പെട്ട പദ്ധതി, ഗോത്രജീവിക നൈപുണ്യ വികസന പരിപാടി, സെന്റർ ഫോർ എക്സലൻസ്, തിരുവനന്തപുരത്ത് ഡെസ്ക്ടോപ് എഞ്ചിനീയറിംഗ് നെറ്റ് വർക്കിംഗ്, മൾട്ടിമീഡിയ, ഹാർഡ്‌വെയർ & സോഫ്റ്റ്‌വെയർ മെയിന്റനൻസ് തുടങ്ങി ഐ.ടി. മേഖലയിലെ തൊഴിൽ, അട്ടപ്പാടിയിലെ അപ്പാരൽ പാർക്ക്, ഇതിനെല്ലാം പുറമെ മിൽമ മുഖേന, കാസർഗോഡ്, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, തിരുവനന്തപുരം, കോഴിക്കോട്

ജില്ലകളിൽ നടപ്പിലാക്കുന്ന പദ്ധതികളുമുണ്ട്. ഇതെല്ലാം ഈ വർഷം തൊഴിലില്ലാതെ കിടക്കുന്ന ആദിവാസി മേഖലയിൽ വലിയ ഉണർവ് ഉണ്ടാക്കും. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം തൊഴിൽ കിട്ടുന്ന ആദിവാസി കുടുംബങ്ങളെന്ന് പറയുന്നത് പതിനായിരത്തോളമേ വരികയുള്ളൂ. മൊത്തം 98000-ഓളം ആദിവാസി കുടുംബങ്ങൾ ഇതിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ വർഷം 200 ദിവസം തൊഴിൽ കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. 200 ദിവസം തൊഴിൽ കൊടുക്കുമ്പോൾ മിനിമം പതിനായിരം കുടുംബങ്ങൾക്ക് ഒരു വർഷം തൊഴിൽ ലഭ്യമാകും. ആ രൂപത്തിൽ അവരുടെ തൊഴിൽ, ആരോഗ്യ, വിദ്യാഭ്യാസ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സമഗ്രമായ പദ്ധതിയാണ് സമയബന്ധിതമായി ഗവൺമെന്റ് നടപ്പാക്കാൻ പോകുന്നത്. അക്കാര്യത്തിൽ ഈ വർഷം നേട്ടമുണ്ടാകുമെന്ന കാര്യത്തിൽ സംശയമൊന്നുമില്ല.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, സെറ്റിൽമെന്റ് പദ്ധതിയിൽ സ്വയം തൊഴിൽ വരുമാനദായക പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഊരുകൂട്ടങ്ങളിൽ പദ്ധതി ആവിഷ്കരിക്കുന്നതിനുവേണ്ടി പങ്കെടുത്തപ്പോൾ സെറ്റിൽമെന്റിലുള്ള യുവാക്കൾ സൂചിപ്പിച്ചതുപോലെ അവരുടെ പരമ്പരാഗതമായ തൊഴിൽ ചെയ്യുന്നതിനും വരുമാനദായക വർദ്ധനവ് ഉണ്ടാക്കുന്നതിനുംവേണ്ടി അതാത് സെറ്റിൽമെന്റിൽ തന്നെ സ്വയംതൊഴിലിനുള്ള സംവിധാനങ്ങൾ/കേന്ദ്രങ്ങൾ തുടങ്ങാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഈ മേഖലയുമായി ബന്ധപ്പെട്ട് രൂപപ്പെടുത്തിയതാണ് സഹകരണ മേഖല. നിർഭാഗ്യവശാൽ ഭൂരിപക്ഷ സഹകരണ സ്ഥാപനങ്ങളും defunct ആണ്. അവരെ ഉപയോഗപ്പെടുത്തി സെറ്റിൽമെന്റ് ഏരിയയിൽ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ സ്വയംതൊഴിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാം. ഈ വർഷം നല്ല രൂപത്തിലുള്ള സഹായം സഹകരണ സ്ഥാപനങ്ങൾക്ക്, എസ്.സി./എസ്.ടി. ഫെഡറേഷനുകൾക്ക് കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർക്ക് മറ്റ് എന്തെങ്കിലും ബദൽ നിർദ്ദേശം ഉണ്ടെങ്കിൽ അതുംകൂടി ഗൗരവമായി പരിശോധിക്കാം. സൊസൈറ്റികളെ ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഇക്കാര്യം ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കും. പല സ്ഥലത്തും ലാഭകരമായി മുന്നോട്ടുപോയ സൊസൈറ്റികളായിരുന്നു. അതെല്ലാം കെടുകാര്യസ്ഥതകൊണ്ടാണ് ഈ രൂപത്തിലായിപ്പോയത്. അതിനെ ശക്തിപ്പെടുത്താനാണ് തീരുമാനിച്ചിട്ടുള്ളത്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ട എല്ലാവർക്കും വീട്

4(*64) ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ട എല്ലാവർക്കും മൂന്നു വർഷത്തിനുള്ളിൽ വീടു നൽകുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കാനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ പണി പൂർത്തീകരിക്കാതെ കിടന്ന 39000-ൽ പരം വീടുകളുടെ പണി പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോ; വിവിധ പദ്ധതികൾ പ്രകാരം പുതുതായി എത്ര വീടുകൾ അനുവദിച്ചെന്നും അവയിൽ എത്രയെണ്ണം പൂർത്തീകരിക്കാൻ സാധിച്ചുവെന്നും വെളിപ്പെടുത്താമോ;

(സി) വീട് നിർമ്മിക്കാനായുള്ള ഭൂമി പോലും ഇല്ലാത്തവർക്ക് അക്കാരണത്താൽ മാത്രം വീട് നിർമ്മാണത്തിനുള്ള സഹായം നഷ്ടപ്പെടാതിരിക്കാനായി സ്വീകരിച്ച നടപടികളെന്തെന്ന് വിശദമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം സംസ്ഥാനത്തെ ഭൂമിയുള്ളവരിൽ ഭവനരഹിതരമായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. 30-6-2016 തീയതിയിലെ സ്ഥിതി പ്രകാരം 15,149 കുടുംബങ്ങൾ ഭവനരഹിതരായുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികളായ ജനറൽ ഹൗസിംഗ് സ്കീം, ഹഡ്കോ ഭവന നിർമ്മാണ പദ്ധതി എന്നിവയിൽപ്പെടുത്തി 6709 വീടുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമവികസന വകുപ്പ് മുഖേന ഐ.എ.വൈ. പദ്ധതി പ്രകാരം 1062 വീടുകളും അനുവദിച്ചു.

31-3-2016 വരെ അനുവദിച്ചതും പൂർത്തിയാകാത്തതുമായ ഭവനങ്ങൾ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത വീടുകൾക്ക് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥ നിർമ്മാണ ചെലവ് അനുവദിക്കുന്നതാണ്. കൂടാതെ ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും വീട് അനുവദിക്കുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന മുൻ വർഷങ്ങളിൽ അനുവദിച്ച 17605 വീടുകളും ഐ.എ.വൈ. പദ്ധതി പ്രകാരം ഗ്രാമവികസന വകുപ്പ് മുഖേന അനുവദിച്ച 18473 വീടുകളും ഉൾപ്പെടെ 36078 വീടുകൾ പൂർത്തീകരിക്കാനുണ്ടായിരുന്നു. ആയതിൽ വകുപ്പ് മുഖേന അനുവദിച്ച 17605 വീടുകളിൽ 6627 വീടുകളും ഐ.എ.വൈ. പദ്ധതി പ്രകാരം അനുവദിച്ച 18473 വീടുകളിൽ 14111 വീടുകളും ഉൾപ്പെടെ 20738 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. വിവിധ ഘട്ടങ്ങളിലായി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന ശേഷിക്കുന്ന വീടുകളുടെ പണി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് വകുപ്പ് മുഖേനയും ലൈഫ് മിഷൻ മുഖേനയും നടപടി സ്വീകരിച്ചിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷം ജനറൽ ഹൗസിംഗ് പദ്ധതി, ഹഡ്കോ ഭവന പദ്ധതി, വനബന്ധു, കല്യാൺ യോജന എന്നിവ പ്രകാരം അനുവദിച്ച 6709 പുതിയ വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

(സി) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിനായി 25 സെന്റിൽ കുറയാതെയും ഒരേക്കറിൽ കവിയാതെയും കൃഷിയോഗ്യവും വാസയോഗ്യവുമായ ഭൂമി കണ്ടെത്തി 10 ലക്ഷം രൂപയിൽ കവിയാതെ വാങ്ങുന്നതിന് ഉത്തരവായിട്ടുണ്ട്. ഭൂമിയും വീടുമില്ലാത്ത അത്തരക്കാർക്ക് ടി പദ്ധതി പ്രകാരം ഭൂമി വാങ്ങി നൽകി ഭവന നിർമ്മാണത്തിനുള്ള ധനസഹായം അനുവദിച്ചുവരുന്നു. കൂടാതെ ലൈഫ് മിഷൻ പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നായ ഭൂരഹിതരായവരെ ഭവന സമുച്ചയങ്ങളിൽ പുനരധിവസിപ്പിക്കുന്ന പദ്ധതി പ്രകാരവും ഇത്തരത്തിൽ ഭൂരഹിതരായി കണ്ടെത്തിയിട്ടുള്ള പട്ടികവർഗ്ഗക്കാരുടെ വിവരങ്ങൾ ലൈഫ് മിഷനിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**കടൽഭിത്തി നിർമ്മാണ പദ്ധതി**

5 (*65) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ സംരക്ഷണത്തിനായുള്ള കടൽഭിത്തി നിർമ്മാണപദ്ധതി നിർത്തിവെയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) ഇതിന് പകരമായി എന്ത് പുതിയ പദ്ധതിയാണ് തീരദേശത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(സി) ഓഖി ചുഴലിക്കൊടുങ്കാറ്റ് ആഞ്ഞടിച്ചപ്പോൾ ആലപ്പുഴ ജില്ലയിലെ തീരദേശത്തും എറണാകുളം ചെല്ലാനം പ്രദേശത്തും ഉണ്ടായ വമ്പിച്ച നാശനഷ്ടങ്ങൾ കണക്കിലെടുത്ത് കടൽഭിത്തി ഇല്ലാത്ത ഭാഗങ്ങളിൽ ആയത് നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) ഇല്ല.

(ബി) തകർന്നടിഞ്ഞ കടൽഭിത്തികൾ പുനർനിർമ്മിക്കുന്നതിനോടൊപ്പം ഐ.ഐ.ടി. മദ്രാസ്/സി.ഡബ്ല്യു.പി.ആർ.എസ്., പൂനെ എന്നിവയുടെ പഠന പ്രകാരം കൂടുതൽ കടലാക്രമണ സാധ്യതയുള്ള സ്ഥലങ്ങളിൽ കരിങ്കല്ല് ഉപയോഗിച്ചുള്ള കടൽഭിത്തി/പുലിമുട്ടുകൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നിർമ്മാണം നടത്തിവരുന്നു. എന്നാൽ ആവശ്യത്തിന് കരിങ്കല്ല് ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതിനാൽ ഫലപ്രദമായ മറ്റു മാർഗ്ഗങ്ങൾ അതായത് ജിയോട്യൂബ് (Geo-tube), മണൽച്ചാക്കുകൾ തുടങ്ങിയ സോഫ്റ്റ് സൊല്യൂഷൻസ് (soft solutions) ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണവും നടത്തിവരുന്നുണ്ട്. അവയുടെ ഗുണദോഷങ്ങൾ വിലയിരുത്തിവരുന്നു. കൂടാതെ കേരളത്തിലെ തീരപ്രദേശങ്ങളിൽ അനുയോജ്യമായ കടലാക്രമണ പ്രതിരോധ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(സി) ആലപ്പുഴ നിയോജകമണ്ഡലത്തിൽ മാരാരിക്കുളം തെക്ക് പഞ്ചായത്ത് വാഴക്കൂട്ടം പൊഴിയിൽ ജിയോ ടെക്സ്റ്റൈൽ ബാഗുകളിൽ മണൽ നിറച്ച് അടുക്കി അടിയന്തരമായി 2 താൽക്കാലിക സംരക്ഷണ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. വാഴക്കൂട്ടം പൊഴിയുടെ വടക്കും ഒറ്റമശ്ശേരിയിലും കടലാക്രമണം രൂക്ഷമായതിനാൽ തീരസംരക്ഷണ പ്രവൃത്തികൾക്കായി പഠനം നടത്തുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

എറണാകുളം ജില്ലയിലെ ചെല്ലാനം പ്രദേശത്ത് തകർന്ന കടൽ ഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 8 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പണികൾ ജിയോ ടെക്സ്റ്റൈൽ ട്യൂബ്സ് ഉപയോഗിച്ച് നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

**ജലസംരക്ഷണ പദ്ധതികൾ**

6 (*66) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എസ്.ശർമ്മ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ വർഷങ്ങളിലുണ്ടായ കടുത്ത വരൾച്ചയുടെ പശ്ചാത്തലത്തിൽ, ജലസംരക്ഷണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ബി) കിണറുകൾ, കുളങ്ങൾ തുടങ്ങിയ ജലസ്രോതസ്സുകളിൽ ഗണ്യമായ എണ്ണം ഉപയോഗശൂന്യമായതിനാൽ, ഇവ പുനരുദ്ധരിച്ച് ഉപയോഗയോഗ്യമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റാൻ തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കുന്ന ജലശ്രീ മാതൃകയിൽ സംസ്ഥാന വ്യാപകമായി പദ്ധതി നടപ്പിലാക്കുമോ; ജലശ്രീ പദ്ധതിയിൽ നടപ്പാക്കുന്ന പ്രവൃത്തികൾ എന്തെല്ലാമെന്നും പദ്ധതിയുടെ പുരോഗതിയും അറിയിക്കാമോ;

(സി) നിയമനിർമ്മാണത്തോടൊപ്പം ജനകീയ ഇടപെടൽ കൂടി സാധ്യമാക്കി ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) മുൻവർഷത്തെ കടുത്ത വർൾച്ചയുടെ പശ്ചാത്തലത്തിൽ ഈ വർഷത്തെ സ്ഥിതിഗതികൾ വിലയിരുത്താൻ സംസ്ഥാനതലത്തിൽ രണ്ട് അവലോകന യോഗങ്ങൾ നടത്തി. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ജലസംഭരണികളിലെ ജലനിരപ്പ് താരതമ്യേന കൂടുതലാണ്. ഭൂഗർഭ ജലവിതാനത്തിലും ഗണ്യമായ കുറവ് ശ്രദ്ധിക്കപ്പെട്ടിട്ടില്ല. മുൻകരുതൽ നടപടികളെന്ന നിലയിൽ ഓരോ വകുപ്പിലും താഴെപ്പറയുന്ന പ്രവൃത്തികൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു.

ജലസേചന വകുപ്പ്

ജലസംരക്ഷണത്തിനായി സംസ്ഥാന സർക്കാർ നീർത്തടാടിസ്ഥാനത്തിൽ സമഗ്രവും സംയോജിതവുമായ പദ്ധതികൾ തയ്യാറാക്കി മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നിർവ്വഹിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് ഹരിത കേരളം മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. നീർത്തടാടിസ്ഥാനത്തിൽ ജലസംരക്ഷണം ഉറപ്പാക്കുന്നതിനായി കുളങ്ങളുടെ സംരക്ഷണശേഷി വർദ്ധിപ്പിക്കുക, ഭൂജലപോഷണം നടത്തുക, തോടുകളിലെയും നദികളിലെയും നീരൊഴുക്ക് വർദ്ധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ നേടുന്നതിനുള്ള പദ്ധതികളാണ് തയ്യാറാക്കുന്നത്. ഇതോടൊപ്പം ജലസേചന വകുപ്പിന്റെ പദ്ധതി വിഹിതം ഉപയോഗപ്പെടുത്തി കുളങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കൽ, തോടുകളുടെ സംരക്ഷണ-പുനരുദ്ധാരണം, വലിയ തോടുകളിലും നദികളിലും തടയണകളും റെഗുലേറ്ററുകളും നിർമ്മിക്കൽ തുടങ്ങിയ പദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ട്.

കേരള ജല അതോറിറ്റി

ജലലഭ്യതക്കുറവുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ ഇൻടേക്ക് പമ്പ് ഹൗസുകളുടെ സമീപത്തായി താൽക്കാലിക തടയണകൾ നിർമ്മിക്കൽ, ഗ്യാലറി വൃത്തിയാക്കൽ, നിലവിലുള്ള സ്കീമുകളിൽ ഉൾപ്പെടുത്തി ഓപ്പൺവെൽ വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തി ജലസ്രോതസ്സുകളെ സംരക്ഷിച്ചുവരുന്നു. ജലസ്രോതസ്സുകളിൽ മുന്നറിയിപ്പ് ബോർഡ് സ്ഥാപിച്ച് കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കുന്നതിനെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നു. പമ്പ് ഹൗസും പരിസരവും വൃത്തിയാക്കി സംരക്ഷിക്കുകയും പൈപ്പ് ലൈനുകളുടെയും പമ്പുകളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കിയും ജലചോർച്ച പരമാവധി ഒഴിവാക്കി ജലവിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

ഹരിത കേരള മിഷന്റെ ഭാഗമായി മരങ്ങൾ നട്ടുപിടിപ്പിക്കുകയും ഓഫീസ് പരിസരത്തും ജലസ്രോതസ്സുകൾക്ക് ചുറ്റും സ്ഥലലഭ്യതയുള്ള സ്ഥലങ്ങളിലും ശാസ്ത്രീയമായി മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അഭ്യർത്ഥന പ്രകാരം ടാങ്കറുകളിൽ ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കടുത്ത വരൾച്ചയുടെ പശ്ചാത്തലത്തിൽ ജലസംരക്ഷണത്തിനായി കേരള ജല അതോറിറ്റിയുടെ കേന്ദ്രകാര്യാലയത്തിനടുത്തായി ഒരു കുളം നിർമ്മിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. മഴവെള്ള സംഭരണവും കൂടാതെ കുളത്തിൽ നിന്നുള്ള ജലം കേന്ദ്രകാര്യാലയത്തിനടുത്തുതന്നെ പ്രവർത്തിക്കുന്ന ജലശുദ്ധീകരണശാലയിലെത്തിച്ച് ശുദ്ധീകരിച്ചശേഷം വിതരണം ചെയ്യാനുമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

ഭൂജലവകുപ്പ്

ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതിയിൻകീഴിൽ തുറന്ന കിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജല സംപോഷണം, ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കിവരുന്നു. ഇത്തരം പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ സാങ്കേതിക സഹായവും നൽകിവരുന്നു.

ജലനിധി

ജലനിധി പഞ്ചായത്തുകളിലെ ജലസ്രോതസ്സുകളിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഭൂജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ജലസംരക്ഷണത്തിനായി ജലനിധി കിണറുകളിൽ point recharge roof water harvesting, ചെറുകിട തടയണകൾ, (small checkdams) Gabion structure Radial Arm നീർക്കുഴികൾ, ഓട (ഓവുചാൽ നിർമ്മാണം), sub surface dyke (ഭൂമിയുടെ അടിയിലുള്ള തടയണകൾ), VCB (Vented Cross Bar) മണ്ണുസംരക്ഷണം, കിണറുകളുടെ സംരക്ഷണം, കുളങ്ങളുടെ സംരക്ഷണം എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കിവരുന്നു. പാഴായിപ്പോകുന്ന മഴവെള്ളത്തെ മേൽപ്പറഞ്ഞ രീതികളിലൂടെ ശുദ്ധീകരിച്ച് ജലനിധിയുടെ സ്രോതസ്സുകളെ സംരക്ഷിച്ചുവരികയാണ്. ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ഇതുവരെ 1920 ജലപരിപോഷണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. അതിൽ 1818 പദ്ധതികൾ ഇതിനകം പൂർത്തീകരിച്ചു. ഇതുമുഖേന എല്ലാ ജലസ്രോതസ്സുകളിലും സംരക്ഷണം ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന ജലശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങൾ, തോടുകൾ എന്നിവയുടെ പുനരുദ്ധാരണം, പുതു മഴവെള്ളസംഭരണം തുടങ്ങിയ പ്രവൃത്തികൾ ദേശീയ തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ജലശ്രീ പദ്ധതിയിൽ ജലനിധിയുടെ/സി.സി.ഡി.യു.-ന്റെ നേരിട്ടുള്ള പങ്കാളിത്തമില്ല. എന്നാൽ കാട്ടാക്കട നിയമസഭാ മണ്ഡലത്തിൽ നടപ്പാക്കുന്ന ജലസമൃദ്ധി പദ്ധതിയുടെ ഭാഗമായി സി.സി.ഡി.യു.-ന്റെ നേതൃത്വത്തിൽ കുടിവെള്ള ഗുണനിലവാരം സംബന്ധിച്ച് അദ്ധ്യാപകർ, ആശാപ്രവർത്തകർ, കുടുംബശ്രീ അംഗങ്ങൾ, വിദ്യാർത്ഥികൾ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് പരിശീലനം നൽകുകയും കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്.

(സി) ജനകീയ ഇടപെടൽ സാദ്ധ്യമാക്കി ജലലഭ്യത വർദ്ധിപ്പിക്കുക, ജലമലിനീകരണം കുറയ്ക്കുക, ശുദ്ധജലലഭ്യത വർദ്ധിപ്പിക്കുക, ജനപങ്കാളിത്തത്തോടെ സംയോജിത നീർത്തട പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് ഹരിത കേരളം മിഷന്റെ ഉപമിഷനായ മണ്ണ്-ജലസംരക്ഷണ മിഷൻ (ജലസമൃദ്ധി) ആരംഭിച്ചിട്ടുണ്ട്. ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിവരുന്ന ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി ജനങ്ങളുടെ കൂട്ടായ്മയോടെ സ്രോതസ്സിന്റെ സ്ഥാനനിർണ്ണയം നടത്തുകയും സ്രോതസ്സിന്റെ വിസ്തീർണ്ണം, വെള്ളത്തിന്റെ ലഭ്യത, ഭൂഗർഭജല പരിപോഷണം എന്നിവ ശാസ്ത്രീയമായി നിർദ്ദേശിച്ച് സ്രോതസ്സിന്റെയും വിതരണ ശൃംഖലയുടെയും നിർമ്മാണം ഗുണഭോക്തൃ സമിതികൾ മുഖേന ടെണ്ടർ വിളിച്ച് നടപ്പിലാക്കിവരികയും ചെയ്യുന്നു. വെള്ളത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് ജലലഭ്യത പരിശോധന നടപ്പിലാക്കുകയും ഇതിനനുസൃതമായി പമ്പിന്റെ എച്ച്.പി. നിർദ്ദേശിച്ച് പമ്പിംഗ് സമയം തിട്ടപ്പെടുത്തുകയും ചെയ്യുന്നു. ലഭ്യമായ ജലം കരുതലോടെ ഉപയോഗിക്കുന്നതിന് ഗുണഭോക്താക്കൾക്കായി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## തടാകങ്ങളുടെ സംരക്ഷണത്തിനായി മാസ്റ്റർ പ്ലാൻ

7 (*67) ശ്രീ. എം. ഉമ്മർ:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:

ശ്രീ. പി. കെ. ബഷീർ:

ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തടാകങ്ങളുടെ സംരക്ഷണത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇതിൽ ഏതെല്ലാം തടാകങ്ങളെ ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(സി) വെള്ളായണി കായലിനെ ഈ പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) ഉണ്ട്.

(ബി) കേരളത്തിലെ റാംസാർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള തടാകങ്ങളായ അഷ്ടമുടി, ശാസ്താംകോട്ട, വേമ്പനാട്-കോൾ എന്നിവയുൾപ്പെടെ താഴെപ്പറയുന്ന തടാകങ്ങളുടെ സംരക്ഷണത്തിനായി മാസ്റ്റർപ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്:

കായൽ

കവ്വായി കായൽ

കാട്ടാമ്പള്ളി

വെള്ളായണി കായൽ

അഷ്ടമുടി

ശാസ്താംകോട്ട

വേമ്പനാട് കോൾ

കോട്ടൂളി

(സി) ഇല്ല.

**അട്ടപ്പാടിയിലെ ശിശുമരണങ്ങൾ**

8 (*68) ശ്രീ. സി. മമ്മൂട്ടി:
ശ്രീ. എൻ. ഷംസുദ്ദീൻ:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ൽ അട്ടപ്പാടിയിൽ നിന്നും ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി)ആദിവാസികൾക്കിടയിലെ ആരോഗ്യപ്രശ്നങ്ങളും പോഷകാഹാരക്കുറവും പരിഹരിക്കാൻ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത പദ്ധതികൾ ശിശുമരണവും മാതൃമരണവും കുറയ്ക്കാൻ സഹായകരമായിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ കൂടുതൽ പഠനങ്ങൾ നടത്തി തുടർനടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) 2017 വർഷം അട്ടപ്പാടിയിൽ 1142 കുട്ടികൾ ജനിച്ചതിൽ 14 മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയിരം കുട്ടികൾ ജനിക്കുമ്പോൾ 12 ശിശുമരണമെന്ന തോതിലാണിത്. ഇത് കേരളത്തിലെ പൊതു ശിശുമരണ നിരക്കിന് തുല്യമാണ്. എന്നാൽ അഖിലേന്ത്യാതലത്തിൽ ശിശുമരണ നിരക്ക് ആയിരത്തിന് 34 എന്ന തോതിലാണ്.

(ബി) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സമഗ്ര ആരോഗ്യ സുരക്ഷാപദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട മറ്റ് സഹകരണ ആശുപത്രികളിലും പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. ഐ.ടി.ഡി. പ്രോജക്ട് ഓഫീസർമാർ/പട്ടികവർഗ്ഗ വികസന ഓഫീസർമാർ മുഖേനയും ചികിത്സാ ധനസഹായം നൽകുന്നു. കൂടാതെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വിവിധ രോഗങ്ങൾക്ക് ധനസഹായം അനുവദിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകളും ആറളത്ത് ഒരു ആയുർവ്വേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവ്വേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. ഇടുക്കി, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് എന്നിവിടങ്ങളിലായി ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. HLL (Hindustan Lifecare Limited), KMSCL (Kerala Medical Services Corporation Limited) എന്നിവ മുഖേന വകുപ്പിന് കീഴിൽ മലപ്പുറം, വയനാട്, പാലക്കാട്, കൊല്ലം, ഇടുക്കി, കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. പത്തനംതിട്ട, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പുതുതായി മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനും വയനാട്, പാലക്കാട് എന്നിവിടങ്ങളിൽ ഓരോ യൂണിറ്റ് അധികമായി ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

അട്ടപ്പാടി മേഖലയിൽ പോഷകാഹാരക്കുറവുമൂലമുള്ള അസുഖങ്ങളുടെ ചികിത്സയ്ക്കായി 3 NRC (Nutrition Rehabilitation Centre)-കളും പ്രവർത്തിക്കുന്നു.

സിക്കിൾസെൽ അനീമിയ രോഗികൾക്ക് മരുന്ന്, മറ്റ് ജീവനോപാധികൾ എന്നിവ വാങ്ങുന്നതിലേയ്ക്കായി പ്രതിമാസം 2,500 രൂപ വീതം സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതിയും ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പ്രതിമാസം 1000 രൂപ വീതം 18 മാസത്തേയ്ക്ക് നൽകുന്ന ജനനീ ജന്മരക്ഷാ പദ്ധതിയും പട്ടികവർഗ്ഗ വികസന വകുപ്പ്

നടപ്പിലാക്കിവരുന്നു.

കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യസഹായ പദ്ധതി, അട്ടപ്പാടി മേഖലയിൽ പാകംചെയ്ത ഭക്ഷണം നൽകുന്ന സ്ഥിരം കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.

അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിയ്ക്കാനുള്ള സൗകര്യമുണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി - ലാബ്, മരുന്ന് വിതരണ സംവിധാനങ്ങളും ഐ.സി.യു. സംവിധാനവുമുണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തിയേറ്റർ, രക്തബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയുമുണ്ട്. പ്രതിമാസ കുത്തിവയ്പ്പ് നൽകൽ, നവജാത ശിശുസംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസികരോഗ/ക്ഷയരോഗ/അരിവാൾരോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്കാനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു.

സാമൂഹ്യനീതി വകുപ്പിൻകീഴിൽ അംഗൻവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകിവരുന്നു. പ്രീ-സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവയും വിതരണം ചെയ്യുന്നു. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായി സബല കിറ്റുകൾ വിതരണം നടത്തുന്നു. പോഷകാഹാര അപര്യാപ്തതയുള്ളവരെ കണ്ടെത്തി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം നടപ്പിലാക്കിവരുന്നു. കുട്ടികൾക്കായി അമൃതം ന്യൂട്രിമിക്സ് വിതരണം നടത്തുന്നു. ആരോഗ്യ വകുപ്പ് മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും അയൺ ഫോളിക് ആസിഡ് ഗുളികകൾ വിതരണം നടത്തുകയും ചെയ്യുന്നു.

അട്ടപ്പാടിയിൽ ആദിവാസി വിഭാഗത്തിന്റെ പരമ്പരാഗത ഭക്ഷണ രീതിയിൽ ധാന്യങ്ങൾ ഉൽപ്പാദിപ്പിക്കാൻ "മില്ലറ്റ് വില്ലേജ്" എന്ന പദ്ധതി നടപ്പിലാക്കുന്നു.

(സി) അമ്മമാരുടെ പോഷകാഹാര കുറവ്, തൻമൂലമുണ്ടാകുന്ന കുഞ്ഞുങ്ങളുടെ തൂക്കക്കുറവ്, ജന്മനാലോ പിന്നീടോ ഉണ്ടാകുന്ന ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ, പ്രസവാനന്തര പരിചരണത്തിൽ വീടുകളിൽ ഉണ്ടാകുന്ന ചികിത്സാ വൈമുഖ്യം, വീടുകളിൽ പ്രസവം നടക്കുന്നത് തുടങ്ങി നിരവധി കാരണങ്ങളാണ് കാലാകാലങ്ങളിൽ ശിശുമരണത്തിന് കാരണമാകുന്നത്. എന്നാൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരമെന്ന നിലയിൽ മുകളിൽ സൂചിപ്പിച്ച നടപടികൾ സർക്കാർ തലത്തിൽ ഊർജ്ജിതമായി നടപ്പിലാക്കിയതിനെ തുടർന്ന് ഗണ്യമായി ശിശുമരണ നിരക്ക് കുറച്ചുകൊണ്ടുവരാനായിട്ടുണ്ട്.

(ഡി) 2013-ൽ അട്ടപ്പാടി മേഖലയിൽ ആദിവാസി ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ യൂണിസെഫ്, ഡോ. ഇക്ബാൽ കമ്മിറ്റി, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, തൃശ്ശൂർ മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ നേതൃത്വത്തിലുള്ള സംഘം, ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷ്യൻ എന്നീ സംഘങ്ങൾ അട്ടപ്പാടി മേഖലയിൽ പഠനം നടത്തിയിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ ശിശുമരണം സംബന്ധിച്ച് പാലക്കാട് മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മുഖേന ഒരു സമഗ്ര പഠനം നടത്തുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

## ഗോവർദ്ധിനി പദ്ധതി

9 (*69) ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരോൽപ്പാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യം പ്രാപ്യമാകും വിധം പ്രതികൂല കാലാവസ്ഥയിലും വൻ പുരോഗതി കൈവരിക്കാൻ സാധ്യമാക്കുന്നതിൽ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) ക്ഷീര കൃഷി സാമ്പത്തികമായി ആകർഷകമാക്കുന്നതിനുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(സി) ഗോവർദ്ധിനി പദ്ധതിയുടെ ലക്ഷ്യവും അതിൽ എത്ര പുരോഗതി സാധ്യമായിട്ടുണ്ടെന്നതിന്റെ വിശദാംശവും നൽകാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) 1) ക്ഷീര സഹകരണ സംഘങ്ങളിൽനിന്നും കർഷകർക്ക് ലഭിച്ചിരുന്ന വില ശാസ്ത്രീയമായി പരിഷ്കരിച്ചു.

2) സംഘത്തിൽ അളക്കുന്ന പാലിന് ലിറ്ററിന് 1 രൂപ പ്രകാരം കാലിത്തീറ്റ ധനസഹായം അനുവദിച്ചു.

3) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്ന് ലിറ്ററിന് 4 രൂപ വരെ കർഷകർക്ക് ധനസഹായം അനുവദിച്ചു.

4) പുതിയ സംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നിലവിലുള്ളവ ശാക്തീകരിക്കുന്നതിനുമായി മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, ഡെയറി സോൺ, ക്ഷീരഗ്രാമം എന്നീ പദ്ധതികൾ നടപ്പിലാക്കി.

5) കറവക്കാരുടെ ദൗർലഭ്യം പരിഹരിക്കുന്നതിനും കറവയന്ത്രം, മറ്റ് ജോലികൾ ലഘൂകരിക്കുന്നതിനാവശ്യമായ മെക്കനൈസേഷൻ എന്നിവയ്ക്കായി അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി നടപ്പിലാക്കി.

6) തീറ്റപ്പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ പ്രദേശങ്ങളിൽ തീറ്റപ്പുൽ കൃഷി വ്യാപിപ്പിച്ചു. കൂടാതെ തരിശ് നിലങ്ങളിൽ തീറ്റപ്പുൽ കൃഷി നടത്തുന്നതിനായി പ്രത്യേക പദ്ധതിയും നടപ്പിലാക്കി.

7) വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ പരിഷ്കരിച്ചു നടപ്പിലാക്കി.

8) വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ക്ഷീര സഹകരണ സംഘങ്ങൾക്ക് കൂടുതൽ ധനസഹായം അനുവദിക്കുകയും കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുകയും ചെയ്തു.

9) ക്ഷീരകർഷകരുടെ കടം എഴുതിത്തള്ളി.

10) വരൾച്ച നേരിടുന്നതിനായി അടിയന്തര സഹായം അനുവദിച്ചു. ഈ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കിയതിലൂടെയാണ് പ്രതികൂല സാഹചര്യത്തിലും ക്ഷീരോൽപ്പാദക മേഖലയിൽ വൻ പുരോഗതി കൈവരിക്കാൻ കഴിഞ്ഞത്.

മിൽമയുടെ കീഴിലുള്ള മൂന്ന് മേഖലാ യൂണിയനുകൾ (തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയൻ, എറണാകുളം മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയൻ, മലബാർ മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയൻ) പാൽ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുവേണ്ടി വൈവിദ്ധ്യമാർന്ന തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

11) മൃഗങ്ങളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി 85 ബ്ലോക്കുകളിൽ രാത്രികാല വെറ്ററിനറി സർവ്വീസ് യൂണിറ്റുകൾ ആരംഭിച്ചു.

(ബി) 1. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ക്ഷീരവികസന വകുപ്പ് മുഖേനയുമുള്ള പദ്ധതികൾ പ്രകാരം ലിറ്ററിന് പരമാവധി 4 രൂപ ക്രമത്തിൽ മിൽക്ക് ഇൻസെന്റീവ്.

3. അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി.

4. കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം.

(സി) ഗോവർദ്ധിനി പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നവയാണ്.

- പശുക്കുട്ടികൾക്ക് സമ്പൂർണ്ണ ആരോഗ്യ പരിരക്ഷ നൽകുക.
- ആദ്യ മദി കാണിക്കുന്ന പ്രായം 15 മാസമായി കുറയ്ക്കുക.
- ആദ്യ പ്രസവത്തിന്റെ പ്രായം 24-26 മാസമായി കുറയ്ക്കുക.
- പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുക.
- പശുക്കുട്ടികളുടെ ജനിതക മൂല്യം പൂർണ്ണമായും പ്രയോജനപ്പെടുത്തുക.
- അത്യുൽപ്പാദന ശേഷിയുള്ള പശുക്കളുടെ പുതുതലമുറയെ സൃഷ്ടിക്കുക.
- ആത്യന്തികമായി സംസ്ഥാനത്തെ പാലുൽപ്പാദനം വർദ്ധിപ്പിക്കുക.
- പശുക്കുട്ടികളുടെ ജനിതക ശേഷി പൂർണ്ണമായും പ്രകടമാക്കുന്നതിനാണ് മേൽ പദ്ധതി നിമിത്തമാകുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി പ്രകാരം 14448 കന്നുകുട്ടികളെ പദ്ധതിയിൽ ചേർക്കുവാൻ ലക്ഷ്യമിട്ടിരുന്നതിൽ ഇതിനോടകം 14352 കന്നുകുട്ടികളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## വ്യാജമദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം

10 (*70) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി.ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് വ്യാജമദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം അപകടകരമാംവിധം വർദ്ധിച്ചതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിദ്യാർത്ഥികൾക്കിടയിലും യുവാക്കൾക്കിടയിലും മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ടോ;

(ഡി) 2017-ൽ വിവിധ റെയ്ഡുകളിൽ പിടിച്ചെടുത്ത മയക്കുമരുന്നിന്റെയും രജിസ്റ്റർ ചെയ്ത കേസ്സുകളുടെയും എണ്ണത്തിലുള്ള വർദ്ധനവ്, സംസ്ഥാനത്ത് അന്തർദ്ദേശീയ മയക്കുമരുന്ന് ലോബി പ്രവർത്തിക്കുന്നു എന്നതിന്റെ സൂചനയാണോ;

(ഇ) പുതിയ മദ്യനയത്തിന്റെ ഭാഗമായി, അടച്ചിട്ടിരുന്ന ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടും മയക്കുമരുന്നിന്റെ വ്യാപനം ഭീതിജനകമായ രീതിയിൽ വർദ്ധിക്കുന്നത് എന്തുകൊണ്ടെന്ന കാര്യത്തിൽ പരിശോധന നടത്തുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലഹരി വസ്തുക്കളുടെ ഉപയോഗം അപകടകരമാം വിധം വ്യാപിക്കാതിരിക്കാനുള്ള കർശനമായ നടപടികൾ എക്സൈസ് വകുപ്പുവഴി ഗവൺമെന്റ് സ്വീകരിച്ചുവരുന്നുണ്ട്.

(സി) വിദ്യാർത്ഥികൾക്കിടയിലും യുവാക്കൾക്കിടയിലും മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം വർദ്ധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യുവാക്കളെയും വിദ്യാർത്ഥികളെയും ഇത്തരം പ്രവണതകളിൽനിന്നും പിന്തിരിപ്പിക്കുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങളും എക്സൈസ് വകുപ്പ് നടത്തിവരുന്നു.

(ഡി) സംസ്ഥാനത്ത് അന്തർദ്ദേശീയ മയക്കുമരുന്ന് ലോബി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പുതിയ മദ്യനയത്തെ തുടർന്ന് മയക്കുമരുന്ന് വ്യാപനം മുൻകാലത്തെ അപേക്ഷിച്ച് വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

### ആദിവാസി ഊരുകളിൽ സമഗ്ര സാക്ഷരത പദ്ധതി

11 (*71) ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ഊരുകളിൽ സമഗ്ര സാക്ഷരത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ആദിവാസി ഊരുകളെയാണ് പ്രസ്തുത പദ്ധതിയ്ക്കായി തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട്;

(ഡി) ആരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നതെന്നും ആരെയാണ് ഇൻസ്ട്രക്ടർമാരായി നിയോഗിക്കുന്നതെന്നും വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ പട്ടികവർഗ്ഗക്കാർക്കായി ആദിവാസി സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ ഘട്ടത്തിലാണ്.

(ബി) സമഗ്ര ആദിവാസി സാക്ഷരത- തുല്യതാ പരിപാടി നടത്തുന്നതിനുവേണ്ടി വിവിധ ജില്ലകളിൽനിന്നും 100 പട്ടികവർഗ്ഗ കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2017-18 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ടിൽനിന്നും ടി പദ്ധതിക്കായി 370 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്.

ഓരോ തുടർ വിദ്യാകേന്ദ്രത്തിലും സാക്ഷരതാ ക്ലാസ്സിന് 20 പഠിതാക്കൾക്ക് ഓരോ ഇൻസ്ട്രക്ടർമാരെയും 15 പേരടങ്ങുന്ന ഓരോ നാലാംതരം തുല്യതാ ക്ലാസ്സിന് രണ്ട് വീതം ഇൻസ്ട്രക്ടർമാരെയും പത്ത് പേരടങ്ങുന്ന ഓരോ ഏഴാംതരം തുല്യതാ ക്ലാസ്സിന് മൂന്ന് വീതം ഇൻസ്ട്രക്ടർമാരെയും നിയമിക്കുന്നു. ഇൻസ്ട്രക്ടർമാരെ തെരഞ്ഞെടുക്കുമ്പോൾ നിശ്ചിത യോഗ്യതയുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്ക് മുൻഗണന നൽകുന്നതായിരിക്കും.

**അംബേദ്കർ ഗ്രാമം പദ്ധതി**

12(*72) ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. ആർ. രാജേഷ്:
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച 'അംബേദ്കർ ഗ്രാമം' പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പദ്ധതി പ്രകാരം ഏതു രീതിയിലുള്ള പ്രവൃത്തികളാണ് ഏറ്റെടുത്ത് നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ആവാസകേന്ദ്ര നവീകരണത്തോടൊപ്പം വരുമാനദായക പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ അവ എന്തൊക്കെയെന്നും എത്ര തുക വരെ ചെലവഴിക്കാൻ സാധിക്കുമെന്നും അറിയിക്കാമോ;

(ഡി) പദ്ധതിയുടെ നിർവ്വഹണ ഏജൻസികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ; സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നുണ്ടോയെന്ന് അവലോകനം നടത്താറുണ്ടോ; വിശദവിവരം നൽകുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഉണ്ട്.

(ബി) പദ്ധതി പ്രകാരം താഴെപ്പറയുന്ന രീതിയിലുള്ള പ്രവൃത്തികളാണ് ഏറ്റെടുത്തിട്ടുള്ളത്.

1. ഇന്റേണൽ റോഡ്/ഫുട്പാത്ത്
2. ആശയവിനിമയ സൗകര്യം
3. കുടിവെള്ള സൗകര്യങ്ങൾ
4. ഡ്രെയിനേജ് സൗകര്യങ്ങൾ
5. വൈദ്യുതീകരണം/സോളാർ വൈദ്യുതീകരണം
6. സോളാർ തെരുവു വിളക്ക്
7. സാനിറ്റേഷൻ
8. ഭവന പുനരുദ്ധാരണം
9. മാലിന്യ നിർമ്മാർജ്ജനം
10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)
11. സംരക്ഷണ ഭിത്തി നിർമ്മാണം
12. ഇറിഗേഷൻ
13. അടുക്കളത്തോട്ടം
14. വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ വീവിംഗ്, കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതി)

(സി) വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ/ വീവിംഗ്, കരകൗശലം മുതലായവ വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതികളായി ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പ്രകാരം ഒരു കോളനിക്ക് ഒരു കോടി രൂപ വീതം അനുവദിക്കുന്നതിൽ മേഖല തിരിച്ച് തുക ചെലവഴിക്കുന്നതിന് പ്രത്യേക തുക പരിധി നിശ്ചയിച്ചിട്ടില്ല.

(ഡി) പദ്ധതി നിർവ്വഹണം അതാതു ജില്ലാ നിർമ്മിതി കേന്ദ്രങ്ങളെക്കൊണ്ട് ചെയ്യിക്കേണ്ടതും ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാൽ പദ്ധതി ഏറ്റെടുക്കുന്നതിന് ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾക്ക് എന്തെങ്കിലും പരിമിതിയുള്ളപക്ഷം സ്വയംപര്യാപ്ത ഗ്രാമം പദ്ധതി നല്ല രീതിയിൽ നിർവ്വഹിച്ച സർക്കാർ ഏജൻസികളെ എം.എൽ.എ. നിർദ്ദേശിക്കുന്നുവെങ്കിൽ അവയെയും നിർവ്വഹണ ഏജൻസികളായി നിയോഗിക്കാവുന്നതാണ്. താഴെ പറയുന്നവയാണ് അത്തരത്തിൽ തെരഞ്ഞെടുക്കപ്പെട്ട നിർവ്വഹണ ഏജൻസികൾ.

i. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ

ii. കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം

iii. കേരള സ്റ്റേറ്റ് ഇൻഡസ്ട്രീസ് ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ

iv. കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ

v. കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ

vi. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ

vii. കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്

viii. കേരള സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ

ix. റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ കേരള ലിമിറ്റഡ്

x. ഫോറസ്റ്റ് ഇൻഡസ്ട്രീസ്

xi. കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്

196 കോളനികളുടെ പദ്ധതി നിർവ്വഹണത്തിന് 98 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും അതാത് ജില്ലകളിൽ മീറ്റിംഗ് നടത്തി നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്താകെ 249 കോളനികൾക്ക് ഇതുവരെ അംഗീകാരം നൽകിയിട്ടുള്ളതും ഫണ്ട് ലഭ്യമാകുന്നതനുസരിച്ച് മറ്റ് കോളനികൾക്ക് തുക അനുവദിക്കുന്നതുമാണ്.

## അപ്ണാഘർ പദ്ധതി

13 (*73) ശ്രീ. അനിൽ അക്കര:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത തൊഴിലാളികൾ തിങ്ങിപാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത നിലവാരവും ശുചിത്വവും തുലോം പരിതാപകരമാണെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) ഇവർക്കായി ആവിഷ്കരിച്ച അപ്ണാഘർ പദ്ധതി പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ താമസസ്ഥലം അവർക്കായി അനുവദിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം ഒഴിവാക്കി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എല്ലാ ജില്ലകളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഇതര സംസ്ഥാനക്കാർ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇവരുടെ വിവര ശേഖരണം നടത്തി ഡേറ്റാബാങ്ക് അടിയന്തരമായി തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ആവാസ്) ആരംഭിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 15,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നിലവിൽ കേരളത്തിൽ ജോലി ചെയ്യുന്ന 83000 ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഇതിനകം രജിസ്ട്രേഷൻ കാർഡ് നൽകിയിട്ടുണ്ട്. പദ്ധതിപ്രകാരം എല്ലാ ജില്ലകളിലും രജിസ്ട്രേഷൻ നടന്നുവരുന്നു.

ഇതരസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയങ്ങൾ അപ്നാഘർ പദ്ധതി വഴി നടപ്പിലാക്കുന്നു. സംസ്ഥാനത്തെ 14 ജില്ലകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്ന വിഷയം പരിശോധനയിലാണ്.

(ബി) ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും അതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.

ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം മെച്ചപ്പെടുത്തുന്നത് ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ട് 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഒരു സർക്കാർ ഉത്തരവ് 960/2016/തൊഴിൽ തീയതി 3-8-2016-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണ പരിപാടികൾക്കുമായി 2016-17 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് 70 മെഡിക്കൽ ബോധവൽക്കരണ ക്യാമ്പുകൾ നടത്തുകയുമുണ്ടായി. 2017-18 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് വിവിധ ജില്ലകളിൽ മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരികയും ചെയ്യുന്നു. തൊഴിൽ ചൂഷണങ്ങൾക്കെതിരെയും ലഹരി ഉപയോഗം കൊണ്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ചും ബോധവൽക്കരണം നടത്തുന്നുണ്ട്.

(സി) പാലക്കാട് കിൻഫ്ര പാർക്കിൽ എല്ലാ സൗകര്യങ്ങളോടുംകൂടി അപ്നാഘർ പദ്ധതി-പാലക്കാട് സ്കീം ആരംഭിച്ചിട്ടുണ്ട്. ഈ സ്കീമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി, ഇതര സംസ്ഥാന തൊഴിലാളികൾക്ക് താമസത്തിന് അനുവദിച്ചു നൽകുന്നതിനുള്ള ജോലികൾ പുരോഗമിച്ചുവരുന്നു.

(ഡി) ഇതര സംസ്ഥാന തൊഴിലാളികൾ കൂടുതലുള്ള സ്ഥലങ്ങളിൽ പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

(ഇ) 'ആവാസ്' എന്ന പേരിൽ ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആരംഭിച്ചിട്ടുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലൂടെ ഇവരുടെ രജിസ്ട്രേഷനും വിവര ശേഖരണവും നടത്തി ഇതിനകം 83000 പേർക്ക് കാർഡ് വിതരണം നടത്തിയിട്ടുണ്ട്.

## പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്ക വിഭാഗക്കാർക്ക് വിദേശപഠനത്തിന് പദ്ധതികൾ

14(*74) ശ്രീ. കെ. ബി. ഗണേഷ് കുമാർ :

ശ്രീ. കെ. കൃഷ്ണൻകുട്ടി :

ശ്രീ. സി. കെ. നാണു :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്ക വിഭാഗത്തിലെ കുട്ടികൾക്ക് രാജ്യത്തെ മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദേശ സർവകലാശാലകളിലും പഠിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ഗുണഫലം കാലതാമസമില്ലാതെ കുട്ടികൾക്ക് ലഭിക്കുന്നു എന്നുറപ്പ് വരുത്താൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന കേരളത്തിനു പുറത്ത് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് 2-7-2009-ലെ സ.ഉ.(അച്ചടി) നമ്പർ 50/2009/ പ.ജ.പ.വ.വി.വ. പ്രകാരവും കേന്ദ്ര സർക്കാരിന്റെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു. 4-10-2017-ലെ സ.ഉ.(കൈ) നമ്പർ 81/2017/പ.ജ.പ.വ.വി.വ. പ്രകാരം വിദേശസ്കോളർഷിപ്പിനായുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചതിൻപ്രകാരം ടി സ്കോളർഷിപ്പ് അനുവദിച്ചുവരുന്നുണ്ട്.

പിന്നോക്കവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ പഠിക്കുന്നതിന് പിന്നോക്കവിഭാഗ വികസന വകുപ്പ് മുഖേന 24-1-2014-ലെ സ.ഉ. (സാധാ) നമ്പർ 11/2014/ബി.സി.ഡി.ഡി. പ്രകാരം ഓവർസീസ് സ്കോളർഷിപ്പ് പദ്ധതിയും രാജ്യത്തിനകത്ത് മികച്ച സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് ഒ.ബി.സി. പോസ്റ്റ്മെട്രിക്, ഒ.ഇ.സി. പോസ്റ്റ്മെട്രിക് അസിസ്റ്റൻസ് എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു.

ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഖിലേന്ത്യ അടിസ്ഥാനത്തിൽ നടത്തുന്ന തെരഞ്ഞെടുപ്പ് രീതി പ്രകാരം പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് Centrally sponsored scheme പ്രകാരം അനുവദിച്ചുവരുന്നു.

പ്ലസ് ടു മുതൽ പി.എച്ച്.ഡി. വരെയുള്ള കോഴ്സുകളിൽ പ്രവേശനം നേടുന്ന ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ് വഴി 23-7-2016-ലെ സ.ഉ.(പി) 04/16/പ.ജ.പ.വ.വി.വ. പ്രകാരം OEC Postmatric Assistance നൽകിവരുന്നു.

(ബി) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ് 2017 ജൂലൈ മാസം മുതൽ ഡയറക്ടറേറ്റ്തലത്തിൽനിന്നും ഇതര സംസ്ഥാന പഠനത്തിനുവേണ്ടിയുള്ള അപേക്ഷ സമർപ്പണവും തുക വിതരണവും വികേന്ദ്രീകരിച്ച് ജില്ലാതലത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. വിദേശത്ത് പഠിക്കുന്നവർക്ക് 4-10-2017-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള മാനദണ്ഡങ്ങൾ പ്രകാരം ഡയറക്ടറേറ്റ് തലത്തിൽ നിശ്ചിത സമയത്തിനകം സ്കോളർഷിപ്പ് അനുവദിച്ചു നൽകിവരുന്നുണ്ട്.

പിന്നോക്ക വിഭാഗ വികസന വകുപ്പ് വിദ്യാർത്ഥികൾ ഹാജരാക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ അർഹരായ വിദ്യാർത്ഥികളുടെ അക്കൗണ്ടുകളിലേയ്ക്ക് കാലതാമസമില്ലാതെ ആനുകൂല്യം അനുവദിച്ചുവരുന്നുണ്ട്. മാന്വലായി നൽകിവരുന്ന ആനുകൂല്യം 2018-19 മുതൽ ഓൺലൈനായി അപേക്ഷകൾ സ്വീകരിച്ച് പരിശോധന പൂർത്തിയാക്കി നിശ്ചിത സമയപരിധിക്കുള്ളിൽ നൽകുന്നതിന് നടപടിയെടുത്തിട്ടുണ്ട്.

**ഊരുമിത്രം പദ്ധതി**

15(*75) <u>ശ്രീ. സി. കൃഷ്ണൻ:</u>
<u>ശ്രീമതി യു. പ്രതിഭ ഹരി:</u>
<u>പ്രൊഫ. കെ. യു. അരുണൻ:</u>
<u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്നതിനായി ഊരുമിത്രം എന്ന പേരിൽ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിയ്ക്കായി വനിതാ വോളന്റിയർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) വനിതാ വോളന്റിയർമാർക്കുള്ള പരിശീലന പരിപാടികൾ ആരംഭിച്ചിട്ടുണ്ടോ;

(ഇ) പോഷകാഹാരക്കുറവ് മൂലമുള്ള പ്രശ്നങ്ങൾ, കൗമാരക്കാരുടെയും കുട്ടികളുടെയും ശാരീരിക മാനസികാരോഗ്യ പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിന് ഊരുമിത്രങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഉണ്ട്. ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 19-4-2017-ലെ G.O.(Rt) No. 1106/2017/H&FWD ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദേശീയ ആരോഗ്യ മിഷൻ (എൻ.എച്ച്.എം.) കേരള ഘടകം ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ഊരുമിത്രം. സംസ്ഥാനത്തെ ആദിവാസി മേഖലയിലെ മാതൃശിശു മരണം കുറയ്ക്കുന്നതിന്റെ ഭാഗമായിട്ടാണ് ഊരുമിത്രം (ഹാംലെറ്റ് ആശ) പദ്ധതി 2016-17-ൽ ആരംഭിച്ചത്.

(ബി) ഇപ്പോൾ വയനാട്, കണ്ണൂർ, ഇടുക്കി എന്നീ ജില്ലകളിലെ 6 പഞ്ചായത്തുകളിലായാണ് ഈ പദ്ധതി ആരംഭിച്ച് നടപ്പിലാക്കിവരുന്നത്.

(സി) വാർഡ് മെമ്പർ അദ്ധ്യക്ഷനായി ജെ.പി.എച്ച്.എൻ., ജെ.എച്ച്.ഐ. കുടുംബശ്രീ വർക്കർ, ആശാ ട്രൈബൽ പ്രൊമോട്ടർ, അംഗൻവാടി വർക്കർ എന്നീ അംഗങ്ങൾ പങ്കെടുക്കുന്ന ഊരുകൂട്ടത്തിൽ വച്ച് താഴെപ്പറയുന്ന മാനദണ്ഡങ്ങൾക്ക് അനുസരിച്ച് 2 വനിതകളെ നാമനിർദ്ദേശം ചെയ്യും. ഇപ്രകാരം ഓരോ ഊരിൽനിന്നും നിർദ്ദേശിക്കപ്പെട്ട രണ്ടുപേരിൽനിന്നും ദ്വിദിന പരിശീലന/ തെരഞ്ഞെടുപ്പ് പ്രക്രിയയിൽനിന്നും മികവുറ്റ ഒരു ഊരുമിത്രത്തെ ഓരോ ഊരിനുംവേണ്ടി തെരഞ്ഞെടുക്കുന്നു.

- അതേ ഗോത്രത്തിൽപ്പെടുന്നതും വിവാഹിതയും ഒരു കുഞ്ഞിന്റെ അമ്മയും ആയിരിക്കണം.
- എഴുത്തും വായനയും അറിഞ്ഞിരിക്കണം.
- സന്നദ്ധ സേവനതല്പരയായിരിക്കണം.
- വൈകിയ സമയത്തും ജോലിയിൽ ഏർപ്പെടുന്നതിനായി കുടുംബാംഗങ്ങളുടെ പിന്തുണ ഉണ്ടായിരിക്കണം.

(ഡി) വയനാട് ജില്ലയിലെ ഊരുമിത്രം ആദ്യഘട്ട പിരശീലനം പൂർത്തിയായി. ഇടുക്കി ജില്ലയിൽ ജനവരി മാസം 25-ന് പരിശീലനം ആരംഭിക്കും.

(ഇ) സ്വീകരിക്കുന്നതാണ്.

## നീലക്കുറിഞ്ഞി ഉദ്യാനം

16 (*76) ശ്രീ. അൻവർ സാദത്ത്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ അതിർത്തി പുനർനിർണ്ണയിക്കുന്നതിന് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗം എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണ്;

(സി) വന്യജീവി സങ്കേതമായി പ്രഖ്യാപിക്കപ്പെട്ട നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ അതിർത്തി പുനർനിർണ്ണയിക്കുമ്പോൾ കേന്ദ്ര വനം നിയമത്തിലെ നിബന്ധനകൾ പാലിക്കപ്പെട്ടു എന്നുറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) അതിർത്തി നിർണ്ണയത്തിന് കേന്ദ്ര വൈൽഡ് ലൈഫ് ബോർഡിന്റെ അനുമതി ആവശ്യമാണെന്നിരിക്കെ ഇപ്പോൾ ആലോചിക്കുന്ന അതിർത്തി പുനർനിർണ്ണയ നടപടികൾ വിജയപ്രദമാകുമോ; വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) തീരുമാനമെടുത്തിട്ടില്ല.

(ബി) ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 23-11-2017-ന് ചേർന്ന യോഗത്തിൽ നീലക്കുറിഞ്ഞി സങ്കേതം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ, വനം, വൈദ്യുതി മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ പ്രസ്തുത മേഖലയിലെ എല്ലാ ജനപ്രതിനിധികളെയും രാഷ്ട്രീയ പ്രതിനിധികളെയും റവന്യൂ-വനം വകുപ്പ് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി മൂന്നാറിൽ വച്ച് ഒരു യോഗം നടത്താൻ തീരുമാനിച്ചു. കൂടാതെ സെറ്റിൽമെന്റ് ഓഫീസറുടെ പ്രവർത്തനങ്ങൾ സുഗമമായി നടത്തിക്കൊണ്ടുപോകുന്നതിന് ആവശ്യമായ സാഹചര്യം ഒരുക്കി കൊടുക്കുന്നതിനും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. യോഗതീരുമാനങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ അതിർത്തി പുനർ നിർണ്ണയിക്കപ്പെടുകയാണെങ്കിൽ കേന്ദ്ര വന നിയമത്തിലെ നിബന്ധനകൾ പാലിക്കപ്പെടുന്നതാണ്.

(ഡി) നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ ഇന്റൻഷൻ നോട്ടിഫിക്കേഷൻ മാത്രമേ ആയിട്ടുള്ളൂ. അന്തിമ വിജ്ഞാപനം പുറത്തിറങ്ങാത്തതിനാൽ അതിർത്തി നിർണ്ണയത്തിന് കേന്ദ്ര വൈൽഡ് ലൈഫ് ബോർഡിന്റെ അനുമതി ആവശ്യമില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**സംസ്ഥാനത്ത് കൃത്രിമ പാൽ**

17(*77) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃത്രിമ പാൽ, വ്യാജപാൽ തുടങ്ങിയവ ധാരാളമായി വരുന്നുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരത്തിൽ ആരോഗ്യം നശിപ്പിക്കുന്ന പാൽ പിടികൂടി നശിപ്പിക്കാനും കാരണക്കാർക്കെതിരെ നടപടി സ്വീകരിക്കാനും സംവിധാനമുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന വ്യാജ പാൽ ചെക്ക്പോസ്റ്റിൽ തന്നെ പരിശോധിച്ച് തിരിച്ചയയ്ക്കുന്നതിനുള്ള സ്ഥിരം സംവിധാനമുണ്ടോ; ഇല്ലെങ്കിൽ സ്ഥിരം സംവിധാനം നടപ്പാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇതരസംസ്ഥാനങ്ങളിൽനിന്നും ഗുണനിലവാരം കുറഞ്ഞതും പാലിന്റെ സൂക്ഷിപ്പ് കാലാവധി വർദ്ധിപ്പിക്കുന്നതിനായി പ്രിസർവേറ്റീവുകൾ ചേർന്നതുമായ പാൽ കൊണ്ടുവരുന്നതിനായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. നിയമപരമായ തുടർനടപടി സ്വീകരിക്കാൻ വകുപ്പിന് അധികാരമില്ലാത്തതിനാൽ ഇത്തരം പാൽ ഭക്ഷ്യസുരക്ഷാ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ മീനാക്ഷിപുരത്ത് മാത്രമാണ് ചെക്ക്പോസ്റ്റും ലബോറട്ടറിയും നിലവിൽ പ്രവർത്തിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിലും കൊല്ലം ജില്ലയിലെ ആര്യങ്കാവിലും നടപ്പുവർഷംതന്നെ ചെക്ക്പോസ്റ്റുകൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ചും പാൽ വിപണന കേന്ദ്രങ്ങളിലും പായ്ക്കിംഗ് യൂണിറ്റുകളിലും ഭക്ഷ്യസുരക്ഷാവകുപ്പ് നടത്തിയ പരിശോധനയിൽ കൃത്രിമപാൽ, വ്യാജപാൽ എന്നിവ കേരളത്തിൽ കണ്ടെത്തിയിട്ടില്ല.

പാൽ പരിശോധിക്കുന്നതിന് 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുസരിച്ച് കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ അനലിറ്റിക്കൽ ലാബുകളും പത്തനംതിട്ടയിൽ ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും പ്രവർത്തിക്കുന്നു. അതുകൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ കേന്ദ്രമാക്കി മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളും പ്രവർത്തിക്കുന്നു. ഈ ലാബുകളിലും പാൽ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങളുണ്ട്.

പരിശോധനയിൽ ആരോഗ്യത്തിന് ഹാനികരമാകുന്ന ഏതെങ്കിലും രാസപദാർത്ഥങ്ങൾ കണ്ടെത്തിയാൽ പാൽ പിടികൂടി നശിപ്പിക്കാനും കാരണക്കാർക്കെതിരെ ഭക്ഷ്യസുരക്ഷാ നിയമം 2006 പ്രകാരം നടപടി സ്വീകരിക്കാനുമുള്ള സംവിധാനം ഭക്ഷ്യ സുരക്ഷാ വകുപ്പിനുണ്ട്.

ആരോഗ്യത്തിന് ഹാനികരമാകുന്ന രാസപദാർത്ഥങ്ങൾ പാലിൽ ചേർത്തതായി പരിശോധനയിൽ കണ്ടെത്തിയാൽ അത്തരക്കാർക്കെതിരെ ക്രിമിനൽ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**തൊഴിൽ നയം**

18 (*78) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ തൊഴിൽ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) തൊഴിൽദായകരായ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഏതെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഗ്രേഡിംഗ് നൽകുന്നത്;

(സി) ഗ്രേഡിംഗിലൂടെ മെച്ചപ്പെട്ട തൊഴിൽ ബന്ധം വളർത്തിയെടുക്കുവാൻ കഴിഞ്ഞുവെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) വ്യവസായങ്ങളുടെ നടത്തിപ്പിൽ കാലാനുസൃതമായി ഉണ്ടാകുന്ന ബുദ്ധിമുട്ട് കുറയ്ക്കുന്നതിനായി തൊഴിൽ നിയമങ്ങളിൽ കാതലായ മാറ്റങ്ങൾ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഇ) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിലാണോ ഒരു ഓർഡിനൻസിലൂടെ ചുമട്ട് തൊഴിലാളി നിയമത്തിൽ ഭേദഗതി കൊണ്ടുവന്നത് എന്ന് വ്യക്തമാക്കുമോ; അതിനോടുള്ള തൊഴിലാളി സമൂഹത്തിന്റെ പ്രതികരണമെന്താണെന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) കരട് തൊഴിൽ നയം പ്രഖ്യാപിച്ചിട്ടുണ്ട്. പകർപ്പ് ഇതോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉണ്ട്.ഗ്രേഡിംഗിനുള്ള പൊതു മാനദണ്ഡങ്ങൾ ചുവടെ പറയുന്നവയാണ്.

1. മികച്ച തൊഴിൽ ദാതാവ്.
2. സംതൃപ്തരായ തൊഴിലാളികൾ.
3. സ്ഥാപനത്തിലെ മികവുറ്റ തൊഴിൽ അന്തരീക്ഷം.
4. തൊഴിൽ നൈപുണ്യ വികസനത്തിന് സ്ഥാപനത്തിന്റെ പങ്കാളിത്തം.
5. സ്ത്രീ സൗഹൃദ അന്തരീക്ഷം
6. തൊഴിലാളികൾക്ക് നൽകുന്ന സൗകര്യങ്ങൾ.
7. തൊഴിലിടങ്ങളിലെ സുരക്ഷ.

(സി) തൊഴിലുടമ, തൊഴിലാളി, തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നെല്ലാം അഭിപ്രായ രൂപീകരണം നടത്താനും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ മൂല്യനിർണ്ണയം ചെയ്യാനും ഈ മാനദണ്ഡങ്ങൾ പാലിക്കുന്ന സ്ഥാപനങ്ങൾക്ക് വിവിധ ഗ്രേഡുകൾ നൽകി മാതൃകാ സ്ഥാപനങ്ങളായി പ്രഖ്യാപിക്കാനുമാണ് സർക്കാർ ഗ്രേഡിംഗ് വഴി ഉദ്ദേശിക്കുന്നത്. തൊഴിലാളികൾക്ക് അർഹമായ സേവന-വേതന വ്യവസ്ഥകൾ ഉറപ്പാക്കുന്നതിനൊപ്പം മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കാനും ഗ്രേഡിംഗിലൂടെ ലക്ഷ്യമിടുന്നു.

(ഡി & ഇ) ഉണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പദ്ധതിയുടെ ഭാഗമായി തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് 1962-ലെ കേരള മോട്ടോർ തൊഴിലാളി നിമയം, 1974-ലെ കേരള കരാർ തൊഴിലാളി നിയമം, 1983-ലെ ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമം, 1998-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് എന്നിവയിൽ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ടി നിയമങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ/ലൈസൻസ്/റിന്യൂവൽ എന്നിവയ്ക്ക് ഓൺലൈൻ മുഖേന അപേക്ഷിക്കാവുന്ന തരത്തിൽ നിയമഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ 1948-ലെ ഫാക്ടറി നിയമത്തിലും ആവശ്യപ്പെട്ട ഭേദഗതികൾ വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെതന്നെ ഭാഗമായി വ്യവസായ വകുപ്പ് പുറപ്പെടുവിച്ച 2017-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസിലാണ് 1978-ലെ കേരള ഹെഡ്ലോഡ് വർക്കേഴ്സ് ആക്ടിൽ ഭേദഗതി വരുത്തിയിട്ടുള്ളത്. നിലവിലുള്ള ആക്ടിൽ 9A, 9B എന്നീ സെക്ഷനുകൾകൂടി കൂട്ടിച്ചേർക്കുകയാണുണ്ടായത്. ഇതു സംബന്ധിച്ച് തൊഴിലാളി സംഘടന നേതാക്കളുമായി വ്യവസായ വകുപ്പുമന്ത്രിയുടെയും തൊഴിൽ വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ ചർച്ച നടത്തിയിരുന്നു. തൊഴിലാളികളുടെ തൊഴിൽ

സംരക്ഷണത്തിന് വിരുദ്ധമായ നടപടികളൊന്നും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാവില്ലെന്നും എന്നാൽ തൊഴിൽ മേഖലയിലെ തെറ്റായ പ്രവണതകൾക്ക് പരിഹാരം കാണുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും യോഗത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. നിയമസഭയിൽ ഇത് ബിൽ ആയി അവതരിപ്പിക്കുമ്പോൾ വിശദമായി ചർച്ചയ്ക്ക് അവസരം ലഭിക്കുമെന്നും പ്രസ്തുത യോഗം വിലയിരുത്തിയിരുന്നു.

## ചിത്രാഞ്ജലി സ്റ്റുഡിയോ ഫിലിം സിറ്റിയാക്കാൻ നടപടി

19 (*79) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> :

<u>ശ്രീ. പി. കെ. ബഷീർ</u> :

<u>ശ്രീ. കെ. എൻ. എ ഖാദർ</u> :

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിത്രാഞ്ജലി സ്റ്റുഡിയോ ഫിലിം സിറ്റിയാക്കി വികസിപ്പിക്കുന്നതിനും ഫെസ്റ്റിവൽ കോംപ്ലക്സ് നിർമ്മിക്കുന്നതിനും ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>):

(എ) ഉണ്ട്.

(ബി) ചിത്രാഞ്ജലി സ്റ്റുഡിയോ ഒരു ഫിലിം സിറ്റിയായി വികസിപ്പിക്കുന്നതിനും ചിത്രാഞ്ജലി സ്റ്റുഡിയോ ക്യാമ്പസ്സിൽ അന്താരാഷ്ട്ര ചലച്ചിത്ര മേളയ്ക്കായി ഫെസ്റ്റിവൽ കോംപ്ലക്സ് നിർമ്മിക്കുന്നതിനും സർക്കാർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കിഫ്ബി ഫണ്ടുപയോഗിച്ചാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത്. ടി പദ്ധതികൾക്കുള്ള എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആയി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനെയാണ് സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്. പദ്ധതികൾക്കുള്ള ഡി.പി.ആർ. (ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്) തയ്യാറാക്കുന്നതിനായി ഓപ്പൺ ടെണ്ടർ മുഖാന്തിരം തെരഞ്ഞെടുക്കപ്പെട്ട പ്രൈസ് വാട്ടർ ഹൗസ് കൂപ്പർ ലിമിറ്റഡുമായി കരാറിൽ ഏർപ്പെടുകയും അവർ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഫിലിംസിറ്റി, ഫെസ്റ്റിവൽ കോംപ്ലക്സ് നിർമ്മാണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കായി സർക്കാർ ഒരു ഉന്നതതല കമ്മിറ്റിയെ തെരഞ്ഞെടുക്കുകയും ടി കമ്മിറ്റിയുടെ ആദ്യയോഗം 4-1-2018-ൽ കൂടുകയും ചെയ്തിട്ടുണ്ട്.

## പാലുല്പാദനത്തിൽ സ്വയംപര്യാപ്തത

20 (*80) ശ്രീ. പാറക്കൽ അബ്ദുല്ല :

ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ദിവസം ആവശ്യമായ പാൽ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതിൽ എത്ര ശതമാനം പാൽ ആണ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നത്;

(സി) പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സംസ്ഥാനത്ത് ഏകദേശം 87 ലക്ഷം ലിറ്റർ പാൽ പ്രതിദിനം ആവശ്യമായിട്ടുണ്ടെന്ന് കണക്കാക്കപ്പെടുന്നു. മിൽമയ്ക്ക് പ്രതിദിനം വിപണനത്തിനും പാലുൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിനുമായി ശരാശരി 14.5 ലക്ഷം ലിറ്റർ പാൽ ആവശ്യമാണ്.

(ബി) സംസ്ഥാനത്ത് ആവശ്യമുള്ളതിന്റെ 80 ശതമാനത്തിലധികം പാൽ ഉത്പാദിപ്പിക്കപ്പെടുന്നുവെന്ന് കണക്കാക്കപ്പെടുന്നു.

(സി) സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സ്ഡി, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം, ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായം, പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, അവശ്യാധിഷ്ഠിത സഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്.

മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ പാൽ ഉല്പാദനത്തിലെ സ്വയംപര്യാപ്തത ലാക്കാക്കി സ്വന്തം ഫണ്ടുപയോഗിച്ചും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ഉപയോഗിച്ചും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കാലിത്തീറ്റ സബ്സിഡി, കന്നുകാലികളെ വാങ്ങുന്നതിന് റിവോൾവിംഗ് ഫണ്ട്, കർഷകർക്കും കന്നുകാലികൾക്കും ഇൻഷ്വറൻസ് പരിരക്ഷ, ഡെയറി ഫാമുകളുടെ ആധുനികവൽക്കരണം എന്നിവയാണ് അവയിൽ പ്രധാനപ്പെട്ടവ.

**ആവാസ് പദ്ധതി**

21 (*81) ശ്രീ. ആന്റണി ജോൺ:

ശ്രീ. കെ. ദാസൻ:

ശ്രീ. എം. രാജഗോപാലൻ:

ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആരംഭിച്ച ആവാസ് പദ്ധതിയുടെ വിശദാംശം നൽകുമോ; പദ്ധതിയിൽ എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) സംസ്ഥാനത്തിന്റെ സമ്പദ്ഘടന പ്രതിസന്ധിയിലാക്കാൻ ശ്രമിക്കുന്ന ചില വർഗ്ഗീയ ശക്തികൾ ഇതര സംസ്ഥാന തൊഴിലാളികളെ ഭീതിപ്പെടുത്തി തിരിച്ചയയ്ക്കാൻ നടത്തിയ ശ്രമങ്ങൾ ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതര സംസ്ഥാന തൊഴിലാളികൾ നേരിടുന്ന ശുചിത്വ-ആരോഗ്യ പ്രശ്നങ്ങൾ, തൊഴിൽ ചൂഷണം എന്നിവ പരിഹരിക്കാനായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത് ഉചിതമായിരിക്കുമെന്നുള്ള നിഗമനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ആവാസ്) ആരംഭിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 15,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നിലവിൽ കേരളത്തിൽ ജോലി ചെയ്യുന്ന 83000 (എൺപത്തിമൂവായിരം) ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ കാർഡ് നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) നിലവിൽ ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും അതുമായി ബന്ധപ്പെട്ടു വരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ

നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഒരു സർക്കാർ ഉത്തരവ് 960/2016/തൊഴിൽ തീയതി 3-8-2016-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണ പരിപാടികൾക്കുമായി 2016-17 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് 70 മെഡിക്കൽ ബോധവൽക്കരണ ക്യാമ്പുകൾ നടത്തുകയുമുണ്ടായി. 2017-18 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് വിവിധ ജില്ലകളിൽ മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നുമുണ്ട്. തൊഴിൽ ചൂഷണങ്ങൾക്കെതിരെയും ലഹരി ഉപയോഗം കൊണ്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ചും ബോധവൽക്കരണം നടത്തുകയുണ്ടായി. തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ 1979-ലെ ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട് പ്രകാരം ടി തൊഴിലാളികളുടെ തൊഴിലിടങ്ങളും വാസസ്ഥലങ്ങളും പരിശോധന നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

**പഠന മുറികൾ**

22 (*82) ശ്രീ. എൻ. ഷംസുദ്ദീൻ:
ഡോ. എം. കെ. മുനീർ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി വീടിനോടനുബന്ധമായി പഠന മുറികൾ നിർമ്മിച്ചു നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്ന് അറിയിക്കുമോ;

(സി) പദ്ധതി പ്രകാരം ഇതിനകം എത്ര പഠന മുറികൾ നിർമ്മിച്ചു നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഉണ്ട്. സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഹൈസ്കൂൾ വിദ്യാർത്ഥികളുടെ പഠനനിലവാരം വർദ്ധിപ്പിക്കുന്നതിനായി ഒരു ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള വിദ്യാർത്ഥികൾക്കായി വീടിനോടൊപ്പം 120

സ്ക്വയർഫീറ്റ് വലിപ്പത്തിൽ പഠനമുറി നിർമ്മിക്കുന്നതിന് രണ്ട് ലക്ഷം രൂപ ധനസഹായം നൽകുന്ന പദ്ധതി 2017-18 വർഷം മുതൽ നടപ്പിലാക്കുന്നതിന് 30-12-2017-ലെ സ.ഉ.(പി) നമ്പർ 13/2017/പ.ജ.പ.വ.വി.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ബി&സി) രണ്ട് ലക്ഷം രൂപ നിരക്കിൽ 5000 പഠനമുറി നിർമ്മിക്കുന്നതിന് 100 കോടി രൂപ 2017-18 വർഷം വകയിരുത്തിയിട്ടുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**തോട്ടം തൊഴിലാളി ക്ഷേമ പദ്ധതികൾ**

23 (*83) ശ്രീ. രാജു എബ്രഹാം:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളി വേതന പരിഷ്കരണ കരാറിന്റെ കാലാവധി തീരുന്നത് എന്നാണെന്ന് അറിയിക്കാമോ; കരാർ പുതുക്കാൻ വേണ്ട നടപടി ആരംഭിച്ചിട്ടുണ്ടോ;

(ബി) തോട്ടം തൊഴിലാളി കുടുംബങ്ങൾക്ക് വാസസ്ഥലം നൽകേണ്ടത് നിയമപ്രകാരം തോട്ടം ഉടമകളുടെ ഉത്തരവാദിത്വമാണെങ്കിലും, നിലവിലുള്ള ലയങ്ങളുടെ ദുഃസ്ഥിതി കണക്കിലെടുത്ത് തോട്ടം തൊഴിലാളികൾക്കായി പ്രഖ്യാപിച്ച പ്രത്യേക ഭവന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

(സി) തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യവും ചികിത്സാ സഹായവും ലഭ്യമാണോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) 1948-ലെ മിനിമം വേതന നിയമപ്രകാരം നിശ്ചയിക്കപ്പെട്ട മിനിമം വേതന വിജ്ഞാപനത്തിന് പരമാവധി 5 വർഷംവരെ കാലാവധിയാണുള്ളത്. എന്നാൽ മുമ്പ് ചില അവസരങ്ങളിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി ഉണ്ടാക്കിയിട്ടുള്ള സെറ്റിൽമെന്റ് അനുസരിച്ച് കാലാവധി 3 വർഷമായും നിശ്ചയിച്ചിരുന്നു. തോട്ടം മേഖലയിൽ 18-5-2016-ലെ എസ്.ആർ.ഒ. 374 പ്രകാരം 1-7-2015 മുതൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. മിനിമം വേതന നിയമപ്രകാരം കരാർ പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടില്ല.

(ബി) തോട്ടം മേഖലയിൽ ഭവനം പദ്ധതി നടപ്പിലാക്കുന്നതിനായി ഭവനം ഫൗണ്ടേഷൻ ഓഫ് കേരളയ്ക്ക് 2013-14 സാമ്പത്തിക വർഷം 20 കോടി രൂപയും 2016-17 സാമ്പത്തിക വർഷം 2.5 കോടി രൂപയും 2017-18 സാമ്പത്തിക വർഷം 5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നത് സംബന്ധിച്ച രൂപരേഖ സർക്കാരിന്റെ പരിഗണനയിലുമാണ്.

(സി) തോട്ടം തൊഴിലാളികൾക്ക് നിലവിൽ ഇ.എസ്.ഐ. ആനുകൂല്യവും ചികിത്സാ സഹായവും ലഭ്യമല്ല. തോട്ടം മേഖലയിലെ തൊഴിലാളികൾക്കുകൂടി ഇ.എസ്.ഐ. സൗകര്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ ഇ.എസ്.ഐ. കോർപ്പറേഷനുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരികയാണ്.

## ഇതര സംസ്ഥാന തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ

24 (*84) ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. സി. ദിവാകരൻ:
ശ്രീ. എൽദോ എബ്രഹാം:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ ഒരുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു;

(ബി) സംസ്ഥാന പ്ലാനിംഗ് ബോർഡ് പഞ്ചവത്സര പദ്ധതിയുടെ (2017-2022) ഭാഗമായി മറുനാടൻ തൊഴിലാളികളുടെ ക്ഷേമത്തിനായി കർമ്മസമിതി രൂപവൽക്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് ചുരുങ്ങിയ ചെലവിൽ വാസസ്ഥലങ്ങൾ നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ഇവർക്ക് അപകട ആരോഗ്യ ഇൻഷ്വറൻസ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് സർക്കാർ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ആവാസ്) ആവിഷ്കരിച്ചിട്ടുണ്ട്. 15,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കേരളത്തിൽ ജോലി

ചെയ്യുന്ന ഇതരസംസ്ഥാന തൊഴിലാളികളിൽ 83000 പേർക്ക് ഇതിനകം രജിസ്ട്രേഷൻ കാർഡ് നൽകിയിട്ടുണ്ട്. തൊഴിൽ വകുപ്പ് "ഭവനം ഫൗണ്ടേഷൻ കേരള" മുഖേന നടപ്പിലാക്കി വരുന്ന "അപ്നാഘർ" പദ്ധതിയിലൂടെ ഇതരസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയങ്ങൾ നിർമ്മിക്കുന്നു. ഇതരസംസ്ഥാന തൊഴിലാളികൾക്കായി സംസ്ഥാനത്തെ 14 ജില്ലകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്ന വിഷയം പരിശോധനയിലാണ്.

(ബി) കർമ്മ പദ്ധതി രൂപീകരിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) 2-3-2017-ലെ സ.ഉ.(സാധാ) നമ്പർ 274/17/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം "ആവാസ്" പദ്ധതിയിൻ കീഴിൽ 15,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസിനൊപ്പം 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസുംകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഡിസിൽറ്റിംഗ് പദ്ധതി**

25 (*85) ശ്രീ. പി. കെ. ശശി:
ശ്രീ. ബി. സത്യൻ:
ശ്രീ. കെ. ബാബു:
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അണക്കെട്ടുകളിൽ മണലും ചെളിയും അടിഞ്ഞ് ജലസംഭരണശേഷി ഏറെ കുറഞ്ഞത് പരിഹരിക്കാനായി പ്രഖ്യാപിച്ച ഡീസിൽറ്റിംഗ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) മുൻകാലത്ത് ഇത് സംബന്ധിച്ച് ഉണ്ടായ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ, കുടിവെള്ളം മലിനമാകാതെയും പരിസ്ഥിതിക്ക് കോട്ടം തട്ടാതെയും ചെളി നീക്കാനുള്ള സാങ്കേതിക വിദ്യ ലഭ്യമാക്കിയിട്ടുണ്ടോ;

(സി) പദ്ധതി പ്രാവർത്തികമാക്കുന്നതിനു വേണ്ട സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യൂവർ അറിയിക്കാമോ; ഇതിന് അംഗീകാരം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ & ബി) ഉണ്ട്.

(സി) ഡാമുകളിൽനിന്നും എക്കലും ചെളിയും മറ്റും നീക്കം ചെയ്യുന്നതിനായി ശാസ്ത്രീയമായ രീതികൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) തയ്യാറാക്കിയിരിക്കുന്നത്. ഇതിൽ റിസർവോയറിൽ അടിഞ്ഞുകൂടിയ സെഡിമെന്റ് അളക്കുന്നത് മുതൽ വേർതിരിച്ച് ഡിസ്പോസ് ചെയ്യുന്നതുവരെയുള്ള എല്ലാ ഘട്ടങ്ങളെക്കുറിച്ചും പ്രതിപാദിച്ചിട്ടുണ്ട്. ന്യൂമാറ്റിക് ഡീസിൽറ്റിംഗ് പമ്പ് (Pneumatic desilting Pump) പ്രയോജനപ്പെടുത്തി ചെളിയും മണലും നീക്കം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. പമ്പ് ഉപയോഗിച്ച് വലിച്ചെടുക്കുന്ന ദ്രവ പദാർത്ഥം പൈപ്പ് വഴി തരംതിരിക്കുന്ന സ്ഥലത്ത് എത്തിക്കുന്നു. ഇവിടെ വച്ച് മണലും ചെളിയും മറ്റും തരംതിരിച്ച് ശേഷിക്കുന്ന ജലം ശുദ്ധീകരിച്ച് റിസർവോയറിലേയ്ക്കും നദികളിലേയ്ക്കും തിരികെ വിടാനാണ് ഉദ്ദേശിക്കുന്നത്. ഡീസിൽറ്റിംഗ് ചെയ്യുമ്പോൾ കേരള വാട്ടർ അതോറിറ്റിയുടെ സ്റ്റാൻഡേർഡ് പ്രകാരമുള്ള ടർബിഡിറ്റി (Turbidity)-യെ പാടുള്ളൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

**മൃഗസംരക്ഷണവകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ**

26(*86) <u>ശ്രീമതി യു. പ്രതിഭ ഹരി :</u>

<u>ശ്രീ. പി. ഉണ്ണി :</u>

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ :</u>

<u>ശ്രീ. വി. കെ. സി. മമ്മത് കോയ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ, മുട്ട ,കോഴിയിറച്ചി എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി മൃഗസംരക്ഷണ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ കാലി സമ്പത്ത് വർദ്ധിപ്പിക്കാൻ പ്രഖ്യാപിച്ച പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(സി) തീറ്റപ്പുല്ല്, ഗുണനിലവാരമുള്ള കാലിത്തീറ്റ എന്നിവ ആവശ്യാനുസരണം സംസ്ഥാനത്ത് തന്നെ ഉല്പാദിപ്പിക്കാൻ വേണ്ടി നടപ്പാക്കിയ പ്രവർത്തനങ്ങൾ അറിയിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ)

1. മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും
2. ഗോസമൃദ്ധി-സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി
3. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്
4. വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം
5. രാഷ്ട്രീയപശുധൻ വികാസ് യോജന
6. ഊർജ്ജിത കന്നുകാലി വികസനം-ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ
7. വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും
8. പ്രത്യേക കന്നുകാലി വികസന പദ്ധതി
9. ഗോവർദ്ധിനി
10. ബാക്ക് യാർഡ് പൗൾട്രി ഡെവലപ്മെന്റ് പ്രോജക്ട്
11. വികസനവും പരിശീലനവും
12. മൃഗസംരക്ഷണ സ്ഥിതിവിവരകണക്കും സാമ്പിൾ സർവ്വേയും (50% കേന്ദ്ര സഹായം)
13. കന്നുകാലി സെൻസസ് (100% കേന്ദ്രസഹായം)
14. വിവരസാങ്കേതിക വിദ്യ മെച്ചപ്പെടുത്തലും ആധുനികവൽക്കരണവും
15. കേരള സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന് സാമ്പത്തിക സഹായം
16. കേരള ഫീഡ്സിന് സാമ്പത്തിക സഹായം
17. കെ.എൽ.ഡി. ബോർഡിന് സാമ്പത്തിക സഹായം
18. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയ്ക്ക് സാമ്പത്തിക സഹായം.

അത്യുൽപ്പാദനശേഷിയുള്ള മുട്ടക്കോഴികളെ വെറ്ററിനറി സർവ്വകലാശാലയുടെ പൗൾട്രി വിഭാഗം പുറത്തിറക്കിയിട്ടുണ്ട്.

മുട്ട, കോഴിയിറച്ചി എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി കെപ്കോ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കൂടാതെ കുടുംബശ്രീയുമായി സഹകരിച്ച് ഇറച്ചിക്കോഴി വളർത്തൽ വ്യാപകമാക്കുന്നതിനായി പുതിയ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(ബി) <u>പ്രത്യേക കന്നുകാലി വികസന പദ്ധതി</u>

ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കന്നുകുട്ടികൾ പൂർണ്ണ വളർച്ചയെത്തുന്ന പ്രായം കുറച്ചുകൊണ്ടുവരികയും പ്രസവങ്ങൾക്കിടയിലുള്ള കാലദൈർഘ്യം കുറയ്ക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2001-02 മുതൽ സംസ്ഥാനാവിഷ്കൃത പദ്ധതിയിൻകീഴിൽ മൃഗസംരക്ഷണ വകുപ്പിന്റെ മാർഗ്ഗനിർദ്ദേശത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഈ പരിപാടി നടപ്പാക്കുന്നത്. 2017-18 വർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന പദ്ധതി എന്നിവയുടെ സഹായത്തോടെ 20622 കന്നുകുട്ടികളെ ഈ പദ്ധതിയിൽ പുതിയതായി ചേർത്തിട്ടുണ്ട്. കൂടാതെ 2016-17-ൽ എൻറോൾ ചെയ്ത 25778 കന്നുകുട്ടികൾക്കുള്ള രണ്ടാംവർഷ സഹായം ലഭ്യമാക്കിയിട്ടുണ്ട്. സംയോജിത പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കിവരുന്നു.

<u>ഗോവർദ്ധിനി</u>

കന്നുകുട്ടികളുടെ ശാസ്ത്രീയ പരിപാലനം ലക്ഷ്യമിട്ട് പദ്ധതി നടപ്പിലാക്കുന്നു. 2016-17-ൽ എൻറോൾ ചെയ്തതിൽ 47760 കന്നുകുട്ടികൾക്ക് രണ്ടാംവർഷ സഹായം നൽകി. 2017-18-ൽ പുതുതായി 14448 കന്നുകുട്ടികളെ എൻറോൾ ചെയ്തു. പ്രസ്തുത കന്നുകുട്ടികൾക്ക് പദ്ധതി കാലയളവിൽ ആവശ്യാനുസരണം വിരമരുന്ന്, പ്രതിരോധ കുത്തിവയ്പുകൾ, ആരോഗ്യ പരിരക്ഷ മുതലായവയും നൽകുന്നു.

(സി) ക്ഷീരവികസന വകുപ്പ് നടപ്പുസാമ്പത്തിക വർഷം 578 ലക്ഷം രൂപയുടെ ധനസഹായ പദ്ധതികൾ തീറ്റപ്പുൽ കൃഷി വികസനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

1. 20 സെന്റിന് താഴെ - 1310 ഹെക്ടർ - 262 ലക്ഷം രൂപ ധനസഹായം
2. 20 സെന്റിന് മുകളിൽ - 400 ഹെക്ടർ - 30 ലക്ഷം രൂപ ധനസഹായം
3. കടത്തുകൂലി - 1.523 ലക്ഷം
4. ഡെയറി പ്രൊമോട്ടർമാർക്ക് ഇൻസെന്റീവ് - 162 – 77.76 ലക്ഷം
5. അസോള കൃഷി - 3500 – 21 ലക്ഷം
6. ഇറിഗേഷൻ അസിസ്റ്റൻസ് - 82 – 8.2 ലക്ഷം
7. ഇറിഗേഷൻ അസിസ്റ്റൻസ് (1 ഏക്കറിന് മുകളിൽ) - 15 – 3.75 ലക്ഷം
8. മെക്കനൈസേഷൻ & മോഡനൈസേഷൻ- 81 – 8.1 ലക്ഷം
9. ഫോഡർ ടീസ് - 50500 – 2.252 ലക്ഷം

10. സീസണൽ ക്രോപ്പ് (Seed cost) - 50 ഹെക്ടർ - 1.12 ലക്ഷം

11. മക്കച്ചോളം കൃഷി - 50 ഹെക്ടർ - 7.075 ലക്ഷം

12. തരിശുഭൂമിയിൽ പുൽകൃഷി - 94 ഹെക്ടർ - 87.488 ലക്ഷം

13. തീറ്റപ്പുൽ കൃഷിയും വിപണനവും (SHG/DCS/Women group) – 20 – 15 ലക്ഷം

14. സൗജന്യ നിരക്കിൽ തീറ്റപ്പുൽ വിതരണം (SHG/DCS/Women group) 80 – 8 ലക്ഷം

15. ഹൈഡ്രോപോണിക്സ് പുൽകൃഷി - 23 – 24.95 ലക്ഷം

16. സ്റ്റേറ്റ് ഫോഡർ ഫാം ധനസഹായം - 1 – 10 ലക്ഷം

17. ഫോഡർ കം അസോള നഴ്സറി - 5 – 4.5 ലക്ഷം

ഈ പദ്ധതികൾ വഴി നടപ്പുവർഷം 1801 ഹെക്ടർ സ്ഥലത്ത് അധികമായി തീറ്റപ്പുൽ കൃഷി ചെയ്യുകവഴി 270660 ടൺ തീറ്റപ്പുൽ അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിയും.

ഗുണനിലവാരമുള്ള കാലിത്തീറ്റ സംസ്ഥാനത്തുതന്നെ ഉത്പാദിപ്പിക്കാൻ വേണ്ടി കേരള ഫീഡ്സിന് തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിൽ പ്രതിദിനം 650 മെട്രിക് ടൺ ഉത്പാദനശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിൽ പ്രതിദിനം 300 മെട്രിക് ടൺ ഉത്പാദനശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും കോഴിക്കോട് ജില്ലയിലെ തിരുവാങ്ങൂരിൽ 300 മെട്രിക് ടൺ ഉത്പാദനശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും പ്രവർത്തിച്ചുവരുന്നു. കൂടാതെ ഇടുക്കി ജില്ലയിലെ തൊടുപുഴയ്ക്കടുത്ത് അരീക്കുഴിയിൽ 500 മെട്രിക് ടൺ ഉത്പാദനശേഷിയുള്ള ഫാക്ടറിയുടെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. 2018 അവസാനത്തോടെ നിർമ്മാണം പൂർത്തീകരിച്ച് ഉത്പാദനം തുടങ്ങാനാകുമെന്ന് പ്രതീക്ഷിക്കുന്നു. അതോടെ കേരള ഫീഡ്സിന്റെ പ്രതിദിന കാലിത്തീറ്റ ഉത്പാദനശേഷി 1750 മെട്രിക് ടൺ ആകും.

കാലിത്തീറ്റ-കോഴിത്തീറ്റ നിർമ്മാണത്തിനായി വെറ്ററിനറി സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി ക്യാമ്പസ്സിലും തിരുവാഴാംകുന്ന് ക്യാമ്പസ്സിലും പുതിയ തീറ്റ ഫാക്ടറികൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിൽ കോഴിത്തീറ്റ ഉത്പാദനത്തിനായി നിലവിൽ 2 പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിലും കൊല്ലം ജില്ലയിലെ കൊട്ടിയത്തുമാണ് അവ. തൃശ്ശൂർ ജില്ലയിലെ മാളയിൽ പുതിയ പ്ലാന്റ് പ്രവർത്തനക്ഷമമായി വരികയാണ്.

## ഹരിത കേരളം മിഷൻ നടത്തുന്ന ജലവിഭവ സംരക്ഷണ പദ്ധതികൾ

27(*87) ശ്രീമതി ഗീതാ ഗോപി:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ഇ. കെ.വിജയൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ സംരക്ഷണത്തിനും പരിപോഷണത്തിനുമായി ഹരിത കേരളം മിഷൻ മുഖേന നടത്തുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഹരിത കേരളം മിഷന്റെ ഭാഗമായി കിണർ റീചാർജ്ജിംഗ്, തോടുകൾ വൃത്തിയാക്കൽ, പുതിയ തോടുകൾ നിർമ്മിക്കൽ എന്നീ പ്രവൃത്തികൾ നടക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഭാവിയിൽ ജലവിഭവ സംരക്ഷണത്തിനായി പ്രസ്തുത മിഷൻ മുഖേന നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതിയുടെ രൂപരേഖ വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) കേരളത്തിന്റെ വികസനവും സുസ്ഥിരതയും ഉറപ്പാക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ച നാല് മിഷനുകളിൽ ഒന്നാണ് ഹരിത കേരളം മിഷൻ. ജലസംരക്ഷണം, ശുചിത്വം-മാലിന്യ സംസ്കരണം, കൃഷി വികസനം എന്നിവ ഹരിത കേരളം മിഷന്റെ ഉപമിഷനുകളാണ്. നാമാവശേഷമായിക്കൊണ്ടിരിക്കുന്ന ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും അവയുടെ വിനിയോഗം, പരിപാലനം, സംരക്ഷണം എന്നിവയിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതുമായുള്ള പദ്ധതികളാണ് ജലസംരക്ഷണ ഉപമിഷൻ വഴി നടപ്പിലാക്കിവരുന്നത്. ജലസംരക്ഷണ ഉപദൗത്യവുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങൾ ഇപ്രകാരമാണ്:-

1. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കി അവയെ പ്രാദേശിക കുടിവെള്ള-ജലസേചന സ്രോതസ്സുകളാക്കി മാറ്റുക.
2. കിണറുകളുടെയും കുളങ്ങളുടെയും ശുചീകരണവും മഴവെള്ള റീചാർജ്ജിംഗും ഉറപ്പാക്കുക.
3. ക്വാറികൾ പോലെയുള്ള സ്രോതസ്സുകളിലെ വെള്ളം പരിശോധനകൾക്ക് വിധേയമാക്കി പ്രാദേശിക ജലസ്രോതസ്സായി ഉപയോഗിക്കുക.

4. ഭൂജലപരിപോഷണം വഴി പരമാവധി വെള്ളം മണ്ണിലേക്കിറങ്ങുന്നതിന് ഭൂപ്രകൃതിക്കനുസൃതമായ സാങ്കേതിക വിദ്യ ലഭ്യമാക്കുക.
5. ജലദുർവ്യയം കുറയ്ക്കുന്നതിനും ജല ഓഡിറ്റിംഗും ജല ബജറ്റിംഗും നടപ്പിലാക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
6. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിപോലെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സമന്വയം തദ്ദേശഭരണ സ്ഥാപനതലത്തിൽ ഉറപ്പാക്കുക.

ഇത്തരത്തിലുള്ള പ്രവർത്തനസമീപനം കൈക്കൊണ്ട് പ്രാദേശിക തലത്തിൽ സാങ്കേതിക മികവുള്ള പദ്ധതികൾ രൂപപ്പെടുത്തിയെടുക്കുന്നതിനായി വിവിധ വകുപ്പുകളിലെ സാങ്കേതികവിദഗ്ദ്ധരുടെ സേവനം ഏകോപിപ്പിക്കുന്നതിന് മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്; മിഷന്റെ ജലസംരക്ഷണ ഉപദൗത്യത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്ത്, മുനിസിപ്പൽ കോർപ്പറേഷൻ തലത്തിൽ കിണറുകളുടെയും കുളങ്ങളുടെയും ശുദ്ധീകരണവും റീചാർജ്ജിംഗും ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. ചാലുകൾ പുനരുജ്ജീവിപ്പിക്കുന്നതിനായി ആവാസ പ്രദേശത്ത് ആവശ്യമായി വരുന്ന മണ്ണ്-ജല സംരക്ഷണ പ്രവൃത്തികളും ഇതോടൊപ്പം നടത്തിവരുന്നു. കൂടാതെ സംസ്ഥാനത്തെ സ്കൂളുകൾ, പൊതുസ്ഥലങ്ങളിലെ കിണറുകൾ, സ്വകാര്യ കിണറുകൾ ഉൾപ്പെടെ 16665 കിണറുകളിൽ റീചാർജ്ജിംഗ് സംവിധാനം ഒരുക്കിയിട്ടുണ്ട്. ഹരിത കേരളം മിഷന്റെ ഭാഗമായി സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും നേതൃത്വത്തിൽ ഇതിനകം 2487 കിലോമീറ്റർ നീളത്തിൽ തോടുകൾ വൃത്തിയാക്കുകയും 1391 കിലോമീറ്റർ നീളത്തിൽ തോടുകൾ പുനരുജ്ജീവിപ്പിക്കുകയും 18 കിലോമീറ്റർ നീളത്തിൽ തോടുകൾ നിർമ്മിക്കുകയും 1481 കിലോമീറ്റർ നീളത്തിൽ കനാലുകൾ വൃത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഹരിത കേരളം മിഷൻ താഴെ വിവരിക്കുന്ന ലക്ഷ്യങ്ങൾ നേടുന്നതിനായുള്ള പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിരിക്കുന്നത്.

1. ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവ്വഹണവും സംയോജിത നീർത്തടാടിസ്ഥാനത്തിൽ നടത്തി ജലലഭ്യത വർദ്ധിപ്പിക്കുക.
2. പുതിയൊരു ജലസംരക്ഷണ വിനിയോഗ സംസ്കാരവും ജലസാക്ഷരതയും ജനങ്ങളിൽ വളർത്തിയെടുക്കുക.
3. ജലസുരക്ഷയും പാരിസ്ഥിതിക സുരക്ഷയും ഭാവി തലമുറയ്ക്കുകൂടി ഉറപ്പാക്കുക.
4. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും സുസ്ഥിര പരിപാലനവും ഉറപ്പാക്കുക.

**തോട്ടം തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ**

28 (*88) ശ്രീ. എസ്. ശർമ്മ:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്കായി വിവിധ സമാശ്വാസ പദ്ധതികൾ ആരംഭിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വിവിധ രോഗങ്ങൾമൂലം ദുരിതമനുഭവിക്കുന്ന പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികൾക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത തൊഴിലാളികൾക്ക് ഇ.എസ്.ഐ. നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) 1951-ലെ പ്ലാന്റേഷൻ ലേബർ നിയമം, 1959-ലെ പ്ലാന്റേഷൻ ലേബർ ചട്ടം എന്നിവ അനുശാസിക്കുന്ന എല്ലാ ക്ഷേമപ്രവർത്തനങ്ങളും തോട്ടം തൊഴിലാളികൾക്ക് ലഭ്യമാക്കുന്നുണ്ട്. 2013-ലെ എസ്റ്റേറ്റ് തൊഴിലാളികളുടെ ദുരിതാശ്വാസ പദ്ധതി പ്രകാരം മരണമടയുന്ന തോട്ടം തൊഴിലാളികളുടെ നിയമാനുസൃത ആശ്രിതർക്ക് 25,000 രൂപ ധനസഹായം നൽകിവരുന്നു. സാമ്പത്തിക പ്രതിസന്ധിമൂലം പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് 1951-ലെ പ്ലാന്റേഷൻ ലേബർ ആക്ട്, റൂൾസ് പ്രകാരം ലഭിക്കേണ്ട ആനുകൂല്യങ്ങളും സൗകര്യങ്ങളും നടപ്പിലാകാത്തതിനാൽ തൊഴിലാളികളുടെ സമാശ്വാസ പ്രവർത്തനങ്ങൾക്കായി പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

പൂട്ടിക്കിടക്കുന്ന തോട്ടം തൊഴിലാളികൾക്ക് ഓണത്തോടനുബന്ധിച്ച് 2,000 രൂപ വീതം എക്സ്ഗ്രേഷ്യ വിതരണം ചെയ്തിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്ലാന്റേഷൻ മേഖലയിലെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 24-11-2016, 5-4-2017 എന്നീ തീയതികളിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗങ്ങളും ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട് ചർച്ച ചെയ്യുന്നതിന് 06.02.2017-ലും പ്ലാന്റേഷൻ മേഖലയിലെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 9-5-2017-ലും മീറ്റിംഗുകൾ നടന്നിട്ടുണ്ട്.

(സി) തോട്ടം മേഖലയിലെ തൊഴിലാളികളുടെ ചികിത്സയ്ക്കായി ഡിസ്പെൻസറികൾ, ഗ്രൂപ്പ് ഹോസ്പിറ്റൽ, ഗാർഡൻ ഹോസ്പിറ്റൽ എന്നിവ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ റഫറൽ ചികിത്സകളും നൽകിവരുന്നു. അത്യാധുനിക ചികിത്സാ സൗകര്യങ്ങളായ സ്കാനിംഗ്, ആൻജിയോഗ്രാം തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുണ്ട്. ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പ്ലാന്റേഷൻ ലേബർ മെഡിക്കൽ അഡ്വൈസറി ബോർഡ് പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റികൾ മുഖേന ചികിത്സാ ധനസഹായം നൽകിവരുന്നു. ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ മൊബൈൽ മെഡിക്കൽ ക്യാമ്പുകൾ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിൽ നടന്നുവരുന്നു.

കൂടാതെ തോട്ടം മേഖലയിലെ മുഴുവൻ തൊഴിലാളികളെയും ആർ.എസ്.ബി.വൈ.-ൽ അംഗങ്ങളാക്കി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് നിലവിൽ ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമല്ല. തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യതകൾ ഇ.എസ്.ഐ. കോർപ്പറേഷനുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

**ആരോഗ്യപച്ച അന്യംനിന്നുപോകാതിരിക്കാൻ നടപടി**

29 (*89) <u>ശ്രീമതി സി. കെ. ആശ</u> :
<u>ശ്രീ. മുല്ലക്കര രത്നാകരൻ :</u>
<u>ശ്രീ. ജി. എസ്. ജയലാൽ :</u>
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യപച്ച എന്ന ഔഷധം അന്യം നിന്നു പോകാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;

(ബി) ആരോഗ്യപച്ച കൂടുതൽ മേഖലകളിൽ കൃഷി ചെയ്യുന്നതിനും വ്യാവസായിക അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരം ലഭിച്ച ഭൂമിയിൽ നിയന്ത്രണങ്ങൾക്ക് വിധേയമായി ആരോഗ്യപച്ച കൃഷി ചെയ്യുന്നതിന് അനുമതി നൽകുമോ;

(ഡി) അതിന് എന്തൊക്കെ നിയന്ത്രണങ്ങൾ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ആരോഗ്യപച്ച എന്ന ഔഷധസസ്യം തെക്കൻ കേരളത്തിലെ അഗസ്ത്യമല മേഖലയിൽ മാത്രം കാണപ്പെടുന്ന ഒന്നാണ്. ഈ ഔഷധസസ്യം അന്യംനിന്നുപോകാതിരിക്കുന്നതിനായി ഇതിന്റെ ശേഖരണം നിരോധിച്ചിട്ടുണ്ട്.

(ബി) ആരോഗ്യപച്ചയുടെ കൃഷി കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനും വനം വകുപ്പിന് പദ്ധതികളില്ല. കൃഷി കൂടുതൽ വ്യാപിപ്പിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതാണ്.

(സി) ആരോഗ്യപച്ച ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരം ലഭിച്ച ഭൂമിയിലോ മറ്റ് സ്വകാര്യ ഭൂമിയിലോ കൃഷി ചെയ്യുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമില്ല.

(ഡി) കൃഷിക്ക് നിയന്ത്രണങ്ങളൊന്നും കൊണ്ടുവരാൻ വനം വകുപ്പ് ഉദ്ദേശിക്കുന്നില്ല.

## പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവാക്കളുടെ തൊഴിലില്ലായ്മ

30 (*90) ശ്രീ. പി. വി. അൻവർ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവാക്കളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത വിഭാഗക്കാർക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനും സഹായം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര രൂപയാണ് ധനസഹായം നൽകുന്നതെന്നും പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണെന്നും വിശദമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി സ്വയംതൊഴിലിനും വൈദഗ്ധ്യ പരിശീലനത്തിനുമുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആയതിന് "പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം", കൂടാതെ കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, ആർട്ടിക്കിൾ 275(1), എസ്.സി.എ. ടു റ്റി.എസ്.പി. എന്നീ വ്യത്യസ്ത പദ്ധതികളിലുൾപ്പെടുത്തി നൈപുണ്യ വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത വിഭാഗക്കാർക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനും സഹായം നൽകുന്നതിനായി "പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം" എന്ന പദ്ധതി നിലവിലുണ്ട്.

നിശ്ചിത കോഴ്സുകളിൽ അടിസ്ഥാന വിദ്യാഭ്യാസം കൈവരിക്കുന്നത് കൊണ്ടുമാത്രം പട്ടികവർഗ്ഗക്കാർക്ക് ജോലി ലഭിക്കുന്നതിനുള്ള സാദ്ധ്യത കുറവാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് വകുപ്പ് കേരളത്തിനകത്തും പുറത്തുമുള്ള തൊഴിൽ നൈപുണ്യ പരിശീലന കേന്ദ്രങ്ങളുമായി സഹകരിച്ച് വിദഗ്ദ്ധ പരിശീലനം നൽകി സംസ്ഥാനത്തിനകത്തും പുറത്തും ജോലി ഉറപ്പാക്കുന്ന പരിപാടികളാണ് സംഘടിപ്പിച്ചുവരുന്നത്. പ്രസ്തുത പരിപാടികളുടെ വിവരം ചുവടെ ചേർക്കുന്നു.

- വകുപ്പിന് കീഴിലുള്ള പരിശീലന കേന്ദ്രങ്ങൾ, ഐ.ടി.ഐ. എന്നിവ വഴിയും സർക്കാർ ഇതര സ്ഥാപനങ്ങൾ വഴിയും തൊഴിൽ നൈപുണ്യ വികസനം ഉറപ്പാക്കിവരുന്നു.
- 2016-17 വർഷം മുതൽ 'ഗോത്രജീവിക' എന്ന പദ്ധതി പ്രകാരം 1140 തൊഴിൽരഹിതരെ തെരഞ്ഞെടുത്ത് അവർക്ക് 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും സഹായം നൽകുന്നതിനായി 334 ലക്ഷം രൂപയുടെ പദ്ധതി സെന്റർ ഫോർ മാനേജ്മെന്റ് വഴി നടപ്പിലാക്കുന്നു.

- ഐ.ടി. മേഖലയിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി വകുപ്പിന്റെ കീഴിൽ ഒരു സെന്റർ ഓഫ് എക്സലൻസ് തിരുവനന്തപുരത്ത് ആരംഭിക്കുന്നതിന് 308 ലക്ഷം രൂപയ്ക്ക് സ്ഥാപനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 240 കുട്ടികൾക്ക് ഒരു വർഷം പരിശീലനം ലഭിക്കും. ഇതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

- പട്ടികവർഗ്ഗ വനിതകൾക്ക് നൈപുണ്യ വികസനവും തൊഴിലും ഉറപ്പുവരുത്തുന്നതിനായി അപ്പാരൽ പാർക്ക് ആരംഭിക്കുന്നതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ പാലക്കാട് ജില്ലയിൽ അട്ടപ്പാടിയിൽ നടപ്പ് വർഷം 250 വനിതകൾക്ക് 6 മാസത്തെ പരിശീലനവും തൊഴിലും നൽകുന്നതിനായുള്ള പ്രൊപ്പോസലിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

കൂടാതെ, താഴെപ്പറയുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലനം നൽകി സ്വകാര്യ സ്ഥാപനങ്ങളിൽ പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തുന്നു.

- നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ
- കെൽട്രോൺ
- സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി
- ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്
- എത്തിയോസ് എന്ന സ്ഥാപനം മുഖേന ഹൗസ് കീപ്പിംഗ് ആന്റ് ഫുഡ് ബിവറേജസ്
- സി-ഡിറ്റ് മുഖേന മീഡിയ ടെക്നോളജി
- എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശനത്തിനായുള്ള എൻട്രൻസ് കോച്ചിംഗ്.

ഇതിനുപുറമെ പരമ്പരാഗത കാർഷിക മേഖലയിൽ തൊഴിൽ നൽകുന്നതിനായി ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- മിൽമ
- കുടുംബശ്രീ
- മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്

കൂടാതെ സംഘങ്ങൾ വഴി സ്വയം തൊഴിൽ പരിപോഷിപ്പിക്കുന്നതിനായി ഗദ്ദിക പോലുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ആർട്ടിക്കിൾ 275(1) പ്രകാരം നടപ്പിലാക്കിയ തൊഴിൽ ദായക പദ്ധതികൾ:

1. കൃഷി
2. പശു, ആട് വളർത്തൽ
3. ക്രിമിറ്റോറിയംപെട്ടി അനുവദിക്കൽ
4. യന്ത്രസഹായത്തോടെ കാട് വെട്ടൽ
5. യന്ത്രസഹായത്തോടെ മരംമുറി
6. തയ്യൽ യൂണിറ്റുകൾ
7. വയറിംഗ്
8. പി.എസ്.സി. പരിശീലനം
9. ഫാഷൻ ഡിസൈനിംഗിൽ പരിശീലനം നൽകി പുതിയ തയ്യൽ ജോലികൾ
10. സിവിൽ ആർക്കിടെക്ച്ചർ ഡ്രാഫ്റ്റിംഗ് ലാന്റ് സർവ്വെ കോഴ്സിൽ പരിശീലനം നൽകി ആധുനിക തൊഴിൽ സമ്പാദനം
11. കോഴിയും കൂടും പദ്ധതി
12. ചെറുകിട വ്യാപാരം

കോർപ്പസ് ഫണ്ട്

1. കുട നിർമ്മാണം
2. മത്സ്യ കച്ചവടം
3. ബേക്കറി
4. തുണിക്കട
5. കോഫീബാർ
6. യന്ത്രവൽകൃത പുൽവെട്ടൽ
7. യന്ത്രവൽകൃത പാൽക്കറവ
8. റബ്ബർ റോളർ വിതരണം

9. പെട്ടിക്കടകൾ

10. പന്നി വളർത്തൽ

11. ജില്ലാ അടിസ്ഥാനത്തിൽ സഹായി സെന്ററുകൾ നടത്തിപ്പിന്

<u>എസ്.സി.എ. ടു റ്റി.എസ്.പി. നടപ്പിലാക്കിയ തൊഴിൽ ദായക പദ്ധതികൾ</u>

1. യന്ത്രവൽകൃത തെങ്ങുകയറ്റം
2. യന്ത്രവൽകൃത കോൺക്രീറ്റ് കട്ടിംഗ്
3. യന്ത്രവൽകൃത കൃഷി, തയ്യൽ
4. ഗാർമെന്റ് ആന്റ് ടെയിലറിംഗ് യൂണിറ്റ്
5. ഡയറി ഡെവലപ്മെന്റ് യൂണിറ്റ്
6. ഫോട്ടോസ്റ്റാറ്റ് മെഷീൻ
7. തൊഴിൽ, സംഗീത ഉപകരണങ്ങൾ
8. യന്ത്രവൽകൃത കള പറിക്കൽ
9. ലൈറ്റ് മോട്ടോർ ഡ്രൈവിംഗ്
10. ഹെവി മോട്ടോർ ഡ്രൈവിംഗ്
11. കയർ ഉത്പാദനം
12. യന്ത്രവൽകൃത മരംവെട്ട്
13. ഫാഷൻ ടെക്നോളജി
14. കമ്പ്യൂട്ടർ ട്രെയിനിംഗ്
15. ഹാച്ചറി യൂണിറ്റ്
16. യന്ത്രവൽകൃത കവുങ്ങ് കയറ്റം
17. മെഴുകുതിരി നിർമ്മാണം
18. കരകൗശല ഉൽപ്പന്നങ്ങൾ
19. ഫർണിച്ചർ ഉത്പാദനം

(സി) നൈപുണ്യ വികസന പരിപാടികൾക്ക് ഓരോ കോഴ്സിനും നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യതയ്ക്കും മറ്റ് മാനദണ്ഡങ്ങൾക്കും അനുസരിച്ചായിരിക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ജില്ലാതല ഓഫീസർമാരും ട്രെയിനിംഗ് ഏജൻസികളും അഭിമുഖത്തിലൂടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വർക്കല ഐ.ടി.ഐ.-ക്ക് പുതിയ കെട്ടിടം

1 (774) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ പട്ടികജാതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.-യിൽ സൗകര്യങ്ങൾ കുറവുള്ളതായും നിലവിലുള്ള കെട്ടിടം കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലും ആണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഐ.ടി.ഐ.-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുമോ;

(ബി) ആയതിലേക്ക് എസ്റ്റിമേറ്റും രൂപരേഖയും തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഐ.ടി.ഐ. -യിൽ പുതിയ ട്രേഡുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) പട്ടികജാതി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന വർക്കല ഐ.ടി.ഐ.-യിൽ കാലപ്പഴക്കംകൊണ്ട് ജീർണ്ണാവസ്ഥയിലായ പഴയ കെട്ടിടത്തിൽ നിലവിൽ ക്ലാസ്സുകൾ നടത്തുന്നില്ല. എന്നാൽ നിലവിലുള്ള ട്രേഡുകളായ ഡി-സിവിൽ, പ്ലംബർ എന്നിവ സൗകര്യങ്ങളോടുകൂടിയ പുതിയ കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനു വേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടുണ്ട്.

(സി) കെട്ടിട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പുതിയ ട്രേഡുകൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുന്ന പദ്ധതികൾ

2 (775) ശ്രീ.ബി.സത്യൻ:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.കളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ നേടാൻ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ഈ സർക്കാർ ജോബ് ഫെയർ സംഘടിപ്പിച്ചിട്ടുണ്ടോ;

(സി) ഏതെല്ലാം കമ്പനികളാണ് പ്രസ്തുത ജോബ് ഫെയറിൽ പങ്കെടുത്തതെന്നും ഇതിലൂടെ എത്ര പേർക്ക് നിയമനം ലഭ്യമാക്കാൻ സാധിച്ചുവെന്നും വിശദമാക്കുമോ?

### ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ പട്ടികജാതി വികസന വകുപ്പ് നടത്തിവരുന്നു.

1. അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ പട്ടികജാതി വിഭാഗക്കാർക്ക് കമ്പ്യൂട്ടറധിഷ്ഠിത തൊഴിൽ ലഭിക്കുന്നതിനായി വിവിധ കോഴ്സുകൾ കെൽട്രോൺ, സി-ഡിറ്റ്, സൈബർശ്രീ എന്നീ സ്ഥാപനങ്ങൾ വഴി നടത്തിവരുന്നു.

2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ജെ.സി.ബി., ഹിറ്റാച്ചി ഓപ്പറേറ്റേഴ്സ് എന്നീ കോഴ്സുകളിൽ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്ന പദ്ധതി KAICO-യുമായി ബന്ധപ്പെട്ട് നടത്തിവരുന്നു.

3. സ്റ്റാർട്ട് അപ് മിഷന്റെ സഹായത്തോടെ പട്ടികജാതി യുവാക്കൾക്ക് സംരംഭകത്വ പരിശീലനവും ഇൻക്യുബേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള സഹായവും പരിശീലനവും വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പുതിയ വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനായി 50 ശതമാനം സബ്സിഡിയോടെ മുദ്രാലോൺ നൽകുന്ന പദ്ധതി.

4. പട്ടികജാതി യുവാക്കൾക്ക് സൈനികപരിശീലനം നൽകി സൈന്യത്തിൽ പ്രവേശനം ഉറപ്പാക്കുന്നതിനായി പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് കോഴ്സ് എന്ന പദ്ധതി.

5. വിദേശത്ത് തൊഴിൽ തേടുന്ന പട്ടികജാതി യുവജനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി.

6. സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്ന യുവതി യുവാക്കൾക്ക് വകുപ്പ് മുഖേന ഒരു ലക്ഷം രൂപയും ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയും സബ്സിഡി അനുവദിക്കുന്ന പദ്ധതി.

7. പട്ടികജാതി വിഭാഗത്തിൽപ്പെട്ട നഴ്സിംഗ് പഠനം പൂർത്തിയാക്കിയ 134 യുവതി യുവാക്കളെ കരാർ അടിസ്ഥാനത്തിൽ താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിൽ നഴ്സായി 2 വർഷത്തേയ്ക്ക് നിയമിക്കുന്ന പദ്ധതി.

കൂടാതെ പട്ടികജാതി യുവതി യുവാക്കൾക്ക് ഹൗസ് കീപ്പിംഗ്/ഫുഡ് ആന്റ് ബിവറേജസ് സർവ്വീസസ് പരിശീലനം, മ്യൂറൽ പെയിന്റിംഗ് ആന്റ് ഗ്ലാസ് ആർട്ട് എന്നിവയിലുള്ള പരിശീലനം, വനിതകൾക്ക് വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് IELTS/TOEFL പ്രോഗ്രാം, നഴ്സിംഗ് എലിജിബിലിറ്റി പ്രോഗ്രാം എന്നിവയും ഓട്ടോമൊബൈൽ എഞ്ചിനീയറിംഗിലുള്ള അഡ്വാൻസ്ഡ് ട്രെയിനിംഗും ഓയിൽ ആന്റ് റിഗ് സ്കിൽ പ്രോഗ്രാം, പഞ്ചകർമ്മയിൽ ഡിപ്ലോമ, ആയുർവ്വേദ നഴ്സിംഗ് ഡിപ്ലോമ, ഗ്രാഫിക് ആന്റ് വെബ് ഡിസൈനിംഗ് കോഴ്സ്, ബാങ്കിംഗ് & ഫിനാൻഷ്യൽ സർവ്വീസസ് കോഴ്സ്, ഫിസിയോതെറാപ്പിയിൽ സ്കിൽ ഡെവലപ്മെന്റ് കോഴ്സ് എന്നിവയും വിവിധ ഏജൻസികൾ മുഖേന പട്ടികജാതി വിഭാഗത്തിലെ അഭ്യസ്തവിദ്യരായ വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളാണ്. വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കളിൽനിന്നും പഠിച്ചിറങ്ങുന്ന കുട്ടികൾക്കുവേണ്ടി തൊഴിൽമേള സംഘടിപ്പിക്കുകയും വിവിധതരം തൊഴിലധിഷ്ഠിത കോഴ്സുകൾ, ഡിപ്ലോമാ കോഴ്സുകൾ, നൈപുണ്യ വികസന പദ്ധതികൾ, സോഫ്റ്റ് സ്കിൽ പരിശീലനങ്ങളും വിവിധ തരത്തിലുള്ള വരുമാനദായക പദ്ധതികളും നടപ്പിലാക്കി വരുന്നു.

(ബി) പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.-കളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ നേടാൻ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി 2016 ഡിസംബറിലും 2017 നവംബറിലും രണ്ട് ജോബ് ഫെയറുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

(സി) 2016-ൽ നടത്തിയ ജോബ് ഫെയറിൽ 11 കമ്പനികളും 2017-ൽ നടത്തിയ ജോബ് ഫെയറിൽ 19 കമ്പനികളും പങ്കെടുത്തു. കമ്പനികളുടെ വിശദാംശവും നിയമനം ലഭിച്ചവരുടെ വിശദാംശവും അനുബന്ധമായി ചേർക്കുന്നു.*

**ഫീസ് തിരികെ നൽകുന്ന പദ്ധതി**

3 (776) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് പൈലറ്റ് കോഴ്സിന് പഠിക്കുമ്പോൾ നൽകുന്ന ഫീസ് തിരികെ നൽകുന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ അപേക്ഷിച്ചിട്ടുള്ള എത്രപേർക്ക് സഹായം നൽകിയിട്ടുണ്ട്; എത്ര തുക സഹായം നൽകിയെന്ന് വ്യക്തമാക്കാമോ;

(സി) ഇനി എത്രപേർക്ക് സഹായം നൽകാനുണ്ടെന്നും എന്തുകൊണ്ട് സഹായം നൽകുന്നില്ലെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ പൈലറ്റ് കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

(ബി) തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമിയിലെ 9 പട്ടികജാതി വിദ്യാർത്ഥികൾക്കായി പട്ടികജാതി വികസന വകുപ്പ് മുഖേന 99,96,000 രൂപയും 5 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി 47,52,000 രൂപ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും ധനസഹായമായി അനുവദിച്ചു നൽകിയിട്ടുണ്ട്.

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട 2 വിദ്യാർത്ഥികളുടെ അപേക്ഷകളിന്മേൽ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികൾക്ക് പഠനത്തിനുള്ള ധനസഹായം

4 (777) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളിലെ സ്കൂൾ പഠനം നടത്തുന്ന കുട്ടികൾ, ഉന്നത വിദ്യാഭ്യാസം ചെയ്യുന്ന കുട്ടികൾ, എൻട്രൻസ് കോച്ചിംഗ് പഠനം നടത്തുന്ന കുട്ടികൾ, പി.എസ്.സി. കോച്ചിംഗിന് പോകുന്ന കുട്ടികൾ, അൺ എയ്ഡഡ് സ്കൂളുകളിൽ ട്യൂഷൻ ഫീസ് നൽകി പഠിക്കുന്ന വിദ്യാർത്ഥികൾ തുടങ്ങിയ വിഭാഗങ്ങളിൽ ആർക്കെല്ലാമാണ് പഠനത്തിനുള്ള ധനസഹായം അല്ലെങ്കിൽ സ്റ്റൈപെന്റ് നൽകുന്നതെന്നും ആയതിന്റെ പ്രതിമാസ നിരക്ക് എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) എങ്കിൽ അതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(സി) 2016 - 17 സാമ്പത്തിക വർഷം ഏറനാട് മണ്ഡലത്തിൽ നിന്നും മേൽ പറയപ്പെട്ട വിഭാഗങ്ങളിലെ എത്ര കുട്ടികൾക്ക് സഹായം നൽകിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ്

പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്കൂൾപഠനം നടത്തുന്ന കുട്ടികൾ, ഉന്നത വിദ്യാഭ്യാസം ചെയ്യുന്ന കുട്ടികൾ എന്നിവർക്ക് 2-7-2009-ലെ സ.ഉ.(അച്ചടി) നമ്പർ 50/2009/പ.ജ.പ.വ.വി.വ. പ്രകാരം വിദ്യാഭ്യാസ ആനുകൂല്യം നൽകി വരുന്നുണ്ട്.

കൂടാതെ, സ്കൂൾ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റിനു പുറമെ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് 2,000 രൂപ പ്രത്യേക സ്കോളർഷിപ്പായും 9,10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് സെൻട്രൽ പ്രീ-മെട്രിക് സ്കോളർഷിപ്പും നൽകുന്നു. (ഹോസ്റ്റലർ - 350 രൂപ, ഡേ സ്കോളർ - 150 രൂപ പ്രതിമാസം) കൂടാതെ ബുക്ക് ഗ്രാന്റ്, ഹോസ്റ്റലർക്ക് 1000 രൂപ, ഡേ സ്കോളർക്ക് 750 രൂപ.

ഉന്നത വിദ്യാഭ്യാസത്തിന് വിവിധ കോഴ്സുകൾക്ക് 820 രൂപ മുതൽ 2,570 രൂപ വരെ വിവിധ നിരക്കുകളിൽ ലംപ്സംഗ്രാന്റും 8 കിലോമീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് 630 രൂപയും 8 കിലോമീറ്റർ പുറമെ താമസിക്കുന്നവർക്ക് 750 രൂപയും സ്റ്റൈപ്പന്റായും നൽകുന്നു.

സ്വാശ്രയ കോളേജുകളിലെ മെറിറ്റിലും റിസർവേഷനിലും അല്ലാത്ത സീറ്റുകളിൽ പഠിക്കുന്നവർക്കും മറ്റ് Recognised, Unaided സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും 2.5 ലക്ഷം രൂപ കുടുംബവാർഷിക വരുമാന പരിധിയ്ക്ക് വിധേയമായി Government of India Scholarship നൽകിവരുന്നു.

എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി+ -ൽ കുറയാത്ത ഗ്രേഡ് ലഭിച്ച വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ പരിശീലനത്തിന് 20,000 രൂപ വരെ ധനസഹായം നൽകുന്നു.

അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് എൽ.പി., യു.പി. ക്ലാസ്സുകളിലുള്ളവർക്ക് 1,000 രൂപ വീതവും ഹൈസ്കൂൾ ക്ലാസ്സുകളിലുള്ളവർക്ക് 1,500 രൂപ വീതവും ട്യൂഷൻ ഫീസ് റീ-ഇംബേഴ്സ് ചെയ്യുന്നു.

വകുപ്പിന്റെ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ വഴി പി.എസ്.സി. നടത്തുന്ന പരീക്ഷകൾക്കുവേണ്ടി പരിശീലനം നൽകിവരുന്നു. കോഴ്സ് കാലയളവിൽ സ്റ്റൈപ്പന്റ് അനുവദിച്ചുവരുന്നു.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

പ്രീമെട്രിക് തലത്തിൽ ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകിവരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീമെട്രിക് തലത്തിൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷം 1,500 രൂപ സ്കോളർഷിപ്പ് ഇനത്തിലും 750 രൂപ ബുക്കും മറ്റ് പഠന സാമഗ്രികളും വാങ്ങുന്നതിന് ഗ്രാന്റിനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 3,500 രൂപയും 1,000 രൂപയും നൽകുന്നു.

അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ I മുതൽ VII വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 1,000 രൂപയും 8 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 1,500 രൂപയും ട്യൂഷൻ ഫീസിനത്തിലും പ്രസ്തുത തുകയുടെ 1/3 തുകയ്ക്ക് തുല്യമായ തുക സ്പെഷ്യൽ ഫീസിനത്തിലും റീ-ഇംബേഴ്സ് ചെയ്തുനൽകുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് രാജ്യത്തെ മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് "പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് സ്കീം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് അർഹതയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ സംസ്ഥാനത്തിനകത്ത് മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് വരുമാന പരിധിയില്ലാതെ മുഴുവൻ ഫീസും വാർഷിക ലംപ്സംഗ്രാന്റും പ്രതിമാസ സ്റ്റൈപ്പന്റും നൽകിവരുന്നു. സർക്കാർ/സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലും എല്ലാ കോഴ്സുകൾക്കും പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നു.

കൂടാതെ നാഷണൽ എൻട്രൻസ് ടെസ്റ്റ് വഴി സംസ്ഥാനത്തിന് പുറത്ത് വിവിധ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും അനുവദിച്ചുവരുന്നുണ്ട്.

(ബി) പട്ടികജാതിയിൽപ്പെട്ട സ്കൂൾ കുട്ടികളുടെ വിദ്യാഭ്യാസാനുകൂല്യം അതാത് ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകൾ വഴി വിദ്യാഭ്യാസ സ്ഥാപന മേധാവി മുഖേന നൽകുന്നു.

പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് ഇ-ഗ്രാന്റ്സ് വഴിയാണ് ആനുകൂല്യം നൽകുന്നത്. അപേക്ഷ ഓൺലൈനായി സമർപ്പിക്കണം.

പി.ഇ.റ്റി.സി.-കളിൽ നേരിട്ട് അപേക്ഷ സമർപ്പിക്കണം. അന്യസംസ്ഥാനത്ത് പഠിക്കുന്ന വിദ്യാർത്ഥികൾ ജില്ലാ ഓഫീസർമാർക്ക് അപേക്ഷ നൽകണം.

പ്രീ-മെട്രിക് സ്കോളർഷിപ്പിനായി സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഉൾപ്പെടുത്തി അപേക്ഷ സ്കൂൾ മേധാവി, അതാത് പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്ക് നൽകുന്നത് വഴി അർഹമായ ആനുകൂല്യങ്ങൾ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ സ്കൂൾ മേധാവിയുടെ അക്കൗണ്ടിൽ അനുവദിക്കുകയും സ്കൂൾ മേധാവി വഴി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിതരണം നടത്തുകയും ചെയ്യുന്നു.

പോസ്റ്റ് മെട്രിക് തലത്തിൽ രാജ്യത്തിനകത്ത് മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് "പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് സ്കീം" പദ്ധതി മുഖേനയുള്ള വിദ്യാഭ്യാസ ആനുകൂല്യം ലഭ്യമാക്കുന്നതിന് വകുപ്പ് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. വിദേശപഠനത്തിനുള്ള അപേക്ഷകൾ ഡയറക്ടർക്കാണ് സമർപ്പിക്കേണ്ടത്.

(സി) പട്ടികജാതി വികസന വകുപ്പ്

| | | |
|---|---|---|
| സ്കൂൾ പഠനം നടത്തുന്ന കുട്ടികൾ | - | 3699 |
| ഉന്നത വിദ്യാഭ്യാസം നടത്തുന്ന കുട്ടികൾ | - | 1130 |
| എൻട്രൻസ് കോച്ചിംഗ് നടത്തുന്ന കുട്ടികൾ | - | 37 |
| പി.എസ്.സി. കോച്ചിംഗിന് പോകുന്ന കുട്ടികൾ | - | 0 |
| അൺ-എയ്ഡഡ് സ്കൂളിൽ ട്യൂഷൻ ഫീസ് നൽകി പഠിക്കുന്ന വിദ്യാർത്ഥികൾ | - | 65 |

പട്ടികവർഗ്ഗ വികസന വകുപ്പ്

| | | |
|---|---|---|
| പ്രീ-മെട്രിക് സ്കോളർഷിപ്പിന് അർഹരായവർ | - | 174 |
| പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിന് അർഹരായവർ | - | 12 |
| പി.എസ്.സി. കോച്ചിംഗിന് പോകുന്ന കുട്ടികൾ | - | 26 |

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശപഠനത്തിന് ധനസഹായം

5 (778) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ 2011-2016 കാലഘട്ടത്തിലും ഈ സർക്കാരിന്റെ 2016 മുതൽ ഇതുവരെയുള്ള കാലഘട്ടത്തിലുമായി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾക്ക് വിദേശപഠനത്തിന് ധനസഹായം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഇതിലേക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വർഷം, ജില്ല എന്നിവ തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ എത്ര വിദ്യാർത്ഥികളുടെ അപേക്ഷകൾ നിരസിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിക്കായി കേന്ദ്ര സർക്കാരിൽ നിന്ന് ഏതെങ്കിലും വിധത്തിലുള്ള തുക ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2011-2016 കാലഘട്ടത്തിൽ 7 വിദ്യാർത്ഥികൾക്കും ഈ സർക്കാരിന്റെ കാലയളവിൽ 6 വിദ്യാർത്ഥികൾക്കും പട്ടികജാതി വികസന വകുപ്പ് മുഖേന വിദേശപഠനത്തിന് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

2013-14 കാലഘട്ടത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഒരു വിദ്യാർത്ഥിക്കും ഈ സർക്കാരിന്റെ കാലയളവിൽ 2 വിദ്യാർത്ഥികൾക്കും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പ്രസ്തുത ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പട്ടികജാതി വിദ്യാർത്ഥികളുടെ 10 അപേക്ഷകൾ 2011-18 കാലയളവിൽ നിരസിച്ചിട്ടുണ്ട്.

| | | |
|---|---|---|
| തിരുവനന്തപുരം | - | 3 |
| എറണാകുളം | - | 1 |
| ഇടുക്കി | - | 2 |
| കോഴിക്കോട് | - | 4 |

2017-18 അദ്ധ്യയന വർഷത്തിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള യോഗ്യത നേടിയിട്ടില്ലാത്ത വയനാട് ജില്ലയിൽ നിന്നുള്ള ഒരു വിദ്യാർത്ഥിയുടെ അപേക്ഷ പട്ടികവർഗ്ഗ വികസന വകുപ്പ് നിരസിച്ചിട്ടുണ്ട്.

(സി) ടി പദ്ധതി പൂർണ്ണമായും സംസ്ഥാന സർക്കാരാണ് നടത്തിവരുന്നത്. ആയതിന് കേന്ദ്രസഹായം ലഭ്യമായിട്ടില്ല.

**മാവേലിക്കര പട്ടികജാതി ഐ.ടി.ഐ.**

6 (779) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ പട്ടികജാതി ഐ.ടി.ഐ.- യ്ക്ക് പുതിയ കെട്ടിടം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്. മാവേലിക്കര ഐ.ടി.ഐ.-യിൽ എൻ.സി.വി.ടി. നോംസ് അനുസരിച്ചുള്ള പുതിയ കെട്ടിടം ആവശ്യമാണ്. എന്നാൽ നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചുമാറ്റിയാൽ മാത്രമേ പുതിയ കെട്ടിടം പണിയാൻ സാധിക്കുകയുള്ളൂ. പഴയ കെട്ടിടം പൊളിച്ചുമാറ്റി എൻ.സി.വി.ടി. നോംസ് അനുസരിച്ചുള്ള പുതിയ കെട്ടിടം പണിയുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) എൻ.സി.വി.ടി. നോംസ് അനുസരിച്ചുള്ള കെട്ടിടം പണിയുന്ന മുറയ്ക്ക് മാത്രമേ പുതിയ കോഴ്സുകൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.

**പട്ടികജാതി വിഭാഗങ്ങളുടെ വിദ്യാഭ്യാസ ഉന്നമനം**

7 (780) <u>ശ്രീമതി ഇ. എസ്. ബിജിമോൾ:</u>
<u>ശ്രീമതി ഗീതാ ഗോപി:</u>
<u>ശ്രീ. ജി. എസ്. ജയലാൽ:</u>
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് പ്രസ്തുത വിഭാഗങ്ങളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി എന്തെല്ലാം പരിപാടികളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വകുപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പട്ടികജാതി വിഭാഗങ്ങളിലെ തൊഴിലില്ലായ്മ ലഘൂകരിക്കുന്നതിന് ഈ സ്ഥാപനങ്ങൾ എത്രത്തോളം സഹായകരമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പ് വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി താഴെപ്പറയുന്ന കർമ്മ പദ്ധതികൾ/സ്ഥാപനങ്ങൾ നടത്തിവരുന്നു.

1. പ്രീ-മെട്രിക് സ്കോളർഷിപ്പ്
2. പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ്
3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്
4. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് (100% CSS)

5. 9, 10 ക്ലാസ്സുകളിലെ പ്രീ-മെട്രിക് സ്കോളർഷിപ്പ് (100% CSS)
6. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്
7. സ്റ്റെതസ്കോപ്പ് ധനസഹായം
8. ലാപ്ടോപ് ധനസഹായം
9. എഞ്ചിനീയറിംഗ്/മെഡിക്കൽ പഠനത്തിനുള്ള പ്രാരംഭ ചെലവ്.
10. വൃത്തിഹീന സാഹചര്യങ്ങളിലുള്ള തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം.
11. അയ്യങ്കാളി ടാലന്റ് സെർച്ച് & ഡെവലപ്മെന്റ് സ്കോളർഷിപ്പ്
12. വിഷൻ 2013-മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി.
13. പ്രത്യേക പ്രോത്സാഹന പദ്ധതി
14. ബുക്ക് ബാങ്ക് സ്കീം (50 % CSS)
15. ഇതര സംസ്ഥാനത്തും വിദേശങ്ങളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യം
16. പാരലൽ കോളേജ് ധനസഹായം
17. പി.ഇ.റ്റി.സി.-കൾ
18. ഐ.ടി.ഐ.-കൾ
19. നഴ്സറികൾ
20. ക്രെസ്റ്റ്, കോഴിക്കോട്
21. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ്
22. മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ
23. പാലക്കാട് മെഡിക്കൽ കോളേജ്

(ബി) പട്ടികജാതി വികസന വകുപ്പിനുകീഴിൽ 88 നഴ്സറി സ്കൂളുകൾ, 8 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, ഒരു മോഡൽ റെസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ എന്നിവ പ്രവർത്തിച്ചുവരുന്നു. കൂടാതെ 10 ട്രേഡുകളിലായി പരിശീലനം നൽകുന്ന 44 ഐ.ടി.ഐ.-കളും പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരിയിൽ ഒരു കമ്മ്യൂണിറ്റി കോളേജും പ്രവർത്തിച്ചുവരുന്നു. ഇവയിൽ 7 എണ്ണം എം.ആർ.ഐ. ഐ.ടി.ഐ.-കളാക്കി ഉയർത്തിയിട്ടുണ്ട്.

(സി) ഐ.ടി.ഐ.-കളിൽ പരിശീലനം പൂർത്തിയാക്കിയവർക്ക് അപ്രന്റിസ്ഷിപ്പ് പദ്ധതിയും വിവിധ സ്ഥാപനങ്ങളിൽ പ്ലേസ്മെന്റും ലഭ്യമാക്കുന്നു. അല്ലാത്തവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനായി ടൂൾകിറ്റ് ധനസഹായവും നൽകിവരുന്നു. കമ്മ്യൂണിറ്റി കോളേജിൽ ഒരു വർഷത്തെ പരിശീലനം പൂർത്തിയാക്കിയവർക്ക് ഒരു വർഷത്തെ ഇൻഡസ്ട്രിയൽ ട്രെയിനിംഗിനുശേഷം കമ്പനികളിൽ പ്ലേസ്മെന്റ് ലഭ്യമാക്കുന്നുണ്ട്. കമ്പനികളിൽ പ്ലേസ്മെന്റ് ലഭിക്കുന്നതിനായി വകുപ്പ് നേരിട്ട് ഐ.ടി.ഐ. പാസ്സായവർക്കുവേണ്ടി ജോബ് ഫെയർ സംഘടിപ്പിക്കുന്നുണ്ട്. ക്രൂസ്റ്റിൽ നിന്ന് സർട്ടിഫിക്കറ്റ് കോഴ്സ് പൂർത്തിയാക്കുന്നവർക്കും പ്ലേസ്മെന്റ് സൗകര്യം ഏർപ്പെടുത്തുന്നുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് തൊഴിൽ നൈപുണ്യം

8 (781) <u>ശ്രീ. കെ. സി. ജോസഫ്</u> :

<u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ സമുദായത്തിലെ യുവതീ-യുവാക്കൾക്ക് തൊഴിൽ നൈപുണ്യം നേടുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്; ഇതിലൂടെ എത്രപേർക്ക് പരിശീലനം നൽകി;

(ബി) സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനവുമായി സഹകരിച്ച് നൈപുണ്യ വികസനത്തിന് രൂപം നൽകിയ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 2017-18-ൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് ഹൗസ് കീപ്പിംഗ്/ഫുഡ് ആന്റ് ബിവറേജസ് സർവ്വീസസ് പരിശീലനം, മ്യൂറൽ പെയിന്റിംഗ് ആന്റ് ഗ്ലാസ് ആർട്ട് എന്നിവയിലുള്ള പരിശീലനം, വനിതകൾക്ക് വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് IELTS/TOEFL പ്രോഗ്രാം, നഴ്സിംഗ് എലിജിബിലിറ്റി പ്രോഗ്രാം എന്നിവയും ഓട്ടോമൊബൈൽ എഞ്ചിനീയറിംഗിലുള്ള അഡ്വാൻസ്ഡ് ട്രെയിനിംഗും ഓയിൽ ആന്റ് റിംഗ് സ്കിൽ പ്രോഗ്രാം, പഞ്ചകർമ്മയിൽ ഡിപ്ലോമ, ആയുർവേദ നഴ്സിംഗ് ഡിപ്ലോമ, ഗ്രാഫിക് ആന്റ് വെബ് ഡിസൈനിംഗ് കോഴ്സ്, ബാങ്കിംഗ് & ഫിനാൻഷ്യൽ സർവ്വീസസ് കോഴ്സ്, ഫിസിയോതെറാപ്പിയിൽ സ്കിൽ ഡെവലപ്മെന്റ് കോഴ്സ് എന്നിവയും വിവിധ ഏജൻസികൾ മുഖേന പട്ടികജാതി വിഭാഗത്തിലെ യുവതീയുവാക്കൾക്ക് തൊഴിൽ നൈപുണ്യം ലഭ്യമാക്കുന്നതിനായി സർക്കാർ വകുപ്പ് മുഖേന ആവിഷ്കരിച്ചിട്ടുള്ളതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികളാണ്. പദ്ധതികളുടെയും പരിശീലനാർത്ഥി കളുടെയും എണ്ണം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായ പദ്ധതി മുഖേന പട്ടികവർഗ്ഗ സമുദായത്തിലെ യുവതീയുവാക്കൾക്ക് തൊഴിൽ നൈപുണ്യം നേടുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ കോർപ്പസ് ഫണ്ട്, എസ്.സി.എ. ടു റ്റി.എസ്.എസ്. പൂൾഡ് ഫണ്ട് തുടങ്ങിയ പദ്ധതികളിലൂടെയും തൊഴിൽ നൈപുണ്യ വികസനം സാദ്ധ്യമാക്കുന്നു.

- ഐ.ടി. മേഖലയിൽ ഡെസ്ക്ടോപ്പ് എഞ്ചിനീയറിംഗ്, നെറ്റ്‌വർക്കിംഗ്, മൾട്ടി മീഡിയ, ഹാർഡ്‌വെയർ & സോഫ്റ്റ്‌വെയർ മെയിന്റനൻസ് തുടങ്ങിയ തൊഴിലുറപ്പ് വരുത്തുന്നതിന് വകുപ്പിന്റെ കീഴിൽ ഒരു സെന്റർ ഫോർ എക്സലൻസ് തിരുവനന്തപുരത്ത് ആരംഭിക്കുന്നതിന് 308 ലക്ഷം രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. 240 കുട്ടികൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

- പട്ടികവർഗ്ഗ വനിതകൾക്ക് ആധുനികരീതിയിലുള്ള വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിലുറപ്പുവരുത്തുന്നതിന് അട്ടപ്പാടിയിൽ അപ്പാരൽ പാർക്ക് ആരംഭിക്കുന്നതിന് 267.34 ലക്ഷം രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

- 2016-17 വർഷം മുതൽ 'ഗോത്രജീവിക' എന്ന പദ്ധതി പ്രകാരം 1170 തൊഴിൽ രഹിതരെ കണ്ടെത്തി അവർക്ക് 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യപരിശീലനം നൽകി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനും ആയത് പ്രവർത്തനക്ഷമമാകുന്നതുവരെയുള്ള സഹായം നൽകുന്നതിനായി 334 ലക്ഷം രൂപയും പദ്ധതി നടപ്പിലാക്കിവരുന്നു.

- നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ (NTTF) മുഖേന 351 പേർക്ക് വിവിധ ഇൻഡസ്ട്രിയൽ ട്രേഡുകളിൽ പരിശീലനം നൽകി പ്ലേസ്‌മെന്റ് ഉറപ്പുവരുത്തി.

- സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി (CBPST) മുഖേന പ്ലാസ്റ്റിക് നിർമ്മാണ മേഖലയിൽ 50 പേർക്ക് പരിശീലനത്തിലൂടെ പ്ലേസ്‌മെന്റ് ഉറപ്പുവരുത്തി.

- ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡ് (ECIL) മുഖേന അട്ടപ്പാടിയിൽ ഡി.സി.എ. കോഴ്സ് പരിശീലനം നൽകി 21 പേർക്ക് പ്ലേസ്‌മെന്റ് ലഭ്യമാക്കി.

- എത്തിയോസ് (ATHEOS) എന്ന സ്ഥാപനം മുഖേന ഹോട്ടൽ മാനേജ്മെന്റിൽ 125 പേർക്ക് പരിശീലനം നൽകി പ്ലേസ്മെന്റ് നടപടികൾ സ്വീകരിച്ചുവരുന്നു.
- സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് (C-DIT) മുഖേന 60 കുട്ടികൾക്ക് മീഡിയ ടെക്നോളജിയിൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനവുമായി സഹകരിച്ച് പട്ടികജാതി വകുപ്പ് മുഖേന പദ്ധതികൾക്കൊന്നും രൂപം നൽകിയിട്ടില്ല. സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനവുമായി സഹകരിച്ച് നൈപുണ്യ വികസനത്തിനായി പട്ടികവർഗ്ഗ വകുപ്പ് മുഖേന രൂപം നൽകിയ പദ്ധതിയാണ് "ഗോത്രജീവിക" .

2016-17 വർഷം മുതൽ "ഗോത്രജീവിക" എന്ന പദ്ധതി പ്രകാരം തൊഴിൽ രഹിതരായ 1170 പേരെ തെരഞ്ഞെടുത്ത് അവർക്ക് 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം ഊരുകളിൽത്തന്നെ നൽകി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനും ആയത് പ്രവർത്തനക്ഷമമാകുന്നതുവരെയുള്ള സഹായം നൽകുന്നതിനായി 334 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു.

പരിശീലനത്തിനുള്ള ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർത്തിരിക്കുന്നു:

| ക്രമ നമ്പർ | പരിശീലനം | പരിശീലനത്തിനുള്ള ദിവസം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തയ്യൽ പരിശീലനം | 45 | 150 |
| | നിർമ്മാണ മേഖലയിൽ | | |
| 2 | തടിപ്പണി | 45 | 100 |
| 3 | നിർമ്മാണ പ്രവൃത്തികൾ | 30 | 200 |
| 4 | മേസ്തിരിപ്പണി | 60 | 330 |
| 5 | വയറിംഗ് | 30 | 120 |
| 6 | പ്ലംബിംഗ് | 30 | 150 |
| | ടൂറിസം മേഖലയിൽ | | |
| 7 | ഡ്രൈവിംഗ് | 30 | 120 |

ഗോത്രജീവിക പദ്ധതിയുടെ ഭാഗമായി ഭവനനിർമ്മാണ രംഗത്ത് പട്ടികവർഗ്ഗക്കാരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഈ മേഖലയിൽ ഇടനിലക്കാരുടെ ചൂഷണം ഫലപ്രദമായി തടയുന്നതിനുമായി നിർമ്മാണ മേഖലയ്ക്ക് പ്രാമുഖ്യം നൽകുന്ന പരിശീലനങ്ങളാണ് വയനാട് ജില്ലയിൽ നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ ജില്ലാ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, ട്രൈബൽ പ്രൊമോട്ടർമാർ എന്നിവരുടെ സഹായ സഹകരണത്തോടെ എല്ലാ പഞ്ചായത്തുകളിൽനിന്നും അപേക്ഷകൾ ക്ഷണിച്ചു. ഇതിൻപ്രകാരം 1546 അപേക്ഷകൾ ലഭിച്ചു. കെട്ടിടപ്പണി, മരപ്പണി, കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണം, വയറിംഗ്, പ്ലംബിംഗ് എന്നീ മേഖലകളിലായി 398 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു. ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണമേഖലയിൽ മൂട്ടിൽ, അമ്പലവയൽ, മീനങ്ങാടി എന്നീ പഞ്ചായത്തുകളെ കേന്ദ്രീകരിച്ചുകൊണ്ട് മീനങ്ങാടി പഞ്ചായത്തിലും പനമരം, കണിയാമ്പറ്റ എന്നീ പഞ്ചായത്തുകളെ കേന്ദ്രീകരിച്ചുകൊണ്ട് പനമരം പഞ്ചായത്തിലും വേങ്ങപ്പള്ളി, നൂൽപ്പുഴ എന്നീ പഞ്ചായത്തുകളിലും കെട്ടിട നിർമ്മാണ പരിശീലനം പൂർത്തീകരിച്ചു. 140 ഗുണഭോക്താക്കൾ മേസ്തിരി പണിയിൽ പരിശീലനം പൂർത്തീകരിച്ചു. ഇവരെ ഉൾപ്പെടുത്തി പട്ടികവർഗ്ഗ ലേബർ കോൺട്രാക്ട്/നിർമ്മാണ സൊസൈറ്റികൾ രൂപീകരിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

**പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള സൈബർശ്രീ പ്രോജക്ട്**

9 (782) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ പട്ടികജാതി വകുപ്പും സി-ഡിറ്റും സംയുക്തമായി നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള സൈബർശ്രീ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സെന്ററിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് പട്ടികജാതി വകുപ്പിൽ നിന്നും കൈമാറിയിട്ടുണ്ടോ; ഈ സെന്ററിന് നൽകുന്ന ഫണ്ടിൽ എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനുവേണ്ടി നൂതന സാങ്കേതികവിദ്യ അഭ്യസിപ്പിക്കുന്നതിനും വ്യക്തിത്വ വികസനത്തിന് ഊന്നൽ നൽകുന്നതുമായ പരിശീലന പദ്ധതികൾ സൈബർശ്രീ സെന്ററിൽക്കൂടി നടത്തിവരുന്നു.

ഹരിപ്പാട് സബ്സെന്റർ ആരംഭിക്കുന്നതിനും 3 കോഴ്സുകൾ തുടങ്ങുന്നതിനുമായി 2014-15-ൽ 83,50,570 രൂപ അനുവദിച്ചിരുന്നു. 2016-17 വർഷം 3 ഐ.ടി. റിലേറ്റഡ് കോഴ്സ് നടത്തുന്നതിന് 33,23,570 രൂപ അനുവദിച്ചിരുന്നു. പ്രസ്തുത പരിശീലനങ്ങൾ സെന്ററിൽ നടന്നുവരികയാണ്. ഫണ്ടിൽ യാതൊരു കുറവും വരുത്തിയിട്ടില്ല.

## പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യ ലാപ്ടോപ്

10 (783) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യ ലാപ്ടോപ് നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഏത് ക്ലാസ്സുകളിൽ പഠിക്കുന്നവർക്കാണ് ലാപ്ടോപ് അനുവദിക്കുന്നത്;

(ബി) ടെൻഡർ നടപടി വഴിയാണോ ലാപ്ടോപ്പുകൾ വാങ്ങുന്നത്; ഏത് ഏജൻസിക്കാണ് കഴിഞ്ഞ വർഷം കരാർ നൽകിയതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ലാപ്ടോപ് വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. ബി.ടെക്., എം.ടെക്., എം.സി.എ., ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ സയൻസ്, ബി.എസ്.സി. (കമ്പ്യൂട്ടർ സയൻസ്), എം.എസ്.സി. (ഇലക്ട്രോണിക്സ്), എം.ബി.ബി.എസ്., ബി.ഡി.എസ്., ബി.എ.എം.എസ്., ബി.എച്ച്.എം.എസ്., B.V.Sc. & A.H., B.Arch., എം.ഫിൽ., പി.എച്ച്.ഡി. എന്നീ കമ്പ്യൂട്ടർ അധിഷ്ഠിത/ കമ്പ്യൂട്ടർ ആവശ്യമുള്ള കോഴ്സുകൾക്ക് ഒന്നാം വർഷം പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഇപ്പോൾ ലാപ്ടോപ് വാങ്ങുന്നതിനായി ധനസഹായം നൽകിവരുന്നത്.

(ബി) അല്ല. കുട്ടികൾ നേരിട്ട് വാങ്ങുന്നു.

## പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ പഠന സഹായ പദ്ധതി

11 (784) ശ്രീ. ഇ. പി. ജയരാജൻ:

ശ്രീ. കെ. ദാസൻ:

ശ്രീ. കെ. ജെ. മാക്സി:

ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനുള്ള സഹായ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഏതെല്ലാം കോഴ്സുകൾക്കാണ് പ്രസ്തുത ധനസഹായം ലഭിക്കുന്നതെന്നും ഇത് ലഭിക്കുന്നതിനുള്ള വരുമാന പരിധി എപ്രകാരമാണെന്നും വ്യക്തമാക്കാമോ;

(ഡി) ഈ വിഭാഗങ്ങളിൽപ്പെട്ട കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കത്തക്കവിധം പ്രസ്തുത പദ്ധതി വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) 4-10-2017-ലെ സ.ഉ.(കൈ.) 81/2017/പ.ജ.പ.വ.വി.വ. പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശപഠനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) പരമാവധി അപേക്ഷകർക്ക് പ്രയോജനം ലഭിക്കത്തക്ക വിധത്തിലാണ് ഇപ്പോൾ മാനദണ്ഡങ്ങൾ രൂപീകരിച്ചിട്ടുള്ളത്.

## വിദേശരാജ്യങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

12 (785) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോർച്ചുഗലിലെ കോയിമ്പ്ര സർവ്വകലാശാലയിലെ എം.എസ്.സി. ബിസിനസ് മാനേജ്മെന്റ് വിദ്യാർത്ഥിനി റിമ രാജന് അർഹമായ സ്കോളർഷിപ്പ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുവദിക്കുന്നതിൽ വകുപ്പിന്റെയും ഉദ്യോഗസ്ഥരുടെയും ഭാഗത്ത് വീഴ്ച വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പണമടച്ചില്ലെങ്കിൽ പുറത്താക്കും എന്ന് പോർച്ചുഗലിലെ സർവ്വകലാശാലയിൽ നിന്ന് കുമാരി റിമ രാജന് കത്ത് ലഭിക്കാനുള്ള കാരണം ഉദ്യോഗസ്ഥരുടെ അനാസ്ഥയാണെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) സ്കോളർഷിപ്പ് കിട്ടിയില്ലെങ്കിൽ സർവ്വകലാശാലയിൽ നിന്ന് പുറത്താക്കുമെന്ന ആവലാതിയുമായി റിമയുടെ അച്ഛൻ വകുപ്പുമന്ത്രിയെ കണ്ടിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ഇ) എങ്കിൽ ഇതിനെത്തുടർന്ന് സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇന്ത്യയിൽ ഇല്ലാത്ത കോഴ്സിന് പട്ടികജാതി വിദ്യാർത്ഥികൾ വിദേശത്ത് പ്രവേശനം നേടിയാൽ മുഴുവൻ തുകയും സ്കോളർഷിപ്പ് നൽകുന്ന ചട്ടം നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ജി) എങ്കിൽ ഈ ചട്ടം ലംഘിച്ച് വിദേശരാജ്യങ്ങളിൽ എം.ബി.ബി.എസ്-ന് പഠിക്കുന്നവർക്കുപോലും സ്കോളർഷിപ്പ് അനുവദിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വീഴ്ച വന്നിട്ടില്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി & ഇ) കുമാരി റിമ രാജൻ പട്ടികജാതി വികസന വകുപ്പിൽനിന്നും മുൻകൂർ അനുമതി വാങ്ങാതെയാണ് വിദേശപഠനത്തിന് ചേർന്നത്. പിന്നീട് ഫീസടയ്ക്കാൻ കഴിയാതെ പഠനം മുടങ്ങുന്ന സാഹചര്യമുണ്ടെന്ന് ശ്രീ. ബി. ഡി. ദേവസ്സി എം.എൽ.എ. മുഖാന്തിരം നിവേദനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പഠനം തുടരുന്നതിനുള്ള സഹായം എന്ന നിലയിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് 5 ലക്ഷം രൂപ അനുവദിച്ച് നൽകുകയുണ്ടായി. ആയതിനുശേഷം ഫീസിന്റെ രണ്ടാം ഗഡുവായ 9,68,125 രൂപ ആവശ്യപ്പെട്ടുകൊണ്ട് കുമാരി റിമ രാജൻ നൽകിയ അപേക്ഷ പരിഗണിച്ച് ആയത് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) നിലവിൽ വിദേശത്ത് പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് 4-10-2017-ലെ സ.ഉ.(എം.എസ്.) നമ്പർ 81/2017/പ.ജ.പ.വ.വി.വ. ഉത്തരവുപ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

(ജി) നിലവിലെ മാനദണ്ഡങ്ങളുടെ ലംഘനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്കായുള്ള പ്രീ-മെട്രിക് ഹോസ്റ്റൽ

13 (786) ഡോ. എൻ. ജയരാജ് :

ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ; എത്ര വിസ്തൃതി സ്ഥലം ഇതിനായി ആവശ്യമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രീ മെട്രിക് ഹോസ്റ്റലിലെ കുട്ടികളുടെ എണ്ണം സംബന്ധിച്ച നിബന്ധനകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; സമീപത്തെ എത്ര കിലോമീറ്റർ വരെയുള്ള സ്കൂളുകളിലെ കുട്ടികളെ പ്രവേശനത്തിനായി പരിഗണിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ആവശ്യമായ സ്ഥലം ലഭ്യമായ സ്ഥലങ്ങളിൽ പ്രീമെട്രിക് ഹോസ്റ്റൽ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഗ്രാമപ്രദേശങ്ങളിലെ വിദൂര വില്ലേജുകളിൽ പഠന സൗകര്യം ലഭിക്കാത്ത പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യ താമസവും ഭക്ഷണവും പഠിക്കുന്നതിനാവശ്യമായ സൗകര്യങ്ങളും ഒരുക്കുന്നതിലേയ്ക്കായാണ് പ്രീ-മെട്രിക് ഹോസ്റ്റലുകൾ സ്ഥാപിച്ചുവരുന്നത്. 30 കുട്ടികൾക്ക് താമസിച്ച് പഠനം നടത്തുന്നതിന് ആവശ്യമായ സൗകര്യങ്ങളോടുകൂടിയ ഒരു കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലമാണെന്ന് പി.ഡബ്ല്യു.ഡി. സാക്ഷ്യപ്പെടുത്തി ലഭിക്കുന്ന മുറയ്ക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം, ലഭിക്കാവുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം, ജലലഭ്യത, ഗതാഗത

സൗകര്യം മുതലായവ കണക്കിലെടുത്താണ് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ഉത്തരവ് ലഭ്യമാക്കുന്നത്. സ്ഥല വിസ്തൃതി സംബന്ധിച്ച് പ്രത്യേക ഉത്തരവ് നിലവിലില്ല. എന്നാൽ സൗകര്യപ്രദമായി ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് കുറഞ്ഞത് 50 സെന്റ് സ്ഥലം ആവശ്യമാണ്. പി.ഡബ്ല്യു.ഡി.-യോ മറ്റ് സർക്കാർ ഏജൻസികളോ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പ്രകാരമാണ് കെട്ടിടങ്ങൾ നിർമ്മിക്കുന്നത്.

(ബി) പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ standard strength 30 ആണ്. സമീപ പ്രദേശങ്ങളിലെ സ്കൂളുകളിലെ കുട്ടികൾക്ക് പ്രീ-മെട്രിക് ഹോസ്റ്റലിൽ അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രവേശനം നൽകിവരുന്നു. മറ്റ് ഹോസ്റ്റൽ സൗകര്യം ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് സ്കൂൾ അകലെയാണെങ്കിലും അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഹോസ്റ്റലിൽ സൗകര്യം അനുവദിച്ചുനൽകാറുണ്ട്. ഹോസ്റ്റൽ-സ്കൂൾ തമ്മിലുള്ള അകലം സംബന്ധിച്ച മാനദണ്ഡം ഏർപ്പെടുത്തിയിട്ടില്ല. ഹോസ്റ്റൽ പ്രവേശനം ലഭിക്കുന്നതിന് വിദ്യാർത്ഥി താമസിക്കുന്ന സ്ഥലവും പഠിക്കുന്ന സ്കൂളും തമ്മിൽ 8 കിലോമീറ്ററിൽ അധികം ദൂരമുണ്ടായിരിക്കണം.

(സി) സ്ഥലലഭ്യത, ജലലഭ്യത, ഗതാഗത സൗകര്യം, പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം എന്നിവ ഉറപ്പാക്കിയതിനുശേഷം ആവശ്യകതയനുസരിച്ച് പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## സ്വയംപര്യാപ്ത അംബേദ്കർ ഗ്രാമം പദ്ധതി

14 (787) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വയം പര്യാപ്ത അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം ഏതൊക്കെ കോളനികളാണ് നവീകരിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം കോളനികളിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ;

(സി) പദ്ധതിയുടെ നിർവ്വഹണ ചുമതല ആർക്കാണ് നൽകിയിട്ടുള്ളതെന്നും എന്നത്തേക്ക് പൂർത്തിയാക്കുമെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 249 കോളനികളെ അംബേദ്കർ ഗ്രാമപദ്ധതി പ്രകാരം തെരഞ്ഞെടുത്തിരുന്നു. അതിൽ 20 കോളനികൾ ഫീസിബിളല്ല. ബാക്കി 229 കോളനികളിലും നവീകരണ പ്രവൃത്തികൾ നടത്തുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതി പ്രകാരം കോളനികളിൽ താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പാക്കാവുന്നതാണ്.

1. ഇന്റേണൽ റോഡ്/ഫുട്പാത്ത്
2. ആശയ വിനിമയ സൗകര്യം
3. കുടിവെള്ള സൗകര്യങ്ങൾ
4. ഡ്രെയിനേജ് സൗകര്യങ്ങൾ
5. വൈദ്യുതീകരണം/വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം
6. സോളാർ തെരുവ് വിളക്ക്
7. സാനിട്ടേഷൻ
8. ഭവന പുനരുദ്ധാരണം
9. മാലിന്യ നിർമ്മാർജ്ജനം
10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)
11. സംരക്ഷണ ഭിത്തി നിർമ്മാണം
12. ഇറിഗേഷൻ
13. അടുക്കളത്തോട്ടം
14. വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ വീവിംഗ്/കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി)

(സി) പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി അതാത് ജില്ലാ നിർമ്മിതി കേന്ദ്രങ്ങളെയാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾക്ക് എന്തെങ്കിലും പരിമിതിയുള്ളപക്ഷം സ്വയംപര്യാപ്ത ഗ്രാമം പദ്ധതി നല്ല രീതിയിൽ നിർവ്വഹിച്ച സർക്കാർ ഏജൻസികളെ എം.എൽ.എ. നിർദ്ദേശിക്കുന്നുവെങ്കിൽ അവയെയും നിർവ്വഹണ ഏജൻസികളായി പരിഗണിക്കുന്നതാണ്. ധാരണാപത്രം ഒപ്പിട്ട് ആറ് മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കേണ്ടതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നാദാപുരം മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ പിന്നോക്കസമുദായങ്ങൾക്കുവേണ്ടിയുള്ള പദ്ധതികൾ

15 (788) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന, പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്കസമുദായങ്ങൾക്കുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങളും പദ്ധതികളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(ബി) ഈ സർക്കാർ വന്നതിനു ശേഷം എന്തൊക്കെ പദ്ധതികൾ നാദാപുരം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാർക്കായി നിലവിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതി | കോളനി | പഞ്ചായത്ത് |
|---|---|---|---|
| 1 | ഹാംലറ്റ് വികസന പദ്ധതി 2016-17 | മലയങ്ങാട്, കെട്ടിൽ | വാണിമേൽ |
| | | കുടിൽപ്പാറ | മരുതോങ്കര |
| 2 | സാമൂഹ്യ പഠനമുറി 2016-17 | കുടിൽപ്പാറ, പീടികപ്പാറ | മരുതോങ്കര |
| 3 | അംബേദ്കർ സെറ്റിൽമെന്റ് സമഗ്ര വികസന പദ്ധതി 2016-17 | കണ്ടിവാതുക്കൽ | ചെക്യാട് |
| | | ഇളമ്പ | ചെക്യാട് |
| | | പൊരുന്നൻ പിലായി | വളയം |
| | | അടുപ്പിൽ | വാണിമേൽ |
| | | വാളാംതോട് | വാണിമേൽ |

പിന്നോക്ക സമുദായക്ഷേമ പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. പട്ടികജാതി വികസന വകുപ്പിന്റെ മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മാണം നടന്നുവരുന്നു. ഭവന നിർമ്മാണ പദ്ധതി, ഭൂരഹിതഭവന പദ്ധതി എന്നിവയും നടപ്പാക്കിവരുന്നു.

(ബി) അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോർപ്പസ് ഫണ്ട്

16 (789) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തിൽ ആലത്തൂർ നിയോജകമണ്ഡലത്തിലെ കുഴൽമന്ദം, ആലത്തൂർ, നെന്മാറ ബ്ലോക്കുകളിൽപ്പെടുന്ന മേഖലകളിൽ കോർപ്പസ് ഫണ്ട് പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികളും അടങ്കൽ തുകയും വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ്

2016-17 വർഷത്തിൽ ആലത്തൂർ നിയോജകമണ്ഡലത്തിലെ കുഴൽമന്ദം, ആലത്തൂർ, നെന്മാറ ബ്ലോക്കുകളിൽപ്പെടുന്ന മേഖലകളിൽ കോർപ്പസ് ഫണ്ട് പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികളുടെയും അടങ്കൽ തുകയുടെയും വിവരം അനുബന്ധമായി ചേർക്കുന്നു.*

പട്ടികവർഗ്ഗ വികസന വകുപ്പ്

2016-17 സാമ്പത്തിക വർഷത്തിൽ ആലത്തൂർ നിയോജകണ്ഡലത്തിൽ കുഴൽമന്ദം, ആലത്തൂർ, നെന്മാറ ബ്ലോക്കുകളിൽപ്പെടുന്ന മേഖലകളിൽ കോർപ്പസ് ഫണ്ട് പ്രകാരം ഭരണാനുമതി ലഭ്യമായ പ്രവൃത്തികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതി | തുക | ബ്ലോക്ക് |
|---|---|---|---|
| 1 | കൽച്ചാടി കുടിവെള്ള പദ്ധതി | 46,000 | നെന്മാറ |
| 2 | മാത്തൂർ ഹോസ്റ്റൽ പമ്പ് സെറ്റ് ഇൻസ്റ്റലേഷൻ | 1,50,500 | കുഴൽമന്ദം |
| 3 | ബയോഗ്യാസ് - അയിലൂർ ഹോസ്റ്റൽ | 27,000 | നെന്മാറ |
| 4 | ബയോഗ്യാസ് - മാത്തൂർ ഹോസ്റ്റൽ | 70,000 | കുഴൽമന്ദം |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) <u>പട്ടികജാതി വികസന വകുപ്പ്</u>

പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർത്തിരിക്കുന്നു.*

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

പദ്ധതികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

**പട്ടികജാതി വികസന കോർപ്പറേഷനിൽനിന്നുള്ള വായ്പ എഴുതിത്തള്ളുന്ന പദ്ധതി**

17 (790) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>

<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംതൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായി പട്ടികജാതി വികസന കോർപ്പറേഷനിൽ നിന്നും വായ്പ എടുത്ത് കുടിശ്ശിക വരുത്തിയിട്ടുള്ള ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരുടെ വായ്പ എഴുതിത്തള്ളുന്ന പദ്ധതി പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്രപേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്; എത്ര തുക ഇപ്രകാരം എഴുതിത്തള്ളിയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ നിലവിൽ വന്ന ശേഷം ഇപ്രകാരമുള്ള എത്ര അപേക്ഷകൾ തീർപ്പാക്കി; ഇനി ശേഷിക്കുന്ന അപേക്ഷകൾ എത്രയാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 1096 ഗുണഭോക്താക്കൾക്ക് ആകെ 6,33,30,217.91 രൂപയുടെ വായ്പ എഴുതിത്തള്ളിയിട്ടുണ്ട്.

(ബി) 548 എണ്ണം തീർപ്പാക്കി. ബാക്കിയുള്ള 2706 അപേക്ഷകൾ പരിശോധനയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**അംബേദ്കർ ഗ്രാമം പദ്ധതി**

18 (791) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ; ഇതിലൂടെ ലക്ഷ്യമിടുന്നത് എന്താണെന്ന് അറിയിക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് വിജയകരമായി നടപ്പിലാക്കിയ സ്വയംപര്യാപ്ത പട്ടികജാതി കോളനി പദ്ധതിക്ക് പകരമുള്ളതാണോ ഇതെന്ന് വ്യക്തമാക്കാമോ;

(സി) അംബേദ്കർ ഗ്രാമം പദ്ധതി ഏത് ഏജൻസി വഴിയാണ് നടപ്പിലാക്കുന്നത്; ഇതിനായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്;

(ഡി) വികസന പ്രവർത്തനങ്ങളിൽ സർക്കാരിന്റെ മേൽനോട്ടമുണ്ടായിട്ടും പല പട്ടികജാതി കോളനികളിലും ഇപ്പോഴും അടിസ്ഥാന സൗകര്യങ്ങൾ പോലും എത്തിയിട്ടില്ല എന്ന വസ്തുത പരിഗണിച്ച്, അംബേദ്കർ ഗ്രാമം പദ്ധതി കുറ്റമറ്റനിലയിലും അഴിമതിമുക്തമായും നടപ്പിലാക്കുവാനുള്ള ജാഗ്രത ഉണ്ടാകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) അടിസ്ഥാന സൗകര്യങ്ങൾ കുറഞ്ഞതും നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ രണ്ട് കോളനികളെ വീതം ഓരോ നിയോജകമണ്ഡലത്തിൽ നിന്നും എം.എൽ.എ.-യ്ക്ക് തെരഞ്ഞെടുക്കാവുന്നതാണ്.

എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ കോളനി നിവാസികളുടെ ഒരു യോഗം ചേരുകയും കോളനിക്കാവശ്യമായ പ്രവൃത്തികൾ തെരഞ്ഞെടുക്കുകയും ചെയ്യുന്നു. താഴെപ്പറയുന്ന പ്രവൃത്തികളിൽ കോളനിക്കാവശ്യമായവ തെരഞ്ഞെടുക്കാവുന്നതാണ്.

1. ഇന്റേണൽ റോഡ്/ഫുട്പാത്ത്
2. ആശയ വിനിമയ സൗകര്യം

3. കുടിവെള്ള സൗകര്യങ്ങൾ
4. ഡ്രെയിനേജ് സൗകര്യങ്ങൾ
5. വൈദ്യുതീകരണം/വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം
6. സോളാർ തെരുവ് വിളക്ക്
7. സാനിട്ടേഷൻ
8. ഭവന പുനരുദ്ധാരണം
9. മാലിന്യ നിർമ്മാർജ്ജനം
10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)
11. സംരക്ഷണ ഭിത്തി നിർമ്മാണം
12. ഇറിഗേഷൻ
13. അടുക്കളത്തോട്ടം
14. വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ വീവിംഗ്/കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി)

എസ്റ്റിമേറ്റിന്റെ 50 ശതമാനം തുക ഏജൻസിക്ക് മുൻകൂറായി അനുവദിക്കുന്നതും ടി തുകയുടെ 75 ശതമാനം ചെലവുചെയ്ത ബില്ലും അനുബന്ധ രേഖകളും ഹാജരാക്കുന്ന മുറയ്ക്ക് 30 ശതമാനം തുകയും പ്രവൃത്തികൾ പൂർത്തിയാക്കി ഫൈനൽ ബില്ലും അനുബന്ധരേഖകളും ഹാജരാക്കുന്ന മുറയ്ക്ക് ബാക്കി 20 ശതമാനം തുകയും അനുവദിക്കുന്നു. പ്രവൃത്തികൾ ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ മുഖേനയാണ് നടപ്പിലാക്കുന്നത്. സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾക്ക് എന്തെങ്കിലും പരിമിതിയുള്ളപക്ഷം സ്ഥലം എം.എൽ.എ. നിർദ്ദേശിക്കുന്നുവെങ്കിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി നല്ല രീതിയിൽ നിർവ്വഹിച്ച സർക്കാർ ഏജൻസികളെ നിർവ്വഹണ ഏജൻസികളായി നിയോഗിക്കാവുന്നതാണ്. കോളനികളുടെ സമഗ്ര വികസനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

(ബി) മുൻസർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ 216 സങ്കേതങ്ങൾ തെരഞ്ഞെടുത്തിരുന്നു. അതിൽ 211-ൽ മാത്രമാണ്

പ്രവൃത്തി ആരംഭിച്ചത്. അതിൽ 30 എണ്ണം മാത്രമെ ഇതുവരെ പൂർത്തിയായിട്ടുള്ളൂ. ഈ പരിപാടിയുടെ പരിമിതികൾ തിരിച്ചറിഞ്ഞാണ് അംബേദ്കർ ഗ്രാമം പദ്ധതി ആരംഭിച്ചത്. സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ അമ്പതോ അതിൽ കൂടുതലോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെയാണ് പരിഗണിച്ചിരുന്നത്. എന്നാൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെയാണ് ഇതിനായി തെരഞ്ഞെടുക്കുന്നത്. സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം വീട് റിപ്പയറിന് ഒരു വ്യക്തിക്ക് പരമാവധി 50,000 രൂപ പ്രകാരം ഒരു കോളനിക്ക് പത്ത് ലക്ഷം രൂപ വരെ മാത്രമെ വിനിയോഗിക്കാൻ കഴിയുമായിരുന്നുള്ളൂ. എന്നാൽ അംബേദ്കർ ഗ്രാമ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് ഒരു ലക്ഷം രൂപവരെ വീട് റിപ്പയറിംഗിന് ചെലവഴിക്കാവുന്നതാണ്. കൂടാതെ വീട് റിപ്പയറിംഗുള്ള കോളനികളുടെ വിനിയോഗ പരിധി ഒഴിവാക്കിയിട്ടുമുണ്ട്.

(സി) അംബേദ്കർ ഗ്രാമം പദ്ധതി അതാത് ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ മുഖേനയാണ് നടപ്പിലാക്കുന്നത്. ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾക്ക് പദ്ധതി ഏറ്റെടുക്കുന്നതിൽ പരിമിതിയുണ്ടെങ്കിൽ എം.എൽ.എ.-യുടെ ശിപാർശയോടെ സ്വയംപര്യാപ്ത ഗ്രാമം നിർവ്വഹണ ഏജൻസികളിൽപ്പെട്ട സ്ഥാപനങ്ങളെയും പ്രവൃത്തി ഏൽപ്പിക്കാവുന്നതാണ്. ഒരു നിയോജകമണ്ഡലത്തിൽനിന്നും രണ്ട് കോളനികൾ വച്ച് 140 നിയമസഭാ മണ്ഡലങ്ങളിൽ നിന്ന് 280 കോളനികളെ തെരഞ്ഞെടുക്കുന്നതിന് ഓരോ കോളനിക്ക് ഓരോ കോടി രൂപ വച്ച് 280 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ഡി) അംബേദ്കർ ഗ്രാമം പദ്ധതി കുറ്റമറ്റ നിലയിലും അഴിമതി മുക്തമായും നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ കോളനി നിവാസികളുടെ ഒരു യോഗം ചേർന്ന് സർക്കാർ അംഗീകരിച്ച പ്രവൃത്തികളിൽ കോളനിക്കാവശ്യമായ പ്രവൃത്തികളുടെ മുൻഗണനാക്രമം നിശ്ചയിക്കുകയും ആയത് പ്രകാരം ഏജൻസി എസ്റ്റിമേറ്റ് തയ്യാറാക്കി പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ അംഗീകാരം ലഭിച്ചതിനുശേഷം പദ്ധതി നിർവ്വഹണം ആരംഭിക്കാവുന്നതാണ്. ഓരോ ജില്ലയിലും ജില്ലാ പട്ടികജാതി വികസന ഓഫീസർ ടി കോളനികളിലെ പദ്ധതി നിർവ്വഹണവും ഭൗതിക പുരോഗതിയും വിലയിരുത്തുന്നതാണ്. എം.എൽ.എ. ചെയർമാനും പട്ടികജാതി വികസന ഓഫീസർ കൺവീനറുമായുള്ള മോണിറ്ററിംഗ് കമ്മിറ്റി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

19 (792) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായി എന്ത് തുക നീക്കിവെച്ചു ; ഇതിൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചു; വ്യക്തമാക്കാമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായി ഏതെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി ക്ഷേമത്തിനായി 2016-17 സാമ്പത്തികവർഷം ബജറ്റ് വിഹിതമായി കേന്ദ്ര സഹായമുൾപ്പെടെ 267202 ലക്ഷം രൂപ വകയിരുത്തിയതിൽ 192743 ലക്ഷം രൂപയും 2017-18 സാമ്പത്തികവർഷം കേന്ദ്ര സഹായമുൾപ്പെടെ 292036 ലക്ഷം രൂപ വകയിരുത്തിയതിൽ നാളിതുവരെ 118797 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ ക്ഷേമത്തിനായി 2016-17 സാമ്പത്തികവർഷം ബജറ്റ് വിഹിതമായി 82346 ലക്ഷം രൂപ വകയിരുത്തിയതിൽ 68,749 ലക്ഷം രൂപയും 2017-18 സാമ്പത്തികവർഷം 89292 ലക്ഷം രൂപ വകയിരുത്തിയതിൽ നാളിതുവരെ 29922 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5000 ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് എല്ലാ പഠനസൗകര്യങ്ങളോടുംകൂടിയ ഒരു മുറി അവരുടെ വീടിനോട് ചേർന്ന് നിർമ്മിക്കുന്നതിനുള്ള 'പഠനമുറി' എന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ജനനം മുതൽ സുരക്ഷ നൽകുന്നതിനും അവരുടെ സമഗ്ര വികസനത്തിനുമായിട്ടുള്ള ഇൻഷ്വറൻസ് ലിങ്ക്ഡ് പദ്ധതിയായ വാത്സല്യ നിധിക്ക് അംഗീകാരം നൽകുകയും 2017-18 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പെൺകുട്ടികൾ പ്രായപൂർത്തി (18 വയസ്) ആകുമ്പോൾ 3 ലക്ഷം രൂപ ലഭിക്കും.

3. ബി.ആർക്., എം.ഫിൽ., പി.എച്ച്.ഡി. എന്നീ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുകൂടി ലാപ്ടോപ് വാങ്ങുന്നതിനുള്ള ധനസഹായ പദ്ധതി നടപ്പിലാക്കിവരുന്നു.

4. പട്ടികജാതി വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ.-കളിലെ വിദ്യാർത്ഥികൾക്ക് പോഷകാഹാരം നൽകുന്നതിന്റെ ഭാഗമായി ഒരു മുട്ടയും ഒരു ഗ്ലാസ് പാലും നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

5. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. പട്ടികജാതി വിഭാഗത്തിൽപ്പെട്ട നഴ്സിംഗ് പഠനം പൂർത്തിയാക്കിയ യുവതീ യുവാക്കൾക്ക് സർക്കാർ ആശുപത്രികളിൽ പ്രതിമാസം 15,000 രൂപ ധനസഹായത്തോടെ നഴ്സിംഗ് പരിശീലനം നൽകുന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

7. 5 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക വിദ്യാഭ്യാസാനുകൂല്യമായി 2,000 രൂപ വീതം അനുവദിക്കുന്നു.

8. സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി അംബേദ്കർ ഗ്രാമം പരിപാടി.

പട്ടികവർഗ്ഗ ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. സാമൂഹിക പഠനമുറി - (6.21 കോടി രൂപ) പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും ഊരുകളിൽ സാമൂഹിക പഠനമുറി പ്രവർത്തിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഉപദേശകനായോ ട്യൂട്ടറായോ പ്രവർത്തിക്കുന്നതിന് ഒരു യുവപട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളെ (ആണോ/പെണ്ണോ) തെരഞ്ഞെടുത്ത് മാസംതോറും 15,000 രൂപ ഓണറേറിയം വ്യവസ്ഥയിൽ നൽകിവരുന്നു. ഇതിനായി 100 സാമൂഹ്യ പഠനമുറികൾ തെരഞ്ഞെടുത്തിട്ടുണ്ട്. 34 പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിട്ടുണ്ട്.

2. ഗോത്രബന്ധു (4 കോടി രൂപ) – പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുള്ള പ്രൈമറി സ്കൂളുകളിൽ അവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ റ്റി.റ്റി.സി., ബി.എഡ്. യോഗ്യതയുള്ള പ്രദേശത്തെ ഒരു യുവ വിദ്യാസമ്പന്നനെ (ആണോ/പെണ്ണോ) ആദിവാസി ഭാഷയുടെയും മലയാള ഭാഷയുടെയും അറിവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി 241 പേരെ വയനാട് ജില്ലയിൽ വിവിധ സ്കൂളുകളിൽ നിയമിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

3. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം - (100 കോടി രൂപ)

(എ) <u>അടിസ്ഥാന സൗകര്യങ്ങൾ</u>

അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി അടിസ്ഥാന സൗകര്യങ്ങളിൽ പിന്നോക്കാവസ്ഥയിലുള്ള 101 സങ്കേതങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) <u>എം.ജി.എൻ.ആർ.ഇ.ജി.എസ്. - തൊഴിലിനുള്ള വേതനം</u>

എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി പ്രകാരം കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾകൂടി ലഭ്യമാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

(സി) <u>പി. കെ. കാളൻ കുടുംബസഹായ പദ്ധതി</u>

പി. കെ. കാളൻ കുടുംബസഹായ പദ്ധതി പ്രകാരം ചിന്നിചിതറി താമസിക്കുന്ന കുടുംബങ്ങളുടെ വിവരശേഖരം നടത്തിവരുന്നു.

4. ഗോത്രവാത്സല്യനിധി (2 കോടി രൂപ)

പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ എൽ.ഐ.സി.-യുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2014 ഏപ്രിൽ മുതൽ ജനിച്ച 800 പെൺകുട്ടികളെ തെരഞ്ഞെടുത്തിട്ടുണ്ട്.

5. വയനാട് ഗോത്രഭാഷ പഠന കേന്ദ്രം

6. ആരോഗ്യ വിദ്യാഭ്യാസ പരിപാടി

തെരഞ്ഞെടുത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരി വിരുദ്ധ പ്രചാരണ പരിപാടി നടപ്പിലാക്കിവരുന്നു.

7. പോഷകാഹാരക്കുറവ്, ശിശുമരണ, മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചാരണ പരിപാടി, ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

8. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ആധുനിക വൈദ്യസഹായം എത്തിക്കുകയെന്ന ലക്ഷ്യത്തോടുകൂടി 6 ജില്ലകളിൽ മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 8 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾകൂടി ആരംഭിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

9. സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി എല്ലാ പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങളും വൈദ്യുതീകരിച്ചുവരുന്നു.

KIIFB മുഖേന 100 കോടി രൂപ ചെലവഴിച്ച് എം.ആർ.എസ്./ ഹോസ്റ്റലുകളുടെ നിർമ്മാണ പ്രവർത്തനത്തിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ

20 (793) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) മുൻ സർക്കാരുകളുടെ കാലത്ത് ആരംഭിച്ചിട്ടുള്ള ഏതൊക്കെ പദ്ധതികളാണ് ഈ സർക്കാർ വന്നതിനുശേഷം പരിഷ്കരിച്ചിട്ടുള്ളതെന്നും എന്തൊക്കെ പരിഷ്കാരങ്ങളാണ് വരുത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) ഗുരുതര രോഗം ബാധിച്ച് ചികിത്സയിൽ കഴിയുന്നവരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ രോഗികൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ചികിത്സാ സഹായത്തോടൊപ്പം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ സഹായം ലഭിക്കുന്നതിന് നിലവിൽ നിയമം അനുവദിക്കുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ നിയന്ത്രണം എടുത്തുകളയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5000 ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് എല്ലാ പഠനസൗകര്യങ്ങളോടുംകൂടിയ ഒരു മുറി അവരുടെ വീടിനോട് ചേർന്ന് നിർമ്മിക്കുന്നതിനുള്ള 'പഠനമുറി' എന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ജനനം മുതൽ സുരക്ഷ നൽകുന്നതിനും അവരുടെ സമഗ്ര വികസനത്തിനുമായിട്ടുള്ള ഇൻഷ്വറൻസ് ലിങ്ക്ഡ് പദ്ധതിയായ വാത്സല്യ നിധിക്ക് അംഗീകാരം നൽകുകയും 2017-18 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3. ബി.ആർക്., എം.ഫിൽ., പി.എച്ച്.ഡി. എന്നീ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുകൂടി ലാപ്ടോപ് വാങ്ങുന്നതിനുള്ള ധനസഹായ പദ്ധതി നടപ്പിലാക്കിവരുന്നു.

4. പട്ടികജാതി വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ.-കളിലെ വിദ്യാർത്ഥികൾക്ക് പോഷകാഹാരം നൽകുന്നതിന്റെ ഭാഗമായി ഒരു മുട്ടയും ഒരു ഗ്ലാസ് പാലും നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

5. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. പട്ടികജാതി വിഭാഗത്തിൽപ്പെട്ട നഴ്സിംഗ് പഠനം പൂർത്തിയാക്കിയ യുവതീയുവാക്കൾക്ക് സർക്കാർ ആശുപത്രികളിൽ പ്രതിമാസം 15,000 രൂപ ധനസഹായത്തോടെ നഴ്സിംഗ് പരിശീലനം നൽകുന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

7. 280 സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി അംബേദ്കർ ഗ്രാമം പദ്ധതി ആരംഭിച്ചു.

പട്ടികവർഗ്ഗ ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സാമൂഹിക പഠനമുറി - (6.21 കോടി രൂപ) പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഊരുകളിൽ സാമൂഹിക പഠനമുറി പ്രവർത്തിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഉപദേശകനായോ ട്യൂട്ടറായോ പ്രവർത്തിക്കുന്നതിന് ഒരു യുവപട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളെ (ആണോ/പെണ്ണോ) തെരഞ്ഞെടുത്ത് മാസംതോറും 15,000 രൂപ ഓണറേറിയം വ്യവസ്ഥയിൽ നൽകി നിയോഗിച്ച് വരുന്നു. ഇതിനായി 100 സാമൂഹ്യ പഠനമുറികൾ തെരഞ്ഞെടുത്തിട്ടുണ്ട്. 34 പഠനമുറികളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

2. ഗോത്രബന്ധു (4 കോടി രൂപ) – പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുള്ള പ്രൈമറി സ്കൂളുകളിൽ അവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ റ്റി.റ്റി.സി., ബി.എഡ്. യോഗ്യതയുള്ള പ്രദേശത്തെ ഒരു യുവ വിദ്യാസമ്പന്നനെ (ആണോ/പെണ്ണോ) ആദിവാസി ഭാഷയുടെയും മലയാള ഭാഷയുടെയും അറിവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന പദ്ധതി പ്രകാരം 241 പേരെ തെരഞ്ഞെടുത്ത് വയനാട് ജില്ലയിൽ വിവിധ സ്കൂളുകളിൽ നിയമനം നടത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

3. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം - (100 കോടി രൂപ)

(എ) <u>അടിസ്ഥാന സൗകര്യങ്ങൾ</u>

അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി അടിസ്ഥാന സൗകര്യങ്ങളിൽ പിന്നോക്ക അവസ്ഥയിലുള്ള 101 സങ്കേതങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) <u>എം.ജി.എൻ.ആർ.ഇ.ജി.എസ്. - തൊഴിലിനുള്ള വേതനം</u>

എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി പ്രകാരം കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾകൂടി ലഭ്യമാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

(സി) <u>പി. കെ. കാളൻ കുടുംബസഹായ പദ്ധതി</u>

പി. കെ. കാളൻ കുടുംബസഹായ പദ്ധതി പ്രകാരം ചിന്നിച്ചിതറി താമസിക്കുന്ന കുടുംബങ്ങളുടെ വിവരശേഖരണം നടത്തിവരുന്നു.

4. ഗോത്രവാത്സല്യനിധി (2 കോടി രൂപ)

പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ എൽ.ഐ.സി.-യുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2014 ഏപ്രിൽ മുതൽ ജനിച്ച 800 പെൺകുട്ടികളെ തെരഞ്ഞെടുത്തിട്ടുണ്ട്.

5. വയനാട് ഗോത്രഭാഷ പഠന കേന്ദ്രം

6. ആരോഗ്യ വിദ്യാഭ്യാസ പരിപാടി

തെരഞ്ഞെടുത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരി വിരുദ്ധ പ്രചാരണ പരിപാടി നടപ്പിലാക്കിവരുന്നു.

7. പോഷകാഹാരക്കുറവ്, ശിശുമരണ, മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചാരണ പരിപാടി, ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

8. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ആധുനിക വൈദ്യസഹായം എത്തിക്കുകയെന്ന ലക്ഷ്യത്തോടുകൂടി 6 ജില്ലകളിൽ മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 8 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾകൂടി ആരംഭിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

9. സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി എല്ലാ പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങളും വൈദ്യുതീകരിച്ചുവരുന്നു.

KIIFB മുഖേന 100 കോടി രൂപ ചെലവഴിച്ച് എം.ആർ.എസ്./ ഹോസ്റ്റലുകളുടെ നിർമ്മാണ പ്രവർത്തനത്തിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി)

1. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പിലാക്കിവരുന്ന വിവിധ വിദ്യാഭ്യാസാനുകൂല്യങ്ങൾ 25 ശതമാനം വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്.

2. നിർദ്ധനരായ പട്ടികജാതി കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് നൽകുന്ന ധനസഹായ തുക 50,000 രൂപയിൽനിന്നും 75,000 രൂപയായും കുടുംബ വാർഷിക പരിധി 50,000 രൂപയിൽനിന്ന് ഒരു ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

3. പട്ടികജാതി വിഭാഗക്കാരുടെ മിശ്ര വിവാഹ ധനസഹായത്തുക 50,000 രൂപയിൽനിന്നും 75,000 രൂപയായും കുടുംബവാർഷിക വരുമാന പരിധി 40,000 രൂപയിൽനിന്നും ഒരു ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

4. വിദേശ ധനസഹായ പദ്ധതി പ്രകാരം അനുവദിക്കുന്ന ആനുകൂല്യം 50,000 രൂപയിൽനിന്നും ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

5. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 50 വയസ്സായി ഉയർത്തിയിട്ടുണ്ട്.

6. പെരിപ്പറ്ററ്റിക്/ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ കുട്ടികൾക്ക് യൂണിഫോം അലവൻസ് (പ്രതിവർഷം) 400 രൂപയിൽനിന്ന് 500 രൂപയായിട്ടും കുട്ടികളുടെ ഭക്ഷണ ചെലവ് (പ്രതിദിനം) 15 രൂപയിൽനിന്നും 40 രൂപയായും വർദ്ധിപ്പിച്ചു.

7. അരിവാൾ രോഗികൾക്ക് സാന്ത്വനം - പദ്ധതി പ്രകാരം നൽകിവരുന്ന പ്രതിമാസ ധനസഹായം 2,000 രൂപയിൽനിന്നും 2,500 രൂപയായി വർദ്ധിപ്പിച്ചു.

(സി & ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

### അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി

21 (794) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതിയുടെ ഭാഗമായി കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന കൊതുമ്പിൽ തെക്കേക്കര, ഇരവിക്കോട് എന്നീ കോളനികളുടെ വികസനത്തിനായുള്ള പദ്ധതിരേഖ പട്ടികജാതി വികസന ഡയരക്ടറേറ്റിൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭ്യമായത്;

(ബി) പ്രസ്തുത കോളനികളുടെ നവീകരണത്തിനായി ഡയറക്ടറേറ്റിൽ നിന്നും സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ) അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതിയുടെ ഭാഗമായി കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ കൊതുമ്പിൽ തെക്കേക്കര കോളനിയുടെ പദ്ധതി രേഖ 27-12-2017-ന് ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ട്. ഇരവിക്കോട് കോളനിയുടേത് ലഭ്യമായിട്ടില്ല.

(ബി) ലഭ്യമായിട്ടുള്ള കൊതുമ്പിൽ തെക്കേക്കര കോളനിയുടെ എസ്റ്റിമേറ്റ് 8-1-2018-ൽ അംഗീകരിച്ചിട്ടുണ്ട്.

**ജീവനക്കാരുടെ എണ്ണവും ഒഴിവുകളും**

22 (795) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ മലപ്പുറം ജില്ലാ ഓഫീസുകളിലും ബ്ലോക്ക് ഓഫീസുകളിലും നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ഒഴിവുകളും വെളിപ്പെടുത്തുമോ;

(ബി) ബ്ലോക്ക് ഓഫീസിൽ വികസന ഓഫീസർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുമൂലം സർക്കാർ പദ്ധതികൾ ക്രിയാത്മകമായും സമയബന്ധിതമായും ജില്ലയിൽ നടപ്പാക്കാൻ സാധിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജില്ലാ/ബ്ലോക്ക് ഓഫീസുകളിലെ ഒഴിവുള്ള തസ്തികകളിൽ ഉടൻ നിയമന നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ഉൾക്കൊള്ളിച്ചിരിക്കുന്നു.*

(ബി) മലപ്പുറം ജില്ലയിൽ പട്ടികജാതി വികസന ഓഫീസറുടെ 3 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. പട്ടികജാതി വികസന ഓഫീസർമാരുടെ ഒഴിവുള്ള തസ്തികകളിൽ പകരം സംവിധാനമെന്ന നിലയിൽ ചാർജ്ജ് ക്രമീകരണം നടത്തിയിട്ടുണ്ട്. ആയതിനാൽ സർക്കാർ പദ്ധതികൾ ക്രിയാത്മകമായും സമയബന്ധിതമായും ജില്ലയിൽ നടപ്പാക്കാൻ സാധിക്കുന്നുണ്ട്.

(സി) ജില്ലാ/ബ്ലോക്ക് ഓഫീസുകളിലെ പി.എസ്.സി. മുഖേന നിയമിക്കുന്ന തസ്തികകളിലെ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

23 (796) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കല്ല്യാശ്ശേരി മണ്ഡലത്തിൽ നിന്നും ഏതൊക്കെ പട്ടികജാതി കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്;

(ബി) കോളനികളിലെ പ്രവൃത്തികൾ ഏത് നിർവ്വഹണ ഏജൻസി മുഖേനയാണ് ചെയ്യുന്നതെന്നും പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) 1. പുഞ്ചൻ വയൽ പട്ടികജാതി കോളനി

2. വെട്ടിയപ്പൻചാൽ പട്ടികജാതി കോളനി

(ബി) ജില്ലാ നിർമ്മാണ കേന്ദ്രത്തെയാണ് നിർവ്വഹണ ഏജൻസിയായി അംഗീകരിച്ചിട്ടുള്ളത്. നിർവ്വഹണ ഏജൻസി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചാലുടൻ വകുപ്പിൽനിന്നും അംഗീകാരം നൽകി പ്രവർത്തനം ആരംഭിക്കും.

## പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം

24 (797) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. വി. പി.സജീന്ദ്രൻ:
ശ്രീ. വി. ടി.ബൽറാം:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടിക്കണക്കിന് രൂപ വിവിധ പദ്ധതികൾ മുഖേന പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാരുകൾ ചെലവഴിച്ചുവെങ്കിലും അവരുടെ ജീവിത നിലവാരം പരിതാപകരമായി തുടരുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) കമ്മ്യൂണിറ്റി കിച്ചൻ നടപ്പിലാക്കിയെങ്കിലും ആദിവാസികൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും

സാധിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അട്ടപ്പാടിയിലെ ശിശുമരണം കുറയ്ക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ഡി) ആദിവാസി ഊരുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗക്കാരിൽ ചില സമുദായങ്ങളുടെ ജീവിത നിലവാരം പൊതുസമൂഹത്തിന്റെ നിലവാരത്തെക്കാൾ വളരെ പിറകിലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജീവിതശൈലി, തൊഴിലില്ലായ്മ, ദുർഘട പ്രദേശങ്ങളിലെ താമസം, പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ എന്നിവ വികസന പ്രവർത്തനങ്ങളിൽ ഇപ്പോഴും വിഘാതം സൃഷ്ടിക്കുന്നുണ്ട്. ഇവ തരണം ചെയ്യുന്നതിനുള്ള പദ്ധതികൾ അതീവ ജാഗ്രതയോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വ്യാപകമായ വിദ്യാഭ്യാസ പ്രവർത്തനത്തിലൂടെയും നൈപുണ്യ വികസനത്തിലൂടെയും തൊഴിൽ നേടുവാൻ പ്രാപ്തരാക്കിയും കാർഷിക മേഖലയിൽ മെച്ചപ്പെട്ട ഇടപെടൽ നടത്തിയും ഇവരുടെ ജീവിതനിലവാരം ഉയർത്തിക്കൊണ്ടുവരാനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പുതിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുമായി ഊരുകളിൽ സാമൂഹിക പഠനമുറി, പട്ടികവർഗ്ഗക്കാർ ഏറ്റവും കൂടുതലുള്ള വയനാട് ജില്ലയിലെ വൈത്തിരി, മാനന്തവാടി, സുൽത്താൻ ബത്തേരി താലൂക്കുകളിലായി 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ടി.ടി.സി./ബി.എഡ്./ഡി.എഡ്. പാസ്സായ പട്ടികവർഗ്ഗക്കാരെ അദ്ധ്യാപകരായി നിയമിക്കുന്ന 'ഗോത്രബന്ധു' പദ്ധതി, അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം, പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസവും ആരോഗ്യവും ഉറപ്പുവരുത്തുന്നതിനായി പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനിയായ എൽ.ഐ.സി.-യുമായി സഹകരിച്ച് ഗോത്ര വാത്സല്യനിധി, തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരിവിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക, പോഷകാഹാര പുനരധിവാസ പ്രചരണ പരിപാടി, എല്ലാ പട്ടികവർഗ്ഗക്കാർക്കും ആധുനിക വൈദ്യസഹായം എത്തിക്കുകയെന്ന ലക്ഷ്യത്തോടുകൂടി മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ, വിവിധ ജില്ലകളിലെ പട്ടികവർഗ്ഗ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനായി സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി, KIIFB മുഖേന വിവിധ ജില്ലകളിൽ എം.ആർ.എസ്./ഹോസ്റ്റലുകളുടെ നിർമ്മാണം.

കൂടാതെ വയനാട് ഗോത്ര ഭാഷാ പഠന കേന്ദ്ര പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) അട്ടപ്പാടി മേഖലയിൽ കമ്മ്യൂണിറ്റി കിച്ചൻ നടപ്പിലാക്കിയതുകാരണം ആദിവാസികൾക്കിടയിലെ പോഷകാഹാരക്കുറവ് ഒരു പരിധിവരെ പരിഹരിക്കുന്നതിനും ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ടെന്ന് 2013-നുശേഷമുള്ള ശിശുമരണ നിരക്ക് വ്യക്തമാക്കുന്നുണ്ട്. 2013-ൽ അട്ടപ്പാടി മേഖലയിലെ പട്ടികവർഗ്ഗ ശിശുമരണം 31 ആയിരുന്നത് 2017-ൽ 14 ആയി കുറയ്ക്കാൻ സാധിച്ചു. ആദിവാസി ശിശു മരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി പ്രതിമാസ കുത്തിവയ്പ്പ് നൽകൽ, നവജാത ശിശു സംരക്ഷണ സൗകര്യം എന്നിവ അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നടത്തിവരുന്നു. കൂടാതെ പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസികരോഗ-ക്ഷയരോഗ-അരിവാൾ രോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റ്, 24 മണിക്കൂർ കാഷ്വാലിറ്റി - ലാബ്, മരുന്നുവിതരണ സംവിധാനങ്ങൾ, ഐ.സി.യു. സംവിധാനം, സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തിയേറ്റർ, രക്തബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയും ടി ആശുപത്രിയിൽ നടത്തിവരുന്നു. ഇതിനുപുറമെ മൂന്ന് ന്യൂട്രീഷൻ റിഹാബിലിറ്റേഷൻ സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്.

(ഡി) പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന ഊരുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, പ്രധാനമായും ഹാംലെറ്റ് വികസന പദ്ധതി, ട്രൈബൽ റീ-ഹാബിലിറ്റേഷൻ ആന്റ് ഡെവലപ്മെന്റ് മിഷൻ, അഡീഷണൽ ട്രൈബൽ സബ് പ്ലാൻ (എ.റ്റി.എസ്.പി.) സമഗ്ര വികസന പദ്ധതി, നബാർഡ് (RIDF), കോർപ്പസ് ഫണ്ട് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിവരുന്നത്.

## നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം

25 (798) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി വിഭാഗത്തിൽ എത്ര പേർക്ക് ചികിത്സാ സഹായം നൽകി; ചികിത്സാ സഹായ ഇനത്തിൽ ഓരോ സാമ്പത്തിക വർഷത്തിലും ആകെ നൽകിയ തുക എത്ര;

(ബി) പട്ടികജാതി വിഭാഗത്തിന് ചികിത്സാധനസഹായമായി പരമാവധി എത്ര തുക വരെ അനുവദിക്കാൻ കഴിയും;

(സി) 2016-17, 2017-18 കാലയളവിൽ ഈ ഇനത്തിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ എത്ര പേർക്ക് കൂടുതൽ തുക നൽകിയിട്ടുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം പട്ടികജാതി വിഭാഗത്തിൽ 796 ഗുണഭോക്താക്കൾക്കും 2017-18 സാമ്പത്തിക വർഷം പട്ടികജാതി വിഭാഗത്തിൽ 550 ഗുണഭോക്താക്കൾക്കും ചികിത്സാ സഹായം നൽകിയിട്ടുണ്ട്. ചികിത്സാ സഹായ ഇനത്തിൽ 2016-17 സാമ്പത്തിക വർഷം മണ്ഡലത്തിൽ ആകെ നൽകിയ തുക 1,22,97,500 രൂപ, 2017-18 സാമ്പത്തിക വർഷം ഇതുവരെ ആകെ നൽകിയ തുക 94,91,000 രൂപ.

(ബി) പട്ടികജാതി വിഭാഗത്തിന് ചികിത്സാ ധനസഹായമായി പരമാവധി 50,000 രൂപ വരെയും മാരക രോഗങ്ങൾക്ക് ചികിത്സയിലിരിക്കുന്നവർക്ക് ആശുപത്രി മുഖേന ഒരു ലക്ഷം രൂപ വരെയും അനുവദിക്കുന്നു.

(സി) 2016-17, 2017-18 കാലയളവിൽ നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ 6 ഗുണഭോക്താക്കൾക്ക് കൂടുതൽ തുക നൽകിയിട്ടുണ്ട്.

## എസ്.സി./എസ്.ടി. ചികിത്സാ ധനസഹായം

26 (799) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ നിയോജക മണ്ഡലത്തിൽ നിന്നും എസ്.സി./എസ്.ടി. ചികിത്സാ ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ നിയോജക മണ്ഡലത്തിൽനിന്നും പട്ടികജാതി വിഭാഗക്കാരുടെ 1031 അപേക്ഷകളും പട്ടികവർഗ്ഗ വിഭാഗക്കാരുടെ 8 അപേക്ഷകളും ചികിത്സാ ധനസഹായത്തിനായി ലഭിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗക്കാരായ 931 പേർക്കും പട്ടികവർഗ്ഗ വിഭാഗക്കാരായ മുഴുവൻ അപേക്ഷകർക്കും ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്.

## ചികിത്സാ ധനസഹായം

27 (800) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ എത്ര ലക്ഷം രൂപയുടെ ചികിത്സാ ധനസഹായം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾ തിരിച്ചും താലൂക്കുകൾ തിരിച്ചും അനുവദിക്കപ്പെട്ട ചികിത്സാ ധനസഹായങ്ങളുടെ വിവരം ലഭ്യമാക്കാമോ?

### ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ പട്ടികജാതി വിഭാഗത്തിൽ 1,38,31,350 (ഒരു കോടി മുപ്പത്തിയെട്ട് ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി മുന്നൂറ്റി അമ്പത് രൂപ മാത്രം) രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽ 91,59,850 (തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി അൻപത്തൊൻപതിനായിരത്തി എണ്ണൂറ്റി അൻപത് രൂപ മാത്രം) രൂപയും ചികിത്സാ ധനസഹായമായി നൽകിയിട്ടുണ്ട്.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അനുവദിക്കപ്പെട്ട ചികിത്സാ ധനസഹായം താലൂക്ക് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

പട്ടികജാതി വിഭാഗം

| താലൂക്ക് | ഗുണഭോക്താക്കളുടെ എണ്ണം | |
|---|---|---|
| | 2016-17 | 2017-18 |
| മഞ്ചേശ്വരം | 109 | 57 |
| കാസർഗോഡ് | 264 | 124 |
| ഹോസ്ദുർഗ്ഗ് | 231 | 144 |
| വെള്ളരിക്കുണ്ട് | 45 | 17 |
| ആകെ | 649 | 342 |

<u>പട്ടികവർഗ്ഗ വിഭാഗം</u>

| താലൂക്ക് | ഗുണഭോക്താക്കളുടെ എണ്ണം | |
|---|---|---|
| | 2016-17 | 2017-18 |
| വെള്ളരിക്കുണ്ട് | 289 | 269 |
| കാസർഗോഡ് | 213 | 208 |
| കാഞ്ഞങ്ങാട് | 168 | 116 |
| മഞ്ചേശ്വരം | 178 | 145 |
| ആകെ | 848 | 738 |

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ ചികിത്സാ ധനസഹായം**

28 (801) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ ചികിത്സാ ധനസഹായത്തിനായുള്ള നടപടിക്രമങ്ങൾ ഓൺലൈൻ രീതിയിലേക്ക് മാറ്റിയതുമൂലം ഉണ്ടായിട്ടുള്ള പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതിനും ഓൺലൈനായി അപ് ലോഡ് ചെയ്യുന്നതിനുമുള്ള സാങ്കേതിക ക്രമീകരണങ്ങൾ ബ്ലോക്ക് പട്ടികജാതി ഓഫീസുകളിൽ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) അക്ഷയ സെന്ററുകൾ ഈ അപേക്ഷകൾ ഓൺലൈനായി അപ് ലോഡ് ചെയ്യുന്നതിന് വൻതുക ഫീസ് ഈടാക്കുന്നതുമൂലം പാവപ്പെട്ട പട്ടികജാതിക്കാർ ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) എം.എൽ.എ.-മാർ മുഖേന നൽകുന്ന അപേക്ഷകൾ സെക്രട്ടേറിയറ്റിൽത്തന്നെ ഓൺലൈനായി പ്രോസസ്സ് ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പുമുഖേന ചികിത്സാ ധനസഹായം ഓൺലൈനായി വിതരണം ചെയ്യുന്നതുമൂലം പ്രശ്നങ്ങളുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ധനസഹായം അതിവേഗം വിതരണം ചെയ്യാൻ t-grantz-ലൂടെ കഴിയുന്നുണ്ട്.

നിലവിൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ t-grantz പദ്ധതി നടപ്പാക്കിത്തുടങ്ങിയിട്ടില്ല. ഓൺലൈൻ സമ്പ്രദായമായ t-grantz പദ്ധതിയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി പട്ടികവർഗ്ഗ വികസന വകുപ്പിൽ നടപ്പിലാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതിനുള്ള സാങ്കേതിക ക്രമീകരണങ്ങൾ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകർക്ക് സ്വന്തമായോ അക്ഷയകേന്ദ്രങ്ങൾ മുഖേനയോ അപേക്ഷകൾ അപ്‌ലോഡ് ചെയ്യാവുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അക്ഷയ സെന്ററുകളിൽ ഇതിനായി ഫീസ് നൽകേണ്ടതില്ല. അപ്‌ലോഡ് ചെയ്യുന്നതിന്റെ ഫീസ് അക്ഷയയ്ക്ക് വകുപ്പ് നൽകുന്നതാണ്.

(ഡി) നിലവിൽ പരിഗണനയിലില്ല.

## ഒറ്റപ്പാലം മണ്ഡലത്തിലെ പട്ടികജാതി വിഭാഗക്കാർക്ക് അനുവദിച്ച ചികിത്സാ ധനസഹായം

29 (802) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗക്കാരുടെ ചികിത്സാ ധനസഹായവുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര തുക ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ അപേക്ഷകർക്ക് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) 1 /7/ 2017 മുതൽ അനുവദിച്ച തുകയുടെ വിവരവും അപേക്ഷകരുടെ വിലാസവും ലഭ്യമാക്കാമോ ?

ഉത്തരം

(എ) പട്ടികജാതി വിഭാഗക്കാരുടെ ചികിത്സാ ധനസഹായത്തിനായി ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ 143 ഗുണഭോക്താക്കൾക്കായി 23,95,000 രൂപ നടപ്പു വർഷം അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) 1-7-2017 മുതൽ 14,09,500 രൂപ അനുവദിച്ചിട്ടുണ്ട്. ധനസഹായം അനുവദിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ കണ്ടുവരുന്ന ആരോഗ്യപ്രശ്നങ്ങൾ**

30 (803) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ കണ്ടുവരുന്ന ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടത്തിയ ഹരികിരണം മെഡിക്കൽ ക്യാമ്പുകൾ വിജയകരമായിരുന്നോ എന്ന് വ്യക്തമാക്കാമോ ;

(ബി) 2017 -ൽ ഏതെങ്കിലും പട്ടികജാതി കോളനിയിൽ പ്രസ്തുത മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചിരുന്നോ എന്ന് വെളിപ്പെടുത്താമോ ;

(സി) ഇത്തരം പദ്ധതികൾ നടപ്പിലാക്കിയിട്ടും വിവിധ കോളനികളിൽ വിളർച്ച, ജീവിത ശൈലീരോഗങ്ങൾ, ലഹരി ഉപയോഗം എന്നിവ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങളിലെ വ്യത്യസ്ത രോഗാവസ്ഥയിലുള്ള രോഗികൾക്ക് പ്രത്യേക പരിചരണവും ചികിത്സയും നിരന്തരമായി എത്തിക്കുന്നതിനുള്ള സംവിധാനം ലഭ്യമാക്കുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പട്ടികജാതി കോളനികളിൽ നടപ്പാക്കിയ ഹരികിരണം മെഡിക്കൽ ക്യാമ്പുകൾ വിജയകരമായിരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പട്ടികവർഗ്ഗ കോളനികളിൽ ഹരികിരണം മെഡിക്കൽ ക്യാമ്പുകൾ നടത്തിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2017-ൽ പട്ടികജാതി കോളനികളിൽ ക്യാമ്പുകൾ നടത്തിയിട്ടുണ്ട്. വിശദവിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ട സ്ഥലങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കോളനികളിൽ ഓരോ ഹോമിയോ ഹെൽത്ത് സെന്ററുകൾ വീതം വകുപ്പിന്റെ ധനസഹായത്തോടെ പ്രവർത്തിച്ചുവരുന്നു. ലഹരി ഉപയോഗം തടയാനും പ്രാഥമിക ആരോഗ്യപ്രശ്നങ്ങൾ കണ്ടുപിടിച്ച് പരിഹരിക്കാനും വിമുക്തി പോലുള്ള പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. ചികിത്സയ്ക്ക് ആവശ്യമായ ചെലവുകൾക്ക് ആരോഗ്യ ഇൻഷ്വറൻസും വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുള്ള ധനസഹായവും രോഗികൾക്ക് നൽകിവരുന്നു.

**ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം**

31 (804) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും കാലതാമസം കൂടാതെ ധനസഹായം ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഓൺലൈൻ വഴിയുള്ള അപേക്ഷ അക്ഷയ കേന്ദ്രങ്ങൾ വഴി സമർപ്പിക്കുമ്പോൾ അപേക്ഷകർ ഫീസ് നൽകേണ്ടതുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും പട്ടികജാതിക്കാർക്ക് ചികിത്സാ ധനസഹായം കാലതാമസം കൂടാതെ ലഭ്യമാക്കാൻ ഓൺലൈൻ (t-grantz) സംവിധാനം ആരംഭിച്ചിട്ടുണ്ട്. അപേക്ഷകന് സ്വന്തമായോ അക്ഷയകേന്ദ്രങ്ങൾ വഴിയോ ഓൺലൈൻ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓൺലൈനായി അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ രജിസ്റ്റർ ചെയ്ത ഇ-മെയിൽ ഐ.ഡി.-യിലേയ്ക്കും ഫോൺ നമ്പരിലേയ്ക്കും അപേക്ഷ നമ്പറും മറ്റ് വിവരങ്ങളും അടങ്ങുന്ന സന്ദേശം ലഭിക്കുന്നതാണ്. അപേക്ഷ നമ്പർ ഉപയോഗിച്ച് അപേക്ഷയുടെ പുരോഗതി അറിയാൻ സാധിക്കും. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് അക്ഷയ കേന്ദ്രങ്ങളിൽ അപേക്ഷകന് യാതൊരുവിധ ഫീസും നൽകേണ്ടതില്ല. ആയതിനാവശ്യമായ തുക വകുപ്പിൽനിന്നും അക്ഷയ കേന്ദ്രങ്ങൾക്ക് നൽകുന്നതാണ്.

പ്രസ്തുത പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പിൽക്കൂടി നടപ്പാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.

## അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

32 (805) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അട്ടപ്പാടി മേഖലയിൽ ശിശുമരണങ്ങൾ വർദ്ധിച്ചതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ശിശുമരണങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) ജനനീ ജന്മരക്ഷ പദ്ധതി പോലുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടും ശിശുമരണം തുടരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്ക് പോഷകാഹാരം ഉറപ്പുവരുത്തുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2013-ൽ അട്ടപ്പാടി മേഖലയിൽ ആദിവാസി ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ യൂണിസെഫ്, ഡോ. ഇക്ബാൽ കമ്മിറ്റി, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, തൃശ്ശൂർ മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ നേതൃത്വത്തിലുള്ള സംഘം, ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷ്യൻ എന്നീ സംഘങ്ങൾ അട്ടപ്പാടി മേഖലയിൽ പഠനം നടത്തിയിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ ശിശുമരണം സംബന്ധിച്ച് പാലക്കാട് മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മുഖേന ഒരു സമഗ്ര പഠനം നടത്തുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(സി) അമ്മമാരുടെ പോഷകാഹാരക്കുറവുമൂലം തൂക്കക്കുറവോടുകൂടി ജനിക്കുന്ന കുഞ്ഞുങ്ങളാണ് പ്രധാനമായും മരണപ്പെട്ടിരുന്നത്. ഇത്തരം കുഞ്ഞുങ്ങൾക്ക് ജന്മനാലോ പിന്നീടോ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുണ്ടായിരുന്നതായി ആരോഗ്യ വകുപ്പ് ഇതുസംബന്ധിച്ച റിപ്പോർട്ടുകളിൽ വ്യക്തമാക്കിയിട്ടുണ്ട്.

വീടുകളിൽ നടന്നിരുന്ന പ്രസവം, കുടുംബത്തിൽനിന്നും പ്രസവപരിചരണം ലഭിക്കാതിരുന്നത്, ചികിത്സാ വൈമുഖ്യം, മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസ്സം തുടങ്ങിയവയായിരുന്നു പ്രധാന കാരണങ്ങൾ. കൂടാതെ ചെറുപ്രായത്തിലുള്ള വിവാഹം, രക്തബന്ധത്തിലുള്ളവർ തമ്മിലുള്ള വിവാഹം, തുടർച്ചയായുള്ള ഗർഭധാരണം എന്നിവയൊക്കെ ശിശുമരണങ്ങൾക്ക് കാരണമാകാറുണ്ട്. പദ്ധതി നിർവ്വഹണം നടത്തി ശക്തമായ ബോധവൽക്കരണ നടപടികളിലൂടെ ഇതിനുള്ള പരിഹാരവും പുരോഗതിയും ഉണ്ടാകുന്നുണ്ട്.

(ഡി) പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യ സഹായ പദ്ധതി, അട്ടപ്പാടി മേഖലയിൽ പാകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു.

സാമൂഹ്യനീതി വകുപ്പിൻകീഴിൽ അങ്കണവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകിവരുന്നു. പ്രീ-സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവ വിതരണം ചെയ്യുന്നു. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായി സബല കിറ്റുകൾ വിതരണം നടത്തുന്നു. പോഷകാഹാര അപര്യാപ്തതയുള്ളവരെ കണ്ടെത്തി സപ്ലിമെന്ററി ന്യൂട്രീഷ്യൻ പ്രോഗ്രാം നടപ്പിലാക്കിവരുന്നു. കുട്ടികൾക്കായി അമൃതം ന്യൂട്രിമിക്സ് വിതരണം നടത്തുന്നു. ആരോഗ്യ വകുപ്പ് മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും അയൺ ഫോളിക് ആസിഡ് ഗുളികകൾ വിതരണം നടത്തുകയും ചെയ്യുന്നു.

അട്ടപ്പാടിയിലെ പരമ്പരാഗത കൃഷി രീതികളെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പുമായി സഹകരിച്ച് "മില്ലറ്റ് വില്ലേജ്" എന്ന പദ്ധതി നടപ്പിലാക്കുന്നു.

അട്ടപ്പാടി മേഖലയിൽ പോഷകാഹാരക്കുറവുമൂലമുള്ള അസുഖങ്ങളുടെ ചികിത്സയ്ക്കായി 3 NRC (Nutrition Rehabilitation Centre)-കളും പ്രവർത്തിക്കുന്നു.

സിക്കിൾസെൽ അനീമിയ രോഗികൾക്ക് മരുന്ന്, മറ്റ് ജീവനോപാധികൾ എന്നിവ വാങ്ങുന്നതിലേയ്ക്കായി പ്രതിമാസം 2,500 രൂപ വീതം സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതിയും ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പ്രതിമാസം 1,000 രൂപ വീതം 18 മാസത്തേയ്ക്ക് നൽകുന്ന ജനനീ ജന്മരക്ഷാ പദ്ധതിയും പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നു.

കൂടാതെ സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾ

33 (806) ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ പദ്ധതികളിലൂടെ വളരെയധികം പണം ചെലവഴിച്ചിട്ടും സംസ്ഥാനത്ത് ഇപ്പോഴും ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾ ഉണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടികജാതി കുടുംബങ്ങൾക്കെല്ലാം വാസയോഗ്യവും അടച്ചുറപ്പുള്ളതുമായ വീട് നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) പട്ടികജാതി വിഭാഗങ്ങൾക്ക് വീട് അനുവദിക്കുവാൻ തീരുമാനിച്ചിട്ടുള്ളത് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണോ എന്ന് വ്യക്തമാക്കാമോ ;

(ഡി) പട്ടികജാതി വിഭാഗങ്ങളുടെ വാസയോഗ്യമല്ലാത്ത വീടുകൾ നന്നാക്കുന്നതിന് അനുവദിക്കുന്ന തുക വളരെ കുറവായതിനാൽ അത് കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മുൻകാലങ്ങളിൽ സംസ്ഥാനത്തെ മുഴുവൻ പട്ടികജാതി ഭവനരഹിത കുടുംബങ്ങൾക്കും വീട് അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ ഭവനരഹിത പട്ടികജാതി കുടുംബങ്ങളുണ്ട്. എന്നാൽ ഈ പ്രശ്നം പരിഹരിക്കാനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലൈഫ് പദ്ധതി പ്രഖ്യാപിക്കുകയും അതിലൂടെ ഭവനരഹിത കുടുംബങ്ങളുടെ പ്രശ്നം പരിഹരിക്കാനും ശ്രമിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ ഭവനരഹിതരായ സ്വന്തമായി ഭൂമിയുള്ള പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 3 ലക്ഷം രൂപ ധനസഹായം നൽകിവരുന്നു. പ്രസ്തുത തുക നിശ്ചിത 4 ഗഡുക്കളായി (15%, 30%, 40%, 15%) ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു. ഈ സർക്കാർ വന്നശേഷം 2016-17-ൽ 15000 വീടുകളും 2017-18 വർഷം 7000 പുതിയ വീടുകളും നിർമ്മിക്കുന്നതിന് ഭൗതികലക്ഷ്യം നിശ്ചയിച്ചു നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2016-17 വർഷം വരെ അനുവദിച്ച വീടുകളിൽ പൂർത്തിയാകാതെ അവശേഷിക്കുന്ന 25773 വീടുകളിൽ 6738 വീടുകളും നടപ്പുവർഷം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ലൈഫ് മിഷൻ പദ്ധതി പ്രകാരം 2015-16 വർഷം വരെ അനുവദിച്ച വീടുകളിൽ പൂർത്തിയാകാതെ അവശേഷിക്കുന്ന വീടുകളുടെ പൂർത്തീകരണം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. എന്നാൽ ഇതിനുപുറമെ 2017-18 വർഷം വകുപ്പു മുഖേന 7000 പുതിയ വീടുകൾ നിർമ്മിക്കുന്നതിന് ഭൗതികലക്ഷ്യം നിശ്ചയിച്ചുനൽകുകയും അതിന്റെയടിസ്ഥാനത്തിൽ 5248 പേർക്ക് ഒന്നാം ഗഡുവും 764 പേർക്ക് രണ്ടാം ഗഡുവും 59 പേർക്ക് മൂന്നാം ഗഡുവും നൽകിയിട്ടുണ്ട്. 7 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) പട്ടികജാതി വിഭാഗങ്ങളുടെ വീടുകളുടെ നവീകരണത്തിനായി ഭവന പുനരുദ്ധാരണ ധനസഹായ പദ്ധതി പ്രകാരം നൽകി വരുന്ന 50,000 രൂപ ധനസഹായം 1,00,000 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

### ജപ്തി നടപടി നേരിടുന്നവരെ സഹായിക്കാൻ പദ്ധതി

34 (807) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ആവശ്യങ്ങൾക്കായി ലോൺ എടുക്കുകയും ആയത് തിരിച്ചടയ്ക്കാൻ സാധിക്കാതെ ജപ്തി നടപടികൾ നേരിടുകയും ചെയ്യുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ സഹായിക്കാൻ പ്രത്യേക പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31-3-2010-ന് തിരിച്ചടവ് പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ കുടിശ്ശികയായ ഒരു ലക്ഷം രൂപ വരെ എഴുതിത്തള്ളുന്നതിന് 30-3-2015-ലെ സ.ഉ.(പി) നമ്പർ 24/2015/പ.ജ.പ.വ.വി.വ. നമ്പർ ഉത്തരവ് പ്രകാരം പ്രത്യേക പദ്ധതി നിലവിലുണ്ട്.

പട്ടികവർഗ്ഗക്കാർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 1-4-2006 മുതൽ 31-3-2014 വരെയുള്ള കാലയളവിൽ തിരിച്ചടവ് കാലാവധി തീർന്നതുമായ വായ്പകൾ പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി വായ്പ എഴുതിത്തള്ളുന്ന പ്രത്യേക പദ്ധതിയും നിലവിലുണ്ട്.

(ബി) സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31-3-2010-ന് തിരിച്ചടവ് പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ കുടിശ്ശികയായ ഒരു ലക്ഷം രൂപ വരെ എഴുതിത്തള്ളുന്നതിന് 30-3-2015-ലെ സ.ഉ.(പി) നമ്പർ 24/2015/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. വരുമാന പരിധി 1.5 ലക്ഷം രൂപവരെയുള്ള വ്യക്തികളുടെ വായ്പാ കുടിശ്ശികയാണ് എഴുതിത്തള്ളുന്നത്. ഒരു വ്യക്തിയുടെ ഒരു വായ്പാ കുടിശ്ശിക മാത്രമേ പദ്ധതി പ്രകാരം എഴുതിത്തള്ളുകയുള്ളൂ. ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള കുടിശ്ശികത്തുക വ്യക്തി നേരിട്ട് അടയ്ക്കേണ്ടതാണ്. വരുമാനം, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം നിശ്ചിത മാതൃകയിലുള്ള അപേക്ഷ ബന്ധപ്പെട്ട വായ്പാ സ്ഥാപനത്തിന് സമർപ്പിക്കേണ്ടതാണ്.

സ.ഉ.(അ) നമ്പർ 71/2015/പജപവവിവ തീയതി 1-10-2015 പ്രകാരം പട്ടികവർഗ്ഗക്കാർ വിവിധ ധനകാര്യസ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 1-4-2006 മുതൽ 31-3-2014 വരെയുള്ള കാലയളവിൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ (മുതലും പലിശയും പിഴപ്പലിശയും മറ്റ് ചെലവുകളും ഉൾപ്പെടെ) എഴുതിത്തള്ളുന്ന പദ്ധതി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ പദ്ധതി പ്രകാരമുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. അപേക്ഷകൻ/അപേക്ഷക പട്ടികവർഗ്ഗത്തിൽപ്പെട്ട ആളായിരിക്കണം.
2. ഒരു കുടുംബത്തിലെ ഒരാൾക്ക് മാത്രമേ പദ്ധതിയുടെ പ്രയോജനം ലഭിക്കുകയുള്ളൂ.
3. മുതൽ, പലിശ, പിഴപ്പലിശ, മറ്റ് ചെലവുകൾ എന്നിവ ഉൾപ്പടെ നിശ്ചിത തീയതിയിൽ ഒരു ലക്ഷം രൂപയുടെ ഉള്ളിൽ വരുന്ന വായ്പകൾ മാത്രം
4. കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, സ്വയംതൊഴിൽ വായ്പ (വ്യക്തിഗത വായ്പകൾ) വിവാഹാവശ്യത്തിനുള്ള വായ്പ, സ്വർണ്ണപ്പണയത്തിന്മേലുള്ള കാർഷിക വായ്പ എന്നിവയിലുള്ള കുടിശ്ശികകൾ പരിഗണിക്കും (മുൻഗണനാക്രമത്തിൽ)
5. സഹകരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സർക്കാർ വകുപ്പുകൾ, ദേശസാൽകൃത ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽനിന്നും എടുത്തിട്ടുള്ള ക്രമനമ്പർ 4 പ്രകാരമുള്ള വായ്പകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

6. 1-4-2006 മുതൽ 31-3-2014 വരെയുള്ള കാലയളവിൽ തിരിച്ചടവ് കാലാവധി തീർന്ന വായ്പകൾ
7. കേന്ദ്ര/സംസ്ഥാന സർക്കാർ വകുപ്പുകൾ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡ്/കോർപ്പറേഷനുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, ബാങ്കിംഗ് മേഖല, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സേവനമനുഷ്ഠിക്കുന്നവരുടെ വായ്പ പരിഗണിക്കുകയില്ല.
8. അപേക്ഷകന്റെ കുടുംബത്തിൽ ആരെങ്കിലും ക്രമനമ്പർ 7 പ്രകാരമുള്ള സേവനമനുഷ്ഠിക്കുന്നുണ്ടെങ്കിൽ ടി അപേക്ഷകൾ പരിഗണിക്കുന്നതല്ല.
9. ഈ പദ്ധതിയിൽ പരിഗണിക്കുന്നതിനായി വായ്പയുമായി ബന്ധപ്പെട്ട ബാങ്കിംഗ് രേഖ, റേഷൻ കാർഡിന്റെ പകർപ്പ്, ജാതി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം.
10. അപേക്ഷകളിൽ ബന്ധപ്പെട്ട ടി.ഇ.ഒ.-യുടെ അഭിപ്രായക്കുറിപ്പ് രേഖപ്പെടുത്തണം.
11. ക്രമനമ്പർ 4 പ്രകാരമുള്ള വായ്പകളിൽ ഒരു കുടുംബത്തിൽ ഒരു അപേക്ഷകന്റെ ഒരു വായ്പ മാത്രമേ ഒരു സാമ്പത്തികവർഷത്തിൽ പരിഗണിക്കുകയുള്ളൂ.
12. വായ്പാ തുക, മുതൽ, പലിശ, പിഴപ്പലിശ എന്നിവയുൾപ്പെടെ ഒരു ലക്ഷത്തിൽ അധികരിച്ച വരികയാണെങ്കിൽ അപേക്ഷകൻ അധികരിച്ചുവരുന്ന തുക ആദ്യം ബന്ധപ്പെട്ട സ്ഥാപനത്തിൽ അടച്ചുതീർത്ത് തെളിവ് ഹാജരാക്കുന്നപക്ഷം അവശേഷിക്കുന്ന ഒരു ലക്ഷം രൂപയ്ക്ക് ഈ പദ്ധതിപ്രകാരം ഇളവ് ലഭിക്കുന്നതാണ്.

**കോട്ടയം, മണിമല പഞ്ചായത്തിൽ പട്ടികജാതി വകുപ്പിനുകീഴിലുള്ള ഭൂമി**

35 (808) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ മണിമല പഞ്ചായത്തിൽ പട്ടികജാതി വകുപ്പിന്റെ ഉടമസ്ഥതയിൽ ഭൂമി ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത ഭൂമിയുടെ അളവ് എത്രയെന്ന് വ്യക്തമാക്കാമോ, ഏതൊക്കെ സർവ്വേ നമ്പറുകളിലാണ് പ്രസ്തുത ഭൂമിയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഭൂമിയിൽ ഇപ്പോൾ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഭൂമിയിൽ ഉപയോഗിക്കാതെ കിടക്കുന്ന പ്രദേശം എത്ര വിസ്തൃതി വരുമെന്ന് അളന്ന് തിട്ടപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. 90 സെന്റ് കറികാട്ടൂർ ക്ലപ്പ് - II

കോളനി റീ-സർവേ നമ്പർ - 21

2. 3 ഏക്കർ - കറികാട്ടൂർ - III

കോളനി റീ-സർവേ നമ്പർ - 212

(സി) 1. കറികാട്ടൂർ ക്ലപ്പ് - II കോളനിയിൽ 90 സെന്റ് സ്ഥലം പൊതുഭൂമിയായി കിടക്കുന്നു.

2. 1.50 ഏക്കർ - പ്രൈമറി ഹെൽത്ത് സെന്റർ

0.50 ഏക്കർ - റബ്ബർ നേഴ്സറിക്കായി നീക്കിവച്ചിരിക്കുന്നു.

0.15 ഏക്കർ - അങ്കണവാടി

0.30 ഏക്കർ - കമ്മ്യൂണിറ്റി ഹാൾ

0.10 ഏക്കർ - വിജ്ഞാൻവാടി

0.45 ഏക്കർ - പൊതുഭൂമിയായി അവശേഷിക്കുന്നു.

(ഡി) പൊതുഭൂമി അളന്നുതിട്ടപ്പെടുത്തിയിട്ടുണ്ട്.

**പിന്നോക്ക വികസന കോർപ്പറേഷൻ മേഖലാ ഓഫീസ്**

36 (809) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വികസന കോർപറേഷന്റെ മേഖലാ ഓഫീസ് നെയ്യാറ്റിൻകരയിൽ ആരംഭിക്കുന്നതിന്റെ നടപടി എന്തായി എന്ന് വിശദീകരിക്കാമോ;

(ബി) പിന്നോക്ക വികസന കോർപ്പറേഷൻ മേഖലാ ഓഫീസ് 2018 മാർച്ചിന് മുൻപ് ആരംഭിക്കാൻ കഴിയുമോ;

(സി) മേഖലാ ഓഫീസിൽ എത്ര തസ്തികകൾ ഉണ്ട്; അവ ഏതൊക്കെയാണ്; വിശദമാക്കാമോ ;

(ഡി) മേഖലാ ഓഫീസിന്റെ കീഴിൽ വരുന്ന ഉദ്യോഗസ്ഥർക്ക് ശമ്പളം നൽകുന്ന വകയിൽ ധനകാര്യവകുപ്പിന് സാമ്പത്തിക ബാധ്യത ഉണ്ടാകുമോയെന്ന് വിശദമാക്കാമോ;

(ഇ) മേൽപ്പറഞ്ഞ മേഖലാ ഓഫീസ് മുഖേന പിന്നോക്ക സമുദായങ്ങൾക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ നൽകാൻ കഴിയും എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാരിന്റെ പരിഗണനയിലാണ്.

(ബി - ഇ) ബാധകമല്ല.

## കുട്ടനാട് നിയോജകമണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിനായുള്ള പദ്ധതികൾ

37 (810) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജകമണ്ഡലത്തിൽ കൃഷി പണി ചെയ്ത് ജീവിതം കഴിയ്ക്കുന്ന പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിന് സ്റ്റേറ്റ് അടിസ്ഥാനത്തിൽ ഉണ്ടാക്കുന്ന മാനദണ്ഡത്തിന് അനുസരിച്ച് പദ്ധതികൾ ക്രമപ്പെടുത്താൻ സാധിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ മണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനം സാധ്യമാകുന്നവിധത്തിൽ പ്രത്യേക പരിഗണന നൽകി പദ്ധതികൾ നടപ്പാക്കാനുള്ള സാഹചര്യം സാധ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിലവിൽ കുട്ടനാട് മണ്ഡലത്തിൽ സ്റ്റേറ്റ് അടിസ്ഥാനത്തിലുള്ള മാനദണ്ഡങ്ങൾ പ്രകാരം പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിന് വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. പ്രത്യേക സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പട്ടികജാതി പട്ടികവർഗ്ഗ വികസന പദ്ധതികൾക്കുള്ള കേന്ദ്രസർക്കാർ ഫണ്ട്

38 (811) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന പദ്ധതികൾക്ക് കേന്ദ്ര സർക്കാർ 2016-17, 2017-18 എന്നീ വർഷങ്ങളിൽ അനുവദിച്ച ഫണ്ട് എത്രയാണ് എന്ന് വ്യക്തമാക്കുമോ; അതിൽ 2016-17 ലും 2017 ഡിസംബർ 31 വരെയും എത്ര തുക വിനിയോഗിച്ചു ; വിശദാംശം നൽകുമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ വികസന പദ്ധതികൾക്കായി 2016-ൽ കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ട് ലാപ്സ് ആക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17 വർഷത്തിൽ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 64.72 കോടി രൂപയുടെ കേന്ദ്രധനസഹായവും 2017-18 വർഷത്തിൽ 31.96 കോടി രൂപയുടെ കേന്ദ്രധനസഹായവും ലഭ്യമായിട്ടുണ്ട്. 2016-17 വർഷത്തിൽ ലഭ്യമായ കേന്ദ്രധനസഹായം മൊത്തമായും ചെലവഴിച്ചിട്ടുണ്ട്. 2017-18 വർഷം പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സംസ്ഥാനം ആകെ 166.82 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന പദ്ധതികൾക്ക് കേന്ദ്രസർക്കാർ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ വകയിരുത്തിയതും ചെലവഴിച്ചതുമായ തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കേന്ദ്രാവിഷ്കൃത പദ്ധതികൾ | 2016-17 | | 2017-18 | |
|---|---|---|---|---|---|
| | | കേന്ദ്ര സർക്കാർ അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക | കേന്ദ്ര സർക്കാർ അനുവദിച്ച തുക | ചെലവഴിച്ച തുക (ഡിസംബർ വരെ) |
| (1) | (2) | (3) | (4) | (5) | (6) |
| 1 | എസ്.സി.എ. ടു. റ്റി.എസ്.എസ്. | 808.09 | 808.09 | 521.86 | 233.53 |
| 2 | ആർട്ടിക്കിൾ 275(1) | 695.58 | 695.58 | 221.76 | 69.9 |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 3 | പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് | *3122.00 | 2500 | 2494.46 | 2200 |
| 4 | പ്രീ-മെട്രിക് സ്കോളർഷിപ്പ് | *796.40 | 368.54 | - | 240.08 |
| | ആകെ | 5422.07 | 4372.21 | 3238.08 | 2743.51 |

*സംസ്ഥാന സർക്കാർ മുൻ മൂന്ന് വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ കുടിശ്ശിക തുകയാണ് കേന്ദ്രം അനുവദിച്ചത്.

(ബി) ഫണ്ട് ലാപ്സാക്കിയിട്ടില്ല.

**മോഡൽ റസിഡൻഷ്യൽ സ്കൂൾ**

39(812) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോത്ത് തുടങ്ങുമെന്ന് പ്രഖ്യാപിച്ച മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) നിയമപരമായ നടപടികൾ പൂർത്തീകരിച്ച്, ഏത് അധ്യയന വർഷം മുതൽ സ്കൂൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) സ്കൂൾ തുടങ്ങുന്നതിന് വിദ്യാഭ്യാസ വകുപ്പിൽ നിന്ന് അനുമതി ആവശ്യമാണോ; ആവശ്യമാണെങ്കിൽ അതിന്റെ നടപടികൾ ഏതുവരെയായെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ നിർമ്മാണത്തിനായി കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ പെരിങ്ങോം വില്ലേജിൽ റീസർവ്വേ നമ്പർ 52/16 പ്രകാരമുള്ള 4.0470 ഹെക്ടർ ഭൂമി പട്ടികജാതി വികസന വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്. കെട്ടിടം നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസൽ കിഫ്ബി മുമ്പാകെ സമർപ്പിക്കുകയും സോപാധിക അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി & സി) സ്കൂൾ തുടങ്ങുന്നതിന് വിദ്യാഭ്യാസ വകുപ്പിൽനിന്നുള്ള അനുമതി ആവശ്യമാണ്. ആയതിലേയ്ക്കാവശ്യമായ നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പിൽ സ്വീകരിച്ചുവരുന്നുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് 2018-19 വർഷം മുതൽ സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കുട്ടമ്പുഴയിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ

40 (813) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴയിൽ 16 ആദിവാസി കോളനികളിൽ നിന്നുമുള്ള കുട്ടികൾക്ക് നാട്ടിൽ നിന്ന് പഠിക്കുന്നതിന് മോഡൽ റസിഡൻഷ്യൽ സ്കൂൾ ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കുട്ടികൾക്ക് നാട്ടിൽ നിന്ന് പഠിക്കുന്നതിന് ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

### ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ ഏതെങ്കിലും ചില ആദിവാസി സങ്കേതങ്ങൾക്ക് മാത്രമായി എം.ആർ.എസ്. സംവിധാനം ഏർപ്പെടുത്തുന്ന രീതി നിലവിലില്ല. എന്നാൽ കുട്ടമ്പുഴയിലെ 16 സങ്കേതങ്ങളിലെ വിദ്യാർത്ഥികൾക്ക് 8 കിലോമീറ്റർ ചുറ്റളവിനുള്ളിൽ പഠന സൗകര്യമില്ലെങ്കിൽ അതിനായി സമീപത്തെ സ്കൂളിനടുത്ത് ഹോസ്റ്റൽ സൗകര്യം ഒരുക്കുകയോ സ്കൂൾ ആരംഭിക്കുകയോ ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്.

## എസ്.സി., എസ്.ടി. കോളനികളുടെ ഉന്നമനത്തിനായി പദ്ധതികൾ

41 (814) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് നിയോജകമണ്ഡലത്തിൽ എത്ര എസ്.സി., എസ്.ടി. കോളനികളാണ് നിലവിൽ ഉള്ളത്; കോളനികളുടെ ഉന്നമനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) നിയോജക മണ്ഡലത്തിലെ രണ്ട് എസ്. സി. കോളനികൾ, ഒരു എസ്.ടി. കോളനി ഇവയെ വകുപ്പിന്റെ പ്രത്യേക പദ്ധതികളിൽ ഉൾപ്പെടുത്തി സമഗ്ര വികസനത്തിനായി ഭരണാനുമതി നൽകിയതിനു ശേഷം നാളിതുവരെയായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ആരാണ് പ്രവൃത്തി ചെയ്യുന്നത്; ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഏറനാട് നിയോജകമണ്ഡലത്തിൽ അരീക്കോട് ബ്ലോക്കിൽ വരുന്ന ഏഴ് പഞ്ചായത്തുകളിലായി 287 പട്ടികജാതി കോളനികളുണ്ട്. കോളനികളുടെ ഉന്നമനത്തിനായി അംബേദ്കർ ഗ്രാമവികസന പരിപാടി, കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള കുടിവെള്ള പദ്ധതി, ഭവനസംരക്ഷണ പദ്ധതി എന്നിവ നടപ്പാക്കിവരുന്നു.

ഏറനാട് നിയോജകമണ്ഡലത്തിൽ 57 പട്ടികവർഗ്ഗ കോളനികളുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽപ്പെടുത്തി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഏറനാട് നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പരിപാടിയിലേയ്ക്ക് 2 പട്ടികജാതി കോളനികളെ തെരഞ്ഞെടുത്തിരുന്നു. ഇതിൽ വെള്ളാമ്പുറം പട്ടികജാതി കോളനിയിൽ നിർവ്വഹണ ഏജൻസി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ജില്ലാ നിർമ്മിതി കേന്ദ്രമാണ് പ്രവൃത്തി ചെയ്യുന്നത്. തൈക്കുന്നത്ത് കോളനിയിൽ 40 കുടുംബങ്ങൾ ഇല്ലാത്തതിനാൽ ടി കോളനി പരിഗണിക്കാൻ കഴിയില്ല. പകരം കോളനിയെ തെരഞ്ഞെടുത്ത് നൽകാൻ ബഹുമാനപ്പെട്ട എം.എൽ.എ.-യോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ഏറനാട് നിയോജകമണ്ഡലത്തിലെ പാറേക്കാട് പട്ടികവർഗ്ഗ കോളനിയിൽ സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലാ നിർമ്മിതി കേന്ദ്രയെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുണ്ട്.

## എസ്.സി./എസ്.ടി. കോളനികൾ

42 (815) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ ഉണ്ട്; അവയുടെ പേരും സ്ഥലവും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കോളനികളിൽ താമസിക്കുന്ന എത്ര പേർക്ക് ഇനി വീട് വച്ച് കൊടുക്കുവാൻ ഉണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പാട്ടകാലാവധി കഴിഞ്ഞ സർക്കാർ ഭൂമി തിരികെ ഏറ്റെടുത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും, പരിവർത്തിത ക്രിസ്ത്യൻ വിഭാഗങ്ങൾക്കും 2 ഏക്കർ ഭൂമി വീതം ഓരോ കുടുംബങ്ങൾക്കും നൽകുന്ന കാര്യം പ്രത്യേകമായി പരിഗണിയ്ക്കുമോ; വിശദാംശങ്ങൾ വെളിപെടുത്തുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പും തദ്ദേശസ്ഥാപനങ്ങളും കിലയും സംയുക്തമായി നടത്തിയ സർവ്വേ റിപ്പോർട്ട് പ്രകാരം കേരളത്തിൽ 26342 പട്ടികജാതി കോളനികൾ/സങ്കേതങ്ങൾ ഉണ്ട്. 50-ൽ കൂടുതൽ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളുടെ വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർക്കുന്നു*.

2008-ലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കുടുംബങ്ങളുടെ സർവ്വേ പ്രകാരം കേരളത്തിലാകെ 4762 പട്ടികവർഗ്ഗ സങ്കേതങ്ങളുണ്ട്. അവയുടെ പേരും സ്ഥലവും ഉൾപ്പെടെയുള്ള വിശദവിവരം അനുബന്ധം -II ആയി ചേർക്കുന്നു.

(ബി) പട്ടികജാതി സങ്കേതങ്ങളിൽ താമസിക്കുന്ന 30918 പേർക്ക് ഇനി വീട് വച്ച് കൊടുക്കാനുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും ലൈഫ് മിഷൻ പദ്ധതി പ്രകാരം വീട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പാട്ടക്കാലാവധി കഴിഞ്ഞ ഭൂമിയുടെ ലഭ്യതയ്ക്കനുസരിച്ച് മാത്രമേ തീരുമാനം കൈക്കൊള്ളാനാവൂ.

## താനൂർ നഗരസഭയിലെ കോളനി നവീകരണം

43(816) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നഗരസഭയിലെ അംബേദ്കർ കോളനി, നിരമരുതൂർ പഞ്ചായത്തിലെ കോരങ്ങത്ത് കോളനി എന്നിവയുടെ നവീകരണ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോളനികളുടെ നവീകരണം പൂർത്തിയാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ;

(സി) കോളനികളുടെ നവീകരണം എപ്പോൾ പൂർത്തിയാക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) കാലയളവ് ദീർഘിപ്പിച്ച് പദ്ധതി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) താനൂർ നഗരസഭയിലെ അംബേദ്കർ കോളനി, നിറമരുതൂർ പഞ്ചായത്തിലെ കോരങ്ങത്ത് കോളനി എന്നിവയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രവൃത്തികൾ ഉടൻ ആരംഭിക്കാൻ നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി & ഡി) എം.ഒ.യു. ഒപ്പുവച്ചാൽ ആറുമാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**പുനരധിവാസ പദ്ധതി**

44(817) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലെ ചെറുനെല്ലി കോളനിക്കാരുടെ പുനരധിവാസ പദ്ധതി ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കുമോ;

(ബി) ദുരിതപൂർണ്ണമായ ജീവിതം നയിക്കുന്ന ഇവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിൽപ്പെട്ട ചെറുനെല്ലി കോളനിയിൽ 17 കാടർ കുടുംബങ്ങളിലായി 52 പേർ താമസിക്കുന്നു. ചെറുനെല്ലി കോളനി നിവാസികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 25-8-2016-ന് ബഹുമാനപ്പെട്ട നെന്മാറ എം.എൽ.എ., ജില്ലാ കളക്ടർ, അസിസ്റ്റന്റ് കളക്ടർ, റവന്യൂ ഡിവിഷണൽ ഓഫീസർ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, മറ്റ് വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥന്മാർ എന്നിവരടങ്ങുന്ന ഒരു സംഘം കോളനി സന്ദർശിക്കുകയും പരാതികൾക്ക് പരിഹാരം കാണുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളെ ചുമതലപ്പെടുത്തുകയുമുണ്ടായി. 2006-ലെ കേന്ദ്രവനാവകാശ നിയമപ്രകാരം ഇവർ താമസിക്കുന്ന പ്രദേശത്ത് വനാവകാശ നിയമ പ്രകാരമുള്ള അവകാശങ്ങളെല്ലാം നൽകിക്കഴിഞ്ഞശേഷം സമഗ്ര പുനരധിവാസ പദ്ധതി നടപ്പിലാക്കി പുനരധിവസിപ്പിക്കേണ്ടതാണ്. ഇതിനായി എല്ലാവർക്കും വനാവകാശരേഖ നൽകുന്നതിനും ശാസ്ത്രീയ പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിനും പുനരധിവാസം സംബന്ധിച്ച അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും ജില്ലാ കളക്ടർ പാലക്കാട് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി കോളനി സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റ് ലഭിക്കാത്ത കോളനി നിവാസികൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുകയുണ്ടായി.

## കോഴിക്കോട് ജില്ലയിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി

45 (818) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കാര്യങ്ങൾ വിശദമാക്കാമോ; എത്ര പട്ടികജാതി കോളനികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നത്;

(ബി) കോഴിക്കോട് ജില്ലയിൽ ഈ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; ജില്ലയിൽ വിവിധ മണ്ഡലങ്ങളിൽ നിന്നായി ഈ പദ്ധതിയിലേയ്ക്ക് നിർദ്ദേശിക്കപ്പെട്ട കോളനികൾ ഏതെല്ലാമാണെന്നും നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങൾ നടന്നുവെന്നും വിശദമാക്കാമോ?

ഉത്തരം

(എ) അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം താഴെപ്പറയുന്ന പ്രവൃത്തികളാണ് നടപ്പിലാക്കിവരുന്നത്.

1. ഇന്റേണൽ റോഡ്/ഫുട്പാത്ത്
2. ആശയവിനിമയ സൗകര്യം
3. കുടിവെള്ള സൗകര്യങ്ങൾ
4. ഡ്രെയിനേജ് സൗകര്യങ്ങൾ
5. വൈദ്യുതീകരണം/വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം
6. സോളാർ തെരുവ് വിളക്ക്
7. സാനിട്ടേഷൻ
8. ഭവന പുനരുദ്ധാരണം
9. മാലിന്യ നിർമ്മാർജ്ജനം
10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)
11. സംരക്ഷണ ഭിത്തി നിർമ്മാണം
12. ഇറിഗേഷൻ
13. അടുക്കളത്തോട്ടം
14. വരുമാനദായകപദ്ധതികളായ മൃഗസംരക്ഷണം/ ഹോർട്ടികൾച്ചർ/ വീവിംഗ്/ കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതി)

ഒരു നിയോജകമണ്ഡലത്തിൽനിന്നും 2 കോളനികൾ വീതം വച്ച് 280 കോളനികളെ തെരഞ്ഞെടുത്ത് വികസനം നടത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

249 കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്. 196 കോളനികൾക്ക് പദ്ധതികൾ നടപ്പാക്കുന്നതിനായി 50 ലക്ഷം രൂപ വീതം അനുവദിച്ചു.

(ബി) കോഴിക്കോട് ജില്ലയിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള 16 കോളനികളിൽ ലഭ്യമായിട്ടുള്ള 10 എണ്ണത്തിന്റെയും എസ്റ്റിമേറ്റ് അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിയിലേയ്ക്ക് നിർദ്ദേശിക്കപ്പെട്ട കോളനികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കേണ്ടതിനാൽ എസ്റ്റിമേറ്റുകൾ ലഭ്യമാക്കുവാൻ മീറ്റിംഗ് കൂടി കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## പട്ടികജാതി കോളനികളുടെ വികസനം

46 (819) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെയായി പട്ടികജാതി കോളനികളുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും എത്ര രൂപ വീതം ചെലവഴിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി കോളനികളുടെ വികസനത്തിനായി അംബേദ്കർ ഗ്രാമ വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 280 സങ്കേതങ്ങളെ തെരഞ്ഞെടുക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. അതിനുപുറമെ കോർപ്പസ് ഫണ്ടിലും വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) അംബേദ്കർ ഗ്രാമവികസന പദ്ധതിക്കായി അനുവദിച്ച തുക ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 13,50,00,000 |
| കൊല്ലം | 9,50,00,000 |
| പത്തനംതിട്ട | 4,50,00,000 |
| ആലപ്പുഴ | 5,00,00,000 |
| കോട്ടയം | 7,00,00,000 |
| ഇടുക്കി | 2,50,00,000 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | |
|---|---|
| എറണാകുളം | 11,00,00,000 |
| തൃശ്ശൂർ | 11,00,00,000 |
| പാലക്കാട് | 12,00,00,000 |
| മലപ്പുറം | 7,50,00,000 |
| കോഴിക്കോട് | 6,50,00,000 |
| വയനാട് | 2,00,00,000 |
| കണ്ണൂർ | 2,00,00,000 |
| കാസർഗോഡ് | 4,00,00,000 |
| ആകെ | 98,00,00,000 |

**പട്ടികജാതി കോളനികളുടെ വികസനം**

47(820) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പട്ടികജാതിക്കാരുടെ ഉന്നമനത്തിനും പട്ടികജാതി കോളനികളുടെ വികസനത്തിനുമായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി എന്ന് വിശദമാക്കാമോ;

(ബി)പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) 1-4-2016 മുതൽ 31-12-2017 വരെ ചെലവഴിച്ച തുകയുടെ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയതിലൂടെ എത്ര കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, വിദേശ തൊഴിൽ ധനസഹായം, സ്വയംതൊഴിൽ പദ്ധതി, ഭൂരഹിത പുനരധിവാസം, ഭവന നിർമ്മാണം, ദുർബ്ബല വിഭാഗങ്ങളുടെ ഉന്നമനം, ചികിത്സാ ധനസഹായം എന്നീ ക്ഷേമപദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയാണ് സങ്കേതവികസന പരിപാടികൾ, റോഡുകൾ, കുടിവെള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നത്. കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ വിവരം അനുബന്ധം 1 ആയി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 1-4-2016 മുതൽ 31-12-2017 വരെ വിവിധ പദ്ധതികൾക്കായി 6,64,68,348 രൂപ ചെലവഴിച്ചു.

(സി) അനുബന്ധം II ആയി ഉൾപ്പെടുത്തിയിരിക്കുന്നു*.

(ഡി) 846 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചു.

**പട്ടികജാതി വകുപ്പിന്റെ കീഴിലുള്ള പൊതുസ്ഥലം**

48(821) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ പട്ടികജാതി വകുപ്പിന്റെ കീഴിലുള്ള ജവഹർ കോളനിയിയുടെ പൊതുസ്ഥലം ഫയർ സ്റ്റേഷന് ലഭ്യമാക്കുന്നതിനായി ഫയർ ആന്റ് റസ്ക്യൂ വകുപ്പിന്റെ അപേക്ഷയിൽ എടുത്ത നടപടികൾ വ്യക്തമാക്കാമോ ;

(ബി) നിലമ്പൂർ ഫയർ സ്റ്റേഷൻ കെട്ടിടത്തിനായി പട്ടികജാതി / പട്ടികവർഗ്ഗ വകുപ്പിന് നൽകിയ നിവേദനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ഉള്ളതെന്ന് വിശദമാക്കാമോ; നടപടി വേഗത്തിൽ പൂർത്തീകരിക്കുമോ?

ഉത്തരം

(എ & ബി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള നിലമ്പൂർ ജവഹർ കോളനിയിലെ പൊതുസ്ഥലത്തിൽ 50 സെന്റ് ഫയർ ആന്റ് റസ്ക്യൂ വകുപ്പിന് വിട്ടുനൽകുന്നതിന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം എം.ആർ.എസ്./ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിന് അനുയോജ്യമായതിനാൽ ഈ സ്ഥലം വിട്ടുനൽകാൻ കഴിയില്ലെന്ന് റവന്യൂ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

**പട്ടികജാതി വിഭാഗക്കാരുടെ ഭവന മെയിന്റനൻസിനുള്ള ധനസഹായം**

49(822) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗക്കാരുടെ ഭവന മെയിന്റനൻസിന് (ലക്ഷംവീട് കുടുംബങ്ങളുൾപ്പെടെ) നൽകിവരുന്ന ധനസഹായം സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി കാരണം തടസ്സപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഭവന പുനരുദ്ധാരണം/അഡീഷണൽ റൂം പദ്ധതിക്ക് സാമ്പത്തിക സഹായം നൽകുന്നതിൽ തടസ്സം നേരിട്ടിട്ടില്ല. 2013-14 മുതൽ 2016-17 വർഷം വരെ ധനസഹായം അനുവദിച്ച 7167 ഗുണഭോക്താക്കളിൽ 01.04.2017-ന് സ്പിൽ ഓവറായി 4506 പേർ ഉണ്ടായിരുന്നു. അതിൽ 3498 വീടുകൾ നടപ്പുവർഷം പൂർത്തിയായിട്ടുണ്ട്.

(ബി) ബാധകമല്ല.

**അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

50 (823) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം ഏതെല്ലാം എസ്.സി. കോളനികളിലാണ് നവീകരണ പദ്ധതികൾ നടപ്പാക്കിയത്;

(ബി) ഓരോ ഗ്രാമത്തിലും എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയെന്നും എത്ര തുക വിനിയോഗിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) പദ്ധതി നടത്തിപ്പിന്റെ പുരോഗതി വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പാലമുറ്റം പട്ടികജാതി കോളനിയെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) പദ്ധതികൾ ആവിഷ്കരിച്ചു വരികയാണ്. പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(സി) അംബേദ്കർ ഗ്രാമപദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ജില്ലയിൽ മീറ്റിംഗ് വിളിച്ചുകൂട്ടി നിർവ്വഹണ ഏജൻസിയെക്കൊണ്ട് എസ്റ്റിമേറ്റ് എടുപ്പിക്കുന്നതിന് ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**കൾവെർട്ടിന് അപ്രോച്ച് റോഡ്**

51 (824) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിൽ പട്ടികജാതി കുടുംബങ്ങൾ

താമസിക്കുന്ന പരുത്തിത്തറ കോളനിയിൽ പണിതിട്ടുള്ള കൾവർട്ടിന് അപ്രോച്ച് റോഡ് പണിയാത്തതുമൂലം കോളനി നിവാസികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൾവെർട്ടിന് അപ്രോച്ച് റോഡ് പണിയാത്തതിന് കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) കൊച്ചി കോർപ്പറേഷന്റെ പട്ടികജാതി ഉപപദ്ധതിയിലാണ് കൾവർട്ടിന്റെ പ്രവൃത്തി ഉൾപ്പെടുത്തിയത്. കൾവർട്ട് നിർമ്മാണം മാത്രമേ 2016-17 പദ്ധതിയിൽ കോർപ്പറേഷൻ ഉൾപ്പെടുത്തിയിരുന്നുള്ളൂ. ആയതിന് ഫീസിബിലിറ്റി നൽകുകയും പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. റോഡ് നിർമ്മാണം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. മാത്രവുമല്ല, അപ്രോച്ച് റോഡ് പണിയുന്നതിന് വർക്കിംഗ് ഗ്രൂപ്പിലോ വികസന സമിതി സെമിനാറിലോ ആരും ആവശ്യപ്പെട്ടിരുന്നില്ല. ആയതിനാൽ മറ്റ് ബുദ്ധിമുട്ടികൾ ശ്രദ്ധയിൽ വന്നിട്ടില്ല.

(സി) നിലവിൽ റോഡ് നിർമ്മാണത്തിനുള്ള പദ്ധതി കോർപ്പറേഷന്റെ ഉപപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## മൂവാറ്റുപുഴയിലെ പട്ടികജാതി കോളനികൾ

52 (825) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികൾ ഉണ്ടെന്നും ഓരോ കോളനിയിലും എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളനികളിലെ റോഡ്, കുടിവെള്ള ക്ഷാമം എന്നിവ പരിഹരിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മൂവാറ്റുപുഴയിലെ കോളനികൾക്കായി എന്തൊക്കെ പദ്ധതികളാണ് അനുവദിച്ചതെന്നും നടപ്പിലാക്കിയതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിരിക്കുന്നു*.

(ബി) മാനദണ്ഡങ്ങളനുസരിച്ച് ഇത്തരം പദ്ധതികൾ കോർപ്പസ് ഫണ്ട് പദ്ധതികളിൽ ഉൾപ്പെടുത്തി വരുന്നുണ്ട്.

(സി) 2016-17 സാമ്പത്തിക വർഷം കോർപ്പസ് പദ്ധതിയിലുൾപ്പെടുത്തി ചെങ്ങറ പട്ടികജാതി കോളനിയിലെ റോഡ് മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് എന്നീ പദ്ധതികൾക്കായി 22,65,514 രൂപ അനുവദിക്കുകയും പ്രസ്തുത പദ്ധതികൾ പുരോഗമിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ കാടൻപാറ കൊള്ളിക്കാട്ടുശ്ശേരി കോളനി തെരഞ്ഞെടുത്തിട്ടുമുണ്ട്. പദ്ധതി പ്രവൃത്തികൾ ആവിഷ്കരിച്ച് വരുന്നു.

## പത്തനംതിട്ട ജില്ല-കോർപ്പസ് ഫണ്ടിൽനിന്നുമുള്ള പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി

53 (826) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ എസ്.സി./എസ്.ടി. വിഭാഗങ്ങളിലായി കോർപ്പസ് ഫണ്ടിൽ നിന്നും കഴിഞ്ഞ 3 വർഷം അനുവദിക്കപ്പെട്ട പ്രവൃത്തികളുടെ പേരും തുകയും ബ്ലോക്ക്, പഞ്ചായത്ത്, വർഷം എന്നിവ തിരിച്ച് വ്യക്തമാക്കാമോ; ഇവയിൽ നിർമ്മാണം പൂർത്തിയാക്കിയവ ഏതൊക്കെ; ബാക്കിയുള്ള പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി ശതമാനക്കണക്കിൽ ലഭ്യമാക്കാമോ;

(ബി) 2018-ലെ കോർപ്പസ് ഫണ്ടിൽ നിന്നും അനുവദിക്കുന്ന പ്രവൃത്തികളുടെ പട്ടിക തയ്യാറാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുണ്ടോ; ഏത് സമയത്താണ് ഇത്തരത്തിലുള്ള പ്രവൃത്തികളുടെ പട്ടിക തയ്യാറാക്കി നൽകാറുള്ളത്;

(സി) ഇതു സംബന്ധിച്ച പ്രവൃത്തികളുടെ പട്ടിക തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ട എം.എൽ.എ.-മാരുടെ നിർദ്ദേശം കൂടി പരിഗണിക്കാൻ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ കോർപ്പസ് ഫണ്ടുകളിൽനിന്നും കഴിഞ്ഞ 3 വർഷങ്ങളിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ യഥാക്രമം അനുബന്ധം I, അനുബന്ധം II ആയി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2018-ലെ കോർപ്പസ് ഫണ്ടിൽനിന്നും പുതിയതായി അനുവദിക്കുന്ന പ്രവൃത്തികളുടെ പട്ടിക തയ്യാറാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടില്ല. പട്ടികജാതി വകുപ്പിൽ ജില്ലകൾക്ക് കോർപ്പസ് ഫണ്ടിന്റെ മൂന്നിലൊന്ന് തുക അനുവദിച്ചുകൊണ്ട് ഉത്തരവ് നൽകുന്ന മുറയ്ക്കാണ് പ്രവൃത്തികളുടെ പട്ടിക തയ്യാറാക്കുന്നത്. എന്നാൽ വർഷാരംഭത്തിൽത്തന്നെ പട്ടികവർഗ്ഗ വികസന വകുപ്പ് ഊരുകൂട്ടം കൂടി ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ജൂൺ 30-ന് മുൻപ് തന്നെ എല്ലാ പദ്ധതികൾക്കും ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുമുള്ള നിർദ്ദേശം ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്.

(സി) പദ്ധതി രൂപീകരണ സമയത്ത് ബഹുമാനപ്പെട്ട എം.എൽ.എ. ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെ അഭിപ്രായം പരിഗണിക്കാറുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ വായ്പാ കുടിശ്ശിക

54 (827) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വായ്പാ കുടിശ്ശികകൾ എഴുതിത്തള്ളിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ലക്ഷം രൂപ എഴുതിത്തള്ളിയിട്ടുണ്ടെന്ന് പ്രത്യേകം പ്രത്യേകം ജില്ല തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പട്ടികജാതി വിഭാഗം: പട്ടികജാതി വിഭാഗക്കാരുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നതിനായി 2016-17 വർഷം അനുവദിച്ച് നൽകിയ 88,53,64,000 രൂപയിൽ നാളിതുവരെ 82,98,57,064 രൂപ ചെലവഴിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 1 ആയി ചേർക്കുന്നു*.

പട്ടികവർഗ്ഗവിഭാഗം: പട്ടികവർഗ്ഗക്കാർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 1-4-2006 മുതൽ 31-3-2014 വരെയുള്ള തിരിച്ചടവ് കാലാവധി തീർന്നതുമായ ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി എഴുതിത്തള്ളുന്ന പദ്ധതി നടപ്പാക്കിവരുന്നു. ആയതുപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടം എഴുതിത്തള്ളിയവരുടെ വിവരം അനുബന്ധം 2 ആയി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഗോത്ര വാത്സല്യനിധി പദ്ധതി

55(828) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ പെൺകുട്ടികളുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന ഗോത്ര വാത്സല്യനിധി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഇതിനകം എത്രപേർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിയെന്ന് അറിയിക്കാമോ ;

(സി) പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ എന്തെങ്കിലും സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ & ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതി ലക്ഷ്യമാക്കി 'ഗോത്രവാത്സല്യ നിധി' എന്ന പേരിൽ സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് സ.ഉ. (സാധാ) നമ്പർ 2341/2017 പ.ജ.പ.വ.വി.വ. തീയതി, 22-9-2017 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരിശോധിച്ചുവരികയാണ്.

1-4-2017 മുതൽ ജനിച്ച പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 800 പെൺകുട്ടികളെ ആദ്യഘട്ടത്തിൽ ഇൻഷ്വർ ചെയ്യുന്നതായിരിക്കും.

(സി) ഇൻഷ്വറൻസ് പ്രീമിയമായി അടയ്ക്കുന്ന മുഴുവൻ തുകയും സംസ്ഥാന പദ്ധതിയിൽനിന്നാണ് നൽകുന്നത്. ഇതിന് കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായം ലഭ്യമല്ല.

## നവജാത ഗോത്രവർഗ്ഗ പെൺകുഞ്ഞുങ്ങൾക്ക് ഇൻഷ്വറൻസ് പദ്ധതി

56(829) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്രവർഗ്ഗത്തിൽപ്പെട്ട നവജാത പെൺകുഞ്ഞുങ്ങൾക്ക് 16 വയസ്സ് പൂർത്തിയാകുമ്പോൾ മൂന്ന് ലക്ഷം രൂപ ലഭിക്കുന്ന ഇൻഷ്വറൻസ് പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതി ലക്ഷ്യമാക്കി 'ഗോത്രവാത്സല്യ നിധി' എന്ന പേരിൽ സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് സ.ഉ. (സാധാ)നമ്പർ 2341/2017 പ.ജ.പ.വ.വി.വ. തീയതി, 22-9-2017 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരിശോധിച്ചുവരികയാണ്.

**പട്ടികഗോത്ര വിഭാഗങ്ങളിലെ ടി.ടി.സി.-ബി.എഡ്. പാസ്സായവർക്ക് ജോലി**

57 (830) ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്രവർഗ്ഗഭാഷാ പരിജ്ഞാനമുള്ള പട്ടിക ഗോത്ര വിഭാഗങ്ങളിൽ ടി.ടി.സി - ബി.എഡ് പാസ്സായ മുഴുവൻപേർക്കും ജോലി നൽകണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതനുസരിച്ച് ഇതുവരെ എത്രപേർക്ക് ജോലിനൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഗോത്രഭാഷയിൽ അദ്ധ്യയനം നടത്തുമ്പോൾ ഗോത്രമേഖലയിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) പട്ടികഗോത്ര വിഭാഗങ്ങളിലെ ടി.ടി.സി., ബി.എഡ്. പാസ്സായ എല്ലാവർക്കും ജോലി നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഗോത്രവർഗ്ഗ ഭാഷാ പരിജ്ഞാനമുള്ള പട്ടിക ഗോത്ര വിഭാഗങ്ങളിൽ ടി.ടി.സി./ബി.എഡ്./ഡി.എഡ് പാസ്സായ പട്ടികവർഗ്ഗക്കാരിൽനിന്നും അഭിമുഖത്തിലൂടെ തെരഞ്ഞെടുക്കുന്നവരെ ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരായി നിയമിക്കുന്ന പദ്ധതിയായ 'ഗോത്രബന്ധു' പദ്ധതി പ്രകാരം വയനാട് ജില്ലയിലെ വൈത്തിരി, മാനന്തവാടി, സുൽത്താൻബത്തേരി താലൂക്കുകളിലായി 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഓരോ മെന്റർ ടീച്ചർമാരെ 2017-18 അദ്ധ്യയന വർഷം നിയമിച്ചിട്ടുണ്ട്. അട്ടപ്പാടിയിലെ 26 സ്കൂളുകളിലേയ്ക്കുകൂടി ഈ പദ്ധതി വ്യാപിപ്പിക്കുകയാണ്. സംസ്ഥാന വ്യാപകമായി നടപ്പാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) ഗോത്രഭാഷയിൽ അദ്ധ്യയനം നടത്തുന്നതുവഴി ഗോത്രമേഖലയിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. 2016-17-ൽ വയനാട് ജില്ലയിൽ 1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിച്ചിരുന്ന 359 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൊഴിഞ്ഞുപോയിരുന്നു. എന്നാൽ ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 2017-18 വർഷത്തിൽ കൊഴിഞ്ഞുപോക്ക് 321 ആയി കുറയ്ക്കാൻ കഴിഞ്ഞു.

## കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ എസ്.ടി. പ്രൊമോട്ടർമാരുടെ ക്ഷാമം

58 (831) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വിഭാഗത്തിലുള്ള രോഗികളുടെ സഹായത്തിനും സേവനത്തിനുമായി കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ആവശ്യത്തിന് എസ്.ടി പ്രൊമോട്ടർമാരില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ എത്ര എസ്.ടി പ്രൊമോട്ടർമാരുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) എസ്.ടി പ്രൊമോട്ടർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ 4 ഹെൽത്ത് പ്രൊമോട്ടർമാരെയാണ് നിയമിച്ചിരിക്കുന്നത്. ആവശ്യത്തിന് പ്രൊമോട്ടർമാർ ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് താമരശ്ശേരി താലൂക്ക് ആശുപത്രിയിൽനിന്ന് 2 ഹെൽത്ത് പ്രൊമോട്ടർമാരെക്കൂടി മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിയമിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ 36 എസ്.ടി. പ്രൊമോട്ടർമാരും 10 ഹെൽത്ത് പ്രൊമോട്ടർമാരുമാണുള്ളത്. ആയതിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ 6 പേരെയും കോഴിക്കോട് മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ 2 പേരെയും താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ 2 പേരെയും ഹെൽത്ത് പ്രൊമോട്ടറായി നിയമിച്ചിട്ടുണ്ട്.

(സി) പട്ടികവർഗ്ഗ പ്രൊമോട്ടർമാർ ആവശ്യമായി വരുന്ന സാഹചര്യത്തിൽ എസ്.ടി. പ്രൊമോട്ടർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക സ്കോളർഷിപ്പ്

59(832) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവേശന പരീക്ഷയില്ലാതെ ബിരുദം ഉൾപ്പെടെയുള്ള കോഴ്സുകൾക്ക് പ്രവേശനം നേടുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ സ്കോളർഷിപ്പ് തുക എത്രയാണെന്നും സ്കോളർഷിപ്പ് ലഭിക്കുന്നതിനു വേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയെന്നും വിശദീകരിക്കുമോ;

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠിക്കാൻ ധനസഹായം ലഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കാമോ; ഈ സർക്കാരിന്റെ കാലത്ത് ഇപ്രകാരം ധനസഹായം അനുവദിച്ചതിന്റെ വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ബിരുദം ഉൾപ്പെടെയുള്ള പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് ഫീസ് ആനുകൂല്യങ്ങൾക്ക് പുറമെ സർക്കാർ ഉത്തരവ് (പി) നമ്പർ 4/2016/പ.ജ.പ.വ.വി.വ. തീയതി 23-07-2016 പ്രകാരം ലംപ്സം ഗ്രാന്റ്, 820 രൂപ മുതൽ 2,570 രൂപ വരെയുള്ള വ്യത്യസ്ത നിരക്കുകളിൽ നൽകിവരുന്നു. ഇ-ഗ്രാന്റ്സ് വഴിയാണ് പ്രസ്തുത ആനുകൂല്യം വിതരണം ചെയ്യുന്നത്.

പ്രതിമാസ സ്റ്റൈപ്പന്റ്

8 കിലോമീറ്ററിനുള്ളിൽ 630 രൂപയും 8 കിലോമീറ്ററിന് മുകളിൽ 750 രൂപയുമാണ് സ്റ്റൈപ്പന്റ് നൽകിവരുന്നത്. ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് യഥാർത്ഥ ഭക്ഷണ ചെലവിന് പുറമെ പ്രതിമാസ പോക്കറ്റ് മണിയും നൽകുന്നു (നിലവിൽ 190 രൂപ). സ.ഉ.(പി)നമ്പർ 50/09/പജപവവിവ തീയതി 2-7-2009-ലെ വ്യവസ്ഥകൾക്കനുസരിച്ച് പട്ടികജാതി/പട്ടികവർഗ്ഗ/ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നു. ഇതിനായുള്ള അപേക്ഷ ഇ-ഗ്രാന്റ്സ് സൈറ്റിൽ ഓൺലൈനായി നൽകണം. സ്ഥാപനംവഴി ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

സ്വാശ്രയ കോളേജുകളിലെ മെറിറ്റിലും റിസർവേഷനിലും അല്ലാത്ത സീറ്റുകളിൽ പഠിക്കുന്നവർക്കും മറ്റ് Recognised/Unaided സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും 2.5 ലക്ഷം രൂപ വരുമാന പരിധിക്ക് വിധേയമായി ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് നൽകിവരുന്നു.

(സി) വിദേശപഠനത്തിനുള്ള സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(കൈ)നമ്പർ 81/17/പ.ജ.പ.വ.വി.വ. തീയതി 4-10-2017 അനുബന്ധമായി ചേർക്കുന്നു*.

ഈ സർക്കാരിന്റെ കാലത്ത് 2 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശപഠനത്തിന് ധനസഹായം നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വിദ്യാർത്ഥിയുടെ പേര് | രാജ്യത്തിന്റെ പേര് | തുക അനുവദിച്ച വർഷം | വിദ്യാർത്ഥികൾക്ക് അനുവദിച്ച തുക (രൂപ) |
|---|---|---|---|
| ബിനേഷ്. ബി (കാസർഗോഡ്) | യു.കെ. | 2015-16 | 32,000 |
| | | 2016-17 | 1,50,000 |
| സന്ദീപ് കെ.ആർ. (വയനാട്) | ന്യൂസിലാന്റ് | 2017-18 | 19,34,615 |

## തൊഴിൽ നൈപുണ്യ പരിശീലനം

60 (833) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ യുവതീ യുവാക്കളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി അവർക്ക് വ്യാവസായിക സ്ഥാപനങ്ങളിൽ തൊഴിൽ നൈപുണ്യ പരിശീലനം നല്കുന്ന കാര്യം ആലോചിക്കുന്നുണ്ടോ;

(ബി) വിദേശത്തേക്ക് തൊഴിൽ തേടിപ്പോകാൻ അവരെ പ്രാപ്തരാക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ യുവതീയുവാക്കൾക്ക് വ്യവസായ സ്ഥാപനങ്ങളിൽ തൊഴിൽ നൈപുണ്യ പരിശീലനം നൽകിവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നിലവിൽ വിദേശത്തേയ്ക്ക് തൊഴിൽ തേടിപ്പോകുന്ന പട്ടികജാതി യുവതിയുവാക്കൾക്ക് വിസ സംബന്ധമായ ചെലവുകൾക്ക് ഒരു ലക്ഷം രൂപ അനുവദിക്കുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ IELTS/TOEFL, NEP (Nursing Eligibility Programme), Skill Training Programme for Oil and Rig എന്നീ വിദേശ തൊഴിൽ നേടാൻ സഹായമായ കോഴ്സുകളിലും വകുപ്പ് പരിശീലന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. പരിശീലനം പൂർത്തിയാക്കുന്ന മുറയ്ക്ക് വിദേശ തൊഴിൽ ലഭ്യമാക്കുന്നതിനുവേണ്ട സാമ്പത്തിക സഹായം നൽകുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ യുവതീയുവാക്കളെ സംസ്ഥാനത്തിനകത്തും പുറത്തും തൊഴിൽ തേടിപ്പോകുന്നതിന് പ്രാപ്തരാക്കുന്നതിനായി പ്രൊഫഷണൽ വിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യാഭ്യാസത്തിനുമുള്ള മുഴുവൻ ചെലവും വകുപ്പ് വഹിക്കുന്നുണ്ട്. വിദേശത്ത് ഉപരിപഠനത്തിനുള്ള സഹായവും നൽകുന്നുണ്ട്.

## പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി രൂപീകരിക്കുന്നതിനുള്ള പദ്ധതി

61 (834) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് വീടിനോട് ചേർന്ന് പഠനമുറി രൂപീകരിക്കുന്നതിനുള്ള പദ്ധതിയെക്കുറിച്ചുള്ള വിശദാംശം നൽകാമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് ഗൈഡൻസ് & കരിയർ കൗൺസലിംഗ് ഏർപ്പെടുത്തിയിട്ടുണ്ടോ;എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സങ്കേതങ്ങളിൽ സാമൂഹ്യ പഠനമുറി രൂപീകരിക്കുന്നതിനുള്ള പദ്ധതിയാണ് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്നത്.

30 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനം നടത്തുന്നതിന് പര്യാപ്തമായ തരത്തിൽ (കോളനികളിൽ) സാമൂഹ്യ പഠന മുറി എന്ന പദ്ധതി തെരഞ്ഞെടുത്ത 100 പട്ടികവർഗ്ഗ കോളനികളിൽ നടപ്പിലാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(ബി) കരിയർ ഗൈഡൻസ് പുസ്തകങ്ങൾ, മത്സര പരീക്ഷാ സഹായികൾ എന്നിവ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## പട്ടികഗോത്ര വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനം

62(835) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ഗോത്ര വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ പഠനം ഇടയ്ക്ക് വച്ച് നിർത്തുന്നത് തടയുന്നതിന് ആവിഷ്ക്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) പട്ടിക ജാതി വർഗ്ഗക്കാർ ഏറ്റവും കൂടുതലുള്ള വയനാട്ടിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഗോത്ര വിഭാഗത്തിൽപ്പെട്ട ഓരോ അദ്ധ്യാപകരെ നിയമിക്കുന്ന ഗോത്ര ബന്ധു പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(സി) മുടങ്ങാതെ സ്കൂളിലെത്തുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രോത്സാഹന സഹായം നൽകുന്ന എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; ഈ പദ്ധതിക്ക് 2017 ൽ എന്തു തുക അനുവദിച്ചു എന്നറിയിക്കാമോ?

ഉത്തരം

(എ & ബി) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പ്രൊമോട്ടർമാർ വഴി വ്യാപകമായ ബോധവൽക്കരണം, വിദൂര സ്ഥലങ്ങളിൽനിന്നും കുട്ടികൾക്ക് സ്കൂളിൽ എത്തുന്നതിനായുള്ള വാഹന സൗകര്യത്തിനായി 'ഗോത്രസാരഥി' പദ്ധതി എന്നിവ നടത്തിവരുന്നു. കൂടാതെ മുടങ്ങാതെ സ്കൂളിലെത്തുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് പ്രോത്സാഹന ധനസഹായം നൽകിവരുന്നു. പട്ടികവർഗ്ഗക്കാർ ഏറ്റവും കൂടുതലുള്ള വയനാട് ജില്ലയിലെ വൈത്തിരി, മാനന്തവാടി, സുൽത്താൻബത്തേരി താലൂക്കുകളിലായി 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ടി.ടി.സി./ബി.എഡ്./ഡി.എഡ്. പാസ്സായ പട്ടികവർഗ്ഗക്കാരിൽനിന്നും അഭിമുഖത്തിലൂടെ തെരഞ്ഞെടുക്കപ്പെട്ടവരെ അദ്ധ്യാപകരായി നിയമിക്കുന്ന 'ഗോത്രബന്ധു' പദ്ധതി 2017-18 അധ്യയന വർഷം നടപ്പിലാക്കി.

(സി) സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളുകളിൽ എത്തിക്കുന്ന രക്ഷിതാക്കൾക്ക് പ്രോത്സാഹന സഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. അതാത് അധ്യയന വർഷം ജൂൺ മുതൽ ജനുവരി മാസം വരെയുള്ള 75% ശരാശരി ഹാജറിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം നൽകുന്നത്. ഈ വർഷത്തെ കണക്ക് ലഭിക്കുന്ന മുറയ്ക്ക് 2017 ജനുവരി മാസം അവസാനത്തോടെ ഈ അധ്യയന വർഷത്തെ തുക അനുവദിക്കുന്നതാണ്.

## പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പഠനമുറി

63 (836) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പഠനമുറി പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ എത്ര പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇതിനാവശ്യമായ തുക നൽകാൻ ഇതിനകം കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഈ വർഷം തെരഞ്ഞെടുക്കപ്പെട്ട 100 സാമൂഹ്യ പഠന മുറികളിൽ 35 എണ്ണത്തിൽ പൂർണ്ണമായും ഭൗതിക സാഹചര്യങ്ങൾ ഒരുക്കിക്കഴിഞ്ഞു. ബാക്കിയുള്ളവയുടെ പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പണി പൂർത്തിയാകുന്ന മുറയ്ക്ക് ടി പഠന മുറികളുടെ പ്രവർത്തനം പൂർണ്ണഗതിയിൽ ആരംഭിക്കുന്നതാണ്.

(ബി) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നേരിട്ട് തുക അനുവദിക്കുന്നില്ല. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്നതിന് പട്ടികവർഗ്ഗ വിഭാഗത്തിൽ തന്നെയുള്ള വിദ്യാസമ്പന്നരായ യുവതീയുവാക്കളെ ട്യൂട്ടർമാരായി നിയോഗിക്കുകയാണ് ചെയ്യുന്നത്. വിദ്യാർത്ഥികൾക്കാവശ്യമായ പഠന സാമഗ്രികൾ സാമൂഹ്യപഠന മുറികളിലൂടെ ലഭ്യമാകുന്നതാണ്.

## സാമൂഹിക പഠനമുറി പദ്ധതി

64(837) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ഊരുകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരുന്ന സാമൂഹിക പഠനമുറി പദ്ധതി പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതിനകം എത്ര പട്ടികവർഗ്ഗ ഊരുകളിൽ പദ്ധതി നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ;

(സി) ഇതിലൂടെ പട്ടികവർഗ്ഗ ഊരുകളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരത്തിലുണ്ടായ ഉയർച്ച വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പദ്ധതിക്കായി ഇതുവരെ ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) തെരഞ്ഞെടുക്കപ്പെട്ട 100 കോളനികളിൽ 100 സാമൂഹ്യ പഠനമുറികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഒട്ടാകെ 600 സാമൂഹ്യ പഠനമുറികൾ നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്. ഇപ്പോൾ തെരഞ്ഞെടുത്ത സാമൂഹ്യ പഠനമുറികളുടെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) തെരഞ്ഞെടുക്കപ്പെട്ട 100 കോളനികളിൽ 35 സാമൂഹ്യ പഠനമുറികളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ ജനുവരി 31-നകം പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു. പൂർത്തീകരിച്ചവയിൽ തെരഞ്ഞെടുത്ത ട്യൂട്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ പ്രോജക്ട് ഓഫീസ്/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസുകളിൽ നടന്നുവരുന്നു.

(സി) നടപ്പ് അദ്ധ്യയന വർഷത്തിൽ മാത്രമാണ് പദ്ധതി ആരംഭിക്കുന്നത്. അതിനാൽ അടുത്ത അദ്ധ്യയന വർഷം മാത്രമേ വിദ്യാർത്ഥികളുടെ നിലവാരത്തിലുള്ള ഉയർച്ച വിലയിരുത്താൻ കഴിയുകയുള്ളൂ.

(ഡി) പദ്ധതിക്കായി 100 സാമൂഹ്യ പഠനമുറികളുടെ ഭൗതിക സാഹചര്യം ഒരുക്കുന്നതിനായി ആകെ 1,57,51,609 രൂപ ചെലവഴിച്ചിട്ടുണ്ട്.

**ഗോത്രവിഭാഗ കോളനികളിൽ കമ്മ്യൂണിറ്റി പഠനമുറി**

65 (838) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടിക ഗോത്രവിഭാഗ കോളനികളിൽ കമ്മ്യൂണിറ്റി പഠനമുറി സൗകര്യമൊരുക്കുന്ന കാര്യം ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്. പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ വർഷം 100 പട്ടികവർഗ്ഗ കോളനികളെ സാമൂഹ്യ പഠനമുറി പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. 500 സങ്കേതങ്ങളിൽക്കൂടി പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) കോളനിയിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ട്യൂട്ടർമാരായി തെരഞ്ഞെടുത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പഠനകാര്യത്തിൽ

സഹായിക്കുകയാണ് പദ്ധതിയുടെ മുഖ്യലക്ഷ്യം. വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകൽ, പഠന സാമഗ്രികൾ വിതരണം, ലഘുഭക്ഷണം നൽകൽ, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ലൈബ്രറി, പുസ്തകങ്ങൾ തുടങ്ങിയ അധിക സൗകര്യങ്ങളൊരുക്കുക എന്നീ ഉദ്ദേശ്യത്തോടുകൂടിയാണ് 100 പട്ടികവർഗ്ഗ കോളനികളിൽ പദ്ധതി നടപ്പിലാക്കുന്നത്. ഒരു സാമൂഹ്യ പഠന കേന്ദ്രത്തിൽ 30 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന സൗകര്യങ്ങളൊരുക്കാവുന്ന കെട്ടിടങ്ങളാണ് ഇതിനായി തയ്യാറാക്കുന്നത്. ആയതിന് കോളനികളിലെ കമ്മ്യൂണിറ്റി ഹാളോ മറ്റ് സമാന ഇടങ്ങളോ ആണ് കണ്ടെത്തിയിട്ടുള്ളത്.

ഓരോ ജില്ലയിലും പഠനമുറി സ്ഥാപിക്കാൻ തെരഞ്ഞെടുത്ത സങ്കേതങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| ജില്ല | സാമൂഹ്യ പഠനമുറികളുടെ എണ്ണം |
|---|---|
| കാസർഗോഡ് | 5 |
| കണ്ണൂർ | 5 |
| വയനാട് | 25 |
| കോഴിക്കോട് | 3 |
| മലപ്പുറം | 7 |
| തൃശ്ശൂർ | 2 |
| പാലക്കാട് | 25 |
| എറണാകുളം | 3 |
| ഇടുക്കി | 15 |
| പത്തനംതിട്ട | 3 |
| കൊല്ലം | 2 |
| തിരുവനന്തപുരം | 5 |
| ആകെ | 100 |

ടി പദ്ധതി മുഖേന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കുവാനും നിരക്ഷരത ഇല്ലാതാക്കുവാനും സാധിക്കുന്നതാണ്. കൂടാതെ പട്ടികവർഗ്ഗ വിഭാഗങ്ങളിൽ തന്നെയുള്ള വിദ്യാസമ്പന്നരായ ട്യൂട്ടർമാരെ നിയോഗിക്കുന്നതുമൂലം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനകാര്യങ്ങളിലുള്ള പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കി പരിഹരിക്കാനാവശ്യമായ പഠന സൗകര്യങ്ങളൊരുക്കാൻ കഴിയുന്നതാണ്.

## പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

66(839) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രീമെട്രിക് പോസ്റ്റ് മെട്രിക്ക് തലത്തിൽ പഠനം നടത്തിവരുന്ന പട്ടികവർഗ്ഗവിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ്, ലംസംഗ്രാന്റ്, പോക്കറ്റ് മണി തുടങ്ങിയ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ 50 ശതമാനം വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

പ്രീമെട്രിക്, പോസ്റ്റ് മെട്രിക് തലത്തിൽ പഠനം നടത്തിവരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ്, പോക്കറ്റ് മണി തുടങ്ങിയ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പ്രാരംഭമായി 25% വർദ്ധിപ്പിച്ചുകൊണ്ട് 23/07/2016-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 04/2016/പജപവവിവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിനുപുറമെ അഞ്ചാംതരം മുതൽ എട്ടാംതരം വരെയുള്ള വിദ്യാർത്ഥികൾക്ക് ആദ്യമായി 2000 രൂപ വീതം പ്രത്യേക ഗ്രാന്റ് അനുവദിച്ചു.

## ഹോസ്റ്റലുകളിലെ വാർഡൻ തസ്തിക

67(840) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ എത്ര ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇതിൽ എത്ര ഹോസ്റ്റലുകളിൽ വാർഡൻ തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ട്;

(സി) ഒഴിവുള്ള വാർഡൻ തസ്തികകളിൽ പി.എസ്.സി മുഖേന നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; സ്വീകരിക്കുമെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 106 പ്രീമെട്രിക് ഹോസ്റ്റലുകളും മൂന്ന് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) ഒഴിഞ്ഞുകിടക്കുന്നില്ല. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 63 ഹോസ്റ്റലുകളിൽ വാർഡൻ തസ്തികയിൽ സ്ഥിരം ജീവനക്കാരില്ല. ടി തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്.

(സി) വകുപ്പിന്റെ സ്പെഷ്യൽ റൂൾസ് പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിലെ വാർഡൻ തസ്തിക "In addition to the cadre of clerks in the Department" ആണ്. തസ്തികയിലെ നിയമന രീതി "By transfer from among clerks" ആണ്. കൂടാതെ, വാർഡൻ തസ്തികയിലെ ഒഴിവുകൾ നേരിട്ടുള്ള നിയമനം മുഖേന നികത്താൻ പാടില്ലായെന്നും "By transfer" മുഖേന നികത്തണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുണ്ട് (Judgement dated 5-11-2013 contained in WA No.738/2011, 1713/2010 & connected cases of Hon'ble High Court of Kerala). വാർഡൻ തസ്തികയിലെ ഒഴിവ് നികത്തുന്നതിനായി വകുപ്പിലെ ക്ലാർക്ക് തസ്തികയിലെ ജീവനക്കാരെ വാർഡൻ തസ്തികയിലേയ്ക്ക് മാറ്റി നിയമനം നടത്തുന്നുണ്ട്.

**ആദിവാസി ഭവന നിർമ്മാണ മേഖലയിലെ ക്രമക്കേടുകൾ**

68(841) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട് ജില്ലയിലെ ആദിവാസി ഭവന നിർമ്മാണ മേഖലയിൽ ക്രമക്കേടുകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം ക്രമക്കേടുകൾ തടയാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

വയനാട് ജില്ലയിലെ ആദിവാസി ഭവന നിർമ്മാണ മേഖലയിൽ ക്രമക്കേടുകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വയനാട് ജില്ലയിലെ ഭവന നിർമ്മാണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ പട്ടികവർഗ്ഗക്കാർ ഉൾപ്പെട്ട ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആദിവാസി സമൂഹങ്ങൾക്ക് സ്വയംഭരണാവകാശം**

69 (842) ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. വി.പി.സജീന്ദ്രൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി സമൂഹങ്ങൾക്ക് സ്വയംഭരണാവകാശം നൽകുന്ന 'പെസ' നടപ്പിലാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ബി) 'പെസ' പട്ടികയ്ക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;

(സി) നിലവിലെ ഒരു പഞ്ചായത്ത് വാർഡിനകത്തുതന്നെ ഊരുകൾ മാത്രമായുള്ള ചെറിയ സ്വയംഭരണ പ്രദേശങ്ങൾ സൃഷ്ടിക്കപ്പെടുന്നതിന്റെ പ്രശ്നങ്ങളെക്കുറിച്ച് സർക്കാർതലത്തിൽ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ അഞ്ചാം പട്ടികപ്രദേശങ്ങൾ പ്രഖ്യാപിക്കണമെന്ന ആദിവാസി സംഘടനകളുടെ ആവശ്യം പരിഗണിച്ച് ഇക്കാര്യത്തിൽ ഉടനെ തീരുമാനം എടുക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ - ഡി) സംസ്ഥാനത്ത് 'പെസ' നടപ്പാക്കുന്നതിന്റെ ഭാഗമായി, 'പട്ടിക പ്രദേശങ്ങൾ' ആയി പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്ന അനുയോജ്യമായ പ്രദേശങ്ങൾ ശാസ്ത്രീയമായി നിജപ്പെടുത്താനായി 'പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ' തയ്യാറാക്കുന്നതിന് ഒരു 'ഹയർ ലെവൽ കമ്മിറ്റി' രൂപീകരിച്ചിട്ടുണ്ട്. (G.O. (MS) No.38/2017/SCSTDD തീയതി 17-5-2017). ടി കമ്മിറ്റിയുടെ 27-11-2017-ലെ യോഗ തീരുമാനപ്രകാരം, മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരശേഖരണം, മാപ്പിംഗ് തുടങ്ങിയ കാര്യങ്ങൾ ചെയ്തുവരുന്നു.

**ഭൂരഹിതരായ ആദിവാസികൾക്ക് സ്വന്തമായി ഭൂമി**

70 (843) ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. അനിൽ അക്കര :

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഈ സർക്കാർ നിലവിൽ വന്നശേഷം പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് ആനുകൂല്യം അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) വനാവകാശ നിയമപ്രകാരം ഭൂമി വിതരണം ചെയ്തിട്ടുണ്ടോ; സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ വനഭൂമിയിൽ നിന്നും ഭൂമി നൽകുന്ന പദ്ധതി അനുസരിച്ച് ഇതിനകം എത്രപേർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്;

(സി) അർഹരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും വീട് അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഈ സർക്കാർ നിലവിൽ വന്നശേഷം നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്;

(ഡി) ആദിവാസി വിഭാഗങ്ങളിലെ ഭൂരഹിതർക്ക് മിച്ചഭൂമി, കാലാവധി കഴിഞ്ഞ പാട്ടഭൂമി എന്നിവ ഏറ്റെടുത്ത് വിതരണം ചെയ്യുന്നതിന് ഉദ്ദേശമുണ്ടോ;വിശദാംശം നൽകുമോ;റവന്യൂ വകുപ്പിന് ഇതുസംബന്ധിച്ച നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ;എങ്കിൽ അവരുടെ പ്രതികരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വാങ്ങിനൽകുന്നതിനും പുനരധിവാസത്തിനുമുള്ള പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 282 പേർക്ക് ഭൂമി വാങ്ങി നൽകുന്നതിന് ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) വനാവകാശ നിയമപ്രകാരം 31-12-2017 വരെ 25109 പേർക്ക് 33829 ഏക്കർ ഭൂമിയുടെ കൈവശാവകാശം നൽകിയിട്ടുണ്ട്. സുപ്രീംകോടതി വിതരണത്തിന് അനുമതി നൽകിയ നിക്ഷിപ്ത വനഭൂമിയിൽനിന്നും ചുവടെ ചേർക്കും പ്രകാരം ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്:

| ജില്ല | കേന്ദ്രസർക്കാർ വിതരണത്തിന് അനുമതി നൽകിയ നിക്ഷിപ്ത വനഭൂമിയിൽനിന്നും വിതരണം ചെയ്ത ഭൂമിയുടെ അളവ് (ഏക്കറിൽ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കാസർഗോഡ് | 75 | 150 |
| കണ്ണൂർ | Nil | Nil |
| വയനാട് | 2688 | 1154 |
| മലപ്പുറം | 74.73 | 28 |
| പാലക്കാട് | 700 | 679 |
| ആകെ | 3537.73 | 2011 |

(സി) ഭവനരഹിതരായി കണ്ടെത്തിയ അർഹരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും വീട് അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ സർക്കാർ നിലവിൽവന്നശേഷം 2016-17 സാമ്പത്തിക വർഷം 6709 വീടുകൾ പുതിയതായി അനുവദിച്ചിട്ടുണ്ട്. കൂടാതെ ഭൂമിയുള്ള ഭവനരഹിതരായി കണ്ടെത്തിയ 4395 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലൈഫ് മിഷൻ പദ്ധതി മുഖേന വീട് അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ആദിവാസി വിഭാഗങ്ങളിലെ ഭൂരഹിതർക്ക് മിച്ചഭൂമി, കാലാവധി കഴിഞ്ഞ പാട്ടഭൂമി എന്നിവ ഏറ്റെടുത്ത് വിതരണം ചെയ്യുന്നതിന് ആദിവാസി പുനരധിവാസ വികസന മിഷൻ (ടി.ആർ.ഡി.എം.) വഴി നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സുപ്രീംകോടതി വിധി പ്രകാരം ലഭ്യമാക്കിയ ഭൂമി വനം വകുപ്പിൽനിന്നും ലഭ്യമാക്കി വിതരണം ചെയ്തുവരുന്നുണ്ട്.

**പട്ടികവർഗ്ഗ വിഭാഗക്കാർക്കായി ഭവന പദ്ധതികൾ**

71 (844) ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗവിഭാഗക്കാർക്കായി നിലവിലുള്ള ഭവന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിനായുള്ള ഹഡ്കോ ഭവന നിർമ്മാണ പദ്ധതി പ്രകാരം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഇതുപയോഗിച്ച് എത്ര വീടുകൾ നിർമ്മിക്കാനാണുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) ഈ വിഭാഗക്കാർക്കായി നടപ്പാക്കി വരുന്ന എ.റ്റി.എസ്.പി. ഭവന നിർമ്മാണ പദ്ധതിയ്ക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അവയുടെ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് വിവിധ പദ്ധതികൾ പ്രകാരം അനുവദിച്ചതും എന്നാൽ പണി പൂർത്തീകരിച്ചിട്ടില്ലാത്തതുമായ വീടുകൾ പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

**ഉത്തരം**

(എ) ഭവനരഹിതരായ എല്ലാ പട്ടികവർഗ്ഗ വിഭാഗക്കാർക്കും വീട് അനുവദിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി രൂപീകരിച്ചുവരുന്നു. ടി പദ്ധതി പ്രകാരം ജനറൽ ഹൗസിംഗ് സ്കീം, ഹഡ്കോ ഭവന നിർമ്മാണ പദ്ധതി എന്നീ ഭവനനിർമ്മാണ പദ്ധതികളിലൂടെ വീട് അനുവദിച്ചുവരുന്നു. ഇതിനുപുറമെ ഭവനരഹിതർക്കായി ലൈഫ് പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് 5000 വീടുകൾ നിർമ്മിക്കുന്നതിനായി ഹഡ്കോയിൽനിന്നും വായ്പയെടുത്ത 135 കോടി രൂപ ഉപയോഗിച്ച് 2015-16 സാമ്പത്തിക വർഷം 2020 വീടുകളും 2016-17 സാമ്പത്തിക വർഷം 2980 വീടുകളും ഉൾപ്പെടെ ആകെ 5000 വീടുകൾ അനുവദിച്ച് വിവിധ ഘട്ടങ്ങളിലായി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ ഭവനരഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും വീട് അനുവദിക്കുന്നതിനായാണ് സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി രൂപീകരിച്ചത്. ആയത് പ്രാപ്തമാക്കുന്നതിന്റെ ഭാഗമായി 2015-16 സാമ്പത്തിക വർഷം എ.റ്റി.എസ്.പി. പദ്ധതിയിൽ ഉൾപ്പെടുത്തി 9425 വീടുകൾ അനുവദിച്ചു. ആയതിൽ 2015-16 സാമ്പത്തിക വർഷം 50 കോടി രൂപയും 2016-17 സാമ്പത്തിക വർഷം 156,45,00,000 രൂപയും നടപ്പു സാമ്പത്തിക വർഷം ടി പദ്ധതിക്കായി ജനറൽ ഹൗസിംഗ് പദ്ധതി ശീർഷകത്തിൽ അനുവദിച്ച 115.08 കോടി രൂപയിൽനിന്നും സ്പിൽ ഓവർ വീടുകൾക്കായുള്ള തുക വിനിയോഗിച്ചുവരുന്നു.

ടി പദ്ധതിയിൽ ഉൾപ്പെടുത്തിയ വീടുകളുടെ നിർമ്മാണ പുരോഗതി വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | ഒന്നാം ഘട്ടം | രണ്ടാം ഘട്ടം | മൂന്നാം ഘട്ടം | നാലാം ഘട്ടം |
|---|---|---|---|---|---|
| 9425 | 2084 | 476 | 1257 | 3682 | 1926 |

(ഡി) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന മുൻസർക്കാരിന്റെ കാലത്ത് അനുവദിച്ച വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് വകുപ്പ് മുഖേനയുള്ള ധനസഹായം അനുവദിച്ചുവരുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ പദ്ധതി ആദ്യഘട്ടത്തിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണമാണ് ലക്ഷ്യമിടുന്നത്.

ആയതിൻ പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അനുവദിച്ചതും 31-3-2016-നുള്ളിൽ പണി പൂർത്തീകരിക്കാത്തതുമായ സംസ്ഥാനത്തൊട്ടാകെയുള്ള പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ ഭവനങ്ങളുടെ വിവരങ്ങൾ ലൈഫ് മിഷൻ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. ടി വീടുകളുടെ എസ്റ്റിമേറ്റ് സംബന്ധിച്ച വിവരങ്ങൾ കണക്കാക്കിവരുന്നു. 31.03.2018-നുള്ളിൽ ടി വീടുകൾ പൂർത്തീകരിക്കുന്നതിനാണ് മിഷൻ ലക്ഷ്യമിടുന്നത്.

## പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഇടയിലെ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം

72 (845) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് അവരെ ബോധവത്കരിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) 2017-ൽ എത്ര ഊരുകളിൽ ബോധവത്കരണ ക്ലാസ്സുകളും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചു;

(സി) ഇതിലൂടെ മദ്യത്തിന്റെയും മറ്റ് ലഹരി ഉല്പന്നങ്ങളുടെയും ഉപഭോഗത്തിൽ കുറവ് വന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവത്കരിക്കുന്നതിനായി ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പി.എച്ച്.സി., സി.എച്ച്.സി. മുഖേന കോളനികൾ സന്ദർശിച്ച് ബോധവൽക്കരണ ക്ലാസുകളും വൈദ്യപരിശോധനയും നൽകിവരുന്നുണ്ട്. പട്ടികവർഗ്ഗ കോളനികളിൽ പുറത്തുനിന്നുള്ള ആളുകൾ പ്രവേശിച്ച് മദ്യം, മയക്കുമരുന്ന് മുതലായ ലഹരി വസ്തുക്കൾ വിതരണം ചെയ്യുന്നതും അമിത മദ്യപാനം, വ്യാജവാറ്റ് എന്നിവ തടയുന്നതിനും ഇവയ്ക്കെതിരെ ബോധവൽക്കരണം നടത്തുന്നതിനുമായി സ്ഥിരം മോണിറ്ററിംഗ് സമിതി, ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ തലത്തിലും ബന്ധപ്പെട്ട വാർഡ് മെമ്പർ ചെയർമാനായി കോളനിതലത്തിലും രൂപീകരിച്ചിട്ടുണ്ട്. ടി സമിതിയിൽ പോലീസ്, എക്സൈസ് വകുപ്പുകളുടെ പ്രതിനിധികളും അംഗങ്ങളാണ്. കൂടാതെ എസ്.ടി. പ്രൊമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, സന്നദ്ധ

സംഘടനകൾ എന്നിവ മുഖേനയും കോളനികളിൽ ബോധവത്കരണം നടത്തിവരുന്നുണ്ട്. ജനമൈത്രി പോലീസ്, എക്സൈസ് തുടങ്ങിയവയുടെ നേതൃത്വത്തിൽ പ്രത്യേക ബോധവത്കരണ പരിപാടികളും നടത്താറുണ്ട്. മദ്യപാനത്തിനടിമപ്പെട്ട കുട്ടികളെ കണ്ടെത്തുന്നതിനും അവർക്ക് മെഡിക്കൽ കൗൺസിലിംഗ് നടപ്പാക്കുന്നതിനും എസ്.ടി. പ്രൊമോട്ടർ മുഖേന നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) 2017-ൽ സംസ്ഥാനത്താകമാനം പട്ടികവർഗ്ഗ ഊരുകളിൽ 231 ബോധവത്കരണ ക്ലാസ്സുകളും 530 മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ട്. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മദ്യപാനത്തിന്റെയും ലഹരി ഉപയോഗത്തിന്റെയും ദൂഷ്യവശങ്ങളെ സംബന്ധിച്ചും ടി കാരണത്താൽ ആരോഗ്യ രംഗത്ത് അനുഭവിക്കുന്ന മോശം അവസ്ഥയെ സംബന്ധിച്ചും വിവിധോന്മുഖമായ ബോധവത്കരണ പ്രവർത്തനങ്ങൾ നിരന്തരമായി നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഇവയുടെ ഉപയോഗം പട്ടികവർഗ്ഗക്കാർക്കിടയിൽ കുറഞ്ഞു വന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

### പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി പുതിയ പദ്ധതികൾ

73 (846) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ആന്റണി ജോൺ :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച പുതിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നടപ്പാക്കി വരുന്ന ആരോഗ്യ, വൈദ്യസഹായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട അമ്മമാരുടെയും കുട്ടികളുടെയും പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്നതിനായി ജനനീജന്മരക്ഷ പദ്ധതി നടപ്പാക്കി വരുന്നുണ്ടോ;

(ഡി) പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി അട്ടപ്പാടി മേഖലയിൽ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി മറ്റു ജില്ലകളിൽ കൂടി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി തുടർ പദ്ധതികൾക്ക് പുറമെ നടപ്പിലാക്കിവരുന്ന പുതിയ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി)

- എല്ലാ പട്ടികവർഗ്ഗക്കാർക്കും ആധുനിക വൈദ്യസഹായം എത്തിക്കുകയെന്ന ലക്ഷ്യത്തോടുകൂടി കൊല്ലം, ഇടുക്കി, പാലക്കാട്, കാസർഗോഡ്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ 6 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ, 2017-18 സാമ്പത്തിക വർഷത്തിൽ പത്തനംതിട്ട, തൃശ്ശൂർ, കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം, എറണാകുളം എന്നീ ജില്ലകളിൽക്കൂടി പുതുതായി 8 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തനമാരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത വാഹനങ്ങളിൽ ഒരു ഡോക്ടർ, നഴ്സ്, ലാബ് ടെക്നീഷ്യൻ തുടങ്ങിയവർ ഉണ്ടാകും. ബ്ലഡ് അനലൈസർ, ഇ.സി.ജി. മെഷീൻ, സ്റ്റെതസ്കോപ്പ്, ബി.പി. അപ്പാരറ്റസ്, നെബുലൈസർ, ഒഫ്ത്താൽമോസ്കോപ്പ്, ഓട്ടോസ്കോപ്പ്, വെയിംഗ് ആന്റ് ഹൈറ്റ് മെഷറിംഗ് സ്കെയിൽ, സർജിക്കൽ ഇൻസ്ട്രുമെന്റ് എന്നീ ഉപകരണങ്ങൾ ഈ വാഹനങ്ങളിൽ സജ്ജീകരിച്ചിട്ടുണ്ട്.

- വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിലെ അരിവാൾ രോഗബാധിതരായ പട്ടികവർഗ്ഗക്കാർക്ക് മാസംതോറും 2,000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. ടി പദ്ധതിക്കായി 175 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- ഇടുക്കി, ചാലക്കുടി, മാനന്തവാടി, അട്ടപ്പാടി എന്നിവിടങ്ങളിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകൾ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നു.

- അംഗീകൃത ആശുപത്രികളിൽ ചികിത്സ തേടുന്നവർക്ക് ധനസഹായം നൽകിവരുന്നു.

- ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതും മാരകമായ കാൻസർ, ഹൃദയം/വൃക്ക/ മസ്തിഷ്ക സംബന്ധമായ അസുഖങ്ങളാൽ ദുരിതമനുഭവിക്കുന്നവരുമായ പട്ടികവർഗ്ഗക്കാർക്ക് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം അനുവദിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

- ആരോഗ്യ വിദ്യാഭ്യാസ പരിപാടിയും തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരി വിരുദ്ധ പ്രചരണ പരിപാടികളും സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പും എക്സൈസ് വകുപ്പും പ്രചരണ പരിപാടികളും മെഡിക്കൽ ക്യാമ്പുകളും നടപ്പിലാക്കിവരുന്നു.
- പോഷകാഹാരക്കുറവ്, ശിശു-മാതൃ മരണനിരക്ക് എന്നിവ കുറയ്ക്കുന്നതിനായി കമ്മ്യൂണിറ്റി കിച്ചൻ, ജനനീ ജന്മരക്ഷ എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) ജനനീ ജന്മരക്ഷ പദ്ധതി നടപ്പിലാക്കുന്നതിന് 1500 ലക്ഷം രൂപ വകയിരുത്തി 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. 12110 ഗുണഭോക്താക്കൾക്ക് ടി പദ്ധതി മുഖേന ധനസഹായം നൽകിയിട്ടുണ്ട്.

(ഡി) പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി അട്ടപ്പാടി മേഖലയിൽ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി വയനാട് ജില്ലയിലെ നൂൽപ്പുഴ, കണിയാമ്പറ്റ, തിരുനെല്ലി എന്നീ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നതിനായി 567.47 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി തുക നിർവ്വഹണ ഏജൻസിയായ കുടുംബശ്രീ മിഷൻ അനുവദിച്ച് നൽകിയിട്ടുണ്ട്.

**ആദിവാസി വിഭാഗക്കാർക്ക് വനാവകാശ നിയമപ്രകാരം ഭൂമി**

74 (847) ശ്രീ. കെ. മുരളീധരൻ:

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശ നിയമം സംസ്ഥാനത്ത് പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) വനാവകാശ നിയമം നടപ്പിലാക്കുന്നതിൽ വനം വകുപ്പിന്റെ ഭാഗത്തു നിന്നും ഉണ്ടായ തർക്കം എന്തൊക്കെയാണ്; പ്രസ്തുത തർക്കം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ആദിവാസി വിഭാഗത്തിൽപ്പെട്ട അർഹതയുള്ള എല്ലാവർക്കും ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി ഭൂമി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) വനാവകാശ നിയമം സംസ്ഥാനത്ത് പൂർണ്ണതോതിൽ പ്രാവർത്തികമാക്കാൻ നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു. അതിനായി ഇനിയും വനാവകാശ നിയമപ്രകാരം കൈവശരേഖ ലഭിച്ചിട്ടില്ലാത്ത യോഗ്യരായ എല്ലാപേരിൽനിന്നും അപേക്ഷകൾ സ്വീകരിക്കുന്നതിന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, പ്രോജക്ട് ഓഫീസർമാർ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ എന്നിവർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രതിമാസ പുരോഗതിയും അവലോകനം ചെയ്യുന്നുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലെ ചെറ്റച്ചൽ ജെഴ്സി ഫാം, എറണാകുളം ജില്ലയിലെ താളുകണ്ടം, തൃശ്ശൂർ ജില്ലയിലെ താമരവെള്ളച്ചാൽ, ഒളകര, പാലക്കാട് ജില്ലയിലെ ഒറവൻപാടി എന്നീ കോളനികളിൽ വനാവകാശ നിയമം നടപ്പിലാക്കുന്നതിൽ വനം വകുപ്പുമായി തർക്കം നിലനിൽക്കുന്നുണ്ട്. തർക്കം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) ആദിവാസി വിഭാഗത്തിൽപ്പെട്ട അർഹതയുള്ള എല്ലാവർക്കും ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി ഭൂമി ലഭ്യമാക്കുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ തലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ്, വനം വകുപ്പ്, റവന്യൂ വകുപ്പ് എന്നീ വകുപ്പുകൾ സംയുക്തമായി നടപടികൾ സ്വീകരിച്ചുവരുന്നു.

## മോഡൽ റസിഡൻഷ്യൽ സ്കൂൾ

75 (848) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ ആയവനയിൽ പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ & ബി) മൂവാറ്റുപുഴ താലൂക്കിൽ കല്ലൂർക്കാട്, ഏനാനല്ലൂർ വില്ലേജിൽപ്പെട്ട 12 ഏക്കർ ഒൻപതര സെന്റ് സ്ഥലം മിച്ചഭൂമിയായി ഏറ്റെടുത്തത് റവന്യൂ വകുപ്പിന്റെ കൈവശമുണ്ട്. പ്രസ്തുത ഭൂമി എം.ആർ.എസ്. തുടങ്ങുന്നതിന് അനുയോജ്യമായതിനാൽ അത് പട്ടികജാതി വികസന വകുപ്പിന് വിട്ടുതരുന്നതിന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കാട്ടാംകോട്ടയിൽ ഐപ്പ് മത്തായി എന്നൊരാൾ ടി സ്ഥലവുമായി ബന്ധപ്പെട്ട് നൽകിയ കേസ് നിലനിൽക്കുന്നതിനാൽ തുടർ നടപടികളുണ്ടായിട്ടില്ല.

ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് എം.ആർ.എസ്. അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പഠന നിലവാരം**

76 (849) ശ്രീ. കെ. മുരളീധരൻ:
ശ്രീ. കെ.സി.ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പഠനനിലവാരം വിലയിരുത്തിയിട്ടുണ്ടോ; സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കിയ നടപടി പഠന നിലവാരത്തെ എത്രമാത്രം സ്വാധീനിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) എല്ലാ ജില്ലകളിലും മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കിഫ്ബിയിൽ നിന്നുള്ള ധനസഹായത്തോടെ തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചലിലും ആറളത്തും ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 2016-17 വർഷം എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ 291 വിദ്യാർത്ഥികളിൽ 290 പേരും വിജയിക്കുകയും അതിൽ 11 പേർ

ഫുൾ എ പ്ലസ് ഉൾപ്പെടെ മികച്ച വിജയം കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. പുന്നപ്ര മോഡൽ റസിഡൻഷ്യൽ സ്കൂളിന് മികവിന്റെ കേന്ദ്രം എന്ന നിലയ്ക്ക് ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് ലഭിച്ചു. കലാകായിക ഇനങ്ങളിൽ മികവുപുലർത്തുന്ന വിദ്യാർത്ഥികളെ കണ്ടെത്തി പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കലാകായിക മേളകളിൽ പങ്കെടുപ്പിക്കുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും 2016-17 അദ്ധ്യയന വർഷങ്ങളിൽ കേരള സിലബസിലും സി.ബി.എസ്.ഇ. സിലബസിലും 100% വിജയം ലഭ്യമായിരുന്നു. ഹയർ സെക്കന്ററി വിഭാഗത്തിൽ കേരളാ സിലബസിൽ 576 വിദ്യാർത്ഥികളിൽ 504 വിദ്യാർത്ഥികളും (88%), സി.ബി.എസ്.ഇ. സിലബസിൽ 35 വിദ്യാർത്ഥികളിൽ 27 പേർക്കും (77%) വിജയം നേടാൻ കഴിഞ്ഞു. 2016-17 അദ്ധ്യയന വർഷത്തിലെ സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾ നിരവധി 'എ' ഗ്രേഡുകൾ കരസ്ഥമാക്കിയിരുന്നു.

(ബി) പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ നിലവിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. കണ്ണൂർ ജില്ലയിലെ തളിപ്പറമ്പിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ബാക്കിയുള്ള ജില്ലകളിലും മോഡൽ റസിഡൻഷ്യൽ സ്കൂൾ അനുവദിക്കുന്ന കാര്യം സ്ഥലലഭ്യത അനുസരിച്ച് പരിഗണിക്കാവുന്നതാണ്.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ സംസ്ഥാനത്ത് നിലവിൽ പതിനൊന്ന് ജില്ലകളിലായി 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. ആലപ്പുഴ, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് സ്കൂളുകൾ ആരംഭിക്കുന്നതാണ്.

(സി) പൂർത്തിയായിട്ടില്ല. കുറ്റിച്ചൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ വാലിപ്പാറ സെന്ററിൽ ഒരു ഹെക്ടർ ഭൂമി വനാവകാശ നിയമപ്രകാരം ലഭ്യമായിട്ടുണ്ട്. ടി സ്ഥലത്ത് സർവ്വേ നടത്തി രൂപരേഖ തയ്യാറാക്കൽ, മണ്ണ് പരിശോധന നടത്തി സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കൽ മുതലായ പ്രാരംഭപണികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ടി നിർമ്മാണ പ്രവർത്തനങ്ങളുടെ നിർവ്വഹണ ഏജൻസിയായി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ നിശ്ചയിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ ആറളത്ത് മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മാണത്തിന് കിഫ്ബിയിൽനിന്നും അനുമതി ലഭ്യമായിട്ടുണ്ട്. സ്കൂൾ നിർമ്മാണത്തിനായി ബിൽഡിംഗ് പെർമിറ്റ് ലഭ്യമാക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.

### റ്റി.ആർ.ഡി.എം. മിഷൻ

77 (850) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനരധിവസിക്കപ്പെട്ട പട്ടികവർഗ്ഗക്കാരുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് റ്റി.ആർ.ഡി.എം. മിഷൻ രൂപീകൃതമായിട്ടുണ്ടോ;

(ബി) പ്രസ്തുത മിഷൻ വഴി നടപ്പിലാക്കിയ പുനരധിവാസ പ്രോജക്ടുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) രൂപീകൃതമായിട്ടുണ്ട്.

(ബി) ഭൂരഹിതരെ പുനരധിവസിപ്പിച്ച പ്രദേശങ്ങളിൽ ഭവനം, റോഡ്, കുടിവെള്ളം, വൈദ്യുതി ലഭ്യമാക്കാൽ എന്നീ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള പ്രോജക്ടുകൾ മിഷൻ മുഖേന നടപ്പിലാക്കുന്നുണ്ട്. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, സ്വയംതൊഴിൽ പദ്ധതികൾ, ആരോഗ്യപരിപാലന പദ്ധതികൾ, വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ, പുനരധിവാസ മേഖലകളിൽ വനാതിർത്തിയിൽ ഫെൻസിംഗുകൾ സ്ഥാപിക്കുക തുടങ്ങിയ പദ്ധതികളാണ് മിഷൻ മുഖേന നടപ്പാക്കിവരുന്നത്. മിഷൻ മുഖേന നടപ്പിലാക്കിയ പ്രധാന പുനരധിവാസ മേഖലകൾ കാസർഗോഡ് ജില്ലയിൽ കിനാനൂർ, കുഞ്ചത്തൂർ, കണ്ണൂർ ജില്ലയിലെ ആറളം, ആലക്കോട്, വയനാട് ജില്ലയിൽ സുഗന്ധഗിരി, പൂക്കോട്, ചീങ്ങേരി, കുന്നത്തിടവക, കോഴിക്കോട് ജില്ലയിലെ മുതുകാട്, വട്ടച്ചിറ, പേരാമ്പ്ര, എറണാകുളം ജില്ലയിലെ നേര്യമംഗലം, എടക്കാട്ടുവയൽ, പന്തപ്ര, ഇടുക്കി ജില്ലയിലെ മറയൂർ, കുണ്ടള, പൂപ്പാറ, ചിന്നക്കനാൽ, കോട്ടയം ജില്ലയിലെ മടുക്ക, പത്തനംതിട്ട ജില്ലയിലെ തലപ്പള്ളി, ഏനാദിമംഗലം, കൊല്ലം ജില്ലയിലെ അരിപ്പ, കുരിയോട്ടുമല എന്നിവയാണ്.

## മുതുവാൻ വിഭാഗക്കാർക്ക് ജാതി സർട്ടിഫിക്കറ്റ്

78 (851) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മൈസൂർമലയിലെ മുതുവാൻ വിഭാഗത്തിൽപ്പെട്ട,ആദിവാസി വിഭാഗങ്ങൾക്ക് വ്യത്യസ്ത ആവശ്യങ്ങൾക്കായി റവന്യൂ അധികാരികൾ ജാതി സർട്ടിഫിക്കറ്റ് നൽകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലങ്ങളായി ജാതി സർട്ടിഫിക്കറ്റ് ലഭ്യമായിരുന്ന ഇവർക്ക് ഇപ്പോൾ ഇതു ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) ഈ വിഷയം പരിഹരിക്കുന്നതിന് റവന്യൂ , പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവയുടെ സംയുക്ത യോഗം ചേരുന്നതിനും അനുകൂല തീരുമാനം കൈക്കൊള്ളുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) മലപ്പുറം ജില്ലയിലെ നിലമ്പൂർ, കോഴിക്കോട് ജില്ലയിലെ മൈസൂർമല എന്നിവിടങ്ങളിലെ ഗോത്രവർഗ്ഗക്കാർക്കും അവരുടെ അണുകുടുംബത്തിൽപ്പെട്ടവർക്കും പട്ടികവർഗ്ഗ മുതുവാൻ/മുഡുവാൻ സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്ന് 16-11-2000-ലെ 3159/ജി1/99/പജ.പവ.വി.വ നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ടിയാളുകൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കാൻ നിലവിലും ബുദ്ധിമുട്ടുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ 30-11-2017-ലെ സർക്കാർ കത്ത് മുഖേന മേൽ പരാമർശിച്ച നിർദ്ദേശം കോഴിക്കോട്, മലപ്പുറം ജില്ലാ കളക്ടർമാരുടെ ശ്രദ്ധയിൽ വീണ്ടും കൊണ്ടുവന്നിട്ടുണ്ട്.

## കോതമംഗലം ഇളബ്ലാശ്ശേരി-ഞണ്ടുകുളം റോഡ് നിർമ്മാണം

79 (852) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 17,50,300 രൂപയുടെ അനുമതി ലഭിക്കുകയും നിർമ്മാണ നടപടികൾ ആരംഭിക്കുകയും ചെയ്ത കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ വില്ലേജിൽ ഇളമ്പ്ലശ്ശേരി - ഞണ്ടുകുളം റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ;

(ബി) തടസ്സങ്ങൾ പരിഹരിച്ച് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനഃരാരംഭിക്കുവാൻ കഴിയുമോ;

(സി) നിരവധി ആദിവാസി കുടുംബങ്ങളുടെ ഏക യാത്രാ സൗകര്യമായ പ്രസ്തുത റോഡിന്റെ നിർമ്മാണം അടിയന്തരമായി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭരണാനുമതി നൽകിയ എസ്റ്റിമേറ്റ് പ്രകാരം ഇളനല്ലാശ്ശേരി-ഞണ്ടുകുളം റോഡിന്റെ നിർമ്മാണം നടത്താൻ സാധ്യമല്ലാത്തതിനാൽ നിർമ്മാണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കിയിരുന്നു. എന്നാൽ പദ്ധതി നടത്തുന്നതിനായി മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഉത്തരവ് പ്രകാരം വനം വകുപ്പിൽനിന്നും വനാവകാശ നിയമപ്രകാരം നൽകിയ അനുമതി, ടി സ്ഥലത്ത് റോഡ് നിർമ്മാണം അനുവദിക്കുന്നത് വന്യജീവികളുടെ സ്വൈര്യ വിഹാരത്തിന് തടസ്സം നേരിടും, ജനറൽ വിഭാഗക്കാർ വനം കയ്യേറുന്നതുമൂലം കുറ്റകൃത്യങ്ങൾ വർദ്ധിക്കും തുടങ്ങിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി റദ്ദ് ചെയ്തതായി മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അറിയിച്ചിട്ടുണ്ട്.

(ബി & സി) വനം വകുപ്പുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികൾ**

80 (853) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പ് കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം തരത്തിലുള്ള പ്രവൃത്തികളാണ് നടത്തുന്നത് എന്നറിയിക്കാമോ;

(ബി) 2017-18 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ടുപയോഗിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ജില്ലതിരിച്ചുള്ള കണക്ക് അറിയിക്കാമോ;

(സി) 2017-18 വർഷത്തിൽ കോർപ്പസ് ഫണ്ടുപയോഗിച്ച് മലപ്പുറം ജില്ലയിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പട്ടിക നൽകാമോ;

(ഡി) പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകുന്ന ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) എസ്.സി.എസ്.പി. ഫണ്ടിലെ ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗിനായി പ്രോജക്ട് അടിസ്ഥാനത്തിലാണ് കോർപ്പസ് ഫണ്ട് വിനിയോഗിച്ചുവരുന്നത്. പട്ടികജാതി ജനസംഖ്യയുടെ അടിസ്ഥാനത്തിൽ $^1/_3$ തുക ജില്ലകൾക്ക് അനുവദിച്ചുവരുന്നു. 25 ലക്ഷം രൂപവരെയുള്ള പദ്ധതികൾക്ക് ജില്ലാതല കമ്മിറ്റികൾക്ക് അംഗീകാരം നൽകാം. പ്രധാനമായും താഴെപ്പറയുന്ന കംപോണന്റ്സിനാണ് കോർപ്പസ് ഫണ്ട് വകയിരുത്തുന്നത്.

1. $^1/_3{}^{rd}$ ജില്ലകൾക്ക് അനുവദിക്കുന്ന തുക
2. ചികിത്സാ ധനസഹായം
3. ടോയ്‌ലെറ്റ്
4. വിജ്ഞാൻവാടി
5. 29 ഹോമിയോ ഡിസ്പെൻസറികളുടെ പ്രവർത്തനം
6. പട്ടികജാതിക്കാർക്കുള്ള ശ്മശാനങ്ങളുടെ നവീകരണം
7. കുടിവെള്ളം, അടിസ്ഥാന സൗകര്യ വികസനം
8. അംബേദ്കർ സ്വാശ്രയ ഗ്രാമ പദ്ധതി

(ബി) 2017-18 സാമ്പത്തിക വർഷം ജില്ലകളിൽ നടപ്പിലാക്കുന്ന $^1/_3$ കോർപ്പസ് ഫണ്ട് പദ്ധതിക്കായി കോർപ്പസ് ഫണ്ടുപയോഗിച്ചുള്ള പുതിയ പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടില്ല. എന്നാൽ 2015-16, 2016-17 വരെയുള്ള സ്പിൽ ഓവർ ഇനത്തിൽ 42,55,75,338 രൂപ ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർക്കുന്നു+.

(സി) 2017-18 സാമ്പത്തിക വർഷം ജില്ലകളിൽ നടപ്പിലാക്കുന്ന $^1/_3$ കോർപ്പസ് ഫണ്ട് പദ്ധതി പ്രകാരം പുതിയ പ്രവൃത്തികൾക്ക് മലപ്പുറം ജില്ലയ്ക്ക് ഭരണാനുമതി നൽകിയിട്ടില്ല. എന്നാൽ 2016-17 സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ പ്രവൃത്തികൾക്കായി 6,53,81,500 രൂപ മലപ്പുറം ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധം II ആയി ചേർക്കുന്നു*.

(ഡി) പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകുന്ന പദ്ധതി നിലവിലുണ്ട്. നിലവിൽ B.Tec., M.Tec., M.C.A., Diploma (Computer Science), B.Sc (Computer Science), M.Sc (Computer Science), MBBS, BDS, BAMS, BHMS, B.Vsc & AH, B.Arch., M.Phil, Ph.D എന്നീ കോഴ്സുകളിലെ ഒന്നാം വർഷം പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങുന്നതിന് ഒരാൾക്ക് 25,000 രൂപ നൽകുന്നു. ഈ പദ്ധതി പ്രകാരം 14 ജില്ലകൾക്കായി 11,25,25,000 രൂപ അനുവദിച്ചു.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ചോലനായ്ക്കർ വിഭാഗത്തിന്റെ ക്ഷേമവും സംരക്ഷണവും

81 (854) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചോലനായ്ക്കർ വിഭാഗത്തിൽപ്പെട്ടവരുടെ രക്തം വിദേശത്തേക്ക് കടത്തുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിന്റെ ക്ഷേമവും സംരക്ഷണവും ഉറപ്പ് വരുത്തുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ചോലനായ്ക്കർ വിഭാഗത്തിൽപ്പെട്ടവരുടെ രക്തം വിദേശത്തേയ്ക്ക് കടത്തുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് പ്രത്യേക ദുർബ്ബല ഗോത്ര വിഭാഗത്തിന്റെ ഉന്നമനത്തിനായുള്ള പദ്ധതിയുടെ ഭാഗമായി ചോലനായ്ക്കർ വിഭാഗത്തിന്റെ സമഗ്ര വികസനത്തിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതുകൂടാതെ ആഴ്ചയിൽ എല്ലാ ബുധനാഴ്ചകളിലും പട്ടികവർഗ്ഗ വികസന വകുപ്പ്, ആരോഗ്യം, പോലീസ്, എക്സൈസ്, ഫോറസ്റ്റ് എന്നീ വകുപ്പുകൾ ചോലനായ്ക്കർ കോളനിയിൽ നേരിട്ടെത്തി ഭക്ഷ്യധാന്യങ്ങൾ, ആഹാരം, മരുന്ന് എന്നിവ നൽകുന്നത് ഉൾപ്പെടെയുള്ള എല്ലാ ക്ഷേമപ്രവർത്തനങ്ങളും ഉറപ്പാക്കുന്നുണ്ട്.

## ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകളുടെ പ്രവർത്തനം

82(855) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരക്കുറവ്, ഗർഭിണികളിലെ പോഷകാഹാരക്കുറവ്, അനീമിയ എന്നിവ നിമിത്തം പട്ടിക വർഗ്ഗക്കാർക്കിടയിലെ ശിശുമരണത്തോത് വർദ്ധിച്ചു വരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പാലക്കാട് ജില്ലയിൽ അപ്രകാരമുള്ള എത്ര ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) ശിശുമരണം തടയുന്നതിന് വയനാട്, ഇടുക്കി, പാലക്കാട് ജില്ലകളിൽ ആരോഗ്യ വകുപ്പുമായി ചേർന്ന് സ്ഥാപിക്കുവാൻ നിശ്ചയിച്ച ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അടിയന്തിരമായി അവ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ അപ്രകാരമുള്ള ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(സി&ഡി) വയനാട്, ഇടുക്കി ജില്ലകളിൽ ഓരോ ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാലക്കാട് ജില്ലയിൽ അഗളി, പുതൂർ, ഷോളയൂർ എന്നിവിടങ്ങളിലായി 3 ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ ആരോഗ്യ വകുപ്പിനുകീഴിൽ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

**ആദിവാസികൾക്ക് ആർ.ഡി.ആർ-ന് പകരം റവന്യൂ പട്ടയം**

83 (856) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് ആർ.ഡി.ആറിന്- പകരം റവന്യൂ പട്ടയം നൽകാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) ഭരണതലത്തിൽ ആയതിനായി രൂപീകരിച്ച ഉദ്യോഗസ്ഥ സംവിധാനം സംബന്ധിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) ആദിവാസി ജനവിഭാഗത്തിന്റെ കൈവശഭൂമിക്ക് പട്ടയം അനുവദിക്കുന്നത് സംബന്ധിച്ച് 10-4-2017 തീയതിയിൽ ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗക്ഷേമം, റവന്യൂ, വനം വകുപ്പുമന്ത്രിമാരുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ 1-1-1997-ന് മുൻപ് വനഭൂമി കൈയേറി ഭൂമി കൈവശം വച്ചുവരുന്ന ഇതരവിഭാഗങ്ങൾക്ക് പട്ടയം അനുവദിക്കുകയും പട്ടികവർഗ്ഗക്കാരുടെ ഭൂമിക്ക് കൈവശരേഖ മാത്രമോ രേഖകളൊന്നും നൽകാതിരിക്കുകയോ ചെയ്തിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പ്രദേശങ്ങളിലെ

പട്ടികവർഗ്ഗക്കാർ കൈവശം വച്ചുവരുന്നതും പതിവ് നടപടികൾ സ്വീകരിക്കാൻ കഴിയുന്നതുമായ ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിനും അപ്രകാരമുള്ള കേസ്സുകളിൽ ഇതിനകം കൈവശരേഖ അനുവദിച്ചിട്ടുണ്ടെങ്കിൽത്തന്നെ ആയത് റദ്ദ് ചെയ്ത് പട്ടയം അനുവദിക്കുന്നതിനും തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 1993-ലെ കേരള ഭൂപതിവ് (1-1-1977-ന് മുൻപ് വനഭൂമി കൈവശം വയ്ക്കുന്നവർക്കുള്ള നിയമാവകാശം നൽകൽ) പ്രത്യേക ചട്ടങ്ങളിലെ ചട്ടം 2 (എഫ്)-ലെ നിർവ്വചനത്തിന്റെ പരിധിയിൽ വരുന്ന ഭൂമി കൈവശം വച്ചുവരുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രസ്തുത കൈവശഭൂമിക്ക് മേൽ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി പട്ടയം അനുവദിക്കുന്നതിന് നിർദ്ദേശം നൽകി 27-4-2017-ലെ സ.ഉ. (സാധാ)/2023/2017/റവ. നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

(ബി) റവന്യൂ വകുപ്പ് മുഖേനയാണ് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നത്.

**ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ**

84 (857) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 24-1-2017 ൽ ചേർന്ന യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന പിന്നോക്കവിഭാഗ കമ്മീഷൻ, പൊതുവിദ്യാഭ്യാസം, പൊതുഭരണം, റവന്യൂ, സാംസ്കാരികം എന്നീ വകുപ്പുകൾക്ക് അയച്ചു കൊടുത്ത യോഗ നടപടിക്കുറിപ്പിന്മേൽ പ്രസ്തുത വകുപ്പുകൾ നടപടി സ്വീകരിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് പ്രസ്തുത വകുപ്പുകളിലുള്ള ഫയൽ നമ്പരുകൾ ഏതെല്ലാമാണെന്നും പ്രസ്തുത ഫയലുകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഫയൽ നമ്പർ 199/സി/11/കെ.എസ്.സി.ബി.സി .

ആംഗ്ലോ ഇന്ത്യൻ സമൂഹത്തിന് ലാറ്റിൻ കാത്തലിക് സമുദായത്തോട് ചേർന്ന് സർക്കാർ നിയമനങ്ങളിൽ 4% സംവരണം നിലവിലുണ്ട്. 24-1-2017-ൽ നടന്ന യോഗ തീരുമാനത്തിൽ ഈ സമുദായത്തിന്റെ സംവരണം സംബന്ധിച്ച കാര്യങ്ങൾ കമ്മീഷന്റെ പരിഗണനയിലാണ്. ഇതിന്മേൽ നടപടി

സ്വീകരിക്കുന്നതിന് കേരളത്തിലെ ജാതി/സമുദായങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ സർവ്വേ റിപ്പോർട്ടും സർക്കാർ/സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ ജാതികൾക്കുള്ള പ്രാതിനിധ്യത്തെക്കുറിച്ചുള്ള വിവരങ്ങളും അത്യന്താപേക്ഷിതമാണ്.

<u>പൊതുവിദ്യാഭ്യാസ വകുപ്പ്</u>

ഫയൽ നമ്പർ 1254818/എഫ്3/17/G.edn.

പുതുതായി സ്കൂളുകൾ അനുവദിക്കുകയോ അപ്ഗ്രേഡ് ചെയ്യുകയോ ചെയ്യുന്നത് കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം V ചട്ടം 2, 2 'എ'യിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചാണ്. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ സമർപ്പിക്കപ്പെട്ട റിട്ട് ഹർജി 3060/2014 ഉൾപ്പെടെ ഒരു കൂട്ടം ഹർജികളിലെ 18/06/2015-ലെ വിധിന്യായ പ്രകാരം ഓരോ പ്രദേശത്തെയും വിദ്യാഭ്യാസ ആവശ്യകത സ്കൂൾ മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം സർക്കാർ കൈക്കൊള്ളുകയും വിദ്യാഭ്യാസ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനും അതുവരെ ഒരു സ്കൂളും അപ്ഗ്രേഡ് ചെയ്യരുതെന്നും നിർദ്ദേശിച്ചിരുന്നു. തുടർന്ന് സ്കൂൾ മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ പ്രദേശങ്ങൾ ഉൾപ്പെടുത്തി 25-5-2016-ലെ അസാധാരണ ഗസറ്റ് 985-ാം നമ്പരായി പൊതുവിദ്യാഭ്യാസ ഡയറക്ടർ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർന്ന് ലഭ്യമായ പരാതികൾ/ആക്ഷേപങ്ങൾ പരിശോധിച്ച് ഏറ്റവും വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ 4 പ്രദേശങ്ങൾ 20-5-2017-ലെ അസാധാരണ ഗസറ്റ് നമ്പർ 1057, 10-10-2017-ലെ അസാധാരണ ഗസറ്റ് നമ്പർ 2192 എന്നിവ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ മറ്റ് 82 പ്രദേശങ്ങളിലെ കുട്ടികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ തൊട്ടടുത്ത സ്കൂളുകളിലേയ്ക്ക് വാഹന സൗകര്യം ഏർപ്പെടുത്തുന്നതിനും ഉത്തരവായിട്ടുണ്ട്.

കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം V ചട്ടം 2, 2 'എ'-യിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് വിദ്യാഭ്യാസ ആവശ്യകതയുള്ള പ്രദേശങ്ങൾ കണ്ടെത്തി തുടർനടപടികൾ കൈക്കൊണ്ട് മാത്രമെ അപ്ഗ്രഡേഷൻ ചെയ്യാൻ സാധിക്കുകയുള്ളൂ. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നിലവിൽ അനുമതി നൽകാൻ നിർവ്വാഹമില്ല. ഇതുസംബന്ധിച്ച് സർക്കാർ വീണ്ടും

നയപരമായ തീരുമാനമെടുക്കുമ്പോൾ ബന്ധപ്പെട്ടവർക്ക് അതിനുള്ള അപേക്ഷയുമായി സർക്കാരിനെ സമീപിക്കാവുന്നതാണ്. ആംഗ്ലോ ഇന്ത്യൻ സ്കൂളുകളുടെ അപ്ഗ്രഡേഷൻ ഈ സാഹചര്യത്തിൽ പ്രത്യേകമായി പരിഗണിക്കാൻ നിയമപരമായി കഴിയുന്നതല്ല.

ആംഗ്ലോ ഇന്ത്യൻ പ്രതിനിധി എം.എൽ.എ.യുടെ ഫണ്ടിൽനിന്നും ഫണ്ട് ആ വിഭാഗക്കാർക്ക് ചെലവഴിക്കണമെന്ന ആവശ്യം പരിഗണിക്കുന്നതിന് ജാതി സെൻസസ്, സോഷ്യൽ മാപ്പിംഗ് എന്നിവ ആവശ്യമാണ്. ഈ ഡാറ്റ ലഭ്യമല്ലാത്തതിനാൽ മേൽ നടപടി സാധ്യമായിട്ടില്ല.

ആംഗ്ലോ ഇന്ത്യൻ സാംസ്കാരിക നിലയത്തിന് ലഭ്യമാക്കണമെന്ന ആവശ്യത്തിന്മേൽ റവന്യൂ വകുപ്പ് മേൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

<u>സാംസ്കാരിക വകുപ്പ്</u>

ഫയൽ നമ്പർ (1) 470/B1/13/GAD

(2) E87/B1/17/GAD

കൊല്ലം ജില്ലയിലെ തങ്കശ്ശേരി പ്രദേശത്തെ സംരക്ഷണം സംബന്ധിച്ച വിഷയത്തിൽ പുരാവസ്തു വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. മാളയിലെ യഹൂദ സ്മാരകങ്ങൾ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**പിന്നോക്ക വിഭാഗക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച പഠനം**

85(858) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിലെ ഉന്നത തസ്തികകളിൽ പിന്നോക്ക വിഭാഗക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സർക്കാർ സർവ്വീസിലെ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ച് പഠനം നടത്തുന്നതിന് സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ&ബി) എല്ലാ വർഷവും ജനുവരി 1 അടിസ്ഥാനമാക്കി ഓരോ വകുപ്പിലെയും പട്ടികജാതി പട്ടികവർഗ്ഗ പ്രാതിനിധ്യം സർക്കാർ പരിശോധിക്കാറുണ്ട്. ആയതിനാൽ സർക്കാർ സർവ്വീസിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ച് ഇപ്പോൾ പഠനം നടത്തേണ്ട ആവശ്യകതയില്ല.

സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിലെയും സർക്കാർ നിയന്ത്രണ സ്ഥാപനങ്ങളിലെയും സ്വയംഭരണ സ്ഥാപനങ്ങളിലെയും പിന്നോക്ക വിഭാഗങ്ങളിൽ ഉൾപ്പെട്ട ജീവനക്കാരുടെ ജാതി/സമുദായ പ്രാതിനിധ്യം സംബന്ധിച്ച ഡാറ്റ ശേഖരിക്കുന്നതിനായി കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ e-CDESK (e-Caste Database of Employees in Services-Kerala) എന്ന Employees Web Portal സി-ഡിറ്റിന്റെ സഹായത്തോടെ ആരംഭിക്കുകയും വിവരങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനും അപ്ഡേറ്റ് ചെയ്യുന്നതിനുമായി ഓരോ വകുപ്പിലും പ്രത്യേക നോഡൽ ഓഫീസർമാരെ നിയമിക്കുകയും അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലുമാണ്.

## പിന്നോക്ക സമുദായങ്ങളിൽപ്പെട്ട സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ്

86 (859) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നോക്കസമുദായങ്ങളിൽപ്പെട്ട സ്കൂൾ വിദ്യാർത്ഥികൾക്കുള്ള 2017-18-ലെ ലംപ്സം ഗ്രാന്റ് വിതരണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്കുള്ള ലംപ്സം ഗ്രാന്റ് വിതരണം ചെയ്യുന്നതിനുള്ള കാലതാമസമെന്താണെന്ന് വിശദീകരിക്കുമോ;

(സി) സംസ്ഥാനത്തെ മുഴുവൻ ഒ. ബി. സി. കുട്ടികൾക്കും ലംപ്സം ഗ്രാന്റ് നൽകുന്നതിനുള്ള തുക ബജറ്റിൽ ഉൾപ്പെടുത്തിയിരുന്നോ; വിശദീകരിക്കാമോ;

(ഡി) ഇവരുടെ ലംപ്സം ഗ്രാന്റ് എത്രയും വേഗം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് രണ്ട് തരത്തിലാണ് ആനുകൂല്യം അനുവദിക്കുന്നത്.

1. ഒ.ഇ.സി. പ്രീമെട്രിക് അസിസ്റ്റന്റ്സ്

2. ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ്

ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികൾക്കുള്ള 2017-18-ലെ ലംപ്സം ഗ്രാന്റ് അൺ-എയ്ഡഡ് സ്ഥാപനങ്ങളുടേതൊഴികെ വിതരണം ചെയ്തിട്ടുണ്ട്. ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് സാധാരണഗതിയിൽ ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ് വിതരണം ചെയ്യുന്നത്. ആയതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി & സി) ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് ലംപ്സം ഗ്രാന്റായല്ല വിതരണം ചെയ്യുന്നത്. ഒ.ഇ.സി. വിഭാഗങ്ങൾക്ക് കാലതാമസമില്ലാതെതന്നെ വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്യുന്നുണ്ട്. സ്ഥാപന മേധാവികൾ യഥാസമയം ഓൺലൈൻവഴി വിവരം നൽകാത്തവരുടെ കാര്യത്തിലാണ് കാലതാമസം നേരിടുന്നത്. ഇത്തരത്തിലുള്ള സ്ഥാപനങ്ങൾക്ക് വിദ്യാർത്ഥികളുടെ വിവരങ്ങൾ ഓൺലൈൻവഴി പുനർസമർപ്പിക്കുന്നതിന് വീണ്ടും സമയം അനുവദിച്ച് നൽകുന്നുണ്ട്. ഇതിനുള്ള തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ടവർക്ക് ആനുകൂല്യം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അൺഎയ്ഡഡ് സ്ഥാപനങ്ങളുടെ ക്ലെയിമുകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മേലൊപ്പ് ചാർത്തി ലഭിക്കാൻ വൈകുന്നതാണ് ആനുകൂല്യം അനുവദിക്കുന്നതിന് കാലതാമസമുണ്ടാക്കുന്നത്. ആയത് പരിഹരിക്കുന്നതിന് ഡി.ഇ.ഒ.-മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് അപേക്ഷാ പ്രോസസ്സിംഗ് പൂർത്തിയായിട്ടുണ്ട്. അർഹരായവരുടെ പട്ടിക ജനുവരി 31-നകം പ്രസിദ്ധീകരിച്ച് ഫെബ്രുവരിയിൽ സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതുമാണ്.

## പിന്നോക്ക വിഭാഗങ്ങളുടെ സംവരണം

87 (860) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗങ്ങളുടെ സംവരണം സംബന്ധിച്ചുള്ള മേൽത്തട്ട് പരിധി 6 ലക്ഷം രൂപയിൽ നിന്നും 8 ലക്ഷം രൂപയാക്കി ഉയർത്തിക്കൊണ്ടുള്ള കേന്ദ്ര നിർദ്ദേശം സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പിന്നോക്ക ക്ഷേമ വികസന വകുപ്പിൽ നിന്നും മുഖ്യമന്ത്രിക്ക് നൽകിയ (UO (f) No.1802258/എ 3/17/BCDD) ഫയലിൽ, എന്ത് നടപടി സ്വീകരിക്കുവാനാണ് അദ്ദേഹം നിർദ്ദേശം നൽകിയിട്ടുള്ളത്;

(സി) പ്രസ്തുത ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പിന്നോക്ക വിഭാഗങ്ങളുടെ സംവരണത്തിനുള്ള മേൽത്തട്ട് വരുമാന പരിധി 6 ലക്ഷത്തിൽനിന്നും 8 ലക്ഷം രൂപയായി കേന്ദ്രസർക്കാർ നിശ്ചയിച്ച് 13-9-2017-ന് ഓഫീസ് മെമ്മോറാണ്ടം ഇറക്കിയിട്ടുണ്ട്.

(ബി & സി) കേരളത്തിൽ മേൽത്തട്ട് വരുമാന പരിധി 4.5 ലക്ഷം രൂപയായി ഉയർത്തിയത് ജസ്റ്റിസ് രാജേന്ദ്ര ബാബു കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിലായിരുന്നു. പിന്നീട് ഈ പരിധി 6 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. നിലവിലെ പരിധി തൽക്കാലം മാറ്റം വരുത്തേണ്ടതില്ലെന്ന് നിശ്ചയിച്ചിട്ടുണ്ട്.

## പട്ടാമ്പി മണ്ഡലത്തിൽ പിന്നോക്ക ജാതിയിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം

88 (861) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടുന്ന പിന്നോക്ക ജാതിയിൽപ്പെട്ടവർക്ക് മന്ത്രിയുടെ ചികിത്സാ ധനസഹായം ലഭിക്കുന്നതിനു അർഹതയുണ്ടോ; ഉണ്ടെങ്കിൽ അത് ഏതെല്ലാം ആശുപത്രിയിൽ നടത്തുന്ന ചികിത്സകൾക്ക് ലഭിക്കുമെന്നുള്ളത് വ്യക്തമാക്കാമോ;

(ബി) പട്ടാമ്പി മണ്ഡലത്തിൽ ഈ സർക്കാർ നിലവിൽ വന്നതിനുശേഷം എത്ര തുക ചികിത്സാ ഇനത്തിൽ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) പിന്നോക്ക ജാതിയിൽപ്പെട്ടവർക്ക് വകുപ്പുമന്ത്രിയുടെ ചികിത്സാ ധനസഹായം ലഭിക്കുന്നതിനുള്ള പദ്ധതികളൊന്നും നിലവിലില്ല.

## വായ്പാ പദ്ധതി

89 (862) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ പുനരധിവാസം പദ്ധതിപ്രകാരം പിന്നോക്ക വിഭാഗവികസന കോർപ്പറേഷൻ വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രവാസികളുടെ പുനരധിവാസ പദ്ധതി പ്രകാരം കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ Re-turn എന്ന പേരിൽ വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഈ പദ്ധതി പ്രകാരം വരുമാനദായകമായ ഏതൊരു നിയമാനുസൃത സംരംഭം ആരംഭിക്കുന്നതിനും 20 ലക്ഷം രൂപ വരെ വായ്പ ലഭിക്കും. കേരളത്തിലെ മറ്റ് പിന്നോക്ക വിഭാഗത്തിലും (ഒ.ബി.സി.), മതന്യൂനപക്ഷ വിഭാഗത്തിലും ഉൾപ്പെട്ട 18-നും 65-നും മദ്ധ്യേ പ്രായമുള്ളവരും പ്രവാസ ജീവിതത്തിനുശേഷം നാട്ടിൽ സ്ഥിരതാമസമാക്കിയവരുമായ സംരംഭകർക്കാണ് വായ്പ അനുവദിക്കുന്നത്. പദ്ധതി അടങ്കലിന്റെ 95% വരെ വായ്പ അനുവദിക്കും. ബാക്കി തുക ഗുണഭോക്താവ് കണ്ടെത്തണം.

ഗ്രാമപ്രദേശത്ത് 98,000 രൂപ വരെയും നഗരപ്രദേശത്ത് 1,20,000 രൂപ വരെയും വാർഷിക വരുമാനമുള്ള ഒ.ബി.സി. വിഭാഗക്കാർക്ക് 5 ലക്ഷം രൂപവരെ 6% പലിശ നിരക്കിലും അതിന് മുകളിൽ 20 ലക്ഷം രൂപ വരെ 7% പലിശ നിരക്കിലും വായ്പ ലഭിക്കും. ഇതേ വരുമാന പരിധിയിൽ വരുന്ന ന്യൂനപക്ഷ വിഭാഗങ്ങൾക്ക് 20 ലക്ഷം രൂപ വരെ 6% പലിശ നിരക്കിൽ വായ്പ ലഭിക്കും. 6 ലക്ഷം രൂപവരെ വരുമാനമുള്ള ന്യൂനപക്ഷ വിഭാഗത്തിലെ സ്ത്രീകൾക്ക് 6% നിരക്കിലും പുരുഷന്മാർക്ക് 8% നിരക്കിലും വായ്പ അനുവദിക്കുന്ന പദ്ധതിയും നിലവിലുണ്ട്. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നീ ദേശീയ ഏജൻസികളുടെ ധനസഹായത്തോടുകൂടിയാണ് ഈ വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നത്.

ഈ പദ്ധതി പ്രകാരം വായ്പയെടുക്കുന്ന പ്രവാസികൾക്ക് പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡിയായി നോർക്കാ റൂട്ട്സ് അനുവദിക്കും. പരമാവധി സബ്സിഡി തുക 3 ലക്ഷം രൂപയാണ്. വായ്പയെടുത്ത് ആരംഭിക്കുന്ന സംരംഭം 4 വർഷം വരെ പ്രവർത്തിച്ചാൽ മാത്രമേ സബ്സിഡി ലഭിക്കുകയുള്ളൂ. ഇതിനു പുറമെ വായ്പാ തിരിച്ചടവിന്റെ ആദ്യ നാല് വർഷങ്ങളിൽ 3% നിരക്കിൽ പലിശ സബ്സിഡിയും നോർക്കാ റൂട്ട്സ് അനുവദിക്കും. വായ്പാ ഗഡുക്കൾ മുടക്കമില്ലാതെ അടയ്ക്കുന്ന സംരംഭകർക്ക് തിരിച്ചടവ് പൂർത്തിയാക്കുമ്പോൾ പലിശയിനത്തിൽ മൊത്തം തിരിച്ചടച്ച തുകയുടെ 5% 'ഗ്രീൻ കാർഡ്' ആനുകൂല്യമായി കോർപ്പറേഷൻ അനുവദിക്കും.

**ദിവസവേതന ജീവനക്കാരും കോൺട്രാക്ട് ജീവനക്കാരും**

90 (863) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദിവസവേതന ജീവനക്കാരെയും കോൺട്രാക്ട് ജീവനക്കാരെയും വിവിധ വകുപ്പുകളിൽ നിയമിക്കുന്നതായി നിയമവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരം ഫയലുകൾ ബന്ധപ്പെട്ട വകുപ്പ് മേധാവികൾ നിയമ വകുപ്പിനെ കാണിക്കാറുണ്ടോ;

(സി) കാണിക്കാത്ത വകുപ്പുകൾ ഏതെല്ലാം; നിയമ വകുപ്പിനെ കാണിക്കുന്ന വകുപ്പുകൾ ഏതെല്ലാം;വ്യക്തമാക്കാമോ;

(ഡി) വിദ്യാഭ്യാസ വകുപ്പിലെ ഐ. ഇ. ഡി. ഭിന്നശേഷിക്കാരെ പഠിപ്പിക്കുന്ന അദ്ധ്യാപകർ, സർവ്വശിക്ഷ അഭിയാനിലെ അദ്ധ്യാപക അനദ്ധ്യാപകർ, ആരോഗ്യവകുപ്പിലെ എൻ ആർ എച്ച്എം വഴിയുള്ള ഡോക്ടർമാർ/ അനുബന്ധ ജീവനക്കാർ , പി.എസ്.സി.-ക്ക് വിടാത്ത പൊതുമേഖല സ്ഥാപനങ്ങൾ ,വിവിധ ജുഡിഷ്യൽ കമ്മീഷനുകൾ ,മനുഷ്യാവകാശ കമ്മീഷൻ, വിവരാവകാശ കമ്മീഷൻ , ആരോഗ്യവകുപ്പിലെ വിവിധ പ്രൊജക്ടുകൾ ,വിദ്യാഭ്യാസ വകുപ്പിലെ പ്രോജക്ടുകൾ എന്നിവിടങ്ങളിലും സംവരണം പാലിക്കാതെയാണ് നിയമനങ്ങൾ നടത്തുന്നതെന്ന കാര്യം നിയമവകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഇത് സംബന്ധിച്ച ഫയലുകളിൽ നിയമ വകുപ്പിന്റെ റിമാർക്സ് എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(എഫ്) സംവരണം പാലിക്കാതെയുള്ള കരാർ നിയമനം പുനഃപരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) അവശ്യഘട്ടങ്ങളിൽ ദിവസവേതന ജീവനക്കാരെയും കോൺട്രാക്ട് ജീവനക്കാരെയും വിവിധ വകുപ്പുകളിൽ നിയമിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) ദിവസവേതന ജീവനക്കാരെയും കോൺട്രാക്ട് ജീവനക്കാരെയും നിയമിക്കുന്നതിന് നിയമ വകുപ്പിന്റെ ഉപദേശം സാധാരണയായി ആരായുന്നില്ല. എന്നാൽ ആരോഗ്യ സർവ്വകലാശാലയിലെ അസിസ്റ്റന്റ് രജിസ്ട്രാർ, സെക്ഷൻ ഓഫീസർ എന്നീ തസ്തികകളിലേയ്ക്ക് സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ/ സർവ്വകലാശാലകൾ എന്നിവിടങ്ങളിൽനിന്നും സമാന തസ്തികയിൽനിന്ന് വിരമിച്ച ജീവനക്കാരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നത് സംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഈ വകുപ്പിന്റെ ഉപദേശം ആരാഞ്ഞിരുന്നു.

(ഡി) ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ് ഇക്കാര്യം പരിശോധിക്കേണ്ടത്.

(ഇ) നിലവിലുള്ള ചട്ടങ്ങൾക്കനുസരിച്ച് നിയമനം നടത്താനാണ് നിർദ്ദേശിക്കുന്നത്.

(എഫ്) ബന്ധപ്പെട്ട ഭരണവകുപ്പുകളാണ് ഇത്തരം വിഷയങ്ങളിൽ നടപടി സ്വീകരിക്കേണ്ടത്.

**നാടക പഠന ഗവേഷണ കേന്ദ്രം**

91(864) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര എ.ആർ. സ്മാരകം, നരേന്ദ്രപ്രസാദ് സ്മാരക നാടക പഠന ഗവേഷണ കേന്ദ്രം എന്നിവയുടെ വിപുലീകരണത്തിനായി സാംസ്കാരിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നല്കുമോ;

(ബി) നൂറനാടിനെ നന്ദികേശ ശില്പ പൈതൃക ഗ്രാമമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ മാവേലിക്കര എ.ആർ. സ്മാരകത്തിന് പ്രഖ്യാപിച്ച 25 ലക്ഷം രൂപ ടി സ്മാരകത്തിന് ഭാഷാ പഠന കേന്ദ്രം ആരംഭിക്കുന്നതിന് അനുവദിക്കുകയുണ്ടായി. കൂടാതെ സ്മാരകത്തിന് ആവർത്തന/വാർഷിക ഗ്രാന്റായി 1 ലക്ഷം രൂപയും അനുവദിച്ചുവരുന്നു.

ആലപ്പുഴ ജില്ലയിലെ മാവേലിക്കരയിൽ പ്രവർത്തിക്കുന്ന നരേന്ദ്രപ്രസാദ് സ്മാരക നാടക പഠന ഗവേഷണ കേന്ദ്രത്തിന് 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച 25 ലക്ഷം രൂപ സ്ഥാപനത്തിന്റെ റിഹേഴ്സൽ ഷെഡിന്റെ പണി പൂർത്തീകരണത്തിനും ലൈബ്രറി നവീകരണത്തിനുമായി അനുവദിച്ചിട്ടുണ്ട്. ടി കേന്ദ്രത്തിന്റെ വിപുലീകരണം ഉൾപ്പെടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സെക്രട്ടറി സർക്കാരിൽ സമർപ്പിച്ച അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) നൂറനാട് പടനിലം, നന്ദികേശ ശില്പ പൈതൃക ഗ്രാമമായി അംഗീകരിക്കുന്നതിന് പുരാവസ്തു വകുപ്പ് ഡയറക്ടറുമായി ബന്ധപ്പെട്ട് വ്യക്തമായ മാനദണ്ഡങ്ങളോടെ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുവാൻ, കേരള ലളിതകലാ അക്കാദമിയോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് വിദഗ്ദ്ധമായ പഠനം ആവശ്യമുള്ളതിനാൽ ടി അക്കാദമിയുടെ അടുത്ത നിർവ്വാഹക സമിതി യോഗത്തിൽ ചർച്ച ചെയ്ത് ഒരു വിദഗ്ദ്ധനെ നിശ്ചയിച്ച് പഠന റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതാണെന്ന് കേരള ലളിതകലാ അക്കാദമി സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## ഫോക്‌ലോർ വില്ലേജിന്റെ പ്രവർത്തനം

92(865) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ കൊടക്കാട് കേന്ദ്രീകരിച്ച് വിഖ്യാത തെയ്യം കലാകാരൻ മണക്കാടൻ ഗുരുക്കളുടെയും നർത്തകരത്നം കണ്ണപെരുവണ്ണാന്റെയും സ്മരണകൾ നിലനിർത്തി തെയ്യം ഉൾപ്പെടെയുള്ള അനുഷ്ഠാനകലകളുടെ പരിപോഷണത്തിന് ഉതകുന്ന തരത്തിൽ വിഭാവനം ചെയ്ത ഫോക് ലോർ വില്ലേജിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) കാസർഗോഡ് പാക്കേജിലും 2017-18-ലെ ബജറ്റിലും ഇതിനാവശ്യമായ പ്രാരംഭച്ചെലവുകൾ വകയിരുത്തിയിട്ടും സ്ഥാപനം തുടങ്ങാൻ കഴിയാതെ വരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) കാസർഗോഡ് ജില്ലയിലെ കൊടക്കാട് കണ്ണപെരുവണ്ണാൻ സ്മാരക കലാഗ്രാമം സ്ഥാപിക്കുന്നതിനുവേണ്ടി 13-10-2017-ലെ സ.ഉ. (സാധാ) നമ്പർ 597/2017/സി.എൽ.എ.ഡി. പ്രകാരം 25 ലക്ഷം രൂപ കേരള ഫോക്‌ലോർ അക്കാദമിക്ക് അനുവദിച്ച് നൽകിയിരുന്നു. എന്നാൽ പ്രസ്തുത പദ്ധതിക്കായി കാസർഗോഡ് ജില്ലയിൽ 298/പാർട്ട് സർവേ നമ്പറിലുള്ള ഭൂമി ഇതുവരെയും റവന്യൂ വകുപ്പിൽനിന്നും അക്കാദമിക്ക് വിട്ടുകിട്ടിയിട്ടില്ല. സ്ഥലം വിട്ടുനൽകുന്നതിനുവേണ്ടി ജില്ലാകളക്ടറെ വീണ്ടും സമീപിച്ച് 2018-19-ൽ പദ്ധതി പ്രവർത്തനം പൂർത്തീകരിക്കാൻ കഴിയുംവിധം പ്രവർത്തനങ്ങൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

**എൻ. എൻ. കക്കാടിന്റെ സ്മരണയ്ക്കായി സ്മാരക മന്ദിരം**

93(866) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എൻ. കക്കാടിന്റെ സ്മരണയ്ക്കായി സാഹിത്യ അക്കാദമി അദ്ദേഹത്തിന്റെ ജന്മനാട്ടിൽ നിർമ്മിക്കുന്ന സ്മാരക മന്ദിരത്തിന് ഭരണാനുമതി ലഭിക്കുന്നതിൽ കാലതാമസം വന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാരിൽ സമർപ്പിച്ച ഡി.പി.ആർ-ന് ഭരണാനുമതി നൽകി പ്രസ്തുത പ്രവൃത്തി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എൻ.എൻ. കക്കാടിന് അദ്ദേഹത്തിന്റെ ജന്മനാട്ടിൽ സ്മാരകം നിർമ്മിക്കുന്നതിന് സാഹിത്യ അക്കാദമി ലഭ്യമാക്കിയ 1.71 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ച് ആദ്യഘട്ടത്തിൽ ആയത് 75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റായി നിജപ്പെടുത്തുവാൻ കേരള സാഹിത്യ അക്കാദമിയോട് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**കോങ്ങാട് മണ്ഡലത്തിലെ സാംസ്കാരിക പദ്ധതികൾ**

94 (867) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ നിന്ന് എത്ര സാംസ്കാരിക പദ്ധതികൾക്കായി പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടെന്ന വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത പ്രൊപ്പോസലുകളിന്മേൽ സമയബന്ധിതമായി ഭരണാനുമതി ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) പാലക്കാട് കോങ്ങാട് നിയമസഭാ മണ്ഡലത്തിൽനിന്ന് ഒടുവിൽ ഉണ്ണിക്കൃഷ്ണൻ സ്മാരകത്തിനായി 2016-17 സാമ്പത്തിക വർഷം ലഭിച്ചിരുന്ന പ്രൊപ്പോസൽ പരിശോധിച്ച് പദ്ധതിക്ക് ഭരണാനുമതിയും 25 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. തടുക്കശ്ശേരി വിവേകോദയ സാംസ്കാരിക നിലയം ലൈബ്രറിക്ക് സാംസ്കാരിക സമുച്ചയ നിർമ്മാണം, കണ്ടലശ്ശേരി-വാദ്യകലാ പൈതൃക കേന്ദ്രം, കോങ്ങാട് ക്ഷമാ സ്മാരക ഡിജിറ്റൽ ലൈബ്രറിയിൽ റഫറൻസ് സംവിധാനം എന്നീ പുതിയ പദ്ധതികൾക്കുള്ള പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് മറ്റ് നടപടികൾ കൈക്കൊള്ളുന്നതാണ്.

**കലാഭവൻ മണി സ്മാരകം**

95 (868) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തരിച്ച പ്രശസ്ത കലാകാരൻ കലാഭവൻ മണിയുടെ പേരിൽ ചാലക്കുടിയിൽ കലാഭവൻ മണി സ്മാരകം നിർമ്മിക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) 2016-17 സാമ്പത്തിക വർഷത്തിലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ കലാഭവൻ മണി സ്മാരകം നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ പ്രഖ്യാപിച്ചിരുന്നു. മേൽ പദ്ധതി കേരള ഫോക്‌ലോർ അക്കാദമി മുഖാന്തിരം നടപ്പിലാക്കുന്നതിനായി 31-3-2017-ലെ സ.ഉ. (സാധാ) നമ്പർ 288/2017/ സി.എൽ.എ.ഡി. തീയതി പ്രകാരം സർക്കാർ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ടി തുക അനുവദിക്കുന്നതിലേയ്ക്കായി സ്മാരകത്തിനായുള്ള സ്ഥലവും അടിസ്ഥാന സൗകര്യവും ലഭ്യമാക്കുവാൻ കേരള ഫോക്‌ലോർ അക്കാദമിയോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ടി സ്മാരകം സ്ഥാപിക്കുന്നതിന് സ്ഥലം വിട്ടുകിട്ടുന്നതിന് സ്ഥലം എം.എൽ.എ.-യുമായി ബന്ധപ്പെട്ട് ഫോക്‌ലോർ അക്കാദമി നടപടി സ്വീകരിച്ചുവരുന്നു.

## പൂക്കാട് കലാലയത്തിന് വാർഷിക ആവർത്തന ഗ്രാന്റ്

96 (869) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കലാ-സാംസ്കാരിക കേന്ദ്രമായ പൂക്കാട് കലാലയത്തിന് വാർഷിക ആവർത്തന ഗ്രാന്റ് അനുവദിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള ഉപസമിതി റിപ്പോർട്ടുകൾ (ശ്രീ. പി.ടി. തോമസ്, പ്രൊഫ. സി. രവീന്ദ്രനാഥ് സമിതി) ലഭിച്ചതിൽ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത കലാലയത്തിന് ആവർത്തന ഗ്രാന്റ് അനുവദിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) നിലവിൽ സാംസ്കാരിക സംഘടനകൾക്ക്/സമിതികൾക്ക്/ സ്ഥാപനങ്ങൾക്ക് ആവർത്തന/വാർഷിക ധനസഹായം അനുവദിക്കുന്നതിന് ബാധകമാക്കുന്നത് 1-6-1999-ലെ സ.ഉ. (എം.എസ്.) നമ്പർ 23/1999/സാം.കാ.വ എന്ന സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന ചട്ടങ്ങൾ പ്രകാരവും പട്ടിക പ്രകാരവുമാണ്. പ്രസ്തുത ചട്ടങ്ങൾ/പട്ടിക പരിഷ്കരിക്കുന്നതിനുവേണ്ടി നിയമിച്ച ശ്രീ. പി.ടി. തോമസ് കമ്മിറ്റി 2014-ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ മുമ്പ് സർക്കാരിൽ സമർപ്പിച്ച ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ കമ്മിറ്റിയുടെ റിപ്പോർട്ടും പ്രൊഫ. സി. രവീന്ദ്രനാഥ് കമ്മിറ്റിയുടെ റിപ്പോർട്ടും ശ്രീ. പി.ടി. തോമസ് കമ്മിറ്റിയുടെ റിപ്പോർട്ടിനോടൊപ്പം പരിശോധിച്ച് സമഗ്രമായ ശിപാർശ സമർപ്പിക്കുന്നതിന് 30-12-2016-ലെ സ.ഉ. (സാധാ) നമ്പർ 468/2016/സാം.കാ.വ. പ്രകാരം താഴെപ്പറയുന്ന മൂന്നംഗ ഉപസമിതിയെ നിയമിച്ചിട്ടുണ്ട്.

1. ഡോ. കെ. പി. മോഹനൻ, സെക്രട്ടറി, കേരള സാഹിത്യ അക്കാദമി
2. ശ്രീ. എൻ. രാധാകൃഷ്ണൻ നായർ, സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി
3. പ്രൊഫ. വി. കാർത്തികേയൻ നായർ, ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

തുടർന്ന് ടി ഉപസമിതി സർക്കാരിൽ സമർപ്പിച്ച വാർഷിക/ആവർത്തന ധനസഹായങ്ങൾ അനുവദിക്കുന്നതിന് പരിഗണിക്കേണ്ട ഇടക്കാല നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ടും ടി ഉപസമിതിയുടെ കൺവീനറായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറെ നിയമിച്ചുകൊണ്ടും 20-9-2017-ലെ സ.ഉ. (സാധാ) നമ്പർ 549/2017/സാം.കാ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

പ്രസ്തുത ഉപസമിതിയുടെ അന്തിമ റിപ്പോർട്ട് ലഭ്യമായതിനുശേഷം കോഴിക്കോട് ജില്ലയിലെ പൂക്കാട് കലാലയം ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ ആവർത്തന/വാർഷിക ധനസഹായങ്ങൾക്കുള്ള പുതുക്കിയ പട്ടിക അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**കുഞ്ചൻ സ്മാരകത്തിന്റെ നവീകരണം**

97(870) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിലെ ലക്കിടി കുഞ്ചൻ സ്മാരകത്തിന്റെ നവീകരണത്തിനായി ഈ സർക്കാർ അധികാരമേറ്റ് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ;

(ബി) 1-7-2016 മുതൽ 31-12-2017 വരെയുള്ള കാലത്ത് കുഞ്ചൻ സ്മാരകത്തിന്റെ നവീകരണത്തിനായി എത്ര തുക അനുവദിച്ചു;

(സി) ഓരോ പ്രവൃത്തിയുടെയും അനുവദിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ - സി) ഈ സർക്കാർ അധികാരമേറ്റശേഷം 01.10.2016-ലെ സ.ഉ. (സാധാ) നമ്പർ 325/2016/സാം.കാ.വ എന്ന സർക്കാർ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിൽ ലക്കിടിയിൽ കിള്ളിക്കുറിശ്ശിമംഗലത്ത് പ്രവർത്തിക്കുന്ന കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ ഭരണസമിതി പുനഃസംഘടിപ്പിക്കുകയുണ്ടായി. ടി സ്മാരകത്തിന് ആവർത്തന/വാർഷിക ഗ്രാന്റായി 4 ലക്ഷം രൂപ അനുവദിച്ചുവരുന്നുണ്ട്. തുടർന്ന് ടി സ്മാരകത്തിന്റെ നവീകരണം/ നിർമ്മാണം/ സാംസ്കാരിക പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ അധികാരമേറ്റശേഷം താഴെപ്പറയുന്ന സർക്കാർ ഉത്തരവുകൾ പ്രകാരം 58,94,000 രൂപയാണ് അനുവദിച്ചത്.

കുഞ്ചൻ നമ്പ്യാർ സ്മാരകത്തിലെ ക്ലാസ് മുറികളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 3-1-2013-ലെ സ.ഉ. (സാധാ) നമ്പർ 1/2013/ സാം.കാ.വ. പ്രകാരം അനുവദിച്ച 10 ലക്ഷത്തിന് പുറമെ 10-1-2017-ലെ സ.ഉ. (സാധാ) നമ്പർ 8/2017/സാം.കാ.വ. പ്രകാരം 10 ലക്ഷം രൂപകൂടി അനുവദിക്കുകയുണ്ടായി. പ്രസ്തുത നിർമ്മാണ പ്രവർത്തനം ഹാബിറ്റാറ്റ് ടെക്നോളജി

ഗ്രൂപ്പിന്റെ ചുമതലയിൽ പുരോഗമിച്ചുവരുന്നു. കുഞ്ചൻ നമ്പ്യാർ സ്മാരകത്തിലെ കെടാവിളക്ക് സംരക്ഷിക്കൽ, കിണർ ആഴം കൂട്ടൽ, ചുറ്റുമതിൽ നിർമ്മാണം എന്നിവയ്ക്കായി 18-3-2017-ലെ സ.ഉ. (സാധാ) നമ്പർ 174/2017/സാം.കാ.വ. പ്രകാരം 13.94 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ടി തുക പ്രസ്തുത പ്രവർത്തനങ്ങൾക്കായി ഇതിനകംതന്നെ ചെലവഴിച്ചു കഴിഞ്ഞിട്ടുണ്ട്.

കുഞ്ചൻ നമ്പ്യാർ സ്മാരകത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി 29-3-2017-ലെ സ.ഉ. (സാധാ)നമ്പർ 251/2017/സാം.കാ.വ. പ്രകാരം 25 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. പ്രസ്തുത നിർമ്മാണ പ്രവർത്തനം പാലക്കാട് ജില്ലയിലെ നിർമ്മിതി കേന്ദ്രത്തിന്റെ ചുമതലയിൽ പുരോഗമിച്ചുവരുന്നു.

കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ സാംസ്കാരിക പ്രവർത്തനങ്ങൾക്കായി 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിരുന്ന 5 ലക്ഷം രൂപയ്ക്ക് പുറമെ ടി സ്മാരകത്തിന്റെ നേതൃത്വത്തിൽ തുള്ളൽ മഹോത്സവം സംഘടിപ്പിക്കുന്നതിന് ധനസഹായമായി 17-11-2017-ലെ സ.ഉ. (സാധാ)നമ്പർ 667/2017/സാം.കാ.വ. പ്രകാരം അനാവർത്തന ഗ്രാന്റിനത്തിൽ 5 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി.

**ഗോത്രഭാഷാ കലാപഠന കേന്ദ്രം**

98 (871) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ഗോത്രസംസ്കാരവും ഭാഷയും സംരക്ഷിക്കുന്നതിന് വയനാട്ടിൽ ഗോത്രഭാഷാ കലാപഠന കേന്ദ്രം ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) വയനാട് ജില്ലയിൽ ഗോത്രഭാഷാ പഠന കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ 19-1-2018-ലെ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതേയുള്ളൂ.

## വെള്ളിനേഴി കലാഗ്രാമത്തിന്റെ പ്രവർത്തനം

99 (872) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ സാംസ്കാരിക മേഖലയിലെ കലാപ്രവർത്തനങ്ങളുടെ പ്രഭവകേന്ദ്രമായ വെള്ളിനേഴിയിലെ വെള്ളിനേഴി കലാഗ്രാമത്തിന്റെ പ്രവർത്തനം എന്നുമുതലാണ് തുടങ്ങിയത് എന്നും, നിലവിൽ പ്രസ്തുത കലാഗ്രാമത്തിന്റെ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണ് എന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കലാഗ്രാമത്തിന്റെ പ്രവൃത്തികൾക്കായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സാംസ്കാരിക വകുപ്പ് എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കലാഗ്രാമത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ച് കലാഗ്രാമത്തിന്റെ പ്രവർത്തനം ഔദ്യോഗികമായി പ്രഖ്യാപിക്കാനും തുടങ്ങാനും ഈ സർക്കാരും സാംസ്കാരിക വകുപ്പും എന്തു തുടർനടപടികൾ സ്വീകരിച്ചുവരുന്നു എന്നും എപ്പോൾ പൂർത്തീകരണം സാദ്ധ്യമാകും എന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) വെള്ളിനേഴി കലാഗ്രാമം പദ്ധതി ടൂറിസം വകുപ്പിന്റെ നേതൃത്വത്തിലാണ് നടപ്പിലാക്കുന്നത്. ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ വെള്ളിനേഴിയെ ഒരു കലാഗ്രാമമായി സർക്കാർ പ്രഖ്യാപിക്കുകയും തുടർ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവ്വഹിക്കുകയുമുണ്ടായി. ടി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം 10-6-2015-ന് ആരംഭിക്കുകയും ചെയ്തു. ടി പദ്ധതിക്കായി 85 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ പാലക്കാട് ജില്ല ടൂറിസം പ്രൊമോഷൻ കൗൺസിൽ വിഭാവനം ചെയ്യുകയും ആയതിന്റെ ആദ്യ ഘട്ടത്തിനായി 2 കോടി രൂപയുടെ ( 1 കോടി രൂപ വിനോദ സഞ്ചാര വകുപ്പ്, 1 കോടി രൂപ ഷൊർണ്ണൂർ എം.എൽ.എ.യുടെ അസംബ്ലി മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും കണ്ടെത്തി) സർക്കാർ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽനിന്നും ഒരു കോടി രൂപ അനുവദിക്കാൻ സാങ്കേതിക തടസ്സമുള്ളതിനാൽ സർക്കാരിലെ ടൂറിസം വകുപ്പ് 2 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുകയും നാളിതുവരെ രണ്ടു ഘട്ടങ്ങളിലായി 80 ലക്ഷം രൂപ നിർമ്മാണ ചുമതല ഏറ്റെടുത്തിരിക്കുന്ന

ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് അനുവദിക്കുകയുമുണ്ടായി. ആയതിൻപ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

(ബി) സാംസ്കാരികകാര്യ വകുപ്പിൽ നിന്ന് ഈ വിഷയത്തിൽ യാതൊരുവിധ നടപടിയും സ്വീകരിച്ചിട്ടില്ല.

(സി) വെള്ളിനേഴി കലാഗ്രാമത്തിൽ ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ധൃതഗതിയിൽ പുരോഗമിച്ചുവരുന്നു.

**സാംസ്കാരിക വകുപ്പ് പദ്ധതികൾക്കുള്ള ഫണ്ട്**

100 (873) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷം സാംസ്കാരിക വകുപ്പ് എന്തൊക്കെ പദ്ധതികൾക്കാണ് ഫണ്ടുകൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഫണ്ടുകൾ അനുവദിക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങൾ ആണ് ഉള്ളതെന്നും എന്തൊക്കെ കാര്യങ്ങൾക്കാണ് വകുപ്പ് ഫണ്ടുകൾ അനുവദിക്കുന്നതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) സാംസ്കാരിക വകുപ്പിന് വിവിധ പദ്ധതികളുടെ നടത്തിപ്പിനായി 2017-18 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 72.67 കോടി രൂപ ഉപയോഗിച്ച് വിവിധ സ്ഥാപനങ്ങൾ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു.

2017-18 സാമ്പത്തിക വർഷം സാംസ്കാരിക വകുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ പാലക്കാട് ചിറ്റൂരിലുള്ള ചിത്രാഞ്ജലി തിയേറ്റർ ആധുനികരീതിയിൽ നവീകരിച്ച് രണ്ട് തിയേറ്ററുകളാക്കുന്ന പദ്ധതിക്കുവേണ്ടി നാല് കോടി രൂപ അനുവദിച്ചിട്ടുണ്ട്.

കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന് പദ്ധതിയിനത്തിൽ ഗ്രാന്റ് ഇൻ എയ്ഡ് ആയി 170 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. സർവ്വ വിജ്ഞാനകോശം 17-ാം വാല്യത്തിന്റെ പ്രസിദ്ധീകരണത്തിനും കേരള വിജ്ഞാനകോശം, നവ സാങ്കേതികവിദ്യ

വിജ്ഞാനകോശം എന്നിവയുടെ പ്രധാന ജോലികൾ തീർക്കുന്നതിനും സർവ്വവിജ്ഞാനകോശം 18, 19, 20 എന്നീ വാല്യങ്ങളുടെ പ്രാരംഭ നടപടികൾക്കും നിയമ വിജ്ഞാനകോശം, ചലച്ചിത്ര വിജ്ഞാനകോശം എന്നിവയുടെ പ്രാഥമിക പ്രവർത്തനങ്ങൾക്കും പ്രസിദ്ധീകരിച്ച വാല്യങ്ങളുടെ ഡിജിറ്റൈസേഷൻ പൂർത്തീകരിക്കുന്നതിനുമാണ് ടി തുക വകയിരുത്തിയിട്ടുള്ളത്.

2017-18 സംസ്ഥാന ബജറ്റ് പ്രകാരം ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന് അനുവദിച്ച തുക പുസ്തക പ്രസിദ്ധീകരണം, തളിര് പ്രസിദ്ധീകരണം, ഇന്ററാക്ടീവ് പുസ്തകങ്ങളുടെ പ്രസിദ്ധീകരണം, തളിര് വായനാ മത്സരം, സെമിനാറുകളും ശില്പശാലകളും, അവാർഡ്, ലൈബ്രറി വികാസം, പുസ്തക പ്രദർശനവും വില്പനയും, ഓൺലൈൻ ആക്ടിവിറ്റീസ് & ഡിജിറ്റലൈസേഷൻ, പരസ്യം എന്നീ പദ്ധതികൾക്കാണ് വകയിരുത്തിയിരിക്കുന്നത്.

കേരള സ്റ്റേറ്റ് ബുക്ക്മാർക്കിന് 2017-18-ൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പുസ്തകമേളകൾ സംഘടിപ്പിക്കൽ, പുതിയ രണ്ട് വില്പനകേന്ദ്രങ്ങൾ ആരംഭിക്കൽ, സഞ്ചരിക്കുന്ന പുസ്തകശാലയുടെ അറ്റകുറ്റപ്പണി, തുടർ പ്രവർത്തനങ്ങൾ എന്നീ ആവശ്യങ്ങൾക്കായി 55 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

കേരള സംഗീത നാടക അക്കാദമി സംഘടിപ്പിക്കുന്ന വിവിധ പരിപാടികൾക്കായി 3,26,66,667 രൂപ (മൂന്ന് കോടി ഇരുപത്തി ആറ് ലക്ഷത്തി അറുപത്തി ആറായിരത്തി അറുന്നൂറ്റി അറുപത്തി ഏഴ് രൂപാ മാത്രം) യാണ് 2017-18-ലെ പ്ലാൻ ബജറ്റിൽ അനുവദിച്ചിട്ടുള്ളത്.

2017-18 വർഷം പൈതൃക പഠന കേന്ദ്രത്തിന് പൈതൃക നിഘണ്ടു ഉൾപ്പെടെയുള്ള പുസ്തകങ്ങളുടെ പ്രസിദ്ധീകരണം, സെമിനാറുകൾ, ശില്പശാലകൾ, പരിശീലന പരിപാടികൾ എന്നിവയുടെ നടത്തിപ്പ്, കൺസർവേഷൻ ലാബ്, ലൈബ്രറി എന്നിവയുടെ വികസനമടക്കമുള്ള അക്കാദമിക് കോഴ്സുകളുടെ നടത്തിപ്പ്, മാൻപാർക്ക് ഉൾപ്പെടെയുള്ള ഹിൽപാലസ് പരിസര വികസനം, സൗന്ദര്യവത്കരണം എന്നീ പദ്ധതികൾക്കാണ് ബജറ്റിൽ ഫണ്ട് അനുവദിച്ചിട്ടുള്ളത്.

വൈലോപ്പിള്ളി സംസ്കൃതിഭവന് 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതമായി അനുവദിച്ച 75 ലക്ഷം രൂപ വിവിധ സാംസ്കാരിക പരിപാടികളുടെ സംഘാടനം, സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്കുള്ളതാണ്.

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിക്ക് പദ്ധതി വിഭാഗത്തിൽ അന്താരാഷ്ട്ര ചലച്ചിത്ര മേള, അന്താരാഷ്ട്ര ഷോർട്ട്ഫിലിം ആന്റ് ഹ്രസ്വ ചലച്ചിത്രമേള, നാഷണൽ ഫിലിം ഫെസ്റ്റിവൽ, ഫിലിം ലൈബ്രറി, പബ്ലിക്കേഷൻസ്, ഡോക്യുമെന്റേഷൻ & ഡിജിറ്റലൈസേഷൻ, ഫിലിം അപ്രീസിയേഷൻ ക്യാമ്പുകൾ, വെബ്സൈറ്റ് & പോർട്ടൽ, പ്രൊമോഷൻ ഓഫ് മലയാളം ഫിലിംസ്, പ്രൊമോഷൻ ഓഫ് ഫിലിം സൊസൈറ്റീസ്, ടൂറിംഗ് ടാക്കീസ്, ഫെലോഷിപ്പ് & റിസർച്ച്, ടി.വി. മീഡിയ-സെമിനാർ വർക്ക്ഷോപ്പ്സ്, ഡോക്യുമെന്ററി, റീജിയണൽ ഫെസ്റ്റിവലുകൾ തുടങ്ങിയ പരിപാടികൾക്കാണ് ഫണ്ട് വകയിരുത്തിയിട്ടുള്ളത്.

2017-18 സാമ്പത്തിക വർഷത്തിലേയ്ക്ക് മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിക്ക് പദ്ധതി ഇനത്തിൽ 5 ലക്ഷം രൂപയാണ് ബജറ്റിൽ അനുവദിച്ചത്. കൊണ്ടോട്ടി നേർച്ച ഫോട്ടോ ഗ്യാലറി എന്ന പദ്ധതിക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്.

കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചറിന് കുമാരനാശാനെക്കുറിച്ചുള്ള ഡോക്യുമെന്ററി നിർമ്മാണം, ആശാൻ ഗ്രന്ഥസൂചിക തയ്യാറാക്കൽ, ആശാൻ വ്യാഖ്യാനകോശം തയ്യാറാക്കുന്നതിന്റെ ആദ്യഘട്ട പ്രവർത്തനം, ഒരു വർഷം നീണ്ടുനിൽക്കുന്ന സാംസ്കാരിക പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിനാണ് ടി തുക ബജറ്റിൽ അനുവദിച്ചിട്ടുള്ളത്.

അദ്ധ്യാപക പരിശീലനം, പഠനകേന്ദ്രങ്ങൾ സ്ഥാപിക്കൽ, പഠനകേന്ദ്രങ്ങൾക്ക് സാമ്പത്തിക സഹായം, പാഠപുസ്തകങ്ങൾ, കൈപുസ്തകങ്ങൾ എന്നിവയുടെ അച്ചടിയും വിതരണവും, സെമിനാറുകൾ, മലയാളം മിഷൻ പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നവർക്കുള്ള പ്രോത്സാഹന പരിപാടികൾ, മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് എന്നിവയ്ക്കായി മലയാളം മിഷന് 110 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കേരള സ്റ്റേറ്റ് ജവഹർ ബാലഭവന് റോളർ സ്കേറ്റിംഗ് റിംഗ് നിർമ്മാണത്തിനും പെൺകുട്ടികൾക്കുള്ള ലാടിൻ നിർമ്മാണത്തിനുമാണ് ഫണ്ട് വകയിരുത്തിയിട്ടുള്ളത്.

ഡോക്യുമെന്റേഷൻ ലൈബ്രറിയുടെ ആധുനികവത്കരണം, കെട്ടിടങ്ങളുടെ പുനരുദ്ധാരണം, നിർമ്മാണം, വള്ളത്തോൾ മ്യൂസിയം, മറ്റു വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കുവേണ്ടിയാണ് കേരള കലാമണ്ഡലത്തിന് ബജറ്റിൽ ഫണ്ട് അനുവദിച്ചിട്ടുള്ളത്.

ഭാരത് ഭവന് സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിവിധങ്ങളായ സാംസ്കാരിക വിനിമയ പരിപാടികൾ സംഘടിപ്പിക്കുന്നതിനാണ് ഫണ്ട് അനുവദിക്കുന്നത്.

വൈജ്ഞാനിക ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തിനും വിജ്ഞാന കൈരളി മാസികയുടെ പ്രസിദ്ധീകരണത്തിനുമാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് ഗ്രാന്റ് അനുവദിക്കുന്നത്.

ഗുരുഗോപിനാഥ് നടനഗ്രാമത്തിന് ഗുരുഗോപിനാഥ് പുരസ്കാരം, നൃത്ത സംഗീത വാദ്യ കലാ പരിശീലനം, ദേശീയ നൃത്ത മ്യൂസിയത്തിന്റെ നിലവാരമുയർത്തൽ, നൃത്തോത്സവവും പ്രതിമാസ പരിപാടിയും സംഘടിപ്പിക്കൽ, അവധിക്കാല പരിശീലനം, കേരള നടനം ഡോക്യുമെന്റേഷൻ എന്നീ ഇനങ്ങൾക്കാണ് തുക ബജറ്റിൽ അനുവദിച്ചിട്ടുള്ളത്.

കേരള സംസ്കാരത്തിന്റെ വ്യാപനം, കലാ സാംസ്കാരിക സംഘടനകൾക്കുള്ള അനാവർത്തന ധനസഹായം, സംസ്ഥാന സാംസ്കാരിക കൗൺസിൽ രൂപീകരണം, കലാകാരന്മാരുടെ ഉപജീവനവും പ്രാദേശിക ആർട്ട് ഹബ്ബുകളും, മ്യൂസിയങ്ങളുടെ നവീകരണവും നെറ്റ് വർക്കിംഗും, യുവകലാകാരന്മാർക്കുള്ള ഡയമണ്ട് ജൂബിലി ഫെലോഷിപ്പ്, മൺമറഞ്ഞ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾക്കുള്ള ധനസഹായം എന്നീ പദ്ധതികൾക്കാണ് സാംസ്കാരിക വകുപ്പിന് ധനസഹായം അനുവദിക്കുന്നത്.

സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിനായി സ്ഥാപനങ്ങൾക്ക് അനാവർത്തന ഗ്രാന്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. സാസ്കാരിക പുരോഗതിക്ക് പ്രോത്സാഹനം നൽകുന്നുവെന്ന് പ്രത്യക്ഷ ബോധമുള്ള സംഘടനകളെയാണ് ധനസഹായത്തിന് പരിഗണിക്കുന്നത്.

2. ലാഭോദ്ദേശ്യം വച്ച് പ്രവർത്തിക്കുന്ന സംഘടനകളെ ധനസഹായ പദ്ധതിയിൽ നിന്നൊഴിവാക്കുന്നതാണ്.

3. രജിസ്റ്റർ ചെയ്ത രണ്ട് വർഷത്തെ പ്രവർത്തനം പൂർത്തിയാക്കിയവയും മുമ്പൊരിടത്തുനിന്നും ധനസഹായം ലഭിച്ചിട്ടില്ലാത്തവയുമായ ജനകീയ സംഘടനകൾക്ക് മുൻഗണന നൽകും.

4. നാടൻ കലാരൂപങ്ങൾ, ക്ലാസിക് കലാരൂപങ്ങൾ, പ്രാചീന കലാരൂപങ്ങൾ, മറ്റ് അംഗീകൃത കലാരൂപങ്ങൾ എന്നിവ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്ന സന്നദ്ധ സംഘടനകളെ ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തും. പ്രാചീന കലാരൂപങ്ങളുടെ പഠന ഗവേഷണങ്ങൾ നടത്തുന്ന സംഘടനകൾക്ക് ധനസഹായം നൽകും.

5. സാമൂഹിക പ്രതിബദ്ധതയോടെ കാലിക പ്രാധാന്യമുള്ള പ്രശ്നങ്ങളുടെ കലാപരമായ ആവിഷ്കാരത്തിന് മുന്നോട്ടുവരുന്ന സന്നദ്ധ സംഘടനകൾക്ക് അത്തരം പരിപാടികളുടെ ഗുണമേന്മയ്ക്കനുസരിച്ച് ധനസഹായം നൽകുന്നതാണ്.

6. ഉത്തരവാദപ്പെട്ട ഒരു സന്നദ്ധ സംഘടന ഒരനുസ്മരണ പരിപാടിക്കോ ചരമ വാർഷികം, ജന്മശതാബ്ദി, ജൂബിലി തുടങ്ങിയവയ്ക്കോ ധനസഹായത്തിനായി അപേക്ഷിച്ചാൽ അനുസ്മരിക്കപ്പെടുന്ന വ്യക്തിയുടെ കലാ സാംസ്കാരിക രംഗത്തെ സംഭാവനകൾക്ക് അനുസൃതമായി ധനസഹായം നൽകുന്നതാണ്.

7. അഞ്ച് വർഷത്തിനുള്ളിൽ മൂന്ന് തവണ മാത്രമേ ഒരു സംഘടനയ്ക്ക് ഇത്തരം ഗ്രാന്റ് അനുവദിക്കുകയുള്ളൂ.

8. ഒരു സംഘടനയ്ക്ക് ഒരേ വർഷം ഒന്നിൽ കൂടുതൽ ധനസഹായം നൽകുകയില്ല.

9. ജില്ലാ പഞ്ചായത്ത് ഭരണ സമിതികൾ ഏകകണ്ഠമായി ശിപാർശ ചെയ്യുന്ന സാംസ്കാരിക സ്ഥാപനങ്ങൾക്ക് ഒരു പരിപാടിയ്ക്കോ ഒരു സാംസ്കാരിക പ്രവർത്തന പദ്ധതിയ്ക്കോ മറ്റു നിബന്ധനകൾക്ക് വിധേയമായി ധനസഹായം നൽകുന്നതാണ്.

10. കലാ സാംസ്കാരിക പരിപാടികൾ, ദൃശ്യ,ശ്രാവ്യ പരിപാടികൾ, ചിത്രകലാ പ്രദർശനങ്ങൾ, പഠനകളരി, ചർച്ചകൾ, കലോത്സവങ്ങൾ, ജനകീയ അനുഷ്ഠാന കലകൾ എന്നിവ സൗജന്യമായി സംഘടിപ്പിക്കുന്നവർക്ക് ധനസഹായം അനുവദിക്കുന്നതാണ്.

11. അനാവർത്തന ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങൾ ഗ്രാന്റ് കൈപ്പറ്റി രണ്ടുമാസത്തിനകം വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. വീഴ്ച വരുത്തുന്ന സംഘടനകൾക്ക് പിന്നീട് യാതൊരു കാരണവശാലും ഗ്രാന്റ് നൽകുന്നതല്ല.

## കെ.എസ്.എഫ്.ഡി.സി. നെയ്യാറ്റിൻകരയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സിനിമാ തിയേറ്റർ

101 (874) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിൽ കെ.എസ്.എഫ്.ഡി.സി. ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സിനിമാ തിയേറ്ററിന്റെ ഡി.പി.ആർ. പൂർത്തീകരിച്ചോ; എങ്കിൽ എത്ര തുകയാണ് ഇതിന് ചെലവാക്കുന്നത്;

(ബി) ഡി.പി.ആർ. തയ്യാറാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയത് എന്ന് വിശദമാക്കാമോ;

(സി) തിയേറ്റർ സ്ഥാപിക്കുന്നതിന് നെയ്യാറ്റിൻകര നഗരസഭ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് തന്നിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി ഏതൊക്കെ നടപടികൾ പൂർത്തീകരിക്കാനുണ്ട് എന്ന് വിശദമാക്കാമോ;

(ഡി) കെ.എസ്.എഫ്.ഡി.സി. തിരുവനന്തപുരം ജില്ലയിൽ ഏതൊക്കെ സ്ഥലത്ത് ആണ് തിയേറ്റർ നിർമ്മിക്കുന്നത്; അതിൽ നെയ്യാറ്റിൻകരയിൽ എത്ര എണ്ണം എന്ന് വിശദമാക്കാമോ;

(ഇ) നെയ്യാറ്റിൻകരയിലെ കെ.എസ്.എഫ്.ഡി.സി. തിയേറ്ററിന്റെ നിർമ്മാണ പ്രവൃത്തി എത്ര മാസം കൊണ്ട് പൂർത്തീകരിക്കാൻ കഴിയും; രണ്ട് തിയേറ്ററുകളിലും കൂടി എത്ര സീറ്റ് ഉണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. ഡി.പി.ആർ. തയ്യാറാക്കിയെങ്കിൽ മാത്രമെ ചെലവ് കണക്കാക്കാൻ കഴിയൂ.

(ബി) ഡി.പി.ആർ. തയ്യാറാക്കുന്നതിനായി കിറ്റ്കോയെ കൺസൾട്ടിംഗ് ഏജൻസിയായി തെരഞ്ഞെടുത്തുകഴിഞ്ഞു.

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടില്ല. പാട്ടത്തിന് നൽകാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന് വാടക നിശ്ചയിച്ച് അറിയിച്ചിട്ടില്ല. അതോടൊപ്പം ഇതുസംബന്ധിച്ച കരട് എഗ്രിമെന്റ് നഗരസഭ ലഭ്യമാക്കിയിട്ടില്ല. ഇവ എത്രയും വേഗം ലഭ്യമാക്കാൻ നഗരസഭയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ആദ്യഘട്ടത്തിൽ നെയ്യാറ്റിൻകരയിലും തമ്പാനൂർ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിലുമാണ് തിയേറ്റർ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. നെയ്യാറ്റിൻകരയിൽ രണ്ട് സ്ക്രീനുകൾ നിർമ്മിക്കാനാണ് പദ്ധതി തയ്യാറാക്കുന്നത്.

(ഇ) ഒരു വർഷംകൊണ്ട് പൂർത്തീകരിക്കാൻ കഴിയും. രണ്ട് തിയേറ്ററുകളിലും കൂടി 350 മുതൽ 400 വരെ സീറ്റുകൾ ഉൾപ്പെടുന്ന പദ്ധതിയാണ് ഉദ്ദേശിക്കുന്നത്.

## നെന്മാറ പഞ്ചായത്തിൽ സിനിമാ തിയേറ്റർ

102 (875) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ കീഴിൽ സംസ്ഥാനത്ത് പുതുതായി സിനിമാ തിയേറ്ററുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം ഏതെല്ലാം സ്ഥലത്ത് ആരംഭിച്ചുവെന്ന് വിശദമാക്കുമോ;

(ബി) നെന്മാറ പഞ്ചായത്തിൽ സിനിമാ തിയേറ്റർ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ പുതിയതായി 20 തിയേറ്ററുകൾ സംസ്ഥാനത്ത് സ്ഥാപിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ബി) നെന്മാറ പഞ്ചായത്തിൽ തിയേറ്റർ നിർമ്മാണത്തിനായി കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തിയേറ്റർ നിർമ്മാണ സാധ്യത വിലയിരുത്തിയതിനുശേഷം നടപടി സ്വീകരിക്കുന്നതാണ്.

**പയ്യന്നൂരിൽ തിയേറ്റർ**

103 (876) <u>ശ്രീ. സി. കൃഷ്ണൻ :</u> താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂരിൽ കെ.എസ്.എഫ്.ഡി.സി.-യുടെ കീഴിൽ തുടങ്ങുമെന്ന് പ്രഖ്യാപിച്ച തിയേറ്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ എത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

പയ്യന്നൂർ അടക്കമുള്ള സ്ഥലങ്ങളിൽ തിയേറ്റർ സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റായി കിറ്റ്കോയെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ. 4 മാസത്തിനുള്ളിൽ ലഭ്യമാകും. പയ്യന്നൂരിൽ തിയേറ്റർ നിർമ്മാണത്തിനായി സ്ഥലം കെ.എസ്.എഫ്.ഡി.സി.-ക്ക് കൈമാറുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

**കേരള രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് സ്ഥിരം വേദി**

104 (877) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>
<u>ശ്രീ. കെ. മുരളീധരൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ലക്സിൽ നിർമ്മിക്കുവാൻ തീരുമാനിച്ചിരുന്ന സ്ഥിരം വേദിയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ്;

(ബി) എന്തൊക്കെ പദ്ധതികളാണ് ഇതിനോടൊപ്പം വിഭാവനം ചെയ്തിട്ടുള്ളത്; അതിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ;

(സി) കിഫ്ബിയിൽ നിന്നും ഇതിനകം ഈ പദ്ധതിക്ക് വേണ്ടി എന്ത് തുക ലഭ്യമാക്കിയെന്നും അതിൽ എന്ത് തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ലക്സിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥിരം വേദിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി പ്രൈസ് വാട്ടർ കൂപ്പർ എന്ന കമ്പനിയെ

ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കാൻ 5 മാസത്തെ സമയം അനുവദിച്ചിട്ടുണ്ട്. 2018 ജൂണോടെ നിർമ്മാണം തുടങ്ങാൻ സാധിക്കുന്നതാണ്. 2020-ൽ പണി പൂർത്തിയാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) ചലച്ചിത്ര മേളകൾക്കായി സ്ഥിരം വേദി എന്ന നിലയിൽ നിർമ്മിക്കുന്ന ഫെസ്റ്റിവൽ കോംപ്ലക്സിൽ സിനിമാ തിയേറ്ററുകൾ, കോൺഫറൻസ് ഹാൾ, ഗസ്റ്റ് ഹൗസ്, കൺവെൻഷൻ സെന്റർ, ചലച്ചിത്ര അക്കാദമിയുടെ ആസ്ഥാന ആഫീസ്, ഡോർമിറ്ററി, ഫിലിം ആർക്കൈവ്സ്, ഫിലിം ലൈബ്രറി, ഓപ്പൺ എയർ തിയേറ്റർ (2500 പേർക്ക് ഇരിക്കാവുന്നത്) എന്നിവയാണ് ഉൾപ്പെടുന്നത്.

(സി) കിഫ്ബിയിൽ നിന്നും ഈ പദ്ധതിക്കുവേണ്ടി പ്രത്യേക ഉദ്ദേശ കമ്പനിയായി നിയമിച്ചിട്ടുള്ള കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് തുക ആവശ്യാനുസരണം അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**സിനിമാ മേഖലയിലെ അനാരോഗ്യ പ്രവണതകൾ**

105 (878) ശ്രീ. സി. ദിവാകരൻ:

ശ്രീ. ചിറ്റയം ഗോപകുമാർ:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാ മേഖലയിലെ അനാരോഗ്യ പ്രവണതകൾ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സിനിമാരംഗത്തിനുമേൽ സാമൂഹിക നിയന്ത്രണം ഉണ്ടാകുന്ന തരത്തിൽ നിയമനിർമ്മാണം നടത്തുമോ;

(സി) സിനിമാ മേഖലയിലെ ബിനാമി ഇടപാടുകൾ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ & ബി) സിനിമാ മേഖലയുടെ സമഗ്ര പരിഷ്കരണത്തിനായി, ശ്രീ. അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ സിനിമാ നിർമ്മാണം, വിതരണം, പ്രദർശനം തുടങ്ങിയ സമസ്ത മേഖലകളുടെയും നിയന്ത്രണത്തിനായി സാംസ്കാരിക വകുപ്പിന്റെ ചുമതലയിൽ 'സിനിമാ റെഗുലേറ്ററി അതോറിറ്റി' രൂപീകരിക്കുന്നതിന്റെ ഭാഗമായി, 1958-ലെ സിനിമാ റെഗുലേഷൻ

ആകും 1988-ലെ സിനിമാ റഗുലേഷൻ റൂൾസും ഭേദഗതി ചെയ്ത് സിനിമാരംഗത്തിനുമേൽ സാമൂഹിക നിയന്ത്രണം ഉണ്ടാകുന്ന തരത്തിൽ പുതിയ നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ ചലച്ചിത്ര മേഖലയിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 1-7-2017-ലെ സ.ഉ. (എം.എസ്.) നമ്പർ 16/2017/സാം.കാ.വ. ഉത്തരവ് പ്രകാരം* ജസ്റ്റിസ് ശ്രീമതി കെ. ഹേമ അദ്ധ്യക്ഷയായി ഒരു വിദഗ്ദ്ധ സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്.* പ്രസ്തുത സമിതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) സിനിമാ മേഖലയിലെ ബിനാമി ഇടപാടുകൾ സാംസ്കാരിക വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഈറ്റ വെട്ടുന്നതിന് പാസ്സ്

106 (879) <u>ശ്രീ. കെ. എൻ. എ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടിനുള്ളിൽ നിന്ന് പരമ്പരാഗത ഈറ്റ തൊഴിലാളികൾക്ക് ഈറ്റ വെട്ടുന്നതിന് ഇപ്പോൾ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് നൽകാമോ;

(ബി) ഈറ്റവെട്ടുന്നതിനായി വനം വകുപ്പ് അനുവദിച്ചു പോന്ന പാസ്സിന് എത്ര രൂപയാണ് ഫീസ് ഈടാക്കി വന്നിരുന്നത്; ഈ പാസ്സ് ഇപ്പോൾ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(സി) ചില റേഞ്ചുകളിൽ നിന്ന് പാസ്സ് അനുവദിക്കാത്തതുകാരണം ഈറ്റയുടെ ലഭ്യത കുറഞ്ഞതിനാൽ പാരമ്പര്യ ഈറ്റതൊഴിലാളികളുടെ ജീവിതം ദുരിതത്തിലാകുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. നിയമാനുസൃത നിയന്ത്രണങ്ങൾ മാത്രമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) ഈറ്റ വെട്ടുന്നതിന് പരമ്പരാഗത തൊഴിലാളികൾക്ക് വനം വകുപ്പ് അനുവദിക്കുന്ന പാസ്സിന് വില ഈടാക്കാറില്ല. റേയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുമ്പാകെ മതിയായ രേഖകളോടെ അപേക്ഷ സമർപ്പിക്കുന്നവർക്ക് ഈറ്റ വെട്ടുന്നതിന് പാസ്സ് അനുവദിക്കുന്നുണ്ട്. ഇപ്രകാരം അനുവദിക്കുന്ന ഈറ്റയ്ക്ക് നിയമാനുസൃത വിലയും നികുതികളും ഈടാക്കാറുണ്ട്.

(സി) വർക്കിംഗ് പ്ലാൻ നിർദ്ദേശപ്രകാരം ഈറ്റ ശേഖരണത്തിന് അനുമതിയുള്ള പക്ഷം അർഹരായ അപേക്ഷകർക്ക് ഈറ്റ നൽകുന്നുണ്ട്.

**വനം വകുപ്പിന്റെ മുത്തപ്പൻ പുഴയിലെ ജണ്ട നിർമ്മാണം**

107 (880) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മുത്തപ്പൻ പുഴയിലും പരിസര പ്രദേശങ്ങളിലും വനം വകുപ്പ് കൈവശകൃഷിക്കാരുടെ വസ്തുക്കളിലും റവന്യൂ അധീന പ്രദേശങ്ങളിലും ജണ്ട നിർമ്മാണം നടത്തുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് റവന്യൂ, വനം വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ജണ്ട നിർമ്മാണത്തെപ്പറ്റി തർക്കങ്ങളൊന്നും നിലവിലില്ലാത്തതിനാൽ സംയുക്ത പരിശോധന ആവശ്യമില്ല.

**വനഭൂമി കയ്യേറ്റം**

108 (881) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനഭൂമി കയ്യേറ്റം അവസാനിപ്പിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) വനഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര കേസ്സുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വനം കയ്യേറ്റം തടയുന്നതിന് സമഗ്രമായ നടപടികൾ സ്വീകരിച്ചുവരുന്നു. വനസംരക്ഷണത്തിനും വനപരിപാലനത്തിനുമായി വനാതിർത്തി സർവ്വേ, ജണ്ട നിർമ്മാണം, ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ, റിസർവ്വല്ലാത്ത വനഭൂമികളും അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള ഭൂമികളും റിസർവ് വനമായി

പ്രഖ്യാപിക്കൽ, പുതുതായുള്ള കയ്യേറ്റം ഉടൻ ഒഴിപ്പിക്കൽ, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സർവ്വേ ട്രെയിനിംഗ് തുടങ്ങിയ നടപടികൾ നടപ്പിലാക്കിവരുന്നു. പുതിയ കയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തി ഒഴിപ്പിച്ച് സ്ഥലം സർക്കാർ കസ്റ്റഡിയിലെടുത്ത് കേസ് രജിസ്റ്റർ ചെയ്ത് തുടർ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. 1-1-1977-നുശേഷം വനഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുള്ളവ ഒഴിപ്പിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 4-9-2015-ലെ ഒ.പി. നമ്പർ 18467/2002, 1947/2003 കേസ്സുകളിലെ വിധി പ്രകാരം നോട്ടീസ് നൽകുന്നതിനായി വനംകയ്യേറ്റക്കാരുടെ ലിസ്റ്റ് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഏതാനും വനം കയ്യേറ്റ സ്ഥലങ്ങളിൽ വനം വകുപ്പ് നേരിട്ടും കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

(ബി) വനഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 407 കേസ്സുകൾ നിലവിലുണ്ട്.

**ഗ്രീൻ ഇന്ത്യാ മിഷൻ**

109 (882) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദീകരിക്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാലാവസ്ഥാ വ്യതിയാനം മൂലമുള്ള ഭവിഷ്യത്ത് നേരിടുന്നതിനായുള്ള ദേശീയ കർമ്മപദ്ധതിയുടെ ഭാഗമായ എട്ട് ദൗത്യങ്ങളിൽ ഒന്നാണ് ഗ്രീൻ ഇന്ത്യാ മിഷൻ. വനാശ്രിത സമൂഹങ്ങളുടെ നിലനിൽപ്പിൽ വനങ്ങൾ ചെലുത്തുന്ന സ്വാധീനം ഉൾക്കൊണ്ടുകൊണ്ടാണ് ഈ പദ്ധതി രൂപകല്പന ചെയ്തിട്ടുള്ളത്. രാജ്യത്തെ വനങ്ങൾ ഉൾപ്പെടെയുള്ള പ്രകൃതി സമ്പത്തിന് ദൂരവ്യാപക പ്രത്യാഘാതം സൃഷ്ടിക്കുന്ന കാലാവസ്ഥാ വ്യതിയാനംമൂലമുള്ള അനന്തര ഫലങ്ങൾ ജനജീവിതത്തെ സാരമായി ബാധിക്കുമെന്ന തിരിച്ചറിവാണ് ഹരിതഭാരത

ദൗത്യത്തിന് അടിസ്ഥാനം രാജ്യത്തെ വനസമ്പത്തിന്റെ ഗുണമേന്മയും വിസ്തീർണ്ണവും വർദ്ധിപ്പിക്കുകയും അതുവഴി വനം നൽകുന്ന പാരിസ്ഥിതിക സേവനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക, സാമൂഹ്യവനവത്കരണ പരിപാടികളുടെ ഭാഗമായ അഗ്രോ ഫോറസ്ട്രി പ്രവർത്തനവും നഗരവനവത്കരണവും വിപുലീകരിക്കുക, തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക, വനാശ്രിത സമൂഹങ്ങൾക്ക് ഗുണദായകമായ ജീവനോപായങ്ങൾ വികസിപ്പിക്കുക, വിറകിനുപകരം പുനരുത്പാദനക്ഷമമായ ഇന്ധനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

ഭക്ഷ്യസുരക്ഷ, ശുദ്ധജലസുരക്ഷ, ജൈവവൈവിദ്ധ്യ സംരക്ഷണം, സുസ്ഥിര ജീവനം, കാർബൺ സംഭരണം, ജല പരിവൃത്തി എന്നിവ GIM ഹരിതവത്കരണത്തിന്റെ ആത്യന്തിക ലക്ഷ്യങ്ങളാണ്.

(ബി) ഗ്രീൻ ഇന്ത്യാ മിഷന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് സംസ്ഥാനത്തെ എല്ലാ ജില്ലകളും ഉൾപ്പെട്ട 36 വനം ഡിവിഷനുകൾക്കുകീഴിൽ വരുന്ന പ്രദേശങ്ങളിൽ പ്രാദേശിക പങ്കാളിത്ത പഠന പരിപാടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന മൈക്രോപ്ലാനുകളും വാർഷിക പദ്ധതികളും എഫ്.ഡി.എ. തലത്തിൽ സംയോജിപ്പിച്ച് അംഗീകരിച്ച് പദ്ധതി നടപ്പാക്കുന്നു. ഓരോ വന വികാസ ഏജൻസിയും പദ്ധതി നടത്തിപ്പിനായി പ്രത്യേകം സൂക്ഷ്മാസൂത്രണ രേഖ തയ്യാറാക്കി അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. ഗ്രീൻ ഇന്ത്യാ മിഷൻ പ്രവർത്തനങ്ങളിൽ 5 ഉപദൗത്യങ്ങളാണുള്ളത്. പ്രദക്ഷിണ വനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കൽ, വനാവരണം വർദ്ധിപ്പിക്കലും ജൈവവ്യവസ്ഥയുടെ പുനർനിർമ്മാണവും നഗര ഉപനഗര പ്രദേശങ്ങളിൽ വൃക്ഷാവരണം വർദ്ധിപ്പിക്കൽ, കാർഷിക വനവൽക്കരണവും സാമൂഹ്യ വനവൽക്കരണവും ശോഷിത തണ്ണീർത്തടങ്ങളുടെ പുനർനിർമ്മാണം എന്നിവയോടൊപ്പം പാരമ്പര്യേതര ഇന്ധനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും പ്രത്യേക പരിഗണന നൽകുന്നു.

നിലവിലുള്ള വനങ്ങളുടെ സംരക്ഷണവും സാന്ദ്രത മെച്ചപ്പെടുത്തലും, മണ്ണൊലിപ്പ് നിയന്ത്രണം, നീർച്ചാലുകളുടെയും നീർമ്മറി പ്രദേശങ്ങളുടെയും മണ്ണ് ജല സംരക്ഷണം, വനങ്ങൾക്ക് പുറത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന് ഉപയുക്തമാകത്തക്കവിധത്തിൽ തൈകളുടെ ഉത്പാദനവും വിതരണവും, ഉൽപ്പാദനക്ഷമതയുള്ള കാലിവളർത്തൽ പ്രോൽസാഹിപ്പിക്കലും തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കലും കളനിയന്ത്രണവും, മണ്ണൊലിപ്പ് തടയുകയും ആയതിന് സഹായകരമായ മരങ്ങൾ വച്ചുപിടിപ്പിക്കലും, തടയണ നിർമ്മാണവും

ഗള്ളിപ്ലഗിംങ് നടത്തൽ മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള നടപടികൾ തുടങ്ങിയവയും ഇന്ധനാവശ്യത്തിനായി വനത്തെ ആശ്രയിക്കുന്നത് ലഘൂകരിക്കുന്നതിനായി പുനരുപയോഗക്ഷമമായ പകരം ഇന്ധന ഉപയോഗം പ്രോത്സാഹിപ്പിക്കലും പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നു.

(സി) ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി നടത്തിപ്പിന്റെ ഒന്നാം വർഷമായ 2016-17-ൽ 15.2470 കോടി രൂപയുടെ ധനസഹായം ലഭിച്ചു. ഇതിൽ കേന്ദ്ര വിഹിതമായ 9.45 കോടി രൂപയും സംസ്ഥാന വിഹിതമായ 6.098 കോടി രൂപയും ഉൾപ്പെടുന്നു. ഈ തുകയിൽ നിന്നും 2017 ഡിസംബർ 31 വരെ 12.82 കോടി രൂപ വിവിധ വന വികാസ ഏജൻസികൾ പദ്ധതി നടത്തിപ്പിനായി ചെലവഴിച്ചു.

**പാട്ടത്തുക**

110 (883) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യക്തികൾക്കും പൊതു ആവശ്യങ്ങൾക്കും പാട്ടത്തിന് നൽകിയിരിക്കുന്ന വനഭൂമിക്ക് ഈടാക്കുന്ന പാട്ടത്തുക കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാട്ടത്തുകയുടെ നിരക്ക് കാലാനുസൃതമായി പുതുക്കുന്നതിന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

**ഉത്തരം**

(എ) ഉണ്ട്.

(ബി) കേരള ഗ്രാന്റ്സ് & ലീസസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ഭേദഗതി ചട്ടം 2009 ചട്ടം 3 (2) (എ) പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വകാര്യ മേഖല/സ്വകാര്യ വ്യക്തികൾക്കും പാട്ടത്തിനു നൽകിയിട്ടുള്ള വനഭൂമിയുടെ പാട്ടവാടക പുതുക്കി നിശ്ചയിച്ച് ഒരു മാസത്തിനകം സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിക്കൊണ്ട് 28-10-2017-ലെ സ.ഉ.(എം.എസ്.) നമ്പർ 49/2017/വനം പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്.

ഇതേ ഉത്തരവ് പ്രകാരം സ്വകാര്യ മേഖലയ്ക്ക്/സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമിക്ക് പൊതുമേഖലയ്ക്ക് പാട്ടത്തിന് നൽകിയ വനഭൂമിയെക്കാൾ ഉയർന്ന പാട്ടവാടക നിശ്ചയിക്കുന്നതിന് ഉതകുംവിധം 2009-ലെ കേരള ഗ്രാന്റ്സ് & ലീസസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ഭേദഗതി ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**വനസംരക്ഷണം**

111 (884) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനവിസ്തൃതി എത്രയാണ്; ഇത് ദേശീയ ശരാശരിയേക്കാൾ കൂടുതലാണോ;

(ബി) വനസംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് സ്ഥാപിക്കുവാൻ തീരുമാനിച്ച വനമ്യൂസിയത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വനവിസ്തൃതി 11309.50 ച.കി.മീ. (29.10%) ആണ്. ഇത് ദേശീയ ശരാശരിയായ (23.26%) നേക്കാൾ കൂടുതലാണ്.

(ബി) വനസംരക്ഷണത്തിനും പരിപാലനത്തിനുമായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

- വനങ്ങളുടെ അതിർത്തി സർവ്വേ നടത്തി സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിച്ച് കയ്യേറ്റത്തിൽനിന്നും വനങ്ങളെ സംരക്ഷിക്കുന്നു.
- വനപരിപാലനവും വനസംരക്ഷണവും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി, വനം റോഡുകളുടെ പരിപാലനം, പശ്ചാത്തലസൗകര്യം ഒരുക്കൽ, വനസംരക്ഷണത്തിനായി വനത്തിനുള്ളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ എന്നിവ നടപ്പാക്കുന്നു.
- കാട്ടുതീ പ്രതിരോധപ്രവർത്തനം, കഞ്ചാവ് കൃഷി തടയൽ എന്നിവ വഴി വനത്തിന്റെ സംരക്ഷണം ഉറപ്പാക്കുന്നു.
- പ്രത്യേക ആവാസ വ്യവസ്ഥകളായ ചന്ദന വനങ്ങളുടെയും ചോലവനങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും കണ്ടൽക്കാടുകളുടെയും മറ്റ് സ്വാഭാവിക വനങ്ങളുടെയും ശോഷിച്ച വനങ്ങളുടെയും വനവൽക്കരണവും സംരക്ഷണവും നടപ്പാക്കുന്നു.

- വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ, കടുവാ സങ്കേതങ്ങൾ, കമ്മ്യൂണിറ്റി റിസർവ് എന്നീ മേഖലകളിലെ വനസംരക്ഷണം, ആവാസ വ്യവസ്ഥാ പരിപാലനം എന്നിവയ്ക്കായി കേന്ദ്ര സഹായത്തോടെ "ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്" എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.
- വനസംരക്ഷണ പരിപാലന പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തൊട്ടാകെയുള്ള 400 വനസംരക്ഷണ സമിതികളിലെയും 190 ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളിലെയും ഉദ്ദേശം 75000 വനാശ്രിത കുടുംബങ്ങൾ വനസംരക്ഷണ പരിപാടികളിൽ പങ്കാളികൾ ആകുകയും അതുവഴി അവരുടെ ജീവനോപാധി വർദ്ധിക്കുകയും ചെയ്തുവരുന്നു.
- ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി, ദേശീയ വനവൽക്കരണ പരിപാടി, നാഷണൽ മെഡിസിനൽ പ്ലാൻസ് ബോർഡ് പദ്ധതി, ഇക്കോ ടൂറിസം പദ്ധതി എന്നിവ നടപ്പാക്കുന്നു.
- വനേതര പ്രദേശങ്ങളിലെ വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കിവരുന്ന ഹരിത കേരളം പദ്ധതിയുടെ ഭാഗമായി വിവിധയിനം വൃക്ഷത്തൈകൾ ഉല്പാദിപ്പിച്ച് വിവിധ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തുവരുന്നു. കൂടാതെ വഴിയോര തണൽ പദ്ധതിയും വനദീപ്തി പദ്ധതിയും കാവുകൾക്ക് ധനസഹായം ചെയ്യുന്ന പദ്ധതിയും സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷം വളർത്തുന്നതിന് പ്രോത്സാഹന ധനസഹായം ചെയ്യുന്ന പദ്ധതിയും നടപ്പാക്കുന്നു.

(സി) 5-5-2017 തീയതിയിലെ ജി.ഒ.(എം.എസ്.) നമ്പർ 22/2017/വനം വന്യജീവി വകുപ്പ് പ്രകാരം മൂന്ന് വർഷംകൊണ്ട് വനമ്യൂസിയത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് 09.85 കോടി രൂപ 4406-01-800-91 (ഇക്കോ ടൂറിസം) പ്ലാൻ എന്ന ബജറ്റ് ഹെഡിൽ വകയിരുത്തി ഉത്തരവായിട്ടുണ്ട്. മേൽ പ്രവൃത്തി തുടങ്ങുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് അവസാനഘട്ടത്തിലാണ്.

**വനഭൂമിയുടെ പാട്ട വാടക**

112 (885) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനമേഖലയിൽ വിവിധ ആവശ്യങ്ങൾക്ക് പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വകാര്യ വ്യക്തികൾക്കും പാട്ടത്തിനു നൽകിയ ഭൂമിയുടെ പാട്ട വാടക വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന വനമേഖലയിൽ വിവിധ ആവശ്യങ്ങൾക്ക് പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വകാര്യ വ്യക്തികൾക്കും പാട്ടത്തിന് നൽകിയ ഭൂമിയുടെ പാട്ടവാടക പുതുക്കി നിശ്ചയിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) കേരള ഗ്രാന്റ്സ് & ലീസസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ഭേദഗതി ചട്ടം 2009 ചട്ടം 3 (2) (എ) പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വകാര്യ മേഖലയ്ക്ക്/സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിനു നൽകിയിട്ടുള്ള വനഭൂമിയുടെ പാട്ടവാടക പുതുക്കി നിശ്ചയിച്ച് ഒരു മാസത്തിനകം സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് 28.10.2017-ലെ സ.ഉ. (എം.എസ്.)നമ്പർ 49/2017/വനം പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇതേ ഉത്തരവ് പ്രകാരം സ്വകാര്യ മേഖലയ്ക്ക്/സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമിക്ക് പൊതുമേഖലയ്ക്ക് പാട്ടത്തിന് നൽകിയ വനഭൂമിയെക്കാൾ ഉയർന്ന പാട്ടവാടക നിശ്ചയിക്കുന്നതിന് ഉതകുംവിധം 2009-ലെ കേരള ഗ്രാന്റ്സ് & ലീസസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ഭേദഗതി ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സർക്കാർ കണക്കനുസരിച്ചുള്ള വനഭൂമി**

113 (886) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-2011-ലെയും 2011-2016-ലെയും സർക്കാരുകൾ അധികാരമൊഴിയുമ്പോൾ സർക്കാർ കണക്കനുസരിച്ചുള്ള വനഭൂമി എത്രയായിരുന്നുവെന്നും നിലവിൽ എത്രയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർക്കാർ കാലയളവുകളിൽ കണ്ടെത്തിയ വനഭൂമിയിൽ കയ്യേറ്റം എത്രയായിരുന്നു എന്നും ഇതിൽ നിന്നും ഓരോ സർക്കാരുകളും എത്ര കയ്യേറ്റ വനഭൂമി ഏറ്റെടുത്തു സർക്കാരിൽ നിക്ഷിപ്തമാക്കി എന്നും വ്യക്തമാക്കുമോ;

(സി) വനഭൂമി കൈയ്യേറ്റവും ഒഴിപ്പിക്കലും സംബന്ധമായ എത്ര കേസ്സുകൾ നിലവിൽ വിവിധ കോടതി മുമ്പാകെയുണ്ടെന്നും ഇതിൽ ഉൾപ്പെട്ട വനഭൂമി എത്ര എന്നും വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കോടതി വ്യവഹാരങ്ങളിൽ വന്ന പാളിച്ചകൾ കാരണം പ്രസ്തുത കാലയളവിൽ എത്ര വനഭൂമി സർക്കാരിന് നഷ്ടമായി; ഇവ തിരിച്ചുപിടിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2006-11-ലെയും 2011-16-ലെയും സർക്കാരുകൾ അധികാരം ഒഴിയുമ്പോൾ സർക്കാർ കണക്കനുസരിച്ചുള്ള വനഭ്രമിയും നിലവിലെ വനഭ്രമിയും 11,30,947.54 ഹെക്ടർ ആണ്.

(ബി) പ്രസ്തുത സർക്കാർ കാലയളവുകളിൽ കണ്ടെത്തിയ വനം കയ്യേറ്റത്തിന്റെയും ഓരോ സർക്കാരുകളും ഏറ്റെടുത്ത് സർക്കാരിൽ നിക്ഷിപ്തമാക്കിയ വനഭ്രമിയുടെ കണക്ക് സംബന്ധിച്ച വിവരങ്ങളും ശേഖരിച്ചുവരുന്നു.

(സി) വനഭ്രമി കയ്യേറ്റവും ഒഴിപ്പിക്കലും സംബന്ധമായ 258 കേസ്സുകൾ നിലവിൽ വിവിധ കോടതി മുമ്പാകെയുണ്ട്. ഇതിൽ ഉൾപ്പെട്ട വനഭ്രമി 729.9529 ഹെക്ടറാണ്.

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോടതി വ്യവഹാരങ്ങളിൽ വന്ന പാളിച്ചകൾ കാരണം വനഭ്രമി ഒന്നുംതന്നെ സർക്കാരിന് നഷ്ടമായിട്ടില്ല.

**നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ അതിർത്തി**

114 (887) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് മന്ത്രിതല സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ ഏതെല്ലാം മന്ത്രിമാർ അംഗങ്ങളാണ് എന്നറിയിക്കാമോ ;

(ബി) ഉദ്യാനപ്രദേശം സന്ദർശിച്ചതിനെത്തുടർന്ന് പ്രസ്തുത സമിതി എന്തെങ്കിലും റിപ്പോർട്ട് മുഖ്യമന്ത്രിക്ക് നൽകിയിട്ടുണ്ടോ; ഏങ്കിൽ ആ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ദേശീയ വന്യജീവി ബോർഡിന്റെ ശിപാർശയില്ലാതെ സംസ്ഥാന സർക്കാരിന് ഉദ്യാനത്തിന്റെ അതിർത്തി പുനർനിർണ്ണയിക്കുവാൻ സാധിക്കുമോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് മന്ത്രിതല സമിതിയെ നിയോഗിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) കുറിഞ്ഞിമല സങ്കേതത്തിന്റെ ഇന്റൻഷൻ വിജ്ഞാപനം മാത്രമേ പുറപ്പെടുവിച്ചിട്ടുള്ളൂ എന്നതിനാൽ അതിർത്തി പുനർനിർണ്ണയം സംബന്ധിച്ച് ദേശീയ വന്യജീവി ബോർഡിന്റെ ശിപാർശ ആവശ്യമില്ല.

## വനഭൂമി കയ്യേറ്റം

115 (888) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്യേറിയ വനഭൂമി തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടം വരെയായെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര ഏക്കർ വനഭൂമി വീണ്ടെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) കയ്യേറപ്പെട്ട വനഭൂമി സംബന്ധിച്ച കണക്കുകൾ സർക്കാരിന്റെ പക്കലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) വനഭൂമി കയ്യേറ്റം ചെറുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 4-9-2015-ലെ ഒ.പി. നമ്പർ 18467/2002, 1947/2003 കേസുകളിലെ വിധി പ്രകാരം നോട്ടീസ് നൽകുന്നതിനായി വനം കയ്യേറ്റക്കാരുടെ ലിസ്റ്റ് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഏതാനും വനം കയ്യേറ്റ സ്ഥലങ്ങളിൽ വനം വകുപ്പ് നേരിട്ടും കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. പുതിയ കയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തി ഒഴിപ്പിച്ച് സ്ഥലം സർക്കാർ കസ്റ്റഡിയിലെടുത്ത് കേസ് രജിസ്റ്റർ ചെയ്ത് തുടർ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

ബഹുമാനപ്പെട്ട ഹൈക്കോടതിവിധി പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകുന്നതിനും കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയാക്കി ബഹു. കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിനും അധിക സമയവും നോട്ടീസ് നൽകുന്ന കാര്യത്തിൽ വ്യക്തതയും ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. അതിന്മേൽ അന്തിമ ഉത്തരവ് ആയിട്ടില്ല.

(ബി) നിലവിൽ 866.8997 ഹെക്ടർ വനഭൂമി വീണ്ടെടുത്തിട്ടുണ്ട്.

(സി) ഉണ്ട്. വനം വകുപ്പ് 2015-16 സാമ്പത്തിക വർഷം വരെ നടത്തിയ കണക്കെടുപ്പനുസരിച്ച് 19276.5181 ഏക്കർ (7801.10 ഹെക്ടർ) വനഭൂമി കയ്യേറിയെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു:

| ജില്ല | വനം സർക്കിൾ | വനം ഡിവിഷൻ | അനധികൃത വനം കയ്യേറ്റം | |
|---|---|---|---|---|
| | | | (ഹെക്ടറിൽ) | (ഏക്കറിൽ) |
| (1) | (2) | (3) | (4) | (5) |
| തിരുവനന്തപുരം | സതേൺ സർക്കിൾ | തിരുവനന്തപുരം | 0 | 0 |
| പത്തനംതിട്ട | | കോന്നി | 10.59 | 26.16789 |
| കൊല്ലം | | റാന്നി | 1.13 | 2.79223 |
| | | തെന്മല | 7.24 | 17.89004 |
| | | ആകെ | 18.96 | 46.85016 |
| എറണാകുളം | ഹൈറേഞ്ച് സർക്കിൾ | കോതമംഗലം | 147.6 | 364.7196 |
| കോട്ടയം | | കോട്ടയം | 121.49 | 300.20179 |
| ഇടുക്കി | | മൂന്നാർ | 1099.65 | 2717.23515 |
| | | മറയൂർ | 0.03 | 0.07413 |
| | | മാങ്കുളം | 358.43 | 885.68053 |
| | | **ആകെ** | **1727.2** | **4267.9112** |
| തൃശ്ശൂർ | സെൻട്രൽ സർക്കിൾ | ചാലക്കുടി | 0 | 0 |
| എറണാകുളം | | തൃശ്ശൂർ | 147.04 | 363.33584 |
| | | മലയാറ്റൂർ | 129.29 | 319.47559 |
| | | ആകെ | 276.33 | 682.81143 |
| മലപ്പുറം | ഈസ്റ്റേൺ സർക്കിൾ | നിലമ്പൂർ നോർത്ത് | 682.53 | 1686.53163 |
| പാലക്കാട് | | നിലമ്പൂർ സൗത്ത് | 2.11 | 5.21381 |
| | | പാലക്കാട് | 190.58 | 470.92318 |
| | | മണ്ണാർക്കാട് | 2700.34 | 6672.54014 |
| | | നെന്മാറ | 244.19 | 603.39349 |
| | | ആകെ | 3819.73 | 9438.55283 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| കോഴിക്കോട് | നോർത്തേൺ സർക്കിൾ | കോഴിക്കോട് | 10.4 | 25.6984 |
| വയനാട് | | വയനാട് സൗത്ത് | 1369.29 | 3383.51559 |
| കണ്ണൂർ | | വയനാട് നോർത്ത് | 369.74 | 913.62754 |
| കാസർഗോഡ് | | കണ്ണൂർ | 11.02 | 27.23042 |
| | | കാസർഗോഡ് | 0 | 0 |
| | | ആകെ | 1760.45 | 4350.07195 |
| കോട്ടയം | ഫീൽഡ് ഡയറക്ടർ, കോട്ടയം | പെരിയാർ ഈസ്റ്റ് | 0.0061 | 0.0150731 |
| ഇടുക്കി | | ഇടുക്കി | 5.4 | 13.3434 |
| | | ആകെ | 5.4061 | 13.3584731 |
| തൃശ്ശൂർ | വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | പീച്ചി | 193.02 | 476.95242 |
| വയനാട് | | വയനാട് | 0 | 0 |
| കണ്ണൂർ | | ആറളം | 0 | 0 |
| | | ആകെ | 193.02 | 476.95242 |
| | | ആകെ | 7801.1 | 19276.5181 |

(ഡി) വനഭൂമി കയ്യേറ്റം ചെറുക്കുന്നതിന് സമഗ്രമായ നടപടികൾ സ്വീകരിച്ചുവരുന്നു. വനസംരക്ഷണത്തിനും വനപരിപാലനത്തിനുമായി വനാതിർത്തി സർവ്വേ, ജണ്ട നിർമ്മാണം, ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ, റിസർവ്വല്ലാത്ത വനഭൂമികളും അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള ഭൂമികളും റിസർവ് വനമായി പ്രഖ്യാപിക്കൽ, പുതുതായുള്ള കയ്യേറ്റം ഉടൻ ഒഴിപ്പിക്കൽ, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സർവ്വേ ട്രെയിനിംഗ് തുടങ്ങിയ നടപടികൾ നടപ്പിലാക്കിവരുന്നു.

**വനസംരക്ഷണം**

116 (889) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ വനഭൂമിയുടെ വിസ്തൃതിയിൽ ഗണ്യമായ കുറവ് വന്നതായി കണ്ടെത്തിയിട്ടുണ്ടോ; കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ പ്രകാരം വനവിസ് തൃതിയിൽ ഉണ്ടായ കുറവെത്രയെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ പദ്ധതികൾ വനഭൂമിയിൽ നടപ്പാക്കിയതുമൂലം വനവിസ്തൃതി കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രകുറഞ്ഞുവെന്ന് അറിയിക്കുമോ;

(സി) കണക്കുകൾ പ്രകാരം അനധികൃതമായി കയ്യേറിയ ഭൂമി എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരം വനഭൂമി നഷ്ടമാകുന്നത് വഴി ജൈവസമ്പത്ത് കുറയുകയും വന്യമൃഗശല്യം, വരൾച്ച, ജലക്ഷാമം എന്നിവ വർദ്ധിക്കുകയും ചെയ്യുമെന്നതിനാൽ ഇത് കർശനമായി തടയുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അട്ടപ്പാടിയിലെ വനഭൂമിയുടെ വിസ്തൃതി 298.44 ച.കി.മീറ്ററാണ്. കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ പ്രകാരം വനവിസ്തൃതിയിൽ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സർക്കാർ പദ്ധതികൾ വനഭൂമിയിൽ നടപ്പിലാക്കിയതുമൂലം കഴിഞ്ഞ 5 വർഷത്തിനിടെ അട്ടപ്പാടിയിലെ വനവിസ്തൃതി കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഭൂരഹിത ആദിവാസികൾക്ക് ഭൂമി പതിച്ചു നൽകുന്നതിനായി 10000 ഏക്കർ വനഭൂമി റവന്യൂ വകുപ്പിന്റെ മേൽനോട്ടത്തിൽ സർവ്വേ ചെയ്തുവരുന്നുണ്ട്.

(സി) അട്ടപ്പാടി മേഖലയിൽ 1-1-1977-നുശേഷം 508.4720 ഹെക്ടർ വനഭൂമിയിൽ കയ്യേറ്റമുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ഡി) വനം കയ്യേറ്റം തടയുന്നതിന് അതിർത്തി പുനർ നിർണ്ണയം പൂർത്തിയായ വനാതിർത്തികളിൽ സ്ഥിരം ജണ്ടകൾ കെട്ടി സംരക്ഷിച്ചു വരുന്നുണ്ട്. ശേഷിക്കുന്ന ഭാഗങ്ങളുടെ സർവ്വേ ജോലികൾ പൂർത്തിയാക്കുന്നതിനും ജണ്ടകൾ നിർമ്മിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയും വനം കയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തി ഒഴിപ്പിക്കുന്നതിനും കുറ്റവാളികൾക്കെതിരെ കേസെടുക്കുന്നതിനും ബന്ധപ്പെട്ട പ്രദേശങ്ങളിൽക്കൂടി സ്ഥിരമായി പട്രോളിംഗ് നടത്തിവരികയും ചെയ്യുന്നുണ്ട്. 1-1-1977-നുശേഷം ഉള്ളതാണെന്ന് കണ്ടെത്തിയ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകി കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## വനം വകുപ്പിന്റെ റോഡുകൾ

117 (890) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്ന പദ്ധതികൾ ഏതെങ്കിലും നിലവിലുണ്ടോ;

(ബി) എങ്കിൽ, മലപ്പുറം ജില്ലയിൽ ഏതൊക്കെ റോഡുകളാണ് പരിഗണനയിലുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(സി) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം ഫോറസ്റ്റ് റോഡുകൾ ഗതാഗത യോഗ്യമാക്കണമെന്ന അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(ഡി) ഈ റോഡുകൾ വകുപ്പിന്റെ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി ഗതാഗതയോഗ്യമാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) വനം വകുപ്പിന്റെ റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്ന പദ്ധതികൾ നിലവിലുണ്ട്.

(ബി) മലപ്പുറം ജില്ലയിൽ നിലമ്പൂർ സൗത്ത് ഡിവിഷനിലെ ചെറുപുഴ-നെടുങ്കയം ഫോറസ്റ്റ് റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് ഈ വർഷം 39 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പാസ്സാക്കി ടെൻഡർ ചെയ്തിട്ടുണ്ട്.

(സി) ഏറനാട് മണ്ഡലത്തിൽ എടവണ്ണ റെയ്ഞ്ചിലെ കൊടുമ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ ഫോറസ്റ്റ് റോഡ് (അരീക്കോട്-തേക്കിൻചുവട്) ഗതാഗത യോഗ്യമാക്കുന്നതിന് കീഴുപറമ്പ് ഗ്രാമപഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അറ്റകുറ്റപ്പണികൾ ചെയ്യുന്നതാണ്.

## മച്ചാട് ഫോറസ്റ്റ് റേഞ്ചിനു കീഴിലുള്ള റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നത് സംബന്ധിച്ച്

118 (891) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1980-ന് മുമ്പ് മുതൽ ഗതാഗതത്തിന് ഉപയോഗിച്ച് വരുന്നതും വനം വകുപ്പിന്റെ അധീനതയിലുള്ളതുമായ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ മച്ചാട് ഫോറസ്റ്റ് റേഞ്ചിന് കീഴിലെ റോഡുകൾ ആസ്തി വികസന ഫണ്ടോ പ്രത്യേക വികസന ഫണ്ടോ ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്യുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1980-ന് മുമ്പ് മുതൽ ഗതാഗതത്തിന് ഉപയോഗിച്ചുവരുന്ന വനം വകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ വനം വകുപ്പിന്റെ മുൻകൂർ അനുമതിയോടുകൂടി ആസ്തി വികസന ഫണ്ടോ പ്രത്യേക വികസന ഫണ്ടോ ഉപയോഗിച്ച് പണി ചെയ്യുന്നതിന് തടസ്സമൊന്നുമില്ല.

(ബി) ബന്ധപ്പെട്ട യൂസർ ഏജൻസി/തദ്ദേശ സ്വയംഭരണ വകുപ്പ്/പൊതുമരാമത്ത് വകുപ്പ് വിഭാഗമാണ് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകേണ്ടത്.

**നിലമ്പൂർ-മേപ്പാടി ഹിൽ ഹൈവേ**

119 (892) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ-മേപ്പാടി ഹിൽ ഹൈവേയുമായി ബന്ധപ്പെട്ട് നിലമ്പൂർ നോർത്ത്-സൗത്ത് ഡി.എഫ്.ഒ. നൽകിയ ശിപാർശക്കത്തിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) ആയതിന്റെ സർവ്വേയ്ക്ക് നോർത്ത് ഡി.എഫ്.ഒ. മുഖേന പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ അപേക്ഷ പരിഗണിച്ച് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) ഇതുസംബന്ധിച്ച ഫയലിൽ സ്വീകരിച്ച നടപടിയെക്കുറിച്ച് അറിയുന്നതിനായി നിലമ്പൂർ എം.എൽ.എ. നൽകിയ കത്തിനുള്ള മറുപടി വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലമ്പൂർ-മേപ്പാടി ഹിൽ ഹൈവേയുമായി ബന്ധപ്പെട്ട് നിലമ്പൂർ നോർത്ത്-സൗത്ത് ഡി.എഫ്.ഒ.-യുടെ നിർദ്ദിഷ്ട ഫോറത്തിലുള്ള ശിപാർശ കത്ത് ലഭ്യമായിട്ടില്ല.

(ബി) സർവ്വേയ്ക്ക് നോർത്ത് ഡി.എഫ്.ഒ. മുഖേന പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അപേക്ഷ ലഭ്യമായിട്ടില്ല.

(സി) ശ്രീ. പി. വി. അൻവർ എം.എൽ.എ. വനം വകുപ്പുമന്ത്രി മുമ്പാകെ സമർപ്പിച്ച കത്തിനുള്ള മറുപടി 22-1-2018-ന് ടി എം.എൽ.എ.-ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

**വന മേഖലയുടെ സംരക്ഷണം**

120 (893) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിൽ നിരീക്ഷണം ശക്തമാക്കാനും മരം കള്ളക്കടത്ത്/ചന്ദന കള്ളക്കടത്ത് എന്നിവ തടയാനുമായി ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികളും പ്രവർത്തനങ്ങളും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഇതിനായി എത്ര പുതിയ വനം സ്റ്റേഷനുകൾ ആരംഭിച്ചു; ഇവയിൽ എത്രയെണ്ണം നിറുത്തലാക്കിയെന്നും എത്ര സ്റ്റേഷനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കിയെന്നും വിശദമാക്കുമോ;

(സി) വനം സ്റ്റേഷനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനായി എന്ത് നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും അതുമൂലം വനസംരക്ഷണം ഉറപ്പുവരുത്താനായി എന്തു തുടർനടപടി സ്വീകരിക്കാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വനമേഖലയിൽ നിരീക്ഷണം ശക്തമാക്കാനും മരം കള്ളക്കടത്ത്/ചന്ദന കള്ളക്കടത്ത് എന്നിവ തടയുന്നതിനുമായി വനമേഖലകളിൽ പെരാമ്പുലേഷൻ, നൈറ്റ് പട്രോളിംഗ് എന്നിവ ഊർജ്ജിതപ്പെടുത്തി വനം കുറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ചന്ദന കള്ളക്കടത്ത് തടയുന്നതിനായി സാന്റൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും നിശ്ചിത ഇടവേളകളിൽ ചന്ദനസംരക്ഷണ രംഗത്തെ വെല്ലുവിളികൾ സംബന്ധിച്ച് കമ്മിറ്റി യോഗം ചേർന്ന് വിലയിരുത്തുകയും കമ്മിറ്റി ശിപാർശ പ്രകാരം തുടർ നടപടികൾ സ്വീകരിച്ച് ചന്ദന സംരക്ഷണം കുറ്റമറ്റതായ രീതിയിൽ നടപ്പാക്കിവരികയും ചെയ്യുന്നു.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ 10 പുതിയ വനം സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്റ്റേഷന്റെ അധികാര പരിധി നിശ്ചയിച്ചിട്ടില്ല. ഫോറസ്റ്റ് സ്റ്റേഷന് ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(സി) വനം സ്റ്റേഷനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനായി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും വനസംരക്ഷണ ജീവനക്കാർക്ക് അധിക തസ്തികകൾ അനുവദിക്കുന്നതിനും ആധുനിക ആയുധങ്ങൾ, വാഹനങ്ങൾ, ആധുനിക വാർത്താവിനിമയ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്റ്റേഷൻ പ്രവർത്തനങ്ങൾ ഓരോ മാസവും ബന്ധപ്പെട്ട റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ എന്നിവർ അവലോകനം ചെയ്യുകയും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

**വന നിയമത്തിലെ ഭേദഗതി**

121 (894) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുളയെ മരമായി പരിഗണിക്കേണ്ടതില്ലെന്ന വന നിയമത്തിലെ ഭേദഗതി ആദിവാസികളുടെയും കർഷകരുടെയും താല്പര്യങ്ങൾക്ക് എതിരാണെന്നത് വസ്തുതയാണോ;

(ബി) ഗ്രാമസഭകൾക്ക് വനാവകാശ നിയമം നൽകുന്ന അധികാരങ്ങൾ ഇല്ലാതാക്കാനും നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുള ലഭിക്കാത്ത സാഹചര്യം സൃഷ്ടിക്കാനും ഈ ഭേദഗതി ഇടയാക്കുമെന്ന ആദിവാസികളുടെ ആശങ്കയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1927-ലെ ഇന്ത്യൻ ഫോറസ്റ്റ് ആക്ടിൽ 2017-ൽ കൊണ്ടുവന്ന ഭേദഗതി ഓർഡിനൻസിലൂടെ മുളയെ മരമെന്ന നിർവ്വചനത്തിൽനിന്ന് ഒഴിവാക്കിയിട്ടുണ്ടെങ്കിലും കേരള വന നിയമം 1961 പ്രകാരം മരത്തിന്റെ നിർവ്വചനത്തിൽ മുളകൂടി ഉൾപ്പെടുന്നുണ്ട്. ആയത് നാളിതുവരെ ഭേദഗതി ചെയ്തിട്ടില്ല.

(ബി) 2006-ലെ കേന്ദ്ര വനാവകാശ നിയമപ്രകാരം എല്ലാ തടിയിതര വന വിഭവങ്ങളും ലഘുവനോൽപ്പന്നങ്ങൾ (Minor Forest Produce) ആയാണ് നിർവ്വചിച്ചിട്ടുള്ളത്. അതിൽ മുളയും ലഘുവനോൽപ്പന്നമാണ്. ആയതിനാൽ വനാവകാശ നിയമം നൽകുന്ന അധികാരങ്ങൾ ഇല്ലാതാകുകയോ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുള ലഭിക്കാതിരിക്കുകയോ ചെയ്യില്ല.

**വനം സ്റ്റേഷനുകൾ**

122 (895) ശ്രീ. എൻ . എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വനം സ്റ്റേഷനുകൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ വനമേഖല മുഴുവൻ നിരീക്ഷിക്കാൻ ഈ സ്റ്റേഷനുകൾ പര്യാപ്തമാണോ എന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര വനം സ്റ്റേഷനുകൾ തുടങ്ങി എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് ആദ്യമായി വനം സ്റ്റേഷനുകൾ ആരംഭിച്ചത് ഏത് വർഷത്തിലാണെന്നും അതുമുതൽ ഇതുവരെ എത്ര സ്റ്റേഷനുകൾ പൂട്ടിയെന്നും അത് ഏതൊക്കെ വർഷങ്ങളിലായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ഇ) വനം സ്റ്റേഷനുകൾ പൂട്ടാനുള്ള കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 114 സ്റ്റേഷനുകൾ നിലവിലുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെപ്പറയും പ്രകാരമാണ്.

| ജില്ല | വനം സ്റ്റേഷനുകളുടെ എണ്ണം |
|---|---|
| കൊല്ലം | 3 |
| പത്തനംതിട്ട | 17 |
| ഇടുക്കി | 14 |
| കോട്ടയം | 7 |
| എറണാകുളം | 15 |
| തൃശ്ശൂർ | 22 |
| പാലക്കാട് | 13 |
| മലപ്പുറം | 11 |
| വയനാട് | 12 |

കൂടാതെ കൊല്ലം-4, കോഴിക്കോട്-1, വയനാട് 3, കണ്ണൂർ- 1 എന്നിങ്ങനെ 10 വനം സ്റ്റേഷനുകൾകൂടി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) പര്യാപ്തമല്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെപ്പറയുംപ്രകാരം 10 വനം സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്റ്റേഷന്റെ അധികാരപരിധി നിശ്ചയിക്കുന്നതിനും തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| ജില്ല | വനം സ്റ്റേഷനുകളുടെ എണ്ണം |
|---|---|
| കൊല്ലം | 4 |
| കോഴിക്കോട് | 2 |
| വയനാട് | 3 |
| കണ്ണൂർ | 1 |

(ഡി) സംസ്ഥാനത്ത് ആദ്യമായി വനം സ്റ്റേഷനുകൾ ആരംഭിച്ചത് 1988-ലാണ്. അന്നുമുതൽ ഇതുവരെ ആരംഭിച്ച സ്റ്റേഷനുകൾ ഒന്നുംതന്നെ പൂട്ടിയിട്ടില്ല.

(ഇ) ഉത്തരം (ഡി)-യുടെ വെളിച്ചത്തിൽ ബാധകമല്ല.

**കുറിഞ്ഞിമല വന്യജീവി സങ്കേതം**

123 (896) ശ്രീ. പി. ടി. തോമസ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ വട്ടവട വില്ലേജിലെ ബ്ലോക്ക് നമ്പർ 62, കൊട്ടക്കമ്പൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 58 എന്നിവ ഉൾപ്പെട്ട പ്രദേശങ്ങളിൽ കുറിഞ്ഞിമല വന്യജീവി സങ്കേതത്തിനായി, ഉദ്ദേശ വിജ്ഞാപനത്തിൽ എത്ര ഹെക്ടർ ഭൂമിയാണ് (2006 ഒക്ടോബർ 6-ാം തീയതിലെ വിജ്ഞാപന പ്രകാരം) നീക്കിവച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കുറിഞ്ഞി ഉദ്യാനത്തിന്റെ അതിർത്തി പുനർനിർണ്ണയിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) അതിർത്തി പുനർനിർണ്ണയിക്കുമ്പോൾ 1200 ഹെക്ടർ ഭൂമി കൈവശരേഖയുള്ളവർക്ക് വിട്ടുകൊടുക്കേണ്ടി വരും എന്നും കുറിഞ്ഞി ഉദ്യാനത്തിന്റെ വിസ്തൃതി കുറയുമെന്നും റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടിട്ടുണ്ടോ;

(ഡി) കുറിഞ്ഞി ഉദ്യാനത്തിലെ 300 ഏക്കർ സ്ഥലത്തെ കുറിഞ്ഞി ചെടികൾ കത്തിനശിപ്പിച്ച നിലയിൽ കണ്ടെത്തിയിട്ടുണ്ടോ;

(ഇ) പ്രമുഖരുടെ കയ്യേറ്റ ഭൂമി ഉൾപ്പെട്ട കൊട്ടക്കമ്പൂർ വില്ലേജിലെ 58-ാം ബ്ലോക്കിലുള്ള കുറിഞ്ഞിച്ചെടികളാണോ ഇപ്രകാരം കത്തി നശിച്ചത്; ഇത് സംബന്ധിച്ച് വനം വകുപ്പ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) 2006 ഒക്ടോബർ 6-ാം തീയതിയിലെ ഇന്റൻഷൻ വിജ്ഞാപന പ്രകാരം 3200 ഹെക്ടർ ഭൂമിയാണ് കുറിഞ്ഞിമല വന്യജീവി സങ്കേതത്തിനായി വിജ്ഞാപനം ചെയ്തിട്ടുള്ളത്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) മൂന്നാർ വന്യജീവി ഡിവിഷനിലെ ഷോല നാഷണൽ പാർക്കിൽപ്പെട്ട കുറിഞ്ഞിമല സാങ്ച്വറിയിൽ 2016-17 വർഷത്തിലെ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ 8 വിവിധ സ്ഥലങ്ങളിലായി ഏകദേശം 180 ഹെക്ടർ സ്ഥലത്ത് കാട്ടുതീ പടർന്നിട്ടുള്ളതാണ്. കാട്ടുതീ ഉണ്ടായ പ്രദേശങ്ങളെല്ലാംതന്നെ യൂക്കാലിപ്റ്റസ്, വാറ്റിൽ പ്ലാന്റേഷനുകളിലെ അടിക്കാടുകളും ഉണങ്ങിയ ചില്ലകളും പുൽമേടുകളുമാണ്.

(ഇ) കുറിഞ്ഞിമല സങ്കേതത്തിന്റെ പടിഞ്ഞാറ് അതിർത്തിയിലാണ് കാട്ടുതീ ഉണ്ടായിട്ടുള്ളത്. ടി ഭാഗത്തെ അതിർത്തി നിർണ്ണയിച്ച് ലഭിച്ചിട്ടില്ലാത്തതിനാൽ ടി സ്ഥലം കയ്യേറ്റഭൂമിയാണോ അല്ലയോ എന്ന് പറയാവുന്നതല്ല. കാട്ടുതീയുടെ ഉറവിടം സ്വാഭാവികമായി ഉണ്ടായിട്ടുള്ളതായതിനാലും പാരിസ്ഥിതിക നഷ്ടമല്ലാതെ മറ്റ് നാശനഷ്ടങ്ങളൊന്നും കണക്കാക്കാത്തതിനാലും കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

**വനത്തിനുള്ളിലെ തരിശുഭൂമികളിൽ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ**

124 (897) ശ്രീമതി വീണാ ജോർജ്ജ്
ശ്രീ. കെ. ഡി. പ്രസേനൻ
ശ്രീ. പി. ടി. എ. റഹീം
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തിനുള്ളിലെ തരിശുഭൂമിയിൽ അക്കേഷ്യ, യൂക്കാലി, കാറ്റാടി, തേക്ക് തുടങ്ങിയ മരങ്ങൾ നട്ടുപിടിപ്പിക്കുന്നത് വനം വകുപ്പ് നിർത്തലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇവയ്ക്ക് പകരം ഏതെല്ലാം വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ ഭക്ഷണവും വെള്ളവും ലഭിക്കാതെ നാട്ടിലിറങ്ങുന്നത് പരിഹരിക്കുന്നതിനായി വനത്തിനുള്ളിലെ തരിശുഭൂമികളിൽ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും വനത്തിലെ സ്വാഭാവിക നീരുറവകളും ജലാശയങ്ങളും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) വനത്തിനുള്ളിലെ തരിശുഭൂമിയിൽ അക്കേഷ്യ, യൂക്കാലി, കാറ്റാടി, തേക്ക് തുടങ്ങിയ മരങ്ങളൊന്നുംതന്നെ വനം വകുപ്പ് നട്ടുപിടിപ്പിക്കുന്നില്ല. ഫലവൃക്ഷങ്ങൾ കൂടുതലായി നട്ടുപിടിപ്പിക്കാനാണ് വനം വകുപ്പ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) വന്യജീവികൾക്ക് കാട്ടിനുള്ളിലെ ഭക്ഷ്യലഭ്യത വർദ്ധിപ്പിക്കുന്നതിനായി വനത്തിനുള്ളിൽ ഒഴിഞ്ഞുകിടക്കുന്ന ഭാഗങ്ങളിൽ പ്ലാവ്, മാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും മുള പോലുള്ള സസ്യങ്ങളും നട്ടുവളർത്തുന്നുണ്ട്. ചെക്കുഡാമുകൾ കെട്ടി സ്വാഭാവിക നീരുറവകളും ജലാശയങ്ങളും സംരക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**വനത്തിലെ നദികളിൽനിന്ന് മണൽ**

125 (898) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനങ്ങൾക്കുള്ളിലെ നദികളിൽ നിന്നും മണൽ ശേഖരിക്കുന്നതിനുള്ള തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഏതൊക്കെ സ്ഥലങ്ങളിലാണ് ഇത് നടപ്പിലാക്കിയത്; ഇതിലൂടെ എത്ര മണൽ ശേഖരിക്കുവാൻ കഴിഞ്ഞു; അതിന്റെ വിപണനത്തിലൂടെ എന്ത് തുക ലഭിച്ചു;

(സി) പരിസ്ഥിതിക്ക് കോട്ടം തട്ടാതെ മണൽ ശേഖരിക്കുന്നതിനുള്ള ശാസ്ത്രീയപഠനം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത പഠനം നടത്തിയത്; പഠനത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം വനം ഡിവിഷനിലെ കുളത്തൂപ്പുഴ റെയ്ഞ്ചിലെ ചോഴിയക്കോട്, മിൽപ്പാലം എന്നീ കടവുകളിൽ നിന്നാണ് മണൽ ശേഖരിക്കുന്നത്. ഈ കടവുകളിൽ നിന്നും $1794m^3$ മണൽ ശേഖരിച്ചിട്ടുണ്ട്. മണൽ വിൽപ്പന ആരംഭിച്ചിട്ടില്ല.

(സി) നടത്തിയിട്ടുണ്ട്.

(ഡി) District Expert Appraisal Committee (DEAC) മുഖാന്തിരമാണ് പാരിസ്ഥിതിക പഠനം നടത്തിയിട്ടുള്ളത്. സ്ഥല പരിശോധനയ്ക്കുശേഷം 4-5-2017-ലെ മീറ്റിംഗിൽ മേൽപ്പറഞ്ഞ കടവുകളിൽനിന്ന് $6000m^3$ മണൽ

നിബന്ധനകൾക്ക് വിധേയമായി ശേഖരിക്കാമെന്ന് കമ്മിറ്റി ശിപാർശ ചെയ്യുകയുണ്ടായി. പ്രസ്തുത ശിപാർശ District Environmental Impact Assessment Authority വിശദമായി പരിശോധിക്കുകയും 26-5-2017-ലെ അതോറിറ്റിയുടെ H/DEIAA/KLM/4314/17-ാം നമ്പർ ഉത്തരവ് പ്രകാരം 31-5-2017 വരെയോ മൺസൂൺ തുടങ്ങുന്നതിന് മുമ്പോ ഏതാണാദ്യമെന്നാൽ അതുവരെ പ്രസ്തുത കടവുകളിൽ നിന്നും $6000m^3$ മണൽ ശേഖരിക്കാൻ ഉത്തരവായി.

## സാമൂഹ്യ വനവൽക്കരണ പദ്ധതി

126 (899) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി നട്ടുപിടിപ്പിച്ച അക്കേഷ്യ, യൂക്കാലി, തുടങ്ങിയ മരങ്ങൾ പൊതുസ്ഥലം, വനഭൂമി, എന്നിവിടങ്ങളിൽ നിന്നും മുറിച്ചു മാറ്റി പകരം നാട്ടുവൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയൊക്കെയാണെന്നും ഏതെല്ലാം ഇനം മരങ്ങളാണ് വെച്ചുപിടിപ്പിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) പൊതുസ്ഥലം, വനഭൂമി എന്നിവിടങ്ങളിലെ അക്കേഷ്യ, യൂക്കാലി മരങ്ങൾ ഘട്ടംഘട്ടമായി മുറിച്ചുമാറ്റി പകരം നാട്ടുവൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വയനാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ പരിധിയിൽ മാനന്തവാടി ഗവ. കോളേജ് കോമ്പൗണ്ട്, ഗവ. ഹയർ സെക്കന്ററി സ്കൂൾ കോമ്പൗണ്ട്, കൽപ്പറ്റ-മാനന്തവാടി, കൽപ്പറ്റ-ബത്തേരി, ബത്തേരി-പാട്ടവയൽ എന്നീ റോഡുകളുടെ വശങ്ങളിലുള്ള മരങ്ങളാണ് പ്രാരംഭമായി മുറിച്ചുമാറ്റാൻ കണ്ടെത്തിയിട്ടുള്ളത്. കാസർഗോഡ് ഡിവിഷനിൽ വിവിധ വകുപ്പുകളുടെ കീഴിലുള്ള ഉദ്ദേശം 43 ഏക്കർ സ്ഥലത്ത് സാമൂഹ്യവനവൽക്കരണ വിഭാഗം നട്ടുപിടിപ്പിച്ച 8 അക്കേഷ്യ തോട്ടങ്ങളിലെ മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലപ്പുറം ഡിവിഷന് കീഴിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി കോമ്പൗണ്ടിൽ 30 ഹെക്ടർ സ്ഥലത്തെ അക്കേഷ്യത്തോട്ടം, കോഴിക്കോട് ഡിവിഷനിൽ ഐ.ഐ.എം. കുന്ദമംഗലം, സി.ഡബ്ല്യു.ആർ.ഡി.എം. കോംപ്ലക്സ്, വെസ്റ്റ്ഹിൽ ബാരക്സ്

കോമ്പൗണ്ട്, സ്ലിപ്പ് പ്ലാന്റേഷൻ റെയിൽവേ സ്റ്റേഷൻ വടകര, കെ.വൈ.ഐ.പി. കനാൽ സൈഡ്, മുച്ചുകുന്ന് കോളേജ് എന്നിവിടങ്ങളിലുള്ള അക്കേഷ്യാ മരങ്ങൾ മുറിച്ചു മാറ്റുന്നതിനും കണ്ണൂർ ഡിവിഷനിൽ തോട്ടട പോളിടെക്നിക് ക്യാമ്പസ്, പരിയാരം ആയുർവേദ കോളേജ് ക്യാമ്പസ് എന്നിവിടങ്ങളിലുള്ള അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റുന്നതിനും പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

അക്കേഷ്യ തോട്ടങ്ങൾ മുറിച്ചുനീക്കിയശേഷം ഞാവൽ, മാവ്, പ്ലാവ്, അമ്പഴം, ആഞ്ഞിലി, പേര, അത്തി, പുളി, നെല്ലി തുടങ്ങിയ ഫലവൃക്ഷങ്ങളും കണിക്കൊന്ന, മരുത്, മണിമരുത്, ചമത, മന്ദാരം, ചെമ്പകം തുടങ്ങിയ പുഷ്പിക്കുന്ന വൃക്ഷങ്ങളും തടിക്കുയോജ്യമായ തേക്ക്, ഈട്ടി, മഹാഗണി, പൂവരശ്, കമ്പകം, കരിമരുത്, വെള്ളകിൽ തുടങ്ങിയ വൃക്ഷങ്ങളും ഔഷധ ഇനത്തിൽപ്പെട്ട കാഞ്ഞിരം, കുമ്പിൾ, വേപ്പ്, കുടംപുളി, ചന്ദനം, ഉങ്ങ്, ആൽ, രക്തചന്ദനം, കൂവളം, താന്നി, അശോകം, പതിമുഖം തുടങ്ങിയ വൃക്ഷങ്ങളും കൂടാതെ മുള, ഈറ, ചൂരൽ എന്നീ തദ്ദേശീയ സസ്യങ്ങളും നട്ടുപിടിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്വകാര്യ ഭൂമിയിൽ നിന്ന് യൂക്കാലിപ്റ്റസും ഗ്രാന്റിസും വെട്ടിമാറ്റുന്നതിന് ധനസഹായം

127 (900) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഭൂമിയിലെ യൂക്കാലിപ്റ്റസും, ഗ്രാന്റിപീസും വെട്ടുന്നത് നിരോധിച്ചതുമൂലം മൂന്നാറിലെ കർഷകർ അഭിമുഖീകരിക്കുന്ന കടുത്ത പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ ഭൂമിയിൽ നിന്ന് യൂക്കാലിപ്റ്റസും, ഗ്രാൻപീസും വെട്ടി മാറ്റുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് ധനസഹായം അനുവദിക്കുവാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ പ്രസ്തുത പദ്ധതി പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സ്വകാര്യ ഭൂമിയിലെ യൂക്കാലിപ്റ്റസ്, ഗ്രാന്റിസ് മരങ്ങൾ വെട്ടുന്നതിനുള്ള നിരോധനംമൂലം കർഷകർക്ക് ബുദ്ധിമുട്ടുള്ളതായി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) സ്വകാര്യ ഭൂമിയിലെ യൂക്കാലിപ്റ്റസ്, ഗ്രാന്റിസ് വെട്ടി മാറ്റുന്നതിന് മുൻ സർക്കാർ ധനസഹായം അനുവദിച്ചിരുന്നില്ല. ഇത്തരത്തിലുള്ള പദ്ധതികളൊന്നും ഇപ്പോൾ വനം വകുപ്പിന്റെ പരിഗണനയിലില്ല.

**വനവൽക്കരണ അവബോധം**

128 (901) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വനവൽക്കരണ പദ്ധതിക്ക് വേണ്ടി ഈ സർക്കാർ നടപ്പാക്കിയ കാര്യങ്ങൾ വിശദീകരിക്കാമോ;

(ബി) സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ വനവൽക്കരണ അവബോധം വളർത്തുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) വനവൽക്കരണ പരിപാടി പരിഗണിച്ച് വനം വകുപ്പ് സ്കൂൾ വിദ്യാർത്ഥികൾക്ക്/വിദ്യാലയങ്ങൾക്ക് അവാർഡുകൾ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം സാമൂഹ്യ വനവൽക്കരണ പദ്ധതിക്കുവേണ്ടി എല്ലാ വർഷവും പരിസ്ഥിതി ദിനമായ ജൂൺ 5-ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, യുവജനസംഘടനകൾ, മതസ്ഥാപനങ്ങൾ, സർക്കാരിതര സ്ഥാപനങ്ങൾ, മാധ്യമ സ്ഥാപനങ്ങൾ മുതലായവയ്ക്ക് സൗജന്യമായി തൈകൾ വിതരണം ചെയ്തുവരുന്നുണ്ട്. 'എന്റെ മരം', 'നമ്മുടെ മരം' പദ്ധതി പ്രകാരം സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കും സൗജന്യമായി തൈകൾ വിതരണം ചെയ്തുവരുന്നു. കൂടാതെ വഴിയോരത്തണൽ പദ്ധതി, വനമിത്ര അവാർഡ്, കാവ് സംരക്ഷണം, സ്വകാര്യ സ്ഥലത്തെ വൃക്ഷവൽക്കരണം, കണ്ടൽ വച്ചുപിടിപ്പിക്കൽ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നു. വഴിയോര തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോര സംരക്ഷണം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റേഷൻ തുടങ്ങിയ പദ്ധതികളും നടപ്പാക്കിവരുന്നു. കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മറ്റ് സർക്കാരിതര സംഘടനകൾ എന്നിവയുമായി സഹകരിച്ച് നക്ഷത്രവനം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, വഴിയോരത്തണൽ, കണ്ടൽ വനവൽക്കരണം, ഹെർബൽ ഗാർഡൻ, ബീച്ച് പ്ലാന്റിംഗ് തുടങ്ങിയ പദ്ധതികളും നടപ്പാക്കിവരുന്നു.

(ബി) വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനായി സ്കൂൾ കുട്ടികൾക്കായി 'എന്റെ മരം', കോളേജ് കുട്ടികൾക്കായി 'നമ്മുടെ മരം' എന്നീ പദ്ധതികൾ സാമൂഹ്യവനവൽക്കരണ വിഭാഗം മുഖേന നടപ്പാക്കിവരുന്നു. 'ഔഷധത്തോട്ടം' 'നക്ഷത്രവനം' എന്നീ പദ്ധതികളും സ്കൂളുകളിൽ നടപ്പാക്കിവരുന്നു. വനവൽക്കരണത്തെയും പരിസ്ഥിതി സംരക്ഷണത്തെയും സംബന്ധിച്ച

അവബോധം നൽകുന്നതിനായി പരിസ്ഥിതി പഠന ക്ലാസ്സുകൾ, നേച്ചർ ക്യാമ്പുകൾ, സെമിനാറുകൾ, ശില്പശാലകൾ, റാലികൾ എന്നിവയും സംഘടിപ്പിച്ചുവരുന്നു. വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി എല്ലാ വർഷവും വിദ്യാർത്ഥികൾക്കായി പരിസ്ഥിതി സംബന്ധമായ മത്സരങ്ങൾ സംഘടിപ്പിച്ച് സർട്ടിഫിക്കറ്റുകളും ക്യാഷ് അവാർഡുകളും നൽകിവരുന്നു. സ്കൂളുകളിൽ ഫോറസ്റ്റ് ക്ലബ്ബുകൾ രൂപീകരിച്ച് വനസംരക്ഷണം, വന്യജീവി സംരക്ഷണം എന്നിവയിൽ ബോധവൽക്കരണവും നടത്തിവരുന്നു.

(സി) വനവൽക്കരണ പരിപാടി പരിഗണിച്ച് വനം വകുപ്പ് സ്കൂളുകൾക്ക് പ്രത്യേക അവാർഡുകൾ നൽകുന്നില്ല. എന്നാൽ വന്യജീവി വാരാഘോഷവുമായി ബന്ധപ്പെട്ട് ജില്ലാടിസ്ഥാനത്തിൽ സ്കൂളുകളിൽ വിവിധ മത്സരങ്ങൾ സംഘടിപ്പിച്ച് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകിവരുന്നു. കൂടാതെ വനവൽക്കരണം ഉൾപ്പെടെയുള്ള മികച്ച പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് സ്കൂളുകളെക്കൂടി ഉൾപ്പെടുത്തി പ്രകൃതി മിത്ര അവാർഡിന് പരിഗണിക്കാറുണ്ട്.

**വനം വകുപ്പ് നേരിട്ട് ഓൺലൈൻ തടി ലേലം നടത്താനുള്ള നടപടികൾ**

129 (902) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് ഡിപ്പോകളിലെ മരം ലേലം ഓൺലൈൻ വഴി ആക്കിയതിന്റെ ഗുണദോഷങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) എന്ന് മുതലാണ് ഓൺലൈൻ ലേലനടപടികൾ ആരംഭിച്ചിട്ടുള്ളത്; ഓൺലൈൻ ലേലം ആരംഭിക്കുന്നതിന് രണ്ടു വർഷം മുമ്പും ഓൺലൈൻ വ്യാപാരം ഏർപ്പെടുത്തിയതിനുശേഷവും വരുമാനത്തിൽ വന്ന മാറ്റം വിശദമാക്കുമോ;

(സി) ഓൺലൈൻ ലേലം നടത്തുന്നത് വനം വകുപ്പ് നേരിട്ടാണോ; അതോ ഏതെങ്കിലും സ്വകാര്യ ഏജൻസി മുഖേനയാണോ; ഏത് ഏജൻസി മുഖേനയാണ് നടത്തുന്നത്; ഇത് സർക്കാർ ഏജൻസിയാണോ; ഇവർക്ക് എത്ര ശതമാനം തുകയാണ് കമ്മീഷൻ ഇനത്തിൽ നൽകേണ്ടി വരുന്നത്; ഓൺലൈൻ ആക്കിയതിനു ശേഷം എത്ര തുക ഏജൻസിക്ക് കൈമാറിയിട്ടുണ്ട്;

(ഡി) വനംവകുപ്പ് നേരിട്ട് ഇ-ലേലം നടത്തിയിരുന്നാൽ വകുപ്പിന് ലഭിക്കുമായിരുന്ന തുക സ്വകാര്യ ഏജൻസികൾക്ക് ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഏജൻസികളെ ഒഴിവാക്കി വനം വകുപ്പ് നേരിട്ട് ലേലം നടത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പരിശോധിച്ചിട്ടുണ്ട്. ഇ-ലേലത്തിന്റെ പ്രധാനപ്പെട്ട സവിശേഷത അതിന്റെ സുതാര്യതയാണ്. ലേലത്തിൽ മാനുഷികമായ ഇടപെടൽ സാധ്യമല്ല. അതോടൊപ്പം ലേലത്തിലെ അഴിമതി സംബന്ധിച്ച പരാതികൾ ഒട്ടുമിക്കവാറും ഒഴിവായിട്ടുണ്ട്. തുറന്ന ഓക്ഷൻ ജാലകത്തിൽ ലോട്ട് നമ്പർ, ഇനം, അളവ്, തുടക്കവില, ലേലം അവസാനിക്കുന്ന സമയം എന്നിവ ദൃശ്യമാണ്. ഇ-ലേലത്തിൽ മുൻകാല ലേലത്തിലെപ്പോലെ ബാഹ്യശക്തികളുടെ സമ്മർദ്ദം ഉദ്യോഗസ്ഥർക്ക് നേരിടേണ്ടി വരുന്നില്ല. കൂടാതെ കച്ചവടക്കാരുടെ സിൻഡിക്കേറ്റ് രൂപീകരണത്തിന് വഴിയടച്ചുവെന്നും ബോധ്യമായിട്ടുണ്ട്. ഗാർഹിക ആവശ്യത്തിനായി ഒറ്റത്തവണ ലേലത്തിൽ പങ്കെടുക്കുന്ന ഉപഭോക്താക്കൾക്ക് പരിചയസമ്പന്നരായ വൻകിട കച്ചവടക്കാരോട് മത്സരിച്ച് നേർക്കുനേർ നിന്ന് ലേലം വിളിക്കേണ്ട സാഹചര്യം ഒഴിവായത് ഇത്തരം ഉപഭോക്താക്കളെ ഇ-ലേലത്തിലേയ്ക്ക് കൂടുതലായി ആകർഷിച്ചിട്ടുണ്ട്. സാമ്പ്രദായിക ലേലത്തിൽ ലേല സ്ഥിരീകരണത്തിനുള്ള കാലതാമസം നേരിടുന്നതിനാൽ മുൻകൂർ അടയ്ക്കേണ്ടി വന്നിരുന്ന ഭാഗിക വിലത്തുക ഇ-ലേലത്തിൽ ലേല സ്ഥിരീകരണം ലഭിച്ചതിനുശേഷം അടച്ചാൽ മതി. തന്മൂലം ചെറുകിട കച്ചവടക്കാർക്കും പൊതുജനങ്ങൾക്കും മുൻകൂറായി വൻതുക കണ്ടെത്തേണ്ടി വരുന്നില്ല. ലേല സ്ഥിരീകരണം ഇ-മെയിൽ വഴി ലേലക്കാരന് കാലതാമസം കൂടാതെ ലഭ്യമാക്കുന്നു. കൂടാതെ ഇ-ലേലത്തിനായി രജിസ്റ്റർ ചെയ്തിട്ടുള്ള ഏതൊരാൾക്കും എവിടെ നിന്നും ഇ-ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ലേലസ്ഥിരീകരണം, ലോട്ടിന്റെ വിവരങ്ങൾ എന്നിവ ഇ-മെയിലിൽ ലഭിക്കുന്നതിനാൽ ഓഫീസുകൾ കയറിയിറങ്ങാതെ പൊതുജനങ്ങൾക്ക് ഇ-ലേലത്തിൽ പങ്കെടുക്കാൻ സാധിക്കുന്നു. ഇ-ലേലത്തിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി ബോധവൽക്കരണ പരിപാടികളും, ലേലത്തിൽ പങ്കെടുക്കുന്നതിന് രജിസ്റ്റർ ചെയ്യുന്നതിനുള്ള സഹായവും നടപ്പിലാക്കിയിട്ടുള്ളതിനാൽ ജനങ്ങൾക്ക് തടസ്സമേതുമില്ലാതെ ഇ-ലേലത്തിൽ പങ്കെടുക്കാൻ സാധിക്കുമെന്ന് ഉറപ്പാക്കിയിട്ടുണ്ട്. സാമ്പ്രദായിക ലേലത്തിൽ നിന്നും ഇ-ലേലത്തിലേയ്ക്ക് മാറിയപ്പോൾ എല്ലാ ലേലത്തിലും രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാവർക്കും പങ്കെടുക്കാമെന്നതിനാൽ ആരോഗ്യകരമായ മത്സരം ഉണ്ടാകുകയും വില വർദ്ധിക്കുകയും ചെയ്തിട്ടുള്ളതാണ്.

(ബി) 2014 നവംബർ മുതലാണ് വനം വകുപ്പിൽ ഇ-ലേലം ആരംഭിച്ചിട്ടുള്ളത്. സാമ്പ്രദായിക ലേലത്തിൽനിന്നും ഇ-ലേലത്തിലേയ്ക്ക് മാറിയപ്പോൾ വരുമാനത്തിന്റെ വർദ്ധനവ് സംബന്ധിച്ചുള്ള പ്രാഥമിക വിശകലനത്തിൽ തേക്ക് തടികൾക്ക് 17.5% വർദ്ധനവും ചന്ദനത്തടികൾക്ക് 30% വർദ്ധനവും ഉണ്ടായിട്ടുണ്ട്.

(സി) വനം വകുപ്പിനുവേണ്ടി ഇ-ലേലം നടത്തുന്നത് മെസ്സേഴ്സ് എം.എസ്.റ്റി.സി. ലിമിറ്റഡ് (മെറ്റൽ ആന്റ് സ്ക്രാപ്പ് ട്രേഡിംഗ് കോർപ്പറേഷൻ ലിമിറ്റഡ്) എന്ന കേന്ദ്ര ഉരുക്കുമന്ത്രാലയത്തിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനമാണ്. ലേലത്തുകയുടെ 0.8% ആണ് കമ്മീഷൻ ഇനത്തിൽ നൽകുന്നത്. ഓൺലൈൻ ആക്കിയതിനുശേഷം നാളിതുവരെ 4.99 കോടി രൂപയാണ് മെസ്സേഴ്സ് എം.എസ്.റ്റി.സി.-ക്ക് കമ്മീഷൻ ഇനത്തിൽ നൽകിയത്.

(ഡി) ഇക്കാര്യത്തിൽ പ്രവർത്തന പരിചയമുള്ളതും കേന്ദ്രസർക്കാരിനു കീഴിൽ പ്രവർത്തിക്കുന്നതുമായ MSTC Limited എന്ന സ്ഥാപനം കേന്ദ്ര ഉരുക്കുമന്ത്രാലയത്തിനുകീഴിൽ പൊതുമേഖലയിൽത്തന്നെ പ്രവർത്തിക്കുന്നതും സംസ്ഥാന സർക്കാരിനുവേണ്ടി ലേലങ്ങൾ നടത്തുന്നതുമായ സ്ഥാപനമാണ്. സ്വകാര്യ ഏജൻസി അല്ല.

(ഇ) ബാധകമല്ല.

## ബീറ്റ് ഫോറസ്റ്റ് ഓഫീസർ

130 (903) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് പോലീസ് ട്രെയിനിംഗ് നൽകുന്നുണ്ടോ;

(ബി) ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ട്രെയിനിംഗ് നൽകി വരുന്നത്;

(സി) ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിനുള്ള യോഗ്യതയിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് അടിസ്ഥാനത്തിലാണ് ഈ മാറ്റം വരുത്തിയിട്ടുള്ളത്;

(ഡി) ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയെ സേനാവിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫോറസ്റ്റ് ട്രെയിനിംഗ് മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമാണ് ട്രെയിനിംഗ് നൽകിവരുന്നത്.

(സി) 2010-ൽ നിലവിൽ വന്ന കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിനുശേഷം ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിനുള്ള യോഗ്യതയിൽ മാറ്റം വരുത്തിയിട്ടില്ല.

(ഡി) ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയെ സേനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

## ബീറ്റ് ഫോറസ്റ്റ് ഓഫീസർ റാങ്ക് പട്ടിക

131 (904) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബീറ്റ് ഫോറസ്റ്റ് ഓഫീസർ റാങ്ക് പട്ടികയിൽ നിന്നും നാളിതുവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത തസ്തികയിൽ ഒഴിവുകൾ ഉണ്ടായിരുന്നിട്ടുകൂടി വളരെ കുറച്ച് മാത്രം നിയമനങ്ങളേ നടത്തിയിട്ടുള്ളൂ എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബീറ്റ് ഫോറസ്റ്റ് ഓഫീസർ റാങ്ക് പട്ടികയുടെ കാലാവധി മൂന്ന് വർഷമായി നീട്ടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവിധ ജില്ലകളിലായി ബീറ്റ് ഫോറസ്റ്റ് ഓഫീസർ റാങ്ക് പട്ടികയിൽ നിന്നും നാളിതുവരെ 598 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള മുഴുവൻ ഒഴിവുകളിലും നിയമനം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## വന്യമൃഗ ഇടനാഴി

132 (905) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾക്ക് ഒരു വനമേഖലയിൽ നിന്നും മറ്റൊരു മേഖലയിലേക്ക് തടസ്സമില്ലാത്ത രീതിയിൽ സഞ്ചരിക്കുന്നതിനായി വന്യമൃഗ ഇടനാഴി ആവശ്യമാണെന്ന നിർദ്ദേശം ഉയർന്നു വന്നിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) എങ്കിൽ ഏതെല്ലാം മേഖലകളെ പരസ്പരം ബന്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇതുസംബന്ധിച്ച വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ നടത്തിയ പഠനത്തിൽ കേരളത്തിന്റെ വനം മേഖലയിൽ 5 ആനത്താരകൾ കണ്ടെത്തുകയും ആയത് " Right of Passage : Elephant Corridors of India" എന്ന പേരിൽ വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാകുന്നു.

(സി) ഉത്തരം (ബി) യിൽ പരാമർശിച്ചിരിക്കുന്ന പഠനം പ്രകാരം താഴെ പട്ടികയിൽ പറയുന്ന ആനത്താരകൾ വിഭാവനം ചെയ്യുന്നു.

| ക്രമ നമ്പർ | ആനത്താരയുടെ പേര് | വില്ലേജ് |
|---|---|---|
| 1 | നിലമ്പൂർ കോവിലകം-ന്യൂ അമരമ്പലം | വഴിക്കടവ്-കാരക്കോട്, നിലമ്പൂർ നോർത്ത് ഡിവിഷൻ - നിലമ്പൂർ സൗത്ത് ഡിവിഷൻ |
| 2 | പേര്യ-പക്രംതളം | പക്രംതളം, പാനോത്ത്, നിരവിൽപ്പുഴ, പേര്യ റിസർവ് വടക്ക്, തെക്ക് ഭാഗം |
| 3 | തിരുനെല്ലി-കുദ്രക്കോട് | വയനാട് വന്യജീവി സങ്കേതം, നോർത്ത് വയനാട് ഡിവിഷൻ |
| 4 | കൊട്ടിയൂർ-പേര്യ | നോർത്ത് വയനാട് ഡിവിഷൻ പേര്യ പാൽചുരം റിസർവ്, കൊട്ടിയൂർ വന്യജീവി സങ്കേതത്തിന്റെ കൊട്ടിയൂർ റിസർവ് |
| 5 | നിലമ്പൂർ-അപ്പൻകാവ് | നിലമ്പൂർ നോർത്ത്, സൗത്ത് ഡിവിഷൻ (അപ്പൻകാവ്, മുണ്ടേരി). |

ഇതുകൂടാതെ അന്തർസംസ്ഥാന സംരക്ഷിത വനമേഖലകളിലുമായി ചേർന്നു കിടക്കുന്ന രണ്ട് ആനത്താരകൾകൂടി പ്രതിപാദിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | മുതുമല-നിലമ്പൂർ Vio Ovalley | മുതുമല കടുവാ സങ്കേതം, നിലമ്പൂർ നോർത്ത് ഡിവിഷൻ |
| 2 | ബൈഗുർ-ബ്രഹ്മഗിരി | ബ്രഹ്മഗിരി വന്യജീവി സങ്കേതം - വയനാട് വന്യജീവി സങ്കേതം - നാഗർഗഹൊളെ കടുവ സങ്കേതം |

### കുരങ്ങന്മാരിലെ അജ്ഞാത രോഗബാധ

133 (906) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എലത്തൂർ നിയോജകമണ്ഡലം തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിൽ എടക്കരയിലെ വള്ളിക്കാട്ട് കാവിലെ കുരങ്ങന്മാർക്ക് അജ്ഞാത രോഗബാധയുണ്ടായതിനെത്തുടർന്ന് ചത്തൊടുങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഏതാനും കുരങ്ങുകൾ അജ്ഞാത രോഗബാധയുണ്ടായതിനെത്തുടർന്ന് ചത്തു പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അസുഖബാധിതനായ ഒരു കുരങ്ങിനെ പിടികൂടി വിദഗ്ധ പരിശോധനയ്ക്കായി വയനാട് വന്യജീവി സങ്കേതത്തിലെ ലാബിലേയ്ക്ക് കൊണ്ടുപോകുകയും രോഗനിർണ്ണയത്തിന് ആവശ്യമായ ലാബ് പരിശോധനകൾ നടക്കുന്നുമുണ്ട്. ടി കുരങ്ങ് 29-12-2017-ന് മരണപ്പെട്ടിട്ടുണ്ട്. പരിശോധനാഫലം ലഭിച്ചിട്ടില്ല.

### മനുഷ്യ വന്യജീവി സംഘർഷം

134 (907) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കൂടുതൽ കേന്ദ്ര സഹായത്തിനായി ശ്രമിക്കുമോ;

(സി) വന്യ ജീവി ആക്രമണങ്ങളിൽ നഷ്ടപരിഹാര തുക വർദ്ധിപ്പിക്കാൻ തീരുമാനമായിട്ടുണ്ടോ;

(ഡി) നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിന് തടസ്സമുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം 663.70 ലക്ഷം രൂപയും 2017-18 സാമ്പത്തിക വർഷം 584.034 ലക്ഷം രൂപയും കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ ആവശ്യമായ ശ്രമങ്ങൾ നടത്തിവരുന്നുണ്ട്.

(സി&ഡി) വന്യജീവി ആക്രമണങ്ങളിൽ നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## വന്യജീവി ആക്രമണത്തിൽ ജീവൻ നഷ്ടപ്പെടുന്നവരുടെ ആശ്രിതർക്ക് ധനസഹായം

135 (908) <u>ശ്രീ. കെ. സി. ജോസഫ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്തിൽ ജീവൻ നഷ്ടപ്പെടുന്നവരുടെ ആശ്രിതർക്ക് നൽകുന്ന ധനസഹായം എന്തൊക്കെയാണ്; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) 2017-ൽ ഈ ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) വന്യജീവി ആക്രമണംമൂലം ജീവൻ നഷ്ടപ്പെടുന്നവരുടെ ആശ്രിതർക്ക് 1980-ലെ വന്യജീവികളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള ചട്ടങ്ങൾ പ്രകാരമാണ് നഷ്ടപരിഹാരം നൽകുന്നത്. നിലവിലെ നിരക്ക് ചുവടെ ചേർക്കുന്നു:

| കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നിലവിലെ നഷ്ടപരിഹാര തുക (രൂപ) | ഏറ്റവും ഒടുവിൽ തുക വർദ്ധിപ്പിച്ച ഉത്തരവിന്റെ വിശദാംശങ്ങൾ |
|---|---|---|
| വന്യജീവി ആക്രമണം മൂലമുള്ള മരണം | 5 ലക്ഷം രൂപ | സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 96/2014/വനം തീയതി 17.11.2014. |
| വനത്തിനു പുറത്തുവച്ചുള്ള പാമ്പുകടി മൂലമുള്ള മരണം | 1 ലക്ഷം രൂപ | |
| വന്യജീവി ആക്രമണംമൂലം സ്ഥായിയായ അംഗഭംഗം | പരമാവധി 75,000 രൂപ | |

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നഷ്ടപരിഹാരം വർദ്ധിപ്പിച്ചിട്ടില്ല.

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ നാളിതുവരെ 469.13 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## വന്യജീവികളുടെ ആക്രമണം മൂലമുണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ

136 (909) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വന്യജീവികളുടെ ആക്രമണത്തിൽ എത്ര ജീവനുകൾ സംസ്ഥാനത്ത് നഷ്ടപ്പെട്ടിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഇവർക്ക് സർക്കാർ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കാട്ടുപന്നി ഉൾപ്പെടെയുള്ള വന്യജീവികളുടെ/മൃഗങ്ങളുടെ എണ്ണം വർദ്ധിച്ചിരിക്കുന്ന സാഹചര്യം കണക്കിലെടുത്ത്, കർഷകരുടെ കൃഷിഭൂമിയിൽ കടന്ന് കൃഷി നശിപ്പിക്കുന്ന കാട്ടുപന്നിയേയും മറ്റും കൊല്ലുവാൻ അനുവാദം നൽകുന്ന പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) കാട്ടാനശല്യം രൂക്ഷമായ മേഖലകളിൽ സൗരോർജ്ജവേലി നിർമ്മിക്കുന്നതിനും ഭിത്തികെട്ടി മനുഷ്യർക്ക് സംരക്ഷണം ഒരുക്കുവാനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യജീവികളുടെ ആക്രമണത്തിൽ നഷ്ടപ്പെട്ട മനുഷ്യജീവനുകളുടെ വിവരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ജില്ല | പാമ്പു കടിയേറ്റവർ | വന്യജീവി ആക്രമണംമൂലം മരണപ്പെട്ടവർ | ആകെ |
|---|---|---|---|
| (1) | (2) | (3) | (4) |
| തിരുവനന്തപുരം | 9 | 5 | 14 |
| കൊല്ലം | 15 | 1 | 16 |
| പത്തനംതിട്ട | 22 | 1 | 23 |

| (1) | (2) | (3) | (4) |
|---|---|---|---|
| കോട്ടയം | 9 | 0 | 9 |
| ഇടുക്കി | 4 | 10 | 14 |
| എറണാകുളം | 1 | 3 | 4 |
| തൃശ്ശൂർ | 14 | 1 | 15 |
| പാലക്കാട് | 44 | 13 | 57 |
| മലപ്പുറം | 11 | 3 | 14 |
| വയനാട് | 1 | 9 | 10 |
| കോഴിക്കോട് | 2 | 0 | 2 |
| കണ്ണൂർ | 2 | 4 | 6 |
| കാസർഗോഡ് | 3 | 0 | 3 |
| ആകെ | 137 | 50 | 187 |

(ബി) നൽകിയിട്ടുണ്ട്. ചട്ടങ്ങൾ പാലിച്ച് സമർപ്പിക്കപ്പെട്ട അപേക്ഷകളുടെ മുൻഗണനാക്രമം അനുസരിച്ച് 250.41 ലക്ഷം രൂപ നാളിതുവരെ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

അവശേഷിക്കുന്നവരുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നിയമാനുസരണം നഷ്ടപരിഹാരം നൽകുന്നതാണ്.

(സി) കർഷകരുടെ കൃഷിഭൂമിയിൽ കടന്ന് കൃഷി നശിപ്പിക്കുന്ന കാട്ടുപന്നിയെയും മറ്റും ഫലപ്രദമായി നേരിടാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കാട്ടാനശല്യം രൂക്ഷമായ ഭൂരിഭാഗം വനമേഖലകളിലും പ്രതിരോധ മാർഗ്ഗങ്ങൾ നിലവിലുണ്ട്. ഇല്ലാത്ത സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സൗരോർജ്ജവേലി പോലുള്ള പ്രതിരോധ മാർഗ്ഗങ്ങൾ നിർമ്മിച്ചുവരുന്നു.

## വന്യമൃഗങ്ങളുടെ ഉപദ്രവം

137 (910) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനങ്ങളിൽ നിന്നും കാട്ടുമൃഗങ്ങൾ, ജനവാസകേന്ദ്രങ്ങളിലിറങ്ങി കൃഷിക്കും വളർത്തു മൃഗങ്ങൾക്കും മനുഷ്യജീവന് തന്നെയും ഭീഷണി ഉയർത്തുന്നതുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് കഴിഞ്ഞ വർഷത്തിനുള്ളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ മനുഷ്യജീവഹാനി സംഭവിച്ചവ എത്രയെന്നും വളർത്തുമൃഗങ്ങൾ കൊല്ലപ്പെട്ടവ എത്രയെന്നും ഗുരുതര പരിക്കേറ്റ് ചികിത്സയിലായ മനുഷ്യർ എത്രയെന്നും മൃഗങ്ങൾ എത്രയെന്നും സംബന്ധിച്ച വ്യക്തമായ കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഇത്തരം കേസ്സുകളിൽ നഷ്ടപരിഹാരമോ മറ്റ് പരിഹാര നടപടികളോ സ്വീകരിച്ചവ എത്രയെന്നും സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ;

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും വന്യമൃഗങ്ങളെ തിരിച്ച് വനത്തിൽ എത്തിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ വർഷം നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് ഇത്തരത്തിലുള്ള 9012 നഷ്ടപരിഹാര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) വന്യമൃഗങ്ങളുടേയും പാമ്പിന്റെയും ആക്രമണംമൂലം മനുഷ്യജീവഹാനി സംഭവിച്ചതിന് 128 കേസ്സുകളും വളർത്തുമൃഗങ്ങൾ കൊല്ലപ്പെട്ടതിനും പരിക്കേറ്റതിനുമായി 453 കേസ്സുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ വന്യജീവികളുടെ ആക്രമണംമൂലം 917 പേർക്ക് സാരമായ പരിക്ക് പറ്റിയതിനെത്തുടർന്ന് ചികിത്സ തേടിയിട്ടുണ്ട്.

(സി) ഉത്തരം (എ) യിൽ പരാമർശിച്ച കേസ്സുകളിൽ 3330 എണ്ണത്തിന് ചുവടെ പട്ടികയിൽ ചേർക്കുന്ന നിരക്ക് പ്രകാരം നഷ്ടപരിഹാരം നൽകിയിട്ടുണ്ട്:

| കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നിലവിലെ നഷ്ടപരിഹാരത്തുക (രൂപ) | ഏറ്റവും ഒടുവിൽ തുക വർദ്ധിപ്പിച്ച ഉത്തരവിന്റെ വിശദാംശങ്ങൾ |
|---|---|---|
| (1) | (2) | (3) |
| വന്യജീവി ആക്രമണംമൂലമുള്ള മരണം | 5 ലക്ഷം രൂപ | സർക്കാർ ഉത്തരവ് (എം.എസ്)നമ്പർ 96/2014/വനം തീയതി 17-11-2014. |
| വനത്തിനു പുറത്തുവച്ചുള്ള പാമ്പുകടി മൂലമുള്ള മരണം | 1 ലക്ഷം രൂപ | |
| വന്യജീവി ആക്രമണംമൂലം സ്ഥായിയായ അംഗഭംഗം | പരമാവധി 75,000 രൂപ | |

| (1) | (2) | (3) |
|---|---|---|
| വന്യജീവി ആക്രമണംമൂലം മനുഷ്യർക്കുണ്ടാകുന്ന പരിക്ക് | പരമാവധി 75,000 രൂപ പട്ടികവർഗ്ഗക്കാർക്ക് പരിധിയില്ലാതെ ചെലവായമുഴുവൻ തുകയും നൽകും.(മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ.) | സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 32/2013/വനം തീയതി 22-3-2013 |
| വന്യജീവി ആക്രമണം മൂലമുള്ള വീടുനഷ്ടം, കന്നുകാലി നഷ്ടം | നഷ്ടത്തിന്റെ 100% (പരാമവധി 75,000 രൂപ) | |
| വന്യജീവി ആക്രമണം മൂലമുള്ള വിളനാശം | നഷ്ടത്തിന്റെ 100% (പരമാവധി 75,000 രൂപ) | സർക്കാർ ഉത്തരവ് (എം.എസ്.)നമ്പർ 02/2015/വനം തീയതി 8-1-2015. സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 32/2013/വനം തീയതി 22-3-2013. |

അവശേഷിക്കുന്ന കേസുകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും വന്യമൃഗങ്ങളെ വനത്തിനുള്ളിൽ എത്തിക്കാനുമായി താഴെപ്പറയുന്ന മാർഗ്ഗങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

1. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.

2. വനത്തിന് വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ച വിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.

3. പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.
4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.
5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.
6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.
7. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.
8. വന്യജീവി ആക്രമണംമൂലം സംഭവിക്കുന്ന ജീവഹാനി, കൃഷിനാശം എന്നിവയ്ക്ക് നഷ്ടപരിഹാരം നൽകുന്ന നടപടി.
9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവൽക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.
10. ജനവാസ മേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ചുമാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനുമുള്ള നടപടികൾ.
11. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

**കാട്ടുമൃഗങ്ങളുടെ ആക്രമണം തടയാൻ റാപ്പിഡ് ഫോഴ്സ്**

138 (911) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി, കോടശ്ശേരി പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങളിൽ കാട്ടുമൃഗങ്ങളുടെ നിരന്തരമായ

ആക്രമണംമൂലം തദ്ദേശവാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും, നാശനഷ്ടങ്ങളും ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ മേഖലയിൽ കാട്ടാനക്കൂട്ടം അടക്കമുള്ള വന്യമൃഗങ്ങളുടെ നിരന്തരമായ ആക്രമണങ്ങൾ തടയുന്നതിനായി റാപ്പിഡ് ഫോഴ്സിന്റെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ചാലക്കുടി മണ്ഡലത്തിൽ അതിരപ്പിള്ളി, കോടശ്ശേരി പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങൾ ഉൾപ്പെടെ കാട്ടുമൃഗങ്ങളുടെ ആക്രമണംമൂലം തദ്ദേശവാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും നാശനഷ്ടങ്ങളും ഒഴിവാക്കുന്നതിനായി താഴെപ്പറയുന്ന വിവിധ പ്രതിരോധ മാർഗ്ഗങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

1. ചാലക്കുടി ഡിവിഷനിൽ 2016-17-വരെ വെള്ളികുളങ്ങര, പരിയാരം റെയ്ഞ്ചുകളിലായി 25.05 കി.മീ. സൗരോർജ്ജ വേലിയും ഈ വർഷം പുതിയതായി ടി രണ്ട് റെയ്ഞ്ചുകളുടെ അധികാര പരിധിയിൽ 20 കി.മീ. ദൂരത്തിൽ ഫെൻസിംഗ് നിർമ്മിക്കുന്നതിനും 3.6 കി.മീ. സൗരോർജ്ജ വേലിയുടെ അറ്റകുറ്റപ്പണികൾക്കും നടപടി സ്വീകരിച്ചു വരുന്നുണ്ട്.

2. വാഴച്ചാൽ ഡിവിഷൻ അധികാരപരിധിയിൽ 2016-17-വരെ 14.45 കി.മീ. സൗരോർജ്ജവേലി നിർമ്മിച്ചിട്ടുണ്ട്. ജനവാസകേന്ദ്രങ്ങളിൽ വന്യമൃഗങ്ങൾ ഇറങ്ങുന്നതാകയാൽ ആന പ്രതിരോധ ഭിത്തി, റെയിൽ ഫെൻസിംഗ് തുടങ്ങിയവ നിർമ്മിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

3. വന്യമൃഗങ്ങൾക്ക് കുടിവെള്ളം കാട്ടിൽത്തന്നെ ലഭ്യമാക്കാൻ വനത്തിനകത്ത് 38 കുളങ്ങളും ചെക്ക് ഡാമുകളും നിർമ്മിച്ചിട്ടുണ്ട്.

4. വനത്തിനടുത്തുള്ള കൃഷിസ്ഥലങ്ങളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള ഫലങ്ങൾ കൃഷി ചെയ്യാതിരിക്കാനുള്ള ബോധവൽക്കരണം ടി മേഖലയിലെ കർഷകർക്ക് നൽകുന്നുണ്ട്.

5. വന്യജീവി ആക്രമണംമൂലം കർഷകർക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് 1980-ലെ കേരള റൂൾസ് ഫോർ കോമ്പൻസേഷൻ റ്റു ദി വിക്ടിംസ് ഓഫ് വൈൽഡ് ലൈഫ് അറ്റാക്കിലെ വ്യവസ്ഥകൾ പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നു.

(ബി) ഈ മേഖലയിൽ റാപ്പിഡ് ഫോഴ്സ് നിലവിലില്ല. അടിയന്തര സാഹചര്യങ്ങൾ ഉണ്ടായാൽ റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു മൃഗാശുപത്രി ആരംഭിക്കുന്നതിനുവേണ്ടി കെട്ടിടം പണിയുന്നതിന് നടപടി

139 (912) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ലാബ് സൗകര്യം ഉൾപ്പെടെ എല്ലാ സൗകര്യങ്ങളുമടങ്ങിയ ഒരു മൃഗാശുപത്രി ആരംഭിക്കുന്നതിനുവേണ്ടി കെട്ടിടം പണിയുന്നതിന് എസ്റ്റിമേറ്റോടുകൂടി സമർപ്പിച്ചിരുന്ന അപേക്ഷ പ്രകാരം ആയത് നബാർഡ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയത് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യകതമാക്കുമോ

ഉത്തരം

(എ) ഉൾപ്പെടുത്തിയിട്ടില്ല.

(ബി) കെട്ടിടം പണിയുന്നതിനുള്ള ഫണ്ട് വകുപ്പിൽ ലഭ്യമായതിനാൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## ദേവികുളം നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട പദ്ധതികൾ

140 (913) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ മൃഗ സംരക്ഷണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; ആയതിന്റെ വിശദ വിവരം നൽകുമോ;

(ബി) പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്നും എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ സംബന്ധിച്ച വിവരങ്ങളും വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ദേവികുളം നിയോജകമണ്ഡലത്തിൽ പുതുതായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പിഗ് ഫാറ്റനിംഗ് യൂണിറ്റ്

മാംസോല്പാദനം വർദ്ധിപ്പിക്കുന്നതിന് പുതിയതായി ആവിഷ്കരിച്ച പദ്ധതിയാണിത്. ഒരു കർഷകന് 10 പന്നിക്കുഞ്ഞുങ്ങൾ വീതമുള്ള മാംസോല്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിന് 50,000 രൂപ ധനസഹായം നൽകുന്നു. പദ്ധതി നിർവ്വഹണം നടന്നുകൊണ്ടിരിക്കുകയാണ്.

ജൈവമാലിന്യം വളമാക്കൽ പദ്ധതി

വ്യാപിച്ചു വരുന്ന ജൈവകൃഷി സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാനും ക്ഷീര കർഷകർക്ക് ജൈവമാലിന്യ നിർമ്മാർജ്ജനത്തിനുമായി ആവിഷ്കരിച്ച പദ്ധതിയാണിത്. 25,000 രൂപ മുതൽമുടക്കുള്ള 10 മീറ്റർ ക്യൂബിൽ കുറയാത്ത ചാണകക്കുഴിക്ക് 12,500 രൂപ സബ്സിഡി നൽകുന്നു. 4 ഗുണഭോക്താക്കളെ മണ്ഡലത്തിൽ നിന്ന് തെരഞ്ഞെടുക്കുന്നു.

## തെരുവുനായ വംശവർദ്ധന നിയന്ത്രണ പദ്ധതി

141 (914) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിച്ച തെരുവുനായ വംശവർദ്ധന നിയന്ത്രണ പദ്ധതി നിലവിൽ എത്ര മൃഗാശുപത്രികളിലാണ് ആരംഭിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ഇതിലൂടെ എത്ര തെരുവുനായ്ക്കൾക്ക് ശസ്ത്രക്രിയ നടത്തി; പ്രസ്തുത പദ്ധതി വിജയകരമാണോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എല്ലാ ജില്ലകളിലുമായി 73 മൃഗാശുപത്രികളിൽ തെരുവുനായ വംശവർദ്ധന നിയന്ത്രണ പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(ബി) 47473 തെരുവുനായ്ക്കൾക്ക് ശസ്ത്രക്രിയ നടത്തി. പദ്ധതി വിജയകരമാണ്.

## മൃഗസംരക്ഷണ വകുപ്പിനുകീഴിൽ ഈവനിംഗ് ക്ലിനിക്ക്

142 (915) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ താലൂക്കിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ഈവനിംഗ് ക്ലിനിക് ഇല്ലാത്തതിനാൽ ക്ഷീരകർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രശ്നം പരിഹരിക്കുന്നതിന് നിലവിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) താലൂക്കിലെ ക്ഷീര കർഷകർക്ക് ഏറെ ആശ്വാസം പകരുന്ന ഈവനിംഗ് ക്ലിനിക് ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ സംസ്ഥാനത്തെ 85 ബ്ലോക്കുകളിൽ രാത്രികാല അടിയന്തര വെറ്ററിനറി സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. 13-ാം പദ്ധതിക്കാലത്ത് സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും ഈ സേവനം ഏർപ്പെടുത്താൻ സർക്കാർ ലക്ഷ്യമിടുന്നു. ബ്ലോക്ക്തലത്തിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന ഒരു വെറ്ററിനറി ഡോക്ടറുടെ സേവനത്തിനുപുറമെ സംസ്ഥാനത്ത് 50,000 രൂപയുടെ ജീവൻരക്ഷാ വെറ്ററിനറി മരുന്നുകളും നൽകുന്നു.

(സി) നിലവിൽ മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി, പെരിന്തൽമണ്ണ, നിലമ്പൂർ, പൊന്നാനി, മലപ്പുറം എന്നീ 5 ബ്ലോക്കുകളിൽ രാത്രികാല അടിയന്തര വെറ്ററിനറി സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം പുതുതായി ബ്ലോക്കുകളിൽ സേവനം ഏർപ്പെടുത്തുമ്പോൾ തിരൂർ ബ്ലോക്ക് കൂടി പരിഗണിക്കാവുന്നതാണ്.

**മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ**

143 (916) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ ചുമതലയിൽ നടത്തുന്ന വിവിധ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) ഓച്ചിറ ബ്ലോക്ക് പരിധിയിൽ തീറ്റപ്പുൽ കൃഷിക്ക് സബ്സിഡി ലഭിച്ച ഗുണഭോക്താക്കളുടെ പട്ടിക ലഭ്യമാക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) മൃഗസംരക്ഷണ വകുപ്പിന്റെ ചുമതലയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

1. മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും.
2. ഗോസമൃദ്ധി സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി.
3. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്.
4. വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനങ്ങൾ.
5. രാഷ്ട്രീയ പശുധൻ വികാസ് യോജന.
6. ഊർജ്ജിത കന്നുകാലി വികസനം-ബീജ സങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ.
7. വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ സംഘടനയും ശക്തിപ്പെടുത്തലും.
8. പ്രത്യേക കന്നുകുട്ടി വികസന പദ്ധതി.
9. ഗോവർദ്ധിനി.
10. ബാക്ക്‌യാർഡ് പൗൾട്രി ഡെവലപ്‌മെന്റ് പ്രൊജക്ട്.
11. വികസനവും പരിശീലനവും.
12. മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കുകളും സാമ്പിൾ സർവ്വെയും (50% കേന്ദ്ര സഹായം)
13. കന്നുകാലി സെൻസസ് (100% കേന്ദ്ര സഹായം)
14. വിവര സാങ്കേതിക വിദ്യ മെച്ചപ്പെടുത്തലും ആധുനികവത്കരണവും.
15. കേരള സംസ്ഥാന പൗൾട്രി ഡെവലപ്‌മെന്റ് കോർപ്പറേഷന് സാമ്പത്തിക സഹായം.
16. കേരള ഫീഡ്സിന് സാമ്പത്തിക സഹായം.
17. കെ.എൽ.ഡി. ബോർഡിന് സാമ്പത്തിക സഹായം.
18. മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യയ്ക്ക് സാമ്പത്തിക സഹായം.

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ വിവിധ പദ്ധതികളുടെ ഗുണഭോക്തൃ ലിസ്റ്റ് അനുബന്ധമായി (1-9 വരെ)* ചേർത്തിരിക്കുന്നു.

(സി) അനുബന്ധം 10 * ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നാടൻ കന്നുകാലികളുടെ വംശനാശം

144 (917) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാടൻ കന്നുകാലികളുടെ എണ്ണം 2003-നും 2012-നും ഇടയിൽ അഞ്ചിലൊന്നായി കുറഞ്ഞെന്ന ദേശീയ ഹരിത ട്രിബ്യൂണലിന്റെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ നില തുടർന്നാൽ ഇവയുടെ വംശനാശം സംഭവിച്ചേക്കുമെന്ന ട്രിബ്യൂണലിന്റെ ആശങ്ക പരിശോധിക്കുമോ;

(സി) ഇവയുടെ എണ്ണത്തിൽ ഗണ്യമായ കുറവ് സംഭവിക്കാൻ എന്താണ് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ നാടൻ കന്നുകാലികളുടെ സംരക്ഷണത്തിനും അവയുടെ വംശനാശം തടയുന്നതിനും എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചു. വംശനാശം വരാതെ ഇവയെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ സഹായത്തോടെയും കേരള വെറ്ററിനറി സർവ്വകലാശാലയുടെ സഹായത്തോടെയും കൂടാതെ മൃഗസംരക്ഷണ വകുപ്പ് സ്വന്തം നിലയിലും ചെയ്തുവരുന്നു.

(സി) കേരളത്തിൽ ആളോഹരി സ്ഥല ലഭ്യത തീരെ കുറവാണ്. തീറ്റ ഉൽപ്പാദനത്തിനുള്ള അസംസ്കൃത ഘടകങ്ങൾ, വയ്ക്കോൽ മുതലായവ സംസ്ഥാനത്തിന് പുറത്തുനിന്നും വരുത്തുന്നതിനാൽ തീറ്റ വില വളരെ കൂടുതലാണ്. മേയാനുള്ള സ്ഥലവും ലഭ്യമല്ല. നാടൻ ജനുസ്സുക്കളെ വളർത്തുന്ന ക്ഷീരകർഷകർക്ക് അധ്വാനത്തിനനുസൃതമായി വരുമാനം ലഭിക്കാറില്ല. അതിനാൽ പാൽ ലഭ്യത കുറവായ നാടൻ ഇനങ്ങളെ വളർത്തുവാൻ ക്ഷീരകർഷകർ വിമുഖത കാണിക്കുന്നുണ്ട്. അതിനാൽ താരതമ്യേന പാലുൽപ്പാദനശേഷി കുറഞ്ഞ നാടൻ ജനുസ്സുകളെ ഒഴിവാക്കി ഉൽപ്പാദനശേഷി കൂടിയ സങ്കരവർഗ്ഗ പശുക്കളെ കൂടുതലായി കർഷകർ വളർത്തുകയും നാടൻ ജനുസ്സുകളുടെ എണ്ണം കുറയുകയും ചെയ്തു.

(ഡി) കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് വർഗ്ഗ ഗുണമുള്ള തനത് ജനുസ്സിൽപ്പെട്ട നാടൻ കാളകളുടെ ബീജമാത്രകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നുണ്ട്. ആയത് കർഷകരുടെ ആവശ്യാനുസരണം മൃഗാശുപത്രികൾ മുഖേന മൃഗസംരക്ഷണ വകുപ്പ് സൗജന്യമായി വിതരണം നടത്തിവരുന്നു. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ ഉടമസ്ഥതയിൽ തൃശ്ശൂർ ജില്ലയിലെ പുത്തൂരിലുള്ള ഫാമിൽ ഭാരതത്തിലെ തനത് ജനുസ്സ് പശുക്കളെയും കാളകളെയും വംശനാശം വരാതെ സൂക്ഷിക്കുന്നുണ്ട്. വംശവർദ്ധനവ് നടത്താനുതകുന്നവിധം അവയുടെ ബീജമാത്രകൾ കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ പ്രധാന നാടൻ പശു ഇനങ്ങളായ വെച്ചൂർ പശു, കാസർഗോഡ് കുള്ളൻ എന്നിവയെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം, ജെഴ്സി ഫാം-വിതുര എന്നീ ഫാമുകളിൽ സംരക്ഷിക്കുന്നുണ്ട്. തൃശ്ശൂരിലെ മണ്ണുത്തിയിലുള്ള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ ക്യാമ്പസിൽ വെച്ചൂർ പശുക്കളെ സംരക്ഷിക്കുന്നതിനായി ഫാം നടത്തിവരുന്നുണ്ട്. കൂടാതെ വെച്ചൂർ കൺസർവേഷൻ ട്രസ്റ്റ് എന്ന പേരിലുള്ള സർക്കാരിതര സംഘടന ഇവയെ സംരക്ഷിച്ചുവരുന്നു. വടക്കൻ കേരളത്തിലെ തനത് നാടൻ ഇനമായ കാസർഗോഡ് കുള്ളൻ പശുക്കളെയും കാളകളെയും സംരക്ഷിക്കുന്നതിന് മാത്രമായി കാസർഗോഡ് ബദിയഡുക്കയിൽ മൃഗസംരക്ഷണ വകുപ്പ് ഒരു ഫാം സ്ഥാപിച്ചിട്ടുണ്ട്. വെച്ചൂർ, കാസർഗോഡ് കുള്ളൻ പശുക്കളെ പരിപാലിക്കുന്ന 300-ഓളം കർഷകർക്ക് ഒറ്റത്തവണ ധനസഹായമായി 10,000 രൂപ വിവിധ പദ്ധതികളിലായി കെ.എൽ.ഡി. ബോർഡ് നൽകിവരുന്നു. വെച്ചൂർ/തനത് നാടൻ ഇനങ്ങളെ പരിപാലിക്കുന്ന മികച്ച കർഷകന് കെ.എൽ.ഡി.ബി. മുഖേന 'ഗോപാൽ രത്ന അവാർഡ് ', സംഘടനകൾ, സൊസൈറ്റികൾ, കർഷകകൂട്ടായ്മകൾ എന്നിവയ്ക്ക് 'കാമധേനു അവാർഡ് 'എന്നിവ വർഷംതോറും നൽകിവരുന്നു.

**നാടൻ പശുജനുസ്സുകളുടെ വികസനവും പരിപാലനവും**

145 (918) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u>
<u>ശ്രീ. സി. കെ. നാണു:</u>
<u>ശ്രീ. എ. കെ. ശശീന്ദ്രൻ:</u>
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാടൻ പശു ജനുസ്സുകളുടെ വികസനത്തിനും പ്രജനന വർദ്ധനവിനും എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇതിന് തടസ്സം നിൽക്കുന്ന പ്രജനന നയത്തിലെ നിബന്ധനകൾ ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) നാടൻ പശുക്കളുടെ വികസനവും പരിപാലനവുമായി ബന്ധപ്പെട്ട് കേന്ദ്ര സഹായം ലഭിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വെച്ചൂർ പശുക്കളെ മാത്രമാണ് കേരളത്തിലെ തനത് നാടൻ പശുജനുസ്സായി NPAGR അംഗീകരിച്ചിട്ടുള്ളത്. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് നല്ല ഇനത്തിലുള്ള തനത് നാടൻ കാളകളുടെ ബീജമാത്രകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തിവരുന്നു. ആയത് കർഷകരുടെ ആവശ്യാനുസരണം മൃഗാശുപത്രികൾ മുഖേന മൃഗസംരക്ഷണ വകുപ്പ് സൗജന്യമായി വിതരണം നടത്തിവരുന്നു. കെ.എൽ.ഡി. ബോർഡിന്റെ ഉടമസ്ഥതയിൽ തൃശ്ശൂർ ജില്ലയിലെ പുത്തൂരിലുള്ള ഫാമിൽ ഭാരതത്തിന്റെ തനത് ജനുസ്സ് പശുക്കളെയും, കാളകളെയും വംശനാശം വരാതെ സംരക്ഷിക്കുകയും വംശവർദ്ധനവ് നടത്താനുതകുന്നവിധം അവയുടെ ബീജമാത്രകൾ ഉൽപ്പാദിപ്പിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ പ്രധാന നാടൻ പശു ഇനങ്ങളായ വെച്ചൂർ പശു, കാസർഗോഡ് കുള്ളൻ എന്നിവയെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം, ജെഴ്സി ഫാം വിതുര എന്നീ സ്ഥാപനങ്ങളിൽ സംരക്ഷിക്കുന്നുണ്ട്. തൃശ്ശൂരിലെ മണ്ണുത്തിയിലുള്ള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ ക്യാമ്പസിൽ വെച്ചൂർ പശുക്കളെ സംരക്ഷിക്കുന്നതിനായി ഫാം നടത്തിവരുന്നുണ്ട്. കൂടാതെ വെച്ചൂർ കൺസർവേഷൻ ട്രസ്റ്റ് എന്ന പേരിലുള്ള ഒരു സർക്കാരിതര സംഘടനയും ഇവയെ സംരക്ഷിച്ചുവരുന്നു. വടക്കൻ കേരളത്തിലെ തനത് നാടൻ പശുവായ കാസർഗോഡ് കുള്ളൻ പശുക്കളെയും കാളകളെയും സംരക്ഷിക്കുന്നതിന് മാത്രമായി കാസർഗോഡ് ബദിയഡുക്കയിൽ മൃഗസംരക്ഷണ വകുപ്പ് ഒരു ഫാം സ്ഥാപിച്ചിട്ടുണ്ട്. വെച്ചൂർ, കാസർഗോഡ് കുള്ളൻ പശുക്കളെ പരിപാലിക്കുന്ന 300 ഓളം കർഷകർക്ക് ഒറ്റത്തവണ ധനസഹായമായി 10,000 രൂപ വിവിധ പദ്ധതികളിലായി കെ.എൽ.ഡി. ബോർഡ് നൽകിവരുന്നു. വെച്ചൂർ/തനത് നാടൻ ഇനങ്ങളെ പരിപാലിക്കുന്ന മികച്ച കർഷകർക്കും കർഷക സംഘടനകൾക്കും വർഷാവർഷം കെ.എൽ.ഡി.ബി. മുഖേന ഗോപാൽ രത്ന, കാമധേനു അവാർഡുകൾ നൽകിവരുന്നു.

(ബി) ജനിതക മേന്മയുള്ള നാടൻ പശുക്കളുടെ കശാപ്പ് നിയന്ത്രിക്കാനും ഉൽപ്പാദനക്ഷമത കൂടിയതും തനതു ജനുസ്സിന്റെ വർഗ്ഗലക്ഷണങ്ങൾ കാണിക്കുന്നതുമായ ഉരുക്കളെ തെരഞ്ഞെടുത്ത് പരിപാലിക്കുന്നതിനും അതുവഴി ഉൽപ്പാദനക്ഷമത കൂടിയ നാടൻ പശുക്കളുടെ പുതിയ ശ്രേണി ഉരുത്തിരിച്ചെടുക്കാനും വേണ്ട സാങ്കേതിക സഹായവും പ്രോത്സാഹനവും കർഷകർക്ക് നൽകുന്നുണ്ട്. 2008-ലെ പ്രജനന നയത്തിൽ ഇളവ് വരുത്തി നാടൻ പശുക്കളെ വളർത്തുന്ന കർഷകരുടെ ഉരുക്കൾക്ക് അതേ ജനുസ്സിൽപ്പെട്ട വിത്തുകാളകളുടെ ബീജമാത്രകൾ മാത്രം ഉപയോഗിച്ച് കൃത്രിമ ബീജാദാനം നടത്താനും അത് സാധ്യമായില്ലെങ്കിൽ അതേ ജനുസ്സിൽപ്പെട്ട വിത്തുകാളകളുമായി ഇണ ചേർക്കാനും ടി കാര്യങ്ങളിൽ സത്വര ശ്രദ്ധ പുലർത്തണമെന്നുമുള്ള നിർദ്ദേശം ഫീൽഡ്തല ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. യാതൊരു കാരണവശാലും സങ്കരയിനം കാളകളുടെ ബീജമാത്രകൾ ഉപയോഗിച്ച് നാടൻ പശുക്കളിൽ കൃത്രിമ ബീജാദാനം നടത്താൻ പാടില്ലായെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

2018 മുതൽ നടപ്പിലാക്കാൻ തയ്യാറായി വരുന്ന കന്നുകാലി പ്രജനന നയത്തിൽ തനത് നാടൻ പശുക്കളെ സംരക്ഷിക്കാനും വംശവർദ്ധനവ് വരുത്തുന്നതിനും ഉതകുന്ന വിധത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

(സി) നാടൻ പശുക്കളെ പരിപാലിക്കുന്ന കർഷകർക്ക് ഒറ്റത്തവണ ധനസഹായമായി 10,000 രൂപ വീതം നൽകി വരുന്നു. വെച്ചൂർ പശുക്കളുടെ പ്രത്യേക പ്രജനന പദ്ധതി ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ നടപ്പിലാക്കിവരുന്നു. വെച്ചൂർ പശുക്കളുടെ എണ്ണം പെട്ടെന്ന് വർദ്ധിപ്പിക്കുന്നതിന് ഭ്രൂണമാറ്റ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനുള്ള 2.50 കോടി രൂപയുടെ പ്രത്യേക കേന്ദ്ര പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്. നാടൻ പശുക്കളുടെ സംരക്ഷണത്തിന് കേന്ദ്ര/സംസ്ഥാനം അനുവദിക്കുന്ന എല്ലാവിധ ധനസഹായം/സാങ്കേതിക വിദ്യാ സഹായം എന്നിവ കർഷകർക്ക് ലഭ്യമാക്കുവാനുമുള്ള സത്വര നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്.

## കന്നുകാലികൾക്ക് നിയമാനുസൃതമായസൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി നടപടി

146 (919) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലികളെ കൊണ്ടു പോകുന്ന ലോറികളിൽ എന്തെല്ലാം സജ്ജീകരണങ്ങൾ ഒരുക്കണമെന്നാണ് നിയമം അനുശാസിക്കുന്നത്;

(ബി) വായു സഞ്ചാരമില്ലാത്ത കണ്ടെയ്നർ ലോറികളിൽ കാലികളെ കുത്തിനിറച്ച് അവ ഉറങ്ങാതിരിക്കാൻ കണ്ണുകളിൽ മുളക് തേച്ച് ക്രൂര പീഡനം നടത്തുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ലോറികളുടെ പിറക് വശം ചാക്കുകൾ കൊണ്ട് മറച്ച് ഉള്ളിൽ ചരക്കാണെന്ന് തോന്നിക്കും വിധം കയറു കൊണ്ട് കെട്ടിവരിഞ്ഞാണ് ഇവയെ കൊണ്ടു വരുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരം പ്രവൃത്തികൾ തടയുന്നതിനും കന്നുകാലികൾക്ക് നിയമാനുസൃതമായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച് വ്യക്തമാക്കുമോ;

<u>ഉത്തരം</u>

(എ) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ഓരോ കൺസൈൻമെന്റിന്റെ കൂടെയും ഒരു അംഗീകൃത വെറ്ററിനറി സർജന്റെ (AWBI അനുശാസിക്കും വിധം) ആരോഗ്യ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.

2. വെറ്ററിനറി പ്രാഥമിക ചികിത്സയ്ക്ക് ആവശ്യമായ സാധനങ്ങൾ വണ്ടിയിൽ ഉണ്ടായിരിക്കണം.

3. ഉരുക്കളെ ആര് എവിടെ നിന്ന്; ആർക്ക് എവിടേയ്ക്ക് എന്നിവ സൂചിപ്പിക്കുന്ന കാര്യങ്ങൾ വ്യക്തമായും രേഖകളിൽ ഉണ്ടായിരിക്കണം.

4. 1988-ലെ കേന്ദ്ര മോട്ടോർ വാഹന നിയമം 96(2) വകുപ്പനുസരിച്ച് സംസ്ഥാന സർക്കാർ ഉണ്ടാക്കിയ 2011-ലെ ഭേദഗതി പ്രകാരമുള്ള 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളുടെ 197-ാം ചട്ട പ്രകാരം വാഹനങ്ങളിൽ ഉരുക്കൾക്ക് നിൽക്കുന്നതിന് ആവശ്യമായ സ്ഥലം പ്രത്യേകം കളങ്ങൾ (Portions) ഉണ്ടാക്കിയിരിക്കണം.

5. പോകുന്ന സ്ഥലങ്ങളിൽ ആവശ്യമുള്ളിടങ്ങളിൽ വെള്ളം നൽകുന്നതിന് സൗകര്യം ഒരുക്കണം. അത്യാവശ്യത്തിന് വണ്ടികളിൽ വെള്ളം ഉണ്ടാകേണ്ടതാണ്.

6. ഉരുക്കൾക്ക് യാത്രയിൽ ആവശ്യമായ ഭക്ഷണം കരുതണം.

7. ആവശ്യമായ കാറ്റും വെളിച്ചവും ഉരുക്കൾക്ക് ഉറപ്പുവരുത്തണം.

8. സാംക്രമിക രോഗമുള്ള ഭാഗങ്ങളിൽ നിന്നും ഉരുക്കളെ വാങ്ങുകയോ അവയെ ഒരിടത്തുനിന്നും മറ്റിടങ്ങളിലേയ്ക്ക് കടത്തുകയോ ചെയ്യരുത്.

9. രോഗമുള്ളവ, പൊള്ളലേറ്റവ, ആരോഗ്യമില്ലാത്തവ, ചെറിയ കുട്ടികൾ, മുറിവേറ്റവ, കണ്ണുകാണാത്തവ, മുടന്തുള്ളവ, പ്രസവിച്ച് 72 മണിക്കൂർ തികയാത്തവ എന്നിവയെ ഒരിടത്തുനിന്നും മറ്റൊരിടത്തേയ്ക്ക് കടത്തരുത്.

10. ഗർഭിണികളെയും കുട്ടികളെയും ഒന്നിച്ച് ഒരു വാഹനത്തിൽ കയറ്റരുത്.

11. വിവിധതരം മൃഗങ്ങളെ ഒരേസമയം ഒരു വാഹനത്തിൽ കയറ്റരുത്.

12. ആക്രമണ സ്വഭാവമുള്ള മൃഗങ്ങളെ മയക്കി മാത്രമേ കടത്താവൂ.

13. മൃഗങ്ങളെ കയറ്റിയത് (ANIMAL CARRIER) എന്ന് കാണത്തക്കവിധം ഒരക്ഷരം 25 ചതുരശ്ര സെ.മീ. വലുപ്പത്തിൽ വാഹനങ്ങളുടെ മുമ്പിലും പുറകിലും പ്രദർശിപ്പിക്കണം.

14. മൃഗങ്ങളെ വാഹനത്തിന്റെ എഞ്ചിന് അഭിമുഖമാക്കി മാത്രമേ നിർത്താവൂ.

(ബി) ഉണ്ട്

(സി) ഉണ്ട്.

(ഡി) കന്നുകാലികളുടെ കണ്ണുകളിൽ പച്ചമുളക് പോലുള്ളവ പ്രയോഗിക്കുക, ചാട്ടവാറടി തുടങ്ങിയവ ചെക്ക്പോസ്റ്റ് അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടാൽ പോലീസ് ഉദ്യോഗസ്ഥരുടെ സഹായം അഭ്യർത്ഥിച്ച് തുടർനടപടി സ്വീകരിക്കാറുണ്ട്. കണ്ടെയ്നർ വഴിയാണ് മൃഗങ്ങളെ കയറ്റിക്കൊണ്ടു വരുന്നതെന്ന് ബോധ്യപ്പെട്ടാൽ അത്തരം വാഹനങ്ങളെയും മൂടിക്കെട്ടിവരുന്ന വാഹനങ്ങളെയും അമിത എണ്ണം ഉരുക്കളെ കയറ്റിവരുന്ന വാഹനങ്ങളെയും തിരിച്ചയയ്ക്കാറുണ്ട്. ദൂരെ നിന്നുതന്നെ കണ്ടെയ്നർ വാഹനങ്ങളിൽ ഉരുക്കളാണോയെന്ന് മനസ്സിലാക്കുന്നതിന് ഇൻഫ്രാറെഡ് ക്യാമറ ഉപയോഗിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് മൃഗസംരക്ഷണ ചെക്ക് പോസ്റ്റുകൾ വഴിയല്ലാതെ ഊടുവഴികളിലൂടെ അനധികൃതമായി മൃഗങ്ങളെ കയറ്റിവരുന്നത് തടയാൻ അത്തരം വാഹനങ്ങൾക്ക് പിഴ ചുമത്തുക, പരിശോധന ഫീസ് വർദ്ധിപ്പിക്കുക, ഉദ്യോഗസ്ഥർക്ക് യൂണിഫോം നടപ്പിലാക്കുക, ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കുക, സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുക തുടങ്ങിയ കാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

**കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി**

147 (920) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി നടപ്പിലാക്കുന്നതിന് പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ നിന്നും എതെല്ലാം സ്കൂളുകളുടെ അപേക്ഷ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതി നടപ്പിലാക്കുന്നതിന് ഉണ്ടാകുന്ന കാലതാമസത്തിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഈ അദ്ധ്യയന വർഷം തന്നെ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) രണ്ട് സ്കൂളുകളുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്.

1. പി.ടി.എം.എച്ച്.എസ്.എസ്. താഴേക്കാട് (താഴേക്കാട് ഗ്രാമപഞ്ചായത്ത്)
2. ഡി.യു.എച്ച്.എസ്.എസ്. ൂത (ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത്)

(ബി & സി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

**പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത**

148 (921) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽക്കൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പാൽഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, അവശ്യാധിഷ്ഠിത സഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്. കൂടാതെ ക്ഷീര കർഷക ക്ഷേമനിധി

പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം എന്നിവ നൽകി വരുന്നു. മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ പാൽ ഉല്പാദനത്തിലെ സ്വയംപര്യാപ്തത ലക്ഷ്യമാക്കി സ്വന്തം ഫണ്ടുപയോഗിച്ചും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ഉപയോഗിച്ചും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പശുക്കളെ വാങ്ങുന്നതിന് സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നു. കർഷകർക്ക് ക്ഷീരസംഘങ്ങൾ വഴി പച്ചപ്പുല്ല് ലഭ്യമാക്കുന്നു. ക്ഷീര കർഷകർക്കും കന്നുകാലികൾക്കും കുറഞ്ഞ നിരക്കിൽ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. കാലിത്തൊഴുത്ത് നവീകരണ ധനസഹായം നൽകുന്നു. ഡെയറി ഫാമുകളുടെ ആധുനികവത്കരണം എന്നിവയാണ് അവയിൽ പ്രധാനപ്പെട്ടവ.

**ക്ഷീരോത്പാദന വർദ്ധനയ്ക്കായി ഗിർ പശുക്കളെ കൊണ്ടുവരുന്ന പദ്ധതി**

149 (922) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരോത്പാദനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) ഗുജറാത്തിൽ നിന്ന് ഗിർ പശുക്കളെ എത്തിക്കുന്നതിന് തീരുമാനിച്ചിരുന്നോ;

(സി) എങ്കിൽ പ്രസ്തുത തീരുമാനപ്രകാരം ഗിർ പശുക്കളെ ഗുജറാത്തിൽ നിന്ന് എത്തിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര പശുക്കളെയാണ് എത്തിച്ചതെന്നും ഇതിനു ചെലവായ തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ഇ) ഇല്ലെങ്കിൽ ഗിർ പശുക്കളെ എത്തിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽക്കൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതി,

ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പാൽഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, അവശ്യാധിഷ്ഠിത സഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്. കൂടാതെ ക്ഷീര കർഷക ക്ഷേമനിധി പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം എന്നിവ നൽകിവരുന്നു.

(ബി) തീരുമാനിച്ചിരുന്നു.

(സി & ഡി) എത്തിച്ചിട്ടില്ല.

(ഇ) ബഹുമാനപ്പെട്ട വനം - മൃഗസംരക്ഷണ മന്ത്രിയുടെ നേതൃത്വത്തിൽ വകുപ്പ് സെക്രട്ടറിയും മറ്റ് വകുപ്പ് മേധാവികളും 2017 ജൂലൈ മാസത്തിൽ ഗുജറാത്ത് സന്ദർശിച്ച്, ഗുജറാത്തിലെ മൃഗസംരക്ഷണ വകുപ്പുമന്ത്രി, വകുപ്പ് ഡയറക്ടർ എന്നിവരുമായി ഈ വിഷയത്തിൽ ചർച്ചകൾ നടത്തുകയുണ്ടായി. ഗിർ പശുക്കളെ ഗുജറാത്തിലെ കർഷകരുടെ ഇടങ്ങളിൽനിന്നും വിലയ്ക്ക് വാങ്ങുന്നതിന് ഗുജറാത്ത് സർക്കാർ എല്ലാ സഹായവും വാഗ്ദാനം ചെയ്യുകയുമുണ്ടായി. എന്നാൽ ഗുജറാത്തിൽനിന്നും വിവിധ സംസ്ഥാനങ്ങൾ കടന്ന് കേരളത്തിലേയ്ക്ക് ഇവയെ എത്തിക്കുന്ന കാര്യത്തിൽ സാങ്കേതിക തടസ്സങ്ങൾ ധാരാളമുള്ളതിനാൽ ഇക്കാര്യം നടന്നിട്ടില്ല.

## പാലുൽപ്പാദനവും ഗുണനിലവാര പരിശോധനയും

150 (923) ശ്രീ. കെ. സി. ജോസഫ്:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലുൽപാദനത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുന്നതിന് ക്ഷീര വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണ്; ഇക്കാര്യത്തിൽ സംസ്ഥാനം എപ്പോൾ സ്വയംപര്യാപ്തത കൈവരിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) സംസ്ഥാനത്തെ ക്ഷീര സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും ഉറപ്പാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ഡി) ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് ചെക്ക്പോസ്റ്റുകളിൽ സ്ഥിരം സംവിധാനം നടപ്പിലാക്കുമോ?

ഉത്തരം

(എ) ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനും പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽക്കൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിലൂടെ കറവമാടുകളെ വാങ്ങുന്നതിനുള്ള ധനസഹായം, ക്ഷീര കർഷകർക്കുള്ള അവശ്യാധിഷ്ഠിത ധനസഹായം, പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര സഹായം, ചികിത്സാസഹായം, ക്ഷീര കർഷകരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവയും നൽകിവരുന്നു. കൂടാതെ സംസ്ഥാനത്തെ 50 ബ്ലോക്കുകളെ ഡെയറി സോണായി തെരഞ്ഞെടുത്തും 5 ഗ്രാമപഞ്ചായത്തുകളെ ക്ഷീരഗ്രാമങ്ങളായി തെരഞ്ഞെടുത്തും സമഗ്ര ക്ഷീരവികസന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. 2018 ഡിസംബർ മാസത്തോടുകൂടി പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) സംസ്ഥാനത്ത് ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് 1817.075 ലക്ഷം രൂപയുടെ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. ഭക്ഷ്യസുരക്ഷാ മാനദണ്ഡമനുസരിച്ച് പരിശീലനത്തിന് - 3 ലക്ഷം.
2. ഭക്ഷ്യസുരക്ഷാ മാനദണ്ഡപ്രകാരം ലാബുകൾ സ്ഥാപിക്കുന്നതിനും ആവശ്യമായ മറ്റു നടപടികൾക്കും 202.5 ലക്ഷം.
3. പുതിയ ക്ഷീര സംഘങ്ങളുടെ രൂപീകരണത്തിനും പ്രവർത്തനരഹിതമായ ക്ഷീരസഹകരണ സംഘങ്ങൾക്കുമുള്ള സഹായം - 113.775 ലക്ഷം.
4. അവശ്യാധിഷ്ഠിത ധനസഹായം -742.8 ലക്ഷം.
5. ഫാർമേഴ്സ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ - 388.5 ലക്ഷം.

6. ക്ഷീരസംഘങ്ങളുടെ കമ്പ്യൂട്ടർവത്കരണം - 28 ലക്ഷം.

7. മികച്ച സംഘത്തിനുള്ള വർഗ്ഗീസ് കുര്യൻ അവാർഡ് - 3 ലക്ഷം.

8. ഹൈജീനിക് മിൽക്ക് കളക്ഷൻ റൂം/സ്റ്റോറേജ് റൂം - 330 ലക്ഷം.

9. ഇൻഫർമേഷൻ കിയോസ്ക് സ്ഥാപിക്കുന്നതിന് -5 ലക്ഷം.

മിൽമയുടെ മേഖലാ യൂണിയനുകൾ സംഘങ്ങൾക്ക് കമ്പ്യൂട്ടർവൽക്കരണം, ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ, കെട്ടിട നിർമ്മാണം, ബി.എം.സി. സ്ഥാപിക്കൽ, പ്രവർത്തന ഫണ്ടിനായി ധനസഹായം എന്നിവ നൽകി വരുന്നുണ്ട്. ക്ഷീര സംഘങ്ങളെയും ഡെയറികളെയും ബന്ധിപ്പിക്കുന്ന നെറ്റ് വർക്കിംഗ്, പാൽ സൊസൈറ്റികളിലെ അക്കൗണ്ടിംഗ് സോഫ്റ്റ്വെയർ എന്നീ മേഖലകളിൽ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു. കർഷകർക്കായി വിവിധ ഇൻഷ്വറൻസ് പദ്ധതികളിലൂടെ ചുരുങ്ങിയ പ്രീമിയത്തിൽ കന്നുകാലി ഇൻഷ്വറൻസ് എന്നിവയും മേഖലാ യൂണിയനുകൾ നടപ്പിലാക്കിവരുന്നു. മേഖലാ യൂണിയനുകളുടെ പ്രവർത്തന പരിധിക്കുള്ളിൽ ക്ഷീര സഹകരണ സംഘങ്ങളില്ലാത്ത പ്രദേശങ്ങൾ കണ്ടെത്തി ആനന്ദ് മാതൃക ക്ഷീര സംഘങ്ങൾ രൂപീകരിക്കുന്നതിനും ഈ സംഘങ്ങളിൽനിന്ന് പാൽ സംഭരിക്കുന്നതിനും ദേശീയ ക്ഷീരവികസന ബോർഡിന്റെ സഹായത്തോടെ വി.ബി.എം.പി.എസ് എന്ന പ്രത്യേക പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി എല്ലാ ജില്ലകളിലും ഒരു ക്വാളിറ്റി കൺട്രോൾ ഓഫീസറുടെ നേതൃത്വത്തിൽ ലബോറട്ടറി സൗകര്യത്തോടുകൂടിയ ഗുണനിയന്ത്രണ വിഭാഗവും പ്രവർത്തിച്ചുവരുന്നു. ക്ഷീരസഹകരണ സംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുക, മാർക്കറ്റിൽ ലഭ്യമായ കവർ പാലുകളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുക എന്നിവ ജില്ലാ ഗുണനിയന്ത്രണ ഓഫീസുകൾ മുഖേന നടത്തിവരുന്നു. കൂടാതെ ആലത്തൂരിൽ ഒരു റീജിയണൽ ഡയറി ലാബ് പ്രവർത്തിച്ചുവരുന്നു.

NABL അക്രെഡിറ്റേഷനോടുകൂടിയ സ്റ്റേറ്റ് ഡെയറി ലാബ് തിരുവനന്തപുരം പട്ടത്ത് പ്രവർത്തിച്ചുവരുന്നു.

ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി മീനാക്ഷിപുരത്ത് സ്ഥിരം പാൽ പരിശോധനാ ലബോറട്ടറി പ്രവർത്തിച്ചുവരുന്നു. ആര്യങ്കാവിലും പാറശ്ശാലയിലും നടപ്പുവർഷം തന്നെ ചെക്ക്പോസ്റ്റുകൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുസരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിനുകീഴിൽ കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ അനലിറ്റിക്കൽ ലാബുകളും പത്തനംതിട്ടയിൽ ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും പ്രവർത്തിക്കുന്നു. ഇതുകൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ കേന്ദ്രമാക്കി മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളും പ്രവർത്തിക്കുന്നു. ഈ ലാബുകളിലും പാൽ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങളുണ്ട്.

തിരുവനന്തപുരം ജില്ലയിൽ നിന്നും ശേഖരിച്ച സാമ്പിളുകളിൽ പരിശോധന നടത്തിയതിൽ ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയ 8 ബ്രാൻഡുകൾക്കെതിരെയും കൊല്ലം ജില്ലയിലെ 2 ബ്രാൻഡുകൾക്കെതിരെയും പത്തനംതിട്ട ജില്ലയിലെ ഒരു ബ്രാൻഡിനെതിരെയും ഇടുക്കി ജില്ലയിലെ 2 ബ്രാൻഡുകൾക്കെതിരെയും എറണാകുളം ജില്ലയിലെ 6 ബ്രാൻഡുകൾക്കെതിരെയും തൃശ്ശൂർ ജില്ലയിലെ 4 ബ്രാൻഡുകൾക്കെതിരെയും പാലക്കാട് ജില്ലയിലെ ഒരു ബ്രാൻഡിനെതിരെയും Adjudication നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിൽ 4 ബ്രാൻഡുകൾ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ പിഴ ചുമത്തിയിട്ടുള്ളതുമാകുന്നു.

മിൽമയ്ക്ക് അന്യസംസ്ഥാനങ്ങളിൽ നിന്നും ലഭിക്കുന്ന പാൽ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയതിനുശേഷമാണ് സ്വീകരിക്കുന്നത്. കേരളത്തിലെ മിൽമ പ്ലാന്റുകളിലെല്ലാംതന്നെ ഇതിനായുള്ള സുസജ്ജമായ ലബോറട്ടറികൾ ഉണ്ടാക്കിയിട്ടുണ്ട്. മിൽമ ഡെയറിയുടെ ലബോറട്ടറികളിൽ ആന്റിബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾകൂടി നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ പുറമെയുള്ള എൻ.എ.ബി.എൽ. (നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസ്) അക്രഡിറ്റഡ് ലാബുകൾ വഴി മിൽമയുടെ ഡെയറികൾ ഹെവി മെറ്റൽസ് ആന്റിബയോട്ടിക്സ്, പെസ്റ്റിസൈഡ്സ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തിവരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ്/ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെയും പാലിന്റെ ഗുണനിലവാര പരിശോധന മിൽമ നടത്തുകയും ചെയ്യുന്നുണ്ട്.

(ഡി) പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം ചെക്ക്പോസ്റ്റിൽ 2017 ജൂൺ 16 മുതൽ സ്ഥിരം പാൽ പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

നടപ്പുവർഷംതന്നെ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിലും കൊല്ലം ജില്ലയിലെ ആര്യങ്കാവിലും സ്ഥിരം ചെക്ക്പോസ്റ്റ് ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

**മായം കലർന്ന പാൽ പരിശോധിക്കുന്നതിന് സംവിധാനം**

151 (924) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപയോഗിക്കുന്ന മായം കലർന്ന പാലും പാലുത്പന്നങ്ങളും പരിശോധിക്കുന്ന സംവിധാനത്തെക്കുറിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(ബി) 2015 ജനുവരി മുതൽ സംസ്ഥാനത്ത് ലഭ്യമാകുന്ന പാലുൽപ്പാദനത്തെക്കുറിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(സി) മായം കലർന്ന പാൽ കണ്ടെത്തുന്ന മാർഗ്ഗങ്ങളെക്കുറിച്ചുള്ള വിവരം ലഭ്യമാക്കുമോ; മായം കണ്ടെത്തിയ പാൽ നശിപ്പിക്കുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) പാലിൽ മായം കലർത്തി വില്പന നടത്തുന്നവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി എല്ലാ ജില്ലകളിലും ഒരു ക്വാളിറ്റി കൺട്രോൾ ഓഫീസറുടെ നേതൃത്വത്തിലുള്ള ലബോറട്ടറി സൗകര്യത്തോടുകൂടിയ ഗുണനിയന്ത്രണ വിഭാഗം പ്രവർത്തിച്ചുവരുന്നു. ക്ഷീരസഹകരണ സംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുക, മാർക്കറ്റിൽ ലഭ്യമായ കവർ പാലുകളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുക എന്നിവ ജില്ലാ ഗുണനിയന്ത്രണ ഓഫീസുകൾ മുഖേന നടത്തിവരുന്നു. കൂടാതെ ആലത്തൂരിൽ ഒരു റീജിയണൽ ഡെയറി ലാബ് പ്രവർത്തിച്ചുവരുന്നു. കോട്ടയം, കാസർഗോഡ് എന്നിവിടങ്ങളിലും റീജിയണൽ ലാബുകളുടെ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുന്നതാണ്.

NABL അക്രെഡിറ്റേഷനോടുകൂടിയ സ്റ്റേറ്റ് ഡെയറി ലാബ് തിരുവനന്തപുരം പട്ടത്ത് പ്രവർത്തിച്ചുവരുന്നു.

ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് പാലക്കാട്ടെ മീനാക്ഷിപുരത്ത് സ്ഥിരം പാൽ പരിശോധനാ ലബോറട്ടറി പ്രവർത്തിച്ചുവരുന്നു. ആര്യങ്കാവിലും പാറശ്ശാലയിലും നടപ്പുവർഷം തന്നെ ചെക്ക്പോസ്റ്റുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് ഉപയോഗിക്കുന്ന പാലിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ വകുപ്പ് ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ അനലറ്റിക്കൽ ലാബിൽ പരിശോധന നടത്തുന്നുണ്ട്. കൂടാതെ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള മൂന്ന് മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബിന്റെ സേവനവും ചെക്ക് പോസ്റ്റുകൾ ഉൾപ്പെടെ പരിശോധനയ്ക്കായി വിനിയോഗിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾ മുഖേന സംഭരിക്കുന്ന പാലിന്റെ കണക്ക് മാത്രമാണ് കൃത്യമായി ലഭ്യമായിട്ടുള്ളത്. 2015 ജനുവരി മുതൽ 2017 ഒക്ടോബർ വരെയുള്ള പാലിന്റെ സംഭരണം ചുവടെ ചേർക്കുന്നു:

| വർഷം | മാസം | ആകെ പാൽ അളവ് (ലിറ്റർ) |
|---|---|---|
| (1) | (2) | (3) |
| 2015 | ജനുവരി | 48587866 |
| ” | ഫെബ്രുവരി | 42925951 |
| ” | മാർച്ച് | 47049095 |
| ” | ഏപ്രിൽ | 46677903 |
| ” | മേയ് | 51319469 |
| ” | ജൂൺ | 49998245 |
| ” | ജൂലൈ | 51359240 |
| ” | ആഗസ്റ്റ് | 49299276 |
| ” | സെപ്റ്റംബർ | 48495820 |
| ” | ഒക്ടോബർ | 50323740 |
| ” | നവംബർ | 49980939 |
| ” | ഡിസംബർ | 49945967 |

| (1) | (2) | (3) |
|---|---|---|
| 2016 | ജനുവരി | 50453998 |
| ” | ഫെബ്രുവരി | 47519022 |
| ” | മാർച്ച് | 49196502 |
| ” | ഏപ്രിൽ | 47282044 |
| ” | മെയ് | 50656668 |
| ” | ജൂൺ | 50443422 |
| ” | ജൂലൈ | 50851618 |
| ” | ആഗസ്റ്റ് | 50450463 |
| ” | സെപ്റ്റംബർ | 48914264 |
| ” | ഒക്ടോബർ | 51391490 |
| ” | നവംബർ | 51265438 |
| ” | ഡിസംബർ | 51622292 |
| 2017 | ജനുവരി | 50564379 |
| ” | ഫെബ്രുവരി | 44253637 |
| ” | മാർച്ച് | 48426733 |
| ” | ഏപ്രിൽ | 48864210 |
| ” | മേയ് | 55430807 |
| ” | ജൂൺ | 55170167 |
| ” | ജൂലൈ | 56416369 |
| ” | ആഗസ്റ്റ് | 56706921 |
| ” | സെപ്തംബർ | 55334146 |
| ” | ഒക്ടോബർ | 56288985 |

(സി) ചെക്ക്പോസ്റ്റുകളോടനുബന്ധിച്ച് ലാബുകൾ ക്രമീകരിച്ച് രാസപരിശോധന നടത്തിയാണ് അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന മായം കലർന്ന പാൽ ക്ഷീര വികസന വകുപ്പ് കണ്ടെത്തുന്നത്. കൂടാതെ ജില്ലാതലത്തിൽ ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ഓരോ ജില്ലയിലും വിറ്റഴിക്കപ്പെടുന്ന വിവിധ ബ്രാന്റ് പാൽ അതാതു ലാബുകളിൽ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്ക് ലഭിക്കുന്ന പാൽ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് റെഗുലേഷൻ, 2011 നിഷ്കർഷിക്കുന്ന സ്റ്റാൻഡേർഡ് അനുസരിച്ചാണോ എന്ന് International Method (IS) വഴി പരിശോധിച്ചാണ് മായം കലർന്നത് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുന്നത്.

അതിർത്തി ചെക്ക്പോസ്റ്റിൽ നടത്തുന്ന തത്സമയ പരിശോധനയിൽ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയാൽ ടി പാൽ സംസ്ഥാനത്തിനകത്തേയ്ക്ക് ഭക്ഷ്യസുരക്ഷാ വകുപ്പ് കടത്തിവിടാറില്ല.

(ഡി) ഭക്ഷ്യസുരക്ഷാ വകുപ്പ് തിരുവനന്തപുരം ജില്ലയിൽ നിന്നും ശേഖരിച്ച സാമ്പിളുകളിൽ പരിശോധന നടത്തിയതിൽ ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയ 8 ബ്രാൻഡുകൾക്കെതിരെയും കൊല്ലം ജില്ലയിലെ 2 ബ്രാൻഡുകൾക്കെതിരെയും പത്തനംതിട്ട ജില്ലയിലെ ഒരു ബ്രാൻഡിനെതിരെയും ഇടുക്കി ജില്ലയിലെ 2 ബ്രാൻഡുകൾക്കെതിരെയും എറണാകുളം ജില്ലയിലെ 6 ബ്രാൻഡുകൾക്കെതിരെയും തൃശ്ശൂർ ജില്ലയിലെ 4 ബ്രാൻഡുകൾക്കെതിരെയും പാലക്കാട് ജില്ലയിലെ ഒരു ബ്രാൻഡിനെതിരെയും Adjudication നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിലെ 4 ബ്രാന്റുകൾ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ പിഴ ചുമത്തിയിട്ടുള്ളതുമാകുന്നു.

**കമ്പോളത്തിൽ ആധിപത്യം നേടുന്നതിന് മിൽമയെ സജ്ജമാക്കുന്നതിന് പദ്ധതി**

152 (925) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമയുടെ പുനഃസംഘടനയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയുക്തയായ ശ്രീമതി ലിഡ ജേക്കബ് ചെയർപേഴ്സണായുള്ള സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രധാന ശിപാർശകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മിൽമ മേഖലയിലെ യൂണിയനുകളെ പിരിച്ചുവിട്ട് ക്ഷീര സംഘങ്ങളും ഫെഡറേഷനും മാത്രമുള്ള സംവിധാനത്തിന് രൂപം നൽകുവാൻ ആലോചിക്കുന്നുണ്ടോ;

(സി) ക്ഷീര വിപണന മേഖലയിൽ വൻകിട ബ്രാൻഡുകളോട് മത്സരിച്ച് കമ്പോളത്തിൽ ആധിപത്യം നേടുന്നതിന് മിൽമയെ സജ്ജമാക്കുന്നതിന് എന്ത് പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ടി വിഷയങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) ഇത്തരം നിർദ്ദേശങ്ങളൊന്നും നിലവിലില്ല. ഇപ്പോൾ ഇതുസംബന്ധിച്ച് തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

(സി) കേരളത്തിലെ ഏറ്റവും ജനപ്രിയ ബ്രാൻഡുകളിൽ മുൻപന്തിയിലാണ് മിൽമയുടെ സ്ഥാനം മറ്റ് വിവിധ വൻകിട കമ്പനികളുടെ ക്ഷീരോല്പന്നങ്ങൾ വിപണിയിൽ ലഭ്യമാണെങ്കിലും മിൽമയുടെ ഉൽപ്പന്നങ്ങൾക്ക് ഉപഭോക്താക്കളുടെ ഇടയിൽ സ്ഥായിയായ ഒരു സ്ഥാനമുണ്ട്. മിൽമ വിതരണം ചെയ്യുന്ന പാലിന്റെയും പാലുല്പന്നങ്ങളുടെയും ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് വേണ്ടത്ര ശ്രദ്ധ പുലർത്തുന്നുണ്ട്. സംഘങ്ങളിൽ സംഭരിക്കുന്നത് മുതൽ പാൽ ഉപഭോക്താക്കളുടെ കൈകളിൽ എത്തുന്നതുവരെയുള്ള എല്ലാ ഘട്ടങ്ങളിലും വേണ്ടത്ര ശ്രദ്ധ ഉറപ്പ് വരുത്തുന്നതോടൊപ്പം കർശനമായ ഗുണനിയന്ത്രണ പ്രക്രിയകൾ പാലിക്കുകയും ചെയ്യുന്നുണ്ട്. മിൽമയുടെ എല്ലാ പ്ലാന്റുകളും IS 22000 നിലവാരമുള്ളവയാണ്. ഇതോടൊപ്പംതന്നെ ദേശീയ ക്ഷീര വികസന ബോർഡ് നടപ്പാക്കാനുദ്ദേശിക്കുന്ന ക്വാളിറ്റി മാർക്ക് മിൽമയുടെ എല്ലാ പ്ലാന്റുകൾക്കും ലഭ്യമാക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. ഇതോടൊപ്പം ക്ഷീരവിപണന മേഖലയിൽ വൻകിട ബ്രാൻഡുകളോട് മത്സരിക്കുന്നതിനുവേണ്ടി കോർപ്പറേറ്റ് ബ്രാൻഡിംഗ് മിൽമ നടപ്പിലാക്കി വരുന്നുണ്ട്.

ഇതിൽ സംസ്ഥാന തലത്തിൽ ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള പരസ്യപ്രചരണ പരിപാടി, വർഷം മുഴുവനും നീണ്ടുനിൽക്കുന്ന റേഡിയോ പരസ്യങ്ങൾ, ദിനപ്പത്രങ്ങൾ, മാഗസിനുകൾ എന്നിവ വഴിയുള്ള പരസ്യങ്ങൾ മിൽമ ഏജൻസികളിൽ സൈൻ ബോർഡുകൾ, പെയിന്റിംഗ്, മറ്റ് പരസ്യങ്ങൾ, പ്രധാന സ്ഥലങ്ങളിൽ ഹോർഡിങ്ങുകൾ, വിതരണ വാഹനത്തിൽ പരസ്യം, പാൽ വിതരണം വ്യാപകമാക്കുന്നതിനായി കൂടുതൽ ഡീലർഷിപ്പുകൾ, മൊത്ത വിതരണ ഏജൻസികൾ തുടങ്ങിയ പരിപാടികൾ ഉൾപ്പെടുന്നു.

**ക്ഷീരകർഷകരെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ**

153 (926) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകരെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് അറിയിക്കുമോ;

(ബി) ക്ഷീര മേഖലയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ?

ഉത്തരം

(എ) ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനും പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽക്കൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിലൂടെ കറവമാടുകളെ വാങ്ങുന്നതിനുള്ള ധനസഹായം, ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത ധനസഹായം, പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര സഹായം, ചികിത്സാ സഹായം, ക്ഷീര കർഷകരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവയും നൽകിവരുന്നു. കൂടാതെ സംസ്ഥാനത്തെ 50 ബ്ലോക്കുകളെ ഡെയറി സോണായി തെരഞ്ഞെടുത്തും 5 ഗ്രാമപഞ്ചായത്തുകളെ ക്ഷീര ഗ്രാമങ്ങളായി തെരഞ്ഞെടുത്തും സമഗ്ര ക്ഷീരവികസന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

(ബി) പുതിയതായി രണ്ട് പദ്ധതികൾ വരുംവർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്:

**1) കന്നുകുട്ടികളെ ദത്തെടുക്കൽ പദ്ധതി**

കന്നുകുട്ടികൾ ജനിച്ചതു മുതൽ 4 മാസംവരെ അവയ്ക്ക് വേണ്ടുന്ന തീറ്റ, ധാതുലവണ മിശ്രിതം, വൈറ്റമിൻ സപ്ലിമെന്റ്, വിര മരുന്ന് എന്നിവ സൗജന്യ നിരക്കിൽ വിതരണം ചെയ്ത്, ദത്തെടുക്കുന്ന കന്നുകുട്ടികളെ വളർത്തി നല്ല കിടാക്കളാക്കി മാറ്റുക എന്നതാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. കന്നുക്കുട്ടികളുടെ സംരക്ഷണ ചെലവ് താങ്ങാനാവാതെ കർഷകർ അവയെ വിറ്റൊഴിവാക്കുന്നത് തടയാനും ഈ പദ്ധതിമൂലം സാധിക്കും.

### 2) ഹീഫർ പാർക്കുകൾ

ഒരുവയസ്സിന് മുകളിലുള്ള കിടാരികളെ വളർത്തി കറവപ്പശുക്കളാക്കി വിൽക്കുന്നതിനായി ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. 100 കിടാരികളെ വരെ വളർത്തുന്ന യൂണിറ്റുകളാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തിനകത്ത് ഉല്പാദനശേഷിയുള്ള നല്ല കറവപ്പശുക്കളെ ഉല്പാദിപ്പിച്ചെടുക്കുക എന്നതാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്.

### ക്ഷീര സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ

154 (927) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്ഷീര വികസനസഹകരണ സംഘങ്ങളിൽ ചട്ടപ്രകാരമുള്ള ഓഡിറ്റ് സമയബന്ധിതമായി നടക്കാറുണ്ടോ;

(സി) പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് നിലവിൽ എന്ത് സംവിധാനമാണുള്ളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ക്ഷീര സഹകരണ സംഘങ്ങളിൽ ആഡിറ്റ് നടത്തിവരുന്നു. സഹകരണ ഓഡിറ്റ് വകുപ്പാണ് ഓഡിറ്റ് നടത്തിവരുന്നത്. ചില സംഘങ്ങളിൽ ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല.

(സി) ക്ഷീര സഹകരണ സംഘങ്ങളുടെ നടത്തിപ്പ് കാര്യക്ഷമവും ക്രമപ്രകാരവും ആണെന്ന് ഉറപ്പുവരുത്തുന്നതിനായി പ്രതിമാസം ഓരോ ക്ഷീരവികസന ഓഫീസർമാർക്കും രണ്ട് വിശദ പരിശോധനയും മൂന്ന് മിന്നൽ പരിശോധനയും ഡെയറി ഫാം ഇൻസ്പക്ടർമാർക്ക് രണ്ട് വിശദ പരിശോധനയും നാല് മിന്നൽ പരിശോധനയും നടത്തുന്നതിന് ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. കൂടാതെ ജില്ലാതലത്തിൽ ഡെപ്യൂട്ടി ഡയറക്ടർ ഒരു പരിശോധനാ വിഭാഗം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പരിശോധനകളിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം ആയത് ഡയറി രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ക്ഷീര സംഘങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ

155 (928) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക ക്ഷീര സംഘങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംഘങ്ങളിലെ ക്രമക്കേടുകൾ തടയുന്നതിനും ആയത് അവസാനിപ്പിക്കുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ക്ഷീര സഹകരണ സംഘങ്ങളുടെ നടത്തിപ്പ് കാര്യക്ഷമവും ക്രമപ്രകാരവും ആണെന്ന് ഉറപ്പുവരുത്തുന്നതിനായി പ്രതിമാസം ഓരോ ക്ഷീരവികസന ഓഫീസർമാർക്ക് രണ്ട് വിശദ പരിശോധനയും മൂന്ന് മിന്നൽ പരിശോധനയും ഡെയറി ഫാം ഇൻസ്ട്രക്ടർമാർക്ക് രണ്ട് വിശദ പരിശോധനയും നാല് മിന്നൽ പരിശോധനയും നടത്തുന്നതിന് ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. കൂടാതെ ജില്ലാതലത്തിൽ ഡെപ്യൂട്ടി ഡയറക്ടർ തലത്തിലുള്ള ഒരു ഇൻസ്പെക്ഷൻ ടീം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പരിശോധനകളിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം തുടർ നടപടികൾ സ്വീകരിക്കുന്നതിനും ആയത് ഡെയറി രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## തിരുവനന്തപുരം മൃഗശാലയുടെ നവീകരണം

156 (929) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയുടെ നവീകരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(ബി) മൃഗശാലയിലെ മൃഗങ്ങൾ മരണപ്പെടുന്നതായ സംഭവങ്ങൾ അടുത്തിടെ തുടർച്ചയായി ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) മൃഗശാലയിൽ വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ കോൺക്രീറ്റ് കൂടാരങ്ങൾ പണിയാതെ പ്രകൃതിക്ക് അനുയോജ്യമായ വിധത്തിലുള്ള വാസസ്ഥലങ്ങൾ പണിയുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം മൃഗശാലയുടെ നവീകരണത്തിനായി കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ജലപക്ഷികൾക്കുവേണ്ടിയുള്ള വാസസ്ഥലത്തിന്റെ നിർമ്മാണം, നീർനായയ്ക്കുവേണ്ടിയുള്ള പരിബന്ധനത്തിന്റെ നിർമ്മാണം, സ്ത്രീ സൗഹാർദ്ദപരവും വിശ്രമ മുറിയും ചേർന്ന ടോയ്‌ലെറ്റ്, മദേഴ്സ് ഫീഡിംഗ് സെന്റർ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. അക്വേറിയത്തിന്റെ നവീകരണം, ഇന്ത്യൻ കാട്ടുപോത്തുകൾക്കുവേണ്ടിയുള്ള പരിബന്ധനത്തിന്റെ നിർമ്മാണം എന്നീ പ്രവൃത്തികൾ നടന്നുവരുന്നു. ഇന്റർപ്രെട്ടേഷൻ സെന്റർ സ്ഥാപിക്കുന്നതിന് അനുമതി നൽകുകയും കാൺപൂർ മൃഗശാലയിൽനിന്നും ഒരു ജോഡി കഴുതപ്പുലികളെ കൊണ്ടുവരുന്നതിനും ജിറാഫ്, സീബ്ര, വെള്ള സിംഹം, ജാഗ്വാർ എന്നീ മൃഗങ്ങളെ മൃഗശാലയ്ക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) തുടർച്ചയായി മൃഗങ്ങൾ മരണപ്പെടുന്ന സംഭവങ്ങൾ ഉണ്ടായിട്ടില്ല.

(സി) കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയുള്ള വാസസ്ഥലങ്ങൾ നിർമ്മിക്കുമ്പോൾ കോൺക്രീറ്റ് കൂടാരങ്ങൾ പരമാവധി ഒഴിവാക്കി പ്രകൃതിക്കനുയോജ്യമായ വാസസ്ഥലങ്ങളാണ് നിർമ്മിച്ചുവരുന്നത്.

**ഡാമുകളിൽ നിന്ന് മണൽ വാരൽ**

157 (930) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകളിൽ നിന്നും മണൽ വാരുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശ്യമുണ്ടോ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ ജലസേചന വകുപ്പ് സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

(സി) ഡാമുകളിലെ അടിത്തട്ടിൽ അടിഞ്ഞുകൂടിയ ചെളിയും മണലും വാരി സംഭരണശേഷി വർദ്ധിപ്പിക്കുവാൻ കഴിയും എന്നത് കണക്കിലെടുത്തും മണലിന് നിർമ്മാണ മേഖലയിൽ വലിയ ക്ഷാമവും വിലക്കയറ്റവും നിലനിൽക്കുന്നത് കണക്കിലെടുത്തും പരിസ്ഥിതി പ്രശ്നങ്ങൾ ഇല്ലാതെ മുഴുവൻ ഡാമുകളിലും മണൽവാരൽ പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നല്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ അണക്കെട്ടുകളിൽ അടിഞ്ഞു കൂടിയിട്ടുള്ള മണലും ചെളിയും നീക്കംചെയ്ത് സംഭരണശേഷി പൂർവ്വരൂപത്തിലാക്കുന്നതിനും ലഭിക്കുന്ന മണൽ, കളിമണ്ണ് എന്നിവ പ്രയോജനപ്പെടുത്താനുംവേണ്ടി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) സ.ഉ.(എം.എസ്.) നമ്പർ 79/2017/ഡബ്ല്യു.ആർ.ഡി. തീയതി 26-9-2017 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയറിൽ (SOP) പറഞ്ഞിരിക്കുന്ന സാങ്കേതികവിദ്യ ഉപയോഗിച്ച് പൈലറ്റ് പദ്ധതിയായി മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിൽ ഡീസിൽറ്റിംഗ് നടത്താനും മേൽ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ഈ റിസർവോയറുകളിൽ അടിഞ്ഞുകൂടിയിരിക്കുന്ന എക്കലിൽ അടങ്ങിയിരിക്കുന്ന വിവിധ ഘടകങ്ങളുടെ അളവ് വിലയിരുത്തുന്നതിനായുള്ള പ്രവൃത്തി നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS) നെയും കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടി (KERI)നെയും ഏൽപ്പിക്കുകയുണ്ടായി. ഇതിനായുള്ള ധാരണാപത്രം (MOU)നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS)-മായി ഒപ്പുവച്ചിട്ടുണ്ട്. ഇതിൽനിന്നും കിട്ടുന്ന വിവരങ്ങളുടെ ഫലം അപഗ്രഥിച്ച് ഈ രണ്ട് റിസർവോയറുകളിലെ ഡീസിൽറ്റിംഗ് പ്രവൃത്തി നടത്തുന്നതാണ്. നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS)-മായുള്ള ധാരണാപത്രം (MOU) പ്രകാരം മംഗലം, ചുള്ളിയാർ ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തികളുടെ ഭാഗമായി നടത്തുന്ന ക്വാളിറ്റേറ്റീവ് സെഡിമെന്റ് ശേഖരണവും ഫലമപഗ്രഥനവും നടന്നുവരുന്നു. ഡീസിൽറ്റിംഗ് പ്രവൃത്തിയിൽ കൂടുതൽ പ്രായോഗിക പരിജ്ഞാനം സിദ്ധിക്കുന്നതിന് ഈ മേഖലയിൽ പരിണിതപ്രജ്ഞരായ ഏജൻസികളിൽ നിന്നും അവർ ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ച് പ്രസന്റേഷൻ നൽകാൻ ഒരു എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (EOI) ക്ഷണിച്ചിട്ടുണ്ട്. ഇതുമൂലമുണ്ടാകുന്ന പാരിസ്ഥിതികാഘാത പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് എൻവയോൺമെന്റ് മാനേജ്മെന്റ് പ്ലാൻ [Environment Management Plan (EMP)] തയ്യാറാക്കുന്നതിന് അൾട്രാ ടെക് (M/s Ultra Tech) എന്ന കമ്പനിയെ [ക്വാളിറ്റി കൗൺസിൽ ഇന്ത്യയുടെ (Quality Council of India) അംഗീകാരമുള്ളത്] ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) മംഗലം, ചുള്ളിയാർ ഡാമുകളിലെ ഡീസിൽറ്റിംഗ് നടപ്പാക്കിക്കഴിഞ്ഞാൽ ഇതിൽനിന്നും ലഭിച്ച വിവരങ്ങൾ, പാളിച്ചകൾ എന്നിവയുടെ വെളിച്ചത്തിൽ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP)-ലെ ന്യൂനതകൾ എന്തെങ്കിലും ഉണ്ടെങ്കിൽ പരിഹരിച്ച് ബാക്കി ഡാമുകളിൽ നടപ്പിലാക്കാവുന്നതാണ്.

## ആമയിഴഞ്ചാൻ തോടിന്റെ ആഴം കൂട്ടുന്നതിന് നടപടി

158 (931) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ആമയിഴഞ്ചാൻ തോട്ടിൽ എക്കലും മാലിന്യങ്ങളും അടിഞ്ഞ് തോടിന്റെ ആഴം കുറഞ്ഞതിനാൽ മഴക്കാലത്ത് ചെറിയ മഴ പെയ്താൽ പോലും തോട് കവിഞ്ഞൊഴുകി സമീപ പ്രദേശത്തുള്ള വീടുകളിൽ വെള്ളം കയറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തോടിന്റെ ആഴം കൂട്ടുന്നതിനും സംരക്ഷണഭിത്തി കെട്ടുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വരുന്ന ജൂൺ മാസത്തിന് മുമ്പ് പണി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) കണ്ണമ്മൂല മുതൽ ആക്കുളം വരെയുള്ള ആമയിഴഞ്ചാൻ തോടിന്റെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച 3 കോടി രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

## അണക്കെട്ടുകളിൽനിന്നും എക്കലും മണലും വേർതിരിക്കുന്നതിനുള്ള സർവ്വേ

159 (932) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അണക്കെട്ടുകളിൽ നിന്നും എക്കലും മണലും വേർതിരിക്കുന്നതിനുള്ള സർവേ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം അണക്കെട്ടുകളിലാണ് ഇത്തരം സർവ്വേ നടത്താൻ ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) അണക്കെട്ടിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് മണലും എക്കലും വേർതിരിപ്പിക്കൽ നടപടി സഹായിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) ഉണ്ട്. പൈലറ്റ് പ്രോജക്ടുകളെന്ന നിലയിൽ മംഗലം, ചുള്ളിയാർ റിസർവോയറുകളിൽ അടിഞ്ഞുകൂടിയിരിക്കുന്ന എക്കലിൽ അടങ്ങിയിരിക്കുന്ന വിവിധ ഘടകങ്ങളുടെ അളവ് വിലയിരുത്തുന്നതിനായുള്ള പ്രവൃത്തി നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS)-നെയും കേരള

എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI)-നെയും ഏൽപ്പിക്കുകയുണ്ടായി. ഇതിനായുള്ള ധാരണാപത്രം (MOU) നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS)-മായി ഒപ്പുവച്ചിട്ടുണ്ട്. ഇതിൽനിന്നും കിട്ടുന്ന വിവരങ്ങളുടെ ഫലം അപഗ്രഥിച്ച് ഈ രണ്ട് റിസർവോയറുകളിലെ ഡീസിൽറ്റിംഗ് പ്രവൃത്തി നടത്തുന്നതാണ്. നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS)-മായുള്ള ധാരണാപത്രം (MoU) പ്രകാരം മംഗലം, ചുള്ളിയാർ ഡാമുകളുടെ ഡിസിൽറ്റേഷൻ പ്രവൃത്തികളുടെ ഭാഗമായി നടത്തുന്ന ക്വാളിറ്റേറ്റീവ് സെഡിമെന്റ് ശേഖരണവും ഫലമപഗ്രഥനവും നടന്നുവരുന്നു. ഡിസിൽറ്റിംഗ് പ്രവൃത്തിയിൽ കൂടുതൽ പ്രായോഗിക പരിജ്ഞാനം സിദ്ധിക്കുന്നതിന് ഈ മേഖലയിൽ പരിണിതപ്രജ്ഞരായ ഏജൻസികളിൽനിന്നും അവർ ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ച് പ്രസന്റേഷൻ നൽകാൻ ഒരു എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (EoI) ക്ഷണിച്ചിട്ടുണ്ട്. ഇതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക ആഘാത പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് എൻവയോൺമെന്റ് മാനേജ്മെന്റ് പ്ലാൻ [Environment Management Plan (EMP) തയ്യാറാക്കുന്നതിന് അൾട്രാ ടെക് (M/s Ultra Tech) എന്ന കമ്പനിയെ [ക്വാളിറ്റി കൗൺസിൽ ഇൻഡ്യയുടെ (Quality Council of India) അംഗീകാരമുള്ളത്] ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) സഹായിക്കുന്നതാണ്. മണ്ണിന്റെ ഘടനാ പരിശോധന മുഖേന മണ്ണ്, ചെളി, കളിമണ്ണ്, ഗ്രാവൽ എന്നീ വസ്തുക്കൾ എത്ര അളവിൽ അണക്കെട്ടിന്റെ അടിത്തട്ടിൽ അടിഞ്ഞിരിക്കുന്നുവെന്ന് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഇത്തരത്തിലുള്ള വസ്തുക്കൾ അടങ്ങിയ മണ്ണ് മാറ്റപ്പെടുമ്പോൾ അണക്കെട്ടിന്റെ സംഭരണശേഷി കൂടാൻ സാധിക്കുന്നതാണ്.

**കോലുമാട് ജലസേചന പദ്ധതിയുടെ പ്രവർത്തന പുരോഗതി**

160 (933) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിലെ കോലുമാട് ജലസേചന പദ്ധതിയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പീച്ചിയിലുള്ള കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നടന്നുവന്നിരുന്ന പര്യവേഷണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) കോല്യമാട് ജലസേചന പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സാമ്പത്തികാനുമതിക്കും ഭരണാനുമതിക്കുമുള്ള ശിപാർശ ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി.) പരിശോധിച്ചുവരുന്നു. ടി പ്രവൃത്തിയുടെ ലാന്റ് സർവ്വേ കേരള എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പൂർത്തീകരിച്ചിട്ടുണ്ട്.

## ആലപ്പാട് ചെറിയഴീക്കൽ, വെള്ളനാതുരുത്ത് ഭാഗങ്ങളിലെ കടൽഭിത്തിയുടെ ശോച്യാവസ്ഥ.

161 (934) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ചുഴലിക്കാറ്റിനോടനുബന്ധിച്ചുള്ള കടൽ ക്ഷോഭത്തിൽ, ആലപ്പാട് ഗ്രാമപഞ്ചായത്തിലെ ചെറിയഴീക്കൽ, വെള്ളനാതുരുത്ത് ഭാഗങ്ങളിലെ കടൽഭിത്തി തകർന്ന് അപകടകരമായ നിലയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തകർന്ന കടൽഭിത്തി പുനർനിർമ്മിക്കുന്നതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ചെറിയഴീക്കൽ, ശ്രായിക്കാട് എന്നീ ഭാഗങ്ങളിൽ പുലിമുട്ട് നിർമ്മിക്കുന്നതിനുള്ള പദ്ധതികളുടെ പുരോഗതി സംബന്ധിച്ച് വിശദീകരിക്കുമോ?

ഉത്തരം

(എ)ഉണ്ട്.

(ബി) ഉണ്ട്. വെള്ളനാതുരുത്ത് ഐ.ആർ.ഇ. മൈനിംഗ് ഏരിയാ പ്രദേശത്ത് ഐ.ആർ.ഇ.-യുടെ ഫണ്ടുപയോഗിച്ച് ഒരു പുലിമുട്ട് ശൃംഖലയും അനുബന്ധ കടൽഭിത്തിയുടെ അറ്റകുറ്റപ്പണികളും ആരംഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയിൽ വെള്ളനാതുരുത്ത് ഭാഗത്തെ തകർന്ന കടൽഭിത്തിയുടെ പുനരുദ്ധാരണവും ഉൾപ്പെടുത്തിയിട്ടുണ്ട്. (ആകെ അടങ്കൽ തുക 920 ലക്ഷം)

(സി) ചെറിയഴീക്കൽ ശ്രായിക്കാട് ഭാഗങ്ങളിൽ തീരസംരക്ഷണത്തിനായി ഐ.ഐ.ടി./സി.ഡബ്ല്യു.പി.ആർ.എസ്. (IIT/CWPRS) മുഖേന പഠനം നടത്തുന്നതിനാവശ്യമായ ശിപാർശ സർക്കാർ പരിഗണനയിലാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പഠനം പൂർത്തിയാക്കി അവരിൽനിന്നും ലഭിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രവൃത്തികൾ രൂപകൽപ്പന ചെയ്ത് നടപ്പിലാക്കാവുന്നതാണ്.

## എടവനക്കാട് തീരപ്രദേശത്ത് പുലിമുട്ടുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ

162 (935) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടവനക്കാട് തീരപ്രദേശത്ത് പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ: എങ്കിൽ ആയതിനുള്ള തുക, തീയതി എന്നിവ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. 29-12-2017-ലെ സ.ഉ.(സാധാ)നമ്പർ1063/17/ജ.വി.വ.പ്രകാരം എടവനക്കാട് തീരപ്രദേശത്ത് പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് 377 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) സാങ്കേതികാനുമതി നൽകി പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വൈപ്പിൻ തീരത്ത് കടൽഭിത്തി, പുലിമുട്ട് എന്നിവയുടെ നിർമ്മാണം

163 (936) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായ കടലാക്രമണ ഭീഷണി നേരിടുന്ന വൈപ്പിൻ തീരത്ത് കടൽ ഭിത്തി, പുലിമുട്ട് എന്നിവ സ്ഥാപിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യം സംബന്ധിച്ച് നിലവിൽ സർക്കാരിന്റെ മുന്നിൽ പ്രൊപ്പോസലുകൾ ഏതെങ്കിലും എത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

### ഉത്തരം

(എ&ബി) വൈപ്പിൻ മേഖലയിൽ കടലാക്രമണ ഭീഷണിയുള്ള പ്രദേശങ്ങളിൽ കടൽഭിത്തി പുനരുദ്ധാരണത്തിനുള്ള എസ്റ്റിമേറ്റും പുലിമുട്ട് നിർമ്മാണത്തിനുള്ള സാധ്യതാപഠനം, ഡിസൈൻ എന്നിവയ്ക്കുള്ള പദ്ധതി രൂപരേഖയും ജലസേചന വകുപ്പ് തയ്യാറാക്കിവരുന്നു.

## മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മാലൂർ ഗ്രാമപഞ്ചായത്തിൽ പുഴയോര ഭിത്തി നിർമ്മിക്കുന്നതിന് നടപടി

164 (937) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നിയോജകമണ്ഡലത്തിൽ മാലൂർ ഗ്രാമപഞ്ചായത്തിലുൾപ്പെട്ട ആയിത്തറ-മിന്നിപ്പീടിക-കലിക്കോട്ട് റോഡിന്റെ പുഴയോര ഭിത്തി നിർമ്മിക്കുന്നതിന് ചെറുകിട ജലസേചന വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര തുകയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളത്;

(സി) പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പുഴയോര ഭിത്തി ഇനിയും ഇടിഞ്ഞു മാറുകയാണെങ്കിൽ ഉണ്ടാകാനിടയുള്ള അപകട സാധ്യത മുൻനിർത്തി യുദ്ധകാലാടിസ്ഥാനത്തിൽ പ്രവൃത്തി ആരംഭിക്കുന്നതിനായി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മാലൂർ ഗ്രാമപഞ്ചായത്തിലുൾപ്പെട്ട ആയിത്തറ മിന്നിപ്പീടിക-കലിക്കോട്ട് റോഡിന്റെ പുഴയോര ഭിത്തി നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ചും പ്രവൃത്തിയുടെ പ്രാധാന്യം കണക്കിലെടുത്തും എസ്റ്റിമേറ്റ് കിട്ടുന്ന മുറയ്ക്ക് മാത്രമേ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## എം.വി.ഐ.പി. വക ഭൂമി സി-ആപ്റ്റിന് കൈമാറൽ

165 (938) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തിയിലെ എം.വി.ഐ.പി. വക ഭൂമി സീ-ആപ്റ്റ് സെന്ററിന്റെ ഓഫീസ് നിർമ്മിക്കുന്നതിന് നൽകുന്നത് സംബന്ധിച്ച 498953/2016 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമി വിട്ടു നൽകുന്നതുസംബന്ധിച്ച് എം.വി.ഐ.പി. ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്ന് വ്യക്തമാക്കാമോ; ഇതിന്റെ തുടർനടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കട്ടുത്തുരുത്തിയിലെ എം.വി.ഐ.പി. വക ഭൂമി സി-ആപ്റ്റ് സെന്ററിന്റെ ഓഫീസ് നിർമ്മിക്കുന്നതിന് നൽകുന്നത് സംബന്ധിച്ചുള്ള റിപ്പോർട്ട് ചീഫ് എഞ്ചിനീയർ (ഐ.&എ.) യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ഇതുവരെയും ലഭ്യമായിട്ടില്ല.

(ബി) ഇല്ല.

(സി) ജലവിഭവ (എ) വകുപ്പിൽ കൈകാര്യം ചെയ്തുവരുന്നു.

**ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി**

166 (939) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലവിഭവ വകുപ്പ് മൈനർ ഇറിഗേഷൻ മുഖാന്തിരം നടപ്പാക്കുന്ന ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം കുളങ്ങളാണ് നവീകരിച്ചിട്ടുള്ളതെന്നും എത്ര തുക അനുവദിച്ചുവെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

2013-14 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതിയാണ് ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി. പ്രസ്തുത പദ്ധതിപ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിൽ ഒരു പ്രവൃത്തിയും ഉൾപ്പെട്ടിട്ടില്ല. എന്നാൽ 2016-17-ൽ പ്രഖ്യാപിച്ച കുളങ്ങളുടെ പുനരുദ്ധാരണം ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി ആലത്തൂർ നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന 7 കുളങ്ങൾ നവീകരിക്കുന്നതിനായി 6.55 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1. ആലത്തൂർ പഞ്ചായത്തിലെ അനന്തൻ കുളം - 87,000 രൂപ
2. കുഴൽമന്ദം പഞ്ചായത്തിലെ ഗണപതി ക്ഷേത്രക്കുളം - 1,22,525 രൂപ

3. തേൻകുറിശ്ശി പഞ്ചായത്തിലെ പനയൻചിറ കുളം - 50,750 രൂപ
4. എരിമയൂർ പഞ്ചായത്തിലെ ചാത്തംക്കുളം - 1,16,000 രൂപ
5. വണ്ടായി പഞ്ചായത്തിലെ പൈതലക്കുളം - 72,500 രൂപ
6. കിഴക്കൻചേരി പഞ്ചായത്തിലെ കരുമനശ്ശേരി ഗ്രാമ കുളം - 1,33,400 രൂപ
7. മേലാർകോട് പഞ്ചായത്തിലെ കർക്കടകക്കോട് കുളം - 72,500 രൂപ

## കേരള വാട്ടർ അതോറിറ്റി ആസ്തി വികസന ഫണ്ട് തുക മാറി നൽകാത്ത നടപടി

167 (940) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച പദ്ധതികൾക്ക് പണി പൂർത്തീകരിച്ചിട്ടും തുക മാറി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആസ്തി വികസന ഫണ്ട് ഡെപ്പോസിറ്റ് ഫണ്ട് ആണെന്നിരിക്കെ പ്രസ്തുത തുക വകമാറ്റി ചിലവഴിച്ചു തീർത്ത വാട്ടർ അതോറിറ്റിയുടെ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച പണികൾക്കായി 2017-18 ബജറ്റിൽനിന്ന് 10-11-2017 തീയതിയിലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർ.ടി.)919/2017/ഡബ്ല്യൂ.ആർ.ഡി. പ്രകാരം 7,60,28,655 രൂപയുള്ള അനുമതി നൽകിയിട്ടുണ്ട്. ടി തുക ട്രഷറിയിൽനിന്നും പിൻവലിക്കാനുള്ള അനുമതിക്കായി (Ways and means clearance) നൽകിയിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് നൽകുന്നതാണ്.

(ബി & സി) ബജറ്റ് വിഹിതമായി സർക്കാർ വകയിരുത്തുന്ന ആസ്തി വികസന ഫണ്ട് കേരള വാട്ടർ അതോറിറ്റി വകമാറ്റി ചെലവഴിച്ചിട്ടില്ല എന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

**നദീജല സംയോജന പദ്ധതി**

168 (941) ശ്രീ. ടി. എ. അഹമ്മദ് കബീർ:

ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. പി. കെ. അബ്ദു റബ്ബ്:

ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്ത് കടലിലേക്ക് ഒഴുകുന്ന അധിക ജലം പ്രയോജനപ്പെടുത്തി കേരളത്തിലെ നദീജല സംയോജന പദ്ധതി ഏർപ്പെടുത്തണമെന്ന നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ & ബി) നദീജല സംയോജന പദ്ധതികൾ നിലവിൽ പരിഗണനയിൽ ഇല്ല.

**കനാൽ നവീകരണം**

169 (942) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാലുകൾ നവീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കയർ ഭൂവസ്ത്രം ഉപയോഗിച്ച് ആദ്യഘട്ടത്തിൽ ഏതെല്ലാം കനാലുകളാണ് നവീകരിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും എത്ര കോടി രൂപയാണ് ഇതിനായി ചെലവഴിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാലുകൾ നവീകരിക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച ശിപാർശ പരിശോധിച്ചുവരുന്നു.

(ബി) കയർ ഭൂവസ്ത്രം ഉപയോഗിച്ച് കനാൽ നവീകരണം വിവിധ പഞ്ചായത്തുകളിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നു. (44 കനാലുകളുടെ പട്ടിക അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.+)

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ജലവിഭവ വകുപ്പ് കിഫ്ബി വഴി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ

170 (943) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പ് കിഫ്ബി വഴി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശം നൽകുമോ;

(ബി) ഇതിൽ 2017-ൽ ടെൻഡർ നടത്തി പണി ആരംഭിച്ച പദ്ധതികൾ ഉണ്ടോ; എങ്കിൽ അവ ഏതൊക്കെയാണ്;

(സി) സംസ്ഥാനത്തെ 148 ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കുന്നതിന് ഭരണാനുമതിക്കായി സമർപ്പിച്ച പ്രൊപ്പോസലുകൾക്ക് അനുമതി ലഭിച്ചിട്ടുണ്ടോ; അവ മാറ്റി സ്ഥാപിക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്?

ഉത്തരം

(എ) കേരള ജല അതോറിറ്റി

2016-17 പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച 23 ജലവിതരണ പദ്ധതികളും പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന പദ്ധതിയും 2017-18 ബജറ്റിൽ പ്രഖ്യാപിച്ച 35 പദ്ധതികളുമാണ് കിഫ്ബി വഴി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. 2016-17-ൽ കേരള ജല അതോറിറ്റിയുടെ 23 പദ്ധതികൾക്ക് 1257.1 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭ്യമാകുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതികളുടെ പ്രവൃത്തികൾ മൊത്തം 55 പാക്കേജുകളിലായിട്ടാണ് നടപ്പിലാക്കുന്നത്. ഇതിൽ 35 പാക്കേജുകൾ ടെണ്ടർ ചെയ്ത് 24 പാക്കേജുകൾ ആരംഭിച്ചു.

2017-18 ബജറ്റിൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച 35 കുടിവെള്ള പദ്ധതികളിൽ 4 പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്. 9 പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടിന് തത്വത്തിൽ അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ബാക്കിയുള്ള പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കിവരുന്നു.

ഈ പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ജലസേചന വകുപ്പ്</u>

ജലസേചന വകുപ്പ്-കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെപ്പറയുന്നു.

1. ആലപ്പുഴ കനാലിൽ മോഡണൈസിംഗ് വാട്ടർ ട്രാൻസ്പോർട്ട് എന്ന പദ്ധതി.
2. എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലെ അന്ധകാര തോടിന്റെ നവീകരണ പ്രവൃത്തികൾ.
3. മലപ്പുറം ജില്ലയിൽ കുണ്ടൂർ തോടിന്റെ പുനരുദ്ധാരണം.
4. പാലക്കാട് ജില്ലയിൽ മൂലത്തറ വലതുകര കനാലിന്റെ കോരയാർ മുതൽ വരട്ടയാർ വരെയുള്ള എക്സ്റ്റൻഷൻ.
5. ആലപ്പുഴ ജില്ല കാട്ടൂരിൽ പുലിമുട്ടുകളുടെ നിർമ്മാണം.
6. ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ-വട്ടച്ചാലിൽ-ചെയിനേജ് 53/40 മുതൽ 55/20 കിലോമീറ്റർ വരെയുള്ളിടത്ത് പതിനാറ് പുലിമുട്ടുകളുടെ നിർമ്മാണം.
7. ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് അസംബ്ലി മണ്ഡലത്തിൽപ്പെട്ട തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ പതിയാങ്കരയിൽ-ചെയിനേജ് 60/10-60/60 കിലോമീറ്ററിൽ 13 പുലിമുട്ടുകളുടെ നിർമ്മാണം.
8. ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് അസംബ്ലി മണ്ഡലത്തിലുൾപ്പെട്ട ആറാട്ടുപുഴ പഞ്ചായത്തിൽ ചെയിനേജ് 56/6-നും 57/2-നും ഇടയിൽ 21 പുലിമുട്ടുകളുടെ നിർമ്മാണം.
9. ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴയിൽ പുലിമുട്ടിന്റെ നിർമ്മാണം
10. കേരളത്തിലെ വിവിധ നദികളിലായി 8 റെഗുലേറ്ററുകളുടെ നിർമ്മാണം
11. പാർവ്വതീപുത്തനാറിന്റെ പുനരുദ്ധാരണം.

2017-18-ലെ ബജറ്റ് പ്രകാരം കിഫ്ബി മുഖാന്തരം കേരളത്തിലെ ഇരുപതോളം നദികളിലായി 34 തടയണകൾ നിർമ്മിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. മീനച്ചിൽ നദീതട പദ്ധതിയിലുൾപ്പെടുന്ന താഴെപ്പറയുന്ന വർക്കുകൾകൂടി കിഫ്ബി വഴി നടപ്പിലാക്കാനുദ്ദേശിക്കുന്നു.

1. MRVP-Construction of mini dam with regulator across Meenachil river at Chemplavu in Kidangoor Panchayat
2. MRVP-Construction of Regulator cum Bridge across Meenachil river at Koottanalkadavu in Bharananganam Panchayat

(ബി) കേരള ജല അതോറിറ്റിയുടെ കീഴിലുള്ള 2016-17-ലെ 23 പദ്ധതികളിൽ 18 പദ്ധതികളുടെ പണികൾ 2017-ൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.+

ജലസേചന വകുപ്പിന്റെ കീഴിൽ ആലപ്പുഴ കനാലിൽ മോഡണൈസിംഗ് വാട്ടർ ട്രാൻസ്പോർട്ട് എന്ന പദ്ധതിയുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

(സി) കേരള ജല അതോറിറ്റിയുടെ കീഴിലുള്ള സംസ്ഥാനത്തെ 148 സ്കീമുകളിലെ കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 2016-17-ലെ പുതുക്കിയ ബജറ്റ് പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി 433.33 കോടി രൂപയുടെ പ്രൊപ്പോസലിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലുകൾ കിഫ്ബിയുടെ പരിഗണനയിലാണ്.

**ജലവിഭവ വകുപ്പിൽനിന്നും കിഫ്ബിയിൽ സമർപ്പിക്കപ്പെട്ട പദ്ധതികൾ**

171 (944) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>
<u>ശ്രീ. സി. കെ. നാണു</u>
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിൽ ഏതെല്ലാം പദ്ധതികൾക്കാണ് കിഫ്ബി-യുടെ അംഗീകാരം ലഭിച്ചത്;

(ബി) ഏതെല്ലാം പദ്ധതികളാണ് അംഗീകാരത്തിനായി കിഫ്ബി-യുടെ പരിഗണനയിലുള്ളത്;

(സി) ഏതെല്ലാം പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ആലപ്പുഴ കനാലിൽ മോഡണൈസിംഗ് വാട്ടർ ട്രാൻസ്പോർട്ട് എന്ന പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അംഗീകാരത്തിനായി കിഫ്ബിയുടെ പരിഗണനയിലുള്ള പ്രവൃത്തികൾ താഴെപ്പറയുന്നവയാണ്.

1. എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലെ അന്ധകാരതോടിന്റെ നവീകരണ പ്രവൃത്തികൾ

2. മലപ്പുറം ജില്ലയിൽ ഇടവന പഞ്ചായത്തിൽ പള്ളിമുക്ക്-പന്നിപ്പാറയിൽ ചാലിയാർ പുഴയ്ക്ക് കുറുകെ റെഗുലേറ്റർ നിർമ്മാണം

3. മലപ്പുറം ജില്ലയിൽ കടലുണ്ടിപ്പുഴയ്ക്ക് കുറുകെ പുഴൻ കാവിൽ റെഗുലേറ്ററിന്റെ നിർമ്മാണം

4. കോഴിക്കോട് ജില്ലയിൽ ഗുളികപ്പുഴയിൽ പെരിഞ്ചേരിക്കടവിന് മുകളിലായി കുറ്റ്യാടിപ്പുഴയ്ക്ക് കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം

5. കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ ചപ്പാരപ്പടവ് പഞ്ചായത്തിൽ ക്കുവേരിക്കട്ടപ്പള്ളിയിൽ കുപ്പം പുഴയ്ക്ക് കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം

6. പാലക്കാട് ജില്ലയിൽ മൂലത്തറ വലതുകര കനാലിന്റെ കോരയാർ മുതൽ വരട്ടയാർ വരെയുള്ള എക്സ്റ്റൻഷൻ (പ്രാഥമിക റിപ്പോർട്ട്)

7. ആലപ്പുഴ ജില്ല കാട്ടൂരിൽ-പുലിമുട്ടുകളുടെ നിർമ്മാണം

8. ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ വട്ടച്ചാലിൽ-ചെയിനേജ്-53/40 മുതൽ 55/20 കിലോമീറ്റർ വരെയുള്ളിടത്ത് 16 പുലിമുട്ടുകളുടെ നിർമ്മാണം

9. ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് അസംബ്ലി മണ്ഡലത്തിൽപ്പെട്ട തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ പതിയാങ്കരയിൽ-ചെയിനേജ് 60/10 - 60/60 കിലോമീറ്ററിൽ 13 പുലിമുട്ടുകളുടെ നിർമ്മാണം

10. ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് അസംബ്ലി മണ്ഡലത്തിൽപ്പെട്ട ആറാട്ടുപുഴ പഞ്ചായത്തിൽ ചെയിനേജ് -56/6 നും 57/2 നും ഇടയിൽ 21 പുലിമുട്ടുകളുടെ നിർമ്മാണം

11. ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴയിൽ പുലിമുട്ടിന്റെ നിർമ്മാണം.

(സി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ആലപ്പുഴ കനാലിൽ മോഡണൈസിംഗ് വാട്ടർ ട്രാൻസ്പോർട്ട് എന്ന പദ്ധതിയുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

## മീനാട് കുടിവെള്ള പദ്ധതി

172 (945) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ സഹായത്തോടെയുള്ള മീനാട് കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഭാഗമായുള്ള അവശേഷിക്കുന്ന പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികൾ എന്ന് പ്രവർത്തിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ജപ്പാൻ സഹായത്തോടെയുള്ള മീനാട് കുടിവെള്ള പദ്ധതിയുടെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ 4 പാക്കേജുകളായി തിരിച്ചാണ് നടപ്പാക്കിയത്. ഇതിൽ ഇൻടേക്ക്, പമ്പിംഗ് സ്റ്റേഷൻ, പ്രതിദിനം 73 ദശലക്ഷം ശേഷിയുള്ള ജലശുദ്ധീകരണശാല, 80 കി.മീ. ട്രാൻസ്മിഷൻ പൈപ്പ് ലൈനുകൾ, മൊത്തം 25.18 ദശലക്ഷം സംഭരണശേഷിയുള്ള 14 ജലസംഭരണികൾ തുടങ്ങിയവയുടെ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. വിതരണ ശൃംഖലയുടെ പണികൾ മാത്രമാണ് ഇനി അവശേഷിക്കുന്നത്. പദ്ധതിയിൽ ഏകദേശം 963 കി.മീ. വരുന്ന വിതരണ ശൃംഖലയുടെ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് ജലവിതരണം നടത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ടി പണികൾക്ക് ആദ്യം കരാർ ഏറ്റെടുത്തിരുന്നത് M/s. K. Ramakrishna Contractors Pvt. Ltd., Hyderabad ആണ്. പ്രസ്തുത കരാറുകാരൻ പണി ഉപേക്ഷിച്ചുപോയതിനാൽ 2012-ൽ M/s. Tecpro Infra Projects Ltd., Kochi എന്ന കമ്പനിക്ക് ആദ്യ കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റ് അടിസ്ഥാനത്തിൽ കരാർ നൽകുകയും ചെയ്തു.

എന്നാൽ M/s. Tecpro Infra Projects Ltd. പണികൾ യഥാസമയം തീർക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ അവരുമായുള്ള കരാർ 31-7-2017-ൽ അവസാനിപ്പിക്കുകയുണ്ടായി. പദ്ധതിയിലുൾപ്പെട്ട 963 കി.മീ. വിതരണ ശൃംഖലയിൽ മുൻ കരാറുകാർ സ്ഥാപിച്ച പൈപ്പ് ലൈനുകളിൽ അവശേഷിക്കുന്ന ഗ്യാപ്പുകൾ പൂർത്തിയാക്കുന്നതുൾപ്പെടെ ഇനി 135 കി.മീ. വിതരണ ശൃംഖല സ്ഥാപിക്കാനും 620 കി.മീ. വിതരണ ശൃംഖല കമ്മീഷൻ ചെയ്യാനുമുള്ള പണികൾ അവശേഷിക്കുന്നുണ്ട്.

അവശേഷിക്കുന്ന പണികൾ പൂർത്തീകരിക്കുന്നതിനായി M/s. Tecpro-യുടെ റിസ്ക് ആന്റ് കോസ്റ്റിൽ 23-1-2018-ൽ തുറക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. പ്രസ്തുത കരാർ ഉറപ്പിക്കുന്ന മുറയ്ക്ക് 12 മുതൽ 18 മാസത്തിനുള്ളിൽ അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇതുവരെ പൂർത്തിയാക്കിയ 828 കി.മീ. വിതരണ ശൃംഖലയിൽ 343 കി.മീ. വിതരണ ശൃംഖലയിലൂടെ പദ്ധതി പ്രദേശത്ത് ജലവിതരണം നടത്തിവരുന്നു. കൂടാതെ ടി പദ്ധതിയിൽനിന്നും പ്രതിദിനം 5 ദശലക്ഷം ലിറ്റർ ജലം കൊല്ലം കോർപ്പറേഷനും 2 ദശലക്ഷം ലിറ്റർ ജലം പുനലൂർ മുനിസിപ്പാലിറ്റിക്കും നൽകിവരുന്നു.

## ചെറുകിട ജലസേചന വകുപ്പിന്റെ കീഴിൽ മട്ടന്നൂരിലെ നിർമ്മാണ പ്രവൃത്തികൾ

173 (946) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ ചെറുകിട ജലസേചന വകുപ്പിന്റെ കീഴിൽ ഇപ്പോൾ നടന്നു വരുന്ന നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും ഭരണാനുമതി ലഭിച്ചത് എപ്പോഴാണെന്നും, എസ്റ്റിമേറ്റ് തുക എത്രയാണെന്നും ,നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ& ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

## ആനപ്പാറ പൊറ്റമ്മൽ കടവ് തടയണ

174 (947) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ കുട്ടിലങ്ങാടി പഞ്ചായത്തിലെ ആനപ്പാറ പൊറ്റമ്മൽ കടവ് തടയണയ്ക്ക് 2018-19 സാമ്പത്തിക വർഷം ബജറ്റിൽ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത തടയണ (വി.സി.ബി.) നിർമ്മിക്കുന്നതിനാവശ്യമായ പ്രൊപ്പോസലിന്റെ കരട് അംഗീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ & ബി) പൊറ്റമ്മൽ കടവ് തടയണ നിർമ്മാണം ടോക്കൺ പ്രൊവിഷനോടുകൂടി 2017-2018-ലേയ്ക്കുള്ള ബജറ്റിൽ ഉൾപ്പെടുത്തിയിരുന്നു. അതിനെത്തുടർന്ന് Approved design പ്രകാരമുള്ള 600 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

## നെന്മാറ സീതാർക്കുണ്ട് മിനിഡൈവേർഷൻ സ്കീം

175 (948) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ പലകപ്പാണ്ടി പദ്ധതി പൂർത്തീകരിച്ചിട്ടും ചുള്ളിയാർഡാം നിറയുന്നില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുതലമട, കൊല്ലങ്കോട്, എലവഞ്ചേരി എന്നീ ഗ്രാമ പഞ്ചായത്തുകളിലെ രൂക്ഷമായ വരൾച്ചയും കുടിവെള്ളക്ഷാമവും പരിഹരിക്കുന്നതിനായി സീതാർകുണ്ട് വെള്ളച്ചാട്ടം ചുള്ളിയാർ ഡാമിൽ എത്തിക്കുന്ന പദ്ധതിക്ക് രൂപം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) സീതാർകുണ്ട് മിനി ഡൈവേർഷൻ സ്കീം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) മൂന്ന് പഞ്ചായത്തുകളിലെ ജനങ്ങൾക്ക് ഏറെ ആശ്വാസം നൽകുന്ന പ്രസ്തുത പദ്ധതി തുടങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി -ഡി) സീതാർകുണ്ട് വെള്ളച്ചാട്ടം ചുള്ളിയാർ ഡാമിൽ എത്തിക്കുന്നതിന് ആവശ്യമായ പര്യവേഷണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പര്യവേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഇതിന്മേൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## വാമനപുരം ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലം കൈമാറൽ

176 (949) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ വാമനപുരം ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലം ടൂറിസം വകുപ്പിന് കൈമാറണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ജലസേചന വകുപ്പിന്റെ ട്രെയിനിംഗ് സെന്റർ നിർമ്മാണത്തിനായി ടി സ്ഥലം ആവശ്യമുള്ളതിനാൽ ടൂറിസം വകുപ്പിന് സ്ഥലം നൽകണമെന്ന ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

**നാദാപുരം മണ്ഡലത്തിലെ ജലസേചന പദ്ധതികൾ**

177 (950) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ നിലവിലുള്ള ജലസേചന പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; പുതിയ പദ്ധതികൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ വന്നതിന് ശേഷം നാദാപുരം മണ്ഡലത്തിൽ ഏതെല്ലാം ജലസേചന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) കുന്നുമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി എന്ന് കമ്മീഷൻ ചെയ്യുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ;

(ഡി) കുന്നുമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യാൻ നിലവിലുള്ള പ്രയാസങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) നാദാപുരം മണ്ഡലത്തിലെ മുമ്പ് പൂർത്തിയാക്കിയ ജലസേചന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ചെക്യാട് പഞ്ചായത്തിലെ മുണ്ടത്തോടിന് കുറുകെ ഉപ്പുവെള്ള പ്രതിരോധ തടയണ.
2. മരുതോങ്കര പഞ്ചായത്തിലെ നെട്ടുവാൽ പുഴയ്ക്ക് കുറുകെ വെട്ടിക്കൽ കടവിൽ ചെക്ക് ഡാം.
3. മരുതോങ്കര പഞ്ചായത്തിലെ കുഴിക്കാട് താഴെ തോടിന് കുറുകെ ചെക്ക് ഡാം.
4. കാവിലുംപാറ പഞ്ചായത്തിലെ ചാപ്പൻതോട്ടം തോടിന് കുറുകെ ചെക്ക് ഡാം.
5. കുന്നുമ്മൽ പഞ്ചായത്തിലെ അമ്പലക്കുളങ്ങര തോടിനുകുറുകെ വി.സി.ബി.
6. വളയം പഞ്ചായത്തിലെ അരുവിക്കര തോടിനു കുറുകെ വി.സി.ബി.

നാദാപുരം മണ്ഡലത്തിൽ മാഹിപ്പുഴയ്ക്ക് കുറുകെ കൊയാമ്പ്രം കടവിൽ ഒരു റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കാനുള്ള പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അനുയോജ്യമായ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്.

ജലസേചന പദ്ധതി വിഭാഗം 1-ന് കീഴിലുള്ളതും നാദാപുരം മണ്ഡലത്തിൽ ഉൾപ്പെട്ടതുമായ ജലസേചന പദ്ധതിയാണ് കുറ്റ്യാടി ജലസേചന പദ്ധതി. ടി. പദ്ധതി പൂർത്തീകരിച്ചതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാദാപുരം മണ്ഡലത്തിൽ ജലസേചന പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(സി) കുന്നുമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി 2018 മാർച്ച് മാസത്തോടെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) കേരള ജല അതോറിറ്റി നടപ്പിലാക്കുന്ന കുന്നുമ്മൽ അനുബന്ധ കുടിവെള്ള പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കി പൈപ്പ് ലൈൻ ചാർജ്ജിംഗ് പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ചാർജ്ജിംഗ് സമയത്ത് പൈപ്പ് ലൈനിലുണ്ടാകുന്ന തകരാറുകൾ പരിഹരിക്കുന്നതിന് റോഡ് മുറിക്കുന്നതിന് പി.ഡബ്ല്യൂ.ഡി. അനുവാദം കിട്ടാൻ പ്രയാസം നേരിടുന്നുണ്ട്. എങ്കിലും 2018 മാർച്ച് മാസത്തിൽതന്നെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കായംകുളം മണ്ഡലത്തിലെ വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ

178 (951) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 കാലഘട്ടത്തിൽ കായംകുളം മണ്ഡലത്തിൽ വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിനും ചെലവഴിച്ച തുക എത്രയാണെന്നും നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ, ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ എന്നിവയുടെ നിലവിലെ പുരോഗതിയെന്താണെന്നും വിശദമാക്കുമോ?

ഉത്തരം

2016-17 കാലഘട്ടത്തിൽ കായംകുളം മണ്ഡലത്തിൽ വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വാമനപുരം മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

179 (952) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഈ സർക്കാർ നിലവിൽ വന്നശേഷം അനുവദിച്ച പദ്ധതികൾ ഏതൊക്കെയെന്നും ഓരോന്നിന്റെയും പുരോഗതി വിശദമാക്കാമോ;

(ബി) ടി മണ്ഡലത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം (2016-17) ഇറിഗേഷൻ വകുപ്പ് നടപ്പിലാക്കിയ മേജർ & മൈനർ ഇറിഗേഷൻ പദ്ധതികൾക്കുവേണ്ടി ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വാമനപുരം മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഈ സർക്കാർ നിലവിൽ വന്നശേഷം എസ്.സി./എസ്.ടി. കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി 104.67 ലക്ഷം രൂപയുടെ പണികളാണ് പൂർത്തിയാക്കിയിട്ടുള്ളത്. കൂടാതെ സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി 123 ലക്ഷം രൂപയുടെ പണികൾ നടന്നുവരുന്നു. പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) മൈനർ ഇറിഗേഷൻ പദ്ധതികൾക്കുവേണ്ടി ചെലവഴിച്ച തുക - 81,68,384 രൂപ.

മേജർ ഇറിഗേഷൻ പദ്ധതികൾക്കുവേണ്ടി ചെലവഴിച്ച തുക - 1,07,62,060 രൂപ.

## വാട്ടർ അതോറിറ്റിയിലെ പെൻഷൻകാരുടെ പെൻഷൻ കുടിശ്ശികത്തുക

180 (953) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ പെൻഷൻകാരുടെ പെൻഷൻ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ അവർക്ക് ലഭിക്കേണ്ട പെൻഷൻ കുടിശ്ശികത്തുക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന സർവ്വീസിലെ പെൻഷൻകാർക്ക് പെൻഷൻ പരിഷ്കരിച്ച് അതിന്റെ കുടിശ്ശിക രണ്ട് ഗഡു വിതരണം ചെയ്ത് കഴിഞ്ഞ സാഹചര്യത്തിൽ വാട്ടർ അതോറിറ്റി പെൻഷൻകാരുടെ കുടിശ്ശിക അടിയന്തിരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്. 14-3-2017-ലെ സ.ഉ.(പി)നമ്പർ 36/2017/ഫിൻ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി & സി) കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക ബുദ്ധിമുട്ടുമൂലം പെൻഷൻ പരിഷ്കരണം കാരണം ഉണ്ടായിട്ടുള്ള കുടിശ്ശികത്തുക വിതരണം നടത്താൻ കഴിഞ്ഞിട്ടില്ല.

## കാരാപ്പുഴ ജലസേചന പദ്ധതി

181 (954) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ കാരാപ്പുഴ ജലസേചന പദ്ധതിക്കായി ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം നൽകാൻ കുടിശ്ശികയുണ്ടോ;

(ബി) ഇത്തരത്തിൽ ഏറ്റെടുക്കാൻ നിശ്ചയിച്ച ഭൂമിക്ക് നഷ്ടപരിഹാരം നൽകുന്നതിനായി സ്വീകരിച്ച നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത ആവശ്യത്തിനായി 19,06,972 രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## കരാക്കാട് ത്രാങ്ങാലി പാടശേഖരങ്ങളിലെ ജലസേചനം

182 (955) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താളം തെറ്റിയ കാലവർഷം നെൽക്കൃഷിയെ സാരമായി ബാധിച്ചിട്ടുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടാമ്പി മണ്ഡലത്തിലെ കരാക്കാട്, ഷൊർണൂർ മണ്ഡലത്തിലെ ത്രിങ്ങാലി എന്നീ പാട ശേഖരങ്ങളിലെ 150 ഏക്കർ നെൽക്കൃഷി ജലസേചന പദ്ധതിയുടെ കാര്യക്ഷമതയുടെ കുറവിനാൽ ഉണങ്ങി നശിക്കാൻ ഇടയാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് ശാശ്വത പരിഹാരം കൃഷി വകുപ്പുമായി ഏകോപിപ്പിച്ച് സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പട്ടാമ്പി മണ്ഡലത്തിലെ കരാക്കാട് പാടശേഖരത്തിൽ കണ്ണമ്പാറ എൽ.ഐ. സ്കീമിൽനിന്നും ഷൊർണ്ണൂർ മണ്ഡലത്തിലെ ത്രാങ്ങാലി പാടശേഖരത്തിൽ ത്രാങ്ങാലി എൽ.ഐ. സ്കീമിൽനിന്നും നിലവിൽ പമ്പിംഗ് നടത്തുന്നുണ്ട്. കനാലുകളുടെയും മോട്ടോറുകളുടെയും കാലപ്പഴക്കംമൂലമാണ് പമ്പിംഗ് നടത്തിയാലും വെള്ളം പൂർണ്ണമായി പാടശേഖരങ്ങളിലേയ്ക്ക് എത്താത്തത്. എൽ.ഐ. സ്കീമുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയും കൃഷി വകുപ്പുമായി ഏകോപിപ്പിച്ചും പൂർണ്ണമായ ഗുണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ഡാമുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ**

183 (956) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ അഞ്ച് വർഷത്തിന് മുകളിലായി പ്രഖ്യാപിച്ച പട്ടിശ്ശേരി ഡാം, അപ്പർചട്ടനാർ ചെക്ക്ഡാം എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നത്തിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത ഡാമുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കാവേരി നദീജല ട്രിബ്യൂണലിന്റെ വിധിപ്രകാരം കേരളത്തിനനുവദിച്ച 30 ടി.എം.സി. ജലത്തിൽ പാമ്പാർ ബേസിനുവേണ്ടി അനുവദിക്കപ്പെട്ട 3 ടി.എം.സി. ജലം സംഭരിക്കുന്നതിനുവേണ്ടി വിഭാവനം ചെയ്തിട്ടുള്ള പാമ്പാർ ബേസിൻ പ്രോജക്ടിൽ ഉൾപ്പെടുത്തി ചെയ്യുന്ന ഡാമുകളിൽ ദേവികുളം മണ്ഡലത്തിൽ വരുന്ന പട്ടിശ്ശേരി ഡാമിന്റെ (0.078 TMC) നിർമ്മാണത്തിനുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച് വർക്ക് ടെണ്ടർ ചെയ്ത് പണികൾ ആരംഭിച്ചിരുന്നു. എന്നാൽ ഫൗണ്ടേഷനുവേണ്ടി എർത്ത് വർക്ക് എസ്കവേഷൻ നടത്തിയപ്പോൾ ഹാർഡ് റോക്ക് ലെവൽ എത്തുന്നതിന് ഡിസൈൻ പ്രകാരമുള്ള ലെവലിൽനിന്നും ഏതാണ്ട് 10 മീറ്ററോളം അധികം താഴ്ത്തേണ്ടിവന്നതിനാൽ ഡാമിന്റെ ഡിസൈൻ മാറുകയും പുതുക്കിയ ഡിസൈൻ പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി സർക്കാരിൽ ലഭിക്കുകയും ചെയ്തു. ഈ അവസരത്തിൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ ബാക്കി പണികൾ എഗ്രിമെന്റ് പ്രകാരമുള്ള

നിരക്കിൽ ചെയ്യാൻ വിസമ്മതിച്ചതിനാൽ കോൺട്രാക്ട് ടെർമിനേറ്റ് ചെയ്ത് വർക്ക് റീ-ടെണ്ടർ ചെയ്യാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലെ കരാറുകാരന്റെ കരാർ അവസാനിപ്പിക്കുകയുണ്ടായി. ഇതിനെതിരെ കോൺട്രാക്ടർ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും കോൺട്രാക്ടറുമായി ഇക്കാര്യത്തിൽ ഹിയറിംഗ് നടത്തി തീരുമാനമെടുക്കാൻ സർക്കാരിനോട് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുമുണ്ട്. കൂടാതെ ടെർമിനേഷൻ ഉത്തരവ് റദ്ദ് ചെയ്തതായി ബഹുമാനപ്പെട്ട ഹൈക്കോടതി അറിയിച്ചിട്ടുണ്ട്. അതിനാൽ കോടതി വിധി വിശദമായി പരിശോധിച്ച് അതിന്മേൽ തുടർ നടപടി സ്വീകരിച്ചതിനുശേഷം മാത്രമേ പട്ടിശ്ശേരി ഡാമിന്റെ ബാക്കി പണികൾ പുനരാരംഭിക്കാൻ സാധിക്കുകയുള്ളൂ.

ദേവികുളം മണ്ഡലത്തിൽ വരുന്ന അപ്പർചട്ട, ലോവർചട്ട, മൂന്നാർ ഡാമുകളിലെ സർവ്വേ നടപടികൾ തലയാർ ടി കമ്പനിയുടെ എതിർപ്പുമൂലം ദീർഘനാളായി തടസ്സപ്പെട്ടിരുന്നെങ്കിലും ഇടുക്കി ജില്ലാ കളക്ടറുടെ പ്രത്യേക ഉത്തരവുപ്രകാരം ഇപ്പോൾ പര്യവേഷണ ജോലികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) അപ്പർചട്ട, ലോവർചട്ട, മൂന്നാർ ഡാമുകളിലെ സർവ്വേ നടപടികൾ പൂർത്തിയാക്കി മണ്ണ് പര്യവേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഐ.ഡി.ആർ.ബി. തയ്യാറാക്കുന്ന ഡിസൈൻ പ്രകാരം വിശദമായ പദ്ധതിരേഖ തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതിന് നടപടികൾ നടന്നുവരുന്നു.

**കിഫ്ബിയിൽ ഉൾപ്പെട്ട കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ**

184 (957) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കിഫ്ബിയിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയുടെ എത്ര പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; ഇതിൽ ഏതെല്ലാം പദ്ധതികളുടെ എഗ്രിമെന്റ് ഒപ്പ് വച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) 2017-18 വർഷത്തിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭ്യമാക്കി പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ മോണിട്ടറിംഗ് ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് സജ്ജമാക്കിയിട്ടുള്ളത്; പദ്ധതികൾ പ്ലാനിംഗ് ബോർഡിന്റെ പ്ലാൻ സ്പേസ് സംവിധാനം വഴി മോണിറ്ററിംഗ് നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിഫ്ബിയിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയുടെ 23 ജലവിതരണ പദ്ധതികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ 23 കുടിവെള്ള പദ്ധതികൾ 55 പാക്കേജുകളിലായാണ് നടപ്പിലാക്കുന്നത്. 18 പദ്ധതികളുടെ 24 പാക്കേജുകൾക്ക് എഗ്രിമെന്റ് ഒപ്പുവച്ചു. എഗ്രിമെന്റ് ഒപ്പുവെച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) 2017-18 ബജറ്റിൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച 35 കുടിവെള്ള പദ്ധതികളിൽ 4 പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. 9 പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടുകൾക്ക് തത്വത്തിൽ അംഗീകാരം നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ബാക്കിയുള്ള പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടുകൾ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു. മേൽപ്പറഞ്ഞ പദ്ധതികൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. പദ്ധതികളുടെ പണികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.

ഈ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു*.

ഇതുകൂടാതെ സംസ്ഥാനത്തെ 148 സ്കീമുകളിലെ കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 2016-17-ലെ പുതുക്കിയ ബജറ്റ് പ്രകാരം കിഫ്ബിയിലുൾപ്പെടുത്തി 433.33 കോടി രൂപയുടെ പ്രൊപ്പോസലിന് തത്വത്തിൽ അംഗീകാരം നൽകുകയും ഇപ്പോൾ കിഫ്ബിയുടെ പരിഗണനയിലുമാണ്. കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കിഫ്ബി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനായി ജല അതോറിറ്റി ഹെഡ് ഓഫീസിൽ ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രത്യേക യൂണിറ്റ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇവയുടെ ടെണ്ടർ നടപടികൾ വേഗത്തിലാക്കുന്നതിന് റീജിയണൽ ചീഫ് എഞ്ചിനീയർമാരുടെ ഓഫീസുകളിലും സർക്കിൾ ഓഫീസുകളിലും പ്രത്യേക കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രീക്വാളിഫിക്കേഷന് ശേഷം പ്രൈസ് ബിഡ് തുറന്ന്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ നേരിട്ട് കേന്ദ്ര കാര്യാലയത്തിലേയ്ക്ക് അയയ്ക്കുന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഫാസ്റ്റ് ട്രാക്ക് സംവിധാനം നടപ്പാക്കിയതിനാൽ കുറഞ്ഞ സമയത്തിനകം 35 പ്രവൃത്തികൾ ടെണ്ടർ ചെയ്ത് 24 എണ്ണത്തിന്റെ പ്രവൃത്തികൾ ആരംഭിക്കാനും കഴിഞ്ഞു.

കിഫ്ബി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി മോണിറ്ററിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ വിവിധ തലങ്ങളിൽ നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഉണ്ടായേക്കാവുന്ന നടപടിക്രമങ്ങളിലെ കാലതാമസം പരമാവധി ഒഴിവാക്കിയാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്.

കിഫ്ബിയിലെ രണ്ട് പദ്ധതികൾ 2018 മാർച്ച് മാസത്തോടെ പൂർത്തിയാക്കി ജലവിതരണം ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കിഫ്ബി പദ്ധതികൾ പ്ലാനിംഗ് ബോർഡിന്റെ പ്ലാൻ സ്പേസ് സംവിധാനംവഴി മോണിറ്ററിംഗ് ചെയ്യുന്നതിനുള്ള സംവിധാനം ഇപ്പോൾ ആയിട്ടില്ല.

**തിരുവമ്പാടി മണ്ഡലത്തിലെ ജലസേചന പ്രവൃത്തികൾ**

185 (958) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തിരുവമ്പാടി മണ്ഡലത്തിൽ ജലസേചനം, ചെറുകിട ജലസേചനം എന്നിവയ്ക്കായി അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും അടങ്കൽ തുക, പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്നിവയും വിശദമാക്കുമോ;

(ബി) തിരുവമ്പാടി മണ്ഡലത്തിൽ ജലസേചന വകുപ്പിന്റെ ഭരണാനുമതിക്കായി സമർപ്പിച്ച മൈനർ-മേജർ പദ്ധതി നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി കൊടുത്തിരിക്കുന്നു.*

(ബി) സാമ്പത്തിക ഭരണാനുമതിയ്ക്കായി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

1. കൊടിയത്തൂർ ഗ്രാമപഞ്ചാത്തിൽ കുണ്ടുകടവ്, ചെറുവാടിയിൽ, ചാലിയാർ പുഴയുടെ വലതുകര സംരക്ഷണം -35.00 ലക്ഷം
2. കാരശ്ശേരി പഞ്ചായത്തിൽ കക്കാട് ജലനിധി പദ്ധതിക്കുസമീപം ഇരവഞ്ഞിപ്പുഴയുടെ ഇടതുകര സംരക്ഷണം - 22.00 ലക്ഷം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3. കോടഞ്ചേരി പഞ്ചായത്തിൽ വാർഡ് 3-ൽ തേക്കും തോട്ടം എന്ന സ്ഥലത്ത് ചാലിപ്പുഴയുടെ വലതുകര സംരക്ഷണം - 23.00 ലക്ഷം

4. തിരുവമ്പാടി പഞ്ചായത്തിൽ കാളിയമ്പുഴ ഭാഗത്ത് ഇരവഞ്ഞിപ്പുഴയുടെ ഇടതുകര സംരക്ഷണം - 13.25 ലക്ഷം

5. കൊടിയത്തൂർ ഗ്രാമപഞ്ചായത്തിൽ തോട്ടമുഖം ഗവ. യു.പി. സ്കൂളിന് സമീപം പെരുവംപൊയിൽ തോടിന്റെ ഇടതുകര സംരക്ഷണം - 9.00 ലക്ഷം.

**തോടുകളുടെയും നദികളുടെയും വശങ്ങൾ ഭിത്തികെട്ടി സംരക്ഷിക്കുന്നതിന് പദ്ധതി**

186 (959) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോടുകളുടെയും നദികളുടെയും വശങ്ങൾ ഭിത്തികെട്ടി സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കുന്നത്;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ സർക്കാർ ഭൂമി നഷ്ടപ്പെടാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) തോടുകളുടെയും നദികളുടെയും വശങ്ങൾ ഭിത്തികെട്ടി സംരക്ഷിക്കുന്നതിന് വെള്ളപ്പൊക്ക നിയന്ത്രണം (FC), വെള്ളപ്പൊക്ക കെടുതി (FD) എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്.

(ബി) നിലവിലുള്ള തോടുകളുടെയും നദികളുടെയും വീതിയിൽ വ്യത്യാസം വരുത്താതെ റവന്യൂ അധികൃതർ മുഖേന അളന്നതിട്ടപ്പെടുത്തി കല്ലിട്ടതിനുശേഷം മാത്രമേ പണി ആരംഭിക്കാൻ പാടുള്ളൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഭാരതപ്പുഴയിലെ തടയണകൾ മോണിറ്റർ ചെയ്യാൻ നടപടി**

187 (960) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയിലും അതിൽ വന്നു ചേരുന്ന പ്രധാന പുഴകളിലുമായി വലുതും ചെറുതുമായ എത്ര തടയണകൾ പണിതീർത്തിട്ടുണ്ട്; അവയുടെ പേര് വിവരങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇനിയും പണി പൂർത്തീകരിയ്ക്കാനുള്ള തടയണകൾ എത്ര എണ്ണമുണ്ട്; അവയുടെ പേര് വിവരങ്ങൾ അറിയിക്കുമോ;

(സി) കൃഷിയ്ക്കും ശുദ്ധജല ലഭ്യതയ്ക്കും മറ്റുമായി പണിതീർത്തതും തൃശ്ശൂർ , പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലെ കർഷകർക്കും ജനങ്ങൾക്കും പ്രയോജനം ചെയ്യുന്നതുമായ തടയണകളിലെ ജലം അതിന്റെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് കൃഷി, ജലസേചനം എന്നീ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തി മോണിറ്റർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പണി പൂർത്തിയാകാത്ത മൂന്ന് തടയണകളുടെ വിവരം ചുവടെ ചേർക്കുന്നു:

1. മണ്ണാത്തിപ്പാറ ചെക്ക് ഡാം, ഭാരതപ്പുഴ -തൂപ്പനാട് പുഴ

2. പാലപ്പെറ്റ ചെക്ക് ഡാം, ഭാരതപ്പുഴ-കണ്ണാടിപ്പുഴ

3. വള്ളത്തോൾ നഗർ പഞ്ചായത്തിൽ ചെറുതുരുത്തിയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള തടയണ.

(സി) തടയണകളിലെ ജലം അതിന്റെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്ന് കൃഷി വകുപ്പുമായി സംയോജിച്ച് മോണിറ്റർ ചെയ്യുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**കുട്ടനാട്ടിലെ കുടിവെള്ള പദ്ധതി**

188 (961) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ 13 പഞ്ചായത്തുകളിൽ കുടിവെള്ളം എത്തിക്കുന്നതിനായി 13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച 70 കോടി രൂപയുടെ പ്രവൃത്തി എന്ന് പൂർത്തീകരിക്കും എന്ന് അറിയിക്കുമോ;

(ബി) സമഗ്ര കുടിവെള്ള പദ്ധതിയിൽ കുട്ടനാടിന് കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച 215 കോടി രൂപയുടെ പദ്ധതി ഏത് ഘട്ടത്തിലാണ്;

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കുട്ടനാട്ടിലെ 13 പഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കുന്നതിനായി 13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച 70 കോടി രൂപയുടെ പ്രവൃത്തിയിൽ ഉൾപ്പെട്ട ഘടകങ്ങൾ താഴെപ്പറയുന്നു.

1. ട്രാൻസ്മിഷൻ സിസ്റ്റം 1
2. ട്രാൻസ്മിഷൻ സിസ്റ്റം 2
3. വിതരണ ശൃംഖല
4. ഉപരിതല ജലസംഭരണികൾ - 2 എണ്ണം
5. നിലവിലുള്ള ട്രാൻസ്മിഷൻ ലൈനുകളുടെ ബലപ്പെടുത്തൽ
6. നിലവിലുള്ള വിതരണ ശൃംഖലകളുടെ ബലപ്പെടുത്തൽ

ഈ ഘടകങ്ങൾ നാല് പാക്കേജായി ടെണ്ടർ ചെയ്യാനാണുദ്ദേശിച്ചത്.

1. ട്രാൻസ്മിഷൻ സിസ്റ്റം 1
2. ട്രാൻസ്മിഷൻ സിസ്റ്റം 2
3. വിതരണ ശൃംഖല-1, ഉപരിതല ജലസംഭരണി - 1
4. വിതരണ ശൃംഖല-2, രണ്ടാമത്തെ ഉപരിതല ജലസംഭരണി.

മേൽ സൂചിപ്പിച്ച പാക്കേജുകളിൽ 1, 2, 3 എന്നിവയുടെ കരാർ ഉറപ്പിച്ച് പ്രവൃത്തി നടന്നുവരുന്നു. തുടർനടപടികൾ പൂർത്തീകരിച്ച് 31-5-2018-ന് മുമ്പായി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

നാലാമത്തെ പാക്കേജിലെ ഘടകങ്ങൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കുട്ടനാട് കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് 2017-18 ബജറ്റിൽ കിഫ്ബിയിലുൾപ്പെടുത്തി 195 കോടി രൂപ വകയിരുത്തിയിരുന്നു. ഡി.എസ്.ആർ. 2016 പ്രകാരം 230 കോടി രൂപയുടെ വിശദമായ സാങ്കേതിക റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

(സി) കുട്ടനാട്ടിലെ മഴക്കാലത്തുണ്ടാകുന്ന വെള്ളപ്പൊക്കവും മണ്ണിന്റെ അവസ്ഥയുംമൂലം വർഷത്തിൽ നാലോ അഞ്ചോ മാസങ്ങളിൽ മാത്രമേ പൈപ്പ് ഇടാൻ സാധിക്കുകയുള്ളൂ. കൂടാതെ ഭൂമി ലഭ്യമാക്കൽ, റോഡ് കട്ടിംഗ് അനുമതി ലഭ്യമാക്കൽ തുടങ്ങിയവ ഉറപ്പുവരുത്തി മാത്രമേ പദ്ധതി പൂർത്തീകരണ തീയതി തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

## കൃഷിക്കാവശ്യമായ വെള്ളം എത്തിക്കുന്നതിനാവശ്യമായ നടപടി

189 (962) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ഐ.പി.,പി.ഐ.പി. കനാലുകളിലൂടെ മാവേലിക്കര മണ്ഡലത്തിലെ കൃഷിക്കാവശ്യമായ വെള്ളം അടിയന്തരമായി എത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) നിലവിൽ ഇതിനെന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; ഈ വർഷം എന്നു വെള്ളമെത്തിക്കുവാൻ കഴിയും;

(സി) പി.ഐ.പി. കനാലിൽ കഴിഞ്ഞ വർഷവും വെള്ളമെത്തിക്കുവാൻ കഴിഞ്ഞില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പി.ഐ.പി.- യുടെ ഭാഗമായി എത്ര ജീവനക്കാർ ജോലി ചെയ്യുന്നു; ഇവരുടെ ജോലിയുടെ സ്വഭാവം വിശദമാക്കുമോ; ഇവരുടെ ജോലിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വലിയ തോതിൽ ചോർച്ച അനുഭവപ്പെടുന്നുണ്ട്. അത് പരിഹരിച്ച് ജനുവരി 25-ഓടുകൂടി വെള്ളമെത്തിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ജലം കനാലിലൂടെ തുറന്നുവിട്ടതിനെത്തുടർന്ന് വടശ്ശേരിക്കരയിൽ കനാൽ ബ്രീച്ച് ഉണ്ടായത് പരിഹരിക്കാൻ സമയമെടുത്തതുകാരണം കഴിഞ്ഞ വർഷം ജലവിതരണം തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.ഐ.പി. ചെങ്ങന്നൂർ ഡിവിഷനുകീഴിൽ 51 സ്ഥിരം ജീവനക്കാരും 55 താൽക്കാലിക ജീവനക്കാരും ഉണ്ട്. അവരുടെ ജോലിയുടെ സ്വഭാവം അനുബന്ധമായി ചേർക്കുന്നു.*

ജലവിതരണവുമായി ബന്ധപ്പെട്ട് മീറ്റിംഗുകൾ വിളിച്ചുകൂട്ടുകയും പ്രസ്തുത മീറ്റിംഗിൽ ജലവിതരണം സമയബന്ധിതമായി നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മങ്കട കടലുണ്ടിപ്പുഴയിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ്

190 (963) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബജറ്റിൽ മങ്കട നിയോജകമണ്ഡലത്തിലെ മോതിക്കയത്ത് കടലുണ്ടിപ്പുഴയിൽ ആർ.സി.ബി. നിർമ്മിക്കുന്നതിന് അനുവദിച്ച 70 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഡി.പി.ആർ. തയ്യാറാക്കുവാൻ നിയോഗിച്ച കെ.ഐ.ഐ.ഡി.സി. (Kerala Irrigation Infrastructure Development Corporation) കിഫ്ബിക്ക് പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ& ബി) ജലസേചന വകുപ്പിൽനിന്നും പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ കെ.ഐ.ഐ.ഡി.സി. ആരംഭിച്ചിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കിയതിനുശേഷം മാത്രമേ കിഫ്ബിക്ക് പദ്ധതി സമർപ്പിക്കാൻ കഴിയുകയുള്ളൂ.

## തലശ്ശേരി ചൊക്ലി പഞ്ചായത്തിലെ റെഗുലേറ്റർ കം ബ്രിഡ്ജ്

191 (964) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ തലശ്ശേരി നിയോജകമണ്ഡലം ചൊക്ലി പഞ്ചായത്തിലെ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുവാൻ ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ഉള്ളതെന്നും ആയതിന് എപ്പോൾ ഭരണാനുമതി ലഭ്യമാവും എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) തലശ്ശേരി മണ്ഡലത്തിലെ ചൊക്ലി ഗ്രാമപഞ്ചായത്തിൽ ഒളിവിലം പാത്തിക്കൽ എന്ന സ്ഥലത്ത് റെഗുലേറ്റർ കം ബ്രിഡ്ജ് നിർദ്ദിഷ്ട മാഹി-വളപട്ടണം ദേശീയ ജലപാതയിലാണ് വരുന്നത്. ആയതിനാൽ ഇവിടെ റെഗുലേറ്റർ കം ബ്രിഡ്ജ് അപര്യാപ്തമാണ്. മാഹി-വളപട്ടണം ദേശീയ ജലപാതയിൽ റോഡ് പാലത്തോടുകൂടിയ ലോക്കിന്റെ പ്രൊപ്പോസൽ ഉണ്ട്. മാഹി-വളപട്ടണം ദേശീയ ജലപാത നിർമ്മാണവും അനുബന്ധ പ്രവൃത്തികളും കിഫ്ബിയിലുൾപ്പെടുത്തി SPV ആയ കേരള വാട്ടർ വെയ്സ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KWIL) വഴി നടപ്പിലാക്കുന്നതിനായി 20-12-2017-ലെ G.O. (Rt)No.27/2017/CSIN പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

## നട്ടിക്കടവിൽ റെഗുലേറ്റർ കം ബ്രിഡ്ജ്

192 (965) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവിൽ പെരുമ്പപുഴയ്ക്ക് കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് പര്യവേഷണ പ്രവൃത്തി പൂർത്തീകരിച്ച സാഹചര്യത്തിൽ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി നബാർഡിലോ, കിഫ്ബിയിലോ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ& ബി) പ്രസ്തുത പദ്ധതിയുടെ പര്യവേഷണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഡിസൈനും വിശദമായ എസ്റ്റിമേറ്റും ലഭ്യമാകുന്ന മുറയ്ക്ക് അനുയോജ്യമായ ഹെഡ് ഓഫ് അക്കൗണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## പെരിയാർ വാലി പ്രോജക്റ്റ്

193 (966) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ ഭൂതത്താൻകെട്ട് ബാരേജിനു സമീപം 15 വീടുകൾ ഒഴുകിപോയതിനെത്തുടർന്ന് പെരിയാർ വാലിയുടെ വെള്ളം കെട്ടിച്ചാൽ എന്ന സ്ഥലത്ത് കുടിൽ കെട്ടി താമസിക്കുന്നവരെ പുനരധിവസിപ്പിക്കുവാനുള്ള നടപടിയുടെ പുരോഗതി വിശദീകരിക്കാമോ;

(ബി) പെരിയാർ വാലി പ്രോജക്ടിന് ആവശ്യമല്ലാത്തതും പി.വി.ഐ.പി. യുടെ കൈവശം ഇരിക്കുന്നതുമായ ഭൂമി പുനരധിവാസത്തിന് ഉപയോഗിക്കുന്നതിന് തടസ്സമുണ്ടോ; വിശദീകരിക്കാമോ;

(സി) ഇവരുടെ പുനരധിവാസവുമായി പിണ്ടിമന ഗ്രാമപഞ്ചായത്തും, എം.എൽ.എ.- യും സമർപ്പിച്ച നിവേദനങ്ങളിൽ എന്ത് തീരുമാനമെടുത്തു എന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ&ബി) പി.വി.ഐ.പി.-യുടെ കൈവശമിരിക്കുന്ന ഭൂമി പുനരധിവാസത്തിന് ഉപയോഗിക്കുന്നതിന് തടസ്സമില്ലാത്തതും പി.വി.ഐ.പി.-യുടെ ആലുവ ഡിവിഷനുകീഴിലുള്ള കോലഞ്ചേരി സബ് ഡിവിഷൻ നമ്പർ 7-ന്റെ പരിധിയിൽ ഉപയോഗരഹിതമായി നിലകൊള്ളുന്ന 0.7757 ഹെക്ടർ ഭൂമി ലൈഫ് മിഷന്റെ പരിധിയിൽപ്പെടുത്തി ഭവനനിർമ്മാണത്തിനായി പരിഗണിക്കാവുന്നതുമാണ്.

(സി) പുനരധിവാസം സംബന്ധിച്ച ശിപാർശയിന്മേൽ നടപടി സ്വീകരിക്കേണ്ടത് റവന്യൂ വകുപ്പാണ്. റവന്യൂ വകുപ്പിൽനിന്നും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യം പരിശോധിക്കാൻ കഴിയുകയുള്ളൂ.

**ചൊക്ലി കുടിവെള്ള പദ്ധതി**

194 (967) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി കുടിവെള്ള പദ്ധതിയുടെ (തലശ്ശേരി-കുത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതി) നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ആയതിന് ഭരണാനുമതി എന്ന് ലഭ്യമാവുമെന്നും അതിന്റെ ഇനിയുള്ള നടപടിക്രമങ്ങൾ എന്താണെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ചൊക്ലി കുടിവെള്ള പദ്ധതി (തലശ്ശേരി-കുത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതി) യുടെ DSR 2016 പ്രകാരം 80.14 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭൂഗർഭ ജലനിരപ്പ്**

195 (968) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭജലനിരപ്പ് അപകടകരമാംവിധം താണുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ വർഷവും ഭൂഗർഭജലനിരപ്പ് താണുകൊണ്ടിരിക്കുന്നതുമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) തണ്ണീർത്തട അറ്റ്ലസ് പ്രകാരം കേരളത്തിലുണ്ടായിരുന്ന തണ്ണീർത്തടങ്ങൾ എത്രയെന്നും അവയുടെ നിലവിലെ അവസ്ഥ എന്തെന്നും ഇവയെ സംരക്ഷിച്ച് കാർഷികമേഖലയുടെ സംരക്ഷണത്തിനും ജലലഭ്യത ഉറപ്പുവരുത്തുന്നതിനും എന്തു നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ;

(ഡി) ഭൂഗർഭജലനിരപ്പ് അപകടകരമാംവിധം താഴുന്നത് അതിജീവിക്കാൻ ജലവിഭവ വകുപ്പ് മറ്റ് വകുപ്പുകളുമായി സഹകരിച്ച് എന്തു നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഭൂജലവകുപ്പിന്റെ നിരീക്ഷണ കിണറുകളിലെ ജലവിതാന പഠന റിപ്പോർട്ട് പ്രകാരം നവംബർ 2017-ലെ ഭൂജലവിതാനം നവംബർ 2016-ലെ ഭൂജലവിതാനവുമായി താരതമ്യ പഠനം നടത്തിയതിൽനിന്നും സംസ്ഥാനത്തിലെ 89% കിണറുകളിൽ ജലവിതാനത്തിൽ ശരാശരി ½ മീറ്റർ മുതൽ 1 മീറ്റർ വരെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ 11% തുറന്ന കിണറുകളിൽ ഭൂജലവിതാനം കുറഞ്ഞതായി കാണുന്നു. ഇതിൽ 51% കിണറുകളിൽ ½ മീറ്ററിനുതാഴെയും 10% കിണറുകളിൽ ½ മീറ്റർ മുതൽ 1 മീറ്റർ വരെയും 21% കിണറുകളിൽ 1 മീറ്റർ മുതൽ 2 മീറ്റർ വരെയും 5% കിണറുകളിൽ 3 മുതൽ 4 മീറ്റർ വരെയും 3% കിണറുകളിൽ 4 മീറ്ററിൽ കൂടുതൽ ഭൂജലവിതാനത്തിൽ കുറവ് ഉള്ളതായി കാണുന്നു.

കരിങ്കൽ പ്രദേശങ്ങളിലെ കുഴൽക്കിണറുകളിലും (ബോർവെൽ) സ്ഥിതി സമാനമാണ്. 87% കുഴൽ കിണറുകളിൽ ജലവിതാനത്തിൽ ശരാശരി ½ മീറ്റർ മുതൽ 1 മീറ്റർ വരെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 13% കുഴൽ കിണറുകളിൽ ഭൂജലവിതാനം കുറഞ്ഞതായി കാണുന്നു. ഇതിൽ 50% കുഴൽകിണറുകളിൽ ½ മീറ്ററിനുതാഴെയും 18% കുഴൽക്കിണറുകളിൽ ½ മീറ്റർ മുതൽ 1 മീറ്റർ വരെയും 18% കുഴൽകിണറുകളിൽ 1 മീറ്റർ മുതൽ 2 മീറ്റർ വരെയും 3% കുഴൽക്കിണറുകളിൽ 2 മുതൽ 3 മീറ്റർ വരെയും 8% കുഴൽകിണറുകളിൽ 3 മുതൽ 4 മീറ്റർ വരെയും 3% കുഴൽക്കിണറുകളിൽ 4 മീറ്ററിൽ കൂടുതൽ ഭൂജലവിതാനത്തിൽ കുറവ് ഉള്ളതായി കാണുന്നു.

തീരപ്രദേശങ്ങളിലെ കുഴൽക്കിണറുകളിലും (ട്യൂബ് വെൽ) സ്ഥിതി സമാനമാണ്. 85% ട്യൂബ് വെല്ലുകളിൽ ജലവിതാനത്തിൽ ശരാശരി ½ മീറ്റർ മുതൽ 1 മീറ്റർ വരെ വർദ്ധനവുണ്ടായിട്ടുണ്ട്. 15% ട്യൂബ് വെല്ലുകളിൽ ഭൂജലവിതാനം കുറഞ്ഞതായി കാണുന്നു. ½ മീറ്ററിനുതാഴെയാണ് ഭൂജലവിതാനത്തിൽ കുറവുള്ളതായി കാണുന്നത്.

നവംബർ 2017-ലെ ഭൂജലവിതാനം ദശാബ്ദ ശരാശരി (2007-2016) യുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്ത് തുറന്ന കിണറുകളിൽ 47% കിണറുകളിലും ഭൂജലവിതാനം കുറഞ്ഞതായി കാണുന്നു. ഇതിൽ 67% കിണറുകളിൽ ½ മീറ്ററിനുതാഴെയും 20% കിണറുകളിൽ ½ മീറ്റർ മുതൽ 1 മീറ്റർ വരെയും 9% കിണറുകളിൽ 1 മീറ്റർ മുതൽ 2 മീറ്റർ വരെയും 2% കിണറുകളിൽ 2 മീറ്റർ മുതൽ 3 മീറ്റർ വരെയും 2% കിണറുകളിൽ 4 മീറ്ററിൽ കൂടുതൽ ഭൂജലവിതാനത്തിൽ കുറവുള്ളതായി കാണുന്നു.

കരിങ്കൽ പ്രദേശങ്ങളിലെ കുഴൽകിണറുകളിൽ (ബോർവെൽ) 46% കിണറുകളിലും ഭൂജലവിതാനം കുറഞ്ഞതായി കാണുന്നു. ഇതിൽ 43% കിണറുകളിൽ ½ മീറ്ററിനുതാഴെയും 19% കിണറുകളിൽ ½ മീറ്റർ മുതൽ 1 മീറ്റർ വരെയും 20% കിണറുകളിൽ 1 മീറ്റർ മുതൽ 2 മീറ്റർ വരെയും 5% കിണറുകളിൽ 2 മുതൽ 3 മീറ്റർ വരെയും 3% കിണറുകളിൽ 3 മുതൽ 4 വരെയും 9% കിണറുകളിൽ 4 മീറ്റർ കൂടുതൽ ഭൂജലവിതാനത്തിൽ കുറവുള്ളതായി കാണുന്നു.

തീരപ്രദേശങ്ങളിലെ ട്യൂബ് വെല്ലുകളിൽ 34% കിണറുകളിൽ ഭൂജലവിതാനം കുറഞ്ഞതായി കാണുന്നു. ഇതിൽ 69% ട്യൂബ് വെൽ-കളിൽ ½ മീറ്ററിനുതാഴെയും 23% ട്യൂബ് വെൽ-കളിൽ ½ മീറ്റർ മുതൽ 1 മീറ്റർ വരെയും 8% ട്യൂബ് വെല്ലുകളിൽ 4 മീറ്റർ കൂടുതൽ ഭൂജലവിതാനത്തിൽ കുറവുള്ളതായി കാണുന്നു.

തുടർച്ചയായി കഴിഞ്ഞ രണ്ടുവർഷങ്ങളിൽ (2015, 2016) സംസ്ഥാനത്ത് ലഭ്യമായ വാർഷിക മഴയുടെ തോത് സംസ്ഥാന ശരാശരിയെക്കാൾ (3000 മി.മീ.) കുറവായിരുന്നതും പ്രത്യേകിച്ചും കഴിഞ്ഞ വർഷത്തിൽ മഴയുടെ ലഭ്യതയിലുണ്ടായ ഗണ്യമായ കുറവും (36%) ഭൂജലവിതാനത്തിലുള്ള കുറവിനുകാരണമായിട്ടുണ്ട്.

(ബി) ഭൂഗർഭജലനിരപ്പ് താണുകൊണ്ടിരിക്കുന്നതുമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് ഭൂജലവകുപ്പ് ഇതുവരെ പഠനങ്ങളൊന്നുംതന്നെ നടത്തിയിട്ടില്ല.

(സി) കായലുകൾ ഉൾപ്പെടുന്ന തണ്ണീർത്തടങ്ങളുമായി ബന്ധപ്പെട്ട നോഡൽ ഏജൻസി സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാ വകുപ്പാണ്. വിശദാംശങ്ങൾ ജലവിഭവ വകുപ്പിൽ ലഭ്യമല്ല.

(ഡി) ഭൂജലവകുപ്പിനെ കൂടാതെ കൃഷി വകുപ്പ്, കേരള ജലസേചന വകുപ്പ്, സോയിൽ കൺസർവേഷൻ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് തുടങ്ങിയ വകുപ്പുകൾ വിപുലമായ രീതിയിൽ കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ കേരളത്തിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന ഹരിത കേരളം മിഷൻ പദ്ധതിയോട് ഭൂജലവകുപ്പ് ചേർന്ന് പ്രവർത്തിച്ചുവരുന്നു.

## വൈപ്പിൻ ഭാഗത്തേയ്ക്കുള്ള ശുദ്ധജല പൈപ്പ്

196 (969) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ ഭാഗത്തേക്കുള്ള ശുദ്ധജലപൈപ്പ്, വല്ലാർപാടം കണ്ടെയ്നർ ടെർമിനലിലേക്കുള്ള റെയിൽ ലൈൻ ഭാഗത്ത് എത്തുമ്പോൾ, വ്യാസം കുറഞ്ഞ പൈപ്പ് ഉപയോഗിച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം സംജാതമായ, ആവശ്യമായ അളവിലും മർദ്ദത്തിലും വെള്ളം പമ്പ് ചെയ്യാൻ കഴിയാത്ത സാഹചര്യം ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) വ്യാസം കുറഞ്ഞ പൈപ്പ് സ്ഥാപിച്ചിട്ട് എത്ര നാളായെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിനുള്ള തടസ്സം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വൈപ്പിൻ ഭാഗത്തേയ്ക്ക് വെള്ളം നൽകുന്നതിനായി പൈപ്പ് ലൈൻ റോഡ് മുതൽ വടുതല വരെ സ്ഥാപിച്ചിട്ടുള്ള 800 എം.എം. പൈപ്പ് ലൈനിൽ, 60 എം.എം. നീളം റെയിൽ ക്രോസ് ചെയ്യുന്ന ഭാഗത്തുമാത്രമാണ് 400 എം.എം. വ്യാസത്തിൽ സ്ഥാപിച്ചിട്ടുള്ളത്. ഇതുമൂലം സംഭവിക്കുന്ന വെള്ളത്തിന്റെ കുറവ് പരിഹരിക്കുന്നതിനായി 400 എം.എം. പി.വി.സി. പൈപ്പ് മാറ്റി 900 mm HDPE പൈപ്പ് 1200 mm കെയ്സിംഗ് പൈപ്പിനുള്ളിൽക്കൂടി സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിച്ചുവെങ്കിലും 183.6 മീ HDPE പൈപ്പ് മാത്രമേ സ്ഥാപിക്കാൻ കഴിഞ്ഞുള്ളൂ. റെയിലിനടിയിൽക്കൂടി 1200 mm എം.എസ്. പൈപ്പ് പുഷ്ത്രൂ ചെയ്ത് സ്ഥാപിക്കുന്നതിന് റെയിൽവേ നൽകിയ അനുമതി പ്രായോഗികമല്ലാത്തതിനാൽ ബാക്കി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് സാധിച്ചില്ല. ഈ അവസരത്തിൽ കരാറുകാരൻ കൊടുത്ത കോടതി വ്യവഹാരത്തിനുമേൽ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിക്കനുസൃതമായി പ്രസ്തുത പ്രവൃത്തി നിലവിൽ അവസാനിപ്പിച്ചിരിക്കുകയാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി നേരത്തെ നിർദ്ദേശിച്ചിരുന്ന ദിശയിൽനിന്നും പൈപ്പ് ലൈൻ മാറ്റി സമീപമുള്ള പേരണ്ടൂർ തോടുവഴി റെയിൽ ലൈനിന് കുറുകെ കടത്തി പുതിയ ദിശയിലൂടെ സ്ഥാപിക്കുന്നതിന് 4.25 കോടി രൂപ അടങ്കൽ കണക്കാക്കിയിട്ടുള്ള പദ്ധതി കേരള വാട്ടർ അതോറിറ്റി പരിഗണിച്ചുവരുന്നു.

(സി & ഡി) 2009-2010 കാലയളവിലാണ് നിലവിലുള്ള 400 എം.എം. പി.വി.സി. പൈപ്പ് സ്ഥാപിച്ചത്. നേരത്തെ വെള്ളം കടത്തിവിട്ടിരുന്ന 800 എം.എം. പൈപ്പിൽ കേടുപാടും സ്ഥാനഭ്രംശവും സംഭവിച്ചതുകാരണം അതിനുള്ളിൽക്കൂടി പരമാവധി സാധ്യമായിരുന്ന വ്യാസമുള്ള 400 എം.എം. പൈപ്പാണ് അന്ന് യുദ്ധകാലാടിസ്ഥാനത്തിൽ സ്ഥാപിച്ച് ജലവിതരണം പുനഃസ്ഥാപിച്ചിരുന്നത്. റെയിൽവേ ലൈൻ കുറുകെ കടക്കുന്നതിന് പ്രായോഗികമായ അനുമതി ലഭ്യമാകാത്തതാണ് പ്രധാന തടസ്സം. ഇതിനുപരിഹാരമായി പേരണ്ടൂർ കനാൽവഴി റെയിൽ ലൈനിന് കുറുകെ കടക്കാനുള്ള പദ്ധതി കേരള വാട്ടർ അതോറിറ്റി പരിഗണിച്ചുവരുന്നു.

**ജലസ്രോതസ്സുകൾ മലിനമാക്കപ്പെടുന്നത് തടയാൻ നടപടി**

197 (970) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളിലും, പുഴകളിലും തോടുകളിലും ഉപയോഗിക്കാതെ കിടക്കുന്ന കിണറുകളിലും ഒക്കെ മാലിന്യങ്ങൾ തള്ളി ജല സ്രോതസ്സുകൾ മലിനമാക്കപ്പെടുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പല പകർച്ചവ്യാധികളും പിടിപെടുന്നതും പടരുന്നതും മലിനജലത്തിലൂടെയാണ് എന്ന വസ്തുത കണക്കിലെടുത്ത് ജല സ്രോതസ്സുകൾ മലിനമാക്കുന്നത് കുറ്റകരവും കടുത്ത ശിക്ഷ ലഭിക്കുന്നതും ആണ് എന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ;എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ജലമലിനീകരണത്തിന് ഉത്തരവാദികളായവർക്കെതിരെ കടുത്ത ശിക്ഷാ നടപടി കൈക്കൊള്ളുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള ജലസേചനവും ജലസംരക്ഷണവും ആക്ട്-2003, ഓർഡിനൻസ് മുഖേന ഭേദഗതി വരുത്തി സെക്ഷൻ 37, ഉപസെക്ഷൻ (4) ആയി മാലിന്യം നിക്ഷേപിക്കുന്നത് കുറ്റകരമാക്കിക്കൊണ്ട് 7-12-2017-ന് 27/2017-ാം നമ്പർ ഓർഡിനൻസ് ബഹുമാനപ്പെട്ട കേരള ഗവർണർ അംഗീകരിച്ച് 08-12-2017-ലെ 24395/ലെജി.എഫ്.2/2017/ ലോ നമ്പർ പ്രകാരം നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. രണ്ട് ലക്ഷം രൂപവരെ പിഴയോ, മൂന്ന് വർഷം വരെ തടവോ രണ്ടുംകൂടി ഒന്നിച്ചോ ശിക്ഷ വിധിക്കുന്നതിന് ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിനെ ചുമതലപ്പെടുത്തിയാണ് നിയമഭേദഗതി കൊണ്ടുവന്നിട്ടുള്ളത്.

ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജലനിയമം 1974 പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവിടങ്ങളിൽനിന്നെല്ലാം പുറത്തുവിടുന്ന സ്വീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകും. ഈ സ്ഥാപനങ്ങളെ ജലനിയമപ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ ഗുണനിലവാരം മാസംതോറും തിട്ടപ്പെടുത്തി വാട്ടർ ക്വാളിറ്റി ഡയറക്ടറി എല്ലാ വർഷവും ബോർഡ് പ്രസിദ്ധീകരിക്കുന്നു.

ഇപ്രകാരം മലിനീകരണത്തിന് കാരണമാകുന്ന വ്യവസായ സ്ഥാപനങ്ങൾക്കും മറ്റും എതിരെ നിലവിലെ ജല നിയമപ്രകാരം നടപടി സ്വീകരിക്കാൻ സാധിക്കുന്നതാണ്. ഇത്തരം സ്ഥാപനങ്ങളെ അടച്ചുപൂട്ടുന്നതിനും ടി നിയമത്തിൽ വ്യവസ്ഥയുണ്ട്. വ്യവസായ മലിനീകരണത്തിനെതിരെ ഫലപ്രദമായ നിയന്ത്രണ സംവിധാനം നിലവിലുണ്ട്.

## ഹരിത കേരള മിഷൻ

198 (T*971) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരള മിഷന്റെ ഭാഗമായി മങ്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഹരിത കേരള മിഷന്റെ ഭാഗമായി ആദ്യഘട്ടത്തിൽ കുളങ്ങൾ, തോടുകൾ, കനാലുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിൽ മങ്കട മണ്ഡലത്തിലെ കുളങ്ങൾ മുതലായവ ഉൾപ്പെട്ടിട്ടുണ്ടോ;വിശദമാക്കുമോ?

### ഉത്തരം

(എ) ഹരിത കേരള മിഷന്റെ ഭാഗമായി മങ്കട നിയോജകമണ്ഡലത്തിലെ ചുവടെ ചേർത്തിരിക്കുന്ന കുളങ്ങളുടെ ഒന്നാംഘട്ട പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്:

---

* 'T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

1. മങ്കട പഞ്ചായത്തിലെ അയ്യപ്പൻ കുളം -2.40 ലക്ഷം
2. മങ്കട പഞ്ചായത്തിലെ കല്ലിങ്ങൽ കുളം -1.00 ലക്ഷം
3. പുഴക്കാട്ടിരി പഞ്ചായത്തിലെ എള്ളുരികുളം -1.90 ലക്ഷം
4. മൂർക്കനാട് പഞ്ചായത്തിലെ കാളിയാർകുളം - 1.30 ലക്ഷം
5. അങ്ങാടിപ്പുറം പഞ്ചായത്തിലെ ചോലക്കുളം - 1.90 ലക്ഷം
6. കുട്ടിലങ്ങാടി പഞ്ചായത്തിലെ മേക്കുളം - 2.90 ലക്ഷം

ഹരിത കേരളം മിഷന്റെ ഭാഗമായി മങ്കട നിയോജകമണ്ഡലത്തിൽ മണ്ണഴി കിഴക്കേത്തോട് നീർത്തട പദ്ധതി മണ്ണ് പര്യവേഷണ, മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. 170 ലക്ഷം രൂപ അടങ്കലുള്ള പദ്ധതിയിൽ നാളിതുവരെ 136.42 ലക്ഷം രൂപ ചെലവഴിച്ച് 202 മഴക്കുഴികൾ, 131071 മീറ്റർ മൺവരമ്പ്, 101866 മീറ്റർ പുല്ല് വച്ചുപിടിപ്പിക്കൽ, 240 തൈ വച്ചുപിടിപ്പിക്കൽ, 10706 മീറ്റർ കല്ല് കയ്യാല നിർമ്മാണം, 30 ഔഷധ സസ്യത്തൈകളുടെ വിതരണം, 2211 മീറ്റർ തോടിന്റെ പാർശ്വസംരക്ഷണം, ഒരു കുളം, 53 തടയണകൾ, 43 ക്രോസ് ചെക്കുകൾ എന്നീ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ജില്ലാ ഭരണകൂടത്തിന്റെ നിർദ്ദേശപ്രകാരം മങ്കട മണ്ഡലത്തിലെ ചെറുപുഴയുടെ പുനരുജ്ജീവനത്തിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി മങ്കട നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലായി ജലസംരക്ഷണം, ജലസേചന കനാലുകളുടെ പുനരുദ്ധാരണം, പുനരുജ്ജീവനം, വനവൽക്കരണം, ഭൂവികസനം എന്നീ വിഭാഗങ്ങളിലായി 1.41 കോടി രൂപ അടങ്കൽ തുകയ്ക്ക് 980 പ്രവൃത്തികളും 521 കിണറുകളുടെ റീചാർജ്ജ് പ്രവൃത്തികളും പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. മങ്കട നിയോജക മണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലായി 24 കുളങ്ങൾ, 9 തോടുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്ന പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കേരള വാട്ടർ അതോറിറ്റി മീറ്റർ റീഡിംഗ്

199 (972) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം ഒടുക്കുന്നതിന് കമ്പ്യൂട്ടർ ബില്ലിംഗ് സമ്പ്രദായം നടപ്പാക്കിയിട്ടുണ്ടോ; എന്ന് മുതലാണ് പദ്ധതി നടപ്പാക്കിയത്; വിശദാംശങ്ങൾ നൽകുമോ;

(ബി) മീറ്റർ റീഡിംഗ് എടുക്കുന്നതിന് സംസ്ഥാന തലത്തിൽ ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; മലപ്പുറം ജില്ലയിൽ കുടുംബശ്രീ വഴി മീറ്റർ റീഡിംഗ് നടത്തുന്നുണ്ടോ;

(സി) പുതിയ ഏജൻസി വഴി ജില്ലയിൽ എടുത്ത ആദ്യ മീറ്റർ റീഡിംഗിൽ ഉപഭോക്താക്കൾക്ക് അമിത തുക ബില്ലായിവന്നതും നിർണ്ണയത്തിലെ അപാകതകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിനും കൃത്യമായ റീഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2007 മുതൽ കമ്പ്യൂട്ടർ ബില്ലിംഗ് സമ്പ്രദായം നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. നിലവിൽ കേരള വാട്ടർ അതോറിറ്റിയിലെ 173 സെക്ഷൻ ഓഫീസുകളിൽ 158 ഓഫീസുകളിൽ പൂർണ്ണമായും കമ്പ്യൂട്ടർ ബില്ലിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള 15 സെക്ഷൻ ഓഫീസുകളിൽ കമ്പ്യൂട്ടർ ബില്ലിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിന് നടപടികൾ പൂർത്തിയായിവരുന്നു.

(ബി) കുടുംബശ്രീ മുഖേനയും കേരള സംസ്ഥാന വികലാംഗക്ഷേമ സൊസൈറ്റി മുഖേനയും സൈനിക വെൽഫെയർ ഓഫീസിലെ വിമുക്ത ഭടന്മാർ മുഖേനയും മീറ്റർ റീഡിംഗ് രേഖപ്പെടുത്താറുണ്ട്. മലപ്പുറം ജില്ലയിൽ കുടുംബശ്രീ വഴി മീറ്റർ റീഡിംഗ് നടത്തുന്നുണ്ട്.

(സി) പുതിയ ഏജൻസിവഴി എടുത്ത ആദ്യ മീറ്റർ റീഡിംഗുകളിൽ ചില പിഴവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ ഉടൻതന്നെ പരിഹരിച്ച് തുടർന്നും നിർണ്ണയത്തിൽ കൃത്യത പാലിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലപ്പുറം സബ് ഡിവിഷനുകീഴിൽ സ്ഥിരം മീറ്റർ റീഡർമാരില്ലാത്ത മേഖലകളിൽ 6 മാസമോ അതിലധികം കാലയളവിലോ മീറ്റർ റീഡിംഗ് നടത്താൻ സാധിച്ചിട്ടില്ല. ഇവിടെ കമ്പ്യൂട്ടർ ബില്ലിംഗ് സിസ്റ്റം പ്രാവർത്തികമാക്കിയപ്പോൾ ചില ഉപഭോക്താക്കൾക്ക് ശരാശരി ഉപഭോഗത്തിനെക്കാൾ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ട്. നിലവിൽ അടച്ചുവരുന്ന ശരാശരി റീഡിംഗ് തുകയെക്കാൾ വ്യത്യാസം വരുമെന്ന് ഉപഭോക്താക്കളെ അറിയിച്ചിരുന്നു. അത്തരം ബില്ലുകൾ തവണകളാക്കി അടയ്ക്കാനുള്ള സംവിധാനം ചെയ്തിട്ടുണ്ട്.

## കേരള വാട്ടർ അതോറിറ്റിക്ക് കിട്ടേണ്ട കുടിശ്ശിക തുക

200 (973) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റപ്പോൾ കേരള വാട്ടർ അതോറിറ്റിക്ക് പിരിഞ്ഞു കിട്ടേണ്ട കുടിശ്ശിക തുകയെത്ര എന്ന് അറിയിക്കാമോ; സർക്കാർ സ്ഥാപനങ്ങൾ/ പൊതു മേഖല / വ്യവസായ സ്ഥാപനങ്ങൾ / ഹോട്ടലുകൾ (വൻകിട/മറ്റുള്ളവ) / മറ്റ് പൊതു വിഭാഗം എന്നിവ ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) ആയതിൽ ഈ സർക്കാർ അധികാരമേറ്റശേഷം എന്ത് തുക പിരിച്ചെടുത്തെന്നും ഈ സർക്കാർ കാലയളവിൽ നാളിതുവരെ ഇത്തരത്തിൽ കുടിശ്ശിക തുക എത്രയുണ്ടായി എന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ വേണ്ടി നിലവിലുള്ള കുടിശ്ശികകൾ പിരിച്ചെടുക്കാനായി എന്തു നടപടികൾ സ്വീകരിച്ചു വരുന്നു എന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റപ്പോൾ കേരള വാട്ടർ അതോറിറ്റിക്ക് 955.36 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ടായിരുന്നു:

| നമ്പർ | ഉപഭോക്താക്കൾ | രൂപ (കോടിയിൽ) |
|---|---|---|
| 1. | സർക്കാർ സ്ഥാപനങ്ങൾ | 312.21 |
| 2. | പൊതുമേഖലാ സ്ഥാപനങ്ങൾ | 293.44 |
| 3. | വ്യവസായ സ്ഥാപനങ്ങൾ | 47.44 |
| 4. | ഹോട്ടലുകൾ | 66.90 |
| 5. | മറ്റു പൊതു വിഭാഗം | 235.37 |
| | ആകെ | 955.36 |

പിരിച്ചെടുക്കാനുള്ള തുകയിൽ പ്രധാനമായും പിഴയും പിഴപ്പലിശയുമാണ്. വാട്ടർ ചാർജ് ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക താരതമ്യേന കുറവാണ്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം മുൻ വർഷങ്ങളിലെ കുടിശ്ശികയും തനത് വർഷത്തെ വാട്ടർ ചാർജ്ജ് ഇനത്തിലുമായി ആകെ 822.66 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

ഈ സർക്കാർ അധികാരമേറ്റശേഷം ഈ കാലയളവിൽ പിരിച്ചെടുക്കാനുള്ള കുടിശ്ശികത്തുക ഇനം തിരിച്ച് ചുവടെ ചേർക്കുന്നു:

| നമ്പർ | ഉപഭോക്താക്കൾ | രൂപ (കോടിയിൽ) |
|---|---|---|
| 1. | സർക്കാർ സ്ഥാപനങ്ങൾ | 160.41 |
| 2. | പൊതുമേഖലാ സ്ഥാപനങ്ങൾ | 138.57 |
| 3. | വ്യവസായ സ്ഥാപനങ്ങൾ | 1.80 |
| 4. | ഹോട്ടലുകൾ | 21.81 |
| 5. | മറ്റു പൊതു വിഭാഗം | 110.20 |
| | ആകെ | 432.79 |

പിരിച്ചെടുക്കാനുള്ള തുകയിൽ പ്രധാനമായും പിഴയും പിഴപ്പലിശയുമാണ്. വാട്ടർ ചാർജ്ജ് ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക താരതമ്യേന കുറവാണ്.

(സി) കുടിശ്ശിക സമാഹരണത്തിനായി വാട്ടർ അതോറിറ്റിയിൽ പ്രത്യേക ക്രമീകരണങ്ങൾ നടത്തിയിരുന്നു. ഗവൺമെന്റ് അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തീർപ്പാക്കുന്നതിനുള്ള അധികാരം എല്ലാ ഡിവിഷനുകളിലെയും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകി. കുടിശ്ശിക പിരിച്ചെടുക്കാൻ ഡിമാന്റ് നോട്ടീസ്, ഡിസ്കണക്ഷൻ നോട്ടീസ് എന്നിവ നൽകുകയും കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളിൽ റവന്യൂ ഓഫീസർ അല്ലെങ്കിൽ മറ്റ് ഉദ്യോഗസ്ഥർ നേരിട്ടുപോയി കുടിശ്ശിക പിരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

കുടിശ്ശിക തവണകളായി അടയ്ക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കുന്നു. ഉപഭോക്താക്കളുടെ സൗകര്യാർത്ഥം കളക്ഷൻ കാമ്പയിനുകൾ സംഘടിപ്പിച്ച് കുടിശ്ശിക നിവാരണം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഉപഭോക്താക്കൾക്ക് നിലവിലുള്ള ഉത്തരവ് അനുസരിച്ച് കുടിശ്ശിക തവണകളാക്കി അടച്ചുതീർക്കാൻ അനുവദിക്കുന്നു. കൂടാതെ സർക്കാർ മേഖലയിലെ കുടിശ്ശികകൾ ബന്ധപ്പെട്ട വകുപ്പുമേധാവികളുടെ ശ്രദ്ധയിൽപ്പെടുത്തി പിരിച്ചെടുക്കാൻ ശ്രമിക്കുന്നുണ്ട്. പത്രമാധ്യമങ്ങളിലൂടെ ഉപഭോക്താക്കൾക്ക് അറിയിപ്പ് നൽകുകയും ചെയ്യാറുണ്ട്. റവന്യൂ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് സ്ക്വാഡ് തിരിച്ച് കുടിശ്ശിക പിരിക്കാനുള്ള ഊർജ്ജിത ശ്രമങ്ങൾ നടന്നുവരുന്നു.

## അമൃത് പദ്ധതി

201 (974) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷനിൽ അമൃത് പദ്ധതിയുടെ ഭാഗമായി കുടിവെള്ള പദ്ധതികൾ ആരംഭിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ബി) പദ്ധതി പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) അമൃത് പദ്ധതിയിലുൾപ്പെടുത്തി കോഴിക്കോട് കോർപ്പറേഷനിൽ പഴകിയതും കേടായതുമായ പൈപ്പുകൾ മാറ്റി പുതിയതും വലുതുമായ ഡി.ഐ./പി.വി.സി. പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും പൈപ്പ് ലൈനുകൾ നീട്ടുന്ന പ്രവൃത്തികളുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനായി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി (4 എണ്ണം-96.32 കോടി രൂപ) ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. അമൃത് പദ്ധതിയിലുൾപ്പെടുത്തി കോഴിക്കോട് കോർപ്പറേഷനിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## അമൃത് കുടിവെള്ള പദ്ധതി

202 (975) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃത് കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികൾ ഒന്നിച്ച് വലിയ എസ്റ്റിമേറ്റുകളാക്കി ടെണ്ടർ ചെയ്യുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ചെറിയ പ്രവൃത്തികളെ ഒന്നിച്ചു ചേർത്ത് വലിയ എസ്റ്റിമേറ്റുകൾ ആക്കുമ്പോൾ സമയബന്ധിതയായി ജോലികൾ പൂർത്തീകരിക്കുവാൻ കഴിയാതെ വലിയ കാലതാമസം നേരിടാൻ ഇടയാക്കും എന്നതിനാൽ പ്രസ്തുത പ്രവൃത്തികൾ ചെറിയ എസ്റ്റിമേറ്റുകളാക്കി തന്നെ ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) ചെറിയ എസ്റ്റിമേറ്റുകൾ കൂട്ടി ചേർത്ത് വലിയ എസ്റ്റിമേറ്റുകൾ ആക്കി ടെണ്ടർ ചെയ്യുന്നത് കാരണം ചെറുകിട കരാറുകാർക്ക് ഈ ടെണ്ടറിൽ പങ്കെടുക്കുവാൻ സാധിക്കാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ & ബി) പദ്ധതികളുടെ സാങ്കേതിക പ്രത്യേകതകളും നിർവ്വഹണ സൗകര്യങ്ങളും പൂർത്തീകരണ സമയവും കണക്കിലെടുത്താണ് പ്രവൃത്തികളുടെ പാക്കേജിംഗ് നിശ്ചയിക്കുന്നത്. ഇത്തരത്തിൽ ചില അവസരങ്ങളിൽ പ്രവൃത്തികൾ ഒന്നിച്ച് ടെണ്ടർ ക്ഷണിക്കേണ്ടിവരുന്നുണ്ട്.

(സി) ചെറിയ എസ്റ്റിമേറ്റുകൾ കൂട്ടിച്ചേർത്ത് സാധാരണഗതിയിൽ ടെണ്ടർ ചെയ്യാറില്ല. ഓരോ പദ്ധതികളുടെയും പ്രത്യേകതകൾ കണക്കിലെടുത്താണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത്. ഇത്തരത്തിൽ എല്ലാ വിഭാഗം കരാറുകാർക്കും അവസരം ലഭ്യമാക്കുന്നുണ്ട്.

**വരൾച്ച നേരിടാൻ കിയോസ്കുകൾ**

203 (976) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരാൻപോകുന്ന വേനലിനെ നേരിടുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള കിയോസ്കുകൾ പലതും പൂർണ്ണ തോതിൽ പ്രവർത്തിപ്പിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കഴിഞ്ഞ തവണ സ്വീകരിച്ച മുൻകരുതലുകൾ എന്തെല്ലാമായിരുന്നുവെന്നും ഇത്തവണയും പിൻതുടരാൻ ഉദ്ദേശിക്കുന്നതും വിജയം വരിച്ചതുമായ നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വരാൻപോകുന്ന വേനലിനെ നേരിടുന്നതിന് ജലസേചന വകുപ്പ് ഓരോ പ്രദേശത്തെയും ജലലഭ്യത കണക്കാക്കി നീർത്തടാടിസ്ഥാനത്തിൽ ശാസ്ത്രീയമായി ജലവിഭവ പരിപാലന പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങളെ ഹരിത കേരളം മിഷന്റെ ഉപമിഷനായ മണ്ണ്-ജലസംരക്ഷണത്തിന്റെ (ജലസമൃദ്ധി) ഭാഗമായി ആരംഭിച്ചു. കുളങ്ങളുടെ പുനരുദ്ധാരണം, തോടുകളുടെ സംരക്ഷണം, ചെറുതടയണകൾ/വി.സി.ബി. റെഗുലേറ്റർ കം ബ്രിഡ്ജ് എന്നിവ സാമ്പത്തിക ലഭ്യതയനുസരിച്ച് നിർവ്വഹിച്ചുവരുന്നു. ഷട്ടറുകൾ നശിച്ചുപോയ തടയണകളിൽ അവ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി ഓരുമുട്ടുകളുടെ നിർമ്മാണവും ഏറ്റെടുത്തിട്ടുണ്ട്. ഈ പ്രവൃത്തികളിലൂടെ ജലലഭ്യത വർദ്ധിപ്പിക്കുന്നതിന് സാധ്യമാകും. അതുവഴി വേനലിനെ ഒരുപരിധിവരെ നേരിടുന്നതിന് കഴിയും.

കേരള ജല അതോറിറ്റിയുടെ ഓരോ കുടിവെള്ള സ്രോതസ്സും ശ്രദ്ധാപൂർവ്വം വിലയിരുത്തി ജലസുരക്ഷാ മാർഗ്ഗങ്ങൾ നടപ്പിലാക്കാനുള്ള പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിക്കുവാനും ഉപരിതല ജലസ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുവരുത്തുവാനുള്ള മുൻകരുതൽ നടപടികളുടെ ഭാഗമായി ആവശ്യമായ സ്ഥലങ്ങളിൽ തടയണകൾ നിർമ്മിക്കാനും നിർദ്ദേശം നൽകിക്കഴിഞ്ഞു. കുടിവെള്ള മേഖലയിലെ വർൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഈ ബജറ്റിൽ 30.55 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽനിന്നും തിരുവനന്തപുരം ജില്ലയിലെ അരുവിക്കര അണക്കെട്ടിൽ അടിഞ്ഞുകൂടിയിരിക്കുന്ന ചെളിയും മണലും നീക്കം ചെയ്യുന്ന പ്രവൃത്തിക്കായി 4 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ഭൂജലവകുപ്പ് "ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" പദ്ധതിയിൻകീഴിൽ തുറന്ന കിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജലസംപോഷണം ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കിവരുന്നു. കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള 14 ചെറുകിട കുടിവെള്ള പദ്ധതികൾക്കും 19 കുഴൽക്കിണർ നിർമ്മാണത്തിനുമുള്ള സാങ്കേതികാനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. 1300 കുഴൽക്കിണർ കൈപമ്പുകളുടെ അറ്റകുറ്റപ്പണികളും 117 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ ഭൂജലവകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം കൃത്രിമഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 157 ലക്ഷം രൂപ ബജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് 105-ഓളം തുറന്ന കിണർ വഴിയുള്ള കൃത്രിമഭൂജല സംപോഷണ പദ്ധതികൾക്കും 3 കുഴൽക്കിണർ റീചാർജ്ജ് പദ്ധതികൾക്കുമുള്ള സാങ്കേതികാനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ ഇരുപതോളം തുറന്ന കിണർവഴിയുള്ള ഭൂജല സംപോഷണ പ്രവൃത്തികളും 18 പുനരുദ്ധാരണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

വരൾച്ചയെ നേരിടുന്നതിനായി ജലനിധി ആകെ 242 പദ്ധതികളിലായി 33043 കുടുംബങ്ങൾക്ക് 2018-ലെ വരൾച്ചാ കാലഘട്ടത്തിൽ കുടിവെള്ളം ലഭ്യമാക്കാൻ ജലനിധി ലക്ഷ്യമിടുന്നു. കൂടാതെ ഭൂജല സംരക്ഷണവും പരിപോഷണവും വഴി തടയണകളും ജലസ്രോതസ് സംരക്ഷണംവഴി നിലവിലുള്ള സ്രോതസ്സുകളെയും സംരക്ഷിക്കുന്നതിനും ജലസ്രോതസ്സുകൾ വറ്റുന്ന ഗ്രാമപഞ്ചായത്തുകളിൽ ജലലഭ്യതയുള്ള ബോർവെൽ സാധ്യമായ സ്ഥലങ്ങളിൽ ഭൂഗർഭജലം പ്രയോജനപ്പെടുത്താനും ഉദ്ദേശിക്കുന്നു. ഇതിനുപുറമെ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ ജലസംരക്ഷണവും ജലവിനിയോഗം നിയന്ത്രിച്ച് വരൾച്ചയെ നേരിടുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ഇല്ല.

(സി) കുളങ്ങൾ വറ്റിക്കാതെതന്നെ മാലിന്യം നീക്കം ചെയ്യുക, തടയണകൾ/ റെഗുലേറ്ററുകൾ എന്നിവ ഉപയോഗപ്പെടുത്തി ജലം സംരക്ഷിക്കുക, ഡാമുകളിലെ ഷട്ടറുകൾ തുറക്കുന്നത് ക്രമീകരിക്കുക, കനാലുകളിൽക്കൂടിയുള്ള നീരൊഴുക്ക് സുഗമമാക്കി ജലനഷ്ടം കുറച്ച് കാർഷികാവശ്യത്തിന് ജലമെത്തിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് മുൻവർഷത്തിൽ സ്വീകരിച്ചിരുന്നു. കുളങ്ങളുടെ നവീകരണവും സംഭരണശേഷി വർദ്ധിപ്പിക്കലും, ഉപ്പുവെള്ളക്കയറ്റം തടയുന്നതിനുള്ള ഓരുമുട്ടുകളുടെ നിർമ്മാണം, വി.സി.ബി.-കളിലെ കേടായ ഷട്ടറുകൾ മാറ്റി സ്ഥാപിച്ച് ജലം സംഭരിക്കുക തുടങ്ങിയ പ്രവൃത്തികൾ പിന്തുടരുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

കേരള ജല അതോറിറ്റിയുടെ വിവിധ പദ്ധതികളുടെ സ്രോതസ്സായിട്ടുള്ള നദികൾ, അണക്കെട്ടുകൾ, കിണറുകൾ എന്നിവയിലെ ജലദൗർലഭ്യത്തിനുള്ള സാധ്യത പരിഗണിച്ച് വേണ്ട സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക എന്നതാണ് പ്രധാന മുൻകരുതൽ. ഇതിന്റെ അടിസ്ഥാനത്തിൽ 2016 സെപ്റ്റംബർ മാസംതന്നെ ജലസംരക്ഷണത്തിനും ജലലഭ്യത ഉറപ്പുവരുത്തുന്നതിനുമായ നടപടികൾ കൈക്കൊള്ളാൻ ജല അതോറിറ്റി ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചിരുന്നു. സ്രോതസ്സുകളിൽ നിലവിലുണ്ടായിരുന്ന ജലം പരമാവധി സംരക്ഷിക്കുന്നതിനും ജലത്തിന്റെ അളവ് കുറയുമ്പോഴുള്ള ഓരുജലത്തിന്റെ കടന്നുകയറ്റം നിയന്ത്രിക്കുന്നതിനായി 2017 മാർച്ച് മാസത്തിനു മുമ്പുതന്നെ 40 തടയണകൾ നിർമ്മിച്ചതിനാലാണ് വേനൽ രൂക്ഷമായ മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽപ്പോലും മിക്ക കുടിവെള്ള പദ്ധതികളിലും പരിമിതമായ അളവിലാണെങ്കിലും ജലലഭ്യതയുണ്ടായിരുന്നത്. കൂടാതെ മഴയുടെ കുറവുകാരണം അണക്കെട്ടുകളിലെ ജലശേഖരത്തിലുണ്ടായ കുറവ് അണക്കെട്ടുകളെ ആശ്രയിച്ചുള്ള ജലവിതരണ പദ്ധതികളെ മഴ ലഭ്യമാകുന്ന കാലം വരെ ബാധിക്കാതിരിക്കാൻ ഇറിഗേഷൻ, വൈദ്യുതി വകുപ്പുകളുമായി സഹകരിച്ച് ജൂൺ ആദ്യവാരംവരെ കുടിവെള്ള വിതരണത്തിന് ആവശ്യമായ ജലം കരുതൽ ശേഖരമായി പരിരക്ഷിച്ച് മാത്രമേ മറ്റാവശ്യങ്ങൾക്ക് ജലം ഉപയോഗിക്കുവാൻ അനുമതി നൽകാവൂ എന്ന് ജില്ലാ ഭരണകൂടത്തോട് അഭ്യർത്ഥിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ വേണ്ട കരുതൽ നിർദ്ദേശം നൽകിയതിനാൽ അണക്കെട്ടുകളെ ആശ്രയിച്ചുള്ള പ്രധാന പദ്ധതികളിലും ജലലഭ്യത വലിയ കുറവുണ്ടായില്ല.

കൂടാതെ കേരള ജല അതോറിറ്റി ജില്ലാടിസ്ഥാനത്തിൽ കൺട്രോൾ റൂമുകൾ തുറക്കുകയും കേന്ദ്ര കാര്യാലയത്തിൽ 24x7 പ്രവർത്തിക്കുന്ന ഒരു കേന്ദ്രീകൃത കൺട്രോൾ റൂം തുറക്കുകയുമുണ്ടായി. അതോറിറ്റി ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഒരു Drought Management Cell-ഉം ഒരു Whatsapp ഗ്രൂപ്പും രൂപീകരിച്ചത് പ്രതിരോധ പ്രവർത്തനങ്ങളിലെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിച്ച് പൊതുജനങ്ങൾക്ക് വേണ്ട സേവനം കൃത്യസമയത്ത് ലഭ്യമാക്കുന്നതിന് സഹായിച്ചു. ഇതുകൂടാതെ പൂർത്തിയാക്കാനുള്ള പദ്ധതികളിൽനിന്നും വരൾച്ചാകാലത്തിനുമുമ്പ് പൂർത്തിയാക്കാൻ കഴിയുന്ന പദ്ധതികൾ കണ്ടെത്തി പ്രത്യേകമായി അവലോകനം നടത്തി ഭാഗികമായോ പൂർണ്ണമായോ കമ്മീഷൻ ചെയ്ത് പൊതുജനങ്ങൾക്ക് ജലവിതരണം സാധ്യമാക്കാൻ നടത്തിയ ശ്രമത്തിന്റെ ഭാഗമായി 20 ദശലക്ഷം ലിറ്ററോളം ജലം അധികം നൽകാൻ സാധിച്ചിട്ടുണ്ട്. നിലവിലെ പദ്ധതികളിൽനിന്നും സാധ്യമായ സ്ഥലങ്ങളിലേയ്ക്കെല്ലാം ഇന്റർകണക്ഷൻ നൽകിയത് ജലലഭ്യത വർദ്ധിപ്പിക്കുകയും വരൾച്ചയുടെ ആഘാതം കുറയ്ക്കുകയും ചെയ്തു. അതോറിറ്റിയുടെ വിതരണശൃംഖലവഴി ആവശ്യമായ ജലം എത്തിക്കാൻ സാധിക്കാത്ത സ്ഥലങ്ങളിൽ ടാങ്കർ ലോറി വഴി ജലവിതരണം നടത്തുകയും വിവിധ ജലസംഭരണികളോട് ചേർന്ന് ഫില്ലിംഗ് സ്റ്റേഷനുകൾ സജ്ജമാക്കുകയും ചെയ്തു. സ്രോതസ്സുകളിലെ ജലലഭ്യത പൂർണ്ണമായും കുറഞ്ഞാൽ പെട്ടെന്ന് പ്രയോജനപ്പെടുത്താവുന്ന കുളങ്ങൾ, പാറമടകൾ തുടങ്ങി ജലലഭ്യതയുള്ള സ്ഥലങ്ങളിലെ ജലം താൽക്കാലിക ശുദ്ധീകരണശാലകൾവഴി ശുദ്ധീകരിച്ച് വിതരണം ചെയ്യാനുള്ള കരുതൽ സംവിധാനമൊരുക്കാൻ കഴിഞ്ഞത് യാതൊരു വിധത്തിലും കുടിവെള്ള വിതരണം മുടങ്ങുന്ന സാഹചര്യമുണ്ടാകില്ലെന്ന് ഉറപ്പുവരുത്താൻ സഹായിച്ചു. ജലത്തിന്റെ പാഴ്ച്ചെലവും ദുരുപയോഗവും ഒഴിവാക്കാൻ സ്ക്വാഡ് പ്രവർത്തനം ശക്തിപ്പെടുത്തുകയും കൂടുതൽ ജലം ഉപയോഗിക്കുന്ന വ്യാവസായിക, വാണിജ്യ കണക്ഷനുകളിൽ നിയന്ത്രണം ഏർപ്പെടുത്തുകയും ജലത്തിന്റെ നിയന്ത്രിതമായ ഉപയോഗം സംബന്ധിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

വരൾച്ചയുടെ കാഠിന്യം കാരണം ശുദ്ധജല വിതരണത്തിന് ബുദ്ധിമുട്ട് നേരിട്ടത് തിരുവനന്തപുരം, മലപ്പുറം, പാലക്കാട്, കാസർഗോഡ് ജില്ലകളിലാണ്. എന്നാൽ അടിയന്തര സാഹചര്യങ്ങൾ ഫലപ്രദമായി നേരിട്ടുകൊണ്ട് വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചും ടാങ്കർ ലോറി വഴി വേണ്ടത്ര അളവിൽ ശുദ്ധജല വിതരണം ഉറപ്പാക്കിയും പുതിയ കുഴൽക്കിണറുകൾ കുഴിച്ച് ഭൂഗർഭജലം ഉപയോഗിച്ചും ജലലഭ്യതയുള്ള സമീപ സ്കീമുകളിൽനിന്നും ഇന്റർകണക്ഷൻ നൽകിയും കുടിവെള്ള വിതരണം ഉറപ്പാക്കിയത് പൊതുജനങ്ങൾക്കുണ്ടായ പ്രശ്നം വളരെയധികം ലഘൂകരിക്കാൻ സഹായിച്ചു.

ഭൂജലവകുപ്പ്

32 ചെറുകിട കുടിവെള്ള പദ്ധതികളും 99 കുഴൽക്കിണർ നിർമ്മാണവും 24 കുഴൽക്കിണർ കൈപമ്പ് പദ്ധതികളും 230 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും 4900 കുഴൽക്കിണർ കൈപമ്പുകളുടെ അറ്റകുറ്റപ്പണികളും 2016-17 സാമ്പത്തിക വർഷം ഭൂജലവകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. തുറന്ന കിണർ വഴിയുള്ള 41 കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ വിവിധ ജില്ലകളിലായി 2016-17 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കി. 2017-18 സാമ്പത്തിക വർഷത്തിൽ 133 കുഴൽക്കിണർ കൈപമ്പുകളുടെ അറ്റകുറ്റപ്പണികളും 117 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതി വഴി 74200 ഓളം കുടുംബങ്ങൾക്കും അഞ്ച് സ്കൂളുകൾക്കും രണ്ട് ഓഫീസുകൾക്കും കുടിവെള്ളം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള 14 ചെറുകിട കുടിവെള്ള പദ്ധതികൾക്കും 19 കുഴൽക്കിണർ നിർമ്മാണത്തിനുമുള്ള സാങ്കേതികാനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ഇതുകൂടാതെ 105 ഓളം തുറന്ന കിണർ വഴിയുള്ള കൃത്രിമഭൂജല സംപോഷണ പദ്ധതികൾക്കും 3 കുഴൽക്കിണർ റീചാർജ്ജ് പദ്ധതികൾക്കുമുള്ള സാങ്കേതികാനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ ഇരുപതോളം തുറന്ന കിണർ വഴിയുള്ള ഭൂജല സംപോഷണ പ്രവൃത്തികളും 18 പുനരുദ്ധാരണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിലാണ് കുഴൽക്കിണറുകൾ നിർമ്മിച്ച് ഭൂജലവകുപ്പ് ചെറുകിട കുടിവെള്ള പദ്ധതികളും ഹാന്റ് പമ്പ് സ്കീമുകളും നടപ്പിലാക്കിവരുന്നത്. ഇത് പൊതുജനങ്ങൾക്ക് വളരെ ഉപകാരപ്രദമായ പദ്ധതിയാണ്. ഇതുകൂടാതെ ഭൂജലവകുപ്പ് നടപ്പിലാക്കിവരുന്ന ഭൂജല സംരക്ഷണവും കൃത്രിമ ഭൂജലസംപോഷണവും പദ്ധതി ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് ഒരു പരിധിവരെ സഹായകരമാണ്.

ജലനിധി

1. പൂർത്തീകരണഘട്ടത്തിലുള്ള പദ്ധതികളിൽ 2017 ഏപ്രിൽ മാസത്തിനുള്ളിൽ ഘട്ടംഘട്ടമായി കമ്മീഷൻ ചെയ്ത് 34,688 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കി.

2. വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുമൂലം പൂർത്തീകരണം വൈകിയ പദ്ധതികൾ പൂർത്തീകരിക്കുകയും 2700 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുകയും ചെയ്തു.

3. സ്രോതസ്സിന്റെയും ജലസംഭരണിയുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും ജലവിതരണ പൈപ്പുകൾ സ്ഥാപിച്ചതുമായ ജലനിധി ബാച്ച് 3 പദ്ധതികളിൽ 97 പദ്ധതികൾ പൂർത്തിയാക്കി. 5489 കുടുംബങ്ങൾക്ക് 2017 വരൾച്ചാ കാലഘട്ടത്തിൽ കുടിവെള്ളം ലഭ്യമാക്കി.

4. "ഭൂജലസംരക്ഷണവും - പരിപോഷണവും" ജലനിധി പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നുണ്ട്. തടയണകൾ, കിണർ റീചാർജ്ജ്, സ്രോതസ്സ് സംരക്ഷണം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

5. ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ ജലവിനിയോഗം നിയന്ത്രിച്ച് വരൾച്ചയെ നേരിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കുമിളി ശുദ്ധജല പദ്ധതി

204 (977) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുമിളി വാട്ടർ സപ്ലൈ സ്കീം പൂർത്തീകരിച്ചോ; ഈ പദ്ധതി പൂർത്തീകരിക്കുമ്പോൾ ആകെ ചെലവാകുന്ന തുക എത്ര കോടി ആണ്;

(ബി) കുമിളി ശുദ്ധജല പദ്ധതിയുടെ ഉദ്ഘാടനം 2018 മാർച്ചിന് മുൻപ് നടത്താൻ കഴിയുമോ;

(സി) കുമിളി പദ്ധതി കൊണ്ട് ഏതെല്ലാം പഞ്ചായത്തുകളിൽ ആണ് കുടിവെള്ളം എത്തിക്കാൻ കഴിയുന്നത് എന്ന് വിശദമാക്കാമോ;

(ഡി) കുമിളി പദ്ധതിയുടെ അനുബന്ധമായി നടപ്പിൽ വരുത്തുന്ന 2017-18 ബജറ്റിൽ ഉൾപ്പെടുത്തിയ അതിയന്നൂർ കുടിവെള്ള പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചോ; എത്ര കോടി രൂപയുടെ ഡി.പി.ആർ. ആണ് തയ്യാറാക്കിയതെന്ന് അറിയിക്കാമോ ?

### ഉത്തരം

(എ) ഇല്ല. പദ്ധതിയുടെ എല്ലാ ഘടകങ്ങളും പൂർത്തിയാകുമ്പോൾ ഏകദേശം 1734.11 ലക്ഷം രൂപ ആകെ ചെലവ് പ്രതീക്ഷിക്കുന്നു.

(ബി) കുമിളി ശുദ്ധജല വിതരണ പദ്ധതിയുടെ പരണിയത്ത് സ്ഥാപിക്കാനുള്ള ജലസംഭരണിയും അനുബന്ധ പ്രവൃത്തികളും ഒഴികെയുള്ള ഘടകങ്ങൾ 2018 മാർച്ച് അവസാന വാരത്തോടെ പൂർത്തിയാക്കി പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) കുമിളി പദ്ധതികൊണ്ട് കാഞ്ഞിരംകുളം, തിരുപുറം, കരുംകുളം പഞ്ചായത്തുകളിൽ പൂർണ്ണമായും പൂവാർ പഞ്ചായത്തിൽ ഭാഗികമായും കുടിവെള്ളമെത്തിക്കാൻ കഴിയുന്നതാണ്.

(ഡി) പദ്ധതിക്ക് തത്വത്തിലുള്ള അംഗീകാരം ലഭ്യമാക്കുന്നതിനായി ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി നടപടികൾ സ്വീകരിച്ചുവരുന്നു. അതിയന്നൂർ കുടിവെള്ള പദ്ധതിക്കായി 25 കോടി രൂപയുടെ ഡി.പി.ആർ. ആണ് തയ്യാറാക്കിയിട്ടുള്ളത്.

## കരിമ്പ കുടിവെള്ള പദ്ധതി

205 (978) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ ബജറ്റിൽ കിഫ്ബി മുഖേന നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച കോങ്ങാട് മണ്ഡലത്തിലെ കരിമ്പ കുടിവെള്ള പദ്ധതിക്ക് (25 കോടി) ഭരണാനുമതി ലഭിക്കുന്നതിനായുള്ള നടപടികളുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

ഉത്തരം

പാലക്കാട് ജില്ലയിലെ കരിമ്പ, കോങ്ങാട് ഗ്രാമപഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിക്കുവേണ്ടി DSR 16 പ്രകാരം 27.3 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ജലവിഭവ വകുപ്പിന്റെ നിലമ്പൂർ മണ്ഡലത്തിലെ പദ്ധതികൾ

206 (979) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ കീഴിൽ, നിലമ്പൂർ മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിയും ഏതൊക്കെ ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) ജലസേചന വകുപ്പ്

നിലമ്പൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന ഭരണാനുമതി

നൽകിയ പദ്ധതികളുടെ നിലവിലെ അവസ്ഥ ചുവടെ ചേർക്കുന്നു:

1. ചുങ്കത്തറ പഞ്ചായത്തിലെ ആറംപുളിക്കലിൽ പുന്നപ്പുഴയ്ക്ക് കുറുകെ ചെക്ക് ഡാം കം ബ്രിഡ്ജ് നിർമ്മാണം - പ്രവൃത്തി ആരംഭിച്ചു.

2. പോത്തുകല്ല് പഞ്ചായത്തിൽ തമ്പുരാട്ടിക്കല്ല് മുറംഉള്ക്കിയിൽ നീർപ്പുഴയ്ക്ക് കുറുകെ വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം പ്രവൃത്തി പ്രാവർത്തികമാക്കുന്നതിനുള്ള സത്വര നടപടികൾ നടന്നുവരുന്നു.

3. ചുങ്കത്തറ പഞ്ചായത്തിലെ ഇഴുകതോടിൽ മാതാ ചെക്ക് ഡാമിന്റെ മേൽഭാഗത്തും താഴ്ഭാഗത്തും സംരക്ഷണഭിത്തി കെട്ടുന്ന പ്രവൃത്തി - പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

4. ചുങ്കത്തറ പഞ്ചായത്തിലെ കുമന്തോട് പോട്ടിയിൽ കുമന്തോടിന്റെ പാർശ്വഭിത്തി സംരക്ഷണം - പ്രവൃത്തിയുടെ ടെണ്ടർ നടപടി കഴിഞ്ഞു.

5. നിലമ്പൂർ മുനിസിപ്പാലിറ്റിയിൽ ഹരിത കേരളം പദ്ധതിയിൽ വീട്ടിക്കുത്ത് വലികുളം പ്രവൃത്തി ഫേസ് 1-പ്രവൃത്തി പ്രാവർത്തികമാക്കുന്നതിനുള്ള സത്വര നടപടികൾ നടന്നുവരുന്നു.

കിഫ്ബിയിൽ നിലമ്പൂർ നിയോജകമണ്ഡലത്തിലെ നിലമ്പൂർ മുനിസിപ്പാലിറ്റിയിൽ ചാലിയാർ പുഴയ്ക്കുകുറുകെ കളത്തുംകടവിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം- ഐ.ഡി.ആർ.ബി. ഡിസൈൻ ലഭിച്ചു. ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

കൂടാതെ നിലമ്പൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ നിലവിലെ അവസ്ഥ താഴെ ചേർക്കുന്നു.

1. കരുളായി പഞ്ചായത്തിൽ പാലങ്കര പാലത്തിന് സമീപം ഒഴലക്കലിൽ കരിമ്പുഴയ്ക്ക് കുറുകെ റെഗുലേറ്റർ നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി - എഗ്രിമെന്റ് ഒപ്പുവച്ചു.

2. നിലമ്പൂർ മുനിസിപ്പാലിറ്റിയിൽ കുതിരപ്പുഴ പാലത്തിന്റെ മുകൾ ഭാഗത്ത് കുതിരപ്പുഴയ്ക്ക് കുറുകെ റെഗുലേറ്റർ നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി -എഗ്രിമെന്റ് ഒപ്പുവച്ചു.

3. നിലമ്പൂർ മുനിസിപ്പാലിറ്റിയിൽ രാമൻകുത്ത് റെയിൽവേ പാലത്തിനുസമീപം കുതിരപ്പുഴയ്ക്ക് കുറുകെ വിയർ നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി - ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി.) പരിശോധിച്ചുവരുന്നു.

4. പോത്തുകല്ല് പഞ്ചായത്തിൽ ഭൂതാനത്തിൽ ചാലിയാർ പുഴയ്ക്ക് കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി - സർവ്വേ പ്രവൃത്തികൾ ഭാഗികമായി പൂർത്തീകരിച്ചു.

5. പോത്തുകല്ല് പഞ്ചായത്തിൽ മുരേരിയിൽ ചാലിയാർ പുഴയ്ക്ക് കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി - സർവ്വേ പ്രവൃത്തികൾ ഭാഗികമായി പൂർത്തീകരിച്ചു.

കേരള ജല അതോറിറ്റി

നിലമ്പൂർ നിയോജകമണ്ഡലത്തിൽ ചുങ്കത്തറ, പോത്തുകല്ല്, എടക്കര, വഴിക്കടവ് പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി നിർമ്മാണത്തിലാണ്. ടി പദ്ധതിക്ക് (SLSSC-2012)ൽ 1400 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി. കിണർ, പമ്പ് ഹൗസ് എന്നീ ഘടകങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

ജലശുദ്ധീകരണശാലയ്ക്ക് ആവശ്യമായ സ്ഥലം പഞ്ചായത്തുകൾ ലഭ്യമാക്കാത്തതിനാൽ പദ്ധതി മുടങ്ങിക്കിടക്കുകയാണ്. ബാക്കി ഘടകങ്ങളുടെ നിർമ്മാണം ഇതിനുശേഷം മാത്രമേ ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ.

കരുളായി മൂത്തേടം, അമരമ്പലം പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കേണ്ടതുണ്ട്. ടി പദ്ധതിയുടെ ശുദ്ധീകരണശാലയും മറ്റു ഘടകങ്ങളും സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി കണ്ടെത്തി രൂപരേഖ തയ്യാറാക്കേണ്ടതുണ്ട്.

**റാന്നി നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

207 (980) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് നടപ്പാക്കാനുദ്ദേശിച്ചിട്ടുള്ള വിവിധ കുടിവെള്ള പദ്ധതികൾ ഏതൊക്കെ എന്നും ഇവയിൽ നിർമ്മാണം ആരംഭിച്ചിട്ടുള്ളവ ഏതൊക്കെയെന്നും ഓരോ പദ്ധതിയുടെ പേരും വിശദാംശങ്ങളും നിലവിലുള്ള സ്ഥിതിയും സഹിതം വ്യക്തമാക്കാമോ;

(ബി) രൂക്ഷമായ വേനൽ മുന്നിൽകണ്ട് നിർമ്മാണം പൂർത്തിയാക്കിയവയോ, നാമമാത്രമായ പ്രവൃത്തികൾ ബാക്കിയായവയോ ആയ പദ്ധതികൾ കമ്മീഷൻ ചെയ്യുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) റാന്നി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) നിർമ്മാണം പൂർത്തിയാക്കിയ റാന്നി-പഴവങ്ങാടി-വടശ്ശേരിക്കര പദ്ധതിയിൽനിന്നും ജലവിതരണം നടത്തിവരുന്നു.

നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ അയിരൂർ-കാഞ്ഞേറ്റുകര പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് വൈദ്യുതി കണക്ഷൻ ലഭിച്ചാലുടൻ ട്രയൽ റൺ ആരംഭിച്ച് തുടർന്ന് ഒരു മാസത്തിനുള്ളിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി അവലോകന യോഗങ്ങൾ നടത്തി തടസ്സങ്ങളെന്തെങ്കിലുമുണ്ടെങ്കിൽ നീക്കി കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**പട്ടുവം ജപ്പാൻ കുടിവെള്ളപദ്ധതി**

208 (981) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം ജപ്പാൻ കുടിവെള്ളപദ്ധതിയിൽ നബാർഡിന്റെ ആർ.ഐ.ഡി.എഫ്.- 22 ൽ ഉൾപ്പെടുത്തി എത്ര കോടി രൂപയുടെ പ്രവൃത്തിയാണ് നടത്തുന്നതെന്നും രണ്ടാം ഘട്ടത്തിൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളതെന്നും ഇവയുടെ പ്രവൃത്തിയുടെ പുരോഗതിയും വിശദമാക്കാമോ; എത്ര രൂപ വീതമാണ് ഓരോ പഞ്ചായത്തിനും ലഭിക്കുന്നതെന്നും എത്ര കി. മീറ്റർ പൈപ്പ് ലൈൻ ഇടുന്നതിന് സാധിക്കുമെന്നും വ്യക്തമാക്കാമോ;

(ബി) ഒന്നാം ഘട്ടത്തിലെ, നബാർഡ് ഫണ്ടും രണ്ടാം ഘട്ടത്തിലെ സ്റ്റേറ്റ് പ്ലാനും ഉൾപ്പെടെ എത്ര കി. മീറ്റർ പൈപ്പ് ലൈൻ ഓരോ പഞ്ചായത്തിലും സ്ഥാപിക്കാൻ കഴിയും; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എപ്പോഴത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. 22-ൽ ഉൾപ്പെടുത്തി 1495 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയതിൽ കല്ല്യാശ്ശേരി മണ്ഡലത്തിൽ 610 ലക്ഷം രൂപയുടെ പ്രവൃത്തിയാണുള്ളത്. ഇതിൽ ചെറുകുന്ന്-മാട്ടൂൽ, ഏഴോം, കടന്നപ്പള്ളി, പാണപ്പുഴ, പട്ടുവം, കണ്ണപുരം പദ്ധതികളുടെ ഏകദേശം 80% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 5250 ലക്ഷം രൂപയുടെ പ്രവൃത്തിയിൽ കല്ല്യാശ്ശേരി മണ്ഡലത്തിന് 1386.15 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി 16 പാക്കേജുകളായി തിരിച്ച് 6 പാക്കേജുകളുടെ പ്രവൃത്തി തുടങ്ങിയിട്ടുണ്ട്. 10 പാക്കേജുകളുടെ ദർഘാസ് നടപടി പുരോഗമിച്ചുവരുന്നു.

ഓരോ പഞ്ചായത്തിനും നബാർഡ് പ്രവൃത്തിയിലും സ്റ്റേറ്റ് പ്ലാൻ പ്രവൃത്തിയിലും അനുവദിച്ച തുകയും സ്ഥാപിക്കുന്ന പൈപ്പ് ലൈനിന്റെ നീളവും അനുബന്ധമായി ചേർക്കുന്നു*.

(ബി)

1. ചെറുകുന്ന് - 23.55 കി.മീ.
2. മാട്ടൂൽ - 9.03 കി.മീ
3. കല്ല്യാശ്ശേരി - 48.14 കി.മീ.
4. കടന്നപ്പള്ളി - പാണപ്പുഴ - 85.03 കി. മീ.
5. പട്ടുവം - 19.72 കി.മീ.
6. കണ്ണപുരം - 38.22 കി. മീ.
7. ഏഴോം - 39.92 കി. മീ.

(സി) നബാർഡ് പ്രവൃത്തി 31-03-2018-ലും സ്റ്റേറ്റ് പ്ലാൻ പ്രവൃത്തി ഈ വർഷാവസാനത്തോടെയും പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**നമ്രാണി ചെക്ക്ഡാം**

209 (982) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കടലുണ്ടിപ്പുഴയിലെ നമ്രാണി ചെക്ക്ഡാമിന്റെ ചോർച്ച പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പും വിശദാംശവും നൽകുമോ;

(സി) മലപ്പുറം നഗരസഭയിലെയും പരിസരങ്ങളിലെയും രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നമ്പ്രാണിയിൽ ഒരു പുതിയ ചെക്ക്ഡാം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ & ബി) കടലുണ്ടിപ്പുഴയിലെ നമ്പ്രാണി ചെക്ക്ഡാമിൽ വലിയ തോതിൽ ചോർച്ച കണ്ടെത്തിയിട്ടില്ല. ഇതിന്റെ സംഭരണശേഷി നിലവിലെ സാഹചര്യത്തിൽ അപര്യാപ്തമായതിനാൽ പുതിയ റെഗുലേറ്റർ നിർമ്മിക്കാൻ ജില്ലാ വികസന സമിതി യോഗത്തിൽ ജില്ലാ കളക്ടറും ബഹുമാനപ്പെട്ട എം.എൽ.എ.-യും ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

(സി) നമ്പ്രാണിയിൽ ഒരു പുതിയ റെഗുലേറ്റർ നിർമ്മിക്കുന്നതിനായി പദ്ധതി തയ്യാറാക്കാൻ ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ സാധ്യതാ പഠനം നടന്നുവരുന്നു.

**കാരോട് കുടിവെള്ളപദ്ധതി**

210 (983) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ബജറ്റിൽ പ്രഖ്യാപിച്ച നെയ്യാറ്റിൻകര കാരോട് കുടിവെള്ളപദ്ധതിയുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ; എത്ര കോടി രൂപയുടെ ഡി.പി.ആർ. ആണ് വാട്ടർ അതോറിറ്റി തയ്യാറാക്കിയത്; ഡി.പി.ആർ. കിഫ്ബിയിൽ എത്തിക്കുന്നതിന് ഇനി എത്ര കാലതാമസം ഉണ്ട്;

(ബി) കാരോട് കുടിവെള്ളപദ്ധതിയുടെ പണികൾ 2018 മാർച്ച് മാസത്തിൽ ആരംഭിക്കാൻ കഴിയുമോ;

(സി) പ്രസ്തുത പദ്ധതി എത്ര മാസം കൊണ്ട് പൂർത്തീകരിക്കും എന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ പഞ്ചായത്തുകളിൽ ആണ് കുടിവെള്ളം എത്തിക്കാൻ കഴിയുക എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) 2017-18 ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ കാരോട് സമഗ്ര കുടിവെള്ള പദ്ധതിക്കുവേണ്ടി ഡി.എസ്.ആർ. 2016 പ്രകാരം കേരള വാട്ടർ അതോറിറ്റി 86 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട്

തയ്യാറാക്കിയിട്ടുണ്ട്. ഇതിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികളും പൂർത്തിയാക്കി. 24 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(ഡി) പ്രസ്തുത പദ്ധതിപ്രകാരം കാരോട്, കുളത്തൂർ, ചെങ്കൽ എന്നീ ഗ്രാമപഞ്ചായത്തുകളിൽ പൂർണ്ണമായും പൂവാർ പഞ്ചായത്തിൽ ഭാഗികമായും കുടിവെള്ളം എത്തിക്കാൻ സാധിക്കുന്നതാണ്.

**കുടിവെള്ളക്ഷാമം പരിഹരിക്കാൻ പദ്ധതികൾ**

211 (984) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിക്ക സ്ഥലങ്ങളിലും കുടിവെള്ള ക്ഷാമം നേരിടുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം ഉണ്ടാകുന്ന കഷ്ടത പരിഹരിയ്ക്കാൻ നിലവിലെ സർക്കാർ എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം പല സ്ഥലങ്ങളിലും കുടിവെള്ള പ്രശ്നത്തിന് പരിഹാരം ഉണ്ടാകാതിരിയ്ക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;ഇതിനെതിരെ എന്തു നടപടി സ്വീകരിയ്ക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ;

(സി) കുടിവെള്ളം ഇല്ലാത്തത് സംബന്ധിച്ച് വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥരെ പല തവണ ജനങ്ങൾ അറിയിച്ചിട്ടും ആയതിന് പരിഹാരം കാണാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഇങ്ങനെ ജനങ്ങൾക്ക് ഉപകാരപ്രദമായ സേവനം നൽകാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കുടിവെള്ളക്ഷാമം നേരിടുന്ന ജില്ല ഏതെന്ന് കണ്ടെത്തിയിട്ടുണ്ടോ;വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് കഴിഞ്ഞ വർഷം ഇതേസമയം ഉണ്ടായിരുന്ന ജലലഭ്യതയുമായി താരതമ്യം ചെയ്യുമ്പോൾ നിലവിലെ സ്ഥിതി മെച്ചപ്പെട്ടുനിൽക്കുന്നു. എന്നാലും വിവിധ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളിലെ ജലദൗർലഭ്യത്തിനുള്ള സാധ്യത പരിഗണിച്ച് വേണ്ട മുൻകരുതൽ നടപടികൾ സ്വീകരിച്ചുവരുന്നു. ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള സംരക്ഷണ പ്രവർത്തനങ്ങൾ ചർച്ച ചെയ്യാൻ കേരള വാട്ടർ അതോറിറ്റി, ജലസേചന വകുപ്പ്, ഭൂജലവകുപ്പ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരുടെ

അവലോകന യോഗം, സർക്കാർതലത്തിൽ ചേരുകയും നിലവിലെ സ്ഥിതി വിലയിരുത്തി വേണ്ട പരിഹാര മാർഗ്ഗങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. അനഭിമതമായ സാഹചര്യങ്ങളും അവസാന നിമിഷ അടിയന്തര നടപടികളും ഒഴിവാക്കാൻ ഓരോ കുടിവെള്ള സ്രോതസ്സും ശ്രദ്ധാപൂർവ്വം വിലയിരുത്തി ജലസുരക്ഷാ മാർഗ്ഗങ്ങൾ നടപ്പിലാക്കാനുള്ള പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിക്കാനും ഉപരിതല ജലസ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുവരുത്താനുമുള്ള മുൻകരുതൽ നടപടികളുടെ ഭാഗമായി ആവശ്യമായ സ്ഥലങ്ങളിൽ തടയണ നിർമ്മിക്കാൻ നിർദ്ദേശം നൽകിക്കഴിഞ്ഞു. കുടിവെള്ള മേഖലയിലെ വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഈ ബജറ്റിൽ 30.55 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽനിന്നും തിരുവനന്തപുരം ജില്ലയിലെ അരുവിക്കര അണക്കെട്ടിൽ അടിഞ്ഞുക്കൂടിയിരിക്കുന്ന ചെളിയും മണലും നീക്കം ചെയ്യുന്ന പ്രവൃത്തിക്കായി 4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മറ്റു ജില്ലകളിൽനിന്നും വരൾച്ചാദുരിത ലഘൂകരണത്തിനുള്ള വിവിധ പ്രവൃത്തികളുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു. ഹരിത കേരള മിഷന്റെ ഭാഗമായി നീർത്തടാധിഷ്ഠിത പദ്ധതികൾ രൂപീകരിച്ച് മണ്ണ്-ജലസംരക്ഷണം ശാസ്ത്രീയമായി നിർവ്വഹിക്കുന്നതിന് തുടക്കം കുറിച്ചുകഴിഞ്ഞു. ചെറു നീരുറവകളും തോടുകളും നികന്നുപോയതും ഭൂമിയുടെ വിനിയോഗത്തിൽ വന്ന മാറ്റവും ഭൂജല ലഭ്യതയെയും ഉപരിതല ലഭ്യതയെയും ബാധിച്ചിട്ടുണ്ട്. ഇതുകാരണം വലിയ തോടുകളിലെയും പുഴകളിലെയും നീരൊഴുക്ക് മഴക്കാലം കഴിയുന്നതോടുകൂടി കുറയുന്നതും കുടിവെള്ള ലഭ്യത കുറയുന്നതിന് ഇടയാക്കുന്നു. ഇക്കാര്യം കണക്കിലെടുത്ത് കുളങ്ങൾ, തോടുകൾ എന്നിവ പുനരുദ്ധരിക്കുന്ന പ്രവർത്തനത്തോടൊപ്പം തടയണകൾ നിർമ്മിച്ച് ജലസംരക്ഷണം നടത്തുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. ബജറ്റ് വിഹിതം ഉപയോഗപ്പെടുത്തി പ്രവൃത്തികൾ ഏറ്റെടുക്കുന്നതോടോപ്പം ജനപങ്കാളിത്തം, തൊഴിലുറപ്പുപദ്ധതിയുടെ പ്രയോജനപ്പെടുത്തൽ എന്നിവയിലൂടെയും ജലസംരക്ഷണ പ്രവർത്തനങ്ങൾ നിർവ്വഹിച്ചുവരുന്നു.

(ബി & സി) കുടിവെള്ളം സംബന്ധിച്ച് ജനങ്ങളുടെ പരാതികൾ യഥാസമയം പരിഹരിക്കാൻ എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. കുടിവെള്ള വിതരണ രംഗത്തെ ജനങ്ങളുടെ പരാതികൾ സമയബന്ധിതമായി പരിഹരിച്ചുവെന്ന് ഉറപ്പുവരുത്താനായി "ജനമിത്ര" സോഫ്റ്റ്‌വെയർ എല്ലാ ഡിവിഷനുകളിലും ഉപയോഗിച്ചുവരുന്നുണ്ട്. ഇതിലൂടെ ഉന്നത ഉദ്യോഗസ്ഥർക്ക് പരാതി പരിഹാരസംബന്ധമായ നിർദ്ദേശങ്ങൾ നൽകാനും കാലതാമസമുണ്ടെങ്കിൽ ഇടപെടാൻ കഴിയുന്നതുമാണ്.

(ഡി) കഴിഞ്ഞ വേനൽക്കാലത്ത് ഏറ്റവുംകൂടുതൽ ജലദൗർലഭ്യം അനുഭവപ്പെട്ടത് തിരുവനന്തപുരം, മലപ്പുറം, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിലാണ്.

## വാട്ടർ മീറ്റർ റീഡിംഗ്

212 (985) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ട് മാസത്തിലൊരിക്കൽ എടുത്തുവന്ന വാട്ടർ മീറ്റർ റീഡിംഗ് ഗ്രാമപ്രദേശങ്ങളിൽ നാല് മാസത്തിലൊരിക്കലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

(ബി) ഉണ്ടെങ്കിൽ ഈ പരിഷ്കരണത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളെന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ ഉപഭോക്താക്കളിൽ ഏറിയ പങ്കും ഗാർഹിക ഇനത്തിൽ വരുന്നവരാണ്. ഗ്രാമീണ മേഖലയിലെ ഉപഭോക്താക്കളുടെ എണ്ണം മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. കൂടാതെ ഇവരുടെ പ്രതിമാസ ശരാശരി ഉപയോഗം ഏകദേശം 15 KL-ൽ താഴെയുമാണ്. മീറ്റർ റീഡർമാരുടെ സേവനം കൂടുതൽ ഉപഭോക്താക്കൾ ഉള്ളതും ഗാർഹികേതര വാണിജ്യ ഉപഭോക്താക്കൾ ഉള്ളതുമായ മേഖലകളിലേയ്ക്ക് പുനർവിന്യസിച്ച് ഉപഭോക്താക്കൾക്കുള്ള സേവനം വർദ്ധിപ്പിക്കുകയും അതുവഴി വാട്ടർ അതോറിറ്റിയുടെ പ്രവർത്തന മികവ് മെച്ചപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് രണ്ടുമാസത്തിലൊരിക്കൽ എടുത്തുവന്ന വാട്ടർ മീറ്റർ റീഡിംഗ് ഗ്രാമപ്രദേശങ്ങളിൽ നാലുമാസത്തിലൊരിക്കലാക്കാൻ കേരള വാട്ടർ അതോറിറ്റി തീരുമാനിച്ചിട്ടുള്ളത്.

## ജപ്പാൻ കുടിവെള്ളപദ്ധതി

213 (986) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരമുള്ള കുടിവെള്ള വിതരണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം കുടിവെള്ളം പരിപൂർണ്ണമായി എന്നുമുതലാണ് വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയിൽ 174 ദശലക്ഷം ശേഷിയുള്ള ജലശുദ്ധീകരണശാല, 101 ദശലക്ഷം ശേഷിയുള്ള 20 ജലസംഭരണികൾ, 124 കിലോമീറ്റർ ദൈർഘ്യമുള്ള ട്രാൻസ്മിഷൻ പൈപ്പുകൾ 1954 കിലോമീറ്റർ ദൈർഘ്യമുള്ള വിതരണ കുഴലുകൾ എന്നിവയാണ് ഉൾപ്പെട്ടിരിക്കുന്നത്. നിർമ്മിക്കപ്പെട്ട സംഭരണികളിൽ പലതിൽനിന്നും വിതരണം ആരംഭിച്ചിട്ടുണ്ടെങ്കിലും വിതരണ ശൃംഖലയുടെ പ്രവൃത്തി ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ ഭൂരിഭാഗം റോഡുകളിലും അനുമതി ലഭിച്ചിട്ടുണ്ട്. എങ്കിലും കോർപ്പറേഷൻ മേഖലയിൽ ദേശീയ പാതയിലും കൂടാതെ പ്രധാനപ്പെട്ട മറ്റു ചില പാതകളിലും വീതികൂട്ടുന്ന പ്രവൃത്തികൾ നടക്കുന്നതുമൂലം അത്തരം റോഡുകളിലും പണി ആരംഭിക്കാൻ സാധിച്ചിട്ടില്ല. കോർപ്പറേഷൻ മേഖലയിൽ ആകെയുള്ള 605 കി.മീറ്ററിൽ 400 കി.മീ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു. പഞ്ചായത്ത് മേഖലകളിൽ 1257 കി.മീറ്ററിൽ 978 കി.മീ. പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികളും പൂർത്തീകരിച്ചു. സംഭരണിയിൽനിന്നും പ്രധാന പൈപ്പുകൾ സ്ഥാപിച്ച് കൂടുതൽ ജലവിതരണത്തിനായി എത്തിക്കുന്നതിനും വിതരണ ശൃംഖലയിലുള്ള ശേഷിക്കുന്ന പണികൾ പൂർത്തീകരിക്കുന്നതിനുമുള്ള പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) ഈ പദ്ധതിയിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ (ഏദേശം 10 മേഖലകളിൽ) 2019 മാർച്ച് മാസത്തോടെ പദ്ധതി പൂർത്തീകരിച്ച് ജലവിതരണം നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**വാട്ടർ അതോറിറ്റി പയ്യന്നൂർ സബ് ഡിവിഷന് കെട്ടിടം**

214 (987) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ പയ്യന്നൂർ സബ് ഡിവിഷൻ ഓഫീസ് പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണോ; എങ്കിൽ പ്രതിമാസം എത്ര രൂപയാണ് വാടക ഇനത്തിൽ നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പയ്യന്നൂർ സബ് ഡിവിഷന് സ്വന്തമായി സ്ഥലം നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് അറിയിക്കുമോ;

(സി) വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചാൽ പുതിയ കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ ഫണ്ട് അനുവദിക്കുമോ?

ഉത്തരം

(എ) വാട്ടർ അതോറിറ്റിയുടെ പയ്യന്നൂർ പ്രോജക്ട് സബ് ഡിവിഷൻ, വാട്ടർ സപ്ലൈ സബ് ഡിവിഷൻ എന്നിവ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇവയ്ക്ക് യഥാക്രമം 11,100 രൂപ, 23,598 രൂപ വാടക ഇനത്തിൽ നൽകുന്നുണ്ട്.

(ബി) പയ്യന്നൂർ വാട്ടർ സപ്ലൈ സബ് ഡിവിഷന് 9 സെന്റ് സ്ഥലം സ്വന്തമായുണ്ട്.

(സി) കെട്ടിട നിർമ്മാണത്തിനായി 45 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രസ്തുത എസ്റ്റിമേറ്റ് ഭരണാനുമതിക്ക് ലഭ്യമാക്കിയിട്ടില്ല.

## വർക്കല മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ

215 (988) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വർക്കല മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് (മൈനർ/മേജർ) തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ; ഏതെല്ലാം പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റും രൂപരേഖയുമാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വർക്കല മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നിലവിലുള്ള പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കുവേണ്ടി പേഴ്സ്പെക്ടീവ് പ്ലാൻ തയ്യാറാക്കി ജല അതോറിറ്റിയുടെ പി.പി.ഡി. വിഭാഗം വഴി സർവ്വേ നടപടികൾ പുരോഗമിക്കുന്നു. കൂടാതെ ജലശുദ്ധീകരണ ശാലയുടെ നിർമ്മാണത്തിനുള്ള സ്ഥലം പഞ്ചായത്ത് ലഭ്യമാക്കി നൽകിയതനുസരിച്ച് പള്ളിക്കൽ കുടിവെള്ള പദ്ധതിക്കുവേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള സർവ്വേ നടപടികൾ പൂർത്തിയായി വരുന്നു.

(ബി) വർക്കല മണ്ഡലത്തിൽ ജലസേചന വകുപ്പിന്റെ കീഴിൽ കുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഹരിത കേരളം ശീർഷകത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്.

മേജർ/മൈനർ വിഭാഗത്തിൽ മുൻഗണന പട്ടികയിലുൾപ്പെടുത്തി സാമ്പത്തികാനുമതി/ഭരണാനുമതി ലഭിക്കുന്നതിനായുള്ള നടപടികൾ ജലസേചന വകുപ്പ് സ്വീകരിച്ചുവരുന്നു.

പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കായംകുളം മണ്ഡലത്തിൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതി**

216 (989) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ 2016, 2017 എന്നീ വർഷങ്ങളിലെ വരൾച്ചയുമായി ബന്ധപ്പെട്ട വരൾച്ചാ ദുരിതാശ്വാസ പദ്ധതികളിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി വഴി നടപ്പിലാക്കേണ്ടിയിരുന്ന പദ്ധതികൾ ഏതൊക്കയാണെന്നും അതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും വിശദമാക്കാമോ?

ഉത്തരം

വരൾച്ചാ ദുരിതാശ്വാസ പദ്ധതി -2016:

1. കണ്ടല്ലൂർ പഞ്ചായത്തിലെ കരവള്ളി പമ്പ് ഹൗസിലെ 10 എച്ച്.പി. പമ്പും മോട്ടോറും മാറ്റി സ്ഥാപിക്കൽ പ്രവൃത്തി പൂർത്തീകരിച്ചു.
2. മുതുകുളം പഞ്ചായത്തിലെ മായിക്കൽ പമ്പ് ഹൗസിൽ സ്റ്റാന്റ് ബൈ പമ്പും മോട്ടോറും മാറ്റി സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചു.
3. ദേവികുളങ്ങര പഞ്ചായത്തിൽ കടശ്ശേരി മണ്ണൽ പമ്പ് ഹൗസിൽ സ്റ്റാന്റ് ബൈ പമ്പ് സെറ്റും മോട്ടോറും സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചു.
4. പത്തിയൂർ ജലശുദ്ധീകരണശാലയിൽ 3 എച്ച്.പി. വാക്വം പമ്പ് സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചു.
5. കണ്ടല്ലൂർ പഞ്ചായത്തിലെ ഓണംപള്ളി പമ്പ് ഹൗസിലെ 7.5 എച്ച്.പി. പമ്പും മോട്ടോറും മാറ്റി സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചു.
6. കൃഷ്ണപുരം പഞ്ചായത്തിൽ ചാലക്കൽ പമ്പ് ഹൗസിലെ 7.5 എച്ച്.പി. പമ്പും മോട്ടോറും മാറ്റി സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചു.

വരൾച്ചാ ദുരിതാശ്വാസ പദ്ധതി - 2017:

1. മുതുകുളം പഞ്ചായത്തിലെ പുത്തംകുളങ്ങര പമ്പ് ഹൗസിൽ പുതിയ കുഴൽ കിണർ നിർമ്മിച്ച് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തി പൂർത്തീകരിച്ചു.
2. മുതുകുളം പഞ്ചായത്തിലെ ഏഴാം വാർഡിലെ പൊച്ചയിൽ ജംഗ്ഷൻ മുതൽ ഫ്ലവർ ജംഗ്ഷൻ വരെയുള്ള ഇന്റർകണക്ഷൻ പ്രവൃത്തികൾ - ചില സാങ്കേതിക കാരണങ്ങളാൽ ഇതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

## വാട്ടർ അതോറിറ്റിയുടെ അനാഥമായി കിടക്കുന്ന പൈപ്പുകൾ

217 (990) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ചെർക്കള മുതൽ വിദ്യാനഗർ വരെ ദേശീയപാതക്കരികിൽ വാട്ടർ അതോറിറ്റിയുടെ വലിയ പൈപ്പുകൾ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പൈപ്പുകൾ ഉപയോഗിക്കാതെ കിടക്കുന്നതിന്റെ കാരണമെന്താണെന്നും എത്ര കാലമായി ഈ അവസ്ഥ തുടരുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പൈപ്പുകൾ ഏതു ഫണ്ടുപയോഗിച്ച് വാങ്ങിയതാണെന്നും പൈപ്പിടുന്ന പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോയെന്നും അറിയിക്കുമോ;

(സി) എങ്കിൽ ആരാണ് കരാറുകാരനെന്നും പ്രവൃത്തി എപ്പോൾ തുടങ്ങുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ചെർക്കള മുതൽ കാസർഗോഡ് വരെയുള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ പ്രവൃത്തിക്കാവശ്യമായ പൈപ്പുകൾ കരാറുകാരൻ സപ്ലൈ ചെയ്തുകഴിഞ്ഞു. പ്രസ്തുത പൈപ്പ് ലൈൻ കടന്നുപോകുന്ന പ്രദേശം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ റോഡ് വിപുലീകരണ പദ്ധതിയിൽ ഉൾപ്പെട്ടതായതിനാൽ റോഡിന്റെ ഏറ്റവും പുറത്തെ ഭാഗത്തുകൂടി മാത്രമേ പൈപ്പ് ലൈൻ സ്ഥാപിക്കാൻ പാടുള്ളൂ എന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ നിർദ്ദേശിച്ചിരിക്കുകയാണ്. ഈ സ്ഥലം സ്വകാര്യ വ്യക്തികളുടെ കൈവശമായതിനാൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ലാന്റ് അക്വിസിഷൻ നടപടി പൂർത്തിയായാൽ മാത്രമേ പൈപ്പ് ലൈൻ സ്ഥാപിക്കാൻ സാധിക്കുകയുള്ളൂ.

(ബി) പ്രസ്തുത പൈപ്പുകൾ പ്ലാൻ ഫണ്ടുപയോഗിച്ചാണ് വാങ്ങിയിട്ടുള്ളത്. പ്രവൃത്തി 1-7-2016-ന് ടെണ്ടർ ചെയ്ത് 25-10-2016-ന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

(സി) അൾട്ടാകോൺ കൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ് (മിലിട്ടറി ക്യാമ്പിന് സമീപം, മഡ്ഗോവ, ഗോവ സ്റ്റേറ്റ്) പ്രസ്തുത പ്രവൃത്തിയുടെ പൈപ്പുകൾ ഇറക്കിവച്ചുവെങ്കിലും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ അനുമതി ലഭിക്കാത്തതിനാൽ പൈപ്പിടുന്ന പ്രവൃത്തി തുടങ്ങിയിട്ടില്ല.

## കോതമംഗലം മുനിസിപ്പാലിറ്റിയിലെ കുടിവെള്ള പദ്ധതി

218 (991) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കീരംപാറ പഞ്ചായത്തിനെ ദേശീയ ഗ്രാമീണ ശുദ്ധജല പദ്ധതി (എൻ. ആർ. ഡി. പി. എം. ) യിൽ ഉൾപ്പെടുത്തി 1400 ലക്ഷം അടങ്കൽ തുകയിൽ ഒരു കുടിവെള്ള പദ്ധതിക്ക് 25-10-2013-ൽ ഭരണാനുമതിയും 5-5-2017 ൽ സാങ്കേതിക അനുമതിയും ലഭ്യമായെങ്കിലും പദ്ധതി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതി ആരംഭിക്കുവാൻ കഴിയാത്ത സാഹചര്യം വിശദീകരിക്കാമോ;

(സി) പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ഡി) കീരംപാറ പഞ്ചായത്ത്, വാരപ്പെട്ടി പഞ്ചായത്ത് ,നെല്ലിക്കുഴി പഞ്ചായത്ത്, കോതമംഗലം മുനിസിപ്പാലിറ്റി ഇവിടങ്ങളിലെയെല്ലാം കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരമാകുന്ന പ്രസ്തുത കുടിവെള്ള പദ്ധതി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പദ്ധതിയുടെ വിവിധ ഘടകങ്ങൾക്ക് വേണ്ടുന്നസ്ഥലം ലഭ്യമാക്കുമെന്നുള്ള കീരംപാറ പഞ്ചായത്ത് അധികാരികളിൽനിന്നും ലഭിച്ച റസല്യൂഷന്റെ അടിസ്ഥാനത്തിലാണ് ഈ പ്രോജക്ടിന് 25-10-2013-ൽ ഭരണാനുമതി ലഭിച്ചത്. എന്നാൽ വിവിധ ഘടകങ്ങൾക്കുവേണ്ടുന്ന സ്ഥലം യഥാസമയം വാട്ടർ അതോറിറ്റിക്ക് കൈമാറി നൽകിയിരുന്നില്ല. ഇതിൽ കിണറിന്റെയും പമ്പ് ഹൗസിന്റെയും സ്ഥലം 15-9-2015-ലും ട്രീറ്റ്മെന്റ് പ്ലാന്റിന്റെ സ്ഥലം 1-3-2016-ലും മാത്രമാണ് വാട്ടർ അതോറിറ്റിക്ക് ലഭിച്ചത്. അറുനൂറ്റി പതിനൊന്ന് മുടിയിൻ നിർമ്മിക്കാനുദ്ദേശിക്കുന്ന ഭൂതല സംഭരണിക്ക് വേണ്ടുന്ന സ്ഥലം പഞ്ചായത്ത് അധികാരികൾ ഇതുവരെയും വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുമില്ല. അതിനാൽ വിവിധ ഘടകങ്ങളുടെ പ്രവൃത്തികൾ യഥാസമയം ആരംഭിക്കാൻ കഴിയാതെ വന്നു.

കാളക്കടവിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന കിണറിന്റെയും പമ്പ് ഹൗസിന്റെയും സ്ഥലം ഭൂതത്താൻ കെട്ട് ഡാമിന്റെ (പി.വി.ഐ.പി.പ്രോജക്ട്) വൃഷ്ടി പ്രദേശത്തായതിനാൽ കിണറിന്റെയും പമ്പ് ഹൗസിന്റെയും ജോലികൾ ജൂൺ/ജൂലൈ മാസങ്ങളിൽ മാത്രമേ ആരംഭിക്കാൻ കഴിയുമായിരുന്നുള്ളൂ. ഇതും പദ്ധതി നിർവ്വഹണം വൈകാൻ കാരണമായി.

(സി) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കുള്ള കേന്ദ്രസർക്കാർ സഹായം ഗണ്യമായി വെട്ടിച്ചുരുക്കുകയും പുരോഗതി കൈവരിക്കാത്ത പദ്ധതികൾക്ക് കേന്ദ്രസഹായം നിർത്തലാക്കുകയും ചെയ്ത സാഹചര്യത്തിൽ പദ്ധതി നിർവ്വഹണത്തിനാവശ്യമായ സാമ്പത്തിക സ്രോതസ് ഉറപ്പാക്കാൻ കഴിയാതെവന്നു. മേൽ കാരണത്താൽ ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യമാണ്.

(ഡി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## തിരുനാവായ-കാടാമ്പുഴ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട നടപടികൾ

219 (992) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തിരുനാവായ - കാടാമ്പുഴ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനു വേണ്ട അനുവാദം പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(ബി) തിരുനാവായ - കാടാമ്പുഴ പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് റോഡ് മുറിക്കുന്നതിന് ആവശ്യമായ തുക കേരള വാട്ടർ അതോറിറ്റി കെട്ടിവച്ചിട്ടുണ്ടോ;

(സി) പദ്ധതി അത്യാവശ്യമായ സാഹചര്യത്തിൽ പ്രസ്തുത തുക അടിയന്തരമായി പൊതുമരാമത്ത് വകുപ്പിൽ കെട്ടിവച്ച് പദ്ധതി പൂർത്തിയാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഇല്ല.

(സി) പി.ഡബ്ല്യൂ.ഡി. റോഡ് റിസ്റ്റോറേഷനുമായി ബന്ധപ്പെട്ട് 80.12 ലക്ഷം രൂപയുടെ അപേക്ഷ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും കേരള വാട്ടർ അതോറിറ്റിയിൽ ലഭിച്ചിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ചുവരുന്നു.

## കുടിവെള്ള ലഭ്യത

220 (993) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വീടുകളിൽ കുടിവെള്ളം എത്തിയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്; ജില്ലതിരിച്ച് വിശദമായ കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം ഓരോ നിയോജകമണ്ഡലത്തിലും എത്ര ശതമാനം കുടുംബങ്ങൾക്ക് വീതം കുടിവെള്ളം എത്തിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇറിഗേഷൻ ഡിപ്പോർട്ട്മെന്റ് വേണ്ടെന്ന് വച്ചിട്ടുള്ള പല പദ്ധതികളുടെയും ഓഫീസുകളിൽ ഇപ്പോഴും അനേകം ഉദ്യോഗസ്ഥർ ജോലി ചെയ്തുവരുന്നതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മീനച്ചിൽ റിവർവാലി പദ്ധതി ഉൾപ്പെടെ ഇപ്രകാരം വേണ്ടെന്ന് വച്ചിട്ടുള്ള മറ്റ് പദ്ധതികളുടെയും ഓഫീസുകളിൽ എത്ര ഉദ്യോഗസ്ഥർ വീതം വിവിധ തസ്തികകളിൽ ഇപ്പോഴും ജോലി ചെയ്യുന്നുണ്ടെന്ന് വെളിപ്പെടുത്താമോ; ഇതിന്റെ വിശദമായ കണക്കുകൾ ഓഫീസിന്റെ പേരും സ്ഥലങ്ങളും സഹിതം ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത ഉദ്യോഗസ്ഥരെ ജല അതോറിറ്റിയിലേയ്ക്ക് മാറ്റി നിയമിക്കാനുള്ള നടപടികളെപ്പറ്റി ആലോചിക്കുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള ജല അതോറിറ്റി മുഖേന ഗാർഹിക കണക്ഷൻ വഴി 292071 വീടുകളിൽ കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരള ജല അതോറിറ്റി, ഭൂജലവകുപ്പ്, ജലനിധി എന്നീ വകുപ്പുകൾ മുഖേന കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞിട്ടുള്ള വീടുകളുടെ ജില്ല തിരിച്ചുള്ള വിശദമായ കണക്കുകൾ അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) ഈ സർക്കാർ വന്നതിനുശേഷം ഓരോ നിയോജകമണ്ഡലത്തിലും എത്തിച്ച കുടിവെള്ളത്തിന്റെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി-ഇ) മീനച്ചിൽ റിവർവാലി പദ്ധതി വേണ്ടെന്നുവച്ചിട്ടില്ല. പദ്ധതികളുടെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതികളുടെ പരിപാലനത്തിനും പ്രവർത്തനത്തിനുമായുള്ള ഉദ്യോഗസ്ഥരെ നിലനിർത്തി ബാക്കി ജീവനക്കാരെ പുതിയ പദ്ധതികൾക്കായി സ്ഥലം മാറ്റാറുണ്ട്. കൂടാതെ ജലസേചന വകുപ്പിന്റെ കീഴിലുള്ള എല്ലാ കാര്യാലയങ്ങളും ഹരിത കേരളം മിഷന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ട്. ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തേണ്ടതുള്ളതിനാൽ ജില്ലകളിൽ പഞ്ചായത്തുകളുടെ ചാർജ് കൊടുത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എലവഞ്ചേരി പല്ലശ്ശന കുടിവെള്ള പദ്ധതി

221 (994) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച എലവഞ്ചേരി -പല്ലശ്ശന കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടം വരെയെത്തി എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തിയാക്കേണ്ടത് എന്ന് അറിയിക്കുമോ;

(സി) രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന ഈ പഞ്ചായത്തുകളിൽ അടിയന്തരമായി പ്രസ്തുത കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; ഈ പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ - സി) 2017-18 ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ എലവഞ്ചേരി-പല്ലശ്ശന കുടിവെള്ള പദ്ധതിയുടെ DSR 2016 പ്രകാരം 20 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്.

## ചാലിശ്ശേരി പാവറട്ടി കുടിവെള്ള പദ്ധതി

222 (995) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ചാലിശ്ശേരി പാവറട്ടി കുടിവെള്ള പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2012 എസ്.എൽ.എസ്.സി.-യിൽ അനുമതി ലഭിച്ച പാവറട്ടി ശുദ്ധജലവിതരണ പദ്ധതിയുടെ വിപുലീകരണം എന്ന പ്രവൃത്തിയുടെ തുടർച്ചയായാണ് മണലൂർ മണ്ഡലത്തിലെ പാവറട്ടി-മുല്ലശ്ശേരി ശുദ്ധജലവിതരണ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

(ബി & സി) പാവറട്ടി-മുല്ലശ്ശേരി ശുദ്ധജലവിതരണ പദ്ധതിക്ക് 1-3-2016-ൽ കേന്ദ്ര സഹായത്തോടെയുള്ള ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 1360 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതിയിൽ താഴെപ്പറയുന്ന മൂന്ന് പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്.

1. ചാവക്കാട് താലൂക്ക് മുതൽ പാവറട്ടി മുല്ലശ്ശേരി എന്നിവിടങ്ങളിലെ ഉന്നതതല ജലസംഭരണികൾ വരെയുള്ള ഗ്രാവിറ്റി മെയിൻ
2. പാവറട്ടി പഞ്ചായത്തിൽ ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്ന പ്രവൃത്തി
3. മുല്ലശ്ശേരി പഞ്ചായത്തിൽ ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്ന പ്രവൃത്തി

മേൽപ്പറഞ്ഞ മൂന്ന് പ്രവൃത്തികൾക്കും ദർഘാസ് നടപടികൾ സ്വീകരിച്ചിരുന്നെങ്കിലും ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കുള്ള കേന്ദ്ര സഹായത്തിൽ വന്നിട്ടുള്ള കുറവുകാരണം ചാവക്കാട് താലൂക്ക് മുതൽ പാവറട്ടി, മുല്ലശ്ശേരി എന്നിവിടങ്ങളിലെ ഉന്നതതല ജലസംഭരണികൾ വരെയുള്ള ഗ്രാവിറ്റി മെയിനിന്റെ പ്രവൃത്തിയുടെ ദർഘാസിനുമാത്രം അനുമതി നൽകുകയുണ്ടായി. മറ്റ് രണ്ട് പ്രവൃത്തികളും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ നിർവ്വഹിക്കാൻ കഴിയുകയുള്ളൂ.

**കുയിലൂർ പ്രദേശത്ത് ശുദ്ധജല വിതരണം**

223 (996) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ഇരിക്കൂർ അഡ്ജോയിനിംഗ് പദ്ധതിയിൽ നിന്നും മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പടിയൂർ ഗ്രാമപഞ്ചായത്തിലെ കുയിലൂർ പ്രദേശത്ത് ശുദ്ധജല വിതരണം നടത്തുന്നതിന് പൈപ്പ് ലൈൻ എക്സ്റ്റൻഷനു വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി കേരള ജല അതോറിറ്റിക്ക് സമർപ്പിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) നടപ്പ് സാമ്പത്തിക വർഷം തന്നെ ഭരണാനുമതി നൽകി ടെൻഡർ ചെയ്യുവാനും വരാൻ പോകുന്ന വേനൽക്കാലത്ത് കുയിലൂർ പ്രദേശവാസികളുടെ ശുദ്ധജലക്ഷാമം പരിഹരിക്കുവാനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കുയിലൂർ പ്രദേശത്ത് ശുദ്ധജല വിതരണം നടത്തുന്നതിന് പൈപ്പ് ലൈൻ എക്സ്റ്റൻഷനുവേണ്ടിയുള്ള 112 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേരള ജല അതോറിറ്റിക്ക് ഉത്തരമേഖലാ ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്.

(ബി&സി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ഗാർഹിക കണക്ഷൻ അനുവദിക്കാൻ നടപടി**

224 (997) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എൻഡോസൾഫാൻ പ്രോജക്റ്റിൽ ഉൾപ്പെടുത്തി കണ്ണൂർ- ചീമേനി പഞ്ചായത്തിൽ ആരംഭിച്ച കുടിവെള്ള പദ്ധതിയിൽ കൂടുതൽ ഗാർഹിക കണക്ഷൻ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

എൻഡോസൾഫാൻ പ്രോജക്ടിൽ ഉൾപ്പെടുത്തി കണ്ണൂർ-ചീമേനി പഞ്ചായത്ത് കുടിവെള്ള പദ്ധതിയുടെ വൈദ്യുതീകരണവും ട്രാൻസ്ഫോമർ സ്ഥാപിക്കൽ പ്രവൃത്തിയും 2018 മാർച്ച് മാസത്തോടുകൂടി പൂർത്തിയാക്കി ഗാർഹിക കണക്ഷൻ അനുവദിക്കാവുന്നതാണ്.

**ഭാരതപ്പുഴ മലിനമാക്കുന്നത് തടയാനുള്ള നടപടികൾ**

225 (998) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള പദ്ധതികൾക്കായി ഭാരതപ്പുഴയിൽ നിന്നും പമ്പ് ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരം സംബന്ധിച്ച പരിശോധന നടത്തിയിട്ടുണ്ടോ; കുടിവെള്ള ശ്രോതസ്സായ ഭാരതപ്പുഴ മലിനമാക്കുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഹോട്ടലുകളിൽ നിന്നും കംഫർട്ട് സ്റ്റേഷനുകളിൽ നിന്നും വിവിധ ഓടകളിലൂടെ മലിനജലം കുടിവെള്ള സ്രോതസ്സിൽ എത്തിച്ചേരുന്നത് തടയാനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഭാരതപ്പുഴയിൽ എത്തിച്ചേരുന്ന വെള്ളം ശുദ്ധീകരിക്കുവാനായി സ്ഥാപിച്ച പ്ലാന്റ് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അത് പ്രവർത്തന രഹിതമാവാനുള്ള കാരണം വ്യക്തമാക്കാമോ; ആയതു പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഭാരതപ്പുഴ സ്രോതസ്സായിട്ടുള്ള കുടിവെള്ള പദ്ധതികളിൽ ജലശുദ്ധീകരണശാലയോടുകൂടിയവയും ഇൻഫിൽട്രേഷൻ ഗ്യാലറി സംവിധാനത്തോടുകൂടിയവയും ഉൾപ്പെട്ടിട്ടുണ്ട്. ജലശുദ്ധീകരണശാല ഉൾപ്പെട്ടിട്ടുള്ള പദ്ധതികളിൽ ശാസ്ത്രീയമായ രീതിയിലുള്ള എയറേഷൻ, ക്വയാഗുലേഷൻ, ഫ്ലോകുലേഷൻ, സെഡിമെന്റേഷൻ, ഫിൽട്രേഷൻ എന്നീ ശുദ്ധീകരണ പ്രക്രിയകൾക്കുശേഷം അണുനശീകരണം നടത്തി ഗുണനിലവാരം ഉറപ്പു വരുത്തിയാണ് കുടിവെള്ളം വിതരണം ചെയ്യുന്നത്. ഇൻഫിൽട്രേഷൻ ഗ്യാലറി സംവിധാനത്തോടുകൂടിയ പദ്ധതികളിലും ഗ്യാലറി സംവിധാനത്തിലൂടെ ശുദ്ധീകരിക്കുന്ന വെള്ളം അണുവിമുക്തമാക്കി ഗുണനിലവാരം ഉറപ്പുവരുത്തിയാണ് ജനങ്ങൾക്ക് വിതരണം ചെയ്യുന്നത്. കൂടാതെ ഉല്പാദനത്തിന്റെയും വിതരണത്തിന്റെയും വിവിധ ഘട്ടങ്ങളിൽ വെള്ളത്തിന്റെ സാമ്പിളുകൾ കേരള വാട്ടർ അതോറിറ്റിയുടെ ലാബുകളിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നുമുണ്ട്.

(ബി) കുടിവെള്ള സ്രോതസ്സുകളിൽ മാലിന്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത വിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, പോലീസ് മുതലായവരുടെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ജലസ്രോതസ്സുകൾ മലിനീകരിക്കുന്നത് തടയുന്നതിനാവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(സി) ഭാരതപ്പുഴ സ്രോതസ്സായി കേരള ജല അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ ഭാഗമായുള്ള ജലശുദ്ധീകരണ ശാലകളെല്ലാം ഇപ്പോൾ പ്രവർത്തനക്ഷമമാണ്.

**കോങ്ങാട്, മങ്കര എന്നിവിടങ്ങളിലെ കുടിവെള്ള പദ്ധതികൾ**

226 (999) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ എത്ര പുതിയ കുടിവെള്ള പദ്ധതികൾ ആരംഭിക്കുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; എന്തെല്ലാം സ്കീമുകളിലൂടെയാണ് പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദവിവരം നൽകുമോ;

(ബി) മങ്കര പഞ്ചായത്തിന്റെ വിവിധ കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണത്തിനും നവീകരണത്തിനും നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗ്രാമ പഞ്ചായത്തും മണ്ഡലം എം.എൽ.എ.-യും നൽകിയിട്ടുള്ള നിവേദനങ്ങളുടെമേൽ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കുമോ?

ഉത്തരം

(എ) കോങ്ങാട് മണ്ഡലത്തിൽ ചുവടെ ചേർത്തിരിക്കുന്ന രണ്ട് കുടിവെള്ള പദ്ധതികൾ ആരംഭിക്കുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്.

1. നബാർഡ് - ആർ.ഐ.ഡി.എഫ്. 23 - മണ്ണൂർ, കേരളശ്ശേരി, മങ്കര എന്നീ പഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതിക്ക് 25.3 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.
2. 2017-18-ലെ ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ കരിമ്പ, കോങ്ങാട് ഗ്രാമപഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിക്കുവേണ്ടി DSR 16 പ്രകാരം 27.3 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്.

(ബി) നബാർഡിൽ ഉൾപ്പെടുത്തി മണ്ണൂർ, കേരളശ്ശേരി, മങ്കര എന്നീ പഞ്ചായത്തുകൾക്കായി 25.3 കോടി രൂപയുടെ കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ മങ്കര പഞ്ചായത്തിലെ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പും പരിപാലനവും പഞ്ചായത്താണ് നിർവ്വഹിക്കുന്നത്.

**താഴേക്കോട് - ആലിപ്പറമ്പ് കുടിവെള്ള പദ്ധതി**

227 (1000) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ താഴേക്കോട് -ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന സി.എ.ആർ. ഡബ്ല്യൂ.എസ്.എസ്. താഴേക്കോട് -ആലിപ്പറമ്പ് കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് നാളിതുവരെ തുക വകയിരുത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി അനന്തമായി നീളുന്നത് പദ്ധതിച്ചെലവ് വർദ്ധിക്കുന്നതിന് ഇടയാക്കുന്നതും ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നതിന് കാലതാമസമുണ്ടാക്കുന്നതും ആയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ തുക ഏത് രീതിയിൽ വകയിരുത്താൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിനും ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭിച്ച 7.5 കോടി രൂപയുടെ പദ്ധതിയിൽപ്പെടുത്തി കിണർ, ജലശുദ്ധീകരണശാല, റാ-വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്ക് കേന്ദ്രം നൽകിയിരുന്ന വിഹിതം ഗണ്യമായി കുറച്ചതുകാരണം വിതരണ ശൃംഖല ഉൾപ്പെടെയുള്ള ശേഷിക്കുന്ന ഘടകങ്ങൾക്ക് വിശദ റിപ്പോർട്ട് തയ്യാറാക്കുന്ന മുറയ്ക്ക് ഇതര സ്രോതസ് കണ്ടെത്തേണ്ടതായിട്ടുണ്ട്. ആയതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**കോഴിക്കോട് ജപ്പാൻ കുടിവെള്ള പദ്ധതി**

228 (1001) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയിൽ പൈപ്പിടുന്നതിന് ആവശ്യമായ അനുമതി പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭിച്ചിട്ടും പ്രവൃത്തികൾ ഇഴഞ്ഞു നീങ്ങുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) കുടിവെള്ളക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ എപ്പോൾ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പിൽനിന്നും ഭൂരിഭാഗം റോഡുകളിലും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. അനുമതി ലഭിച്ച മിക്കവാറും റോഡുകളിലും പണി പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ അടുത്ത കാലത്ത് അനുമതി ലഭിച്ച ചില റോഡുകളിൽ പണി ആരംഭിക്കാനോ കാര്യമായ പുരോഗതി കൈവരിക്കാനോ കഴിഞ്ഞിട്ടില്ല. വലിയ വ്യാസങ്ങളിലുള്ള ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കാനുള്ളതുകൊണ്ട് പണി ആരംഭിക്കുന്നതിന് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുന്നതിനായി കൂടുതൽ സമയം വേണ്ടിവരുന്നതായി കരാറുകാരൻ അറിയിച്ചിട്ടുണ്ട്. കൂടാതെ തിരക്കേറിയ റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് കൂടുതൽ സമയം ആവശ്യമായി വരുന്നു. ജോലി ത്വരിതപ്പെടുത്തി സമയബന്ധിതമായി തീർപ്പാക്കുന്നതിന് സത്വര നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ബി) 2019 മാർച്ച് മാസത്തോടെ പദ്ധതി പൂർത്തിയാക്കി പൂർണ്ണമായ തോതിൽ ജലവിതരണം നടത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## പൈപ്പിടൽ പ്രവൃത്തി

229 (1002) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ അരൂർ പാലം മുതൽ പാവുമ്പായി മൂലയിലെ പദ്ധതി പ്രദേശം വരെയുള്ള പൈപ്പിടൽ പ്രവൃത്തിയുടെ നിജസ്ഥിതി അറിയിക്കുമോ;

(ബി) പൈപ്പിടുന്നതിനായി അമൃത് പദ്ധതിയിൽ അനുവദിച്ച തുകയുടെ ടെണ്ടർ പൂർത്തീകരിച്ചോ; ഈ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പൈപ്പിടൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) അരൂർ പാലം മുതൽ പാവുമ്പായിമൂല വരെയുള്ള പൈപ്പ് ലൈനിന്റെ 1 കി.മീറ്റർ ഒഴികെയുള്ള ഭാഗത്തിന്റെ പണികൾ പുരോഗമിച്ചുവരുന്നു. ബാക്കിയുള്ള 1 കി.മീറ്റർ പൈപ്പ് ലൈൻ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ബി) പൂർത്തീകരിച്ചു. റോഡ് കട്ടിംഗ് അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പ്രവൃത്തി അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയത് 15-8-2017-നാണ്. തുടർനടപടികൾ സ്വീകരിച്ച് ഇതിനകം കരാർ ഉറപ്പിച്ചിട്ടുണ്ട്.

## ഇടക്കൊച്ചി കുടിവെള്ള പദ്ധതി

230 (1003) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ വാട്ടർടാങ്കിനായി തുക അനുവദിച്ചിട്ടും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കാത്തതിന് കാരണം വ്യക്തമാക്കാമോ;

(ബി) തുക അനുവദിച്ചിട്ടും നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ അനുവദിച്ച തുക തികയാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രശ്നം പരിഹരിക്കാനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ഡി) ടാങ്കിന്റെയും അനുബന്ധഘടകങ്ങളുടെയും നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്നും ആയത് എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) ഇടക്കൊച്ചി ശുദ്ധജല സംഭരണിക്കുവേണ്ടി 278 ലക്ഷം രൂപ LAC-ADS -ൽ അനുവദിച്ചിട്ടുണ്ടെങ്കിലും വിശദമായ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള ഡിസൈൻ പ്രകാരം പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുക, ജലസംഭരണിയുടെ നിർമ്മാണത്തിന് മാത്രം 346 ലക്ഷം രൂപയാണ്. അധികം ആവശ്യമായ 68 ലക്ഷം രൂപയും ബാക്കി ഘടകങ്ങളായ പമ്പ് ഹൗസ്, പമ്പ് സെറ്റ്, ചുറ്റുമതിൽ, മറ്റ് അനുബന്ധ ഘടകങ്ങൾ എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ 70 ലക്ഷം രൂപയും എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിക്കിട്ടുമെന്ന ധാരണയിൽ ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് കുടിവെള്ള പദ്ധതി**

231 (1004) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ബന്തടുക്കയ്ക്കും സമീപ വില്ലേജുകൾക്കുമുള്ള കുടിവെള്ള പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അനുമതി ലഭിച്ചത് എന്നാണെന്നും എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) പഞ്ചായത്തുകൾ ഈ പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പഞ്ചായത്തുകൾ ഭൂമി ഏറ്റെടുത്ത് നൽകാത്ത സാഹചര്യത്തിൽ വാട്ടർ അതോറിറ്റി തന്നെ റവന്യൂ ഭൂമി കണ്ടെത്തി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) കാസർഗോഡ് ബന്തടുക്കയ്ക്കും സമീപ വില്ലേജുകൾക്കുമുള്ള കുടിവെള്ള പദ്ധതിക്ക് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 18-10-2012-ൽ 800 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കാവശ്യമായ സ്ഥലങ്ങൾ പഞ്ചായത്ത് ജല അതോറിറ്റിക്ക് കൈമാറാത്തതിനാൽ പദ്ധതി തുടങ്ങാൻ സാധിച്ചില്ല.

(ഡി) പ്രസ്തുത പദ്ധതിയുടെ ശുദ്ധീകരണ ശാലയ്ക്കുവേണ്ടി പഞ്ചായത്ത് റവന്യൂ ഭൂമി കണ്ടെത്തിയിരുന്നു. എന്നാൽ ഈ ഭൂമി സർക്കാർ മിച്ച ഭൂമിയായി പതിച്ചുനൽകാൻ തീരുമാനിച്ചതിനാൽ കുടിവെള്ള പദ്ധതിക്കുവേണ്ടി സ്ഥലം ലഭിച്ചില്ല. ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട 25 ശതമാനത്തിൽ കുറവ് പുരോഗതിയുള്ള പദ്ധതികൾക്ക് കേന്ദ്ര വിഹിതം ലഭ്യമാകുകയില്ലെന്ന് 1-11-2016-ലെ കേന്ദ്ര സർക്കാർ അറിയിപ്പ് ലഭിച്ചതിനെത്തുടർന്ന് നിലവിൽ പദ്ധതിയുടെ ഭരണാനുമതി റദ്ദ് ചെയ്യപ്പെട്ടിരിക്കുകയാണ്. പ്രസ്തുത പദ്ധതിയുടെ സ്രോതസ് പനത്തടി പഞ്ചായത്തിൽപ്പെട്ട സ്ഥലത്തായതിനാൽ 2016-ൽ സർക്കാർ തലത്തിൽ ചേർന്ന യോഗത്തിൽ പനത്തടി പഞ്ചായത്തിലെ ഏതാനും സ്ഥലങ്ങളെക്കൂടി ഉൾപ്പെടുത്തി പദ്ധതിയുടെ രൂപരേഖ പുതുക്കി തയ്യാറാക്കാൻ നിർദ്ദേശിച്ചു. ഈ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ പ്രാഥമിക സാങ്കേതിക റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു.

**മാവേലിക്കര കുറത്തികാട് കുടിവെള്ള പദ്ധതി**

232 (1005) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കുറത്തികാട് കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നിലവിലെ തടസ്സം എന്തെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തടസ്സം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) മാവേലിക്കര തഴക്കര കുടിവെള്ള പദ്ധതിക്ക് (കെ.ഡബ്ല്യു.എ.) 60 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ; ഡി.ആർ. അനുമതി ലഭ്യമായിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഭരണിക്കാവ് ശുദ്ധജലവിതരണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 397.72 ലക്ഷം രൂപയുടെയും രണ്ടാം ഘട്ടത്തിന് 1007.02 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഇൻടേക് കിണർ, റോ വാട്ടർ പമ്പിംഗ് മെയിൻ, ജല ശുദ്ധീകരണശാല, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നിവയുടെ പണികൾ പൂർത്തീകരിച്ചു. കൂടാതെ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ പ്രായിക്കര പാലത്തിന് സമാന്തരമായുള്ള പൈപ്പ് ലൈനിലും കല്ലുമല റെയിൽ പാലത്തിന് സമാന്തരമായുള്ള പൈപ്പ് ലൈനിലുമുള്ള 500 മീറ്ററോളം ഗ്യാപ്പുകൾ ഒഴികെയുള്ള പണികളും 450 എം.എം. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. കുറത്തികാട് ഉന്നതതല ജലസംഭരണിയുടെ വെർട്ടിക്കൽ കണക്ഷൻ ഒഴികെയുള്ള പണികളും പൂർത്തീകരിച്ചുകഴിഞ്ഞു. ജലശുദ്ധീകരണ ശാലയോടനുബന്ധിച്ചുള്ള 400 കെ.വി.എ. ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ സ്ഥാപിക്കൽ, റെയിൽവേ പാലത്തിന് സമാന്തരമായി പൈപ്പ് ലൈൻ സ്ഥാപിക്കൽ തുടങ്ങിയവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ബി) റെയിൽവേ പാലത്തിന് സമാന്തരമായി പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതുണ്ട്. ഡിസൈൻ റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ടെങ്കിലും അനുമതി ലഭ്യമായിട്ടില്ല.

(സി) മാവേലിക്കര - തഴക്കര കുടിവെള്ള പദ്ധതിക്കായി 52.5 കോടി രൂപയുടെ ഒരു പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനാവശ്യമായ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**ഒറ്റപ്പാലം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

233 (1006) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം കുടിവെള്ള പദ്ധതികൾക്കാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫണ്ട് അനുവദിച്ചത്; വിശദാംശം നൽകാമോ;

(ബി) ഓരോ കുടിവെള്ള പദ്ധതിയുടെയും കാലികസ്ഥിതിയും നാളിതുവരെ സ്വീകരിച്ച നടപടികളും വിശദീകരിക്കാമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഫണ്ട് അനുവദിച്ച കുടിവെള്ള പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ നിർമ്മാണം**

234 (1007) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി പഞ്ചായത്തിലെ പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണം ഉടൻ പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി പഞ്ചായത്തിലെ പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ സിവിൽ, മെക്കാനിക്കൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ കൂടുതൽ പ്രയോജനം ലഭിക്കുന്നതിനായി ഡിസ്ട്രിബ്യൂഷൻ പൈപ്പ് ഇടുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. അടിയന്തരമായി നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പള്ളിച്ചൽ കുടിവെള്ള പദ്ധതി**

235 (1008) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പള്ളിച്ചൽ കുടിവെള്ള പദ്ധതി (ജി. ഒ.ആർ. ടി. 893/2016/ഡബ്ല്യു. ആർ. ഡി. തീയതി 16.11.16) നടപ്പിലാക്കുന്നതിനുള്ള നടപടിയെന്തായെന്ന് വിശദമാക്കാമോ; അടിയന്തര പ്രാധാന്യത്തോടെ ഈ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

വിളവൂർക്കൽ പഞ്ചായത്തിലെ പിടാരത്ത് പുതുതായി നിർമ്മിക്കേണ്ട 4 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി, 4.3 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ജലസംഭരണി എന്നിവയുടെ നിർമ്മാണവും പള്ളിച്ചൽ പഞ്ചായത്തിലെ പൂവടയിൽ നിർമ്മിക്കേണ്ട 8.7 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഭൂതല ജലസംഭരണിയുടെ നിർമ്മാണ പ്രവൃത്തികളും വിളവൂർക്കൽ പഞ്ചായത്തിൽ സ്ഥാപിക്കേണ്ട ജലവിതരണ ശൃംഖലയുടെ പ്രവൃത്തികളും ഉൾപ്പെടുന്ന പാക്കേജിന് 2016-17-ൽ RIDF XXII-ൽ ഉൾപ്പെടുത്തി നബാർഡിൽനിന്ന് 10.24 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ച് ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**സമ്പൂർണ്ണ ജലസുരക്ഷാ പദ്ധതി**

236 (1009) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. പി. ഉണ്ണി:
ശ്രീ. എം. നൗഷാദ്:
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജല സംരക്ഷണത്തിനായി സമ്പൂർണ്ണ ജല സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി വിവിധ ജല സാക്ഷരതാ പരിപാടികൾ, സെമിനാറുകൾ, ശിൽപ്പശാലകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) വിവിധ ജലസംരക്ഷണ പരിപാടികളുടെ ഭാഗമായി ജലസ്രോതസ്സുകളുടെ തുടർ പരിപാലനത്തിനും സംരക്ഷണത്തിനും ജല ജാഗ്രതാ സമിതികളും ജല കൂട്ടായ്മകളും രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) ജലസ്രോതസ്സുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിനും പലവിധ കാരണങ്ങളാൽ നശിച്ചുപോയ കിണറുകൾ, കുളങ്ങൾ, തോടുകൾ, കനാലുകൾ, നദികൾ എന്നിവയെല്ലാം വീണ്ടെടുക്കുന്നതിന് അതത് പ്രദേശങ്ങളിലുള്ള ജനങ്ങളെ പങ്കാളികളാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ജലവിഭവ വിനിയോഗത്തിലും സംരക്ഷണത്തിലും ഒരു പുതിയ സംസ്കാരം രൂപപ്പെടുത്തുകയും അതിന്റെ ഫലമായി ജലസുരക്ഷ നേടുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ഹരിത കേരളം മിഷന്റെ ഉപമിഷനായ "മണ്ണ്-ജലസംരക്ഷണം (ജലസമൃദ്ധി)" -യുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കുളങ്ങളുടെ നവീകരണം, സംഭരണശേഷി വർദ്ധിപ്പിക്കൽ, പുതിയ ജലസംഭരണികളുടെ നിർമ്മാണം, തോടുകൾ പുനരുദ്ധരിച്ച് ജൈവ തടയണകൾ നിർമ്മിക്കൽ, ഒന്നാംനിര/രണ്ടാംനിര ചാലുകളുടെ സംരക്ഷണവും മണ്ണൊലിപ്പ് തടയുന്നതിനുള്ള പ്രവർത്തനവും, മഴക്കുഴികളുടെ നിർമ്മാണവും ഭൂജല പരിപോഷണവും തുടങ്ങിയ പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതി, സന്നദ്ധപ്രവർത്തനം എന്നിവയിലൂടെ നിർവ്വഹിച്ചുവരുന്നു. മാലിന്യം കലരാത്ത ജലം വലിയ വില കൊടുക്കാതെ സുസ്ഥിരമായി ലഭിക്കുന്ന അവസ്ഥ - ജലസുരക്ഷ സൃഷ്ടിക്കുന്നതിന് ഇത്തരം പ്രവർത്തനങ്ങൾക്ക് കഴിയുമെന്ന് കണക്കാക്കുന്നു. ഇതോടൊപ്പം ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കുന്നതിന് പ്രാധാന്യം നൽകുന്നതാണ് ജലസമൃദ്ധി ഉപമിഷൻ. വിവിധ സർക്കാർ വകുപ്പുകൾ, ജനപ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, വർദ്ധിച്ച ജനപങ്കാളിത്തം തുടങ്ങി സമഗ്ര നീർത്തടാധിഷ്ഠിത പദ്ധതിയുടെ അടിസ്ഥാനത്തിലാണ് ഉപമിഷൻ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥർക്കും ജലസംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് കിലയുടെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം പരിശീലനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ ജനപങ്കാളിത്തത്തോടെ വരട്ടാർ പുനർജ്ജീവനം, കാട്ടാക്കട ജലസംരക്ഷണ പരിപാടികൾ, പുളിക്കലാർ നവീകരണം, മീനച്ചിലാർ-മീനന്തലയാർ പുനഃസംയോജനം, കാനാമ്പുഴ അതിജീവനം തുടങ്ങിയ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. ജലസംരക്ഷണത്തിന്റെ പ്രാധാന്യം കുട്ടികളിലും അവർ വഴി കുടുംബങ്ങളിലേയ്ക്കും എത്തിക്കുന്നതിനുവേണ്ടി 'ജലമാണ് ജീവൻ' എന്ന പേരിൽ സ്കൂളുകൾ കേന്ദ്രീകരിച്ച് വിപുലമായ ജലസാക്ഷരതാ പരിപാടി സംഘടിപ്പിച്ചിരുന്നു. ഹരിത കേരളം മിഷൻ ഒന്നാം വാർഷികത്തിന്റെ ഭാഗമായി ജനപ്രതിനിധികളെയും സാങ്കേതിക വിദഗ്ദ്ധരെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ജലസംരക്ഷണം എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. ഹരിത കേരളം മിഷനും സംസ്ഥാന ഭൂവിനിയോഗ

ബോർഡും ചേർന്ന് നീർത്തട പരിപാലനത്തിൽ രണ്ട് ദിവസം നീണ്ടുനിൽക്കുന്ന ഒരു ദേശീയ സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട്. ഹരിത കേരളത്തിന്റെ പ്രസക്തിയും പ്രാധാന്യവും ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്ന തരത്തിൽ ഒന്നാം വാർഷികത്തോടനുബന്ധിച്ച് മൂന്നുദിവസം നീണ്ടുനിൽക്കുന്ന ഒരു പ്രദർശനവും തിരുവനന്തപുരത്ത് നടത്തപ്പെട്ടു. വസന്തോത്സവത്തോടനുബന്ധിച്ച് നടന്ന പ്രദർശനത്തിൽ ശ്രദ്ധേയമായ ഒരു സ്റ്റാളും ഒരുക്കിയിരുന്നു.

ഭൂജലവകുപ്പിൽ "ഭൂജല സംരക്ഷണവും കൃത്രിമ ഭൂജലസംപോഷണവും" പദ്ധതിയിൻകീഴിൽ തുറന്ന കിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജല സംപോഷണം ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കിവരുന്നു.

ഭൂജലവകുപ്പിൽ "ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും" പദ്ധതിയിൻ കീഴിൽ ഭൂജല ഉപഭോഗം, സംരക്ഷണം എന്നീ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും വിദ്യാർത്ഥികൾക്കും ബോധവത്കരണ സെമിനാറുകൾ ജില്ലകളിൽ സംഘടിപ്പിച്ചുവരുന്നു.

വിശദാംശങ്ങൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ജില്ല | ബോധവത്കരണ സെമിനാറുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 2 |
| കൊല്ലം | 1 |
| പത്തനംതിട്ട | 2 |
| ആലപ്പുഴ | 2 |
| കോട്ടയം | 2 |
| ഇടുക്കി | 2 |
| എറണാകുളം | 2 |
| പാലക്കാട് | 2 |
| മലപ്പുറം | 2 |
| കോഴിക്കോട് | 3 |
| വയനാട് | 1 |
| കണ്ണൂർ | 3 |

ജലനിധി പദ്ധതി നടപ്പിലാക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള വിതരണ പദ്ധതികളുമായി ബന്ധപ്പെട്ട ജലസുരക്ഷാ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

ജലനിധി രണ്ടാംഘട്ട പദ്ധതിയുടെ ഭാഗമായി പദ്ധതി നടപ്പിലാക്കി വരുന്ന 115 ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് സെമിനാറുകളും ശില്പശാലകളും സംഘടിപ്പിച്ചിട്ടുണ്ട്. ജലനിധി പദ്ധതിയുടെ മാനേജ്മെന്റ് സംവിധാനമായ കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയും ഗ്രാമപഞ്ചായത്തുകളും പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കുന്ന ഏജൻസിയായ സഹായ സംഘടന (എൻ.ജി.ഒ.)/ ഗ്രാമപഞ്ചായത്ത് ആക്ഷൻ ടീം ചേർന്നാണ് ഇവ സംഘടിപ്പിച്ചിട്ടുള്ളത്.

(സി) ഉണ്ട്. ജലസംരക്ഷണ പരിപാടികളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ഏറ്റെടുക്കുന്ന പദ്ധതികളുടെ തുടർ പരിപാലനവും പുനരുപയോഗവും ഉറപ്പാക്കുന്നതിനായി ബന്ധപ്പെട്ട വാർഡുകളിലെ ജനപ്രതിനിധികളുടെ നേതൃത്വത്തിലുള്ള സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ജനകീയ കൂട്ടായ്മയിലൂടെ ജലസ്രോതസ്സുകൾ വീണ്ടെടുത്ത പ്രദേശങ്ങളിൽ ജലജാഗ്രത സമിതികൾ പ്രവർത്തിക്കുന്നുണ്ട്.

ജലനിധി പദ്ധതി നടപ്പിലാക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയ ഗുണഭോക്തൃ സമിതികൾ/സമിതികളുടെ മേൽ ഘടകമായ ഗുണഭോക്തൃ സമിതി ഫെഡറേഷൻ/സ്കീം ലെവൽ എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവ വഴി ജലനിധി പദ്ധതികളുടെ ജലസ്രോതസുകളുടെ തുടർ പരിപാലനവും സംരക്ഷണവും ചെയ്തുവരുന്നു.

(ഡി) ഹരിത കേരളം മിഷന്റെ ഉപമിഷനായ 'മണ്ണ് - ജലസംരക്ഷണം' (ജലസമൃദ്ധി) യുടെ ഭാഗമായി ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്തുതലങ്ങളിൽ സാങ്കേതിക സമിതികൾക്ക് രൂപം നൽകിയിട്ടുണ്ട്. ഈ സമിതികളിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് പുറമെ പ്രതിനിധികളും സന്നദ്ധ പ്രവർത്തകരും അംഗങ്ങളാണ്. നീർത്തടാധിഷ്ഠിത ആസൂത്രണം നടത്തുന്നതിന്റെ ഭാഗമായി നീർത്തട നടത്തം നടത്തി ഓരോ പ്രദേശത്തെയും പരമ്പരാഗത ജലസ്രോതസ്സുകളുടെ അവസ്ഥ മനസ്സിലാക്കി നാശോന്മുഖമായവ വീണ്ടെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, തൊഴിലുറപ്പ് പദ്ധതി, വിവിധ സർക്കാർ വകുപ്പുകളുടെ ബജറ്റ് വിഹിതം ജനപങ്കാളിത്തത്തോടുകൂടിയ

സന്നദ്ധ പ്രവർത്തനം എന്നിവ സംയോജിപ്പിച്ച് ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ബന്ധപ്പെട്ട വാർഡ് മെമ്പർമാരിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ചോദ്യാവലി തയ്യാറാക്കി നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന വിവരങ്ങൾ ഉപയോഗിച്ച് പ്രാദേശികമായി ഏറ്റവും അനുയോജ്യമായ ജലസംരക്ഷണ മാർഗ്ഗങ്ങൾ ആവിഷ്കരിക്കുക എന്നതാണ് സമീപനം.

ജലനിധി പദ്ധതിയിലുൾപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ ജലസ്രോതസ്സുകൾ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിന് തുടർച്ചയായ വിവര വിദ്യാഭ്യാസ വിനിമയ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. നോട്ടീസ് വിതരണ സെമിനാറുകൾ, ക്ലാസ്സുകൾ, റേഡിയോ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ജലനിധി പദ്ധതി പ്രസിദ്ധീകരണങ്ങൾ, ഗ്രാമീണ കലകൾ, കലാ ജാഥകൾ, സ്കൂൾ ജലശ്രീ ക്ലബ്ബുകൾ എന്നിവയാണ് ഇതിനുപയോഗിച്ച മാധ്യമങ്ങൾ. ഗ്രാമപഞ്ചായത്തുകളും ഗുണഭോക്തൃ സമിതികളും പദ്ധതി നടപ്പിലാക്കുന്ന സഹായസംഘടനകളും ഇത് നടപ്പിലാക്കുന്നതിൽ മുഖ്യ പങ്കുവഹിക്കുന്നു.

**പയ്യന്നൂർ മണ്ഡലത്തിലെ കുണിയൻ പടിഞ്ഞാറെ തോട് വി.സി.ബി., കരിങ്കുഴി വി.സി.ബി. പ്രവൃത്തികൾക്ക് ഭരണാനുമതി**

237 (1010) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ കുണിയൻ പടിഞ്ഞാറെ തോട് വി.സി.ബി., കരിങ്കുഴി വി.സി.ബി. ചാല്യപ്പള്ളി എന്നീ പ്രവർത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏത് വരെ ആയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

പയ്യന്നൂർ മണ്ഡലത്തിലെ പ്രസ്തുത പ്രവൃത്തികളിൽ കുണിയൻ പടിഞ്ഞാറെ തോട് വി.സി.ബി.-യുടെ നിർമ്മാണം സംബന്ധിച്ച പ്രവൃത്തി MI Class I (ഹരിത കേരളം) പദ്ധതിയിലുൾപ്പെടുത്തി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. കരിങ്കുഴി വി.സി.ബി.-യുടെ എസ്റ്റിമേറ്റ് 20-1-2018-ന് ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. ചാല്യപ്പള്ളി വി.സി.ബി.-യുടെ പുനരുദ്ധാരണ പ്രവൃത്തി അനുയോജ്യമായ ശീർഷകത്തിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കി നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## കൊയിലാണ്ടി മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതി

238 (1011) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ കുടിവെള്ളത്തിന് സമഗ്രമായ പദ്ധതികൾ നിലവിലില്ലാത്ത പയ്യോളി നഗരസഭയിലും സമീപ പഞ്ചായത്തുകളിലും ശുദ്ധ ജലം എത്തിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി സമഗ്രമായ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പദ്ധതിയ്ക്ക് അംഗീകാരം ലഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികളാണ് പൂർത്തിയാവാനുള്ളതെന്ന് വിശദമാക്കാമോ;

(സി) പദ്ധതിയ്ക്ക് അംഗീകാരം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) പദ്ധതി തയ്യാറാക്കി വരുന്ന, പയ്യോളി മുനിസിപ്പാലിറ്റിയും സമീപത്തെ 11 പഞ്ചായത്തുകൾക്കുമായി ഒരു സമഗ്ര പദ്ധതിക്കുള്ള പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വാട്ടർ അതോറിറ്റി പരിശോധിച്ചുവരുന്നു. പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് അംഗീകരിച്ചതിനുശേഷം ഡീറ്റെയിൽഡ് എഞ്ചിനീയറിംഗ് റിപ്പോർട്ടിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകേണ്ടതായിട്ടുണ്ട്.

## കുഞ്ഞിമംഗലം-ചെറുതാഴം-ഏഴിമല നേവൽ അക്കാദമി കുടിവെള്ള പദ്ധതി

239 (1012) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബജറ്റിൽ പ്രഖ്യാപിച്ച കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കുഞ്ഞിമംഗലം-ചെറുതാഴം-ഏഴിമല നേവൽ അക്കാദമി കുടിവെള്ള പദ്ധതിക്ക് വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ച സാഹചര്യത്തിൽ ഭരണാനുമതി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;വിശദാംശം നൽകാമോ?

ഉത്തരം

45 കോടി രൂപയുടെ കുഞ്ഞിമംഗലം-ചെറുതാഴം-ഏഴിമല നേവൽ അക്കാദമി കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നദികളിലേയ്ക്ക് മാലിന്യം തള്ളുന്നവർക്ക് ശിക്ഷ

240 (1013) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികൾ മലിനമാക്കുന്നതു തടയാൻ എന്തെങ്കിലും കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) നദികളിലേക്ക് മലിന്യം തള്ളുന്നവർക്ക് ശിക്ഷ നൽകാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ നദികളിലെ ജലഗുണനിലവാരം താഴ്ന്ന നിലയിലാണെന്ന് കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് എന്ന ഗവേഷണ സ്ഥാപനം നടത്തിയ പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. ഖര/ദ്രവ മാലിന്യ നിക്ഷേപമാണ് ഇതിന് കാരണമാകുന്നത്. നദികളുടെ ഒഴുക്ക് നഗരങ്ങളിലെത്തുമ്പോഴാണ് മാലിന്യത്തോത് വർദ്ധിക്കുന്നത്. വേനൽക്കാലത്ത് നീരൊഴുക്ക് കുറയുന്നതും ജലത്തിലെ മാലിന്യത്തിന്റെ തോത് വർദ്ധിക്കാനിടയാക്കുന്നു. ഇത് കണക്കിലെടുത്ത് നദികളിലെ നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനും സ്ഥായിയാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് മുന്നോടിയായി സംയോജിത നീർത്തട പ്ലാനുകളുണ്ടാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഹരിതകേരളം മിഷന്റെ ഉപമിഷനായ " മണ്ണ് - ജലസംരക്ഷണം (ജലസമൃദ്ധി)"-യുടെ ഭാഗമായി ആരംഭിച്ചുകഴിഞ്ഞു. ഇതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഖര-ദ്രവ മാലിന്യം സംസ്കരിക്കുന്നതിനുള്ള പദ്ധതികൾകൂടി യാഥാർത്ഥ്യമാകേണ്ടതുണ്ട്. എങ്കിൽ മാത്രമെ നദികളെ മാലിന്യമുക്തമാക്കാൻ കഴിയൂ.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 2017-18 വാർഷിക പദ്ധതിയിൽ Restoration of Polluted River Stretches എന്ന പദ്ധതിയിൽ പാലക്കാട് ജില്ലയിലെ ഭാരതപ്പുഴയുടെ വാളയാർ, കോരയാർ ഭാഗം, കാസർഗോഡ് ജില്ലയിലെ നീലേശ്വരം നദി, തിരുവനന്തപുരം ജില്ലയിലെ കരമന നദി, കണ്ണൂർ ജില്ലയിലെ കുപ്പം എന്നീ നദികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നദികളിലെ മലിനീകരണം തടയുന്നതിനാവശ്യമായ കർമ്മ പദ്ധതികൾ അതാത് ജില്ലാ ഓഫീസുകളുടെ മേൽനോട്ടത്തിൽ നടത്തിവരുന്നു.

(ബി) നദികളിലും മറ്റ് ജലസ്രോതസുകളിലും മാലിന്യം നിക്ഷേപിക്കുന്നത് തടയുകയെന്ന ലക്ഷ്യത്തോടെ കേരള ജലസേചനവും ജലസംരക്ഷണവും ആക്ട്, 2003 ഭേദഗതി ചെയ്ത് 7-12-2017-ന് 27/2017-ാം നമ്പർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. 8-12-2017-ലെ 24395/ലെജി.എഫ് 2/2017/ലാ നമ്പർ

പ്രകാരം പ്രസ്തുത ഓർഡിനൻസ് നോട്ടിഫിക്കേഷനായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം മാലിന്യം നിക്ഷേപിക്കുന്നവർക്ക് രണ്ട് ലക്ഷം രൂപ വരെ പിഴയോ മൂന്ന് വർഷം വരെ തടവോ രണ്ടും കൂടി ഒന്നിച്ചോ ശിക്ഷയായി വിധിക്കുന്നതിന് ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേട്ടിനെ അധികാരപ്പെടുത്തിക്കൊണ്ടാണ് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്, ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാനും പിഴ ഈടാക്കാനും അധികാരമുണ്ട്.

ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല നിയമം 1974 പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തുവിടുന്ന സ്വീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകും. ഈ സ്ഥാപനങ്ങളെ ജലനിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ ഗുണനിലവാരം മാസംതോറും തിട്ടപ്പെടുത്തി വാട്ടർ ക്വാളിറ്റി ഡയറക്ടറി എല്ലാ വർഷവും ബോർഡ് പ്രസിദ്ധീകരിക്കുന്നു.

ഇപ്രകാരം മലിനീകരണത്തിന് കാരണമാകാവുന്ന വ്യവസായ സ്ഥാപനങ്ങൾക്കും മറ്റുമെതിരെ നിലവിലെ ജലനിയമപ്രകാരം നടപടി സ്വീകരിക്കാൻ സാധിക്കും. ഇത്തരം സ്ഥാപനങ്ങളെ അടച്ചുപൂട്ടുന്നതിനും ടി നിയമത്തിൽ വ്യവസ്ഥയുണ്ട്. വ്യവസായ മലിനീകരണത്തിനെതിരെ ഫലപ്രദമായ നിയന്ത്രണ സംവിധാനം നിലവിലുണ്ട്.

**ജലക്ഷാമത്തിന് ശാശ്വത പരിഹാരം**

241 (1014) <u>ശ്രീ. റ്റി. വി. രാജേഷ്:</u>

<u>ശ്രീ. പി. കെ. ശശി:</u>

<u>ശ്രീ. ജോൺ ഫെർണാണ്ടസ്:</u>

<u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനവും മഴയുടെ ലഭ്യതക്കുറവുംമൂലം തുടരെ ഉണ്ടാകുന്ന ജലക്ഷാമത്തിന് ശാശ്വത പരിഹാരം കാണാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂഗർഭ ജലവിതാനം നാൾക്കുനാൾ താഴ്ന്നുകൊണ്ടിരിക്കുന്നതായി കണ്ടെത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഭൂഗർഭജല പരിപോഷണത്തിനായി എന്തെല്ലാം മാർഗ്ഗങ്ങളാണ് അവലംബിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ലഭ്യമാകുന്ന മഴവെള്ളം സംഭരിക്കുന്നതിനും ഉപയോഗിച്ച ജലം ശുദ്ധീകരിച്ച് വിവിധ ആവശ്യങ്ങൾക്കായി വീണ്ടും ഉപയോഗിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) <u>ജലസേചന വകുപ്പ്</u>

സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനവും മഴയുടെ ലഭ്യതക്കുറവുംമൂലം തുടരെയുണ്ടാകുന്ന ജലക്ഷാമത്തിന് ഒരുപരിധിവരെ പ്രതിരോധിക്കാൻ കഴിയുന്ന ഒന്നാണ് നീർത്തടാധിഷ്ഠിത ആസൂത്രണവും അതനുസരിച്ചുള്ള തുടർനടപടികളും. ശാസ്ത്രീയമായ മണ്ണ്-ജല പരിപാലനത്തിലൂടെ ലഭ്യമാകുന്ന ജലത്തെ പരമാവധി സംരക്ഷിക്കാനും അതുവഴി പാരിസ്ഥിതിക പുനഃസ്ഥാപനം സാദ്ധ്യമാക്കുന്നതിനും ഉതകുന്ന തരത്തിൽ ഹരിത കേരളം മിഷന്റെ ഉപമിഷനായ മണ്ണ്-ജലസംരക്ഷണം-ജലസമൃദ്ധി എന്ന പദ്ധതി ജലസേചന വകുപ്പുമുഖേന നടപ്പിലാക്കുന്നു. ഓരോ ചെറു നീർത്തടത്തിലെയും ജലലഭ്യതയും ജലസ്രോതസ്സുകളും എന്താണെന്ന് മനസ്സിലാക്കി മുൻഗണനാ ക്രമത്തിൽ (റിഡ്ജ് ടു വാലി സമീപനത്തിൽ) തീരുമാനിച്ച് വിവിധ വകുപ്പുകളുടെ ഫണ്ടിന്റെ ലഭ്യതയനുസരിച്ചും ജനപങ്കാളിത്തത്തോടെയും നടപ്പിലാക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. കുളങ്ങൾ, തോടുകൾ, നീർച്ചാലുകൾ തുടങ്ങിയവയുടെ സംരക്ഷണ പുനരുദ്ധാരണവും ആവശ്യമായ സ്ഥലങ്ങളിൽ തടയണകളുടെ നിർമ്മാണവും നദികളിലെ മാലിന്യ ലഘൂകരണ പ്രവർത്തനങ്ങളുമാണ് ഏറ്റെടുക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്. കുളങ്ങളുടെ നവീകരണം, തോടുകളുടെ പുനഃസ്ഥാപനം, തടയണകളുടെ നിർമ്മാണം എന്നിവ സംസ്ഥാന ബജറ്റ് വിഹിതം ഉപയോഗിച്ച് ഇതിനകംതന്നെ ഏറ്റെടുത്തിട്ടുണ്ട്.

<u>കേരള ജല അതോറിറ്റി</u>

കാലാവസ്ഥ വ്യതിയാനവും മഴയുടെ ലഭ്യതക്കുറവുംമൂലം തുടരെയുണ്ടാകുന്ന ജലക്ഷാമത്തിന് നദികളെത്തന്നെ സംഭരണികളാക്കി മാറ്റുകയെന്ന ചിന്തയുടെ അടിസ്ഥാനത്തിൽ സാദ്ധ്യമായ സ്ഥലങ്ങളിലെല്ലാം ചെക്ക്ഡാമുകളും റെഗുലേറ്റർ കം ബ്രിഡ്ജുകളും നിർമ്മിച്ചുവരുന്നു.

ജലലഭ്യതക്കുറവുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ ഇൻടേക്ക് പമ്പ് ഹൗസുകളുടെ സമീപത്തായി താൽക്കാലിക തടയണകൾ നിർമ്മിക്കൽ, ഗാലറി

വൃത്തിയാക്കൽ, നിലവിലുള്ള സ്കീമുകളിൽ ഉൾപ്പെടുത്തി ഓപ്പൺവെൽ വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തി ജലസ്രോതസുകളെ സംരക്ഷിച്ചുവരുന്നു. ജലസ്രോതസ്സുകളിൽ മുന്നറിയിപ്പ് ബോർഡ് സ്ഥാപിച്ച് കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കുന്നതിനെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നു. പമ്പ് ഹൗസും പരിസരവും വൃത്തിയാക്കി സംരക്ഷിക്കുകയും പൈപ്പ് ലൈനുകളുടെയും പമ്പുകളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കിയും ജലചോർച്ച പരമാവധി ഒഴിവാക്കി ജലവിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

ഹരിത കേരള മിഷന്റെ ഭാഗമായി മരങ്ങൾ നട്ടുപിടിപ്പിക്കുകയും ഓഫീസ് പരിസരത്തും ജലസ്രോതസ്സുകൾക്ക് ചുറ്റും സ്ഥലലഭ്യതയുള്ള സ്ഥലങ്ങളിലും ശാസ്ത്രീയമായി മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അഭ്യർത്ഥന പ്രകാരം ടാങ്കറുകളിൽ ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കടുത്ത വരൾച്ചയുടെ പശ്ചാത്തലത്തിൽ ജലസംരക്ഷണത്തിനായി കേരള ജല അതോറിറ്റിയുടെ കേന്ദ്രകാര്യാലയത്തിനടുത്തായി ഒരു കുളം നിർമ്മിക്കുന്ന പ്രവൃത്തി നടന്നുവരുന്നു. മഴവെള്ള സംഭരണവും കൂടാതെ കുളത്തിൽ നിന്നുള്ള ജലം കേന്ദ്രകാര്യാലയത്തിനടുത്തുതന്നെ പ്രവർത്തിക്കുന്ന ജലശുദ്ധീകരണ ശാലയിലെത്തിച്ച് ശുദ്ധീകരിച്ചശേഷം വിതരണം ചെയ്യാനുമാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്.

ഭൂജലവകുപ്പ്

കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള 14 ചെറുകിട കുടിവെള്ള പദ്ധതികൾക്കും 19 കുഴൽക്കിണർ നിർമ്മാണത്തിനുമുള്ള സാങ്കേതികാനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിൽപ്പെടുത്തി വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 2017 ജനുവരിക്കുശേഷം 5389 കുഴൽക്കിണർ കൈപമ്പുകളുടെ അറ്റകുറ്റപ്പണികളും 347 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

ജലനിധി

കുടിവെള്ളക്ഷാമം നേരിടുന്ന പഞ്ചായത്തുകളിൽ ജലലഭ്യത ഉറപ്പാക്കുന്നതിന് ജലനിധി രണ്ടാംഘട്ട പദ്ധതി കെ.ആർ.ഡബ്ല്യു.എസ്.എ. മുഖേന 115 ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നു. പഞ്ചായത്തുകളിൽ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന ഇത്തരം കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതികളുടെ ജലസ്രോതസ്സുകളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനായി ജലസംരക്ഷണം, ഭൂജല പരിപോഷണം എന്നീ പ്രവർത്തനങ്ങളും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്നു. ഇതുവരെ 1970 ഭൂഗർഭജല പരിപോഷണ

പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിൽ 1818 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പഞ്ചായത്തുകളിലും ജലസുരക്ഷാ രൂപരേഖ (Water Security Plan) തയ്യാറാക്കിയിട്ടുണ്ട്. കുടിവെള്ള വിതരണം തടസ്സം കൂടാതെ ലഭ്യമാക്കുന്നതിന് കേരള ജല അതോറിറ്റിയുടെ ബൃഹത് പദ്ധതികളിൽനിന്നും കുടിവെള്ളം ലഭ്യമായ പഞ്ചായത്തുകളിൽനിന്നും മൊത്തമായി വാങ്ങി ഗുണഭോക്തൃ സമിതിയുടെ ഉത്തരവാദിത്വത്തിൽ വിതരണം നടത്തുന്ന പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ ജലവിനിയോഗം നിയന്ത്രിച്ചും വരൾച്ചയെ നേരിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ ഭൂഗർഭജല വിതാനം സംബന്ധിച്ച് പഠനം നടത്തുന്നത് കേന്ദ്ര ഭൂജലബോർഡും കേരള റീജിയണൽ ഓഫീസും സംസ്ഥാന ഭൂജല വകുപ്പുമാണ്. കേന്ദ്ര ഭൂജല ബോർഡ് പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കനുസരിച്ച് കേരളത്തിലെ 152 ബ്ലോക്കുകളിൽ ഒരു ബ്ലോക്ക് മാത്രമാണ് അധിക ഭൂജല ചൂഷണത്തിന് വിധേയമായിട്ടുള്ളത്. രണ്ട് ബ്ലോക്കുകൾ ക്രിട്ടിക്കലും 23 ബ്ലോക്കുകൾ സെമിക്രിട്ടിക്കലുമാണ്. കൂടാതെ കഴിഞ്ഞ വരൾച്ചാക്കാലത്ത് (2016-17) കിണറുകളിലെ ജലനിരപ്പ് വലിയതോതിൽ താഴ്ചയുണ്ടായി.

മേൽപ്പറഞ്ഞ കാരണങ്ങൾ പരിഗണിച്ച് ജലസേചന വകുപ്പ് നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി മുൻഗണനാക്രമം തീരുമാനിച്ച് തോടുകൾ, കുളങ്ങൾ എന്നിവയുടെ സംരക്ഷണവും ജൈവ മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തി ചെറു തടയണകൾ നിർമ്മിക്കലും മഴവെള്ള സംരക്ഷണവും ലക്ഷ്യമിട്ടിട്ടുണ്ട്. ഗ്രാമീണ ജലസ്രോതസ്സുകളായ കുളങ്ങളുടെ നവീകരണത്തിന് പ്രാധാന്യം നൽകിയിട്ടുണ്ട്. 2017-18 വർഷത്തിൽ 536 കുളങ്ങളുടെ സംരക്ഷണം ഏറ്റെടുത്തിട്ടുണ്ട്. ഇതിനുപുറമെ ഭൂജലവകുപ്പ്, തൊഴിലുറപ്പ് പദ്ധതി എന്നീ ഏജൻസികളും ജലസംരക്ഷണ പ്രവൃത്തികൾ ഏറ്റെടുത്ത് നിർവ്വഹിച്ചുവരുന്നു. ഈ പ്രവർത്തനങ്ങളൊക്കെത്തന്നെ ഭൂജല പരിപോഷണം ഉറപ്പാക്കുന്ന പ്രവൃത്തികളാണ്.

ഭൂജലവകുപ്പ് "ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" പദ്ധതിയിൻ കീഴിൽ തുറന്ന കിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജല സംപോഷണം, ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കി വരുന്നു. 2017-18 സാമ്പത്തിക വർഷം കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 157 ലക്ഷം രൂപ ബജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് 105-ഓളം തുറന്ന കിണർ വഴിയുള്ള കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾക്കും 3 കുഴൽക്കിണർ റീചാർജ്ജ് പദ്ധതികൾക്കുമുള്ള സാങ്കേതികാനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ ഇരുപതോളം തുറന്ന കിണർ വഴിയുള്ള ഭൂജല സംപോഷണ പ്രവൃത്തികളും 18 പുനരുദ്ധാരണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

വലുതും ചെറുതുമായ തടയണകൾ, ഭൂമിയുടെ അടിയിൽ തടയണകൾ, വെന്റഡ് ക്രോസ് ബാറുകൾ, മണ്ണ് സംരക്ഷണം, കിണർ റീചാർജ്ജിംഗ്, മഴക്കുഴികൾ, കുളം സംരക്ഷണം എന്നിങ്ങനെയുള്ള ഭൂഗർഭ ജല പരിപോഷണ പദ്ധതികൾ ജലനിധി മുഖേന നടപ്പാക്കിവരുന്നു.

(സി) മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം പാത്തികളിലൂടെ ടാങ്കുകളിൽ സംഭരിച്ച് കുടിവെള്ള/ഗാർഹിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. ടാങ്ക് ഭൗമോപരിതലത്തിന് മുകളിലോ താഴെയോ നിർമ്മിക്കാവുന്നതാണ്. ഫെറോ സിമന്റ് ശേഖരണ ടാങ്ക്, പ്ലാസ്റ്റിക് ആവൃത മഴവെള്ള ശേഖരണ കുളം എന്നീ മാർഗ്ഗങ്ങളും മഴവെള്ള സംഭരണത്തിന് ഉപയോഗിക്കാവുന്നതാണ്.

ജല അതോറിറ്റിയുടെ എല്ലാ ഓഫീസുകളിലും മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളം ശേഖരിച്ച് ഉപയോഗിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഉപയോഗിച്ച ജലം വീണ്ടും ശുദ്ധീകരിച്ച് ജലസേചനത്തിനും നിർമ്മാണ മേഖലയിലെ ഉപയോഗത്തിനും യോഗ്യമായ ജലം ജല അതോറിറ്റിയുടെ മുട്ടത്തറ സ്വീവേജ് പ്ലാന്റിൽ നിന്നും ലഭ്യമാണ്.

മഴവെള്ള സംഭരണം കൂടുതൽ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയുടെ മേൽനോട്ടത്തിൽ 'മഴകേന്ദ്രം' എന്ന സ്ഥാപനം വഴി മഴവെള്ള സംഭരണി നിർമ്മാണം നടപ്പിലാക്കി വരുന്നു. ഗാർഹികാടിസ്ഥാനത്തിലും പൊതു സ്ഥാപനങ്ങളിലും മഴവെള്ള സംഭരണി നിർമ്മാണത്തിന് ഊന്നൽ നൽകിക്കൊണ്ട് സംസ്ഥാനത്തൊട്ടാകെ മഴവെള്ള സംഭരണവും ഭൂജല പരിപോഷണവും എന്ന പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

2012-13 മുതൽ അഞ്ച് ജില്ലകളിൽ പതിനഞ്ചോളം ഗ്രാമപഞ്ചായത്തുകളിലായി 4000 കുടുംബങ്ങൾക്ക് മഴവെള്ള സംഭരണികൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം മുതൽ വിദ്യാലയങ്ങളെ ഉൾപ്പെടുത്തി മഴവെള്ള സംഭരണ മേഖലയിൽ ജലസൗഹൃദ വിദ്യാലയം എന്ന പേരിൽ പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി 840-ഓളം തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റ് സ്കൂളുകളിൽ 10000 ലിറ്റർ സംഭരണശേഷിയുള്ള സംഭരണികൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്.

## പെരുന്തേനരുവി പദ്ധതി പ്രദേശങ്ങളിൽ ജലദൗർലഭ്യം

242 (1015) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുന്തേനരുവി ജല വൈദ്യുത പദ്ധതി പ്രാവർത്തികമായതോടെ പെരുന്തേനരുവി ടൂറിസം പദ്ധതി, പെരുന്തേനരുവി കുടിവെള്ള വിതരണ പദ്ധതി എന്നിവയുടെ പദ്ധതി പ്രദേശങ്ങളിൽ ജലദൗർലഭ്യം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിപ്രദേശങ്ങളിൽ വെള്ളം എത്തിക്കുന്നതിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പെരുന്തേനരുവി, വെച്ചൂച്ചിറ കുടിവെള്ള പദ്ധതി മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് പ്രാഥമിക പഠനം നടത്തുന്നതിനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്.

## മുരിക്കുംപാടം, ഞാറയ്ക്കൽ എന്നിവിടങ്ങളിലെ ശുദ്ധജല ടാങ്കുകളുടെ നിർമ്മാണം

243 (1016) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന മുരിക്കുംപാടം, ഞാറയ്ക്കൽ എന്നിവിടങ്ങളിലെ ശുദ്ധജല ടാങ്കുകളുടെ നിർമ്മാണം അനിശ്ചിതമായി തടസ്സപ്പെട്ടു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ട് എത്ര നാളായെന്നും എത്ര തവണ കരാറുകാർക്ക് സമയം ദീർഘിപ്പിച്ച് നൽകിയെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത കരാറുകാർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 17.90 ദശലക്ഷം ലിറ്റർ ശേഷിയിൽ ഞാറയ്ക്കലിൽ നിർമ്മിക്കുന്ന ജലസംഭരണിയുടെ നിർമ്മാണത്തിന് 20-9-2007-ൽ ഭരണാനുമതി നൽകി. ഇതുപ്രകാരം 6-11-2011-ൽ കരാറിന് അംഗീകാരം നൽകിയിരുന്നു. കരാർ പ്രകാരം 25-7-2012-ൽ പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തിക്ക് 25.07.2012 മുതൽ 30-6-2017 വരെ നാല് ഘട്ടങ്ങളിലായി സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

11.8 ദശലക്ഷം ലിറ്റർ ശേഷിയിൽ മുരിക്കുംപാടത്ത് നിർമ്മിക്കുന്ന ജല സംഭരണിയുടെ നിർമ്മാണത്തിന് 20-9-2007-ൽ ഭരണാനുമതി നൽകി. ഇതുപ്രകാരം 7-11-2011-ൽ കരാറിന് അംഗീകാരം നൽകിയിരുന്നു. കരാർ പ്രകാരം 19-12-2012-ൽ പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തിക്ക് അഞ്ച് ഘട്ടങ്ങളിലായി 30-6-2017 വരെ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ രണ്ട് ടാങ്കുകളുടെയും കരാർ ഒരു കരാറുകാരൻ തന്നെയാണ് ഏറ്റെടുത്തിരുന്നത്. നിലവിൽ രണ്ട് പ്രവൃത്തികളുടെയും കരാറുകൾ റദ്ദ് ചെയ്തിട്ടുണ്ട്. ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ പ്രസ്തുത കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ നടത്തുന്നതിന് വേണ്ട നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ പ്രദേശങ്ങൾ നേരിടുന്ന കുടിവെള്ളക്ഷാമം

244 (1017) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ മേലാറ്റൂർ ഗ്രാമപഞ്ചായത്തിലെ പല പ്രദേശങ്ങളിലും രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വെളിയാർ പുഴയിൽ മണിയാണീരിക്കടവിൽ ഒരു സ്ഥിരം തടയണ നിർമ്മിക്കുന്നത് ഇതിന് പരിഹാരമാകും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് ജലവിഭവവകുപ്പ് സ്വീകരിച്ച നടപടി എന്താണെന്ന് അറിയിക്കാമോ; അടിയന്തരമായി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി & സി) മേലാറ്റൂർ ഗ്രാമപഞ്ചായത്തിലെ വെളിയാർ പുഴയിൽ മണിയാണീരിക്കടവിൽ ഒരു സ്ഥിരം തടയണ നിർമ്മിച്ചാൽ പരിഹാരമാകുമെന്ന പ്രതീക്ഷയിൽ പ്രവൃത്തിയുടെ പര്യവേഷണം നടത്താനുള്ള നടപടികൾ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു.

**വേനൽക്കാലത്തെ ജലക്ഷാമം**

245 (1018) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലത്തെ ജലക്ഷാമം നേരിടുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(ബി) കുഴൽകിണർ കുഴിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) തടയണകൾ കെട്ടി വെള്ളം സംഭരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) തടയണകൾക്ക് വേണ്ടി പ്രത്യേകം ഫണ്ടുകൾ നീക്കിവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ഇ) വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കുടിവെള്ള പദ്ധതികൾ/ പുനരുദ്ധാരണ പ്രവൃത്തികൾ എന്നിവ അനുവദിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) <u>ജലസേചന വകുപ്പ്</u>

നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതുവഴി പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപഭോഗ സംസ്കാരം രൂപപ്പെടുത്തുന്നതിന് ഊന്നൽ നൽകിക്കൊണ്ട് ഹരിത കേരളം പദ്ധതി നടപ്പിലാക്കുന്നു. ഇതിന്റെ ആദ്യഘട്ടമായി 10.51 കോടി രൂപ ചെലവിൽ 536 കുളങ്ങൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ MI Class I ഹരിത കേരളം, MI Class II ഹരിത കേരളം എന്നീ പദ്ധതികളിലുൾപ്പെടുത്തി ഏകദേശം 12.50 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മങ്ങൾക്കും ആവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ തടയണകൾ, വി.സി.ബി./ആർ.സി.ബി.-കൾ എന്നിവ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. പൂർത്തീകരിച്ച തടയണകൾ, വി.സി.ബി./ ആർ.സി.ബി.-കൾ ഇവയിൽ ഷട്ടറിട്ട് വെള്ളം സംഭരിച്ചിട്ടുണ്ട്. കൂടാതെ താൽക്കാലിക തടയണകളും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് ഓരുമുട്ടുകളും നിർമ്മിച്ചിട്ടുണ്ട്. ഇതുവഴി ഒരുപരിധിവരെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സാധിക്കുന്നതാണ്.

<u>കേരള ജല അതോറിറ്റി</u>

കേരള ജല അതോറിറ്റിയുടെ വിവിധ പദ്ധതികളുടെ സ്രോതസ്സായ നദികൾ, അണക്കെട്ടുകൾ, കിണറുകൾ എന്നിവയിലെ ജലദൗർലഭ്യത്തിനുള്ള സാദ്ധ്യത പരിഗണിച്ച് വേണ്ട സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക എന്നതാണ് പ്രധാന മുൻകരുതൽ. ഇതിന്റെ അടിസ്ഥാനത്തിൽ 2016 സെപ്റ്റംബർ മാസംതന്നെ ജലസംരക്ഷണത്തിനും ജലലഭ്യത ഉറപ്പുവരുത്തുന്നതിനുമായ നടപടികൾ കൈക്കൊള്ളാൻ ജല അതോറിറ്റി ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചിരുന്നു. സ്രോതസ്സുകളിൽ നിലവിലുണ്ടായിരുന്ന ജലം പരമാവധി സംരക്ഷിക്കുന്നതിനും ജലത്തിന്റെ അളവ് കുറയുമ്പോഴുള്ള ഓരു ജലത്തിന്റെ കടന്നുകയറ്റം നിയന്ത്രിക്കുന്നതിനുമായി 2017 മാർച്ച് മാസത്തിന് മുമ്പുതന്നെ 40 തടയണകൾ നിർമ്മിച്ചതിനാലാണ് വേനൽ രൂക്ഷമായ മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽപ്പോലും മിക്ക കുടിവെള്ള പദ്ധതികളിലും പരിമിതമായ അളവിലാണെങ്കിലും ജലലഭ്യതയുണ്ടായിരുന്നത്. കൂടാതെ മഴയുടെ കുറവുകാരണം അണക്കെട്ടുകളിലെ ജലശേഖരത്തിലുണ്ടായ കുറവ് അണക്കെട്ടുകളെ ആശ്രയിച്ചുള്ള ജലവിതരണ പദ്ധതികളെ മഴ ലഭ്യമാകുന്ന കാലംവരെ ബാധിക്കാതിരിക്കാൻ ഇറിഗേഷൻ, വൈദ്യുതി വകുപ്പുകളുമായി സഹകരിച്ച് ജൂൺ ആദ്യവാരംവരെ കുടിവെള്ള വിതരണത്തിനാവശ്യമായ ജലം കരുതൽ ശേഖരമായി പരിരക്ഷിച്ച് മാത്രമേ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അനുമതി നൽകാവൂയെന്ന് ജില്ലാ ഭരണകൂടത്തിനോട് അഭ്യർത്ഥിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ വേണ്ട കരുതൽ നിർദ്ദേശം നൽകിയതിനാൽ അണക്കെട്ടുകളെ ആശ്രയിച്ചുള്ള പ്രധാന പദ്ധതികളിലും ജലലഭ്യത വലിയ കുറവുണ്ടായില്ല.

കൂടാതെ കേരള ജല അതോറിറ്റി ജില്ലാടിസ്ഥാനത്തിൽ കൺട്രോൾ റൂമുകൾ തുറക്കുകയും കേന്ദ്ര കാര്യാലയത്തിൽ 24x7 പ്രവർത്തിക്കുന്ന ഒരു കേന്ദ്രീകൃത കൺട്രോൾ റൂം തുറക്കുകയുമുണ്ടായി. അതോറിറ്റി ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഒരു Drought Management Cell -ഉം ഒരു Whatsapp ഗ്രൂപ്പും രൂപീകരിച്ചത് പ്രതിരോധ പ്രവർത്തനങ്ങളിലെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിച്ച് പൊതുജനങ്ങൾക്ക് വേണ്ട സേവനം കൃത്യസമയത്ത് ലഭ്യമാക്കുന്നതിന് സഹായിച്ചു. ഇതുകൂടാതെ പൂർത്തിയാക്കാനുള്ള പദ്ധതികളിൽ നിന്നും വരൾച്ചാകാലത്തിനുമുമ്പ് പൂർത്തിയാക്കാൻ കഴിയുന്ന പദ്ധതികൾ കണ്ടെത്തി പ്രത്യേകമായി അവലോകനം നടത്തി ഭാഗികമായോ പൂർണ്ണമായോ കമ്മീഷൻ ചെയ്ത് പൊതുജനങ്ങൾക്ക് ജലവിതരണം സാദ്ധ്യമാക്കാൻ നടത്തിയ ശ്രമത്തിന്റെ ഭാഗമായി 20 ദശലക്ഷം ലിറ്ററോളം ജലം അധികം നൽകാൻ സാധിച്ചിട്ടുണ്ട്. നിലവിലെ പദ്ധതികളിൽനിന്നും സാദ്ധ്യമായ സ്ഥലങ്ങളിലേയ്ക്കെല്ലാം ഇന്റർകണക്ഷൻ നൽകിയത് ജലലഭ്യത വർദ്ധിപ്പിക്കുകയും വരൾച്ചയുടെ ആഘാതം കുറയ്ക്കുകയും ചെയ്തു. അതോറിറ്റിയുടെ വിതരണ ശൃംഖലവഴി ആവശ്യമായ ജലം എത്തിക്കാൻ സാധിക്കാത്ത സ്ഥലങ്ങളിൽ ടാങ്കർ ലോറി വഴി ജലവിതരണം നടത്തുകയും വിവിധ ജലസംഭരണികളോട് ചേർന്ന് ഫില്ലിംഗ് സ്റ്റേഷനുകൾ സജ്ജമാക്കുകയും ചെയ്തു. സ്രോതസ്സുകളിലെ ജലലഭ്യത പൂർണ്ണമായും കുറഞ്ഞാൽ പെട്ടെന്ന് പ്രയോജനപ്പെടുത്താവുന്ന കുളങ്ങൾ, പാറമടകൾ തുടങ്ങി ജലലഭ്യതയുള്ള സ്ഥലങ്ങളിലെ ജലം താൽക്കാലിക ശുദ്ധീകരണ ശാലകൾ വഴി ശുദ്ധീകരിച്ച് വിതരണം ചെയ്യാനുള്ള കരുതൽ സംവിധാനമൊരുക്കാൻ കഴിഞ്ഞത് യാതൊരുവിധത്തിലും കുടിവെള്ള വിതരണം മുടങ്ങുന്ന സാഹചര്യമുണ്ടാകില്ലെന്ന് ഉറപ്പുവരുത്താൻ സഹായിച്ചു. ജലത്തിന്റെ പാഴ് ചെലവും ദുരുപയോഗവും ഒഴിവാക്കാൻ സ്ക്വാഡ് പ്രവർത്തനം ശക്തിപ്പെടുത്തുകയും കൂടുതൽ ജലം ഉപയോഗിക്കുന്ന വ്യാവസായിക, വാണിജ്യ കണക്ഷനുകളിൽ നിയന്ത്രണം ഏർപ്പെടുത്തുകയും ജലത്തിന്റെ നിയന്ത്രിതമായ ഉപയോഗം സംബന്ധിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

വരൾച്ചയുടെ കാഠിന്യം കാരണം ശുദ്ധജല വിതരണത്തിന് ബുദ്ധിമുട്ട് നേരിട്ടത് തിരുവനന്തപുരം, മലപ്പുറം, പാലക്കാട്, കാസർഗോഡ് ജില്ലകളിലാണ്. എന്നാൽ അടിയന്തര സാഹചര്യങ്ങൾ ഫലപ്രദമായി നേരിട്ടുകൊണ്ട് വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചും ടാങ്കർ ലോറി വഴി വേണ്ടത്ര അളവിൽ ശുദ്ധജല

വിതരണം ഉറപ്പാക്കിയും പുതിയ കുഴൽക്കിണറുകൾ കുഴിച്ച് ഭൂഗർഭജലം ഉപയോഗിച്ചും ജലലഭ്യതയുള്ള സമീപ സ്കീമുകളിൽ നിന്നും ഇന്റർകണക്ഷൻ നൽകിയും കുടിവെള്ള വിതരണം ഉറപ്പാക്കിയത് പൊതുജനങ്ങൾക്കുണ്ടായ പ്രശ്നം വളരെയധികം ലഘൂകരിക്കാൻ സഹായിച്ചു.

ഭൂജലവകുപ്പ്

ഭൂജലവകുപ്പ് ഭൂജല സംരക്ഷണവും കൃത്രിമ ഭൂജലസംപോഷണവും പദ്ധതിയിൻ കീഴിൽ തുറന്ന കിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജല സംപോഷണം ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കിവരുന്നു. കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള 14 ചെറുകിട കുടിവെള്ള പദ്ധതികൾക്കും 19 കുഴൽക്കിണർ നിർമ്മാണത്തിനുമുള്ള സാങ്കേതികാനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ 1300 കുഴൽക്കിണർ കൈപമ്പുകളുടെ അറ്റകുറ്റപ്പണികളും 117 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ അനുവദിച്ച 157 ലക്ഷം രൂപ ഉപയോഗിച്ച് 105-ഓളം തുറന്ന കിണർ വഴിയുള്ള കൃത്രിമ ഭൂജല സംപോഷണം പദ്ധതികൾക്കും 3 കുഴൽക്കിണർ റീചാർജ്ജ് പദ്ധതികൾക്കുമുള്ള സാങ്കേതികാനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ ഇരുപതോളം തുറന്ന കിണർ വഴിയുള്ള ഭൂജല സംപോഷണ പ്രവൃത്തികളും 18 പുനരുദ്ധാരണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

ജലനിധി

ജലനിധിയുടെ കുടിവെള്ള പദ്ധതിക്ക് ഉപയോഗിക്കുന്ന സ്രോതസുകൾക്ക് അനുയോജ്യമായ ഭൂഗർഭജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ഇതുവരെ 1970 ഭൂഗർഭജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിൽ 1818 പദ്ധതികൾ പൂർത്തീകരിച്ചു. ഇതുമൂലം ജലക്ഷാമത്തിന് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകളിൽ കുഴൽക്കിണർ നിർമ്മാണത്തിന് ഭൂജല (നിയന്ത്രണവും ക്രമീകരണവും) 2002 ആക്ട് പ്രകാരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേരള കെട്ടിട നിർമ്മാണ ചട്ടം ചാപ്റ്റർ (14), 91 & 93 (എ) എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനത്ത് കുഴൽക്കിണറുകൾ/ബോർവെല്ലുകൾ നിർമ്മിക്കുന്നതിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പെർമിറ്റും ഭൂജല വകുപ്പിന്റെ അനുമതിയും 10-1-2014 മുതൽ നിർബന്ധമാണ്.

(സി) സ്വീകരിച്ചിട്ടുണ്ട്.

(ഡി) തടയണകൾക്ക് മാത്രമായി പ്രത്യേക ഫണ്ട് നീക്കിവച്ചിട്ടില്ല.

(ഇ) വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കുടിവെള്ള പദ്ധതികൾ, നിലവിലെ പദ്ധതികളുടെ പുനരുദ്ധാരണം എന്നിവ അനുവദിക്കാറില്ല. വരൾച്ചയും ദുരിതവും ലഘൂകരിക്കുന്നതിനുതകുന്നതും ജലലഭ്യത ഉറപ്പുവരുത്തുന്നതുമായ ചെറുകിട പ്രവൃത്തികളാണ് സാധാരണ വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തിയായി അനുവദിക്കുന്നത്.

2017-ലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ചെറുകിട കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിനും കൈപമ്പുകളുടെ അറ്റകുറ്റപ്പണികളും ചെയ്യുന്നതിനുള്ള അനുമതിയാണ് ഭൂജല വകുപ്പിന് നൽകിയിട്ടുള്ളത്.

## കുടിവെള്ളക്ഷാമം പരിഹരിക്കാൻ പദ്ധതികൾ

246 (1019) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വേനൽക്കാലത്ത് സ്ഥിരമായി ഉണ്ടാകുന്ന കുടിവെള്ളക്ഷാമം പരിഹരിക്കാൻ, ഓരോ നിയോജകമണ്ഡലത്തിലും കുറഞ്ഞത് 5 പഞ്ചായത്തുകളിലെങ്കിലും, നേരത്തേതന്നെ കുടിവെള്ള സ്രോതസ് കണ്ടുപിടിച്ച്, എക്കാലത്തും ജലലഭ്യത ഉറപ്പാക്കുന്ന തരത്തിൽ വലിയ കുളമോ, കിണറുകളോ കുഴിച്ച് കുടിവെള്ളം സംഭരിച്ച് അവശ്യസമയത്ത് ജനങ്ങൾക്ക് എത്തിച്ചുകൊടുക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) 2018-19-ൽ കുടിവെള്ളക്ഷാമം പരിഹരിക്കാൻ പുതിയ പദ്ധതികൾക്കായി എത്രകോടി രൂപ വകയിരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നു എന്ന കാര്യം വിശദമാക്കുമോ;

(സി) അടുത്ത 30 വർഷത്തെ ആവശ്യങ്ങൾ മുൻകൂട്ടി കണ്ട് സംസ്ഥാനത്ത് വിവിധ കുടിവെള്ളപദ്ധതികൾ തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഓരോ പ്രദേശങ്ങളുടെയും പ്രത്യേകത കണക്കിലെടുത്ത് അവിടങ്ങളിൽ ലഭ്യമായ സുസ്ഥിര ജലസ്രോതസ്സുകൾ കണ്ടെത്തി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ബി) ബജറ്റ് നിർദ്ദേശങ്ങളിലൂടെ മാത്രമേ വ്യക്തമാക്കാൻ നിർവ്വാഹമുള്ളൂ.

(സി) അടുത്ത 30 വർഷത്തെ കുടിവെള്ളത്തിന്റെ ആവശ്യം മുൻകൂട്ടി കണ്ടുകൊണ്ടാണ് കേരള വാട്ടർ അതോറിറ്റി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നത്.

**തീരപ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം**

247 (1020) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശങ്ങളിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) പല വിദേശ രാജ്യങ്ങളിലും നടപ്പിലാക്കിയിട്ടുള്ള കടൽ വെള്ളം ശുദ്ധീകരിച്ച് കുടിവെള്ളമാക്കുന്ന പദ്ധതിയുടെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് പരിശോധിച്ചത്;

(സി) അവരുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ തീരദേശങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഈ സർക്കാർ 2017-18 ബജറ്റിൽ രണ്ട് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

1. ചെങ്കൽ, കാരോട്, കുളത്തൂർ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള 86 കോടി രൂപയുടെ കുടിവെള്ള പദ്ധതി.
2. ചിറയിൻകീഴ് മണ്ഡലത്തിലെ തീരപ്രദേശങ്ങൾക്കുവേണ്ടിയുള്ള 18.28 കോടി രൂപയുടെ കുടിവെള്ള പദ്ധതി.

അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം നഗരത്തിലെ ശുദ്ധജല വിതരണ പദ്ധതി ഘട്ടം ഒന്നിനും കിഫ്ബിയിൽ ഘട്ടം രണ്ടിനും യഥാക്രമം 78.25 കോടി രൂപയുടെയും 235 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിലൂടെ കൊല്ലം തീരദേശത്തെ കുടിവെള്ള ക്ഷാമത്തിന് പരിഹാരമാകുന്നതാണ്.

തൃശ്ശൂർ ജില്ലയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

1. ഒരുമനയൂർ പഞ്ചായത്തിലെ 330 കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിന് ലോക ബാങ്കിന്റെ സഹായത്തോടുകൂടി KLGSDP പദ്ധതി നടപ്പിലാക്കി വരുന്നു.

2. നാട്ടിക ഫിർക്ക ശുദ്ധജലവിതരണ പദ്ധതിയുടെ പുനരുദ്ധാരണം എന്ന പദ്ധതിയുടെ പ്രാരംഭ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ പദ്ധതി 31-12-2020-ൽ പൂർത്തീകരിക്കാനാകുമെന്ന് കരുതുന്നു.

3. KSCADC ധനസഹായത്തോടെ വാടാനപ്പള്ളി തീരദേശ ഗ്രാമപഞ്ചായത്തിൽ മത്സ്യഗ്രാമപദ്ധതി നടത്തുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു.

കണ്ണൂർ ജില്ലയുടെ തീരപ്രദേശങ്ങളിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി KSCADC എടക്കാട്, മുഴപ്പിലങ്ങാട് മത്സ്യഗ്രാമ കുടിവെള്ള പദ്ധതി വിപുലീകരണ പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്.

(ബി & സി) പ്രസ്തുത പദ്ധതിയുടെ സാദ്ധ്യത പരിശോധിച്ചിട്ടില്ല.

**ജലനിധി പദ്ധതി**

248 (1021) ശ്രീ. കെ.മുരളീധരൻ:

ശ്രീ. കെ.എസ്.ശബരീനാഥൻ:

ശ്രീ. എം. വിൻസെന്റ്:

ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി രണ്ടാം ഘട്ട പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ജലനിധി രണ്ടാം ഘട്ടപദ്ധതി ഇതുവരെ എത്ര ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തനം ആരംഭിച്ചു എന്ന് വിശദമാക്കാമോ;

(സി) ഭൂജല പരിപോഷണത്തിനായി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും. ഇതിനായി ഇതുവരെ എത്ര കോടി രൂപ ചെലവാക്കി എന്നും വ്യക്തമാക്കാമോ ;

(ഡി) പദ്ധതികളിലെ അപാകത, അനിയന്ത്രിതമായ ജലഉപയോഗം, ജലസ്രോതസ്സുകളിൽ ജലത്തിന്റെ ലഭ്യതക്കുറവ് എന്നിവമൂലം ജലനിധി ഒന്നാം ഘട്ടത്തിൽ പൂർത്തീകരിച്ച ചില സ്കീമുകൾ പ്രവർത്തനക്ഷമമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഇ) ഉപഭോക്തൃ സമിതികളെ ഏൽപിച്ചുകഴിഞ്ഞാൽ സ്കീമുകളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനും ആവശ്യമായ സാങ്കേതികവും ധനപരമായ പിന്തുണയും നൽകുന്നതിന് നിലവിൽ സംവിധാനമുണ്ടോ; ഇല്ലെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കുമോ;വ്യക്തമാക്കാമോ ?

ഉത്തരം

(എ) നിശ്ചിത ഇടവേളകളിൽ സർക്കാർ പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. മാസംതോറും പദ്ധതി പുരോഗതി ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ വിലയിരുത്തുന്നുണ്ട്. 31.12.2017-ലെ പ്രോഗ്രസ് റിപ്പോർട്ട് അനുബന്ധം 1 ആയി ചേർക്കുന്നു*.

(ബി) ജലനിധി രണ്ടാംഘട്ട പദ്ധതി 115 ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തനം നടത്തുന്നുണ്ട്. വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു*.

(സി) ജലനിധി പഞ്ചായത്തുകളിലെ ജലസ്രോതസ്സുകളിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഭൂജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ജലസംരക്ഷണത്തിനായി ജലനിധി കിണറുകളിൽ point recharge, roof water harvesting, ചെറുകിട തടയണകൾ (small checkdams), Gabion structure, Radial Arm, നീർക്കുഴികൾ, ഓവുചാൽ നിർമ്മാണം, ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented Cross Bar), മണ്ണ് സംരക്ഷണം, കിണറുകളുടെ സംരക്ഷണം, കുളങ്ങളുടെ സംരക്ഷണം എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കിവരുന്നു. പാഴായിപ്പോകുന്ന മഴവെള്ളത്തെ മേൽപ്പറഞ്ഞ രീതികളിലൂടെ ശുദ്ധീകരിച്ച് ജലനിധിയുടെ സ്രോതസ്സുകളെ സംരക്ഷിച്ചുവരികയാണ്. ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ഇതുവരെ 1920 ജലപരിപോഷണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. അതിൽ ഇതിനകം 1818 പദ്ധതികൾ പൂർത്തീകരിച്ചു. ഇത് മൂലം എല്ലാ ജലസ്രോതസ്സുകളിലും സംരക്ഷണം ഉറപ്പുവരുത്തിയിട്ടുണ്ട്. ഭൂജല പരിപോഷണത്തിനായി ഇതുവരെ 23.30 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

(ഡി) ഉണ്ട്. ഇവയുടെ പുനരുദ്ധാരണത്തിനുള്ള നടപടി പരിശോധിച്ചുവരുന്നു.

(ഇ) ഇല്ല. സാങ്കേതിക സഹായം നൽകുന്നത് സംബന്ധിച്ച പദ്ധതി പരിഗണനയിലാണ്.

### തുല്യ ജോലിക്ക് തുല്യ വേതനം നടപ്പാക്കുന്നതിന് നടപടി

249 (1022) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുല്യ ജോലിക്ക് തുല്യവേതനവും ആനുകൂല്യങ്ങളും നൽകണമെന്ന സുപ്രീംകോടതി വിധി സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിധിയുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിൽ ഇത് നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) തുല്യജോലിക്ക് തുല്യവേതനവും ആനുകൂല്യവും എല്ലാ തൊഴിലാളികളുടെയും അവകാശമാണെന്ന സുപ്രീംകോടതി ഉത്തരവ് പരാമർശിച്ച പത്രറിപ്പോർട്ട് അന്വേഷണത്തിനും അനന്തര നടപടികൾക്കുമായി കേരള മനുഷ്യാവകാശ കമ്മീഷൻ വഴി ലഭ്യമായത് സർക്കാർ പരിശോധിച്ചുവരികയാണ്.

**ബാലവേല വിമുക്ത സംസ്ഥാനം**

250 (1023) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാലവേല വിമുക്ത സംസ്ഥാനമായി പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ അത്തരത്തിൽ പ്രഖ്യാപിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ബാലവേല വിമുക്ത സംസ്ഥാനമായി പ്രഖ്യാപിച്ചിട്ടില്ല.

(ബി) 1986-ലെ ബാലവേല (നിയന്ത്രണം & നിരോധനം) നിയമത്തിന്റെ ഇൻസ്പെക്ടർമാരായി അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ്- II) മാരെയും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാരെയും ചുമതലപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിയമം സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നതോടൊപ്പം ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ജില്ലാ കളക്ടർമാർ ചെയർമാനായും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാരെ കൺവീനർമാരായും ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ കം വെൽഫെയർ സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ നാഷണൽ കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സിന്റെ നിർദ്ദേശാനുസരണം കേരളത്തിൽ എല്ലാ ജില്ലകളിലും കളക്ടറെ ചെയർമാനാക്കിയും വിവിധ വകുപ്പുകളെയും സന്നദ്ധ സംഘടനകളെയും സാമൂഹ്യ പ്രവർത്തകരെയും അംഗങ്ങളാക്കിയും ജില്ലാതല ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധയിടങ്ങളിൽ ചൈൽഡ് ലേബർ കം റീഹാബിലിറ്റേഷൻ കമ്മിറ്റിയുടെയും സന്നദ്ധ സംഘടനകളുടെയും സാമൂഹ്യ പ്രവർത്തകരുടെയും സഹകരണത്തോടെ സെമിനാറുകൾ, ശിൽപ്പശാലകൾ, ബോധവത്കരണ ക്ലാസ്സുകൾ എന്നിവ നടത്തിവരുന്നു. ജില്ലാതലത്തിലെ ടാസ്ക്ഫോഴ്സിന്റെയും ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റിയുടെയും പ്രവർത്തനങ്ങൾകൊണ്ടും തൊഴിൽ വകുപ്പിന്റെ ശക്തമായ

എൻഫോഴ്സ്മെന്റ് സംവിധാനവുംമൂലം ടി നിയമം സംസ്ഥാനത്ത് ഊർജ്ജിതമായി നടപ്പിലാക്കാൻ കഴിയുന്നു. ഇവയുടെയെല്ലാം ഫലമായി സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ബാലവേലയുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. 1986-ലെ ബാലവേല (നിയന്ത്രണം & നിരോധനം) നിയമപ്രകാരം 2010 മുതൽ 2017 വരെ സംസ്ഥാനത്ത് തൊഴിൽ വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ 17520 പരിശോധനകൾ നടത്തുകയും 11 പ്രോസിക്യൂഷൻ കേസ്സുകൾ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

### തൊഴിൽ നയം

251 (1024) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ നയം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

(ബി) തൊഴിൽ നയം നിലവിലുണ്ടെങ്കിൽ പ്രസ്തുത തൊഴിൽ നയത്തിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് കരട് തൊഴിൽ നയം നിലവിലുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+

### സ്വകാര്യ വാണിജ്യ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ്

252 (1025) ശ്രീ. എ. എം. ആരിഫ്:
ശ്രീ. വി. ജോയി:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ വാണിജ്യ സ്ഥാപനങ്ങൾക്ക് പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് ഇപ്രകാരം ഗ്രേഡിംഗ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം മൂല്യനിർണ്ണയം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) തൊഴിലാളികൾക്ക് അർഹമായ സേവന വേതന വ്യവസ്ഥകൾ ലഭ്യമാക്കാനും മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കാനും പ്രസ്തുത ഗ്രേഡിംഗ് സംവിധാനം എപ്രകാരമെല്ലാം പ്രയോജനപ്രദമാകുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആദ്യഘട്ടമെന്ന നിലയിൽ ടെക്സ്റ്റൈൽ ഷോപ്പുകൾ, ഹോസ്പിറ്റലുകൾ, കൺസ്ട്രക്ഷൻ മേഖല, ഹോട്ടലുകൾ - റസ്റ്റോറന്റുകൾ, സ്റ്റാർ ഹോട്ടലുകൾ, ജ്വലറികൾ, ഐ.ടി. സ്ഥാപനങ്ങൾ, സെക്യൂരിറ്റി എന്നീ മേഖലകളിലാണ് ഗ്രേഡിംഗ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

(സി) ഗ്രേഡിംഗ് നിർണ്ണയിക്കുന്നതിന് താഴെപ്പറയുന്ന ഏഴ് മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

1. മികച്ച തൊഴിൽ ദാതാവ്
2. സംതൃപ്തമായ തൊഴിലാളികൾ
3. സ്ഥാപനത്തിലെ മികവുറ്റ തൊഴിൽ അന്തരീക്ഷം
4. തൊഴിൽ നൈപുണ്യ വികസനത്തിന് സ്ഥാപനത്തിന്റെ പങ്കാളിത്തം
5. സ്ത്രീ സൗഹൃദ അന്തരീക്ഷം
6. തൊഴിലാളികൾക്ക് നൽകുന്ന സൗകര്യങ്ങൾ
7. തൊഴിലിടങ്ങളിലെ സുരക്ഷ

(ഡി) നിശ്ചിത മാനദണ്ഡങ്ങളെ ആധാരമാക്കി തൊഴിലുടമ, തൊഴിലാളി, ഇതര സാമൂഹ്യ വിഭാഗങ്ങൾ, തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നെല്ലാം അഭിപ്രായ രൂപീകരണം നടത്താനും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ മൂല്യനിർണ്ണയം ചെയ്യാനും ഈ മാനദണ്ഡങ്ങൾ പാലിക്കുന്ന സ്ഥാപനങ്ങൾക്ക് വിവിധ ഗ്രേഡുകൾ നൽകി മാതൃകാ സ്ഥാപനങ്ങളായി പ്രഖ്യാപിക്കാനും ഇതുവഴി ഉദ്ദേശിക്കുന്നു. ഇപ്രകാരം ഗ്രേഡിംഗ് ലഭിക്കുന്ന സ്ഥാപനങ്ങളെ മറ്റ് സ്ഥാപനങ്ങൾ മാതൃകയാക്കാൻ ശ്രമിക്കുകയും ആയത് കാലക്രമേണ എല്ലാ തൊഴിൽ മേഖലകളിലെയും തൊഴിലാളികൾക്ക് അർഹമായ സേവന വേതന വ്യവസ്ഥകൾ ലഭ്യമാക്കുന്നതോടൊപ്പം മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും കാരണമായിത്തീരുമെന്ന് പ്രതീക്ഷിക്കുന്നു.

## നോക്കുകൂലി സമ്പ്രദായം

253 (1026) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പല ഭാഗത്തും നോക്കുകൂലി സമ്പ്രദായം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമ്പ്രദായം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നോക്കുകൂലി ആവശ്യപ്പെട്ടു എന്ന കാരണത്താൽ ഏതെങ്കിലും മരാമത്ത് പ്രവൃത്തികളെ പ്രതികൂലമായി ബാധിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ;

(സി) നോക്കുകൂലി സമ്പ്രദായം തടയുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം പരാതി ലഭിക്കുന്ന കേസ്സുകളിൽ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ ഇടപെടുകയും പ്രശ്നപരിഹാരം കാണുകയും ചെയ്യുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നോക്കുകൂലി ആവശ്യപ്പെട്ടുവെന്ന കാരണത്താൽ മരാമത്ത് പ്രവൃത്തികളെ പ്രതികൂലമായി ബാധിച്ചതായി കാണിച്ച് ആലപ്പുഴ ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിൽ മൂന്ന് പരാതികൾ ലഭ്യമായിട്ടുള്ളതും ആയത് പരിഹൃതമായിട്ടുള്ളതുമാണ്.

1. പാലത്ര കൺസ്ട്രക്ഷൻസ് കമ്പനി ഏറ്റെടുത്ത് നടത്തിയിരുന്ന സക്കറിയാ ബസ്സാറിലെ റോഡ് പണിയുമായി ബന്ധപ്പെട്ട് ഗ്രാനൈറ്റ് ഇറക്കുന്നതിന് നോക്കുകൂലി ആവശ്യപ്പെട്ടതായി പരാതി ലഭിക്കുകയും ആയത് സംബന്ധിച്ച് തർക്കം പരിഹരിക്കുകയും ചെയ്തിട്ടുള്ളതാണ്.
2. ബിഗോറ ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി ഏറ്റെടുത്ത് നടത്തിയിരുന്ന ആലപ്പുഴ - ചേർത്തല കനാലിന്റെ തീരത്ത് റോഡിന്റെയും റോഡ് സംരക്ഷണ ഭിത്തിയുടെയും നിർമ്മാണവുമായി ബന്ധപ്പെട്ട് പരാതി ലഭിക്കുകയും ആയത് സംബന്ധിച്ച് തർക്കം പരിഹരിക്കുകയും ചെയ്തിട്ടുള്ളതാണ്.
3. ആലപ്പുഴ കളർകോട് ദേശീയപാതയുടെ നവീകരണവുമായി ബന്ധപ്പെട്ട് നിർമ്മാണ സാമഗ്രികൾ നിർമ്മാണ സ്ഥലത്ത് ഇറക്കുന്നതിന് നോക്കുകൂലി ആവശ്യപ്പെട്ടതായി പരാതി ലഭിക്കുകയും ആയത് സംബന്ധിച്ച് തർക്കം പരിഹരിക്കുകയും ചെയ്തിട്ടുള്ളതാണ്.

(സി) സംസ്ഥാനത്ത് ചുമട്ടുതൊഴിൽ മേഖലയിലെ നോക്കുകൂലി സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നിർത്തലാക്കുന്നതിനുമായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ പത്ത് ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി നടപ്പിലാക്കുകയും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. മലപ്പുറം, വയനാട് ജില്ലകളിൽ ഇതുസംബന്ധിച്ച് ധാരണയായിട്ടുണ്ട്. കൂലി ഏകീകരിക്കാത്ത ഇടുക്കി, കാസർഗോഡ് ജില്ലകളിൽ ഇതുസംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു. കൂടാതെ ജില്ലകളിലെ പ്രധാന കവലകളിൽ റസിഡന്റ്സ് അസോസിയേഷനുകളുമായി ചേർന്ന് കയറ്റിറക്ക് കൂലി പ്രസിദ്ധപ്പെടുത്തിയ ബോർഡുകൾ സ്ഥാപിക്കുകയും ഏകീകരിച്ച കയറ്റിറക്ക് കൂലി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ചുമട്ടുതൊഴിലാളികളുടെ സേവനം ആവശ്യമുള്ളവർക്ക് ഈ കൂലി നിരക്ക് പ്രകാരം ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിൽ നിന്ന് തൊഴിലാളികളുടെ സേവനം ലഭ്യമാക്കാവുന്നതാണ്. നോക്കുകൂലി, അമിതകൂലി എന്നിവ ആവശ്യപ്പെട്ടാൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസറെ ടെലിഫോണിൽ വിളിച്ച് വിവരം ബോധിപ്പിക്കുകയോ കോൾസെന്റർ മുഖേന പരാതി രേഖപ്പെടുത്തുകയോ ചെയ്യാവുന്നതാണ്. പരാതി ലഭിച്ച കേസ്സുകളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ നടപടി സ്വീകരിക്കുന്നുണ്ട്.

## കടകളിലും ഷോപ്പിംഗ് മാളുകളിലും ജോലി ചെയ്തുവരുന്ന തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

254 (1027) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കടകളിലും ഷോപ്പിംഗ് മാളുകളിലും ജോലി ചെയ്തു വരുന്ന തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുറഞ്ഞ വേതനം, വർദ്ധിച്ച ജോലി ഭാരം, വിശ്രമമില്ലായ്മ, പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, എന്നിവ നിമിത്തം ഇവർക്ക് അർഹമായ നീതി നിഷേധിക്കപ്പെടുന്നത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നു എന്ന് അറിയിക്കുമോ;

(സി) ഇവരുടെ ഇത്തരം മൗലികമായ ആവശ്യങ്ങൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ അവയുടെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുറഞ്ഞ വേതനം, അമിത ജോലി ഭാരം, വിശ്രമമില്ലായ്മ എന്നീ പ്രശ്നങ്ങൾ തൊഴിലാളികൾ നേരിടുന്നതായി സ്ഥാപന പരിശോധനകൾ നടത്തുമ്പോഴോ പരാതികളിൽ നിന്നോ ബോദ്ധ്യപ്പെടുന്ന അവസരത്തിൽ നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കാറുണ്ട്. ജീവനക്കാർക്ക് മിനിമം വേതനം ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2017-ൽ 46374 സ്ഥാപന പരിശോധനകൾ നടത്തുകയും 6089 പ്രോസിക്യൂഷൻ, 558 ക്ലെയിം പെറ്റീഷൻ എന്നിവ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ആയതിൽ 27 എണ്ണം ജീവനക്കാരുടെ പ്രാഥമിക കർത്തവ്യ നിർവ്വഹണത്തിന് സൗകര്യം ഏർപ്പെടുത്താത്തത് സംബന്ധിച്ചുള്ളതാണ്.

(സി) സ്വീകരിക്കും. സംസ്ഥാന തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ആഫീസർമാർ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. കൂടാതെ ജീവനക്കാർക്ക് വിശ്രമ സൗകര്യം, ഹോസ്റ്റൽ സൗകര്യം, ക്രഷ് എന്നീ വ്യവസ്ഥകൾ ഉൾപ്പെടുത്തി 1960-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപന പരിശോധനകൾ നടത്തുമ്പോൾ ടി സ്ഥാപനങ്ങളിൽ തൊഴിലാളികൾക്ക് കുറഞ്ഞ വേതനം, വർദ്ധിച്ച ജോലി ഭാരം, വിശ്രമമില്ലായ്മ തുടങ്ങിയ തൊഴിൽ നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നോട്ടീസ് നൽകി നിയമ നടപടികൾ ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുന്നു.

### ഇ.എസ്.ഐ. പദ്ധതി

255 (1028) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽ ഇ.എസ്.ഐ.പദ്ധതി പ്രകാരമുള്ള ചികിത്സയ്ക്ക് നിയന്ത്രണമുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് ഒഴിവാക്കുന്നതിനും പദ്ധതി പ്രകാരമുള്ള ചികിത്സാസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രണ്ട് വർഷക്കാലയളവിൽ 156 ദിവസം ഹാജർ തികയാത്തതിനാൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ നിഷേധിക്കുകയോ ബിൽ തുക ഐ.പി.-കൾ നേരിട്ട് ആശുപത്രിയിൽ നൽകുകയോ ചെയ്യേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്. ഇ.എസ്.ഐ. കോർപ്പറേഷന്റെ പുതുക്കിയ മാനദണ്ഡ പ്രകാരം രജിസ്ട്രേഷന് മുമ്പുള്ള രോഗങ്ങൾക്ക് ഇത്തരത്തിലുള്ള ചികിത്സ നിഷേധിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇ.എസ്.ഐ. കോർപ്പറേഷൻ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കുന്നതിനുള്ള നിബന്ധനയിൽ വരുത്തിയ ഭേദഗതികൾ റദ്ദാക്കണമെന്ന് കേന്ദ്ര തൊഴിൽ വകുപ്പ് മന്ത്രിയോട് അഭ്യർത്ഥിച്ച് ബഹു. തൊഴിലും എക്സൈസും വകുപ്പുമന്ത്രി കത്തയയ്ക്കുകയും നേരിട്ട് സന്ദർശിച്ച് നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ തീരുമാനം പുനഃപരിശോധിക്കുന്ന വിഷയം ഇ.എസ്.ഐ. കോർപ്പറേഷൻ ഡയറക്ടർ ജനറലിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ട്.

**തൊഴിൽ വകുപ്പിന് കീഴിലുള്ള ട്രേഡ് യൂണിയനുകൾ**

256 (1029) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് എത്ര ട്രേഡ് യൂണിയനുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളെയാണ് നോക്കുകൂലി വിമുക്തമായി പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തൊഴിൽ വകുപ്പിന് കീഴിൽ 2017 ഡിസംബർ 31 വരെ 12962 ട്രേഡ് യൂണിയനുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളെയാണ് നോക്കുകൂലി വിമുക്തമായി പ്രഖ്യാപിച്ചിട്ടുള്ളത്.

**അസംഘടിത ദിവസ വേതന തൊഴിലാളികൾക്കുള്ള ആശ്വാസ പദ്ധതി**

257 (1030) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള അസംഘടിത ദിവസ വേതന തൊഴിലാളികൾക്കുള്ള ആശ്വാസ പദ്ധതി (കേരള അൺ ഓർഗനൈസ്ഡ് വർക്കേഴ്സ് ഡിസ്ട്രസ്സ് റിലീഫ് ഫണ്ട് പദ്ധതി) പ്രകാരം 2016 17-ൽ സംസ്ഥാനത്ത് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ;

(സി) 2016 - 17 വർഷത്തിൽ ഈ പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം അസംഘടിത ദിവസ വേതന തൊഴിലാളികൾക്കുള്ള ആശ്വാസ പദ്ധതിയിനത്തിൽ 15,00,000 (പതിനഞ്ച് ലക്ഷം) രൂപ അനുവദിച്ചിരുന്നു. അതിൽ 13,00,000 (പതിമൂന്ന് ലക്ഷം) രൂപ ചെലവഴിച്ചു.

(ബി) ഏതെങ്കിലും തരത്തിലുള്ള ക്ഷേമ പദ്ധതികളിൽ ഉൾപ്പെട്ടിട്ടില്ലാത്തവരും എന്നാൽ ദിവസ വേതന തൊഴിലാളികൾ എന്ന നിർവ്വചനത്തിൽ വരുന്നവരുമായ തൊഴിലാളികൾക്ക് തൊഴിലിനിടയിൽ അപകടം സംഭവിച്ചാൽ 2000 രൂപ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

(സി) 1,56,000 (ഒരു ലക്ഷത്തി അമ്പത്തി ആറായിരം) രൂപ ചെലവഴിച്ചിട്ടുണ്ട്.

## തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അംശദായ നിരക്കും ആനുകൂല്യങ്ങളും

258 (1031) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിലവിലെ അംശദായ നിരക്കും ആനുകൂല്യങ്ങളും എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) നിരക്കും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(സി) നിലവിലുള്ള മറ്റ് ക്ഷേമനിധി ബോർഡുകൾ ഏതൊക്കെയാണ്;

(ഡി) ക്ഷേമനിധി ബോർഡുകൾ തമ്മിൽ ലയിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) കേരള ചുമട്ടുത്തൊഴിലാളി ക്ഷേമബോർഡിന്റെ സ്കാറ്റേർഡ് വിഭാഗം തൊഴിലാളികളുടെ നിലവിലെ അംശദായ നിരക്ക് 20, 30, 40, 50 എന്നീ നാല് സ്ലാബുകളിലായാണ് സ്വീകരിച്ചുവരുന്നത്. ആനുകൂല്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) നിരക്കും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്കാറ്റേർഡ് വിഭാഗം ചുമട്ടുതൊഴിലാളികളുടെ അംശദായ നിരക്ക് നാല് സ്ലാബുകളെ ഏകീകരിച്ച്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

100 രൂപയായി വർദ്ധിപ്പിക്കുന്നതിന് 1999-ലെ കേരള ചുമട്ടുത്തൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതി ഭേദഗതി ചെയ്യുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം 2018 ജനുവരി 5 തീയതിയായി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) തൊഴിൽ വകുപ്പിനുകീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ പേര് ചുവടെ ചേർക്കുന്നു:

1 കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്

2 കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്

3 കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്

4 കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്

5 മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്

6 കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്

7 കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

8 കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്

9 കേരള ചുമട്ടുത്തൊഴിലാളി ക്ഷേമനിധി ബോർഡ്

10 കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്

11 കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്

12 കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്

13 കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്

14 കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്

15 കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

16 അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ്

(ഡി) ഈ വിഷയത്തിലുള്ള ആലോചനകൾ സജീവമാണ്.

**ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം**

259 (1032) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനായി എല്ലാ ബോർഡുകളിലും കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ആനുകൂല്യ വിതരണം, അപേക്ഷകളുടെ തീർപ്പാക്കൽ, അംശദായം ഒടുക്കൽ എന്നിവ എസ്.എം.എസ്. വഴി തൊഴിലാളികളെ അറിയിക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ടോ;

(ഡി) വിവിധ ക്ഷേമനിധി ബോർഡുകളിൽ അംശദായം വർദ്ധിപ്പിക്കുന്നതിനും അതിന് ആനുപാതികമായി അംഗങ്ങളുടെ ആനുകൂല്യം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിലയിരുത്തിയിട്ടുണ്ട്. 75 ലക്ഷത്തോളം തൊഴിലാളികൾ വിവിധ ക്ഷേമനിധി ബോർഡുകളിൽ അഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി ക്ഷേമനിധി ബോർഡുകൾ വഴി പെൻഷൻ, വിവാഹ ധനസഹായം, പ്രസവ ധനസഹായം, മരണാനന്തര ധനസഹായം, അപകട ചികിത്സാ ധനസഹായം, വിദ്യാഭ്യാസ ധനസഹായം എന്നിങ്ങനെ നിരവധി ആനുകൂല്യങ്ങൾ അംഗങ്ങളായ തൊഴിലാളികൾക്ക് നൽകിവരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ക്ഷേമനിധി ബോർഡുകളിൽ സർക്കാർ ധനസഹായത്തോടെയാണ് പെൻഷൻ നൽകിവരുന്നത്. ഈ ബോർഡുകളുടെ പ്രവർത്തനങ്ങൾ തൊഴിൽ വകുപ്പ് മുഖേന ഏകോപിപ്പിക്കുകയും സർക്കാർ തലത്തിൽ കാലാകാലങ്ങളിൽ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

(ബി) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനായി ബോർഡുകൾക്ക് പൊതുവായി ഒരു സോഫ്റ്റ്‌വെയർ നിലവിലില്ല. എന്നാൽ ക്ഷേമനിധി ബോർഡുകളിലെ തൊഴിലാളികളുടെ ദ്വയാംഗത്വം കണ്ടുപിടിക്കുന്നതിനും ആനുകൂല്യ വിതരണം സുതാര്യമാക്കുന്നതിനും എല്ലാ ബോർഡുകളിലും കമ്പ്യൂട്ടറൈസേഷനും ഡിജിറ്റൈസേഷനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങളായ തൊഴിലാളികളുടെ വ്യക്തിഗത വിവരങ്ങൾ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം (AIIS) എന്ന സോഫ്റ്റ് വെയർ മുഖേന ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്.

(സി) കമ്പ്യൂട്ടറൈസേഷൻ പൂർണ്ണമായി നടപ്പാക്കുന്നതോടെ ആനുകൂല്യ വിതരണം, അപേക്ഷകളുടെ തീർപ്പാക്കൽ, അംശദായം ഒടുക്കൽ എന്നിവ എസ്.എം.എസ്. വഴി തൊഴിലാളികളെ അറിയിക്കുന്നതിനുള്ള സംവിധാനം ലഭ്യമാക്കുന്നതാണ്.

(ഡി) വിവിധ ക്ഷേമനിധി ബോർഡുകളിൽ അംശദായം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

## സെക്യൂരിറ്റി ജീവനക്കാരുടെ മിനിമം വേതനം

260 (1033) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്യൂരിറ്റി ജീവനക്കാരുടെ മിനിമം വേതനം നിലവിൽ എത്രയാണ്;

(ബി) ടി വേതനം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദവിവരങ്ങൾ നല്കാമോ?

ഉത്തരം

(എ & ബി) 9-5-2017-ലെ സ.ഉ. (പി) നമ്പർ 38/17/തൊഴിൽ നമ്പർ വിജ്ഞാപന പ്രകാരം സംസ്ഥാനത്തെ സെക്യൂരിറ്റി സർവ്വീസിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ച് കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത വിജ്ഞാപന പ്രകാരം സെക്യൂരിറ്റി സർവ്വീസിൽ ജോലി ചെയ്യുന്ന വിവിധ വിഭാഗങ്ങളുടെ മിനിമം വേതന സ്കെയിൽ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | മാനേജർ | 13130-250-14380-300-15880 |
| 2 | അസിസ്റ്റന്റ് മാനേജർ/ഓപ്പറേഷൻസ് മാനേജർ | 12830-250-14080-300-15580 |
| 3 | സൂപ്പർവൈസർ | 12580-250-13830-300-15330 |
| 4 | ഹെഡ് ഗാർഡ് | 12230-250-13480-300-14980 |
| 5 | സെക്യൂരിറ്റി ഗാർഡ് (സായുധരായ) | 11570-250-12820-300-14320 |
| 6 | സെക്യൂരിറ്റി ഗാർഡ് (സായുധരല്ലാത്ത) | 10170-200-11170-250-12420 |
| 7 | അക്കൗണ്ടന്റ്/ കാഷ്യർ/ക്ലാർക്ക് | 10170-200-11170-250-12420 |
| 8 | ആഫീസ് അറ്റൻഡന്റ് | 8960-175-9835-200-10835 |
| 9 | സ്വീപ്പർ/ക്ലീനർ | 8540-150-9290-175-10165 |

## മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി

261 (1034) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികൾക്ക് കൂലി ഇനത്തിൽ നൽകാനുള്ള തുക യഥാസമയം നൽകാത്തത് കാരണം മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തുക ലഭ്യമാക്കാൻ സർക്കാർ ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ;;

(സി) പദ്ധതി നേരിടുന്ന മറ്റു പ്രതിസന്ധികൾ എന്തൊക്കെയാണ്; ഇവ പരിഹരിക്കുന്നതിന് സർക്കാർ കൈകൊള്ളുന്ന നടപടികൾ എന്തൊക്കെ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പദ്ധതിയിൽ 2017-18 സാമ്പത്തിക വർഷം 2017 ഒക്ടോബർ 21 മുതൽ ഡിസംബർ 6-ാം തീയതിവരെ അവിദഗ്ധ കൂലിയിനത്തിൽ 367.33 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു. 7-12-2017-ൽ 306.77 കോടി രൂപ കേന്ദ്ര സർക്കാർ ഈ ഇനത്തിൽ അനുവദിക്കുകയും ടി തുക തൊഴിലാളികൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തിന്റെ അവസാനം (31-3-2018) വരെ സൃഷ്ടിക്കപ്പെടാവുന്ന തൊഴിൽ ദിനങ്ങളുടെ കൂലി തുകയായ 1272.50 കോടി രൂപ ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ 08.12.2017-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിന് കുടിശ്ശികയായിട്ടുള്ള തുക അടിയന്തരമായി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി 30-11-2017-നും 19-12-2017-നും കേന്ദ്ര ഗ്രാമവികസന മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. നിലവിൽ 8-12-2018 മുതൽ 22-1-2018 വരെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ കൂലിയിനത്തിൽ 358.98 കോടി രൂപ കുടിശ്ശികയുണ്ട്. ഇതിൽ 24-1-2018-ന് 280.17 കോടി രൂപ കൂടി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.

(സി) സാധന ഘടകത്തിനും ഭരണച്ചെലവിനത്തിനുമായി ഇതുവരെ 110 കോടി രൂപ കുടിശ്ശികയുണ്ട്. ഈ ഇനത്തിൽ തുക കുടിശ്ശികയാകുന്നത് പദ്ധതി നിർവ്വഹണത്തെ പ്രതിസന്ധിയിലാക്കുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ

നിരന്തരമായ അഭ്യർത്ഥനയെത്തുടർന്ന് സാധന ഘടകത്തിനും ഭരണച്ചെലവിനുമായി 9-1-2018-ൽ 100 കോടി രൂപ കേന്ദ്ര വിഹിതം ലഭ്യമായിട്ടുണ്ട്. ടി തുകയും ഇതിന്റെ ആനുപാതിക സംസ്ഥാന വിഹിതവും ചേർത്ത് (Rs. 100 കോടി + Rs. 19,95,28,000) റിലീസ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

നിലവിലെ പരിഷ്കരിച്ച തൊഴിലുറപ്പ് നിയമമനുസരിച്ച് ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികൾക്ക് മുൻതൂക്കം നൽകണമെന്ന കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ വ്യവസ്ഥ നിലനിൽക്കുന്നുണ്ട്. എന്നാൽ തൊഴിലുറപ്പ് തൊഴിലാളികൾ ഇത്തരത്തിലുള്ള ആയാസം കൂടിയ പ്രവൃത്തികളിൽ പങ്കാളികളാകുന്നതിന് വിമുഖത കാണിക്കുന്നുണ്ട്. എന്നിരുന്നാലും നടപ്പ് സാമ്പത്തിക വർഷത്തെ അംഗീകാരം ലഭിച്ച ലേബർ ബജറ്റിൽ അനുശാസിക്കുന്ന ഭൗതിക ലക്ഷ്യം കൈവരിക്കുന്നതിനുപുറമെ കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് സൃഷ്ടിച്ച തൊഴിൽ ദിനങ്ങളിൽ കുറയാത്ത നേട്ടം ഈ വർഷവും കൈവരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി**

262 (1035) ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 25 ലക്ഷത്തോളം പേർ തൊഴിലെടുക്കുന്ന നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) അസംസ്കൃത വസ്തുക്കൾക്ക് നേരിടുന്ന കടുത്ത ക്ഷാമവും ജി.എസ്.ടി.- യിലെ അശാസ്ത്രീയത കൊണ്ടുണ്ടായിട്ടുള്ള പ്രശ്നങ്ങളും പരിഹരിക്കാൻ ഏതു വിധത്തിൽ ഇടപെടാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണ തൊഴിലാളികളുടെ ക്ഷേമത്തിനായി സെസ് ഇനത്തിൽ സമാഹരിച്ച 29,000 കോടി രൂപ കേന്ദ്ര സർക്കാർ ധൂർത്തടിച്ചതായി സുപ്രീംകോടതി നിരീക്ഷിച്ചത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് ഉൾപ്പെടെ എല്ലാ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെയും പ്രവർത്തനം സംബന്ധിച്ച് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) സിമന്റ്, കമ്പി തുടങ്ങിയ നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം, ജലദൗർലഭ്യം, ക്വാറി ഉൽപ്പന്നങ്ങളുടെയും മണലിന്റെയും ഇഷ്ടികയുടെയും ലഭ്യതക്കുറവ് എന്നിവമൂലം നിർമ്മാണ മേഖലയിലുണ്ടായ പ്രതിസന്ധി വിശകലനം ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവ് പ്രകാരം ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുള്ളതിനാൽ കരിങ്കല്ലടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് കാലതാമസമുണ്ടാകുകയും അതുവഴി കരിങ്കല്ലിനും കരിങ്കല്ല് ഉല്പന്നങ്ങൾക്കും ക്ഷാമം നേരിടുകയും ചെയ്തിട്ടുണ്ട്. 5 ഹെക്ടറോ അതിന് താഴെയോ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പാരിസ്ഥിതികാഘാത നിർണ്ണയ അതോറിറ്റിയിൽ നിന്നുമാണ് പാരിസ്ഥിതികാനുമതി കരസ്ഥമാക്കേണ്ടത്. 5 ഹെക്ടറിന് മുകളിൽ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് അതോറിറ്റിയിൽ നിന്നുമാണ് പാരിസ്ഥിതികാനുമതി കരസ്ഥമാക്കേണ്ടത്. ടി അതോറിറ്റികളുടെ പ്രവർത്തനം ദ്രുതഗതിയിലാക്കി പാരിസ്ഥിതികാനുമതികൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽനിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും കുറച്ചിട്ടുണ്ട്. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു. വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് കളിമണ്ണ് നിക്ഷേപം ഭൂരിഭാഗവുമുള്ളത് നെൽവയലുകളിലാണ്. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നതോടെ ഈ ആക്ടിന്റെ പരിധിയിൽപ്പെടുന്ന ഭൂമികളിൽനിന്നും കളിമണ്ണ് ഖനനം അസാദ്ധ്യമായി. ഇതോടെ നിലവിൽ വന്ന ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയിൽനിന്നുമാത്രമേ കളിമൺ ഖനനം അനുവദിക്കാൻ

സാധിക്കുകയുള്ളൂ. കളിമണ്ണിന്റെ ലഭ്യതക്കുറവുമൂലം സംസ്ഥാനത്തെ ഓട്/ഇഷ്ടിക നിർമ്മാണ രംഗങ്ങളിൽ നിലനിൽക്കുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 2008-നുമുമ്പ് (നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിനുമുമ്പ്) നികത്തപ്പെട്ട ഭൂമിയിൽ നിന്ന് പരിസ്ഥിതിക്ക് കോട്ടംതട്ടാതെ കളിമണ്ണ് ശേഖരിക്കുന്നതിന്റെ സാദ്ധ്യതകൾ പഠിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിന് കെ.എസ്.ആർ.ഇ.സി.-യെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ഈ സ്ഥാപനം തൃശ്ശൂർ ജില്ലയിൽ പഠനം പൂർത്തിയാക്കി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം കളിമൺ നിക്ഷേപമുള്ള പ്രദേശങ്ങളിൽ ഖനനാനുമതിക്കായി അപേക്ഷ ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കോഴിക്കോട്, മലപ്പുറം ജില്ലകളിൽക്കൂടി പഠനം നടത്തുന്നതിന് ഈ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ടി ജില്ലകളിൽ പഠനം പൂർത്തിയാക്കുന്ന മുറയ്ക്ക് കണ്ടെത്തുന്ന കളിമൺ നിക്ഷേപങ്ങൾ ഖനനം ചെയ്യുന്നതിന് അനുമതി നൽകുന്നതാണ്. നിലവിലെ സാഹചര്യത്തിൽ പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയ സാഹചര്യത്തിൽ കളിമണ്ണ് ഖനനത്തിന് ജില്ലാ കളക്ടറിൽ നിന്നുള്ള നിരാക്ഷേപ പത്രം ആവശ്യമാണെന്ന വ്യവസ്ഥ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കളിമൺ ഖനനത്തിന് പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി 2 മീറ്റർ വരെ ആഴത്തിൽ കളിമണ്ണ് ഖനനം ചെയ്യുന്നതിന് മൈനിംഗ് പ്ലാൻ ഒഴിവാക്കിയിട്ടുണ്ട്. ജില്ലാതലത്തിൽ പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനം കൈക്കൊള്ളുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഓട് നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ട്രേഡ് യൂണിയൻ നേതാക്കളുമായും കളിമൺ വ്യവസായ പ്രതിനിധികളുമായും ബഹു. വ്യവസായ വകുപ്പുമന്ത്രി നടത്തിയ ചർച്ചയിൽ കളിമണ്ണ് ലഭ്യമാക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഖനനാനുമതി നൽകാവുന്നതാണോയെന്ന് പരിശോധിക്കാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. 6 മീറ്റർ വരെ ആഴത്തിൽ ലാറ്ററൈറ്റ് (ബിൽഡിംഗ് സ്റ്റോൺ) ഖനനം ചെയ്യുന്നതിന് മൈനിംഗ് പ്ലാൻ തയ്യാറാക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലുണ്ട്.

മണലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് മണൽ അന്യസംസ്ഥാനത്തുനിന്നും വിദേശത്തുനിന്നും കൊണ്ടുവരുന്നതിന് 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമോ 2015-ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് ആന്റ് ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ പ്രകാരമോ

നിലവിൽ തടസ്സമില്ല. മണൽ ഖനനത്തിന് പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിരുന്നു. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) കേരള റൂൾസ് 1998-ലെ ചട്ടങ്ങൾക്ക് വിധേയമായി നിർമ്മാണ തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കും അവർക്ക് വിവിധങ്ങളായ ക്ഷേമ ആനുകൂല്യങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയും പ്രവർത്തിക്കുന്ന ഒന്നാണ് കേരള നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ്. ബോർഡിന്റെ വരുമാന മാർഗ്ഗം സെസ്സിനത്തിൽ പിരിഞ്ഞുകിട്ടുന്ന തുകയും അംഗതൊഴിലാളികൾ അംശദായമായി അടയ്ക്കുന്ന തുകയുമാണ്. 1998-ലെ കേന്ദ്ര ആക്ടിലെ സെക്ഷൻ 22-ൽ (a മുതൽ h വരെ) പ്രതിപാദിച്ചിരിക്കുന്ന ആനുകൂല്യങ്ങളുടെ വിതരണത്തിനുവേണ്ടി മാത്രമാണ് പ്രസ്തുത തുക വിനിയോഗിച്ചിരിക്കുന്നത്. ഇപ്രകാരം 2015-16-ൽ സെസ് ഇനത്തിൽ 188 കോടി രൂപയാണ് പിരിഞ്ഞുകിട്ടിയത്. എന്നാൽ 193 കോടി രൂപ ആനുകൂല്യ വിതരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 2016-17-ൽ സെസ്സിനത്തിൽ 190 കോടി രൂപയാണ് പിരിഞ്ഞുകിട്ടിയത്. എന്നാൽ 237 കോടി രൂപ ആനുകൂല്യ വിതരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. നിലവിൽ ബോർഡിൽ പതിനാറ് ലക്ഷത്തോളം അംഗങ്ങളും 2.87 ലക്ഷത്തോളം പെൻഷൻകാരുമാണുള്ളത്. ബോർഡ് ഇപ്പോൾ പെൻഷൻ ഇനത്തിൽ ദിനംപ്രതി ഒരു കോടി രൂപയോളവും മറ്റ് ആനുകൂല്യങ്ങൾക്കായി ദിനംപ്രതി 10 ലക്ഷത്തോളം രൂപയും ചെലവഴിക്കുന്നുണ്ട്. കേരള നിർമ്മാണ തൊഴിലാളി ക്ഷേമബോർഡ് ആയതിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്കനുസരിച്ച് മാത്രമാണ് പ്രവർത്തിച്ചിട്ടുള്ളത്. ഓരോ സംസ്ഥാനത്തും പ്രവർത്തിക്കുന്ന നിർമ്മാണ തൊഴിലാളി ക്ഷേമബോർഡുകൾ അതാത് സംസ്ഥാന ഗവൺമെന്റുകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വതന്ത്ര ബോർഡുകളായതിനാൽ മറ്റ് നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡുകളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

**ഇതര സംസ്ഥാന തൊഴിലാളികൾക്ക് ക്ഷേമ പദ്ധതികൾ**

263 (1036) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജോലി ചെയ്തു വരുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്കായി എന്തെല്ലാം ക്ഷേമ പദ്ധതികൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇനിയെന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്താമോ;

(സി) ക്ഷേമ പദ്ധതികൾ എല്ലാ ഇതര സംസ്ഥാന തൊഴിലാളികൾക്കും ലഭ്യമാക്കുന്നതിലേക്കായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി "ആവാസ്" ആരംഭിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 15,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000 രൂപയുടെ അപകട മരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണ പരിപാടികൾക്കുമായി 2016-17 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് 70 മെഡിക്കൽ ബോധവൽക്കരണ ക്യാമ്പുകൾ നടത്തുകയുമുണ്ടായി. 2017-18 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് വിവിധ ജില്ലകളിൽ മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരികയും ചെയ്യുന്നു. തൊഴിൽ ചൂഷണങ്ങൾക്കെതിരെയും ലഹരി ഉപയോഗം കൊണ്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ചും ബോധവൽക്കരണം നടത്തുകയുണ്ടായി. അപ്നാഘർ പദ്ധതിയുടെ ഭാഗമായി ഇതര സംസ്ഥാന തൊഴിലാളികൾക്ക് വാസഗൃഹം നിർമ്മിക്കുന്നതിനായി കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. സർക്കാരിന്റെ വിവിധ ക്ഷേമപദ്ധതികൾ എല്ലാ ഇതര സംസ്ഥാന തൊഴിലാളികൾക്കും ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇതര സംസ്ഥാന തൊഴിലാളികൾക്കായി സംസ്ഥാനത്തെ 14 ജില്ലകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്. തൊഴിലാളികളുടെ നിലവിലെ ജീവിത സാഹചര്യങ്ങളെക്കുറിച്ച് പഠനം നടത്താനും മൊബൈൽ ഹെൽത്ത് ക്ലിനിക് ആരംഭിക്കാനും ഉദ്ദേശിക്കുന്നു. സംസ്ഥാനത്ത് ജോലി നോക്കിവരവെ മരണമടയുന്ന തൊഴിലാളികളുടെ മൃതദേഹം സ്വന്തം നാട്ടിലെത്തിക്കുന്നതിന് സഹായകരമായ ഒരു പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്.

(സി) ക്ഷേമപദ്ധതികൾ എല്ലാ ഇതര സംസ്ഥാന തൊഴിലാളികൾക്കും ലഭ്യമാക്കുന്നതിലേയ്ക്കായി തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതര സംസ്ഥാന തൊഴിലാളികൾക്കായി ജില്ലാതലങ്ങളിൽ മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്യാമ്പുകളും സെമിനാറുകളും നടത്തിവരുന്നു. തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമിട്ടും തൊഴിൽ ചൂഷണം

ഒഴിവാക്കുന്നതിനും ഇതര സംസ്ഥാന തൊഴിലാളികൾക്ക് മനസ്സിലാകുന്ന ഭാഷയിൽ ഫ്ലക്സ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പരസ്യ സ്റ്റിക്കറുകൾ പതിപ്പിച്ചിട്ടുണ്ട്. കൂടാതെ റെയിൽവേ സ്റ്റേഷനുകളിൽ അനൗൺസ്മെന്റിനോടൊപ്പം പരസ്യം നൽകിയിട്ടുണ്ട്. എഫ്.എം. റേഡിയോയിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമിട്ട് (ഹിന്ദി, ഒറിയ, ബംഗാളി ഭാഷകളിൽ) പരസ്യം നൽകിവരുന്നു.

**ഇതര സംസ്ഥാന തൊഴിലാളികൾക്കായി പദ്ധതികൾ**

264 (1037) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഇതര സംസ്ഥാന തൊഴിലാളികൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതര സംസ്ഥാന തൊഴിലാളികൾക്കായി ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി "ആവാസ്" നടപ്പിലാക്കിയിട്ടുണ്ട്. 15,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായ രജിസ്ട്രേഷൻ 2017 നവംബർ ഒന്നാം തീയതി മുതൽ ആരംഭിച്ചിട്ടുണ്ട്. " അപ്നാഘർ" പദ്ധതിയുടെ ഭാഗമായി ഇതര സംസ്ഥാന തൊഴിലാളികൾക്ക് വാസഗൃഹം നിർമ്മിക്കുന്നതിനായി എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണ പരിപാടികൾക്കുമായി 2016-17 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് 70 മെഡിക്കൽ ബോധവൽക്കരണ ക്യാമ്പുകൾ നടത്തുകയുമുണ്ടായി. 2017-18 സാമ്പത്തിക വർഷവും 50 ലക്ഷം രൂപ അനുവദിക്കുകയും വിവിധ ജില്ലകളിലായി മെഡിക്കൽ ബോധവൽക്കരണ ക്യാമ്പുകൾ നടന്നുവരികയുമാണ്.

**ആവാസ് പദ്ധതി**

265 (1038) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഇതരസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) ഇതരസംസ്ഥാന തൊഴിലാളികൾക്കായി പ്രഖ്യാപിച്ച ആവാസ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതേ വരെ എത്ര ഇതരസംസ്ഥാന തൊഴിലാളികൾ ആവാസ് പദ്ധതിയിൽ അംഗത്വമെടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ കീഴിൽ തിരുവനന്തപുരം ആസ്ഥാനമായുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ 2013-ൽ നടത്തിയ പഠന റിപ്പോർട്ട് പ്രകാരം ഏകദേശം 25 ലക്ഷം ഇതര സംസ്ഥാന തൊഴിലാളികൾ കേരളത്തിൽ വിവിധ തൊഴിലിടങ്ങളിൽ ജോലി ചെയ്യുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 'ആവാസ്' പദ്ധതി പ്രകാരം 15,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആവാസ് പദ്ധതിയിലൂടെ ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണവും രജിസ്ട്രേഷനും ആരോഗ്യ സുരക്ഷയും അതോടൊപ്പം തൊഴിൽ സുരക്ഷയുമാണ് ലക്ഷ്യമിടുന്നത്.

(സി) നിലവിൽ കേരളത്തിൽ ജോലി ചെയ്യുന്ന 83000 ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഇതിനകം രജിസ്ട്രേഷൻ കാർഡ് നൽകിയിട്ടുണ്ട്.

**ആവാസ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

266 (1039) ശ്രീ. കെ. മുരളീധരൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആവാസ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുണ്ടോ;

(സി) സർക്കാർ ആശുപത്രികൾക്ക് പുറമെ സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രികളിലും ഈ പദ്ധതിയുടെ കീഴിൽ തൊഴിലാളികൾക്ക് ചികിത്സ ഉറപ്പാക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്കായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, 'ആവാസ് ' ആവിഷ്കരിച്ചിട്ടുണ്ട്. 15,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ ജോലി ചെയ്യുന്ന 83000 ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഇതുവരെ രജിസ്ട്രേഷൻ കാർഡ് നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വിവിധ ജില്ലകളിലായി എൻറോൾമെന്റ് നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) 4-10-2017-ലെ സ.ഉ. (സാധാ) 1304/17/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന പ്രകാരം ചിയാക് എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളടക്കമുള്ള ആശുപത്രികളെ ആവാസ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായുള്ള ആശുപത്രികളായിക്കൂടി എംപാനൽ ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**മറുനാടൻ തൊഴിലാളികളുടെ കണക്കും തിരിച്ചറിയൽ രേഖകളും**

267 (1040) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറുനാടൻ തൊഴിലാളികൾ കൊലപാതകങ്ങളിലും മോഷണങ്ങളിലും അടുത്ത കാലത്ത് വ്യാപകമായി പ്രതികളായി വരുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജോലി തേടിയും മറ്റും എത്തുന്ന ഇവരുടെ കൃത്യമായ കണക്കും തിരിച്ചറിയൽ രേഖകളും ബന്ധപ്പെട്ടവർ കൃത്യമായി സൂക്ഷിക്കാത്തത് കാരണം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർ രക്ഷപെടാനുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ മറുനാടൻ തൊഴിലാളികളെ എത്തിക്കുന്ന ഏജൻസികൾക്കും തൊഴിലുടമകൾക്കും കൃത്യമായ വിവരങ്ങൾ നൽകാൻ കർശന നിർദ്ദേശം നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കരാർ തൊഴിലാളി നിയമം 1970, ഇതരസംസ്ഥാന തൊഴിലാളി നിയമം 1979, ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ

ആക്ട് (റെഗുലേഷൻ & എംപ്ലോയ്മെന്റ് ഓഫ് സർവ്വീസസ്) 1996 എന്നിവ പ്രകാരം തൊഴിൽ വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ ഇതര സംസ്ഥാന തൊഴിലാളികൾ തൊഴിലെടുക്കുന്ന മേഖലകളിൽ പരിശോധന നടത്തുകയും മേൽ നിയമപ്രകാരം ഇവരെ രജിസ്റ്റർ ചെയ്യാൻ നിർദ്ദേശം നൽകാറുമുണ്ട്. കൂടാതെ, ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ആവാസ്) ആരംഭിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും വിവരശേഖരണവും ലക്ഷ്യമിടുന്നുണ്ട്.

## ഇതര സംസ്ഥാന തൊഴിലാളികൾക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്

268 (1041) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതരസംസ്ഥാന തൊഴിലാളികൾ നേരിട്ടോ അല്ലാതെയോ പങ്കെടുക്കുന്ന കുറ്റകൃത്യങ്ങൾ പെരുകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇവ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നു എന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് ജോലി ചെയ്യാനെത്തുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് അവരവരുടെ സംസ്ഥാനങ്ങളിൽ നിന്നും പോലീസ് ക്ലീയറൻസ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മറ്റ് രാജ്യങ്ങളിലുള്ളവർ പോലും ഇതരസംസ്ഥാന തൊഴിലാളികളെന്ന രീതിയിൽ സംസ്ഥാനത്ത് എത്തിച്ചേരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് നിയന്ത്രിക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്ന ചുമതല ആഭ്യന്തര വകുപ്പ് ചെയ്തുവരുന്നു. കൂടാതെ തൊഴിൽ ചൂഷണങ്ങൾക്കെതിരെയും ലഹരി ഉപയോഗം കൊണ്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ചും ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണം നടത്തിവരുന്നു.

(ബി) അത്തരത്തിൽ ഒരു നിബന്ധന ഏർപ്പെടുത്തുന്നതിൽ ഭരണപരമായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി & ഡി) ഇത്തരത്തിലുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിൽ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള ആവാസ് പദ്ധതിയിൻകീഴിലെ രജിസ്ട്രേഷൻ നടപടി ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം ലക്ഷ്യമിട്ട് നടപ്പിലാക്കിയിട്ടുള്ളതാണ്.

**ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആവാസ് പദ്ധതി**

269 (1042) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആവാസ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ആവാസ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഇതര സംസ്ഥാന തൊഴിലാളികളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

<u>ഉത്തരം</u>

(എ) ഉണ്ട്. ആവാസ് പദ്ധതി പ്രകാരം ഇതര സംസ്ഥാന തൊഴിലാളികൾക്ക് 15,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസ് ആനുകൂല്യവും ലഭ്യമാക്കാനുദ്ദേശിക്കുന്നു. ആവാസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള രജിസ്ട്രേഷൻ 2017 നവംബർ 1 മുതൽ ആരംഭിച്ചിട്ടുണ്ട്. അതുപ്രകാരം നാളിതുവരെയായി 83000 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ കാർഡ് നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

**തൊഴിൽ മേഖലകളിലെ നിയമങ്ങൾ**

270 (1043) <u>ശ്രീ. എം. സ്വരാജ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ മേഖലകളിൽ നിലവിലുള്ള നിയമങ്ങൾ നടപ്പിലാക്കുന്നതിനുള്ള പരിശോധനകൾ നടത്തി വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അവയുടെ വിശദാംശം അറിയിക്കുമോ;

(സി) ഇത്തരം പരിശോധനകൾ അഴിമതി രഹിതവും സുതാര്യവുമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ;

(ഡി) ഇത്തരം പരിശോധനകൾ പലപ്പോഴും സ്ഥാപന ഉടമകളെ ചൂഷണം ചെയ്യുന്ന തലത്തിലേക്ക് മാറുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാന തൊഴിൽ വകുപ്പിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാരും ജില്ലാ തലത്തിൽ 14 ജില്ലാ ലേബർ ഓഫീസർ (ഇ) മാരും എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. 2017-ൽ 46374 സ്ഥാപന പരിശോധനകൾ നടത്തുകയും 6089 പ്രോസിക്യൂഷനും 558 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ സ്ഥാപന പരിശോധനാ നടപടികളിൽ ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം (LCAS) വഴി ബന്ധിച്ച് ബന്ധപ്പെട്ട മേലുദ്യോഗസ്ഥർക്ക് ഓൺലൈൻ ആയി മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്കുവഴി നൽകുന്നതിനുള്ള വേതന സുരക്ഷാ പദ്ധതിയും വകുപ്പ് (ഇ-പേയ്മെന്റ്) നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ സ്ഥാപന പരിശോധന കൂടാതെ തന്നെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടോയെന്ന് ഇൻസ്പെക്ടർമാർക്ക് പരിശോധിക്കുന്നതിനും സാധിക്കുന്നു. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾ സെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ച സംശയങ്ങളും പരാതികളും 155214/ 180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെ വിളിച്ച് പരിഹരിക്കാവുന്നതാണ്. ടി സംവിധാനങ്ങൾ ഏർപ്പെടുത്തിയതുവഴി സ്ഥാപന പരിശോധനകൾ കൂടുതൽ സുതാര്യവും അഴിമതി രഹിതവുമായി മാറ്റുന്നതിന് സാധിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇക്കാര്യത്തിൽ പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്.

## തൊഴിൽ നിയമങ്ങൾ

271 (1044) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നിയമങ്ങൾ പാലിക്കുന്നവയും പാലിക്കാത്തവയുമായ സ്ഥാപനങ്ങളെ വേർതിരിച്ചറിയാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) തൊഴിൽ നിയമങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ കഴിയുക; വിശദമാക്കുമോ?

ഉത്തരം

(എ) നിശ്ചിത മാനദണ്ഡങ്ങളെ ആധാരമാക്കി തൊഴിലുടമ, തൊഴിലാളി, ഇതര സാമൂഹ്യ വിഭാഗങ്ങൾ, തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരിൽനിന്നെല്ലാം അഭിപ്രായ രൂപീകരണം നടത്താനും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ മൂല്യനിർണ്ണയം ചെയ്യാനും ഈ മനദണ്ഡങ്ങൾ പാലിക്കുന്ന സ്ഥാപനങ്ങൾക്ക് വിവിധ ഗ്രേഡുകൾ നൽകാനും ഉദ്ദേശിക്കുന്നു. സ്ഥാപന പരിശോധനകളിലൂടെ തൊഴിൽ നിയമങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സംസ്ഥാന തൊഴിൽ വകുപ്പിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാരും ജില്ലാ തലത്തിൽ 14 ജില്ലാ ലേബർ ഓഫീസർ (ഇ) മാരും എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താറുണ്ട്.

(ബി) തൊഴിൽ നിയമങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്ക് പരിശോധനക്കുറിപ്പ് നൽകുകയും നിയമ ലംഘനങ്ങൾ പരിഹരിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ, ക്ലെയിം പെറ്റീഷൻ എന്നിവ ഫയൽ ചെയ്യുകയും ചെയ്യുന്നു. ഇത്തരത്തിൽ 2017-ൽ 46376 സ്ഥാപന പരിശോധനകൾ നടത്തുകയും 6089 പ്രോസിക്യൂഷനും 558 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം സ്പെഷ്യൽ പരിശോധനകളും നടത്തുന്നു. 2016-ൽ ടെക്സ്റ്റൈൽ മേഖലയിലും 2017-ൽ സ്വകാര്യ ആശുപത്രികൾ, കൺസ്ട്രക്ഷൻ സൈറ്റുകൾ, സെക്യൂരിറ്റി ഏജൻസികൾ എന്നീ മേഖലകളിലും സ്പെഷ്യൽ പരിശോധന നടത്തിയിട്ടുണ്ട്.

## നോക്കുകൂലി നിർമ്മാർജ്ജനം

272 (1045) ശ്രീ. അൻവർ സാദത്ത്:
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-ലെ കേരള ലോഡിംഗ് ആന്റ് അൺലോഡിംഗ് (റെഗുലേഷൻ

ഓഫ് വേജസ് ആന്റ് പ്രിവൻഷൻ ഓഫ് അൺലാഫുൾ പ്രാക്ടീസസ്) ആക്ട് സർക്കാർ പിൻവലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നു; വിശദമാക്കുമോ;

(ബി) നോക്കുകൂലി ഭരണഘടനാ വിരുദ്ധമാണെന്ന ഹൈക്കോടതി പരാമർശം നിലനിൽക്കുമ്പോൾ തന്നെ, സംസ്ഥാനത്ത് പല ഭാഗത്തും ഇപ്പോഴും അത് നിലനിൽക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിയമവിരുദ്ധമായ നോക്കുകൂലി നിർമ്മാർജ്ജനം ചെയ്യുന്നതിന് പുതിയ നിയമനിർമ്മാണം ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ചുമട്ടുതൊഴിൽ മേഖലയിലെ അനഭിലഷണീയ പ്രവണതകളില്ലാതാക്കുന്നതിനുള്ള വ്യവസ്ഥകളടങ്ങിയ കേരള ചുമട്ടുത്തൊഴിലാളി (ഭേദഗതി) നിയമം, 2008 പാസ്സാക്കിയ സാഹചര്യത്തിലാണ് പ്രസ്തുത നിയമം പിൻവലിച്ചിട്ടുള്ളത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നോക്കുകൂലി ആവശ്യപ്പെടുന്നതിനെതിരെ നടപടി സ്വീകരിക്കാൻ നിലവിലുള്ള നിയമം അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്ക് അധികാരം നൽകുന്നുണ്ട്. ആയതിനാൽ പുതിയ നിയമനിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല.

**ഇ.എസ്.ഐ. കോർപ്പറേഷന്റെ കൊല്ലം സബ് ഡിവിഷണൽ ആഫീസ്**

273 (1046) <u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. കോർപ്പറേഷൻ, കൊല്ലം സബ് റീജിയണൽ ഓഫീസ് അടച്ചുപൂട്ടാൻ നടത്തുന്ന ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ പ്രസ്തുത നീക്കം തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) കേരളത്തിൽ കൂടുതൽ സബ്-റീജിയണൽ ഓഫീസുകൾ തുറക്കണമെന്ന ആവശ്യം സംസ്ഥാന സർക്കാർ ഇ.എസ്.ഐ. കോർപ്പറേഷൻ മുമ്പാകെ വച്ചിട്ടുണ്ടോ;എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്തെ ഇ.എസ്.ഐ പദ്ധതിയുടെ പരിധിയിൽപെടുന്ന തൊഴിലാളികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ;എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) ഇ.എസ്.ഐ. ഡിസ്പെൻസറികളിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ഇ) ഇ.എസ്.ഐ. ഡിസ്പെൻസറികളിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും പുതിയ തസ്തികകൾ സൃഷ്ടിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ഇ.എസ്.ഐ. കോർപ്പറേഷന്റെ കൊല്ലം സബ് റീജിയണൽ ഓഫീസ് തിരുവനന്തപുരം സബ് റീജിയണൽ ഓഫീസിൽ ലയിപ്പിക്കുന്ന വിഷയം 6-12-2017-ൽ നടന്ന ഇ.എസ്.ഐ. കോർപ്പറേഷന്റെ മീറ്റിംഗിൽ അജണ്ട നമ്പർ ESIC-27 ആയി ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ടി അജണ്ട പിൻവലിച്ചതായി മിനിട്ട്സിൽ സൂചിപ്പിച്ചിട്ടുണ്ട്.

(ബി) ആവശ്യം ഉന്നയിച്ചിട്ടില്ല.

(സി) ഉണ്ട്. ഇ.എസ്.ഐ. പദ്ധതിയുടെ പരിധിയിൽ 31-3-2016-ലെ കണക്കുപ്രകാരം 7,72,209 തൊഴിലാളികളുണ്ടായിരുന്നത് 31-3-2017-ൽ 9,29,160 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) ഇ.എസ്.ഐ. ഗുണഭോക്താക്കളുടെ എണ്ണത്തിനനുസൃതമായി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിക്കുന്നുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല.

## ഇ.എസ്.ഐ. ഹോസ്പിറ്റലുകളും ഡിസ്പെൻസറികളും

274 (1047) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ഇ.എസ്.ഐ. ഹോസ്പിറ്റലും ഡിസ്പെൻസറികളും തുടങ്ങാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ ഇവ തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ & ബി) 15-9-2017-ലെ സ.ഉ. (കൈ) നമ്പർ 75/17/തൊഴിൽ പ്രകാരം സംസ്ഥാനത്ത് പുതിയതായി 18 ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറികൾ തുടങ്ങുന്നതിന് അനുമതി നൽകിയും ആയതിന്റെ പ്രവർത്തനത്തിനായി 162 തസ്തികകൾ സൃഷ്ടിച്ചും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഇതിൽ കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരിയും ഉൾപ്പെട്ടിട്ടുണ്ട്.

## ഇ.എസ്.ഐ. ഡിസ്പെൻസറികൾ

275 (1048) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈയിടെ സംസ്ഥാന സർക്കാർ അനുവദിച്ച ഇ.എസ്.ഐ. ഡിസ്പെൻസറികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഡിസ്പെൻസറികളിലേക്കുള്ള തസ്തിക നിർണ്ണയം പൂർത്തിയായോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഈ പട്ടികയിൽ ഉൾപ്പെട്ട ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനോട് അനുബന്ധിച്ച് ഓഫീസ് സാധന സാമഗ്രികൾ വാങ്ങുന്നതിനായി തുക നീക്കിവച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ &ബി) 15-9-2017-ലെ സ.ഉ. (കൈ) നമ്പർ 75/17/തൊഴിൽ പ്രകാരം സംസ്ഥാനത്ത് പുതിയതായി 18 ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് അനുമതി നൽകിയും അതിന്റെ പ്രവർത്തനത്തിനാവശ്യമായ 162 സ്ഥിരം തസ്തികകൾ സൃഷ്ടിച്ചും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഡിസ്പെൻസറികളുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് ഇ.എസ്.ഐ. കോർപ്പറേഷനാണ്. ഈ വിഷയം ഇ.എസ്.ഐ. കോർപ്പറേഷന്റെ സജീവ പരിഗണനയിലാണ്.

(സി) സംസ്ഥാന സർക്കാർ തുക നീക്കിവച്ചിട്ടില്ല. പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനാവശ്യമായ ഓഫീസ് സാധന സാമഗ്രികൾ വാങ്ങുന്നത് ഇ.എസ്.ഐ. കോർപ്പറേഷൻ അനുവദിക്കുന്ന ഫണ്ടിൽ നിന്നാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഇ.എസ്.ഐ. ആശുപത്രി കെട്ടിട നിർമ്മാണം

276 (1049) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ കൊരട്ടിയിൽ നിർമ്മാണോദ്ഘാടനം നടത്തി വർഷങ്ങൾ പിന്നിട്ടിട്ടും നിർമ്മാണം ആരംഭിക്കാത്ത ഇ.എസ്.ഐ. ആശുപത്രി കെട്ടിട നിർമ്മാണം തുടങ്ങുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ തടസ്സങ്ങൾ നീക്കി, കൊരട്ടിയിലെ ഇ.എസ്.ഐ. ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിന് ആവശ്യമായ അടിയന്തര ഇടപെടലുകളും നടപടികളും സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) കൊരട്ടി ഇ.എസ്.ഐ. ഡിസ്പെൻസറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാണ് നടപടികൾ സ്വീകരിച്ചത്. കൺസ്ട്രക്ഷൻ ഏജൻസിയുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതലയും മേൽനോട്ടവും വഹിക്കുന്നത് ഇ.എസ്.ഐ. കോർപ്പറേഷന്റെ കേന്ദ്ര ഓഫീസാണ്. കൊരട്ടി ഇ.എസ്.ഐ. ഡിസ്പെൻസറി കെട്ടിട നിർമ്മാണം അടിയന്തരമായി ആരംഭിക്കണമെന്ന് സംസ്ഥാന സർക്കാർ തലത്തിലും സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ തലത്തിലും ഇ.എസ്.ഐ. കോർപ്പറേഷൻ ഡയറക്ടർ ജനറലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## ഇ.എസ്.ഐ. ഡിസ്പെൻസറികളിലെ പ്രവൃത്തി സമയം മാറ്റി ക്രമീകരിക്കുന്നതിന് നടപടി

277 (1050) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. ഡിസ്പെൻസറികളിലെ നിലവിലെ പ്രവൃത്തി സമയം ഏതാണ്;

(ബി) നിലവിലെ പ്രവൃത്തി സമയം തൊഴിലാളികൾക്ക് ഗുണകരമാകുന്ന തരത്തിൽ മാറ്റി ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) രാവിലെ നേരത്തെ തുടങ്ങുകയും വൈകിട്ട് അവസാനിക്കുകയും ചെയ്യുന്ന തരത്തിൽ പ്രവൃത്തി സമയം ക്രമീകരിക്കാൻ സാധിക്കുമോ;

(ഡി) തൊഴിലാളികൾക്ക് പൊതു അവധിയുള്ള ദിവസങ്ങളിൽ ടി ഡിസ്പെൻസറികളിൽ മുഴുവൻ സ്റ്റാഫും ഉണ്ടാകുന്ന തരത്തിൽ ഡ്യൂട്ടി ക്രമീകരിക്കാൻ കഴിയുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറികൾ സിംഗിൾ ഷിഫ്റ്റായാണ് പ്രവർത്തിക്കുന്നത്. പ്രവർത്തന സമയം രാവിലെ 8 മണി മുതൽ 1 മണി വരെയാണ്. മറ്റ് ഡിസ്പെൻസറികൾ രണ്ട് ഷിഫ്റ്റായാണ് പ്രവർത്തിക്കുന്നത്. രാവിലെ 8 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെയും ഉച്ചയ്ക്കുശേഷം 1 മണി മുതൽ വൈകുന്നേരം 6 മണി വരെയുമാണ് പ്രവർത്തിക്കുന്നത്.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) പൊതു അവധി ദിവസങ്ങളിൽ മിനിസ്റ്റീരിയൽ ജീവനക്കാരൊഴികെ എല്ലാ വിഭാഗത്തിലെയും ജീവനക്കാർ ഡ്യൂട്ടിക്ക് ഹാജരാകുന്നുണ്ട്.

## കാട്ടാക്കട കേന്ദ്രമാക്കി ഇ.എസ്.ഐ. ആശുപത്രി

278(1051) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പുതുതായി ഇ.എസ്.ഐ. ആശുപത്രി ആരംഭിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) കാട്ടാക്കട കേന്ദ്രമായി ഇ.എസ്.ഐ. ആശുപത്രി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) വെഞ്ഞാറമൂട് ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## മൂന്നാറിൽ ഇ.എസ്.ഐ. ആശുപത്രി ആരംഭിക്കുന്നതിനുള്ള നടപടികൾ

279 (1052) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ തേയിലത്തോട്ടം തൊഴിലാളികൾ തിങ്ങിപാർക്കുന്ന മൂന്നാറിൽ ഇ.എസ്.ഐ. ആശുപത്രി ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഇ.എസ്.ഐ. ആശുപത്രി ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നു വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ഇടുക്കി ജില്ലയിൽ ഒരു ഇ.എസ്.ഐ. ആശുപത്രി ആരംഭിക്കണം എന്ന ആവശ്യം കേരളത്തിന്റെ 2018-2019 വർഷത്തെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തി ഇ.എസ്.ഐ. കോർപ്പറേഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

15-9-2017 ലെ സ.ഉ.(കൈ)75/2017/തൊഴിൽ പ്രകാരം സംസ്ഥാനത്ത് പുതുതായി 18 ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ആയതിൽ ദേവികുളം നിയോജകമണ്ഡലത്തിലെ കണ്ണൻദേവൻ ഹിൽസ് (മൂന്നാർ), മൂന്നാംകണ്ടം (അടിമാലി) എന്നീ രണ്ട് ഡിസ്പെൻസറികൾ ഉൾപ്പെട്ടിട്ടുണ്ട്.

## കാൻസർ പരിചരണ(നിർണ്ണയ) കേന്ദ്രം പുനഃസ്ഥാപിക്കുന്നതിന് നടപടി

280 (1053) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയിൽ പ്രവർത്തിച്ച വന്ന ക്യാൻസർ പരിചരണ (നിർണ്ണയ) കേന്ദ്രം പുനഃസ്ഥാപിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) പതിനാറ് വർഷം ആശുപത്രിയിൽ സേവനമനുഷ്ഠിച്ച നഴ്സുമാർക്ക് സാങ്കേതിക കാരണങ്ങൾ പറഞ്ഞ് സ്ഥാനക്കയറ്റം നിഷേധിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്രം പുനഃസ്ഥാപിക്കുന്ന വിഷയം ഇ.എസ്.ഐ. കോർപ്പറേഷന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

(ബി) എഴുകോൺ ഇ.എസ്.ഐ. ആശുപത്രി ഇ.എസ്.ഐ. കോർപ്പറേഷന്റെ പരിധിയിലാണ്. സ്ഥാനക്കയറ്റം സംബന്ധിച്ച് ബഹുമാനപ്പെട്ട കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ എറണാകുളം ബെഞ്ചിൽ ഹർജി നിലവിലുണ്ട്. ഹർജിയുടെ തീർപ്പിനു വിധേയമായി മാത്രമേ ഇക്കാര്യത്തിൽ അനന്തരനടപടി സ്വീകരിക്കാൻ കഴിയൂ.

## മിനിമം കൂലി ലഭ്യമാക്കുന്നതിന് നടപടി

281 (1054) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോട്ടലുകളിലും മറ്റ് വ്യാപാര സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് സർക്കാർ അംഗീകരിച്ചിട്ടുള്ള മിനിമം കൂലി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ;

(ബി) ഇവരുടെ വേതനം ബാങ്ക് മുഖേന നൽകുന്നതിനും അത് കൃത്യമായി നൽകുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ-സി) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം, സ്ഥാപന പരിശോധനകൾ, സ്ക്വാഡ് പരിശോധനകൾ എന്നിവ നടത്തുമ്പോൾ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടോയെന്നും മിനിമം വേതന നിയമപ്രകാരമുള്ള മറ്റ് ആനുകൂല്യങ്ങൾ ലഭ്യമാകുന്നുവെന്നും ഉറപ്പു വരുത്താറുണ്ട്. തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനായി വേതന സുരക്ഷാ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി വഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതൊടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം യഥാസമയം തൊഴിലാളികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം തൊഴിലാളികൾക്ക് കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് ഓൺലൈൻ ആയിതന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന തൊഴിൽ ഉടമകൾക്കെതിരെ സ്ഥാപന പരിശോധന കൂടാതെതന്നെ നിയമനടപടികൾ സ്വീകരിക്കാനും കഴിയും. കൂടാതെ എൻഫോഴ്സ്മെന്റ് വിഭാഗം ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസ്സുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക്

പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. 2017-ൽ മിനിമം വേതന നിയമപ്രകാരം 13476 സ്ഥാപന പരിശോധനകൾ നടത്തുകയും 978 പ്രോസിക്യൂഷനും 558 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ നാളിതുവരെ 6584 സ്ഥാപനങ്ങളിൽ നിന്നും 157008 ജീവനക്കാർക്ക് 1445 കോടി രൂപയോളം വിതരണം നടത്തിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ്ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർക്ക് യഥാസമയംതന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിനും കഴിയുന്നു.

## മിനിമം വേതനം

282 (1055) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മിനിമം വേതനം പുതുക്കി നിശ്ചയിച്ച മേഖലകൾ ഏതൊക്കെയാണ്;

(ബി) ഇനിയും മിനിമം വേതനം പുതുക്കുവാനുള്ള മേഖലകൾ ഏതൊക്കെയാണെന്നും അതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ;

(സി) എല്ലാ വിഭാഗം തൊഴിലാളികൾക്കും മിനിമം കൂലി 600 രൂപയെങ്കിലും ആക്കുമെന്ന പ്രഖ്യാപനം പ്രാബല്യത്തിൽ കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ അൺ എയ്ഡഡ് സ്വകാര്യ സ്കൂളുകളിലെയും അദ്ധ്യാപകർക്ക് മിനിമം വേതനം നിശ്ചയിച്ച് നൽകുന്നതിന് ആലോചനയുണ്ടോ; എങ്കിൽ അതിനായി മിനിമം വേതന നിയമത്തിൽ ഭേദഗതി കൊണ്ടുവരുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 18 മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ പുതുതായി പട്ടികയിൽ ഉൾപ്പെടുത്തിയ 4 മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) എല്ലാ വിഭാഗം തൊഴിലാളികൾക്കും മിനിമം കൂലി 600 രൂപയെങ്കിലും ലഭിക്കണമെന്ന് സർക്കാരിന്റെ തൊഴിൽ നയത്തിന്റെ കരടിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ഡി) ഈ വിഷയം പൊതുവിദ്യാഭ്യാസ വകുപ്പ് പരിശോധിച്ചു വരുന്നു.

**അസംഘടിത തൊഴിൽമേഖലയിലെ മിനിമം വേതനം**

283 (1056) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കെ. എം. ഷാജി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഈ മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുവാനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്കമാക്കുമോ?

ഉത്തരം

(എ) അസംഘടിത മേഖലയിലെ വിവിധ വിഭാഗം തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് സംഘടിതവും അസംഘടിതവുമായ 78 വിവിധ തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം, തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപന പരിശോധനയിലൂടെയും വേതന സുരക്ഷാപദ്ധതിയിലൂടെയും ഉറപ്പുവരുത്താറുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## 'ആർട്ടിസാൻസ് ' മേഖലയിൽ തൊഴിൽ നിപുണത

284 (1057) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ആർട്ടിസാൻസ്' മേഖലയിൽ തൊഴിൽ നിപുണത വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകാമോ;

(ബി) 'ആർട്ടിസാൻസ്' മേഖലയിലെ തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾക്ക് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ?

ഉത്തരം

(എ) 'ആർട്ടിസാൻസ്' മേഖലയിൽ തൊഴിൽ നിപുണത വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) 'ആർട്ടിസാൻസ്' മേഖലയിലെ തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി റിട്ടയർമെന്റ് ആനുകൂല്യം, കുടുംബപെൻഷൻ, അവശതാപെൻഷൻ, ചികിത്സാസഹായം, വിദ്യാഭ്യാസാനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര സഹായം, അപകടാനുകൂല്യം എന്നിവ ലഭിക്കത്തക്ക വിധത്തിൽ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

## ലെഫ്റ്റനന്റ് കേണൽ നിരഞ്ജൻ സ്മാരക ഐ.ടി.ഐ.

285 (1058) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലെഫ്റ്റനന്റ് കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ.റ്റി.ഐ., കരിമ്പുഴയുടെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഐ.ടി.ഐ.-ക്ക് സ്വന്തമായി സ്ഥലം ലഭ്യമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പാലക്കാട് ജില്ലയിലെ, സ്വന്തമായി സ്ഥലം ഇല്ലാത്ത ഐ.ടി.ഐ.-കളുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) കരിമ്പുഴ സർക്കാർ ഐ.റ്റി.ഐ.-ക്ക് സ്വന്തമായി കെട്ടിടവും മറ്റനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കാനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാണോ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത പ്രൊപ്പോസൽ പരിഗണിച്ച് ഫണ്ട് അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) എലുമ്പുലാശ്ശേരി ഐ.ടി.ഐ.യുടെ പ്രവർത്തനത്തിനായി 8 തസ്തികകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഒറ്റപ്പാലം എം.എൽ.എ. ആയിരുന്ന ശ്രീ. എം. ഹംസ അവർകളുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച ഒരു കോടി രൂപ ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് പി.ഡബ്ല്യു.ഡി.-ക്ക് ഹാൻഡ് ഓവർ ചെയ്തിട്ടുണ്ട്. ടി ഐ.ടി.ഐ.-യിലെ പ്ലംബർ ട്രേഡിലേയ്ക്ക് 10,93,155 രൂപയുടെയും ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡിലേയ്ക്ക് 32,17,245 രൂപയുടെയും ഉപകരണ സംഭരത്തിനായുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) എലുമ്പുലാശ്ശേരി ഐ.ടി.ഐ.-ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ജല വിഭവ വകുപ്പിന്റെ അധീനതയിൽ കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ടിന്റെ കീഴിലുള്ള ഒറ്റപ്പാലം താലൂക്കിൽ കരിമ്പുഴ വില്ലേജിൽ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ടതും ഒഴിഞ്ഞുകിടക്കുന്നതുമായ ഭൂമിയിൽ നിന്നും 2 ഏക്കർ സ്ഥലം വകുപ്പിന് ഉപയോഗാനുമതി നൽകാവുന്നതാണെന്ന് ജലവിഭവ വകുപ്പ് ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം-1), കോഴിക്കോട്-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സ്ഥലം വകുപ്പിന് ലഭ്യമാക്കുന്നതിന് പാലക്കാട് ജില്ലാ കളക്ടർ, ചീഫ് എഞ്ചിനീയർ എന്നിവർക്ക് വകുപ്പ് കത്ത് നൽകിയിട്ടുണ്ട്. ടി സ്ഥലം വകുപ്പിന് ഉപയോഗാനുമതി നൽകുന്നത് സംബന്ധിച്ച് ജലസേചന വകുപ്പ് ലഭ്യമാക്കിയ കരാർ ഉടമ്പടിയുടെ കരട് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ പാലക്കാട് ജില്ലയിൽ സ്വന്തമായി സ്ഥലമില്ലാത്ത ഐ.ടി.ഐ.-കൾ താഴെപ്പറയുന്ന 3 എണ്ണം ആണ്.

(1) ഗവൺമെന്റ് ഐ.ടി.ഐ. നെന്മാറ-പോത്തുണ്ടി വില്ലേജിൽ സർവ്വേ നമ്പർ 497/1-ൽപ്പെട്ട 2.5 ഏക്കർ സ്ഥലം വകുപ്പിന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(2) ഗവൺമെന്റ് ഐ.ടി.ഐ. പെരുമാട്ടി-പെരുമാട്ടി വില്ലേജിൽ ബ്ലോക്ക് 46-ൽപ്പെട്ട 5 ഏക്കർ സ്ഥലം വകുപ്പിന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(3) ലഫ്റ്റനന്റ് കേണൽ നിരഞ്ജൻ സ്മാരക ഗവൺമെന്റ് ഐ.ടി.ഐ.-ജല വിഭവ വകുപ്പിന്റെ അധീനതയിൽ കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ടിന്റെ കീഴിലുള്ള ഒറ്റപ്പാലം താലൂക്കിൽ കരിമ്പുഴ വില്ലേജിൽ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ടതും ഒഴിഞ്ഞുകിടക്കുന്നതുമായ ഭൂമിയിൽ നിന്നും 2 ഏക്കർ സ്ഥലം വകുപ്പിന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ഡി & ഇ) വകുപ്പിന് ലഭ്യമാക്കാമെന്ന് അറിയിച്ചിരിക്കുന്ന സ്ഥലത്ത് ബഹുമാനപ്പെട്ട എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച ഒരു കോടി രൂപ ഉപയോഗിച്ച് കെട്ടിട നിർമ്മാണം പൂർത്തിയാക്കി പി.ഡബ്ല്യു.ഡി. ഹാൻഡ് ഓവർ ചെയ്തിട്ടുണ്ട്. മറ്റ് ശിപാർശകളൊന്നും ലഭിച്ചിട്ടില്ല.

## ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലാക്കുന്നതിന് പദ്ധതി

286 (1059) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ. റ്റി. ഐ. കളെ അന്താരാഷ്ട്ര നിലവാരത്തിലാക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഇതിനായി കിഫ്ബിയിൽനിന്നും തുക അനുവദിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ പദ്ധതിയുടെ ഡി. പി. ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് ഡി. പി. ആർ. തയ്യാറാക്കിയതെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതിനകം എത്ര ഐ.ടി.ഐ.-കൾ കിഫ്ബിയുടെ ധനസഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലാക്കിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്; ധനുവച്ചപുരം, കൊല്ലം, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ 10 ഐ.ടി.ഐ.-കളെ കേരളാ ഇൻഫ്രാസ്ടക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)-ന്റെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.-കളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ 10 ഐ.ടി.ഐ.കളെ

അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്കായി 228,92,31,600 (ഇരുന്നൂറ്റി ഇരുപത്തി എട്ടു കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി അറുന്നൂറു രൂപ മാത്രം) രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനുപുറമെ തിരുവനന്തപുരം ജില്ലയിലെ ഗവ.ഐ.ടി.ഐ.-ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവ.ഐ.ടി.ഐ.-കോഴിക്കോട് എന്നീ ഐ.ടി.ഐ.-കളെ ഇന്റർനാഷണൽ ഐ.ടി.ഐ. ആക്കുന്നതിന് ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി ആകെ 7,99,83,914(ഏഴു കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി എൺപത്തി മൂവായിരത്തി തൊള്ളായിരത്തി പതിനാല്) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി-ഡി) ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലാക്കുന്നതിന് കിഫ്ബിയിൽ നിന്നും തുക അനുവദിച്ചിട്ടില്ല. 10 ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ടി ലഭിച്ചിട്ടുള്ള ശിപാർശകൾ പരിശോധിച്ച് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR)തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരളാ അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) സ്വീകരിച്ചുവരുന്നു. DPR തയ്യാറാക്കുന്നതിനുവേണ്ടി കൺസൾട്ടന്റിനെ തീരുമാനിക്കുന്നതിനായി റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (RFP) ക്ഷണിച്ചിട്ടുണ്ട്. KASE ലഭ്യമാക്കുന്ന DPR കിഫ്ബിയുടെ മുൻപാകെ സമർപ്പിച്ച് അംഗീകാരം നേടി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

### പുതിയ ഐ.റ്റി.ഐ.-കൾ

287 (1060) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി എത്ര ഐ. ടി. ഐ. കളാണ് ആരംഭിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) ആവശ്യമായ സൗകര്യങ്ങൾ നിലവിലുള്ള ചാത്തമംഗലം ഗവൺമെന്റ് ഐ. ടി. ഐ.-യിൽ പുതുതായി ഒരു കോഴ്സ് കൂടി അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം (തിരുവനന്തപുരം), പെരുമാട്ടി (പാലക്കാട്), പേരാമ്പ്ര (കോഴിക്കോട്), പടിയൂർ

(കണ്ണൂർ), ധർമ്മടം (കണ്ണൂർ), കോടോം-ബേലൂർ (കാസർഗോഡ്), കൊട്ടാരക്കര (കൊല്ലം), ചാത്തമംഗലം (കോഴിക്കോട്), ചടയമംഗലം (കൊല്ലം) എന്നീ 9 ഐ.ടി.ഐ.-കളാണ് ആരംഭിച്ചിട്ടുള്ളത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഇതുസംബന്ധിച്ച് വ്യാവസായിക പരിശീലന വകുപ്പ് ആവശ്യമായ ശിപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് ഈ വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

**കഴിഞ്ഞ സർക്കാർ ആരംഭിച്ച ഐ.ടി.ഐ.കൾ**

288 (1061) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥലം നൽകാമെന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉറപ്പിൽ കഴിഞ്ഞ സർക്കാർ എത്ര ഐ.ടി.ഐ.-കൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം ഇടങ്ങളിൽ സ്ഥലം ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സ്ഥലം ലഭിക്കാത്തയിടങ്ങളിൽ വാടകക്കെട്ടിടങ്ങളിലാണോ അവ പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ വാടക നൽകുന്നത് ആരാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ & ബി) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഐ.ടി.ഐ. സ്ഥാപിക്കാൻ ആവശ്യമായ സ്ഥലം ലഭ്യമാക്കണമെന്ന ഉറപ്പിൽ പള്ളിപ്പാട് (ആലപ്പുഴ), ചങ്ങനാശ്ശേരി (കോട്ടയം), കഞ്ഞിക്കുഴി (ഇടുക്കി), താഴേക്കോട് (മലപ്പുറം), വെസ്റ്റ് എലേരി (കാസർഗോഡ്), കൂത്തുപറമ്പ് (കണ്ണൂർ), കൊഴിഞ്ഞാംപാറ (പാലക്കാട്), എലുമ്പുലാശ്ശേരി (പാലക്കാട്), നരിപ്പറ്റ (കോഴിക്കോട്), കൊടുവള്ളി (കോഴിക്കോട്) എന്നീ 10 ഐ.ടി.ഐ.-കളാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചത്. ഇതിൽ പള്ളിപ്പാട് (ആലപ്പുഴ), കൂത്തുപറമ്പ് (കണ്ണൂർ), കൊഴിഞ്ഞാംപാറ (പാലക്കാട്) എന്നീ ഐ.ടി.ഐ.-കൾക്ക് സ്ഥലം ലഭ്യമായിട്ടുണ്ട്.

(സി & ഡി) സ്ഥലം ലഭ്യമാകാത്ത ഇടങ്ങളിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലോ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം വാടക നൽകി ലഭ്യമാക്കിയ സംവിധാനത്തിലോ ആണ് ഐ.ടി.ഐ.-കൾ പ്രവർത്തിച്ചു വരുന്നത്.

(ഇ) ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി നാളിതുവരെയും സ്ഥലം ലഭ്യമാകാത്ത ഐ.ടി.ഐ.-കൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർക്കുകയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥപനങ്ങൾ, റവന്യൂ വകുപ്പ് എന്നിവരുമായി നേരിൽ ബന്ധപ്പെട്ട് സ്ഥലം ലഭ്യമാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു. വിഷയത്തിന്റെ ഗൗരവം ബഹുമാനപ്പെട്ട ജനപ്രതിനിധികളുടെ അടിയന്തര ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി നാളിതുവരെയും സ്ഥലം ലഭ്യമാകാത്ത ഐ.ടി.ഐ. പ്രിൻസിപ്പാൾമാരുടെ യോഗം 6-1-2018-ൽ ട്രെയിനിംഗ് ഡയറക്ടർ വിളിച്ചുചേർക്കുകയും ബന്ധപ്പെട്ട ഓഫീസുകളിൽ നേരിൽ പോയി നടപടി ത്വരിതപ്പെടുത്തി സ്ഥലം അടിയന്തരമായി ലഭ്യമാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂ വകുപ്പ് എന്നിവരുമായി നിരന്തരം ബന്ധപ്പെട്ട് സ്ഥലം വകുപ്പിന് ലഭ്യമാക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിച്ചു വരുന്നു.

**ദേവികുളം ഐ.ടി.ഐ.-യുടെ പ്രവർത്തനം**

289(1062) <u>ശ്രീ. എസ്. രാജേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ അനുവദിച്ച സർക്കാർ ഐ.ടി.ഐ.-യുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രവർത്തനം ആരംഭിച്ചിട്ടില്ലെങ്കിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഐ.ടി.ഐ.-യുടെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ദേവികുളം നിയോജകമണ്ഡലത്തിൽ സർക്കാർ ഐ.ടി.ഐ. ആരംഭിച്ചിട്ടില്ല. ഇതുസംബന്ധിച്ച് വ്യാവസായിക പരിശീലന വകുപ്പ് ലഭ്യമാക്കിയ ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

**കയ്യൂർ ഐ.ടി.ഐ. നിർമ്മാണ പ്രവർത്തനങ്ങൾ**

290(1063) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തിയ കയ്യൂർ ഐ.ടി.ഐ ഉൾപ്പെടെ 10 ഐ.ടി.ഐ.-കളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഐ.ടി.ഐ.-കൾക്ക് എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്കാണ് ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)-യുടെ ധനസഹായത്തോടെ കയ്യൂർ ഐ.ടി.ഐ. ഉൾപ്പെടെ 10 ഐ.ടി.ഐ കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ടി ലഭിച്ചിട്ടുള്ള ശിപാർശകൾ പരിശോധിച്ച് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് സ്വീകരിച്ചുവരുന്നു. ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമെ ടി ഐ.ടി.ഐ.-കളിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തേണ്ടതെന്ന് തീരുമാനിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.

**കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ.**

291(1064) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'മികവിന്റെ കേന്ദ്രം' പദ്ധതിയിലുൾപ്പെടുത്തിയ കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ.യുടെ വികസനത്തിനായി തയ്യാറാക്കിയ മാസ്റ്റർ പ്ലാനിൽ എന്തെല്ലാം നടപടികളാണ് തുടർന്നുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇവിടെ ഒന്നാം ഗ്രേഡ് ഐ.ടി.ഐ.യ്ക്ക് അനുസൃതമായ കോഴ്സുകൾ അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) കൊയിലാണ്ടി ഐ.ടി.ഐ.യുടെ വികസനത്തിനായി തൊട്ടടുത്ത് ലഭ്യമായ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ ഏത് തലത്തിൽ, ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) പദ്ധതിയിലുൾപ്പെടുത്തി കൊയിലാണ്ടി ഐ.ടി.ഐ. ഉൾപ്പെടെ 10 ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലാവരത്തിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ടി ലഭിച്ചിട്ടുള്ള ശിപാർശകൾ പരിശോധിച്ച് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരളാ അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് സ്വീകരിച്ചു വരുന്നു.

(ബി) കൊയിലാണ്ടി ഐ.ടി.ഐ. യെ ഒന്നാം ഗ്രേഡ് ഐ.ടി.ഐ. ആയി ഉയർത്തുന്നതിനായി പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം നിലവിലെ സാമ്പത്തിക സാഹചര്യം മുൻനിർത്തി ഈ സാമ്പത്തിക വർഷത്തിൽ പരിഗണിക്കാൻ നിർവ്വാഹമില്ല.

(സി) ഐ.ടി.ഐ.-യുടെ വികസനത്തിനായി ഐ.ടി.ഐ.-യുടെ മെയിൻഗേറ്റിന് മുൻവശത്തായി ചൂണ്ടിക്കാട്ടിയിട്ടുള്ള സ്ഥലം സ്വകാര്യ ഭൂമിയായതിനാൽ ടി സ്ഥലം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം വാങ്ങിത്തരുമോ എന്ന വിവരവും ടി ഐ.ടി.ഐ.-യോട് ചേർന്ന് വേറെ റവന്യൂ പുറമ്പോക്ക് സ്ഥലം ലഭ്യമാണോയെന്ന വിവരവും വ്യാവസായിക പരിശീലന വകുപ്പ് പരിശോധിച്ചു വരുന്നു.

## ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി അംഗപരിമിതർക്ക് നിയമന നിർദ്ദേശം

292(1065) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമന നിർദ്ദേശത്തിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) അംഗപരിമിതരുടെ നാമനിർദ്ദേശങ്ങൾ ക്രമം തെറ്റാതെ നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ള അംഗപരിമിതരുടെ എണ്ണവും പേരും നൽകുമോ;

(ഡി) പ്രസ്തുത ലിസ്റ്റിൽ നിന്നും പരമാവധി അംഗപരിമിതർക്ക് നാമനിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ താത്കാലിക ഒഴിവുകളും പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ ഉൾപ്പെടാത്ത സ്ഥിരം ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുമ്പോൾ താത്കാലിക ഒഴിവുകളിലേക്ക് ജില്ലാതല (അതാതു ജില്ലകളിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ) സർക്കുലേഷൻ നടത്തിയും സ്ഥിരം ഒഴിവുകളിൽ ഉദ്യോഗദായകന്റെ അധികാരപരിധി ഒരു മേഖലയിൽ മാത്രമാണെങ്കിൽ സംസ്ഥാനതല സർക്കുലേഷനും ഉദ്യോഗദായകന്റെ അധികാരപരിധി മൂന്ന് മേഖലയിലുമുണ്ടെങ്കിൽ മേഖലാതല (അതാത് മേഖലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ) സർക്കുലേഷൻ നടത്തിയും പാർട്ട് ടൈം ഒഴിവുകളിലേയ്ക്ക് ജില്ലാതല (അതാതു ജില്ലകളിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ) സർക്കുലേഷൻ നടത്തിയും നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും സീനിയോറിറ്റി, മുൻഗണന, വയസ്സിളവ്, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മറ്റ് മാനദണ്ഡങ്ങൾ എന്നിവയ്ക്ക് അനുസൃതമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പരിപാലിച്ചു പോരുന്ന കമ്മ്യൂണൽ റൊട്ടേഷൻ റോസ്റ്റർ പ്രകാരം ഉദ്യോഗാർത്ഥികളുടെ നാമനിർദ്ദേശ പട്ടിക നൽകുകയാണ് ചെയ്യുന്നത്.

(ബി) അംഗപരിമിതരുടെ നാമനിർദ്ദേശങ്ങൾ ക്രമം തെറ്റാതെ നൽകുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) 1365 അംഗപരിമിതർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു*.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## താൽക്കാലിക ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമനം നടത്തുന്നതിന് നടപടി

293 (1066) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി തൊഴിൽ ലഭ്യമായവരുടെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) സർക്കാർ വകുപ്പുകളിൽ ഒരു വർഷത്തിലധികം കാലാവധി വരുന്ന താത്ക്കാലിക ഒഴിവുകൾ തിട്ടപ്പെടുത്തി പരമാവധി നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും റിസർവേഷൻ ആനുകൂല്യമുള്ളവരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.* കൂടാതെ എംപ്ലോയ്മെന്റ് വകുപ്പ് വിവിധ സ്വകാര്യ തൊഴിൽ ദാതാക്കളുമായി ചേർന്ന് സംഘടിപ്പിച്ച മെഗാ ജോബ് ഫെയറുകൾ (നിയുക്തി എന്ന പേരിൽ) മുഖേന സ്വകാര്യ മേഖലയിൽ ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ആകെ 3338 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്.

(ബി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമനങ്ങൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും 2018-2020 കാലയളവിലേയ്ക്കുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി സീനിയോറിറ്റി ലിസ്റ്റിൽ റിസർവേഷൻ ആനുകൂല്യമുള്ളവർ ഉൾപ്പെടെ എല്ലാ വിഭാഗത്തിലുമുള്ള ഉദ്യോഗാർത്ഥികളും ഉൾപ്പെട്ടിട്ടുണ്ട്. ടി ലിസ്റ്റിൽ ഓരോ ഉദ്യോഗാർത്ഥിയുടെയും ജാതി, സമുദായം, മുൻഗണന എന്നിവ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.*സംവരാണാനുകൂല്യം ലഭിക്കാൻ അർഹതയുള്ള

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉദ്യോഗാർത്ഥികൾ ആവശ്യത്തിന് ലഭ്യമല്ലാതെ വരികയാണെങ്കിൽ സപ്ലിമെന്ററി ലിസ്റ്റ് തയ്യാറാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**താൽക്കാലിക നിയമനങ്ങൾ**

294(1067) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല/സഹകരണ സ്ഥാപനങ്ങളിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; നിയമിച്ചിട്ടുണ്ടെങ്കിൽ തരംതിരിച്ച് എണ്ണം ലഭ്യമാക്കുമോ;

(ബി) താൽക്കാലികാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയായിരിക്കണമെന്ന് നിലവിൽ എന്തെങ്കിലും തരത്തിലുള്ള വ്യവസ്ഥയുണ്ടോ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താഴെപ്പറയും പ്രകാരം ജീവനക്കാരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

| | |
|---|---|
| സർക്കാർ | - 7547 |
| അർദ്ധ സർക്കാർ സ്ഥാപനം | - 8102 |
| പൊതുമേഖലാ/സഹകരണ സ്ഥാപനം | - 2197 |
| ആകെ | - 17846 |

(ബി) 1959-ൽ പാർലമെന്റ് പാസ്സാക്കിയ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എല്ലാ എസ്റ്റാബ്ലിഷ്മെന്റുകളും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. കൂടാതെ 26-12-2016-ലെ 1046913/ജി2/2016/തൊഴിൽ നമ്പർ സർക്കുലർ പ്രകാരം പി.എസ്.സി. നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളിലേക്കുമുള്ള നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം പ്രയോജനപ്പെടുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങൾ

295 (1068) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ എത്ര പേർക്ക് സ്ഥിരം/താൽക്കാലിക തസ്തികകളിൽ നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ഏതെല്ലാം തസ്തികകളിൽ എത്ര പേർക്കാണ് നിയമനം നൽകിയത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ സ്ഥിരം/താൽക്കാലികം തസ്തികകളിലായി ആകെ 17,846 (പതിനേഴായിരത്തി എണ്ണൂറ്റി നാൽപ്പത്തിയാറ്) പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

| | സർക്കാർ | അർദ്ധ സർക്കാർ |
|---|---|---|
| സ്ഥിരം | 1486 | 780 |
| താൽക്കാലികം | 6061 | 9519 |

(ബി) 17846 (പതിനേഴായിരത്തി എണ്ണൂറ്റി നാൽപ്പത്തിയാറ്) പേർക്ക് നിയമനം നൽകിയ തസ്തികകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

296 (1069) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി തൊഴിലിനും മറ്റ് ആനുകൂല്യങ്ങൾക്കുമായി പേര് രജിസ്റ്റർ ചെയ്തവർ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി രജിസ്റ്റർ ചെയ്യപ്പെട്ടവർ എത്ര എന്നും പ്രസ്തുത കാലയളവിൽ എത്ര പേർക്ക് ആയതുവഴി തൊഴിൽ നൽകി എന്നും വ്യക്തമാക്കുമോ;

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഈ സർക്കാറിന്റെ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ ഉള്ളവരിൽ എത്രപേർക്ക് നാളിതുവരെ ജോലി നൽകി എന്ന് വ്യക്തമാക്കുമോ;

(ഡി) ആയതുപോലെ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യപ്പെട്ടവർ (ഡോക്ടർമാർ/എഞ്ചിനീയർമാർ/ചാർട്ടേർഡ് അക്കൗണ്ടന്റുമാർ/ മറ്റു മേഖലയിലുള്ളവർ ഉൾപ്പെടെ) എത്രയെന്ന് വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഈ സർക്കാർ കാലയളവിൽ ഈ വിഭാഗത്തിലുള്ളവരിൽ എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2017 നവംബർ 30 വരെ 3504958 (മുപ്പത്തിയഞ്ച് ലക്ഷത്തി നാലായിരത്തി തൊള്ളായിരത്തി അമ്പത്തിയെട്ട്) പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി രജിസ്റ്റർ ചെയ്യപ്പെട്ടവർ - 3615076 (മുപ്പത്തിയാറു ലക്ഷത്തി പതിനയ്യായിരത്തി എഴുപത്തിയാറ്)

മുൻ സർക്കാരിന്റെ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി തൊഴിൽ നൽകിയവരുടെ എണ്ണം -45436

(സി) 17846 (30-11-2017 വരെ)

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്യപ്പെട്ടവർ -115210

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തൊഴിൽ ലഭിച്ചവർ - 1881

ഈ സർക്കാരിന്റെ കാലത്തെ രജിസ്റ്റർ ചെയ്യപ്പെട്ടവർ -125623

(ഇ) 792 പേർക്ക്

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനം**

297 (1070) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1959 ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസി ആക്ട് പ്രകാരം സർക്കാർ/അർദ്ധസർക്കാർ/കമ്പനി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ പി.എസ്.സി. നിയമനപരിധിയിൽപ്പെടാത്ത ഒഴിവുകളിലേക്കുള്ള നിയമനത്തിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം നിർബന്ധമായും ഉപയോഗിക്കണമെന്ന നിബന്ധന നിലവിലുണ്ടോ;

(ബി) പ്രസ്തുത നിബന്ധനയ്ക്ക് വിരുദ്ധമായി സർക്കാരിന്റെ കീഴിലുള്ള പല സ്ഥാപനങ്ങളിലും കരാർ/ദിവസക്കൂലി അടിസ്ഥാനത്തിൽ യാതൊരു മാനദണ്ഡവും പാലിക്കാതെ ജീവനക്കാരെ നിയമിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം നിയമനങ്ങളിൽ യാതൊരുവിധ സംവരണതത്വവും പാലിക്കപ്പെടുന്നില്ല എന്ന വസ്തുത പരിഗണിച്ച് ഇക്കാര്യത്തിൽ ഇടപെട്ട് എല്ലാ താത്കാലിക/കരാർ/ദിവസക്കൂലി നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തുവാൻ കർശന നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇക്കാര്യത്തിൽ ചില പരാതികൾ ലഭിച്ചിട്ടുണ്ട്

(സി) ലഭിച്ച പരാതികളിന്മേൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്.

## പട്ടാമ്പിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

298 (1071) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആസ്ഥാനമായി മാറിയിട്ടുള്ള പട്ടാമ്പിയിൽ ഒരു എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) നിലവിൽ ഷൊർണൂരിൽ പ്രവർത്തിച്ചു വരുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് അവിടെ നിന്നും മാറ്റാനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അങ്ങനെ മാറ്റുകയാണെങ്കിൽ അത് പട്ടാമ്പിയിൽ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ പരിഗണനയിലില്ല.

(ബി) നിലവിൽ ഷൊർണ്ണൂരിൽ പ്രവർത്തിച്ചുവരുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് അവിടെ നിന്നും മാറ്റാനുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കമ്പ്യൂട്ടർവൽക്കരണം

299 (1072) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കമ്പ്യൂട്ടർ വത്കരണത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കമ്പ്യൂട്ടർവത്കരണം പൂർത്തിയായ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്ട്രേഷനും രജിസ്ട്രേഷൻ പുതുക്കലും ഓൺലൈൻ വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം digitise ചെയ്ത് അവർക്ക് ഇ-സേവനങ്ങൾ നൽകുന്നതിനായി e-employment exchange എന്ന ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. www.employment.kerala.gov.in എന്ന വെബ്സൈറ്റ് വഴി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള ഇ-സേവനങ്ങൾ എപ്പോഴും എവിടെനിന്നും ലഭ്യമാണ്.

കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർരഹിത ഓഫീസുകളാക്കുക എന്ന ലക്ഷ്യത്തോടുകൂടി ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി വരികയാണ്. ആദ്യഘട്ടത്തിൽ എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിലും മേഖലാ എംപ്ലായ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലും രണ്ടാം ഘട്ടത്തിൽ ജില്ലാ തലം വരെയുള്ള 25 ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി കഴിഞ്ഞു.

(ബി) 3-5-2017 മുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും രജിസ്ട്രേഷനും രജിസ്ട്രേഷൻ പുതുക്കലും ഉൾപ്പെടെ തൊഴിലന്വേഷകർക്ക് നൽകുന്ന പ്രത്യക്ഷമായ എല്ലാ സേവനങ്ങളും www.employment.kerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം ഓൺലൈൻ ആയി ലഭ്യമാണ്.

**തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി നൂതന സംരംഭങ്ങൾ**

300 (1073) ശ്രീ. ആർ. രാജേഷ്:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ബാബു:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി എന്തെല്ലാം നൂതന സംരംഭങ്ങളാണ് ആരംഭിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സുരക്ഷ, സൈബർ സുരക്ഷാ മേഖലകളിൽ തൊഴിൽ സാധ്യതകൾ ഉറപ്പാക്കുന്നതിന് ഉദ്യോഗാർത്ഥികൾക്ക് മികച്ച പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇതിനായി കേരള അക്കാദമി ഫോർ സ്കിൽഡ് എക്സലൻസിൽ ഏതെല്ലാം ഹ്രസ്വകാല കോഴ്സുകളാണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ആധുനിക ലോകത്തെ വിവിധ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കാനായി കേരള സർക്കാരിന്റെ തൊഴിലും നൈപുണ്യവും വകുപ്പ് തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. വിവിധ തൊഴിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിൽ സെക്ഷൻ 25 കമ്പനിയായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) സ്ഥാപിതമായിട്ടുണ്ട്. ഇതിനായി ടി സ്ഥാപനം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. <u>സെന്റർ ഓഫ് എക്സലൻസസ് (മികവിന്റെ കേന്ദ്രങ്ങൾ)</u>

- NICE (Nursing Institute for Career Enhancement)

  നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE (Nursing Institute for Career Enhancement) എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ 2-7-2015 മുതൽ പ്രവർത്തിച്ചുവരുന്നു.

- CATS (Centre for Advanced Training in Security)

  സെക്യൂരിറ്റി (നാഷണൽ) മേഖലയിൽ നൈപുണ്യ വികസനത്തിനായി CATS (Centre for Advanced Training in Security) എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ 29-9-2015 മുതൽ പ്രവർത്തിച്ചുവരുന്നു.

- ESPOiR (Enlighten Skills Program for Oil & Rig)

  ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ Enlighten Skills Program for Oil & Rig (ESPOiR) എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ 6-12-2015 മുതൽ പ്രവർത്തിച്ചുവരുന്നു.

- CRETT (Centre for Research in Education and Teacher Training)

  ടീച്ചിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമായ CRETT (Centre for Research in Education and Teacher Training) കോഴിക്കോട് ജില്ലയിലെ വെള്ളിപറമ്പിലെ സദ്ഭാവന ക്യാമ്പസിൽ 2-2-2016-ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

- CEED (Centre for Excellence in Entrepreneurship Development)

  തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കുവേണ്ടി Entrepreneurship Development India, Ahmedabad എന്ന സ്ഥാപനവുമായി ചേർന്ന് Centre of Excellence in Entrepreneurship Development (CEED) എന്ന മികവിന്റെ കേന്ദ്രം എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ 27-2-2016- ന് പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു.

2. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC)

   കൺസ്ട്രക്ഷൻ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചവറയിൽ ആരംഭിച്ച Indian Institute of Infrastructure and Construction (IIIC)- ന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. കൺസ്ട്രക്ഷൻ മേഖലയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ടെക്നീഷ്യൻ, സൂപ്പർവൈസറി, മാനേജീരിയൽ വിഭാഗത്തിലുള്ള കോഴ്സുകളാണ് IIIC-ൽ ലഭ്യമാക്കുന്നത്. ഐ.ടി.ഐ. സർട്ടിഫിക്കറ്റ്/ഡിപ്ലോമ, എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് രാജ്യത്തിനകത്തും പുറത്തും തൊഴിൽ ലഭ്യത ഉറപ്പുവരുത്താൻ IIIC-യിലൂടെ സാധിക്കുന്നതാണ്.

3. കൗശൽ കേന്ദ്രങ്ങൾ

   ഇന്ത്യയിലാദ്യമായി നൈപുണ്യ വികാസത്തിനും വ്യക്തിത്വ വികസനത്തിനും തൊഴിൽ നേടുന്നതിനും വേണ്ടിയുള്ള ലോകോത്തര നിലവാരം പുലർത്തുന്ന സ്ഥാപനമാണ് കൗശൽ കേന്ദ്ര. ഗ്രാമീണ മേഖലയിലെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെടുന്ന

യുവസമൂഹത്തിന് തൊഴിൽ നൈപുണ്യ പരിശീലനം ഉറപ്പാക്കുന്നതോടൊപ്പം ആഗോള മത്സര രംഗത്ത് അവരെ മുൻനിരയിലെത്തിക്കാൻ പ്രാപ്തരാക്കുക കൂടിയാണ് കൗശൽ കേന്ദ്രയിലൂടെ ലക്ഷ്യമാക്കുന്നത്. കൊല്ലം, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ കൗശൽ കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

4. <u>അക്രെഡിറ്റേഷൻ</u>

ഉന്നത നിലവാരത്തിലുള്ള തൊഴിൽ പരിശീലനം ലഭ്യമാക്കുന്ന സ്ഥാപനങ്ങൾക്ക് KASE -ന്റെ അക്രഡിറ്റേഷൻ ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം

5. <u>കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ</u>

പരമ്പരാഗത രീതിയും ആധുനിക രീതിയും സംയോജിപ്പിച്ച് ഡിസൈൻ മേഖലയിൽ സർഗ്ഗശേഷിയുള്ള സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID) എന്ന സ്ഥാപനം കൊല്ലം ജില്ലയിലെ ചന്ദനത്തോപ്പിൽ പ്രവർത്തിക്കുന്നു. 2015 ആഗസ്റ്റ് മുതൽ Integrated Life Style Product Design, Integrated Textile & Apparel Design, IT Integrated Communication Design എന്നിവയിൽ അഞ്ച് സെമസ്റ്ററുകളിലായി രണ്ടര വർഷം ദൈർഘ്യമുള്ള പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സുകൾ നടന്നുവരുന്നു.

ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന നൈപുണ്യ വികസന പദ്ധതികൾ:

<u>എംപ്ലോയബിലിറ്റി സെന്ററുകളും കരിയർ ഡെവലപ്മെന്റ് സെന്ററുകളും</u>

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾ വഴിയും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ വഴിയും നൈപുണ്യ വികസന പദ്ധതികൾ നടപ്പാക്കി വരുന്നു.

(ബി & സി) സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിനു കീഴിൽ സെക്യൂരിറ്റി മേഖലയിലെ ഒരു മികവിന്റെ കേന്ദ്രം തിരുവനന്തപുരം ജില്ലയിൽ കിൻഫ്ര ഇൻർനാഷണൽ അപ്പാരൽ പാർക്കിൽ 29-09-2015 മുതൽ പ്രവർത്തിച്ചുവരുന്നു. ടി സ്ഥാപനത്തിലൂടെ നൽകുന്ന

പരിശീലന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കോഴ്സുകളുടെ പേര് | ദൈർഘ്യം | അടിസ്ഥാന യോഗ്യത |
|---|---|---|---|
| Security Sector | | | |
| 1 | Unarmed Security Guard | 21 days | SSLC |
| 2 | Diploma in Security management | 6 months | +2 |
| 3 | Certificate in Security Management | 3-6 months | +2 |
| Cyber Security Sector | | | |
| 1) | Diploma in Cyber Security | 6 months | +2 |
| 2 | PG Diploma in Cyber Security | 8 months | Degree |

**ഇതര സംസ്ഥാന തൊഴിലാളികൾക്കായി ഫെസിലിറ്റേഷൻ സെന്ററുകൾ**

301 (1074) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്കായി ഫെസിലിറ്റേഷൻ സെന്ററുകൾ തുടങ്ങിയിട്ടുണ്ടോ;

(ബി) ഫെസിലിറ്റേഷൻ സെന്ററുകളുടെ പ്രവർത്തനം വിശദീകരിക്കുമോ;

(സി) സംസ്ഥാനത്ത് എവിടെയൊക്കെ ഫെസിലിറ്റേഷൻ സെന്ററുകളുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്കായി ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് അവരുടെ തൊഴിലുമായി ബന്ധപ്പെട്ട് ആവശ്യമായ സഹായങ്ങൾ ഇതിലൂടെ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു. അതിനൊപ്പം അവരുടെ ആരോഗ്യം, യാത്ര, ബാങ്കിംഗ്, ലഭ്യമാകുന്ന ആനുകൂല്യങ്ങൾ, തൊഴിൽ സുരക്ഷ, താമസ സൗകര്യം, വേതന സംരക്ഷണം എന്നിവയടക്കമുള്ള കാര്യങ്ങളിൽ ഉപദേശ-നിർദ്ദേശങ്ങൾ നൽകാനും ലക്ഷ്യമിടുന്നു.

(സി) സംസ്ഥാനത്തെ 14 ജില്ലകളിലും സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

## വയനാട് ജില്ലയിലെ തോട്ടം തൊഴിലാളികൾക്ക് ലൈഫ് പദ്ധതി

302 (1075) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ തോട്ടം തൊഴിലാളികൾക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഫ്ലാറ്റ് മാതൃകയിൽ ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുന്ന കാര്യം ആലോചിക്കുമോ;

(ബി) വയനാട് ജില്ലയിൽ ഭവനരഹിതരായ എത്ര തോട്ടം തൊഴിലാളി കുടുംബങ്ങൾ ഉണ്ടെന്നതിന്റെ കണക്ക് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) കേരള സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ മുഖേന തോട്ടം തൊഴിലാളികൾക്ക് വീട് നിർമ്മിച്ചു നൽകുന്ന പദ്ധതി സർക്കാർ പരിഗണനയിലാണ്.

(ബി) തയ്യാറാക്കിയിട്ടുണ്ട്. വിശദാംശം പട്ടികയായി ചുവടെ ചേർക്കുന്നു.

| റിട്ടയർ ചെയ്തവർ | | നിലവിൽ ജോലി ചെയ്യുന്നവർ | | ആകെ |
|---|---|---|---|---|
| സ്ഥലമോ വീടോ ഇല്ലാത്തവർ | സ്ഥലം ഉണ്ടായിട്ടും വീട് ഇല്ലാത്തവർ | സ്ഥലമോ വീടോ ഇല്ലാത്തവർ | സ്ഥലം ഉണ്ടായിട്ടും വീട് ഇല്ലാത്തവർ | |
| 430 | 132 | 944 | 1889 | 3395 |

## അടച്ചു പൂട്ടിയ ബാറുകൾ തുറക്കുന്നതിന് നടപടി

303 (1076) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അടച്ചുപൂട്ടിയ എത്ര ബാറുകൾ തുറന്നിട്ടുണ്ട് ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇനിയും കൂടുതൽ ബാറുകൾ തുറന്നു നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) 31-3-2014-ൽ ബാർ ലൈസൻസ് ഉണ്ടായിരുന്നതും തുടർന്ന് പൂട്ടിയിട്ടതുമായ ബാറുകളിൽ 3 സ്റ്റാർ ക്ലാസിഫിക്കേഷനും അതിനുമുകളിൽ ക്ലാസിഫിക്കേഷനുള്ളതുമായ 183 ബാറുകളുടെ ലൈസൻസ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുക്കി നൽകിയിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 20 |
| കൊല്ലം | - | 12 |
| പത്തനംതിട്ട | - | 7 |
| ആലപ്പുഴ | - | 11 |
| കോട്ടയം | - | 20 |
| ഇടുക്കി | - | 3 |
| എറണാകുളം | - | 40 |
| തൃശ്ശൂർ | - | 19 |
| പാലക്കാട് | - | 10 |
| മലപ്പുറം | - | 8 |
| കോഴിക്കോട് | - | 14 |
| വയനാട് | - | 2 |
| കണ്ണൂർ | - | 15 |
| കാസർഗോഡ് | - | 2 |
| | | ------ |
| ആകെ | - | 183 |
| | | ==== |

(ബി) നിലവിലുള്ള മദ്യനയത്തിന്റെ ഭാഗമായി 3 സ്റ്റാർ ക്ലാസിഫിക്കേഷനും അതിനുമുകളിൽ ക്ലാസിഫിക്കേഷനുമുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിക്കാൻ വ്യവസ്ഥയുണ്ട്.

**മദ്യനയം**

304 (1077) ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. അനിൽ അക്കര:
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ മദ്യനയത്തിൽ നിന്നും എന്തൊക്കെ മാറ്റങ്ങളാണ് ഈ സർക്കാരിന്റെ മദ്യനയത്തിൽ വരുത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) ഇപ്രകാരം മദ്യനയത്തിൽ കാതലായ മാറ്റങ്ങൾ വരുത്തുവാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ എത്ര ബാറുകൾക്ക് പുതുതായി ലൈസൻസ് അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) നക്ഷത്ര ഹോട്ടലുകളിലെ ബാർ ലൈസൻസിന് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്ത് നിന്നും നിശ്ചയിച്ചിരുന്ന ദൂരപരിധിയിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; ഇപ്രകാരം മാറ്റം വരുത്താനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ;

(ഇ) കൂടുതൽ ബാറുകൾ അനുവദിച്ച് മദ്യലഭ്യത സുലഭമാക്കിയിട്ട്, മദ്യവർജ്ജനം എന്ന മുന്നണി നയം എപ്രകാരം പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) i) സംസ്ഥാനത്ത് 3 സ്റ്റാറിനും അതിനുമുകളിലും സ്റ്റാർ ക്ലാസിഫിക്കേഷനുള്ള ഹോട്ടലുകൾക്ക് ബാർ (FL-3) ലൈസൻസ് അനുവദിക്കുന്നതാണ്.

ii) 1-4-2017-ന് മുമ്പ് പ്രവർത്തിച്ചിരുന്നതും എന്നാൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടിയതുമായ FL-11 (ബിയർ-വൈൻ) പാർലറുകൾക്ക് അവിടെ ജോലി നോക്കിയിരുന്ന എല്ലാ തൊഴിലാളികൾക്കും തൊഴിൽ കൊടുക്കണമെന്ന വ്യവസ്ഥയിൽ അതേ താലൂക്കിൽ ദേശീയ/സംസ്ഥാന പാതയോരത്ത് നിന്നും 500 മീറ്റർ മാറി സൗകര്യപ്രദവും വൃത്തിയുള്ളതുമായ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റിസ്ഥാപിക്കാനുള്ള വ്യവസ്ഥ ചെയ്തു.

iii) ബാറുകളുടെ പ്രവർത്തനസമയം മുൻപ് ഉണ്ടായിരുന്ന 12.30 മണിക്കൂറിൽ (രാവിലെ 9.30 മണി മുതൽ രാത്രി 10 വരെ) നിന്നും 12 മണിക്കൂറായി (രാവിലെ 11 മണി മുതൽ രാത്രി 11 വരെ) ആയി ക്രമപ്പെടുത്തി. വിനോദസഞ്ചാര മേഖലയിൽ സമയം രാവിലെ 10 മണി മുതൽ രാത്രി 11 മണി വരെ എന്ന് നിജപ്പെടുത്തി.

iv) മദ്യം ഉപയോഗിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി 21 വയസ്സിൽ നിന്നും 23 വയസ്സായി ഉയർത്തി.

v) FL ലൈസൻസ് ഫീസ് നിരക്കുകൾ പുതുക്കി നിശ്ചയിച്ചു.

vi) കള്ളുഷാപ്പുകൾ മൂന്ന് വർഷക്കാലത്തേക്ക് വിൽപ്പന നടത്താൻ തീരുമാനിച്ചു.

vii) ലൈസൻസ് സമ്പ്രദായത്തിൽ 5 മുതൽ 7 വരെ കള്ളുഷാപ്പുകളെ ഒരു ഗ്രൂപ്പായി തിരിച്ച് വിൽപ്പന നടത്തുന്നതാണ്.

viii) ക്ഷേമനിധി കുടിശ്ശിക വരുത്തിയവർക്ക് പുതിയ ലൈസൻനസ് അനുവദിക്കില്ല.

ix) ത്രീ സ്റ്റാറിനും അതിനു മുകളിൽ സ്റ്റാർ ക്ലാസിഫിക്കേഷൻ ഉള്ള ഹോട്ടലുകൾക്കും ശുദ്ധമായ കള്ള് വിതരണം ചെയ്യുന്നതിന് പ്രത്യേകം അനുവാദം നൽകുന്നതിനുള്ള നയപരമായ തീരുമാനമെടുത്തു.

x) ടോഡി ബോർഡ് രൂപീകരിച്ച് പ്രാവർത്തികമാക്കാൻ തീരുമാനിച്ചു. കൂടാതെ ബോധവൽക്കരണ മേഖലയിൽ ലഹരി വർജ്ജന മിഷൻ 'വിമുക്തി'യുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ആരോഗ്യവകുപ്പുമായി സഹകരിച്ച് എല്ലാ ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനും തീരുമാനിച്ചു. ഇക്കാര്യത്തിലേയ്ക്കായി ജി.ഒ.(എം.എസ്.) നമ്പർ 43/2017/നി.വ. തീയതി 13-6-2017 പ്രകാരം പുതിയ അബ്കാരി നയം ഉത്തരവായിട്ടുള്ളതാണ്.

(ബി) സമ്പൂർണ്ണ മദ്യനിരോധനം പ്രായോഗികമല്ലായെന്നും മദ്യത്തിന്റെ ലഭ്യതയിലുള്ള കർശനമായ നിയന്ത്രണങ്ങൾ കൊണ്ടുള്ള സർക്കാരിന്റെ വരുമാനനഷ്ടം കണക്കിലെടുക്കുന്നതോടൊപ്പം സമാന്തര വ്യാജ മദ്യവിൽപ്പനയും മയക്കുമരുന്നുപയോഗവും വർദ്ധിക്കാൻ കാരണമാകുമെന്നും വിവിധ പഠന റിപ്പോർട്ടുകളിലെ ശിപാർശകൾ കണക്കിലെടുത്തും ജനങ്ങളുടെ മദ്യാസക്തി

നിലനിൽക്കുന്നിടത്തോളംകാലം മദ്യത്തിന്റെ ലഭ്യത പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കുകയില്ല, ആവശ്യകത കുറയ്ക്കുകയാണ് എന്ന യാഥാർത്ഥ്യം കണക്കിലെടുത്തുമാണ് പുതിയ മദ്യനയം പ്രഖ്യാപിച്ചിട്ടുള്ളത്.

(സി) 64

(ഡി) 4 സ്റ്റാറിനും മുകളിലും ക്ലാസിഫിക്കേഷനുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസിന് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്തുനിന്നും 50 മീറ്ററായി കുറച്ചിട്ടുണ്ട്. വിദേശ ടൂറിസ്റ്റുകൾക്ക് പരമാവധി സൗകര്യങ്ങൾ ഒരുക്കുക എന്നത് ലക്ഷ്യമാക്കിയാണ് ഇക്കാര്യത്തിൽ മുമ്പുണ്ടായിരുന്ന ദൂരപരിധി നിയമം പുനഃസ്ഥാപിക്കുകയുണ്ടായത്.

(ഇ) ജനങ്ങളുടെ മദ്യാസക്തി നിലനിൽക്കുന്നിടത്തോളം കാലം മദ്യത്തിന്റെ ലഭ്യത പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കുകയില്ല, മദ്യത്തിന്റെ ലഭ്യതയിലുള്ള കർശനമായ നിയന്ത്രണങ്ങൾ സമാന്തര വ്യാജ മദ്യവിൽപ്പനയുടെയും മയക്കുമരുന്നുപയോഗത്തിന്റെയും വർദ്ധനവിന് കാരണമായെന്നും വിവിധ പഠന റിപ്പോർട്ടുകൾ തെളിയിക്കുന്നു. ആയതിനാൽ മദ്യ മയക്കുമരുന്നുപയോഗം തടയുന്നതിനായി രൂപീകരിച്ചിട്ടുള്ള ലഹരി വർജ്ജന മിഷൻ 'വിമുക്തി'യുടെ പ്രവർത്തനങ്ങളിലൂടെ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി മദ്യ വർജ്ജനം എന്ന ആശയം നടപ്പിലാക്കുക എന്നതാണ് സർക്കാരിന്റെ പുതിയ മദ്യനയം.

## മദ്യനയം

305 (1078) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ മദ്യനയത്തിൽ മാറ്റം വരുത്തി പുതിയ മദ്യനയം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പുതിയ ബാർ ലൈസൻസുകൾ നൽകിയിട്ടുണ്ട്; ജില്ലതിരിച്ച് ബാറുകളുടെ പേര് സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) നിലവിൽ തുറക്കാൻ പറ്റാത്ത എത്ര ബാറുകളുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശങ്ങൾ നല്കുമോ ; പ്രസ്തുത ബാറുകൾക്ക് ലൈസൻസ് കൊടുക്കാത്തതിന്റെ കാരണം അറിയിക്കാമോ ;

(ഡി) കേരളത്തിൽ സമ്പൂർണ്ണ മദ്യനയം നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) മദ്യവില്പനവഴി സംസ്ഥാനത്തിന് ഒരു വർഷം കിട്ടുന്ന വരുമാനം എത്ര കോടി രൂപയാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 13-6-2017-ലെ ജി.ഒ. (എം.എസ്.) 43/2017/നി.വ. പ്രകാരം മദ്യനയം പ്രഖ്യാപിക്കുകയും അതിലെ തീരുമാനങ്ങൾ നടപ്പിലാക്കിവരുന്നതുമാണ്.

(ബി) 64. ബാറുകളുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(സി) ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി പ്രകാരമുള്ള സംസ്ഥാന/ദേശീയ പാത ദൂരപരിധി മാനദണ്ഡങ്ങൾ പാലിക്കാത്തതിനാലും മദ്യനയം പ്രകാരം നിലവിൽ 3 സ്റ്റാറോ അതിന് മുകളിലോ ക്ലാസിഫിക്കേഷൻ ഇല്ലാത്തതിനാലും പുതുക്കാൻ അപേക്ഷ നൽകാത്തതിനാലും സംസ്ഥാനത്തെ വിവിധ ജില്ലകളിലെ ചുവടെ പറയുന്ന 415 ബാറുകൾ തുറക്കാൻ കഴിഞ്ഞിട്ടില്ല.

| | | |
|---|---|---|
| തിരുവനന്തപുരം | - | 11 |
| കൊല്ലം | - | 43 |
| പത്തനംതിട്ട | - | 9 |
| ആലപ്പുഴ | - | 22 |
| കോട്ടയം | - | 48 |
| ഇടുക്കി | - | 18 |
| എറണാകുളം | - | 119 |
| തൃശ്ശൂർ | - | 92 |
| പാലക്കാട് | - | 10 |
| മലപ്പുറം | - | 18 |
| കോഴിക്കോട് | - | 3 |
| വയനാട് | - | 9 |
| കണ്ണൂർ | - | 12 |
| കാസർഗോഡ് | - | 1 |
| | | ====== |
| | ആകെ | 415 |
| | | ======= |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) മദ്യവിൽപ്പന വഴി എക്സൈസ് വകുപ്പ് മുഖാന്തിരം 2016-17 വർഷത്തിൽ 1969.26 കോടി രൂപയും 2017-18 വർഷം ഡിസംബർ മാസം വരെ 1548.25 കോടി രൂപയും വരുമാനമായി ലഭിച്ചിട്ടുണ്ട്.

## മദ്യത്തിന്റെ ഉപഭോഗം

306 (1079) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുവാൻ മദ്യത്തിന്റെ ലഭ്യത കുറയ്ക്കണമെന്ന് സുപ്രീംകോടതി നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത നടപടികളിലൂടെ സംസ്ഥാനത്ത് മദ്യത്തിന്റെ ലഭ്യതയിൽ ഉണ്ടായിട്ടുള്ള കുറവ് എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിരീക്ഷണത്തിന്റെയും ആയതിനനുബന്ധമായ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ മുനിസിപ്പൽ/കോർപ്പറേഷൻ ഏരിയ ഒഴികെയുള്ള സ്ഥലങ്ങളിൽ ദേശീയ/ സംസ്ഥാന പാതകൾക്ക് 500 മീറ്റർ പരിധിയിലുള്ള മദ്യശാലകൾ നിർത്തലാക്കിയിട്ടുണ്ട്. കൂടാതെ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മദ്യത്തിനെതിരെ വ്യാപകമായി ബോധവൽക്കരണ പരിപാടികൾ നടത്തി ജനങ്ങളെ മദ്യ ഉപഭോഗത്തിൽനിന്നും പിന്തിരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. “ വിമുക്തി ” ലഹരി വർജ്ജന മിഷൻ രൂപവൽക്കരിച്ച് എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ ഊർജ്ജിതമായി നടത്തിവരുന്നു.

(ബി) 2016 ഏപ്രിൽ മുതൽ 2016 ഡിസംബർ മാസം വരെ 268.81 ലക്ഷം കെയ്സ് ഇൻഡ്യൻ നിർമ്മിത വിദേശ മദ്യം വിൽപ്പന നടന്നത് 2017 ഏപ്രിൽ മുതൽ 2017 ഡിസംബർ മാസം വരെ 237.10 ലക്ഷം കെയ്സായി കുറയുകയുണ്ടായി. ഈ കാലയളവിൽ മദ്യവിൽപ്പനയിൽ 31.71 ലക്ഷം കെയ്സിന്റെ കുറവ് രേഖപ്പെടുത്തുകയുണ്ടായി.

## വ്യാജമദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ഉപയോഗ വർദ്ധനവ്

307 (1080) ശ്രീ. എം. മുകേഷ്
ശ്രീമതി പി. അയിഷാ പോറ്റി
പ്രൊഫ. കെ. യു. അരുണൻ
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ അശാസ്ത്രീയമായ മദ്യനയത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള വ്യാജമദ്യത്തിന്റെയും പുകയില, കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി പദാർത്ഥങ്ങളുടെയും ഉപയോഗ വർദ്ധനവ് തടയുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ലഹരി മാഫിയ വിദ്യാർത്ഥികളുൾപ്പെടെയുള്ള യുവാക്കളെ വലയിൽപ്പെടുത്തുന്നത് തടയാൻ പദ്ധതിയുണ്ടോ;

(സി) ഇതര സംസ്ഥാന തൊഴിലാളികൾ വഴിയും വിമാന മാർഗ്ഗവുമുള്ള ലഹരി പദാർത്ഥ കടത്തിന് അറുതി വരുത്തുവാനായി വിമാനത്താവളങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ചെക്ക്പോസ്റ്റുകൾ മുതലായ സ്ഥലങ്ങളിലെ നിരീക്ഷണം ശക്തിപ്പെടുത്തുന്നതിന് ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചുള്ള പരിശോധനയ്ക്കായി ജീവനക്കാരുടെ അംഗസംഖ്യ വർദ്ധിപ്പിച്ചിട്ടുണ്ടോ; ബോധവൽക്കരണവും ജനകീയ പങ്കാളിത്തത്തോടെയുള്ള നിയന്ത്രണവും എത്ര മാത്രം ഫലപ്രദമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനധികൃത മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ലഭ്യത തടയുന്നതിന് സംസ്ഥാനത്ത് മദ്യമയക്കുമരുന്ന് വ്യാപനത്തിനെതിരെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ദൂഷ്യവശങ്ങളെ സംബന്ധിച്ച് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവൽക്കരിക്കുന്നതിന് എക്സൈസ് കമ്മീഷണർ നേരിട്ട് അഞ്ഞൂറിലധികം സ്കൂളുകളിലും കോളേജുകളിലും ക്ലാസ്സുകൾ നടത്തുകയുണ്ടായി. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ലഹരി വിമുക്ത കേരളം എന്ന

ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ- 'വിമുക്തി'-യുടെ ആഭിമുഖ്യത്തിൽ ബൃഹത്തായ പദ്ധതികൾക്ക് രൂപം നൽകി പ്രാവർത്തികമാക്കി വരുന്നു.

കേരളീയ സമൂഹത്തിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനത്തിനെതിരെയുള്ള പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് നവീന സാമൂഹ്യമാധ്യമങ്ങളിലൂടെ എക്സൈസ് കമ്മീഷണറുമായി പൊതുജനങ്ങൾക്ക് ബന്ധപ്പെടുന്നതിന് '9447178000' എന്ന ഔദ്യോഗിക മൊബൈൽ ഫോൺ നമ്പരും 'ലഹരിമുക്തി' പദ്ധതി പ്രകാരം ഐഡിയ മൊബൈൽ കമ്പനി '9061178000' എന്ന നമ്പറിൽ ഒരു സൗജന്യ വാട്ട്സ്-ആപ്പ് ലൈനും ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികളിന്മേൽ 24 മണിക്കൂറിനുള്ളിൽ നടപടി സ്വീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ടെലിഫോൺ സംവിധാനവും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകളും പ്രവർത്തിച്ചുവരുന്നു.

സംസ്ഥാനത്ത് സ്കൂൾ/കോളേജുകൾ കേന്ദ്രീകരിച്ച് നിലവിൽ 2906 ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാറുകൾ, ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ ഹ്രസ്വ ചിത്രങ്ങൾ, ബോധവൽക്കരണ ക്ലാസ്സുകൾ, പി.ടി.എ.-കളുമായി സഹകരിച്ചുകൊണ്ട് ബോധവൽക്കരണ മീറ്റിംഗുകൾ എന്നിവയും സംഘടിപ്പിച്ചുവരുന്നുണ്ട്. വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്ക് പേരുവിവരം വെളിപ്പെടുത്താതെ ലഹരി വസ്തുക്കളുടെ വിപണനം, ഉപഭോഗം എന്നിവ അറിയിക്കുന്നതിനായി 1385 സ്കൂൾ/കോളേജ് ക്യാമ്പസുകളിൽ പരാതിപ്പെട്ടി സ്ഥാപിച്ചുകഴിഞ്ഞു. മുഴുവൻ സ്കൂൾ/കോളേജ് ക്യാമ്പസുകളിലും പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിദ്യാർത്ഥികളെയും യുവജനങ്ങളെയും ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനായും അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ലഹരി വിരുദ്ധ പ്രവർത്തനം നടത്തുന്ന മികച്ച സംഘടന, സംഘടനാ പ്രവർത്തകൻ, മികച്ച പ്രവർത്തനം നടത്തുന്ന സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, ക്ലബ്ബ് പ്രവർത്തകർ, ക്ലബ്ബുകൾ പ്രസിദ്ധീകരിക്കുന്ന മികച്ച ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ മാഗസിനുകൾ, മാഗസിൻ സൃഷ്ടികൾ എന്നിവയ്ക്ക് അവാർഡും പ്രശംസാപത്രവും നൽകി വരുന്നു. സംസ്ഥാന സ്കൂൾ കലോത്സവത്തോടനുബന്ധിച്ച് എല്ലാ വർഷവും ലഹരി വിരുദ്ധ ബോധവൽക്കരണ പവലിയൻ ഒരുക്കി പ്രദർശനം

നടത്തിവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിൽ പുകയില ഉൽപ്പന്നങ്ങളുടെ വിൽപ്പന നിരോധിച്ചിട്ടുണ്ട്. സമഗ്രമായി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഒരു സൈക്കോളജിസ്റ്റിനെയും ഒരു സോഷ്യോളജിസ്റ്റിനെയും ഉൾപ്പെടുത്തി റിസോഴ്സ് ഗ്രൂപ്പ് രൂപീകരിച്ചു.

(ബി) ലഹരി മാഫിയ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള യുവാക്കളെ വലയിൽ കുടുക്കുന്നത് തടയുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്.

മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കാനും ലക്ഷ്യമിട്ടാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' എന്ന ബോധവൽക്കരണ മിഷന് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുള്ളത്. സ്കൂൾ, കോളേജ് അടക്കം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സജീവമാക്കുന്നതും വിമുക്തിയുടെ ഉദ്ദേശ്യലക്ഷ്യമാണ്.

(സി) ഇതര സംസ്ഥാന തൊഴിലാളികൾ വഴിയും വിമാന മാർഗ്ഗവുമുള്ള ലഹരി പദാർത്ഥ കടത്തിന് അറുതിവരുത്തുവാനായി വിമാനത്താവളങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ചെക്ക്പോസ്റ്റുകൾ മുതലായ സ്ഥലങ്ങളിലെ നിരീക്ഷണം ശക്തിപ്പെടുത്തുന്നതിന് ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചുള്ള പരിശോധനയ്ക്കായി ജീവനക്കാരുടെ അംഗസംഖ്യ വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിൽ സർക്കിൾ ഇൻസ്പെക്ടർമാരുടെ 8 തസ്തികകളും എക്സൈസ് ഇൻസ്പെക്ടർമാരുടെ 6 തസ്തികകളും എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ 16 തസ്തികകളും സിവിൽ എക്സൈസ് ഓഫീസർമാരുടെ 64 തസ്തികകളും വനിതാ സിവിൽ എക്സ്സൈസ് ഓഫീസർമാരുടെ 138 തസ്തികകളും ഡ്രൈവർമാരുടെ 8 തസ്തികകളും ജൂനിയർ സയന്റിഫിക് ഓഫീസറുടെ ഒരു തസ്തികയും ലാബ് അസിസ്റ്റന്റിന്റെ ഒരു തസ്തികയും അടക്കം ആകെ 242 ജീവനക്കാരുടെ അംഗസംഖ്യ വർദ്ധിപ്പിച്ചിട്ടുണ്ട്.

വ്യാജമദ്യം, മയക്കുമരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ മുതലായവയുടെ ഉൽപ്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം തുടങ്ങിയ അബ്കാരി/ എൻ.ഡി.പി.എസ്./എം.&റ്റി.പി./കോട്പ കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും പരാതികളും പൊതുജനങ്ങളിൽനിന്നും ഫോൺ, ഇ-മെയിൽ, വാട്ട്സ്-ആപ്പ്, ഫെയ്സ്-ബുക്ക് തുടങ്ങി വിവിധ മാർഗ്ഗങ്ങളിലൂടെ സ്വീകരിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നു. ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതിനും ടി പരാതികളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും 24 മണിക്കൂറും പ്രവർത്തിക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ലഹരി പദാർത്ഥങ്ങളുടെ രഹസ്യ ഇടപാടുകളെക്കുറിച്ചുള്ള വിവരങ്ങൾ ഉദ്യോഗസ്ഥതലത്തിൽ കൈമാറുന്നതിനുള്ള മനോഭാവം പൊതുജനങ്ങളിൽ വളർത്തിയെടുക്കുന്നതിന് ജനകീയ പങ്കാളിത്തത്തോടെയുള്ള ബോധവൽക്കരണം സഹായിച്ചിട്ടുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് വകുപ്പ് കണ്ടെടുക്കുന്ന കേസ്സുകളുടെ എണ്ണം വർദ്ധിച്ചിട്ടുള്ളതായാണ് കാണാൻ കഴിയുന്നത്. പുതുതലമുറയിൽ ലഹരി വിരുദ്ധ മനോഭാവം വളർത്തിയെടുക്കുന്നതിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഫലപ്രദമായ പങ്ക് വഹിച്ചിട്ടുണ്ട്.

## ബിവറേജസ് ചില്ലറ വിൽപ്പനകേന്ദ്രങ്ങൾ മാറ്റി സ്ഥാപിച്ചതിന്റെ കാരണം

308 (1081) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ/സംസ്ഥാന പാതകളുടെ സമീപം പ്രവർത്തിച്ചുകൊണ്ടിരുന്ന മദ്യശാലകൾ 500 മീറ്റർ ദൂരപരിധിയിലേയ്ക്ക് മാറ്റി സ്ഥാപിക്കണമെന്ന 15-12-2016-ലെ സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബിവറേജസ് കോർപ്പറേഷനു കീഴിലെ വിതരണകേന്ദ്രങ്ങൾ മാറ്റി സ്ഥാപിച്ചപ്പോൾ ഉണ്ടായ ജനകീയ സമരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ചില്ലറ വില്പന കേന്ദ്രങ്ങൾ തുറക്കാൻ കഴിയാതെ വന്നാൽ വ്യാജമദ്യത്തിന്റെയും, മയക്കുമരുന്നിന്റെയും വ്യാപനം ഉണ്ടാകുമെന്നതാണോ ജനവാസകേന്ദ്രങ്ങളിൽ പോലും കോർപ്പറേഷന്റെ ചില്ലറ വില്പന കേന്ദ്രങ്ങൾ മാറ്റി സ്ഥാപിക്കുന്നതിന് സർക്കാരിനെ പ്രേരിപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) മദ്യ ഷോപ്പുകൾ അനുവദിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി വേണമെന്ന നിബന്ധന ഒഴിവാക്കിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) എഫ്.എൽ.-1 ഷോപ്പുകളില്ലാത്ത ചില സ്ഥലങ്ങളിലെ വ്യാജ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജനവാസകേന്ദ്രങ്ങൾ പരമാവധി ഒഴിവാക്കിയും നിലവിലുള്ള ദൂരപരിധി നിയമങ്ങൾ കർശനമായി പാലിച്ചുമാണ് വിദേശമദ്യ ചില്ലറ വിൽപ്പനശാലകൾ സ്ഥാപിച്ചുവരുന്നത്.

(സി) സംസ്ഥാനത്തുടനീളം ഏകീകൃത അബ്കാരി നയം നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ അധികാരം തടസ്സമായതിനാലാണ് ഈ നിബന്ധന ഒഴിവാക്കിയത്.

## ബിവറേജസ് കോർപ്പറേഷനിലെ ദിവസവേതനം

309(1082) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷനിലെ ബിവറേജസ് ഔട്ട്ലെറ്റിലും ഗോഡൗണിലും ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളവർക്ക് ദിവസവേതനം 300 രൂപ ആണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവർക്ക് വേതനം വർദ്ധിപ്പിച്ച് കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ബിവറേജസ് കോർപ്പറേഷനിലെ ബിവറേജസ് ഔട്ട്ലെറ്റിലും ഗോഡൗണിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള വേതനമാണ് നൽകുന്നത്.

## ബെവ്കോ ഔട്ട്ലെറ്റിലെ ക്യാരി ബാഗ് വിൽപ്പന

310(1083) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിദിനം ശരാശരി എത്ര ഉപഭോക്താക്കൾ ബെവ്കോയുടെ ചില്ലറ വിൽപ്പന ശാലകളിൽ നിന്ന് മദ്യം വാങ്ങുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്കായി പ്രതിവർഷം എത്ര ക്യാരി ബാഗുകൾ ബെവ്കോയ്ക്ക് ആവശ്യമായി വരുമെന്നറിയിക്കുമോ;

(സി) ക്യാരി ബാഗുകളിൽ വ്യാപാര സ്ഥാപനങ്ങളുടെ പരസ്യം സ്വീകരിക്കുന്ന രീതി ബെവ്കോ ഇപ്പോൾ നടപ്പാക്കി വരുന്നുണ്ടോ;

(ഡി) പരസ്യം പതിച്ച ക്യാരി ബാഗുകൾ വ്യാപാരികൾ ബെവ്കോ യ്ക്ക് സൗജന്യമായാണോ നൽകുന്നത്;

(ഇ) ക്യാരി ബാഗുകൾ നിശ്ചിത വിലയ്ക്ക് ഉപഭോക്താക്കൾക്ക് നൽകുന്നത് വഴി ബെവ്കോയുടെ വാർഷിക വരുമാനത്തിൽ പ്രതിവർഷം എത്ര രൂപയുടെ വർദ്ധനവ് പ്രതീക്ഷിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഏകദേശം 12 ലക്ഷം ഉപഭോക്താക്കൾ.

(ബി) പ്രതിവർഷം ഏകദേശം 41.64 കോടി ക്യാരി ബാഗുകൾ.

(സി & ഡി) ഇല്ല. പരസ്യം പതിച്ച ക്യാരി ബാഗുകൾ ബെവ്കോ വഴി സൗജന്യമായി വിതരണം ചെയ്യുന്നതിന് താൽപ്പര്യമുള്ള വ്യാപാര സ്ഥാപനങ്ങളിൽനിന്നും സമ്മതപത്രം ക്ഷണിച്ചിട്ടുണ്ട്.

(ഇ) ബെവ്കോയ്ക്ക് സൗജന്യമായി ലഭിക്കുന്ന ക്യാരി ബാഗുകൾ ഉപഭോക്താക്കൾക്ക് സൗജന്യമായി നൽകാനാണ് ഉദ്ദേശിക്കുന്നത്.

**ഓൺലൈൻ മദ്യവിൽപ്പന**

311 (1084) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓൺലൈൻ മദ്യവിൽപ്പന നടത്തുന്നതിനായി അബ്കാരി നയം ഭേദഗതി ചെയ്തിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഓൺലൈൻ മദ്യവിൽപ്പനയുടെ സാധ്യതകളെക്കുറിച്ച് പഠിക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(സി) കൂടുതൽ ബാറുകൾ തുറക്കുന്നതിനായി പഞ്ചായത്തുകളെ നഗരപഞ്ചായത്തുകളാക്കി മാറ്റുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സ്വന്തമായി ബിയർ ഉൽപ്പാദിപ്പിച്ചു വിൽക്കുന്നതിന് ഹോട്ടലുകൾക്ക് അനുമതി നൽകിയിട്ടുണ്ടോ;എക്സൈസ് കമ്മീഷണർ ഇതു സംബന്ധിച്ച് ശിപാർശ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഓൺലൈൻ മദ്യവിൽപ്പന നടത്തുന്നതിനായി അബ്കാരി നയം ഭേദഗതി ചെയ്തിട്ടില്ല.

(ബി) ഓൺലൈൻ മദ്യവിൽപ്പനയുടെ സാധ്യതകളെക്കുറിച്ച് പഠിക്കുന്നതിന് ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടില്ല.

(സി) ഇത്തരത്തിലൊരു തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഡി) സ്വന്തമായി ബിയർ ഉൽപ്പാദിച്ച് വിൽക്കുന്നതിന് ഹോട്ടലുകൾക്ക് അനുമതി നൽകിയിട്ടില്ല.

## 2017 ഡിസംബർ 21 മുതൽ 26 വരെയുള്ള മദ്യവിൽപ്പന

312 (1085) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ഡിസംബർ 21 മുതൽ 26 വരെയുള്ള കാലയളവിൽ കേരളത്തിൽ എത്ര കോടി രൂപയുടെ മദ്യ വില്പനയാണ് നടന്നത്;

(ബി) 2016-ലെ ഇതേ കാലയളവിലെ മദ്യ വില്പനയെ അപേക്ഷിച്ച് എത്ര കോടി രൂപയുടെ വർദ്ധനവാണ് രേഖപ്പെടുത്തിയത്;

(സി) മദ്യ വില്പനയിൽ ഉണ്ടാകുന്ന ഈ വർദ്ധനവ് മദ്യ വർജ്ജന നയത്തിന് എപ്രകാരം സഹായകരമാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ കാലയളവിൽ 269 കോടി രൂപയുടെ മദ്യവിൽപ്പനയാണ് കെ.എസ്.ബി.സി. നടത്തിയത്.

(ബി) 2016 ഡിസംബർ 21 മുതൽ 26 വരെയുള്ള കാലയളവിൽ 233 കോടി രൂപയുടെ മദ്യവിൽപ്പനയാണ് കെ.എസ്.ബി.സി. മുഖേന നടന്നത്. ടി കാലയളവിൽ മദ്യവിൽപ്പനയിൽ 36 കോടി രൂപയുടെ വർദ്ധനവാണ് (15%) ഉണ്ടായിട്ടുള്ളത്.

(സി) ക്രിസ്തുമസ്-നവവൽസര ആഘോഷങ്ങളുടെ കാലമായതിനാലാണ് ഈ കാലയളവിൽ മദ്യവിൽപ്പനയിൽ വർദ്ധന രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 2016 ഏപ്രിൽ മുതൽ 2016 ഡിസംബർ വരെ 268.81 ലക്ഷം കെയ്സ് ഇന്ത്യൻ നിർമ്മിത വിദേശമദ്യം വിൽപ്പന നടത്തിയ സ്ഥാനത്ത് 2017 ഏപ്രിൽ മുതൽ 2017 ഡിസംബർ വരെ 237.10 ലക്ഷം കെയ്സ് ഇന്ത്യൻ നിർമ്മിത വിദേശമദ്യം മാത്രമാണ് വിൽപ്പന നടത്തിയത്. ഈ കാലയളവിൽ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിൽപ്പനയിൽ 31.71 ലക്ഷം കെയ്സിന്റെ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട് എന്നതാണ് വസ്തുത.

**ലഹരി ഉൽപ്പാദനവും വിപണനവും**

313 (1086) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017 ജനുവരി 1 മുതൽ 2017 ഡിസംബർ വരെ ലഹരി ഉല്പാദനവും വിപണനവും സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

2017 ജനുവരി 1 മുതൽ 2017 ഡിസംബർ വരെ ലഹരി ഉൽപ്പാദനവും വിപണനവും സംബന്ധിച്ച് എക്സൈസ് വകുപ്പ് അബ്കാരി നിയമപ്രകാരം 21372 കേസ്സുകളും എൻ.ഡി.പി.എസ്. നിയമപ്രകാരം 5946 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | അബ്കാരി കേസ് | എൻ.ഡി.പി.എസ്. കേസ് |
|---|---|---|
| തിരുവനന്തപുരം | 2059 | 364 |
| കൊല്ലം | 1958 | 666 |
| പത്തനംതിട്ട | 1367 | 212 |
| ആലപ്പുഴ | 2535 | 519 |
| കോട്ടയം | 1416 | 394 |
| ഇടുക്കി | 816 | 532 |
| എറണാകുളം | 1327 | 670 |
| തൃശ്ശൂർ | 1687 | 673 |
| പാലക്കാട് | 1729 | 374 |
| മലപ്പുറം | 1569 | 454 |
| കോഴിക്കോട് | 1266 | 255 |
| വയനാട് | 930 | 362 |
| കണ്ണൂർ | 1510 | 351 |
| കാസർഗോഡ് | 1203 | 120 |
| ആകെ | 21372 | 5946 |

## എക്സൈസ് റേഞ്ച് ഓഫീസ്

314 (1087) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമ്മലയിൽ എക്സൈസ് റേഞ്ച് ആഫീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ & ബി) വാമനപുരം നിയോജകമണ്ഡലത്തിൽ പാലോട് കേന്ദ്രമാക്കി എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## കായംകുളം എക്സൈസ് ഓഫീസിന് സ്വന്തമായി സ്ഥലവും കെട്ടിടവും

315 (1088) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം എക്സൈസ് ഓഫീസ് കാലങ്ങളായി യാതൊരു സൗകര്യങ്ങളും ഇല്ലാത്ത വാടക കെട്ടിടത്തിലാണ് പ്രവൃത്തിക്കുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഓഫീസിന് സ്വന്തമായി സ്ഥലവും കെട്ടിടവും കണ്ടെത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൃഷ്ണപുരം വില്ലേജിൽ സർവ്വേ നമ്പർ 203/206-ൽപ്പെട്ട 12.7 ആർ. പുറമ്പോക്കിൽ ഹൈവേ വികസനത്തിനായി പോകുന്ന സ്ഥലമൊഴിച്ച് ബാക്കി 9.46 ആർ. സ്ഥലം എക്സൈസ് വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ജനമൈത്രി എക്സൈസ് സ്ക്വാഡ്

316 (1089) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ എല്ലാ താലൂക്കുകളിലും ജനമൈത്രി എക്സൈസ് സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ടോ;

(ബി) നിലവിൽ ജനമൈത്രി എക്സൈസ് സ്ക്വാഡ് പ്രവർത്തിക്കുന്ന താലൂക്കുകളിൽ പുതിയ സ്ക്വാഡുകൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല. വയനാട് ജില്ലയിലെ മാനന്തവാടിയിൽ നിലവിൽ ജനമൈത്രി എക്സൈസ് സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**ചങ്ങനാശ്ശേരി എക്സൈസ് റേഞ്ച്**

317(1090) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശേരി എക്സൈസ് റേഞ്ച് ആഫീസിന്റെ പ്രവർത്തനപരിധി ഏതൊക്കെ പഞ്ചായത്തുകളിലാണെന്നും അവയുടെ പട്ടികയും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത റേഞ്ച് ഓഫീസിന്റെ പരിധിയിൽ 2016, 2017 വർഷങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള എൻ.ഡി.പി.എസ്., അബ്കാരി കേസ്സുകൾ എത്രവീതമെന്ന് വ്യക്തമാക്കാമോ; സംസ്ഥാനത്തെ എല്ലാ റേഞ്ച് ഓഫീസുകളും കണക്കിലെടുത്താൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളുടെ എണ്ണമനുസരിച്ച് പ്രസ്തുത ഓഫീസ് എത്രാമത്തെ സ്ഥാനത്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റേഞ്ച് ഓഫീസിന്റെ പരിധിയിൽ എത്ര ബാർ ഹോട്ടലുകൾ, ബീയർ പാർലറുകൾ, കള്ള് ഷാപ്പുകൾ, ബെവ്കോ ഔട്ട് ലെറ്റുകൾ എന്നിവയുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ജോലിഭാരം കണക്കിലെടുത്ത് വാഴൂർ കേന്ദ്രീകരിച്ച് കറുകച്ചാൽ, നെടുങ്കുന്നം, കങ്ങഴ, വെള്ളാവൂർ, വാഴൂർ പഞ്ചായത്തുകളെ ഉൾപ്പെടുത്തി പുതിയ റേഞ്ച് ഓഫീസ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പഞ്ചായത്തുകൾ -11

1. കുറിച്ചി
2. വാഴപ്പള്ളി
3. തൃക്കൊടിത്താനം
4. പായിപ്പാട്
5. മാടപ്പള്ളി
6. വാകത്താനം

7. കറുകച്ചാൽ

8. നെടുങ്കുന്നം

9. കങ്ങഴ

10. വെള്ളാവൂർ

11. വാഴൂർ

(ബി) 2016 വർഷത്തിലെയും 2017 വർഷത്തിലെയും അബ്കാരി കേസുകളുടെയും എൻ.ഡി.പി.എസ്. കേസ്സുകളുടെയും എണ്ണം ചുവടെ ചേർക്കുന്നു:

| വർഷം | 2016 | 2017 |
|---|---|---|
| അബ്കാരി കേസുകൾ | 331 | 197 |
| എൻ.ഡി.പി.എസ്. കേസുകൾ | 118 | 114 |

2017 വർഷത്തിൽ അബ്കാരി കേസ് കണ്ടുപിടിച്ച എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ടി റേഞ്ച് 22-ാം സ്ഥാനത്തും എൻ.ഡി.പി.എസ്. കേസ് കണ്ടുപിടിച്ച എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മൂന്നാം സ്ഥാനത്തുമാണ്.

(സി) ചങ്ങനാശ്ശേരി റേഞ്ചിന്റെ പരിധിയിൽ 4 ബാർ ഹോട്ടലുകളും 10 ബിയർ പാർലറുകളും 58 കള്ളുഷാപ്പുകളും 3 ബെവ്കോ ഔട്ട്ലെറ്റുകളും പ്രവർത്തിക്കുന്നുണ്ട്.

(ഡി) ഇക്കാര്യം നിലവിൽ പരിഗണനയിലില്ല.

**സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട എക്സൈസ്/ലഹരി മരുന്ന് കേസ്സുകൾ**

318 (1091) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016, 2017 വർഷങ്ങളിൽ എത്ര എക്സൈസ് കേസുകൾ രജിസ്റ്റർ ചെയ്തുവെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത വർഷങ്ങളിൽ രജിസ്റ്റർ ചെയ്ത കേസുകളിൽ ലഹരി മരുന്ന് കേസ്സുകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളിൽ ഏറ്റവും കൂടുതൽ കേസ്സുകൾ ഏതു നഗരത്തിലാണെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന ലഹരി മരുന്ന് കടത്ത് തടയാൻ കൈക്കൊണ്ടിട്ടുള്ള നടപടികളുടെ വിശദ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2016 വർഷത്തിൽ 23876 അബ്കാരി കേസ്സുകളും 2985 എൻ.ഡി.പി.എസ്. കേസ്സുകളും 2017 വർഷത്തിൽ 21372 അബ്കാരി കേസ്സുകളും 5946 എൻ.ഡി.പി.എസ്. കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളിൽ ഏറ്റവും കൂടുതൽ കേസ്സുകൾ തൃശ്ശൂർ നഗരത്തിലാണ്. വിശദാംശം ചുവടെ പറയും പ്രകാരമാണ്.

2016 വർഷത്തിൽ 2166 അബ്കാരി കേസ്സുകളും 275 എൻ.ഡി.പി.എസ്. കേസ്സുകളും 2017 വർഷത്തിൽ 1687 അബ്കാരി കേസ്സുകളും 676 എൻ.ഡി.പി.എസ്. കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കി കൂടുതൽ ഫീൽഡ് ഓഫീസുകൾ അനുവദിച്ചും വാഹനങ്ങൾ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ഓഫീസുകൾ ആധുനികവത്കരിക്കുന്നതിനും അംഗബലം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. വിവിധ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുടെ ഏകോപനവും സഹകരിച്ചുള്ള പ്രവർത്തനവും ഉറപ്പുവരുത്തുന്നതിന് വകുപ്പുകൾ തമ്മിലുള്ള യോഗങ്ങൾ സംഘടിപ്പിച്ച് ചർച്ചകൾ നടത്തിവരുന്നതും വിവരങ്ങൾ പരസ്പരം കൈമാറുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നു.

കൂടാതെ അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തുന്നതും എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നതും ചെക്ക്പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ കള്ളക്കടത്ത് നടത്താൻ സാധ്യതയുള്ള റോഡുകളിൽ വാഹനപരിശോധന കർശനമാക്കിയിട്ടുള്ളതും ദേശീയപാതകളിൽ വാഹന പരിശോധന നടത്തിവരുന്നതുമാണ്.

## വാടാനപ്പള്ളി എക്സൈസ് സർക്കിൾ ഓഫീസിന് കെട്ടിടം

319(1092) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന്റെ തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി സർക്കിൾ ഓഫീസ് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാടാനപ്പള്ളി എക്സൈസ് സർക്കിൾ ഓഫീസിന് സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും അനുയോജ്യമായ സർക്കാർഭൂമി ഇതുവരെ കണ്ടെത്താൻ സാധിച്ചിട്ടില്ല.

## കാട്ടാക്കടയിൽ പുതിയ എക്സൈസ് സർക്കിൾ ഓഫീസ്

320 (1093) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട കേന്ദ്രമായി എക്സൈസ് സർക്കിൾ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ഇതിനായുള്ള തീരുമാനവും തുടർനടപടിയും ഉടൻ ഉണ്ടാകുമോ ;വിശദമാക്കാമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

## കരുനാഗപ്പള്ളി എക്സൈസ് റേഞ്ച് ഓഫീസിന്റെ പ്രവർത്തന പരിധി

321 (1094) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി എക്സൈസ് റേഞ്ച് ഓഫീസിന്റെ പ്രവർത്തന പരിധി ഏതെല്ലാം പ്രദേശങ്ങളാണെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത മേഖലകളിലെ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ വാഹനങ്ങളും ജീവനക്കാരും ഈ സ്റ്റേഷനിലുണ്ടോ എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത റേഞ്ച് ഓഫീസ് വിഭജിച്ച് ഓച്ചിറ കേന്ദ്രമാക്കി പുതിയ എക്സൈസ് ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി എക്സൈസ് റേഞ്ച് ഓഫീസിന്റെ പ്രവർത്തന പരിധി കരുനാഗപ്പള്ളി താലൂക്ക് മുഴുവനുമാണ്.

(ബി) ഉണ്ട്. നിലവിൽ കരുനാഗപ്പള്ളി റേഞ്ച് ഓഫീസിൽ ഒരു മഹീന്ദ്ര ബൊലേറോ ജീപ്പും ഒരു ബൈക്കും വനിതകൾക്കായി ഒരു സ്കൂട്ടറും ഉൾപ്പെടെ മൂന്ന് വാഹനങ്ങളും ചുവടെ ചേർക്കും പ്രകാരം ഉദ്യോഗസ്ഥരും നിലവിലുണ്ട്.

| | | |
|---|---|---|
| എക്സൈസ് ഇൻസ്പെക്ടർ | - | 1 |
| പ്രിവന്റീവ് ഓഫീസർ | - | 4 |
| സിവിൽ എക്സൈസ് ഓഫീസർമാർ | | |
| (3 വനിതകളുൾപ്പെടെ) | - | 19 |
| എക്സൈസ് ഡ്രൈവർ | - | 1 |

(സി) പരിഗണനയിലില്ല.

## വെള്ളരിക്കുണ്ട് താലൂക്കിലെ എക്സൈസ് സർക്കിൾ ഓഫീസിന്റെ പ്രവർത്തനം

322 (1095) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിൽ അനുവദിച്ച എക്സൈസ് സർക്കിൾ ഓഫീസിന്റെ പ്രവർത്തനം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കിൾ ഓഫീസ് എവിടെ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിൽ എക്സൈസ് സർക്കിൾ ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) വെസ്റ്റ് എളേരി പഞ്ചായത്തിലെ ഭീമനടിയിലാണ് നിലവിൽ ടി വെള്ളരിക്കുണ്ട് എക്സൈസ് സർക്കിൾ ഓഫീസ് സ്ഥിതിചെയ്യുന്നത്.

## ഡി-അഡിക്ഷൻ സെന്റർ

323 (1096) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര നിലവാരത്തിലുള്ള ഡി-അഡിക്ഷൻ സെന്റർ തുടങ്ങാൻ നടപടിയായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) ഇത്തരം സ്ഥാപനങ്ങൾ എല്ലാ ജില്ലയിലും ആരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'-യുടെ ഭാഗമായി അന്താരാഷ്ട്ര നിലവാരത്തിൽ ഒരു ഡി-അഡിക്ഷൻ സെന്റർ തുടങ്ങുന്നതിന് പദ്ധതിയുണ്ട്. കോഴിക്കോട് ജില്ലയിലെ കിനാലൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഉൾപ്പെട്ട 40 ഏക്കർ സ്ഥലം എക്സൈസ് വകുപ്പിന് കൈമാറാനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) 14 ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ഡി-അഡിക്ഷൻ സെന്ററുകൾ ജില്ലാ-താലൂക്ക് ആശുപത്രികളോട് ചേർന്ന് ആരംഭിക്കുന്നതിനുള്ള പദ്ധതി പ്രാരംഭഘട്ടത്തിലാണ്.

## മദ്യ ഉപഭോഗം നിയന്ത്രിക്കാൻ നടപടികൾ

324 (1097) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യത്തിന്റെ ഉപഭോഗം നിയന്ത്രിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് സർക്കാർ പറയുമ്പോഴും സംസ്ഥാനത്ത് മദ്യ ഉപഭോഗം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മദ്യ ഉപഭോഗം വർദ്ധിച്ചതിന് കാരണം കൂടുതൽ ബാറുകളും ബീവറേജ് ഷോപ്പുകളും തുറന്നതാണ് എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മദ്യ ഉപഭോഗം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2016 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 268.81 ലക്ഷം കെയ്സ് ഇന്ത്യൻ നിർമ്മിത വിദേശ മദ്യം വിൽപ്പന നടത്തിയ സ്ഥാനത്ത് 2017 ഏപ്രിൽ മുതൽ 2017 ഡിസംബർ വരെ 237.10 കെയ്സ് ഇന്ത്യൻ നിർമ്മിത വിദേശ മദ്യം മാത്രമാണ് വിൽപ്പന നടത്തിയത്. ഈ കാലയളവിൽ 31.71 ലക്ഷം കെയ്സ് ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി) ബാധകമല്ല.

**ലഹരി ഉപയോഗം കുറയ്ക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ**

325 (1098) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ സർക്കാർ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും ഏതെല്ലാം തസ്തികകൾ എത്ര വീതമെന്നും വ്യക്തമാക്കാമോ;

(ബി) ലഹരി ഉപയോഗം കുറയ്ക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളും പദ്ധതികളും എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) വിദ്യാർത്ഥികൾക്കിടയിൽ ലഹരി ഉപയോഗം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് തടയുന്നതിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ രൂപികരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അവ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എക്സൈസ് വകുപ്പിൽ ആകെ 244 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ | - | 8 |
| 2. എക്സൈസ് ഇൻസ്പെക്ടർ | - | 6 |
| 3. എക്സൈസ് പ്രിവന്റീവ് ഓഫീസർ | - | 16 |
| 4. സിവിൽ എക്സൈസ് ഓഫീസർ | - | 64 |
| 5. വനിതാ സിവിൽ എക്സൈസ് ഓഫീസർ | - | 138 |
| 6. എക്സൈസ് ഡ്രൈവർ | - | 8 |

| | | |
|---|---|---|
| 7. ജൂനിയർ സയന്റിഫിക് ഓഫീസർ | - | 1 |
| 8. ലാബ് അസിസ്റ്റന്റ് | - | 1 |
| 9. പാർട്ട് ടൈം സ്വീപ്പർ | - | 2 |
| ആകെ | - | 244 |

(ബി) സാമൂഹിക-ക്രിയാത്മക ചുവടുവയ്പുകൾ, തീരദേശ ആദിവാസി മേഖലകളിലും കോളനികളിലും പ്രത്യേക പ്രവർത്തനങ്ങൾ, സ്കൂൾ/കോളേജ് വിദ്യാഭ്യാസ സ്ഥാപനതല പ്രവർത്തനങ്ങൾ, വിവര വ്യാപന സംവിധാനങ്ങൾ, മദ്യവും മയക്കുമരുന്നും ഉപയോഗിച്ച തുടങ്ങിയവരെ തിരുത്തൽ, നിയമവിരുദ്ധ ലഹരി ഉൽപ്പന്നങ്ങളുടെ ലഭ്യതയും വിതരണവും ഇല്ലാതാക്കൽ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ, പുനരധിവാസം എന്നിവയാണ് ആവിഷ്ക്കരിച്ചിട്ടുള്ള പ്രധാന കർമ്മപദ്ധതികൾ.

(സി) ഉണ്ട്; രൂപീകരിച്ചിട്ടുണ്ട്.

**മദ്യ-മയക്കുമരുന്ന് ഉപഭോഗം കുറയ്ക്കാൻ നടപടി**

326 (1099) <u>ശ്രീ. ഹൈബി ഈഡൻ</u>
<u>ശ്രീ. ഷാഫി പറമ്പിൽ</u>
<u>ശ്രീ. വി. ടി.ബൽറാം</u>
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യത്തിന്റെ ഉപയോഗം മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് യുവജനങ്ങൾക്കും വിദ്യാർത്ഥികൾക്കുമിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് ലഹരി വർജ്ജന മിഷൻ നടപ്പിലാക്കുന്ന വിമുക്തി ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ ഫലമായി മദ്യത്തിന്റെ ഉപഭോഗത്തിൽ കുറവ് ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) മദ്യം, മയക്കുമരുന്ന്, പുകയില തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം കുട്ടികളിൽ ഭീതിജനകമായ വിധത്തിൽ കൂടിവരുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 യാർഡ് ചുറ്റളവിൽ പുകയില ഉല്പന്നങ്ങളുടെ വില്പന നിരോധിച്ചിട്ടുള്ളത് കർശനമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) നക്ഷത്ര ഹോട്ടലുകളോട് അനുബന്ധിച്ചുള്ള ബാറുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 50 യാർഡ് ദൂരപരിധിയിൽ അനുവദിക്കാം എന്ന നിബന്ധന കൊണ്ടുവരുവാനുള്ള കാരണം എന്താണ്;വിശദമാക്കുമോ;

(എഫ്) ലഹരി മുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ഇത്തരം നടപടികൾ എപ്രകാരം സഹായകരമാകും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സമൂഹത്തിന്റെ സമസ്ത മേഖലകളിലും വ്യാപരിക്കുന്ന വിപത്തായി മാറിയിട്ടുള്ള മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപയോഗം കുറച്ചുകൊണ്ടുവരുന്നതിനും നിയമവിരുദ്ധമായി ലഹരി വസ്തുക്കൾ കൈകാര്യം ചെയ്യുന്നത് കണ്ടെത്തി ഇല്ലായ്മ ചെയ്യുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും ശക്തിപ്പെടുത്താനുമാണ് 'വിമുക്തി' മിഷൻ ലക്ഷ്യമാക്കുന്നത്. നിരന്തരമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തി ലഹരിയുടെ നീരാളിപ്പിടുത്തത്തിൽനിന്നും മോചിപ്പിക്കുക എന്നത് കേരള സംസ്ഥാന ലഹരി വർജ്ജന മിഷന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്.

മദ്യ-മയക്കുമരുന്ന്-പുകയില ഉൽപ്പന്നങ്ങളുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിനുമായി ബഹുജന പങ്കാളിത്തത്തോടുകൂടി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ഡി-അഡിക്ഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും ചെയ്യുകയെന്നതും വിമുക്തി പദ്ധതിയിൽ ഉൾപ്പെടുന്നു.

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ 2017 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കെ.എസ്.ബി.സി.യുടെ മദ്യവിൽപ്പനയും മുൻവർഷത്തെ ഇതേ കാലയളവിലെ മദ്യവിൽപ്പനയും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിൽപ്പനയിൽ 121000 കെയ്സുകളുടെ കുറവും ബിയറിന്റെ വിൽപ്പനയിൽ 3050000 കെയ്സുകളുടെ കുറവുമുണ്ടായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) സ്വീകരിക്കും. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിനുള്ളിൽ പുകയില ഉല്പന്നങ്ങളുടെ വിൽപ്പന നിരോധിച്ചിട്ടുണ്ട്. മയക്കുമരുന്നുകളുടെയും ലഹരിവസ്തുക്കളുടെയും ഉൽപ്പാദനം, വിപണനം, ഉപയോഗം എന്നിവ നിയമപ്രകാരം നിരോധിച്ചിട്ടുണ്ട്. ജുവനൈൽ ജസ്റ്റീസ് (Care and Protection of Children) ആക്ട്, 2015 വകുപ്പ് 77, 78 പ്രകാരം പ്രായപൂർത്തിയാകാത്തവർക്ക് മദ്യം, ലഹരിമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ തുടങ്ങിയവ വിൽപ്പന

നടത്തുന്നവർക്കും പ്രേരണ നൽകുന്നവർക്കും കഠിനമായ ശിക്ഷയാണ് പ്രതിപാദിക്കുന്നത്. യുവാക്കളിലും കുട്ടികളിലും മദ്യം, മയക്കുമരുന്ന്, പുകയില തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് തടയാൻ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ഇ) 4 സ്റ്റാറിനും മുകളിലും ക്ലാസിഫിക്കേഷനുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസിന് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്തുനിന്നുമുള്ള ദൂരപരിധി 50 മീറ്ററായി കുറച്ചിട്ടുണ്ട്. വിദേശ ടൂറിസ്റ്റ് സഞ്ചാരികൾക്ക് പരമാവധി സൗകര്യങ്ങൾ ഒരുക്കുക എന്നത് ലക്ഷ്യമാക്കിയാണ് ഈ നിബന്ധന കൊണ്ടുവന്നത്

(എഫ്) യുവാക്കളിലും കുട്ടികളിലും മദ്യം, മയക്കുമരുന്ന്, പുകയില തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് തടയാൻ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളോടൊപ്പം ലഹിരക്കെതിരെയുള്ള വൈവിദ്ധ്യമാർന്ന ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. ലഹരി വിരുദ്ധ ക്ലബ്ബുകൾ, എസ്.പി.സി., എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ, വിദ്യാർത്ഥി-യുവജന-മഹിളാ-സന്നദ്ധ സംഘടനകളുടെ പങ്കാളിത്തത്തോടും സഹകരണത്തോടുംകൂടി "ലഹരി മുക്ത കേരളം" എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി വിദ്യാർത്ഥികളിലും യുവജനങ്ങളിലും പൊതുസമൂഹത്തിലും ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. സ്കൂൾ പരിസരങ്ങളിൽ ലഹരിവസ്തുക്കളുടെ വിപണനവും ഉപഭോഗവും നിരോധിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## ക്ലീൻ ക്യാമ്പസ് സേഫ് കാമ്പസ് പദ്ധതി

327 (T*1100) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്കിടയിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപഭോഗവും അതുമായി ബന്ധപ്പെട്ട ഗുരുതരമായ സാമൂഹികവിപത്തും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി നിലവിലുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തനം വിശദമാക്കുമോ;

(സി) ഈ പദ്ധതിക്കായി 2017-ലെ ബജറ്റിൽ തുക വകയിരുത്തിയിരുന്നോ; വിശദാംശം നൽകുമോ?

---

* 'T ' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) ഉണ്ട്. വിദ്യാർത്ഥികൾക്കിടയിലെ മയക്കമരുന്ന് ഉപഭോഗവും അതുമായി ബന്ധപ്പെട്ട ഗുരുതരമായ സാമൂഹികവിപത്തും തടയുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും ശക്തിപ്പെടുത്തുന്നതും ലക്ഷ്യമിട്ട് 06.10.2016 തീയതിയിലെ സ.ഉ.94/16/നി.വ. പ്രകാരം 'വിമുക്തി' മിഷൻ രൂപീകരിച്ചിട്ടുണ്ട്. അതിന്റെ ആഭിമുഖ്യത്തിൽ എക്സൈസ് വകുപ്പ് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

(ബി) ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി ഇപ്പോൾ നിലവിലില്ല.

(സി) 2017-18 സാമ്പത്തിക വർഷത്തിൽ ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതിക്കായി തുക വകയിരുത്തിയിട്ടില്ല.

## എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം

328 (1101) <u>ശ്രീ. പി. ടി. തോമസ് :</u>

<u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന് കീഴിലുള്ള എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് കൂടുതൽ ബാറുകൾക്ക് പ്രവർത്തനാനുമതി നൽകിയ സാഹചര്യത്തിൽ എക്സൈസ് ഫീൽഡ് ഓഫീസുകൾ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്റ്റർ ചെയ്ത അബ്കാരി കേസ്സുകളിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) എക്സൈസ് ചെക്ക്പോസ്റ്റുകൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; എല്ലാ ചെക്ക്പോസ്റ്റുകളിലും സി. സി. ടി. വി. ക്യാമറകൾ സ്ഥാപിക്കുന്നതിനും അവ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. 2016 ജൂൺ മുതൽ 2017 ഡിസംബർ വരെയുള്ള കാലയളവിൽ എക്സൈസ് വകുപ്പ് 37605 അബ്കാരി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കാലയളവിൽ പ്രതിമാസം ശരാശരി 1980 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുൻപ് ഒരു വർഷത്തെ കാലയളവിൽ ശരാശരി 1460 അബ്കാരി കേസ്സുകളാണ് രജിസ്റ്റർ ചെയ്തിരുന്നത്.

(ഡി) എക്സൈസ് ചെക്ക്പോസ്റ്റുകൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി 10 ചെക്ക്പോസ്റ്റുകളിൽ കമ്പ്യൂട്ടറുകൾ സ്ഥാപിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റുകളിൽ ഡസ്റ്റ് മാസ്കുകൾ, കുടകൾ, ട്രാഫിക് കോണുകൾ, ഫ്ലൂറസെന്റ് ജാക്കറ്റുകൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. രാത്രികാലങ്ങളിൽ വാഹന പരിശോധന സുഗമമായി നടത്തുന്നതിലേയ്ക്കായി 25 ചെക്ക്പോസ്റ്റുകളിൽ ഹൈമാസ്റ്റ് ലൈറ്റുകളും വൈദ്യുതീകരിച്ചിട്ടില്ലാത്ത 2 ചെക്ക്പോസ്റ്റുകളിൽ സോളാർ ലൈറ്റിംഗ് സിസ്റ്റവും സ്ഥാപിച്ചിട്ടുണ്ട്. 20 ചെക്ക്പോസ്റ്റുകളുടെ ഉപയോഗത്തിനായി 20 മോട്ടോർ ബൈക്കുകൾ വിതരണം ചെയ്തിട്ടുണ്ട്. കേരളത്തിലെ 14 ചെക്ക്പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുള്ള സി.സി.ടി.വി. ക്യാമറകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

**വിമുക്തി പദ്ധതി**

329 (1102) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ലഹരി നിർമ്മാർജ്ജന മിഷന്റെ കീഴിൽ നടപ്പിലാക്കുന്ന വിമുക്തി പദ്ധതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ലഹരിക്കെതിരെ പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്താനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കാനും ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ലക്ഷ്യമിട്ട് 6-10-2016-ലെ ജി.ഒ. (എം.എസ്.) നമ്പർ 94/2016/നി.വ. സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ഘടന, ലക്ഷ്യം, സംഘാടനം, എങ്ങനെ നടപ്പിലാക്കുന്നു, പ്രവർത്തനം എന്നീ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഘടന:- സംസ്ഥാനതലത്തിൽ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ചെയർമാനും എക്സൈസ് വകുപ്പുമന്ത്രി വൈസ് ചെയർമാനും നികുതി വകുപ്പ് സെക്രട്ടറി കൺവീനറും ആരോഗ്യം, തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം, ധനകാര്യം, ടൂറിസം, കായിക-യുവജനക്ഷേമം, പട്ടികജാതി പട്ടികവർഗ്ഗ വികസനം, സാംസ്കാരികകാര്യം, മത്സ്യബന്ധനം, വകുപ്പുമന്ത്രിമാർ, ചീഫ് സെക്രട്ടറി, കലാ-സാംസ്കാരിക-സാഹിത്യ-സന്നദ്ധ സംഘടനാ പ്രതിനിധികൾ, സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്, അഡ്വക്കേറ്റ് ജനറൽ, കേരള പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് എന്നിവർ മെമ്പർമാരായുള്ള ഗവേണിംഗ് ബോഡിയും എക്സൈസസ് വകുപ്പുമന്ത്രി ചെയർമാനും എക്സൈസ് കമ്മീഷണർ കൺവീനറുമായുള്ള സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ കൺവീനറുമായുള്ള ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുള്ളതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും വാർഡുതലത്തിലും വിമുക്തിയുടെ കമ്മിറ്റികൾ ഉണ്ടായിരിക്കും.

ലക്ഷ്യം:- യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തി വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയെന്നതാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷന്റെ പരമപ്രധാനമായ ലക്ഷ്യം.

സംഘാടനം:- സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എസ്.പി.സി., എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവയുടെ പങ്കാളിത്തത്തോടുകൂടി ലഹരിമുക്ത കേരളം സൃഷ്ടിക്കുകയെന്നതാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വിവിധ ജില്ലകളിൽ വിമുക്തി പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നതിനുവേണ്ടി മന്ത്രിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓരോ ജില്ലയിലെയും വിമുക്തിയുടെ പ്രവർത്തനം അതത് ജില്ലയിൽ ചുമതലപ്പെടുത്തിയിട്ടുള്ള മന്ത്രിയുടെ നിരീക്ഷണത്തിൻ കീഴിൽ നടത്തപ്പെടുന്നു.

എങ്ങനെ നടപ്പിലാക്കുന്നു:- കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പിന് കീഴിലെ അവെയർനെസ്സ് പ്രോഗ്രാം കോ-ഓർഡിനേഷൻ വിംഗിന്റെ കീഴിലുള്ള ഉദ്യോഗസ്ഥ സംവിധാനവും സൗകര്യങ്ങളും ഉപയോഗിച്ചാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

ലഹരി വർജ്ജന മിഷന്റെ മാർഗ്ഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ, ഓഫീസ് സംവിധാനം ആരംഭിക്കൽ, മറ്റ് ഭരണതല ചെലവുകൾ എന്നിവ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലൂടെ വിൽപ്പന നടത്തുന്ന മദ്യത്തിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള 5% പുനരധിവാസ സെസ് ഇനത്തിൽ സമാഹരിക്കുന്ന തുകയിൽ നിന്നുമാണ് ഉപയോഗിക്കുന്നത്.

<u>പ്രവർത്തനം:</u>- തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും ജില്ലാതലത്തിലും രൂപീകരിക്കുന്ന കമ്മിറ്റികൾ മാസംതോറും വിമുക്തിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. സംസ്ഥാന സമിതി 3 മാസത്തിലൊരിക്കൽ പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നതാണ്.

സാമൂഹിക ക്രിയാത്മകമായ ചുവടുവയ്പുകൾ, സ്കൂൾ-കോളേജ് വിദ്യാഭ്യാസ സ്ഥാപനതല പ്രവർത്തനങ്ങൾ, വിവര വ്യാപന സംവിധാനങ്ങൾ, മദ്യവും മയക്കുമരുന്നും ഉപയോഗിച്ചു തുടങ്ങിയവർക്കുള്ള തിരുത്തൽ പ്രക്രിയ, നിയമവിരുദ്ധ ലഹരി ഉൽപ്പന്നങ്ങളുടെ ലഭ്യതയും വിതരണവും ഇല്ലാതാക്കൽ ഉദ്ദേശിച്ചുള്ള പ്രവർത്തനങ്ങൾ, പുനരധിവാസം എന്നിവയാണ് വിമുക്തി പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ.

(ബി) സ്കൂൾ-കോളേജ് തലത്തിൽ ലഹരി ഉപയോഗത്തിനെതിരെ ബോധവൽക്കരണം നടത്തുന്നതിനായി ക്വിസ് മത്സരം, ചിത്രരചനാ മത്സരം, നാടകരചനാ മത്സരം മുതലായവ സംഘടിപ്പിക്കുന്നുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുകളുള്ള സ്കൂളുകൾക്കും കോളേജുകൾക്കും ഓണറേറിയവും പ്രവർത്തന ഫണ്ടും നൽകിവരുന്നുണ്ട്. ജൂൺ 26 അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് മികച്ച സന്നദ്ധ സംഘടന, സന്നദ്ധ സംഘടനാ പ്രവർത്തകൻ, മികച്ച സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബ്, ക്ലബ്ബ് അംഗങ്ങൾ എന്നിവർക്ക് അവാർഡ് വിതരണം നടത്തുന്നുണ്ട്. ബോധവൽക്കരണത്തിന്റെ ഭാഗമായി എഫ്.എം. റേഡിയോവഴി ബോധവൽക്കരണ പരസ്യം പ്രക്ഷേപണം ചെയ്യുന്നുണ്ട്. തൃശ്ശൂർ പൂരം, ഉത്രാളിക്കാവ് പൂരം, ബീമാപ്പള്ളി ഉറൂസ്, ആറ്റുകാൽ പൊങ്കാല, വെട്ടുകാട് പള്ളി തിരുന്നാൾ എന്നിവയോടനുബന്ധിച്ച് ബോധവൽക്കരണ സ്റ്റാളുകൾ പ്രവർത്തിപ്പിച്ചിട്ടുണ്ട്.

## കുട്ടികളിലെ ലഹരി ഉപയോഗം തടയൽ

330 (1103) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കുട്ടികളിൽ കണ്ടുവരുന്ന ലഹരി ഉപയോഗം നിർമ്മാർജ്ജനം ചെയ്യുന്നതിന് ഈ സർക്കാർ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ലഹരി മാഫിയകളെ അമർച്ച ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ലഹരി വിമുക്ത കേരളം സൃഷ്ടിക്കുന്നതിനായി ഭാവിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) ലഹരി മാഫിയകളുമായി ബന്ധപ്പെട്ട് കഴിഞ്ഞ 2 വർഷം എടുത്തിട്ടുള്ള കേസുകൾ എത്രയൊക്കെയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കുട്ടികളിൽ ലഹരി ഉപയോഗം നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി ' വിമുക്തി' മിഷന്റെ ഭാഗമായി സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ലഹരി വിരുദ്ധ സന്ദേശം കുട്ടികളിൽ എത്തിക്കുന്നതിന്റെ ഭാഗമായി കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് കയ്യെഴുത്ത് മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന, ഉപന്യാസ രചന, ചിത്ര രചന തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കുകയും ബോധവൽക്കരണ സന്ദേശം പകർന്നു നൽകുന്ന തെരുവുനാടകം, കയ്യുറപാവ നാടകം തുടങ്ങിയ കലാരൂപങ്ങൾ സ്കൂളുകളിലും അവതരിപ്പിച്ചുവരുന്നു. എക്സൈസ് കമ്മീഷണർ നേരിട്ട് 500-ൽപ്പരം വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലാസ്സുകൾ നടത്തുകയുണ്ടായി.

(ബി) എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുകയും ലഹരി വിരുദ്ധ ക്ലബ്ബുകൾ സ്കൂൾ - കോളേജ് തലത്തിലും വാർഡ് തലത്തിൽ വിമുക്തി മിഷന്റെ ഭാഗമായി കമ്മിറ്റികൾ കൂടിയും വിവരശേഖരണം നടത്തിയും ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നു.

(സി) വിമുക്തി മിഷന്റെ ഭാഗമായി ജില്ല, പഞ്ചായത്തുതല വാർഡ് സമിതികൾ രൂപീകരിച്ച് ശക്തമായ ബോധവൽക്കരണ പരിപാടികൾ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളുടെ സഹായത്തോടുകൂടി നടപ്പിലാക്കും. ഇതോടൊപ്പം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കും. സിനിമാ തിയേറ്ററിലൂടെയുള്ള ലഹരിക്കെതിരെ സന്ദേശം പ്രചരിപ്പിക്കുന്ന പരസ്യം പ്രക്ഷേപണം ചെയ്യുന്നതാണ്. ഡിജിറ്റൽ മീഡിയ ക്യാംപയിൻസ് (വാട്സ്-ആപ്പ്,

ഫെയ്സ് ബുക്ക്, ട്വിറ്റർ, ഇൻസ്റ്റാഗ്രാം) സോഷ്യൽ മീഡിയകളിലൂടെ ഐ&പി.ആർ.ഡി. സഹകരണത്തോടെ വിമുക്തി മിഷന്റെ സന്ദേശം പൊതുജനങ്ങളിലെത്തിക്കുന്നതിന് നടപടി സ്വീകരിക്കും. പരസ്യങ്ങൾ, ആൽബങ്ങൾ, വീഡിയോകൾ, അനിമേഷൻ മുതലായവ തയ്യാറാക്കി വിമുക്തി മിഷന്റെ സന്ദേശം പ്രചരിപ്പിക്കും.

(ഡി) 2016 വർഷത്തിൽ 2985 കേസ്സുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചു. 2017 വർഷത്തിൽ 5946 കേസ്സുകൾ കണ്ടെടുത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഹോട്ടലുകളിൽ ബിയർ ഉല്പാദന യൂണിറ്റുകൾ

331(1104) ശ്രീ. കെ. സി. ജോസഫ്:

ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിൽ ബിയർ ഉല്പാദന യൂണിറ്റുകൾ തുടങ്ങുവാൻ എക്സൈസ് വകുപ്പ് ശുപാർശ നൽകിയിട്ടുണ്ടോ;

(ബി) ഇത്തരം ഒരു ശുപാർശ നൽകുവാൻ വകുപ്പ് തീരുമാനിച്ചത് ഏതെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലാണോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) മദ്യത്തിനെതിരെയുള്ള സർക്കാരിന്റെ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് എക്സൈസ് വകുപ്പാണോ;

(ഡി) എങ്കിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന വകുപ്പ് തന്നെ ഹോട്ടലുകളിൽ ബിയർ ഉല്പാദന യൂണിറ്റുകൾ തുടങ്ങുന്നതിന് ശുപാർശ നൽകി സംസ്ഥാനത്ത് മദ്യ ഉപഭോഗം കൂട്ടുന്നതിനുള്ള നടപടി സ്വീകരിച്ചത് വിശദീകരിക്കുമോ?

ഉത്തരം

(എ & ബി) ഹോട്ടലുകളിൽ തുടങ്ങാവുന്ന മൈക്രോ ബ്രൂവറിയെപ്പറ്റി പഠനം നടത്തി എക്സൈസ് കമ്മീഷണർ ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് സർക്കാർ അന്തിമതീരുമാനം എടുത്തിട്ടില്ല.

(സി) അതെ. ഇതിലേയ്ക്കായി 'വിമുക്തി' കേരള ലഹരി വർജ്ജന മിഷൻ രൂപീകരിച്ചിട്ടുണ്ട്.

(ഡി) മദ്യവർജ്ജനമാണ് സർക്കാർ ലക്ഷ്യമിടുന്നത്, മദ്യനിരോധനമല്ല ഈ സർക്കാരിന്റെ നയം. മദ്യത്തിന്റെ ഉൽപ്പാദനമോ വിതരണമോ ഉപഭോഗമോ നിരോധിക്കാൻ ഉദ്ദേശിക്കുന്നുമില്ല. മദ്യത്തിന്റെ വിതരണവും ഉൽപ്പാദനവും എക്സൈസ് വകുപ്പിന്റെ കർശന നിയന്ത്രണത്തിലാണ് ഇപ്പോൾ നടന്നുവരുന്നത്. ആയതിനാൽ ലഹരി വർജ്ജനം പ്രോത്സാഹിപ്പിക്കുന്ന എക്സൈസ് വകുപ്പ് മദ്യ ഉപഭോഗം കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

**കഞ്ചാവിന്റെയും മയക്കുമരുന്നുകളുടെയും ഉപയോഗം തടയൽ**

332 (1105) <u>ശ്രീ. പി. ഉബൈദുള്ള:</u>

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി:</u>

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യ വ്യാപാരത്തിലെ നിയന്ത്രണങ്ങൾ നീക്കിയിട്ടും കഞ്ചാവിന്റെയും മയക്കുമരുന്നുകളുടെയും ഉപയോഗം വൻ തോതിൽ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് ഫലപ്രദമായി തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവന്ന് വിപണനം നടത്തുന്നതായാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. കിഴക്ക്, വടക്ക്-കിഴക്ക് സംസ്ഥാനങ്ങളുടെ വനമേഖലകളിൽ ഉത്പാദിപ്പിക്കുന്ന കഞ്ചാവ് തമിഴ്നാടിന്റെ കേരള സംസ്ഥാന അതിർത്തി പ്രദേശത്ത് സംഭരിച്ച് ചെറിയ അളവിൽ റോഡ് മാർഗ്ഗവും കാൽനടയായും റെയിൽ മാർഗ്ഗവും കേരളത്തിലേക്ക് കടത്തുന്ന പ്രവണതയാണ് കണ്ടുവരുന്നത്. അന്യസംസ്ഥാനങ്ങളിൽ നിന്നും കടത്തിക്കൊണ്ടുവരുന്ന സംഘങ്ങൾ പ്രവർത്തിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. വിവിധ

സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുടെ ഏകോപനവും സഹകരിച്ചുള്ള പ്രവർത്തനവും ഉറപ്പുവരുത്തുന്നതിന് വകുപ്പുകൾ തമ്മിലുള്ള യോഗങ്ങൾ സംഘടിപ്പിച്ച് ചർച്ചകൾ നടത്തിവരുന്നു. വിവരങ്ങൾ പരസ്പരം കൈമാറുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്- കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നു. കൂടാതെ അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തുകയും എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തുകയും ചെയ്യുന്നു. ചെക്ക്പോസ്റ്റുകൾ മറികടന്ന് സമാന്തരപാതകളിലൂടെ കള്ളക്കടത്ത് നടത്താൻ സാധ്യതയുള്ള റോഡുകളിൽ വാഹനപരിശോധന കർശനമാക്കിയിട്ടുള്ളതും ദേശീയപാതകളിൽ വാഹനപരിശോധന നടത്തി വരുന്നതുമാണ്.

ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ അടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെകൂടിസഹകരണത്തോടെ ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കാനും ലക്ഷ്യമിട്ടാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ, " വിമുക്തി" എന്ന ബോധവൽക്കരണ മിഷന് സർക്കാർ രൂപം നൽകിയിട്ടുള്ളത്.

**എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റത്തിന് മാനദണ്ഡം**

333 (1106) ശ്രീ. ഹൈബി ഈഡൻ:

ശ്രീ. വി.എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റത്തിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) എക്സൈസ് വകുപ്പിൽ പ്രിവന്റീവ് ഓഫീസർ/എക്സൈസ് ഇൻസ്പെക്ടർ കേഡറിൽ ബോർഡ് യൂണിറ്റിൽ 3 വർഷം പൂർത്തിയാക്കാത്തവരെ സ്ഥലം മാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ ആറുമാസത്തിനുള്ളിൽ ഇപ്രകാരം നടത്തിയ സ്ഥലം മാറ്റങ്ങളുടെ വിശദാംശം നൽകുമോ;

(സി) എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റങ്ങൾക്ക് എക്സ്സൈസ് വകുപ്പിലെ ജില്ലാ ഓഫീസർമാരുടെ അഭിപ്രായങ്ങൾ പരിഗണിക്കാറുണ്ടോ;

(ഡി) എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ സ്ഥലം മാറ്റത്തിന് ബോർഡ് സർവ്വീസ് നിഷ്കർഷിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് ചട്ടപ്രകാരമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റത്തിന് പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. എന്നാൽ എക്സൈസ് വകുപ്പിലെ സ്പെഷ്യൽ യൂണിറ്റിൽ കേരള എക്സൈസ് & പ്രൊഹിബിഷൻ സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ചട്ടം 10 പ്രകാരം സീനിയോറിറ്റി അനുസരിച്ച് കുറഞ്ഞത് 3 വർഷം ജോലി നോക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ എക്സൈസ് ചെക്ക് പോസ്റ്റുകളിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അഴിമതി വിമുക്തമാക്കുന്നതിനും എക്സൈസ് ഇൻസ്പെക്ടർ, പ്രിവന്റീവ് ഓഫീസർ, സിവിൽ എക്സൈസ് ഓഫീസർ കേഡറിലെ ഉദ്യോഗസ്ഥരുടെ ചെക്ക്പോസ്റ്റ് ഡ്യൂട്ടി കാലാവധി 6 മാസമായി ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ഒന്നിൽ കൂടുതൽ ചെക്ക്പോസ്റ്റുള്ള ജില്ലകളിൽ സിവിൽ എക്സൈസ് ഓഫീസർ, പ്രിവന്റീവ് ഓഫീസർ കേഡറിലെ ഉദ്യോഗസ്ഥരെ 3 മാസത്തിൽ കൂടുതൽ ഒരു ചെക്ക്പോസ്റ്റിൽത്തന്നെ ജോലി നോക്കാൻ അനുവദിക്കുന്നതല്ല. ആയതിനാൽ ഒരു ടേൺ ഡ്യൂട്ടി പൂർത്തിയാക്കുന്നവരെ അടുത്ത മാസത്തിൽ മറ്റൊരു ചെക്ക്പോസ്റ്റിൽ മാറ്റി നിയമിക്കുന്നതാണ്.

(ബി) പ്രിവന്റീവ് ഓഫീസർമാരെ സ്ഥലം മാറ്റിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) ഉണ്ട്.

(ഡി) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനു നടപടി

334 (1107) ശ്രീ. റോജി എം. ജോൺ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമവും, അഴിമതി മുക്തവുമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) എക്സൈസ് വകുപ്പിലെ മേജർ കേസ്സുകളുടെ അന്വേഷണം സമയബന്ധിതമായി തീർപ്പാക്കുന്നതിന് ക്രൈം ബ്രാഞ്ച് വിഭാഗം രൂപീകരിച്ചിട്ടുണ്ടോ;

(സി) എക്സൈസ് അക്കാദമി നവീകരിക്കുന്നതിനും ജീവനക്കാർക്ക് കാലോചിതമായ പരിശീലനം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എക്സൈസ് വകുപ്പിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഇ) വനിതാ ജീവനക്കാരെ കൂടുതൽ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) എക്സൈസ് വകുപ്പിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേക്കായി പുതിയ 12 ബൊലേറോ ജീപ്പുകളും അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)-ന് പുതിയ ഇന്നോവ ക്രിസ്റ്റ വാഹനവും ലഭ്യമാക്കിയിട്ടുണ്ട്. വകുപ്പിൽ പൂർണ്ണമായി ഇ-ഓഫീസ് സിസ്റ്റം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി എക്സൈസ് ഹെഡ് ക്വാർട്ടേഴ്സിൽ ഇ-ഓഫീസ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)-ന്റെ ഓഫീസിലും 3 മേഖലാ ഓഫീസുകൾ, 7 ഡിവിഷൻ ഓഫീസുകൾ എന്നിവിടങ്ങളിലും ഇ-ഓഫീസ് സിസ്റ്റം നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ എല്ലാ റേഞ്ച് ഓഫീസുകളിലും കമ്പ്യൂട്ടറുകൾ സജ്ജീകരിച്ചിട്ടുണ്ട്. എക്സൈസ് അക്കാദമിക്കായും ബോധവത്കരണ പ്രവർത്തനങ്ങൾക്കായും ഓരോ ബസുകൾ ലഭ്യമാക്കിയിട്ടുണ്ട്.

വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ പട്രോളിംഗ് സ്ക്വാഡിന് രൂപം നൽകുകയും 100 സ്കൂട്ടറുകൾ സ്ക്വാഡിന്റെ ഉപയോഗത്തിനായി നൽകിയിട്ടുമുണ്ട്.

എക്സൈസ് ചെക്ക്പോസ്റ്റുകൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി 10 ചെക്ക്പോസ്റ്റുകളിൽ കമ്പ്യൂട്ടറുകൾ സജ്ജീകരിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റിൽ വാഹനപരിശോധന സുഗമമാക്കുന്നതിലേക്കായി എല്ലാ ചെക്ക്പോസ്റ്റുകളിലും ഡസ്റ്റ് മാസ്കുകൾ, കുടകൾ, ട്രാഫിക് കോണുകൾ, ഫ്ലൂറസെന്റ് ജാക്കറ്റുകൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. രാത്രികാലങ്ങളിൽ വാഹന പരിശോധന സുഗമമായി നടത്തുന്നതിലേക്കായി 25 ചെക്ക്പോസ്റ്റുകളിൽ ഹൈമാസ്റ്റ് ലൈറ്റുകളും വൈദ്യുതിയില്ലാത്ത 2 ചെക്ക്പോസ്റ്റുകളിൽ സോളാർ ലൈറ്റിംഗ് സിസ്റ്റവും നടപ്പിലാക്കിയിട്ടുണ്ട്. 20 ചെക്ക്പോസ്റ്റുകളിലേക്കായി 20 ഇരുചക്രവാഹനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

ചെക്ക്പോസ്റ്റുകൾ സുതാര്യമാക്കുന്നതിലേക്കായി ചെക്ക്പോസ്റ്റുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ലൈസൻസുള്ള സ്ഥാപനങ്ങളിൽ നിന്ന് രാസപരിശോധനയ്ക്കായി സാമ്പിൾ ശേഖരിക്കുന്നതിലേക്കായി 3 മേഖലകളിലുമായി ഓരോ മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബുകൾ രൂപീകരിച്ചു. വകുപ്പിൽ നൽകിവരുന്ന പ്രധാന സേവനങ്ങളിൽ എഫ്.എൽ.3, എഫ്.എൽ.11 ലൈസൻസ് ഉൾപ്പെടെ 17 സർവ്വീസുകൾ ഓൺലൈനിലാക്കിയിട്ടുണ്ട്.

(ബി) ഇല്ല

(സി) ഉണ്ട്

(ഡി) പരിശോധിച്ചുവരുന്നു.

(ഇ) പരിശോധനയിലാണ്.

## എക്സൈസ് ഇൻസ്പെക്ടർമാരുടെ സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങൾ

335 (1108) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് ഇൻസ്പെക്ടർമാരുടെ സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) എക്സൈസ് ഇൻസ്പെക്ടർമാരുടെ സ്ഥലംമാറ്റം നടത്തിക്കൊണ്ടുള്ള

എക്സൈസ് കമ്മീഷണറുടെ ഉത്തരവ് അവസാനമായി ഇറങ്ങിയത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ഉത്തരവ് പ്രകാരം എത്ര ഇൻസ്പെക്ടർമാരെയാണ് സ്ഥലംമാറ്റിയതെന്നും മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ഇ) ഒരു വർഷമെങ്കിലും സർക്കിൾ ഓഫീസിലും രണ്ട് വർഷമെങ്കിലും റേഞ്ച് ഓഫീസിലും സേവനമനുഷ്ഠിച്ച ഇൻസ്പെക്ടർമാരെയാണ് സാധാരണഗതിയിൽ സ്ഥലംമാറ്റുക എന്നത് ശരിയാണോ;

(എഫ്) എങ്കിൽ കമ്മീഷണറുടെ അവസാനമിറങ്ങിയ ഉത്തരവ് പ്രകാരം ഈ പതിവിനു വിപരീതമായി ആരെയെങ്കിലും സ്ഥലംമാറ്റിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ജി) ഒരു സ്ഥലത്ത് നാലുമാസം സേവനമനുഷ്ഠിച്ചിട്ടുള്ള ഇൻസ്പെക്ടർമാരെയും സർവ്വീസിൽ നിന്ന് വിരമിക്കാൻ നാലുമാസം മാത്രം ബാക്കിയുള്ള ഇൻസ്പെക്ടർമാരെയും വിദൂരസ്ഥലത്തുള്ള ചെക്കുപോസ്റ്റിലേക്ക് മാറ്റി ഉത്തരവിറങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ അങ്ങനെ സ്ഥലം മാറ്റം ചെയ്യപ്പെട്ട ഇൻസ്പെക്ടർമാരുടെ പേരുവിവരവും സ്ഥലംമാറ്റത്തിനുള്ള കാരണവും വ്യക്തമാക്കാമോ;

<u>ഉത്തരം</u>

(എ) എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റത്തിന് പ്രത്യേക മാനദണ്ഡങ്ങൾ പൊതുവായി നിശ്ചയിച്ചിട്ടില്ല. എന്നാൽ എക്സൈസ് വകുപ്പിലെ സ്പെഷ്യൽ യൂണിറ്റിൽ കേരള എക്സൈസ് & പ്രൊഹിബിഷൻ സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ചട്ടം 10 പ്രകാരം സീനിയോറിറ്റി അനുസരിച്ച് കുറഞ്ഞത് 3 വർഷം സേവനം അനുഷ്ഠിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ എക്സൈസ് ചെക്ക്പോസ്റ്റുകളിലെ കാര്യക്ഷമതയ്ക്കും അഴിമതി വിമുക്തമാക്കുന്നതിനും എക്സൈസ് ഇൻസ്പെക്ടർ, പ്രിവന്റീവ് ഓഫീസർ, സിവിൽ എക്സൈസ് ഓഫീസർ കേഡറിലെ ഉദ്യോഗസ്ഥരുടെ ചെക്ക്പോസ്റ്റ് ഡ്യൂട്ടി കാലാവധി 6 മാസമായി ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ഒന്നിൽകൂടുതൽ ചെക്ക്പോസ്റ്റുള്ള ജില്ലകളിൽ സിവിൽ എക്സൈസ് ഓഫീസർ, പ്രിവന്റീവ് ഓഫീസർ കേഡറിലെ ഉദ്യോഗസ്ഥരെ 3 മാസത്തിൽ കൂടുതൽ ഒരു ചെക്ക്പോസ്റ്റിൽത്തന്നെ ജോലി നോക്കാൻ അനുവദിക്കുന്നതല്ല. ആയതിനാൽ ഒരു ടേൺ ഡ്യൂട്ടി പൂർത്തിയാക്കുന്നവരെ അടുത്ത 3 മാസത്തിൽ മറ്റൊരു ചെക്ക്പോസ്റ്റിൽ മാറ്റി നിയമിക്കുന്നതാണ്.

(ബി) എക്സൈസ് കമ്മീഷണറുടെ 3-1-2018-ലെ XD3-27878/17-ാം നമ്പർ ഉത്തരവ് പ്രകാരം എക്സൈസ് ഇൻസ്പെക്ടർമാരുടെ സ്ഥലമാറ്റ ഉത്തരവ് പുറപ്പെടുവിക്കുകയും 11-1-2018, 16-1-2018 തീയതികളിലെ ഉത്തരവുകൾ പ്രകാരം ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്.

(സി) പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ഡി) 73 എക്സൈസ് ഇൻസ്പെക്ടർമാരെ സ്ഥലം മാറ്റിയിട്ടുണ്ട്.

(ഇ) അല്ല.

(എഫ്) മുകളിൽ (ഇ) യുടെ ഉത്തരവിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(ജി) എക്സൈസ് വകുപ്പ് 3-1-2018-ൽ പുറപ്പെടുവിച്ച സ്ഥലമാറ്റ ഉത്തരവ് പ്രകാരം വിരമിക്കാൻ നാലുമാസം മാത്രം ബാക്കിയുള്ള ഇൻസ്പെക്ടർമാരെ സ്ഥലം മാറ്റിയിട്ടില്ല. എന്നാൽ പ്രസ്തുത ഉത്തരവ് പ്രകാരം ഒരു സ്ഥലത്ത് നാലുമാസം സേവനമനുഷ്ഠിച്ചിട്ടുള്ള ഒരു ഉദ്യോഗസ്ഥനെ സ്ഥലംമാറ്റിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

എക്സൈസ് ഇൻസ്പെക്ടർ ശ്രീ. നൂറുദ്ദീൻ. എച്ച്.-നെ എക്സൈസ് റേഞ്ച് ഓഫീസ് നൂറനാട് നിന്നും എക്സൈസ് ചെക്ക് പോസ്റ്റ് പിരായുംമൂടിലേക്ക് ടിയാന്റെ അപേക്ഷ പരിഗണിച്ച് സ്ഥലംമാറ്റം നൽകിയിട്ടുണ്ട്.

## ലഹരി മാഫിയകൾ

336 (1109) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പിയിൽ ലഹരി മരുന്ന് മാഫിയകൾ ഭീതിദമായ രീതിയിൽ വളർന്നു വരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ മാഫിയകളെ നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(സി) ഇതര സംസ്ഥാന തൊഴിലാളികളുടെ ബാഹുല്യം മേഖലയിൽ ലഹരി മരുന്നുകളുടെ കൂടുതൽ ഉപയോഗത്തിന് കാരണമാവുന്നുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പട്ടാമ്പിയിൽ ലഹരി മരുന്ന് വിൽപ്പന നിയന്ത്രിക്കുന്നതിനായി പട്ടാമ്പി ടൗൺ ഭാഗങ്ങളിലും റെയിൽവേ സ്റ്റേഷനിലും പരിസരങ്ങളിലും നിരവധി റെയ്ഡുകൾ നടത്തി 2017 വർഷം 13 എൻ.ഡി.പി.എസ്. കേസ്സുകൾ കണ്ടുപിടിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. തുടർന്നും ശക്തമായ പരിശോധന നടത്തിവരുന്നു.

(സി) ഇതര സംസ്ഥാന തൊഴിലാളികളുടെ മേഖലയിൽ ലഹരി മരുന്നുകളുടെ ഉപയോഗം സംബന്ധിച്ച പരാതികളുടെ അടിസ്ഥാനത്തിൽ നിരവധി റെയ്ഡുകൾ നടത്തി 350 കിലോഗ്രാം നിരോധിത പാൻമസാല കണ്ടെടുത്ത് കേസാക്കിയിട്ടുള്ളതാണ്. തുടർന്നും റെയ്ഡുകൾ ശക്തമായി നടത്തിവരുന്നു.

## വർദ്ധിച്ചു വരുന്ന ലഹരിമരുന്നുകളുടെ ഉപയോഗം

337 (1110) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ ഷോപ്പുകളിലും വൈദ്യശാലകളിലും ലഹരിക്ക് വേണ്ടി ഉപയോഗിക്കുന്ന പദാർത്ഥങ്ങൾ വിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ഹോസ്റ്റലുകൾ കേന്ദ്രീകരിച്ച് ലഹരിമരുന്നുകൾ വൻതോതിൽ വിറ്റഴിക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) ലഹരി മരുന്നുകൾ വിറ്റഴിക്കുന്നുവെന്ന് കണ്ടെത്തിയ ഹോസ്റ്റലുകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കൊല്ലം, തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകളിൽ മെഡിക്കൽ ഷോപ്പുകളിലും വൈദ്യശാലകളിലും ലഹരിക്കുവേണ്ടി ഉപയോഗിക്കുന്ന പദാർത്ഥങ്ങൾ വിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്നും അല്ലാതെയും എക്സൈസ് വകുപ്പ് പരിശോധനകൾ നടത്തിവരുന്നുണ്ട്. ലഹരി അടങ്ങിയ മരുന്നുകൾ വിൽപന നടത്തുന്നത് നിയമ പ്രകാരമാണോയെന്ന് രേഖകൾ പരിശോധിച്ച്

ബോദ്ധ്യപ്പെടുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വൈദ്യശാലകൾക്ക് എതിരെ കേസ്സെടുക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ സ്റ്റോറുകളിൽ ലഹരിക്കായി ഉപയോഗിക്കുന്ന മരുന്നുകൾ കുറിപ്പടികളില്ലാതെ നൽകുന്നത് തടയുന്നതിന് ബാലാവകാശ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെയും മെഡിക്കൽ സ്റ്റോർ ഉടമകളുടെയും പ്രതിനിധികളുടെ യോഗം വിളിച്ചുചേർത്ത് അവലോകനം നടത്തിയിട്ടുണ്ട്.

(ബി) കോളേജുകളോടനുബന്ധിച്ചുള്ള ഹോസ്റ്റലുകളിൽ കോളേജ് പ്രിൻസിപ്പലിന്റെയും അദ്ധ്യാപകരുടെയും നേതൃത്വത്തിൽ പരിശോധനകൾ നടത്തിവരുന്നുണ്ട്. ഇതുവരെയുള്ള പരിശോധനകളിൽ ഹോസ്റ്റലുകൾ കേന്ദ്രീകരിച്ച് ലഹരി മരുന്നുകൾ വിറ്റഴിക്കുന്നതിനായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ലഹരി മരുന്നുകൾ വിറ്റഴിക്കുന്ന ഹോസ്റ്റലുകൾ ഒന്നുംതന്നെ കണ്ടെത്തിയിട്ടില്ല.

## ലഹരിയുടെ ഉപയോഗത്തിൽ വർദ്ധനവ്

338 (1111) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാറുകൾ തുറന്നിട്ടും കഞ്ചാവിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം ഒട്ടും കുറഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബാറുകൾ പൂട്ടിയപ്പോൾ ഉണ്ടായതിനേക്കാൾ കൂടുതൽ ലഹരി വസ്തുക്കളുടെ ഉപയോഗം സംസ്ഥാനത്ത് നിലവിൽ കണ്ട് വരുന്നുണ്ടോ;

(സി) എങ്കിൽ ഇതു തടയുന്നതിന് കൈക്കൊണ്ട നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) ശിക്ഷയുടെ പോരായ്മ, കുറ്റക്കാർക്ക് എളുപ്പത്തിൽ ജാമ്യം ലഭിക്കുന്ന സാഹചര്യം, അമിതലാഭം എന്നിവ ഈ രംഗത്തുള്ളവർക്ക് പ്രചോദനമാകുന്നുണ്ടോ;

(ഇ) എങ്കിൽ കുറ്റക്കാർക്ക് അർഹമായ ശിക്ഷയും പിഴയും, തടവും ലഭിക്കത്തക്ക വിധം നിയമ ഭേദഗതി വരുത്തുന്ന കാര്യം പരിഗണിക്കുമോ?

### ഉത്തരം

(എ) കഞ്ചാവിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവന്ന് വിപണനം നടത്തുന്നതായാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. കിഴക്ക്, വടക്ക്-കിഴക്ക് സംസ്ഥാനങ്ങളുടെ വനമേഖലകളിൽ ഉത്പാദിപ്പിക്കുന്ന കഞ്ചാവ് തമിഴ്നാടിന്റെ കേരള സംസ്ഥാന അതിർത്തി പ്രദേശത്ത് സംഭരിച്ച് ചെറിയ അളവിൽ റോഡ് മാർഗ്ഗവും കാൽനടയായും റെയിൽ മാർഗ്ഗവും കേരളത്തിലേക്ക് കടത്തുന്ന പ്രവണതയാണ് കണ്ടുവരുന്നത്. അന്യസംസ്ഥാനങ്ങളിൽ നിന്നും കടത്തിക്കൊണ്ടുവരുന്ന സംഘങ്ങൾ പ്രവർത്തിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുടെ ഏകോപനവും സഹകരിച്ചുള്ള പ്രവർത്തനവും ഉറപ്പുവരുത്തുന്നതിന് വകുപ്പുകൾ തമ്മിലുള്ള യോഗങ്ങൾ സംഘടിപ്പിച്ച് ചർച്ചകൾ നടത്തുന്നതും വിവരങ്ങൾ പരസ്പരം കൈമാറുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നു.

(ഡി) എൻ.ഡി.പി.എസ്. ആക്ട് ഒരു കേന്ദ്ര നിയമമാണ്. ഒരു കിലോഗ്രാമിൽ താഴെ കഞ്ചാവ് കൈവശം വയ്ക്കുന്നവർക്ക് ജാമ്യം ലഭിക്കുന്ന തരത്തിൽ കേന്ദ്രനിയമം ഭേദഗതി ചെയ്തതുമൂലം ഒരു കിലോഗ്രാമിനുതാഴെ കഞ്ചാവ് വിൽപ്പനയ്ക്കായോ ഉപയോഗത്തിനായോ കൈവശംവച്ച കുറ്റത്തിന് പിടിക്കപ്പെടുന്നവർ ഉടൻതന്നെ ജാമ്യത്തിലിറങ്ങി സമാനമായ കുറ്റകൃത്യം ആവർത്തിക്കുന്നതിന് സാധ്യത കൂടുതലാണ്. ആയതുമൂലം കഞ്ചാവിന്റെ ലഭ്യത വർദ്ധിക്കുന്നതിനുള്ള സാഹചര്യം നിലനിൽക്കുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും ചെറിയ വിലയ്ക്ക് വാങ്ങുന്ന കഞ്ചാവ് ചെറിയ പൊതികളാക്കി പത്തിരട്ടി വരെ വിലയ്ക്ക് വിൽക്കുന്നതായി കണ്ടുവരുന്നുണ്ട്.

(ഇ) ടി കുറ്റകൃത്യങ്ങളിലേർപ്പെടുന്നവർക്കുള്ള ശിക്ഷ തുലോം കുറവായതിനാൽ കുറ്റകൃത്യങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ മയക്കുമരുന്നുകളുടെ വ്യാപനം തടയുന്നതിന് സഹായകരമാകുംവിധം കേന്ദ്ര നിയമമായ 1985-ലെ എൻ.ഡി.പി.എസ്. കാലോചിതമായി പരിഷ്കരിക്കാൻ കേന്ദ്രഗവൺമെന്റിലേക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

**അതിർത്തി കടന്ന് ലഹരിവസ്തുക്കൾ എത്തുന്നത് തടയാൻ നടപടി**

339 (1112) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർണാടകയിൽ നിന്നും അതിർത്തി കടന്ന് മാനന്തവാടിയിലേക്ക് ലഹരിവസ്തുക്കൾ എത്തുന്നത് എക്സൈസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനന്തവാടി എക്സൈസ് റേഞ്ചിന് കീഴിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) കേരള-കർണാടക അതിർത്തി ഗ്രാമമായ തോൽപ്പെട്ടിയിൽ എക്സൈസിന് സ്ഥിരം ചെക്ക്പോസ്റ്റ് ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തോൽപ്പെട്ടിയിൽ എക്സൈസ് ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനന്തവാടി എക്സൈസ് റേഞ്ചിന് കീഴിൽ 443 അബ്കാരി കേസുകളും 153 എൻ.ഡി.പി.എസ്. കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) തോൽപ്പെട്ടിയിൽ എക്സൈസ് ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**കോഴിക്കോട് നഗരത്തിലെ മയക്കുമരുന്ന് വ്യാപാരം**

340(1113) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് മയക്കുമരുന്ന് വ്യാപാരം വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ;

(സി) രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും ഉൾപ്പെടുത്തി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ഓരോ വിദ്യാലയത്തിലും മയക്കുമരുന്നിനെതിരെ സംരക്ഷണ സമിതി രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സ്കൂളുകളിലും കോളേജുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഇവിടങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കുകയും ബോധവൽക്കരണ ക്ലാസ്സുകളും മറ്റ് പരിപാടികളും നടത്തിവരികയും ചെയ്യുന്നുണ്ട്.

(സി) വിദ്യാർത്ഥികളിലെ ലഹരി ഉപയോഗ നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതിയടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടെ ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി"-യുടെ ആഭിമുഖ്യത്തിൽ ബൃഹത്തായ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**നിലമ്പൂർ മണ്ഡലത്തിൽ ഡിസ്പെൻസറി /ആരോഗ്യക്ലിനിക്കുകൾ**

341(1114)ശ്രീ. പി. വി. അൻവർ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന് കീഴിൽ ഡിസ്പെൻസറികൾ/ ആരോഗ്യ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) നിലമ്പൂർ മണ്ഡലത്തിൽ ഡിസ്പെൻസറി/ക്ലിനിക്ക് തുടങ്ങുന്നതിന് ആലോചിക്കുന്നുണ്ടോ; നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 9 ഇ.എസ്.ഐ. ആശുപത്രികളും 143 ഇ.എസ്.ഐ. ഡിസ്പെൻസറികളും പ്രവർത്തിക്കുന്നുണ്ട്.

(ബി) നിലമ്പൂരിൽ ഇ.എസ്.ഐ. ഡിസ്പെൻസറി പ്രവർത്തിക്കുന്നുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II അടിയന്തരപ്രമേയം

### ഓഖി ബാധിതരുടെ പ്രശ്നങ്ങൾ

മി. സ്പീക്കർ: റൂൾ 50 പ്രകാരം ഒരു നോട്ടീസ് ലഭിച്ചിട്ടുണ്ട്. ഒരു കാര്യം പ്രതിപക്ഷനേതാവിന്റെ കൂടി ശ്രദ്ധയിൽപ്പെടുത്താൻ ചെയർ ആഗ്രഹിക്കുകയാണ്. റൂൾ 52 (iv), (vi) എന്നിവ പ്രകാരം ഒരേ സമ്മേളനത്തിൽ ചർച്ചചെയ്ത ഒരു സംഗതിയെപ്പറ്റിയുള്ള ചർച്ച പ്രമേയം വഴി പുനരാരംഭിക്കാൻ പാടില്ല. പ്രമേയം പരിഗണനയ്ക്കായി നേരത്തെ നിശ്ചയിച്ചിട്ടുള്ള ഒരു സംഗതി മുൻകൂട്ടി അറിഞ്ഞുകൊണ്ടാകരുത്. സംഗതി മുൻകൂട്ടി അറിഞ്ഞ കാരണത്താൽ ചർച്ച ക്രമവിരുദ്ധമാണോ എന്ന് തീരുമാനിക്കുമ്പോൾ ന്യായമായ സമയത്തിനകം സഭ മുമ്പാകെ അപ്രകാരം മുൻകൂട്ടി അറിഞ്ഞ സംഗതി കൊണ്ടുവരുന്നതിനുള്ള സാദ്ധ്യത സ്പീക്കർ പരിഗണിക്കേണ്ടതാകുന്നു എന്നാണ് പറഞ്ഞിട്ടുള്ളത്. യഥാർത്ഥത്തിൽ ഇന്നലെ ഓഖി ദുരന്തവുമായി ബന്ധപ്പെട്ട ഒരു ശ്രദ്ധക്ഷണിക്കൽ ഇവിടെ അവതരിപ്പിക്കപ്പെട്ടു. അതിന് മുഖ്യമന്ത്രി വിശദമായി മറുപടി പറഞ്ഞു. അദ്ദേഹം ചട്ടം 300 പ്രകാരം ഒരു പ്രസ്താവന നടത്താൻ ചെയറിന്റെ അനുമതി ആവശ്യപ്പെട്ടു. ചെയർ അനുമതി നൽകി. ഇന്ന് ചട്ടം 300 പ്രകാരം പ്രസ്താവന നടത്താനിരിക്കുന്നതായി അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ അതേ വിഷയം വച്ചുകൊണ്ട് അടിയന്തരപ്രമേയം കൊണ്ടു വരുന്നത് ചട്ടങ്ങളുടെയും കീഴ്വഴക്കങ്ങളുടെയും അടിസ്ഥാനത്തിൽ ശരിയായ കാര്യമല്ല. അദ്ദേഹം ചട്ടം 300 പ്രകാരം ഇവിടെ പ്രസ്താവന നടത്താനിരിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരള നിയമസഭയിൽ അങ്ങയുടെ മുൻഗാമി ശ്രീ. എം. വിജയകുമാറിന്റെ സമയത്ത് രണ്ട് same instances ഉണ്ടായിട്ടുണ്ട്. 25-01-1999-ൽ റൂൾ 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് നമ്മുടെ സഭാനടപടികൾ നിലനിൽക്കുമ്പോൾ തന്നെ അതിനുമുമ്പുവന്ന നടപടിയുടെ ഭാഗമായി റൂൾ 50 ഉന്നയിക്കപ്പെട്ടാൽ അതിന്റെ public importance മനസ്സിലാക്കിക്കൊണ്ട് അനുവദിക്കാമെന്നാണ് റൂളിംഗ്. ശബരിമല ദുരന്തവുമായി ബന്ധപ്പെട്ട കാര്യമാണത്. ശബരിമല ദുരന്തവുമായി ബന്ധപ്പെട്ട കാര്യത്തിൽ അങ്ങയുടെ മുൻഗാമി നൽകിയിട്ടുള്ള റൂളിംഗ് അങ്ങ് റൂൾ ചെയ്യുന്നതിനുമുമ്പ് അങ്ങയുടെ ശ്രദ്ധയിൽ...

<u>മി.സ്പീക്കർ:</u> ചെയർ റൂൾ ചെയ്തിട്ടില്ല. അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയായിരുന്നു. വിശദമായ ഒരു പ്രസ്താവന സഭയിൽ വരാനിരിക്കുകയാണ്. അതുകൊണ്ട് ഇത് അനിവാര്യമാണോയെന്ന് അങ്ങയോട് ചോദിക്കുകയും അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയുമാണ് ചെയ്തത്.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, ഞാൻ അങ്ങയുടെ അറിവിനുവേണ്ടി പറയുകയാണ്.

<u>മി. സ്പീക്കർ:</u> സഭയിൽ എല്ലാ അംഗങ്ങളും അറിയണമല്ലോ ഇങ്ങനെയൊക്കെ നടക്കുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, റൂൾ 50 വന്നുകഴിഞ്ഞാൽ മറ്റ് ഏതിനെക്കാളും കൂടുതൽ പ്രയോറിറ്റി കൊടുക്കേണ്ടത് റൂൾ 50-നാണ്. ബഹുമാന്യനായ മുഖ്യമന്ത്രി നൽകുന്ന റൂൾ 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റിനെക്കാൾ പ്രയോറിറ്റി കിട്ടുന്നത് ഇതിനാണ്. അതുകൊണ്ട് ഞങ്ങളുടെ അടിയന്തരപ്രമേയം പരിഗണിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

<u>മി. സ്പീക്കർ:</u> ഓഖി ദുരന്തവുമായി ബന്ധപ്പെട്ട വിഷയത്തിൽ ഒരു തർക്കത്തിനോ വിവാദത്തിനോ ചെയറില്ല. പക്ഷെ, ഈ ചട്ടത്തെ സംബന്ധിച്ച് അങ്ങയെ ഓർമ്മപ്പെടുത്തുന്നു, സഭയെ അറിയിക്കുന്നു എന്നേയുള്ളൂ. വിശദമായ ഒരു പ്രസ്താവന ഇവിടെ വരാനിരിക്കുകയാണ് എന്ന് ഓർമ്മപ്പെടുത്തുകയാണ്. ഈ വിഷയം പരമപ്രധാനമാണെന്നുള്ളതുകൊണ്ട് അത് ഉപേക്ഷിക്കാൻ ചെയർ ഉദ്ദേശിക്കുന്നില്ല.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ):</u> സർ, പ്രതിപക്ഷനേതാവ് പറഞ്ഞതിനോട് ഞാൻ വിയോജിക്കുന്നില്ല. പക്ഷെ, റൂൾ 300 പ്രകാരം സ്റ്റേറ്റ്മെന്റ് നടത്തും എന്ന് അസംബ്ലിയിൽ പറഞ്ഞതിനുശേഷം അടിയന്തരപ്രമേയം എന്റെ ഓർമ്മയിൽ ഇവിടെ വന്നിട്ടില്ല. വളരെ കൃത്യമായി ഒരു സമ്മേളനത്തിൽ ചർച്ച ചെയ്ത സംഗതിയെപ്പറ്റിയുള്ള ചർച്ച ആ പ്രമേയംവഴി പുനരാരംഭിക്കാൻ പാടില്ലായെന്നുള്ളത് ചട്ടത്തിലുള്ളതാണ്. ഇന്നലെ ഈ പ്രശ്നം സംബന്ധിച്ച് ബഹുമാനപ്പെട്ട എസ്. ശർമ്മയുടെ ശ്രദ്ധക്ഷണിക്കലിന്റെ ഭാഗമായി എല്ലാ കാര്യങ്ങളും സമഗ്രമായി ഇവിടെ പരാമർശിച്ചുകഴിഞ്ഞതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗവൺമെന്റ് ചെയ്ത കാര്യങ്ങൾ സംബന്ധിച്ച് റൂൾ 300 പ്രകാരം ഇന്ന് സ്റ്റേറ്റ്മെന്റ് നടത്താൻ പോകുന്ന സാഹചര്യത്തിൽ ഇത് വെറും രാഷ്ട്രീയപ്രേരിതമായി കൊണ്ടുവരുന്നതാണ്, ചട്ടത്തിന് വിരുദ്ധമാണ്. സ്പീക്കർക്ക്

റൂളിംഗ് കൊടുക്കാം. കൊടുക്കണ്ടായെന്ന് ഞാൻ പറയുന്നില്ല. പക്ഷെ, ഈ രൂപത്തിലാണ് എല്ലാ വകുപ്പുകളും നിങ്ങൾ ഇൻവോക്ക് ചെയ്യാൻ പോകുന്നതെങ്കിൽ ചട്ടത്തിന് ഒരർത്ഥവുമുണ്ടാകുകയില്ല. അതാണ് ഞാൻ പറയുന്നത്. ......ബഹളം....

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്..... ശ്രീ. വി. ഡി. സതീശൻ തർക്കമില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, റൂൾ 50 അനുസരിച്ചുള്ള നോട്ടീസ് പ്രകാരം, സഭാനടപടികൾ നിർത്തിവച്ച് ഇതുപോലെ പ്രധാനപ്പെട്ട പ്രശ്നം സഭയിൽ ചർച്ചചെയ്യണമെന്നാണ് ആവശ്യപ്പെടുന്നത്. ശ്രദ്ധക്ഷണിക്കലിന് ചർച്ചയില്ല; റൂൾ 300-ന് ചർച്ചയില്ല. റൂൾ 50-ന്മേലാണ് ചർച്ച. ഓഖി ദുരന്തംപോലുള്ള ഒരു വിഷയം ശ്രദ്ധക്ഷണിക്കലിലൂടെയോ റൂൾ 300-ലൂടെയോ അല്ല വരേണ്ടത്. സഭയിൽ ചർച്ച നടക്കണം. അതുകൊണ്ട് റൂൾ 50-നാണ് പ്രാധാന്യം.

മി. സ്പീക്കർ: ചട്ടവും കീഴ്‌വഴക്കവും സഭയിലെ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി, പ്രതിപക്ഷനേതാവിനോട് അഭ്യർത്ഥന നടത്തി. അത്രയേയുള്ളൂ. ഒരു വിവാദത്തിലേയ്ക്ക് പോകേണ്ട.

സംസ്ഥാനത്ത് ഓഖി ചുഴലിക്കാറ്റിൽ കാണാതായ നൂറിലധികം പേരെക്കുറിച്ച് ഇപ്പോഴും വിവരം ലഭിക്കാത്ത ആശങ്കാജനകമായ സ്ഥിതിവിശേഷം നിലനിൽക്കുന്നതിനാലും ഉപജീവനത്തിനായി കടലിൽ മത്സ്യബന്ധനത്തിന് പോകാൻ മത്സ്യത്തൊഴിലാളികൾ തയ്യാറാകാത്തതിനാൽ കടലോരമേഖലയിൽ നിലനിൽക്കുന്ന തൊഴിലില്ലായ്മയും പട്ടിണിയുംമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്, പി. കെ. ബഷീർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഓഖി ചുഴലിക്കാറ്റ് ഉണ്ടാക്കിയ ദുരന്തം നമ്മുടെ സംസ്ഥാനത്തിന് വലിയ ആഘാതമാണ് ഏൽപ്പിച്ചത്. അതുസംബന്ധിച്ച് റൂൾ 300 അനുസരിച്ച് ഒരു സ്റ്റേറ്റ്മെന്റ് നടത്തുന്നതുകൊണ്ട് വിശദമായി അക്കാര്യങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. എന്നാൽ ഈ ദുരന്തം ഏറ്റവുമധികം ഏറ്റുവാങ്ങേണ്ടിവന്ന ആ പ്രദേശത്തുതന്നെയുള്ള ബഹുമാന്യനായ നിയമസഭാംഗംകൂടി ഒപ്പിട്ടു നൽകിയ അടിയന്തരപ്രമേയത്തിൽ തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലാണ് കാര്യങ്ങൾ ഉന്നയിച്ചിരിക്കുന്നത്. നേരത്തെ തെറ്റിദ്ധാരണ ഉണ്ടായിരുന്നുവെന്നത് ശരിയാണ്. ഇപ്പോഴും ആ തെറ്റിദ്ധാരണ നിലനിൽക്കുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല. 2017 നവംബർ 30-ന് സംസ്ഥാനത്ത് ആഞ്ഞടിച്ച ഓഖി ചുഴലിക്കാറ്റ് തീരദേശത്തുണ്ടാക്കിയ ദുരന്തം സർക്കാർ

സംവിധാനങ്ങളുടെ പൂർണ്ണ പരാജയം കൊണ്ടാണ് വൻദുരന്തമായി മാറിയതെന്നാണ് അടിയന്തരപ്രമേയ നോട്ടീസിൽ പറഞ്ഞിരിക്കുന്നത്. തമിഴ്നാട്ടിലെ കന്യാകുമാരി മേഖലയിൽ ന്യൂനമർദ്ദം രൂപംകൊണ്ടിട്ടുണ്ടെന്നും 30-ാം തീയതിയോടെ തെക്കൻ കേരളത്തിൽ അതിശക്തമായ കാറ്റ് വീശാൻ സാദ്ധ്യതയുണ്ടെന്നും നവംബർ 29-നുതന്നെ കേന്ദ്ര ആഭ്യന്തര വകുപ്പ് സംസ്ഥാന സർക്കാരിനെ ഔദ്യോഗികമായി അറിയിച്ചിരുന്നു. ഹൈദരാബാദ് ദേശീയ സമുദ്ര ഗവേഷണ കേന്ദ്രവും കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രവും നവംബർ 29-നുതന്നെ ചുഴലി കൊടുങ്കാറ്റിനെക്കുറിച്ച് വ്യക്തമായ മുന്നറിയിപ്പ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്കും ചീഫ് സെക്രട്ടറിക്കും കൈമാറിയിരുന്നു. എന്നാൽ ഇത്രയും മുന്നറിയിപ്പ് നൽകിയിട്ടും സർക്കാർ ഇതെല്ലാം അവഗണിക്കുകയും മത്സ്യത്തൊഴിലാളികൾക്ക് യാതൊരു മുന്നറിയിപ്പും നൽകാതെ തീരദേശ മേഖലയെ തീരാദുരിതത്തിലേയ്ക്ക് തള്ളിവിടുകയുമാണുണ്ടായത് എന്നും പറഞ്ഞിരിക്കുന്നു. ഇതുസംബന്ധിച്ച് ചീഫ് സെക്രട്ടറിയും ദുരന്ത നിവാരണ അതോറിറ്റിയും അങ്ങനെയൊരു സന്ദേശം ലഭിച്ചിട്ടില്ലെന്ന് ആ ഘട്ടത്തിൽ തന്നെ പറഞ്ഞതും വ്യക്തത വരുത്തിയതുമാണ്. ഇതിന്റെ കാര്യങ്ങളെക്കുറിച്ച് തെറ്റിദ്ധാരണയുണ്ടായതുകൊണ്ട് ഇപ്പോഴെങ്കിലും മനസ്സിലാക്കി പോകുന്നതാണ് നല്ലത് എന്നതുകൊണ്ട് ആ ഭാഗം ഞാൻ വിശദമായി പറയാൻ ആഗ്രഹിക്കുകയാണ്. നേരത്തെ പറഞ്ഞതാണ്. തെറ്റിദ്ധാരണ നിലനിൽക്കാൻ പാടില്ല. കേന്ദ്ര കാലാവസ്ഥാ വകുപ്പാണ് ചുഴലിക്കാറ്റിന്റെ മുന്നറിയിപ്പിനും പ്രഖ്യാപനത്തിനും കേന്ദ്ര ദുരന്ത നിവാരണ നിയമം, 2005 അനുസരിച്ചുള്ള നോഡൽ വകുപ്പ്. കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെയോ കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെയോ മാനദണ്ഡപ്രകാരമുള്ള ഒരു മുന്നറിയിപ്പും സംസ്ഥാനത്തിന് ലഭിച്ചിട്ടില്ല. മേൽ മാനദണ്ഡപ്രകാരം ചുഴലിക്കാറ്റിന് മുമ്പായി നാല് തരത്തിലുള്ള മുന്നറിയിപ്പ് നൽകേണ്ടതാണ്. ആദ്യഘട്ടം 72 മണിക്കൂറിന് മുമ്പായി Pre-Cyclone Watch എന്ന അറിയിപ്പ് ലഭിക്കണം. ഈ അറിയിപ്പിൽ ചുഴലിക്കാറ്റായി മാറാൻ സാദ്ധ്യതയുണ്ടെന്ന് സംസ്ഥാനങ്ങളെ അറിയിക്കണം. തുടർന്ന് രണ്ടാംഘട്ടമായി 48 മണിക്കൂറിന് മുമ്പായി Cyclone Alert എന്ന അറിയിപ്പാണ് നൽകേണ്ടത്. ഈ അറിയിപ്പിൽ ചുഴലിക്കാറ്റായി മാറാൻ സാദ്ധ്യതയുണ്ടെന്നും ബാധിക്കാൻ സാദ്ധ്യതയുള്ള ജില്ലകൾ ഏതെന്നും ദുരന്ത നിവാരണ അതോറിറ്റി, മാദ്ധ്യമങ്ങൾ, പൊതുജനങ്ങൾ, മത്സ്യത്തൊഴിലാളികൾ എന്നിവർക്കുള്ള നിർദ്ദേശവും സംസ്ഥാനങ്ങളെ അറിയിക്കണം. മൂന്നാംഘട്ടമായി 24 മണിക്കൂറിനുമുമ്പായി Cyclone Warning എന്ന അറിയിപ്പാണ് നൽകേണ്ടത്. ആ അറിയിപ്പിൽ തീരത്ത് എത്ര മണി മുതൽ കാലാവസ്ഥ മോശമാകാൻ

സാദ്ധ്യതയുണ്ടെന്നും ചുഴലിക്കാറ്റിന്റെ തീവ്രത എന്താകുമെന്നും ബാധിക്കാൻ സാദ്ധ്യതയുള്ള ജില്ലകളേതെന്നും ദുരന്ത നിവാരണ അതോറിറ്റി, മാദ്ധ്യമങ്ങൾ, പൊതുജനങ്ങൾ, മത്സ്യത്തൊഴിലാളികൾ എന്നിവർക്കുള്ള നിർദ്ദേശവും സംസ്ഥാനങ്ങളെ അറിയിക്കണം. ആ അറിയിപ്പ് എല്ലാ മൂന്നുമണിക്കൂറിലും സംസ്ഥാനങ്ങൾക്ക് നൽകണം. നാലാം ഘട്ടമായി 12 മണിക്കൂറിന് മുമ്പായി Post Landfall Outlook എന്ന അറിയിപ്പാണ് നൽകേണ്ടത്. ആ അറിയിപ്പിൽ ചുഴലിക്കാറ്റ് കരയിലെത്താൻ സാദ്ധ്യതയുള്ള സ്ഥലം, ദിശ എന്നിവ ഉണ്ടാകണം. കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ 2013-ലെ ചുഴലിക്കാറ്റ് Standard Operating Procedure Page 9 Table 1.2 പ്രകാരം depression എന്ന സ്ഥിതിയിൽ പ്രത്യേക നടപടികൾ ശിപാർശ ചെയ്യുന്നില്ല. Deep Depression എന്ന സ്ഥിതിയിൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകുന്നത് ഒഴിവാക്കണമെന്ന (fishermen advised not to enter into sea) ഉപദേശം നൽകണമെന്ന അറിയിപ്പ് നൽകുക മാത്രമാണ് ശിപാർശ. Cyclone Storm എന്ന ഘട്ടത്തിൽ മാത്രമാണ് മത്സ്യത്തൊഴിലാളികൾ കടലിൽ പോകുന്നത് തടയണമെന്ന (Total suspension of fishing) നിർദ്ദേശമുള്ളത്. എന്നാൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകുന്നത് തടയണമെന്ന നിർദ്ദേശം കേന്ദ്ര കാലാവസ്ഥാ വകുപ്പിൽനിന്നും ഒരുഘട്ടത്തിലും കേരളത്തിന് ലഭിച്ചിട്ടില്ല. 29-11-2017 മുതൽ കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ ബുള്ളറ്റിനുകൾ പരിശോധിച്ചാൽ ദുരന്ത സാഹചര്യമായി വിലയിരുത്താവുന്നതൊന്നും ഈ ബുള്ളറ്റിനുകളിൽ 30-11-2017 വരെ ഇല്ലായിരുന്നുവെന്ന് വ്യക്തമാകും. ശക്തമായ മഴ, കാറ്റ്, കടൽ പ്രക്ഷുബ്ധം, മത്സ്യത്തൊഴിലാളികൾ അടുത്ത 48 മണിക്കൂറിൽ കടലിൽ പോകുന്നത് ഒഴിവാക്കണമെന്ന് ഉപദേശിക്കണം എന്നിങ്ങനെ സ്ഥിരമായി ലഭിക്കുന്ന വിവരങ്ങൾ മാത്രമാണ് ലഭിച്ചത്. 29-11-2017-ന് 12 മണി, bulletin (1) from MHA control room; fax received at 12.53 pm. Depression over south-west Bay of Bengal of Srilanka coast എന്നതായിരുന്നു അതിന്റെ ഉള്ളടക്കം. ബംഗാൾ ഉൾക്കടലിൽ ശ്രീലങ്കയിൽ കന്യാകുമാരിയിൽനിന്നും 500 കിലോമീറ്റർ ദൂരെ രൂപപ്പെട്ട ന്യൂനമർദ്ദം പടിഞ്ഞാറ്-വടക്ക് പടിഞ്ഞാറ് ദിശയിൽ നീങ്ങി തീവ്ര ന്യൂനമർദ്ദമായി 24 മണിക്കൂറിൽ മാറിയേക്കാം. തെക്കൻ കേരള തീരത്ത് 45-55 കിലോമീറ്റർ വേഗത്തിലും ചിലപ്പോൾ 65 കിലോമീറ്റർ വേഗത്തിലും കാറ്റ് ഉണ്ടാകാം. 29-11-2017, 2.20-ന് bulletin (2) from MHA control room; fax received at 2.47 pm. Depression over Srilanka. അതായത് ബംഗാൾ ഉൾക്കടലിൽ ശ്രീലങ്കയിൽ കന്യാകുമാരിയിൽനിന്നും 360 കിലോമീറ്റർ ദൂരെ രൂപപ്പെട്ട ന്യൂനമർദ്ദം പടിഞ്ഞാറ്-വടക്കുപടിഞ്ഞാറ് ദിശയിൽ നീങ്ങി തീവ്ര ന്യൂനമർദ്ദമായി അടുത്ത 24 മണിക്കൂറിൽ മാറാൻ സാദ്ധ്യത. തെക്കൻ കേരള

തീരത്ത് 45-55 കിലോമീറ്റർ വേഗത്തിലും ചിലപ്പോൾ 65 കിലോമീറ്റർ വേഗത്തിലും കാറ്റ് ഉണ്ടാകാം. 29-11-2017-ന് 8.00 മണിക്ക് bulletin (3) from MHA control room; fax received at 8.06 pm. Depression over Comorin and adjoining Srilanka. ബംഗാൾ ഉൾക്കടലിൽ ശ്രീലങ്കയിൽ കന്യാകുമാരിയിൽ നിന്നും 340 കിലോമീറ്റർ ദൂരെ രൂപപ്പെട്ട ന്യൂനമർദ്ദം പടിഞ്ഞാറ് ദിശയിൽ നീങ്ങിയേക്കും. തീവ്ര ന്യൂനമർദ്ദമായി അത് അടുത്ത 24 മണിക്കൂറിൽ മാറാൻ സാദ്ധ്യത. തെക്കൻ കേരള തീരത്ത് 45-55 കിലോമീറ്റർ വേഗത്തിലും ചിലപ്പോൾ 65 കിലോമീറ്റർ വേഗത്തിലും കാറ്റുണ്ടാകും. 30-11-2017, 1.45-ന് bulletin (4) from MHA control room; fax received at 6.54 am. Depression over Comorin area and neighbourhood. ബംഗാൾ ഉൾക്കടലിൽ ശ്രീലങ്കയിൽ കന്യാകുമാരിയിൽ നിന്നും 270 കിലോമീറ്റർ ദൂരെ രൂപപ്പെട്ട ന്യൂനമർദ്ദം പടിഞ്ഞാറ് ദിശയിൽ നീങ്ങിയേക്കും. ചിലപ്പോൾ തീവ്ര ന്യൂനമർദ്ദമായി അത് അടുത്ത 12 മണിക്കൂറിൽ മാറാൻ സാദ്ധ്യത. തെക്കൻ കേരള തീരത്ത് 45-55 കിലോമീറ്റർ വേഗത്തിലും ചിലപ്പോൾ 65 കിലോമീറ്റർ വേഗത്തിലും കാറ്റ് ഉണ്ടാകും. 30-11-2017, 6.20-ന് bulletin (5) from MHA control room; fax received at 8.38 am. Deep depression over Comorin area and neighbourhood. ബംഗാൾ ഉൾക്കടലിൽ ശ്രീലങ്കയിൽ കന്യാകുമാരിയിൽ നിന്നും 210 കിലോ മീറ്റർ ദൂരെ രൂപപ്പെട്ട തീവ്രന്യൂനമർദ്ദം പടിഞ്ഞാറ്-വടക്കുപടിഞ്ഞാറ് ദിശയിൽ നീങ്ങി അടുത്ത 12 മണിക്കൂറിൽ ചുഴലിക്കാറ്റായി മാറാൻ സാദ്ധ്യതയുണ്ട്. കേരള തീരത്ത് 45-55 കിലോമീറ്റർ വേഗത്തിലും ചിലപ്പോൾ 65 കിലോമീറ്റർ വേഗത്തിലും കാറ്റുണ്ടാകും. ഈ ന്യൂനമർദ്ദം എപ്പോൾ എവിടെ എത്തും; കേരളത്തിന് എന്തെങ്കിലും ആഘാതം പ്രതീക്ഷിക്കണമോ എന്ന അറിയിപ്പ് അതിൽ ഇല്ലെന്നാണ് അറിയിപ്പിന് ആധാരമായ കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ പ്രവചനം പരിശോധിച്ചാൽ വ്യക്തമാകുന്നത്. ഇവയെല്ലാം കൃത്യതയോടെ നൽകുമ്പോഴാണ് ഇത്തരം ബുള്ളറ്റിനുകൾ credible alert എന്ന ഗണത്തിൽപ്പെടുന്നത്.

30-11-2017, 9.10-ന് Bulletin (6) from MHA control room ഫാക്സായി രാവിലെ 9.17-ന് ലഭിച്ചു. Deep Depression over Comorin area and Cyclone Alert for Lakshadweep Islands. ഈ ബുള്ളറ്റിനാണ് ആദ്യമായി ചുഴലിക്കാറ്റാണ് ഈ പ്രതിഭാസമെന്ന അറിയിപ്പ് നൽകുന്നത്. അവിടെയും അടുത്ത പന്ത്രണ്ട് മണിക്കൂറിൽ ചുഴലിക്കാറ്റായി മാറാൻ സാദ്ധ്യതയുണ്ടെന്നാണ് അറിയിപ്പ്. ആഭ്യന്തര മന്ത്രാലയത്തിന്റെ ഈ അറിയിപ്പിന് ആധാരമായ കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ പ്രവചനം പരിശോധിച്ചാൽ വ്യക്തമാകുന്നത് 30-11-2017-ന് വൈകിട്ട് 5.30-നുമാത്രമേ ഇത് ചുഴലിക്കാറ്റായി മാറുകയുള്ളൂ എന്നാണ്. അപ്പോഴും

കേരളത്തിൽ ചുഴലിക്കാറ്റിന്റെ ആഘാതത്തെക്കുറിച്ച് പരാമർശിക്കാതെ ലക്ഷദ്വീപിൽ ചുഴലിക്കാറ്റിനെക്കുറിച്ചുള്ള മുന്നറിയിപ്പ് നൽകുകയാണുണ്ടായത്. ഇവിടെയും തെക്കൻ കേരള തീരത്ത് 55-65 കിലോമീറ്റർ വേഗത്തിലും ചിലപ്പോൾ 75 കിലോമീറ്റർ വേഗത്തിലും കാറ്റുണ്ടാകും. തെക്കൻ കേരള തീരത്ത് മത്സ്യത്തൊഴിലാളികൾ അടുത്ത 48 മണിക്കൂറിൽ കടലിൽ പോകുന്നത് ഒഴിവാക്കണമെന്ന് ഉപദേശിക്കണം എന്നുമുള്ള അറിയിപ്പാണുള്ളത്. ഈ ബുള്ളറ്റിനൊപ്പം നൽകിയിട്ടുള്ള ഭൂപടത്തിലും കേന്ദ്ര കാലാവസ്ഥാ വകുപ്പ് ആദ്യമായി പുറപ്പെടുവിച്ച ചുഴലി സഞ്ചാര സമയക്രമത്തിലും മാത്രമാണ് ഈ കാലാവസ്ഥാ പ്രതിഭാസം 30-11-2017 വൈകിട്ട് 5.30-ന് കേരള തീരത്ത് എത്തുമെന്ന് അറിയിപ്പുള്ളത്. ഇതുമുതൽ സംസ്ഥാന സർക്കാർ അടിയന്തര പ്രവർത്തന ചട്ടങ്ങളനുസരിച്ച് പ്രവർത്തിച്ചു. 30-11-2017, 12.30-ന് Bulletin (7) from MHA control room ഫാക്സായി ഉച്ചയ്ക്ക് 14.21-ന് ലഭിച്ചു. Cyclone Storm 'Ockhi' over Comorin area and Cyclone Warning for South Kerala, adjoining districts of south Tamil Nadu and Lakshadweep Islands - ORANGE message. ഈ ബുള്ളറ്റിനിൽ മാത്രമാണ് കേരളത്തിൽ ചുഴലിക്കാറ്റിന്റെ ആഘാതമുണ്ടാകുമെന്നും ചുഴലിക്കാറ്റ് മുന്നറിയിപ്പ് ചട്ടത്തിലെ Cyclone Warning - Orange Alert കേരളത്തിന് നൽകുന്നത്. ആറാം ബുള്ളറ്റിനിൽ വൈകിട്ട് 5.30-ന് മാത്രമേ ഇത് ചുഴലിക്കാറ്റായി മാറുകയുള്ളൂവെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് പ്രവചിച്ച പ്രതിഭാസം രാവിലെ 8.30-ന് തന്നെ ചുഴലിക്കാറ്റായി എന്ന് ഈ ബുള്ളറ്റിനിൽ പ്രതിപാദിക്കുന്നു. ഒരു സാഹചര്യത്തിലും കേന്ദ്ര കാലാവസ്ഥാ വകുപ്പ് കേരളത്തിലെ മത്സ്യത്തൊഴിലാളികൾ കടലിൽ പോകുന്നതിൽ നിന്നും തടയണം അതായത്, Total Suspension of Fishing എന്ന് നിർദ്ദേശിച്ചിട്ടില്ല എന്നത് പ്രസക്തമാണ്. ഈ ബുള്ളറ്റിനിൽ മാത്രമാണ് ചുഴലിക്കാറ്റിന് പേര് പോലുമിട്ടത് എന്നത് ശ്രദ്ധിക്കേണ്ട വസ്തുതയാണ്. ഇത്തരം ദുരന്തഘട്ടത്തിലും സംസ്ഥാനത്ത് വിവാദങ്ങളുണ്ടാക്കാനാണല്ലോ പലർക്കും താൽപ്പര്യം. ആ താൽപ്പര്യങ്ങളുടെ ഭാഗമായി ഒരു വിവാദം ഉയർത്തിക്കൊണ്ടുവരാൻ ചിലർ ശ്രമിച്ചിരുന്നു. ഇക്കാര്യങ്ങളെല്ലാം സംസ്ഥാന ഗവൺമെന്റും ചീഫ് സെക്രട്ടറിയും ദുരന്ത നിവാരണ അതോറിറ്റിയും വ്യക്തമാക്കിയിട്ടുള്ളതാണ്. അവസാനം ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റ് എന്തുപറയുന്നു എന്നത് സംബന്ധിച്ച് ഒരു സംശയം ജനങ്ങൾക്കിടയിലുണ്ടായിരുന്നു. കൃത്യമായി കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രാജ്നാഥ് സിംഗ് പാർലമെന്റിൽ പറഞ്ഞതോടെ ആ സംശയവും നീങ്ങി. അദ്ദേഹം പാർലമെന്റിൽ പറഞ്ഞ കാര്യം ഞാൻ ഉദ്ധരിക്കുകയാണ്. "ഡോപ്ലർ റഡാർ പോലും ചുഴലിക്കാറ്റ് കണ്ടെത്തിയത് നവംബർ 30-ന് മാത്രമാണ്. 125 വർഷത്തിനുശേഷമാണ് ഇത്രയും അസാധാരണവും തീവ്രസ്വഭാവമുള്ളതുമായ

ചുഴലിക്കാറ്റ് ഇതിനുമുമ്പുണ്ടായത്. 24 മണിക്കൂറിന് മുമ്പെങ്കിലും ചുഴലിക്കാറ്റ് മുന്നറിയിപ്പ് പുറപ്പെടുവിക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ ഐ.എം.ഡി. 29-ന് പുറപ്പെടുവിച്ചത് ന്യൂനമർദ്ദം രൂപംകൊണ്ടുവെന്ന മുന്നറിയിപ്പ് മാത്രമാണ്. തുടർന്ന് 30-ന് രാവിലെ 5.30 വരെ നൽകിയ മുന്നറിയിപ്പുകളും ന്യൂനമർദ്ദം ശക്തിയാർജ്ജിക്കുമെന്ന് മാത്രമായിരുന്നു. 11.55-നാണ് ചുഴലിക്കാറ്റ് ജാഗ്രതാ മുന്നറിയിപ്പ് ആദ്യമായി നൽകിയത്." ഇതാണ് ബഹുമാന്യനായ രാജ്നാഥ് സിംഗ് പാർലമെന്റിൽ പറഞ്ഞ കാര്യം. ഇതുതന്നെയാണ് പാർലമെന്റ് അംഗങ്ങളായ ശ്രീ. ശശി തരൂരും ശ്രീ. കെ. സി. വേണുഗോപാലും പാർലമെന്റിൽ ആ ഘട്ടത്തിൽ വ്യക്തമാക്കിയത്. കേരളത്തിൽ സന്ദർശനത്തിനെത്തിയ കേന്ദ്രമന്ത്രിമാരായ ശ്രീമതി നിർമ്മല സീതാരാമനും ശ്രീ. അൽഫോൺസ് കണ്ണന്താനവും ഇക്കാര്യംതന്നെ വ്യക്തമാക്കുകയുണ്ടായി. അതുസംബന്ധിച്ച് ഒരുതരത്തിലുള്ള സംശയവും നിലനിൽക്കേണ്ടതായിട്ടില്ല. കൃത്യമായ വിവരം കിട്ടിയതിനുശേഷം മാത്രമേ ഗവൺമെന്റിന് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. അതിൽ ഒരു വീഴ്ചയും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. ബാക്കിയെല്ലാം ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ നമ്മൾ ചെയ്ത കാര്യങ്ങളാണ്. ഇനിയും എന്തെങ്കിലും ചെയ്യാനുണ്ടെങ്കിൽ നമുക്ക് യോജിച്ചുതന്നെ അക്കാര്യങ്ങൾ ചെയ്യാം. മെമ്പർക്ക് എന്താണ് പറയാനുള്ളത് എന്ന് കേട്ടതിനുശേഷം ബാക്കി കാര്യങ്ങൾ പറയാം. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല. ചട്ടം 300 അനുസരിച്ച് വിശദമായ സ്റ്റേറ്റ്മെന്റും വയ്ക്കുന്നുണ്ട്.

10.00 AM]

ശ്രീ. എം. വിൻസെന്റ്: സർ, കേരളത്തെയാകെ നടുക്കിയ ഓഖി ദുരന്തത്തിനുശേഷം കൂടുന്ന ആദ്യത്തെ സഭാ സമ്മേളനത്തിൽ ഈ വിഷയം ചർച്ച ചെയ്യേണ്ടതില്ല എന്നുപറയുന്നതുതന്നെ ഏറെ നിർഭാഗ്യകരമാണ്. എത്ര ആളുകൾ മരിച്ചാലാണ്, എത്ര പേരെ കാണാതായാലാണ് ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് സർക്കാർ ചർച്ച ചെയ്യുക?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ............... (ബഹളം)........

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ് വഴങ്ങുകയാണെങ്കിൽ അങ്ങേയ്ക്ക് സംസാരിക്കാം. അദ്ദേഹം വഴങ്ങുന്നില്ല, അങ്ങ് ഇരിക്കണം.

ശ്രീ. എം. വിൻസെന്റ്: കഴിഞ്ഞദിവസം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പറഞ്ഞ വിവരം അനുസരിച്ച് മരണപ്പെട്ടതും

കാണാതായതുമായ 155 പേരാണുള്ളത്. ഇത്രയും വലിയൊരു ദുരന്തമുണ്ടായിട്ടും അത് നിയമസഭയിൽ ചർച്ചചെയ്യപ്പെടാതെ പോകുന്നത് ഏറെ ദൗർഭാഗ്യകരമായ വസ്തുതയാണ്. ഇങ്ങനെയൊരു പ്രമേയം അവതരിപ്പിക്കുന്ന കാര്യത്തിൽപ്പോലും ഭരണകക്ഷി അസഹിഷ്ണുത കാണിക്കുകയാണ്. ഇത് രാഷ്ട്രീയ പ്രേരിതമാണെന്നാണ് ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി പറയുന്നത്. ദയവായി അദ്ദേഹം അത് പിൻവലിക്കണം. ഇക്കാര്യത്തിൽ ഒരു രാഷ്ട്രീയവും കാണേണ്ട കാര്യമില്ല. ഈ ദുരന്തം ഇത്രയധികം aggravate ആയി മാറാനുള്ള കാരണം സർക്കാരിന്റെ പിടിപ്പുകേടും ഭരണപരാജയവുമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സാങ്കേതികമായ കാരണങ്ങൾ പറഞ്ഞ് തടിതപ്പാനുള്ള ശ്രമമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ മറുപടിയിലൂടെ നടത്തിയിട്ടുള്ളത്. യഥാസമയം തീരദേശത്ത് മുന്നറിയിപ്പ് നൽകാത്തതിലുള്ള കുറ്റബോധം കൊണ്ടാണ് അദ്ദേഹം സാങ്കേതിക കാര്യങ്ങളിൽ പിടിച്ച് ഇക്കാര്യത്തിൽ മറുപടി പറയാൻ രംഗത്തുവന്നത്. 29-ാം തീയതി മൂന്ന് തവണ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിൽനിന്നും മുന്നറിയിപ്പ് വന്നിട്ടുണ്ട്. കേരളത്തിന് കൊടുത്ത അതേ മുന്നറിയിപ്പുതന്നെയാണ് തമിഴ്നാട് സർക്കാരിനും ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷനും അവർ നൽകിയത്. ....(ബഹളം)..... ഭരണപക്ഷാംഗങ്ങൾക്ക് എന്തിനാണ് ഇത്ര അസഹിഷ്ണുത? ഇത് കേരളത്തെ പൊതുവായി ബാധിച്ച വിഷയമല്ലേ, അതിൽ അസഹിഷ്ണുത കാണിക്കേണ്ട കാര്യമില്ലല്ലോ? .....(ബഹളം).....

മി. സ്പീക്കർ: അദ്ദേഹം സംസാരിക്കട്ടെ , .....പ്ലീസ്.....

ശ്രീ. എം. വിൻസെന്റ്: അന്നേ ദിവസം 12 മണിക്ക് ലഭിച്ചുവെന്ന് പറയുന്ന alert-നെ സംബന്ധിച്ച് തമിഴ്നാട് ഡിസാസ്റ്റർ മാനേജ്മെന്റ് ചർച്ച ചെയ്തു. ഇങ്ങനെയൊരു പേപ്പർ കിട്ടിയിട്ട് ഡിസാസ്റ്റർ മാനേജ്മെന്റിലെ ഒരു പ്യൂണിനെ വിളിച്ചങ്കിലും കേരള സർക്കാർ ചർച്ച ചെയ്തിട്ടുണ്ടോ? തമിഴ്നാട് സർക്കാർ ഇതിനെക്കുറിച്ച് ചർച്ച ചെയ്തു. 'ഡീപ് ഡിപ്രഷൻ', അതായത് അതിശക്തമായ ന്യൂനമർദ്ദം എന്നതിനെ ചുഴലിക്കാറ്റ് സാദ്ധ്യത എന്നാണ് വിദഗ്ദ്ധർ വിലയിരുത്തുന്നത്. കേരളത്തിലെ വിദഗ്ദ്ധർ അത് വിലയിരുത്തിയില്ലെങ്കിലും തമിഴ്നാട്ടിലെ വിദഗ്ദ്ധർ അത് വിലയിരുത്തി. തമിഴ്നാട് സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ ഔദ്യോഗിക ട്വിറ്റർ അക്കൗണ്ടിൽ 29-ാം തീയതി പറഞ്ഞിരിക്കുന്നത് 'Deep depression over comorin area intensify into deep depression likely to form into cyclone storm' എന്ന് interpret ചെയ്യാനുള്ള അറിവ് അവർക്കുണ്ടായിരുന്നു. .....(ബഹളം)...... ശക്തമായ ഒരു ന്യൂനമർദ്ദം എന്നുപറഞ്ഞാൽ അത് cyclone storm ആയി മാറും എന്ന് മനസ്സിലാക്കാനുള്ള കഴിവുപോലുമില്ലാത്ത കഴിവുകെട്ട ഒരു ദുരന്തനിവാരണ അതോറിറ്റി.

തമിഴ്നാടിനുള്ള കഴിവ് എന്തുകൊണ്ടാണ് കേരള സർക്കാരിനുണ്ടാകാതെ പോയത്? ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷന് ഇതേ മുന്നറിയിപ്പാണ് ലഭിച്ചത്. ലക്ഷദ്വീപിൽ ഇതിനെക്കാൾ ശക്തമായ പ്രകൃതിക്ഷോഭമാണുണ്ടായത്. 200 കോടി രൂപ മുടക്കി കൽപ്പേനി ദ്വീപിൽ ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷൻ നിർമ്മിച്ച ഒരു ബ്രേക്ക് വാട്ടർ പൂർണ്ണമായും ഒലിച്ചുപോയി. അഞ്ഞൂറോളം വീടുകളാണ് അവിടെ തകർന്നത്. പക്ഷേ ഒരു മനുഷ്യജീവനുപോലും അവിടെ അപകടമുണ്ടായിട്ടില്ല എന്നുപറയുമ്പോൾ ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷനും തമിഴ്നാട് ഗവൺമെന്റും എടുത്ത നടപടികൾ ഈ സർക്കാർ സ്വീകരിക്കണ്ടേ? ആ നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല......(ബഹളം).....

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്...

ശ്രീ. എം. വിൻസെന്റ്: സർ, 29-ാം തീയതി കേരളത്തിന് ലഭിച്ച അതേ മുന്നറിയിപ്പ് വച്ചുകൊണ്ട് തമിഴ്നാട് സർക്കാർ എന്തെല്ലാം ചെയ്തു; തമിഴ്നാട് ജില്ലാ കളക്ടറും കോട്ടയം സ്വദേശിയായ അഡീഷണൽ ജില്ലാ കളക്ടറും 29-ാം തീയതിതന്നെ കന്യാകുമാരിയിൽ പോയി, അന്നുതന്നെ അഡീഷണൽ ചീഫ് സെക്രട്ടറിയുൾപ്പെടെ 7 ഐ.എ.എസ്. ഓഫീസർമാർ കന്യാകുമാരിയിലെത്തി. ഇവിടത്തെ തീരദേശങ്ങളിൽ ഒരു വില്ലേജ് ഓഫീസറും തഹസിൽദാരുമല്ലാതെ ആരാണ് വന്നിട്ടുള്ളത്? സെക്രട്ടേറിയറ്റിൽ ഇരിക്കുന്ന ഏതെങ്കിലുമൊരു ഐ.എ.എസ്. ഓഫീസർ അവിടെ വന്നിട്ടുണ്ടോ? തമിഴ്നാട് സർക്കാർ എടുത്ത ഗൗരവം കേരള സർക്കാർ എടുത്തിട്ടില്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത്. കന്യാകുമാരിയിലെ തീരദേശങ്ങളിൽ വൈകുന്നേരം മൈക്ക് വച്ചുകെട്ടി മുന്നറിയിപ്പ് കൊടുത്തു. മത്സ്യത്തൊഴിലാളികളെ ഉപദേശിക്കണമെന്നാണ് ഞങ്ങൾക്ക് മുന്നറിയിപ്പ് ലഭിച്ചത് എന്നാണ് ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ഏതെങ്കിലും രീതിയിൽ മത്സ്യത്തൊഴിലാളികളെ നിങ്ങൾ ഉപദേശിച്ചോ? ലഭിച്ച പേപ്പറിന് കടലാസ്സിന്റെ വില പോലും നിങ്ങൾ കൽപ്പിച്ചിട്ടില്ലല്ലോ; ഒന്നും ചെയ്തില്ല. അവർ അവിടെ മൈക്കിൽ അനൗൺസ്മെന്റ് കൊടുത്തു. ലത്തീൻ പള്ളികളിലൂടെ അറിയിപ്പ് കൊടുത്തു. അതുകൊണ്ട് ഫൈബർ ബോട്ടുകളിൽ ആരും അവിടെനിന്നും ഒറ്റ ദിവസത്തേയ്ക്കുള്ള മത്സ്യബന്ധനത്തിന് പോയില്ല. അവിടെ മരണപ്പെട്ടവരിൽ കൂടുതലും ആഴ്ചകളോളം വലിയ ബോട്ടിൽ മത്സ്യബന്ധനത്തിന് പോയവരാണ്. കേരളത്തിൽ 29-ാം തീയതി 2.40 വരെ ലഭിച്ച ആ മുന്നറിയിപ്പ് അനുസരിച്ച് തമിഴ്നാട് ഗവൺമെന്റ് ചെയ്തതുപോലെ ചെയ്തിരുന്നുവെങ്കിൽ ഒറ്റദിവസത്തേയ്ക്ക് ഫൈബർ ബോട്ടിൽ പോകുന്ന മത്സ്യത്തൊഴിലാളികളാരും മത്സ്യബന്ധനത്തിന് പോകുമായിരുന്നില്ല. അവരെ മരണത്തിന്റെ വായിലേയ്ക്ക് തള്ളിവിട്ടത് സർക്കാരിന്റെ നിഷ്ക്രിയത്വമാണെന്നുപറഞ്ഞാൽ നിങ്ങൾക്കത് നിഷേധിക്കാൻ സാധിക്കുമോ? അതാണ് ഞങ്ങൾ പറയുന്നത്.

രക്ഷാപ്രവർത്തനത്തെപ്പറ്റി പറയുകയാണെങ്കിൽ, ദുരന്തമുണ്ടായ ഉടൻതന്നെ എല്ലാ ജനവിഭാഗങ്ങളും രക്ഷാപ്രവർത്തനത്തിന് ഇറങ്ങി. വിഴിഞ്ഞത്ത് ജമാ-അത്ത് കമ്മിറ്റി നബിദിനാഘോഷംപോലും മാറ്റിവച്ചുകൊണ്ട്, ക്രിസ്ത്യൻ പള്ളിക്കുമുമ്പിൽ വന്നുനിന്ന് മുസ്ലീം ജമാ-അത്ത് ഭാരവാഹികളും പ്രവർത്തകരും നബിദിനാഘോഷത്തിൽ പങ്കെടുക്കാൻ വന്ന മുഴുവൻ പേരും അത് മാറ്റിവച്ച് രക്ഷാപ്രവർത്തനത്തിനിറങ്ങി. സർക്കാർ സംവിധാനങ്ങളൊന്നും ആ ദിവസം അവിടെ തിരിഞ്ഞുനോക്കിയിട്ടില്ല എന്നുള്ളതാണ് വസ്തുത. 30-ാം തീയതി യാതൊന്നും നടന്നിട്ടില്ല. 1-ാം തീയതി ഞങ്ങളെല്ലാവരും നിർബന്ധിച്ച് ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരോട് നിങ്ങൾ ഒരു വലിയ ബോട്ട് ഇറക്കണം, ഇവിടത്തെ മത്സ്യത്തൊഴിലാളികൾ രക്ഷാപ്രവർത്തനത്തിന് പോകാൻ തയ്യാറാണ് എന്നുപറഞ്ഞപ്പോൾ ഞങ്ങൾക്ക് ജില്ലാ ഭരണകൂടത്തിന്റെ അനുമതിയില്ല എങ്കിലും ഒരു ബോട്ട് ഇറക്കുകയാണ് എന്നുപറഞ്ഞ് ഒരു ബോട്ടിറക്കി. 5 ബോട്ടിറക്കണമെന്ന് ഞങ്ങൾ പറഞ്ഞു. ചെയ്തില്ല. സാങ്കേതികത്വം പറഞ്ഞ് ഒരു ബോട്ട് മാത്രം ഇറക്കി. അതിൽ 11 മത്സ്യത്തൊഴിലാളികൾ പോയി 4 വിലപ്പെട്ട ജീവനുകൾ തിരിച്ചുകൊണ്ടുവന്നു. 5 ബോട്ടുകളെങ്കിലും 1-ാം തീയതി രാവിലെ ഇറക്കിയിരുന്നുവെങ്കിൽ വിലപ്പെട്ട അനേകം ജീവനുകൾ രക്ഷിക്കാൻ സാധിക്കുമായിരുന്നു. ഇതാണ് സർക്കാരിന്റെ പിടിപ്പുകേട് എന്ന് ഞങ്ങൾ പറഞ്ഞത്. ഒരു ജപ്പാൻ കപ്പലിൽ 60 പേരെ ഞങ്ങൾ രക്ഷപ്പെടുത്തി, കോസ്റ്റ് ഗാർഡിന്റെ ബോട്ടിൽ അവർ വൈകുന്നേരം വിഴിഞ്ഞം തീരത്ത് എത്തുമെന്നുപറഞ്ഞ് 1-ാം തീയതി സംസ്ഥാന സർക്കാരിനുവേണ്ടി ജില്ലാ കളക്ടറുടെ അറിയിപ്പ് വന്നു. അതിനെത്തുടർന്ന് സർക്കാർ സംവിധാനം അലെർട്ടായി. 20 ആംബുലൻസുകൾ നിരന്നു. 7 ജീപ്പിൽ എ.ഡി.ജി.പി. ശ്രീമതി സന്ധ്യ ഉൾപ്പെടെയുള്ള പോലീസ് ഓഫീസർമാർ അവിടെ വന്നു. ആയിരക്കണക്കിനാളുകൾ കൂടി. മെഡിക്കൽ സംഘങ്ങളെല്ലാം നിന്നു. കോസ്റ്റ് ഗാർഡിന്റെ ബോട്ട് വന്നപ്പോൾ അതിൽ ഒരു മനുഷ്യജീവനെപ്പോലും രക്ഷപ്പെടുത്തിക്കൊണ്ടുവന്നില്ല. സർക്കാരിന് എവിടെ നിന്നുമാണ് ഈ വിവരം ലഭിച്ചത്? ഉത്തരവാദിത്വമില്ലാത്ത, പിടിപ്പുകെട്ട സർക്കാർ 60 പേരെ കൊണ്ടുവരുന്നുവെന്ന് പറഞ്ഞിട്ട് 6 പേരെ പോലും കൊണ്ടുവന്നില്ല. ഈ വിവരമറിഞ്ഞ ഉടൻതന്നെ എ.ഡി.ജി.പി.-യും മുഴുവൻ പോലീസ് ഓഫീസർമാരും സ്ഥലം വിട്ടു. ആയിരക്കണക്കിനാളുകളുടെ മുന്നിൽ ഞാനും ശ്രീ. വി.എസ്. ശിവകുമാർ, എം.എൽ.എ.-യും മാത്രമാണ് ബാക്കിയുണ്ടായിരുന്നത്. മറ്റെല്ലാവരും സ്ഥലംവിട്ടു. ....(ബഹളം)....... മനോനില തെറ്റിയ ആരോ കൊടുത്ത വാർത്തയാണ് എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനെക്കുറിച്ച് പറഞ്ഞത്. ജില്ലാ കളക്ടർ സംസ്ഥാന സർക്കാരിനുവേണ്ടി നൽകിയ ഒരു വിവരം സംബന്ധിച്ച് മുഖ്യമന്ത്രി

പറയുന്ന മനോനില തെറ്റിയ ആരോ കൊടുത്ത വാർത്തയാണെന്ന്. ആ സ്പോട്ടിൽത്തന്നെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ എന്നെ ഫോണിൽ വിളിച്ചുപറഞ്ഞു, നിങ്ങളാരും പേടിക്കേണ്ട, 60 പേർ കുളച്ചൽ തീരത്ത് എത്തിക്കഴിഞ്ഞു, 42 പേരെ രക്ഷപ്പെടുത്തി കൊച്ചിയെ ലക്ഷ്യമാക്കി കൊണ്ടുപോകുന്നു, നാളെ രണ്ട് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഞങ്ങൾ അവരെ തിരുവനന്തപുരത്ത് എത്തിക്കും എന്ന്. ഒരു മന്ത്രിയല്ലേ പറയുന്നത് എന്നുള്ളതുകൊണ്ട് 102 പേർ നാളെ നമ്മുടെ തീരത്ത് എത്തുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരിക്കുന്നു എന്ന് അവിടെ കൂടിയ ജനങ്ങളോട് ഞാൻ പറഞ്ഞു. അടുത്ത ദിവസം 102 പോയിട്ട് ഒരാളെപ്പോലും കൊണ്ടുവന്നില്ല. .....(ബഹളം).....ബഹുമാനപ്പെട്ട മന്ത്രിയുടെ ടെലിഫോൺ റെക്കോർഡ് എടുത്ത് പരിശോധിക്കാൻ കഴിയുമോ; എന്നെ ടെലിഫോണിൽ വിളിച്ചുപറഞ്ഞതാണ്. ഇത്രയും ഉത്തരവാദിത്വരഹിതമായി ഒരു മന്ത്രിക്ക് എങ്ങനെയാണ് പറയാൻ സാധിക്കുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കുന്നു, ഇങ്ങനെ ഉത്തരവാദിത്വമില്ലാത്ത വിവരങ്ങൾ നൽകുന്നവരെ അങ്ങ് പറഞ്ഞതുപോലെ മനോനിലയില്ലാത്തവരുടെ കൂട്ടത്തിൽപ്പെടുത്താൻ സാധിക്കുമോ? 1-ാം തീയതി ജീവനോടുകൂടി 4 പേരെ തിരിച്ചുകൊണ്ടുവന്നു. അടുത്ത ദിവസം തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ എല്ലാ തീരദേശങ്ങളിൽനിന്നും കിട്ടാവുന്നിടത്തോളം ബോട്ടുകളിൽ മത്സ്യത്തൊഴിലാളികൾ പോയി. അറുപതോളം ബോട്ടുകൾ സംഘടിപ്പിച്ചുകൊണ്ട് അവർ രക്ഷാപ്രവർത്തനത്തിനിറങ്ങി. അവരാണ് ഏറ്റവും കൂടുതൽ മൃതദേഹങ്ങൾ ഇവിടെ കൊണ്ടുവന്നത്. സർക്കാർ സംവിധാനങ്ങൾ അലെർട്ടായിരുന്നുവെങ്കിൽ ഈ തീരദേശത്താകെത്തന്നെ റോഡ് ഉപരോധങ്ങൾ എങ്ങനെയുണ്ടായി? തുമ്പയിൽ റോഡ് ഉപരോധിച്ചു, വിഴിഞ്ഞത്ത് റോഡ് ഉപരോധിച്ചു, പൊഴിയൂരിൽ ഇടതുപക്ഷ എം.എൽ.എ.യുടെ നേതൃത്വത്തിലും റോഡ് ഉപരോധിച്ചു. നിങ്ങളാലോചിക്കണം, സർക്കാർ സംവിധാനങ്ങളൊന്നും പ്രവർത്തിച്ചില്ലെന്നു മാത്രമല്ല, ഈ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനു വേണ്ടി പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ തെരുവിലിറങ്ങേണ്ട സാഹചര്യമുണ്ടായി. നിങ്ങൾ എല്ലാ കാര്യങ്ങളും ചെയ്തുവെങ്കിൽ എങ്ങനെയാണ് അവർ റോഡിലിറങ്ങി റോഡ് ഉപരോധം നടത്തേണ്ട സാഹചര്യമുണ്ടാകുക? അതുകഴിഞ്ഞ് 2000 രൂപയും സൗജന്യ റേഷനും അടിയന്തര ദുരിതാശ്വാസമായി പ്രഖ്യാപിച്ചു. ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ട് പട്ടിണിയിൽ കഴിയുന്ന ആ പാവങ്ങൾക്ക് പുഴുവരിച്ച അരിയാണ് നിങ്ങളുടെ ഗവൺമെന്റ് നൽകിയിട്ടുള്ളത്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്...പ്ലീസ് കൺക്ലൂഡ്...

ശ്രീ. എം. വിൻസെന്റ്: പുഴുത്ത അരി നൽകുന്ന ഒരു സർക്കാരായി ഈ സർക്കാർ മാറിയില്ലേ? അക്കാര്യത്തിലും മത്സ്യത്തൊഴിലാളികൾക്ക് പ്രതിഷേധിക്കേണ്ടിവന്നു. നല്ല അരി തരണമെന്നാവശ്യപ്പെട്ട് അവർ പ്രതിഷേധിച്ചു. സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ അംഗമായിട്ടില്ലാത്ത ആർക്കും 2000 രൂപ ലഭിച്ചിട്ടില്ല. തീരദേശത്ത് മാസങ്ങളോളം പണിക്കുപോകാതെ പട്ടിണി കിടക്കുന്നവർക്ക് സാങ്കേതികത്വം പറഞ്ഞുകൊണ്ട് ഇത് നിഷേധിക്കാൻ സാധിക്കുമോ? ഇപ്പോൾ സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന ദുരിതാശ്വാസ നിധിയായ 20 ലക്ഷം രൂപ. കഴിഞ്ഞ മാസം ഗവൺമെന്റ് 25 പേർക്ക് കൊടുത്തു, നല്ല കാര്യം. പക്ഷേ ട്രഷറി സേവിംഗ്സ് അക്കൗണ്ടിന്റെ പാസ്സ് ബുക്ക് മാത്രമാണ് അവരുടെ കയ്യിൽ കിട്ടിയിട്ടുള്ളത്. കേരളത്തിൽ ഇതിനുമുമ്പും ധാരാളം ദുരന്തങ്ങളുണ്ടായിട്ടുണ്ട്. ആ ദുരന്തങ്ങളുണ്ടാകുമ്പോൾ ആശ്വാസ ധനം കൊടുക്കുന്നത് കയ്യിലാണ്. 2017-ലുണ്ടായ ദുരന്തത്തിന് 2022-ൽ പണം കൊടുക്കുമെന്നാണ് സർക്കാർ പറയുന്നത്. 5 വർഷം ട്രഷറി സേവിംഗ്സ് ബാങ്കിൽ നിക്ഷേപിക്കുമെന്നാണ് പറഞ്ഞത്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്....ശ്രീ. എം. വിൻസെന്റ്, സഭ എടുക്കുന്ന പൊതുവായ സമീപനത്തോട് യോജിക്കണം.

ശ്രീ. എം. വിൻസെന്റ്: ഒരു പ്രധാനപ്പെട്ട വിഷയമാണ്. രണ്ടുമൂന്ന് മിനിട്ടുകൂടി വേണം.

മി. സ്പീക്കർ: അതുകൊണ്ടാണ് 14 മിനിട്ട് നൽകിയത്. 14 മിനിട്ടായല്ലോ; പ്ലീസ്....പ്ലീസ്.....എന്നാൽ നിങ്ങളെല്ലാവരുംകൂടി തീരുമാനിച്ചാൽ മതി.

ശ്രീ.എം. വിൻസെന്റ്: രക്ഷപ്പെട്ടുവന്ന മുന്നൂറോളം മത്സ്യത്തൊഴിലാളികൾക്ക് കടൽ ഇന്നൊരു ഭയമായി മാറിയിരിക്കുകയാണ്.

മി. സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. എം. വിൻസെന്റ്: അവർക്ക് കടലിൽ പോകാൻ കഴിയാത്ത ഒരു സാഹചര്യമുണ്ടായിരിക്കുകയാണ്. അതുകൊണ്ട് രക്ഷപ്പെട്ടുവന്ന, കടലിൽ പോകാൻ കഴിയാത്ത മത്സ്യത്തൊഴിലാളികളെക്കൂടി ഈ ആശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകണം. കാണാതായവരുടെ യഥാർത്ഥ കണക്കുപോലും ഗവൺമെന്റിന്റെ കയ്യിലില്ലല്ലോ. ഈ മാസം 6-ാം തീയതി വരെ ഫിഷറീസ് വകുപ്പ് പറഞ്ഞത് വെറും 92 മത്സ്യത്തൊഴിലാളികളെ മാത്രമേ കണ്ടുകിട്ടാനുള്ളൂവെന്നാണ്. 8-ാം തീയതി ആയപ്പോൾ കണക്ക് മാറി. 313 മത്സ്യത്തൊഴിലാളികളെ കാണാനില്ലെന്നാണ് 8-ാം തീയതി ആയപ്പോൾ പറയുന്നത്. 155 മത്സ്യത്തൊഴിലാളികളെ കാണാനില്ലെന്നാണ് ഇന്നലെ ചീഫ് സെക്രട്ടറി പറഞ്ഞിരിക്കുന്നത്.

മി. സ്പീക്കർ: എന്താ ഇതെല്ലാം ആദ്യം പറയാത്തത്? പ്ലീസ്...കൺക്ലൂഡ്... എല്ലാ ദിവസവും ഇവിടെ വരുന്ന വിഷയങ്ങൾ പ്രധാനപ്പെട്ടതാണ്. അത് സമയനിഷ്ഠമായി പറയുന്നതാണ് അതിന്റെ മര്യാദ.

ശ്രീ. എം. വിൻസെന്റ്: എത്ര തെരുവുനായ്ക്കളുണ്ടെന്ന് ചോദിച്ചാൽ സർക്കാരിന്റെ കയ്യിൽ കണക്കുണ്ട്. പക്ഷെ എത്ര മത്സ്യത്തൊഴിലാളികളെ കാണാനില്ലെന്ന് ചോദിച്ചാൽ സർക്കാരിന്റെ കയ്യിൽ കൃത്യമായ കണക്കില്ല.

മി. സ്പീക്കർ: അങ്ങ് അവസാനിപ്പിക്കുന്നുണ്ടോ? പ്ലീസ്.... കൺക്ലൂഡ് ചെയ്യൂ.

ശ്രീ. എം. വിൻസെന്റ്: കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ഇക്കാര്യത്തിൽ ഗുരുതരമായ വീഴ്ച വരുത്തി. വീഴ്ചവരുത്തിയ ഈ രണ്ടുപേരും പരസ്പരം പുകഴ്ത്തുകയാണ്. സംസ്ഥാന ഗവൺമെന്റ് എല്ലാം ചെയ്തുവെന്നാണ് കേന്ദ്ര ഗവൺമെന്റ് പറയുന്നത്. പ്രധാനമന്ത്രിക്ക് നന്ദി പറഞ്ഞുകൊണ്ട് മുഖ്യമന്ത്രി കത്തയയ്ക്കുകയാണ്. ഇത്തരത്തിലുള്ള പരസ്പര പുകഴ്ത്തലുകളാണ് നടക്കുന്നത്.

മി. സ്പീക്കർ: യെസ്...... പ്ലീസ് കൺക്ലൂഡ്..... കൺക്ലൂഡ്.....

ശ്രീ. എം. വിൻസെന്റ്: ഉറ്റവരെ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി സ്ത്രീകൾ വാവിട്ട് നിലവിളിച്ചപ്പോൾ ഇത് തിരുവനന്തപുരത്തുകാരുടെ എല്ലാ ദിവസവുമുള്ള പരിപാടിയാണെന്നാണ് ഫിഷറീസ് വകുപ്പുമന്ത്രി പറഞ്ഞത്.

മി. സ്പീക്കർ: യെസ്.... പ്ലീസ്....ഇത് ശരിയാവില്ല. ഇത് സഭയോടുള്ള അനാദരവാണ്. ഇങ്ങനെ അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകാൻ പറ്റില്ല.

ശ്രീ. എം. വിൻസെന്റ്: സ്വന്തം മകനെ നഷ്ടപ്പെട്ടാൽ, സ്വന്തം ഭർത്താവിനെ നഷ്ടപ്പെട്ടാൽ വാവിട്ട് നിലവിളിക്കാതെ പൊട്ടിച്ചിരിക്കണോ? ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയും ഒരു സ്ത്രീയല്ലേ? സ്ത്രീകൾ വാവിട്ട് നിലവിളിക്കുമ്പോൾ അതിനെതിരെ സംസാരിക്കുകയാണ് ചെയ്യുന്നത്. കൃത്യമായ മുന്നറിയിപ്പ് നൽകാതെ, രക്ഷാപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താതെ തീരദേശത്തെ മത്സ്യത്തൊഴിലാളികളെ കൊലയ്ക്കുകൊടുത്തത് ഈ സർക്കാരാണ്. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.

മി. സ്പീക്കർ: പ്ലീസ്.... ഇനി സമയം അനുവദിക്കാൻ കഴിയില്ല.

ശ്രീ. എം. വിൻസെന്റ്: ഈ സർക്കാർ തന്നെ ദുരന്തം നേരിടുന്ന കാര്യത്തിൽ..... (മൈക്ക് ഓഫ്)......... (ബഹളം).......

മി. സ്പീക്കർ: മൈക്ക് ഞാൻ പറഞ്ഞിട്ട് ഓഫാക്കിയതാണ്. കൺക്ലൂഡ് ചെയ്യൂ.

ശ്രീ. എം. വിൻസെന്റ്: ഒരു മിനിട്ടുകൊണ്ട് അവസാനിപ്പിക്കാം. ഈ ദുരന്തത്തിൽ ഏറ്റവും കൂടുതൽ ആളുകൾ മരണപ്പെടുകയും കാണാതാവുകയും ചെയ്ത ഒരു നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയാണ് ഞാൻ. അതുകൊണ്ട് രണ്ട് മിനിട്ട് അധികം തരണ്ടേ?

മി. സ്പീക്കർ: എല്ലാവരും നിങ്ങളുടെ കൂടെയുണ്ട്. കൺക്ലൂഡ് ചെയ്യൂ.

ശ്രീ. എം. വിൻസെന്റ്: ഈ ദുരന്തം നേരിടുന്നതിൽ സമ്പൂർണ്ണമായി പരാജയപ്പെട്ട സർക്കാർ ഓഖിയേക്കാൾ വലിയൊരു ദുരന്തമായി മാറിയിരിക്കുകയാണ്. അതുകൊണ്ട് സഭ നിർത്തിവച്ച് ഗൗരവതരമായ ഈ കാര്യങ്ങൾ ചർച്ചചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ എം. വിൻസെന്റ് സംസാരിക്കുമ്പോൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകൾ നിരത്തിപ്പറയുമെന്നായിരുന്നു ഞാൻ പ്രതീക്ഷിച്ചത്. പക്ഷെ ഒന്നും പറഞ്ഞതായി കണ്ടില്ല.

ശ്രീ. കെ. സി. ജോസഫ്: അദ്ദേഹം പറഞ്ഞതാണ്. അങ്ങേയ്ക്ക് മനസ്സിലാകാഞ്ഞിട്ടാണ്.

ശ്രീ. പിണറായി വിജയൻ: മനസ്സിലായതാണ് ഞാൻ പറയുന്നത്. മനസ്സിലായ കാര്യം പറയാൻ പോകുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സുനാമി ഉണ്ടായപ്പോൾ നിങ്ങൾ എന്താണ് കൊടുത്തത്; 10 ആളുകൾക്ക് 2 ലക്ഷം രൂപ വീതമല്ലേ കൊടുത്തത്? …….(ബഹളം)……

ശ്രീ. പിണറായി വിജയൻ: ഏത് ദുരന്തമായാലും അത് നമ്മുടെ സഹോദരങ്ങൾക്ക് വരുന്ന കാര്യമാണ്. നമ്മളെല്ലാവരും അത്തരം ദുരന്തത്തിൽ ദുഃഖിതരാണ്, ഉത്കണ്ഠാകുലരാണ്. ദുരന്തത്തിന് ഇരയായവരെയും അവരുടെ കുടുംബാംഗങ്ങളെയും സംരക്ഷിക്കുന്ന കാര്യത്തിൽ തൽപ്പരരുമാണ്. ഇക്കാര്യത്തിലൊന്നും ഭരണ-പ്രതിപക്ഷ വ്യത്യാസമുണ്ടാകേണ്ട കാര്യമില്ല. പക്ഷെ, സർക്കാരാണ് നടപടികൾ സ്വീകരിക്കേണ്ടതെന്നുള്ളതുകൊണ്ട് സർക്കാർ നടപടികളിൽ എന്തെങ്കിലും വീഴ്ചകളുണ്ടായാൽ സ്വാഭാവികമായും അത് ചൂണ്ടിക്കാണിക്കുകയും അത്തരം കാര്യങ്ങളിൽ വിമർശനങ്ങൾ ഉന്നയിക്കുകയും ചെയ്യുക എന്നത് പ്രതിപക്ഷത്തിന്റെ ബാദ്ധ്യത തന്നെയാണ്. അതാണോ ഇവിടെയുണ്ടായത്? ഇവിടെ പറഞ്ഞ കാര്യങ്ങൾ നമ്മൾ കേട്ടല്ലോ. ഈ

ദുരന്തത്തിനുശേഷം സർക്കാർ ഇന്നയിന്ന കാര്യങ്ങൾ ചെയ്യുന്നുവെന്ന് പറഞ്ഞിരുന്നു. ബഹുമാന്യനായ അംഗത്തിന് അതുസംബന്ധിച്ച് യാതൊരു പരാതിയുമില്ല. എന്തെങ്കിലും ഒരു കുറവ് അക്കാര്യത്തിൽ സംഭവിച്ചുവെന്ന് ചൂണ്ടിക്കാണിക്കുന്നില്ല. ഇന്ന കാര്യത്തിൽ വീഴ്ച വരുത്തിയെന്നും പറയുന്നില്ല. വീഴ്ച വരുത്തിയെന്ന് പറയുന്ന കാര്യമേതാണ്? നേരത്തെ പറഞ്ഞ കാര്യമാണ്. അത് സർക്കാരിന് അറിയിപ്പ് കിട്ടിയാൽ മാത്രം ചെയ്യേണ്ട കാര്യങ്ങളാണ്. അതിൽ അറിയിപ്പ് നൽകേണ്ടവർക്കുതന്നെ വീഴ്ച സംഭവിച്ചുവെന്നുള്ളത് പരോക്ഷമായി സമ്മതിച്ചുകഴിഞ്ഞിട്ടുണ്ട്. അതിന് നമ്മൾ ഉത്തരവാദികളാകുന്നില്ല. നമുക്ക് അറിയിപ്പ് കിട്ടിയതിനുശേഷം മനുഷ്യസാധ്യമായ എല്ലാ കാര്യങ്ങളും ഇവിടെ ചെയ്തിരിക്കുകയാണ്. വസ്തുതകൾ മറച്ചുവയ്ക്കൽ സാധാരണ നിലയിൽ നമുക്ക് ഭൂഷണമായ കാര്യമാണോ? പ്രതിപക്ഷമാകെ അങ്ങനെയാണെന്ന് പറയാൻ ഞാൻ ഇപ്പോൾ മെനക്കെടുന്നില്ല. പക്ഷെ, ഇവിടെ പറഞ്ഞതെന്താണ്? രക്ഷാപ്രവർത്തനം ഒരു ദിവസം മുഴുവൻ നടന്നില്ലെന്നാണ്. അദ്ദേഹം ഇവിടെ പരാമർശിച്ചത് അനുസരിച്ചാണെങ്കിൽ, മത്സ്യത്തൊഴിലാളികൾ ഒരു വള്ളമിറക്കാൻ തയ്യാറായതുകൊണ്ട് രക്ഷാപ്രവർത്തനം നടത്താൻ കഴിഞ്ഞുവെന്നാണ്. അതാണോ വസ്തുത? ഇവിടെ രക്ഷാപ്രവർത്തനത്തിൽ ആർമി, നേവി, എയർഫോഴ്സ്, കോസ്റ്റ് ഗാർഡ് തുടങ്ങിയ കേന്ദ്ര ഏജൻസികളാകെ പങ്കെടുത്തിട്ടുണ്ട്. ഇതെല്ലാം നമ്മുടെ നാട്ടിൽ എല്ലാവർക്കും അറിയാവുന്ന കാര്യമല്ലേ? അദ്ദേഹത്തിന് അറിയാത്ത കാര്യമല്ല. എന്തിനാണ് അദ്ദേഹം അത് മറച്ചുവയ്ക്കാൻ തയ്യാറായത്; മറച്ചുവച്ചതുകൊണ്ട് എന്ത് നേട്ടമാണുള്ളത്; ഇത് ഇപ്പോൾ പറഞ്ഞതുകൊണ്ട് ദുരന്തത്തിനിരയായ മത്സ്യത്തൊഴിലാളികളാകെ ഈ പറഞ്ഞതിന്റെ കൂടെ നിൽക്കുമെന്നാണോ അദ്ദേഹം പ്രതീക്ഷിക്കുന്നത്. ദുരന്തം ദുരന്തമല്ലേ; അതിനെ ആ നിലയ്ക്കല്ലേ നമ്മളെല്ലാവരും കാണേണ്ടത്; അതിന് സർക്കാരിനെ കുറെ കുറ്റപ്പെടുത്തി സംസാരിച്ചതുകൊണ്ട് ദുരന്തത്തിനിരയായവരുടെ പ്രത്യേക സഹാനുഭൂതി ആ അംഗത്തോടുണ്ടാകുമെന്ന് അദ്ദേഹം പ്രതീക്ഷിക്കുന്നുണ്ടോ; ഇവിടെ ആദ്യഘട്ടത്തിൽത്തന്നെ നാവികസേനയുടെ 7 കപ്പലുകളും 2 വിമാനവും 4 ഹെലികോപ്റ്ററുകളുമെല്ലാം തെരച്ചിലിനുവേണ്ടി ഉപയോഗിച്ചിട്ടുണ്ട്. ആകെ 15 കപ്പലുകളും 7 ഹെലികോപ്റ്ററുകളും 4 വിമാനങ്ങളും ആദ്യ ദിവസങ്ങളിൽ രക്ഷാപ്രവർത്തനരംഗത്ത് രാപ്പകലുണ്ടായിരുന്നു. എന്തിനാണ് അത് മറച്ചുവയ്ക്കാൻ തയ്യാറാകുന്നത്; അതിന്റെ ആവശ്യമെന്താണ്? അവിടെ ഏതെങ്കിലുമൊരു ഐ.എ.എസ്. ഓഫീസറെങ്കിലും വന്നുവോ എന്ന് അദ്ദേഹം ഇവിടെ ചോദിച്ചു. ഈ മന്ത്രിസഭയിലെ രണ്ട് അംഗങ്ങൾ; മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയും സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും ആ കടപ്പുറത്തുതന്നെ ഉണ്ടായിരുന്നു,

മത്സ്യത്തൊഴിലാളികളോടൊപ്പംതന്നെ ഉണ്ടായിരുന്നു. എന്താണ് അത് കാണാതിരിക്കുന്നത്? ദുരന്തം നടന്നതുമുതൽ എല്ലാ ദിവസവും ഉണ്ടായിരുന്നു. എല്ലാ സമയവും ഉണ്ടായിരുന്നു. അതൊന്നും ആർക്കും നിഷേധിക്കാൻ കഴിയുന്ന കാര്യമല്ല. അത് മറച്ചുവച്ചതുകൊണ്ട് എന്താണ് കാര്യം? നമുക്ക് സംഭവിച്ചത് വലിയ ദുരന്തംതന്നെയാണ്. പക്ഷെ, അത് നമ്മുടെ കയ്യിൽ നിൽക്കുന്നതല്ലല്ലോ; ദുരന്തം സംഭവിച്ചാൽ നമുക്കെല്ലാവർക്കുംകൂടി എന്ത് ചെയ്യാൻ കഴിയുമെന്നതാണല്ലോ നമ്മൾ നോക്കേണ്ടത്. അതിനാണല്ലോ സർക്കാർ ശ്രമിച്ചത്. ഇവിടെ ആവശ്യമായ മുന്നറിയിപ്പ് കൊടുത്തില്ലെന്ന് പറഞ്ഞാൽ, കേരളത്തിലെ പ്രമുഖ പത്രമായ മലയാള മനോരമയിൽത്തന്നെ ആ വാർത്ത വന്നല്ലോ. പക്ഷെ, വാർത്ത ചെറുതായിരുന്നു. അത് ചുഴലിക്കാറ്റാണെന്ന് ആരും വിചാരിച്ചില്ല. അങ്ങനെയുള്ള ഒരു വാർത്തയാണ് വന്നത്. ചുഴലിക്കാറ്റാണ് വരാൻ പോകുന്നതെന്ന തരത്തിലുള്ള ഒരു അറിയിപ്പും വന്നില്ല.

സ്റ്റേറ്റ്മെന്റ് വയ്ക്കാനുള്ളതുകൊണ്ട് വളരെ വിശദമായി ഞാൻ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. ഇവിടെ തമിഴ്നാടിനെക്കുറിച്ച് പറഞ്ഞു. തമിഴ്നാട് നല്ല രീതിയിൽ ഇടപെട്ടുവെന്ന് അദ്ദേഹം പറഞ്ഞു. കൂടാതെ ഒരു നടപടിയെ അദ്ദേഹം വിമർശിച്ചു. സർക്കാർ ഇരുപത് ലക്ഷം രൂപ കൊടുക്കുമെന്ന് പറഞ്ഞിട്ട് രസീത് മാത്രമാണ് കൊടുത്തതെന്ന്. അതിനെപ്പറ്റി അങ്ങേയ്ക്കും അറിയാമെന്നാണ് എനിക്ക് തോന്നുന്നത്. ഈ കാശ് മുഴുവൻ ഒരുമിച്ച് അവരുടെ കയ്യിൽ കൊടുത്താൽ ഒന്നോ രണ്ടോ ദിവസംകൊണ്ട് അത് തീർന്നുപോകുന്ന അവസ്ഥയുണ്ടാകുമെന്ന ഒരു ആശങ്ക മത്സ്യത്തൊഴിലാളികളോടും കുടുംബങ്ങളോടും താല്പര്യമുണ്ടായിരുന്ന എല്ലാപേർക്കും ഉണ്ടായിരുന്നു. അങ്ങനെയൊരു അവസ്ഥയുണ്ടാകരുതെന്ന് കരുതിയാണ് ആ തുക ബാങ്കിൽ നിക്ഷേപിച്ച് അതിന്റെ രസീത് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചത്. അത് ആ കുടുംബങ്ങളോടുള്ള ഒരു കരുതലിന്റെ ഭാഗമായി ചെയ്തതാണ്. ആ രസീതിനെപ്പറ്റിയാണ് അങ്ങ് പറഞ്ഞത്. അതല്ലാതെ മറ്റെന്ത് നടപടിയാണ് സ്വീകരിക്കാൻ കഴിയുന്നത്? മത്സ്യത്തൊഴിലാളി കുടുംബങ്ങളോടുള്ള കരുതലിന്റെ ഭാഗമായി നിർദ്ദേശിച്ച ആ നടപടി സർക്കാർ സ്വീകരിച്ചു. അതൊരു നല്ല നടപടിതന്നെയാണ്. അതിലെന്ത് വീഴ്ചയാണുള്ളത്? ആ കുടുംബങ്ങളുടെ കാര്യത്തിൽ സ്വീകരിക്കാനുള്ള മറ്റ് നടപടികളെപ്പറ്റിയും പറഞ്ഞിട്ടുണ്ട്. ഞാൻ അത് ആവർത്തിക്കുന്നില്ല. എന്തിനാണ് അങ്ങ് അതിനെ പരിഹസിച്ചതെന്ന് മനസ്സിലാകുന്നില്ല. ഇവിടെ പ്രധാനമന്ത്രിക്കും മറ്റുള്ളവർക്കും നന്ദി പ്രകടിപ്പിച്ചതിനെപ്പറ്റി സൂചിപ്പിച്ചിരുന്നു. ഞാൻ പ്രതിപക്ഷത്തിനും പ്രതിപക്ഷ നേതാവിനുമെല്ലാം നന്ദി പറഞ്ഞിട്ടുണ്ട്. ഇനിയും തുടർന്നുള്ള എന്റെ സ്റ്റേറ്റുമെന്റിലും നന്ദി പറയാൻ ആഗ്രഹിക്കുന്നുമുണ്ട്. കാരണം നമ്മളെല്ലാം ഒന്നിച്ചാണ് ഈ വിഷയത്തിൽ ഇടപെട്ടത്. ഇത്തരം കാര്യങ്ങളിൽ രണ്ട് ചേരിയായി നിൽക്കേണ്ട ആവശ്യമില്ല. നാടൊന്നിച്ചാണ് ഇത്തരം കാര്യങ്ങളിൽ നീങ്ങേണ്ടത്.

ഇതിൽനിന്നും വ്യത്യസ്തമായ ഒരു സംഭവത്തെപ്പറ്റി ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ലോക കേരള സഭയുടെ ഭാഗമായി ഒരു ചർച്ച മീഡിയാ അക്കാഡമിയുടെ നേതൃത്വത്തിൽ ആഗോള മാധ്യമ സംഗമം സംഘടിപ്പിച്ചിരുന്നു. അതിലുണ്ടായ ഒരു സംഭവം ചൂണ്ടിക്കാണിക്കുകയാണ്. മറ്റ് രാജ്യങ്ങളിലെ മാധ്യമ പ്രതിനിധികളും ഇവിടത്തെ മാധ്യമ പ്രതിനിധികളും തമ്മിലൊരു ചർച്ച നടത്തുകയുണ്ടായി. മറ്റ് രാജ്യങ്ങളിൽനിന്നും വന്നവർ ഇവിടത്തെ മാധ്യമ സുഹൃത്തുക്കളോട് ചോദിച്ചു നിങ്ങൾ എന്താണ് ഇവിടെ കാണിക്കുന്നത്; ഓഖി ചുഴലിക്കാറ്റ് ഉണ്ടായപ്പോൾ പോസിറ്റീവായ ഏതെങ്കിലും വാർത്ത നിങ്ങൾക്ക് കൊടുക്കാൻ സാധിച്ചോ? നിങ്ങൾ അതിൽ എന്തെങ്കിലും വീഴ്ച പറ്റിയിട്ടുണ്ടോയെന്നല്ലേ അന്വേഷിച്ച് റിപ്പോർട്ട് ചെയ്തിട്ടുള്ളത്? ഇതാണോ മാധ്യമ ധർമ്മം? ഇങ്ങനെയാണോ നിങ്ങൾ പ്രവർത്തിക്കേണ്ടത്? ഇത് ഞങ്ങളാരും പറഞ്ഞതല്ല. മാധ്യമങ്ങളുടെ തന്നെ ഭാഗമായി നിൽക്കുന്ന, നമ്മുടെ രാജ്യത്തിന് പുറത്തുള്ള മലയാളികളായ മാധ്യമ സുഹൃത്തുക്കൾ അവരോട് ചോദിച്ച കാര്യമാണിത്. ആ നിലവാരത്തിലേയ്ക്ക് നമ്മൾ എന്തിന് മാറണം? രാഷ്ട്രീയത്തിൽ ഭരണപക്ഷം പ്രതിപക്ഷമെന്ന നിലയിലുള്ള വിമർശനങ്ങളൊക്കെ ആകാം. പക്ഷെ ഇത്തരം സംഭവങ്ങളിലെങ്കിലും നമുക്ക് ഒന്നിച്ച് നിൽക്കാൻ കഴിയണ്ടേ? അപ്പോഴും അതിൽനിന്നും രക്ഷപ്പെടാൻ ഞാൻ ആഗ്രഹിക്കുന്നില്ല. സർക്കാരിന്റെ ഭാഗത്ത് എന്തെങ്കിലും വീഴ്ചയുണ്ടെങ്കിൽ അതിനെ ശക്തമായി വിമർശിക്കണം. അതിൽ ഒരു തെറ്റുമില്ല. പക്ഷെ വിമർശിക്കാൻ വേണ്ടിമാത്രമുള്ള ഒരു കൂട്ടരായി നിൽക്കാൻ പാടുണ്ടോയെന്ന കാര്യം പരിശോധിക്കേണ്ടതാണ്. അതല്ലേ ബഹുമാനപ്പെട്ട അംഗത്തിന്റെ ഇത്തരം വിമർശനങ്ങളിലൂടെ കാണുന്നത്. തമിഴ്നാടിന്റെ അനുഭവത്തെപ്പറ്റി പറഞ്ഞു, ഈ സംഭവമുണ്ടായതിന്റെ അടുത്ത ദിവസങ്ങളിൽ സെക്രട്ടേറിയറ്റിലുള്ള നമ്മുടെ ഓഫീസുകളിൽ നമ്മൾ സ്വീകരിച്ച നടപടികളെപ്പറ്റി അറിയുന്നതിനും അതിനെ പ്രശംസിക്കുന്നതിനുമായി തമിഴ്നാട്ടിലുള്ള ആളുകളുടെ വരവായിരുന്നു. ഇതൊന്നും പുകഴ്ത്തുവാൻ വേണ്ടി പറയുന്ന കാര്യങ്ങളല്ല. തമിഴ്നാട് മുഖ്യമന്ത്രിയുടെ കത്ത് എന്റെ കയ്യിലുണ്ട്. അതിൽ പറയുന്നത്, I had deputed the team of officials headed by a senior IAS officer to your state to ensure the safe and immediate return of Tamil Nadu fishermen. I was informed that your officials are providing all support to the Tamil Nadu Team. ബഹുമാനപ്പെട്ട അംഗത്തിന് അറിയാമല്ലോ.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അതിനു കാരണം കേരളത്തിലെ ബോട്ടുകളിൽ മത്സ്യബന്ധനത്തിനുവേണ്ടി കൂടുതലായി പോകുന്നത് തമിഴ്നാട്ടിലെ കുളച്ചൽ ഭാഗത്തുള്ള മത്സ്യത്തൊഴിലാളികളാണ്. അവർ കേരളത്തിലെ ബോട്ടുകളിൽ മത്സ്യബന്ധനത്തിനായി പോയതുകൊണ്ടാണ്

അവരെ സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് അവിടത്തെ മുഖ്യമന്ത്രി അങ്ങേയ്ക്ക് കത്തെഴുതിയത്. അത് അങ്ങേയ്ക്കുള്ള അഭിനന്ദനമായി അങ്ങ് കാണരുതെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. പിണറായി വിജയൻ: ഇതിൽ, You are aware that the very severe cyclonic storm 'Okhi' had caused intense as well as extensive damages in Kanyakumari district of Tamil Nadu. Fortunately, many fishermen belonging to Tamil Nadu who were fishing all along the west coast of our country in the Arabian Sea had reached safer places by berthing their boats in your state. Based on the request of Government of Tamil Nadu to ensure safety and well being of Tamil Nadu fishermen, the concerned district administration of your state had provided good care to the fishermen and also provided sufficient space to berth their boats safely. അവസാനം പറയുകയാണ്, I take this opportunity to convey my sincere thanks to you for your support എന്ന്.

ശ്രീ. എസ്. ശർമ്മ: സർ, തമിഴ്നാട് ഗവൺമെന്റ് എഴുതിയ കത്തിനെപ്പറ്റി ഇവിടെ പറയുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചില പ്രശ്നങ്ങൾ വിമർശനങ്ങളായി ഉന്നയിച്ചിരുന്നു. ഈ സംഭവത്തിൽ ആളുകൾക്ക് അപകടം സംഭവിച്ചു. നഷ്ടപരിഹാരം സംബന്ധിച്ച് എത്ര കൊടുത്താലും മതിയാകില്ലെങ്കിലും സാമാന്യേന ഇതുവരെ അനുവദിച്ചിട്ടുള്ളതിൽ വച്ച് മികച്ച നഷ്ടപരിഹാരമാണ് നമ്മുടെ ഗവൺമെന്റ് അനുവദിച്ചത്. തമിഴ്നാട് ഗവൺമെന്റ് മന്ത്രിസഭാ യോഗം ചേർന്ന് മരിച്ചവരുടെ കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാരമായി ആദ്യം നൽകുവാൻ തീരുമാനിച്ചത് 4 ലക്ഷം രൂപയായിരുന്നു. കേരളം കൊടുത്തതുപോലുള്ള നഷ്ടപരിഹാരംതന്നെ അവർക്കും വേണമെന്നാവശ്യപ്പെട്ടുകൊണ്ട് കുളച്ചൽ, കന്യാകുമാരി, തൂത്തുക്കുടി തുടങ്ങിയ സ്ഥലങ്ങളിലെല്ലാം struggle ഉണ്ടായി. ആ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ നാല് ലക്ഷമെന്നത് ഇരുപത് ലക്ഷമാക്കി ഉയർത്തുകയാണ് അവിടത്തെ ഗവൺമെന്റ് ചെയ്തത്.

ശ്രീ. പിണറായി വിജയൻ: അതൊരു കാര്യം. വേറൊന്ന് ബഹുമാനപ്പെട്ട അംഗം എം. വിൻസെന്റിന് അറിയാവുന്ന കാര്യമാണ്. അവർ എല്ലാപേരും കൂടി ഈ ഘട്ടത്തിൽ പ്രക്ഷോഭം നടത്തി ആവശ്യപ്പെട്ട കാര്യം നമ്മൾ ഗൗരവമായി കാണേണ്ടതില്ലെങ്കിലും പറയുകയാണ്, അതിലെ ഒരു മുദ്രാവാക്യം ഞങ്ങളെക്കൂടി കേരളത്തോട് ചേർക്കണം എന്നതായിരുന്നു. തമിഴ്നാടിന്റെ ഒരു വികാരം അതായിരുന്നു. നമുക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ഇക്കാര്യത്തിൽ സ്വീകരിച്ചുവെന്നുള്ള ഒരു വികാരം പൊതുവെ അവിടെയുണ്ടായിരുന്നു. എങ്കിലും

നമ്മുടെ ഭാഗത്ത് വീഴ്ചകളുണ്ടാകും. അത് എന്താണെന്ന് ചൂണ്ടിക്കാണിച്ചാൽ ഇനിയും പരിഹരിക്കാൻ തയ്യാറാണ്. ഇപ്പോൾ സാധ്യമായ രീതിയിലുള്ള സുരക്ഷാ നടപടികളാണ് ഇക്കാര്യത്തിൽ നമ്മൾ സ്വീകരിച്ചിട്ടുള്ളത്. ഇനി അങ്ങോട്ട് ഇത്തരത്തിലുള്ള ആപത്ത് ഒഴിവാക്കുന്നതിനാവശ്യമായ കരുതൽ നടപടികൾ തീരദേശമാകെ സ്വീകരിക്കാനാണ് സർക്കാർ സന്നദ്ധമായിട്ടുള്ളത്. മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടതിന്റെയും അപകടത്തിൽപ്പെട്ടതിന്റെയുമൊക്കെ ദുഃഖമുണ്ടെങ്കിലും അവർ സർക്കാർ സ്വീകരിച്ച നടപടികളിൽ സംതൃപ്തരാണ്. ആ നടപടികളുമായി മുന്നോട്ടുപോകാൻ തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ സഹകരണവും പിന്തുണയും വേണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എല്ലാ വിഷയങ്ങളും കേട്ടപ്പോൾ ഇതൊരു അടിയന്തര പ്രമേയമായി അവതരിപ്പിക്കേണ്ട കാര്യമില്ലെന്ന് അങ്ങേയ്ക്കുതന്നെ ബോധ്യമായിക്കാണുമല്ലോ. അതുകൊണ്ട് അടിയന്തരപ്രമേയമായി ചർച്ച ചെയ്യേണ്ട യാതൊരു ആവശ്യവുമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇതുപോലൊരു ദുരന്തമുണ്ടായ സാഹചര്യത്തിൽ ഇങ്ങനെയൊരു അടിയന്തരപ്രമേയം വന്നാൽ അത് ചർച്ചചെയ്യാൻ ഗവൺമെന്റ് തയ്യാറാകും എന്നാണ് ഞാൻ കരുതിയത്. ദുരന്തങ്ങളുണ്ടാകുമ്പോൾ കേരളം ഒരുമിച്ച് നിൽക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിനോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. കേരളം കണ്ട ഏറ്റവും വലിയ ദുരന്തമായിരുന്നു 'ഓഖി'. ഈ ദുരന്തത്തിൽപ്പെട്ട് മരിച്ചവരും കാണാതായവരും പരിക്കുപറ്റിയവരുമുണ്ട്. അവർക്കൊക്കെ ആശ്വാസം നൽകത്തക്കവിധത്തിൽ ഈ സഭ അതിനെപ്പറ്റി ഒരു ചർച്ച നടത്തണമെന്ന് ശ്രീ. എം. വിൻസെന്റ് ആവശ്യപ്പെട്ടതിനോട് യോജിക്കുകയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയ്യേണ്ടിയിരുന്നത്. ദുരന്തങ്ങളെ രാഷ്ട്രീയവൽക്കരിക്കുന്ന നടപടിയോട് ഞങ്ങളാരും യോജിക്കുന്നില്ല. പക്ഷെ, ഈ സംഭവമുണ്ടായപ്പോൾ ആദ്യം അവിടെ ഓടിയെത്തിയത് ഞാനും മുൻമുഖ്യമന്ത്രിയായ ശ്രീ. ഉമ്മൻ ചാണ്ടിയുമായിരുന്നു. ഞങ്ങൾ ആരും ഈ ദുരന്തത്തെ രാഷ്ട്രീയവൽക്കരിക്കാൻ ശ്രമിച്ചിട്ടില്ല. പക്ഷെ കഴിവുകെട്ട ഒരു ഭരണകൂടം നാടിന് എത്രമാത്രം ആപത്താണെന്ന കാര്യമാണ് നാം ഇവിടെ കണ്ടത്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എത്രപേർ മരിച്ചിട്ടുണ്ടെന്നും എത്രപേരെ കാണാതായിട്ടുണ്ടെന്നും

എത്രപേർക്ക് പരിക്കുപറ്റിയെന്നുമുള്ള കണക്ക് വ്യക്തമാക്കുമെന്നാണ് ഞാൻ കരുതിയത്. റവന്യൂ വകുപ്പുമന്ത്രി ഒരു കണക്ക് പറയുന്നു, ഫിഷറീസ് വകുപ്പിന്റെ ചുമതലയുള്ള മന്ത്രി മറ്റൊരു കണക്ക് പറയുന്നു, ലത്തീൻ രൂപത വേറൊരു കണക്ക് പറയുന്നു. ദീപിക ദിനപ്പത്രത്തിൽ കാണാതായ മുഴുവൻ ആളുകളുടെയും ഫോട്ടോയുണ്ട്. (ദീപിക ദിനപ്പത്രം ഉയർത്തിക്കാണിക്കുന്നു.) 108 പേരെയാണ് കാണാതായത്. 108 പേരുടെ കുടുംബങ്ങൾ എത്രമാത്രം വേദനയിലാണ് കഴിയുന്നത്? വേദന അടക്കിപ്പിടിച്ചു കഴിയുന്ന ആ ജനസമൂഹത്തിന് ഉത്തരവാദിത്വമുള്ള, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെന്ന നിലയിൽ ഒരു സാന്ത്വനം നൽകാൻ നമുക്ക് കഴിയേണ്ടതല്ലേ; അവരുടെ വേദനയിലും തീരാദുഃഖത്തിലും നമ്മളും പങ്കുചേരേണ്ടതല്ലേ? ഓഖി ദുരന്തത്തിൽപ്പെട്ട ആളുകൾക്കുവേണ്ടി നിയമസഭ ഏകകണ്ഠമായി ഒരു പ്രമേയം പാസ്സാക്കേണ്ടതായിരുന്നു. നമ്മൾ അതും ചെയ്തില്ല. എത്ര പ്രയാസപ്പെട്ടിട്ടാണ് ഈ വിഷയം ഇവിടെ ഉന്നയിക്കാൻ ഞങ്ങൾക്ക് അങ്ങ് അനുമതി നൽകിയത്; അതിനായി ഞങ്ങൾക്ക് എന്തെല്ലാം വാദമുഖങ്ങൾ ഉന്നയിക്കേണ്ടിവന്നു? കേരളത്തിന്റെ ചരിത്രത്തിൽ ഇതുപോലൊരു മനുഷ്യ ദുരന്തമുണ്ടായിട്ടില്ല. 'It has a man-made disaster' എന്നെനിക്ക് പറയേണ്ടിവരും. ഞാൻ ഈ സർക്കാരിനെ കുറ്റപ്പെടുത്തുന്നത് അതുകൊണ്ടാണ്. മുന്നറിയിപ്പുകളെക്കുറിച്ച് ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായി. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയം കേരളത്തിന്റെ വാദങ്ങൾ തള്ളിയിട്ടുണ്ട്. ചുഴലിക്കാറ്റ് സംബന്ധിച്ച് തിരുവനന്തപുരത്തെ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന് മുന്നറിയിപ്പ് ലഭിച്ചില്ലെന്ന സംസ്ഥാനത്തിന്റെ വാദത്തോട് കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയത്തിന് യോജിപ്പില്ല. കാലാവസ്ഥാ മുന്നറിയിപ്പുള്ള ബുള്ളറ്റിൻ തിരുവനന്തപുരത്തെ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തോടൊപ്പം സംസ്ഥാന ചീഫ് സെക്രട്ടറിക്കും ലഭ്യമായിരുന്നു. ചീഫ് സെക്രട്ടറിയുടെ ഓഫീസ് കാലാവസ്ഥാ മുന്നറിയിപ്പുകൾ സ്ഥിരം കൈകാര്യം ചെയ്യുന്നതിനാൽ സാങ്കേതിക സൂചനകൾ മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലെന്ന വാദത്തിൽ കഴമ്പില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഉന്നയിച്ചതെല്ലാം സാങ്കേതിക കാര്യങ്ങളാണ്. 29-ാം തീയതി മുന്നറിയിപ്പുണ്ടായിരുന്നു. എത്ര തവണ മുന്നറിയിപ്പുണ്ടായിരുന്നു എന്നതിന്റെ രേഖകൾ ഞങ്ങളുടെ കയ്യിലുണ്ട്. 29-ാം തീയതി രാവിലെ 11.50-ന് 'System is likely to intensify further in to a deep depression during next 24 hours' എന്നുള്ള മുന്നറിയിപ്പ് നൽകിയതാണ്. 29-ാം തീയതി രാവിലെ 11.50-ന് നൽകിയ പ്രത്യേക ബുള്ളറ്റിനിൽ ന്യൂനമർദ്ദം അതിന്യൂനമർദ്ദമായി മാറാനുള്ള സാധ്യതയാണ് ചൂണ്ടിക്കാണിക്കുന്നത്. സംസ്ഥാന ദുരന്ത നിവാരണ വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ 'തല' പരിശോധിക്കണം എന്നെനിക്ക് തോന്നുന്നു. അവരുടെ

ഉത്തരവാദിത്വമെന്താണ്? ഇങ്ങനെ ഒരു മെസേജ് വന്നാൽ അത് ഇന്റർപ്രെട്ട് ചെയ്യാനുള്ള കഴിവും ശാസ്ത്രീയബോധവും ഇല്ലാത്ത ആളുകളാണോ ദുരന്ത നിവാരണ അതോറിറ്റിയിലുള്ളത്? ചുഴലിക്കാറ്റായി മാറാനുള്ള സാദ്ധ്യതയുണ്ടെന്നും കടൽ പ്രക്ഷുബ്ദമാകുമെന്നും മത്സ്യത്തൊഴിലാളികൾ അടുത്ത 48 മണിക്കൂർ കടലിൽ പോകരുതെന്നുമുള്ള നിർദ്ദേശം ഗൗരവത്തിലെടുത്ത് മുന്നറിയിപ്പ് നൽകാനുള്ള ഉത്തരവാദിത്വം സംസ്ഥാന സർക്കാരിനാണ്. ഭൗമശാസ്ത്ര മന്ത്രാലയം പറയുന്ന കാര്യമാണ്. 29-ാം തീയതി ഉച്ചയ്ക്ക് 2.15-ന് നൽകിയ മുന്നറിയിപ്പിൽ ന്യൂനമർദ്ദത്തിന്റെ ഉപഗ്രഹ ചിത്രത്തിൽ 'depression' എന്ന് രേഖപ്പെടുത്തിയിരുന്നത് അടിയന്തര നടപടികൾ എടുക്കാനുള്ള വ്യക്തമായ നിർദ്ദേശമാണ്. കാലാവസ്ഥാ ബുള്ളറ്റിനിലെ നിറവ്യത്യാസങ്ങളുടെ അർത്ഥമെന്താണെന്നും റെഡ് ലൈൻ കൊടുത്താൽ അതിന്റെ അർത്ഥമെന്താണെന്നും മനസ്സിലാക്കാൻ ദുരന്തനിവാരണ അതോറിറ്റിക്കും ചീഫ് സെക്രട്ടറിക്കും കഴിയില്ലേ? അതോടൊപ്പംതന്നെ, സാധാരണ കാലാവസ്ഥാ അറിയിപ്പുകൾക്ക് പകരമായി 29-ാം തീയതി നാല് പ്രത്യേക ബുള്ളറ്റിനുകൾ ഇറക്കി. 30-ാം തീയതി രാവിലെ 8.30-ന് അയച്ച ആറാം ബുള്ളറ്റിനിൽ ഉപഗ്രഹ ചിത്രങ്ങൾ ചുഴലിക്കാറ്റിനെ സൂചിപ്പിക്കുന്ന 'deep depression' എന്നത് ചുവന്ന അക്ഷരത്തിലാണ് രേഖപ്പെടുത്തിയത്. ഇങ്ങനെ തുടരെത്തുടരെയായി മുന്നറിയിപ്പ് വരുമ്പോൾ ദുരന്ത നിവാരണ അതോറിറ്റി ഇക്കാര്യങ്ങൾ പരിശോധിക്കേണ്ടതല്ലേ? ചീഫ് സെക്രട്ടറിക്ക് കേന്ദ്ര ഗവൺമെന്റിൽനിന്ന് ഫാക്സ് അയയ്ക്കുന്നു. ഫാക്സ് തന്റെ ഓഫീസിലാണെന്നും താനത് കണ്ടിട്ടില്ലെന്നും ചീഫ് സെക്രട്ടറി പറയുന്നു. എന്ത് നിരുത്തരവാദപരമായ പ്രസ്താവനയാണത്.

ബഹുമാന്യനായ ശ്രീ. എം. വിൻസെന്റ്, എം.എൽ.എ. തമിഴ്നാടിന്റെ കാര്യം പറഞ്ഞു. തമിഴ്നാട്ടിലെ തീരപ്രദേശങ്ങളിൽ മുഴുവൻ മൈക്ക് അനൗൺസ്മെന്റ് നടത്തിയിരുന്നു. റവന്യൂ വകുപ്പുമന്ത്രിയും ഉദ്യോഗസ്ഥരും അവിടെ ക്യാമ്പ് ചെയ്തു. തമിഴ്നാട്ടിൽ മരിച്ചത് രണ്ടേ രണ്ട് പേരാണ്. അറേബ്യൻ സമുദ്രത്തിൽ പവിഴമാലകൾ പോലെ കിടക്കുന്ന ദ്വീപസമൂഹങ്ങളിൽ ഒരാൾ പോലും ഓഖിമൂലം മരിച്ചില്ലെന്നുള്ളത് നമ്മൾ കാണണം. തമിഴ്നാട്ടിൽ രണ്ട് പേരാണ് മരിച്ചത്. കേരളത്തിൽ എത്ര പേരാണ് മരിച്ചതെന്ന വിവരം സംബന്ധിച്ച് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ പക്കൽ ഇപ്പോഴും റിപ്പോർട്ടില്ല എന്നത് ഞെട്ടിപ്പിക്കുന്നതും അപമാനകരവുമായ കാര്യമല്ലേ?

മുന്നറിയിപ്പുകൾ കിട്ടിയപ്പോൾ സർക്കാർ പ്രവർത്തിച്ചുവെന്ന് അങ്ങ് പറയുന്നു. നിങ്ങൾ എന്താണ് പ്രവർത്തിച്ചത്? നിങ്ങൾ പ്രവർത്തിച്ചിരുന്നുവെങ്കിൽ ഈ ദുരന്തം ഉണ്ടാകുമായിരുന്നില്ല. 2013-ൽ ഒറീസ്സ തീരത്ത് സൂപ്പർ സൈക്ലോൺ വീശിയപ്പോൾ കേവലം 10 പേർ മാത്രമാണ് മരിച്ചത്. പതിനായിരങ്ങളെ

മാറ്റിപ്പാർപ്പിച്ചു. മുന്നറിയിപ്പുകളുണ്ടാകുമ്പോൾ അവയെ ഗൗരവത്തിലെടുത്തുകൊണ്ട് നടപടികൾ സ്വീകരിക്കേണ്ടത് സംസ്ഥാന ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. അത് നിറവേറ്റുന്ന കാര്യത്തിൽ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നു. ശാസ്ത്രത്തിന്റെയും ടെക്നോളജിയുടെയും പുരോഗതി എന്തിനാണ്? കിട്ടിയ മുന്നറിയിപ്പുകൾ മുഴുവൻ സംസ്ഥാന ഗവൺമെന്റ് അവഗണിച്ചതാണ് ഈ ദുരന്തം ഉണ്ടാകാൻ പ്രധാന കാരണം. ലോകത്ത് എല്ലായിടത്തും കാലാവസ്ഥയെ സംബന്ധിച്ച് നൽകുന്ന വിവരങ്ങൾ വിശദമായി അപഗ്രഥിച്ച് കാര്യങ്ങൾ ചെയ്യാൻ കഴിവുള്ള ഉദ്യോഗസ്ഥരെയാണ് നിയോഗിക്കുന്നത്. ദുരന്ത നിവാരണ അതോറിറ്റി അടിയന്തരമായി പിരിച്ചുവിട്ട് പുതിയ ആളുകളെവച്ച് പുനഃസംഘടിപ്പിക്കുകയാണ് ചെയ്യേണ്ടത്. കേന്ദ്രസർക്കാർ തുടർച്ചയായി നൽകിയ എല്ലാവിധ മുന്നറിയിപ്പുകളെയും അവഗണിച്ച് ഗവൺമെന്റ് നടത്തിയ നടപടികളാണ് ഈ ദുരന്തത്തിലേയ്ക്ക് നയിച്ചത് എന്നുപറയാതിരിക്കാൻ നിർവ്വാഹമില്ല. സാങ്കേതിക അർത്ഥത്തിൽ കാര്യങ്ങൾ വിശദീകരിച്ചതുകൊണ്ടായില്ല. കേരളത്തിന്റെ കടലോരപ്രദേശം മുഴുവൻ വേദനയിലാണ്. ഒരുപാട് ആളുകൾ മരിച്ചു. മരിച്ചവരുടെ ശവശരീരംപോലും കാണാൻ കഴിയാതെ ബുദ്ധിമുട്ടുന്ന പാവപ്പെട്ട ആളുകളോട് സർക്കാർ അനുതാപം കാണിക്കാത്തതിൽ എനിക്ക് വലിയ വിഷമമുണ്ട്. ഒരു ക്രൈസിസ് വരുമ്പോൾ ക്രൈസിസ് മാനേജ്മെന്റ് ഉണ്ടാകേണ്ടതല്ലേ? ഞങ്ങൾ അവിടെ ചെന്നപ്പോൾ അവിടെ കൺട്രോൾ റൂം തുടങ്ങിയിരുന്നില്ല. ഞാനാണ് ഫിഷറീസ് വകുപ്പുമന്ത്രിയുമായും മറ്റുള്ളവരുമായും ബന്ധപ്പെട്ടത്. ഇവിടെ ഒരു റവന്യൂ വകുപ്പുമന്ത്രിയുണ്ടോ? ഇത്രയും വലിയ സംഭവമുണ്ടായിട്ട് റവന്യൂ വകുപ്പുമന്ത്രി അവിടേയ്ക്ക് തിരിഞ്ഞുനോക്കിയില്ലല്ലോ. അഞ്ച് ദിവസം കഴിഞ്ഞ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടൊപ്പമാണ് അദ്ദേഹം അവിടെപ്പോയത്. മുഖ്യമന്ത്രിക്ക് അവിടെ നേരിടേണ്ടിവന്ന സാഹചര്യം എന്താണെന്ന് എല്ലാവർക്കുമറിയാം. അത് ഞാൻ വിശദീകരിക്കേണ്ട ആവശ്യമില്ല. രണ്ട് മന്ത്രിമാരെ ഡെപ്യൂട്ട് ചെയ്തിട്ടുണ്ടെന്നാണ് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞത്. മുഖ്യമന്ത്രിക്ക് തിരുവനന്തപുരം സെക്രട്ടേറിയറ്റിൽനിന്ന് പൂവാറിലേയ്ക്കോ വിഴിഞ്ഞത്തേയ്ക്കോ പോകാൻ അര മണിക്കൂർപോലും എടുക്കുമായിരുന്നില്ലല്ലോ. അങ്ങ് എന്തുകൊണ്ട് പോയില്ല? അങ്ങ് പോകാൻ ബാധ്യസ്ഥനായിരുന്നില്ലേ? 6 ദിവസം കഴിഞ്ഞിട്ടാണ് അങ്ങ് അവിടേയ്ക്ക് പോയത്. പിന്നീട് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ എസ്.പി.ജി. കവറേജ് ഉണ്ടായിരുന്ന സാഹചര്യത്തിലാണ് അങ്ങ് അവിടേയ്ക്ക് പോയത് എന്നുള്ള കാര്യം ഓർമ്മിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. ഇതൊക്കെ മന്ത്രിമാരും മുഖ്യമന്ത്രിയും ഗവൺമെന്റും ചെയ്യേണ്ട സാധാരണ നടപടിയാണ്. അത് മനുഷ്യത്വപരമായ കാര്യമാണ്. 29-ാം തീയതി ഈ സംഭവമുണ്ടായപ്പോൾ ഞാൻ 'പടയൊരുക്കം' ജാഥയിലായിരുന്നു. ജാഥ നിർത്തിവച്ച് ഉച്ചയ്ക്ക് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ

പോയി കണ്ടു. അതിന്റെ ഗൗരവത്തെപ്പറ്റി പറഞ്ഞപ്പോൾ അടിയന്തര നടപടി സ്വീകരിക്കാമെന്ന് അദ്ദേഹം പറഞ്ഞു. ജാഥ നിർത്തിവച്ച് ഞങ്ങൾ അവിടെപ്പോയി ആളുകളെ കാണുകയാണ് ചെയ്തത്. മഴയത്ത് ഞങ്ങൾ അവിടെ കോ-ഓർഡിനേഷനുവേണ്ടി ഞങ്ങളെക്കൊണ്ട് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്തു. ആളുകൾ വിവരം കിട്ടാതെ പരിഭ്രാന്തരായി. ഒരു ദുരന്തമുണ്ടാകുമ്പോൾ ഗവൺമെന്റ് എങ്ങനെ ഇടപെടുന്നു എന്നുള്ളതാണ് പ്രശ്നം. അക്കാര്യത്തിൽ സംസ്ഥാന സർക്കാർ പൂർണ്ണമായി പരാജയപ്പെട്ടു. ഇവിടെ ഒരു ക്രൈസിസ് മാനേജ്മെന്റ് ഉണ്ടായിരുന്നില്ല എന്നതാണ് പ്രശ്നം. ഇവിടെ റവന്യൂ വകുപ്പിന് ഒരു മന്ത്രിയില്ലേ? റവന്യൂ വകുപ്പുമന്ത്രിയുടെ ചുമതല എന്താണ്? ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കേണ്ട റവന്യൂ വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരനെ ഒരിടത്തും കണ്ടില്ല; ഒരു കാര്യവും ചെയ്തില്ല. റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരെയും കണ്ടില്ല. നിരന്തരമായി ഞങ്ങൾ ആവശ്യപ്പെട്ടപ്പോഴും റവന്യൂ വകുപ്പിന്റെ പ്രവർത്തനം തീർത്തും പരാജയമായിരുന്നുവെന്നുള്ളത് ഞാൻ അടിവരയിട്ട് പറയാൻ ആഗ്രഹിക്കുന്നു.

ശ്രീ. രാഹുൽ ഗാന്ധിയും ശ്രീമതി നിർമ്മല സീതാരാമനും അവിടെ പോയിരുന്നു. അവർക്ക് ജനങ്ങൾ നൽകിയ സ്വീകരണവും പരിഗണനയും എന്തുകൊണ്ടാണ് നമ്മുടെ മുഖ്യമന്ത്രിക്ക് കിട്ടാതിരുന്നത്? ശ്രീ. പിണറായി വിജയനെന്നല്ല, കേരളത്തിന്റെ മുഖ്യമന്ത്രിയെന്ന നിലയിലുള്ള പരിഗണന അദ്ദേഹത്തിന് കിട്ടണമായിരുന്നു. അദ്ദേഹം അവിടെ ചെന്നപ്പോൾ കിട്ടിയത് എന്തായിരുന്നു? സ്വന്തം കാറിൽ കയറാൻ കഴിയാതെ മറ്റൊരു മന്ത്രിയുടെ കാറിൽ കയറി രക്ഷപ്പെടേണ്ടിവന്ന കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനായിരുന്നു എന്നതാണ് സത്യം.

ഓഖി ദുരന്തം സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് ഞങ്ങൾ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും എന്തുകൊണ്ടാണ് ചെയ്യാത്തത്? പുറ്റിങ്ങൽ ദുരന്തമുണ്ടായപ്പോൾ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചു. എന്തുകൊണ്ടാണ് ഈ ഗവൺമെന്റ് ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കാത്തത്? യഥാർത്ഥ വസ്തുതകളും കുറ്റക്കാരുടെ കാര്യങ്ങളും ഗവൺമെന്റ് മെഷിനറിയുടെ പരാജയവുമൊക്കെ പുറത്തുവരും എന്നുള്ളതുകൊണ്ടാണ് ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കാത്തത്. ഇതിൽ രസകരമായ ഒരു കാര്യം, ഇക്കാര്യങ്ങൾ പഠിക്കാനായി ശ്രീ. രമൺ ശ്രീവാസ്തവയെ ആണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്നുള്ളതാണ്. ശ്രീ. രമൺ ശ്രീവാസ്തവ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ അധിപനാണോ? കടലും കടലാടിയും പോലുള്ള ബന്ധമല്ലേ കാലാവസ്ഥാ

നിരീക്ഷണവും ശ്രീ. രമൺ ശ്രീവാസ്തവയും തമ്മിലുള്ളത്? ബഹുമാന്യനായ മുഖ്യമന്ത്രി ഹെലികോപ്റ്ററിൽ സഞ്ചരിക്കുന്നതിനും വിമാനത്തിൽ സഞ്ചരിക്കുന്നതിനും ആർക്കും പരാതിയില്ല. എല്ലാ മുഖ്യമന്ത്രിമാരും അങ്ങനെ സഞ്ചരിക്കാറുണ്ട്, പക്ഷേ അതിന്റെ പണം കൊടുക്കേണ്ടത് ദുരന്ത നിവാരണ അതോറിറ്റിയുടെ ഫണ്ടിൽ നിന്നായിരുന്നില്ല എന്നതാണ് ഇവിടത്തെ ഏറ്റവും വലിയ വിമർശനം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തൃപ്രയാറിൽ നിന്നും തിരുവനന്തപുരത്തേയ്ക്ക് കേന്ദ്ര സംഘത്തെ കാണാൻ വന്നതിലും തിരിച്ച് പാർട്ടി പരിപാടിക്ക് പോയതിലും തെറ്റില്ല. അങ്ങ് വിമാനം ഉപയോഗിക്കുന്നതിലോ ഹെലികോപ്റ്റർ ഉപയോഗിക്കുന്നതിലോ തെറ്റില്ല. എന്നാൽ പാവപ്പെട്ട ആളുകൾക്ക് ദുരന്തമുണ്ടാകുമ്പോൾ അവരെ സഹായിക്കാനുള്ള ദുരന്തനിവാരണ ഫണ്ടിൽ നിന്നും അതിനുള്ള പണം ചെലവഴിച്ചത് അപഹാസ്യമായി പോയെന്നാണ് എനിക്ക് പറയാനുള്ളത്. പാർട്ടി പണം കൊടുക്കുമെന്ന് ശ്രീ. കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു, പാർട്ടി കൊടുത്തില്ലല്ലോ, പാർട്ടി കൊടുക്കണമെന്ന് ഞാൻ പറയുന്നില്ല, കാരണം കേരളത്തിന്റെ മുഖ്യമന്ത്രിക്ക് എപ്പോഴും എവിടെ വേണമെങ്കിലും സഞ്ചരിക്കാൻ ഹെലികോപ്റ്ററോ വിമാനമോ ഉപയോഗിക്കുന്നതിൽ ഒരു തെറ്റും ആരും പറയുന്നില്ല. പക്ഷേ അതിനുള്ള പണം കൊടുത്തത് ദൗർഭാഗ്യകരമായ സംഭവമായിപ്പോയെന്നാണ് എനിക്ക് പറയാനുള്ളത്. .......ബഹളം...... ചാർട്ടേഡ് ഫ്ലൈറ്റിൽ ശ്രീ. പിണറായി വിജയൻ പോകുന്നതിൽ ഒരു തെറ്റുമില്ല. പോകേണ്ടിവന്നാൽ പോകണം. പക്ഷേ ആ പണം കൊടുക്കേണ്ടത് പാവങ്ങൾക്ക് കൊടുക്കേണ്ട ദുരന്തനിവാരണ അതോറിറ്റി ഫണ്ടിൽ നിന്നാകരുത്. ഇക്കാര്യങ്ങളെല്ലാം ഇവിടെ ആരാണ് ചെയ്തുകൊണ്ടിരിക്കുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി സർവ്വകക്ഷി മീറ്റിംഗിൽ ധാരാളം വാഗ്ദാനങ്ങൾ പറഞ്ഞിരുന്നു. മത്സ്യബന്ധനത്തിന് പോകുന്ന ബോട്ടുകളിൽ ജി.പി.എസ്. സംവിധാനം ഘടിപ്പിക്കുമെന്നും ലൈഫ് ജാക്കറ്റും രക്ഷാസംവിധാനങ്ങളും ഒരുക്കുമെന്നും പറഞ്ഞു. പക്ഷേ അതൊന്നും നടന്നതായി ഞങ്ങൾ കണ്ടില്ല. പ്രഖ്യാപിച്ച പാക്കേജുകളിൽ പലതും നടപ്പായിട്ടില്ല, ഇക്കാര്യങ്ങളെക്കുറിച്ച് മുഖ്യമന്ത്രി സഭയിൽ പറയുമെന്ന് ഞാൻ കരുതുന്നു. ഈ ദുരന്തത്തിൽ നിന്നും കേരളം പാഠം പഠിക്കേണ്ടതുണ്ട്. ഇപ്പോഴടിച്ച ചുഴലിക്കാറ്റ് ഒരു മുന്നറിയിപ്പ് ആണെന്നാണ് ശാസ്ത്രജ്ഞർ പറയുന്നത്. ഇനിയും ഇതുപോലുള്ള ദുരന്തങ്ങൾ വരാൻ സാധ്യതയുള്ളതിനാൽ നമ്മൾ ഉദാസീനരായിരിക്കരുത് എന്നുള്ള പാഠമാണ് നൽകുന്നത്. സുനാമി ബാധിച്ച ഒരു നിയോജക മണ്ഡലത്തിലെ ജനപ്രതിനിധിയാണ് ഞാൻ. സുനാമി ഏറ്റവും കൂടുതൽ ബാധിച്ച തീരപ്രദേശവും എന്റെ നിയോജക മണ്ഡലത്തിലാണ്. അവിടെ അക്കാലത്ത് ഗവൺമെന്റ് നടത്തിയ നടപടികൾ ശ്ലാഘനീയമായിട്ടാണ് ഇന്നും ജനങ്ങൾ

കാണുന്നത്. ദുരന്തമുണ്ടായപ്പോൾ കേരളത്തിലെ അന്നത്തെ ഗവൺമെന്റ് സ്വീകരിച്ച നടപടികളെ എല്ലാവരും ശ്ലാഘിച്ചതാണ്. മുഖ്യമന്ത്രി അടിയന്തര കാബിനറ്റ് മീറ്റിംഗ് കൂടി, എല്ലാ ദിവസവും കാബിനറ്റ് ചേർന്നു, മന്ത്രിമാരെ ഡെപ്യൂട്ട് ചെയ്തു. ഓരോ ജില്ലയുടെയും ചുമതല ഓരോ മന്ത്രിമാർക്ക് നൽകി. അവർ ആ പ്രവർത്തനങ്ങളെ ഫലപ്രദമായി കോ-ഓർഡിനേറ്റ് ചെയ്തു. ഇക്കാര്യങ്ങളൊന്നും നിങ്ങൾ ഇപ്പോൾ ചെയ്യാതിരുന്നത് ഞങ്ങൾക്ക് പറയാതിരിക്കാൻ കഴിയുമോ; ചൂണ്ടിക്കാണിക്കാതിരിക്കാൻ കഴിയുമോ? അത് പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്വമല്ലേ? ഇതുപോലൊരു ദുരന്തമുണ്ടാകുമ്പോൾ നിഷ്ക്രിയമായി നോക്കിനിന്ന ഒരു സർക്കാരിന്റെ ദയനീയമായ ചിത്രമാണ് കേരളം കണ്ടത്. ഇനിയും തിരിച്ചെത്താത്ത നൂറ്റിയെട്ട് പേരുടെ കാര്യത്തിൽ ആര് സമാധാനം പറയും; അവർ എവിടെപ്പോയി? മത്സ്യത്തൊഴിലാളി കുടിലുകളിൽ തീപുകഞ്ഞിട്ട് ദിവസങ്ങളായി. ആ പാവപ്പെട്ട നൂറ്റിയെട്ടുപേരുടെ ജീവനെ സംബന്ധിച്ച് നമുക്ക് എന്ത് പറയാൻ കഴിയും? എല്ലാവരും ക്രിസ്തുമസ്സിന് മടങ്ങിവരുമെന്ന് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി ശ്രീമതി മേഴ്സിക്കുട്ടി അമ്മ പറഞ്ഞു. ക്രിസ്തുമസ്സിന്റെ തലേദിവസം ഞാൻ തുമ്പയിലും മറ്റ് തീരപ്രദേശങ്ങളിലും പോയിരുന്നു. ഒരാളും ക്രിസ്തുമസിനുശേഷം തിരിച്ചു വന്നില്ല. ...(ബഹളം....) ഇന്നലെ കൊണ്ടുവന്നത് ഗുജറാത്തിൽ കണ്ടമൃതശരീരമാണ്. അത് ഇവിടെയെത്തിക്കാൻ എത്ര ദിവസം വേണ്ടിവന്നു; അതുകൊണ്ടാണ് ആളുകൾ പ്രക്ഷുബ്ധരായത്. സംസ്ഥാന സർക്കാരിന്റെ പൂർണ്ണ പരാജയം ഇക്കാര്യത്തിൽ കാണാൻ കഴിയും. നൂറ്റിയെട്ട് മനുഷ്യ ജീവനുകളെ സംബന്ധിച്ച് യാതൊരു വിവരവും സർക്കാരിന്റെ കൈവശമില്ല. ഈ ഗവൺമെന്റിന് ഇക്കാര്യത്തിൽ മറുപടി പറയാനുള്ള ഉത്തരവാദിത്വമില്ലേ? ലത്തീൻ രൂപതയും റവന്യൂ വകുപ്പും മത്സ്യത്തൊഴിലാളി വകുപ്പും വ്യത്യസ്ത കണക്കുകളാണ് പറയുന്നത്. മനുഷ്യജീവന് വില കൽപ്പിക്കാത്ത സർക്കാർ നടപടിയെ ശക്തമായ ഭാഷയിൽ അപലപിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, "കരുനാഗപ്പള്ളിയിലെത്തിയ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയെയും മന്ത്രിമാരെയും നാട്ടുകാർ തടഞ്ഞപ്പോൾ", ഇത് സുനാമിയുമായി ബന്ധപ്പെട്ട് അന്നത്തെ മാതൃഭൂമി പത്രത്തിൽ വന്ന വാർത്തയാണ്, ഫോട്ടോയും പത്രത്തിലുണ്ട്. (പത്രം ഉയർത്തിക്കാണിച്ചു). എങ്ങനെയായിരുന്നു സുനാമിയുണ്ടായത്; സുനാമി ഉണ്ടായപ്പോൾ നിങ്ങൾ എന്തു ചെയ്തു? ശ്രീ. ഉമ്മൻ ചാണ്ടിയെ തടഞ്ഞതിന്റെ ഫോട്ടോയാണ് ഞാൻ കാണിക്കുന്നത്...(ബഹളം)...

മി. സ്പീക്കർ: നിങ്ങൾ ഇരിക്കു, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വഴങ്ങിയതാണ്. ....(ബഹളം)....

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, മുഖ്യമന്ത്രി ഹെലികോപ്റ്ററിൽ പോയതിൽ ഒരു തെറ്റുമില്ല. മുഖ്യമന്ത്രിയുടെ സി.എം.ഡി.ആർ.എഫ്.-ൽനിന്നും പത്ത് പൈസ എടുത്തിട്ടില്ല. പ്രതിപക്ഷനേതാവ് പറഞ്ഞല്ലോ സി.എം.ഡി.ആർ.എഫ്.-ൽ നിന്നും പൈസയെടുത്തു എന്ന്. സി.എം.ഡി.ആർ.എഫ്.-ൽ നിന്ന് പത്തുപൈസ പോലും എടുത്തിട്ടില്ല. .......ബഹളം.....

(യു.ഡി.എഫ്. അംഗങ്ങൾ ബാനറുകളുമായി സ്പീക്കറുടെ ഡയസ്സിനു സമീപം വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.).

മി. സ്പീക്കർ: എന്താണിത്......പ്രതിപക്ഷനേതാവിന് മൈക്ക് കിട്ടണമെങ്കിൽ നിങ്ങൾ സീറ്റുകളിലേയ്ക്ക് പോകണം. പ്ലീസ്... പ്ലീസ്... സീറ്റുകളിലേയ്ക്ക് പോകൂ. അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി എല്ലാ സ്പോട്ടിലും പോയിരുന്നു.........(ബഹളം)......

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, അങ്ങ് കൺക്ലൂഡ് ചെയ്യൂ. എന്താണ് അങ്ങ് വാക്കൗട്ട് ചെയ്തോ?

ശ്രീ. എ. കെ. ബാലൻ: സർ, "മുഖ്യമന്ത്രിയെയും മന്ത്രിമാരെയും രോഷാകുലരായ നാട്ടുകാർ തടഞ്ഞുവച്ചു. തിങ്കളാഴ്ച വൈകിട്ട് അഞ്ച് മണിക്കാണ് മുഖ്യമന്ത്രിയും പരിവാരങ്ങളും അഴീക്കൽ തീരം സന്ദർശിക്കാനെത്തിയത്"; തടഞ്ഞ കാര്യമാണ് ഞാൻ പറഞ്ഞത്. നിങ്ങൾ എന്തു കാര്യമാണ് ചെയ്തത്? പുറ്റിങ്ങൽ ദുരന്തമുണ്ടായപ്പോൾ അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയാണ്, എങ്ങനെയാണ് വെടിക്കെട്ടുണ്ടായത്, 119 ആളുകൾ എങ്ങനെയാണ് മരിച്ചത്? ............. (ബഹളം)..........

മി. സ്പീക്കർ: ഇവർ സീറ്റുകളിലിരുന്നാലേ അങ്ങേയ്ക്ക് മൈക്ക് കിട്ടുകയുള്ളൂ. ദയവായി നിങ്ങൾ സീറ്റുകളിലേയ്ക്ക് പോകണം. നിങ്ങൾ സീറ്റിൽ പോയിരുന്നാലേ അദ്ദേഹത്തിന് മൈക്ക് കൊടുക്കാൻ കഴിയുകയുള്ളൂ.....(ബഹളം)... രണ്ടുംകൂടി നടക്കില്ല. നിങ്ങൾ സീറ്റിൽ പോയിരുന്നാൽ അദ്ദേഹത്തിന് സംസാരിക്കാം. നിങ്ങൾ സീറ്റിലേയ്ക്ക് പോകൂ.... അദ്ദേഹം സംസാരിക്കട്ടെ. ........ (ബഹളം).....അങ്ങേയ്ക്ക് സംസാരിക്കണ്ടേ?...... എന്താണിത്? നിങ്ങൾ പ്രതിപക്ഷനേതാവിന്റെ പ്രസംഗം അവസാനിപ്പിക്കാൻ സമ്മതിച്ചില്ല.

അദ്ദേഹത്തെ കൺക്ലൂഡ് ചെയ്യാൻ നിങ്ങൾ സമ്മതിച്ചില്ല. പ്രതിപക്ഷനേതാവ് ഈ വിഷയത്തിൽ എന്താണ് കൺക്ലൂഡ് ചെയ്തതെന്ന് മനസ്സിലാക്കാൻ സാധിച്ചില്ല. .... (ബഹളം)....അടുത്ത നടപടിക്രമത്തിലേയ്ക്ക് പോകേണ്ടിവരും. പ്ലീസ്...പ്ലീസ്... നിങ്ങൾ ഇവിടെ വന്നുനിന്നാൽ അദ്ദേഹത്തിന് മൈക്ക് കൊടുക്കുന്നത് എങ്ങനെയാണ്? നിങ്ങൾ സീറ്റിലേയ്ക്ക് പോകു. അദ്ദേഹം പറഞ്ഞ് അവസാനിപ്പിക്കട്ടെ.... ഓർഡർ....ഓർഡർ...

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഓഖി ദുരന്തത്തിൽ സർക്കാർ ഒന്നും ചെയ്യാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭവിട്ട് പുറത്തുപോകുകയും അല്പസമയത്തിനുശേഷം സഭയിൽ ഹാജരാകുകയും ചെയ്തു.)

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

## III ശ്രദ്ധ ക്ഷണിക്കൽ

## (1) താമരശ്ശേരി ചുരം

<u>ശ്രീ. ജോർജ് എം. തോമസ്</u>: സർ, മലബാറിലെ ഏറ്റവും പ്രധാനപ്പെട്ട ദേശീയപാതകളിലൊന്നാണ് 767 - കോഴിക്കോട് നിന്ന് കൊല്ലഗലിലേയ്ക്കുള്ളത്. 766-ാം നമ്പർ ദേശീയപാതയിൽ വരുന്ന താമരശ്ശേരി ചുരം 12 കി.മീ. ദൈർഘ്യമുള്ളതാണ്. ഇപ്പോൾ ഒരു ദിവസം ശരാശരി 15000 വാഹനങ്ങളാണ് അതുവഴി കടന്നുപോയിക്കൊണ്ടിരിക്കുന്നത്. വാഹനപ്പെരുപ്പം കണക്കിലെടുത്താൽ വർഷംപ്രതി 10% വർദ്ധനവുണ്ടാകുമെന്നാണ് കണക്കാക്കുന്നത്. അതായത് ഏതാനും വർഷങ്ങൾക്കുള്ളിൽ അവിടത്തെ വാഹന ഡെൻസിറ്റി 25000 കവിയും എന്നാണ് കണക്കാക്കുന്നത്. ഇപ്പോൾ നിലവിലുള്ളത് 7 മീറ്റർ വീതിയിലുള്ള ടാറിംഗ് റോഡ് മാത്രമാണ്. നിലവിലുള്ള വാഹനത്തിന്റെ ഡെൻസിറ്റി കണക്കാക്കിയാൽത്തന്നെ 14 മീറ്റർ റോഡും 3 മീറ്റർ മീഡിയനുമുണ്ടാകണമെന്നതാണ് ശാസ്ത്രീയമായ ധാരണ. ഈ റോഡിന്റെ വീതി

വർദ്ധിപ്പിക്കുകയെന്നത് അസാദ്ധ്യമായ കാര്യമായതുകൊണ്ട് ബദൽ മാർഗ്ഗങ്ങൾ കണ്ടുപിടിക്കേണ്ടത് അനിവാര്യമാണ്. ഇപ്പോൾ അവിടത്തെ 3, 5, 6, 7 ഹെയർപിൻ ബെന്റുകൾ വീതികൂട്ടുന്നതിനുവേണ്ടി വനം വകുപ്പിൽനിന്ന് 0.92 ഹെക്ടർ ഭൂമി വിട്ടുകിട്ടുന്നതിനായി പി.ഡബ്ല്യു.ഡി 32 ലക്ഷം രൂപ കെട്ടിവച്ചിരിക്കുകയാണ്.

എന്നാൽ കെട്ടിവച്ച പണത്തിന്റെ അക്കൗണ്ട് മാറിപ്പോയി എന്നതിന്റെ പേരിൽ പണം മടക്കിവാങ്ങി തിരിച്ചടയ്ക്കണമെന്ന് കേന്ദ്ര മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ആന്റ് ഫോറസ്റ്റ് (എം.ഒ.ഇ.എഫ്.) ആവശ്യപ്പെട്ടിരിക്കുകയാണ്. തെറ്റായ അക്കൗണ്ടിൽ നിക്ഷേപിച്ച പണം തിരികെ കിട്ടാത്തതുകൊണ്ട് പണം അടയ്ക്കാൻ ഇതുവരെ സാധിച്ചില്ല. നാളിതുവരെ ഭൂമി വിട്ടുകിട്ടിയിട്ടുമില്ല. ഹെയർപിൻ വളവ് നിവർത്തുന്നതിനും വീതി കൂട്ടുന്നതിനുമാവശ്യമായ പ്രവൃത്തി ഇപ്പോൾ മുടങ്ങി കിടക്കുകയാണ്. അടിയന്തര അറ്റകുറ്റപ്പണികൾ നടന്നുകൊണ്ടിരിക്കുന്ന സമയത്ത് ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുത്ത് 79 ലക്ഷം രൂപ അവിടെ അനുവദിച്ചിരിക്കുകയാണ്. മൂന്നുതവണ ടെണ്ടർ വിളിച്ചു. മൂന്നാം തവണയാണ് ടെണ്ടർ ഉറപ്പിക്കാൻ സാധിച്ചത്. 29 ശതമാനം കൂട്ടിയാണ് ടെണ്ടർ വിളിച്ചത്. പ്രസ്തുത ടെണ്ടർ അംഗീകാരത്തിനായി ഗവൺമെന്റിന്റെ മുമ്പാകെ വന്നെങ്കിലും അതിന് ഇതുവരെയും അംഗീകാരം കൊടുത്തിട്ടില്ല. പ്രസ്തുത ടെണ്ടർ അംഗീകരിച്ചാൽ മാത്രമേ ബി.എം. & ബി.സി. വർക്ക് പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. നിലവിലുള്ള ട്രാഫിക്കാകെ ബ്ലോക്ക് ചെയ്തുകൊണ്ടുവേണം ബി.എം. & ബി.സി. വർക്ക് ചെയ്യാൻ. അതിനാവശ്യമായ ധാരണ പൊതുവിലുണ്ടാക്കാൻ സാധിച്ചിട്ടില്ല. വലിയ തോതിലുള്ള ഗതാഗതക്കുരുക്കാണ് അവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. 2017 ഡിസംബർ മാസം 23-ാം തീയതി ഒരു സ്കാനിയ ബസ് ആറാം വളവിൽ വന്ന് കുടുങ്ങിയതിന്റെ ഫലമായി ഏതാണ്ട് നാലഞ്ച് മണിക്കൂർ ട്രാഫിക് ബ്ലോക്കുണ്ടായി. അതിനടുത്ത ദിവസവും ഇതുതന്നെ ആവർത്തിച്ചു. അതിന്റെ ഫലമായി ആയിരക്കണക്കിന് യാത്രക്കാർക്ക് ദുരിതം അനുഭവിക്കേണ്ടിവന്നു. ഈ സാഹചര്യം കണക്കിലെടുത്ത് അവിടെ അടിയന്തര അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ട്. ഈ പ്രദേശങ്ങളിൽ ഗ്രേഡിയന്റ് വളരെ കുറവാണ്. ഇപ്പോൾ റിപ്പെയർ നടക്കുന്ന പ്രദേശത്തെ ഗ്രേഡിയന്റ് 1:6 എന്ന അനുപാതത്തിലാണുള്ളത്. ഗ്രേഡിയന്റ് ഉള്ളതുകൊണ്ടുതന്നെ കോൺക്രീറ്റിട്ട് ബ്ലോക്ക് ചെയ്ത് വീണ്ടും ബി.എം. & ബി.സി. ചെയ്യേണ്ട സ്ഥിതിയാണുള്ളത്. അതിന് ട്രാഫിക്കാകെ ബ്ലോക്കാക്കി ഇക്കാര്യങ്ങൾ ചെയ്യാൻ കഴിയണം. അതുമാത്രമല്ല, വയനാട് ചുരത്തിലെ നാലാം വളവുമുതൽ ഒൻപതാം വളവുവരെയുള്ള ഭാഗത്ത് കറന്റില്ല. രാത്രികാലങ്ങളിൽ അപകടങ്ങളുണ്ടായാൽ വെളിച്ചംപോലും ലഭ്യമല്ലാത്തതുകൊണ്ട് ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് വളരെയധികം പ്രയാസം നേരിടുകയാണ്. അവിടെ വൈദ്യുതി എത്തിക്കാനാവശ്യമായ നടപടിയുണ്ടാകണം. ഒൻപതാം വളവിൽ ഒരു വ്യൂ പോയിന്റുണ്ട്. ചില സമയത്ത് നൂറുകണക്കിന് ആളുകൾ വാഹനങ്ങളിൽ അവിടെ വന്നിറങ്ങി കാഴ്ചകാണാൻ നിൽക്കുന്നതുകൊണ്ട് ഗതാഗതം തടസ്സപ്പെടുകയാണ്. വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിൽ പാർക്കിംഗിനാവശ്യമായ സ്ഥലം ലഭ്യമാക്കാമെന്ന് പറഞ്ഞിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത്

പാർക്കിംഗ് സംവിധാനമുണ്ടാക്കി വ്യൂ പോയിന്റിൽ വാഹനം നിർത്തുന്നത് അവസാനിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഈ ചുരത്തിന്റെ വീതി കൂട്ടുന്നത് അസാദ്ധ്യമായതുകൊണ്ട് ചിപ്പിനിത്തോട്- മരുതിനാവ്-തലപ്പുഴ വഴിയുള്ള റോഡ്, ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി എന്നീ റോഡുകൾ ബദൽ റോഡുകളായി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. മെറ്റൽ, മണൽ തുടങ്ങിയ നിർമ്മാണസാമഗ്രികൾ മുക്കം-കാരശ്ശേരി പ്രദേശത്തുനിന്നാണ് വയനാട്ടിലേയ്ക്ക് കൊണ്ടുപോകുന്നത്. എന്നാൽ വലിയ വാഹനങ്ങൾ പ്രത്യേകിച്ച്, 25 ടണ്ണിൽ കൂടുതലുള്ള മൾട്ടി ആക്സിൽ വാഹനങ്ങളുടെ ഗതാഗതം പ്രസ്തുത റോഡിൽ നിരോധിച്ചിരിക്കുന്നതിന്റെ ഫലമായി വയനാട്ടിലേയ്ക്ക് നിർമ്മാണസാമഗ്രികൾ കൊണ്ടു പോകാൻ കഴിയുന്നില്ല. തത്ഫലമായി വയനാട്ടിലെ നിർമ്മാണ മേഖലയാകെ സ്തംഭിച്ചിരിക്കുകയാണ്. ഇപ്പോൾ അതെല്ലാം പക്രംതളം ചുരം വഴിയാണ് കൊണ്ടുപോകുന്നത്. ആ റോഡിനും വീതി കുറവായതുകൊണ്ട് അവിടെയും വലിയ ബുദ്ധിമുട്ടുണ്ടാകുകയാണ്. ഈ സാഹചര്യത്തിൽ അടിയന്തരമായി റോഡിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കാനും കേന്ദ്ര ഗവൺമെന്റിൽനിന്ന് 0.92 ഹെക്ടർ സ്ഥലം വിട്ടുകിട്ടുന്നതിനാവശ്യമായ നടപടി പൂർത്തീകരിക്കുന്നതിനും പ്രസ്തുത സ്ഥലം ലഭ്യമാകുമെന്ന പ്രതീക്ഷയിൽ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റും ഡി.പി.ആർ.-ഉം തയ്യാറാക്കാൻ വനം വകുപ്പും പി.ഡബ്ല്യു.ഡി.യും യോജിച്ച് തീരുമാനമെടുത്ത് മുന്നോട്ടുപോകുകയാണ് വേണ്ടത്. അതിന് ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുക്കണ മെന്നാണ് എനിക്ക് ഇതുമായി ബന്ധപ്പെട്ട് അഭ്യർത്ഥിക്കാനുള്ളത്.

11.00 AM]

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ദേശീയപാത 766-ന്റെ ഭാഗമായാണ് താമരശ്ശേരി ചുരത്തിന്റെ 44 കി.മീ. മുതൽ 57 കി.മീ. വരെയുള്ള ഭാഗം സ്ഥിതിചെയ്യുന്നത്. കഴിഞ്ഞ കാലവർഷക്കെടുതിയിൽ തകർന്ന വളവുകളുടെ ഭാഗത്ത് ഇപ്പോൾ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. കാലവർഷക്കെടുതിയിൽ തകർന്ന 3, 5 ഹെയർപിൻ വളവുകൾ ഉൾപ്പെടെയുള്ള ഭാഗങ്ങൾ അടിയന്തര റിപ്പെയർ നടത്തുന്നതിന് 79 ലക്ഷം രൂപയുടെ അടിയന്തര ഭരണാനുമതി ഒരു മാസം മുമ്പുതന്നെ നൽകിയിട്ടുണ്ട്. പക്ഷേ രണ്ടുതവണ ടെണ്ടർ വിളിച്ചപ്പോഴും ടെണ്ടർ പിടിക്കാൻ ആളുണ്ടായിരുന്നില്ല. മൂന്നാംതവണ ഞാനും അവിടത്തെ പി.ഡബ്ല്യു.ഡി. എഞ്ചിനീയർമാരുംകൂടി മുൻകയ്യെടുത്തതിന്റെ ഫലമായി നിയമപ്രകാരം ഒരു ടെണ്ടർ ലഭിക്കുകയുണ്ടായി. ആ കരാറുകാരനാണ് ഇപ്പോൾ ഇത് ചെയ്തുവരുന്നത്. പ്രമേയം അവതരിപ്പിച്ച ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ജോർജ് എം. തോമസ് ഇക്കാര്യത്തിൽ നല്ല ഇടപെടൽ നടത്തുകയുണ്ടായി. പ്രവൃത്തി നടന്നുവരികയാണ്.

രണ്ട് ജില്ലാ കളക്ടർമാരും അവിടെ ഗതാഗതം പൂർണ്ണമായി നിർത്തിവയ്ക്കാൻ പ്രയാസമുണ്ടെന്നറിയിച്ചതിനാൽ ഭാഗികമായി ഗതാഗതം നിർത്തിവച്ചുകൊണ്ട് പ്രകൃതിപരമായി ഏറെ പരിമിതികളുള്ള പ്രസ്തുത സ്ഥലത്ത് വളരെ പ്രയാസപ്പെട്ടാണ് പണികൾ നടത്തിക്കൊണ്ടിരിക്കുന്നത്. കരാറുകാരും എഞ്ചിനീയർമാരും തൊഴിലാളികളും വളരെ ത്യാഗപൂർവ്വമായാണ് അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ സർക്കാർ ശ്രമിക്കുകയാണ്, അത് വിജയിക്കുമെന്ന് പ്രതീക്ഷിക്കുന്നു. താമരശ്ശേരി ചുരവും ഈ റൂട്ടും പിണറായി ഗവൺമെന്റ് വന്നതിനു ശേഷം ഉണ്ടായതാണെന്ന മട്ടിലാണ് പല ആളുകളുടെയും സംസാരം. എത്രയോ കാലമായുള്ള ചുരമാണ്. പുതുതായി ഉണ്ടായ ഒരു പ്രശ്നമല്ല. ബഹുമാനപ്പെട്ട എം.എൽ.എ.യുടേത് ശരിയായ നിലപാടാണെങ്കിലും കുറേ കുബുദ്ധികൾ അവിടെ സർവ്വത്ര ബഹളമാണ്. നമ്മൾ ഇതിന്റെ വസ്തുതകളിലേയ്ക്ക് കടക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ടെണ്ടറിനുവേണ്ടി പണം നീക്കിവച്ചശേഷം ക്യാൻസൽ ചെയ്യുകയാണുണ്ടായത്. ഈ ഗവൺമെന്റാണ് 79 ലക്ഷം രൂപ നീക്കിവച്ച് ഈ പ്രവൃത്തി നടത്തിവരുന്നത്. ഹെയർപിൻ വളവുകളുടെ വികസനവുമായി ബന്ധപ്പെട്ട് വനം വകുപ്പിൽനിന്നും ഏകദേശം ഒരു ഹെക്ടർ സ്ഥലം വിട്ടുകിട്ടുന്നതിനായി 32,04,999 രൂപ 07.03.2017-ൽത്തന്നെ അടച്ചിരുന്നു. ഒന്നാംഘട്ട അനുമതി ലഭിച്ചെങ്കിലും രണ്ടാംഘട്ട അനുമതി ലഭിച്ചില്ല. കേന്ദ്ര-വനം-പരിസ്ഥിതി മന്ത്രാലയത്തിന് നൽകിയ തുക ഓൺലൈനായി വീണ്ടും നൽകണമെന്നും അടച്ച പണം തിരികെ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകാമെന്നും അറിയിച്ചെങ്കിലും ഇതുവരെയും നൽകിയിട്ടില്ല. ഈ പ്രശ്നവുമായി ബന്ധപ്പെട്ട് ജനുവരി 17-ന് ഞാനും പി.ഡബ്ല്യു.ഡി. സെക്രട്ടറിയും ഡൽഹിയിൽ പോയി കേന്ദ്ര-വനം പരിസ്ഥിതി സെക്രട്ടറിയുമായി വിശദമായി സംസാരിച്ചതിനെത്തുടർന്ന് പ്രസ്തുത പ്രശ്നം പരിഹരിക്കാമെന്നും പണം ഓൺലൈനിലേയ്ക്ക് മാറ്റി അടയ്ക്കാമെന്നും അത് ചെറിയൊരു കാര്യമാണെന്നും അത് ഞങ്ങൾ ചെയ്യേണ്ടതാണെന്നും ചെയ്തുകൊള്ളാമെന്നും പറയുകയുണ്ടായി. ഇത്തരം കാര്യങ്ങളിൽ പാർലമെന്റ് അംഗങ്ങളൊന്നും ഇടപെട്ടതായി കാണുന്നില്ല. അവർ ഇടപെടേണ്ട ഒരു കാര്യമാണ്. അതുമാത്രമല്ല, സംസ്ഥാന വനം വകുപ്പ് എന്ത് അഭിപ്രായമാണ് അറിയിച്ചതെന്ന് എനിക്ക് വ്യക്തമല്ല. കേന്ദ്ര വനം വകുപ്പുമന്ത്രി പറയുന്നത്, ഏതൊരു കാര്യത്തിനായാലും സംസ്ഥാന വനം വകുപ്പ് അഭിപ്രായം അറിയിച്ചുകൊണ്ടുവേണം കത്തയയ്ക്കേണ്ടത്; അല്ലാതെ വെറുതെ ഫയൽ അയച്ചുകൊടുത്തിട്ട് കാര്യമില്ലെന്നാണ്. സംസ്ഥാന വനം വകുപ്പ് അവരുടെ അഭിപ്രായം അറിയിക്കണം. അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ശ്രീ. കെ. രാജുവുമായി സംസാരിക്കാനിരിക്കുകയാണ്. എന്ത്

അഭിപ്രായമാണ് അറിയിച്ചതെന്ന് എനിക്കറിയില്ല. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം ട്രാഫിക് സേഫ്റ്റി പ്രവർത്തനങ്ങൾക്കായി അനുവദിച്ച 19.75 കോടി രൂപയുണ്ട്. 3, 5 ഹെയർപിൻ വളവുകൾ കൂടി വീതികൂട്ടി സംരക്ഷണ ഭിത്തി നിർമ്മിക്കാനും റോഡ് ഉപരിതലത്തിൽ ടാറിംഗ് പ്രവൃത്തി നടത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിനും അതിന്റെ ഭാഗമായ സേഫ്റ്റി മെഷേഴ്സിനും വേണ്ടിയാണ് പ്രസ്തുത തുക നൽകിയിരിക്കുന്നത്. ഒന്നാം വളവിൽ ചുരം വീതികൂട്ടുന്നതിന് സ്വകാര്യ ഭൂമി വിട്ടുകിട്ടേണ്ടതായിട്ടുണ്ട്. ഇതിനായി ജനപ്രതിനിധികളുടെ ആഭിമുഖ്യത്തിൽ നടപടി ആരംഭിച്ചിട്ടുണ്ട്; അത് കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. മറ്റ് ഹെയർപിൻ വളവുകളിൽ 2, 4, 9 എന്നിവ നിലവിൽ വീതികൂട്ടി ഇന്റർലോക്ക് ചെയ്തിട്ടുണ്ട്. കൂടാതെ വനാതിർത്തി പങ്കിടുന്ന 6, 7, 8 ഹെയർപിൻ വളവുകളിൽ വനം വകുപ്പിൽനിന്നും സ്ഥലം ലഭ്യമായാൽ ഉടൻതന്നെ വീതികൂട്ടി പുനരുദ്ധരിക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. എൻ.എച്ച്. 766-ലെ 5 മുതൽ 117 വരെയുള്ള (മലാപ്പറമ്പ് മുതൽ സംസ്ഥാന അതിർത്തിയായ മുത്തങ്ങ വരെ) 112 കി.മീ.ന്റെ വിപുലീകരണത്തിനുവേണ്ടി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള പ്രവൃത്തി നടന്നുവരുന്നു. അത് ലഭ്യമായാൽ അതിൽ പറയുന്ന കാര്യങ്ങളുംകൂടി ഉൾപ്പെടുത്തി താമരശ്ശേരി ചുരത്തിന്റെ നവീകരണം നടത്തി പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതുപോലെ മേപ്പാടി-ചൂരൽമല-ആനക്കാംപൊയിൽ ബദൽ റോഡ് വികസിപ്പിക്കുന്നതിനുവേണ്ടി 2016-17-ൽ കിഫ്ബിയിൽ 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പാതയ്ക്കുവേണ്ടി പാലവും 6.5 കി.മീ. തുരങ്കപ്പാതയും ആവശ്യമാണ്. 17 കി.മീ. റോഡ് നിർമ്മിക്കേണ്ടതായിട്ടുണ്ട്. തുരങ്കപ്പാതയുടെ സാധ്യതാ പഠനത്തിന് കൊങ്കൺ റെയിൽവേ കോർപ്പറേഷനെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. നിയമസഭയിൽ നേരത്തെ ഒരു ചോദ്യത്തിന് നൽകിയ മറുപടിയിൽ ഈ ചുരത്തിന്റെ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. വയനാട് ചുരം പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ അധീനതയിലാണെന്നും പ്രസ്തുത റോഡിലെ ഗതാഗത തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അതിനു പരിഹാരമായി വയനാട് ചുരം റോഡിന് ബദലായി പടിഞ്ഞാറെത്തറ- പൂഴിത്തോട് റോഡും ചൂരൽമല-ആനപ്പാട് റോഡും നിർമ്മിക്കുന്ന കാര്യവും പരിഗണനയിലുണ്ട്. പടിഞ്ഞാറെത്തറ-പൂഴിത്തോട് റോഡ്, കോഴിക്കോട് ജില്ലയിലെ കടിയങ്ങാട് നിന്നും ആരംഭിച്ച് പെരുവണ്ണാമൂഴി- പൂഴിത്തോടുവഴി വയനാട് ജില്ലയിലെ പടിഞ്ഞാറെത്തറയിൽ എത്തിച്ചേരുന്ന നിർദ്ദിഷ്ട വയനാടിന്റെ ബദൽ റോഡിന് ഏതാണ്ട് 44 കി.മീറ്റർ നീളമുണ്ട്. കടിയങ്ങാട് - പൂഴിത്തോട് വരെ 17 കി.മീറ്റർ നീളമുള്ള റോഡ് വാഹന ഗതാഗത യോഗ്യമാണ്. ബാക്കി കോഴിക്കോട് ജില്ലയിൽ

8 കി.മീറ്ററും വയനാട് ജില്ലയിൽ 18 ½ കി.മീറ്ററുമാണുള്ളത്. കോഴിക്കോട് ജില്ലയിൽ ഏകദേശം 9 കി.മീറ്റർ നീളമുള്ളതിൽ ആദ്യത്തെ മൂന്നേകാൽ കി.മീറ്റർ സ്വകാര്യ ഭൂമിയിലൂടെയും ബാക്കി അഞ്ചര കി.മീറ്ററിലേറെ ദൂരം വനഭൂമിയിൽ കൂടിയുമാണ് കടന്നുപോകുന്നത്. വയനാട് ജില്ലയിൽ പതിനൊന്നേകാൽ കിലോമീറ്റർ റിസർവ് വനത്തിൽകൂടി കടന്നുപോകണം. അതിനാൽ വയനാട് ചുരം റോഡിന് ബദലായുള്ള പടിഞ്ഞാറെത്തറ-പൂഴിത്തോട് റോഡ് യാഥാർത്ഥ്യമാകാൻ 17 കി.മീറ്ററോളം വനഭൂമി ലഭ്യമാക്കേണ്ടതായിട്ടുണ്ട്. മേപ്പാടി-ചൂരൽമല-ആനക്കാംപൊയിൽ റോഡ് വികസനത്തിനുവേണ്ടി കിൻഫ്രയുടെ കാര്യം ഗൗരവമായിത്തന്നെ പരിഗണിച്ചുവരികയാണ്. താമരശ്ശേരി ചുരത്തിന് ബദലായി ഉപയോഗിക്കാവുന്ന ആനക്കാംപൊയിൽ-കല്ലാടി-മേപ്പാടി റോഡിനുവേണ്ടി 20 കോടി രൂപ കിഫ്ബിയിൽ നീക്കിവച്ച് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തിവരികയാണ്. ഇതിന് 6 കി.മീറ്റർ തുരങ്കം ആവശ്യമാണ്. അതുമായി ബന്ധപ്പെട്ട് കോഴിക്കോട് റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉൾപ്പെടെയുള്ളവരുടെ ഒരു യോഗം എം.എൽ.എ. വിളിച്ചുചേർക്കുകയുണ്ടായി. കേരളത്തിൽ പി.ഡബ്ല്യു.ഡി.ക്ക് ഇത്രയും വലിയ ടണൽ വർക്ക് ചെയ്തുള്ള പരിചയമില്ല. മണ്ണുത്തിയിൽ നിന്നും വാളയാറിലേയ്ക്കുള്ള ടണൽ ആന്ധ്രയിലുള്ളവരാണ് ചെയ്തുവരുന്നത്. ഇത്രയും വലിയ ടണൽ വർക്ക് ചെയ്ത് പരിചയമില്ലാത്തതിനാൽ ഡി.എം.ആർ.സി.-യെ ഇൻവെസ്റ്റിഗേഷനും പണിയും ഏൽപ്പിക്കുന്നതുസംബന്ധിച്ച് ആലോചിച്ചിരുന്നു. എന്നാൽ കൊങ്കൺ റെയിൽവേ കോർപ്പറേഷനാണ് കുറെക്കൂടി നല്ലതെന്ന് അവിടത്തെ പൊതുജനങ്ങൾക്കിടയിൽ നിന്നും അഭിപ്രായം വരികയും അതിന് ധാരണയാകുകയും ചെയ്തതായി എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് വരേണ്ടതായിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ നടത്തി ഫീസിബിലിറ്റി പരിശോധിച്ച് ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ഏത് ഏജൻസിയെ ഏൽപ്പിക്കണമെന്ന കാര്യവും പരിശോധിക്കുന്നതാണ്. ഏതായാലും വനഭൂമിയിൽ കൂടി പോകുന്നതിന് അവരുടെ അനുവാദവും ആവശ്യമാണ്. ഗവൺമെന്റ് വളരെ പ്രാധാന്യത്തോടെ കാണുന്ന ഒന്നാണ് താമരശ്ശേരിചുരം. ഇപ്പോൾ അവിടെ അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തുകയാണ്. അതുകൊണ്ടുമാത്രം പ്രശ്നം തീരുന്നില്ല. അടിസ്ഥാനപരമായിത്തന്നെ ഇതിന് മാറ്റം വരേണ്ടതായിട്ടുണ്ട്. വയനാടിന്റെ വികസനത്തിന് വലിയ പിന്തുണയാണ് ഈ രണ്ട് ബജറ്റുകളിലും ഗവൺമെന്റ് ചെയ്തതെന്നെല്ലാവർക്കുമറിയാം. അവിടെ വികസനത്തിനെതിരായി നടക്കുന്ന നീക്കങ്ങൾ സംശയാസ്പദമാണ്. റെയിൽവേയ്ക്കുവേണ്ടി കേരളം ശ്രമിക്കുമ്പോൾ അതിനെതിരായി കർണാടകത്തിൽ സമരം നടക്കുകയാണെന്ന വാർത്ത ഇന്നത്തെ പത്രത്തിൽ ഉണ്ട്. മൈസൂർ - കർണാടക, നിലമ്പൂർ -കർണാടക

റെയിൽപ്പാതകൾ സാക്ഷാത്കരിക്കാൻ ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഒരുമിച്ചു നിൽക്കണം. അവിടെ ചില പ്രശ്നങ്ങളുണ്ട്. ഈ കാര്യത്തിൽ ഗവൺമെന്റ് സശ്രദ്ധം കാര്യങ്ങൾ ചെയ്യുകയാണ്. തടസ്സമായി നിൽക്കുന്നത് അവിടെയുള്ള കുറച്ചാളുകളാണ്. ശക്തമായ ബദൽ സംവിധാനവും നിലവിലുള്ള വയനാട് ചുരത്തിന്റെ വളവുകളിൽ ടൈൽസ് ഇട്ട് പരമാവധി വീതി കൂട്ടി റോഡ് പണി ചെയ്യാനുള്ള ദീർഘകാല പദ്ധതിയുമുണ്ട്. അതുകൊണ്ടേ പരിഹാരമുണ്ടാകുകയുള്ളൂ. ഇത് ശ്രീ. പിണറായി വിജയൻ ഭരണത്തിൽ വന്നശേഷമുണ്ടായ ചുരമല്ല. അവിടത്തെ ചില ആളുകളുടെ വർത്തമാനം കേട്ടാൽ അങ്ങനെ തോന്നും; അങ്ങനെയല്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ശാശ്വത പരിഹാരം കാണാനുള്ള നടപടികളിലേയ്ക്ക് നീങ്ങുകയാണ്.

<u>ശ്രീ. ജോർജ് എം. തോമസ്</u> : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ഈ വർക്ക് ടെണ്ടർ ചെയ്ത് അവാർഡ് ചെയ്തതിനുശേഷമാണ് പഴയ എം.എൽ.എ.-ക്ക് ബോധോദയമുണ്ടായി സമരം ആരംഭിച്ചത്. യു.ഡി.എഫ്.-ന്റെ സംസ്ഥാന നേതാക്കളായ സർവ്വശ്രീ ഉമ്മൻ ചാണ്ടി, പി. കെ. കുഞ്ഞാലിക്കുട്ടി, രമേശ് ചെന്നിത്തല തുടങ്ങിയവർ അവിടെ വന്ന് സമരത്തിന് വലിയ പിന്തുണയൊക്കെ പ്രഖ്യാപിച്ചു. പക്ഷേ, വയനാട് ചുരത്തിന് ശാശ്വതമായ ഒരു ബദൽ സംവിധാനം ഉണ്ടാകണമെങ്കിൽ നിർദ്ദിഷ്ട ആനക്കാംപൊയിൽ - കള്ളാടി - മേപ്പാടി ടണൽ റോഡും ഉണ്ടാകണം. ടണൽ റോഡിന്റെ ഇൻവെസ്റ്റിഗേഷൻ, എസ്റ്റിമേറ്റ്, ഡി.പി.ആർ. എന്നിവ തയ്യാറാക്കാൻ കൊങ്കൺ റെയിൽവേ മുന്നോട്ടു വന്നിട്ടുണ്ട്. പക്ഷേ, അതിന്റെ കണ്ടീഷൻ നിശ്ചയിച്ചുകൊടുക്കേണ്ടത് പി.ഡബ്ല്യു.ഡി. ആണ്. Terms and Conditions എന്തൊക്കെയാണെന്ന് കൊങ്കൺ റെയിൽവേയെ അറിയിക്കാൻ പി.ഡബ്ല്യു.ഡി.-ക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് അവർ അതിന് തയ്യാറാകാത്തത്. അത് അതിവേഗം ചെയ്യുന്നതിനാവശ്യമായ നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. ജി. സുധാകരൻ</u> : സർ, പി.ഡബ്ല്യു.ഡി. ചെയ്യേണ്ട എല്ലാ കാര്യങ്ങളും ചെയ്തുവരികയാണ്. അതിന് അതിന്റേതായ സമയമെടുക്കും. അങ്ങ് പറഞ്ഞ തനുസരിച്ച് ചെയ്യാം. സമരത്തെക്കുറിച്ച് ഞാനൊന്നും പറഞ്ഞില്ല. പത്രത്തിൽ വായിച്ചിരുന്നു. പ്രതിപക്ഷ നേതാവ് അതിനെപ്പറ്റി സംസാരിച്ചിരുന്നു. സമരം തൽക്കാലം പരിഹരിച്ചു. അതിനെപ്പറ്റി കൂടുതലൊന്നും പറയാനില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ഉണ്ടാക്കിയതല്ല ഈ ചുരം. മുൻ എം.എൽ.എ. ആയാലും ഇപ്പോഴുള്ള എം.എൽ.എ. ആയാലും എല്ലാവരുംകൂടി യോജിച്ച് ശാശ്വത പരിഹാരം കാണണമെന്നതന്നെയാണ് എന്റെ അഭിപ്രായം. എത്രയുംവേഗം നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

## (2) കുടിവെള്ള പദ്ധതികൾ

ശ്രീ. സി. മമ്മൂട്ടി: സർ, വളരെ ഗുരുതരവും പ്രാധാന്യമുള്ളതുമായ ഒരു വിഷയത്തിലേയ്ക്കാണ് മുഖ്യമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുന്നത്. 2015-ൽ കേന്ദ്ര സഹായത്തോടുകൂടി ആരംഭിച്ച കുടിവെള്ള പദ്ധതി ടെണ്ടർ ചെയ്ത് പണി അന്തിമഘട്ടത്തിൽ എത്തിനിൽക്കുന്ന സമയത്ത് കേന്ദ്രത്തിന്റെ ഫണ്ട് നിർത്തൽ ചെയ്തു എന്ന കാരണത്താൽ സ്തംഭിച്ചിരിക്കുകയാണ്. ഏതാണ്ട് 80 ശതമാനം പണി കഴിഞ്ഞു. തീരദേശ മേഖലയിലും ഇതുപോലെയുള്ള കുടിവെള്ള പദ്ധതി ടെണ്ടർ ചെയ്ത് പണി ആരംഭിക്കുന്ന ഘട്ടത്തിൽ കേന്ദ്രത്തിന്റെ ഫണ്ട് നിന്നുപോയി എന്ന കാരണത്താൽ നിർത്തിവച്ചിരിക്കുകയാണ്. ഈ രണ്ടു വിഷയങ്ങൾക്കുംപുറമെ നടന്നുകൊണ്ടിരിക്കുന്ന വാട്ടർ അതോറിറ്റിയുടെ ചില വർക്കുകൾ പി.ഡബ്ല്യു.ഡി.-യുടെയും ജലവിഭവ വകുപ്പിന്റെയും ചില പ്രശ്നങ്ങളാൽ മുടങ്ങിക്കിടക്കുകയാണ്. അതിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ടു വകുപ്പുകളെയും യോജിപ്പിച്ചുകൊണ്ട് വളരെ ഗൗരവമായ ചില തീരുമാനങ്ങൾ എടുക്കേണ്ട വിഷയമുള്ളത്. ഇപ്പോൾ റോഡുകൾ ബി.എം. ആന്റ് ബി.സി. ചെയ്യുന്നതിന് പി.ഡബ്ല്യു.ഡി. ടെണ്ടർ ചെയ്തിരിക്കുകയാണ്. കോൺട്രാക്ടർമാർ നടപടിക്രമങ്ങളൊക്കെ പൂർത്തീകരിച്ച് പണി തുടങ്ങാൻ കാത്തുനിൽക്കുകയാണ്. വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈനും ഇതിൽത്തന്നെ ലേ ചെയ്യേണ്ടതുണ്ട്. പൈപ്പുകൾ ലേ ചെയ്ത് റെസ്റ്റൊറേഷൻ ഫണ്ട് വാട്ടർ അതോറിറ്റി കെട്ടിവച്ചെങ്കിൽ മാത്രമേ ടെണ്ടർ ചെയ്ത് ഈ പണി പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. റെസ്റ്റൊറേഷൻ വർക്ക് നീണ്ടുപോകുന്നതുകൊണ്ട് റബറൈസ് ചെയ്തു ഉടനെ മറ്റൊരു പൈപ്പ് ലൈനിന്റെ വർക്കിനുവേണ്ടി റോഡ് വെട്ടിപ്പൊളിക്കാൻ നാട്ടുകാർ സമ്മതിക്കില്ല. ഈ സാഹചര്യത്തിൽ ഒരു ശാശ്വത പരിഹാരം ആവശ്യമായിട്ടുണ്ട്. സർക്കാർ ഫണ്ട് നൽകുന്ന മുറയ്ക്ക് പണി പൂർത്തീകരിക്കണമെങ്കിൽ വർക്ക് അറേഞ്ച് ചെയ്തിട്ടുള്ള ബി.എം. ആന്റ് ബി.സി. ചെയ്യുന്ന റോഡുകളുടെ പണി ഏറ്റെടുത്തിട്ടുള്ള കോൺട്രാക്ടർക്കുതന്നെ

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

റെസ്റ്റൊറേഷൻ വർക്കുകൂടി നൽകുക എന്നുള്ളതാണ് ഏറ്റവും പ്രായോഗികമായ ഒരു നിർദ്ദേശമായി എനിക്ക് സർക്കാരിന്റെ മുന്നിൽ വയ്ക്കാനുള്ളത്. വർക്ക് അറേഞ്ച് ചെയ്യാത്ത പി.ഡബ്ല്യു.ഡി. റോഡാണെങ്കിൽ പൈപ്പ് ലേ ചെയ്യുന്ന കോൺട്രാക്ടർക്കുതന്നെ റെസ്റ്റോറേഷൻ വർക്കുകൂടി നൽകുക. ഇത് രണ്ടുംകൂടി ആകുമ്പോൾ കുടിവെള്ളം തടസ്സപ്പെടുകയോ റോഡ് കുഴിക്കുന്നതു മൂലമുണ്ടാകുന്ന പ്രശ്നങ്ങളുണ്ടാകുകയോ ചെയ്യില്ല. എം.എൽ.എ. എന്നുള്ള നിലയിൽ ഇതിനായി രണ്ട് വകുപ്പുകളിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ കോ-ഓർഡിനേഷൻ മീറ്റിംഗുകൾ വിളിച്ചുകൂട്ടിയെങ്കിലും പി.ഡബ്ല്യു.ഡി.യും വാട്ടർ അതോറിറ്റിയും തമ്മിലുള്ള തർക്കങ്ങൾ നിലനിൽക്കുന്നുണ്ട്. ബി.എം.ആന്റ്

ബി.സി. അറേഞ്ച് ചെയ്തിട്ടുള്ള റോഡുകളുടെ പണി ചെയ്യുന്ന കോൺട്രാക്ടർക്കുതന്നെ റെസ്റ്റൊറേഷൻ വർക്ക് നൽകുകയും വർക്ക് അറേഞ്ച് ചെയ്യാത്ത റോഡിന്റെ റെസ്റ്റൊറേഷൻ വർക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന കരാറുകാർക്കുതന്നെ ഏൽപ്പിച്ചുകൊടുക്കുകയും ചെയ്താൽ ആ പ്രശ്നം പരിഹരിക്കാൻ കഴിയും. ഉദാഹരണമായി, ആതവനാട് പഞ്ചായത്തിൽ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കാൻവേണ്ടി 30 ലക്ഷം രൂപ പി.ഡബ്ല്യു.ഡി. വാട്ടർ അതോറിറ്റിക്ക് കൊടുക്കണം. അതുപോലെ 5 കോടി രൂപ വാട്ടർ അതോറിറ്റി പി.ഡബ്ല്യു.ഡി.ക്കും കൊടുക്കണം. 5 കോടി രൂപ കൊടുക്കാനുള്ളതിൽനിന്ന് 30 ലക്ഷം രൂപ അഡ്ജസ്റ്റ് ചെയ്യാൻ പി.ഡബ്ല്യു.ഡി. തയ്യാറാണ്. പക്ഷേ വാട്ടർ അതോറിറ്റി സമ്മതിക്കുന്നില്ല. ഈയൊരു പ്രശ്നം അവസാനിച്ചാൽ റോഡുപണി സുഗമമായി നടക്കുകയും ആ പഞ്ചായത്തിലെ മുഴുവൻ കുടിവെള്ള പ്രശ്നത്തിന് പരിഹാരമാകുകയും ചെയ്യും. ഇതൊരു നിസ്സാര പ്രശ്നമാണ്. വാട്ടർ അതോറിറ്റി കൊടുക്കാനുള്ള 5 കോടിയിൽ 30 ലക്ഷം രൂപ അഡ്ജസ്റ്റ് ചെയ്താൽ മതിയാകും. എങ്കിൽ വാട്ടർ അതോറിറ്റിക്ക് പണി പൂർത്തിയാക്കാനും റോഡ് പണി സുഗമമായി നടത്താനും സാധിക്കും. ഈ രണ്ട് പണികളും അവിടെ സ്തംഭിച്ചുനിൽക്കുകയാണ്. മൂടാൽ ബൈപ്പാസിന്റെ ഭാഗത്താണ് ഈ പ്രശ്നമുള്ളത്. പി.ഡബ്ല്യു.ഡി.-യും വാട്ടർ അതോറിറ്റിയും തമ്മിലുള്ള വിഷയത്തിൽ സുതാര്യവും ശാശ്വതവുമായ പരിഹാരമുണ്ടാകണം. കേന്ദ്രസർക്കാർ പ്രഖ്യാപിച്ച 26 കോടി രൂപയുടെ പദ്ധതിയിൽ റെസ്റ്റൊറേഷൻ വർക്കിന് ഒരു കോടി എൺപത്തിനാല് ലക്ഷം രൂപ അടയ്ക്കുകയാണെങ്കിൽ കൽപകഞ്ചേരി-വളവന്നൂർ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമാകും. ഇതുസംബന്ധിച്ച് ഞാൻ മന്ത്രിയോട് പറയുകയും എം.എൽ.എ. എന്നുള്ള നിലയിൽ ആസ്തി വികസന ഫണ്ടിൽനിന്നും 3 കോടി രൂപ കൊടുക്കുകയുമുണ്ടായി. ഈ ഫണ്ട് കൊടുക്കാത്തതിനാൽ മൊത്തം സ്തംഭനാവസ്ഥയിലാണ്. 85 ശതമാനം പണി കഴിഞ്ഞു. മാർച്ചിൽ കമ്മീഷൻ ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന് ഫണ്ടില്ലെന്ന് പറയുന്നു. 2014-ൽ ടെണ്ടർ ചെയ്ത് പണി തുടങ്ങിയ കിഫ്ബി ധനസഹായത്തോടെയുള്ള 1257 കോടി രൂപയുടെ 23 കുടിവെള്ള പദ്ധതികൾ അന്തിമ ഘട്ടത്തിലെത്തിയിട്ട് ചെറിയൊരു തുകയുടെ പേരിൽ സ്തംഭിച്ചുപോകുന്ന സാഹചര്യമുണ്ട്. അത്തരം വർക്കുകളും നേരത്തെ ടെണ്ടർ ചെയ്ത് ക്യാൻസൽ ചെയ്ത വർക്കുകളും കിഫ്ബി മുഖേനയോ സംസ്ഥാന ഫണ്ട് ഉപയോഗിച്ചോ പൂർത്തിയാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം, ദേശീയപാതാ അതോറിറ്റി തുടങ്ങിയ വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള റോഡുകളിലൂടെയാണ് വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈനുകളെല്ലാംതന്നെ സ്ഥാപിക്കുന്നത്. ഇപ്പോൾ

സംസ്ഥാനത്തെ മിക്ക റോഡുകളും ഉയർന്ന നിലവാരത്തിൽ രൂപപ്പെടുത്തിയിട്ടുള്ളതാണ്. ഈ റോഡുകളുടെ അരിക് ഉൾപ്പെടെ ടാർ ചെയ്തിരിക്കുന്നതിനാൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കാൻ എപ്പോഴും ടാർ റോഡുകൾ കുഴിക്കേണ്ടതായി വരുന്നുണ്ട്. ഗ്യാരന്റി കാലാവധി നിശ്ചയിച്ച് പൂർത്തിയാക്കിയിട്ടുള്ള റോഡുകളിൽ കാലാവധിക്കുമുമ്പ് റോഡ് കട്ടിംഗ് അനുമതി നൽകുന്നതിന് പൊതുമരാമത്ത് വകുപ്പിന് പലപ്പോഴും പ്രയാസമുണ്ടാകുന്നുണ്ടെങ്കിലും കുടിവെള്ളത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ സ്ഥാപിക്കാനും മെയിന്റനൻസിനുമായി അനുമതി നൽകുകതന്നെ ചെയ്യും. മഴക്കാലത്ത് റോഡ് മുറിച്ച് പ്രവൃത്തികൾ ചെയ്യുന്നതിന് കർശനമായ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ സജീവമായ രണ്ട് മൺസൂൺ കാലയളവിൽ കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ സ്ഥാപിക്കൽ പ്രവൃത്തികളൊന്നുംതന്നെ നടപ്പിലാക്കാൻ സാധിക്കാത്ത സ്ഥിതിയും നിലവിലുണ്ട്. റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് 5-1-2018-ലെ ഉത്തരവിൽ ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. റോഡുകൾക്ക് യൂട്ടിലിറ്റി കോറിഡോർ നിർമ്മിക്കാനാവശ്യമായ സ്ഥലസൗകര്യം ലഭ്യമല്ലാത്തതാണ് പ്രധാന പ്രശ്നം. കേന്ദ്രസഹായത്തോടെയുള്ള പദ്ധതികൾക്കുള്ള വിഹിതത്തിൽ കേന്ദ്രസർക്കാർ ഗണ്യമായ കുറവ് വരുത്തിയത് റോഡ് പുനഃസ്ഥാപനത്തിനുള്ള തുക യഥാസമയം അടയ്ക്കുന്നതിന് തടസ്സമാകുന്നുണ്ട്. ഗ്രാമീണ മേഖലയിലെ കുടിവെള്ള വിതരണത്തിന് കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ ധനസഹായം 50:50 എന്ന അനുപാതത്തിലാണ് കേന്ദ്രവും സംസ്ഥാനവും വഹിക്കുന്നത്. 2014-15 സാമ്പത്തിക വർഷം മുതൽ പദ്ധതിക്കുള്ള കേന്ദ്രസഹായം ഗണ്യമായി വെട്ടിക്കുറച്ചു. ഇത് പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 2016 ഏപ്രിൽ ഒന്നിലെ കണക്കനുസരിച്ച് കേരളത്തിൽ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 2075.4 കോടി രൂപയുടെ 188 പദ്ധതികൾ വാട്ടർ അതോറിറ്റിയിൽ നിലവിലുണ്ടായിരുന്നു. 2012-13-ലെ കേന്ദ്രസഹായം 245.65 കോടി രൂപയായിരുന്നത് 2015-16-ൽ 45.8 കോടി രൂപയും 2016-17-ൽ 69.77 കോടി രൂപയുമായി കുറഞ്ഞു. ഗ്രാമീണ കുടിവെള്ള പദ്ധതികൾ രണ്ട് വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. 2017-18 സാമ്പത്തിക വർഷം ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ കേന്ദ്രവിഹിതമായി സംസ്ഥാനത്തിന് 70 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്ക് സംസ്ഥാനം 100 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കേന്ദ്രവിഹിതം കുറഞ്ഞ പ്രതികൂല സാഹചര്യത്തിലും ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ നിർവ്വഹണത്തിൽ സംസ്ഥാനം പുരോഗതി കൈവരിച്ചിട്ടുണ്ട്. ഇത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി തുടർ ചർച്ചകൾ

നടത്തിയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണത്തിലെ മികവ് കണക്കിലെടുത്ത് ഇന്ത്യയിലെ മികച്ച സംസ്ഥാനങ്ങളിലൊന്നായി കേരളത്തെ പരിഗണിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് ബോണസ് ഫണ്ട് ലഭിക്കാനുള്ള സാധ്യതയുമുണ്ട്. ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശങ്ങൾ സർക്കാർ ഗൗരവമായി പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, റോഡ് കട്ടിംഗുമായി ബന്ധപ്പെട്ട വിഷയം വളരെ പ്രാധാന്യത്തോടെ കാണണം. കാരണം, റോഡുകൾ റബ്ബറൈസ് ചെയ്യുന്ന പണി ആരംഭിക്കാൻ കോൺട്രാക്ടർമാർ കാത്തുനിൽക്കുകയാണ്. ആ റോഡിലൂടെയാണ് പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടത്. വർക്ക് അറേഞ്ച് ചെയ്തിട്ടുള്ള റോഡുകളിൽ അതേ കോൺട്രാക്ടർക്ക് വർക്ക് കൊടുത്ത് റെസ്റ്റോർ ചെയ്യാൻ നടപടി സ്വീകരിക്കണം. അങ്ങനെ ചെയ്തില്ലെങ്കിൽ റോഡ് പണി തുടങ്ങും, മനോരമ റോഡിലൂടെ പൈപ്പ് ലൈൻ കൊണ്ടുപോകാതിരിക്കാൻ സാധിക്കില്ല, അത് കുഴിക്കേണ്ടിവരും, വീണ്ടും പ്രശ്നമാകും. അതിനാൽ അടിയന്തരമായി ഈ പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടലുണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. പിണറായി വിജയൻ: സർ, ഈ വിഷയം ഉൾപ്പെടെ പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ആലോചിച്ച് വേണ്ടത് ചെയ്യാം.

## IV സബ്മിഷൻ

### (1) പത്ര-ദൃശ്യ മാധ്യമങ്ങളിൽ വന്ന വാർത്ത സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്ന് കേരളമാകെ ചർച്ചചെയ്യുന്ന പ്രധാനപ്പെട്ട ഒരു വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ മകൻ ശ്രീ. ബിനോയ് കോടിയേരി വിദേശത്ത് 13 കോടി രൂപയുടെ തട്ടിപ്പ് നടത്തി എന്നുള്ളത് ഇന്ന് ഏറ്റവും വിവാദമായ ഒരു കാര്യമാണ്. ഓഡി കാർ വാങ്ങുന്നതിനും ബിസിനസ്സ് നടത്തുന്നതിനും പണം കടം വാങ്ങി തിരികെ നൽകിയില്ല എന്നുള്ളതാണ് ആരോപണം. ദുബായിലെ ജാസ് ടൂറിസം എൽ.എൽ.സി. കമ്പനിയെയും അതിന്റെ പാർട്ണർ രാകുൽ കൃഷ്ണയെയുമാണ് തട്ടിച്ചത്. യു.എ.ഇ. പൗരൻ ഹസ്സൻ ഇസ്മായിൽ അബ്ദുള്ള അൽമസൂർക്കി എന്നയാൾ സി.പി.ഐ.(എം) പോളിറ്റ്

ബ്യൂറോയ്ക്ക് നൽകിയ പരാതിയാണ് പുറത്തായിട്ടുള്ളത്. സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി കോടിയേരിയുടെ മൂത്ത മകൻ ബിനോയ് വിനോദിനി ബാലകൃഷ്ണൻ 7 കോടി ദിർഹം (13 കോടി ഇന്ത്യൻ രൂപ) തട്ടിച്ച് അബുദാബി വിട്ടുകളഞ്ഞുവെന്നും അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് പണം ഈടാക്കാൻ സഹായിക്കണമെന്നുമാണ് പരാതിയിൽ പറയുന്നത്. ബിനോയ്, ഷാർജയിലെ തന്റെ കമ്പനിയായ സോൾ മാനേജ്മെന്റ് കൺസൾട്ടൻസിയിൽ പാർട്ട്ണർ ആയിരുന്നെന്നും ജാസ് ടൂറിസം എൽ.എൽ.സി. പാർട്ട്ണർ ആയ രാകുൽ കൃഷ്ണയുടെ സുഹൃത്തായിരുന്നെന്നും യു.എ.ഇ. പൗരൻ പരാതിയിൽ പറയുന്നു. 2007 മുതൽ ഈ കമ്പനി യു.എ.ഇ.യിൽ പ്രവർത്തിക്കുന്നു. ഇതുവഴി ബിനോയ്, രാകുൽ കൃഷ്ണ മുഖേന തന്റെ കമ്പനിയിൽനിന്ന് ഓഡി കാർ വാങ്ങുന്നതിന് മൂന്ന് ലക്ഷത്തി പതിമൂവായിരത്തി ഇരുന്നൂറ് ദിർഹം കടമായി വാങ്ങി. ഇന്ത്യ, യു.എ.ഇ., സൗദി അറേബ്യ, നേപ്പാൾ എന്നീ രാജ്യങ്ങളിൽ ബിസിനസ്സ് നടത്താനാണ് ഈ പണം വാങ്ങിയതെന്നാണ് പറയുന്നത്. ഇത് ഗൗരവമായൊരു കാര്യമാണ്. ഇവിടെ ആപ്പിൾ ഐ ഫോണും ....(ബഹളം).....നിങ്ങളെന്തിനാണ് ബഹളമുണ്ടാക്കുന്നത് .........(ബഹളം)......... നിങ്ങളല്ലേ ബഹളമുണ്ടാക്കുന്നത്. ........(ബഹളം)........

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്...ഞാൻ അനുവദിച്ചിട്ടാണ് അദ്ദേഹം സംസാരിക്കുന്നത്. നിങ്ങൾ ഇരിക്കണം..........സഭയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ട കാര്യം എന്താണെന്നുവച്ചാൽ അങ്ങ് പറയൂ. അങ്ങ് എന്താണ് സബ്മിറ്റ് ചെയ്യുന്നത്? സബ്മിഷന് ആരോപണം ഇല്ലല്ലോ. അങ്ങ് സബ്മിറ്റ് ചെയ്യുന്നത് എന്താണെന്ന് പറയൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇവിടെ ആപ്പിൾ ഐ ഫോണും മൗണ്ട് ബ്ലാങ്ക് പേനയും ഉപയോഗിക്കുന്ന, ആഡംബര ജീവിതം നയിക്കുന്ന എന്ന പേരിൽ ...... (ബഹളം) ..... അങ്ങ് അവരെ നിയന്ത്രിക്കണം .........

മി. സ്പീക്കർ: അങ്ങ് പറഞ്ഞ് അവസാനിപ്പിക്കണം. ..... (ബഹളം) ...... പ്ലീസ്....പ്ലീസ്.... നിങ്ങൾ ഇരിക്കൂ. അദ്ദേഹം പറയാനുള്ളത് പറഞ്ഞ് അവസാനിപ്പിക്കട്ടെ. അങ്ങയുടെ സബ്മിഷൻ എന്താണ്?

ശ്രീ. രമേശ് ചെന്നിത്തല: അവർ സംസാരിക്കുമ്പോൾ ഞാൻ എങ്ങനെ സംസാരിക്കും. അങ്ങ് അവരെ നിയന്ത്രിക്കണ്ടേ?

മി. സ്പീക്കർ: പ്ലീസ് ... പ്ലീസ് .....നിങ്ങൾ ഇരിക്കൂ. അങ്ങ് സബ്മിഷൻ എന്താണെന്ന് പറയൂ. അങ്ങ് സഭയിൽ സബ്മിറ്റ് ചെയ്യുന്നത് എന്താണ്? സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത് എന്താണെന്ന് പറയൂ.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇന്ത്യ, യു.എ.ഇ., സൗദി അറേബ്യ, നേപ്പാൾ എന്നീ രാജ്യങ്ങളിൽ ബിസിനസ്സ് നടത്താനുള്ള എന്ത് സാമ്പത്തിക സോഴ്സാണ് ഇദ്ദേഹത്തിനുള്ളതെന്ന് അറിയാൻ ഞങ്ങൾക്ക് താല്പര്യമുണ്ട്. ......(ബഹളം)..... ഇവിടെ ആപ്പിൾ ഐ ഫോണും മൗണ്ട് ബ്ലാങ്ക് പേനയും ഉപയോഗിക്കുന്നു, ആഡംബര ജീവിതം നയിക്കുന്നു എന്ന പേരിൽ .സി.പി.ഐ.(എം)-ന്റെ രാജ്യസഭാ എം.പി.യും എസ്.എഫ്.ഐ. മുൻ അഖിലേന്ത്യാ നേതാവുമായ ഋതബ്രത ബാനർജിയെ പാർട്ടിയിൽനിന്ന് സസ്പെൻഡ് ചെയ്ത സി.പി.ഐ.(എം), xxxxx+ .........(ബഹളം).......

<u>മി. സ്പീക്കർ</u>: പ്ലീസ് .... പ്ലീസ്...... അങ്ങ് ഇരിക്കു.

<u>ശ്രീ രമേശ് ചെന്നിത്തല</u>: സർ, എന്നെ പറയാൻ അനുവദിക്കണം. ..... (ബഹളം) ........

<u>മി. സ്പീക്കർ</u>: നിങ്ങൾ ഇരിക്കു. അദ്ദേഹം പറഞ്ഞ് അവസാനിപ്പിക്കട്ടെ. ...... (ബഹളം)...... ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയും. നിങ്ങൾ ഇരിക്കു. ശ്രീ. റ്റി. വി. രാജേഷ് ...... പ്ലീസ് ... പ്ലീസ് ......

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അങ്ങ് അവരെ നിയന്ത്രിക്കണം. എനിക്ക് പറയാനുള്ള അനുവാദം തരണം. മുഖ്യമന്ത്രി പറയട്ടെ......(ബഹളം)......ഞാൻ പറഞ്ഞതിന് മുഖ്യമന്ത്രി മറുപടി പറയുമല്ലോ. അതിന് അവരെന്തിനാണ് ബഹളമുണ്ടാക്കുന്നത്, അത് ശരിയാണോ? അവരോട് ഇരിക്കാൻ പറയണം.

<u>മി. സ്പീക്കർ:</u> അങ്ങ് ഒരു വാചകത്തിൽ പറഞ്ഞ് അവസാനിപ്പിക്കണം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അവർ ബഹളമുണ്ടാക്കുമ്പോൾ ഞാൻ എങ്ങനെ പറയും?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, ഒരു സബ്മിഷൻ ആധികാരികമായി അവതരിപ്പിക്കുന്നത് കേരളത്തിലെ അറിയപ്പെടുന്ന ഒരു പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിക്കെതിരായി ആരോപണമായിട്ടാണ്. നാളെ ഈ സഭയിൽ ആർക്കും എന്തും പറയാനുള്ള സ്വാതന്ത്ര്യം ലഭിക്കും.

---

\+ (ഫയൽ നമ്പർ 565/ഇ.ബി/2018/നി.സെ .തീയതി 30-01-2018, ഉത്തരവിൻപ്രകാരം സഭാരേഖയിൽ നിന്നും നീക്കം ചെയ്തു.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരു പ്രധാനപ്പെട്ട വിഷയം സഭയുടെ ശ്രദ്ധയിൽ ഉന്നയിക്കാനുണ്ടെന്ന് പറഞ്ഞപ്പോൾ അതിന് അനുവാദം തന്നു. അങ്ങ് അത് ഉന്നയിക്കുക. അങ്ങ് അതിൽ രാഷ്ട്രീയ പ്രസംഗം നടത്താനൊന്നും ദയവായി മുതിരരുത്. അങ്ങേയ്ക്ക് സഭയിൽ ഉന്നയിക്കാനുള്ള കാര്യം പറയണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, അവരോട് ഇരിക്കാൻ പറയണം. ....ഹൗസ് ഓർഡറിലാകണ്ടേ?

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്... അദ്ദേഹം പറഞ്ഞ് അവസാനിപ്പിക്കട്ടെ...... ശ്രീ. കെ. സുരേഷ് കുറുപ്പ്, ഇരിക്കൂ....... അദ്ദേഹം പറഞ്ഞ് അവസാനിപ്പിക്കട്ടെ. അങ്ങ് പറയണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, മക്കൾ ചെയ്യുന്ന കുറ്റങ്ങൾ പാർട്ടി നേതൃത്വത്തിന് ഏറ്റെടുക്കാൻ കഴിയില്ല എന്നാണ് പോളിറ്റ് ബ്യൂറോ മെമ്പർ ശ്രീ. രാമചന്ദ്രൻപിള്ള പറയുന്നത്. ......(ബഹളം)..... ഇവിടെ ലളിത ജീവിതവും ലാളിത്യവും ധാർമ്മികതയും പാലക്കാട് പ്ലീനത്തിൽ പറഞ്ഞ XXXXX+ വിദേശ മലയാളികൾക്കാകെ അപമാനമുണ്ടാക്കിയ നടപടിയാണ് ഇവിടെ ഉണ്ടായിരിക്കുന്നത്. XXXXX* ഒരക്ഷരംപോലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ പറഞ്ഞില്ല. മൗണ്ട് ബ്ലാങ്കിന്റെ പേന കൈയിൽ വച്ചതിന്റെ പേരിൽ എസ്.എഫ്.ഐ.-യുടെ അഖിലേന്ത്യാ പ്രസിഡന്റായിരുന്ന എന്റെ സുഹൃത്തുകൂടിയായ ഋതബ്രത ബാനർജിയെ പാർട്ടിയിൽനിന്ന് പുറത്താക്കിയ ആളുകളാണ് ഇത്തരം വലിയ തട്ടിപ്പുകൾക്ക് കൂട്ടുനിൽക്കുന്നത്. ഇത് സംസ്ഥാനത്തിനുതന്നെ അപമാനമായി മാറിയിരിക്കുന്ന സംഭവമാണ്. ഇവിടെ ബഹുമാനപ്പെട്ട എ. കെ. ബാലൻ പറഞ്ഞല്ലോ ആരുടെ പേരിലും ആരോപണം ഉന്നയിക്കേണ്ട എന്ന്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ എന്റെ ചെയറിലിരുന്നുകൊണ്ട് എന്തെല്ലാം ആരോപണങ്ങളാണ് മുൻമുഖ്യമന്ത്രിക്കും മക്കൾക്കുമെതിരെ ഉന്നയിച്ചത്. അത് മറന്നുപോകരുത്. ...... (ബഹളം) ...... ശ്രീ. വി. എസ്. അച്ചുതാനന്ദൻ എന്തെല്ലാം ആരോപണങ്ങളാണ് ഉന്നയിച്ചത്. അക്കാര്യം അങ്ങ് മറന്നുപോകരുത്. ...(ബഹളം)...........കേരളം വളരെയേറെ ചർച്ച ചെയ്ത വിഷയമാണിത്.

മി. സ്പീക്കർ: അങ്ങ് ദയവായി അവസാനിപ്പിക്കണം.

---

\+ (ഫയൽ നം. 565/ഇ.ബി/2018/നി.സെ തീയതി 30-1-2018, ഉത്തരവിൻപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.)

ശ്രീ. രമേശ് ചെന്നിത്തല: സർ, XXXXX+ഞങ്ങൾ പറയരുതെന്നാണോ ശ്രീ. എ. കെ. ബാലൻ പറയുന്നത്. എന്ത് ന്യായമാണ് ഇവിടെ നടക്കുന്നത്?

മി. സ്പീക്കർ: അങ്ങേയ്ക്ക് ചെയർ അനുവാദം തന്നില്ലേ; ദയവായി അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. രമേശ് ചെന്നിത്തല: ......(ബഹളം) .......സർ, അങ്ങ് അനുവാദം തന്നു..... ഇന്റർപോൾ അന്വേഷിക്കുന്ന ഒരു കാര്യമാണിത്. XXXXX* ഇന്റർപോൾ അന്വേഷിക്കുന്ന കാര്യം ഞാൻ സഭയിൽ ഉന്നയിക്കേണ്ട എന്നാണോ ശ്രീ. എ. കെ. ബാലൻ പറയുന്നത്.

മി. സ്പീക്കർ: അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ചവറ എം.എൽ.എ. ശ്രീ. വിജയൻ പിള്ളയുടെ മകനും ഇതേ കാര്യത്തിൽ കേസ്സിൽ പ്രതിയായിരിക്കുന്നു. ഇടതുപക്ഷ മുന്നണിക്ക് നേതൃത്വം കൊടുക്കുന്ന .............

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ഏതുസമയത്തും ഏത് പ്രശ്നവും ഉന്നയിക്കാൻ അവകാശമുണ്ട്. അത് അനുവദിക്കാൻ ചെയർ തയ്യാറുമാണ്. പക്ഷേ ആരോപണങ്ങൾ ഉന്നയിക്കുകയാണെങ്കിൽ അതിനൊരു കീഴ്വഴക്കമുണ്ട്. മുൻകൂട്ടി തയ്യാറാക്കി എഴുതിത്തന്നതിനുശേഷമേ ചെയ്യാൻ സാധിക്കുകയുള്ളൂ. സബ്മിഷന്റെ സന്ദർഭം അതിന് ഉപയോഗിക്കുന്നത് ശരിയല്ല. അങ്ങ് വളരെ സീനിയറായ ബഹുമാന്യനായ ഒരു നേതാവാണ്. അങ്ങേയ്ക്ക് സഭയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ട കാര്യമുണ്ടെങ്കിൽ അത് പറഞ്ഞ് അവസാനിപ്പിക്കുക. അതിന് ദീർഘമായ രാഷ്ട്രീയ പ്രസംഗം നടത്തുന്നതിന് സബ്മിഷൻ വേള ഉപയോഗപ്പെടുത്തുന്നത് ശരിയല്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങയോടുള്ള എല്ലാ ബഹുമാനത്തോടുംകൂടി ഞാൻ പറയുന്നു, പ്രതിപക്ഷനേതാവ് എന്ന നിലയിൽ ഒരിക്കലും ഈ സഭാതലം ഞാൻ misuse ചെയ്തിട്ടില്ല. XXXXX*അത് ഇന്റർപോൾ അന്വേഷിക്കുന്ന കാര്യമാണ്. ഇത് ഗവൺമെന്റ് അന്വേഷിക്കണം, സത്യാവസ്ഥ പുറത്തുകൊണ്ടുവരണം. കുറ്റവാളികളുണ്ടെങ്കിൽ അവരുടെ പേരിൽ കേരളത്തിലും കേസെടുത്ത് അന്വേഷിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാന സർക്കാർ ഈ വിഷയം അന്വേഷിക്കണമെന്ന് പറഞ്ഞുകൊണ്ടാണ് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് അവസാനിപ്പിച്ചത്. അദ്ദേഹം പരാമർശിച്ച ശ്രീ. ബിനോയ്

+ (ഫയൽ നമ്പർ 565/ഇ.ബി/2018/നി.സെ. തീയതി 30-01-2018, ഉത്തരവിൻപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.)

15 വർഷത്തോളമായി വിദേശത്ത് ജോലി ചെയ്യുന്ന വ്യക്തിയാണെന്നാണ് എന്റെ അറിവ്. അതുമായി ബന്ധപ്പെട്ട് സർക്കാരിനുമുന്നിൽ ഒരു പ്രശ്നവുമില്ല. അദ്ദേഹം ഋതബ്രത ബാനർജിക്കെതിരായ നടപടിയെപ്പറ്റി പറഞ്ഞു. അതാണ് ഞങ്ങളുടെ പാർട്ടി. പാർട്ടിക്ക് ചേരാത്ത നിലപാട് സ്വീകരിച്ചാൽ ആര് എന്ന പ്രശ്നമേയില്ല, പാർട്ടി നടപടി വരും. .....(ബഹളം).... പാർട്ടിക്ക് ചേരാത്ത പ്രശ്നങ്ങളാകണം. എന്റെ പേരിൽ നടപടിയെടുക്കാൻ കുറേക്കാലം ആഗ്രഹിച്ചതല്ലേ നിങ്ങളെല്ലാവരും. എന്നിട്ട് പാർട്ടി അതിന് നടപടിയെടുത്തോ? കാരണം പാർട്ടിക്ക് ചേരാത്ത പ്രവൃത്തി ചെയ്യണം. പാർട്ടിക്ക് മുന്നിൽ പാർട്ടിക്ക് ചേരാത്ത പ്രവൃത്തി ചെയ്തുവെന്ന് കണ്ടാലാണ് നടപടി. ഋതബ്രത ബാനർജി ആ തരത്തിൽ നടപടിയെടുത്തതാണ്. അങ്ങ് സി.പി.ഐ (എം)-ന്റെ പ്ലീനത്തെക്കുറിച്ച് പറഞ്ഞു, പ്ലീനത്തിന്റെ കാര്യമൊക്കെ അങ്ങ് ശ്രദ്ധിക്കുന്നുണ്ടെന്നുള്ളത് നല്ല കാര്യമാണ്. ആ പ്ലീനത്തിന്റെ മാർഗ്ഗങ്ങളനുസരിച്ച് തന്നെയാണ് ഞങ്ങളുടെ സംഘടനാ പ്രവർത്തനം നടക്കുന്നത്. അതിനെപ്പറ്റി ഒരാശങ്കയും നിങ്ങൾക്കുവേണ്ട. പ്ലീനം നടപടിയനുസരിച്ച് തന്നെയാണ് കാര്യങ്ങൾ പോകുന്നത്. എന്തെങ്കിലും വ്യതിയാനങ്ങൾ വരുമ്പോൾ ഞങ്ങൾ ശ്രദ്ധിക്കുന്നുമുണ്ട്. സർക്കാരിനുമുന്നിൽ ഇതുവരെ ആരും ഒരു പരാതിയും ഉന്നയിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഇത് സർക്കാരിനുമുന്നിലുള്ള പ്രശ്നമല്ല. ഇക്കാര്യത്തിൽ ശ്രീ. ബിനോയിയുടെ ഒരു പ്രസ്താവന ഇന്ന് മാധ്യമങ്ങളിൽ വന്നിട്ടുണ്ട്. അതിൽ അദ്ദേഹം പറയുന്നത്, നിലവിൽ ഒരു കേസ്സും അദ്ദേഹത്തിന്റെ പേരിലില്ലായെന്നാണ്. മാത്രമല്ല, ഒരു യാത്രാവിലക്കും അദ്ദേഹത്തിനെതിരെ ഇല്ലായെന്നും പറയുന്നുണ്ട്. ഇതിനോടൊപ്പംവന്ന വാർത്ത ബഹുമാന്യനായ ശ്രീ. എൻ. വിജയൻ പിള്ളയുടെ മകനെക്കുറിച്ചാണ്. വാർത്തയിൽ ശ്രീജിത്ത് എന്ന പേര് പറഞ്ഞിട്ടുണ്ട്. ആ വാർത്തയുടെ നിജസ്ഥിതിയെപ്പറ്റി സർക്കാരിനറിയില്ല. സർക്കാരിനുമുന്നിലോ സഭയുടെ മുന്നിലോ ഉള്ള വിഷയമല്ല ഇത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ബഹുമാനപ്പെട്ട ചവറ നിയോജകമണ്ഡലത്തിലെ എം.എൽ.എ. ശ്രീ. എൻ. വിജയൻ പിള്ളയുടെ മകൻ ശ്രീജിത്തിനെതിരെ ചവറ പോലീസ് സ്റ്റേഷനിൽ 29-5-2017-ൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വണ്ടിച്ചെക്കും ചതിയും വിശ്വാസവഞ്ചനയുമാണ് ആ കേസിനാസ്പദമായ വകുപ്പുകൾ എന്നാണ് ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അതാണ് ഇന്നത്തെ വാർത്തയെങ്കിൽ അതിന്റെ നിജസ്ഥിതിയെപ്പറ്റി അറിയില്ല. ഇത് സർക്കാരിന് മുന്നിലോ സഭയുടെ മുന്നിലോ ഉള്ള വിഷയമല്ല. പ്രതിപക്ഷനേതാവ് ഉന്നയിക്കുന്നുണ്ടെങ്കിൽ ആ ഘട്ടത്തിൽ അത് പരിശോധിക്കുകയും ചെയ്യാം. പത്രവാർത്തയെ അടിസ്ഥാനപ്പെടുത്തി ഇത്തരമൊരു വിഷയം രാഷ്ട്രീയമായി ഉപയോഗിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. സി.പി.ഐ. (എം)-ന്റെ സംസ്ഥാന സെക്രട്ടറിയുടെ മകൻ എന്ന നിലയിൽ ഈ വാർത്ത പെരുപ്പിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. അത് വളരെ നിർഭാഗ്യകരമായിപ്പോയി എന്നാണ് പറയാനുള്ളത്. ......(ബഹളം).....

മി..സ്പീക്കർ: സബ്മിഷന് ചർച്ചയില്ല. ..........(ബഹളം).....പ്ലീസ്....പ്ലീസ് ......(ബഹളം).....(പ്രതിപക്ഷാംഗങ്ങൾ എഴുന്നേറ്റുനിന്ന് ബഹളം വച്ചു കൊണ്ടിരുന്നു.) ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, അന്വേഷണം നടത്താനും കേസ്സെടുക്കാനും വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളില്ലേ; അതിന് സഭയിൽ സബ്മിഷൻ ഉന്നയിക്കുകയാണോ ചെയ്യുന്നത്? ......(ബഹളം).....നമ്മുടെ നാട്ടിൽ ക്രിമിനൽ പ്രൊസീഡ്യുവർ കോഡുണ്ട്. കേസ്സെടുക്കാനും അന്വേഷണം നടത്താനും വ്യവസ്ഥാപിതമായ നടപടിക്രമങ്ങളില്ലേ; സഭയിൽ സബ്മിഷൻ ഉന്നയിക്കലാണോ പതിവ്? ഇത് നിർഭാഗ്യകരമാണ്.......(ബഹളം)..... പരാതി കൊടുക്കാനും അന്വേഷണം നടത്താനും ആർക്കും തടസ്സമില്ലല്ലോ ...... (ബഹളം).....സബ്മിഷന് ഡിബേറ്റില്ല. അങ്ങയോട് കാണിക്കുന്ന ആദരവിന്റെ അടിസ്ഥാനത്തിലാണ് അനുവാദം നൽകിയത്. അങ്ങ് രാഷ്ട്രീയമായ ആരോപണങ്ങൾ ഉന്നയിച്ചു. സർക്കാരിന്റെ ശ്രദ്ധയിൽ അത്തരമൊരു വിഷയമില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഇനിയും അന്വേഷണം വേണമെങ്കിൽ അതിന് വ്യവസ്ഥാപിതമായ മാർഗ്ഗങ്ങൾ സ്വീകരിക്കുക. കേസ്സെടുക്കണോ അന്വേഷിക്കണോ എന്ന് തീരുമാനിക്കുന്നത് സഭയാണോ? ......(ബഹളം).....

ശ്രീ. രമേശ് ചെന്നിത്തല: XXX+ ആ വിവരം മുഖ്യമന്ത്രിക്ക് അറിയില്ല, ഗവൺമെന്റിന്റെ മുന്നിലില്ല എന്നുപറയുന്നത് എന്ത് ന്യായമാണ്? കേരളത്തിലെ എല്ലാ മാധ്യമങ്ങളും ചർച്ചചെയ്ത വിഷയമല്ലേ? അങ്ങ് അത് അന്വേഷിക്കാമെന്നെങ്കിലും പറയണ്ടേ; എന്തുകൊണ്ട് പറയുന്നില്ല? ശ്രീ. എൻ. വിജയൻ പിള്ളയുടെ മകന്റെ പേരിൽ എഫ്.ഐ.ആർ. ഉണ്ട്. ആഭ്യന്തര വകുപ്പിന്റെകൂടി ചുമതലയുള്ള മുഖ്യമന്ത്രിക്ക് ഇത് അറിയില്ലേ? എഫ്.ഐ.ആർ. ഇട്ടാൽ അദ്ദേഹത്തിന് ഇത് അന്വേഷിക്കാൻ കഴിയില്ലേ? ഈ രണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്തിനാണ് അദ്ദേഹം മൂടിവയ്ക്കാൻ ശ്രമിക്കുന്നത്? ഇത് ശരിയായ നടപടിയാണോ? അതുകൊണ്ട്, we demand an enquiry from the Government. ഞങ്ങൾ ഗവൺമെന്റിൽ നിന്ന് ഒരു അന്വേഷണം ആവശ്യപ്പെടുകയാണ്. ശരിയല്ലെങ്കിൽ വേണ്ട. ഇത്രയും ഗൗരവമായ വിഷയത്തിൽ എന്തുകൊണ്ടാണ് മുഖ്യമന്ത്രി അന്വേഷണം നടത്താൻ തയ്യാറാകാത്തത്? തെറ്റാണെങ്കിൽ കളയാം. ഇതിന്റെ നിജസ്ഥിതി കേരളത്തിലെ ജനങ്ങൾക്ക് അറിയാനുള്ള അവകാശമുണ്ട്....(ബഹളം)

മി. സ്പീക്കർ: പ്രതിപക്ഷനേതാവാണെങ്കിൽപ്പോലും ഇത് ശരിയല്ല....... (ബഹളം).....അങ്ങ് ഉന്നയിച്ചതിന് മറുപടി പറഞ്ഞില്ലേ?......(ബഹളം)..... അങ്ങയുടെ ആവശ്യമെന്താണ്?

---

\+ സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ. 565/ഇ.ബി./2018/നി.സെ. തീയതി 30-01-2018) രേഖയിൽനിന്നും നീക്കം ചെയ്തു.

ശ്രീ. രമേശ് ചെന്നിത്തല: ഗവൺമെന്റ് ഇതുസംബന്ധിച്ച് നിഷ്പക്ഷമായ അന്വേഷണം നടത്തണമെന്നാണ്. ബിനോയ് തെറ്റുകാരനാണെങ്കിൽ ശിക്ഷിക്കട്ടെ, നിരപരാധിയാണെങ്കിൽ.......(മൈക്ക് ഓഫ്).........(ബഹളം).....

(യു.ഡി.എഫ്. അംഗങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സീറ്റിനരികിൽ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

ശ്രീ. പിണറായി വിജയൻ: ഇക്കാര്യത്തിൽ രണ്ട് പ്രശ്നമാണ് അദ്ദേഹം ഉന്നയിച്ചത്. രണ്ട് പ്രശ്നത്തിനും ഒരുമിച്ചാണ് ഞാൻ മറുപടി പറഞ്ഞത്. ശ്രീജിത്തിന്റെ കാര്യത്തിൽ എഫ്.ഐ.ആർ. ഉണ്ടെന്ന് അദ്ദേഹം പറഞ്ഞു. എഫ്.ഐ.ആർ. ഉണ്ടെങ്കിൽ സാധാരണ രീതിയിൽ അന്വേഷിക്കും. അത് നമ്മൾ അന്വേഷിക്കേണ്ട കാര്യം വരുന്നില്ല. രണ്ടാമത്തെ കാര്യത്തിൽ, വേറൊരു അന്വേഷണത്തിനുള്ള പ്രസക്തി ഇപ്പോഴില്ല. ഒരു കേസ്സും നിലവിലില്ലെന്ന് പറഞ്ഞിട്ടുണ്ട്. ഇത്തരം ഒരു ദുരുപദിഷ്ടമായ ആരോപണത്തിന്റെ ഭാഗമായി ഒരു അന്വേഷണത്തിനും സർക്കാർ തയ്യാറല്ല. ......(ബഹളം).....

മി.സ്പീക്കർ: ശ്രീ. കെ. മുരളീധരൻ,......അങ്ങ് സബ്മിഷൻ ഉന്നയിക്കുന്നുണ്ടോ? ......(ബഹളം)..... നിങ്ങൾ സീറ്റിൽ പോയിരിക്കൂ

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിലേയ്ക്ക് പോയി.)

(ശ്രീ. കെ. മുരളീധരനെ സബ്മിഷൻ ഉന്നയിക്കുന്നതിനായി ബഹുമാനപ്പെട്ട സ്പീക്കർ ക്ഷണിച്ചെങ്കിലും അദ്ദേഹം സബ്മിഷൻ ഉന്നയിച്ചില്ല.)

ശ്രീ. രമേശ് ചെന്നിത്തല: ഇത്രയും ഗുരുതരമായ പ്രശ്നം അന്വേഷിക്കുകയില്ല എന്ന് മുഖ്യമന്ത്രി പറഞ്ഞത് ഖേദകരമായിപ്പോയി. അദ്ദേഹം പറഞ്ഞു ഞങ്ങൾ അദ്ദേഹത്തിനെതിരെ കേസ് കൊണ്ടുവന്നു എന്ന്. ബഹുമാന്യനായ മുഖ്യമന്ത്രി, അങ്ങയുടെ കേസ് തീർന്നിട്ടില്ല. അത് സുപ്രീംകോടതിയിലാണ്, മറക്കരുത്. ഈ കേസ് അന്വേഷിക്കുകയില്ല എന്ന തൻപിള്ള നയം സ്വീകരിക്കുന്ന ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരികെ എത്തുകയും ചെയ്തു.)

(2) ജാനകി ടീച്ചറുടെ കൊലപാതകം

ശ്രീ. എം. രാജഗോപാലൻ: സർ, തൃക്കരിപ്പൂർ മണ്ഡലത്തിൽ കയ്യൂർ-ചീമേനി പഞ്ചായത്തിലെ പുലിയന്നൂർ ഗവൺമെന്റ് എൽ.പി.സ്കൂളിലെ ഹെഡ്മിസ്ട്രസ് ആയി

വിരമിച്ച പുതിയവീട്ടിൽ ജാനകി ടീച്ചർ അതിദാരുണമായി കൊലചെയ്യപ്പെട്ടിട്ട് ഏതാണ്ട് ഒന്നരമാസത്തോളമായി. നാട്ടിൽ എല്ലാവരുടെയും ടീച്ചറമ്മയായിരുന്ന അവർ. സംഭവത്തിൽ ഭർത്താവ് റിട്ടയേർഡ് അദ്ധ്യാപകനായ കളത്തേര കൃഷ്ണൻ മാസ്റ്റർക്ക് വളരെ ഗുരുതരമായി പരിക്കേൽക്കുകയുണ്ടായി. അദ്ദേഹം സുഖം പ്രാപിച്ചുവരുന്നു. സംഭവത്തെത്തുടർന്ന് കണ്ണൂർ ഐ.ജി. ഉൾപ്പെടെയുള്ള ഉന്നത പോലീസ് സംഘം സ്ഥലത്തെത്തുകയും അന്വേഷണ ടീമിനെ നിയോഗിക്കുകയുമുണ്ടായി. അന്വേഷണം ഇതര സംസ്ഥാനങ്ങളായ കർണാടക, മഹാരാഷ്ട്ര എന്നിവിടങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചുവെങ്കിലും വേണ്ടത്ര പുരോഗതി കൈവരിക്കാത്ത ഘട്ടത്തിൽ നാട്ടുകാർതന്നെ ആക്ഷൻ കമ്മിറ്റി രൂപീകരിക്കുകയും ആക്ഷൻ കമ്മിറ്റിയുടെ ഭാരവാഹികൾ എം.എൽ.എ.യോടൊപ്പം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നിവേദനം നൽകുകയും ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്വേഷണം ത്വരിതപ്പെടുത്തുന്നതിന് ശക്തമായ നടപടി സ്വീകരിക്കാൻ ഡി.ജി.പി.-യോട് നിർദ്ദേശിച്ചതിനെത്തുടർന്ന് അന്വേഷണത്തിനുള്ള ടീമംഗങ്ങളെ വർദ്ധിപ്പിച്ചു. പ്രതികളെക്കുറിച്ച് സൂചന നൽകുന്നവർക്ക് രണ്ട് ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിക്കുകയും ചെയ്തു. മേൽനടപടികളെ സ്വാഗതം ചെയ്യുകയാണ്. എന്നാൽ അന്വേഷണം ഇപ്പോഴും വഴിമുട്ടി നിൽക്കുകയാണ്. ജനസാന്ദ്രതയുള്ള ഗ്രാമത്തിൽ നടത്തിയ അരുംകൊല സൃഷ്ടിച്ച ഭീകരാന്തരീക്ഷത്തിൽ നിന്ന് നാട് ഇതുവരെ വിമുക്തമായിട്ടില്ല. നിഷ്കളങ്കമായ ഗ്രാമ ഹൃദയത്തെ മുറിവേൽപ്പിച്ച സംഭവം കൂടിയാണിത്. ആയതിനാൽ കുറ്റവാളികളെ കണ്ടെത്തി നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ അടിയന്തര നടപടി സ്വീകരിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, 13-12-2017-ന് രാത്രി 9 മണിയോടെ ചീമേനി ഗ്രാമത്തിലെ പുലിയന്നൂരിൽ താമസിക്കുന്ന കൃഷ്ണൻ എന്നയാളിന്റെ വീട്ടിൽ കവർച്ചയ്ക്കായി മൂന്നുപേർ അതിക്രമിച്ചു കയറി കൃഷ്ണനെ കെട്ടിയിട്ട് മുറിവേൽപ്പിക്കുകയും ഭാര്യ ജാനകിയെ കത്തികൊണ്ട് കുത്തി പരിക്കേൽപ്പിച്ചശേഷം വീട്ടിൽ സൂക്ഷിച്ചിരുന്ന അമ്പതിനായിരം രൂപയും സ്വർണ്ണമോതിരവും സ്വർണ്ണമാലയും കവർച്ച ചെയ്യുകയുമുണ്ടായി. ഗുരുതരമായി പരിക്കേറ്റ ദമ്പതിമാരിൽ ജാനകി മരണപ്പെട്ടു. ഈ സംഭവത്തിൽ ക്രൈം നമ്പർ 403/17 പ്രകാരം ചീമേനി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംഭവസ്ഥലം കണ്ണൂർ റെയിഞ്ച് ഐ.ജി. സന്ദർശിക്കുകയും സയന്റിഫിക് എക്സ്പെർട്ട്, ഫോറൻസിക് വിഭാഗം, ഫിംഗർ പ്രിന്റ്, ഡോഗ് സ്ക്വാഡ് എന്നീ വിഭാഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തി പരിശോധന നടത്തുകയും ചെയ്തു.

ക്രൈം വർക്കിൽ പ്രാഗത്ഭ്യം തെളിയിച്ച ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി. ഉൾപ്പെടെ കാഞ്ഞങ്ങാട് ഡിവൈ.എസ്.പി.യുടെ മേൽനോട്ടത്തിൽ 24 അംഗങ്ങളുള്ള ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ച് കേസ്സിന്റെ അന്വേഷണം നടത്തിവരുന്നുണ്ട്. പ്രതികളെക്കുറിച്ച് വിവരം നൽകുന്നവർക്ക് രണ്ടുലക്ഷം രൂപ സർക്കാർ പാരിതോഷികം പ്രഖ്യാപിച്ചിക്കുകയും പ്രതികളെ എത്രയുംവേഗം കണ്ടെത്തുന്നതിന് സാധ്യമായ എല്ലാ നടപടികളും കൈക്കൊണ്ടുവരികയുമാണ്.

## (3) ഗെയ്ൽ പൈപ്പ് ലൈൻ

ശ്രീ. പി. ഉബൈദുള്ള: സർ, കൊച്ചി-മംഗലാപുരം ഗെയ്ൽ പ്രകൃതിവാതക പൈപ്പ്ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിനു വേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഗെയ്ൽ പൈപ്പ്ലൈൻ ഇപ്പോൾ സ്ഥാപിക്കുന്നത് ജനങ്ങൾ തിങ്ങിത്താമസിക്കുന്ന പ്രദേശങ്ങളിലൂടെയാണ്. അഞ്ച് സെന്റും പത്ത് സെന്റും മാത്രം ഭൂമിയുള്ള പാവപ്പെട്ട ജനങ്ങളുടെ വീടും സ്ഥലവും കവർന്നെടുത്താണ് പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നത്. ആരുടെയെല്ലാം ഭൂമിയും വീടും നഷ്ടപ്പെടുമെന്നതിനെ സംബന്ധിച്ച് ഇരകൾക്ക് യാതൊരു അറിവുമില്ല. വില്ലേജ് ഓഫീസുകളിലോ പഞ്ചായത്ത് ഓഫീസുകളിലോ നഷ്ടപ്പെടുന്ന വീടിനെയോ സ്ഥലത്തെയോ സംബന്ധിച്ച യാതൊരു വിവരവുമില്ലെന്നാണ് അറിയാൻ സാധിക്കുന്നത്. മലപ്പുറം വില്ലേജ് ഓഫീസിൽ ഇതുമായി ബന്ധപ്പെട്ട് വിവരാവകാശ നിയമപ്രകാരം നൽകിയിട്ടുള്ള കത്തിന് ലഭിച്ച മറുപടിയിൽ പറഞ്ഞിരിക്കുന്നത് ആ വില്ലേജിന്റെ പരിധിയിൽ ഗെയ്ൽ അധികൃതർ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി ഏതൊക്കെ ഭൂമി മാർക്ക് ചെയ്തിരിക്കുന്നു എന്നതുസംബന്ധിച്ച യാതൊരു വിവരവും വില്ലേജ് ഓഫീസിൽ ഇല്ല എന്നാണ്. വില്ലേജ് ഓഫീസിൽ രേഖയില്ല, പഞ്ചായത്ത് ഓഫീസിൽ രേഖയില്ല, ഇരകൾക്കും അറിയില്ല. ഗെയ്ൽ അധികൃതർക്ക് മാത്രമാണ് ഏതൊക്കെ ഭൂമിയാണ്, ഏതൊക്കെ വീടാണ് നഷ്ടപ്പെടുന്നത് എന്ന് ഇപ്പോൾ അറിയാൻ സാധിക്കുന്നത്. ഗെയ്ൽ അധികൃതർ ജെ.സി.ബി.യുമായി വന്ന് മണ്ണ് മാന്തുമ്പോഴാണ് സ്ഥലം നഷ്ടപ്പെടാൻ പോകുകയാണെന്ന് ഉടമ അറിയുന്നത്. നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടന പരിപോഷിപ്പിക്കുന്നതിൽ വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നവരാണ് പ്രവാസികൾ. അവരെ ആദരിക്കുന്നതിനുവേണ്ടിയാണ് ലോക കേരളസഭയടക്കം നമ്മൾ നടത്തിയത്. എന്നാൽ പാവപ്പെട്ട പ്രവാസികൾ വർഷങ്ങളോളം ഗൾഫിൽ കഠിനാധ്വാനം ചെയ്ത് അവർക്ക് ലഭിച്ച തുച്ഛമായ വേതനം ഉപയോഗപ്പെടുത്തി നിർമ്മിച്ച വീടുപോലും നഷ്ടമാകുന്ന സാഹചര്യമാണ്

നിലവിലുള്ളത്. ജനവാസമേഖല ഒഴിവാക്കി റീ-അലൈൻമെന്റ് നടത്തി പൈപ്പ്ലൈൻ കൊണ്ടുപോകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന ആവശ്യം വർഷങ്ങളായി ഉയർന്നുനിൽക്കുകയാണ്. യു.ഡി.എഫ്. ഈ സംസ്ഥാനം ഭരിക്കുമ്പോൾ അന്നത്തെ മുഖ്യമന്ത്രിയുടെയും വ്യവസായ വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്തും മലപ്പുറം കളക്ടറേറ്റിലുമൊക്കെ യോഗം വിളിച്ചുചേർത്തിരുന്നു. ആ യോഗത്തിൽ പൈപ്പ്ലൈൻ കടന്നുപോകുന്ന നിയോജകമണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്ന എം.എൽ.എ.മാരും ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളും പങ്കെടുത്തു. അവർ എല്ലാവരും ഉന്നയിച്ച ആവശ്യം ജനവാസകേന്ദ്രങ്ങൾ ഒഴിവാക്കി റീ അലൈൻമെന്റ് നടത്തി ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിൽ ഇത് കൊണ്ടുപോകണമെന്നതാണ്. ഒരു വികസനത്തിനും ആരും എതിരല്ല. വികസനം ജനങ്ങൾക്കുവേണ്ടിയാണ്. ജനങ്ങൾക്കുവേണ്ടിയുള്ള വികസനം ജനങ്ങളെ ബുദ്ധിമുട്ടിച്ചുകൊണ്ടും പ്രയാസപ്പെടുത്തിക്കൊണ്ടുമാകരുത് എന്നതാണ് ഈ സമരവുമായി മുന്നോട്ടുവരുന്ന ഇരകൾ ഉന്നയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം. എന്നാൽ ഭരണം മാറുമ്പോൾ ചില ആളുകളുടെ നിലപാടും മാറുകയാണ്. അന്ന് ഈ സമരത്തിനൊപ്പമുണ്ടായിരുന്ന പല ആളുകളും ഇപ്പോൾ സമരത്തിനൊപ്പമില്ല എന്നുമാത്രമല്ല, സമരത്തെ മറ്റുതരത്തിൽ വഴിതിരിച്ചുവിടാൻ ശ്രമിക്കുകയുമാണ്. മലപ്പുറത്തെ മരവട്ടത്തും കോഴിക്കോട് എരഞ്ഞിമാവിലുമൊക്കെ ഈ സമരത്തെ തല്ലിച്ചതയ്ക്കാനുള്ള ശ്രമമുണ്ടായി. ജനകീയ സമരങ്ങളിലൂടെ വളർന്നുവന്ന ബഹുമാന്യനായ മുഖ്യമന്ത്രി ഈ സംസ്ഥാനത്തിന്റെ ഭരണത്തിന് നേതൃത്വം നൽകുമ്പോൾ പോലീസിനെ ഉപയോഗിച്ച് ജനകീയ സമരങ്ങളെ തല്ലിച്ചതയ്ക്കാനുള്ള നടപടി ശരിയല്ല എന്ന കാര്യം ഓർമ്മപ്പെടുത്താതിരിക്കാൻ കഴിയില്ല. തങ്ങളുടെ വീടും സ്ഥലവും സംരക്ഷിക്കണമെന്ന ആവശ്യം ഉന്നയിച്ച് വളരെ ന്യായമായ സമരമാണ് ഗെയ്ലുമായി ബന്ധപ്പെട്ട് ഇരകൾ നടത്തുന്നത്. പോലീസിനെ ഉപയോഗിച്ച് ഇത്തരം സമരക്കാരെ തല്ലിച്ചതയ്ക്കുകയും ഇതിനുപിന്നിൽ തീവ്രവാദികളെന്ന് ആരോപിക്കുകയുമാണ്. മലപ്പുറത്തെ മരവട്ടത്ത് പോലീസിന്റെ ക്രൂരമായ ലാത്തിച്ചാർജ്ജിന് വിധേയനായത് മാറാക്കര ഗ്രാമപഞ്ചായത്തിന്റെ മുൻ പ്രസിഡന്റും ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ മുൻ സെക്രട്ടറി കൂടിയായ ശ്രീ. മധുസൂദനനായിരുന്നു. അദ്ദേഹം ഏത് തീവ്രവാദിസംഘടനയുടെ പ്രതിനിധിയാണ് എന്ന് ഞങ്ങൾക്കറിയില്ല. എരഞ്ഞിമാവിൽ ഇതുമായി ബന്ധപ്പെടാത്ത നിരവധിയാളുകളെ ക്രൂരമായി തല്ലിച്ചതക്കുകയുണ്ടായി. അതിനുശേഷം സി.പി.ഐ.(എം)-ന്റെ കോഴിക്കോട് ജില്ലാ കമ്മിറ്റി ഇറക്കിയ പത്രക്കുറിപ്പിൽ പറഞ്ഞത്,

ഇത് ഏഴാം നൂറ്റാണ്ടിന്റെ പ്രാകൃതബോധത്തിൽ നിന്ന് ഉടലെടുത്ത സമരമാണെന്നാണ്. ഇത്തരത്തിൽ ജനകീയ സമരങ്ങൾക്ക് മറ്റൊരു നിറം നൽകി ഇതിനെ വഴിതിരിച്ചുവിടാനുള്ള ശ്രമം ഉത്തരവാദപ്പെട്ട രാഷ്ട്രീയപാർട്ടിയുടെ ഭാഗത്തുനിന്നുണ്ടാകുന്നത് ഖേദകരമാണ്. ചിലയാളുകൾ ചോദിച്ചത്, ഇത് മലപ്പുറത്തും കോഴിക്കോട്ടും എത്തുമ്പോൾ എങ്ങനെ ബോംബായി മാറുമെന്നാണ്. അത് ചോദിക്കേണ്ടത് ഞങ്ങളോടല്ല. മുമ്പ് എറണാകുളത്ത് ഇത് ബോംബാണെന്ന് പറഞ്ഞത് സി.പി.ഐ.(എം)-ന്റെ എറണാകുളം ജില്ലാ സെക്രട്ടറി ശ്രീ. പി. രാജീവാണ്....(മൈക്ക് ഓഫ്).....

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം ഇവിടെ സംസാരിച്ചത് അദ്ദേഹംതന്നെ പ്രസ്താവിച്ചതുപോലെ ഇത്തരം കാര്യങ്ങളെയെല്ലാം കണ്ണടച്ച് എതിർക്കുന്ന ഒരു കൂട്ടരുടെ വക്താവായിട്ടാണ്. ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് ആ പട്ടികയിൽപ്പെടുന്നതല്ല. പക്ഷെ ബഹുമാന്യനായ അംഗം സംസാരിച്ചത് ആ രീതിയിലാണ്. അതുകൊണ്ടാണ് ഓരോ വാചകത്തിലും ഇരകൾ കടന്നുവന്നത്. ആരാണ് കണ്ണടച്ച് ഇത്തരം കാര്യങ്ങളെ എതിർക്കുന്നതെന്ന് അദ്ദേഹത്തിനറിയാം. അവരെ പ്രോത്സാഹിപ്പിക്കുന്ന സമീപനം എന്തിനാണ് അദ്ദേഹം സ്വീകരിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. ഭരണം മാറുമ്പോൾ നിലപാട് മാറുന്നുവെന്ന് അദ്ദേഹം ഇവിടെ പറയുകയുണ്ടായി. ഞങ്ങൾ ഒരു ഘട്ടത്തിലും ഇത്തരം വികസനപ്രവർത്തനങ്ങളെ തടസ്സപ്പെടുത്താൻ നിന്നിട്ടില്ല. ഇത്തരം കാര്യങ്ങൾ പൂർത്തിയാകണമെന്ന് തന്നെയാണ് ഉദ്ദേശിച്ചിരുന്നത്. അതിന് ഒരു തടസ്സവും ഞങ്ങളായി സൃഷ്ടിക്കാൻ പുറപ്പെട്ടിട്ടില്ല. ജനകീയ സമരമെന്നുപറയുമ്പോൾ ജനങ്ങളുടേതായ പ്രശ്നങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ ആ പ്രശ്നത്തിൽ ഇടപെടാനും പരിഹരിക്കാനും തയ്യാറാകുന്ന നിലതന്നെയാണ് എപ്പോഴും സർക്കാർ സ്വീകരിച്ചിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്തിന്റെ സുസ്ഥിര വികസനത്തിന് ഏറെ പ്രയോജനകരമാകുന്ന ഒരു പ്രധാന പദ്ധതിയാണ് ഗെയ്ൽ പ്രകൃതിവാതക പൈപ്പ് ലൈൻ. എറണാകുളം മുതൽ കാസർഗോഡ് വരെയുള്ള ഏഴ് ജില്ലകളിലൂടെ കടന്നുപോകുന്ന പൈപ്പ്‍ലൈനിന്റെ അലൈൻമെന്റ് പരമാവധി ജനസാന്ദ്രത കുറഞ്ഞ മേഖലകളിലൂടെയാണ് 2011-ൽ നിശ്ചയിച്ചത്. പക്ഷെ കേരളം പോലെയുള്ള ജനസാന്ദ്രത കൂടിയ സംസ്ഥാനത്ത് ജനവാസമേഖല പൂർണ്ണമായും ഒഴിവാക്കുകയെന്നത് പ്രായോഗികമല്ലെന്ന് നമുക്കേവർക്കുമറിയാം. നിലവിലെ നിയമവ്യവസ്ഥകളെല്ലാം കർശനമായി പാലിച്ചുകൊണ്ട് നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പൂർണ്ണസുരക്ഷ ഉറപ്പാക്കിയാണ് പൈപ്പുകൾ സ്ഥാപിക്കുന്നത്. ഇവിടെ ജനങ്ങൾക്കുണ്ടായ ആശങ്കകൾ പരിഹരിക്കുന്നതിനും അവർക്ക് ന്യായമായ

നഷ്ടപരിഹാരം ഉറപ്പാക്കുന്നതിനും ഉദാരമായ സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പദ്ധതിപ്രദേശത്ത് ഉയർന്നുവന്ന എതിർപ്പുകളുടെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയുമെല്ലാം പങ്കെടുത്തു കൊണ്ട് വിവിധതലങ്ങളിൽ യോഗങ്ങൾ വിളിച്ചുചേർക്കുകയുണ്ടായി. യോഗത്തിൽ പ്രധാനപ്പെട്ട രാഷ്ട്രീയ പാർട്ടികളെല്ലാം പദ്ധതിക്ക് പൂർണ്ണ പിന്തുണ നൽകുകയും ചെയ്തിട്ടുണ്ട്. അങ്ങയുടെ പാർട്ടിയും ഇതിനെ പിന്തുണയ്ക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പത്ത് സെന്റോ അതിനു താഴെയോ മാത്രം ഭൂമിയുള്ളവർക്ക് ആശ്വാസധനമായി 5 ലക്ഷം രൂപ നൽകണമെന്ന് അങ്ങ് പറഞ്ഞു. നെൽവയലുകളുടെ നഷ്ടപരിഹാരത്തിനുപുറമെ സെന്റിന് 3761 രൂപ നിരക്കിലുള്ള പ്രത്യേക നഷ്ടപരിഹാരം നൽകണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പത്ത് സെന്റോ അതിനുതാഴെയോ മാത്രം ഭൂമിയുള്ളവർക്ക് പൈപ്പ്ലൈനിടാൻ ഉപയോഗിക്കുന്ന സ്ഥലം വെറും രണ്ട് മീറ്ററായി ചുരുക്കും. നിലവിലെ വീടുകൾ സംരക്ഷിക്കപ്പെടുകയും ഭാവിയിൽ വീട് വയ്ക്കത്തക്ക രീതിയിൽ അലൈൻമെന്റ് ഒരുവശത്തുകൂടി രണ്ടുമീറ്റർ വീതിയിൽ മാത്രമായും ക്രമപ്പെടുത്തും. ബാക്കിയുള്ള സ്ഥലത്തിൽ വീട് വയ്ക്കാനുള്ള സ്ഥലം അടയാളപ്പെടുത്തി അനുമതിപത്രമായി ഉപയോഗിക്കാൻ കഴിയുന്ന ഭൂരേഖ ഉടമകൾക്ക് കൈമാറും. പദ്ധതിയെക്കുറിച്ചുള്ള തെറ്റിദ്ധാരണകളും വ്യാജപ്രചരണങ്ങളും ദൂരീകരിക്കുന്നതിന് വ്യാപകമായ ബോധവത്കരണം നടത്തുന്നുണ്ട്. അതിന്റെ ഭാഗമാകാനാണ് ബഹുമാനപ്പെട്ട അംഗം ശ്രദ്ധിക്കേണ്ടത്. തത്പരകക്ഷികളും ചില സംഘടനകളും ചിലയിടങ്ങളിൽ പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജനങ്ങളെ പൂർണ്ണമായും വിശ്വാസത്തിലെടുത്തുകൊണ്ട് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകും.

### (4) കാർഷിക വൈദ്യുതി കണക്ഷൻ

ശ്രീ. കെ. രാജൻ: സർ, എന്റെ മണ്ഡലമായ ഒല്ലൂരിലെ മാടക്കത്തറ, പാണഞ്ചേരി, നടത്തറ, പുത്തൂർ പഞ്ചായത്തുകളിൽ മലയോര മേഖലയിലുള്ള മഹാഭൂരിപക്ഷം ജനങ്ങളും കൃഷിയെ മാത്രം ആശ്രയിച്ച് ജീവിക്കുന്നവരാണ്. എന്റെ മണ്ഡലത്തിൽ മാത്രമല്ല 1977-നുമുമ്പ് കൈവശത്തിൽ വന്നിട്ടുള്ളതും വനമാക്കി തിരിച്ചെടുക്കാൻ കഴിയാത്തതുമായ Non Revertible Forest (NRF) എന്നറിയപ്പെടുന്ന എൻ.ആർ.എഫ്. ഭൂമിയിൽ കൃഷിചെയ്യുന്ന വലിയ ശതമാനം ആളുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. 50 വർഷങ്ങളായി ഭൂമി തങ്ങളുടെ അധീനതയിലുള്ളതാണെങ്കിലും ഈ കർഷകർക്ക് പട്ടയം ലഭിക്കുകയോ പട്ടയം

ലഭിക്കുന്നതിനാവശ്യമായ ഏതെങ്കിലും തരത്തിലുള്ള അംഗീകൃത പട്ടയമോ കൈവശരേഖയോ കയ്യിൽ ഇല്ലാത്തവരുമാണ്. പൊസഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കഴിയില്ലെന്ന ഒറ്റ കാരണത്താൽ കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ യാതൊരു വഴിയും കാണുന്നില്ല. കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ സംബന്ധിച്ച് നിലവിലുള്ള സർക്കാരിന്റെയോ കെ.എസ്.ഇ.ബി.യുടെയോ ഉത്തരവുകളിലോ സർക്കുലറുകളിലോ ഒന്നിലും പട്ടയരഹിത ഭൂമിയിൽ കൃഷി ചെയ്യുന്നവർക്കാവശ്യമായ കണക്ഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് വേണ്ടത്ര പരാമർശങ്ങൾ ഉള്ളതായി കാണുന്നില്ല. ഇലക്ട്രിസിറ്റി കണക്ഷൻ ലഭ്യമാക്കി ജലസേചനം നടത്തുക എന്ന കർഷകരുടെ ദീർഘകാല ആവശ്യം ന്യായമാണ്. കൃഷി ചെയ്യുന്ന മിക്ക വിളകൾക്കും ജലസേചനം ആവശ്യമായി വരുന്ന പ്രതിസന്ധി ഘട്ടത്തിൽപ്പോലും അവരെ സഹായിക്കാൻ സർക്കാർ ഉത്തരവുകളിലെ അവ്യക്തതമൂലം സാധിക്കുന്നില്ലെന്ന പ്രധാനപ്പെട്ട പ്രശ്നം നിലനിൽക്കുകയാണ്. 1940-കളിൽ കൊച്ചി രാജാവ് ആവശ്യപ്പെട്ടതനുസരിച്ച് കുടിയേറ്റക്കാരായി വന്ന് ഭൂമി വെട്ടിത്തെളിച്ച് ദീർഘകാലമായി കൃഷി ചെയ്ത് മണ്ണിൽ പൊന്നുവിളയിച്ച ആളുകൾക്ക് അവരുടെ മണ്ണിൽ ഇപ്പോൾ ആവശ്യമായ കൃഷി ചെയ്ത് മുന്നോട്ടുപോകാനുള്ള സൗകര്യങ്ങൾ ലഭ്യമാകുന്നില്ലെന്ന പ്രശ്നമുണ്ട്. നേരത്തെ ഇതുമായി ബന്ധപ്പെട്ട് സബ്മിഷൻ അവതരിപ്പിച്ചതിനെത്തുടർന്ന് കൃഷി വകുപ്പുമന്ത്രിയും സർക്കാരും മുൻകയ്യെടുത്ത് എൻ.ആർ.എഫ്. ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകരെ കാർഷിക വിള ഇൻഷ്വറൻസ് പാക്കേജിൽ അംഗമാക്കുന്നതിനുള്ള നടപടിയെടുത്തിട്ടുണ്ട്. അക്കാര്യത്തിൽ സർക്കാരിനെ അഭിനന്ദിക്കുകയും ആ സഹായങ്ങൾക്ക് നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇപ്പോഴത്തെ പ്രശ്നം വർഷങ്ങളായി കാർഷികവൃത്തിയെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന മലയോര കർഷകർക്ക് അവരുടെ കൃഷി മുന്നോട്ടുകൊണ്ടുപോകുന്നതിനാവശ്യമായ വൈദ്യുതി കണക്ഷൻ ലഭിക്കുന്നില്ല എന്നുള്ളതാണ്. നിലവിലുള്ള പ്രതിസന്ധികളെ മറികടക്കുകയും സർക്കാർ ഉത്തരവിലെ അവ്യക്തത മാറ്റുകയും ചെയ്തുകൊണ്ട് കൃഷി വകുപ്പ് നേതൃത്വപരമായ പങ്കുവഹിച്ച് അവർക്ക് ഇലക്ട്രിസിറ്റി കണക്ഷൻ ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ, സംസ്ഥാനത്ത് കാർഷിക മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നെൽകൃഷിക്ക് പരിധിയില്ലാതെയും കരഭൂമി വിളകൾക്ക് രണ്ട് ഹെക്ടർ വരെയും സൗജന്യ വൈദ്യുതി നൽകുന്ന പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. കൈവശ ഭൂമിയുടെയും കൃഷി ചെയ്തിട്ടുള്ള വിളകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് വൈദ്യുതി ബോർഡ്

കാർഷിക വൈദ്യുതി കണക്ഷൻ അനുവദിക്കുന്നത്. വൈദ്യുതി പമ്പ് സെറ്റ് ഉപയോഗിക്കുന്നതിനായി കർഷകർക്ക് അവരുടെ കൃഷിഭൂമിയിൽ കിണർ, കുളം പോലെയുള്ള ജലസ്രോതസ് ഉണ്ടായിരിക്കേണ്ടതാണ്. കാർഷിക വൈദ്യുതി കണക്ഷൻ ലഭിച്ച കർഷകർ കൃഷിഭവനിൽ അപേക്ഷിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കാർഷിക സൗജന്യ വൈദ്യുതി പദ്ധതിയുടെ ആനുകൂല്യം അനുവദിച്ചുവരുന്നുണ്ട്. അതിൻപ്രകാരം കർഷകർ ഉപയോഗിക്കുന്ന വൈദ്യുതി ചാർജ്ജ് കെ.എസ്.ഇ.ബി.-യുടെ ഇൻവോയിസ് പ്രകാരം കൃഷിഭവൻ മുഖേന നൽകി വരുന്ന രീതിയാണ് നിലവിലുള്ളത്. തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന മാടക്കത്തറ, പാണഞ്ചേരി, നടത്തറ, പുത്തൂർ പഞ്ചായത്തുകളിൽ വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനപ്രദേശങ്ങളിൽ കൃഷി ചെയ്തുവരുന്ന കർഷകർക്ക് കൈവശഭൂമി സംബന്ധിച്ച രേഖകളൊന്നും ലഭിക്കാത്തതിനാൽ കൃഷി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നുണ്ട്. അസംരക്ഷിത വനഭൂമിയിലെ കൃഷിക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കി 28-12-2017-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് പ്രശ്നത്തിന് പരിഹാരമുണ്ടാക്കിയിട്ടുണ്ട്. ഈ മാതൃകയിൽ ഇത്തരം കൃഷിഭൂമികളിലെ കർഷകർക്കുകൂടി സൗജന്യ കാർഷിക വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് വൈദ്യുതി, വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത യോഗം വിളിച്ചുചേർക്കാൻ കൃഷി വകുപ്പ് മുൻകയ്യെടുക്കുന്നതായിരിക്കും. മാത്രമല്ല, ഇന്ന് രാവിലെ ഒരു ഉപചോദ്യത്തിന് മറുപടി പറഞ്ഞുകൊണ്ട് വനം വകുപ്പുമന്ത്രി ശ്രീ. കെ. രാജു ഇക്കാര്യത്തിൽ അനുകൂലമായ നിലപാട് എടുക്കുമെന്ന് പ്രഖ്യാപിച്ച സാഹചര്യത്തിൽ വൈദ്യുതി വകുപ്പുമന്ത്രിയുമായി കൂടിയാലോചിച്ചുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കൃഷി വകുപ്പ് ഉടൻതന്നെ യോഗം വിളിച്ചുചേർക്കുന്നതാണ്.

## (5) കിടത്തിച്ചികിത്സ

ശ്രീ. കെ. വി. വിജയദാസ് : സർ, കോങ്ങാട് മണ്ഡലത്തിലെ കോങ്ങാട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കിടത്തിച്ചികിത്സ തുടങ്ങുന്നതിന് അധിക തസ്തിക അനുവദിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. കോങ്ങാട് സാമൂഹികാരോഗ്യ കേന്ദ്രം പാലക്കാട് താലൂക്ക് കോങ്ങാട് ഫസ്റ്റ് വില്ലേജിൽ ഒരേക്കർ തൊണ്ണൂറ് സെന്റ് സ്ഥലത്ത് പ്രവർത്തിച്ചുവരികയാണ്. ഈ സ്ഥാപനം 1993 മുതൽ ഇപ്പോഴുള്ള കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ബ്ലോക്ക് സി.എച്ച്.സി.-യുടെ പ്രവർത്തന പരിധി മണ്ണൂർ, കേരളശ്ശേരി, കോങ്ങാട്, മുണ്ടൂർ എന്നീ നാല് പഞ്ചായത്തുകളിലെ ജനങ്ങൾ ചികിത്സയ്ക്കായി ഈ

ആശുപത്രിയെയാണ് ആശ്രയിക്കുന്നത്. സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്.) നമ്പർ 568/2008, തീയതി 6-11-2008 പ്രകാരം ഈ സ്ഥാപനത്തെ സാമൂഹികാരോഗ്യ കേന്ദ്രമായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. ഡോക്ടർമാർ-3, സ്റ്റാഫ് നഴ്സ്-3, ഡിപ്ലോയ്മെന്റ് തസ്തിക-2, നഴ്സിംഗ് അസിസ്റ്റന്റ്-1 (സ്ഥിരം തസ്തിക), ഡിപ്ലോയ്മെന്റ് -1, ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് I- 1 (സ്ഥിരം തസ്തിക), ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II - 1 (സ്ഥിരം തസ്തിക), ദിവസവേതനം-1, ഫാർമസിസ്റ്റ്- 1 (സ്ഥിരം തസ്തിക) എന്നീ തസ്തികകളും എൻ.ആർ.എച്ച്.എം. മുഖേന ഒരു തസ്തികയും അവിടെ ഉണ്ടായിരുന്നു. എന്നാൽ 2010 കാലഘട്ടത്തിൽ ഒരു ഡോക്ടറെ മാത്രം നിലനിർത്തിക്കൊണ്ട് രണ്ട് ഡോക്ടർമാരുടെയും 2 സ്റ്റാഫ് നഴ്സിന്റെയും പോസ്റ്റുകൾ അബോളിഷ് ചെയ്തു. ഇപ്പോൾ ഡോക്ടർ-1, സ്റ്റാഫ് നഴ്സ്-1, നഴ്സിംഗ് അസിസ്റ്റന്റ്-1, ആശുപത്രി അറ്റൻഡന്റ്-1, ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II- 1, ഫാർമസിസ്റ്റ്-1 തുടങ്ങിയ തസ്തികകൾ മാത്രമാണുള്ളത്. ദിവസവും ഒ.പി.-യിൽ വരുന്ന 400 ഓളം രോഗികൾക്ക് മതിയായ ചികിത്സ നൽകാനോ ഗൈനക്കോളജിയിൽ കിടത്തി ചികിത്സിക്കാനോ കഴിയാത്ത അവസ്ഥയാണുള്ളത്. ഇടക്കാലത്ത് എടുത്തുമാറ്റിയ തസ്തികയെങ്കിലും പുനഃസ്ഥാപിച്ചുകിട്ടിയാൽ അവിടെ കിടത്തിച്ചികിത്സ നടത്താൻ സാധിക്കും. അതിനുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രിയിൽനിന്ന് ഉണ്ടാകണമെന്നാണ് വിനയപുരസ്സരം അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, പാലക്കാട് ജില്ലയിലെ കോങ്ങാട് പ്രാഥമികാരോഗ്യകേന്ദ്രം 2008-ൽ സാമൂഹികാരോഗ്യ കേന്ദ്രമായി ഉയർത്തുകയുണ്ടായി. ആശുപത്രിയുടെ സ്ഥിതി ബഹുമാനപ്പെട്ട അംഗം വിശദീകരിച്ചിട്ടുണ്ട്. മൂന്ന് ഡോക്ടർമാരുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തെയാണ് സി.എച്ച്.സി. ആയി ഉയർത്തിയത്. ചുരുങ്ങിയത് ഒമ്പത് ഡോക്ടർമാരെങ്കിലും ഉണ്ടെങ്കിൽ മാത്രമേ സി.എച്ച്.സി. ആയി പ്രവർത്തിച്ച് കിടത്തിച്ചികിത്സയടക്കം നടത്താൻ കഴിയുകയുള്ളൂ. മൂന്ന് ഡോക്ടർമാരുള്ളതിൽനിന്ന് രണ്ട് ഡോക്ടർമാരെ പിൻവലിച്ച് ഇപ്പോൾ ഒരു ഡോക്ടറുടെ സേവനം മാത്രമാണ് ലഭിക്കുന്നതെന്നാണ് പറഞ്ഞത്. ഇപ്പോൾ അത് പ്രാഥമികാരോഗ്യ കേന്ദ്രമായി നിൽക്കുകയാണ്. ഇത് കോങ്ങാട് വികസന ബ്ലോക്കിലെ ഒരേയൊരു സി.എച്ച്.സി. ആണെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. ആർദ്രം മിഷന്റെ ഭാഗമായി ഒരു വികസന ബ്ലോക്കിൽ ഒരു സി.എച്ച്.സി.-ക്ക് ആവശ്യമായുള്ള എല്ലാ പ്രത്യേകതകളും സൗകര്യങ്ങളുമുള്ള സാമൂഹിക ആരോഗ്യകേന്ദ്രമായി ഉയർത്തി ആ രീതിയിൽ പ്രവർത്തിപ്പിക്കണം എന്നാണ് ആലോചിക്കുന്നത്. അതിനാവശ്യമായ പോസ്റ്റ് ക്രിയേറ്റ് ചെയ്യുകിട്ടേണ്ടതുണ്ട്. കോങ്ങാട് സാമൂഹികാരോഗ്യകേന്ദ്രത്തിൽ കിടത്തിച്ചികിത്സ ആരംഭിക്കണമെങ്കിൽ അധിക തസ്തിക അനുവദിക്കണം. ഇപ്പോൾ അവിടെ ഒരു ഡോക്ടർ

മാത്രമാണുള്ളത്. കോങ്ങോടിന്റെ മാത്രം പ്രത്യേകതയല്ല, കേരളത്തിലെ ധാരാളം ആശുപത്രികളുടെ സ്ഥിതി ഇതാണ്. അതുകൊണ്ട് എത്ര തസ്തിക ക്രിയേറ്റ് ചെയ്തിട്ടും ആഗ്രഹിക്കുന്ന രീതിയിൽ ആശുപത്രികളെ ജനകീയമാക്കാൻ ബുദ്ധിമുട്ട് നേരിടുന്നു എന്നുള്ളത് വസ്തുതയാണ്. എങ്കിലും ആരോഗ്യ വകുപ്പ് പിന്മാറുന്നില്ല. ഇത് നമ്മളായിട്ടെങ്കിലും ഇപ്പോൾ ചെയ്തേ മതിയാകൂ എന്ന ധാരണയോടുകൂടി അവിടെ തസ്തിക സൃഷ്ടിക്കാൻ ശ്രമിക്കും. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് കോങ്ങാട് സി.എച്ച്.സി.യിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിക്കുന്നതാണ്.

12.00 Noon]

(6) വൈറ്റില മേൽപ്പാലം

ശ്രീ. പി. ടി. തോമസ്: സർ, എന്റെ നിയോജകമണ്ഡലമായ തൃക്കാക്കരയിലെ ഏറ്റവും വലിയ ജംഗ്ഷനും കേരളത്തിലെ ഏറ്റവും വലിയ നാൽക്കവലയുമാണ് വൈറ്റില. അവിടെ പണിയുന്ന പുതിയ മേൽപ്പാലത്തെ സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. മെട്രോ റെയിലും ദേശീയപാതയും സംസ്ഥാനപാതയും മൊബിലിറ്റി ഹബ്ബും ഒത്തുചേരുന്ന വൈറ്റില കവലയിൽ ഭാവി ഗതാഗത സംവിധാനം എങ്ങനെയായിരിക്കണമെന്ന് തീരുമാനിക്കുന്നത് കുറേക്കൂടി ഗൗരവതരമായി വിലയിരുത്തപ്പെടേണ്ടതാണെന്ന കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നിർദ്ദിഷ്ട പ്ലാൻ ഗതാഗതക്കുരുക്ക് രൂക്ഷമാക്കുകയേയുള്ളൂ. വ്യക്തമായ പദ്ധതികൾ തയ്യാറാക്കാതെ മേൽപ്പാലം നിർമ്മിക്കാനുള്ള നീക്കം ആശങ്കാജനകമാണ്. ഇപ്പോൾ ദേശീയപാതയ്ക്ക് സമാന്തരമായി ഹൈവേയിൽ പാലം നിർമ്മിക്കാനാണ് പദ്ധതി തയ്യാറാക്കി പണി ആരംഭിച്ചിരിക്കുന്നത്. തൃപ്പൂണിത്തുറയിൽനിന്നും നഗരത്തിലേയ്ക്ക് വരുമ്പോഴും സിഗ്നൽ സംവിധാനം മാറ്റമില്ലാതെ തുടരും. പൊതുമേഖലാ സ്ഥാപനമായ KITCO (Kerala Industrial and Technical Consultancy Organization Ltd.) മികച്ച പ്ലാൻ സമർപ്പിച്ചിരുന്നു. വൈറ്റില ജംഗ്ഷനിൽനിന്നും 100 മീറ്റർ മാറി ആലപ്പുഴ റോഡിൽ ആറുവരി പാലം നിർമ്മിക്കുക, വൈറ്റില ജംഗ്ഷന് കിഴക്കുഭാഗത്ത് ഗതാഗതം തടഞ്ഞുകൊണ്ട് മീഡിയൻ നിർമ്മിക്കുക തുടങ്ങിയ നിർദ്ദേശങ്ങളാണ് KITCO മുന്നോട്ടുവച്ചിരുന്നത്. വൈറ്റില ഭാഗത്ത് ഗതാഗത തടസ്സം പൂർണ്ണമായും മാറ്റാൻ പാകത്തിനുള്ള ഈ പദ്ധതി കണ്ടില്ലെന്ന് നടിച്ചാണ് നിലവിൽ ഹൈവേയിൽ മേൽപ്പാലം നിർമ്മാണം ആരംഭിച്ചിരിക്കുന്നത്. അമ്പതോ നൂറോ വർഷം മുന്നിൽകണ്ടുകൊണ്ട് കേരളത്തിലെ ഏറ്റവും വലിയ ജംഗ്ഷനായ വൈറ്റിലയിൽ ആധുനിക രീതിയിൽ ഒരു മേൽപ്പാലം നിർമ്മിക്കുന്നില്ലെങ്കിൽ കാലം നമ്മെ കുറ്റപ്പെടുത്തുമെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ചെന്നൈയിലും ഹൈദരാബാദിലും ഇന്ത്യയിലെ മറ്റ് പട്ടണങ്ങളിലുമുള്ള രീതിയിൽ ആധുനിക മേൽപ്പാലം നിർമ്മിക്കുന്ന കാര്യം പുന:പരിശോധിക്കണമെന്ന് ബഹുമാനപ്പെട്ട സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട പി. ടി. തോമസ് പറഞ്ഞ വൈറ്റില മേൽപ്പാലത്തിന്റെ വിശദമായ രൂപരേഖ തയ്യാറാക്കുന്നതിന്റെ ഇൻവെസ്റ്റിഗേഷനും മറ്റ് കാര്യങ്ങളുമൊക്കെ നടന്നത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്. ടെണ്ടർ ചെയ്തില്ലെങ്കിലും അന്നത്തെ മുഖ്യമന്ത്രി പാലത്തിന് തറക്കല്ലിടുകയുണ്ടായി. അന്നുതന്നെ ആ പാലത്തിന്റെ പ്രവർത്തനം ആ പ്ലാനിൽ തുടങ്ങിയെന്നാണ് ഞാൻ സൂചിപ്പിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ ദേശീയപാതാ അതോറിറ്റിയുടെ അംഗീകാരത്തോടെയാണ് ഇതിപ്പോൾ ടെണ്ടർ ചെയ്തിരിക്കുന്നത്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 113 കോടി രൂപയ്ക്ക് പ്രസ്തുത മേൽപ്പാലവും 90 കോടി രൂപയ്ക്ക് കുണ്ടന്നൂർ ഫ്ലൈ ഓവറും ഇപ്പോൾ ടെണ്ടർ ചെയ്തിട്ടുണ്ട്. ഇത് നാട്ടുകാരുടെ ദീർഘകാലമായിട്ടുള്ള ആവശ്യമാണ്. മലയാള മനോരമ, മാതൃഭൂമി, മാധ്യമം, ദേശാഭിമാനി തുടങ്ങിയ പത്രങ്ങൾ ഇതുസംബന്ധിച്ച് മുഖപ്രസംഗങ്ങൾ എഴുതിയിട്ടുണ്ട്. ഒന്നിലേറെ മുഖപ്രസംഗങ്ങൾ എഴുതിയ പത്രങ്ങളുമുണ്ട്. ഇങ്ങനെയുള്ള പദ്ധതി പ്രവർത്തനങ്ങളിൽനിന്നും പുറകോട്ടുപോകേണ്ട കാര്യമില്ല. ആധുനിക രീതിയിൽത്തന്നെയാണ് നിർമ്മിക്കുന്നത്. അവിടെ മൂന്നുവരിയുള്ള രണ്ട് മേൽപ്പാലങ്ങളാണ് വരുന്നത്. തിരുവനന്തപുരം ഭാഗത്തേയ്ക്ക് 717 മീറ്ററും ആലുവ ഭാഗത്തേയ്ക്ക് 702.5 മീറ്ററുമാണ് ദൈർഘ്യം. ഓരോ പാലത്തിനും 30 മീറ്റർ നീളമുള്ള 12 സ്പാനുകളും 40 മീറ്റർ നീളമുള്ള രണ്ട് സെന്റർ സ്പാനുകളുമുണ്ട്. കൂടാതെ ഫ്ലൈ ഓവറിന് ഇരുവശത്തുമായി മൊബിലിറ്റി ഹബ്ബിൽ സുഗമമായി പ്രവേശിക്കുന്നതിന് തിരുവനന്തപുരം ഭാഗത്തേയ്ക്ക് 320 മീറ്റർ നീളത്തിലും ആലുവ ഭാഗത്തേയ്ക്ക് 375 മീറ്റർ നീളത്തിലും രണ്ട് സ്ലിപ് റോഡുകളും പദ്ധതിയിലുണ്ട്. ഫ്ലൈ ഓവറിന് ഇരുവശത്തും സർവ്വീസ് റോഡുകൾ, വൈദ്യുതി വിളക്കുകൾ, ഓട എന്നിങ്ങനെ എല്ലാ കാര്യങ്ങളുമുണ്ട്. ഫ്ലൈ ഓവറിന് മുകളിലൂടെ 6 മീറ്റർ ക്ലിയറൻസിൽപ്പെട്ട ഭാഗത്തുകൂടി മെട്രോ റെയിൽ നിർമ്മാണം നടക്കണം. അതിനുള്ള സ്ഥലവും അവിടെ ഒഴിച്ചിട്ടിട്ടുണ്ട്. 18 മാസംകൊണ്ട്, അതായത്, 2019 മേയ് മാസം ഇത് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ധന്യ കൺസ്ട്രക്ഷൻ കമ്പനിയാണ് ഈ വർക്ക് എടുത്തിട്ടുള്ളത്. ഇതോടൊപ്പം ടെണ്ടർ ചെയ്ത കുണ്ടന്നൂർ ഫ്ലൈ ഓവറിന് 90 കോടി രൂപയാണ്. ക്വാളിഫൈഡ് അല്ലാത്ത ഒരു കരാറുകാരൻ കേസ് കൊടുത്ത് അതിന്റെ വർക്ക് രണ്ട് മാസക്കാലം താമസിപ്പിച്ചെങ്കിലും ഇപ്പോൾ അതും ക്ലിയറായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഓരോരുത്തരും മത്സരിച്ച്

പലതരം പ്രോജക്ടുകൾ നൽകുകയാണ്. ഗവൺമെന്റിന് അതൊന്നും പരിഗണിക്കാനാവില്ല. ഗവൺമെന്റ് സ്ഥാപനമായ KITCO-യുടെ നിർദ്ദേശം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് സ്വീകരിച്ചത്. അത് സ്വീകരിച്ചാൽ അവിടെയുള്ള നൂറുകണക്കിന് കടകളും സ്ഥാപനങ്ങളും നഷ്ടമാകും. ആ നിർദ്ദേശമനുസരിച്ച് ധാരാളം സ്ഥലം എടുക്കേണ്ടിവരും. അവിടെ പാലം നിർമ്മിക്കാൻ കഴിയില്ല. അതുകൊണ്ടാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തയ്യാറാക്കിയ രൂപരേഖയോടൊപ്പം മറ്റ് വിശദമായ കാര്യങ്ങളും കൂട്ടിച്ചേർത്ത് തുക അനുവദിച്ച് ടെണ്ടർ ചെയ്തിട്ടുള്ളത്. ഇതുസംബന്ധിച്ച് ആളുകൾ നിർദ്ദേശിക്കുന്ന എല്ലാ കാര്യങ്ങളും തള്ളിക്കളയാൻ ഉദ്ദേശിക്കുന്നില്ല. അതിനെക്കുറിച്ച് പഠനം നടത്തി അത് നിർമ്മിക്കുന്നതോടൊപ്പം അനുയോജ്യമായ തരത്തിൽ എന്തെല്ലാം കാര്യങ്ങൾ കൂട്ടിച്ചേർക്കാമെന്ന് പരിശോധിക്കുന്നതിനുള്ള ഒരു വിദഗ്ദ്ധ സംവിധാനം കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിച്ച് ശിപാർശ ചെയ്യുന്നതിനുവേണ്ടി പി.ഡബ്ല്യു.ഡി. സെക്രട്ടറി, നാഷണൽ ഹൈവേ ചീഫ് എഞ്ചിനീയർ, ഡിസൈൻ ചീഫ് എഞ്ചിനീയർ, റോഡ്സ് ആന്റ് ബ്രിഡ്ജസ് ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ അതോറിറ്റിയുടെ പ്രോജക്ട് ഓഫീസർ, നാഷണൽ ഹൈവേ അതോറിറ്റിയുടെ കേരള ചീഫ് എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കുന്നുണ്ട്. ആ കമ്മിറ്റിയുടെ ശിപാർശ പ്രകാരം ആരാണ് ഇതിന്റെ വിശദാംശങ്ങൾ തയ്യാറാക്കി അഡീഷണലായി ചെയ്യേണ്ടതെന്ന് തീരുമാനിക്കാനുള്ള ഒരു സംവിധാനത്തെക്കുറിച്ച് ആലോചിക്കുകയാണ്. ഓരോരുത്തരും അവരവരുടെ വികസനമാണ് പറയുന്നത്. ഇത് എറണാകുളത്തെ ഒരു പ്രത്യേകതയാണ്. പ്രോജക്ടുകൾ തന്നിട്ട് പത്രത്തിൽ കൊടുക്കുകയാണ്. സർക്കാരിന് അതിന്റെയെല്ലാം പുറകെ പോകാനാവില്ല. അവിടെ സ്ഥലമെടുക്കാതെയും കൂടുതൽ കടകളൊന്നും തകർക്കാതെയും വലിയ സാമ്പത്തിക ചെലവുകളില്ലാതെയും ഇത് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നത് എങ്ങനെയാണെന്നുള്ളതിനെ സംബന്ധിച്ച് പഠനം നടത്തി അതനുസരിച്ചാണ് കാര്യങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നത്. ഇപ്പോൾ ഈ വർക്ക് ചെയ്യുന്നതാണ് നല്ലത്. അല്ലെങ്കിൽ വലിയ പ്രയാസമുണ്ടാകും. ദേശീയപാതാ അതോറിറ്റി ചെയ്യേണ്ട ഈ വർക്ക് സംസ്ഥാനം ചെയ്തുകൊള്ളാമെന്നുപറഞ്ഞ് മുൻ പൊതുമരാമത്ത് വകുപ്പുമന്ത്രി ഡൽഹിയിലേയ്ക്ക് കത്തയച്ചിരുന്നതാണ്. അങ്ങനെ 203 കോടി രൂപയാണ് നഷ്ടപ്പെട്ടത്. അതിപ്പോൾ സംസ്ഥാനം ഏറ്റെടുത്ത് നടത്തുകയാണ്. അവർ ചെയ്യേണ്ട വർക്ക് സംസ്ഥാനം ഏറ്റെടുക്കാമെന്നുപറഞ്ഞതുകൊണ്ട് അവർ ചെയ്യാൻ പറഞ്ഞു. ഭാവിയിൽ ദേശീയപാതാ അതോറിറ്റി ചെയ്യേണ്ട ഒരു പാലവും സംസ്ഥാനം ഏറ്റെടുക്കുന്നില്ല. ഇവിടെ പ്രസക്തമായ കാര്യമല്ലെങ്കിലും രണ്ട് പാലത്തിനും

സംസ്ഥാനംതന്നെ 203 കോടി രൂപ മുടക്കുകയാണ്. അങ്ങയുടെ മണ്ഡലത്തിലെ ഏറ്റവും സുപ്രധാനമായ ഈ പാതയുടെ നിർമ്മാണം വിജയിപ്പിക്കുന്നതിന് അങ്ങയുടെ പിന്തുണ അനിവാര്യമാണ്. അതുണ്ടാകുമെന്ന് എനിക്കറിയാം. ഞാനത് പ്രതീക്ഷിക്കുന്നു.

(7) തിരുവാഭരണ ഘോഷയാത്ര

ശ്രീ. ഒ. രാജഗോപാൽ: സർ, ഇപ്രാവശ്യത്തെ ശബരിമല തീർത്ഥാടനം സാമാന്യേന വലിയ കുഴപ്പമൊന്നുമില്ലാതെ നടക്കുകയുണ്ടായി. പക്ഷേ അസാധാരണമായ ഒരു സംഭവമുണ്ടായത് ഭക്തന്മാരെ വലിയ തോതിൽ വേദനിപ്പിച്ചിട്ടുണ്ട്. മാത്രമല്ല, ഘോഷയാത്രയിൽ പങ്കാളിയായ തന്നെയും വേദനിപ്പിച്ചുവെന്ന പന്തളം രാജകുടുംബത്തിലെ പ്രതിനിധിയുടെ സ്റ്റേറ്റ്മെന്റുമുണ്ട്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്? ജനങ്ങൾക്ക് വിശ്വാസമുണ്ടോ ഇല്ലയോ എന്നുള്ളത് വേറെ കാര്യം. പക്ഷേ പരമ്പരാഗതമായി നിലനിൽക്കുന്ന ആചാരം എല്ലാവരും വിശ്വസിക്കുന്നു. തിരുവാഭരണ ഘോഷയാത്രയുമായി ബന്ധപ്പെട്ട് സമയക്ലിപ്തത പാലിക്കാനുള്ള വ്യവസ്ഥ ഉണ്ടായിരുന്നു. ഇപ്രാവശ്യം പുതിയതായി വന്ന ഒരു പോലീസുദ്യോഗസ്ഥൻ അദ്ദേഹത്തിന്റെ സ്വന്തം ഐഡിയ പ്രകാരമാണോ അതോ പ്ലാനിന്റെ ഭാഗമാണോ പ്ലാൻ തെറ്റായി നടപ്പാക്കിയതിന്റെ ഫലമായിട്ടാണോയെന്ന് അറിയില്ല വടംകെട്ടി അവിടെ വരുന്ന ആളുകളെയും രാജകുടുംബത്തിലെ പ്രതിനിധിയെയും തിരുവാഭരണം ഏറ്റിട്ടുള്ളവരെയും തടഞ്ഞുനിർത്തിയത് പ്രശ്നമായി. മുൻകാലങ്ങളിൽ രണ്ട് വഴികളിൽക്കൂടി പോകാനുള്ള സംവിധാനമുണ്ടായിരുന്നതായി കാണുന്നു. പക്ഷേ ഇപ്രാവശ്യം ആ സംവിധാനമില്ലാതിരുന്നതിന്റെ ഫലമായി കൃത്യസമയത്ത് എത്താൻ സാധിച്ചില്ല. തിരുവാഭരണം ചാർത്തുന്നതിന് ഏതാനും മിനിട്ടുകൾ കാത്തിരിക്കേണ്ടിവന്നു. ഇത് വളരെയേറെ വേദനയുണ്ടാക്കിയിട്ടുണ്ട്. പത്രങ്ങളിലൊക്കെ വലിയ വാർത്ത വന്നിട്ടുള്ളതാണ്. ഇത്തരം സംഭവങ്ങളുണ്ടാകാതെ എങ്ങനെ പരിഹരിക്കാമെന്നുള്ളതാണ് പ്രശ്നം. ദേവസ്വം ബോർഡ് പ്രസിഡന്റ് ഇക്കാര്യം അന്വേഷിക്കുമെന്ന് പറഞ്ഞു. അന്വേഷിച്ചാൽ മാത്രം പോര, ഇക്കാര്യത്തിൽ ഗവൺമെന്റുംകൂടി ഇടപെട്ട് ബന്ധപ്പെട്ട ആളുകളെ വിളിച്ച് foolproof ആയി സമയക്ലിപ്തത പാലിക്കാനുതകുന്ന തരത്തിലുള്ള വ്യവസ്ഥകൾ ആവിഷ്കരിച്ച് നടപ്പാക്കാൻ തയ്യാറാകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മി. സ്പീക്കർ: ശ്രീ. ചിറ്റയം ഗോപകുമാർ, അങ്ങയുടെ മണ്ഡലത്തിലുണ്ടായ സംഭവമെന്ന നിലയിൽ അങ്ങേയ്ക്കും ഒരു മിനിട്ട് സംസാരിക്കാം.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, എല്ലാവർഷവും പന്തളത്തുനിന്നാണ് തിരുവാഭരണം കൊണ്ടുപോകുന്നത്. ഇത്തവണ അഭൂതപൂർവമായ ജനത്തിരക്കാണ് ഉണ്ടായിരുന്നത്. പന്തളത്തെ രാജപ്രതിനിധിയും തിരുവാഭരണം കൊണ്ടുപോയ ആളുകളും ചെന്നപ്പോൾ ഇങ്ങനെയൊരു സംഭവമുണ്ടായതായി വാർത്തയിൽ കാണാനിടയായി. എല്ലാ വിഭാഗം ഉദ്യോഗസ്ഥരും ജനങ്ങളും യോജിച്ചുകൊണ്ട് ഇത്തവണത്തെ തിരുവാഭരണ ഘോഷയാത്ര വളരെ നന്നായി നടത്തിക്കൊണ്ടു പോകാനുള്ള ശ്രമം നടത്തിയിരുന്നു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ബഹുമാന്യരായ അംഗങ്ങൾ പറഞ്ഞതുപോലെ ഈ വർഷത്തെ ശബരിമല തീർത്ഥാടനം നല്ല നിലയിൽ നമുക്ക് നടത്താൻ സാധിച്ചു. ഈ വർഷത്തെ ശബരിമല മകരവിളക്ക് ദിവസം ദീപാരാധനയ്ക്ക് വിഗ്രഹത്തിൽ ചാർത്താനുള്ള തിരുവാഭരണമടങ്ങിയ പേടകങ്ങൾ 12-1-2018-ന് പന്തളം വലിയകോയിക്കൽ കൊട്ടാരത്തിൽനിന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിന്റെ നേതൃത്വത്തിൽ പന്തളം രാജകൊട്ടാര പ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ ഏറ്റുവാങ്ങി ആചാരാനുഷ്ഠാനങ്ങളോടെ ആയിരക്കണക്കിന് അയ്യപ്പഭക്തന്മാരുടെയും സുരക്ഷാ ഉദ്യോഗസ്ഥന്മാരുടെയും അകമ്പടിയോടുകൂടി ഘോഷയാത്രയായി ശബരിമലയിലേയ്ക്ക് യാത്രതിരിക്കുകയും നിശ്ചയിച്ച സ്ഥലങ്ങളിൽ സ്വീകരണങ്ങൾ ഏറ്റുവാങ്ങി മകരവിളക്ക് ദിനമായ 14-1-2018-ന് വൈകുന്നേരം അഞ്ച് മണിയോടെ ശരംകുത്തിയിൽ എത്തിച്ചേരുകയുമുണ്ടായി. ശരംകുത്തിയിൽ എത്തിച്ചേർന്ന തിരുവാഭരണ പേടകം ശബരിമല എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിലുള്ള ദേവസ്വം ഉദ്യോഗസ്ഥർ, പോലീസ് ഉദ്യോഗസ്ഥർ മറ്റ് വകുപ്പുദ്യോഗസ്ഥർ എന്നിവർ ചേർന്ന് പതിവുപോലെ സ്വീകരിച്ച് വലിയ നടപ്പന്തലിൽ എത്തിച്ചു. തിരുവാഭരണ പേടകം ആലിന്റെ വലതുവശത്തുകൂടി കടന്ന് പതിനെട്ടാംപടി കയറി സന്നിധാനത്ത് എത്തുകയാണ് പതിവ്. ആലിന് ഇടതുവശം ഇരുമുടിക്കെട്ടോടുകൂടി പതിനെട്ടാംപടി കയറാനെത്തുന്ന അയ്യപ്പന്മാർക്കുവേണ്ടി സ്ഥിരം ബാരിക്കേഡ് കെട്ടി തിരിച്ചിട്ടുള്ളതാണ്. തിരുവാഭരണ ഘോഷയാത്രയെ അനുഗമിച്ചിരുന്ന ഇരുമുടിക്കെട്ടുള്ളതും ഇല്ലാത്തതുമായ ആയിരത്തോളം ഭക്തർ ഘോഷയാത്രയോടൊപ്പം ശരംകുത്തിയിൽനിന്നും സന്നിധാനത്തിലേയ്ക്ക് വരികയായിരുന്നു. അവർ പതിനെട്ടാംപടിയിലേയ്ക്ക് കൂട്ടത്തോടെ കയറുന്നത് തിരക്കിനും മറ്റ് അനിഷ്ട സംഭവങ്ങൾക്കും സാധ്യതയുണ്ടെന്ന വസ്തുത മുൻനിർത്തി പോലീസ് സ്പെഷ്യൽ ഓഫീസർ, എൻ.ഡി.ആർ.എഫ്., ആർ.എ.എഫ്; എന്നീ കേന്ദ്രസേനകളുടെ സഹായത്തോടെ വലിയ നടപ്പന്തൽ കഴിഞ്ഞ് ആഴിക്ക് സമീപം അയ്യപ്പന്മാരെ നിയന്ത്രിക്കുന്ന അവസ്ഥയുണ്ടായത് അനിഷ്ടസംഭവങ്ങൾ ഒഴിവാക്കാനാണെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഇരുമുടിക്കെട്ടില്ലാതെ

പതിനെട്ടാംപടി കയറാൻ പാടില്ലെന്നാണ് ആചാരം. തിരുവാഭരണ ഘോഷയാത്രയെ അനുഗമിച്ച അയ്യപ്പഭക്തരും ഇരുമുടിക്കെട്ടില്ലാത്തവരും പതിനെട്ടാംപടി ചവിട്ടുന്നത് ആചാരവിരുദ്ധമായതിനാൽ അത് ഒഴിവാക്കുന്നതിനു കൂടിയാണ് മേൽപ്രകാരം അയ്യപ്പന്മാരെ നിയന്ത്രിച്ചത്. ഈ വിഷയവുമായി ബന്ധപ്പെട്ട് പന്തളം രാജകൊട്ടാര പ്രതിനിധികളുമായി ദേവസ്വം മന്ത്രിയെന്ന നിലയിൽ ഞാൻ അവിടെ വച്ചുതന്നെ നേരിട്ട് സംസാരിച്ച് കാര്യങ്ങൾ വ്യക്തമാക്കിയിട്ടുള്ളതാണ്. അവർക്കത് ബോദ്ധ്യമായിട്ടുണ്ട്. ഈയൊരു ചെറിയ സംഭവമൊഴിച്ചാൽ മറ്റ് പാകപ്പിഴകളൊന്നും കൂടാതെ ഈ വർഷത്തെ മണ്ഡല മകരവിളക്ക് മഹോത്സവവും തങ്കയങ്കി തിരുവാഭരണ ഘോഷയാത്രയും പൂർവ്വാധികം ഭംഗിയായി ദേവസ്വം ബോർഡിന്റെയും പോലീസ് ഉൾപ്പെടെയുള്ള ഡിപ്പാർട്ട്മെന്റുകളുടെയും കൂട്ടായ പരിശ്രമത്തിന്റെ ഫലമായി പര്യവസാനിച്ചിട്ടുള്ളതാണ്. എന്നാലും ഭാവിയിൽ ഇത്തരം അനിഷ്ട സംഭവങ്ങളൊന്നും ഉണ്ടാകാതിരിക്കാനാവശ്യമായ മുൻകരുതലുകൾ കൈക്കൊള്ളുന്നതാണ്.

## (8) തീപിടുത്തം

ശ്രീ. യു. ആർ. പ്രദീപ്: സർ, എന്റെ നിയോജകമണ്ഡലത്തിലാണ് കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള തിരുവില്വാമല വില്വാദ്രിനാഥ ക്ഷേത്രം. ആയിരക്കണക്കിന് വിശ്വാസികളാണ് ആ അമ്പലത്തിൽ ദർശനത്തിനായി എത്തിച്ചേരുന്നത്. കേരളത്തിനകത്തും പുറത്തുമുള്ള വിശ്വാസികൾ അവിടെ വരാറുണ്ട്. 23-1-2018-ന് രാത്രി 9.00 മണിയോടുകൂടി അമ്പലത്തിന്റെ വടക്കേനട ഭാഗത്ത് എങ്ങനെയോ തീപിടിച്ച് കിഴക്കേയറ്റംവരെ പടർന്നു. പുനർജ്ജനി ആഴൽ, ഏകാദശി, നിറമാല എന്നിവ നടക്കുന്ന ദിവസങ്ങളിൽ പതിനായിരക്കണക്കിനാളുകളാണ് അവിടെ വന്നുപോകുന്നത്. തീപിടിച്ച കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അദ്ദേഹം അതിലിടപെട്ടു. ഫയർ ഫോഴ്സും നാട്ടുകാരും സംയുക്തമായി ഇടപെട്ടതിനാൽ തീ അണയ്ക്കാൻ കഴിഞ്ഞെങ്കിലും അമ്പലത്തിന്റെ തനിമ നിലനിർത്തിക്കൊണ്ട് കത്തിനശിച്ച ഭാഗം അടിയന്തരമായി നിർമ്മിച്ചുകൊടുക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്ന് ശ്രദ്ധയുണ്ടാകണമെന്നാണ് എനിക്ക് ഇക്കാര്യത്തിൽ അഭ്യർത്ഥിക്കാനുള്ളത്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, കൊച്ചിൻ ദേവസ്വം ബോർഡിന്റെ ഭരണത്തിൻകീഴിലുള്ള അതിപുരാതനവും ചരിത്രപ്രസിദ്ധവുമായ തിരുവില്വാമല വില്വാദ്രിനാഥ ക്ഷേത്രത്തിൽ 23-1-2018-ന് രാത്രി ഏകദേശം 8.30-ന് ക്ഷേത്രത്തിലെ ചടങ്ങുകൾ കഴിഞ്ഞ് നട അടച്ചതിനുശേഷം വടക്കുഭാഗത്തുള്ള വിളക്കുമാടത്തിന്റെ ഭാഗം അഗ്നിക്കിരയായതായി ദേവസ്വം സെക്യൂരിറ്റി ജീവനക്കാരൻ തന്റെ ഡ്യൂട്ടി നിർവ്വഹിക്കുന്നതിനിടെ കാണുകയുണ്ടായി.

വിളക്കമാടത്തിന്റെ മുകൾഭാഗത്തുള്ള മേൽക്കൂരയിലേയ്ക്ക് തീപടർന്നുപിടിച്ച അവസ്ഥയിലായിരുന്നു ജീവനക്കാരൻ ഈ സംഭവം കാണുന്നത്. അപ്പോൾത്തന്നെ സെക്യൂരിറ്റി ജീവനക്കാരൻ ക്ഷേത്രത്തിലെ വലിയ മണിമുഴക്കി സമീപത്തുള്ള ഭക്തജനങ്ങളെ വിവരമറിയിക്കുകയും ധാരാളം ഭക്തജനങ്ങൾ തൽസമയം ക്ഷേത്രത്തിലേയ്ക്ക് എത്തിച്ചേരുകയും ചെയ്തു. സംഭവസ്ഥലത്ത് എത്തിയ ജനപ്രതിനിധികളും മറ്റ് ദേശവാസികളും ദേവസ്വം ജീവനക്കാരും ചേർന്ന് ഫയർ ഫോഴ്സ്, പോലീസ് വകുപ്പ് എന്നിവർക്ക് വിവരം നൽകുകയും തുടർന്ന് തീ അണയ്ക്കാനുള്ള ഉദ്യമത്തിൽ എല്ലാവരും ഒരുമിച്ച് പങ്ക് ചേരുകയും ചെയ്തു. ഷൊർണ്ണൂർ, വടക്കാഞ്ചേരി, ആലത്തൂർ എന്നീ ഫയർ സ്റ്റേഷനുകളിൽ നിന്ന് 5 ഫയർ എഞ്ചിനുകൾ എത്തിച്ചേർന്നു. തൃശ്ശൂർ റൂറൽ എസ്.പി.യുടെ നേതൃത്വത്തിൽ വിപുലമായ പോലീസ് സംവിധാനവും ക്ഷേത്രത്തിലെത്തി. എല്ലാവരുടെയും കൂട്ടായ കഠിനപ്രയത്നത്തിന്റെ ഫലമായി ഏകദേശം ഒന്നരമണിക്കൂറിനുള്ളിൽ തീ പൂർണ്ണമായി അണയ്ക്കാൻ സാധിച്ചു. ഈ അഗ്നിബാധവഴി ക്ഷേത്രത്തിന്റെ വടക്കുവശത്തുള്ള വിളക്കുമാടത്തിന്റെ മേൽക്കൂര ഉൾപ്പെടെ മുക്കാൽ ഭാഗത്തോളം പൂർണ്ണമായി അഗ്നിക്കിരയായിട്ടുണ്ട്. ദേവസ്വം ബോർഡ് പ്രസിഡന്റ് ഡോ. സുദർശൻ അടക്കമുള്ള ഉയർന്ന ഉദ്യോഗസ്ഥരെല്ലാം രാത്രിതന്നെ സംഭവസ്ഥലത്ത് എത്തിച്ചേർന്ന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തി സമയോചിതമായ ഇടപെടലിലൂടെ വൻനാശനഷ്ടങ്ങളിൽ നിന്ന് ക്ഷേത്രത്തെ സംരക്ഷിക്കാൻ സാധിച്ചിട്ടുണ്ട്. നാശനഷ്ടങ്ങൾ സംബന്ധിച്ച് വിലയിരുത്തുന്നതിനുള്ള നടപടികൾ കൊച്ചിൻ ദേവസ്വം ബോർഡ് മരാമത്ത് വിഭാഗം മൂല്യനിർണ്ണയം നടത്തിവരുന്നുണ്ട്. ഇതുകൂടാതെ പോലീസിന്റെ ഭാഗത്തുനിന്നുള്ള ശാസ്ത്രീയമായ അന്വേഷണവും നടന്നുവരുന്നുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡ് ഭരണത്തിലുള്ള പ്രധാനപ്പെട്ട എല്ലാ ക്ഷേത്രങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താനുള്ള നടപടി സ്വീകരിച്ചുവരികയാണ്. തിരുവില്വാമല ക്ഷേത്രവും ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ഈ നാശനഷ്ടങ്ങൾക്കുള്ള ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൊച്ചിൻ ദേവസ്വം ബോർഡ് സ്വീകരിക്കുന്നുണ്ട്. ക്ഷേത്രത്തിന്റെ വിളക്കമാടവും മേൽക്കൂരയും അഗ്നിക്കിരയായ ഭാഗവും എത്രയുംപെട്ടെന്ന് പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ കൊച്ചിൻ ദേവസ്വം ബോർഡ് സ്വീകരിക്കുന്നതാണ്.

### (9) ടൗൺ മാസ്റ്റർ പ്ലാൻ

ശ്രീ. പി. ടി. എ. റഹീം: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഒളവണ്ണ പഞ്ചായത്തിലെ കോഴിക്കോട് കുന്ന് എന്ന പ്രദേശം കോഴിക്കോട് ടൗൺ മാസ്റ്റർ പ്ലാനിന്റെ ഭാഗമായി വ്യവസായ മേഖലയായി പ്രഖ്യാപിച്ചതിനെത്തുടർന്ന് സ്ഥലത്ത് വലിയ പ്രക്ഷോഭം നടക്കുകയാണ്. ജനവാസകേന്ദ്രമായ ഒളവണ്ണ പഞ്ചായത്തിലെ മൂന്ന് വാർഡുകളിൽ പുതിയ വീട് നിർമ്മിക്കുന്നതിനോ പുതുക്കി

പ്പണിയുന്നതിനോ അനുമതി നൽകുന്നില്ല. അതുകൊണ്ട് ടൗൺ മാസ്റ്റർ പ്ലാനിൽ നിന്ന് പഞ്ചായത്തുകളെ ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് പുനരാലോചന നടത്തണമെന്നാണ് എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ ): സർ, കോഴിക്കോടിനുവേണ്ടി കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ച വേളയിൽ ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ നിർദ്ദേശിച്ച ഇൻഡസ്ട്രിയൽ പ്രൊമോഷൻ സോണിനെതിരെ പരാതിയൊന്നും ലഭിച്ചിരുന്നില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അത് പ്രസിദ്ധീകരിച്ചപ്പോൾ ജനങ്ങൾക്ക് ഇത് അറിയില്ലായിരുന്നു. അവർക്ക് പരാതി കൊടുക്കാനുള്ള അവസരമില്ലായിരുന്നു.

ഡോ. കെ. ടി. ജലീൽ: പരാതിയൊന്നും ലഭിക്കാത്തതിന്റെ അടിസ്ഥാനത്തിലാണ് ഡ്രാഫ്റ്റ് മാസ്റ്റർ പ്ലാൻ ഫോർ കോഴിക്കോട് അംഗീകരിച്ച് സർക്കാരിലേയ്ക്ക് അയച്ചത്. ഗവൺമെന്റ് അപ്രൂവ് ചെയ്ത മാസ്റ്റർ പ്ലാൻ പ്രകാരം ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ 2.29 ശതമാനം സ്ഥലമാണ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ സോണായി വിഭാവന ചെയ്തിരിക്കുന്നത്. അംഗീകൃത സോണിംഗ് റെഗുലേഷൻ പ്രകാരം ടി സോണിൽ വാസഗൃഹനിർമ്മാണം അനുവദനീയമല്ല. എന്നാൽ ഈ സ്ഥലത്ത് നിയമാനുസൃതമായി നിലവിലുള്ള ഉപയോഗങ്ങൾ സോണിംഗ് നിബന്ധനകൾക്ക് വിരുദ്ധമായിട്ടുള്ളതാണെങ്കിലും തുടരാവുന്നതും നിലവിലുള്ള അത്തരം കെട്ടിടങ്ങൾക്ക് ആകെ ബിൽറ്റപ്പ് ഏരിയയുടെ 50 ശതമാനംവരെ അധികരിച്ചുകൊണ്ട് ഒന്നരയിരട്ടി വരെ പുനർനിർമ്മാണം നടത്താനും കൂട്ടിച്ചേർക്കൽ നടത്താനും അനുവദിക്കുന്നതുമാണ്. ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ ഏതെങ്കിലും ആളുകൾക്ക് എന്തെങ്കിലും ബുദ്ധിമുട്ടുകളുണ്ടെങ്കിൽ കേരള നഗര-ഗ്രാമാസൂത്രണ ആക്ട്, 2016 സെക്ഷൻ 50 (3) പ്രകാരം ആവശ്യമായ പരിഹാര നടപടി സർക്കാർ സ്വീകരിക്കുന്നതാണ്.

(10) മാലിന്യ നിർമ്മാർജ്ജനം

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, കൊച്ചിൻ കോർപ്പറേഷനിലെ വാർഡുകളിൽ കാര്യക്ഷമമായ മാലിന്യനിർമ്മാർജ്ജനവും സംസ്കരണവും നടക്കാത്തതിനാൽ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും സൃഷ്ടിക്കപ്പെടുകയാണ്. നഗരപ്രദേശങ്ങളിലും പ്രാന്തപ്രദേശങ്ങളിലുമുള്ള വഴിയോരങ്ങളിലും ജലാശയങ്ങളിലുമെല്ലാം മാലിന്യങ്ങൾ നിക്ഷേപിക്കുന്നതും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ തീയിടുന്നതും നിത്യസംഭവമായി മാറിയിരിക്കുന്നു. നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിക്ഷേപിക്കപ്പെടുന്ന മാലിന്യത്തിന്റെ ചെറിയൊരു ശതമാനം മാത്രമാണ് കോർപ്പറേഷൻ നീക്കം ചെയ്യുന്നത്. അനുവദിക്കപ്പെട്ടിട്ടുള്ള വാഹനങ്ങൾ വേണ്ടരീതിയിൽ വിനിയോഗിച്ച്

വാർഡ് അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് മാലിന്യമുൾപ്പെടെ നീക്കംചെയ്യാനും പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നതും ജലാശയങ്ങളിൽ നിക്ഷേപിക്കുന്നതും തടയാനും ഫലവത്തായ നടപടികൾ സ്വീകരിക്കേണ്ടത് അടിയന്തര ആവശ്യ മായിരിക്കുകയാണ്. മാരക രോഗങ്ങളുടെയും രോഗികളുടെയും അനിയന്ത്രിതമായ വർദ്ധനവ് പഠനവിധേയമാക്കിയാൽ മാലിന്യസംസ്കരണത്തിലും പ്ലാസ്റ്റിക് കത്തിക്കുന്നതും ജലാശയങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതും തടയുന്ന കാര്യത്തിലും കാണിക്കുന്ന അലംഭാവം വ്യക്തമാണ്. ഇതിന്റെ ഭാഗമായി കൊതുക് പെരുകിക്കൊണ്ടിരിക്കുകയാണ്. സെപ്റ്റിക് ടാങ്ക് മാലിന്യം ശേഖരിക്കുന്ന ആളുകൾ അത് കാനകളിലും തോടുകളിലുമെല്ലാം നിക്ഷേപിക്കുന്നതിന്റെ ഭാഗമായി ജനങ്ങൾ ഏറെ ബുദ്ധിമുട്ടുകയാണ്. സൂപ്പർ മാർക്കറ്റുകളിൽ എല്ലാവിധ നിത്യോപയോഗസാധനങ്ങളും പ്ലാസ്റ്റിക് കവറിനകത്താണ് കൊടുക്കുന്നത്. അതുകൊണ്ട് പ്ലാസ്റ്റിക് മാലിന്യങ്ങളും വർദ്ധിച്ചിരിക്കുകയാണ്. ആയതിനാൽ മെട്രോ നഗരമായ കൊച്ചിയിൽ മാരകരോഗങ്ങളുടെ അഭൂതപൂർവമായ വർദ്ധനവ് ഗൗരവമായി കണ്ട് മാലിന്യ നിർമ്മാർജ്ജനത്തിനും സംസ്കരണത്തിനും പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നതും ജലാശയങ്ങളിൽ നിക്ഷേപിക്കുന്നതും തടയുന്നതിനും കാര്യക്ഷമമായ നടപടികൾ സ്വീകരിക്കാൻ കൊച്ചിൻ കോർപ്പറേഷന് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, കേരളത്തിലെ മെട്രോ സിറ്റിയാണ് കൊച്ചി. ജനസാന്ദ്രതകൊണ്ടും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ആളുകൾ സ്ഥിരമായി വന്നുപോകുന്നതുകൊണ്ടും ഏറ്റവും അധികം മാലിന്യങ്ങൾ ഉണ്ടാക്കപ്പെടുന്നതും കൊച്ചിയിൽ തന്നെയാണ്. കാര്യക്ഷമമായി പ്രവർത്തിക്കുന്ന ആധുനിക മാലിന്യ സംസ്കരണ പ്ലാന്റിന്റെ അഭാവമാണ് കൊച്ചിയെ അലട്ടുന്ന ഏറ്റവും വലിയ പ്രശ്നം. കൊച്ചിൻ കോർപ്പറേഷനിലെ മാലിന്യപ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് ബ്രഹ്മപുരത്ത് തെർമൽ സാങ്കേതികവിദ്യയിൽ പി.പി.പി. അടിസ്ഥാനത്തിൽ 295 കോടി രൂപ മുതൽ മുടക്കിയുള്ള ഒരു പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കോർപ്പറേഷൻ ബന്ധപ്പെട്ട കമ്പനിയുമായി 17-02-2016-ന് ഉടമ്പടിയിൽ ഒപ്പുവച്ചിട്ടുണ്ട്. പ്ലാന്റ് സ്ഥാപിക്കേണ്ട 20 ഏക്കറിൽ 12 ഏക്കർ സ്ഥലം രണ്ട് പതിറ്റാണ്ടായി കൃഷി ഇല്ലെങ്കിലും റവന്യൂ റിക്കോർഡുകളിൽ നിലം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് മറികടക്കാൻ സംസ്ഥാനതല മോണിറ്ററിംഗ് സമിതിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. ഉടൻതന്നെ അനുമതി ലഭ്യമാക്കാനാകും. മാർച്ചിൽത്തന്നെ പ്ലാന്റിന്റെ പണി ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇക്കാര്യത്തിൽ സത്വര നടപടി സ്വീകരിക്കാൻ കോർപ്പറേഷന് നിർദ്ദേശം നൽകുന്നതാണ്.

# V ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

## (1) ഓഖി ദുരന്തം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കഴിഞ്ഞ വർഷം നവംബർ 30-ന് വീശിയടിച്ച ഓഖി ചുഴലിക്കാറ്റ് കേരളത്തിന്റെ തീരത്ത് നികത്താനാകാത്ത ദുരന്തമാണ് സൃഷ്ടിച്ചത്. തമിഴ്നാട്ടിലും ലക്ഷദ്വീപിലും ഇതിന്റെ കെടുതികൾ നേരിട്ടു. കേരളത്തിലെ ജനതയെ ഒറ്റക്കെട്ടായി നിർത്തിക്കൊണ്ടുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കാണ് സംസ്ഥാന സർക്കാർ നേതൃത്വം നൽകിയത്. ഓഖി ദുരന്തത്തിൽ മരണമടഞ്ഞവർക്ക് ഈ സഭയുടെ ആദരാഞ്ജലി അർപ്പിച്ചുകൊണ്ടും അവരുടെ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേർന്നുകൊണ്ടും ഈ പ്രസ്താവന സഭയുടെ മുമ്പാകെ അവതരിപ്പിക്കട്ടെ.

കേരളത്തിലെ എല്ലാവിഭാഗം ജനങ്ങളുടെയും പിന്തുണയും നിർദ്ദേശങ്ങളും സ്വീകരിച്ചുകൊണ്ടുള്ള ദുരിതാശ്വാസ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതിന്റെ ഭാഗമായി 8-12-2017-ന് സർവ്വകക്ഷി യോഗം വിളിച്ചുചേർക്കുകയുണ്ടായി. കടലോര മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളി സംഘടനകളുടെയും സാമൂഹ്യ സംഘടനകളുടെയും യോഗവും തുടർന്ന് വിളിച്ചുചേർത്തു. ഓഖി ചുഴലിക്കാറ്റ് സൃഷ്ടിച്ച ദുരിതങ്ങൾ പരിഹരിക്കുന്നതിന് അവരോടൊപ്പം ചേർന്നുപ്രവർത്തിച്ച പലരുമുണ്ട്. ഇക്കാര്യത്തിൽ എം.എൽ.എ.മാരുടെയും ജനപ്രതിനിധികളുടെയും രാഷ്ട്രീയ, സാമൂഹ്യ, മത സംഘടനകളുടെയും പ്രവർത്തനം എടുത്തുപറയേണ്ടതാണ്. പ്രതിപക്ഷനേതാവുൾപ്പെടെയുള്ളവർ ഈ പ്രവർത്തനത്തിൽ സർക്കാരിനൊപ്പം സജീവമായി സഹകരിച്ചിരുന്നു എന്നതും വിസ്മരിക്കാനാവില്ല.

കേന്ദ്രസർക്കാരിന്റെ സഹായം ഉറപ്പുവരുത്തിക്കൊണ്ട് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നല്ല നിലയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിന് മുന്തിയ പരിഗണനയാണ് സംസ്ഥാന സർക്കാർ നൽകിയത്. ഇക്കാര്യത്തിൽ സജീവമായ സഹകരണം കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായി. പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിക്കുപുറമെ കേന്ദ്രമന്ത്രിമാരായ ശ്രീമതി നിർമ്മല സീതാരാമനും ശ്രീ. അൽഫോൻസ് കണ്ണന്താനവും നേരിട്ട് തന്നെ ഇവിടെ എത്തിച്ചേരുകയും ദുരന്തമുണ്ടായ സ്ഥലങ്ങൾ സന്ദർശിച്ചുകൊണ്ട് ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായി സഹകരിക്കുകയും ചെയ്തു. ദുരന്തത്തിന്റെ തീവ്രത മനസ്സിലാക്കുന്നതിനും ധനസഹായം കണക്കാക്കുന്നതിനും കേന്ദ്രസംഘം നടത്തിയ സന്ദർശനവും സഹായകമായി. അടിയന്തര സഹായം അഭ്യർത്ഥിച്ച ഉടനെ ഇവിടെ എത്തിച്ചേർന്ന കേന്ദ്രസേന രക്ഷാപ്രവർത്തനങ്ങൾക്ക് സമാനതകളില്ലാത്ത സഹായമാണ് നൽകിയത്. ആദ്യ ദിവസങ്ങളിൽ എയർഫോഴ്സ് ടെക്നിക്കൽ ഏരിയ കേന്ദ്രീകരിച്ച് നടത്തിയ രക്ഷാപ്രവർത്തന ങ്ങളിലൂടെ നിരവധിപേരെ രക്ഷപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തുണ്ടായ ഈ ദുരന്തത്തിൽ സഹായഹസ്തവുമായി മുന്നോട്ടുവന്ന മുഴുവൻ പേരോടും നന്ദി പറയാൻകൂടി ഈ അവസരം ഉപയോഗിക്കട്ടെ.

സംസ്ഥാന സർക്കാരിന് ചുഴലി സംബന്ധിച്ച വിവരം ലഭിക്കുന്നത് 30-11-2017 ഉച്ചയ്ക്ക് 12 മണിക്കാണ്. കേന്ദ്ര ആഭ്യന്തര മന്ത്രി ശ്രീ. രാജ്നാഥ് സിംഗും സംസ്ഥാനത്തുനിന്നുള്ള എം.പി.മാരായ ശ്രീ. കെ. സി. വേണുഗോപാലും ശ്രീ. ശശി തരൂരും ഉൾപ്പെടെയുള്ളവർ സംശയത്തിനിടയില്ലാത്തവിധം ഇക്കാര്യം പാർലമെന്റിൽ വ്യക്തമാക്കിയിട്ടുണ്ട്. മുന്നറിയിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം *1-ആയി സമർപ്പിക്കുന്നു.

ചുഴലി മുന്നറിയിപ്പ് ലഭിച്ചയുടനെത്തന്നെ യുദ്ധകാലാടിസ്ഥാനത്തിലുള്ള രക്ഷാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനാണ് സംസ്ഥാന സർക്കാർ നേതൃത്വം നൽകിയത്. എല്ലാ തലത്തിലുമുള്ള മുഴുവൻ ജീവനക്കാരും ഈ പ്രവർത്തനങ്ങളിൽ സജീവമായി പങ്കാളികളാകുകയും ചെയ്തു.

ആർമി, നേവി, എയർഫോഴ്സ്, കോസ്റ്റ് ഗാർഡ് എന്നീ കേന്ദ്ര ഏജൻസികൾ സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥനകൂടി മാനിച്ച് രക്ഷാ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു. നാവികസേന 7 കപ്പലുകളും 2 വിമാനവും 4 ഹെലികോപ്റ്ററുകളും തിരച്ചിലിനുവേണ്ടി ഉപയോഗിച്ചു. കോസ്റ്റ് ഗാർഡ് 8 കപ്പലുകളും ഒരു ഹെലികോപ്റ്ററും ഉപയോഗിച്ചു. 2 ഹെലികോപ്റ്ററുകളും 2 വിമാനവും ഉപയോഗിച്ചാണ് വ്യോമസേന തിരച്ചിൽ നടത്തിയത്. മൊത്തം 15 കപ്പലുകളും 7 ഹെലികോപ്റ്ററുകളും 4 വിമാനങ്ങളും ആദ്യദിവസങ്ങളിൽ രക്ഷാപ്രവർത്തനരംഗത്ത് രാപ്പകലുണ്ടായിരുന്നു.

ഫയർ ആന്റ് റസ്ക്യൂ വിഭാഗവും പോലീസ്, റവന്യൂ, ഫിഷറീസ് വകുപ്പ് ജീവനക്കാരും വിവിധ സംസ്ഥാന ഏജൻസികളും രക്ഷാപ്രവർത്തനത്തിൽ സജീവമായി ഉണ്ടായിരുന്നു. പ്രതിരോധ വിഭാഗങ്ങളും കോസ്റ്റ് ഗാർഡും സംസ്ഥാന ഏജൻസികളും നല്ല ഏകോപനത്തോടെയാണ് പ്രവർത്തനം മുന്നോട്ടു കൊണ്ടുപോയത് മത്സ്യത്തൊഴിലാളികളെക്കൂടി തിരച്ചിലിൽ പങ്കെടുപ്പിക്കണമെന്ന അഭ്യർത്ഥനകൂടി മാനിച്ച് അവരെയും ഉൾപ്പെടുത്തിയാണ് രണ്ടാംഘട്ടത്തിൽ കടലിൽ തിരച്ചിൽ നടത്തിയത്. ബോട്ടുടമകളും സർക്കാരിന്റെ അഭ്യർത്ഥന മാനിച്ച് തിരച്ചിലിന് ഈ ഘട്ടത്തിൽ സജീവമായിരുന്നു.

കടലിൽ ദുരന്ത സമയത്തുണ്ടായിരുന്ന മർച്ചന്റ് ഷിപ്പുകളും ഇതര ബോട്ടുകളും മത്സ്യത്തൊഴിലാളികളും രക്ഷാപ്രവർത്തനത്തിൽ അവർക്ക് ആകാവുന്ന സഹായം ചെയ്തിട്ടുണ്ട് എന്നതും വിസ്മരിച്ചുകൂടാ. രക്ഷാ പ്രവർത്തനത്തിന് കരസേനയും സജ്ജമായി രംഗത്തുണ്ടായിരുന്നു. എന്നാൽ അവരുടെ സേവനം ഉപയോഗിക്കേണ്ടിവന്നില്ല.

മഹാരാഷ്ട്ര, ഗുജറാത്ത്, ഗോവ, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുമായും ലക്ഷദ്വീപുമായും ബന്ധപ്പെട്ട് രക്ഷാപ്രവർത്തനം ഏകോപിപ്പിച്ചിരുന്നു. സർക്കാർ പ്രത്യേകം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർക്കുപുറമെ സിന്ധുദുർഗ്, രത്നഗിരി, ഗോവ എന്നിവിടങ്ങളിലെ മലയാളി അസോസിയേഷനുകളും സംസ്ഥാന സർക്കാരുകളും ദുരിതാശ്വാസ പ്രവർത്തനത്തിൽ പൂർണ്ണമായും സഹായിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തിരമാലകളിൽ നിന്ന് രക്ഷപ്പെട്ട് മറ്റ് തീരങ്ങളിൽ എത്തിയവർക്ക് ആവശ്യമായ ഭക്ഷണവും സാമ്പത്തിക സഹായവും ബോട്ടുകൾക്ക് ആവശ്യമായ ഇന്ധനവും സർക്കാർ മുൻകയ്യോടെ ലഭ്യമാക്കാനും കഴിയുകയുണ്ടായി.

നാം ഒത്തൊരുമയോടെ നടത്തിയ ഈ രക്ഷാപ്രവർത്തനത്തിന്റെ ഭാഗമായി തമിഴ്നാട്ടിലെ നമ്മുടെ സഹോദരന്മാരെ നാട്ടിലെത്തിക്കാൻ കഴിഞ്ഞു എന്നത് അഭിമാനകരമാണ്. തമിഴ്നാട്ടിലെ മാധ്യമങ്ങളും മത്സ്യത്തൊഴിലാളി കുടുംബങ്ങളും കേരളത്തിലെ രക്ഷാപ്രവർത്തനങ്ങളെ പ്രത്യേകം അഭിനന്ദിച്ചിട്ടുണ്ട് എന്നതും നമ്മളെ സംബന്ധിച്ചിടത്തോളം ആത്മവിശ്വാസം പകരുന്ന ഒന്നാണ്.

നാവികസേനയും വ്യോമസേനയും കോസ്റ്റ് ഗാർഡും യോജിച്ച് നടത്തിയ തെരച്ചിലിൽ 1200-ഓളം മലയാളികളെ ഈ പ്രവർത്തനത്തിലൂടെ രക്ഷപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ആഴക്കടലിൽ ഇത്രയും വിപുലവും സാഹസികവുമായ രക്ഷാപ്രവർത്തനം ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടോ എന്നതും സംശയകരമാണ്.

ഇത്തരമൊരു രക്ഷാപ്രവർത്തനം സാധ്യമായത് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും കേരളത്തിലെ രാഷ്ട്രീയ സാമൂഹ്യ തൊഴിലാളി സംഘടനകളുടെയും വിവിധ ജനവിഭാഗങ്ങളുടെയും ഒരേ മനസ്സോടെയുള്ള പ്രവർത്തനത്തിന്റെ ഫലമാണ്.

ഓഖി ദുരിതബാധിതരെ സഹായിക്കുന്നതിന് കേരള ജനത ഒന്നടങ്കം യോജിച്ച് നിന്നുവെന്നതും എടുത്തുപറയേണ്ട കാര്യമാണ്. ഓഖി ദുരിതബാധിതരെ സഹായിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് വിവിധ മേഖലയിൽ നിന്ന് നല്ല നിലയിൽ ധനസഹായം ലഭ്യമായിത്തുടങ്ങിയിട്ടുണ്ട്. 19-1-2018 വരെ 94.46 കോടി രൂപ ഈ ഇനത്തിൽ ലഭ്യമായിട്ടുണ്ട്. ഒരു ദുരന്ത ഘട്ടത്തിൽ നാം കാണിച്ച ഒത്തൊരുമ കേരളം ഉയർത്തിപ്പിടിക്കുന്ന ജനാധിപത്യ സംസ്കാരത്തിന്റെ പ്രതിഫലനമാണ് എന്നതിൽ നമുക്ക് എല്ലാവർക്കും അഭിമാനിക്കാവുന്നതാണ്.

ദുരന്തത്തിൽനിന്ന് കടലോര ജനതയെ രക്ഷപ്പെടുത്തുന്നതിനുള്ള യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളത്. കടലിൽ നിന്നും 100 മീറ്റർ പരിധിയിലെ എല്ലാ കെട്ടുറപ്പില്ലാത്ത വീടുകളും ഒഴിപ്പിക്കാൻ കഴിഞ്ഞു. ഒഴിപ്പിക്കപ്പെട്ടവർക്കുവേണ്ടി സംസ്ഥാനത്താകെ 52 പുനരധിവാസ ക്യാമ്പുകൾ പ്രവർത്തിച്ചു. 1906 കുടുംബങ്ങളിലെ 8556 പേർ ഈ ക്യാമ്പുകളിൽ വിവിധ ഘട്ടങ്ങളിലായി ആശ്വാസം തേടി. 66 അടിയന്തര പുനരധിവാസ ക്യാമ്പുകൾ ആരംഭിച്ചു. ഇവയിൽ മൊത്തം 13769 പേരെ താൽക്കാലികമായി താമസിപ്പിച്ചു.

ഓഖി ചുഴലിക്കാറ്റ് സംസ്ഥാനത്തിന്റെ തീരദേശമേഖലയിൽ വ്യാപകമായ നാശനഷ്ടമാണ് വരുത്തിയത്. ഇതുസംബന്ധിച്ചുള്ള കണക്കുകൾ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. 50 മത്സ്യത്തൊഴിലാളികൾ കടലിലും 8 പേർ കരയിലും മരണപ്പെട്ടു. 104 മലയാളികളായ മത്സ്യത്തൊഴിലാളികളെ കാണാതായിട്ടുണ്ട്. 384 ബോട്ടുകൾ തകർന്നു. കൂടുതൽ വിവരങ്ങൾ അനുബന്ധം 2 ആയി* ചേർത്തിട്ടുണ്ട്.

6-12-2017-ന് ചേർന്ന മന്ത്രിസഭായോഗം ദുരിതാശ്വാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഓഖി ദുരിതബാധിതർക്ക് അടിയന്തര സഹായം നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കുകയും ചെയ്തിരുന്നു.

കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടലിൽ എത്തിയാൽ അടിയന്തരമായി ഉണ്ടാകാൻ സാധ്യതയുള്ള പ്രശ്നങ്ങളെക്കുറിച്ച് വിവരം നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടി സ്വീകരിച്ചു.

ദുരന്ത പ്രതികരണനിധിയിൽ നിന്നും സമുദ്ര മത്സ്യത്തൊഴിലാളികൾക്ക് 2000 രൂപ നൽകി. ഈ ഇനത്തിൽ 33.95 കോടി രൂപയാണ് ഇതിനായി അനുവദിച്ചത്. മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ ഒരു മാസത്തേയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുകയുണ്ടായി.

തീരദേശത്ത് ഓഖി ചുഴലിക്കാറ്റിന്റെ ഫലമായുണ്ടായ വിവിധ തരത്തിലുള്ള ദുരന്തങ്ങൾ പലതരത്തിലാണ് മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ബാധിച്ചിട്ടുള്ളത്. അതിനാൽ ഓഖി ദുരന്തം നേരിട്ട് ബാധിച്ച കുടുംബങ്ങളിലെല്ലാം ആരോഗ്യ വകുപ്പ് പ്രവർത്തകർ നേരിട്ട് മാനസികാഘാത ലഘൂകരണ പരിശീലന പരിപാടികൾ നടത്തിവരുന്നുണ്ട്. മരണപ്പെട്ടവരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ 20 ലക്ഷം രൂപ ധനസഹായമായി പ്രഖ്യാപിക്കുകയും അവ വിതരണം ചെയ്ത് തുടങ്ങിയിട്ടുമുണ്ട്. പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും രണ്ട് ലക്ഷം രൂപ വീതം നൽകാമെന്ന് കേന്ദ്രസർക്കാർ ഉറപ്പുനൽകിയതിന്റെ അടിസ്ഥാനത്തിൽ ആ തുക കൂടി ഉൾപ്പെടുത്തി 22 ലക്ഷം രൂപ ഇതിനകം വിതരണം ചെയ്തുതുടങ്ങിയിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സംയുക്ത പരിശോധനവഴി അനന്തരാവകാശ നിർണ്ണയം പൂർത്തിയാക്കി ഇനി വിതരണം ചെയ്യാനുള്ളവരുടെ ആശ്രിതർക്കും ഈ തുക സമയബന്ധിതമായി നൽകുന്നതാണ്.

കാണാതായ മത്സ്യത്തൊഴിലാളികൾക്ക് മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് നൽകുന്ന എല്ലാവിധ ആനുകൂല്യങ്ങളും നൽകുന്നതിനുള്ള തീരുമാനവും എടുത്തിട്ടുണ്ട്. ഇതിനായി നിയോഗിച്ച കമ്മിറ്റിയുടെ ശിപാർശ ലഭിക്കുന്നതുവരെ ഓരോ മാസവും 10,000 രൂപ വീതം ഈ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നൽകുന്നതാണ്. ദുരന്തത്തിൽ നഷ്ടപ്പെടുകയും ഭാഗികമായി തകരുകയും ചെയ്ത ബോട്ടുകൾക്കും വള്ളങ്ങൾക്കും മത്സ്യബന്ധന ഉപകരണങ്ങൾക്കും തത്തുല്യ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തീരദേശത്തുള്ള മത്സ്യത്തൊഴിലാളികളിൽ നിന്ന് 200 പേരെ തീരദേശ പോലീസ് സേനയിലേയ്ക്ക് റിക്രൂട്ട് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിൽപ്പെട്ട് മരണമടഞ്ഞവരുടെ മക്കൾക്ക് ഈ നിയമനത്തിൽ മുൻഗണന നൽകാനാണ് നിശ്ചയിച്ചിട്ടുള്ളത്. അതോടൊപ്പം മരിച്ചവരുടെ കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും ഉറപ്പുവരുത്തുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

മരണപ്പെട്ടവർക്കും പരിക്കേറ്റവർക്കും ദുരന്തപ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം നൽകാനായി 7.88 കോടി രൂപ അനുവദിച്ചു. ഓഖി ദുരിതബാധിതർക്ക് അടിയന്തര ധനസഹായവും മറ്റ് ആശ്വാസ നടപടികളും എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളും സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ നടന്നിട്ടുണ്ട്. മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി അവരുടെ ബോട്ടുകൾ ഉപയോഗിച്ച് തിരച്ചിൽ നടത്തിയ ഘട്ടത്തിൽ അതിനാവശ്യമായ ചെലവിനത്തിൽ 2.184 കോടി രൂപ അനുവദിച്ചു.

Fisheries Department-ന്റെ Savings cum Relief Scheme-ൽ അംഗങ്ങളായ സമുദ്ര മത്സ്യത്തൊഴിലാളികൾക്ക് 21.69 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ നാവിക് ഉപകരണം പരീക്ഷിക്കുന്നതിനായും ഇതര സംസ്ഥാനങ്ങളിൽ എത്തപ്പെട്ട മത്സ്യത്തൊഴിലാളികളെ തിരിച്ചെത്തിക്കുന്നതിനും സഹായം നൽകിയിട്ടുണ്ട്.

ഓഖി ദുരിതാശ്വാസത്തിനായി ചെലവഴിക്കാൻ ജില്ലാ കളക്ടർമാർക്ക് 24.83 കോടി രൂപ 19-01-2018 വരെ അനുവദിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് ഒരു മാസത്തേയ്ക്കുള്ള സൗജന്യ റേഷൻ നൽകുന്നതിനായി 8.31 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

തീരദേശവാസികളെ സംബന്ധിച്ചിടത്തോളം കടലിൽനിന്നും മാറി നിന്നുകൊണ്ട് അവരുടെ തൊഴിൽ മുന്നോട്ടുകൊണ്ടുപോകാനാകില്ല. അതിനാൽ ആ മേഖലയിൽ നിന്ന് അവരെ മാറ്റിപ്പാർപ്പിക്കലും അത്ര എളുപ്പമല്ല. ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ട് ദുരന്തത്തിൽപ്പെട്ടവർക്ക് അടിയന്തര ആശ്വാസം നൽകുക മാത്രമല്ല, ദുരന്തത്തെ മുൻകൂട്ടിക്കണ്ട് അതിന്റെ ആഘാതം തടയുന്നതിനുള്ള ദീർഘകാല പദ്ധതികളും ആവിഷ്കരിക്കുന്നുണ്ട്.

തീരദേശ മേഖലയിൽ ഇത്തരം ദുരന്തങ്ങളുണ്ടായാൽ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദമായി പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് വിവിധ തലത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം ദുരന്തങ്ങളുണ്ടായാൽ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദമായി പഠിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങളെ കുറ്റമറ്റ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനുതകുന്ന ശിപാർശകൾ സമർപ്പിക്കാൻ നിയോഗിക്കപ്പെട്ട ശ്രീ. രമൺ ശ്രീവാസ്തവയുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് ഇതിനകം ലഭിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശിപാർശകൾ കൂടി പരിഗണിച്ച് ആവശ്യമായ നടപടികൾ സർക്കാർ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

ISRO, INCOIS എന്നിവയുമായി ചേർന്ന് ഉപഗ്രഹാധിഷ്ഠിത മുന്നറിയിപ്പ് സംവിധാനമായ NAVIC 500 മത്സ്യബന്ധനയാനങ്ങളിൽ സൗജന്യമായി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു. ഇതിനുപുറമെ, 1000 നാവിക്കുകൾ കെൽട്രോണുമായി ചേർന്ന് നിർമ്മിക്കാനുള്ള നടപടികളും സ്വീകരിച്ചുകഴിഞ്ഞു. ഈ സങ്കേതികവിദ്യ വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിക്കാൻ കെൽട്രോണിനെ ചുമതലപ്പെടുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഭാവിയിൽ കേരളത്തിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ മത്സ്യബന്ധന യാനങ്ങളിലും ഈ സംവിധാനം സ്ഥാപിക്കുന്നതാണ്. കേരളത്തിന്റെ തീര അതിർത്തിവിട്ട് 1500 KM വരെ ഈ സംവിധാനത്തിലൂടെ വിവരം നേരിട്ട് മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കാൻ സാധിക്കും. രാജ്യത്ത് ആദ്യമായിട്ടാണ് ഇത്തരമൊരു സംവിധാനം പരീക്ഷിക്കുന്നത് എന്ന കാര്യവും സഭ മുമ്പാകെ പറയുന്നതിൽ അഭിമാനമുണ്ട്. 215 മത്സ്യബന്ധന ബോട്ടുകളിൽ ഓട്ടോമാറ്റിക് വെസ്സൽ ട്രാക്കിംഗ് സംവിധാനം ഇതിനകം സ്ഥാപിച്ചിട്ടുണ്ട്.

കടലിൽ പോകുന്ന അവസരത്തിലും തിരികെ വരുന്ന അവസരത്തിലും അതത് തീരത്ത് രേഖപ്പെടുത്താനായി ഒരു മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കി വിജയകരമായി പരീക്ഷിച്ചു. ഈ പദ്ധതിയും ഉടൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുകയാണ്.

ഭാവിയിൽ മത്സ്യബന്ധനത്തിനായി കടലിൽ പോകുന്ന സമയത്ത് മുഴുവൻ മത്സ്യത്തൊഴിലാളികളും ഫിഷറീസ് വകുപ്പ് ഏർപ്പെടുത്തുന്ന സംവിധാനത്തിൽ രജിസ്റ്റർ ചെയ്യണമെന്നും ലൈഫ് ജാക്കറ്റ് ഉൾപ്പെടെയുള്ള എല്ലാ സുരക്ഷാ ഉപകരണങ്ങളും നിർബന്ധമായും കൊണ്ടുപോകണമെന്നുമുള്ള നിർദ്ദേശം മുന്നോട്ടുവച്ചിട്ടുണ്ട്. കടലിൽ പോകുകയും വരികയും ചെയ്യുന്നവരെക്കുറിച്ച് കൃത്യമായ കണക്ക് ഇതിലൂടെ ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ബോട്ടുകളിൽ ജി.പി.എസ്. സംവിധാനവും മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണുകളിൽ സാറ്റലൈറ്റ് സംവിധാനങ്ങൾ ഉപയോഗിച്ച് കാലാവസ്ഥ സംബന്ധിച്ച സന്ദേശം നൽകാനുള്ള ക്രമീകരണം ഒരുക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്താനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കാലാവസ്ഥാ പ്രവചനങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് നേരിട്ട് മൊബൈൽ ഫോണിൽ ലഭ്യമാക്കുന്നതിന് 145788 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പറുകൾ ശേഖരിച്ച് INCOIS -ന് ലഭ്യമാക്കിക്കഴിഞ്ഞിട്ടുണ്ട്.

ഇത്തരത്തിലുള്ള അടിയന്തരഘട്ടങ്ങൾ നേരിടാനായി ഫിഷറീസ് വകുപ്പിൽ ഒരു കൺട്രോൾ റൂം 24 മണിക്കൂറും പ്രവർത്തനസജ്ജമാക്കാനും കഴിഞ്ഞിട്ടുണ്ട്.

അന്തർദ്ദേശീയ കടൽ ചട്ടങ്ങൾ അനുസരിച്ചുള്ള കൊടികൾ, ലൈറ്റ്, പ്രദർശന ബോർഡുകൾ എന്നിവ തുറമുഖങ്ങൾ, ഫിഷ് ലാൻഡിംഗ് സെന്റേഴ്സ് എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്.

കേന്ദ്രസർക്കാരിന് ഓഖിയുടെ പശ്ചാത്തലത്തിൽ സമർപ്പിച്ച പാക്കേജിൽ തീരദേശ മേഖലയുടെ സമഗ്രമായ പ്രശ്നപരിഹാരത്തിനുതകുന്ന രീതിയിലുള്ള പദ്ധതിയാണ് മുന്നോട്ടുവച്ചിട്ടുള്ളത്. സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്ത 13436 മത്സ്യത്തൊഴിലാളികൾക്കും ഭൂമിയുണ്ടെങ്കിലും വീടില്ലാത്ത 4148 പേർക്കും മുൻഗണന നൽകി 2018-19 വർഷത്തിൽ വീട് ലഭ്യമാക്കാൻ ഈ പദ്ധതിയിൽ ഊന്നൽ നൽകിയിട്ടുണ്ട്.

മത്സ്യബന്ധന രീതിയിൽ കാലികമായ മാറ്റം ഉറപ്പാക്കുന്ന സംവിധാനങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കാനും തീരദേശത്തിന്റെ പൊതുവായ, പ്രത്യേകിച്ച് കടലാക്രമണത്തിൽ നിന്നും സംരക്ഷണം ഉറപ്പാക്കാനും പദ്ധതിയിൽ വ്യക്തമായ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ ഈ പാക്കേജിന് അംഗീകാരം നൽകിയാൽ പാർശ്വവത്കരിക്കപ്പെട്ട മത്സ്യത്തൊഴിലാളികളുടെ സമഗ്രമായ പുരോഗതിക്ക് ക്രിയാത്മകമായ നേതൃത്വം നൽകാൻ നമുക്ക് കഴിയും. ഇതിന്റെ ഭാഗമായി എല്ലാവരുടെയും സഹകരണത്തോടെ കേരളത്തിന് ഒരു മികച്ച മാതൃക ഈ രംഗത്ത് സൃഷ്ടിക്കാൻ കഴിയും എന്നാണ് സർക്കാരിന്റെ പ്രതീക്ഷ.

കേരളം അടുത്ത കാലത്തൊന്നും കണ്ടിട്ടില്ലാത്ത ഒരു ദുരന്തത്തിനാണ് നാം സാക്ഷ്യം വഹിച്ചത്. കേരളത്തിന്റെ പൊതുവായ വികസനം ഏറെ എത്തിയിട്ടില്ലാത്ത മത്സ്യത്തൊഴിലാളി മേഖലയിലാണ് ഈ ദുരന്തം എന്നതും നമ്മെ ഏറെ വേദനിപ്പിക്കുന്നതാണ്. അതുകൊണ്ടുതന്നെ ഈ മേഖലയിലെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ടുപോകുന്നതിനുതകുന്ന പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുമെന്ന് ഈ സഭയ്ക്ക് ഉറപ്പുനൽകുന്നു. മത്സ്യമേഖലയിൽ കടലിന്റെ അവകാശം കടലിൽ മീൻപിടിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പുവരുത്തുന്ന സമഗ്രമായ ജലപരിഷ്കരണ നിയമം ആവിഷ്കരിച്ച് നടപ്പിലാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. മത്സ്യത്തൊഴിലാളികളുടെ സുരക്ഷയും പരിരക്ഷയുമാണ് സർക്കാരിന്റെ ലക്ഷ്യം.

ഓഖി ദുരന്തം നമ്മുടെ സഹോദരങ്ങൾക്ക് സംഭവിച്ചതാണെന്ന് കണ്ടുകൊണ്ട് പ്രവർത്തിച്ച എല്ലാവർക്കും നന്ദി പ്രകാശിപ്പിക്കാൻ കൂടി ഈ അവസരം ഉപയോഗിക്കട്ടെ.

## (2) രാഷ്ട്രപിതാവിന്റെ എഴുപതാം രക്തസാക്ഷി ദിനം

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, മൂന്ന് പതിറ്റാണ്ടോളം ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന് നെടുനായകത്വം വഹിക്കുകയും കൊളോണിയൽ ഭരണത്തിൽ നിന്ന് നമുക്ക് സ്വാതന്ത്ര്യം നേടിത്തരികയും ജീവിതത്തിലുടനീളം മതനിരപേക്ഷ സമൂഹത്തിനുവേണ്ടി നിലകൊള്ളുകയും ലോക സമാധാനത്തിന്റെയും വിശ്വമാനവികതയുടെയും സന്ദേശവാഹകനുമായ മഹാത്മാഗാന്ധി രക്തസാക്ഷിയായിട്ട് എഴുപതാണ്ട് തികയുകയാണ്. അഹിംസ, സത്യാഗ്രഹം, നിസ്സഹകരണം എന്നീ ആശയങ്ങളിലൂടെ രാജ്യത്തെ ആബാലവൃദ്ധം ജനങ്ങളെ ബ്രിട്ടീഷ് സാമ്രാജ്യത്വവിരുദ്ധ സമരത്തിൽ അണിനിരത്താൻ അദ്ദേഹത്തിന് കഴിഞ്ഞു. 'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്ന് നിസ്സംശയം പ്രഖ്യാപിക്കാൻ കഴിയുംവിധം സത്യസന്ധവും ആത്മാർത്ഥവുമായിരുന്നു അദ്ദേഹത്തിന്റെ പൊതുജീവിതം.

സ്വാതന്ത്ര്യലബ്ധിക്കുമുമ്പും അതിനുശേഷവും സഹിഷ്ണുതയ്ക്കും സാഹോദര്യത്തിനും മാനവികതയ്ക്കുംവേണ്ടി നിലകൊണ്ടതുകൊണ്ടാണ് അദ്ദേഹത്തിന് രക്തസാക്ഷിയാകേണ്ടിവന്നത്. നാനാജാതി മതസ്ഥർ ഒരുമയോടെ ജീവിക്കുന്ന ഭാരതത്തിൽ സനാതന ഹിന്ദുവെന്ന് സ്വയം വിശേഷിപ്പിച്ചിരുന്ന അദ്ദേഹത്തിന്റെ ജീവൻ അപഹരിച്ചത് മറ്റൊരു സനാതന ഹിന്ദുവായിരുന്നുവെന്ന് സ്വയം അവകാശപ്പെട്ട ആളായിരുന്നുവെന്നത് രാഷ്ട്രം നേരിട്ട ദുര്യോഗമാണ്. അസഹിഷ്ണുതയിൽ അധിഷ്ഠിതമായ ആശയപ്രചരണമാണ് മഹാത്മാഗാന്ധിയുടെ ജീവൻ അപഹരിച്ചത്.

മതാടിസ്ഥാനത്തിൽ ദേശീയതയെ നിർവ്വചിക്കുന്നതിനും മത അടിസ്ഥാനത്തിൽ രാഷ്ട്രങ്ങൾ രൂപീകരിക്കുന്നതിനുമെതിരായി സുവ്യക്തമായ നിലപാടെടുത്ത വ്യക്തിയായിരുന്നു ഗാന്ധിജി. പാകിസ്ഥാനും ഹിന്ദുസ്ഥാനും മാത്രമല്ല, അക്കാലത്ത് മതാടിസ്ഥാനത്തിൽ ഇസ്രായേൽ സ്ഥാപിക്കാനുള്ള ആശയത്തിനും അദ്ദേഹം എതിരായിരുന്നു. മതാടിസ്ഥാനത്തിൽ രാഷ്ട്രം രൂപീകരിക്കപ്പെട്ടാലുണ്ടാകുന്ന ദുരന്തം പാലസ്തീൻ ജനതയുടെ ഇന്നത്തെ അവസ്ഥയിൽനിന്നും നമുക്ക് സുവ്യക്തമാണല്ലോ.

മതാതീതമായ മാനവികതയ്ക്കും സാഹോദര്യത്തിനും സഹിഷ്ണുതയ്ക്കും വേണ്ടിയുള്ള വിട്ടുവീഴ്ചയില്ലാത്ത പോരാട്ടത്തിൽ ജീവൻവെടിഞ്ഞ മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വം 2018 ജനുവരി 30 മുതൽ സാംസ്കാരിക

വകുപ്പിന്റെ നേതൃത്വത്തിൽ 'രക്തസാക്ഷിത്വത്തിന്റെ 70 വർഷങ്ങൾ' എന്ന പേരിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികളോടെ സംസ്ഥാനത്തൊട്ടാകെ ആചരിക്കാൻ ഗവൺമെന്റ് തീരുമാനിക്കുകയാണ്. ഗാന്ധിജി കേരളത്തിൽ സന്ദർശിച്ച സ്ഥലങ്ങളും അദ്ദേഹവുമായി സഹകരിക്കുകയും ഐക്യപ്പെടുകയും ചെയ്ത വ്യക്തികളും ചരിത്ര സന്ദർഭങ്ങളും കോർത്തിണക്കി ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന പരിപാടികൾ ജില്ലകൾതോറും വിപുലമായി ആചരിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്.

ഈ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് കേരള സർവ്വകലാശാലാ സെനറ്റ് ഹാളിൽ ജനുവരി മാസം 30-ന് വൈകുന്നേരം 5.30-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിക്കുന്നതാണ്. ചടങ്ങിൽ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല, മഹാത്മാഗാന്ധിയുടെ പൗത്രനും മഹാത്മാഗാന്ധി ഫൗണ്ടേഷന്റെ അദ്ധ്യക്ഷനും പത്രപ്രവർത്തകനുമായ ശ്രീ. തുഷാർ ഗാന്ധി, സാംസ്കാരിക രംഗത്തെ പ്രമുഖ വ്യക്തികൾ തുടങ്ങിയവർ പങ്കെടുക്കുന്നതാണ്. ഗാന്ധിജിയെക്കുറിച്ചുള്ള കവിതകളുടെയും ജീവിത മുഹൂർത്തങ്ങളുടെയും ദൃശ്യാവിഷ്കരണവും പ്രഭാഷണങ്ങളും സാംസ്കാരിക പരിപാടികളും ഉണ്ടായിരിക്കുന്നതുമാണ്. ജനുവരി 29, 30 തീയതികളിൽ ഗാന്ധിജിയുടെ ജീവിതം ആസ്പദമാക്കി വിപുലമായ എക്സിബിഷൻ വി.ജെ.ടി. ഹാളിൽ സംഘടിപ്പിക്കുന്നുണ്ട്.

ശ്രീനാരായണ ഗുരുവിന്റെ ജാതിയില്ലാ വിളംബരത്തിന്റെ നൂറാം വാർഷികവും സ്വാമി വിവേകാനന്ദന്റെ ചരിത്രപ്രസിദ്ധമായ കേരള സന്ദർശനത്തിന്റെ 125-ാം വാർഷികവും വളരെ വിപുലമായ പരിപാടികളോടെ സാംസ്കാരിക വകുപ്പ് സംഘടിപ്പിക്കുകയുണ്ടായി. വൈവിദ്ധ്യമാർന്ന സാംസ്കാരിക പരിപാടികളും സെമിനാറുകളും ഇതിന്റെ ഭാഗമായി സംഘടിപ്പിക്കാനും വലിയൊരു വിഭാഗം ജനങ്ങളിലേയ്ക്ക് ഇതിന്റെ സന്ദേശം എത്തിക്കാനും കഴിഞ്ഞിട്ടുണ്ട്. സമാനമായ രീതിയിൽ അങ്ങേയറ്റം ജനകീയമായി കക്ഷി-രാഷ്ട്രീയ ഭേദമെന്യേ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളിലേയ്ക്കും എത്തിക്കാനാണ് ഒരു വർഷം നീണ്ടുനിൽക്കുന്ന മഹാത്മജിയുടെ രക്തസാക്ഷിത്വത്തിന്റെ 70 വർഷങ്ങൾ എന്ന പരിപാടി വിഭാവനം ചെയ്തിട്ടുള്ളത്.

മഹാത്മാഗാന്ധി ഉയർത്തിപ്പിടിച്ച സഹിഷ്ണുത, മതനിരപേക്ഷത, മാനവികത എന്നീ മൂല്യങ്ങൾ വിദ്യാർത്ഥികളിലും യുവജനങ്ങളിലും പകർന്നു നൽകുന്നത് രാജ്യത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് അത്യന്താപേക്ഷിതമാണ്. ഗാന്ധിജിയുടെ സൗമ്യസാന്നിദ്ധ്യം പ്രതിമകളിലും ചിത്രങ്ങളിലും സ്ഥാപിച്ച്

ബിംബവൽക്കരിക്കുക മാത്രമല്ല, പകരം ഗാന്ധിജി എന്ന ദേശീയ നേതാവിനെ ആദരിക്കുകയും അദ്ദേഹത്തിന്റെ ചിന്തകൾ ദൈനംദിന സാമൂഹ്യ ജീവിതത്തിൽ സജീവമാക്കുകയുമാണ് വേണ്ടത്. ഗാന്ധിജിയെപ്പോലെതന്നെ മറ്റിതര സ്വാതന്ത്ര്യസമര സേനാനികളെയും തമസ്കരിക്കാനും അപമാനിക്കാനും ശ്രമിക്കുന്ന പ്രതിലോമ ചിന്തകളെ ശക്തമായി നേരിടേണ്ടതും ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

ഗാന്ധിജി ജീവൻ ത്യജിക്കേണ്ടിവന്ന, മതേതരത്വം എന്ന ആ മഹനീയ ആശയത്തിന് ഭംഗം വരുന്ന നിലപാടുകളെ ഗാന്ധിചിന്തകൾ കൊണ്ടുതന്നെ പ്രതിരോധിക്കാൻ നമുക്ക് കഴിയണം. ഗാന്ധിജിയുടെ വധത്തിന് പിന്നിലെ കറുത്ത കൈകളേതെന്ന് പുതുതലമുറ തിരിച്ചറിയേണ്ടതുണ്ട്. ജവഹർലാൽ നെഹ്റു പറഞ്ഞതുപോലെ നമ്മുടെ ആത്മാവുകളിൽനിന്ന് ആ ദിവ്യപ്രഭ പൊലിഞ്ഞുപോയതിന് പിന്നിലെ അന്തർനാടകങ്ങളും പുതിയ തലമുറ അറിയേണ്ടതുണ്ട്. അടുത്ത ഒരു വർഷത്തേയ്ക്ക് തുറന്നിടുന്ന ചർച്ചാവേദികളും സ്മാരക ഭാഷണങ്ങളും ഇതിനുള്ള ഊർജ്ജമായി മാറ്റാനാണ് സാംസ്കാരിക വകുപ്പ് ഉദ്ദേശിക്കുന്നത്. ഈ ക്രിയാത്മകമായ ചർച്ച സമൂഹത്തിന്റെ എല്ലാ ഭാഗങ്ങളിലും വ്യക്തികളിലും എത്തിക്കുന്നതിന് ഈ സഭയുടെ പരിപൂർണ്ണ പിന്തുണ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: 22-1-2018 തിങ്കളാഴ്ച ബഹുമാനപ്പെട്ട ഗവർണർ നയപ്രഖ്യാപനം നടത്തിയതുമായി ബന്ധപ്പെട്ട് ഒരു ക്രമപ്രശ്നം ഉന്നയിക്കണമെന്ന് പ്രതിപക്ഷനേതാവ് ആവശ്യപ്പെട്ടിരുന്നു.

## VI ക്രമപ്രശ്നം

### നയപ്രഖ്യാപന പ്രസംഗത്തിലെ ഒഴിവാക്കപ്പെട്ട ഭാഗങ്ങൾ ചർച്ച ചെയ്യാൻ പാടില്ലെന്നത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, റൂൾ 303 പ്രകാരമാണ് ഞാൻ ഈ ക്രമപ്രശ്നം ഉന്നയിക്കുന്നത്. 2018 ജനുവരി 22-ന് ഗവർണർ നിയമസഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ ഖണ്ഡിക 3, 9 എന്നിവയിലെ ചില വരികളും വാക്കുകളും 41, 66, 78, 85, 92 എന്നീ ഖണ്ഡികകളും പൂർണ്ണമായും ഒഴിവാക്കിയിരിക്കുകയാണ്. മേൽപ്പറഞ്ഞ ഭാഗം ഒഴിവാക്കി വായിച്ചപ്പോൾ, അത് വായിച്ചതായി കരുതണമെന്ന അഭ്യർത്ഥന നടത്താതെയാണ് അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചത്. ഭരണഘടനയുടെ അനുച്ഛേദം 176(1) പ്രകാരം ഗവർണറുടെ വിശേഷാൽ അഭിസംബോധനയാണ്

സഭയിൽ 22-ന് നടന്നത്. ഭരണഘടനയുടെ 176(2) പ്രകാരം അങ്ങനെയുള്ള അഭിസംബോധനയിൽ പരാമർശിക്കുന്ന വിഷയങ്ങളുടെ ചർച്ചയ്ക്ക് സഭാനടപടി ചട്ടങ്ങൾവഴി സമയം അനുവദിക്കണമെന്ന് അനുശാസിക്കുന്നുണ്ട്. കേരള നിയമസഭാ ചട്ടം 15(1) പ്രകാരം ഗവർണറുടെ പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ള വിഷയങ്ങളെ സംബന്ധിച്ച് ചർച്ചചെയ്യാൻ ബഹുമാനപ്പെട്ട സ്പീക്കർ സഭാനേതാവും പ്രതിപക്ഷനേതാവുമായി കൂടിയാലോചിച്ച് സമയം നീട്ടിവയ്ക്കേണ്ടതുണ്ട്. ഗവർണർ സഭയിൽ നടത്തിയ പ്രസംഗം നിയമസഭയുടെ വെബ്സൈറ്റിലുണ്ട്. അതിൽ മേൽപ്പറഞ്ഞ ഭാഗങ്ങൾ ഒഴിവാക്കിയാണ് പ്രസംഗിച്ചിട്ടുള്ളത്. ക്യാബിനറ്റ് അംഗീകരിച്ച് നൽകുന്ന നയപ്രഖ്യാപനം സഭയിൽ അവതരിപ്പിക്കുക എന്ന കർത്തവ്യമാണ് ഗവർണറിൽ നിക്ഷിപ്തമായിട്ടുള്ളത്. ഇതുസംബന്ധിച്ച് ബംഗാളിലെ ഏറ്റവും പ്രശസ്തനായ പ്രൊഫസർ ശിവരഞ്ജൻ ചാറ്റർജിയുടെ Governor's Role in Indian Constitution എന്ന പുസ്തകത്തിലെ പ്രസക്ത ഭാഗം ഞാൻ ക്വാട്ട് ചെയ്യുകയാണ്. "It was the intention of the Constitution makers that Governor's speech would be prepared by the Council of Ministers and Governor would read it. Any attempt to violate this would amount to breach of the spirit of the Constitution. If not its words, if a Governor violate its convention and deletes any para of the address under the cloak of his discretionary power, his action may not be unlawful from a rigid legislative view point. But this will surely strike the roots of the norms of the Parliamentary system of the Government" എന്നാണ് പറഞ്ഞിട്ടുള്ളത്. 1969-ൽ നമ്മുടെ നിയമസഭയിൽ, പശ്ചിമ ബംഗാൾ നിയമസഭയിൽ അന്നത്തെ ഗവർണർ ധർമ്മവീര നയപ്രഖ്യാപന പ്രസംഗത്തിലെ ചില ഭാഗങ്ങൾ വിട്ടതിനെ സംബന്ധിച്ച് അന്നത്തെ മുഖ്യമന്ത്രി ഇ.എം.എസ്. നമ്പൂതിരിപ്പാട് ഒരു പ്രമേയം മൂവ് ചെയ്യുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രമേയമിതാണ്. 'I move that the situation arising out of this non fulfillment of the Constitution obligations on the part of the Governor of West Bengal by his refusal to read certain passages of his opening speech prepared by the Cabinet. In so far, as it endangers of the future of the Cabinet system of Government in the Country be taken into consideration' എന്നായിരുന്നു ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് അന്ന് നിയമസഭയിൽ അവതരിപ്പിച്ച പ്രമേയം. ബംഗാൾ നിയമസഭയിൽ ഗവർണർ നടത്തിയ പ്രസംഗത്തിന്റെ ഖണ്ഡികകൾ ഗവർണർ ധർമ്മവീര വായിക്കാതെ വിട്ടതിനെ സംബന്ധിച്ച് ധാരാളം ചർച്ചകൾ പാർലമെന്റിലും അസംബ്ലിയിലുമൊക്കെ നടന്നിട്ടുണ്ട്. അന്ന് ഇ.എം.എസ്. പറഞ്ഞത് ഞാൻ ക്വാട്ട് ചെയ്യുകയാണ്. 'ഗവർണർ കൗൺസിൽ ഓഫ് മിനിസ്റ്റേഴ്സിന്റെ ഉപദേശമനുസരിച്ച് പ്രവർത്തിക്കണം. ആ ഉപദേശമനുസരിച്ച് പ്രവർത്തിക്കാൻ ഗവർണർക്ക് വൈമുഖ്യം വന്നാൽ, ചെരിപ്പ് കാലിന് പറ്റുന്നില്ലെന്ന് വന്നാൽ കാൽ മുറിക്കുകയല്ല

വേണ്ടത്, ചെരിപ്പ് മാറ്റുകയാണ് വേണ്ടത്.' അതുപോലെ വൈമുഖ്യം വന്നാൽ ഗവർണറെ മാറ്റണം. സമാനമായ നിരവധി ഒബ്സർവേഷൻസ് കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ ധാരാളം പ്രഗത്ഭരായ വ്യക്തികൾ നടത്തിയിട്ടുള്ളതാണ്. നമ്മുടെ ഗവർണർ ചെയ്തത് എന്താണ്; മൂന്നാം ഖണ്ഡികയിൽ communal എന്ന പദവും ഒമ്പതാം ഖണ്ഡികയിലെ കേന്ദ്രസർക്കാരിനെ വിമർശിക്കുന്ന ഭാഗവുമാണ് അദ്ദേഹം ഒഴിവാക്കിയത്. ഇതുകൂടാതെ അഞ്ച് ഖണ്ഡികകൾ പൂർണ്ണമായി അദ്ദേഹം ഒഴിവാക്കി. നമ്മുടെ നിയമസഭയിൽ ഇതിനുമുമ്പും ഗവർണർമാർ മുഴുവൻ പ്രസംഗങ്ങളും വായിക്കാറില്ല. 1982-ൽ ഞാൻ ഈ സഭയിലുണ്ടായിരുന്നതാണ്. അന്ന് ജനുവരി 29-ാം തീയതി ബഹളം കാരണം ഗവർണർക്ക് പ്രസംഗിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം അത് പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ തന്റെ പ്രസംഗം വായിച്ചതായി കണക്കാക്കണമെന്നാണ് ആവശ്യപ്പെട്ടത്. 2001 ജൂൺ 29-ാം തീയതി ഗവർണറുടെ പ്രസംഗത്തിലെ നാലാം ഖണ്ഡിക ഒഴിവാക്കിയാണ് ഗവർണർ വായിച്ചത്. ഇതുസംബന്ധിച്ച് ഗവർണറുടെ ഭാഗത്തുനിന്നും യാതൊരു പരാമർശവും അന്നുണ്ടായില്ല. അതുസംബന്ധിച്ച് സഭയിൽ ക്രമപ്രശ്നം വന്നപ്പോൾ അന്നത്തെ സ്പീക്കർ നൽകിയ റൂളിംഗ് ഞാൻ വായിക്കാം. "ഇതിനുമുമ്പും സഭയിൽത്തന്നെ ബഹളമുണ്ടായപ്പോൾ ആയിരിക്കാം ഗവർണർ പ്രസംഗം മുഴുവൻ വായിക്കാതിരുന്നിട്ടുള്ളത്. പക്ഷേ പ്രസംഗം മുഴുവൻ വായിച്ചതായി കണക്കാക്കിയിട്ടുണ്ട്. മനഃപൂർവ്വം വായിക്കാതിരുന്നെങ്കിൽ അത് ഗുരുതരമായ പ്രശ്നമാണ്" എന്ന് അന്നത്തെ സ്പീക്കർ റൂൾ ചെയ്യുകയുണ്ടായി.

കേന്ദ്രഗവൺമെന്റിനെ വിമർശിക്കുന്ന ഭാഗം ഖണ്ഡിക 9-ൽനിന്നും അദ്ദേഹം ഒഴിവാക്കിയത് മനഃപൂർവ്വം തന്നെയാണെന്നുവേണം കരുതാൻ. അതുപോലെ തന്നെ മറ്റ് അഞ്ച് പാരഗ്രാഫുകളിൽ പറഞ്ഞിട്ടുള്ള സർക്കാർ നയത്തെപ്പറ്റി അദ്ദേഹത്തിന് അഭിപ്രായ വ്യത്യാസമുണ്ടായതുകൊണ്ടാകാം ഒഴിവാക്കിയത്. പ്രത്യേകിച്ച്, വനങ്ങളിൽ യാതൊരു കയ്യേറ്റവും ഉണ്ടാകുന്നില്ലെന്ന സർക്കാരിന്റെ ഉറപ്പ് മൂന്നാറിലെ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ ഒഴിവാക്കിയതാകാം. അതിനാൽ ഗവർണർ ഒഴിവാക്കിയതൊഴികെയുള്ള നയപ്രഖ്യാപന പ്രസംഗം മാത്രമേ ചർച്ചയ്ക്ക് വിധേയമാക്കാൻ പാടുള്ളൂവെന്നാണ് എനിക്ക് പറയാനുള്ളത്. ഗവർണർ പ്രസംഗത്തിൽനിന്നും കേന്ദ്ര ഗവൺമെന്റിനെ വിമർശിക്കുന്ന ഭാഗങ്ങൾ ഒഴിവാക്കിയത് തീർത്തും തെറ്റായ നടപടിയാണ്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയങ്ങളെ വിമർശിക്കാൻ ക്യാബിനറ്റിന് അധികാരമുണ്ട്, മന്ത്രിസഭയ്ക്ക് അധികാരമുണ്ട്. മന്ത്രിസഭ തയ്യാറാക്കുന്ന പ്രസംഗം അതേപടി വായിക്കാനുള്ള ഉത്തരവാദിത്വം ഗവർണർക്കുണ്ട്. ഇതുസംബന്ധിച്ച് ഗവർണറുടെ ഭാഗത്തുനിന്നോ അദ്ദേഹത്തിന്റെ ഓഫീസിൽനിന്നോ മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നോ ഒരു ക്ലാരിഫിക്കേഷനും പിന്നീട് ഉണ്ടായിട്ടില്ല. ഇന്നിവിടെ നിയമസഭയിൽ നന്ദിപ്രമേയത്തിന്റെ ചർച്ച വരുന്ന ഈ സമയത്ത് എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്, അദ്ദേഹം വായിക്കാത്ത ഭാഗങ്ങൾ സഭയുടെ

രേഖയിലുണ്ടെന്ന് പറയാത്തതുകൊണ്ട് ആ ഭാഗങ്ങൾ സഭയുടെ ചർച്ചയ്ക്ക് വിധേയമാക്കാൻ പാടില്ല. ഇതുസംബന്ധിച്ച് ബഹുമാന്യനായ സ്പീക്കറുടെ റൂളിംഗ് ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ഗവർണറുടെ സ്പീച്ച് സംബന്ധിച്ച് ശക്ധർ ആന്റ് കൗൾ തയ്യാറാക്കിയ Practice and Procedure of Parliament എന്ന പുസ്തകത്തിലും Governor's role in the Indian Constitution എന്ന പുസ്തകത്തിലും വളരെ വ്യക്തമായി പറയുന്നുണ്ട്. Practice and Procedure of Parliament എന്ന പുസ്തകത്തിൽ പറയുന്നത് : "If any error is detected by a ministry in the Address after it has been delivered by the President കേന്ദ്രത്തിൽ പ്രസിഡന്റ്, ഇവിടെ ഗവർണർ, and a copy thereof laid on the Table, the procedure for correcting the error is for the Ministry concerned to bring it to the notice of the President. On his approving of the correction being made, the President may send a message to the House, either addressed direct to the Speaker or conveyed to him through a Minister which, when, announced and laid on the Table is incorporated in the proceedings and official records of the House;" അതായത്, ഒരു കാര്യം വിട്ടുപോയിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ, ഒരു ചെറിയ തിരുത്ത് വേണമെങ്കിൽ ഇത്രയും വലിയ പ്രൊസീഡ്യുവർ ആവശ്യമാണ്. ഇങ്ങനെയൊരു ഭാഗം വിട്ടുപോയിട്ടുണ്ട്, മനഃപൂർവ്വമാണോ എന്നത് ഗവർണറെ അറിയിക്കണം. തെറ്റിയതാണെങ്കിൽ അത് സ്പീക്കറെ അറിയിക്കണം. അല്ലെങ്കിൽ പാർലമെന്ററി അഫയേഴ്സ് മിനിസ്ട്രിയെ അറിയിക്കണം. അത് തിരുത്തണമെങ്കിൽ ടേബിളിൽ ലേ ചെയ്യണം. ഒരു ചെറിയ വാക്ക് മാറിയതിന്റെ പേരിൽ ആ കാലഘട്ടത്തിലുള്ള പല കാര്യങ്ങളെയും ശക്ധർ ആന്റ് കൗൾ ക്വാട്ട് ചെയ്യുന്നുണ്ട്. അതിലെ ചെറിയ ഗ്രാമർ മിസ്റ്റേക്ക്സ് പോലും സഭയിൽ വന്ന് മാറ്റിയാൽ മാത്രമേ അച്ചടിച്ചുവന്നിട്ടുള്ള പുസ്തകത്തെ അതേപോലെ ചർച്ചയ്ക്കെടുക്കാൻ പറ്റുകയുള്ളൂ. ഇതിനകത്ത് അന്ന് വന്നിട്ടുള്ള വാക്കുകളെന്ന് പറയുന്നത്, the last word too എന്നുപറഞ്ഞത് to be substituted by the word by എന്നാണ്. അതുപോലെ 49 bills എന്നുപറയുന്നത് 59 bills ആണ്. അതായത്, ഗവർണറുടെ സ്പീച്ചുമായി ബന്ധപ്പെട്ട് ഒരു ചെറിയ അക്ഷരത്തെറ്റുപോലും എത്രത്തോളം ഗൗരവത്തിൽ കാണണമെന്നുള്ളതിനെക്കുറിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളുണ്ട്. ഇതേ രീതിയിൽത്തന്നെ ത്രിപുരയിലും നടന്നു. ത്രിപുരയിലെ ഗവർണറും സെൻട്രൽ ഗവൺമെന്റിനെതിരെയുള്ള പ്രധാനപ്പെട്ട ഭാഗങ്ങൾ വിട്ടുകൊണ്ടാണ് സംസാരിച്ചത്. അത് വലിയ പ്രശ്നങ്ങൾ അവിടെയുണ്ടാക്കിയിട്ടുണ്ട്. അതിനെതിരെ ശക്തമായ നിലപാട് അവിടത്തെ പാർട്ടികൾ സ്വീകരിച്ചിട്ടുണ്ട്. രണ്ട് ഘട്ടത്തിൽ, ഗവർണർക്ക് അസുഖമുണ്ടാകുക അല്ലെങ്കിൽ സ്പീച്ചിനെ തടസ്സപ്പെടുത്തുന്ന രീതിയിൽ ബഹളമുണ്ടാകുക എന്നീ ഘട്ടങ്ങളിലാണ് പാരഗ്രാഫുകൾ വിട്ടുകൊണ്ട് വായിക്കുന്ന സാഹചര്യമുണ്ടായിട്ടുള്ളത്. ഇത്രയും ഭാഗം വിടുമെന്ന് പറഞ്ഞുകൊണ്ട് ഗവർണർ മുഖ്യമന്ത്രിക്ക് വിവരം നൽകിയിട്ടുണ്ടോയെന്നാണ് ഞങ്ങൾക്ക് അറിയേണ്ടത്.

അതല്ല, അത്തരം ഘട്ടങ്ങളിൽ ഞാൻ ഈ ഭാഗം വിടുന്നുവെന്ന് ഗവർണർ പറയാറുണ്ട്, അതുപോലും അദ്ദേഹം പറഞ്ഞിട്ടില്ല. വെട്ടിമാറ്റിയിട്ടുള്ളത് വളരെ നിർണ്ണായകമായ ചില കാര്യങ്ങളാണ്. ഗവർണറെക്കുറിച്ചുതന്നെ നമ്മൾ ഇതിനകത്ത് പറഞ്ഞാലാണ് പ്രശ്നം വരുന്നത്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞിട്ടുള്ള കാര്യം, ആ കാലഘട്ടത്തിൽ ഗവർണറെ സംബന്ധിക്കുന്ന ഒരു കാര്യംതന്നെ അന്നത്തെ ഗവർണേഴ്സ് സ്പീച്ചിൽ ഒരു മിനിസ്ട്രി എഴുതിക്കൊടുത്തപ്പോൾ അദ്ദേഹം ആ ഭാഗം വിട്ടു. അല്ലെങ്കിൽ ഒരു ചരിത്രത്തെക്കുറിച്ച് വാചാലമായി പറയുന്ന കാര്യമാണെങ്കിൽ അത് വിടാമെന്നുള്ളതിനെക്കുറിച്ചും പറയുന്നുണ്ട്. പക്ഷെ, വളരെ നിർണ്ണായകമായ ഫ്യൂച്ചറിനെക്കുറിച്ചും ഈ കാലഘട്ടത്തെക്കുറിച്ചും പറയുന്ന ഗവൺമെന്റിന്റെ വ്യക്തമായ നയം, ഇവിടത്തെ ക്രമസമാധാനത്തെ സംബന്ധിക്കുന്ന വ്യക്തമായ നയം വരുന്ന ഭാഗം വിട്ടതിൽ നമ്മൾ നിശ്ശബ്ദത പാലിക്കാൻ പാടില്ല. അതുകൊണ്ട് ഇത്രയും ഗൗരവമായ വിഷയമായതുകൊണ്ട് ഇത് ചർച്ചയ്ക്കെടുക്കുന്നതിന് മുമ്പ് അങ്ങ് ഈ ഭാഗങ്ങൾ ഇതിനകത്ത് ഇൻകോർപ്പറേറ്റ് ചെയ്യുന്നതിനുള്ള നടപടികളെടുക്കാതെ, പ്രിന്റുചെയ്ത് തന്നിട്ടുള്ള നയപ്രഖ്യാപന പ്രസംഗം വച്ചുകൊണ്ടുള്ള ഒരു പ്രമേയം ഇവിടെ ചർച്ചചെയ്യുന്നത് ശരിയല്ല. രണ്ട് പ്രസംഗം ഇവിടെയുണ്ടോയെന്നാണ് ഞങ്ങൾക്ക് സംശയം. ഒന്ന്, ഞങ്ങൾക്ക് കയ്യിൽ കിട്ടിയ പ്രസംഗവും മറ്റൊന്ന് ഗവർണർ ചെയ്ത പ്രസംഗവും. ഇതിൽ ഏത് നയപ്രഖ്യാപന പ്രസംഗമാണ് ഇവിടെ ചർച്ച ചെയ്യാൻ പോകുന്നതെന്നുകൂടി സ്പീക്കർ ഞങ്ങൾക്ക് പറഞ്ഞുതരണം.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഡെപ്യൂട്ടി ലീഡറും പറഞ്ഞ കാര്യങ്ങൾതന്നെ അടിവരയിട്ടുകൊണ്ട് പറയാനാണ് ഞാനും ആഗ്രഹിക്കുന്നത്. ഇവിടെ പല പാരഗ്രാഫുകളും മനഃപൂർവ്വം വിട്ടുകളഞ്ഞതായാണ് മനസ്സിലാക്കാൻ കഴിയുന്നത്. ശക്ധർ ആന്റ് കൗൾ അനുസരിച്ചുള്ള കാര്യങ്ങളും അതോടൊപ്പംതന്നെ മറ്റ് കീഴ്വഴക്കങ്ങളും, ബംഗാൾ നിയമസഭയിൽ നടന്ന ഒരു സംഭവവും കേരള നിയമസഭയിൽ 1969-ൽ ഇ. എം. എസ്. മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ ചർച്ച ചെയ്ത കാര്യങ്ങളും ഉൾപ്പെടെ ഇവിടെ സൂചിപ്പിച്ചു. പല പേജുകളും പ്രത്യേകിച്ച്, 5-ാം പേജിൽ 'സഹകരണ ഫെഡറലിസത്തെ അട്ടിമറിച്ച്, സംസ്ഥാന സർക്കാരിനെ മറികടന്നുകൊണ്ട് ജില്ലാ ഭരണാധികാരികളുമായും തദ്ദേശസ്ഥാപനങ്ങളുമായും നേരിട്ട് ഇടപെടാനുള്ള കേന്ദ്ര സർക്കാരിന്റെ പ്രവണത നമ്മെ അസ്വസ്ഥമാക്കുന്നുണ്ട് എന്ന ഭാഗവും വനം കയ്യേറ്റത്തെ സംബന്ധിക്കുന്ന ഭാഗവും എന്തുകൊണ്ടാണ് ഒഴിവാക്കിയതെന്ന് മനസ്സിലാകുന്നില്ല. ഇവിടെ പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ, ഇടുക്കിയിൽ ഈ അടുത്തകാലത്തുണ്ടായ വാർത്തകൾ പ്രത്യേകിച്ച്, അവിടത്തെ പാർലമെന്റ് അംഗം അടക്കമുള്ള ആളുകൾ വനം കയ്യേറിയെന്നുള്ള ആരോപണങ്ങളൊക്കെ

ഉള്ളതുകൊണ്ടാവാം വനം കയ്യേറ്റവുമായി ബന്ധപ്പെട്ട ഒരുഭാഗം ഒഴിവാക്കിയത്. എങ്കിൽപ്പോലും പ്രതിപക്ഷനേതാവും ഡെപ്യൂട്ടി ലീഡറും പറഞ്ഞതനുസരിച്ച് ഇത് ഒരു കാരണവശാലും ഒഴിവാക്കാൻ പാടുള്ളതല്ല. അതുകൊണ്ട് സർക്കാർ നിലപാട് വ്യക്തമാക്കണമെന്നും നയപ്രഖ്യാപനത്തിൽ ഉൾപ്പെടാത്ത ഭാഗങ്ങൾ ഒഴിവാക്കിക്കൊണ്ടുള്ള സ്പീക്കറുടെ റൂളിംഗ് ഉണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ഗവർണർ വായിച്ച പ്രസംഗത്തിൽ, ഞാൻ ഇന്ന ഭാഗം മനഃപൂർവ്വമായി വിടുന്നുവെന്ന് അദ്ദേഹം പറയാത്തിടത്തോളംകാലം ഈ രേഖ സഭയുടെ ഭാഗമാണ്, സഭയുടെ മേശപ്പുറത്ത് വച്ചതുപോലെതന്നെയാണ്. അത് ഗവർണറുടെ പ്രസംഗത്തിന്റെ ഭാഗമായിട്ടുള്ള കാര്യമാണ്. മനഃപൂർവ്വം ഞാൻ ഇന്ന പാരഗ്രാഫ് വിടുന്നുവെന്ന് ഗവർണർ പറയാത്തിടത്തോളംകാലം ആ പ്രസംഗം പൂർണ്ണമായ പ്രസംഗമാണ്. അത് നീക്കിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, അനാവശ്യമായുള്ള ഒരു വിവാദം ബോധപൂർവ്വം ഉണ്ടാക്കുകയാണ്. ഇതിൽ യാതൊരു പ്രശ്നവുമില്ല. എത്ര പാരഗ്രാഫ് വിട്ടാലും ഇത് ഗവർണർ authenticate ചെയ്ത് അംഗീകരിച്ച് പ്രിന്റ് ചെയ്ത് സഭയിൽ കൊടുത്ത നയപ്രഖ്യാപന പ്രസംഗമാണ്. അതിൽ ഒരു മാറ്റവും ബഹുമാനപ്പെട്ട ഗവർണർ വരുത്തിയിട്ടില്ല. രണ്ട് അവസരം ബഹുമാനപ്പെട്ട ഗവർണർക്കുണ്ടായിരുന്നു. ക്യാബിനറ്റ് തീരുമാനിച്ച് അദ്ദേഹത്തിന്റെ സമ്മതത്തിനുവേണ്ടി കൊടുത്ത സമയത്ത് ഒരു രൂപത്തിലുള്ള scriptures-ഉം ബഹുമാനപ്പെട്ട ഗവർണറുടെ ഭാഗത്തുനിന്നും ഉണ്ടായിരുന്നില്ല. ശ്രീ. അടൽ ബിഹാരി വാജ്പേയി പ്രധാനമന്ത്രിയായിരുന്ന സമയത്ത് ഇന്ത്യൻ പ്രസിഡന്റായിരുന്ന കെ. ആർ. നാരായണൻ പ്രസിഡന്റ്സ് സ്പീച്ചിൽനിന്നും ചില ഭാഗങ്ങൾ ഒഴിവാക്കണമെന്നുപറഞ്ഞ് ഗവൺമെന്റിലേയ്ക്ക് തിരിച്ചയച്ചു. ഗവൺമെന്റ് അത് അംഗീകരിച്ചു. അത് ബഹുമാനപ്പെട്ട പ്രസിഡന്റ് വായിക്കുകയും ചെയ്തു. ഒരു പ്രശ്നവും ഉണ്ടായിരുന്നില്ല. ഇവിടെ ക്യാബിനറ്റ് അംഗീകരിച്ച് ഗവർണർക്ക് കൊടുത്ത പ്രസംഗം ഗവർണർ അംഗീകരിച്ചു, ഇവിടെ വന്ന് ഏതെങ്കിലും വാക്കുകൾ ബോധപൂർവ്വം വിട്ടുകളയണമെന്ന് ബഹുമാനപ്പെട്ട ഗവർണർക്ക് തോന്നിയിരുന്നുവെങ്കിൽ ബഹുമാനപ്പെട്ട കെ. സുരേഷ് കുറുപ്പ് പറഞ്ഞതുപോലെ എനിക്ക് ഈ വാചകത്തോട് വിയോജിപ്പുണ്ട് അത് ഇതിൽനിന്നും ഒഴിവാക്കണമെന്ന് ഗവർണർ പറയുമായിരുന്നു. രണ്ട് അവസരത്തിലും ഗവർണർ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടില്ല. അനാവശ്യമായി ഗവൺമെന്റും ഗവർണറും തമ്മിൽ എന്തോ വൈരുദ്ധ്യമുണ്ടെന്ന് വരുത്തുന്നതിനുള്ള കുശാഗ്ര ബുദ്ധിയാണ് ഇതിന്റെ പിന്നിലുള്ളത്. അതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട് ഒരു രൂപത്തിലുള്ള വിശദീകരണവും ഗവർണറോട് ചോദിക്കേണ്ടതില്ലെന്നാണ് എന്റെ അഭിപ്രായം.

1.00 PM]

## റൂളിംഗ്

മി. സ്പീക്കർ: ഇന്ത്യൻ ഭരണഘടനയിലെ 176(1) പ്രകാരം സംസ്ഥാന ഗവർണർമാർ നിയമസഭയിൽ നടത്തിയിട്ടുള്ള നയപ്രഖ്യാപന പ്രസംഗങ്ങളെ സംബന്ധിച്ച് നിരവധി ക്രമപ്രശ്നങ്ങളും നിയമപ്രശ്നങ്ങളും രാജ്യത്തൊട്ടാകെ മുമ്പും ഉയർന്നുവന്നിട്ടുണ്ട്. അനുച്ഛേദം 87(1) പ്രകാരം ഇന്ത്യൻ രാഷ്ട്രപതി പാർലമെന്റിലെ ഇരുസഭകളിലെയും അംഗങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് നടത്തിയ പ്രസംഗങ്ങളെ സംബന്ധിച്ച് വിമർശനങ്ങളും ആക്ഷേപങ്ങളും സഭാതലത്തിലും നിയമകോടതികളിലും ഉയർന്നുവന്നിട്ടുണ്ട്. അത് നമുക്കെല്ലാം അറിവുള്ളതാണ്. അത്തരം സന്ദർഭങ്ങളിലൊക്കെത്തന്നെ സഭാദ്ധ്യക്ഷൻമാരും കോടതികളും പൊതുവായി സ്വീകരിക്കപ്പെട്ട സമീപനവും ചരിത്രത്തിന്റെ ഭാഗമാണ്. കേരള നിയമസഭയിൽ മുൻകാലങ്ങളിൽ ഗവർണർമാർ നടത്തിയിട്ടുള്ള പ്രസംഗം പരിശോധിച്ചാൽ ഒട്ടേറെ തവണ പ്രസംഗങ്ങൾ പൂർണമായി വായിച്ചിരുന്നില്ല എന്ന് കാണാവുന്നതാണ്. വിവിധങ്ങളായ കാരണങ്ങളാലാണ് പ്രസംഗങ്ങൾ പൂർണ്ണമായി വായിക്കപ്പെടാതിരുന്നതെങ്കിൽക്കൂടി അതുസംബന്ധിച്ച് സഭാതലത്തിൽ ക്രമപ്രശ്നങ്ങൾ ഉയർന്നുവന്നപ്പോൾ അതാത് കാലങ്ങളിലെ സ്പീക്കർമാർ നൽകിയിട്ടുള്ള റൂളിംഗുകൾ ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. അത്തരത്തിൽ വളരെ പ്രസക്തമായ ഏതാനും സന്ദർഭങ്ങൾ മാത്രം ഇവിടെ ചൂണ്ടിക്കാണിക്കാൻ ചെയർ ആഗ്രഹിക്കുകയാണ്. 1982 ജനുവരി 29-ാം തീയതിയിലെ ഗവർണറുടെ പ്രസംഗം മുഴുവനായി വായിക്കാതിരുന്നത് സംബന്ധിച്ച ക്രമപ്രശ്നത്തിൻമേൽ അന്നത്തെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. സി. ജോസ്, 1982 ഫെബ്രുവരി 5-ാം തീയതി നടത്തിയ റൂളിംഗ്, 1996 ജൂലൈ 12-ാം തീയതിയിലെ ഗവർണറുടെ പ്രസംഗം സംബന്ധിച്ച് 1996 ജൂലൈ 16-ാം തീയതി ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാർ നടത്തിയ റൂളിംഗ്, 2001 ജൂൺ 29-ാം തീയതിയിലെ ഗവർണറുടെ പ്രസംഗം സംബന്ധിച്ച് 2001 ജൂലൈ 2-ാം തീയതി ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമൻ നടത്തിയ റൂളിംഗ്. മേൽപ്പറഞ്ഞ സന്ദർഭങ്ങളിൽ ഉണ്ടായിട്ടുള്ള വ്യക്തമായ റൂളിംഗുകളുടെ അടിസ്ഥാനത്തിൽ ജനുവരി 22-ാം തീയതി ബഹുമാനപ്പെട്ട ഗവർണർ ഈ സഭയിൽ നടത്തിയ പ്രസംഗത്തെ സംബന്ധിച്ച് ഇവിടെ ഉയർന്നുവന്ന ക്രമപ്രശ്നങ്ങൾ വിലയിരുത്തുമ്പോൾ ബഹുമാന്യരായ എന്റെ മുൻഗാമികൾ വളരെ അവധാനതയോടെ നൽകിയിട്ടുള്ള റൂളിംഗുകളുടെ സ്പിരിറ്റ് ഉൾക്കൊള്ളാതിരിക്കാനോ അതിന്റെ അന്ത:സത്തയിൽനിന്നും വ്യതിചലിക്കാനോ വേറിട്ട് റൂളിംഗ് നൽകുന്നതിനോ ചെയറിനെ പ്രേരിപ്പിക്കുന്ന ഒരു ഘടകവും ഇല്ലെന്നതന്നെയാണ് കാണുന്നത്. അതുകൊണ്ടുതന്നെ ഉയർന്നുവന്ന ക്രമപ്രശ്നങ്ങൾ നിലനിൽക്കുന്നതല്ലെന്നും ഇവിടെ അച്ചടിച്ച് വിതരണം ചെയ്ത പ്രസംഗത്തിൽ ഏതെങ്കിലും തരത്തിലുള്ള തിരുത്തലുകൾ ബഹുമാനപ്പെട്ട ഗവർണർ നിർദ്ദേശിച്ചിട്ടില്ലാത്തതിനാൽ അത് പൂർണ്ണമായും ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗമായി പരിഗണിക്കാവുന്നതാണെന്നും വായിക്കാൻ വിട്ടുപോയത് ഒരു കാരണമായി കാണാനാകില്ലെന്നും ചെയർ റൂൾ ചെയ്യുന്നു.

## VII ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

മി.സ്പീക്കർ: ഗവർണറുടെ നന്ദിപ്രമേയത്തിന്മേലുള്ള ചർച്ച ആരംഭിക്കുകയാണ്. ശ്രീ. മുല്ലക്കര രത്നാകരന് 2018 ജനുവരി 22-ാം തീയതി ബഹുമാനപ്പെട്ട ഗവർണർ കേരള നിയമസഭയിൽ നടത്തിയ പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിക്കാവുന്നതാണ്.

1.06 PM]

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, "2018 ജനുവരി 22-ാം തീയതി ഗവർണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്നു." എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, കേരളം ഇന്നത്തെ അവസ്ഥയിൽ എത്തിച്ചേർന്നതിൽ പലതരത്തിലുള്ള കയറ്റിറക്കങ്ങളും രാഷ്ട്രീയ സാമൂഹിക സാംസ്കാരിക വഴികളുമുണ്ട്. ഇന്നെത്തിയിരിക്കുന്ന സാഹചര്യത്തിൽനിന്നും നമ്മൾ എത്തേണ്ടുന്ന വഴികളിലേയ്ക്ക് എങ്ങനെ നടക്കണമെന്ന് കൃത്യമായി നയപ്രഖ്യാപന പ്രസംഗത്തിൽ വിവരിച്ചിട്ടുണ്ട്. അതിൽ ഒരു യോജിപ്പുണ്ടാകണം, നമുക്കൊരു മിഷനുണ്ടാകണം, ലോകത്തെക്കുറിച്ച് നമുക്കൊരു ധാരാണയുണ്ടാകണം, നമ്മുടെ രാജ്യം നേരിടുന്ന ഇന്നത്തെ അവസ്ഥയെക്കുറിച്ചുള്ള, അതിന്റെ ഇരുട്ടിനെക്കുറിച്ചുള്ള ആഴമറിയണം. കേരളം ഒരു വെളിച്ചത്തിന്റെ തുരുത്തായി എങ്ങനെ നിൽക്കണമെന്ന് നമുക്ക് യോജിപ്പോടെ കൈകോർത്ത് കൈക്കൊള്ളേണ്ട ഒരു ധാരണയുണ്ടാകേണ്ടതുണ്ട്. ഇതെല്ലാമാണ് ഈ പ്രസംഗത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ആ കാര്യങ്ങളുമായി മുന്നോട്ടു പോകുന്നതിന് വേഗതയേറിയ ഒരു നടപ്പാത സൃഷ്ടിക്കേണ്ടതുണ്ട്. ചില ധാരണകൾ പുതുതായി രൂപീകരിക്കണം. നമ്മൾ ഏത് മാറ്റമാണോ ആഗ്രഹിക്കുന്നത് ആ മാറ്റം നമ്മിലൂടെ തന്നെ ആകണമെന്ന് മഹാത്മാഗാന്ധി പറഞ്ഞത് വളരെ ശരിയാണ്. മഹാത്മാഗാന്ധി സ്വാതന്ത്ര്യസമര കാലത്ത് പറഞ്ഞ ഒരു കാര്യം, അതിരുറ്റ ആത്മവിശ്വാസവും നിശ്ചയദാർഢ്യവുമുള്ള ഒരു സംഘത്തിന് ചരിത്രംതന്നെ തിരുത്തിക്കുറിക്കാനാകും, അത് അങ്ങനെയുള്ളവർക്കേ കഴിയൂ എന്നാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി അങ്ങനെയൊരു സംവിധാനമാണ്, അങ്ങനെയൊരു സംഘമാണ്. ഇന്നുള്ള ലോക ചരിത്രത്തിൽ ധാരാളം പിഴവുകളും കുറ്റങ്ങളും ചുഴികളും തെറ്റുകളുമുണ്ട്. അത് വാതിൽ തുറന്ന് ഇങ്ങോട്ട്

കയറാതിരിക്കാനും ഇവിടത്തെ വെളിച്ചം ലോകത്തേയ്ക്ക് പകരാനുമുള്ള ഒരു സംഘമായിട്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ജനങ്ങളോടൊപ്പംനിന്ന് പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നത്. 1957-ൽ കേരളത്തിൽ സംഭവിച്ചത് ഒരത്ഭുതമാണ്, 1956-ൽ കേരള സംസ്ഥാനം രൂപംകൊണ്ട്, 1957-ൽ ബാലറ്റ് പെട്ടിയിലൂടെയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വരുന്നത്. കേരളത്തിന്റെ ചരിത്രത്തിൽ ഒറ്റയ്ക്ക് ഭരിക്കാൻ കഴിഞ്ഞ ഒരേയൊരു പാർട്ടി 1957-ൽ അധികാരമേറ്റ കമ്മ്യൂണിസ്റ്റ് ഗവൺമെന്റാണ്. പിന്നീട് കേരളത്തിൽ ഭരണം നടത്തിയിട്ടുള്ളത് മുന്നണികളായിരുന്നു. ആ മുന്നണി സംവിധാനത്തിലേയ്ക്ക് പോയത് കോൺഗ്രസ് ചെയ്ത ഒരു പാപത്തിന്റെ ഫലമാണ്. ശ്രീ. എ. കെ. ആന്റണിതന്നെ ഏറ്റുപറഞ്ഞിട്ടുള്ള കാര്യമായതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് കൂടുതൽ പറയുന്നില്ല. അത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാനും തെറ്റുകൾ തിരുത്താനും കേരളത്തിനൊന്നാകെ ബാധ്യതയുണ്ട്. 1957-ൽ തുടങ്ങി കേരളം ഇവിടെ എത്തി നിൽക്കുമ്പോൾ, ഒരുപാട് അവാർഡുകൾ കിട്ടുമ്പോൾ, ലോകത്തുനിന്ന് ഒരുപാട് പ്രശംസകൾ ഏറ്റുവാങ്ങുമ്പോൾ, ഇന്ത്യയിൽത്തന്നെ പലതിലും നമ്മൾ ഒന്നാം സ്ഥാനത്ത് നിൽക്കുമ്പോൾ ഇന്നലെ നയിച്ച നേതാക്കൻമാരോടും ഇന്നലെ നടന്ന പോരാട്ടങ്ങളോടും അതിന്റെ ഓർമ്മകളോടും നമ്മൾ ബഹുമാനം പുലർത്തേണ്ടതുണ്ട്. അതോടൊപ്പംതന്നെ അതിന്റെ നന്മകൾ നഷ്ടപ്പെടാതെ സൂക്ഷിച്ച് മുന്നോട്ടുകൊണ്ടുപോകേണ്ടതുമുണ്ട്.

ഇന്ന് കേന്ദ്രം ഭരിക്കുന്ന ഗവൺമെന്റിന്റെ ചില കാര്യങ്ങൾ നമ്മെ അസ്വസ്ഥമാക്കുന്നുണ്ട്. ശ്രീ. നരേന്ദ്ര മോദി നല്ലൊരു പ്രാസംഗികനാണ്. ആളെക്കൂട്ടി പ്രസംഗിക്കാൻ കഴിവുള്ള ആളാണ്. പ്രസംഗം രണ്ട് തരത്തിലുണ്ട്. പോസിറ്റീവായും നെഗറ്റീവായും പ്രസംഗിക്കാം. ശ്രീ. നരേന്ദ്ര മോദിയുടെ മിക്കവാറും എല്ലാ പ്രസംഗങ്ങളും നെഗറ്റീവ് പ്രസംഗങ്ങളാണ്. നെഗറ്റീവായ പ്രസംഗം ഏറ്റവും കൂടുതൽ നടത്തി ഒരു ജനതയെ മുഴുവൻ വഴിതെറ്റിച്ച് ലോകത്തെ നശിപ്പിച്ച ഒരു വ്യക്തിയാണ് ഹിറ്റ്ലർ. ഹിറ്റ്ലർ നല്ലൊരു പ്രാസംഗികനായിരുന്നു. മുസ്സോളിനിയുടെ പ്രസംഗവും നെഗറ്റീവ് പ്രസംഗങ്ങളായിരുന്നു. കേരളത്തിലും ചില നെഗറ്റീവ് പ്രാസംഗികരുണ്ട്. ഭൂപേഷ് ഗുപ്തയും എ.കെ.ജി.യും നെഹ്റുവുമെല്ലാം പോസിറ്റീവ് പ്രാസംഗികരായിരുന്നു. ശ്രീ. നരേന്ദ്ര മോദി നെഗറ്റീവ് പ്രാസംഗികനായി രാജ്യത്തെ വഴിതെറ്റിക്കുമ്പോൾ നമ്മളത് തിരിച്ചറിയേണ്ടതുണ്ട്. അതിനായി ഇന്ത്യയുടെ ഭൂതകാലത്തിലെയും ചരിത്രത്തിലെയും പോസിറ്റീവായ കാര്യങ്ങൾ മുഴുവൻ നമ്മൾ ആയുധമായി ഉപയോഗിക്കണം. അതിനായി നമ്മൾ കൈകോർക്കുകയും അണിചേരുകയും ചെയ്യേണ്ടതുണ്ട്.

ശ്രീ. നരേന്ദ്ര മോദി വന്നതിനുശേഷം കേരളത്തിനുണ്ടായ ശാപം എന്നുപറയുന്നത് നോട്ട് പിൻവലിക്കലാണ്. പണത്തിന്റെ ശുദ്ധീകരിക്കലാണ് ഇതെന്നാണ് നോട്ട് പിൽവലിക്കലുമായി ബന്ധപ്പെട്ട് ശ്രീ. നരേന്ദ്ര മോദിയും ബി.ജെ.പി.-യും പറഞ്ഞത്. പണം ശുദ്ധീകരിക്കപ്പെടുന്നത് നല്ലതാണ്. പക്ഷേ പണം ശുദ്ധീകരിക്കപ്പെട്ടില്ല. പകരം പാവപ്പെട്ടവന്റെ കയ്യിൽനിന്ന് പണം നഷ്ടപ്പെടുകയാണുണ്ടായത്. അതുവഴി ഇന്ത്യയിൽ പണത്തിന്റെ ഒരു വലതുപക്ഷ യാത്ര ആരംഭിക്കുകയായിരുന്നു. കയ്യിലുള്ള പണം നമുക്ക് നഷ്ടപ്പെട്ടു. നമുക്ക് ഏതെങ്കിലും ഡെപ്പോസിറ്റുണ്ടെന്ന് പറയാം. സഹകരണ ബാങ്കിലെ പണം നമ്മുടെ അടുത്തുള്ളതാണ്. നമ്മുടെ സഹകരണ ബാങ്കിലെ പണം നാഷണലൈസ്ഡ് ബാങ്കിലേയ്ക്കും ബോംബെയിലേയ്ക്കും പോയി. നോട്ട് പിൻവലിക്കലിനുശേഷം ഒരു വർഷം കഴിഞ്ഞപ്പോൾ അടുത്തുണ്ടായിരുന്ന നമ്മുടെ പണം അകലെയാകുകയും അത് കോർപ്പറേറ്റുകൾക്ക് അടുത്താകുകയും ചെയ്തു. പണത്തിന്റെ വലതുപക്ഷ യാത്രയാണ് കൃത്യമായി നോട്ട് പിൻവലിക്കലിലൂടെ സംഭവിച്ചത്. അന്ന് ചില ബി.ജെ.പി. നേതാക്കൻമാർ പറഞ്ഞത് നോട്ട് പിൻവലിക്കൽ കഴിയുമ്പോൾ, കള്ളപ്പണം വെളുപ്പിക്കുമ്പോൾ പെട്രോൾ 10 രൂപയ്ക്കും ഡീസൽ 8 രൂപയ്ക്കും തരാൻ കഴിയുമെന്നായിരുന്നു. പക്ഷേ പണം നഷ്ടപ്പെടുകയും ഡീസലിന്റെയും പെട്രോളിന്റെയും വില കൂടുകയും അതിന്റെ ഗുണം ഇന്ത്യയിലെ ഓയിൽ കമ്പനികൾക്ക് ലഭിക്കുകയും അവരുടെ കൈവശം കൂടുതൽ കൂടുതൽ പണം കിട്ടാനുള്ള അന്തരീക്ഷമുണ്ടാകുകയും ആ പണം കേന്ദ്ര ഗവൺമെന്റിനുപോലും കിട്ടാതിരിക്കുകയും ചെയ്തു. നമ്മുടെ കയ്യിലും ബാങ്കുകളിലുമുള്ള പണം നാഷണലൈസ്ഡ് ബാങ്കുകളിലേയ്ക്കും കോർപ്പറേറ്റുകളുടെ അടുത്തേയ്ക്കും നീങ്ങുന്നൊരു അന്തരീക്ഷം സൃഷ്ടിച്ചതാണ് അതിന്റെ ആത്യന്തിക ഫലം.

രണ്ടാമത് അതിനോടനുബന്ധിച്ചുവന്നത് ജി.എസ്.ടി. ആണ്. ജി.എസ്.ടി. വന്നപ്പോൾ അതിന് വലതുപക്ഷ സ്വഭാവം ഉണ്ടാകുമെന്ന് ഒരുപാട് പേർ പറഞ്ഞിരുന്നു. പക്ഷേ അത് ചർച്ചചെയ്യപ്പെട്ടിട്ടില്ല. സമൂഹത്തിൽ ആർക്കൊക്കെയാണിതിന്റെ നേട്ടവും നഷ്ടവുമുണ്ടാകുന്നത്? അക്കാര്യം തീർച്ചയായും ചർച്ചചെയ്യണം. നമ്മുടെ രാജ്യത്ത് ഇങ്ങനെ നഷ്ടമുണ്ടായ സംസ്ഥാനങ്ങളും ജനങ്ങളും കൂടിച്ചേരണം. കേരളം അതിന് മുൻകയ്യെടുക്കണം എന്ന അഭിപ്രായംകൂടി എനിക്കുണ്ട്. ജി.എസ്.ടി. വരുമ്പോൾ ജനാധിപത്യത്തിന്റെ ഒരു നിരാകരണവും കൂടി ഉണ്ടാകുന്നുണ്ട്. കരം പിരിക്കാനുള്ള അവകാശം നമുക്ക് നഷ്ടപ്പെടുകയാണ്. ജനങ്ങൾക്കും ജനപ്രതിനിധികൾക്കും പാർലമെന്റിനും ഇത് നഷ്ടപ്പെടുകയാണ്. ഇതിന്റെയെല്ലാമുള്ള അവകാശം ജി.എസ്.ടി. കൗൺസിലിനാണ്. ജനങ്ങൾ കൊടുക്കുന്ന അധികാരം ഇതിന്റെ പേരിൽ പ്രയോഗിക്കാൻ ജനപ്രതിനിധികൾക്കും

ജനപ്രതിനിധി സഭകൾക്കും കഴിയാത്തൊരു ജനാധിപത്യവിരുദ്ധമായ അവസ്ഥ സൃഷ്ടിക്കുകയാണ്. ഇത്തരത്തിലുള്ള തീരുമാനങ്ങളുടെ ഫലമായി ഒരു ഗാന്ധിയൻ കൺസെപ്റ്റ് ഇന്ത്യയിൽ തകരുകയാണ്. ഗ്രാമീണ ഉൽപ്പാദന സൗഹാർദ്ദ സംഭരണ വിതരണ സംവിധാനം മാറുകയും ഇന്ത്യൻ ഉൽപ്പാദനം മുഴുവൻ ലോക കോർപ്പറേറ്റുകളുടെ, ഇന്ത്യൻ കോർപ്പറേറ്റുകളുടെ ഒരു സിസ്റ്റത്തിലേയ്ക്ക് വീണുപോകുകയുമാണ് ചെയ്യുന്നത്.

ജി.എസ്.ടി. ഒരു Gabbar Singh Tax ആണെന്ന് ശ്രീ. രാഹുൽ ഗാന്ധി പറയുകയുണ്ടായി. അവിടെയും ഒരു പ്രശ്നം നമ്മൾ ചർച്ചചെയ്യണം. ഇതിന്റെയെല്ലാം ആരംഭം കുറിച്ചത് കോൺഗ്രസ്സാണ്. ഒരു രാജ്യം, ഒരു ടാക്സ്, ഒരു കമ്പോളം എന്ന രീതിയിൽ ജി.എസ്.ടി കൊണ്ടുവന്നതും അതിന്റെ ചർച്ച തുടങ്ങിയതും കോൺഗ്രസ്സാണ്. ശ്രീനാരായണഗുരു പണ്ട് പറഞ്ഞതുപോലെ ഒരു ജാതി, ഒരു മതം, ഒരു ദൈവം എന്നൊക്കെ പറയുന്നതു കേൾക്കാൻ നല്ലതാണെങ്കിലും അത് നടപ്പാക്കണമെങ്കിൽ സാംസ്കാരികമായി നമ്മൾ അത്രത്തോളം ഉയരണം, അതിനുവേണ്ട നടപടികൾ സ്വീകരിക്കണം. ഒരു രാജ്യവും ഒരു ടാക്സും ഒരു കമ്പോളവുമൊക്കെ ഇന്ത്യയെപ്പോലൊരു രാജ്യത്ത് എങ്ങനെ നടപ്പാക്കുമെന്നത് വലിയൊരു പ്രശ്നമാണ്. ഇവിടെ വിഭിന്നങ്ങളായ ക്ലചിയും അഭിരുചികളും പ്രത്യേകതകളുമുണ്ട്. ഒരു ഫെഡറൽ സംവിധാനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും കൂട്ടായ്മയുടെയും അന്തസ്സ് പങ്കുവയ്ക്കലിന്റെയും അടിസ്ഥാനത്തിലാണ് ഇന്ത്യ നിൽക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല എപ്പോഴും പറയുന്നൊരു കാര്യം, ജി.എസ്.ടി. അവരുടേതല്ല എന്നാണ്. 'മേലേപ്പറമ്പിൽ ആൺവീട് 'എന്ന സിനിമയിൽ ശ്രീ. ജഗതി ശ്രീകുമാർ പറഞ്ഞതുപോലെയാണത്. ഒരു ഗർഭത്തിന്റെ പ്രശ്നം വരുമ്പോൾ "ഇത് എന്റേതല്ല. എന്റേത് ഇങ്ങനെയല്ല" എന്ന് പറയുന്നതുപോലെയാണത്. യഥാർത്ഥത്തിൽ ഇതിന് ആരംഭം കുറിച്ചത് കോൺഗ്രസ്സാണ്. അവർ വേണ്ടത്ര അവധാനതയോടുകൂടിയാണ് ആരംഭം കുറിച്ചതെന്ന് ഞാൻ കരുതുന്നില്ല. കാരണം രാഹുൽ ഗാന്ധി ഇപ്പോൾ അത്തരം ആലോചനകൾക്കെതിരായി ചില സ്റ്റേറ്റ്മെന്റിലെങ്കിലും പറയുന്നുണ്ട്.

നമ്മുടെ രാജ്യം ഒരുപാട് പ്രത്യേകതകളും വൈജാത്യങ്ങളും വൈരുദ്ധ്യങ്ങളുമുള്ളതാണ്. നിഷ്കളങ്കമായി, സത്യസന്ധതയുള്ള മതേതരത്വ ജനാധിപത്യ സ്വഭാവത്തിലാണ് ഇന്ത്യ നിൽക്കുന്നത്. 1957-ൽവന്ന ഇടതുപക്ഷ ഗവൺമെന്റ് ഒരു വഴിവെട്ടിത്തുറന്നു. ചില വഴികൾ വെട്ടിത്തുറന്നാൽപ്പിന്നെ എതിരാളികൾക്കുപോലും അത് മാറ്റാൻ പറ്റില്ല. ഇന്ത്യയ്ക്കില്ലാത്ത ഒരു പുതിയ വഴിയാണ് എല്ലാവരും നടന്നേ പറ്റൂ എന്ന തരത്തിൽ 1957-ൽ കേരളത്തിലെ

കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് ഉറന്നതന്നത്. അതിലൂടെയാണ് നമ്മളിവിടെ എത്തി നിൽക്കുന്നത്. അങ്ങനെ ഇവിടെ എത്തിനിൽക്കുമ്പോൾ നമ്മൾ കേരളത്തിലെ പ്രകൃതിയുടെയും കടലിന്റെയും കാടിന്റെയും കാവൽക്കാരായി നിന്നേ പറ്റൂ. നമ്മുടെ നദികൾ ഒഴുകിയേ പറ്റൂ. രണ്ട് വർഷം മുമ്പ് നദിക്ക് ആദ്യമായി ഒഴുകാനുള്ള അവസരവും സ്വാതന്ത്ര്യവും കൊടുത്തത് ന്യൂസിലാന്റാണ്. ആ നദിയുടെ പേര് Whanganui എന്നാണ്. ആ നദിയിലെ എല്ലാ അണകളും മാറ്റി. ഒഴുകുന്നതേ പുഴയാകൂ.

'ഓഖി' എന്ന വാക്ക് വന്നപ്പോൾ സംഭവിച്ചത് വലിയൊരു സന്ദേശമാണ്. നമുക്ക് കണ്ണുണ്ട്, പക്ഷേ നമ്മുടെ കണ്ണുകൊണ്ട് പ്രകൃതിയെ കാണാൻ പറ്റില്ല. എന്നാൽ പ്രകൃതിക്ക് കണ്ണുണ്ട്. ബംഗ്ലാദേശുകാർ ഓഖി എന്ന വാക്കിടുമ്പോൾ അതിലും ഒരു സന്ദേശമുണ്ട്. നമ്മളെ കാണാവുന്ന കണ്ണ് കാറ്റിനുണ്ട്. കാറ്റിനെ കാണാവുന്ന കണ്ണ് നമുക്കില്ല. അത് കേന്ദ്രത്തിനും കാണാൻ പറ്റിയില്ല. അതാണ് ശ്രീ. രാജ്നാഥ് സിംഗും പറഞ്ഞത്. ഈ കാറ്റിനെ കാണാൻ നമുക്ക് പറ്റിയില്ല. പക്ഷേ കാറ്റിന് നമ്മെ കാണാം. ഇത് പ്രകൃതിയുമായുള്ള ബന്ധമാണ്. അത് നയപ്രഖ്യാപന പ്രസംഗത്തിൽ കൃത്യമായി വിവരിച്ചിട്ടുണ്ട്. അതിലെ വാക്കുതന്നെ പ്രകൃതിക്ക് കേരളം കാവൽ നിൽക്കണമെന്നാണ്, മലയ്ക്കും കടലിനും കേരളം കാവൽ നിൽക്കണമെന്നാണ്. നമ്മുടെ വികസനം പ്രകൃതിയുമായി ചേർന്നതാകണം, പ്രകൃതി വിരുദ്ധമാകരുത് എന്നാണ് പറഞ്ഞിട്ടുള്ളത്. തീർച്ചയായും അത് മഹത്തായൊരു സന്ദേശമാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, കാറ്റിനെതിരെ കേസെടുക്കണമെന്ന പ്രതിപക്ഷത്തിന്റെ അഭിപ്രായത്തോട് അങ്ങയുടെ പ്രതികരണം എന്താണ്?

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, മന്ത്രി പറഞ്ഞത് ശരിയാണ്, ഞാൻ പറയുന്നത് എന്താണെന്നുവച്ചാൽ, നമുക്ക് പ്രകൃതിയോടുള്ള .......

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, പുറ്റിങ്ങൽ ദുരന്തത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചതെന്തിനാണ്?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>): സർ, കാറ്റ് വന്നത് നമ്മുടെ അശ്രദ്ധ കൊണ്ടല്ല. പുറ്റിങ്ങൽ അപകടമുണ്ടായത് നമ്മുടെ അശ്രദ്ധകൊണ്ടാണ്, അന്നത്തെ ഗവൺമെന്റിന്റെയും സംവിധാനങ്ങളുടെയും അശ്രദ്ധകൊണ്ടാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, തമിഴ്നാട്ടിൽ ആകെ രണ്ടുപേരെ മരിച്ചിട്ടുള്ളൂ, ലക്ഷദ്വീപിൽ ആരും മരിച്ചിട്ടില്ല. അപ്പോൾ ഇത് man made disaster ആണ്. അതുകൊണ്ടാണ് ജുഡീഷ്യൽ അന്വേഷണം വേണമെന്ന് പറഞ്ഞത്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, തോപ്പിൽ ഭാസിയുടെ 'വിദണ്ഡവാദങ്ങൾ കൊണ്ട് തോൽപ്പിക്കരുത് 'എന്നാണ് എനിക്ക് പറയാനുള്ളത്. അതായത് നമുക്ക് പ്രകൃതിയോട് കുറച്ച് ബഹുമാനമാകാം, കാറ്റിനോടാകാം. കാറ്റുണ്ടാക്കാവുന്ന പ്രകൃതിവിരുദ്ധമായ, സ്നേഹമില്ലാത്ത സമീപനങ്ങൾ സൃഷ്ടിച്ചാൽ കാറ്റുണ്ടാകും. കടലിന് പേയിളകാതെയും കാടിന് തീപിടിക്കാതെയുമിരിക്കാൻ മനുഷ്യൻ വിചാരിച്ചാൽ മതി, അങ്ങനെ അധികം സംഭവിക്കില്ല. അല്ലെങ്കിൽ കടലിന് പേയിളകും, കാടിന് തീപിടിക്കും. അതുകൊണ്ട് നമുക്ക് അനുഗ്രഹിച്ചുകിട്ടിയ പ്രകൃതിയെ കയ്യേറാതെ സൂക്ഷിക്കണം. പ്രകൃതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഒരുതരം പുണ്യത്തോടെതന്നെ കാത്തുസൂക്ഷിക്കേണ്ടതുണ്ട്, അതിനായി കാവൽ നിൽക്കേണ്ടതുണ്ട്. അതുകൊണ്ട് നയപ്രഖ്യാപന പ്രസംഗത്തിലെ ആ വരി നമ്മൾ ഓരോരുത്തരും മനസ്സിലേറ്റി അടിവരയിട്ട് കാത്തുസൂക്ഷിക്കണം.

നമുക്കെല്ലാവർക്കും വീടുണ്ടാകണം. എല്ലാവർക്കും വീടുണ്ടാകുമ്പോൾ ഒരു അന്തസ്സ് ഉണ്ടാകും. കേരളത്തിലെ എല്ലാ മനുഷ്യരും ഇത് ആഗ്രഹിക്കുന്നത് ലൈഫിലൂടെയാണ്. വീടുണ്ടായാൽ മാത്രം പോരാ നല്ല ആരോഗ്യമുണ്ടാകണം, അതിന് ആർദ്രം ഉണ്ടാകണം. ഇതുരണ്ടും ഉണ്ടായാൽ പോരാ, വെളിച്ചമുണ്ടാകണം. നമുക്ക് എല്ലാവർക്കും ഒരു യോജിപ്പുണ്ടാകണം. യോജിപ്പിക്കുന്ന ഒരു പ്രധാന ഘടകം മതേതരത്വമാണ്. ഇന്ത്യയിൽ എവിടെ അത് നഷ്ടപ്പെട്ടാലും കേരളം മതേതരത്വത്തിന്റെ വിളക്ക് കെടാത്ത ഒരു നാടാകും. അതോടൊപ്പം നമുക്ക് നല്ല വിദ്യാഭ്യാസമുണ്ടാകണം. നമ്മൾ ജീവിച്ചത് ഇവിടെ മാത്രം നിന്നുകൊണ്ടല്ല. മറ്റുള്ളവർ ഇങ്ങോട്ടുവന്നപ്പോൾ നമ്മൾ അവരെ സ്വീകരിച്ചിട്ടുണ്ട്, അതുകൊണ്ടുതന്നെ പുറത്തേയ്ക്ക് പോയപ്പോൾ നമ്മളെയും ലോകം സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ടാണ് സുകുമാർ അഴീക്കോട് സാർ പറഞ്ഞത് ഒരേസമയം ലോകത്തിന്റെ മുൻപിൽ ഗുരുവും ശിഷ്യനുമായ ഒറ്റ രാജ്യമേയുള്ളൂ, അത് കേരളമാണ് എന്ന്. കാരണം, പുറത്തുനിന്ന് വന്നവർ, അവർ ക്രിസ്ത്യാനിയോ, ഹിന്ദുവോ, മുസൽമാനോ, സ്വരാഷ്ട്രീയരോ ആരുമാകട്ടെ, അവർ അറിവ് കൊണ്ടുവന്നാൽ ഗുരുക്കന്മാരാണ്, നമ്മൾ ശിഷ്യന്മാരാണ്. അറിവ് തേടി വന്നവർക്ക് നമ്മൾ കാശ് വാങ്ങിക്കാതെ അറിവ് കൊടുത്തവരാണ്, ഒരേ സമയം കേരളം ഗുരുവും ശിഷ്യനുമായി. അതാണ് നവോത്ഥാനമായി വളർന്നത്. ആ നവോത്ഥാനമാണ് കേരളത്തിൽ ഒരു ഇടതുപക്ഷ രാഷ്ട്രീയത്തിന് ഇന്ത്യയിലെങ്ങുമില്ലാത്ത ഒരഴകും ആരോഗ്യവും സംഭാവന ചെയ്തത്. അതാണ് ഇന്ത്യയ്ക്ക് ഒരു പുതിയ വഴിതുറന്നത്. ഇതൊക്കെ ചേർന്നു നിൽക്കുമ്പോഴാണ് ജി.എസ്.ടി. വരുന്നത്, നോട്ട് പിൻവലിക്കൽ വന്നത്. നോട്ട് പിൻവലിക്കലും ജി.എസ്.ടി.-യും വന്നപ്പോൾ ഇന്ത്യൻ ജനതയുടെ വാങ്ങൽശേഷി നഷ്ടമായി, ധനം നഷ്ടമായി, സങ്കടങ്ങൾ

മാത്രം കിട്ടി. ഇന്ത്യയിൽ ഇപ്പോൾ എല്ലാം തർക്കമാണ്, സിനിമ തർക്കമാണ്, താജ്മഹൽ തർക്കമാണ്, പശു തർക്കമാണ്, റോഡ് തർക്കമാണ്, ഉത്സവം തർക്കമാണ്. സർവ്വതും തർക്കമാക്കുന്ന ഒരു രാഷ്ട്രീയം വർഗ്ഗീയ രാഷ്ട്രീയമാണ്. പണം ഇവർക്കെല്ലാം ദൈവമാണ്. ഇന്ന് ഞാൻ ലോകത്ത് ഏറ്റവും കൂടുതൽ ബഹുമാനിക്കുന്ന മതനേതാവ് ഫ്രാൻസിസ് മാർപ്പാപ്പയാണ്. അദ്ദേഹം അർജന്റീനയിൽ ഒരു പ്രസംഗത്തിൽ പറഞ്ഞത് പണം ദൈവമാകുന്നിടത്ത് മനുഷ്യൻ ചെകുത്താനായേ പറ്റൂ എന്നാണ്. റോഹിംഗ്യൻ പ്രശ്നം വന്നപ്പോൾ ഒന്നുകൂടി അദ്ദേഹം കൂട്ടിച്ചേർത്തു. അത്, മതം വർഗ്ഗീയതയായാൽ മനസ്സ് മരുഭൂമിയാകും എന്നായിരുന്നു. ശ്രീ. നരേന്ദ്ര മോദിയും ബി.ജെ.പി.യും, ആർ.എസ്.എസ്.-ഉം, എസ്.ഡി.പി.ഐ.-ഉം, എല്ലാം ചേർന്ന് ഇപ്പോൾ ഇന്ത്യയുടെ മനസ്സ് മരുഭൂമിയാക്കാൻ ശ്രമിക്കുകയാണ്. ഹിന്ദു വർഗ്ഗീയതയാണെങ്കിലും മുസ്ലീം വർഗ്ഗീയതയാണെങ്കിലും അത് മരുഭൂമികൾ സൃഷ്ടിക്കും. മരുഭൂമികൾ സൃഷ്ടിക്കുമ്പോൾ മരുഭൂമിയില്ലാത്ത, മനസ്സിൽ പച്ചപ്പുള്ള, ഒരു നാടായി കേരളം നിലനിൽക്കുന്നത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനങ്ങളുടെ സമഗ്ര സാന്നിദ്ധ്യമാണെന്നത് ഇന്ത്യക്ക് ഉറപ്പാണ്. മരുഭൂമിയാകാത്ത, ഇവിടെയുള്ള പച്ചപ്പിനെ നശിപ്പിക്കാനായാണ്, ബി.ജെ.പി.യും അതിന്റെ കേന്ദ്ര നേതൃത്വവും വർഗ്ഗീയ പ്രസ്ഥാനങ്ങളും ഇവിടെ കടുത്ത ഇടപെടൽ നടത്തുന്നത്. ആ ഇടപെടലിനെയെല്ലാം നമുക്ക് അതിജീവിക്കണം. ഇവിടെ മരുഭൂമിയാകാത്ത മനസ്സിന്റെ പച്ചപ്പ് ഉണ്ടാകണം. ആ പച്ചപ്പ് വെറുതെയുണ്ടാകില്ല, അതിന് എല്ലാവർക്കും വീടുണ്ടാകണം, വെളിച്ചമുണ്ടാകണം, ആരോഗ്യമുണ്ടാകണം. ലോകത്തോട് മത്സരിക്കാൻ കഴിയുന്ന ഒരു ലോകോത്തര വിദ്യാഭ്യാസമുണ്ടായാൽ നമ്മെ ലോകത്തിന് ആവശ്യമില്ല എന്നുപറയാൻ പറ്റാത്തവിധത്തിൽ നമ്മൾ സ്കിൽ ഉള്ളവരാകും. ഒരു ഡിഗ്രികൊണ്ട് നാളത്തെ ലോകത്തിന് കാര്യമില്ല, പക്ഷേ അഴകുള്ള, ഒരു സ്കില്ലുണ്ടെങ്കിൽ നാളത്തെ ലോകത്തിന് നമ്മളെ മാറ്റിനിർത്താൻ സാധിക്കില്ല എന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. നാളത്തെ ലോകത്തിന് ആവശ്യമുള്ള ഒരു വിദ്യാഭ്യാസം കിട്ടുമ്പോൾ നമ്മുടെ ടൂറിസവും റോഡുകളും വികസിക്കും. നമ്മുടെ റോഡുകളുടെ പ്രത്യേകത എന്താണ്; നമ്മുടെ മന്ത്രിയുടെ പ്രത്യേകത എന്താണ്? അലഞ്ഞുലഞ്ഞുനിന്ന, അഴിമതിയിൽ മൂടിക്കിടന്ന, കേരളത്തിലെ മൊത്തം റോഡുകളെ ഒരുമിച്ച് കാണാൻ മനസ്സില്ലാതിരുന്ന, ഒരന്തരീക്ഷത്തെയാണ് ഇരുപത് മാസംകൊണ്ട് മാറ്റിമറിക്കാൻ അദ്ദേഹം ശ്രമിക്കുന്നത്. അന്തരീക്ഷത്തെ മാറ്റിമറിക്കുന്നതാണ് വലിയൊരു കാര്യം. നഷ്ടപ്പെട്ട കൃഷി വീണ്ടെടുക്കുന്നത് എല്ലാവർക്കും വേണ്ടിയാണ്. നമ്മുടെ കടലിൽ ഇന്ന് മുങ്ങുമ്പോൾ കിട്ടുന്നത് പ്ലാസ്റ്റിക്കാണ്. അത് ഇന്നിട്ടതല്ല, വന്നുചേർന്നതാണ്. കേരളത്തിൽ ഓഖിയുണ്ടായപ്പോൾ ഗോവയിൽ എൺപത്

മുതൽ നൂറ്റിയൻപത് ടൺ വരെ പ്ലാസ്റ്റിക് അടിയുകയായിരുന്നു. കടലിന് ദഹിക്കാൻ പറ്റാത്തത്ര മാലിന്യം കൂടുകയാണ്. ഇത് പാടില്ല, അവിടെയാണ് ഹരിത കേരളത്തിന്റെ, മാലിന്യ സംസ്കരണത്തിന്റെ ഒരു പുതിയ അന്തരീക്ഷം രൂപപ്പെടേണ്ടത്. ആ പുതിയ അന്തരീക്ഷം രൂപപ്പെട്ടു വരുമ്പോൾ തീർച്ചയായും കേരളത്തിൽ രൂപപ്പെടുന്നത് ഒരു പുതിയ മനസ്സാണ്. ഇന്ത്യയിലെ മനുഷ്യൻ വർഗ്ഗീയതയിലേയ്ക്കും ഇരുട്ടിലേയ്ക്കും നോക്കുമ്പോൾ കേരളം വെളിച്ചത്തിലേയ്ക്ക് നോക്കണം. കേരളത്തിൽ ഒരു പുതിയ മനുഷ്യൻ ജനിക്കണം. കേരളത്തിൽ, ലോകത്തിനുവേണ്ടിയുള്ള ഒരു പുതിയ മനുഷ്യൻ, സമ്പൂർണ്ണ മനുഷ്യൻ, മതേതരത്വ മനുഷ്യൻ, ആധുനിക മനുഷ്യൻ, മാനവിക മനുഷ്യൻ, ജനാധിപത്യ മനുഷ്യൻ ജനിക്കുന്നതിനുവേണ്ടിയുള്ള കളമാണ് ഒരുക്കുന്നത്. ഇത് കേരളത്തിന്റെ മൊത്തം നേട്ടമാണ്. അങ്ങനെയാണെങ്കിൽ കേരളത്തെ ലോകം ശ്രദ്ധിക്കും. ഇന്ന് ഇന്ത്യൻ പ്രധാനമന്ത്രിക്ക് അത്രവലിയ പ്രത്യേകതയൊന്നുമില്ല. പ്രധാനമന്ത്രിയെ വിപ്ലവകാരി എന്നുപറഞ്ഞത് ലോകത്തിൽ ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു മാത്രമാണ്. യഥാർത്ഥത്തിൽ അതൊരു മോശം പരാമർശമാണ്. അദ്ദേഹം വിപ്ലവകാരി എന്നുപറഞ്ഞാൽ അതിന്റെയർത്ഥം എന്തോ കുഴപ്പമുണ്ടെന്നാണ്. ഇന്ത്യൻ പ്രധാനമന്ത്രിയെ വിപ്ലവകാരിയെന്നും മതേതരവാദിയെന്നും പറയേണ്ടത് നമ്മളാണ്, ഇന്ത്യൻ ജനതയാണ്. ഇന്ത്യൻ ജനതയ്ക്ക് ഭയമാണ്, ഇന്ത്യൻ ജനതയ്ക്ക് അദ്ദേഹത്തെക്കുറിച്ച് ആശങ്കയാണ്. അദ്ദേഹത്തിന്റെ നയങ്ങളെക്കുറിച്ച് ഒരു പ്രത്യാശയും പ്രതീക്ഷയും നമുക്കില്ല. അവിടെയാണ് പ്രത്യാശയും പ്രതീക്ഷയുമുള്ള ഒരു മതേതരത്വ ജനാധിപത്യ സംവിധാനം തകർക്കാൻ കഴിയാതെ ഉറപ്പിച്ചുനിർത്തേണ്ടത്. അത് പ്രഖ്യാപിക്കുന്ന നയമാണ് ഇതെന്നുള്ളതുകൊണ്ട് ഞാൻ വീണ്ടും നന്ദി രേഖപ്പെടുത്തുകയാണ്.

മി. സ്പീക്കർ: നന്ദിപ്രമേയത്തിന് ഭേദഗതി നോട്ടീസ് നൽകിയിട്ടുള്ള അംഗങ്ങൾക്ക് ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

1. "എന്നാൽ, നോട്ട് അസാധുവാക്കലും ജി.എസ്.ടി. നടപ്പാക്കിയ രീതിയും സംസ്ഥാന സമ്പദ് വ്യവസ്ഥയെ മന്ദീഭവിപ്പിക്കുന്നതിനും തൊഴിലില്ലായ്മ വർദ്ധിപ്പിക്കുന്നതിനും കാരണമായി എന്നു സൂചിപ്പിക്കുമ്പോഴും സമ്പദ് വ്യവസ്ഥ ഉജ്ജീവിപ്പിക്കുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഉതകുന്ന പദ്ധതികൾ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

2. "എന്നാൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന അതിക്രമങ്ങളെപ്പറ്റിയും അവ തടയുന്നതിനുള്ള വ്യക്തമായ കർമ്മപദ്ധതികളെപ്പറ്റിയും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

3. "എന്നാൽ, കേരളത്തിലെ ജൈവവൈവിദ്ധ്യം സംരക്ഷിക്കാൻ ലക്ഷ്യമിടുന്നതായി പറയുമ്പോഴും കുറിഞ്ഞി ദേശീയ ഉദ്യാനത്തിലെ കയ്യേറ്റം ഒഴിപ്പിക്കുന്നത് സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

4. "എന്നാൽ, കെ.എസ്.ആർ.ടി.സി. പെൻഷനെ ഉപജീവിച്ച് കഴിയുന്നവർ ആത്മഹത്യ ചെയ്യേണ്ടി വരുമ്പോഴും 2017 ജൂൺ മുതൽ മുടങ്ങിയ കെ.എസ്.ആർ.ടി.സി. പെൻഷൻ, കുടിശ്ശിക സഹിതം നൽകുന്നതിനെപ്പറ്റി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

5. "എന്നാൽ, സംസ്ഥാനത്ത് അവശ്യധാന്യങ്ങളുടെ കുതിച്ചുയരുന്നതായി പറയപ്പെടുന്ന വിലക്കയറ്റം നേരിടുന്നതിനെപ്പറ്റി യാതൊന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

6. "എന്നാൽ, സംസ്ഥാനത്ത് സാമൂഹികമായി പിന്നിൽ നിൽക്കുന്ന പാവപ്പെട്ട കുട്ടികൾക്ക് ലഭ്യമാക്കേണ്ട പ്രീ-മെട്രിക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള സർക്കാർ ധനസഹായം ലഭ്യമാക്കാത്തതായി പറയപ്പെടുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

7. "എന്നാൽ, കേരളത്തിലെ റബ്ബർ കർഷകരുടെ പ്രശ്നങ്ങളും കാർഷിക മേഖലയിൽ നാണ്യവിളകൾക്ക് ഉണ്ടായിരിക്കുന്ന വിലയിടിവിനെ കുറിച്ചും കർഷകർ നേരിടുന്നതായി പറയപ്പെടുന്ന വിവിധങ്ങളായ പ്രതിസന്ധികളെക്കുറിച്ചും ഇതിനുള്ള പരിഹാരം സംബന്ധിച്ചും യാതൊരു നയവും വ്യക്തമാക്കാത്ത ഗവർണറുടെ പ്രസംഗത്തിൽ ഖേദിക്കുന്നു."

8. "എന്നാൽ, കെ.എസ്.ആർ.ടി.സി. പെൻഷനും ശമ്പളവും സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കും എന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. സണ്ണി ജോസഫ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, 20 മാസത്തെ ഈ സർക്കാരിന്റെ ഭരണത്തിനിടയിൽ കണ്ണൂരിൽ നടന്ന 9 രാഷ്ട്രീയ കൊലപാതകം ഉൾപ്പെടെ 21 രാഷ്ട്രീയ കൊലപാതകങ്ങൾ സംസ്ഥാനത്ത് നടന്ന കാര്യവും സംസ്ഥാന ചരിത്രത്തിലാദ്യമായി മുഖ്യമന്ത്രിയെയും സംസ്ഥാന പോലിസ് മേധാവിയെയും ഗവർണർ രാജ്ഭവനിൽ നേരിട്ട് വിളിച്ചുവരുത്തി രാഷ്ട്രീയ കൊലപാതകങ്ങൾ സംബന്ധിച്ച വിശദീകരണം ആരാഞ്ഞതായി പറയപ്പെടുന്ന കാര്യവും പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

1. "എന്നാൽ, കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കെ. എസ്.ആർ.ടി.സി.-ക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്നും, ഇനിയും നൽകാനില്ലായെന്നും കോടതിയിൽ സത്യവാങ്മൂലം നൽകി കെ.എസ്.ആർ.ടി.സി. പെൻഷൻകാരോട് യാതൊരു കാരുണ്യവും കാണിക്കാതിരുന്ന സർക്കാർ, കോടികൾ പരസ്യത്തിനായും മേളകൾ നടത്തുന്നതിനും ധൂർത്തിനും ആർഭാടത്തിനും ചെലവിടുന്നതായി പറയപ്പെടുന്ന കാര്യം പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

2. "എന്നാൽ, വർഷങ്ങളായി ബോണക്കാട് കുരിശുമലയിലേയ്ക്ക് നടത്തുന്ന കുരിശുയാത്രയുടെ ഭാഗമായി ഈ വർഷം കുരിശുയാത്ര നടത്തിയ വൈദികരെയും വിശ്വാസികളെയും തല്ലിച്ചതച്ചതായി പറയപ്പെടുന്ന പോലീസ് നടപടിയെക്കുറിച്ച് പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സംസ്ഥാനത്ത് വ്യാപകമാകുന്ന നിയമ സമാധാന തകർച്ചയെപ്പറ്റിയോ രാഷ്ട്രീയ കൊലപാതകങ്ങളും സംഘർഷങ്ങളും തടയുന്നതിൽ പോലീസിന് ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന വീഴ്ചയെപ്പറ്റിയോ വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങളും ഭവനഭേദനങ്ങളുംമൂലം പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം ഇല്ലാത്തതായി പറയപ്പെടുന്ന സ്ഥിതിവിശേഷത്തെപ്പറ്റിയോ, ഗവർണർ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. ഒ. രാജഗോപാൽ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

1. "എന്നാൽ, രാജ്യത്തെ മികച്ച ക്രമസമാധാന നിലയിലുള്ള സംസ്ഥാനമായിരുന്നിട്ടു കൂടി ചില വർഗ്ഗീയ സംഘടനകൾ ചില നിസ്സാരകാരണങ്ങളാൽ ഭാരതത്തിലാകമാനം ഒരു മാസക്കാലം പ്രചരണം നടത്തുകയുണ്ടായി. കേരളീയർ ഒന്നടങ്കം ഈ പ്രചരണത്തിനെതിരെ ഹാഷ്ടാഗോടെ പ്രതികരിക്കുകയുണ്ടായി എന്ന പരാമർശത്തിൽ ഖേദിക്കുന്നു"

2. "എന്നാൽ, നോട്ട് അസാധുവാക്കലും അനുചിതമായ രീതിയിലും സമയത്തും, ജി. എസ്. ടി നടപ്പിലാക്കിയതും സമ്പദ് വ്യവസ്ഥയെ ഗുരുതരമായി മന്ദീഭവിപ്പിക്കുന്നതിനും തൊഴിലില്ലായ്മ വർദ്ധിപ്പിക്കുന്നതിനും കാരണമായിത്തീർന്നു എന്നീ പരാമർശങ്ങൾ ഉപയോഗിച്ചതിൽ ഖേദിക്കുന്നു."

<u>ഡോ. എം. കെ. മുനീർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, നിർദ്ദിഷ്ട കൊച്ചി-മംഗലാപുരം ഗെയ്ൽ വാതക പൈപ്പ് ലൈനിന്റെ അലയ്ൻമെന്റിൽ നിന്ന് ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് പരാമർശിക്കാത്തതിനാൽ ഖേദിക്കുന്നു."

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, പ്രോട്ടോക്കോൾ ലംഘിച്ച് RSS തലവൻ സ്കൂളിൽ ദേശീയപതാക ഉയർത്തിയ വിഷയത്തിലുള്ള ഗവൺമെന്റ് നിലപാട് ഗവർണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, പൊതുമുതൽ നശിപ്പിക്കുന്നവർക്കെതിരെയുൾപ്പെടെയുള്ള കേസ്സുകൾ പിൻവലിക്കുന്ന തരത്തിലുള്ള നടപടികൾ ഭാവിയിൽ സ്വീകരിക്കേണ്ടതില്ലായെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. ടി. വി. ഇബ്രാഹിം:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിക്കുന്ന ലൈബ്രറി സെസ് ലൈബ്രറികളുടെ വിവിധ ആവശ്യങ്ങൾക്കുപയോഗിക്കാതെ, വകമാറ്റി ചെലവഴിക്കുന്ന തരത്തിലുള്ള നടപടികളിന്മേൽ കർശന നടപടി സ്വീകരിക്കുമെന്ന് പരാമർശിച്ച് കാണാത്തതിൽ ഖേദിക്കുന്നു."

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, പ്രോട്ടോക്കോൾ ലംഘിച്ച് ആർ.എസ്.എസ്. തലവൻ സ്കൂളിൽ ദേശീയ പതാക ഉയർത്തിയ വിഷയത്തിലുള്ള ഗവൺമെന്റ് നിലപാട് പരാമർശിക്കാത്ത ഗവർണറുടെ പ്രഖ്യാപനത്തിൽ ഖേദിക്കുന്നു."

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

1. "എന്നാൽ, എയ്ഡഡ് വിദ്യാലയങ്ങളിൽ നിയമിക്കപ്പെട്ട് വർഷങ്ങളായി അംഗീകാരം ലഭിക്കാതെയും ശമ്പളം ലഭിക്കാതെയും സേവനമനുഷ്ഠിച്ചു വരുന്ന അദ്ധ്യാപകരുടെ നിയമനാംഗീകാരം സംബന്ധിച്ച് ഗവർണറുടെ നയപ്രഖ്യാപനത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

2. 'എന്നാൽ, വഖഫ് ചട്ടപ്രകാരം പ്രവർത്തിക്കുന്ന വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ട ഗവൺമെന്റ് നയം പുനഃപരിശോധനയ്ക്ക് വിധേയമാക്കുമെന്ന് പരാമർശിക്കാത്ത ഗവർണറുടെ നടപടിയിൽ ഖേദിക്കുന്നു."

3. "എന്നാൽ, മുൻ സർക്കാർ പ്രഖ്യാപിച്ച മലപ്പുറം ക്യാൻസർ സെന്റർ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നത് സംബന്ധിച്ച് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, മാനസികവും, ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകാൻ മുൻ സർക്കാർ നടത്തിയ ശ്രമങ്ങളുടെ തുടർച്ച ഈ നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, കേരളത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന ജീവിതശൈലീ രോഗങ്ങളുടെ നിയന്ത്രണത്തിനും വിപുലമായ ബോധവൽക്കരണത്തിനും, അതോടൊപ്പം കുഞ്ഞുങ്ങളുടെ ആരോഗ്യകരമായ വളർച്ചയ്ക്കും രോഗപ്രതിരോധ ശേഷിക്കും ഉപകാരപ്രദമായ എം.എം.ആർ. പോലുള്ള വാക്സിനേഷൻ പ്രോഗ്രാമുകൾ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ചും യാതൊരു പരാമർശങ്ങളും ഇല്ലാത്തതിൽ ഖേദിക്കുന്നു."

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, നിലവിലുള്ള സംസ്ഥാന പോലീസ് ചീഫിന് പുറമെ രണ്ട് ഡി.ജി.പി.-മാരും, ഡി.ജി.പി. റാങ്കിലുള്ള നാല് പോലീസുദ്യോഗസ്ഥരും സംസ്ഥാനത്തുണ്ടെങ്കിലും വിജിലൻസ് ഡയറക്ടറായി സംസ്ഥാന പോലീസ് മേധാവി തന്നെ കഴിഞ്ഞ 9 മാസമായി തുടരുന്നതുമൂലം വിജിലൻസിന്റെ സ്വതന്ത്ര സ്വഭാവം നഷ്ടപ്പെട്ടതായും, ഇതു സംബന്ധിച്ച് കോടതി വിമർശനമുണ്ടായിട്ടും സർക്കാർ നടപടി സ്വീകരിക്കാത്തതായും പറയപ്പെടുന്നതിനെക്കുറിച്ച് പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. അനിൽ അക്കര: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

1. "എന്നാൽ, സംസ്ഥാനത്ത് നീതിന്യായ വ്യവസ്ഥ തകർന്നുവെന്നും, അഴിമതിക്കെതിരെ ശബ്ദിക്കുന്നവരെ 51 വെട്ട് വെട്ടിയല്ലെങ്കിലും നിശബ്ദരാക്കുമെന്നും ഡി.ജി.പി. റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥൻ പരസ്യമായി പ്രസംഗിച്ചതായി പറയപ്പെടുന്നകാര്യം പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

2. "എന്നാൽ, വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലായ നിർദ്ധന കുടുംബങ്ങളെ സഹായിക്കുവാൻ പ്രഖ്യാപിച്ച തിരിച്ചടവ് സഹായ പദ്ധതിയുടെ ആനുകൂല്യം ഇതുവരെ ഒരു വിദ്യാർത്ഥിക്കുപോലും നൽകാൻ കഴിയാത്തതായി പറയപ്പെടുന്നതിനെ കുറിച്ച് പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സർക്കാരും മദ്യരാജാക്കന്മാരും തമ്മിലുള്ള അവിശുദ്ധ ബന്ധത്തിന്റെ സന്തതിയായ സർക്കാരിന്റെ പുതിയ മദ്യനയംമൂലം അടച്ചുപൂട്ടിയ ബാറുകൾക്ക് ലൈസൻസ് നൽകിയതായി പറയപ്പെടുന്ന കാര്യവും വിദ്യാലയങ്ങൾക്ക് സമീപം ഉള്ള നക്ഷത്ര ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുന്നതിനുള്ള ദൂരപരിധി കുറച്ചകാര്യവും, അതിലൂടെ സംസ്ഥാനത്ത് കുടുംബങ്ങളിൽ നിലനിന്നിരുന്ന സമാധാനത്തിന്റെയും, സന്തോഷത്തിന്റെയും അന്തരീക്ഷം തകർന്നതായി പറയപ്പെടുന്ന കാര്യവും പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, മുൻ സർക്കാരിന്റെ കാലത്ത് കുതിച്ചുപായുകയായിരുന്ന വികസന പ്രവർത്തനങ്ങളെല്ലാം ഒച്ചുപോലെ ഇഴയുന്നതായി പറയപ്പെടുന്ന കാര്യവും, സർക്കാർ അധികാരത്തിലെത്തിയിട്ട് 20 മാസം ആയിട്ടും ഒരു ഒറ്റ വൻകിടപദ്ധതിയും ഏറ്റെടുക്കാൻ കഴിയാനാവാത്തതായി പറയപ്പെടുന്ന കാര്യവും, പൊട്ടിപ്പൊളിഞ്ഞ റോഡുകൾ നന്നാക്കാത്തതുമൂലം മരണക്കെണിയായി മാറിയതായി പറയപ്പെടുന്നകാര്യവും പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

1. "എന്നാൽ, ബന്ധുനിയമനത്തിൽ സ്വജനപക്ഷപാതം കാണിച്ചുവെന്ന ആരോപണത്തെ തുടർന്ന് മന്ത്രിസ്ഥാനത്തുനിന്നും മാറ്റിയ അംഗം തന്റെ തെറ്റ് പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റിൽ ഏറ്റ് പറഞ്ഞശേഷം അദ്ദേഹത്തെ വിജിലൻസിനെ ഉപയോഗിച്ച് വെള്ള പൂശിയതായി പറയപ്പെടുന്ന കാര്യം പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

2. "എന്നാൽ, മൂന്നാറിലെ കയ്യേറ്റങ്ങൾക്കെതിരെ കർശനമായ നടപടി സ്വീകരിച്ച ദേവികുളം സബ് കളക്ടറെ ഊളമ്പാറയ്ക്ക് അയയ്ക്കണമെന്ന് മന്ത്രിസഭയിലെ അംഗം തന്നെ പ്രസംഗിക്കുകയും, ശക്തമായ നടപടി സ്വീകരിച്ചിരുന്ന റവന്യു ഉദ്യോഗസ്ഥരെ അകാരണമായി സ്ഥലം മാറ്റിയും, ഭീഷണിപ്പെടുത്തിയും അവരുടെ മനോധൈര്യം ഇല്ലാതാക്കാൻ ശ്രമിക്കുന്നതായി പറയപ്പെടുന്ന കാര്യത്തെ കുറിച്ചും പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

1. "എന്നാൽ, വിതരണം ചെയ്ത റേഷൻ കാർഡുകളിലെ തെറ്റുകൾ തിരുത്തുന്നതിലും, അനർഹരായവർ മുൻഗണനാ പട്ടികയിൽ കടന്നുകൂടിയത് ഒഴിവാക്കുന്നതിനും, അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും, മാസങ്ങൾ കഴിഞ്ഞിട്ടും സർക്കാരിന് ഇതുവരെ കഴിയാത്തതായി പറയപ്പെടുന്ന കാര്യം പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."
2. "എന്നാൽ, പോലീസിന്റെ അതിക്രമങ്ങളും, ലോക്കപ്പ് മർദ്ദനങ്ങളും ഒരു വശത്ത് അരങ്ങേറുമ്പോൾ മറുവശത്ത് പോലീസ് നിഷ്ക്രിയമായി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിൽ ദയനീയമായി പരാജയപ്പെട്ടതായി പറയപ്പെടുന്ന കാര്യം പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

1. "എന്നാൽ, ലോക പ്രശസ്തി നേടിയ കുറിഞ്ഞിമല ഉദ്യാനത്തിന്റെ വിസ്തൃതി കുറയ്ക്കുവാനും, കയ്യേറ്റ ലോബിക്ക് അനുകൂലമായ നിലപാടുകൾ സ്വീകരിച്ച് കയ്യേറ്റക്കാരെ പ്രോത്സാഹിപ്പിക്കാനും നടത്തുന്നതായി പറയപ്പെടുന്ന സർക്കാർ നിലപാടിനെക്കുറിച്ച് പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

2. "എന്നാൽ, ആലപ്പുഴ ലേക്ക്പാലസ് റിസോർട്ടിലേയ്ക്ക് റോഡ് നിർമ്മിച്ച കേസിൽ ശ്രീ. തോമസ് ചാണ്ടിയെ ഒന്നാം പ്രതിയാക്കി വിജിലൻസ് കോടതിയിൽ എഫ്.ഐ.ആർ. സമർപ്പിച്ച ദിവസം തന്നെ അന്വേഷണ സംഘത്തെ മുഴുവനും മാറ്റി പുതിയ അന്വേഷണ സംഘത്തെ നിയോഗിച്ച് കേസ് അട്ടിമറിക്കാൻ നടത്തുന്നതായി പറയപ്പെടുന്ന ശ്രമത്തെ കുറിച്ച് പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

1. "എന്നാൽ, സ്ത്രീ സുരക്ഷയ്ക്ക് കാവലാളാകേണ്ട പോലീസുദ്യോഗസ്ഥർ തന്നെ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ബലാത്സംഗം ചെയ്ത കേസ്സിൽ പ്രതിയാക്കപ്പെട്ട് ജയിലിലാകുന്ന, സാംസ്കാരിക കേരളത്തിന് അപമാനകരമായ സംഭവത്തെക്കുറിച്ച് പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

2. "എന്നാൽ, സംസ്ഥാനത്തെ തെരുവുകൾ വീണ്ടും നായ്ക്കൾ കീഴടക്കിയതിനെക്കുറിച്ചും, മനുഷ്യജീവന് തന്നെ ഭീഷണിയാകുന്ന രീതിയിൽ അവയുടെ വംശവർദ്ധനവ് ഉണ്ടായിട്ടും അതിനെ നിയന്ത്രിക്കാൻ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുന്നതിൽ സർക്കാരിന് ഉണ്ടായതായി പറയപ്പെടുന്ന വീഴ്ചയെപ്പറ്റി പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

1.28 PM]

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഗവർണറുടെ നയപ്രഖ്യാപനത്തിന് സഖാവ് മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. നമ്മുടെ സാമൂഹിക ജീവിതത്തിന്റെ സർവ്വ മണ്ഡലങ്ങളെയും പ്രശ്നങ്ങളെയും സാദ്ധ്യതകളെയും അതിന്റെ സമഗ്രതയിൽ വിലയിരുത്തി കൊണ്ടാണ് നയപ്രഖ്യാപനം നടത്തിയിരിക്കുന്നത്. കേവലമായ വിലയിരുത്തലിനപ്പുറം അവ ഏതെല്ലാം നിലകളിൽ കൈകാര്യം ചെയ്യാനും അതിന്റെ അടിസ്ഥാനത്തിൽ മുന്നോട്ടുപോകാനും കഴിയുമെന്നുള്ളതിന്റെ കാഴ്ചപ്പാടും ഈ നയപ്രഖ്യാപനത്തിന്റെ അർത്ഥവും ആഴവും വർദ്ധിപ്പിക്കുന്നു. അതുകൊണ്ടാണ് നയപ്രഖ്യാപനത്തിനുള്ള നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുന്നത്. സ്വാതന്ത്ര്യപ്രാപ്തിയുടെ ഘട്ടത്തിൽ സ്വതന്ത്ര ഇന്ത്യയുടെ പ്രധാന പരിഗണനകൾ എന്തായിരിക്കുമെന്ന പത്രപ്രവർത്തകരുടെ ചോദ്യത്തിന് ഗാന്ധിജി മറുപടിയായി പറഞ്ഞ പ്രസിദ്ധമായ ഒരു വാചകമുണ്ട്, 'സാധാരണ മനുഷ്യരുടെ കണ്ണുകളിലെ കണ്ണീർ തുടച്ചുമാറ്റും' എന്നായിരുന്നു ആ വാചകം. മഹാത്മാവിന്റെ

മഹത്തായ ഈ സ്വപ്നം രാജ്യം ദീർഘകാലം ഭരിച്ച കോൺഗ്രസ്സുകാർ എങ്ങനെയൊക്കെ ചവിട്ടിയരച്ചുവെന്നത് ഞാൻ ഇവിടെ വിശദീകരിക്കേണ്ട കാര്യമില്ല. രാജ്യം പിന്നെ ബി.ജെ.പി.യുടെയും മോദിയുടെയും കയ്യിലെത്തിയപ്പോൾ 'പണ്ടേ ദുർബ്ബല ഇപ്പോൾ ഗർഭിണി' എന്ന അവസ്ഥയിലായി. ഈ പശ്ചാത്തലത്തിലാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നടപടികളും പുതിയൊരു ഘട്ടത്തിലേയ്ക്കുള്ള ചുവടുവയ്പിന് നാന്ദി കുറിക്കുന്ന ഗവർണറുടെ നയപ്രഖ്യാപനവും വന്നിട്ടുള്ളത്.

സി.പി.ഐ.(എം) നേതൃത്വം നൽകുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സാധാരണക്കാരും പാവപ്പെട്ടവരും വിവിധ രംഗങ്ങളിൽ അദ്ധ്വാനിക്കുന്നവരുമായ ജനവിഭാഗങ്ങളുടെ പ്രശ്നങ്ങളിൽ ഇടപെടുകയും അവ പരിഹരിക്കുന്നതിനുള്ള പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുകയും ചെയ്തുകൊണ്ടാണ് ജനമനസ്സുകളിൽ സ്ഥാനം പിടിച്ചത്. അതുകൊണ്ടുതന്നെ സാധാരണ മനുഷ്യരുടെ ജീവിതം മെച്ചപ്പെടുത്താൻ എന്തൊക്കെ ചെയ്യണമെന്ന് നല്ല ബോദ്ധ്യമുള്ളവരാണ് ഇടതുപക്ഷക്കാർ. ഈ ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽത്തന്നെയാണ് സി.പി.ഐ.(എം)-ഉം ഇടതുപക്ഷ ജനാധിപത്യ മുന്നണിയും ഭരണം ലഭിച്ച ഘട്ടങ്ങളിൽ സാധാരണക്കാരുടെ ജീവിതം അഭിവൃദ്ധിപ്പെടുത്തുന്നതിന് സഹായകരമായ നിയമ-ഭരണ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഐക്യകേരള പിറവിക്കുശേഷം നടന്ന ആദ്യ തെരഞ്ഞെടുപ്പിൽ അധികാരത്തിലെത്തിയ ഇ.എം.എസ്. ഗവൺമെന്റിന്റെ കാലം മുതൽ അനുവർത്തിച്ചുപോരുന്ന സമീപനവും ഇതാണ്. ജന്മിത്വത്തിന്റെയും കാർഷിക മുതലാളിമാരുടെയും പീഡനങ്ങളിലും ഭീഷണികളിലും സാധാരണക്കാരായ കർഷകരും തൊഴിലാളികളും നരകജീവിതം തള്ളി നീക്കിയിരുന്ന പശ്ചാത്തലത്തിലാണ് 1957-ൽ ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിലെത്തിയത്. ജാതിചിന്തയാലും ചരിത്രപരമായ പല കാരണങ്ങളാലും സമൂഹത്തിലെ ഭൂരിപക്ഷം വരുന്ന സാധാരണക്കാർക്ക് വിദ്യ അഭ്യസിക്കുന്നതിനുള്ള സാഹചര്യവും അന്നുണ്ടായിരുന്നില്ല. അത്തരമൊരു പശ്ചാത്തലത്തിൽ ഭൂമി സംബന്ധമായ ബന്ധങ്ങളിലും വിദ്യാഭ്യാസ സൗകര്യങ്ങളിലും അടിസ്ഥാനപരമായ മാറ്റങ്ങളുണ്ടാകേണ്ടത് അനിവാര്യമായിരുന്നു. ഈ വസ്തുത ഉൾക്കൊണ്ടാണ് അന്നത്തെ ഗവൺമെന്റ് ഭൂപരിഷ്കരണ നിയമവും വിദ്യാഭ്യാസ നിയമവും നടപ്പിലാക്കിയത്. പിൽക്കാലത്ത് കേരളാ മോഡൽ വികസനമെന്ന രാജ്യാന്തരങ്ങളിൽ പ്രശസ്തമായ വികസന മാതൃകയുടെ അടിസ്ഥാന പ്രമാണമായി ഈ നടപടികൾ മാറുകയും ചെയ്തു. സർവ്വരാലും അംഗീകരിക്കപ്പെട്ട ഈ ചരിത്രവസ്തുത കോങ്കണ്ണുകൊണ്ട് നോക്കിക്കാണാൻ ആരും ശ്രമിക്കേണ്ട. 1957-നുശേഷം ആറ് പതിറ്റാണ്ട് പിന്നിടുമ്പോൾ കേരളത്തിൽ മറ്റൊരു ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ ഇരിക്കുകയാണ്.

ഈ ഗവൺമെന്റിന്റെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നാല് ബൃഹത് പദ്ധതികൾ പ്രഖ്യാപിച്ച് അതിന്റെ നടപടികളുമായി മുന്നോട്ടു പോകുകയാണ്. സമ്പൂർണ്ണ പാർപ്പിടം, ജനസൗഹൃദ സർക്കാർ ആശുപത്രി, പൊതുവിദ്യാഭ്യാസ സംരക്ഷണം, ഹരിത കേരളം എന്നീ നാല് പദ്ധതികളിലൂടെ ഒരു നവകേരളം സൃഷ്ടിക്കാനുള്ള നടപടികളുമായാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. ഈ പദ്ധതികളെല്ലാംതന്നെ ഞാൻ തുടക്കത്തിൽ പരാമർശിച്ച ഗാന്ധിജിയുടെ വാക്കുകളിൽ നീതിപുലർത്തിക്കൊണ്ട് സാധാരണക്കാരും പാവപ്പെട്ടവരുമായ ജനങ്ങളുടെ ജീവിതം പുതിയ ഉയരങ്ങളിലേയ്ക്ക് കൊണ്ടുപോകാൻ സഹായകമാണ്. ഈ കാഴ്ചപ്പാടിൽ ഊന്നിനിന്നുകൊണ്ടുള്ള വിശദമായ പരിശോധനകളും വിശകലനങ്ങളും നവീന ആശയങ്ങളുമാണ് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ തെളിഞ്ഞുനിൽക്കുന്നത്. ചുരുങ്ങിയ സമയം മാത്രമുള്ളതുകൊണ്ട് അതിന്റെയൊന്നും വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഒരു കാര്യം മാത്രം ഞാൻ പറയട്ടെ, കേരളത്തിന്റെയും രാജ്യത്തിന്റെയും വർത്തമാനകാല വസ്തുനിഷ്ഠ യാഥാർത്ഥ്യങ്ങളുടെ അടിസ്ഥാനത്തിൽ കേരളം പോലൊരു സംസ്ഥാനത്തിന് എന്തൊക്കെ പുരോഗമനപരമായ കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നാണ് ഗവർണറുടെ നയപ്രഖ്യാപനം വിരൽ ചൂണ്ടുന്നത്. അത് നമ്മുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക ജീവിതത്തിന്റെ അഖിലാണ്ഡ മണ്ഡലങ്ങളെയും സ്പർശിച്ചുകൊണ്ടാണ് നിർവ്വഹിച്ചിരിക്കുന്നതെന്ന് പറയുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

ഗവർണറുടെ നയപ്രഖ്യാപനത്തെ വിമർശിക്കാൻ തങ്ങളുടെ കൈവശം ഒന്നുമില്ലെന്ന് പ്രതിപക്ഷം ഇതിനകംതന്നെ വ്യക്തമാക്കിയിരിക്കുകയാണ്. അതുകൊണ്ടാണ് അച്ചടിച്ച നയപ്രഖ്യാപനത്തിലെ ഏതോ ഒരു വാചകം ഗവർണ്ണർ വായിച്ചില്ലെന്നുപറഞ്ഞ് ബഹളമുണ്ടാക്കാൻ ശ്രമിക്കുന്നത്. ഗവർണർ വായിച്ച മറ്റ് കാര്യങ്ങളോടൊന്നും തങ്ങൾക്ക് വിയോജിപ്പില്ലെന്നല്ലേ പ്രതിപക്ഷത്തിന്റെ ഈ സമീപനം സൂചിപ്പിക്കുന്നത്? മോദി ഗവൺമെന്റ് അടിച്ചേൽപ്പിച്ച നോട്ടുനിരോധനവും ജി.എസ്.ടി.-യുടെ പിന്നിലെ കുരുക്കുകളും ജനജീവിതം ദുസ്സഹമാക്കുന്നതിനെപ്പറ്റി പ്രതിപക്ഷത്തിന് എന്തെങ്കിലും പറയാനുണ്ടോ? നാട്ടിലെ കാര്യങ്ങളൊന്നും മനസ്സിലാക്കാതെ രാജ്യങ്ങളായ രാജ്യങ്ങൾ മുഴുവൻ ചുറ്റിനടന്ന ശ്രീ. നരേന്ദ്ര മോദിയുടെ അനുഗ്രഹാശിസ്സോടെ ഇന്ധനവില ദിവസവും വർദ്ധിപ്പിച്ചു കൊണ്ടിരിക്കുന്ന നടപടിക്കെതിരെ കോൺഗ്രസ്സിന് മിണ്ടാനുണ്ടോ? എങ്ങനെ മിണ്ടാൻ സാധിക്കും? കാരണം, കോൺഗ്രസ് നേതാവ് രാജ്യം ഭരിച്ചപ്പോഴല്ലേ ഇന്ധനവില നിർണ്ണയിക്കാനുള്ള അധികാരം സർക്കാരിൽനിന്നും എടുത്തുമാറ്റി പെട്രോളിയം കമ്പനികൾക്ക് നൽകിയത്. പിന്നെ എങ്ങനെയാണ് അവർ ശ്രീ. നരേന്ദ്ര മോദിയെ വിമർശിക്കുന്നത്? സംഘപരിവാറിന്റെ വർഗ്ഗീയ അജണ്ടയോട് കോൺഗ്രസ്സിന്റെ നയമെന്താണ്? വർഗ്ഗീയതക്കെതിരായ നയപ്രഖ്യാപനത്തിലെ പരാമർശങ്ങളെ വിമർശിക്കാൻ കോൺഗ്രസ്സിന് ധൈര്യമുണ്ടെങ്കിൽ അക്കാര്യം തുറന്നുപറയണം. അല്ലാതെ അതുമിതും പറഞ്ഞ്

തടിതപ്പരുത്. നയപ്രഖ്യാപനത്തിലെ ഒരു വാചകം വായിക്കാതിരുന്നത് മഹാ അപരാധമാണ്, അതിന് ഏത്തമിടണമെന്നൊക്കെയാണല്ലോ പ്രതിപക്ഷം പറയുന്നത്. രണ്ടര മണിക്കൂർകൊണ്ട് വായിച്ചുതീർക്കേണ്ട ബജറ്റ് പ്രസംഗം ഒരു വാചകമല്ല, അതിന്റെ പകുതി മാത്രം പറഞ്ഞെന്നുവരുത്തി തടിയൂരുന്ന വിദ്വാന്മാരാണ് ഗവർണറുടെ ഒന്നര മണിക്കൂർ നേരത്തെ പ്രസംഗത്തിലെ ഒരു വാചകം വിട്ടുകളഞ്ഞുവെന്നുപറഞ്ഞ് ബഹളം വയ്ക്കുന്നത്. അന്യന്റെ കണ്ണിലെ കരട് കാണും പക്ഷേ സ്വന്തം കണ്ണിലെ കോൽ കാണില്ലെന്ന ചൊല്ല് ഓർമ്മിപ്പിക്കുന്നതാണ് പ്രതിപക്ഷത്തിന്റെ ഈ സമീപനം. ഒരു അക്ഷരം വായിച്ചില്ലെങ്കിലും സഭയുടെ മേശപ്പുറത്തുവച്ചാൽ അത് ഔദ്യോഗിക രേഖയായി എന്ന നിയമസഭാ ചട്ടം അറിയാത്തവരൊന്നുമല്ലല്ലോ ശ്രീ. രമേശ് ചെന്നിത്തലയും കൂട്ടരും. അതുകൊണ്ട് നയപ്രഖ്യാപനത്തെ പിന്താങ്ങിക്കൊണ്ട് പ്രതിപക്ഷവും സംസാരിക്കുമെന്നാണ് ഞാൻ ആശിക്കുന്നത്. കാരണം, മറ്റൊന്നും അവർക്ക് പറയാനില്ലല്ലോ? ഞാൻ അവസാനിപ്പിക്കുകയാണ്. ഗവർണറുടെ നയപ്രഖ്യാപനത്തെയും അതിനുള്ള നന്ദിപ്രമേയത്തെയും ഒരിക്കൽക്കൂടി ഞാൻ പിന്താങ്ങുന്നു.

1.37 PM]

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. നന്ദിപ്രമേയ ചർച്ച ആരംഭിക്കുന്നതിന് തൊട്ടുമുമ്പായി ഗവർണർ നടത്തിയ പ്രസംഗവുമായി ബന്ധപ്പെട്ട് ഒരു ക്രമപ്രശ്നം ഉന്നയിച്ചിരുന്നു. ഗവർണർ ഇതിനുമുമ്പും ഇവിടെ വന്ന് നയപ്രഖ്യാപന പ്രസംഗം നടത്തിയിട്ടുണ്ട്. ആ നയപ്രഖ്യാപനങ്ങളൊന്നും ഈ ഒന്നര വർഷക്കാലത്തിനുള്ളിൽ പ്രാവർത്തികമാകാത്തതുകൊണ്ടാകാം അദ്ദേഹം സ്വയം അത് വിട്ടുകളഞ്ഞതെന്ന് ഞാൻ വിശ്വസിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻ ബഹുമാന്യനായ മുഖ്യമന്ത്രി പിണറായി വിജയൻ ഒരു പ്രഖ്യാപനം നടത്തുകയുണ്ടായി. ഓരോ ഫയലുകളും ഓരോ ജീവിതങ്ങളാണെന്നാണ് അദ്ദേഹം പറഞ്ഞത്. പക്ഷേ ഒന്നര വർഷം കഴിഞ്ഞിട്ടും ഓരോ ഫയലുകളുടെയും സ്ഥിതിയെന്താണെന്നത് സംബന്ധിച്ച് ബഹുമാന്യനായ മുഖ്യമന്ത്രിയോ മന്ത്രിമാരോ പരിശോധിക്കുന്നുണ്ടോയെന്ന് അറിയാൻ എനിക്ക് ആഗ്രഹമുണ്ട്. ബഹുമാനപ്പെട്ട മന്ത്രിമാർക്ക് അവരുടെ വകുപ്പുകളിൽ എന്താണ് നടക്കുന്നതെന്നുപോലും അറിയാൻ താൽപ്പര്യമില്ല. ഒന്നര വർഷക്കാലത്തെ ഈ ഭരണം കേരളത്തിലെ സമസ്ത മേഖലകളെയും ഇല്ലാതാക്കിക്കഴിഞ്ഞിരിക്കുകയാണ്. ഒന്നര വർഷക്കാലത്തിന് ഇടയിൽ ആകെ ഒറ്റക്കാര്യം മാത്രം നടന്നു, അത് നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ആകെ നടന്നത് കേരളത്തിലെ ബാർ മുതലാളിമാർക്കുവേണ്ടി എല്ലാ ബാറുകളും തുറന്നുകൊടുത്തുവെന്നുള്ളതാണ്. ആ

വിഭാഗം ആളുകൾ മാത്രമാണ് ഇന്ന് സംതൃപ്തിയോടുകൂടി മുന്നോട്ടുപോകുന്നത്. ടൂറിസത്തിന്റെ പേരിലാണ് ഈ ബാറുകൾ തുറന്നുകൊടുത്തതെന്നാണ് മന്ത്രി അടക്കമുള്ള ആളുകൾ പറയുന്നത്. ബാറുകൾ തുറന്നുകൊടുത്തത് പോകട്ടെ, അതൊരുപക്ഷേ ഗവൺമെന്റിന്റെ പോളിസിയാകാം. പക്ഷേ 200 മീറ്റർ ദൂരപരിധിയെന്നുള്ളത് സ്കൂളുകളുടെയും ആശുപത്രികളുടെയും വിദ്യാലയങ്ങളുടേതുമടക്കം 50 മീറ്ററാക്കി ചുരുക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരവും എടുത്തുകളഞ്ഞു. സ്കൂളുകളുടെ മുന്നിൽക്കൊണ്ടുപോയി ബാറുകളും ബിവറേജസ് ഔട്ട്ലെറ്റുകളും സ്ഥാപിച്ചത് ഒന്ന് ചോദ്യം ചെയ്യാൻപോലും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി തയ്യാറായില്ല. ആർക്കുവേണ്ടിയാണ് ഇതൊക്കെ ചെയ്തു കൊണ്ടിരിക്കുന്നത്? പണ്ടൊക്കെ സ്കൂളുകളിൽ എൽ.കെ.ജി., യു.കെ.ജി. ക്ലാസ്സുകളിലൊക്കെ പഠിപ്പിക്കുന്നത് - A for Apple, B for Book, C for Cat എന്നിങ്ങനെയായിരുന്നു. ഇപ്പോൾ അതെല്ലാം മാറി. ഇപ്പോൾ വളരെ എളുപ്പത്തിൽ അവരെ പറഞ്ഞുപഠിപ്പിക്കുന്നത്, A for Achaar, B for Brandy, C for Cheers എന്നായി മാറിയിരിക്കുന്നു. ഇങ്ങനെ വിദ്യാഭ്യാസ നിലവാരം ഇല്ലാതാക്കി, വിദ്യാർത്ഥികളെ ബാറിന്റെയും മദ്യത്തിന്റെയും സമീപത്തു കൊണ്ടുപോയി പഠിപ്പിക്കുന്ന രീതിയിലേയ്ക്ക് കേരളത്തിലെ വിദ്യാഭ്യാസം മാറിയെന്നുള്ളതാണ് കാണാൻ കഴിയുക. ഈ മദ്യനയം വന്നതിനുശേഷം മലയാള സിനിമയിലെ പാട്ടുകൾപോലും മാറിയിരിക്കുന്നു - 'അമ്മയുടെ ജിമിക്കി കമ്മൽ അച്ഛൻ കട്ടോണ്ടുപോയി, അച്ഛന്റെ ബ്രാന്റിക്കുപ്പി അമ്മ കുടിച്ചുതീർത്തു'. യഥാർത്ഥത്തിൽ അച്ഛന്റെ ബ്രാന്റിക്കുപ്പി അമ്മ കുടിച്ചുതീർത്തതിനുശേഷം അതിന്റെ വിരോധം തീർക്കാൻവേണ്ടിയാണ് ജിമിക്കി കമ്മൽ അടിച്ചു കൊണ്ടുപോയത്. ഈ സർക്കാരിന്റെ മദ്യനയംമൂലം ജിമിക്കി കമ്മലും കെട്ടുതാലിയും കട്ടോണ്ടുപോകുന്നവരുടെ സംസ്ഥാനമായി നമ്മുടെ കേരളം മാറി കഴിഞ്ഞിരിക്കുന്നു. ഇതിന്റെ ഉത്തരവാദിത്വം ഈ സർക്കാരിനല്ലേ?

ഒരു വലിയ ദുരന്തത്തിനുശേഷമാണ് ഇവിടെ ലോക കേരളസഭ നടത്തിയത്. പ്രവാസികളെ വിളിച്ചുകൊണ്ടുവന്ന് അവരുടെ ആവശ്യങ്ങളും പരാതികളും കേൾക്കുന്നത് നല്ലതാണ്. പക്ഷേ, വലിയൊരു സാമ്പത്തിക പ്രതിസന്ധി നമ്മുടെ സംസ്ഥാനത്തുണ്ടായിരിക്കുന്ന സാഹചര്യത്തിൽ അത്തരത്തിലുള്ള വലിയൊരു ധൂർത്ത് നമുക്ക് ഒഴിവാക്കാമായിരുന്നു. 2007 മേയ് 24, 25 തീയതികളിൽ ഇന്ത്യയിലെ മുഴുവൻ സ്പീക്കർമാരുടെയും ഡെപ്യൂട്ടി സ്പീക്കർമാരുടെയും മീറ്റിംഗ് വളരെ ചെലവ് കുറച്ച് ഇവിടെ നടത്തിയിട്ടുണ്ട്. ലോക കേരളസഭയിൽ പങ്കെടുക്കാൻ എത്തിയവരെയെല്ലാം ഇവന്റ് മാനേജ്മെന്റിനെ ഏൽപ്പിച്ച് ലീല ഹോട്ടലിൽ താമസിപ്പിച്ച് വലിയ ധൂർത്താണ് നടത്തിയത്. അങ്ങനെ ധൂർത്തടിച്ച

പണംകൂടി ഓഖി ദുരന്തബാധിതർക്ക് കൊടുത്തിരുന്നെങ്കിൽ പാവപ്പെട്ട കുറേ മത്സ്യത്തൊഴിലാളികൾക്ക് അതിന്റെ പ്രയോജനം ലഭിക്കുമായിരുന്നു. ഇങ്ങനെയുള്ള കാര്യങ്ങൾ നാം കുറച്ചുകൂടി ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ടി. പി. ചന്ദ്രശേഖറിനെ വധിച്ച കേസ്സിൽ ഗൂഢാലോചന നടന്നിട്ടുണ്ടോ എന്നതിനെക്കുറിച്ച് സി.ബി.ഐ. അന്വേഷണം വേണ്ടെന്ന നിലപാടാണ് സർക്കാരിനുള്ളത്. സർക്കാർ ഇന്നലെ ഇത് കോടതിയിൽ ബോധിപ്പിച്ചു. ടി. പി. ചന്ദ്രശേഖറിനെ 51 വെട്ടിനാണ് വധിച്ചത്. പാർട്ടിയുടെ അഖിലേന്ത്യാ സെക്രട്ടറിയെ 55 വെട്ടിനാണ് നിലംപരിശാക്കിയിരിക്കുന്നത്. കേരളത്തിൽനിന്ന് പാർട്ടിയുടെ അഖിലേന്ത്യാ സെക്രട്ടറിയെ പിന്തുണച്ചത് ഡോ. ടി. എം. തോമസ് ഐസക് മാത്രമാണ്. പക്ഷേ അദ്ദേഹത്തിന് വോട്ട് ചെയ്യാൻ കഴിഞ്ഞില്ല. ഇന്ത്യയിൽ ഫാസിസം വന്നിട്ടില്ല എന്നുപറയുന്ന ഏക വ്യക്തി ആരാണ്? ശ്രീ. പ്രകാശ് കാരാട്ട്. ശ്രീ. പ്രവീൺ തൊഗാഡിയ പോലും തന്നെ അപായപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു എന്നുപറയുമ്പോൾ ഇവിടെ ശ്രീ. പ്രകാശ് കാരാട്ട് പറയുകയാണ്, ഇന്ത്യയിൽ ഫാസിസം വന്നിട്ടില്ല എന്ന്. ഇതാർക്കുവേണ്ടിയാണ് പറയുന്നത്? സെൻട്രൽ കമ്മിറ്റിയിലെ വോട്ടിംഗിന് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം ഉപയോഗിക്കാത്തത് എന്തായാലും നന്നായി. അങ്ങനെ വോട്ട് ചെയ്തിരുന്നെങ്കിൽ യഥാർത്ഥത്തിൽ ശ്രീ. സീതാറാം യെച്ചൂരിക്ക് ഒരു വോട്ടുപോലും കിട്ടില്ലായിരുന്നു. കാരണം ശ്രീ. അമിത് ഷാ അതിനുള്ള സെറ്റപ്പ് കൂടി ചെയ്തുകൊടുക്കുമായിരുന്നു. എന്തായാലും മാനുവൽ വോട്ടിംഗായതുകൊണ്ട് യെച്ചൂരി പക്ഷത്തിന് 31 വോട്ട് കിട്ടി. ' അമ്മ വേലി ചാടിയാൽ മകൾ മതിൽ ചാടും' എന്ന് കേട്ടിട്ടുണ്ട്. അച്ഛൻ വേലി ചാടിയാൽ എന്താകുമെന്ന് നമുക്ക് അറിഞ്ഞുകൂടാ. പക്ഷേ, മകൻ മതിൽ ചാടിക്കൊണ്ടേയിരിക്കുകയാണ്. അച്ഛൻ ഹ്യൂണ്ടായ്... 

അച്ഛൻ ഹ്യൂപ്പർ കാറിൽ കയറിയാൽ മകന് ഓഡി കാറിൽ കയറണമെന്ന് സ്വാഭാവികമായും തോന്നും. ബഹുമാനപ്പെട്ട സി.പി.ഐ. (എം)-ന്റെ അഖിലേന്ത്യാ സെക്രട്ടറിയുടെ മകൻ ഓഡി കാർ വാങ്ങുന്നതിന് ദുബായിൽ 13 കോടി രൂപയുടെ തട്ടിപ്പ് നടത്തേണ്ട കാര്യമുണ്ടോ? രണ്ടു ദിവസംകൊണ്ട് ബക്കറ്റ് പിരിവെടുത്ത് ഇവിടെനിന്നും സംഭരിച്ചു കൊടുക്കാവുന്നതേയുള്ളു. സി.പി.ഐ.(എം) പോലുള്ള പാർട്ടിയുടെ നേതാക്കളുടെ മക്കൾപോലും എങ്ങനെ ആയിരിക്കണമെന്നുള്ളതിനെ സംബന്ധിച്ച് പാലക്കാട് നടന്ന സമ്മേളനത്തിൽ തീരുമാനമെടുത്ത പാർട്ടി സെക്രട്ടറിയാണ്. ആ പാർട്ടി സെക്രട്ടറിയുടെ മക്കൾക്കെതിരെ ഗുരുതരമായ അഴിമതി, തട്ടിപ്പ് ആരോപണം വന്നപ്പോൾ അതിനെതിരെ മറുപടി പറയാൻ സി.പി.ഐ.(എം)-ന്റെ ഉന്നതരായ നേതാക്കളാരും വന്നില്ല. ആരോപണം മാത്രമാണെന്നാണ് ഇപ്പോൾ പറയുന്നത്.

ലോക കേരളസഭ നടത്തി അവിടെനിന്ന് പ്രതിനിധികളെ എല്ലാവരെയും ഇവിടെ കൊണ്ടുവന്നതെന്തിനാണെന്ന് ഇപ്പോൾ മനസ്സിലായി. ലോക കേരള സഭയിലെ വിദേശ മലയാളികളെപ്പോലെയുള്ള ആളുകളുടെ തണലിലാണ് ഇപ്പോൾ ഈ തട്ടിപ്പുസംഘങ്ങൾ അവിടെ ജീവിക്കുന്നത് എന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. പ്രധാനപ്പെട്ട ഈ വാർത്ത മലയാള മനോരമ പത്രത്തിൽ വന്നപ്പോൾ കേരളത്തിലെ മുഴുവൻ ജനങ്ങളും ആരോപിക്കപ്പെട്ട സംസ്ഥാന സെക്രട്ടറിയുടെ പേരില്ലായിരുന്നു എന്നുപറഞ്ഞു....... (ബഹളം).....

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ.... രാവിലെ ഒരു പരാമർശമുണ്ടായി. ഇല്ലാത്തൊരു സംഭവം തട്ടിപ്പ് എന്ന് സ്ഥാപിക്കാൻവേണ്ടി അദ്ദേഹം ഈ വാക്ക് ഫലപ്രദമായി പ്രയോഗിക്കുകയാണ്. ( ....ബഹളം.......) സഭയിൽ ഇല്ലാത്ത ഒരാളെ അപകീർത്തിപ്പെടുത്തുന്ന നിലയിൽ (......ബഹളം....) അതാരാണെന്ന് നിങ്ങൾ ഉദ്ദേശിച്ചതുപോലെത്തന്നെയാണ് ഞാനും ഉദ്ദേശിക്കുന്നത്. അത്തരത്തിൽ പറയുന്നത് റൂളിംഗിന് എതിരാണ്.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഇതുസംബന്ധിച്ച് ഇന്നലെ മലയാള മനോരമയിൽ ഒരു വാർത്ത വന്നിരുന്നു. ആ വാർത്ത വന്നപ്പോൾ സി.പി.ഐ. (എം) നേതാവിന്റെയും മകന്റെയും പേരില്ലായിരുന്നു. പക്ഷേ, കേരളത്തിലുള്ള മുഴുവൻ ആളുകൾക്കും അത് ഇന്ന നേതാവിന്റെ മകനായിരിക്കും എന്ന് അറിയാമായിരുന്നു. കാരണം പത്രവാർത്തയിൽ പേരില്ലായിരുന്നിട്ടുകൂടി ഇന്ന ആളിന്റെ മകനാണെന്നാണ് പറഞ്ഞത്. അത് ചേട്ടനാണോ അനിയനാണോ എന്ന കാര്യത്തിൽ മാത്രമേ സംശയമുണ്ടായിരുന്നുള്ളൂ. എന്തായാലും ഇത്രയും ഗൗരവമായ കാര്യം ഒരു പ്രധാനപ്പെട്ട പാർട്ടിയുടെ നേതാവിന്റെ മകനിൽ നിന്നുണ്ടായത് ഗൗരവമായി അന്വേഷിച്ച് നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, ബഹുമാന്യനായ കേരള ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിന്മേൽ ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ ഹൃദയപൂർവ്വം പിന്താങ്ങുന്നു. കേരള ചരിത്രത്തിലെ സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങളുടെ ഇരുപത് മാസക്കാലമാണ് കടന്നുപോയത്. ഈ ഇരുപത് മാസക്കാലയളവിൽ നിരവധിയായ വികസന പ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും നടപ്പാക്കപ്പെട്ട ഒരു സംസ്ഥാനമാണ് കേരളമെന്നുള്ളത് പരക്കെ ചർച്ച ചെയ്യപ്പെടുന്നതും അംഗീകരിക്കുന്നതുമായ ഒരു കാര്യമാണ്. ആ അനുഭവങ്ങളുടെയും മറ്റും വെളിച്ചത്തിലാണ് ഗവർണർ നയപ്രഖ്യാപന പ്രസംഗം നടത്തിയിട്ടുള്ളത്.

കേരളത്തെയും ഇൻഡ്യയെയും വിശകലനം ചെയ്ത് വസ്തുനിഷ്ഠമായി അതിനെ അപഗ്രഥിച്ചുകൊണ്ട് നാളെ ഈ കേരളം എങ്ങനെ ആയിരിക്കണം എന്നതിനെ സംബന്ധിച്ച വ്യക്തമായ കാഴ്ചപ്പാടാണ് നയപ്രഖ്യാപനത്തിലൂടെ ഈ സഭയിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. അതിന്റെ ഉള്ളടക്കത്തെ സംബന്ധിച്ച് പരാമർശിക്കാൻ കഴിയാതെ കേവലം മറ്റുചില ന്യായവാദങ്ങൾ ഉന്നയിക്കാനാണ് ബഹുമാന്യനായ ശ്രീ. വി. പി. സജീന്ദ്രൻ ശ്രമിച്ചിട്ടുള്ളത്. അദ്ദേഹം പറഞ്ഞത് ഇക്കഴിഞ്ഞ 20 മാസക്കാലത്തിനിടയിൽ കേരളത്തിനുണ്ടായ മാറ്റം ബാറുകൾ തുറന്നു കൊടുത്ത അനുഭവം മാത്രമാണെന്നാണ്. ബാറുകൾ തുറക്കുന്നതിനെയും അടയ്ക്കുന്നതിനെയും സംബന്ധിച്ചും അത് ഏതെല്ലാം രീതിയിൽ പ്രയോജനകരമായിത്തീരുമെന്നതിനെ സംബന്ധിച്ചും ഒരുപക്ഷേ നന്നായി അറിയാവുന്നവർ പ്രതിപക്ഷമാണെന്ന് പ്രത്യേകിച്ച് പറയേണ്ട കാര്യമില്ല. അതിന്റെ അനുഭവങ്ങൾ പിന്നിട്ട അഞ്ചുവർഷക്കാലം കേരളം കണ്ടതാണ്. കോഴയുടെ നിരന്തരമായ വാർത്തകൾ നാമെല്ലാം ശ്രവിച്ചതാണ്. അതിന്റെ അന്വേഷണങ്ങൾ നടന്നതാണ്. അനുഭവസ്ഥരായ ആളുകൾ ജനങ്ങളോട് കാര്യങ്ങൾ തുറന്നുപറഞ്ഞതാണ്. ഈ അനുഭവമുള്ള ആളുകൾക്ക് അത് മറക്കാൻ വളരെ വിഷമമായിരിക്കും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കഴിഞ്ഞ ഇരുപത് മാസക്കാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിയാൽ ധാരാളം നേട്ടങ്ങൾ നമുക്ക് കാണാൻ കഴിയും. സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിലുള്ള ആശ്വാസ കിരണം പദ്ധതി വഴി 2017 മാർച്ച് വരെ 104440 ഗുണഭോക്താക്കൾക്ക് 87 കോടി രൂപയുടെ ധനസഹായമാണ് നൽകാൻ കഴിഞ്ഞിട്ടുള്ളത്. 200 കോടി രൂപ ചെലവിൽ സ്മാർട്ട്സിറ്റിയുടെ രണ്ടാംഘട്ട പ്രവർത്തനത്തിന് തീരുമാനമെടുത്തു കഴിഞ്ഞു. ഇതര സംസ്ഥാന തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കുന്ന ആവാസ് പദ്ധതിക്ക് തുടക്കംകുറിച്ചത് ഈ കാലയളവിലാണെന്ന് നമുക്ക് കാണാൻ കഴിയും. സംസ്ഥാനത്തെ പത്ത് ഐ.ടി.ഐ.-കൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി 228 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയത് ഈ ചുരുങ്ങിയ കാലയളവിലാണ്. യു.ഡി.എഫ്. സർക്കാർ തകർത്ത കേരളത്തിലെ 40 പൊതുമേഖലാ സ്ഥാപനങ്ങളെ പരിരക്ഷിച്ച് അതിൽ 13 എണ്ണത്തെ ലാഭകരമാക്കിത്തീർക്കുന്നതിന് ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ സാധ്യമായി എന്നത് ഈ ഗവൺമെന്റിന്റെ ഇച്ഛാശക്തി യോടെയുള്ള പ്രവർത്തനത്തെയാണ് സൂചിപ്പിക്കുന്നത്.

സംസ്ഥാന കാഷ്യൂ കോർപ്പറേഷൻ നിലവിൽ വരികയും ആറ് പുതിയ സർക്കിൾ ഓഫീസുകൾ ഇതിനായി തുറന്നുകൊടുക്കുകയും 84 തസ്തികകൾ

സൃഷ്ടിക്കുകയും ചെയ്തു. ഭിന്നശേഷിയുള്ള കുട്ടികളുടെ കലാഭിരുചികൾ പരിപോഷിപ്പിക്കുന്നതിന് സർഗ്ഗം പദ്ധതി, അത്തരം കുട്ടികളെ പൊതുധാരയിലേയ്ക്ക് എത്തിക്കുന്നതിന് എല്ലാ മണ്ഡലങ്ങളിലും ഓട്ടിസം പാർക്ക് എന്നിവയെല്ലാം പ്രാവർത്തികമാക്കാനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹായത്തോടെ സംസ്ഥാനത്തെ ആദിവാസി ഊരുകളിൽ ആദിവാസി സാക്ഷരതാ പദ്ധതിയായ 'സമഗ്ര' നടപ്പാക്കപ്പെടുന്നു. പദ്ധതിക്കായി മൂന്നരക്കോടി രൂപ അനുവദിച്ചുകഴിഞ്ഞു. എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഭൂമിയും വീടും ലൈഫ് മിഷൻ വഴി നൽകാനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു. മുടങ്ങിക്കിടന്നിരുന്ന മത്സ്യത്തൊഴിലാളി പെൻഷൻ കുടിശ്ശിക ഉൾപ്പെടെ കൊടുത്തുതീർത്തു. പെൻഷൻ തുക 600 രൂപയിൽ നിന്നും 1100 രൂപയാക്കി വർദ്ധിപ്പിച്ചു. പഞ്ഞമാസങ്ങളിലെ ആശ്വാസ ധനസഹായം 1800 രൂപ വർദ്ധിപ്പിച്ച് 4500 രൂപയാക്കി. റോഡപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തര വിദഗ്ദ്ധ ചികിത്സ ലഭിക്കുന്നതിനായി സമഗ്ര ട്രോമാ കെയർ സംവിധാനം നടപ്പിലാക്കി.

'വിശപ്പ് രഹിത കേരളം' പദ്ധതിയുടെ ഭാഗമായി അഗതികൾക്ക് വീടുകളിൽ ഭക്ഷണം എത്തിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചു. ആദ്യഘട്ടമായി തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. അംഗപരിമിതരുടെ പുനരധിവാസത്തിനും സഹായത്തിനുമായി സമഗ്ര വിവര ശേഖരണം നടത്തി അവരുടെ ആവശ്യങ്ങൾ നിർവ്വഹിച്ചുകൊടുക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് പദ്ധതികൾ തയ്യാറാക്കി കൊണ്ടിരിക്കുന്നു. ഐ.ടി. രംഗത്ത് കേരളത്തെ കുതിപ്പിലേയ്ക്ക് നയിക്കാനുതകുന്ന ടെക്നോ സിറ്റിയുടെ നിർമ്മാണം പൂർത്തിയാകുന്നതോടെ ഒരു ലക്ഷം പേർക്ക് തൊഴിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. സർക്കാരിന്റെ ആരോഗ്യ നയത്തിന്റെ ഭാഗമായി ആശുപത്രികളെ രോഗീസൗഹൃദമാക്കുന്നതിന് മെഡിക്കൽ കോളേജിൽ 10 കോടി രൂപയുടെ ഒ.പി. നവീകരണ പദ്ധതി നടന്നുകൊണ്ടിരിക്കുന്നു. റോഡപകടങ്ങളിൽപ്പെട്ട് സ്വകാര്യ ആശുപത്രികളിൽ എത്തുന്നവർക്ക് ആദ്യ 48 മണിക്കൂർ സർക്കാർ ചെലവിൽ സൗജന്യ ചികിത്സ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇങ്ങനെ സാധാരണ മനുഷ്യന്റെ ജീവിതവുമായി ബന്ധപ്പെട്ട് സർക്കാർ രൂപം നൽകിയിട്ടുള്ള പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നതിന്റെ അസഹിഷ്ണുത ചിലർക്കെല്ലാമുണ്ട്. ഇന്ന് നമ്മുടെ രാജ്യം ഭരിക്കുന്നത് വർഗ്ഗീയ ഭ്രാന്തന്മാരാണെന്നും ആ ഭരണത്തെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത് കോർപ്പറേറ്റുകളാണെന്നുമുള്ള കാര്യത്തിൽ തർക്കമില്ല. ഇന്ത്യയിലെ സാധാരണക്കാരെ വിസ്മരിച്ചുകൊണ്ട് കോർപ്പറേറ്റുകളുടെ സംരക്ഷണം ഏകപക്ഷീയമായി ഏറ്റെടുത്ത് കേന്ദ്രസർക്കാർ മുന്നോട്ടു

പോകുകയാണ്. ഈ സന്ദർഭത്തിൽ ഒരു തുരുത്തുപോലെ അതിൽനിന്നും വ്യത്യസ്തമായൊരു സമീപനം സ്വീകരിക്കുന്ന, ജനപക്ഷ നിലപാടുകൾ സ്വീകരിക്കുന്ന ഒരു സർക്കാരായിട്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കേരള സർക്കാരിനെ ജനങ്ങൾ വിലയിരുത്തുന്നത്. ഇങ്ങനെ വ്യത്യസ്തമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന സംസ്ഥാന സർക്കാരിനെതിരെ കേന്ദ്രസർക്കാരും കേന്ദ്ര ഭരണകക്ഷിയായ ബി.ജെ.പി.-യും അതിശക്തമായ വിമർശനങ്ങളും പ്രചരണങ്ങളും സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നുവെന്ന് നമുക്ക് കാണാൻ സാധിക്കും. അവരുടെ വിമർശനങ്ങൾ ഏറ്റുപാടുകയെന്നത് ഇന്ന് യു.ഡി.എഫ്.-ന്റെ ഒരു സമീപനമായി മാറിക്കഴിഞ്ഞിട്ടുണ്ട്. ഇവിടെ പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല നയിച്ച 'പടയൊരുക്കം' നടക്കുന്ന കാലഘട്ടത്തിലാണ് കേന്ദ്ര സർക്കാരിന്റെ ഒത്താശയോടെ ശ്രീ. കുമ്മനം രാജശേഖരൻ സംസ്ഥാന സർക്കാരിനെതിരായ വിമർശന ശരങ്ങൾ തൊടുത്തുവിട്ടുകൊണ്ട് കേന്ദ്രമന്ത്രിമാരും ബി.ജെ.പി.-യുടെ മുഖ്യമന്ത്രിമാരും അണിനിരന്ന പ്രചരണ പരിപാടി സംഘടിപ്പിച്ചത്. അവിടെ മുഴങ്ങിക്കേട്ട മുദ്രാവാക്യങ്ങളുടെ ആവർത്തനമാണ് പടയൊരുക്കത്തിലും കേൾക്കാൻ കഴിഞ്ഞത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ജനവിരുദ്ധ നിലപാടുകൾക്കെതിരായാണ് പടയൊരുക്കമെന്ന് പ്രചരിപ്പിച്ചിരുന്നുവെങ്കിലും ഒരു വേദിയിൽപ്പോലും കേന്ദ്രത്തിനെതിരായുള്ള നിശിതമായ വിമർശനത്തിന്റെ ശബ്ദം കേൾക്കാൻ കഴിഞ്ഞില്ല. രാഷ്ട്രീയമായി ഇത്രയും അധഃപതിച്ച പരിതാപകരമായ ഒരവസ്ഥയിലേയ്ക്ക് യു.ഡി.എഫ്.-ന് എത്തപ്പെടേണ്ടിവന്നത് എന്തുകൊണ്ടാണെന്ന് ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്. നമ്മുടെ രാജ്യം സ്വാതന്ത്ര്യം നേടുമ്പോൾ ഒരു വടവൃക്ഷംപോലെ പടർന്നുപന്തലിച്ചുനിന്ന ഭരണപക്ഷ രാഷ്ട്രീയ പാർട്ടിയായിരുന്നു ഇന്ത്യൻ നാഷണൽ കോൺഗ്രസ്സെന്ന് എല്ലാവർക്കുമറിയാവുന്ന കാര്യമാണ്. ആ കോൺഗ്രസ്സിന്റെ ഇന്നത്തെ അവസ്ഥ എന്താണ്; ജനവിശ്വാസം നഷ്ടപ്പെട്ട, കോൺഗ്രസ്സ് പതനത്തിലേയ്ക്ക് എത്തിച്ചേർന്നത് എങ്ങനെയാണ്? അതുസംബന്ധിച്ച് ഒരു പുനരാലോചന നടത്താൻ, തങ്ങൾ പിന്നിട്ട വഴിയിലെ അപഥസഞ്ചാരത്തെ സംബന്ധിച്ച് പരിശോധിക്കാൻ ഇപ്പോഴും അവർ തയ്യാറാകുന്നില്ല എന്നുള്ളത് ഖേദകരമായ ഒരു കാര്യമാണ്. ഇന്ന് എവിടെയാണ് കോൺഗ്രസ്സ് അധികാരത്തിലുള്ളത്; കോൺഗ്രസ്സിന് എന്ത് അസ്ഥിത്വമാണ് ഇന്ത്യൻ രാഷ്ട്രീയത്തിൽ കാണാൻ കഴിയുന്നത്? എവിടെയും അവർ ഒറ്റപ്പെടുകയാണ്. ഗോവയിലെയും മണിപ്പൂരിലെയും ജനങ്ങൾ സാധ്യമാകുമെങ്കിൽ കോൺഗ്രസ്സ് ഭരിച്ചുകൊള്ളട്ടെയെന്ന തീരുമാനമെടുത്തപ്പോൾ ആ അവസരം ഉപയോഗപ്പെടുത്താൻപോലും കഴിയാതിരുന്ന ഒരു നേതൃത്വത്തെയാണ്

കോൺഗ്രസ്സ് ഇന്ന് ഉൾക്കൊണ്ടുപോകുന്നത് എന്നത് നാം കാണാതിരിക്കരുത്. എന്തുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്? ഇന്ത്യൻ ജനാധിപത്യത്തെ കശാപ്പ് ചെയ്തുകൊണ്ട് സ്വേച്ഛാധിപത്യ ഭരണസംവിധാനം രാജ്യത്ത് അരക്കിട്ടുറപ്പിക്കാനും മതേതരത്വം തകർക്കാനും ഒരു ഭാഗത്ത് ശ്രമങ്ങൾ നടത്തുമ്പോൾ അതിനെ പ്രതിരോധിക്കാനുള്ള എന്ത് കർമ്മപദ്ധതിയാണ് യു.ഡി.എഫിനുള്ളത്, കോൺഗ്രസ്സിനുള്ളത് എന്നത് ജനങ്ങൾക്ക് വിശ്വസനീയമാകുന്ന രീതിയിൽ പറയാൻ തയ്യാറുണ്ടോ; എന്ത് കർമ്മ പദ്ധതികളാണ് നിങ്ങൾക്കുള്ളത്? കോൺഗ്രസ്സ് കൂടുതൽ കൂടുതൽ ദുർബലപ്പെടുകയാണെന്നുമാത്രമല്ല, ജനങ്ങളിൽനിന്നും ഒറ്റപ്പെട്ടുകൊണ്ടിരിക്കുകയുമാണ്. ഇന്ത്യയിലെ വസ്തുനിഷ്ഠ രാഷ്ട്രീയ സാഹചര്യങ്ങളെ വിലയിരുത്തുന്നതിലും അത് മറികടക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതിലും കോൺഗ്രസ് അമ്പേ പരാജയപ്പെട്ടു കൊണ്ടിരിക്കുകയാണ്. ബി.ജെ.പി.-ക്ക് പരോക്ഷമായി സഹായം നൽകുന്ന നിലപാടുകളാണ് ഇന്ന് സഭയ്ക്ക് അകത്തും പുറത്തും കോൺഗ്രസ് സ്വീകരിച്ചു കൊണ്ടിരിക്കുന്നതെന്ന് തിരിച്ചറിയാൻ നിങ്ങൾക്ക് കഴിയണം.

പൊതുജനങ്ങൾക്ക് അനുകൂലമായി ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്വീകരിക്കുന്ന നിലപാടുകളെയും നടപടികളെയും എന്ത് കാരണത്താലാണ് എതിർക്കുന്നതെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ഈ സർക്കാരിനെ പ്രതിസ്ഥാനത്ത് നിർത്തി വിസ്തരിക്കാൻ കാണിക്കുന്ന വീറും വാശിയും കേന്ദ്രസർക്കാരിനെതിരെ തിരിയുന്നില്ല എന്നുള്ളത് കോൺഗ്രസിന്റെ ആത്മാർത്ഥതയെ ചോദ്യം ചെയ്യാൻ ഇടയാക്കുന്ന കാര്യമാണെന്ന് ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്ത്യൻ ജനത ഇന്നൊരു പ്രതിസന്ധിയിലാണ്, ഇന്ത്യൻ ജനാധിപത്യം ഇന്ന് വെല്ലുവിളിക്കപ്പെടുകയാണ്, മതേതരത്വം ചോദ്യം ചെയ്യപ്പെടുകയാണ്. ഈ രാഷ്ട്രീയാന്തരീക്ഷത്തിൽ കുറച്ചുകൂടി വസ്തുനിഷ്ഠമായി നിലപാടുകൾ സ്വീകരിക്കാനും ശത്രുക്കളെയും മിത്രങ്ങളെയും തിരിച്ചറിയാനും ആവശ്യമായ സന്നദ്ധത നിങ്ങൾക്ക് ഉണ്ടാകണമെന്ന അഭ്യർത്ഥന മാത്രം മുന്നോട്ടുവച്ചുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഒരിക്കൽ കൂടി പിന്താങ്ങിക്കൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, നന്ദിപ്രമേയത്തെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. കേരളത്തിന്റെ ഭാവിയെ ലക്ഷ്യം വച്ചുകൊണ്ട് ഒരു പുതിയ കേരളം സൃഷ്ടിക്കുക എന്ന കാഴ്ചപ്പാടോടുകൂടി അതിനനുസൃതമായ ഒരു നയപ്രഖ്യാപനമാണ് ഇടതുമുന്നണി ഗവൺമെന്റിനുവേണ്ടി കേരള ഗവർണർ സഭയിൽ നടത്തിയത്. തീർച്ചയായും കഴിഞ്ഞ 20 മാസക്കാലത്തിനുള്ളിൽ കേരളം വലിയ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് കേരളത്തിന്റെ ക്രമസമാധാന

രംഗത്തും കുറ്റവാളികളെ കണ്ടെത്തുന്നതിലും കേരള പോലീസ് കാണിക്കുന്ന ജാഗ്രതയാണ്. രാജ്യത്തെ ഏറ്റവും മികച്ച ക്രമസമാധാനമുള്ള സംസ്ഥാനം എന്ന നിലയ്ക്ക് ഈ സംസ്ഥാനം ദേശീയ അംഗീകാരം നേടിയിരിക്കുകയാണ്. ഈ രാജ്യത്തെ മറ്റ് പല സംസ്ഥാനങ്ങളിലും മതന്യൂനപക്ഷങ്ങൾക്കുനേരെ വലിയ ആക്രമണം അഴിച്ചുവിടുകയും ദളിത് വിഭാഗത്തിൽപ്പെട്ടവരും പെൺകുട്ടികളുമടക്കം പീഡനങ്ങൾക്ക് ഇരയാകുകയും ചെയ്യുന്നുണ്ട്. എന്നാൽ, അതിനെതിരെ യാതൊരു നടപടിയും സ്വീകരിക്കാത്ത സംസ്ഥാന ഗവൺമെന്റുകളിൽനിന്നും വ്യത്യസ്തമായി കേരളത്തിലെ എല്ലാ മേഖലകളിലെയും ജനങ്ങൾക്ക് സമാധാന ജീവിതം ഉറപ്പുവരുത്താൻ ഈ സർക്കാർ ജാഗ്രതയോടുകൂടി പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ടുതന്നെയാണ് ഇത്തവണത്തെ മികച്ച ക്രമസമാധാനപാലത്തിനുള്ള കേന്ദ്രസർക്കാരിന്റെ അംഗീകാരം സംസ്ഥാന സർക്കാരിന് ലഭിക്കാനിടയാക്കിയത്. എല്ലാ രംഗത്തും ഇത്തരത്തിലുള്ള സമീപനം സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന സർക്കാരാണിത്. സമീപകാലത്ത് കേരള പോലീസിൽ കാണുന്ന ഒരു പ്രത്യേകത എന്താണ്? കുറ്റവാളികളെ കൃത്യമായി പിടികൂടാൻ കഴിയുന്നുവെന്നുള്ളതാണ് സമീപകാലത്ത് കേരള പോലീസിൽ കണ്ടുവരുന്ന ഒരു പ്രത്യേകത. എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറയിലും മരട് ഭാഗത്തും അടുത്ത കാലത്ത് ചില ഭവനഭേദനങ്ങൾ നടന്നു. സംസ്ഥാനത്തിന് പുറത്തുള്ള ക്രിമിനലുകൾ വീട് കുത്തിത്തുറന്ന് വീട്ടിൽനിന്നും പണവും സ്വർണ്ണാഭരണങ്ങളും മോഷ്ടിച്ചു കൊണ്ടുപോയി. ഇക്കാര്യങ്ങളൊക്കെ പത്രങ്ങളിൽ വലിയ വാർത്തയായി. സംസ്ഥാനത്തിന് പുറത്തുള്ളവരായിട്ടുപോലും കുറ്റവാളികളെ കണ്ടെത്തി വലിയ തയ്യാറെടുപ്പോടുകൂടി പോയി ഡൽഹിയിലെ അവരുടെ താവളത്തിൽനിന്നും പിടിച്ചു കൊണ്ടുവരാൻ കേരള പോലീസിന് കഴിഞ്ഞുവെന്നത് ഇന്നത്തെ പോലീസിന്റെ ഗുണം എത്രത്തോളമുണ്ടെന്ന് വെളിവാക്കുന്നു. അത്തരത്തിൽ ക്രമസമാധാനരംഗത്തു മാത്രമല്ല, മറ്റ് പല മേഖലകളിലുമുണ്ടാകുന്ന മുന്നേറ്റത്തിന്റെ ഭാഗമായി കേരളത്തിന് വലിയ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ആ നേട്ടങ്ങൾ പ്രതിപക്ഷത്തെ വല്ലാതെ അലോസരപ്പെടുത്തുന്നു. അങ്ങനെ അലോസരപ്പെടുത്തുന്നുവെന്നതു കൊണ്ടുതന്നെയാണ് അവർ ഇടയ്ക്കിടയ്ക്ക് വാക്കൗട്ട് നടത്തുന്നത്. വാക്കൗട്ട് എന്നുപറയുന്നത് ഒരു സമരായുധമാണ്. ആ വാക്കൗട്ടിന്റെ വിലകളഞ്ഞത് ഇപ്പോഴുള്ള പ്രതിപക്ഷമാണ്. അടിക്കടി വാക്കൗട്ട് നടത്തി എന്റെ വില കളയല്ലേ എന്നുപറഞ്ഞ് പ്രതിപക്ഷനേതാവിനുമുന്നിൽ കൈകൂപ്പി യാചിക്കുന്ന ഒരവസ്ഥയാണ് ഇന്ന് കാണാൻ കഴിയുന്നത്. എന്ത് അടിസ്ഥാനത്തിലാണ് പ്രതിപക്ഷം ഇടതുമുന്നണി സർക്കാരിനുനേരെ ഇന്ന് ഇത്തരത്തിലൊരു നീക്കം നടത്തുന്നത്?

2.00 PM]

കേരളത്തിൽ കഴിഞ്ഞ ഏതാനും നാളുകളായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് ഉപതെരഞ്ഞെടുപ്പ് നടക്കുന്നുണ്ട്. ഏറ്റവും ഒടുവിൽ വിവിധ പഞ്ചായത്തുകളിലേയ്ക്കും മുനിസിപ്പാലിറ്റികളിലേയ്ക്കും വാർഡുകളിലേയ്ക്കും പതിനഞ്ച് ഉപതെരഞ്ഞെടുപ്പുകൾ നടന്നു. പതിനഞ്ച് സ്ഥാനങ്ങളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ പത്ത് സ്ഥലത്തും ഇടതുപക്ഷ ജനാധിപത്യ മുന്നണി വൻ ഭൂരിപക്ഷത്തോടെ വിജയിച്ചത് കേരളത്തിലെ ജനങ്ങൾ എന്താണ് ആഗ്രഹിക്കുന്നത് എന്നതിന്റെ തെളിവാണ്. പ്രതിപക്ഷം വല്ലാത്ത നിരാശയിലാണ്. പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം അവർക്ക് കേരളത്തിൽ പ്രതിപക്ഷമായിത്തന്നെ തുടരാൻ കഴിയുമോ എന്നുള്ള സാഹചര്യം വന്നുചേർന്നിരിക്കുകയാണ്. അതുകൊണ്ട് പ്രതിപക്ഷത്തിന്റെ നിരാശ നമുക്ക് മനസ്സിലാകും. എന്നാൽ കേരളത്തിന് ഇനിയും വളരെ മുന്നോട്ടുപോകേണ്ടതുണ്ട്. കേരളത്തിൽ അടുത്ത കാലത്തുണ്ടായ ഏറ്റവും വലിയ മുന്നേറ്റം, ഒരുപക്ഷേ ലോകമെമ്പാടുമുള്ള മലയാളികൾ അംഗീകരിച്ച ഒന്നാണ് ലോക കേരളസഭ. ലോക കേരളസഭയെ ഇകഴ്ത്തിക്കാണിക്കാനും അതിൽ കുറവുണ്ടെന്ന് വരുത്തി തീർക്കാനും വലിയ ശ്രമങ്ങൾ ഈ സഭയിൽത്തന്നെ നടന്നു. ലോകത്തിലെ വിവിധ സ്ഥലങ്ങളിൽ ജോലി ചെയ്യുന്ന മലയാളികൾക്ക് ലോക കേരളസഭ സംഘടിപ്പിച്ച ഗവൺമെന്റിനോട് വലിയ കൃതാർത്ഥതയാണുള്ളത്. മലയാളം വാരികയുടെ പുതിയ ലക്കത്തിൽ ഇന്ത്യയിൽ ഇന്ന് ജീവിച്ചിരിക്കുന്ന പത്രപ്രവർത്തകരിൽ ഏറ്റവും ആദരണീയനായ ശ്രീ. ടി. ജെ. എസ്. ജോർജ് പറഞ്ഞത്, "സർക്കാരിന്റെ ഇമേജ് മിനുക്കാനുള്ള ഒരു തന്ത്രമായി മാത്രം പൊതുജനം കണ്ട ലോക കേരളസഭ യഥാർത്ഥത്തിൽ അർത്ഥവത്തായ ആശയങ്ങളുടെ ഒഴുക്ക് കാരണം ശ്രദ്ധയാകർഷിച്ചു എന്നും ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്ന് എത്തിച്ചേർന്ന ചിന്തകരും ശാസ്ത്രജ്ഞൻമാരും മെഡിക്കൽ രംഗത്ത് പുതിയ തരംഗങ്ങൾ സൃഷ്ടിച്ച ഡോക്ടർമാരും വ്യവസായ പ്രമുഖരും ജനപ്രതിനിധികളുമെല്ലാം ഒത്തുചേർന്നപ്പോൾ സമാനതകളില്ലാത്ത ഒരു സംഭവമാണ് തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിൽ അരങ്ങേറിയത്" എന്നുമാണ്. ഇത് കേരളത്തിലെ ഗവൺമെന്റിന് ലഭിക്കുന്ന അംഗീകാരമാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജോലി ചെയ്യുന്നവരെ ഇവിടെ കൊണ്ടുവന്ന് അവർക്ക് പറയാനുള്ളത് കേൾക്കുക മാത്രമല്ല, അതിന്റെ സമാപനത്തിൽ ഇതൊരു തുടർസംഭവമായിരിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപനം നടത്തുകയുമുണ്ടായി. അത് നടപ്പിലാക്കാൻ തൊട്ടടുത്ത മന്ത്രിസഭായോഗം ചില നടപടികൾ സ്വീകരിക്കുകയും ചെയ്തു. അതുതന്നെയാണ് ഈ ഗവൺമെന്റിന്റെ പ്രത്യേകത. പ്രഖ്യാപനങ്ങൾ നടത്തുക മാത്രമല്ല,

അത് നടപ്പിൽ വരുത്താനാവശ്യമായ ജാഗ്രത കൃത്യസമയത്തുതന്നെ ഏറ്റെടുക്കുമെന്നുള്ളതാണ് ഇതിൽനിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്. അതിന്റെ ഭാഗമായാണ് 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ കഴിഞ്ഞ ദിവസം ഇവിടെ അവതരിപ്പിച്ചത്. തീർച്ചയായും കേരളത്തിൽ വലിയ മാറ്റമുണ്ടായിരിക്കുകയാണ്. കേരളത്തിലേയ്ക്ക് നിക്ഷേപങ്ങൾ കൊണ്ടു വരാനും സംരംഭങ്ങൾ ആരംഭിക്കാനും ഇപ്പോൾ വിദേശ മലയാളികളുൾപ്പെടെ തയ്യാറാകുകയാണ്. അവർക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ സഭയിൽ അവതരിപ്പിച്ചത്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ പലതും നഷ്ടത്തിലാകുകയും ചിലതെല്ലാം വിൽപ്പനയ്ക്ക് വയ്ക്കുകയും ചെയ്ത കാലമായിരുന്നു യു.ഡി.എഫ്.-ന്റെ ഭരണകാലം. അതിൽനിന്ന് വ്യത്യസ്തമായി കേരളത്തിൽ കഴിഞ്ഞ 20 മാസംകൊണ്ട് കെ.എം.എം.എൽ., ടി.സി.സി. തുടങ്ങിയ പതിമൂന്നോളം പൊതുമേഖലാ സ്ഥാപനങ്ങളെ വൻലാഭത്തിലാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. വ്യവസായ രംഗത്ത് പൊതുമേഖലയെ സംരക്ഷിക്കാൻ പദ്ധതി വിഹിതം 100 കോടി രൂപയിൽനിന്ന് 280 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അതുപോലെ 309 കോടി രൂപ നിർദ്ദേശിക്കപ്പെട്ടിട്ടുമുണ്ട്. കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് പുതിയ തൊഴിലവസരങ്ങൾ കണ്ടെത്താനുള്ള പരിശ്രമങ്ങളും അതിന്റെ ഭാഗമായി പുതിയ സംവിധാനങ്ങളും ഏർപ്പെടുത്തുന്നുണ്ട്. എഫ്.എ.സി.ടി.-യുടെ ഭൂമി ഏറ്റെടുത്തുകൊണ്ട് പെട്രോ കെമിക്കൽ പ്രോജക്ട്, കൊച്ചിയിൽനിന്നും മംഗലാപുരത്തേയ്ക്കും കോയമ്പത്തൂരിലേയ്ക്കുമുള്ള വ്യവസായ ഇടനാഴി, പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നവർക്കുള്ള സഹായങ്ങൾ തുടങ്ങിയ നിലകളിലൊക്കെ വലിയ മുന്നേറ്റങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുന്ന ഗവൺമെന്റാണിത്. അങ്ങനെയുള്ള ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിലാണ് നടക്കുന്നതെന്ന് പറയാതെ കുറ്റം മാത്രം കണ്ടെത്തുന്ന ചില അമ്മായിയമ്മമാരെപ്പോലെയാകരുത് പ്രതിപക്ഷം എന്നുമാത്രം പറഞ്ഞുകൊണ്ട് ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ എല്ലാ വിധത്തിലും പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. വളരെ ശോഷിച്ച, പുതുമയുമില്ലാത്ത, മുരടിപ്പ് പ്രകടമാകുന്ന, കാഴ്ചപ്പാടില്ലാത്ത ഒരു നയപ്രഖ്യാപനമെന്നാണ് ഈ നയപ്രഖ്യാപനത്തെ വിശേഷിപ്പിക്കാൻ സാധിക്കുന്നത്. ശോഷിച്ച നയപ്രഖ്യാപനം എന്ന് വെറുതെ പറയുന്നതല്ല. കഴിഞ്ഞ നയപ്രഖ്യാപന പ്രസംഗത്തിൽ 129 പേജുണ്ടായിരുന്നു. എന്നാൽ ഈ നയപ്രഖ്യാപന പ്രസംഗത്തിൽ 61 പേജ് മാത്രമാണുള്ളത്. ഈ

നയപ്രഖ്യാപനത്തിൽ പ്രധാനപ്പെട്ട പല വകുപ്പുകളെ സംബന്ധിച്ചും ഒരു പരാമർശവുമില്ല. അതൊരു വലിയ പോരായ്മയാണ്. പരമ്പരാഗതമായ കയർ, കശുവണ്ടി വ്യവസായം പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമം, ന്യൂനപക്ഷക്ഷേമം എന്നിവയെക്കുറിച്ചൊന്നും യാതൊരു പരാമർശവുമില്ല. ഈ വകുപ്പുകൾക്ക് യാതൊരു കാഴ്ചപ്പാടുമില്ലേ; ഈ വകുപ്പുകൾ ഒന്നും ചെയ്യാൻ ഉദ്ദേശിക്കുന്നില്ലേ? ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തിന്റെ രീതി ഇതായിരുന്നു. പരാമർശിച്ച കാര്യങ്ങളിൽ ഓഖിയെക്കുറിച്ച് പറഞ്ഞത് "നമുക്ക് മുന്നറിയിപ്പ് ലഭിച്ച ഉടൻ എന്റെ സർക്കാർ കർമ്മനിരതമായി" എന്നാണ്. അത് എന്താണെന്ന് രാവിലെ ഇവിടെ നടത്തിയ ചർച്ചയിൽ ബോധ്യപ്പെട്ടതാണ്. ഓഖി ദുരിതബാധിതരുടെ പ്രതികരണത്തിന്റെ ചൂട് അന്ന് നിങ്ങൾ കണ്ടതാണ്. ഇതുകൂടി അറിഞ്ഞാൽ അവർ നിങ്ങളോട് ഒന്നുകൂടി പ്രതികരിക്കും. ഈ നയപ്രഖ്യാപനത്തിന് മറ്റൊരു ദുര്യോഗം കൂടിയുണ്ട്. "അറിഞ്ഞതിൽ പാതി പറയാതെ പോയി, പറഞ്ഞതിൽ പാതി പതിരായും പോയി" എന്ന് സാധാരണ പറയാറുണ്ട്. ഇവിടെ നയപ്രഖ്യാപനത്തിനായി നിങ്ങൾ വളരെക്കുറച്ചാണ് എഴുതിക്കൊടുത്തത്, അതിൽത്തന്നെ പകുതി ഗവർണർ ഒഴിവാക്കുകയും ചെയ്തു. അതുസംബന്ധിച്ച് ഇവിടെ ക്രമപ്രശ്നം ഉന്നയിക്കുകയും സ്പീക്കർ റൂളിംഗ് നൽകുകയും ചെയ്തു, വളരെ കൃത്യമായി പറഞ്ഞു. പക്ഷേ ഇതൊരു പ്രധാന സംഭവമാണ്. ഇവർ പറയുന്നതുപോലൊന്നുമല്ല, ഗവർണർ വായിച്ചില്ലെങ്കിൽ പിന്നീട് അത് ഔദ്യോഗിക ഭേദഗതിയായി കൊണ്ടുവന്ന് നയപ്രഖ്യാപനത്തിന്റെ ഭാഗമാക്കണം. പക്ഷേ നിങ്ങളുടെ ഭാഗത്തുനിന്ന് അതിനായി യാതൊരു ശ്രമവും നടന്നതായി കാണുന്നില്ല, യാതൊരുവിധത്തിലുള്ള പ്രതികരണവുമില്ല. അന്ന് രാജ്യത്തുള്ള എല്ലാവരും പ്രതികരിച്ചു. പക്ഷേ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നാണ്. എല്ലാ കാര്യത്തിലും പ്രതികരിക്കുന്ന പാർട്ടി സെക്രട്ടറിക്കും ഇതിൽ ഒരു പ്രതികരണവുമുണ്ടായില്ല. ഒരു ഏറ്റുമുട്ടൽ വേണ്ട എന്ന് വിചാരിച്ചിട്ടാവും പ്രതികരിക്കാതിരുന്നത്. വല്ലാത്തൊരു വിധേയത്വമാണ് ഇക്കാര്യത്തിൽ പ്രകടിപ്പിച്ചതെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. കാരണം ഇത്രയേറെ വിഷയങ്ങൾ നിയമപരമായും മറ്റും ചൂണ്ടിക്കാണിച്ചിട്ടും അക്കാര്യത്തിൽ നിങ്ങൾ സ്വീകരിച്ച നിലപാട് വല്ലാത്തൊരു വിധേയത്വം തന്നെയാണ്. ഇവിടെ സി.പി.ഐ.(എം) കേന്ദ്രകമ്മിറ്റിയുടെ രാഷ്ട്രീയ നയം, ടി.വി.യിൽ സീതാറാം യെച്ചൂരിയുടെ പ്രസ്താവന കണ്ടു. അദ്ദേഹം പറഞ്ഞത്, എന്നെ കോൺഗ്രസ് പക്ഷപാതിയെന്ന് നിങ്ങൾ വിളിച്ചാൽ, അതായത് സി.പി.ഐ.(എം)-നെത്തന്നെ മറുപക്ഷം വിളിച്ചാൽ, ഞാൻ നിങ്ങളെ ബി.ജെ.പി. അനുകൂലികളെന്ന് വിളിക്കേണ്ടിവരും എന്നാണ്. പാർട്ടിയുടെ ജനറൽ സെക്രട്ടറിതന്നെ ഇങ്ങനെ പറയുന്നിടത്തേയ്ക്ക് കാര്യങ്ങൾ എത്തുകയാണ്. ഇത് ചെറിയ കാര്യമാണോ? ഇന്ത്യയിലെ മതേതര വിശ്വാസികളെ നിങ്ങളുടെ നിലപാട് വളരെയേറെ

വേദനിപ്പിച്ചു, ബി.ജെ.പി.-യെ സഹായിക്കുന്ന നിലപാടാണ്, പാർട്ടി സെക്രട്ടറിക്കുപോലും ബോധ്യമില്ലാത്ത നിലപാട്. അടിയന്തരാവസ്ഥക്കാലത്ത് ഞങ്ങൾ ആർ.എസ്.എസ്.-നോടൊപ്പം നിന്നിട്ടുണ്ടെന്ന് നിങ്ങൾ ഇവിടെത്തന്നെ ചർച്ചയിൽ പറഞ്ഞിരുന്നു. രാജ്യത്തിന്റെ ജനാധിപത്യം സംരക്ഷിക്കാൻ വേണ്ടിയാണ് അങ്ങനെ ചെയ്തത്. ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ പ്രഖ്യാപിച്ച് ജനാധിപത്യം അപകടത്തിലായപ്പോൾ ജനാധിപത്യം സംരക്ഷിക്കാൻവേണ്ടി ഞങ്ങൾ ആർ.എസ്.എസ്.നോടൊപ്പം നിന്നിട്ടുണ്ടെന്നാണ് പറഞ്ഞത്. എന്നാൽ ഇന്നത്തെ ഇന്ത്യയുടെ സ്ഥിതിയെന്താണ്? നമ്മുടെ പരമോന്നത നീതിപീഠത്തിലെ നാല് ന്യായാധിപൻമാർ "ഇനി സഹിക്കാൻവയ്യ, ഞങ്ങൾ ചിലത് ജനങ്ങളോട് പറയാൻ പോകുകയാണ്" എന്നുപറഞ്ഞു. രാജ്യത്ത് ഫാസിസം എത്രമാത്രം അതിക്രമിച്ചിരിക്കുന്നു എന്നതിന്റെ ലക്ഷണമാണിത്. ഇന്ത്യയിൽ ജനാധിപത്യം, മതേതരത്വം, സ്വാതന്ത്ര്യം തുടങ്ങി എല്ലാം അപകടത്തിലല്ലേ? രണ്ട് വെടിയുണ്ടകളിൽ ഗൗരി ലങ്കേഷിന്റെ ജീവൻ അവസാനിപ്പിക്കേണ്ടിവന്നത് പത്രസ്വാതന്ത്ര്യം കൊണ്ടാണ്. ചെറിയൊരു പത്രമായിരുന്നു, അതിൽപ്പോലും ഫാസിസ്റ്റുകളെ വിമർശിച്ചാൽ രണ്ട് വെടിയുണ്ടകളിൽ അത് അവസാനിപ്പിക്കുന്ന സ്ഥിതിയാണുള്ളത്. എല്ലാം അപകടത്തിൽപ്പെട്ട ഒരു അന്തരീക്ഷം. അടിയന്തരാവസ്ഥയുടെ നൂറിരട്ടി കരാളമായ സാഹചര്യം. ഇന്ത്യയെ നമുക്ക് മോചിപ്പിക്കണ്ടേ? ബി.ജെ.പി.-യെ തോൽപ്പിക്കുന്നതിന് കോൺഗ്രസ് ജയിക്കണം. അല്ലാതെ ബി.ജെ.പി.-യെയും കോൺഗ്രസിനെയും തോൽപ്പിച്ച് നിങ്ങൾ ആരെയാണ് ജയിപ്പിക്കുന്നത്? നിങ്ങൾക്ക് ശേഷിയുണ്ടെങ്കിൽ ഞാൻ സമ്മതിച്ചു, ഇന്നത്തെ ഇന്ത്യൻ പാർലമെന്റിൽ ഇടതുപക്ഷത്തിനെല്ലാംകൂടി പത്ത് എം.പി.-മാർ ഇല്ല. നിങ്ങൾ പത്തിരട്ടി ജയിച്ചാൽപ്പോലും 2019-ൽ നിങ്ങൾക്ക് 100 എം.പി.-മാരെ കിട്ടിയാൽ ഇന്ത്യയിൽ വല്ലതും ചെയ്യാൻ കഴിയുമോ? അതുകൊണ്ട് നിങ്ങളുടെ നയം ബി.ജെ.പി.യെ സഹായിക്കാനാണ്. നിങ്ങളുടെ ഈ നയംകൊണ്ട് ഇന്ത്യയിൽ ആർക്കെങ്കിലും ഗുണമുണ്ടെങ്കിൽ അത് ബി.ജെ.പി.-ക്ക് മാത്രമാണ്. എന്നിട്ട് ബി.ജെ.പി. വിരോധം നിങ്ങൾ പ്രസംഗിക്കുകയാണ്.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, കോൺഗ്രസ്സിനെതിരായി 44 സീറ്റിൽ ഞങ്ങൾ മത്സരിച്ചു. കേരളത്തിലെ 19 പാർലമെന്ററി മണ്ഡലങ്ങളിലും ഞങ്ങൾ ജയിച്ചു. അതാണ് രാഷ്ട്രീയം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: കേരളത്തിൽ ഇരുപത് മണ്ഡലങ്ങളിലും നിങ്ങൾ ജയിച്ചിട്ട് കാര്യമുണ്ടോ? നിങ്ങൾ ചോദിച്ചു, കോൺഗ്രസിന് എത്രയാണെന്ന്? രാഷ്ട്രീയ വിശകലനത്തിലെല്ലാം കോൺഗ്രസ് തകർന്നടിഞ്ഞപ്പോഴും ഇന്ത്യയിൽ ഇരുപത്തിനാല് ശതമാനം വോട്ട് വാങ്ങിയ പാർട്ടിയാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്. അന്ന് ഇന്ത്യ ഭരിച്ചവർക്ക് 31 ശതമാനം വോട്ടാണുള്ളത്.

അതുകൊണ്ട് കോൺഗ്രസ്സിനെ എഴുതിത്തള്ളാൻ കഴിയില്ല. ഗുജറാത്തിലെ കാര്യം നിങ്ങൾ കണ്ടില്ലേ? രാഹുൽഗാന്ധി ഡൽഹിയിൽ നിന്നുപോയാണ് ഗുജറാത്തിൽ ഈ വിധമെത്തിച്ചത്. പന്ത്രണ്ട്-പതിനാല് സീറ്റിൽ മൂവായിരത്തോളം വോട്ട് എൻ.സി.പി.-യും ബി.എസ്.പി.-യും നേടിയില്ലായിരുന്നെങ്കിൽ ഗുജറാത്തിന്റെ ചിത്രം മാറുമായിരുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ. പി.: സർ, ഗുജറാത്തിൽ പട്ടേൽ മൂവ്മെന്റും ജിഗ്നേഷ് മേവാനി അടക്കമുള്ളവരുമുണ്ടായതുകൊണ്ടാണ് അവിടെ കാര്യമായൊരു രാഷ്ട്രീയമാറ്റമുണ്ടായത്. എന്നാൽ മുഖ്യമന്ത്രി സ്ഥാനാർത്ഥിയെ പ്രഖ്യാപിച്ച് നേതൃത്വം കൊടുത്തുകൊണ്ട് കോൺഗ്രസ്സിന് മുതലെടുക്കാൻ കഴിയാത്തതു കൊണ്ടല്ലേ ഗുജറാത്തിൽ ബി.ജെ.പി. ജയിച്ചത്?

ശ്രീ. എൻ. ഷംസുദ്ദീൻ: 25 വർഷമായി ഫാസിസം എല്ലാ നിലയിലും വേരൂന്നിയ ഗുജറാത്തിൽ ഈ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ സാധിച്ചതിൽ ഒരു കാര്യം മനസ്സിലാക്കണം, 2019-ൽ ഫാസിസ്റ്റുകളെ ഇന്ത്യയിലെ മതേതരവാദികൾ താഴെയിറക്കും. ഈ നയംകൊണ്ട് നിങ്ങൾ നോക്കുകുത്തികളായി മാറും. ജ്യോതിബസുവിനെ പ്രധാനമന്ത്രിയാക്കാൻ അവസരം വന്നപ്പോൾ അത് സാധിക്കാത്തതിന്റെ പേരിൽ നിങ്ങൾ പറഞ്ഞു, it was a historical blunder എന്ന്. ഇത് മറ്റൊരു historical blunder ആയി മാറും.

ശ്രീ. അനിൽ അക്കര: സർ, മുഖ്യമന്ത്രി പ്രശംസിച്ച സി.പി.ഐ.(എം) അംഗം ബി.ജെ.പി.-യിൽ ചേർന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാലും വല്ലാത്ത ദുര്യോഗമാണിത്.

ശ്രീ. സി. കെ. നാണു: സർ, ഇന്ത്യൻ ജനാധിപത്യം തകർത്ത നമ്മുടെ നീതിന്യായവ്യവസ്ഥയ്ക്ക് പ്രവർത്തിക്കാൻ സാധിക്കാത്ത ഇവിടത്തെ പത്രങ്ങൾക്ക് മുഴുവൻ നിരോധനം ഏർപ്പെടുത്തിയ അടിയന്തരാവസ്ഥ ഘട്ടത്തിനെതിരായി രാജ്യത്തെ ജനങ്ങൾ സമരം ചെയ്തപ്പോൾ താങ്കളുടെ പാർട്ടി കേരളത്തിൽ ജനാധിപത്യം പുനഃസ്ഥാപിക്കുന്നതിനൊപ്പം ആയിരുന്നില്ലെന്ന് താങ്കൾ ഓർക്കണം.

ശ്രീ. എൻ. ഷംസുദ്ദീൻ: അന്ന് സി.പി.ഐ. ആരുടെ കൂടെയാണ്? ആർ.എസ്.എസ്.-ന്റെ കൂടെനിന്നിട്ട് ഒന്നും സംരക്ഷിക്കാൻ ഞങ്ങളുണ്ടാവില്ല എന്നുള്ളതും അക്കാര്യത്തിൽ ഞങ്ങളുടെ നിലപാട് തന്നെയാണ്. ഞാൻ പുറത്തേയ്ക്കിറങ്ങിയപ്പോൾ ശ്രീ. സീതാറാം യെച്ചൂരിയുടെ സ്റ്റേറ്റ്മെന്റാണ് ടി.വി.-യിൽ

കാണിക്കുന്നത്. " നിങ്ങൾ എന്നെ കോൺഗ്രസ് പക്ഷപാതിയെന്ന് വിളിച്ചാൽ ഞാൻ നിങ്ങളെയൊക്കെ ബി.ജെ.പി. അനുകൂലികളെന്ന് വിളിക്കേണ്ടി വരും" എന്ന് സീതാറാം യെച്ചൂരിയാണ് പറയുന്നത്. നിങ്ങളെയെന്നു പറഞ്ഞാൽ ഇവിടെ ഇരിക്കുന്ന നിങ്ങളെയൊക്കെയാണ്. ഇന്ത്യൻ രാഷ്ട്രീയത്തിൽ നിങ്ങളെടുത്ത നിലപാട്...

ശ്രീ. ഇ. പി. ജയരാജൻ: സർ, നിങ്ങൾക്ക് പറയാനുണ്ടെങ്കിൽ പറയാം. അത് അദ്ദേഹത്തിന്റെ പേരിൽ എഴുതി വയ്ക്കരുത്.

ശ്രീ. എൻ. ഷംസുദ്ദീൻ: ഞാൻ ചാനലിൽ കണ്ടതാണ് പറഞ്ഞത്. നയപ്രഖ്യാപനത്തിൽ പറയുന്നത് കൂട്ടുത്തരവാദിത്വമാണ്, സൽഭരണമാണ് എന്നൊക്കെയാണ്. കൂട്ടുത്തരവാദിത്വത്തെക്കുറിച്ച് നമ്മൾ കൂടുതൽ പറയേണ്ടതുണ്ടോ? ഈ ഗവൺമെന്റിലെ ഒരു മന്ത്രിയെ രാജിവയ്പ്പിക്കാൻ സി.പി.ഐ. മന്ത്രിമാർ ക്യാബിനറ്റിൽ കയറാതെ പതിനെട്ടാമത്തെ അടവെടുത്തത് കേരളം കണ്ടതാണ്. അതുപോലെ ശ്രീ. എം. എം. മണി പറഞ്ഞു സി.പി.ഐ. മന്ത്രിമാർക്ക് കൊടുത്ത വകുപ്പുകൾ അവർക്ക് തീറെഴുതി കൊടുത്തതാണെന്ന ധാരണ വേണ്ടെന്ന്.എന്നിട്ടാണ് കൂട്ടുത്തരവാദിത്വമാണെന്നും സൽഭരണമാണെന്നും നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ളത്. ഒരുകാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഇപ്പോൾ കേരളത്തിലെ സി.പി.ഐ. (എം) ഇമാമായി കാണുന്നത് ഉത്തരകൊറിയയിലെ ഏകാധിപതിയായ കിം ജോംഗ് ഉൻ-നെയാണ്. ചൈനയെക്കാൾ കേമമാണെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണനും പറഞ്ഞിരിക്കുന്നത്. കിം ജോംഗ് ഉൻ-ന്റെ പ്രവർത്തനം കണ്ട് ലോകം മൂക്കത്ത് വിരൽവച്ചുനോക്കുകയാണ്. അങ്ങനെയൊരാളെയാണ് കേരള സി.പി.ഐ.(എം) ഇപ്പോൾ ഇമാമായി വച്ചിരിക്കുന്നത്. അങ്ങനെ ചില കുഴപ്പങ്ങൾകൂടി നയപ്രഖ്യാപനത്തിൽ കാണുന്നുണ്ട് എന്നുമാത്രം പറഞ്ഞുകൊണ്ട് ഒരിക്കൽക്കൂടി നന്ദിപ്രമേയത്തെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഞാൻ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. നമ്മൾ വാഹനത്തിൽ പെട്രോൾ നിറയ്ക്കാൻ പെട്രോൾ പമ്പിലേയ്ക്ക് ചെല്ലുമ്പോൾ അവിടെ സ്ഥാപിച്ചിട്ടുള്ള ബോർഡ് നമ്മളെല്ലാവരും കാണാറുള്ളതാണ്. 'നന്ദി പ്രധാനമന്ത്രിജി നന്ദി' എന്നാണ് ബോർഡ്. എന്തിനാണ് ആ ബോർഡെന്ന് ഞാൻ ആലോചിച്ചെങ്കിലും മനസ്സിലായില്ല. ഇപ്പോൾ മനസ്സിലായി, ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും വലിയ ഇന്ധനവില സംഭാവന

ചെയ്തതിനാണ് അദ്ദേഹത്തിന് നന്ദി എഴുതിയിരിക്കുന്നത് എന്ന്. ബോർഡിന്റെ താഴ്ഭാഗത്ത് എഴുതിയിട്ടുണ്ട് രണ്ടുകോടി ജനങ്ങൾ നന്ദി പറയുന്നുവെന്ന്. രണ്ടുകോടിയല്ല ഈ രാജ്യത്തെ 150 കോടി ജനങ്ങളും വിഷമിക്കുകയാണ്. പെട്രോളിന് ഇന്നത്തെ വില ബോംബെയിൽ 80 രൂപ കഴിഞ്ഞു. കേരളത്തിൽ തിരുവനന്തപുരത്ത് 76 രൂപ കഴിഞ്ഞു. ഡീസലിനും ഏകദേശം അതുപോലെ വിലയുണ്ട്. ഈ പരിഷ്കാരങ്ങൾ കൊണ്ടുവന്നതിൽ കർണ്ണാടക സംസ്ഥാനം ഭരിക്കുന്ന കോൺഗ്രസിനുകൂടി പങ്കുണ്ട്. കാരണം വില നിശ്ചയിക്കാനുള്ള അധികാരം കമ്പനികൾക്ക് വിട്ടുകൊടുത്തത് യു.പി.എ. സർക്കാർ തുടങ്ങിവച്ച പരിഷ്കാരമാണ്. അന്ന് അംബാനിയുടെ ബന്ധുക്കളെ പെട്രോളിയം മന്ത്രിവരെയാക്കിയിട്ടും നടക്കാത്ത നേട്ടം ഇന്ന് കേന്ദ്രം ഭരിക്കുന്ന സർക്കാർ അവർക്ക് നേടിക്കൊടുത്തു. രാജ്യത്തെ പൊതുമേഖലയെ ശക്തിപ്പെടുത്തണമെന്ന് പറയുന്നതിനൊരു ലക്ഷ്യമുണ്ട്. പാവപ്പെട്ടവർക്ക് ന്യായമായ നിലയിൽ കാര്യങ്ങൾ ലഭിക്കത്തക്ക രീതിയിൽ രാജ്യത്തെ വിലക്കയറ്റം പിടിച്ചുനിർത്താനാണ് പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നത്. കോടിക്കണക്കിന് രൂപയുടെ ലാഭം ഇന്ത്യൻ ഓയിൽ കോർപ്പറേഷന് ഉണ്ടാക്കിക്കൊടുത്ത് ഇന്ത്യ ഭരിക്കുന്ന സർക്കാർ അതിനെ വിൽക്കുന്നു. ഇന്ത്യൻ ടൂറിസം വകുപ്പിന് കീഴിലുള്ള പ്രധാന ഹോട്ടലുകളെല്ലാം വിറ്റത് ബി.ജെ.പി. ഭരിക്കുമ്പോഴാണ്. എല്ലാം വിൽക്കുന്ന സംസ്കാരത്തിലേയ്ക്ക് പോകുകയും ജനങ്ങൾ വലയുകയും ചെയ്യുന്നു. നിങ്ങൾ ദേശസ്നേഹിയാണെങ്കിൽ ഗ്യാസ് സിലണ്ടറിന്റെ സബ്സിഡി ഉപേക്ഷിക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു എസ്.എം.എസ്. ആദ്യം വന്നു. പലർക്കും കാര്യം മനസ്സിലായില്ല. ദേശസ്നേഹിയാകണമെങ്കിൽ 'yes' അമർത്താൻ പറഞ്ഞു, പലരും അങ്ങനെ ചെയ്തു. സബ്സിഡി പോയി. ആ സബ്സിഡി പാവങ്ങൾക്ക് കൊടുക്കുമെന്ന് പറഞ്ഞു. ഇപ്പോൾ പാവങ്ങൾക്കുള്ള സബ്സിഡി സിലണ്ടറിനും വില വർദ്ധിപ്പിച്ചു. പാവപ്പെട്ടവർ കാട്ടിൽ പോയി വിറക് ശേഖരിച്ച് തീ കത്തിക്കേണ്ട സ്ഥിതിയിലേയ്ക്ക് ഇന്ത്യാ മഹാരാജ്യത്തെ പുറകോട്ടടിക്കുകയാണ്. പറഞ്ഞ എല്ലാ വാക്കുകളും തെറ്റിച്ച സർക്കാരാണ് ഇന്ത്യ ഭരിക്കുന്നത്. ജനങ്ങളെ കബളിപ്പിക്കുകയാണ്. നോട്ട് നിരോധനം, ജി.എസ്.ടി. തുടങ്ങിയ ഞെട്ടിക്കുന്ന കാര്യങ്ങളുമായി ജനങ്ങളെ വലയ്ക്കുമ്പോൾ ജനങ്ങൾ പാപ്പരായി എന്നുമാത്രമല്ല സംസ്ഥാന സർക്കാരുകളും പാപ്പരായി. അങ്ങനെ വളരെ സാമ്പത്തിക ബുദ്ധിമുട്ടുള്ള സാഹചര്യത്തിലാണ് 20 മാസങ്ങൾക്കുമുമ്പ് അധികാരത്തിലെത്തിയ

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. സി.കെ. നാണു]

ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഈ നയപ്രഖ്യാപനം. മഹാത്മാഗാന്ധിയുടെ "ലോകത്ത് നിങ്ങൾ കാണാനാഗ്രഹിക്കുന്ന മാറ്റം നിങ്ങളായിരിക്കണം" എന്ന വാചകം ആവർത്തിച്ചുകൊണ്ടാണ് പ്രസംഗം നിർത്തുന്നത്. അഴിമതിയില്ലാത്ത സർക്കാർ കേരളത്തിലുണ്ടാകണമെന്ന ജനങ്ങളുടെ ആഗ്രഹത്തോടെ 20 മാസംമുമ്പ് അധികാരത്തിലെത്തിയ ഈ ഗവൺമെന്റ് ഇത്രയും വലിയ സാമ്പത്തിക ബുദ്ധിമുട്ട് ഇന്ത്യ നേരിടുമ്പോൾ അതിനെയെല്ലാം അതിജീവിച്ചുകൊണ്ട് വികസനവുമായി മുന്നോട്ടുപോകുകയാണ്. കേരളത്തിൽ നല്ല റോഡുകൾ നിർമ്മിക്കുന്ന പ്രവർത്തനങ്ങളിൽ ഈ സർക്കാർ പ്രശംസനീയമായ നേട്ടം കൈവരിച്ചു. റോഡിലെ കുഴി അടയ്ക്കുന്നതിനുപോലും അഴിമതിയും കള്ളത്തരവുമുണ്ടായിരുന്ന നാട്ടിൽ അത് അവസാനിപ്പിക്കുകയും റോഡിലെ കുഴികൾ നല്ലരീതിയിൽ അടയ്ക്കുന്നുവെന്ന് ജനങ്ങൾ പറയുന്ന സ്ഥിതിയുണ്ടാക്കുകയും ചെയ്തു. ഈ സർക്കാരിന്റെ സുതാര്യമായ അഴിമതി രഹിതമായ ഭരണം ഘട്ടംഘട്ടമായി സംസ്ഥാനത്തെ പുരോഗതിയിലേയ്ക്ക് നയിക്കും.

സാമ്പത്തിക പ്രതിസന്ധിയൊന്നും വന്നില്ലായിരുന്നെങ്കിൽ ഈ സർക്കാർ ഇതിനേക്കാൾ വേഗത്തിൽ മുന്നോട്ടുപോകുമായിരുന്നു. എന്നിട്ടുപോലും അതിനെയെല്ലാം അതിജീവിച്ചുകൊണ്ട് 4 വലിയ പദ്ധതികൾ ആരംഭിക്കാൻ ഈ സർക്കാരിന് സാധിച്ചു. ഹരിത കേരളം മിഷൻ, ആർദ്രം മിഷൻ, വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ് മിഷൻ. ഞാൻ എല്ലാ മിഷനെക്കുറിച്ചും പറയുന്നില്ല. അതിൽ പ്രധാനപ്പെട്ട ഒരു മിഷൻ പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കാൻവേണ്ടി കൊണ്ടുവന്ന വിദ്യാഭ്യാസ മിഷനാണ്. ആ മിഷൻ ഫലം കണ്ടുതുടങ്ങി. കേരളത്തിലെ സ്വകാര്യ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളെ ഗവൺമെന്റ് സ്കൂളുകളിലേയ്ക്ക് അയയ്ക്കാൻ ജനങ്ങൾ തയ്യാറായിരിക്കുന്നു. പൊതുവിദ്യാഭ്യാസത്തിൽ ഒരു പ്രതീക്ഷ പകർന്നുകൊണ്ട് ഫീസ് വാങ്ങാതെ കുട്ടികളെ പഠിപ്പിക്കുന്ന സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ വലിയ പുരോഗതിയുണ്ടാകാൻ പോകുന്നു. 'കിഫ്ബി' പദ്ധതിവഴി എല്ലാ മണ്ഡലങ്ങളിലും അഞ്ചുകോടിയിലധികം രൂപ ചെലവഴിക്കുകയാണ്. എം.എൽ.എ.-മാർ തന്നെയാണ് സ്കൂളുകൾ തെരഞ്ഞെടുക്കുന്നത്. അങ്ങനെ തെരഞ്ഞെടുത്ത സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ടെണ്ടർ ചെയ്യാൻ പോകുകയാണ്. നാളെ ടെണ്ടർ ചെയ്യുമെന്നാണ് അറിഞ്ഞത്. ഏതാണ്ട് 495 കോടി രൂപ ചെലവഴിച്ച് 4775 സ്കൂളുകളിലെ 8 മുതൽ 12-ാം ക്ലാസ് വരെയുള്ള 45000 സ്മാർട്ട് ക്ലാസ്സുകളുണ്ടാക്കുന്ന പദ്ധതി ടെണ്ടർ ചെയ്തുകഴിഞ്ഞു. അതിന്റെ ഇൻസ്റ്റലേഷൻ തുടങ്ങുകയാണ്. ഓരോ എം.എൽ.എ.-മാരുടെയും മണ്ഡലത്തിലെ ഇന്നയിന്ന സ്കൂളുകളിലാണ് ചെയ്യുന്നതെന്ന് അവരവരുടെ ഇ-മെയിലിലേയ്ക്ക് ലിസ്റ്റ് വന്നുതുടങ്ങി. അതിലേതെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ

നമുക്ക് അറിയിക്കാം. അതുപോലെ 370 സ്കൂളുകളെ ഹൈടെക് സ്കൂളുകളാക്കി ഉയർത്തുന്ന പദ്ധതിക്ക് 1392 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതെല്ലാം പാവപ്പെട്ടവന് പ്രതീക്ഷ നൽകുന്നതാണ്. സാധാരണക്കാരന്റെ മക്കൾക്ക് നല്ല സ്കൂളിൽ പഠിക്കാനും യൂണിഫോമിട്ട് നല്ല ബസ്സിൽ പോകാനും നല്ല ക്ലാസ് മുറിയിൽ നല്ല ബഞ്ചിലിരുന്ന് പഠിക്കാനും ഈ വിദ്യാഭ്യാസ മിഷനിലൂടെ പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ വ്യത്യാസമില്ലാതെയാണ് അവസരമൊരുങ്ങുന്നത്. സോഷ്യലിസ്റ്റ് കാഴ്ചപ്പാടുള്ള ഒരു ഭരണമാണ് കേരളത്തിൽ നടക്കുന്നത്. ഈ രംഗത്ത് വലിയ പുരോഗതി കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പെട്രോളിനും ഡീസലിനുമൊക്കെ വില കൂടുമ്പോൾ ജനങ്ങൾ വളരെ ബുദ്ധിമുട്ടുകയാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ സഹായിക്കാൻ നടപടിയില്ലെന്ന് ഇവിടെ പറഞ്ഞു. എന്നാൽ അക്കാര്യങ്ങളെല്ലാം ഇതിൽ പ്രത്യേകം പറഞ്ഞിട്ടുണ്ട്. പട്ടികജാതി ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടി വലിയ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. 30 കുടുംബങ്ങളുള്ള 1000 കോളനികളെ അംബേദ്കർ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. തുടർ വിദ്യാഭ്യാസരംഗത്തെക്കുറിച്ച് ഞാനിന്ന് ചോദിച്ച ചോദ്യത്തിന് എനിക്ക് ലഭിച്ച മറുപടിയിൽ ഇന്ത്യയ്ക്കകത്തും പുറത്തും പഠിക്കാൻ മിടുക്കുള്ള പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് പുറത്തുപോയി പഠിക്കാനുള്ള എല്ലാ സഹായവും അത് എത്ര തുകയാണെങ്കിലും ഗവൺമെന്റ് കൊടുക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഗോത്രബന്ധു പദ്ധതി, അതുപോലെ കമ്മ്യൂണിറ്റി സ്റ്റഡി സെന്ററുകൾക്കായുള്ള പദ്ധതി, പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ കരകൗശല-കലാപരമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്ന ഗദ്ദിക പോലുള്ള പരിപാടികൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ സംസ്കാരത്തെ ഉയർത്തിപ്പിടിക്കുന്ന വലിയ മേളകൾ ഈയടുത്ത കാലത്ത് പത്തനാപുരത്ത് നടക്കുകയുണ്ടായി. അതിന് വലിയ ജനപങ്കാളിത്തമുണ്ടായിരുന്നു. അവരുടെ സംസ്കാരത്തിന്റെ മഹത്വമെന്തെന്ന് സാധാരണക്കാരായ ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാനുള്ള വലിയ പദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കി. അതുപോലെ സാംസ്കാരികരംഗത്ത് വലിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. അതൊക്കെ നടപ്പിലാകാൻ പോകുകയാണ്. കേരളത്തിലെ വിവിധ പ്രദേശങ്ങളിലെ വ്യത്യസ്ത കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി സാംസ്കാരിക വകുപ്പ് കൊണ്ടുവരികയാണ്. ' നാട്ടരങ്ങ് ' പദ്ധതി എല്ലാ ഓണക്കാലത്തും അതുപോലുള്ള അവധിക്കാലങ്ങളിലും നടത്തുന്നതാണ്. അതുകൂടാതെ ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഭരണ-പ്രതിപക്ഷ അംഗങ്ങൾ പാർലമെന്ററി പ്രവർത്തനങ്ങളെപ്പറ്റിയും അവിടത്തെ സംസ്കാരത്തെക്കുറിച്ചും പഠിക്കാൻ യു.കെ.-യിലേയ്ക്ക് ഒരു യാത്ര നടത്തി. ആ യാത്രയിൽ ഞങ്ങൾക്ക് മനസ്സിലാക്കാൻ

കഴിഞ്ഞ ഒരുപിടി കാര്യങ്ങൾ മന്ത്രി വരുംദിവസങ്ങളിൽ പ്രഖ്യാപിക്കാനിരിക്കുകയാണ്. എം.എൽ.എ.-മാർ ഒരുമിച്ചിരുന്ന് ചർച്ചചെയ്ത് തയ്യാറാക്കിയ നിർദ്ദേശങ്ങൾ അദ്ദേഹത്തിന് ഞങ്ങൾ സമർപ്പിച്ചുകഴിഞ്ഞു. അദ്ദേഹം അത് പ്രഖ്യാപിക്കും. അതിൽ കേരളത്തിലെ ഓരോ ജില്ലകളിലും ഞാൻതന്നെ കൊടുത്ത പ്രൊപ്പോസലുകളുണ്ട്. എല്ലാ ജില്ലകളിലും സാംസ്കാരികവും കലാപരവുമായ പ്രകടനങ്ങൾ കാഴ്ചവയ്ക്കാനുള്ള സ്ഥിരം വേദികളുണ്ടാക്കുമെന്ന് പറഞ്ഞിരിക്കുകയാണ്. കേരളത്തിന്റെ സംസ്കാരം അറിയാൻ വരുന്നവർക്കു വേണ്ടിയുള്ള വലിയ പദ്ധതികൾ വിഭാവനം ചെയ്ത് മുന്നോട്ടുപോകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിരിക്കുന്നു.

100 സിനിമാ തിയേറ്ററുകൾ നിർമ്മിക്കുമെന്ന് മന്ത്രി പറഞ്ഞു. അതിനോട് എനിക്ക് യോജിപ്പില്ല. കാരണം കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും തിയേറ്റർ നിർമ്മിക്കാൻ പാടില്ല. നിർമ്മിച്ചാൽ ആ വ്യവസായം പൊളിയും. അതൊക്കെ ആലോചിച്ചുമാത്രമേ ചെയ്യാവൂ. 7 ദിവസം നീണ്ടുനിൽക്കുന്ന ഒരു ഫെസ്റ്റിവലിനുവേണ്ടി ഒരു ഫെസ്റ്റിവൽ കോംപ്ലക്സ് ചിത്രാഞ്ജലി സ്റ്റുഡിയോയിൽ പണിയരുതെന്ന അഭിപ്രായമാണ് എനിക്കുള്ളത്. കാരണം നഗരത്തിലെ എവിടെയെങ്കിലും അത് പണിതാൽ 365 ദിവസവും വാണിജ്യപരമായി ഉപയോഗിക്കാൻ കഴിയും. സർക്കാർ ചെലവിൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾ റീ-പ്രൊഡക്ടിവിറ്റിയില്ലാതെ മുന്നോട്ടുകൊണ്ടുപോകാൻ പാടില്ല. ഞാൻ ദീർഘമായി പറയുന്നില്ല.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നന്ദി പറഞ്ഞുകൊണ്ടുവേണം നിർത്താൻ. ഞാൻ കഴിഞ്ഞ രണ്ടു സമ്മേളനങ്ങളിലായി ഈ സഭയിൽ രണ്ടു സബ്മിഷനുകൾ അവതരിപ്പിച്ചു. രണ്ടും ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ടതാണ്. ഒന്ന്, ഹരിപ്പാട് മണ്ഡലത്തിലെ ജലജ എന്ന സ്ത്രീ കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ടാണ്. ഇരുമ്പുവടികൊണ്ട് തലയിൽ അടിച്ചും മാരകായുധങ്ങൾ കൊണ്ട് വെട്ടിയും വീട്ടമ്മയെ പട്ടാപ്പകൽ അതിദാരുണമായി കൊലചെയ്ത ഒരു കേസ് സി.ബി.ഐ.-ക്ക് വിടണം, ക്രൈം ബ്രാഞ്ച് അന്വേഷിക്കണമെന്ന ആവശ്യവുമായി മുഖ്യമന്ത്രിയെ സമീപിച്ച് നിവേദനം നൽകി. മാത്രമല്ല, ഈ സഭയിൽ സബ്മിഷൻ അവതരിപ്പിച്ചത് രേഖകളിലുമുണ്ട്. കർശനമായ അന്വേഷണം നടത്താമെന്ന് അന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ ഒരു സി.ബി.ഐ.-ക്കും വിടേണ്ടിവന്നില്ല. അക്കാര്യത്തിൽ മുഖ്യമന്ത്രിയെ അഭിനന്ദിക്കുകയാണ്. കാരണം, കേരളത്തിലെ പോലീസ് ഉദ്യോഗസ്ഥന്മാർ പ്രതിയെ പിടിച്ചു. പ്രതി ആ പ്രദേശത്തുള്ള ആളായിരുന്നു. അയാൾ ഗൾഫിലേയ്ക്ക് കടന്നപ്പോൾ അയാളെ ഗൾഫിൽ നിന്ന് കൊണ്ടുവന്ന് അറസ്റ്റ് ചെയ്ത് നിയമത്തിനുമുമ്പിൽ കൊണ്ടുവരാൻ സാധിച്ചു.

ഒരിക്കലും പ്രതിയെ കണ്ടുപിടിക്കുകയില്ല എന്ന് ബന്ധുക്കൾപോലും വിചാരിച്ചിരുന്നതാണ്. അതിന് ആഭ്യന്തര വകുപ്പ് അഭിനന്ദനമർഹിക്കുന്നു. അതുപോലെ എന്റെ നിയോജകമണ്ഡലത്തിലെ 17 വയസ്സുപോലും തികയാത്ത ഒരു കുട്ടി ആത്മഹത്യ ചെയ്തതാണ് എന്ന തരത്തിൽ വാർത്ത വന്നു. ക്രൈംബ്രാഞ്ച് അന്വേഷണം നടക്കുകയാണ്. അതിന്റെ വിവരങ്ങൾ പുറത്തുപറയാറായിട്ടില്ല, എങ്കിൽപ്പോലും സ്ഥലത്തെ എം.എൽ.എ. എന്നുള്ള നിലയിൽ മനസ്സിലാക്കാൻ കഴിഞ്ഞത് ഉദ്യോഗസ്ഥന്മാരിൽനിന്ന് വളരെ പ്രശംസനീയമായ അന്വേഷണം നടക്കുന്നുവെന്നാണ്. ഇതൊരു സാധാരണ ആത്മഹത്യയോ മരണമോ അല്ല എന്ന നിലയിലേയ്ക്ക് അന്വേഷണം നീങ്ങുന്നുവെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇക്കാര്യത്തിൽ ഞാൻ മുഖ്യമന്ത്രിയോട് നന്ദി പറയുകയാണ്. കാരണം നല്ല കാര്യങ്ങൾ ആര് ചെയ്താലും അത് പ്രശംസിക്കേണ്ടതുതന്നെയാണ്.

വന്യമൃഗശല്യത്തെക്കുറിച്ച് ഇവിടെ സംസാരിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ഒരു അഭ്യർത്ഥനയുണ്ട്. ഇന്നലെ ശ്രീ. സണ്ണി ജോസഫ് പറഞ്ഞത് ശരിയാണ്, വന്യമൃഗശല്യം പെരുകുമ്പോൾ അവയെ വെടിവച്ച് കൊല്ലണമെന്നൊക്കെ എം.എൽ.എ.-മാർ പറയും. അതിന് നിയമമുണ്ട്. ആഫ്രിക്കയിൽ ആനകളെ വെടിവച്ച് കൊല്ലാറുണ്ട്. പക്ഷെ നമ്മുടെ നാട്ടിൽ അത് പ്രായോഗികമല്ല. ഞാൻ മന്ത്രിയായിരുന്ന കാലത്ത് പരമാവധി കുളങ്ങളും ചെക്ക് ഡാമുകളും നിർമ്മിച്ചിരുന്നു. അതിപ്പോൾ നിർത്തിവച്ചിരിക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്. അത് തുടരാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുക്കണം. വനത്തിനുള്ളിൽ സാദ്ധ്യമാകുന്നിടത്തെല്ലാം ജലസ്രോതസ്സുകൾ സംരക്ഷിച്ചാൽ മൃഗങ്ങൾ ആ വെള്ളം കുടിച്ച് ജീവിക്കും. മാത്രമല്ല അതിനുചുറ്റുമുള്ള റിസർവ് വനങ്ങളിൽ അല്ലെങ്കിൽ സാങ്ച്വറികളല്ലാത്ത എല്ലാ സ്ഥലത്തും വാഴ, കശുമാവ് തുടങ്ങിയ വൃക്ഷത്തൈകൾ നടണം. ഗ്രാമപ്രദേശത്തോട് ചേർന്നുകിടക്കുന്ന വനത്തിനുള്ളിൽ ഇത്തരം തൈകൾ നട്ടുപിടിപ്പിച്ചാൽ വളർന്നുവരുമ്പോൾ അതൊക്കെ ഭക്ഷിച്ച് ഈ മൃഗങ്ങളൊക്കെ അവിടെ നിൽക്കും. മൃഗങ്ങൾ വെള്ളത്തിനുവേണ്ടിയാണ് പുറത്തേയ്ക്കുവരുന്നത്. വെള്ളം കാടിനുള്ളിൽ പ്രൊവൈഡ് ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തിയാൽ 60-70 ശതമാനമെങ്കിലും ഇതിനെ ചെറുക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നു.

ഈ സർക്കാരിന്റെ വളരെ ദിശാബോധത്തോടുകൂടിയ മുന്നോട്ടുള്ള യാത്രയിൽ എല്ലാവിധ ആശംസകളും ഞാൻ നേരുകയാണ്. ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞതുപോലെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് 150 പേജുണ്ടായിരുന്നെങ്കിൽ ഇവിടെയിരുന്ന് മുഷിയുമായിരുന്നു. ഇത്രയുണ്ടായിട്ട് തന്നെ ഒന്നരമണിക്കൂർനേരം എല്ലാവരും മുഷിഞ്ഞിരുന്ന് അങ്ങോട്ടുമിങ്ങോട്ടും വർത്തമാനം

പറയുകയായിരുന്നു. ഒരുപാട് കാര്യങ്ങൾ പറയുന്നതിനെക്കാൾ നല്ലത് കുറച്ചുകാര്യങ്ങൾ പറഞ്ഞ്, പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കിക്കാണിക്കുക എന്നുള്ളതാണ് ഈ സർക്കാരിന്റെ മുഖമുദ്ര എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് നന്ദിപ്രമേയത്തെ ഞാൻ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

2.28 PM]

திரு. எஸ். ராஜேந்திரன் சர், கவர்னருடைய பிரசங்கத்தின் நன்றியுரைக்கு நான் ஆதரவை தொிவிக்கிறேன். திரு ஸம்சுதீனுடைய பேச்சு வார்த்தைகள் ரசிப்பதற்க்கு நலமாக இருந்ததே தவிர நடைமுறைக்கு ஒத்து வரகூடியதல்ல என்பதை முதலில் தொிவித்து கொள்கிறேன்.

"என்று தணியும் இந்த சுதந்திர தாகம்

என்று மடியும் எங்கள் அடிமையின் மோகம் "

இது பாரதியின் பாடல். கேரளம் என்பது இந்தியாவில் மற்ற எல்லா மாநிலங்களுக்கும் எடுத்து காட்டாக இருக்கிறது என்பது மட்டுமல்ல, கேரள முதல்வர் தோழர் பிணறாயி விஜயனுடைய ஆட்சியும் சிறப்பான நடவடிக்கைகளும் இன்று எல்லா மாநிலங்களும் வரவேற்பதோடு கேரளாவிற்க்கான ஆதரவும் கூடியிருக்கிறது என்பது யு.டி.எப். கட்சிக்காரர்களுக்கும் பெருமை தரக்கூடிய அளவில் இருக்கிறது என்பதில் எந்த விதமான சந்தேகமும் இல்லை. ஆகவே உலகிலும் மற்ற மாநிலங்களிலும் கேரளத்தில் நடைமுறைபடுத்தக்கூடிய சட்டதிட்டங்களை பார்ப்பதையும் படிப்பதையும் மற்ற மாநிலங்களிலும் நடைமுறைபடுத்துவதையும் பார்க்கும்போது கேரளாவிற்க்கு பெருமைதான். ஸம்சுதீனுக்கு ஏனோ இதெல்லாம் தொியவில்லை ஆகவே ஸம்சுதீன் அதிகமாக படிக்க வேண்டும். British India நம்மை விட்டு பிாிந்தபோதும் சுதந்திர நாட்கள் மீண்டும் மீண்டும் கொண்டாடும்போதும் கேரளத்தில் மட்டும்தான் கருத்து சுதந்திரம் இருக்கிறது என்பதை எண்ணிபார்க்கவேண்டும். மற்ற மாநிலங்களில் எல்லாம் இப்போதும் காங்கிரஸ் ஆண்டாலும் பி.ஜே.பி.ஆண்டாலும் கருத்து சுதந்திரம் இல்லை என்பது மட்டுமல்ல அடிமை வாழ்க்கை தொடருகிறது என்பதில் பலவித உதாகரணங்கள் இருக்கிறது. அதை

எல்லாம் ஸம்சுதீன் வாசித்து பார்த்தால் மிகவும் நன்றாக இருக்கும் என்பதை இந்த சந்தர்ப்பத்தில் தொிவிப்பதோடு, இடுக்கி மாவட்டத்தில் இருக்ககூடிய மக்கள் அனைவரும் கேரளம் பிறப்பறதற்கு முன்பாகவே இடுக்கியை சேர்ந்தவர்கள், இடுக்கியில் குடியேறியவர்கள். கையேற்றக்காரர்கள் என்று திருமதி நிவேதிதா பி கரன் போன்ற சில அதிகாாிகளுடைய அறிக்கையின் அடிப்படையிலே கையேற்றக்காரர்கள் என்று கணித்து விடமுடியாது. இந்தியாவின் சுதந்திரத்திற்குமுன்பு கேரளம் பிறப்பதற்க்கு முன்பு இடுக்கி இருந்தவர்கள் அனைவரும் குடியேற்றகாரர்களும் கேரளத்தை சேர்ந்தவர்களும் என்பதை ஏற்று கொள்ள வேண்டும். சுற்றுப்புற சூழ்நிலை பாதுகாக்கப்படவேண்டும் என்பதில் எந்தவிதமான சந்தேகமுமில்லை. 1971 முதல் இருந்த நிலஉடமைபிரச்சினை போன்றபல பிரச்சினைகளுக்கு தோழர் பிணறாயி விஜயனும் மற்றும் இங்கு இருக்ககூடிய அமைச்சர்களின் உறுதுணையோடு 27-03-2014-ல் எடுத்த தீர்மானங்களின் அடிப்படையில் பிரச்சினைகளை தீர்ப்பதற்க்கு எத்தனையோ பல நல்ல திட்டங்கள் கொண்டு வந்திருக்கிறது. சர்வே நம்பர் மாற்றுவது உட்பட நீலகுறிஞ்சியிலும் உள்ள பிரச்சினைகளுக்கு இந்த அரசு தீர்வு கண்டிருப்பது பாராட்டவேண்டிய காாியம். ஆகவே கையேற்றத்தை ஏற்று கொள்ளமுடியாது, குடியேற்றக்காரர்களை ஏற்றுக்கொள்ளத்தான்வேண்டும் என்பதை இந்த சந்தர்ப்பத்தில் தொிவித்துகொள்கிறேன்.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

பாட்டக்காரர்கள் அனைவரும் வனபகுதியின் உள்ளே இருக்கிறார்கள் என்பதால் அவர்கள் கையேற்றக்காரர்கள் ஆகமாட்டார்கள் என்பதை இந்த சந்தர்ப்பத்தில் நான் மீண்டும் தொிவித்துகொள்கிறேன். இந்த அரசு எத்தனையோ பல நல்ல திட்டங்களை கொண்டுவந்திருக்கிறது. தமிழ்நாட்டிலிருந்து வந்த இளைஞன் முருகன் விபத்தில் இறந்து விட்ட காரணத்தினால் வருத்தம் தொிவித்ததோடு மற்ற மாநிலகாரன் என்றும் பாராமல் கேரளத்திற்க்கு புகழும் மதிப்பும் உயருகின்ற வகையிலே 48 மணி நேரம் விபத்து நடந்த எல்லாருக்கும் இலவசமாக சிகிட்சை

அளிப்பதற்கான உத்தரவு கொண்டு வந்தது மிகவும் பெருமைக்குரிய விஷயமாகும் என்பதை தொிவித்துகொள்ள ஆசைபடுகிறேன். அதுபோல ஓகி துரந்தத்தில் மற்ற மாநிலத்தில் உள்ளவர்கள் கேரளத்தில் பிறந்திருக்கமாட்டோமா என்றும் கேரள மாநிலத்தோடு சேர்ந்திருக்கமாட்டோமா என்றும் ஏங்ககூடிய அளவில் நமது முதல்வர் காாியங்கள் நடைமுறைபடுத்தியது நமக்கு கிடைத்த பெருமை ஆகும். தாழ்த்தபட்டோர்களுக்கும் பிற்படுத்தபட்டோர்களுக்கும் தேவஸ்தானத்தில் 32% reservation என்ற அடிப்படையில் கோவில்களில் பூஜை நடத்த அனுமதி கொடுத்ததும் பாராட்டப்படவேண்டிய விஷயம் மட்டுமல்ல, சாித்திரத்திலே மிகபொிய விஷயமாககூறி கொள்ள விரும்புகிறேன். இந்தியாவிலே இப்படிபட்ட மிகமுக்கிய அம்சங்களை கொண்டிருக்ககூடிய தோழர் பிணறாயி விஜயன் அரசில் இருக்ககூடிய அமைச்சர்களுக்கும் திட்டங்களை நடைமுறைபடுத்துவதில் மிகமுக்கிய அம்சங்களை கொண்டிருக்கிறார்கள் என்ற பாராட்டுகளை தொிவித்துகொண்டு மீண்டும் ஒருமுறை ஆதரவு தொிவித்துகொண்டு எனது உரையை நிறைவு செய்கிறேன். வணக்கம்.

<u>ശ്രീ. കെ. എം. മാണി</u>: സർ, കേന്ദ്രത്തിനെതിരെയുള്ള പരാമർശം ഒഴിവാക്കിയതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകുകയുണ്ടായി. ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിനെ മാനിക്കുന്നു. ഒരു കാര്യം മാത്രമാണ് അതിനോടനുബന്ധിച്ച് പറയാനുള്ളത്. വിട്ടുകളയുന്ന കാര്യം ഗവർണർ മുൻകൂട്ടി ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടെങ്കിൽ കുഴപ്പമൊന്നുമില്ല. എന്നാൽ അത് ഗവൺമെന്റിനെ അറിയിച്ചിട്ടില്ലെങ്കിൽ തീർച്ചയായും തെറ്റായ സമ്പ്രദായമാണ് എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. അതിനെപ്പറ്റി പോസിറ്റീവായി മുഖ്യമന്ത്രി പ്രതികരിച്ചില്ല, അതിനെക്കുറിച്ച് അറിയാൻ പാടില്ലെന്ന് മാത്രമെ പറഞ്ഞിട്ടുള്ളൂ. പോസിറ്റീവായി പ്രതികരിക്കാത്തത് ഭരണഘടനാപരമായ ഒഴിഞ്ഞുമാറ്റമാണ്. അത് ശരിയല്ലായെന്നാണ് എനിക്ക് പറയാനുള്ളത്. ഗവൺമെന്റിനെ അറിയിച്ചുകൊണ്ടാണോ അല്ലയോ എന്നുള്ള സത്യം അറിയട്ടെ.

ഗവർണറുടെ പ്രസംഗത്തിൽ ആരോഗ്യരംഗത്ത് കൈവരിച്ച നേട്ടങ്ങളെ പ്രകീർത്തിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷമുള്ള നേട്ടങ്ങളായി തോന്നത്തക്കവിധം വളരെ ശാസ്ത്രീയമായാണ് ഗവർണറുടെ പ്രസംഗം എഴുതിയിരിക്കുന്നത്. ഈ നേട്ടം കഴിഞ്ഞ രണ്ടുവർഷം കൊണ്ടുണ്ടായതാണോ; കേരളപ്പിറവിക്ക് ശേഷം മാറിമാറി വന്ന എല്ലാ ഗവൺമെന്റുകളുടെയും ശ്രമഫലമായി ഉണ്ടായതാണ്. അതുപോലെ വിദ്യാഭ്യാസരംഗത്ത് കൈവന്ന നേട്ടം കേരളപ്പിറവിക്ക് മുമ്പേ പ്രവർത്തിച്ചിരുന്ന ക്രിസ്ത്യൻ മിഷണറിമാരുടെയും എൻ.എസ്.എസ്., എസ്.എൻ.ഡി.പി., എം.ഇ.എസ്. തുടങ്ങിയ വിദ്യാഭ്യാസ ഏജൻസികളുടെയുമൊക്കെ കൂട്ടായ ശ്രമഫലമായിട്ടുണ്ടായതാണ്. രണ്ട് വർഷം കൊണ്ട് ഉണ്ടായതല്ല. അങ്ങ് ഇതുമായി ബന്ധിപ്പിച്ചാണ് പ്രകീർത്തിക്കുന്നത്.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ഗവൺമെന്റ് സ്കൂളുകളിലേയ്ക്ക് കുട്ടികൾ വന്നുതുടങ്ങി എന്നാണ് പറഞ്ഞത്.

<u>ശ്രീ. കെ. എം. മാണി</u>: സർ, എല്ലാം പൊളിഞ്ഞു എന്നാണ് നിഗമനം. ഗവർണറുടെ പ്രസംഗത്തിൽ പരമ്പരാഗത വ്യവസായ മേഖലയിലെ പാവപ്പെട്ട തൊഴിലാളികളുടെ സമുദ്ധാരണത്തിനായി യാതൊന്നും ചെയ്തിട്ടില്ല. സാധാരണഗതിയിൽ ബജറ്റിൽ പരമ്പരാഗത തൊഴിലാളികളെ സംബന്ധിച്ച് പരമാർശം ഉണ്ടാകുന്നതാണ്. നയപ്രഖ്യാപനത്തിൽ പദ്ധതികളൊന്നും നിർദ്ദേശിച്ചിട്ടില്ല. ഇന്ധന വിലവർദ്ധനവിന്റെ ഫലമായുള്ള രൂക്ഷമായ വിലവർദ്ധനവുമൂലം ജനങ്ങൾക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ എന്താണ് ചെയ്തിരിക്കുന്നത്; ഒന്നും ചെയ്തിട്ടില്ല. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഇന്ധനത്തിൽനിന്നും കിട്ടുന്ന അധിക വരുമാനം ഗവൺമെന്റ് വേണ്ടെന്ന് വച്ചു. ഈ ഗവൺമെന്റിന് എന്തെങ്കിലും ചെയ്യാൻ പാടില്ലേ? ഇന്ധനവിലയിൽനിന്നും ലഭിക്കുന്ന അധികവരുമാനം ഈ ഗവൺമെന്റിന് വേണ്ടെന്ന് വയ്ക്കാമല്ലോ. പെട്രോൾ, ഡീസൽ വിലവർദ്ധിപ്പിക്കാൻ കേന്ദ്രം കൂട്ടുനിൽക്കുകയാണ്. ഇപ്പോൾ പെട്രോളിന് 76 രൂപയും ഡീസലിന് 68 രൂപയും എന്ന നിലയിൽ വില ഉയരുകയാണ്. ഇത് എവിടെച്ചെന്ന് നിൽക്കും? ജനങ്ങൾക്ക് ആശ്വാസമെത്തിക്കാൻ സർക്കാരിന് ഉത്തരവാദിത്വമുണ്ട്. അതുകൊണ്ട് സർക്കാർ ആ അധിക നികുതിവരുമാനം വേണ്ടെന്നുവയ്ക്കണം. ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത് സംസ്ഥാനം അങ്ങനെ ചെയ്യുകയില്ല, കേന്ദ്രം വില കുറയ്ക്കട്ടെ എന്നാണ്. അത് ശരിയല്ല, ആ പിടിവാശിയൊന്നും നമുക്ക് വേണ്ട. കേന്ദ്രം ചെയ്തില്ലെങ്കിൽ നമുക്ക് ഒരുമിച്ച് നിന്ന് പോരാടാം. ജനങ്ങൾക്ക് ആശ്വാസം കൊടുക്കുന്ന നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണം. അതിനുശേഷം കേന്ദ്രത്തിനെതിരെ ഒരുമിച്ചുനിന്ന് പൊരുതാമെന്ന് മാത്രമാണ്

എനിക്ക് അക്കാര്യത്തെക്കുറിച്ച് പറയാനുള്ളത്. ജി.എസ്.ടി.-യിൽ നിന്ന് 400 കോടി രൂപയുടെ വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പ്രസ്തുത തുകയിൽനിന്ന് ഒരുഭാഗമെടുത്ത് ഇന്ധനവിലയ്ക്ക് പരിഹാരം ഉണ്ടാക്കുന്നതിനായി ജനങ്ങൾക്ക് വേണ്ട സൗജന്യങ്ങൾ ചെയ്യാം. അത് ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. മണൽ ക്ഷാമംകൊണ്ടും കരിങ്കൽ ക്വാറികൾ പൂട്ടിയതുമൂലവും കെട്ടിടനിർമ്മാണ രംഗത്തുണ്ടായിട്ടുള്ള സ്തംഭനാവസ്ഥയ്ക്ക് പരിഹാരമുണ്ടാകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുകൊണ്ട് ഞാൻ നെഗറ്റീവായൊന്നും പ്രസംഗിക്കുന്നില്ല. ഗവൺമെന്റ് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പറയുന്നുവെന്ന് മാത്രമേയുള്ളൂ.

യാതൊരു മുന്നറിയിപ്പുമില്ലാതെ നോട്ട് പിൻവലിച്ചതും പകരം നോട്ടിറക്കാൻ താമസിച്ചതും മുൻകരുതലില്ലാതെ ജി.എസ്.ടി. കൊണ്ടുവന്നതുമൊക്കെ വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്. അത് അനിയന്ത്രിതമായ വിലക്കയറ്റത്തിന് കാരണമായിട്ടുണ്ട്. കോർപ്പറേറ്റുകളെ സഹായിക്കുന്ന നയമാണ് നിർഭാഗ്യവശാൽ കേന്ദ്രം അനുവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ പ്രതിസന്ധിക്ക് പരിഹാരം കാണാൻ സംസ്ഥാന സർക്കാർ പദ്ധതികൾ കൊണ്ടുവരേണ്ടത് ആവശ്യമാണ്. അത് ചെയ്യാത്തത് ഗുരുതരമായ കൃത്യവിലോപമായിട്ടേ കണക്കാക്കാൻ സാധിക്കൂ. സംസ്ഥാന സർക്കാർ കയ്യൊഴിയരുത്, ജനങ്ങളെ സഹായിക്കാൻ കഴിയണം, ജനകീയ പ്രശ്നങ്ങൾ പരിഹരിക്കണം.

കഴിഞ്ഞ രണ്ട് വർഷത്തോളമായി കർഷക പെൻഷൻ മുടങ്ങിക്കിടക്കുകയാണ്. കെ.എസ്.ആർ.ടി.സി. പെൻഷൻ ഓണം കഴിഞ്ഞിട്ടും നൽകിയിട്ടില്ല. ഗവർണറുടെ പ്രസംഗത്തിൽ കർഷകർക്കുവേണ്ടി പ്രത്യേക പാക്കേജ് കൊണ്ടുവരുമെന്നാണ് ഞാൻ വിചാരിച്ചത്. പക്ഷെ അങ്ങനെയൊരു പാക്കേജോ പദ്ധതിയോ കൊണ്ടുവരാത്തത് വളരെ നിർഭാഗ്യകരമായിപ്പോയി. കർഷകരെപ്പറ്റി ഉയർന്ന സ്വരത്തിൽ ഒരുപാട് സംസാരിച്ചിട്ടുണ്ട്. അവർക്കുവേണ്ടി ഒരു സ്കീം അവതരിപ്പിക്കാൻ കഴിയാതെപോയത് നിർഭാഗ്യകരമാണ്. സ്ത്രീകൾക്കും കുട്ടികൾക്കുംവേണ്ടി പ്രത്യേക വകുപ്പ് രൂപീകരിച്ചതും പോലീസ് സേനയിൽ വനിതകളെ കൂടുതൽ നിയമിക്കുന്നതുമെല്ലാം സ്വാഗതാർഹമാണ്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ രണ്ട് ബജറ്റുകളിലും കിഫ്ബിയെപ്പറ്റി കൂടുതലായി പറഞ്ഞിട്ടുണ്ട്. കിഫ്ബിയിൽക്കൂടി 50,000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുമെന്ന് പറഞ്ഞിട്ടുണ്ട്. അത് ഒരിക്കലും കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നുള്ള രൂപയായിരിക്കില്ല. ഇത് വളരെ തെറ്റായ നടപടിയാണ്. കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നുള്ള ചെലവാണെങ്കിൽ

അതിന്മേൽ നിയമസഭയ്ക്കും ഗവർണർക്കും കൺട്രോളുണ്ട്, ഇക്കാര്യങ്ങൾ നോക്കാനായി സി.&എ.ജി.യുമുണ്ട്. കിഫ്ബി വഴി ബജറ്ററി പ്രോസസിന് പുറമെ ചെലവ് ചെയ്താൽ ആരെയും നോക്കണ്ട, ആരുടെയും പരിശോധനയില്ല, വെറുതെ ചെലവ് ചെയ്യാം. അക്കാര്യത്തിൽ ഡോ. ടി. എം. തോമസ് ഐസകിനെ നിയന്ത്രിക്കണം. ബജറ്റിന് പുറത്ത് കിഫ്ബി വഴി രൂപ ചെലവ് ചെയ്യുകയാണ്. പ്രസ്തുത തുക ഓഡിറ്റ് നടത്തുന്നതിനായി സ്വകാര്യ കമ്പനിയെ ഏൽപ്പിക്കുകയാണ്. ഇതൊക്കെ തിരുത്തേണ്ട കാര്യമാണ്. ഇതൊക്കെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരികയാണ്.

പദ്ധതിച്ചെലവ് ഡിസംബറിൽ 52.3 ശതമാനമേ ആയിട്ടുള്ളൂ. അതിന് കുഴപ്പമില്ല. പക്ഷേ അവസാന മാസങ്ങളിൽ വാരിക്കോരി ചെലവുചെയ്യും. പദ്ധതിച്ചെലവുകൾ അവസാന വർഷത്തിലേയ്ക്ക് കൊണ്ടുപോകാതെ ക്രമാനുഗതമായി ചെലവഴിക്കുന്നതിന് ശ്രദ്ധവേണമെന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. നോൺ ടാക്സ് റവന്യൂവും യൂസർ ഫീയും മറ്റ് ഫീസുകളും വർദ്ധിപ്പിക്കാൻ പോകുന്നുവെന്ന് കേൾക്കുന്നു. അത് വർദ്ധിപ്പിക്കുന്നതുകൊണ്ട് കുഴപ്പമില്ല, പക്ഷേ ദുർവ്വഹമാകരുത്. അതിനെക്കുറിച്ച് നേരത്തെ ചിന്തിക്കണം. കുറച്ചൊക്കെ വർദ്ധിപ്പിക്കാം, കൂടുതൽ വർദ്ധിപ്പിച്ച് വരുമാനമുണ്ടാക്കാൻ നോക്കരുതെന്ന് ഞാൻ മുൻകൂട്ടി പറയുകയാണ്. യു.ഡി.എഫ്. ഭരണകാലത്ത് കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ കുടിശ്ശിക സമയബന്ധിതമായി തീർത്തിട്ടുണ്ട്. ഇപ്പോൾ 7 മാസമായി പെൻഷൻ മുടങ്ങിക്കിടക്കുകയാണ്. ഇതൊക്കെ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം. ഞാൻ ചൂണ്ടിക്കാണിച്ച പോരായ്മകൾ പരിഹരിക്കാനുള്ള സത്വര നടപടി സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

2.43 PM]

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ പിന്താങ്ങുന്നു. കേവലം പദ്ധതി പ്രഖ്യാപനങ്ങളോ അവകാശവാദങ്ങളോ ആകാതെ നവകേരളത്തിന്റെ മുന്നേറ്റപാത നിർണ്ണയിക്കുന്ന സുപ്രധാന വികസന ക്ഷേമപദ്ധതികൾ വിളംബരം ചെയ്തുകൊണ്ട് നമ്മുടെ നാടിന്റെ സമഗ്ര വികസനത്തിനും ജനക്ഷേമത്തിനും വ്യക്തമായ ദിശാബോധത്തോടെയുള്ള മുന്നേറ്റത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുന്നതാണ് ഇവിടെ അവതരിപ്പിച്ച നയപ്രഖ്യാപനം. വിവിധ വിഭാഗങ്ങളിലായി നിലവിലുള്ള നയങ്ങളെയും നേട്ടങ്ങളെയും വിശകലനം ചെയ്ത് ഭാവിയിലേയ്ക്ക് വിരൽചൂണ്ടുന്ന അടിസ്ഥാന പ്രമാണമായി ഈ നയപ്രഖ്യാപനത്തെ മാറ്റാൻ സർക്കാരിന് കഴിഞ്ഞു.

"ഈ യുഗത്തിന്റെ സാമൂഹ്യശക്തി ഞാൻ

മായുകില്ലെന്റെ ചൈതന്യവീചികൾ!

ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ പച്ചമണ്ണിൻ

മനുഷ്യത്വമാണു ഞാൻ! "

വയലാർ രാമവർമ്മയുടെ ഈ വരികളെ ഓർമ്മിപ്പിച്ചുകൊണ്ടും ഭാവനാപൂർണ്ണമായ ആസൂത്രണവും അതിലേയ്ക്ക് നയിക്കുന്ന കൃത്യമായ രാഷ്ട്രീയ ഇച്ഛാശക്തിയും പ്രതിബദ്ധതയോടുകൂടിയ പ്രവർത്തനവും കൈമുതലാക്കിയുള്ള ബഹുമാനപ്പെട്ട പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പിന്നിട്ട 20 മാസക്കാലം കർമ്മനിരതവും അഭിമാനോജ്ജ്വലവുമായ ഇടപെടലുകളുടെ ദിനരാത്രങ്ങളെയാണ് നമ്മുടെ നാടിന് സമ്മാനിച്ചത്. നേട്ടങ്ങളുടെ നെറുകയിലേയ്ക്കുള്ള ജൈത്രയാത്രയിൽ തിളക്കമേറെയാണ്. ക്രമസമാധാന പരിപാലനത്തിൽ ദേശീയതലത്തിൽ മികച്ച സംസ്ഥാനമായി കേരളം മാറുന്നു. അഴിമതിയെന്ന സാമൂഹ്യ അർബുദത്തിന് വിരാമമിടാൻ ശക്തമായ സമീപനം സ്വീകരിച്ചപ്പോൾ അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കാൻ നമുക്ക് കഴിഞ്ഞു. സാന്ദർഭികമായി പറയട്ടെ,

'നീർക്കുള്ളിൽ നീന്തുന്ന മീൻകുലങ്ങൾ

ജലം കുടിക്കുന്നതറിഞ്ഞുകൂടാ'

എന്നുപറയുന്നതുപോലെ ദേശീയ സംസ്ഥാനതലത്തിൽ കോൺഗ്രസിനകത്ത് നടന്ന അഴിമതിയുടെ ചരിത്രം നാം മറന്നുപോയോ? എന്നിട്ട് ഇവരാണോ ഇന്ന് മറ്റുള്ളവർക്കെതിരെ അഴിമതിയാരോപണം സഭയിൽ ഉന്നയിച്ചു കൊണ്ടിരിക്കുന്നത്.

സാമൂഹ്യ-പരിസ്ഥിതി-സാമ്പത്തിക മേഖലകളിലെ മുൻഗണന സുസ്ഥിര വളർച്ചയ്ക്കായി ഉറപ്പുവരുത്തുന്നു. ഇതിനായി ഇവിടെ സദ്ഭരണം, സംരംഭകത്വം, ഉത്തരവാദിത്വപൂർണ്ണമായ പങ്കാളിത്തം എന്നിവ ഉറപ്പാക്കുന്നു. ആഗോളവത്കരണവും സാങ്കേതികവിദ്യാ വികസനവും പുതിയ ഘട്ടത്തിലേയ്ക്കു കടന്ന് വർത്തമാനകാലത്ത് തൊഴിൽദായകൻ എന്നതിലുപരി തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുക എന്നതിലേയ്ക്ക് സർക്കാരിന്റെ ഉത്തരവാദിത്വം മാറിയിരിക്കുന്നു. ഇതിനായി ലോകമെമ്പാടുമുള്ള മലയാളി സംരംഭകരുടെയും പ്രവാസികളുടെയും അനുഭവസമ്പത്തും ബുദ്ധിവൈഭവവും പ്രയോജനപ്പെടുത്താൻ സർക്കാർ സന്നദ്ധമായി. നവകേരള സങ്കൽപ്പം ആശയതലത്തിൽനിന്ന്

പ്രായോഗിക പദ്ധതികളിലേയ്ക്ക് വർത്തമാനകാലത്ത് മാറിക്കൊണ്ടിരിക്കുകയാണ്. നാല് അടിസ്ഥാന മേഖലകളിൽ തുടക്കം കുറിച്ച ദൗത്യങ്ങൾ സുസ്ഥിര വികസനത്തിന് അടിത്തറയിട്ടിരിക്കുന്നു. സമൂഹത്തിലെ ഏറ്റവും അടിത്തട്ടിൽ കിടക്കുന്ന ജനവിഭാഗങ്ങളുടെ ഉന്നമനമാണതിന്റെ ലക്ഷ്യം. ഭക്ഷ്യ സ്വാശ്രയത്വം, ശുചിത്വം, മാലിന്യനിർമ്മാർജ്ജനം, ജലവിഭവങ്ങളുടെ സുസ്ഥിര വികസനം എന്നിവ ലക്ഷ്യമിടുന്ന ഹരിത കേരളം മിഷനിൽ ദുർബ്ബല ജനവിഭാഗങ്ങൾ ഏറ്റവുംകൂടുതൽ ഗുണഭോക്താക്കളായി മാറിയിട്ടുണ്ടെന്നുള്ളത് ഏറെ അഭിമാനകരമാണ്. മാലിന്യ സംസ്കരണ പ്രശ്നത്തിന് ശാശ്വത പരിഹാരമെന്ന നിലയിൽ പ്രധാന നഗരങ്ങൾ കേന്ദ്രീകരിച്ച് മാലിന്യത്തിൽനിന്നും ഊർജ്ജമെന്ന നവീന പദ്ധതിയിലേയ്ക്ക് കേരളം നീങ്ങിക്കൊണ്ടിരിക്കുകയാണ്. ജനവിഭവങ്ങളുടെ സംരക്ഷണത്തിനൊപ്പം ഗതാഗത സാദ്ധ്യതകൾകൂടി പ്രയോജനപ്പെടുത്താനുള്ള പദ്ധതികളാണ് ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്.

'ആർദ്രം' കേരളത്തിന്റെ മാനവ വിഭവശേഷിയെ ഇനിയുമേറെ വളർത്തുമെന്ന കാര്യത്തിൽ തർക്കമില്ല. നാടിന് പുതിയൊരു വികസന പരിപ്രേക്ഷ്യം, ഉദാരവത്കൃത സമ്പദ്ഘടനയ്ക്ക് ജനകീയ ബദൽ, അടിസ്ഥാന വികസന സൗകര്യം, വർദ്ധിത നിക്ഷേപം ആകർഷിക്കൽ, കൂടുതൽ തൊഴിലവസരങ്ങൾ, ഐ.ടി., പരമ്പരാഗത വ്യവസായ മേഖലയ്ക്ക് പ്രത്യേക പരിഗണന എന്നിങ്ങനെ വിവിധ പദ്ധതികളുമായി മുന്നോട്ടുപോകുന്നു. 'ഇനി വരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാദ്ധ്യമാണ്' എന്ന സന്ദേശവുമായാണ് ഭാവിതലമുറയെ മുന്നിൽ കണ്ടുകൊണ്ടുള്ള പരിസ്ഥിതി സംരക്ഷണം മുഖ്യ അജണ്ടയായി ഈ ഗവൺമെന്റ് എടുത്തിട്ടുള്ളത്. നീരുറവകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാട് പ്രതിഫലിപ്പിക്കുന്നു. തരിശുനിലകൃഷിയെ പ്രോത്സാഹിപ്പിക്കുന്നു. പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് മലിനീകരണ സാദ്ധ്യതയില്ലാത്ത ആധുനിക വ്യവസായ വികസനത്തിന് അനുയോജ്യമായ പുതിയ പദ്ധതികൾ ആവിഷ്കരിച്ചു.

വികസന കാര്യത്തിൽ യു.ഡി.എഫ്.-ന്റെ സമീപനം മറ്റൊന്നാണ്. അവർ വികസനമെന്ന പാൽപ്പായസം വച്ച് അത് കോളാമ്പിയിൽ വിളമ്പുമ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണെങ്കിൽ അത് സ്ഫടികപാത്രത്തിൽ വിളമ്പുമെന്നതാണ് വ്യത്യാസം. വികസന മുരടിപ്പിൽനിന്ന് വികസന വിസ്മയത്തിലേയ്ക്ക് കേരളത്തെ നയിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ ജനോപകാരപ്രദമായ പരിപാടികളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ ഡൽഹിയിൽ, ദേശീയ തലത്തിൽ, നമ്മുടെ മഹത്തായ രാജ്യം, മതേതര ഇന്ത്യ ഭീതിയുടെ, മരണഭയത്തിന്റെ തടവറയിലാണിന്ന്. ഏത് നിമിഷവും ഒരു കൊലക്കത്തി, ഒരു വെടിയുണ്ട, ഒരു സ്ഫോടനം ഏതൊരാളിന്റെയും

ജീവനെടുക്കാവുന്ന അവസ്ഥ, ഭരണത്തിന്റെ അത്യുന്നത നേതൃത്വം തന്നെ അതിന് ചരടുവലിക്കുകയാണെന്ന ഞെട്ടിപ്പിക്കുന്ന വെളിപ്പെടുത്തലാണ് ഭരണ നേതൃത്വത്തിനുള്ളിൽ ഇതുവരെ നിന്നിരുന്ന സംഘ്പരിവാർ ഉന്നതരിൽനിന്ന് നാം കേട്ടുകൊണ്ടിരിക്കുന്നത്.

സ്വതന്ത്ര ഇന്ത്യയുടെ ഹൃദയത്തിൽ ചോരകൊണ്ട് അടയാളപ്പെടുത്തിയ ആ ദിവസം, ജനുവരി 30 വീണ്ടും വരികയാണ്. രക്തസാക്ഷിത്വത്തിന്റെ ഏഴ് ദശാബ്ദങ്ങൾ പൂർത്തിയാകുന്നു. ഇവിടെ ഗാന്ധിജിയെ മറക്കാമെന്ന് ഭരണാധികാരികൾ ആവശ്യപ്പെടുമോയെന്ന അനിശ്ചിതത്വം നിറഞ്ഞതാണ് ഇന്ത്യയുടെ വരുംദിനങ്ങൾ. ബഹുസ്വരതയെ തകർത്ത് ഒരൊറ്റ ശബ്ദം ഒരേ അഭിപ്രായം മതിയെന്ന നിലപാടുകളിലേയ്ക്ക് ഇന്ത്യൻ ഭരണാധികാരികൾ അതിവേഗം നീങ്ങിക്കൊണ്ടിരിക്കുകയാണ്. നുണകൾക്ക് സത്യത്തിന്റെ പുറംചട്ടയണിയിക്കുന്ന ഒരു വലിയ പ്രസ്ഥാനമായിരിക്കുന്നു ഇന്ന് സംഘപരിവാർ. വിനാശത്തിന്റെ സുനാമിയായ നോട്ട് നിരോധനം, ഇന്ത്യൻ ഗ്രാമങ്ങളിലെ കാലിച്ചന്തകളുടെ നിരോധനം, 2017 ജൂലൈ മുതൽ നടപ്പിലാക്കിയ ജി.എസ്.ടി. ഇവയെല്ലാം ചേർന്ന് ഇന്ത്യയിലെ 92 ശതമാനം വരുന്ന ജനങ്ങളുടെ ജീവിതത്തിൽ കടുത്ത അനിശ്ചിതത്വവും തൊഴിൽനഷ്ടവും ഉണ്ടാക്കിയിരിക്കുകയാണ് മൂന്നര വർഷംകൊണ്ട് സംഘ്പരിവാറിനാൽ നയിക്കപ്പെടുന്ന കേന്ദ്ര ഗവൺമെന്റ്. ഈയിടെ Credit Suisse Research Institute-ന്റെ ഒരു പഠന റിപ്പോർട്ട് പുറത്തുവന്നിരിക്കുകയാണ്. ലോകത്തിലെ ഏറ്റവും കൂടുതൽ സാമ്പത്തിക-സാമൂഹിക അസമത്വം നിലനിൽക്കുന്ന രണ്ടാമത്തെ രാഷ്ട്രമെന്ന കുപ്രസിദ്ധിയാർജ്ജിച്ച ബഹുമതിയാണ് ഇന്ന് ഇന്ത്യക്ക് ലഭിച്ചിട്ടുള്ളത്. ഇന്ത്യൻ ജനസംഖ്യയിലെ മുകൾത്തട്ടിലെ ഒരു ശതമാനം ആളുകൾ രാജ്യത്തെ 58.4 ശതമാനം സമ്പത്ത് കയ്യടക്കിവച്ചിരിക്കുകയാണ്. മുകൾത്തട്ടിലുള്ള പത്ത് ശതമാനത്തിന്റേതാണ് 80.7 ശതമാനം സമ്പത്ത്. ജനസംഖ്യയുടെ നേർപകുതി വരുന്ന, 50 ശതമാനം പേരുടെ പേരിൽ വരവുവയ്ക്കാവുന്ന സമ്പത്ത് കേവലം 4.1 ശതമാനം മാത്രമാണെന്നുള്ളത് ഞെട്ടിപ്പിക്കുന്ന സത്യമാണ്. ഇന്ത്യ ഭരിക്കുന്ന ഭരണാധികാരികൾ വരേണ്യവർഗ്ഗ പക്ഷപാതത്തെ നിലനിർത്തിക്കൊണ്ടുള്ള, ന്യൂനപക്ഷത്തെ മുൻനിർത്തിയുള്ള ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്നലെകളിൽ ഒരു കോൺഗ്രസുണ്ടായിരുന്നു. അത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സായിരുന്നു. സ്വാതന്ത്ര്യത്തിനായുള്ള ഒരു മഹാപ്രസ്ഥാനമായിരുന്നു അത്. വലതുപക്ഷക്കാരും ഇടതുപക്ഷക്കാരും വിവിധ മതക്കാരും ഭാഷക്കാരും തൊഴിലാളികളും കൃഷിക്കാരും അവരുടെയെല്ലാം സംഘടനകളും ഈ മഹാപ്രസ്ഥാനത്തിൽ അണിചേർന്നിരുന്നു. അത് മഹാത്മാഗാന്ധി സ്വാതന്ത്ര്യ ലബ്ധിക്കുശേഷം പിരിച്ചുവിടാൻ പറഞ്ഞ കോൺഗ്രസ്സായിരുന്നു. ഇന്നത്തെ

കോൺഗ്രസ് പിരിച്ചുവിട്ടാൽ നാളെ മുഴുവൻപേരും ബി.ജെ.പി.യിൽ പോകാതിരിക്കില്ലെന്നുള്ളതിന് എന്താണ് ഉറപ്പ്? അതാണ് ഇന്ത്യയിൽ കേട്ടുകൊണ്ടിരിക്കുന്ന വാർത്ത. കോൺഗ്രസ് വർഗ്ഗീയതയ്ക്കെതിരാണെങ്കിലും നവലിബറൽ സാമ്പത്തികനയം ഉപേക്ഷിക്കാൻ ഇതുവരെ തയ്യാറായിട്ടില്ലെന്നുള്ളതാണ് വസ്തുത. ബി.ജെ.പി.യെ അധികാരഭ്രഷ്ടാക്കിയത് കൊണ്ടുമാത്രം ഫാസിസ്റ്റ് ഭീഷണി ഇന്ത്യയിൽ ഇല്ലാതാകില്ല. കാരണം ഫാസിസത്തിന്റെ ഉറവിടം കൊടുംവർഗ്ഗീയത മാത്രമല്ല തീവ്ര വലതുപക്ഷ സാമ്പത്തിക നയംകൂടിയാണെന്ന തിരിച്ചറിവാണ് ഇടതുപക്ഷ പ്രസ്ഥാനത്തിനുള്ളത്. അതുകൊണ്ടാണ് ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായപ്പോൾ ഫാസിസ്റ്റ് പ്രവണതകൾ പ്രകടമാക്കിയ അടിയന്തരാവസ്ഥയ്ക്ക് ഈ നാട്ടിൽ ജന്മമേകിയത്. വർഗ്ഗീയതയേയും നവലിബറൽ സാമ്പത്തിക നയത്തേയും ഒരേസമയം എതിർക്കുന്ന പാർട്ടികളുടെയും ശക്തികളുടെയും വ്യക്തികളുടെയും കൂട്ടായ്മയാണ് നാടിനാവശ്യം. ബി.ജെ.പി.യാണ് ഇന്ത്യയിലെ അദ്ധ്വാനിക്കുന്ന ജനതയുടെ മുഖ്യശത്രു. നവലിബറൽ നയം പിന്തുടരുന്ന കാലത്തോളം കോൺഗ്രസ്സും ഈ നാടിന്റെ ശത്രുവാണെന്ന തിരിച്ചറിവാണ് നമുക്കുണ്ടാകേണ്ടത്. തീർച്ചയായും അതിന് ഏറ്റവും ശക്തമായ ഇടതുപക്ഷ ഐക്യം ശക്തിപ്പെടുത്താനുള്ള പോരാട്ടം ഇന്ത്യയിൽ ശക്തിയാർജ്ജിച്ചുവരികയാണ്. നിങ്ങളുടെ നയം ബി.ജെ.പി.-യെ സഹായിക്കാനാണെന്നാണ് എന്റെ സുഹൃത്ത് ശ്രീ. എൻ. ഷംസുദ്ദീൻ നേരത്തെ പറഞ്ഞത്. അങ്ങനെയാണെങ്കിൽ കേരളത്തിനപ്പുറത്തേയ്ക്ക് പോകേണ്ടതില്ല, കാസർഗോഡ് ജില്ല മാത്രമെടുത്താൽ മതി. ബി.ജെ.പി.-ക്കെതിരായി ശക്തിയുക്തം വാതോരാതെ പ്രസംഗിക്കുന്ന മുസ്ലീം ലീഗിന്റെ ബഹുമാന്യനായ നിയമസഭാ സാമാജികൻ ആലോചിക്കേണ്ടത്, കാസർഗോഡ് ജില്ലയിൽ ഇപ്പോഴും ബാങ്കുകളിലും ചില പഞ്ചായത്തുകളിലും കോൺഗ്രസ്സും ലീഗും ബി.ജെ.പി.-യും തോളോടുതോൾ ചേർന്ന് മുന്നണി സംവിധാനത്തിൽ നിൽക്കുകയല്ലേ, ഭരിക്കുകയല്ലേ എന്നതാണ്. അത് നിഷേധിക്കാൻ നിങ്ങൾക്കാർക്കെങ്കിലും കഴിയുമോ? വളരെ കൃത്യതയോടും ദീർഘവീക്ഷണത്തോടുംകൂടി വരുംനാളുകളിലെ വികസന പ്രവർത്തനങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഈ നയപ്രഖ്യാപനത്തെ ഒരിക്കൽക്കൂടി സ്വാഗതം ചെയ്തുകൊണ്ടും നന്ദിപ്രമേയത്തെ പിന്താങ്ങിക്കൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുകയാണ്. നവകേരളം കെട്ടിപ്പടുക്കുന്ന ഒരു സർക്കാരിന്റെ സമാനതകളില്ലാത്ത പ്രവർത്തനങ്ങളാണ് കഴിഞ്ഞ കാലത്തെ വിലയിരുത്തൽ. ഈ ഗവൺമെന്റ് ഓരോ മനുഷ്യന്റെയും ഗവൺമെന്റായി മാറുകയാണെന്ന് ഇരുപതുമാസമായി കേരളം തിരിച്ചറിയുകയാണ്. ഗവൺമെന്റ് ഒരുവർഷക്കാലം പിന്നിട്ട് രണ്ടാം

വർഷത്തിലേയ്ക്ക് എത്തുന്നു. സുപ്രധാനമായ ഒട്ടേറെ പദ്ധതികൾ പ്രഖ്യാപിക്കുകയും അത് നടപ്പിലാക്കുകയും ചെയ്തുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. 'ലൈഫ് മിഷൻ' അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. നിങ്ങൾ എന്തുചെയ്തുവെന്ന് പ്രതിപക്ഷം ചോദിച്ചു. 'ലൈഫ് മിഷൻ' പ്രതിപക്ഷത്തിന് നിഷേധിക്കാനാകുമോ? അഞ്ചേമുക്കാൽ ലക്ഷം മനുഷ്യർക്കാണ് കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുണന്നി ഗവൺമെന്റ് വീട് നിർമ്മിച്ചുകൊടുക്കാൻ തീരുമാനിച്ചത്. സ്വന്തമായി വീടില്ലാത്തവർക്കേ വീടില്ലാത്തതിന്റെ ബുദ്ധിമുട്ട് അറിയാവൂ. കേരളത്തിലിപ്പോഴും വീടില്ലാത്ത അഞ്ചേമുക്കാൽ ലക്ഷം മനുഷ്യരുണ്ടെന്നത് ഒരു തിരിച്ചറിവാക്കി മാറ്റി ഈ സർക്കാർ അതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നു. ഒന്നാം വർഷമാകുമ്പോൾ 70000 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ടാണ് അഞ്ചുവർഷക്കാലം പിന്നിടുമ്പോൾ അഞ്ചേമുക്കാൽ ലക്ഷം കുടുംബങ്ങൾക്ക് വീട് നിർമ്മിക്കാൻ ഈ സർക്കാർ തീരുമാനിച്ചത്.

'ഹരിത കേരളം', അതിന് ഭരണ-പ്രതിപക്ഷ വ്യത്യാസമുണ്ടോ? ഞാൻ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ വോട്ടറാണ്. ഹരിത കേരളം പദ്ധതി ഏറ്റവും നന്നായി നടപ്പിലാക്കിയ ഒരു മണ്ഡലം കൂടിയാണ് ചെങ്ങന്നൂർ. മൺമറഞ്ഞുപോയ സഖാവ് കെ. കെ. രാമചന്ദ്രൻ നായർ അവിടെയാണ്. ഒരിക്കൽ ഒരു സുഹൃത്ത് പറഞ്ഞു, വരട്ടാർ, ഉത്തരപ്പള്ളിയാർ, കുട്ടംപേരൂർ എന്നീ മൂന്ന് നദികളാണ് ചെങ്ങന്നൂരിന്റെ മണ്ണിൽ സുഗമമായി അനർഗളം ഒഴുകുന്നത് എന്ന്. എന്നാൽ മൂന്ന് നദികളല്ല, വരട്ടാർ, കുട്ടംപേരൂർ, ഉത്തരപ്പള്ളിയാർ, സഖാവ് കെ. കെ. ആർ. എന്നീ നാല് ആറുകളായിരുന്നു ചെങ്ങന്നൂരിൽ അനർഗളമായി ഒഴുകിയിരുന്നത്. സഖാവ് കെ. കെ. ആർ. -ന്റെ നേതൃത്വത്തിൽ ആ നിയോജകമണ്ഡലത്തിൽ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ സമാനതകളില്ലാത്തതാണ്. ന്യൂസിലാൻഡിൽ ഒരു നദിയെ പുനരുജ്ജീവിപ്പിച്ച കാര്യം ശ്രീ. മുല്ലക്കര രത്നാകരൻ ചൂണ്ടിക്കാണിച്ചു. ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ലോകത്തിന് മാതൃകയായി നദികളെ വീണ്ടെടുക്കുകയാണ്. 3900 കുളങ്ങളാണ് 20 മാസക്കാലം പിന്നിടുമ്പോൾ വീണ്ടെടുക്കാൻ ഈ സർക്കാരിനായത്. ഈ സർക്കാർ 2466 കിലോമീറ്റർ തോടുകളാണ് നാടിനുവേണ്ടി വൃത്തിയാക്കിക്കൊടുത്തത്. 1391 കിലോമീറ്റർ തോടുകളാണ് പുതിയതായുണ്ടാക്കിയത്. തോടുകളില്ലാത്ത സ്ഥലത്ത് ആദ്യമായി 177 കിലോമീറ്റർ തോടുകൾ നിർമ്മിക്കാൻ സർക്കാരിന്റെ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി കഴിഞ്ഞു. 'ആർദ്രം' പദ്ധതിയുടെ ഭാഗമായി ഏത് മണ്ഡലത്തോടാണ് സർക്കാർ വിവേചനം കാണിച്ചത്?

എല്ലാ നിയോജകമണ്ഡലങ്ങളെയും കേരളമെന്ന ഒറ്റനിലയിൽ കണ്ടുകൊണ്ട് 140 നിയോജകമണ്ഡലങ്ങളിലെയും തെരഞ്ഞെടുക്കപ്പെട്ട പി.എച്ച്.സി.-കളെ എഫ്.എച്ച്.സി.-കളാക്കി മാറ്റി. ഇത് സൂചിപ്പിക്കുന്നത് ലോകത്തിലെ ആരോഗ്യ സംവിധാനത്തിന്റെ മാതൃകയായി കേരളം മാറുന്നു എന്നതല്ലേ? 73 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റിക്കഴിഞ്ഞു. 170 എണ്ണം എഫ്.എച്ച്.സി.യാക്കി മാറ്റാനുള്ള പ്രവർത്തനങ്ങളിലേയ്ക്ക് പോകുന്നു. ഡോക്ടർമാർ, നഴ്സുമാർ ഉൾപ്പെടെയുള്ളവരുടെ സേവനങ്ങൾ അവിടെ ഉറപ്പാക്കുന്നു.

പൊതുവിദ്യാഭ്യാസം-140 മണ്ഡലങ്ങളിലും എം.എൽ.എ.മാരാൽ തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ തീരുമാനിക്കുന്നു. ആയിരം കുട്ടികൾക്ക് മുകളിലുള്ള 229 വിദ്യാലയങ്ങളിൽ അടിസ്ഥാനസൗകര്യ വികസനത്തിനും മറ്റും ആവശ്യമായ നടപടികളിലേയ്ക്ക് പോകുന്നു. 44434 ക്ലാസ് മുറികൾ ഈ അദ്ധ്യയനവർഷം കഴിയുമ്പോൾ ഹൈടെക് ആക്കി മാറ്റാൻ പോകുന്നു. എവിടെയാണ് ഭരണ-പ്രതിപക്ഷ വ്യത്യാസം? ഒരു വർഷക്കാലം പിന്നിടുമ്പോൾ ഈ സർക്കാർ പൊതുവിദ്യാഭ്യാസ മേഖലയിൽ നടത്തിയ ഏറ്റവും ശ്രദ്ധേയമായ നേട്ടത്തിന് ഉദാഹരണമാണ് അൺ-എയ്ഡഡ് സ്കൂളുകളിൽ പഠിച്ചിരുന്ന ഒന്നേകാൽ ലക്ഷം വിദ്യാർത്ഥികൾ അവിടത്തെ പഠനം അവസാനിപ്പിച്ച് കേരളത്തിലെ പൊതുവിദ്യാലയത്തിലേയ്ക്ക് മടങ്ങിവന്നിരിക്കുന്നു എന്നത്.

ദേവസ്വം ക്ഷേത്രങ്ങളിലെ നിയമനം - എത്രയോ വർഷക്കാലം ഈ രാജ്യം ഭരിച്ച പാർട്ടിയാണ് കോൺഗ്രസ്. ബി.ജെ.പി. ഭരിച്ചിട്ടില്ലേ ഈ രാജ്യം? നിങ്ങൾ അധികാരത്തിലിരുന്ന ഏതെങ്കിലും ഒരു സംസ്ഥാനത്ത് പിന്നോക്കക്കാർക്കും ദളിതർക്കും ക്ഷേത്രങ്ങളിൽ പ്രവേശിക്കാനാവശ്യമായ സ്വാതന്ത്ര്യം നിങ്ങളുടെ കാലത്ത് കൊടുത്തിരുന്നോ എന്ന് കോൺഗ്രസ് മറുപടി പറയണം. പിന്നോക്ക-ദളിത് ജനവിഭാഗത്തിന് 32 ശതമാനം സംവരണം ഏർപ്പെടുത്തി 12 ദളിതരടക്കം 62 അബ്രാഹ്മണ ശാന്തിമാരെ ക്ഷേത്രത്തിലെ പൂജാരികളാക്കി നിയമിക്കാനാവശ്യമായ ചരിത്ര പ്രധാനമായ നടപടി സ്വീകരിച്ച ഗവൺമെന്റാണിത്. ദളിതന്റെ നിഴൽ വീണാൽ, അവന്റെ ശബ്ദം കേട്ടാൽ, അവൻ പരിസരത്തുകൂടി പോയാൽ അവനെ ഇല്ലാതാക്കുന്ന സംഘപരിവാർ രാഷ്ട്രീയത്തെ നിശബ്ദതയോടെ, നിർവികാരതയോടെ നോക്കിയിരിക്കുകയാണ് കോൺഗ്രസ് പാർട്ടി. നിങ്ങൾക്ക് ബദലാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ. എല്ലാത്തിന്റെയും വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല.

എന്റെ കയ്യിൽ രണ്ടുകെട്ട് പേപ്പറുകളുണ്ട്. ഒന്ന്, കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി കഴിഞ്ഞ 20 മാസക്കാലം നടപ്പിലാക്കിയ പ്രവർത്തനങ്ങളാണ്. മറ്റൊന്ന്, കഴിഞ്ഞകാലത്തെ കോൺഗ്രസ് നേതാക്കന്മാർ ബി.ജെ.പി.-യിലേക്ക് പോയതിന്റെയാണ്. നിങ്ങൾ ആരെയാണ് ക്ഷണിക്കുന്നത്? ശ്രീ. എൻ. ഷംസുദ്ദീൻ ഞങ്ങളെ കോൺഗ്രസ്സിനൊപ്പം ചേരാൻ ക്ഷണിക്കുകയാണ്. അവർ ഇൻഡ്യ പിടിച്ചടക്കാൻ പോകുകയാണ്. നിങ്ങൾ ഇൻഡ്യ പിടിച്ചടക്കാൻ പോകുന്നെങ്കിൽ ത്രിപുരയിലും കേരളത്തിലും മാത്രമുള്ള ഞങ്ങളെ എന്തിന് ക്ഷണിക്കുന്നു? നിങ്ങൾ ഇൻഡ്യ പിടിച്ചടക്കിയിട്ട് വരൂ. ഇന്നസെന്റ് കിലുക്കം സിനിമയിൽ പറയുന്നതുപോലെ, 'നിങ്ങൾ പോയിട്ടുവാ, ലോട്ടറിയടിച്ച് തിരിച്ചുവാ'. നിങ്ങളുടെ കൂടെ ഞങ്ങൾ എന്തിനാണ് ചേരുന്നത്? ഞാൻ അതിന്റെ പട്ടിക വായിക്കാം. അരുണാചൽ - കോൺഗ്രസ്സിന് 42 എം.എൽ.എ.-മാരുണ്ടായിരുന്നു. നിങ്ങളുടെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. നബാം തുക്കി ഒഴികെ ബാക്കി 41 പേരും ബി.ജെ.പി.-യിലേക്ക് പോയി. നിങ്ങളുടെ കൂടെ ഞങ്ങൾ വരണമെന്നാണോ കോൺഗ്രസ് പാർട്ടി പറയുന്നത്? മണിപ്പൂരിന്റെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ബീരേൻ സിങ്ങ് ബി.ജെ.പി.യുടെ കൂടെയാണ്. പ്രദേശ് കോൺഗ്രസ്സിന്റെ പ്രസിഡന്റായിരുന്ന ശ്രീ. ബീരേൻ സിങ്ങ് ഇന്ന് ബി.ജെ.പി. പാളയത്തിലാണ്. ഹരിയാനയിൽ നിങ്ങളുടെ പ്രമുഖരായ കോൺഗ്രസ്സ് നേതാക്കന്മാർ - ശ്രീ. റാവു ഇന്ദ്രജിത്ത് സിംഗ്, ശ്രീ. ബീരേൻ സിംഗ് എന്നിവർ ബി.ജെ.പി.-യുടെ കൂടെയാണ്. കോൺഗ്രസ്സിന് എല്ലാ സ്വാധീനവുമുണ്ടായിരുന്ന യു.പി.യിൽ നിങ്ങളുടെ പ്രമുഖനായ നേതാവ് ശ്രീ. എൻ. ഡി. തിവാരി, നിങ്ങളുടെ സമുന്നത നേതാവായ ശ്രീമതി ജഗദാംബികാപാൽ, ഉത്തർപ്രദേശിൽ കോൺഗ്രസ്സിനെ നയിച്ച പ്രദേശ് കോൺഗ്രസ്സ് കമ്മിറ്റിയുടെ ശ്രീമതി റീത്താ ബഹുഗുണ, ശ്രീ. വിജയ് ബഹുഗുണ ഇവരെല്ലാം ബി.ജെ.പി.-യിലേയ്ക്ക് പോയിരിക്കുന്നു. അവിടംകൊണ്ടും അവസാനിക്കുന്നില്ല. ഉത്തരാഖണ്ഡിൽ ശ്രീ. സത്പാൽ മഹാരാജ്, ശ്രീ. ഹരക് സിംഗ് റാവത്ത്, ശ്രീ. യശ്പാൽ ആര്യ, ശ്രീമതി രേഖ ആര്യ, ശ്രീ. സുബോദ് ഉനിയാൽ തുടങ്ങിയ കോൺഗ്രസ്സിന്റെ വാർഡ് പ്രസിഡന്റുമാരെല്ലാം കോൺഗ്രസ്സിന്റെ എം.എൽ.എ.-മാരും എം.പി.-മാരുമായിരുന്നു. ഇന്നലെകളിൽ കൈപ്പത്തിക്ക് വോട്ടുചോദിച്ച് ജയിച്ചുവന്ന ആളുകളാണ് ഉത്തരാഖണ്ഡിൽ കോൺഗ്രസ്സിൽനിന്നും ബി.ജെ.പി.-യിലേയ്ക്ക് പോയിരിക്കുന്നത്. ഞങ്ങൾ നിങ്ങളുടെ കൂടെ വരണമോ; ഈ നാടിനെ സംരക്ഷിക്കാൻ കോൺഗ്രസിന് ആകുമോ? പട്ടിക അവസാനിക്കുന്നില്ല, കർണ്ണാടകയിൽ കോൺഗ്രസിന്റെ പ്രമുഖനായ മുതിർന്ന നേതാവ് ശ്രീ. എസ്. എം. കൃഷ്ണയും എം.പി.യായിരുന്ന ശ്രീ. വി. ശ്രീനിവാസ് പ്രസാദും എം.എൽ.എ.-മാരായിരുന്ന ശ്രീ. ജയപ്രകാശ്

ഷിൻഡെയും ശ്രീ. രത്തൻ സിംഗും ഇപ്പോൾ ബി.ജെ.പി.-യിൽ അല്ലേ; ആസാമിലെ ഡി.സി.സി. പ്രസിഡന്റായിരുന്ന (പ്രദേശ് കോൺഗ്രസ് (എം) പ്രസിഡന്റ്) ഹിമന്ത ബിശ്വ ശർമ്മ ഇന്ന് നോർത്ത് ഈസ്റ്റിലെ എൻ.ഡി.എ.-യുടെ കൺവീനറാണ്. കോൺഗ്രസുകാർ ഒന്നു തിരിഞ്ഞുനോക്കണം. ആ കോൺഗ്രസ് പാർട്ടിക്കൊപ്പമാണോ ഞങ്ങൾ വരേണ്ടത്? ബാബ്റി മസ്ജിദും ഗുജറാത്തും തകർത്തപ്പോൾ മുസ്ലീം ലീഗിൽപ്പെട്ട രണ്ടുപേരെ ഉണ്ടായിരുന്നുള്ളൂ. ബംഗാളിൽ മുസ്ലീം ലീഗിൽ എം.എൽ.എ.മാരും മന്ത്രിമാരുമായ നാല് പേരുണ്ടായിരുന്നു. നിങ്ങളുടെ ചിഹ്നം കോണിയാണ്. നിങ്ങൾക്ക് ആരെയെങ്കിലും ചാരിയേ നിൽക്കാനാകൂ. ആ കോൺഗ്രസ് പാർട്ടിയിലേയ്ക്കാണോ നിങ്ങൾ ഞങ്ങളെ ക്ഷണിക്കുന്നത്? ബി.ജെ.പി.-യുടെ മെമ്പർഷിപ്പിന്റെ ഉദ്ഘാടനം നടത്തിയ വനിതാ നേതാവ് ശ്രീമതി ഖമറുന്നിസയാണ്. അടച്ചിട്ട മുറിയിൽ നിങ്ങൾ ചർച്ച ചെയ്തില്ലേ? ഞങ്ങളെക്കൊണ്ട് കൂടുതൽ പറയിപ്പിക്കേണ്ട. ആ കോൺഗ്രസ് പാർട്ടിക്കൊപ്പം ഞങ്ങൾ ശത്രുവോ മിത്രമോ എന്നുള്ളതല്ല; ഇന്ത്യയിൽ നിങ്ങൾ സ്വീകരിച്ച രാഷ്ട്രീയ നിലപാടാണ് പ്രശ്നം. മൃദു ഹിന്ദുത്വ സമീപനമാണ് കോൺഗ്രസ് സ്വീകരിക്കുന്നത്. ശ്രീ. നരേന്ദ്ര മോദി 16 അമ്പലങ്ങളിൽ കയറിയാൽ ഞാൻ 20 അമ്പലങ്ങളിൽ കയറുമെന്ന് ശ്രീ. രാഹുൽ ഗാന്ധി പറയുന്ന മൃദു ഹിന്ദുത്വ സമീപനം ഈ രാജ്യത്ത് കോൺഗ്രസ് സ്വീകരിക്കുകയാണ്. നിങ്ങൾക്ക് രാഷ്ട്രീയ നിലപാടുണ്ടോ? നിങ്ങളുടെ രാഷ്ട്രീയ നിലപാട് എവിടെയാണ്; ആ രാഷ്ട്രീയ നിലപാട് നിങ്ങൾ വ്യക്തമാക്കുമോ? പെട്രോൾ, ഡീസൽ വിലവർദ്ധനവിനെതിരെ സമരം ചെയ്യാൻ കോൺഗ്രസ് പാർട്ടിക്ക് സാധിക്കുമോ? പെട്രോളിന്റെ വില നിർണ്ണയിക്കുന്നതിന് എണ്ണ കമ്പനികൾക്ക് അധികാരം കൊടുത്തത് കോൺഗ്രസ് പാർട്ടിയാണ്. ഇപ്പോൾ ബി.ജെ.പി. ആ അധികാരം ഉപയോഗിച്ച് വില വർദ്ധിപ്പിക്കുന്നു. ആന പോലെയായിരുന്നു കോൺഗ്രസ്. പക്ഷെ നിങ്ങൾക്ക് ആ മുഖവും ചെവിയും മാത്രമേയുള്ളൂ. നിങ്ങൾ ആ ചെവിക്ക് പുറകിലേയ്ക്ക് നോക്കണം. ചെവിക്ക് പുറകിൽ ആനയുടെ ശരീരമല്ല, ക്ഷീണിച്ച കുതിരയുടെ ശരീരമാണ് കേവലം നാല് സീറ്റ് മാത്രമുള്ള കോൺഗ്രസ് പാർട്ടിക്കുള്ളത്. ഞങ്ങളുടെ രാഷ്ട്രീയ നിലപാട് ഞങ്ങൾ വ്യക്തമാക്കിക്കഴിഞ്ഞു. ആ രാഷ്ട്രീയ നിലപാടിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സമാനതകളില്ലാത്ത വികസനം നടത്തുമ്പോൾ ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അംഗീകരിക്കുന്നു.

3.00 PM]

ശ്രീ. ഒ. രാജഗോപാൽ: സർ, ലോകം മുഴുവനും വലിയ പരിവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിലും വരുന്നു. കുറെ കാലത്തിനുശേഷം മാറി

പുതിയൊരു വ്യവസ്ഥ വന്നു. അതിനെ എല്ലാവരും കൂടി എതിർത്തു. ഇന്ന് പത്തൊൻപത് സംസ്ഥാനങ്ങൾ അവരെ അധികാരത്തിൽ കയറ്റിയിരിക്കുന്നു. കേരളത്തിൽ കഴിഞ്ഞ 60 വർഷം കൊണ്ട് രണ്ട് മുന്നണികൾ മാറിമാറി ഭരിക്കുകയുണ്ടായി. എല്ലാവരെയും പരീക്ഷിച്ചു. ഒരു മുന്നണി മാറി മറ്റേ മുന്നണിവരുന്ന അവസരത്തിൽ മുൻ മുന്നണിയുടെ വീഴ്ചകൾ ചൂണ്ടിക്കാണിച്ച് പരസ്പരം ആക്ഷേപിക്കുന്ന സ്വഭാവമാണുള്ളത്. ബ്രിട്ടീഷ് സിസ്റ്റത്തിൽനിന്നും മാറ്റം വരുത്താതെ അങ്ങനെയുള്ളൊരു കൺഫ്രണ്ടേഷനിസ്റ്റ് പൊളിറ്റിക്സ് നമ്മൾ സ്വീകരിച്ചു. ആ സിസ്റ്റം അങ്ങനെതന്നെ തുടർന്നതുകൊണ്ട് ഏറ്റുമുട്ടൽ രാഷ്ട്രീയത്തിന്റെ സ്വഭാവം നമ്മുടെ നാട്ടിൽ വന്നിരിക്കുന്നു. ഇതിന് അടിസ്ഥാനപരമായ മാറ്റം വരേണ്ട കാലമായെന്നാണ് എന്റെ എളിയ അഭിപ്രായം. ഒരു പുതിയ ഇന്ത്യ സൃഷ്ടിക്കണമെന്ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി പറയുന്നു. നവ കേരളം സൃഷ്ടിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നു. ഇവ പുതിയ ചിന്താഗതിയുടെ ഫലങ്ങളാണ്. ഒരു മാറ്റം വേണം. ജനങ്ങൾ ഇച്ഛിക്കുന്ന രീതിയിൽ ജനങ്ങളിൽകൂടി മാത്രമേ ആ മാറ്റം സാധിക്കുകയുള്ളൂ. ഭരണാധികാരികൾ ചെയ്യുന്നതിനെ ജനങ്ങൾ വീക്ഷിക്കുന്നുണ്ട്. ജനങ്ങൾ വിഡ്ഢികളൊന്നുമല്ല. അവർ കാര്യങ്ങൾ മനസ്സിലാക്കുന്നുണ്ട്. അങ്ങനെ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ഓരോ വിഭാഗത്തിനും വളർച്ച ഉണ്ടാകുന്നത്. മഹാന്മാർ മുതൽ സാധാരണക്കാർ വരെ മാറിവരുന്നുണ്ട്. ചില ആൾക്കാർ കുറെക്കാലം അങ്ങോട്ടുമിങ്ങോട്ടുമില്ലാതെ മാറി നിൽക്കുന്നു. അവസരം വരുമ്പോൾ കൂടുതൽ കിട്ടുന്ന മുന്നണിയിൽ പോകുന്ന ആളുകളുണ്ട്. അടിസ്ഥാനപരമായ മാറ്റമാണ് വാസ്തവത്തിൽ നമുക്ക് വേണ്ടത്. സ്വാതന്ത്ര്യം കിട്ടിയിട്ട് 70 വർഷമായി. അത് ഓർമ്മിച്ചുകൊണ്ടാണ് ഇപ്പോൾ 70 കൊല്ലത്തിനുമുമ്പുള്ള ചിന്താഗതിയെപ്പറ്റി, വിവേകാനന്ദ സ്വാമിയുടെ കാര്യത്തെക്കുറിച്ചും മഹാത്മാഗാന്ധിയുടെ ആശയങ്ങളെപ്പറ്റിയും പറയുന്നത്. അടിസ്ഥാനപരമായ മാറ്റമാണ് വേണ്ടത്. അതല്ലാതെ പരസ്പരം കുറ്റംപറഞ്ഞതുകൊണ്ട് പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകുന്നില്ല. ബഹുമാനപ്പെട്ട ഗവർണർ ഒരു പ്രസംഗം ചെയ്തിട്ടുണ്ട്. അത് അദ്ദേഹത്തിന്റെ പ്രസംഗമല്ലെന്ന് എല്ലാവർക്കും അറിയാം. മന്ത്രിസഭയുടെ അഭിപ്രായങ്ങളാണ് അവ. ഡിപ്പാർട്ടുമെന്റുകൾ എല്ലാംകൂടിചേർന്ന് എഴുതി തയ്യാറാക്കുന്നത് ബഹുമാനപ്പെട്ട ഗവർണർക്ക് വായിക്കേണ്ടി വരുന്നു. ചിലത് അദ്ദേഹത്തിന് വായിക്കാൻ കഴിയാത്ത രീതിയിലായതുകൊണ്ട് അത് അദ്ദേഹം വായിക്കാൻ തയ്യാറായില്ലെന്ന് മാത്രമേയുള്ളൂ. ബഹുമാനപ്പെട്ട ഗവർണറുടെ യഥാർത്ഥ അഭിപ്രായം എന്താണെന്നുള്ളത് അദ്ദേഹം ചില അവസരങ്ങളിൽ തുറന്നുപറയുന്നുണ്ടല്ലോ. കേരളത്തിൽ പല കാര്യങ്ങളിലും അഭിമാനകരമായ നേട്ടം ഉണ്ടായിട്ടുണ്ടെന്ന് നിശാഗന്ധിയിൽ ചേർന്ന യോഗത്തിൽ അദ്ദേഹം പറയുകയുണ്ടായി. പക്ഷെ രാഷ്ട്രീയ കൊലപാതകങ്ങൾ കേരളത്തിന്റെ വളർച്ചയുടെ ശോഭകെടുത്തുന്നുവെന്ന്

അദ്ദേഹം പറഞ്ഞു. അത് ശരിയായ കാര്യമല്ലേ? അതിന് പരിവർത്തനം വരുത്തേണ്ടതല്ലേ? ഓരോരുത്തർക്കും ഓരോ അഭിപ്രായമുണ്ടാകും. എനിക്കുള്ള അഭിപ്രായം മറ്റുള്ളവർക്ക് ഉണ്ടാകണമെന്നില്ല. ആ അഭിപ്രായത്തിനനുസരിച്ച് പ്രവർത്തിക്കാൻ സ്വാതന്ത്ര്യമുണ്ടാകണ്ടേ; അത് നിഷേധിക്കുന്ന സാഹചര്യങ്ങൾ നമ്മുടെ നാട്ടിൽ നിത്യവും കാണുന്നില്ലേ?മലപ്പുറം ജില്ലയിലുണ്ടായ സംഭവത്തെപ്പറ്റി നമ്മൾ ഇന്നലെ ചർച്ച ചെയ്യുകയുണ്ടായി. വേറെ അഭിപ്രായം പറയുന്ന വിദ്യാർത്ഥി സംഘടനകൾക്ക് അവിടെ പ്രവർത്തിക്കാൻ സാധിക്കില്ല. തിരുവനന്തപുരത്തും അതുതന്നെയാണ് സ്ഥിതി. ഇതിന് മാറ്റം വരണ്ടേ; മാറ്റം വേണം. ഞാൻ ഒരു പാർട്ടിയെപ്പറ്റി പറയുന്നതല്ല, ഈ രാജ്യത്ത് അടിസ്ഥാനപരമായ മാറ്റങ്ങൾ ആവശ്യമാണ്. അതിന്റെയൊരു സൂചികയാണ് വാസ്തവത്തിൽ 'സബ്കാ വികാസ് സബ്കെ സാത്ത് ' എല്ലാവരും കൂടി എല്ലാവർക്കുംവേണ്ടി പ്രവർത്തിക്കുക എന്നത്. ഈയൊരു ചിന്തയുടെ അടിസ്ഥാനത്തിൽ നമുക്കെല്ലാവർക്കും മുന്നോട്ടുപോകാൻ സാധിക്കണം. എങ്കിൽ മാത്രമേ നമ്മുടെ നാടിന് മോചനം ഉണ്ടാകുകയുള്ളൂ. ഇത് പ്രാവർത്തികമാക്കണമെങ്കിൽ ആദ്യം ഉണ്ടാകേണ്ടത് ക്രമസമാധാനമാണ്. ഓരോരുത്തർക്കും അവരവരുടെ വിശ്വാസം വച്ചുപുലർത്തി ആചരിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. നമ്മുടെ നാട്ടിൽ നൂറ്റാണ്ടുകൾക്കുമുമ്പ് സ്വരാഷ്ട്രിയൻസ് വിഭാഗത്തിൽപ്പെട്ട കുറേ ആൾക്കാർ അവർ ആരാധിക്കുന്ന ദീപം കൊണ്ടുവരികയുണ്ടായി. ഇവിടെ ഒരു പ്രശ്നവും ഉണ്ടായില്ല, അവരെ സ്വീകരിച്ചു. അവർ കൊണ്ടുവന്ന ആ വിളക്ക് ഇന്നും കത്തിക്കൊണ്ടിരിക്കുന്നു. എല്ലാത്തിനെയും ഉൾക്കൊള്ളാനുള്ള മനോഭാവം നമ്മുടെ പാരമ്പര്യത്തിന്റെ ഭാഗമാണ്. ആ പാരമ്പര്യത്തിൽ അഭിമാനംകൊണ്ട് അതിലുള്ള നല്ല വശങ്ങളെ സ്വാംശീകരിച്ച് മുന്നോട്ടുപോയാൽ ലോകം നമ്മെ ആദരിക്കാൻ തയ്യാറാകും. ആ രീതിയിൽ പോകുന്ന കാര്യത്തിൽ കേരളത്തിന് മാതൃക സൃഷ്ടിക്കാനും സംഭാവന ചെയ്യാനും സാധിക്കും. ആ മാർഗ്ഗത്തിൽ കൂടി പോകുന്നതായിരിക്കും നല്ലത്. എതിരാളികളെ ആക്ഷേപിച്ചും അടിച്ചമർത്തിയും ഒതുക്കി ഇല്ലാതാക്കാൻ ശ്രമിക്കുന്നത് തെറ്റായ ചിന്താഗതിയായിരിക്കുമെന്നേ എനിക്ക് പറയാനുള്ളൂ. എനിക്ക് ആകെ രണ്ടുമിനിറ്റ് മാത്രമേ അനുവദിച്ചിട്ടുള്ളൂ. അതുകൊണ്ട് ഓരോരോ വിഷയങ്ങളെപ്പറ്റി പറയാൻ തുടങ്ങിയാൽ അവസാനമുണ്ടാകില്ല.

അടിസ്ഥാന വീക്ഷണത്തിൽ മാറ്റം വരുത്തേണ്ടതാണ്. അതിൽ ഏറ്റവും അടിസ്ഥാനമായ കാര്യം സമാധാനപാലനത്തിനുവേണ്ടി law and order നടപ്പാക്കുകയെന്നതാണ്. ധർമ്മരാജ്യത്തെപ്പറ്റി പണ്ഡിതൻമാർ ചൂണ്ടിക്കാണിക്കുന്നത്, ധർമ്മരാജ്യമാണ് നമ്മുടെ ഏറ്റവും വലിയ ലക്ഷ്യമെന്നാണ്. നമ്മൾ പാസ്സാക്കുന്ന നിയമങ്ങൾ കക്ഷിയും ജാതിയും മതവും നോക്കാതെ നിഷ്പക്ഷമായി നടപ്പാക്കാനുള്ള സംവിധാനം ഉണ്ടാകണം. അതുവന്നുകഴിഞ്ഞാൽ നാട് മുന്നോട്ടുപോകും. അതിനായി നമുക്ക് മുന്നോട്ടുപോകാം.

3.07 PM]

ശ്രീ. മുരളി പെരുനെല്ലി: സർ, ഗവർണറുടെ നയപ്രഖ്യാപനത്തിന് ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. നാടിന്റെ നാഡീഞരമ്പുകളെ തളർത്തുന്ന, കർഷകന്റെ ആത്മഹത്യയെ പെരുപ്പിക്കുന്ന, യുവാക്കളെ നിരാശയിലേയ്ക്ക് നയിക്കുന്ന, കോർപ്പറേറ്റുകളെ പ്രീണിപ്പിക്കുന്ന, ആഗോളവത്കരണ വിഭ്രാന്തിയിൽപ്പെട്ട കേന്ദ്ര ബി.ജെ.പി. സർക്കാരിന്റെ നയങ്ങളിൽനിന്നും തീർത്തും വ്യത്യസ്തമായി കേരളത്തിന്റെ സമസ്ത മേഖലകളിലും പുത്തനുണർവ് നൽകുന്ന ദേശീയ രാഷ്ട്രീയത്തിന് കൃത്യമായ ദിശാബോധം നൽകുന്ന ഒരു സന്ദേശമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിനുവേണ്ടി ഗവർണർ അവതരിപ്പിച്ച ഈ നയപ്രഖ്യാപനം. "കഴിഞ്ഞ 20 മാസങ്ങളായി എന്റെ സർക്കാർ കേരള ജനതയ്ക്കായി സേവനം നൽകി കൊണ്ടിരിക്കുന്നു. ഇക്കഴിഞ്ഞ ഒരു വർഷംകൊണ്ട് നാം വിവിധ മേഖലകളിൽ ഗണ്യമായ നേട്ടങ്ങൾ കൈവരിക്കുകയും നമ്മുടെ ജനവിധി സൃഷ്ടിച്ച പ്രതീക്ഷകൾക്കൊത്ത് ഉയരുവാനുള്ള എല്ലാ പരിശ്രമങ്ങളും നടത്തുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും മുമ്പെങ്ങുമില്ലാത്ത വെല്ലുവിളികളുടെ മുമ്പിൽ നിൽക്കുന്ന നമുക്ക് കൂടുതൽ പുരോഗതി കൈവരിക്കേണ്ടതുണ്ട്." ബഹുമാന്യനായ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലെ പ്രധാനപ്പെട്ട വരികളാണിത്. മുമ്പെങ്ങുമില്ലാത്ത വെല്ലുവിളികൾ ഏതൊക്കെയെന്നതാണ് പ്രധാനപ്പെട്ട ചർച്ച. മതനിരപേക്ഷ മനസ്സുള്ള കേരള സമൂഹത്തെ ആർ.എസ്.എസ്.-ഉം സംഘ്പരിവാറും മോഡി സർക്കാരിന്റെ ആശീർവാദത്തോടെ മതവിദ്വേഷത്തിന്റെയും പകയുടെയും ഭൂമിയാക്കി മാറ്റാൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഭ്രാന്താലയ പദവിയിൽ നിന്നും മോചനം നേടിയ കേരളത്തെ വീണ്ടും ഭ്രാന്താലയ പദവിയിലേയ്ക്ക് തിരിച്ചുകൊണ്ടു പോകാനാവശ്യമായ കരുക്കൾ നീക്കുകയാണ് സംഘ്പരിവാർ. രാജ്യത്ത് ഹിന്ദുത്വ ഭീകരതയുണ്ടെന്നും അതിനെ ചെറുക്കുന്നതിൽ കേരളമാണ് മാതൃകയെന്നും പറഞ്ഞത് മഹാനായ നടൻ ശ്രീ. കമലഹാസനാണ്. ഹിന്ദുത്വ ശക്തികൾ അവരുടെ ക്രിമിനൽ അജണ്ട നടപ്പിലാക്കാൻ ഭീകരതയെ ആശ്രയിക്കുകയാണെന്നും എന്നുൾ മയ്യംകൊണ്ട പുയൽ (എന്റെ ഉള്ളിൽ ഉയിർകൊണ്ട കൊടുങ്കാറ്റ്) എന്ന പംക്തിയിൽ അദ്ദേഹം ഭംഗിയായി വിവരിക്കുന്നുണ്ട്. ഹിന്ദുത്വ ശക്തികൾക്ക് ബാലികേറാമലയാണ് നമ്മുടെ പ്രിയപ്പെട്ട കേരളം. ഈ കേരളത്തിന്റെ സ്രഷ്ടാക്കളും സാമൂഹ്യപരിഷ്കർത്താക്കളും നവോത്ഥാന

നായകരും ഉഴുതുമറിച്ച മണ്ണിൽ വിത്തിറക്കി വിളവ് കൊയ്തത് കമ്മ്യൂണിസ്റ്റുകാരാണെന്നുള്ളത് ചരിത്രം പരിശോധിച്ചാൽ കൃത്യമായി കാണാൻ സാധിക്കും. ഇന്നത്തെ കേരളത്തിന് ബലിഷ്ഠമായ അടിത്തറയിട്ടത് 1957-ൽ ഇ.എം.എസ്. നേതൃത്വം നൽകിയ പ്രഥമ കമ്മ്യൂണിസ്റ്റ് സർക്കാരാണ്. അതിന്റെ തുടർച്ചയാണ് ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന ഇന്നത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ. ഈ സർക്കാരിന്റെ നേട്ടങ്ങൾ തകർക്കാനുള്ള വെല്ലുവിളികളും അതിനെ അതിജീവിക്കാനുള്ള എൽ.ഡി.എഫ്.ന്റെ ജനപക്ഷ നടപടികളുമാണ് നയപ്രഖ്യാപനത്തിൽ കൃത്യമായി അടയാളപ്പെടുത്തി യിരിക്കുന്നത്. അന്താരാഷ്ട്ര പ്രശസ്തി നേടിയ കേരള മോഡൽ നേരിടുന്ന വെല്ലുവിളികളെ ഗൗരവപൂർവ്വം വിലയിരുത്തുന്ന നയപ്രഖ്യാപനത്തിന് പേജുകൾ കുറഞ്ഞുപോയി, വരികൾ വിട്ടുപോയി തുടങ്ങിയ ബാലിശമായ എതിർപ്പുയർത്തുന്നവർ വർഗ്ഗീയതയ്ക്ക് വളമിട്ട് വെള്ളമൊഴിക്കുന്നവരാണ്. സ്വദേശി മുഖംമൂടി അണിയിച്ച് ബഹുരാഷ്ട്ര കുത്തകകൾക്ക് ചുവപ്പ് പരവതാനി വിരിക്കുന്ന പുത്തൻ സാമ്പത്തിക നയം തുടങ്ങിവച്ച കോൺഗ്രസ്സും ആ നയം കോൺഗ്രസ്സിനെക്കാൾ ശക്തമായി നടപ്പാക്കുന്ന മോദി സർക്കാരും ഒരേ തൂവൽപക്ഷികളാണെന്ന് നമുക്ക് കൃത്യമായി കാണാൻ കഴിയും. 1947 ആഗസ്റ്റ് 15-ന് സ്വാതന്ത്ര്യദിന സന്ദേശം ആവശ്യപ്പെട്ട മാധ്യമങ്ങളോട് മഹാത്മാഗാന്ധി പറഞ്ഞത് തന്റെ ഉറവ വറ്റി എന്നാണ്. ഒരു സന്ദേശവും നൽകിയില്ലെങ്കിൽ അത് മോശമാണെന്ന് മാധ്യമങ്ങൾ വീണ്ടും പറഞ്ഞപ്പോൾ "ഇല്ല, ഒരു സന്ദേശവും നൽകാനില്ല, മോശമാണെങ്കിൽ അങ്ങനെതന്നെയാകട്ടെ" എന്നാണ് അദ്ദേഹം പറഞ്ഞത്. ഇന്ത്യൻ ഇൻഡിപെന്റൻസ് ആക്ട് ഹൗസ് ഓഫ് കോമൺസിൽ പാസ്സാക്കുന്ന സമയത്ത് വിൻസ്റ്റൺ ചർച്ചിൽ പറഞ്ഞു "സ്വാതന്ത്ര്യം മനുഷ്യന്റെ ജന്മാവകാശമാണ്. ഈ ദശാസന്ധിയിൽ സർക്കാരിന്റെ കടിഞ്ഞാൺ കോൺഗ്രസ്സിന് കൊടുക്കുക എന്നത് കോടിക്കണക്കിന് പട്ടിണിപ്പാവങ്ങളുടെ ഭാവി കള്ളന്മാരുടെയും തെമ്മാടികളുടെയും ചൂഷകരുടെയും കയ്യിൽ ഏൽപ്പിക്കുന്നതിന് സമാനമായിരിക്കും, വെള്ളത്തിനും അപ്പത്തിനും വരെ അവർ നികുതി ചുമത്തും; വായു മാത്രമായിരിക്കും നികുതി വിമുക്തം, രാഷ്ട്രീയ ഉപജാപത്തിൽ ഇന്ത്യ മുങ്ങിത്താഴും" എന്ന്. തന്റെ ഉറവ വറ്റി എന്ന മഹാത്മാഗാന്ധിയുടെ വിലാപവും അധികാരം കള്ളന്മാർക്കും ചതിയന്മാർക്കും കൈമാറുമെന്ന വിൻസ്റ്റൺ ചർച്ചിലിന്റെ പ്രവചനവും തെറ്റിയിട്ടില്ല എന്നുള്ളതാണ് നീണ്ടകാലത്തെ കോൺഗ്രസ് ഭരണവും കഴിഞ്ഞ നാല് വർഷത്തെ ബി.ജെ.പി. ഭരണവും

കൃത്യമായി ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. ഇന്ന് മഹാത്മാഗാന്ധി തിരിച്ചുവന്ന് നാളത്തെ റിപ്പബ്ലിക് ദിനത്തിനായി സന്ദേശം തന്നാൽ പഴയ സന്ദേശം ആവർത്തിക്കുകതന്നെ ചെയ്യും. അഴിമതിക്കാർ തടിച്ചുകൊഴുക്കുമ്പോൾ ഗ്രാമപ്രദേശങ്ങളിൽ കോരന് കഞ്ഞി കുമ്പിളിൽ തന്നെയാണ്. കർഷകർ ആത്മഹത്യ ചെയ്യുന്ന ഇന്ത്യൻ ഗ്രാമങ്ങളെയല്ല മഹാത്മാഗാന്ധി സ്വപ്നം കണ്ടത്. ജീവവായു കിട്ടാതെ പിടഞ്ഞുവീണു മരിക്കുന്ന ശിശുക്കളെ മാറോടടക്കി അലമുറയിടുന്ന അമ്മമാരുടെ ഇന്ത്യയല്ല അദ്ദേഹം സ്വപ്നം കണ്ടത്. ആശയങ്ങളെ ആയുധംകൊണ്ട് കീഴടക്കുന്ന ക്രിമിനലുകൾ ഭരിക്കുന്ന ഇന്ത്യയല്ല അദ്ദേഹം സ്വപ്നം കണ്ടത്. ദളിതരെ നായയോട് ഉപമിക്കുന്ന, മതേതരത്വം ഭരണഘടനയിൽനിന്നും ഒഴിവാക്കണമെന്ന് പ്രസംഗിക്കുന്ന മന്ത്രിമാർ വാഴുന്ന ഇന്ത്യയല്ല അദ്ദേഹം സ്വപ്നം കണ്ടത്. പെട്രോളിനും ഡീസലിനും നൂറും ഇരുനൂറും ശതമാനം വിലകൂട്ടി വിലക്കയറ്റക്കെടുതിയിൽ പട്ടിണിപ്പാവങ്ങൾ ഞെരിപിരികൊള്ളുന്ന ഒരു ഇന്ത്യയല്ല അദ്ദേഹം സ്വപ്നം കണ്ടത്. ജനുവരി 26-ഉം ജനുവരി 30-ഉം നമ്മുടെ മുന്നിൽ എത്തുകയാണ്. എവിടെ എന്റെ ഇന്ത്യ എന്ന് അന്വേഷിക്കുന്ന മഹാത്മാഗാന്ധി പറയും ഇതാ ഇവിടെ, "പച്ചയാം വിരിപ്പിട്ട സഹ്യനിൽ തലവച്ചുറങ്ങുന്ന കേരളം" ഇവിടെയാണ് ഇന്ത്യ പുനർ ജനിക്കുന്നതെന്ന് തിരിച്ചുവന്നാൽ മഹാത്മാഗാന്ധി തീർച്ചയായും പറയും. തന്റെ വിരിമാറിലേയ്ക്ക് വെടിയുണ്ട പായിച്ച നാഥുറാം വിനായക് ഗോഡ്സെയുടെ അനുയായികൾക്ക് കാലുകുത്താനിടം കൊടുക്കാത്ത പ്രദേശമാണ് കേരളം. ഇവിടം സ്വർഗ്ഗമാണ്, തന്റെ വീട്ടിലെത്തിയ അനുഭവമാണ് കേരളത്തിൽ എത്തിയപ്പോൾ ഉണ്ടായതെന്നു പറഞ്ഞ് രാഷ്ട്രപതി ശ്രീ. രാം നാഥ് കോവിന്ദ് പ്രശംസിച്ച നാടാണ് നമ്മുടെ കേരളം. എന്താണ് പ്രതിപക്ഷം ഇത്തരമൊരു നാട്ടിൽ ജീവിക്കുന്നതിൽ അഭിമാനം കൊള്ളാത്തതെന്നാണ് എനിക്ക് മനസ്സിലാകാത്തത്. ലോകത്തിനും ഇന്ത്യയ്ക്കും മാതൃകയായി കേരളം സ്വയം മാറിയതല്ല, കേരളത്തെ മാറ്റിയതാണ്. 1957-ൽ സഖാവ് ഇ.എം.എസ്. മന്ത്രിസഭ ആ മാറ്റത്തിന് തുടക്കമിട്ടു. ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന ഇടതുപക്ഷ മന്ത്രിസഭ കേരളത്തിന്റെ സമഗ്ര വികസനത്തിന് തുടക്കമിട്ടിരിക്കുകയാണ്. ജനക്ഷേമ വികസന പദ്ധതികളിലൂടെ സർക്കാർ ജനപിന്തുണ നേടുന്നതിലുള്ള വെപ്രാളമാണ് പ്രതിപക്ഷത്തിന്റെയും ബി.ജെ.പി.-യുടെയും ഉറക്കം കെടുത്തുന്നത്. കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടാണ് നാല് കർമ്മപരിപാടികൾ എൽ.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. ബി.ജെ.പി.-യിൽനിന്നും കോൺഗ്രസ്സിൽ നിന്നും വേറിട്ട പാതയിലാണ് ഈ

സർക്കാർ സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. ദൃഢനിശ്ചയവും ജനങ്ങളോടുള്ള പ്രതിബദ്ധതയുമാണ് സർക്കാരിന്റെ മുഖമുദ്ര. പശ്ചാത്തല വികസനരംഗത്ത് ഇച്ഛാശക്തിയോടെ ഇടപെടുന്നതിന്റെ നേട്ടം അന്ധമായ രാഷ്ട്രീയ വിരോധംകൊണ്ട് പ്രതിപക്ഷം കാണുന്നില്ല എന്ന് കാണാൻ കഴിയും. ഇക്കഴിഞ്ഞ ഇരുപത് മാസത്തിനുള്ളിൽ സർക്കാർ സുപ്രധാന നേട്ടങ്ങളുണ്ടാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ വകുപ്പുകളുടെയും പ്രധാന പദ്ധതികൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവലോകനം ചെയ്തു. അത്തരത്തിലുള്ള അവലോകനം സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ്. 38 വകുപ്പുകളിലായി 114 പദ്ധതികൾ മുഖ്യമന്ത്രി വിലയിരുത്തി. സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുക എന്നത് ഈ സർക്കാരിന്റെ ലക്ഷ്യമാണ്.

ഓഖി ചുഴലിക്കാറ്റുമായി ബന്ധപ്പെട്ട് ചർച്ച നടക്കുകയാണ്. ചുഴലിക്കാറ്റ് കഴിഞ്ഞുപോയി. ഇപ്പോൾ ആ ചുഴലിക്കാറ്റ് വീശിയടിച്ചത് പ്രതിപക്ഷത്താണ്, അവിടെയാണ് ഇപ്പോൾ ഡിപ്രഷൻ കാണാൻ കഴിയുന്നത്. കാരണം കൃത്യമായി ആ വിഷയത്തിൽ ഇടപെട്ട് മുന്നോട്ടുപോയ തമിഴ്നാട് ജനതയുടെയടക്കം പ്രശംസ പിടിച്ചുപറ്റിയ നടപടിയാണ് കേരളത്തിലെ ഗവൺമെന്റ് നടത്തിയത്. ശ്രീ. നരേന്ദ്ര മോദി ഷാർജയിൽ പോയപ്പോൾ അവിടെ അമ്പലം പണിയണമെന്നാണ് ആവശ്യപ്പെട്ടത്. എന്നാൽ കേരളത്തിൽ ഷാർജ സുൽത്താൻ സന്ദർശിച്ചപ്പോൾ ജയിലിൽ കിടക്കുന്ന 149 ഇന്ത്യൻ സഹോദരങ്ങളെ മോചിപ്പിക്കണമെന്ന ആവശ്യമാണ് ശ്രീ. പിണറായി വിജയൻ അദ്ദേഹത്തിന്റെ മുമ്പാകെ വച്ചത്. ജയിൽ മോചിതരായവർക്ക് അവിടെത്തന്നെ ജോലിയും മറ്റ് സൗകര്യങ്ങളും നൽകുന്നതടക്കം സുൽത്താൻ വാഗ്ദാനം ചെയ്തതാണ് നമുക്ക് കാണാൻ കഴിഞ്ഞത്.

ചരിത്രത്തിൽ ആദ്യമായി അബ്രാഹ്മണരെ ക്ഷേത്രങ്ങളിൽ ശാന്തിക്കാരായി നിയമിച്ചതിനെപ്പറ്റി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. മുന്നോക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ദേവസ്വം ബോർഡ് നിയമനങ്ങളിൽ പത്ത് ശതമാനം സംവരണം ഏർപ്പെടുത്തിയതിലൂടെ എൽ.ഡി.എഫ്. സർക്കാരിന്റെ പ്രഖ്യാപിത നയമാണ് ഇവിടെ നടപ്പാക്കുന്നതെന്ന് കാണാൻ കഴിയും. വളരെ പ്രശംസ പിടിച്ചുപറ്റിയതാണ് ലോക കേരളസഭ. അതിന്റെ കുറവുകളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു, പക്ഷേ കേരളത്തിന്റെ വികസനത്തിൽ വളരെ പ്രധാന പങ്കുവഹിക്കുന്ന പ്രവാസികളെ ആദരിക്കുന്ന വിധത്തിൽ ഒരു സഭ സംഘടിപ്പിച്ചുകൊണ്ട് അതിനാവശ്യമായ നേതൃത്വം കൊടുത്ത നടപടി പ്രശംസനീയമാണ്. നാനാമേഖലകളിൽ ഇത്തരം പ്രവർത്തനങ്ങളുമായി

സർക്കാർ മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് പട്ടികജാതി സമൂഹത്തിന്റെ ജനസംഖ്യാ ശതമാനത്തിന് അപ്പുറത്തേയ്ക്ക് ബജറ്റ് വിഹിതം മാറ്റിവച്ചുകൊണ്ട് പട്ടികജാതി സമൂഹത്തോടുള്ള പ്രതിബദ്ധത തെളിയിച്ചിരിക്കുകയാണ്.

കാർഷിക മേഖലയിൽ വമ്പിച്ച മുന്നേറ്റമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ജൈവ പച്ചക്കറി കൃഷി ആരംഭിച്ചു. സംയോജിത മാതൃകാ കൃഷിത്തോട്ടങ്ങൾ ആരംഭിച്ചു. നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. കാർഷികോല്പന്നങ്ങൾക്ക് ആദായകരമായ വില നൽകിവരികയാണ്. കർഷക ക്ഷേമനിധി ആക്ടിന്റെ രൂപീകരണത്തിലേയ്ക്ക് പോയിക്കൊണ്ടിരിക്കുന്നു. അങ്ങനെ നാനാരംഗങ്ങളിലും വളരെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച് കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെതിരെ കാര്യമായി ഒന്നും പറയാനില്ലാത്ത അവസ്ഥയിലേയ്ക്കാണ് പ്രതിപക്ഷം ഇപ്പോൾ ചെന്നുപെട്ടുകൊണ്ടിരിക്കുന്നത്. ഇവിടെ നേരത്തെ നടന്ന ചർച്ചയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സി.പി.ഐ.(എം) പുറത്താക്കിയ എം.പി. ബഹുമാന്യനായ ഋതബ്രത ബാനർജിയെക്കുറിച്ചാണ് സൂചിപ്പിച്ചത്. ഋതബ്രത ബാനർജി തന്റെ സുഹൃത്താണെന്നാണ് അദ്ദേഹം പറഞ്ഞത്. അതുതന്നെയാണ് പ്രധാനപ്പെട്ട പ്രശ്നം. യു.ഡി.എഫ്.ഉം ആയി ചങ്ങാത്തം കൂടിയാൽ അവർക്കൊക്കെ അധോഗതിയാണുണ്ടാകുന്നത്. അഞ്ച് വർഷത്തെ കേരളത്തിന്റെ യു.ഡി.എഫ്. ഭരണത്തിൽ ഇത് കൃത്യമായി കാണാൻ സാധിക്കുന്നതാണ്. ആ നിലയിൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി യു.ഡി.എഫ്. ഭരണത്തിൽനിന്നും ഇന്ന് കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. സർക്കാരിൽനിന്നും തികച്ചും വ്യത്യസ്തമായി കേരളത്തിലെ ജനങ്ങളുടെ താൽപ്പര്യങ്ങൾ ഓരോന്നോരോന്നായി പരിരക്ഷിച്ചുകൊണ്ട്, പ്രകടനപത്രികയിൽ പറഞ്ഞ കാര്യങ്ങൾ ഓരോന്നോരോന്നായി ചെയ്ത് "ഇടതുപക്ഷം വരും എല്ലാം ശരിയാകും" എന്ന മുദ്രാവാക്യം അർത്ഥവത്താക്കിക്കൊണ്ടിരുന്ന സന്ദർഭത്തിൽ ഈ ഗവൺമെന്റിന് വേണ്ടി നിയമസഭയിൽ ഗവർണർ നടത്തിയ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തി കൊണ്ട് പ്രമേയത്തെ പൂർണ്ണമായി പിന്താങ്ങുന്നു.

<u>ശ്രീ. ഡി. കെ. മുരളി:</u> സർ, ഞാൻ ഈ നന്ദി പ്രമേയത്തെ അനുകൂലിക്കുകയാണ്.

'ഇവിടെയെൻ നാടിന്റെ ഹൃദയാഭിലാഷങ്ങൾ
മന്ദസ്മിതം തുകി നിൽപ്പൂ
ഇവിടെ ഈ നാടിന്റെ ഘനശ്യാമഭംഗികൾ
ഉടയാടചാർത്തി ചിരിപ്പൂ.'

ഈ ഈരടികളാണ് നയപ്രഖ്യാപന പ്രസംഗം കേട്ടപ്പോൾ ഓർമ്മവന്നത്. ഒരു നാടിന്റെ അഭിലാഷങ്ങൾ തിരിച്ചറിഞ്ഞ്, പുതിയ കാലത്തിന്റെ മനസ്സറിഞ്ഞ്, നവകേരളത്തിന്റെ മണിമുഴക്കം സൃഷ്ടിച്ച നയപ്രഖ്യാപന പ്രസംഗമാണ് ഗവർണർ ഇവിടെ നടത്തിയത്. കേരളത്തിന്റെ നേട്ടങ്ങൾ അഭിമാനത്തോടുകൂടി എണ്ണിയെണ്ണി പറഞ്ഞും വരുംകാല വെല്ലുവിളികൾ നേരിടേണ്ടത് എങ്ങനെയെന്ന ശരിയായ പരിപ്രേക്ഷ്യം അവതരിപ്പിച്ചുകൊണ്ടുമാണ് പ്രസംഗം തുടങ്ങിയത്. ഇതൊരു ചരിത്രരേഖയായി മാറുമെന്നതിൽ സംശയമില്ല. കേരളത്തെ അപകീർത്തിപ്പെടുത്താനുള്ള പരിശ്രമങ്ങൾ നല്ല നിലയിലാണ് കൊണ്ടുവന്നത്. ആ പരിശ്രമങ്ങൾ പാഴ്വേലയായി മാറുമെന്നുള്ളതിന് ഒരു തർക്കവും വേണ്ട. സൂര്യശോഭയെ പാഴ്മുറംകൊണ്ട് മറയ്ക്കാൻ ശ്രമിക്കുന്നതുപോലെ ഒരു പാഴ്വേലയായി അത്തരം പരിശ്രമങ്ങൾ മാറും. പ്രബുദ്ധ കേരളംതന്നെ അത് തള്ളിക്കളഞ്ഞതുമാണ്. എങ്ങനെയാണ് നേട്ടങ്ങളെ കാണാതെ പോകാൻ പ്രതിപക്ഷത്തിന് ആകുന്നത്? "ക്രമസമാധാന പരിപാലനത്തിൽ കേരളം മികച്ച സംസ്ഥാനം"-പറഞ്ഞത് ഇന്ത്യാ ടുഡേ ആണ്. "അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനം"- സെന്റർ ഫോർ മീഡിയ സ്റ്റഡീസിന്റെ വിലയിരുത്തലാണ്. 'പൊതുകാര്യ സൂചികയിൽ മുന്നിൽ'- പബ്ലിക് അഫയേഴ്സ് സെന്ററിന്റെ കണ്ടെത്തലാണ്. പോലീസ് എക്സലൻസ് അവാർഡ് ഫോർബ്സ് ടുഡേ ഇന്റർനാഷണലിൽ പ്രഖ്യാപിച്ചതാണ്. വയോജന സംരക്ഷണത്തിൽ വയോജൻ ശ്രേഷ്ഠ, ഒ.ഡി.എഫ്., സമ്പൂർണ്ണ വൈദ്യുതീകരണം, എസ്.സി./എസ്.ടി. ജനസംഖ്യാനുപാതിക വിഹിതം തുടങ്ങിയവ നടപ്പിലാക്കുന്നു. ഇന്റർനെറ്റ് ലഭ്യത പൗരാവകാശമായി പ്രഖ്യാപിച്ച സംസ്ഥാനം, ഡിജിറ്റൽ ഇന്ത്യയുടെ പവർ ഹൗസാണ് കേരളമെന്ന് പ്രസ്താവിച്ചത് രാഷ്ട്രപതിയാണ്. രാഷ്ട്രപതിയുടെ ചരിത്രമൊക്കെ നമുക്ക് അറിയാമല്ലോ.

ട്രാൻസ്ജെൻഡർ നയമുള്ള ആദ്യത്തെ സംസ്ഥാനമാണ് കേരളം. ഭിന്നലിംഗക്കാർക്ക് കൊച്ചി മെട്രോയിൽ തൊഴിൽ ലഭിച്ചിരിക്കുന്നു. ലൈംഗിക

കുറ്റവാളികളുടെ രജിസ്റ്റർ സൂക്ഷിച്ചുവരുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനം, സ്ത്രീകൾക്ക് പ്രത്യേക വകുപ്പ്, പോലീസ് സേനയിൽ വനിതാ അംഗങ്ങളുടെ എണ്ണം 25 ശതമാനമായി വർദ്ധിപ്പിച്ചു, വനിതകൾക്ക് മാത്രമുള്ള ബറ്റാലിയൻ, വനിതകൾ നടത്തുന്ന പോലീസ് സ്റ്റേഷൻ, ഉയർന്ന മിനിമം വേതനമുള്ള സംസ്ഥാനം, ഇതര സംസ്ഥാന തൊഴിലാളികൾക്ക് നൂതന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി അങ്ങനെ പാർശ്വവൽക്കരിക്കപ്പെട്ട ജനസമൂഹത്തിന് ആശ്രയമായി മാറിയ ഗവൺമെന്റിന്റെ നയമാണ് പ്രഖ്യാപിച്ചത്. ഇതൊന്നും കണ്ടില്ലെന്ന് നടിക്കാനുള്ള രാഷ്ട്രീയ അന്ധത പ്രതിപക്ഷത്തിന് ഉണ്ടായിപ്പോയല്ലോ എന്നത് ഖേദകരമാണ്. ചരിത്ര മുഹൂർത്തങ്ങൾ സൃഷ്ടിക്കുകയല്ലേ ഈ ഗവൺമെന്റ് ചെയ്യുന്നത്? ഒരുപക്ഷെ ഇവിടെ പലരും സൂചിപ്പിച്ചതുപോലെ ക്ഷേത്രപ്രവേശന വിളംബരത്തിനുശേഷം ഇത്രകണ്ട് വിപ്ലകരമായ ഒരു തീരുമാനമെടുത്ത ഗവൺമെന്റിനെ കണ്ടില്ലെന്ന് നടിക്കാൻ ജനാധിപത്യ ബോധമുള്ള മതനിരപേക്ഷതയിൽ വിശ്വസിക്കുന്ന ആർക്കെങ്കിലും കഴിയുമോ;

'ആഴ്വാഞ്ചേരി തമ്പ്രാക്കളിലുണ്ട്,

ആദിത്യനിലുണ്ടണുകൃമിയിലുമുണ്ടതിൻ

ബഹിർസ്ഫുരണം'

എന്ന കാവ്യമോഹം സാമൂഹ്യ ജീവിതത്തിന്റെ താളമാക്കി മാറ്റിയ ഗവൺമെന്റാണിത്. അമ്പലത്തിൽ ശാന്തിക്കാരനായി ദളിത് പൂജാരി വന്നത് ചരിത്രത്തിന്റെ അതിശോഭയാർന്ന മുഹൂർത്തമായി മാറുകയല്ലേ?

പ്രവാസിലോകം ആവേശത്തോടെ വരവേൽക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുന്ന ലോക കേരളസഭ ഈ നാടിന്റെ മുന്നേറ്റത്തിന് നാന്ദിയാകുമെന്നുള്ളതിന് യാതൊരു തർക്കവുമില്ല. കേരളത്തിന്റെ സുസ്ഥിരഭാവി വാർത്തെടുക്കാനുതകുന്ന നൂതന ആശയങ്ങളിലൂടെ സംരംഭകത്വം, സദ്ഭരണം, പങ്കാളിത്ത ഉത്തരവാദിത്വം എന്നിവയിലൂടെ അഭിവൃദ്ധിയുടെ വീക്ഷണമാണ് ഗവൺമെന്റിന്റെ നയമായി ഗവർണർ ഇവിടെ പ്രഖ്യാപിച്ചത്. ഈ നയപ്രഖ്യാപനത്തിന്റെ കാതലായ ഏതെങ്കിലും കാര്യങ്ങളെ എതിർക്കാൻ പ്രതിപക്ഷത്തിന് ആകുന്നുണ്ടോ? ചില സാങ്കേതിക വാദങ്ങൾ ഉന്നയിക്കുന്നതല്ലാതെ, ഇതിന്റെ ശോഭകെടുത്താൻവേണ്ടി കണ്ടുപിടിത്തങ്ങൾ നടത്തുന്നതല്ലാതെ ഇതിൽ ഏതെങ്കിലും നയത്തോട് വിയോജിക്കാൻ തയ്യാറുണ്ടോ?

സി.പി.ഐ.(എം)-ന്റെ രാഷ്ട്രീയ നയത്തെക്കുറിച്ചാണ് ഇവിടെ വിമർശിക്കുന്നത്. സി.പി.ഐ.(എം)-ന്റെ രാഷ്ട്രീയ നയം ബി.ജെ.പി.യെ സഹായിക്കാൻ പോകുന്നുവെന്നാണ് ഇവരെല്ലാം പറയുന്നത്. എന്ത് രാഷ്ട്രീയ പാപ്പരത്വമാണ് കാണിക്കുന്നത്; എന്ത് വിഡ്ഢിത്തമാണ് പറയുന്നത്? സി.പി.ഐ.(എം)-ന്റെ രാഷ്ട്രീയ പ്രമേയം എന്നത് പുതിയ കാര്യമല്ല. പാർട്ടിയുടെ രൂപീകരണകാലം മുതൽ ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്കൊരു പ്രോഗ്രാമുണ്ട്. അതിനെ അടിസ്ഥാനപ്പെടുത്തി കാലാകാലങ്ങളിൽ സ്വീകരിക്കേണ്ട രാഷ്ട്രീയ നയങ്ങൾ ഞങ്ങളുടെ പാർട്ടി കോൺഗ്രസ്സിൽ ചർച്ച ചെയ്ത് അംഗീകരിക്കും. അതിന് മുന്നോടിയായി സെൻട്രൽ കമ്മിറ്റിയാണ് അതിനൊരു കരട് പ്രമേയം തയ്യാറാക്കുന്നത്. ചർച്ചനടത്തി, ആ ചർച്ചകളിലൂടെ ഒരുപക്ഷേ, ചർച്ചയിൽ വ്യത്യസ്ത അഭിപ്രായങ്ങൾ വന്നാൽ ഭൂരിപക്ഷത്തിലൂടെ കരട് രാഷ്ട്രീയപ്രമേയം തയ്യാറാക്കും, പാർട്ടിയുടെ മുഴുവൻ ഘടകങ്ങളിലും അത് ചർച്ചചെയ്യും, വരുന്ന പാർട്ടി കോൺഗ്രസ്സിലും ചർച്ചചെയ്യും. അങ്ങനെയാണ് ഒരു രാഷ്ട്രീയ പ്രമേയം പാസ്സാക്കുന്നത്. ഇന്ത്യയുടെ ഭാവിയെ സംബന്ധിച്ച്, ഗൗരവതരമായ ഒരു കാര്യത്തെ സംബന്ധിച്ച്, ചർച്ചചെയ്ത് ജനാധിപത്യ മാർഗ്ഗത്തിലൂടെ ഞങ്ങൾ ഒരു തീരുമാനത്തിലെത്തുകയാണ്. കോൺഗ്രസ്സിനും ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനും അത് സങ്കൽപ്പിക്കാനാകുമോ? നിങ്ങളുടെ ഏതെങ്കിലും സമ്മേളനത്തിൽ, ഏതെങ്കിലും പൊതുയോഗത്തിൽ ഇന്ത്യയെ ബാധിക്കുന്ന ഇത്തരത്തിലൊരു വിഷയത്തെ സംബന്ധിച്ചോ സമകാലിക രാഷ്ട്രീയത്തെ സംബന്ധിച്ചോ ചർച്ചനടത്താൻ കഴിഞ്ഞ കാലങ്ങളിൽ തയ്യാറായിട്ടുണ്ടോ? എന്നിട്ട് ഈ രാഷ്ട്രീയ പ്രമേയത്തെ ആക്ഷേപിക്കുകയാണ്. വർഗ്ഗീയ നയങ്ങൾകൊണ്ടും സാമ്പത്തിക നയങ്ങൾകൊണ്ടും ബി.ജെ.പി.യെ മുഖ്യശത്രുവായി ഞങ്ങൾ പ്രഖ്യാപിക്കുന്നു. അതോടൊപ്പംതന്നെ നേരത്തെ ശ്രീ. ആർ. രാജേഷ് സൂചിപ്പിച്ചതു പോലെ കോൺഗ്രസ്സിന്റെ സാമ്പത്തിക നയവും സമ്പന്ന വർഗ്ഗത്തെ സഹായിക്കുന്നതാണ്.

ഉദാരവൽക്കരണം തുടങ്ങിയത് കോൺഗ്രസ് അല്ലേ? ഈ നാടിന്റെ അധഃപതനത്തിന് കാരണമായത് കോൺഗ്രസ്സിന്റെ നയങ്ങളല്ലേ; ആ നയങ്ങളെ ഞങ്ങൾ ശക്തിയുക്തം എതിർക്കുകയാണ്. സമ്പന്നവർഗ്ഗത്തെ സഹായിക്കുന്ന ബി.ജെ.പി.-യുടെ 'ബി' ടീം ആയി കോൺഗ്രസ് മാറിയിരിക്കുന്നു. മുസ്ലീം ലീഗ് മലർപ്പൊടിക്കാരന്റെ സ്വപ്നംപോലെ കോൺഗ്രസ് അധികാരത്തിൽ വരുന്നതും സ്വപ്നം കണ്ടിരിക്കുകയാണ്. കോൺഗ്രസ്സിന്റെ സ്ഥിതിയെക്കുറിച്ച് ശ്രീ. ആർ.

രാജേഷ് ഇവിടെ പറയുകയുണ്ടായി. എവിടെ കോൺഗ്രസ് ഉണ്ട്; ഇന്ത്യൻ പാർലമെന്റിൽ 444 സീറ്റിൽ നിന്ന് 44 സീറ്റിലേയ്ക്ക് കോൺഗ്രസ് മാറിയില്ലേ? ഏത് സംസ്ഥാനത്താണ് വിജയിച്ചുവരാൻ പോകുന്നത്? കോൺഗ്രസ്സിനും ബി.ജെ.പി.-ക്കുമെതിരായി മതനിരപേക്ഷ കക്ഷികൾ ഇന്ത്യയിൽ യോജിച്ചാൽ മാത്രമേ ഇനിയൊരു മാറ്റമുണ്ടാക്കാൻ കഴിയുകയുള്ളൂ. ആ തിരിച്ചറിവിൽ നിന്നാണ് ഞങ്ങൾ രാഷ്ട്രീയ പ്രമേയം പാസ്സാക്കുന്നതും രാഷ്ട്രീയ നിലപാടെടുക്കുന്നതും. ഇക്കാര്യത്തിൽ ചർച്ചചെയ്ത് ഒരു തീരുമാനമെടുത്താൽ ശ്രീ. സീതാറാം യെച്ചൂരിയും ശ്രീ. പ്രകാശ് കാരാട്ടും സി.പി.ഐ.(എം)-ൽ പ്രവർത്തിക്കുന്ന എല്ലാവരും ആ തീരുമാനം അംഗീകരിച്ച് മുന്നോട്ടുപോകുക എന്നുതന്നെയാണ് ഞങ്ങളുടെ പാർട്ടിയുടെ നിലപാട്. അതിലൊന്നും ആരും സ്വപ്നം കാണേണ്ട. ഇത്തരത്തിൽ രാജ്യത്തിന്റെ ഭാവിയെ സംബന്ധിച്ച് ഉത്കണ്ഠയുള്ള ഒരു പ്രസ്ഥാനമെന്ന നിലയിൽ ഗൗരവമായ രാഷ്ട്രീയ വിഷയങ്ങൾ ഞങ്ങൾ ചർച്ചചെയ്യുകതന്നെ ചെയ്യും.

കേരളം നേട്ടങ്ങൾ കൊയ്തുകൊണ്ട് മുന്നോട്ടുപോകുകയാണ്. കേരളം അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ എങ്ങനെ നേരിടണമെന്നുള്ള ശരിയായ കാഴ്ചപ്പാട് അവതരിപ്പിക്കുകയാണ്. പരിസ്ഥിതി, ട്രാൻസ്ജെൻഡർ, പാർശ്വവൽക്കരിക്കപ്പെടുന്ന വിഭാഗങ്ങൾ, വരാൻ പോകുന്ന ദുരന്തങ്ങൾ എന്നിവ സംബന്ധിച്ച് ഞങ്ങൾ ചർച്ചചെയ്യുകയാണ്. ഓഖി ഉൾപ്പെടെയുള്ള അനുഭവങ്ങൾ പാഠമാക്കിക്കൊണ്ട്, ഇനിയത് ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലെടുക്കുമെന്ന് നിശ്ചയദാർഢ്യത്തോടെ ഗവൺമെന്റ് പ്രഖ്യാപിക്കുകയാണ്. ഓഖി ദുരന്തം കൊണ്ടാടുകയല്ലേ, ആഘോഷിക്കുകയല്ലേ പ്രതിപക്ഷം ചെയ്യുന്നത്? ഒരു ദുരന്തത്തിൽ ഒന്നിച്ച് നിൽക്കേണ്ടവർ രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി പരിശ്രമിക്കുകയാണ്. നിങ്ങൾ അറിയണം, ഓഖി ദുരന്തം അറിഞ്ഞ ഞങ്ങളാണ് അവിടെ എത്തിയതെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അഹങ്കാരത്തോടുകൂടി പറയുന്നു. അത് ശരിയല്ല. ഈ ജില്ലയുടെ ചുമതല വഹിക്കുന്ന മന്ത്രിയായ ബഹുമാനപ്പെട്ട കടകംപള്ളി സുരേന്ദ്രൻ പനിക്കിടക്കയിൽ നിന്നാണ് ഈ വാർത്തയറിഞ്ഞ് ആദ്യം അവിടെ എത്തുന്നത്. ബഹുമാനപ്പെട്ട എം. വിൻസെന്റ് പോലും അതിനുശേഷമാണ് ആ പ്രദേശത്ത് എത്തിയത്. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ അവിടെയുണ്ടായിരുന്നു. അതുപോലെ തന്നെ മറ്റ് മന്ത്രിമാരും മുഖ്യമന്ത്രിയുമുണ്ടായിരുന്നു, ചെയ്യേണ്ടതെല്ലാം ചെയ്തു. ഒരു ദുരന്തം വന്നാൽ ഒരു ഗവൺമെന്റിന് എന്തെല്ലാം ചെയ്യാൻ കഴിയുമോ അതെല്ലാം മാതൃകാപരമായി ചെയ്തത് കാണാതെ അതിൽ രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി, ജനവികാരം ഇളക്കിവിടുന്നതിനുവേണ്ടി നിങ്ങൾ കാണിക്കുന്ന ഈ കോപ്രായങ്ങൾ നാട്

തിരിച്ചറിയുന്നുവെന്നതിൽ സംശയം വേണ്ട. ഇത്തരം രാഷ്ട്രീയ പാപ്പരത്തം മാറണം. ക്രിയാത്മകമായി ഒരു പ്രതിപക്ഷമാകാൻ നിങ്ങൾക്ക് കഴിയണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്.

മുസ്ലീംലീഗിനെ സംബന്ധിച്ചിടത്തോളം അവരുടെ രാഷ്ട്രീയം മതന്യൂനപക്ഷത്തെ രക്ഷിക്കലല്ല. വലിയ ബി.ജെ.പി. വിരോധമെല്ലാം പറയുന്നുണ്ടെങ്കിലും ബേപ്പൂർ, വടകര എന്നിവിടങ്ങളിൽ കോൺഗ്രസ്സും ബി.ജെ.പി.-യും ലീഗുംകൂടി മൽസരിച്ചത് ഞങ്ങൾ കണ്ടതാണ്. അതിന് നന്ദിയുള്ളവരാണ് ബി.ജെ.പി. ഇന്നലെ പെരിന്തൽമണ്ണയിൽ നിങ്ങൾക്ക് ഒരപകടമുണ്ടായപ്പോൾ ഹർത്താലിന്റെ പേരിൽ ആക്രമണം നടത്തി പോലീസിനെ നേരിട്ടപ്പോൾ അതിൽ പ്രതിഷേധിച്ച് നിങ്ങൾക്കൊപ്പം ഇറങ്ങിവരാൻ ശ്രീ. ഒ. രാജഗോപാലും കൂടെയുണ്ടായിരുന്നു. കേരളത്തിൽ വീണ്ടും കോൺഗ്രസ്-ലീഗ്-ബി.ജെ.പി. ബന്ധം പുനരുദ്ധരിക്കാനുള്ള ആരംഭമാണോ എന്ന് സംശയിച്ചാൽ അതിന് ആരെയാണ് കുറ്റം പറയാൻ കഴിയുക? ഇത്തരത്തിൽ അധികാരത്തിനുവേണ്ടി എന്ത് വിട്ടുവീഴ്ചയും നിങ്ങൾ ചെയ്യും. കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം ഏത് കാലത്തും അധികാരം ലഭിക്കുമെന്ന് പറഞ്ഞാൽ വർഗ്ഗീയതയുമായി സമരസ്സപ്പെടാൻപോലും മടി കാണിച്ചിട്ടില്ല എന്നുള്ളതു കൊണ്ടാണ് ജനങ്ങൾ കോൺഗ്രസ്സിനെ വിശ്വസിക്കാത്തത്. മതന്യൂനപക്ഷങ്ങളുടെ പിന്തുണയൊന്നും നിങ്ങൾക്ക് കിട്ടാൻ പോകുന്നില്ല. അങ്ങനെയൊന്നും തെറ്റിദ്ധരിക്കേണ്ട. ബഹുമാന്യനായ രാഹുൽ ഗാന്ധി ഒരു ഭാരതയാത്ര പ്രഖ്യാപിച്ചപ്പോൾ 'കത്തോലിക്കാ സഭ' എന്ന പ്രസിദ്ധീകരണം മുഖപത്രത്തിൽ എഴുതിയത് എന്താണ്? കോൺഗ്രസ് എന്നുപറഞ്ഞാൽ രാത്രി ആർ.എസ്.എസ്. എന്നാണ്. ഇത്തരത്തിൽ മതന്യൂനപക്ഷങ്ങൾ നിങ്ങളെ തിരിച്ചറിഞ്ഞുതുടങ്ങി. ഇനിയെങ്കിലും തിരുത്താൻ, മതനിരപേക്ഷ നിലപാട് മാത്രമല്ല, ജനങ്ങളെ ഒറ്റപ്പെടുത്തുന്ന സാമ്പത്തിക നിലപാട് ഉൾപ്പെടെയുള്ളവയിൽനിന്നും മാറിനടക്കാൻ കോൺഗ്രസ് തയ്യാറായില്ലെങ്കിൽ ഇന്ത്യയിൽ കോൺഗ്രസ് ഉണ്ടാകാൻ പോകുന്നില്ല. അത് തിരിച്ചറിയാൻ കഴിയണമെന്ന് സൂചിപ്പിച്ചുകൊണ്ട്, കേരളത്തിന്റെ ഭാവി അഭിമുഖീകരിക്കുന്ന നയപ്രഖ്യാപന പ്രസംഗത്തെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

3.28 PM]

<u>ശ്രീ. അടൂർ പ്രകാശ്:</u> സർ, ബഹുമാനപ്പെട്ട ഗവർണർ ഈ സഭയിൽ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തെ അനുകൂലിച്ചുകൊണ്ട് ബഹുമാന്യനായ

മുല്ലക്കര രത്നാകരൻ ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുകയാണ്. അദ്ദേഹം ഈ നന്ദിപ്രമേയം ഇവിടെ അവതരിപ്പിച്ചത് നല്ല മനസ്സോടെയല്ലായെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യംകൂടിയാണ്. എന്നാലും ഈ നയപ്രഖ്യാപനത്തിൽ കേരളത്തിലെ ജനങ്ങൾ നേരിടുന്ന ഏതെങ്കിലുമൊരു പ്രശ്നത്തിന് പരിഹാരമുള്ളതായി പറയുന്നുണ്ടോയെന്നത് പരിശോധിക്കേണ്ട കാര്യമാണ്. സാധാരണഗതിയിൽ ഗവർണർ നടത്തുന്ന നയപ്രഖ്യാപനം അതാത് കാലഘട്ടത്തിൽ ഭരണം നടത്തുന്ന ഗവൺമെന്റ് തയ്യാറാക്കി കൊടുക്കുന്നതാണ് വായിക്കാറുള്ളത്. എന്നാൽ ഈ ഗവൺമെന്റ് തയ്യാറാക്കിയ എല്ലാ കാര്യങ്ങളും അദ്ദേഹം ഇവിടെ പറഞ്ഞില്ലെന്നുമാത്രമല്ല, പറയാത്ത കാര്യങ്ങൾ എങ്ങനെ സഭയുടെ പ്രോപ്പർട്ടിയാകുമെന്ന സംശയം ഇപ്പോഴും നിലനിൽക്കുകയുമാണ്. ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ റൂളിംഗൊക്കെ നടത്തി. റൂളിംഗ് നടത്തിയെങ്കിലും അതിലെ സാങ്കേതിക കാരണങ്ങളെക്കുറിച്ച് അദ്ദേഹം നന്നായി പരിശോധിച്ചിട്ടുണ്ടോയെന്നൊരു സംശയമുണ്ട്. 20 മാസത്തെ ഈ സർക്കാരിന്റെ ഭരണത്തിനിടയിൽ കണ്ണൂരിൽ നടന്ന 8 രാഷ്ട്രീയ കൊലപാതകങ്ങളുൾപ്പെടെ 20 രാഷ്ട്രീയ കൊലപാതകങ്ങൾ സംസ്ഥാനത്ത് നടന്നു. സംസ്ഥാനത്തിന്റെ ചരിത്രത്തിലാദ്യമായാണ് ബഹുമാന്യനായ മുഖ്യമന്ത്രിയെയും ഡി.ജി.പി.-യെയും രാജ്ഭവനിൽ നേരിട്ട് വിളിച്ചുവരുത്തി വിശദീകരണം ആവശ്യപ്പെട്ടത്. പെൻഷൻ ആരുടെയും ഔദാര്യമല്ലെന്നും കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് പെൻഷൻ ലഭിക്കാൻ സമരം ചെയ്യേണ്ടിവരില്ലെന്നും പ്രഖ്യാപിച്ച സർക്കാർ 5 മാസത്തോളമായി അവർക്ക് പെൻഷൻ നൽകാതെ കുടുംബ പെൻഷൻകാരെപ്പോലും ദുരിതത്തിലാക്കിയവരുടെയും പെൻഷൻ ലഭിക്കാതെ ആത്മഹത്യ ചെയ്ത പെൻഷൻകാരുടെയും ചികിത്സ ലഭിക്കാതെ മരണമടഞ്ഞവരുടെയും കാര്യങ്ങൾ മറന്നുപോയിട്ടുണ്ടോയെന്ന് സംശയമുണ്ട്.

നിലവിലുള്ള നമ്മുടെ സംസ്ഥാന പോലീസ് ചീഫിനുപുറമെ രണ്ട് ഡി.ജി.പി.-മാരും ഡി.ജി.പി. റാങ്കിലുള്ള 4 പോലീസ് ഉദ്യോഗസ്ഥരും സംസ്ഥാനത്തുണ്ടെങ്കിലും വിജിലൻസ് ഡയറക്ടറായി സംസ്ഥാന പോലീസ് മേധാവിതന്നെ കഴിഞ്ഞ 9 മാസക്കാലം തുടരുന്നതുമൂലം വിജിലൻസിന്റെ സ്വതന്ത്ര സ്വഭാവം നഷ്ടപ്പെട്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച് കോടതി വിമർശനമുണ്ടായിട്ടും ഒരു നടപടിയും സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. നിങ്ങളുടെ ചില ആളുകളെ വെള്ളപൂശണമെങ്കിൽ ഇപ്പോഴത്തെ സംവിധാനം തന്നെയാണ് നല്ലത്. അതിനൊരു ഉദാഹരണമാണ് ഒരു മുൻമന്ത്രിയെ ഒന്നാം പ്രതിയാക്കി വിജിലൻസ് കോടതിയിൽ എഫ്.ഐ.ആർ. സമർപ്പിച്ച ദിവസംതന്നെ അന്വേഷണ ചമതലയുണ്ടായിരുന്ന സംഘത്തെ മുഴുവനും മാറ്റിയത്. പുതിയൊരു അന്വേഷണ സംഘത്തെ വച്ചത് കേസ് അട്ടിമറിക്കാൻ വേണ്ടിയല്ലേയെന്ന് സംശയിക്കപ്പെടുന്നു.

ഇത്തരം കാര്യങ്ങളൊക്കെ ചെയ്യണമെങ്കിൽ ഇപ്പോഴത്തെ ഡി.ജി.പി. ഉൾപ്പെടെയുള്ളവർ വിജിലൻസ് കൈകാര്യം ചെയ്താൽ മാത്രമേ ഇവരുടെ ഇംഗിതത്തിനനുസരിച്ച് കാര്യങ്ങൾ കൊണ്ടുനടക്കാൻ കഴിയുകയുള്ളൂ എന്നുള്ളതുകൊണ്ടാണ് ഇക്കാര്യങ്ങൾ ഇങ്ങനെ പോകുന്നത്.

ഇക്കഴിഞ്ഞ വർഷത്തെ സ്വാശ്രയ പ്രവേശനമാകെ അവതാളത്തിലാക്കിയതും മെഡിക്കൽ പ്രവേശനം കഴിഞ്ഞ് ക്ലാസ്സുകൾ തുടങ്ങിയപ്പോൾ ഫീസ് എത്രയെന്നറിയാതെ കുട്ടികളെയും രക്ഷിതാക്കളെയും സമ്മർദ്ദത്തിലാക്കിയതും മറക്കാൻ കഴിയുന്ന കാര്യമാണോ? ഫീസ് 5 ലക്ഷം രൂപയാണോ 11 ലക്ഷം രൂപയാണോയെന്ന് ഇപ്പോഴും അറിയാൻ കഴിയുന്നില്ല. സ്വാശ്രയ മാനേജ്മെന്റുകളുമായി ഒത്തുകളിച്ച് മെഡിക്കൽ വിദ്യാഭ്യാസരംഗം പണമുള്ളവർക്കു മാത്രമായി തീറെഴുതിക്കൊടുത്തില്ലേ? പൊതുജനാരോഗ്യ കേന്ദ്രങ്ങളെ രോഗീസൗഹൃദമാക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ടുവന്ന ആർദ്രം പദ്ധതി എങ്ങുമെത്താതെ നിൽക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ ഒരു ആശുപത്രി തെരഞ്ഞെടുത്തു. പക്ഷെ, അവിടെ ഒരു കാര്യവും നടക്കുന്നില്ല, ഒന്നും ഉണ്ടായിട്ടില്ല. അത് പറയാതിരിക്കാൻ പറ്റില്ല. അതുകൊണ്ടാണ് പറയുന്നത്.

അരിയുടെയും നിത്യോപയോഗ സാധനങ്ങളുടെയും വില കുതിച്ചുയരുന്നു. ഭക്ഷ്യ വകുപ്പിന്റെ സാന്നിദ്ധ്യം ഇവിടെയുണ്ടോയെന്ന് സംശയിക്കപ്പെടുകയാണ്. റേഷൻ കാർഡുകൾ വിതരണം ചെയ്തതിലെ അപാകതകൾ തിരുത്താൻ ഒരു നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല. അനർഹരായ ആളുകൾ ബി.പി.എൽ. ലിസ്റ്റിൽ കടന്നുകൂടി. അത് തിരുത്താൻ യാതൊരു നടപടിയും ഉണ്ടാകുന്നില്ല. മൂന്നാറിലെ കയ്യേറ്റങ്ങൾക്കെതിരെ കർശനമായ നടപടി സ്വീകരിച്ച ദേവികുളം സബ്കളക്ടറെ ഊളമ്പാറയ്ക്ക് അയയ്ക്കണമെന്ന് മന്ത്രിസഭയിലെ ഒരംഗംതന്നെ പറഞ്ഞത് മറക്കാൻ കഴിയുമോ? ഊളമ്പാറയ്ക്ക് അയയ്ക്കേണ്ടത് ആരെയാണെന്നതിനെക്കുറിച്ച് ആളുകൾക്ക് ഇപ്പോൾ സംശയം ഉണ്ടായിട്ടുണ്ട്. ആ സംശയം നിലനിൽക്കുന്നതുകൊണ്ട് അക്കാര്യങ്ങളൊക്കെ പറയുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. ശക്തമായ നടപടി സ്വീകരിക്കുന്ന ഉദ്യോഗസ്ഥരെ സ്ഥലംമാറ്റിയും ഭീഷണിപ്പെടുത്തിയും അവരുടെ മനോധൈര്യം ഇല്ലാതാക്കുക എന്നതാണ് ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന നയം. ലോകപ്രശസ്തി നേടിയ കുറിഞ്ഞിമല ഉദ്യാനത്തിന്റെ വിസ്തൃതി കുറയ്ക്കാനും കയ്യേറ്റ ലോബിക്ക് അനുകൂലമായ നിലപാട് സ്വീകരിച്ച് കയ്യേറ്റക്കാരെ പ്രോത്സാഹിപ്പിക്കാനും നടപടി സ്വീകരിക്കുന്നത് ഈ ഗവൺമെന്റിന്റെ നയമാണോയെന്ന് വ്യക്തമാക്കണം.

<u>ശ്രീ. എസ്. രാജേന്ദ്രൻ:</u> സർ, പോയിന്റ് ഓഫ് ഓർഡർ....., നീലക്കുറിഞ്ഞിയെപ്പറ്റി പരാമർശിക്കപ്പെട്ടത് ചട്ടം 307 പ്രകാരം രേഖയിൽ

കാണരുത്. അവിടെയൊരു നിലപാട് സ്വീകരിക്കുന്നതിനുമുമ്പ് ഇങ്ങനെയൊരു നിലപാട് സ്വീകരിച്ചതായി സഭയ്ക്കകത്ത് സ്ഥാപിക്കാൻ ശ്രമിക്കുന്നത് ഓർഡറിലല്ല. അതുകൊണ്ട് അത് സഭാരേഖകളിൽ കാണരുത്. നീക്കം ചെയ്യണം.

ശ്രീ. അടൂർ പ്രകാശ്: ഇവിടെ ഒരു ഓർഡറിന്റെയും കാര്യമില്ല. ഇതൊരു രഹസ്യമാണോ? ലോകപ്രശസ്തി നേടിയ നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ വിസ്തൃതി കുറയ്ക്കാനും കയ്യേറ്റ ലോബിക്ക് അനുകൂലമായ നിലപാട് സ്വീകരിച്ച് കയ്യേറ്റക്കാരെ പ്രോത്സാഹിപ്പിക്കാനുമുള്ള നടപടി സ്വീകരിക്കുന്നത് ഗവൺമെന്റിന്റെ നയമാണോയെന്ന് വ്യക്തമാക്കണം. അതാണ് ആവശ്യം.

വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായ നിർദ്ധന കുടുംബങ്ങളെ സഹായിക്കാൻ പ്രഖ്യാപിച്ച തരിച്ചടവ് സഹായ പദ്ധതിയുടെ ആനുകൂല്യം ഇതുവരെ ഒരു വിദ്യാർത്ഥിക്കുപോലും നൽകിയതായി ഞങ്ങൾക്കാർക്കും അറിയാൻ കഴിഞ്ഞിട്ടില്ല. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 അനുസരിച്ച് 27-4-2017-ന് ഒരു പ്രസ്താവന ഇവിടെ നടത്തി, ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. സംസ്ഥാനത്ത് ഓരോരുത്തരുടെയും കൈവശ ഭൂമി തിട്ടപ്പെടുത്തുന്ന രേഖകൾ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ 1965 ഒക്ടോബർ മാസം 6-ാം തീയതിയാണ് ആരംഭിച്ചത്. 50 വർഷം കഴിഞ്ഞിട്ടും എങ്ങുമെത്താത്ത സ്ഥിതി ഇന്നും നിലനിൽക്കുകയാണ്. റീ-സർവ്വേ കഴിഞ്ഞ് റെക്കോർഡുകൾ റവന്യൂ ഭരണകൂടത്തിന് കൈമാറിയ വില്ലേജുകളിൽ 5 ലക്ഷത്തിലധികം പരാതികളാണ് ലഭിച്ചത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സർവ്വേ അദാലത്ത് നടത്തി കുറെയധികം പരാതികൾ പരിഹരിച്ചുകൊടുത്തു. ആധുനിക രീതിയിൽ റവന്യൂ രേഖകൾ സംരക്ഷിക്കുന്ന സംസ്ഥാനങ്ങളിൽ നേരിട്ടുപോയി പഠനം നടത്താൻ നിയമസഭാ സമിതിതന്നെ തീരുമാനമെടുത്തു. ആ സമിതിയിൽ ബഹുമാനപ്പെട്ട അങ്ങും അംഗങ്ങളായിരുന്ന സർവ്വശ്രീ പി. ബി. അബ്ദുൽ റസ്സാക്ക്, എ. പ്രദീപ്കുമാർ, വി. പി. സജീന്ദ്രൻ, എൻ. ഷംസുദ്ദീൻ എന്നിവരും കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാറും ഈ സഭയിലെയും അംഗങ്ങളാണ്. 1965 മുതൽ 2013 വരെ 863 വില്ലേജുകളുടെ റീ-സർവ്വെ മാത്രമാണ് പൂർത്തീകരിക്കാൻ കഴിഞ്ഞിരുന്നത്. ബാക്കിയുള്ള വില്ലേജുകളുടെ റീ-സർവ്വെ പൂർത്തീകരിക്കണമെങ്കിൽ അടുത്ത 60 വർഷംകൂടി വേണ്ടിവരുമെന്ന് സർവ്വെ ഡയറക്ടർ റിപ്പോർട്ട് ചെയ്തു. ആ റിപ്പോർട്ട് ഈ സഭയിൽ ഞങ്ങൾ വയ്ക്കുകയും ചെയ്തു. അത് അങ്ങേയ്ക്ക് അറിയാവുന്ന കാര്യമാണ്. അതിന്റെ പൂർത്തീകരണം നടക്കണമെങ്കിൽ ഔട്ട്സോഴ്സ് ചെയ്യണമെന്ന നിർദ്ദേശം വച്ചു. അതിന് ജീവനക്കാരുടെ എതിർപ്പുണ്ടായി. ഞാൻ അവരെ വിളിച്ചുവരുത്തി ചർച്ചനടത്തി.

എന്നാൽ അതിനെ രാഷ്ട്രീയ ലക്ഷ്യത്തോടെ കണ്ട് ഔട്ട്സോഴ്സിംഗ് ഭൂതമെന്ന പേരിൽ പരിഹസിച്ചുകൊണ്ട് സെക്രട്ടേറിയറ്റിനു മുന്നിൽ ഇടതുപക്ഷ സംഘടനകൾ സമരം ചെയ്തു. 2 വർഷം കഴിഞ്ഞിട്ടാണെങ്കിലും യു.ഡി.എഫ്. സർക്കാർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തി ഔട്ട്സോഴ്സ് ചെയ്ത് പൂർത്തീകരിക്കാൻ ശ്രമം നടത്തുന്നതിൽ സന്തോഷമുണ്ട്. ഈ സഭയുടെ മുമ്പിൽ വച്ച ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അത് നിറവേറ്റാൻ പോകുന്നുവെന്ന് നയപ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുന്നതിൽ സന്തോഷമുണ്ട്.

ഭൂമിയുടെ കൈമാറ്റം നടത്തിയാൽ പോക്കുവരവുചെയ്യുന്ന കാര്യത്തിൽ ജനങ്ങൾ ഏറ്റവുമധികം ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. 2011-ൽ പാലക്കാട് ജില്ലയിലെ 17 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് നടപ്പാക്കാൻ തീരുമാനിച്ചെങ്കിലും ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞില്ല. അതിലെ അപാകതകൾ പരിഹരിച്ചുകൊണ്ട് 2015-ൽ തിരുവനന്തപുരം ജില്ലയിൽ ഓൺലൈൻ പോക്കുവരവ് നടപ്പാക്കി. കൂടാതെ 529 വില്ലേജുകളിൽ പോക്കുവരവ് ആരംഭിച്ചു, 337 വില്ലേജുകൾ ഡാറ്റാ എൻട്രി നടത്തി, 174 എണ്ണം പൂർത്തീകരിച്ചു. ഇങ്ങനെ ആകെ 1040 വില്ലേജുകളിൽ 2016 മെയ് മാസമായപ്പോൾ ഓൺലൈൻ പോക്കുവരവ് നടപ്പാക്കാൻ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞു. ബാക്കിയുണ്ടായിരുന്ന 624 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് നടപ്പാക്കാൻ അടുത്ത രണ്ട് വർഷമെടുക്കുമെന്ന് നയപ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുകയാണ്. അങ്ങനെ 624 വില്ലേജുകൾകൂടി ചേരുമ്പോൾ 1664 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. അതുപോലെ കരം ഒടുക്കുന്നത് ഓൺലൈനിലൂടെ ആക്കുമെന്ന് പറഞ്ഞിരിക്കുന്നു. യു.ഡി.എഫ്.ന്റെ ഭരണ കാലഘട്ടത്തിൽ കോട്ടയം ജില്ലയിലാണ് അതിന് ആരംഭം കുറിച്ചത്. ഓൺലൈൻ കരം ഒടുക്കുന്നതിന്റെ ആദ്യ രസീത് നൽകിയത് ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണനാണ്. അദ്ദേഹത്തിന്റെ ഭൂമിയുടെ കരം ഒടുക്കിയ ഓൺലൈൻ രസീത് കൊടുത്താണ് അതിന് തുടക്കംകുറിച്ചത്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): നിങ്ങൾക്ക് വേണ്ടപ്പെട്ടവർക്കാണല്ലോ കൊടുത്തു കൊണ്ടിരുന്നത്.

ശ്രീ. അടൂർ പ്രകാശ്: ഇപ്പോഴും അതുതന്നെ തുടരുകയാണല്ലോ. അന്നത്തെ മന്ത്രിയെന്നുള്ള നിലയിൽ ആ വേദിയിൽ വച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് കൊടുത്തുവെന്നുള്ളതാണ് അതിന്റെ സത്യാവസ്ഥ. ഓൺലൈനിലൂടെ കരം

ഒടുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാൻ അടുത്ത 2 വർഷംകൂടി വേണ്ടിവരുമെന്ന് പറയുന്നു. ഇക്കഴിഞ്ഞ 2 വർഷം നിങ്ങൾ എന്ത് ചെയ്യുകയായിരുന്നു? കഴിഞ്ഞ 2 വർഷക്കാലം ഈ സംസ്ഥാനത്തിനുവേണ്ടി ചെയ്ത കാര്യങ്ങൾ എന്തൊക്കെയാണെന്ന് നിങ്ങളൊന്ന് ആലോചിക്കണം.

ബഹുമാന്യനായ ശ്രീ. ആർ. രാജേഷ് ഇവിടെ കുറെ കാര്യങ്ങൾ പറഞ്ഞു. കോൺഗ്രസ് നേതാക്കന്മാർ ബി.ജെ.പി.യിലേയ്ക്ക് പോയെന്നൊക്കെ പറഞ്ഞ് വളരെ കാര്യമായി ഇവിടെ പ്രസംഗിക്കുകയുണ്ടായി. 2006-ൽ നിയമസഭയിൽ ഉണ്ടായിരുന്ന ശ്രീ. അൽഫോൺസ് കണ്ണന്താനം ഇപ്പോൾ എവിടെയാണ്? ശ്രീ. അൽഫോൺസ് കണ്ണന്താനത്തെ നിങ്ങളുടെ എം.എൽ.എ. ആക്കി. അദ്ദേഹത്തിന് ഇവിടെ മത്സരിക്കാൻ നിങ്ങൾ അവസരം കൊടുത്തു, അദ്ദേഹം മത്സരിച്ച് വിജയിച്ചുവന്നു. സി.പി.ഐ.(എം.)-ന്റെ എം.എൽ.എ. എന്നുള്ള നിലയിൽ ഈ സഭയിലെ അംഗമായി അദ്ദേഹം ഇവിടെ ഇരുന്നു. ഇപ്പോൾ എവിടെയാണ് പോയി ഇരിക്കുന്നത്? കാര്യങ്ങൾ പറയുമ്പോൾ എല്ലാ കാര്യങ്ങളും നോക്കണം. അല്ലാതെ എന്തെങ്കിലുമൊക്കെ വർത്തമാനം പറഞ്ഞ് രക്ഷപ്പെട്ടുപോകുകയെന്ന് പറയുന്നത് ശരിയായ കാര്യമല്ല. ഈ നയപ്രഖ്യാപനത്തിനുവേണ്ടി അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, ഇവിടെ ഗവർണർ നടത്തിയ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് സഖാവ് മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. വർത്തമാനകാല സാഹചര്യത്തിൽ മാത്രമല്ല, വ്യക്തിയെയും കുടുംബത്തെയും സമൂഹത്തെയും അടുത്ത നൂറ്റാണ്ടിന്റെ പ്രശ്നവുംകൂടി കണ്ടുകൊണ്ടാണ് കേരളത്തിലെ ഇന്നത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഭരണവുമായി മുന്നോട്ടുപോകുന്നത്. അതിന്റെ ലക്ഷ്യങ്ങളെല്ലാം പറയാൻ പറ്റില്ലെങ്കിലും സമയക്കുറവുകൊണ്ട് ചുരുക്കം ചില കാര്യങ്ങൾ ഞാൻ പറയാം. ഒന്ന്, അഴിമതിരഹിത ഭരണം. രണ്ട്, ജനപങ്കാളിത്ത വികസനം, മഹാത്മജിയുടെ ഗ്രാമസ്വരാജ് സങ്കൽപ്പങ്ങൾക്ക് സാക്ഷാൽക്കാരം. അത് വളരെ പ്രസക്തമായ ഒരു വിഷയമാണ്. കോൺഗ്രസിന്റെ സുദീർഘമായ കാലയളവിലെ ഭരണത്തിൽ നടപ്പാക്കാൻ കഴിയാത്തതുകൊണ്ട്, രാമരാജ്യവും ക്ഷേമരാഷ്ട്രവും എവിടെയെന്ന ചോദ്യം സമൂഹത്തിൽ ഉയർന്നുവന്ന സാഹചര്യത്തെത്തുടർന്നാണ് വലിയ പ്രക്ഷോഭം നമ്മുടെ രാജ്യത്തുണ്ടായത്. ജനങ്ങളുടെ നാഡീമിടിപ്പ് പരിശോധിച്ച് പരിഹരിക്കാൻ കഴിയുന്ന നിർദ്ദേശങ്ങൾ, കേരളത്തിന്റെ സംസ്കൃതിക്ക് വേണ്ടിയുള്ള പരിപാടികൾ, പ്രകൃതിയെയും മണ്ണിനെയും വായുവിനെയും സംരക്ഷിക്കാനുതകുന്ന വ്യക്തമായ ദിശാബോധം

നൽകുന്ന പദ്ധതികൾ, കേന്ദ്രത്തിന്റെ എല്ലാ ജനവിരുദ്ധ നടപടികളെയും തോൽപ്പിക്കാൻ കഴിയുന്ന നിർദ്ദേശങ്ങൾ ഇതൊക്കെയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മുഖമുദ്ര. മാനവ വികസന സൂചികയിൽ ഉയർന്ന സ്ഥാനത്ത് നിൽക്കുന്ന ഏകസംസ്ഥാനം കേരളമാണെന്ന് ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചു. നിങ്ങൾക്ക് അത് അംഗീകരിക്കാൻ കഴിയുന്നതല്ലേ? എന്തിനാണ് ഗവർണറുടെ പ്രസംഗത്തെ എതിർക്കാൻ പ്രതിപക്ഷം പരിശ്രമിക്കുന്നത്? ക്രമസമാധാന പാലനത്തിൽ കേരളത്തെ മികച്ച സംസ്ഥാനമായി ഇന്ത്യാ ടുഡേ തെരഞ്ഞെടുക്കുകയുണ്ടായി. ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനം കേരളമാണെന്ന് സെന്റർ ഫോർ മീഡിയാ സ്റ്റഡീസ് നടത്തിയ പഠനത്തിൽ രേഖപ്പെടുത്തി. പബ്ലിക് അഫയേഴ്സ് സെന്റർ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ പൊതുകാര്യ സൂചികയിൽ കേരളം മുന്നിലാണെന്ന് പ്രഖ്യാപിച്ചു. പോലീസ് എക്സലൻസ് അവാർഡ് കേരള പോലീസ് കരസ്ഥമാക്കി. വയോജന ശ്രേഷ്ഠ അവാർഡ് കേരളത്തിന് ലഭിച്ചു. പട്ടികജാതി പട്ടികവർഗ്ഗ ഗോത്ര വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായി വിഹിതം നീക്കിവച്ച

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം. ഭാരതത്തിലെ ട്രാൻസ്ജെൻഡർ നയമുള്ള ആദ്യ സംസ്ഥാനം. ഏറ്റവും കുറഞ്ഞ ശിശുമരണ നിരക്ക്, ഉയർന്ന ലിംഗാനുപാതം, ഉയർന്ന ആരോഗ്യ സൂചിക, സൗജന്യ ആരോഗ്യ ചികിത്സാ സംവിധാനം, ഗ്രാമങ്ങളിലെ ആധുനിക പാതകൾ എന്നീ ഇനങ്ങളിലൊക്കെ കേരളം മുൻപന്തിയിലായി. ഇത് നിങ്ങൾക്ക് എതിർക്കാൻ കഴിയുന്ന കാര്യമാണോ? പ്രതിപക്ഷം നിർവ്വഹിക്കേണ്ട കടമ നിറവേറ്റാതെ രാഷ്ട്രീയമായി കാണുന്ന നിലപാടിൽനിന്ന് നിങ്ങൾ മാറേണ്ടതുണ്ട് എന്ന് അറിയിക്കാനാണ് ഇക്കാര്യങ്ങൾ സൂചിപ്പിച്ചത്.

പോലീസ് സേനയിൽ വനിതകൾക്ക് ഇരുപത്തിയഞ്ച് ശതമാനം വർദ്ധനവാണ് ലഭിക്കുന്നത്. ക്ഷേത്രങ്ങളിൽ പൂജാരികളായി എസ്.സി. വിഭാഗങ്ങൾക്കുകൂടി കടന്നുവരാൻ അവസരമുണ്ടാക്കി, അതൊരു പാരമ്പര്യമാണ്. ദൈവ വിശ്വാസികൾ അല്ലെങ്കിൽപ്പോലും സഖാവ് പി. കൃഷ്ണപിള്ളയുടെയും എ.കെ.ജി.യുടെയും കേളപ്പജിയുടെയും നേതൃത്വത്തിൽ വിശ്വാസികൾക്ക് ക്ഷേത്ര പ്രവേശനം ലഭ്യമാകുന്നതിനുവേണ്ടി ഗുരുവായൂർ അമ്പലത്തിൽ വലിയ പ്രക്ഷോഭങ്ങൾ നടന്നിരുന്നു. അതിന്റെ തുടർച്ചയെന്ന നിലയ്ക്കാണ് ആ സമീപനം കേരളത്തിലെ ഇന്നത്തെ ഗവൺമെന്റ് സ്വീകരിച്ചത്. അതിനെ നിങ്ങൾക്ക് അംഗീകരിക്കാൻ കഴിയില്ലേ? കൃഷ്ണപിള്ളയെയും എ.കെ.ജി.യെയും ഒരുപക്ഷെ

നിങ്ങൾക്ക് മറക്കാൻ കഴിയുമായിരിക്കും. കേളപ്പജിയെ നിങ്ങൾ മറക്കുമോ? അതിന്റെ തുടർച്ചയെന്ന നിലയ്ക്ക് നിലപാട് സ്വീകരിച്ചാൽ അത് നല്ലതായി എന്നുപറയാനുള്ള ഒരു രാഷ്ട്രീയബോധം ഈ ചർച്ചയിൽ ഉയർത്തേണ്ടതായിരുന്നില്ലേ?

വരുംതലമുറയ്ക്ക് വേണ്ടിയുള്ള നാല് മിഷനുകളുണ്ട്. അതിൽ ഒന്നാമത്തെ കാര്യമാണ് വീട്. വീട് എന്നത്, വീടില്ലാത്തവർക്ക് അത് സ്വപ്നത്തിലൂടെ മാത്രമേ കണ്ടെത്താൻ കഴിയുകയുള്ളൂ. വീട് എന്ന ഒരു സ്വപ്നസാക്ഷാൽക്കാരത്തിനുവേണ്ടി ലക്ഷം വീട് എന്ന പദ്ധതി കേരളത്തിൽ പ്രാവർത്തികമാക്കിയത് സഖാവ് എം.എൻ. ഗോവിന്ദൻ നായർ ഭവനനിർമ്മാണ വകുപ്പ് കൈകാര്യം ചെയ്തപ്പോഴാണ്. "പാമ്പുകൾക്ക് മാളമുണ്ട്, പറവകൾക്കാകാശമുണ്ട്, മനുഷ്യപുത്രന് തലചായ്ക്കാൻ മണ്ണിലിടമില്ല". കേരളത്തിൽ വീടില്ലാത്ത എല്ലാവരുടെയും പ്രശ്നം പരിഹരിക്കുമെന്ന നിലപാട് സ്വീകരിച്ച് മുന്നോട്ടുപോകും, അഞ്ചുവർഷംകൊണ്ട് അതിന് പരിഹാരമുണ്ടാക്കും എന്ന് ഇന്നത്തെ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. അതിനോട് നിങ്ങൾക്ക് യോജിക്കാൻ കഴിയില്ലേ? ഞങ്ങൾക്കൂടി അതിലുണ്ടെന്ന് പ്രഖ്യാപിക്കുകയല്ലേ ഒരു ഉത്തരവാദപ്പെട്ട പ്രതിപക്ഷ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ ചുമതല? വീടില്ലാത്തവർ വീടില്ലാത്ത നില പിന്നിട്ട സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ മറ്റിതര സംസ്ഥാനങ്ങളിലെ ജനങ്ങളെപ്പോലെതന്നെ കേരളത്തിലെയും മക്കൾ പോകട്ടെയെന്ന ആഗ്രഹമാണോ നിങ്ങൾ പ്രകടിപ്പിക്കുന്നത്? ചിന്തിക്കണം, ഈ നിയമസഭയ്ക്കകത്ത് നടക്കുന്ന ചർച്ചകളിലും പ്രസംഗങ്ങളിലും മാറ്റം അനിവാര്യമാണ്; അത്തരത്തിലൊരു നിലപാട് സ്വീകരിക്കാൻ നിങ്ങൾക്ക് കഴിയേണ്ടതുണ്ട്. തീർച്ചയായും അതൊരു മുന്നണിയുടെ സമീപനമല്ല. ഈ നാട്ടിലെ ജനങ്ങളുടെ പിന്തുണയോടെ നടപ്പിലാക്കാൻ തീരുമാനിച്ച ഒരു പദ്ധതിയാണ്.

'ആർദ്രം' പദ്ധതിയിലൂടെ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകയാണ്. ചികിത്സ ഇന്ന് ഏറെ വിദൂരതയിലാണ്. സങ്കൽപ്പിക്കാൻ കഴിയാത്ത ചികിത്സാച്ചെലവുകൾ വരുന്നു, ജീവിത ശൈലിയുമായി ബന്ധപ്പെട്ട രോഗങ്ങളുടെ കാഠിന്യവുമുണ്ട്. ഡോക്ടർമാരുടെ സാമീപ്യം ലഭ്യമാക്കി ആരോഗ്യമുള്ള പുതിയ തലമുറയെ സൃഷ്ടിക്കുകയെന്നതാണ് ആർദ്രം പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

ഹരിത കേരളം മിഷനുമായി ബന്ധപ്പെട്ട് വിശദമായ വാദപ്രതിവാദങ്ങൾ ഇവിടെ നടന്നു. അതിനെ നിങ്ങൾക്ക് അനുകൂലിക്കാൻ കഴിയില്ലേ? ഒരു പുതിയ

നാട്, ഒരു പുതിയ സമൂഹമെന്ന ചിന്ത; മണ്ണിനെയും വായുവിനെയും ജലത്തെയും മാറ്റേണ്ടതുണ്ട്, ജലം സംരക്ഷിക്കപ്പെടേണ്ടതുണ്ട് എന്ന തിരിച്ചറിവോടെയാണ് ആ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. മലിനപ്പെട്ട മനസ്സും മലിനപ്പെട്ട നാടുമല്ല മാറേണ്ടത്? മാലിന്യമില്ലാത്ത മനസ്സും മാലിന്യമില്ലാത്ത കേരളവും പടുത്തുയർത്തുന്നതിനുവേണ്ടിയാണ് ആ പദ്ധതി കൊണ്ടുവന്നത്. പ്ലാസ്റ്റിക്, മറ്റിതര മാലിന്യങ്ങൾ എന്നിവയിൽ നിന്നും പുഴകളെയും നദികളെയും തോടുകളെയും നമ്മുടെ പരിസര പ്രദേശങ്ങളെയുമെല്ലാം വൃത്തിയാക്കുന്നതിനും ശുദ്ധീകരിക്കുന്നതിനുമുള്ള പദ്ധതിയാണത്.

ജൈവകൃഷി പ്രോത്സാഹിപ്പിച്ച് മാരകവിഷം കലർന്ന ഭക്ഷണസാധനങ്ങൾ നമ്മുടെ സംസ്ഥാനത്തേയ്ക്ക് കടന്നുവരുന്നതിനെ പ്രതിരോധിച്ചുകൊണ്ട് വരുംതലമുറയെ സംരക്ഷിക്കാനുള്ള ബാധ്യത നമ്മളിലാണ് എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് കാർഷികരംഗത്ത് പരിപാടികൾ ആവിഷ്കരിച്ചു കൊണ്ടിരിക്കുന്നത്. നിങ്ങൾ എന്തുകൊണ്ടാണ് ആ സാഹചര്യത്തെ എതിർക്കുന്നത്? വീണ്ടും വിഷം ഭക്ഷിക്കുന്ന നിലയിലേയ്ക്ക് നമ്മുടെ തലമുറയെ മാറ്റണോ? പുതിയ തലമുറയെ സംരക്ഷിക്കാനുള്ള ബാധ്യത നമുക്കില്ലേ? ഇടതുപക്ഷമെന്നോ വലതുപക്ഷമെന്നോ വ്യത്യാസമില്ലാതെ അതിനോട് ഞങ്ങൾ യോജിക്കുന്നു എന്ന് ഇതുവരെ സംസാരിച്ച ആരുംതന്നെ പറഞ്ഞതായി ഞാൻ കേട്ടില്ല. അങ്ങനെയൊരു സമീപനമല്ലേ നിങ്ങളിൽനിന്ന് ഉയർന്നുവരേണ്ടത്; അതല്ലേ കേരളം ആഗ്രഹിക്കുന്നത്?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ബഹുമാന്യനായ മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ 47 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം ഇന്നലെ നിർവ്വഹിക്കുകയുണ്ടായി. അതൊരു പുതിയ സംവിധാനമാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണമെന്ന് പറഞ്ഞാൽ കേരള രൂപീകരണത്തിനുശേഷം നടന്ന ഒരു മാറ്റമാണ്. ജാതിയുടെയും മതത്തിന്റെയും പണത്തിന്റെയും അടിസ്ഥാനത്തിൽ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉയർന്നുവരുന്നു, പ്രത്യേകിച്ച് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ഇന്നത്തെ ഇന്ത്യാ ഗവൺമെന്റ് ആഗ്രഹിക്കുന്നതുപോലെ നാടിനെ മതേതര മൂല്യങ്ങളെ വെല്ലുവിളിക്കുന്ന നിലയിലേയ്ക്ക് നമ്മുടെ പുതിയ തലമുറയെ വാർത്തെടുക്കുന്ന ചർച്ചകളും ചിന്തകളുമാണ് അത്തരം വിദ്യാലയങ്ങളിലൂടെ ഉയർന്നുവരുന്നത്. അതിൽ ജാതിയുടെയും മതത്തിന്റെയും അതിർവരമ്പുകളില്ലാതെ, പണത്തിന്റെ സ്വാധീനമില്ലാതെ ഇവിടെ പിറന്നുവീണ മക്കൾക്ക് പഠിക്കാനുള്ള അവസരമേകുന്ന പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. ഭരണഘടന അനുശാസിക്കുന്നതുപോലെ നമ്മുടെ തലമുറയെ വാർത്തെടുക്കുക എന്ന

സമീപനമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിനുള്ളത്. അതുകൊണ്ടാണ് കഴിഞ്ഞ വർഷം ഒന്നേകാൽ ലക്ഷം വിദ്യാർത്ഥികൾ മറ്റ് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് ഗവൺമെന്റ് എയ്ഡഡ് മേഖലയിലേയ്ക്ക് കടന്നുവന്നത്. 45000 ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുമ്പോൾ ഏതെങ്കിലും മണ്ഡലം അതിൽ ഉൾപ്പെടാതെ വന്നിട്ടുണ്ടോ? എല്ലാ വിദ്യാലയങ്ങളും അങ്ങനെ മാറ്റാനുള്ള പരിശ്രമം നടത്തുകയാണ്. എല്ലാ മണ്ഡലങ്ങളിലും അന്തർദ്ദേശീയ നിലവാരമുള്ള മികവിന്റെ കേന്ദ്രങ്ങളായി വിദ്യാലയങ്ങൾ മാറുന്നു. അതിൽ നാം ഒരുമിച്ച് നിൽക്കണം, ഒരുമിച്ച് കൈപിടിക്കണം. അതാണ് ഈ പ്രസംഗത്തിലുള്ളത്. അതിനെ എന്തുകൊണ്ടാണ് നിങ്ങൾ പിന്തുണയ്ക്കാത്തത്? അതിനെ അംഗീകരിക്കുന്നു എന്നൊരു വരിയെങ്കിലും നിങ്ങളാരെങ്കിലും പറഞ്ഞോ? ഈ നാടിനോടും കേരളത്തോടും വരുംതലമുറയോടും എന്തെങ്കിലും ബാധ്യതയുണ്ടെങ്കിൽ നിങ്ങൾ അങ്ങനെയൊരു സമീപനം കൈക്കൊള്ളേണ്ടതല്ലേ? കഴിഞ്ഞകാല പ്രസംഗങ്ങളിൽനിന്നുമാറി നിങ്ങൾക്ക് അത്തരമൊരു സമീപനമുണ്ടാകുമെന്നായിരുന്നു ഈ ജനാധിപത്യവേദിയിൽ വന്നിരുന്നപ്പോൾ എന്റെയൊരു ധാരണ. നിങ്ങൾ ആരുംതന്നെ അത് ചെയ്തില്ല. കടമകൾ വിസ്മരിച്ചുകൊണ്ട് കക്ഷിരാഷ്ട്രീയത്തിലൊതുങ്ങുന്ന പ്രവർത്തനമല്ല നടത്തേണ്ടത്. രാഷ്ട്രീയമെന്നത് രാഷ്ട്രസംബന്ധിയായ പ്രശ്നമാണ്. അത് കൈകാര്യം ചെയ്യാനുള്ള സംവിധാനമാണ് നിങ്ങൾ ഉയർത്തിക്കൊണ്ടുവരേണ്ടത് എന്നാണെനിക്ക് സൂചിപ്പിക്കാനുള്ളത്.

ഇന്നലെ സംസ്ഥാന വ്യാപകമായി ഒരു പണിമുടക്ക് നടന്നു. ഐ.എൻ.റ്റി.യു.സി. അതിൽ പങ്കെടുത്തിട്ടുണ്ട്. നേരത്തെ ഐ.എൻ.റ്റി.യു.സി.യും ബി.എം.എസ്.ഉം ഈ പ്രക്ഷോഭങ്ങളിൽ പങ്കെടുക്കാറുണ്ടായിരുന്നു. ഡീസൽ, പെട്രോൾ ഇന്ധനവില വർദ്ധിപ്പിക്കുന്നതിന് ആരാണ് കളമൊരുക്കിയത്? കോൺഗ്രസ് എടുത്തൊരു നിലപാടിന്റെ ഭാഗമായി ഇന്ന് അതൊരു പരിസമാപ്തിയിലേയ്ക്ക് എത്തുകയാണ്. കോൺഗ്രസ് തുടങ്ങി വച്ചതാണ്. ഡീസലിന്റെയും പെട്രോളിന്റെയും ഗ്യാസിന്റെയുമൊക്കെ നിയന്ത്രണം എടുത്തുകളഞ്ഞത് കോൺഗ്രസ്സാണ്. അതൊരു സുപ്രഭാതത്തിൽ ഉണ്ടായതല്ല. സ്വതന്ത്ര ഇന്ത്യയിൽ നേടിയ എല്ലാ നേട്ടങ്ങളും ഇല്ലാതാക്കിക്കൊണ്ട് വിദേശികളുടെ കൈകളിലേയ്ക്ക് ഏൽപ്പിച്ചുകൊടുക്കുകയാണ്. രാജ്യരക്ഷയ്ക്കുവേണ്ടി അഭിമാനപൂർവ്വം പറയുന്ന കോൺഗ്രസ്സും ബി.ജെ.പി.യും പറയട്ടെ. നമ്മുടെ രാജ്യരക്ഷയ്ക്കുവേണ്ടി ആയുധം നിർമ്മിക്കുന്ന ആയുധശാല സ്വകാര്യ മേഖലയ്ക്ക് ഏൽപ്പിച്ചുകൊടുക്കാൻ, വിദേശ മുതലാളിക്ക് ഏൽപ്പിച്ചുകൊടുക്കാൻ തീരുമാനിച്ചത് കോൺഗ്രസ്സാണ്. ഇപ്പോഴത് ബി.ജെ.പി.-യും നടപ്പാക്കുന്നു. ഭാരതാംബയ്ക്കുവേണ്ടി അഭിമാനപൂർവ്വം പറയുന്ന ബി.ജെ.പി.-യും അത് അമേരിക്കക്കാരെ ഏൽപ്പിച്ച

കൊടുത്തിരിക്കുകയാണ്. സാർവ്വദേശീയ തലത്തിൽ കോൺഗ്രസ്സെടുത്ത നിലപാടിൽ വന്നൊരു മാറ്റത്തിന്റെ വസ്തുതകൂടി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അറിയണം. നമ്മുടെ സമീപത്താണ് ഡീഗോ ഗാർഷ്യ ദ്വീപ്. ഇന്ന് ഡീഗോ ഗാർഷ്യ ദ്വീപ് അമേരിക്കയുടെ ആയുധ താവളമാണ്. എ.ഐ.എസ്.എഫ്.-ന്റെയും എ.ഐ.വൈ.എഫ്.-ന്റെയും ഡി.വൈ.എഫ്.ഐ.-യുടെയും എസ്.എഫ്.ഐ.-യുടെയും പ്രവർത്തകർ ഏറെക്കാലം സമരം ചെയ്തതാണ്. നമ്മുടെ വിദേശരംഗത്ത് കോൺഗ്രസ് എടുത്ത മാറ്റത്തെത്തുടർന്നാണ് ഇന്ന് ഡീഗോ ഗാർഷ്യ ദ്വീപ് അമേരിക്കയുടെ ആയുധ താവളമാക്കി മാറ്റിയത്. എവിടെയാണ് നിങ്ങളുടെ രാജ്യസ്നേഹം? ബി.ജെ.പി. ഭാരതാംബയ്ക്കുവേണ്ടി പറയുകയാണല്ലോ. അമേരിക്ക അവിടെനിന്ന് ഒരു ഐ.സി.ബി.എം. മിസൈൽ വിട്ടാൽ നമ്മുടെ നിയമസഭയ്ക്കകത്തോ ഈ പരിസരത്തോ അതെത്തിച്ചേരാൻ 20 മിനിട്ട് മതി. അതാണ് രാജ്യത്തുവന്ന മാറ്റം. അതിൽനിന്ന് കോൺഗ്രസ്സിന് പിന്മാറാൻ കഴിയുകയില്ലെന്ന വസ്തുനിഷ്ഠ രാഷ്ട്രീയ സാഹചര്യം നിലനിൽക്കുമ്പോഴാണ് ഇതിന് പരിഹാരമായി ഇതാ കേരളമുണ്ട് എന്ന് കാണിച്ചുകൊണ്ട്, അത്തരമൊരു നില സ്വീകരിച്ചുകൊണ്ട്, പുതിയൊരു കാഴ്ചപ്പാടോടുകൂടി കേരളം മുന്നോട്ടുപോകുന്നത് എന്നുകൂടി ഇതിന്റെ ഭാഗമായി ഞാൻ സൂചിപ്പിക്കട്ടെ.

കോൺഗ്രസിന്റെ പതനത്തിന്റെ തുടർച്ച എന്ന നിലയ്ക്ക് ഒരു കാര്യംകൂടി സൂചിപ്പിക്കാനുണ്ട്. കഴിഞ്ഞ 20 മാസത്തിനിടയ്ക്ക് നടന്ന എല്ലാ ഉപതെരഞ്ഞെടുപ്പുകളിലും വലിയ ഭൂരിപക്ഷമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഉണ്ടാക്കിയത്. എന്റെ പ്രിയ സുഹൃത്ത് ശ്രീ. കെ. എൻ. എ. ഖാദർ ഇവിടെ ജയിച്ചുവന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ ഭൂരിപക്ഷം എത്രയാണ് കുറഞ്ഞതെന്ന് അദ്ദേഹംതന്നെ പറയുന്നതായിരിക്കും. അത് അദ്ദേഹത്തിന്റെ കുഴപ്പമല്ല. കേരളത്തിന്റെ ജനചിന്തയിൽ വന്ന മാറ്റത്തിന്റെ ഭാഗമാണ്. തീർച്ചയായും ജനങ്ങൾ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ എങ്ങനെ നോക്കിക്കാണുന്നു എന്നതിന്റെ തെളിവാണ് ഇതെന്ന് സൂചിപ്പിച്ചുകൊണ്ട്, ഒരിക്കൽക്കൂടി ഈ പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ നിർത്തട്ടെ. നമസ്കാരം.

3.54 PM]

ശ്രീ. കെ. എൻ. എ. ഖാദർ: സർ, നയപ്രഖ്യാപന പ്രസംഗത്തിന് അവതരിപ്പിച്ച ഈ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. നയപ്രഖ്യാപനം വായിച്ചതും വായിക്കാത്തതും മുഴുവനായി കേട്ടാൽ കേരളത്തിന്റെ തനതായ കുറെ പ്രത്യേകതകൾ അതിൽ എടുത്തുപറഞ്ഞിട്ടുണ്ടെന്നത് ശരിയാണ്. മാനവ വികസന സൂചിക, സാക്ഷരത, ക്രമസമാധാനം, ഇന്റർനെറ്റ് സൗകര്യം, ട്രാൻസ്ജെൻഡർ നയം, അതുപോലുള്ള കേരളത്തിന്റെ പ്രത്യേകതകളുടെ പ്രഥമ സ്ഥാനങ്ങളുടെ പട്ടിക അനന്തമാണെന്ന് ഈ രേഖയിൽ പറഞ്ഞിട്ടുണ്ട്. പക്ഷേ അതും ഇടതുപക്ഷ

ജനാധിപത്യ മുന്നണിയുടെ കഴിഞ്ഞ ഒന്നര വർഷക്കാലത്തെ ഭരണവും തമ്മിൽ യാതൊരു ബന്ധവുമില്ല. അത് പൊതുവായി കേരളത്തിന് മൊത്തത്തിൽ അവകാശപ്പെട്ട സവിശേഷതകളാണ് എന്നാണെനിക്ക് തോന്നുന്നത്. അതുപോലെതന്നെ സുസ്ഥിര വികസനത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. സുസ്ഥിര വികസനം എന്ന സിദ്ധാന്തം മുന്നോട്ടുവച്ചത് 1984-ൽ ഐക്യരാഷ്ട്ര സഭ നിയോഗിച്ച ബ്രണ്ട്‌ലന്റ് കമ്മീഷനാണ്. ബ്രണ്ട്‌ലന്റ് കമ്മീഷൻ പറഞ്ഞ sustainable development -ന്റെ നിർവ്വചനം, " sustainable development is the development that meets the need of the present without compromising the ability of the future generations to meet their need" എന്നാണ്. അതിന്റെ മൂന്ന് അസ്ഥിവാരങ്ങൾ എന്നുപറയുന്നത് Economic growth, Environmental protection, Social equality എന്നിവയാണ്. ഈ മൂന്ന് സംഗതികളില്ലാതെ എങ്ങനെയാണ് sustainable development ഇവിടെ നടക്കുന്നതെന്ന് പറയാൻ സാധിക്കുക? സമയമില്ലാത്തതുകൊണ്ട് ഞാൻ അതൊന്നും വിശദീകരിക്കുന്നില്ല.

ജി.എസ്.ടി., നോട്ട് നിരോധനം തുടങ്ങിയവമൂലം തൊഴിലില്ലായ്മ വർദ്ധിച്ചുവരികയാണെന്ന് നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുണ്ട്. അതുപോലെ വിലവർദ്ധനവിനെക്കുറിച്ചും ശാസ്ത്ര സാങ്കേതികവിദ്യയുടെ വികാസത്തെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. ശാസ്ത്ര സാങ്കേതികവിദ്യയുടെ വികാസത്തെ ശരിയായി പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടുണ്ടോ എന്ന കാര്യം ഇതിൽ കാണുന്നില്ല. നേരെമറിച്ച് ശാസ്ത്ര സാങ്കേതികവിദ്യയുടെ വികസനത്തിന്റെ പങ്കിനെക്കുറിച്ച് അതുല്യഭഞ്ജകം എന്നാണ് പറഞ്ഞിട്ടുള്ളത്. അതുല്യഭഞ്ജകം എന്നതിന്റെ ഇംഗ്ലീഷ് വാക്ക് നോക്കിയപ്പോൾ unique disruptor എന്നാണ് കണ്ടത്. അത് ഒഴിവാക്കാനാകാത്ത ഒരു സംഗതിയാണെന്നേ പറഞ്ഞിട്ടുള്ളൂ. അത് ഇവിടെ ഏത് വിധത്തിലാണെന്ന് പറഞ്ഞിട്ടില്ല. ഇതിനകത്ത് 'ഒരു നവലോകത്തിലേയ്ക്ക് ഉൽക്കർഷേച്ഛാപൂർവ്വവും ധീരവുമായ ഒരു ചുവടുവയ്പ് എന്റെ സർക്കാർ നടത്തുന്നതാണ് എന്നുപറഞ്ഞിട്ടുണ്ട്. ആ നല്ല ദിവസത്തിനുവേണ്ടി ഞാൻ കാത്തിരിക്കുകയാണ്. പുതിയൊരു ചുവടുവയ്പ് നടത്തുമെന്ന് പറഞ്ഞിട്ടുണ്ട്. അത് എന്നാണെന്ന് പറഞ്ഞിട്ടില്ല.

കേരളത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ബഹുമാനപ്പെട്ട ശ്രീ. സീതാറാം യെച്ചൂരി പറഞ്ഞത്, ഇതൊരു ആൾട്ടർനേറ്റീവ് ഗവൺമെന്റാണെന്നാണ്. ഒരു ബദൽ സാമ്പത്തികനയവും ബദൽ രാഷ്ട്രീയവുമാണ് ഈ ഗവൺമെന്റിനെ നയിക്കുന്നതെന്നാണ് അദ്ദേഹം പറഞ്ഞത്.

ആ രണ്ട് സംഭവങ്ങളും ഉണ്ടായില്ലെന്ന് മാത്രമല്ല ഈ ഗവൺമെന്റിനെക്കാൾ നല്ലത് ത്രിപുരയിലെ ശ്രീ. മണിക് സർക്കാരിന്റെ ഗവൺമെന്റാണെന്ന് അദ്ദേഹം പറഞ്ഞതായി പത്രത്തിൽ കാണുകയുണ്ടായി. അതുപോലെ അദ്ദേഹം പറഞ്ഞ മറ്റുചില കാര്യങ്ങളുണ്ട്. അതെല്ലാം ഇവിടെ പറയണമെന്ന് ഞാനാഗ്രഹിക്കുന്നില്ല. നിങ്ങൾക്ക് നന്നായി അറിയാവുന്ന സംഗതികളാണ്. അദ്ദേഹത്തിന്റെ ഇപ്പോഴത്തെ നിൽപ്പുകണ്ട്, "ഈ യുദ്ധഭൂമിയിൽ ആയുധമില്ലാതെ അർജ്ജുനൻ നിൽക്കുന്നു" എന്ന് വയലാർ രാമവർമ്മ എഴുതിയതാണ് എനിക്ക് ഓർമ്മ വരുന്നത്. അർജ്ജുനൻ അപ്പുറത്ത് കണ്ടത് ബന്ധുമിത്രാദികളെയും പിതാമഹൻമാരെയും പ്രപിതാമഹൻമാരെയുമായിരുന്നു. അതുകൊണ്ട് കുറച്ചു ദിവസം അദ്ദേഹമൊന്ന് മടിച്ചുനിന്നു. എവിടെനിന്ന് കിട്ടിയ ഉപദേശം കൊണ്ടാണെന്നറിയില്ല അദ്ദേഹമിപ്പോൾ എന്തായാലും അമ്പെയ്യാൻ തുടങ്ങിയിട്ടുണ്ട്. ആയുധം താഴെവയ്ക്കുക എന്നുള്ളത് മാറ്റി ആയുധം കയ്യിലെടുക്കാനും അധർമ്മത്തെ സംഹരിക്കാനും അദ്ദേഹം ഇപ്പോഴെങ്കിലും തീരുമാനിച്ചത് നല്ല കാര്യമായിട്ടാണ് എനിക്ക് തോന്നുന്നത്. സി.പി.ഐ.-ക്കാരനായ സ്നേഹിതൻ ശ്രീ. ഇ. കെ. വിജയൻ എന്റെ ഭൂരിപക്ഷത്തെക്കുറിച്ച് ചോദിച്ചു. അതറിയാൻ ഇന്റർനെറ്റിൽ നോക്കിയാൽ മതി. ഞാനതിന് സമയം കളയുന്നില്ല.

1964-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്) ഉണ്ടാകുമ്പോൾ 32 പേരാണ് ഇറങ്ങിപ്പോയതെന്നാണ് ചരിത്രം. ആ 32 പേരിൽ ഒരാൾ നമ്മുടെ ഭരണപരിഷ്കാര കമ്മീഷൻ ചെയർമാൻ ശ്രീ. വി. എസ്. അച്ചുതാനന്ദനായിരുന്നു. ഇപ്പോൾ കുറച്ചുദിവസം മുമ്പ് വേറൊരു 31 പേരും ശ്രീ. വി. എസ്. അച്ചുതാനന്ദനുംകൂടി നയപരമായ വിഷയങ്ങളിൽ ശ്രീ. സീതാറാം യെച്ചൂരിയുടെ പക്ഷത്തുചേർന്ന് തിരിച്ചു കയറിപ്പോകുന്നതാണ് നമ്മൾ കണ്ടത്. ശ്രീ. സീതാറാം യെച്ചൂരി അവതരിപ്പിച്ച രേഖ ഏതാണ്ട് സി.പി.ഐ.-യുടെ ദേശീയ കൗൺസിൽ പ്രമേയത്തിന് സമാനമാണ്. ആ രേഖയോട് യോജിച്ചുകൊണ്ട് കോൺഗ്രസുമായി ഒരു മൃദുല സമീപനം സ്വീകരിച്ചതുകൊണ്ടാണ് 32 പേർ ഇറങ്ങിപ്പോയി മറ്റൊരു പാർട്ടിയുണ്ടാക്കിയത്. കോൺഗ്രസ്സുമായുള്ള ഒരു മൃദുല സമീപനത്തെക്കുറിച്ച് ശ്രീപദ് അമൃത് ഡാങ്കെ പറഞ്ഞതാണ് പിളർപ്പിന്റെ ഒരു കാരണം. ആ മൃദുല സമീപനമാണ് ഇനി ആവശ്യമുള്ളതെന്ന് പറഞ്ഞ് അന്നും ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ കൂടെ 32 പേരുണ്ടായിരുന്നു. ഇപ്പോഴും അദ്ദേഹമടക്കം 32 പേരുണ്ട്. നട്ടപ്പോഴും ഒരു കുട്ട, കൊയ്തപ്പോഴും ഒരു കുട്ട എന്നുപറഞ്ഞതു പോലെയാണ് അദ്ദേഹത്തെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നത്.

4.00 PM]

സി.പി.ഐ.-ക്കാരായ സ്നേഹിതന്മാർ ഒപ്പനയിലെ മണവാട്ടി ഇരിക്കുന്നതുപോലെയാണ് ഈ മന്ത്രിസഭയിൽ ഇരിക്കുന്നത്. പ്രത്യേകിച്ച് ഒന്നും ചെയ്യാൻ വയ്യ, ചിരിച്ചങ്ങനെ ഇരുന്നാൽ മതി. ബാക്കി കളിയൊക്കെ മറ്റുള്ളവർ നടത്തിക്കൊള്ളും. ദേശീയ കൗൺസിൽ പ്രമേയം നടപ്പിലാക്കിയാൽ മതിയെന്നാണ് എനിക്കെന്റെ പഴയ സ്നേഹിതന്മാരോട് പറയാനുള്ളത്. ഈ സമരത്തിൽ നിങ്ങളുടെ സ്വാഭാവികമായ പാർട്ട്ണർ കോൺഗ്രസ്സാണ്. കോൺഗ്രസ്സിന്റെ കുറ്റമാണ് ഇപ്പോൾ അധികവും പറയുന്നത്. ശ്രീ. ഒ. രാജഗോപാലൊക്കെ ഇരിക്കുന്ന സ്ഥലത്ത്, ഒരേ വിഷയത്തിൽ ഒരുമിച്ച് നിൽക്കുന്നവരായ നമ്മൾ രണ്ടുകൂട്ടരുംകൂടി ഇങ്ങനെ തർക്കിച്ച് അദ്ദേഹത്തിന്റെ മുമ്പിൽ നമ്മുടെ മതേതരശക്തികളുടെ ദൗർബല്യം പ്രകടിപ്പിക്കണമോ എന്നെനിക്ക് ബലമായ സംശയമുണ്ട്. 6427 ജാതികളും 1300 മൊഴികളും 29 സംസ്ഥാനങ്ങളും 7 യൂണിയൻ ടെറിട്ടറികളുമുള്ള ഒരു മഹാരാജ്യമാണ് ഇന്ത്യ. എല്ലാ സംസ്ഥാനങ്ങളിലും എല്ലാ പ്രദേശങ്ങളിലും സംഘപരിവാർ വളരെ ശക്തമാണ്. ജോർജ് ദിമിത്രോവിന്റെ ഐക്യമുന്നണി വേണമെന്നേ ഞങ്ങൾ പറയുന്നുള്ളൂ. ജോർജ് ദിമിത്രോവാണ് ഫാസിസത്തിനെതിരെ വിശാലമായ ഒരു മഹാസഖ്യം വേണമെന്ന് പറഞ്ഞത്. അത് വേണമെന്നേ നമ്മൾ പറയുന്നുള്ളൂ. കമ്മ്യൂണിസ്റ്റുകാരായ ഇടതുപക്ഷക്കാർക്ക് ഫാസിസ്റ്റ് വിരുദ്ധസമരത്തിൽ ഒരു പങ്കുമില്ലെന്ന് ഞങ്ങളാരും പറഞ്ഞില്ല, ഞാനെന്തായാലും പറയില്ല, പക്ഷേ റോളുണ്ട്. But it is not a major role. ഒരു മേജർ റോൾ വഹിക്കാൻ കഴിയാത്ത സഹചര്യത്തിൽ ഓരോ പാർട്ടിക്കും നൂറു ശതമാനം സ്വീകാര്യരായെങ്കിൽ മാത്രമേ നമുക്ക് ഈ സമരത്തിൽ അണിനിരക്കാൻ സാധിക്കുകയുള്ളൂവെന്ന് കരുതുന്നത് ശരിയായ സമീപനമല്ല. നമ്മൾ തമ്മിൽ ചില അഭിപ്രായ വ്യത്യാസങ്ങളുണ്ടെങ്കിലും മുഖ്യശത്രുവിനെ നേരിടാൻ ഒരുമിച്ച് നിൽക്കേണ്ട സമയമാണ്. മൂന്ന് സംസ്ഥാനങ്ങളിൽ നിയമസഭാ തെരഞ്ഞെടുപ്പ് നടക്കാൻ പോകുകയാണ്. ഞങ്ങളുടെ ഗവൺമെന്റല്ല ത്രിപുര ഭരിക്കുന്നതെങ്കിലും ത്രിപുരയിലെ ഗവൺമെന്റ് ബി.ജെ.പി.-ക്ക് കിട്ടരുതെന്ന് ആഗ്രഹിക്കുന്ന ഒരാളാണ് ഞാൻ. ത്രിപുര നമുക്ക് നഷ്ടപ്പെടാനുള്ള സാധ്യതയുണ്ട്. ഇടതുപക്ഷ മുന്നണിയുടെ കയ്യിൽനിന്ന് പോയി. ഇനി അത് ബി.ജെ.പി. പിടിച്ചുകൂടായ്കയില്ല. 2019-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഒരിക്കൽക്കൂടി ശ്രീ. നരേന്ദ്ര മോദി അധികാരത്തിൽ വന്നാൽ ഇന്ത്യയിൽ വീണ്ടുമൊരു തെരഞ്ഞെടുപ്പുണ്ടാകുമെന്ന് നിങ്ങളോട് ആരാണ് പറഞ്ഞത്? I don't believe it. ചിലപ്പോൾ ഞാൻ ചിന്തിച്ചത് തെറ്റായിരിക്കാം. വീണ്ടുമൊരു തെരഞ്ഞെടുപ്പ് ഉണ്ടായിക്കൊള്ളണമെന്നില്ല. Constitution may be

amended. അതുമാറി ഒരു പ്രസിഡൻഷ്യൽ ഭരണരീതി വന്നുകൂടായ്കയില്ല, ശ്രീ. നരേന്ദ്ര മോദി പ്രസിഡന്റും ശ്രീ. അമിത്ഷാ പ്രധാനമന്ത്രിയും ആയിക്കൂടായ്കയില്ല. ഈ ബഹുകക്ഷി ജനാധിപത്യ സമ്പ്രദായം അവസാനിച്ചു കൂടായ്കയില്ല. ഇന്ന് വിനോദസഞ്ചാരത്തിനായി ഉത്തരേന്ത്യയിൽ കുടുംബസമേതം പോകാൻ നമുക്കാർക്കെങ്കിലും ധൈര്യമുണ്ടോ? നമ്മൾ പോകുമ്പോൾ തീവണ്ടിയിൽ വച്ച് ഒരു ഭക്ഷണപ്പൊതിയഴിച്ചാൽ, അതിൽനിന്ന് മാംസത്തിന്റെ ഗന്ധം വന്നാൽ പിന്നാലെ മരണത്തിന്റെ ഗന്ധം വരുന്ന സാഹചര്യമല്ലേ?അതുകൊണ്ട് ഇതൊരു മുസ്ലീം ലീഗിന്റെ പ്രശ്നമോ മുസ്ലീം പ്രശ്നമോ അല്ല. It is a political issue. ഫാസിസം മുസ്ലീങ്ങളുമായി ബന്ധപ്പെട്ട പ്രശ്നമേ അല്ല. ഇതൊരു രാഷ്ട്രീയ പ്രശ്നമാണ്. ഗൗരീ ലങ്കേഷ്, നരേന്ദ്ര ദാബോൽക്കർ, കൽബുർഗി ഇവരാരും മുസ്ലീമായിരുന്നില്ല. ആവിഷ്കാര സ്വാതന്ത്ര്യമാണ്. കൊലചെയ്യപ്പെട്ടവരും പശുവിനെ കൊണ്ടു പോയവരുമൊന്നും മുസ്ലീങ്ങളായിരുന്നില്ല. അപ്പോൾ ഇതൊരു മുസ്ലീം ഇഷ്യൂ അല്ല, മൈനോറിറ്റി ക്വസ്റ്റ്യനല്ല. It is purely a Political Question. It has to be answered. അതിനെ നേരിടേണ്ടത് അത്യാവശ്യമാണ്. ഇത് ഹിന്ദുത്വമല്ല. കോൺഗ്രസ്സിന് മൃദുഹിന്ദുത്വമാണെന്നു പറഞ്ഞാണ് എതിർക്കുന്നത്. ഫുൾ ഹിന്ദുത്വമുള്ളവരെ എതിർക്കാതെ മൃദു ഹിന്ദുത്വവാദികളെ എതിർക്കുക. ബാബ്റി മസ്ജിദ് ഡിമോളിഷൻ നടത്തിയ സമയത്ത് അത് പൊളിച്ചവരെ എതിർക്കാതെ നോക്കിനിന്നവരെ എതിർക്കുക. അതാണ് അടുത്തകാലത്തായി ഇടതുപക്ഷം സ്വീകരിക്കുന്ന നയം. യഥാർത്ഥത്തിൽ ഹിന്ദുക്കൾ ഇവിടെ ഒരു പ്രശ്നവും ഉണ്ടാക്കുന്നില്ല. ഇവിടെ ഹിന്ദുവും മുസ്ലീമും തമ്മിൽ സംഘർഷമോ തർക്കമോ ഇല്ല. ഇന്ത്യയിൽ 83 ശതമാനവും ഹിന്ദുക്കളാണ്. മഹാഭൂരിപക്ഷം വരുന്ന ഹൈന്ദവ സഹോദരന്മാരും ഇപ്പോൾ സെക്കുലറിസത്തിന്റെ പക്ഷത്താണ്. അവരൊന്നും ബി.ജെ.പി. അല്ല. ബി.ജെ.പി.-യെ എതിർത്തുകൊണ്ട് ഹിന്ദുവിനെതിരായ നിലപാട് സ്വീകരിക്കാനേ പാടില്ല. ഹിന്ദുക്കളെല്ലാം മതേതരപക്ഷത്ത് അടിയുറച്ച് നിൽക്കുന്നവരാണ്. അവരാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു മുതൽ ദേവഗൗഡ, ഗുജ്റാൾ, മൻമോഹൻ സിംഗ് വരെയുള്ള ഗവൺമെന്റുകളെ കൊണ്ടുവന്നത്. അവർക്ക് ആത്മവിശ്വാസം നൽകുന്ന വിശാലമായ ഒരു സഖ്യമുണ്ടെങ്കിലേ ഇവിടെ മാറ്റം വരികയുള്ളൂ. എന്തായാലും ബി.ജെ.പി. അധികാരത്തിൽനിന്ന് പോയാൽ പിന്നെ വരാനുള്ളത്, നിങ്ങൾക്ക് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും കോൺഗ്രസ്സാണ്. അവർ അധികാരത്തിൽ വരുന്ന സന്ദർഭത്തിൽ അതിനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കേണ്ടത് നമ്മുടെ ആവശ്യമാണ്. കോൺഗ്രസുമായി നിങ്ങൾക്ക് ഫൈറ്റുണ്ടാകും. അത് നമുക്ക് വേറെ നടത്താം. ഈ സന്ദർഭത്തിൽ ഈ പ്രതിബന്ധങ്ങളെല്ലാംകൂടി നേരിടേണ്ട ഒരു ശക്തി മറ്റ് പക്ഷങ്ങൾക്കില്ലെന്നുള്ളത് ഇടതുപക്ഷം മനസ്സിലാക്കേണ്ട ഒരു യാഥാർത്ഥ്യമാണെന്നുമാത്രമാണ് എന്റെ

കാഴ്ചപ്പാട്. ഹിന്ദുത്വത്തെയും മതങ്ങളെയുമൊക്കെ രാഷ്ട്രീയമായി പ്രയോജനപ്പെടുത്തിയിട്ടാണ് ഇന്ത്യയിൽ വർഗ്ഗീയ ഫാസിസ്റ്റ് ചിന്താഗതി അടിച്ചേൽപ്പിച്ച് ഭരണം നിലനിർത്തുന്നത്. ഇവിടെ ശ്രീ. നരേന്ദ്ര മോദിയും ശ്രീ. രാജ്നാഥ് സിംഗുമാണ് യഥാർത്ഥ ഹിന്ദുക്കളെന്ന് ഞാൻ കരുതുന്നില്ല. "ഏതൊന്നിൽ നിന്നാണോ ജീവജാലങ്ങളെല്ലാം പിറക്കുന്നത്, പിറന്നതുകൊണ്ട് അവയെല്ലാം ഏതൊന്നിലാണോ പുലരുന്നത്, പിന്നീട് അവയെല്ലാം ഏതൊന്നിലാണോ വിലയം പ്രാപിക്കുന്നത്-അതാണ് ബ്രഹ്മം" എന്നാണ് തൈത്തിരീയോപനിഷത്തിൽ പറയുന്നത്. അതുതന്നെയാണ് എല്ലാ മതസ്ഥരും പറയുന്നത്;

'അയം നിജ പരോവേതി ഗണനാലഘുചേതസാം

ഉദാരചരിതാനാംതു വസുധൈവകുടുംബകം'.

സ്വജനമെന്നും അന്യനെന്നും കാണുന്നവൻ അല്പനാണ്. എല്ലാവരെയും ഒരുപോലെ കാണുന്നവൻ ഉത്തമനാണ്. അതാണ് ഭാരതീയ സംസ്കാരം. ഭാരതീയ സംസ്കാരം ഭാരതീയ ജനതാ പാർട്ടിയുടെ സംസ്കാരമല്ല. അതുകൊണ്ട് ഭാരതീയ സംസ്കാരം ഉയർത്തിപ്പിടിക്കുന്നതിൽ തെറ്റില്ല. പക്ഷേ ഭാരതീയ ജനതാ പാർട്ടി ആ സംസ്കാരത്തെ വികലമാക്കിക്കൊണ്ടുള്ള ഒരു ഭരണമാണ് നടത്തി കൊണ്ടിരിക്കുന്നത്. ഇത് കോർപ്പറേറ്റുകളുടെ ഭരണമാണ്. സാമ്പത്തികമായി തീവ്രവലതുപക്ഷമാണ്. അത്തരത്തിൽ നമ്മളെല്ലാവരും ഒരുമിച്ചുനിന്ന് ഇതിനെ എതിർക്കേണ്ടതാണ്. കോർപ്പറേറ്റുകളും സ്റ്റേറ്റും തമ്മിലുള്ള ഒരു ടോട്ടൽ മെർജറാണ് ഫാസിസമെന്നു പറയുന്നതെന്ന് മുസോളിനി തന്നെ വ്യാഖ്യാനിച്ചിട്ടുണ്ട്. അതാണിപ്പോൾ ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്.

2016-17-ലെ ബജറ്റിൽ 6,11,000 കോടി രൂപയുടെ ടാക്സ് ഇളവ് ആയിരത്തിൽ താഴെവരുന്ന കുത്തക മുതലാളിമാർക്കാണ് കൊടുത്തത്. 2,30,000 കോടി രൂപയാണ് 130 കോടി ആളുകൾക്ക് സബ്സിഡിയായി കൊടുത്തത്. ഇപ്പോൾ ലോക സാമ്പത്തിക ഫോറം നടക്കുകയാണ്. ഓക്സ്ഫാം എന്ന സന്നദ്ധ സംഘടന ചില കണക്കുകൾ പുറത്തുവിട്ടിട്ടുണ്ട്. ആ കണക്കുപ്രകാരം 370 കോടി ആളുകളുടെ ആകെ സമ്പത്തിന് തുല്യമായ സമ്പത്ത് 42 കോടി ആളുകളുടെ കയ്യിലാണ്. വലതുപക്ഷ സാമ്പത്തിക നിലപാടുകളേയും വർഗ്ഗീയ ഫാസിസ്റ്റ് നിലപാടുകളെയും എതിർത്ത് തോൽപ്പിക്കാൻ വിശാലമായ ഒരു സഖ്യം, ആ സന്ദർഭത്തിൽ ഈ ഗവണ്മെന്റിനെക്കുറിച്ച് എനിക്ക് പറയാനുള്ളത് ഒരു പെർഫോർമൻസ് ഇല്ലാത്ത ഗവൺമെന്റ് എന്നാണ്. മുഖ്യമന്ത്രിയെ ഞാൻ കുറ്റപ്പെടുത്തുകയില്ല. അദ്ദേഹത്തിന് അനുയോജ്യരായ, എഫിഷ്യന്റായ എത്ര

സഹപ്രവർത്തകരുണ്ടെന്നുള്ളത് സംബന്ധിച്ച് ആലോചിക്കുന്നത് നല്ലതാണ്. ഇവരെയൊക്കെ വച്ച് പെർഫോർമൻസൊന്നും ഉണ്ടാകുകയില്ല. ഏതായാലും ഉൽക്കർഷേച്ഛാപൂർവ്വം ധീരതയോടുകൂടി നവലോകത്തേയ്ക്ക് ചുവടുവയ്ക്കുന്ന ആ ദിവസം വരട്ടെ, അതിനുവേണ്ടി നമുക്ക് കാത്തിരിക്കാം. പക്ഷേ ഇടതുപക്ഷത്തെ സംബന്ധിച്ചിടത്തോളം അതൊരു ഒടുക്കത്തെ ദിവസമായിരിക്കുമെന്നാണ് ഞാൻ കരുതുന്നത്. ചെങ്ങന്നൂർ തെരഞ്ഞെടുപ്പ് വരാൻ പോകുകയാണ്. മഞ്ചു വാര്യരെ സ്ഥാനാർത്ഥിയാക്കാനുള്ള സജീവമായ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു. ജൂൺ മാസത്തിൽ തെരഞ്ഞെടുപ്പാണ്. അതുംകൂടി കഴിയുമ്പോൾ എന്താകും സ്ഥിതിയെന്ന് നമുക്കറിയാം. ഏതായാലും ഈ ഗവൺമെന്റിന്റെ കാലത്ത് ഒരു മേജർ പ്രോജക്ടുണ്ടായിട്ടില്ല. അതിനെ ഒരു വീഴ്ചയായി കാണേണ്ട. ഇനിയെങ്കിലും നന്നാകാൻ നോക്കുക എന്നുമാത്രമെ എനിക്ക് പറയാനുള്ളൂ. ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു, നന്ദിപ്രമേയത്തെ എതിർക്കുന്നു.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. കെ.എൻ.എ. ഖാദർ സി.പി.ഐ.(എം)-നെ ഫാസിസത്തിന്റെ അപകടം പഠിപ്പിക്കുന്ന പ്രസംഗം നടത്തുകയുണ്ടായി. ബാബ്റി മസ്ജിദ് പൊളിച്ചവരെയും പൊളിക്കുന്നത് നോക്കിനിന്നവരെയും ഒരുപോലെയാണ് സി.പി.ഐ.(എം) അല്ലെങ്കിൽ ഇടതുപക്ഷം കാണുന്നതെന്നാണ് അദ്ദേഹം പറഞ്ഞത്. ബാബ്റി മസ്ജിദ് പൊളിച്ചതിനെത്തുടർന്നാണ് ഹൈന്ദവ വോട്ട് കേന്ദ്രീകരണമുണ്ടാക്കി ബി.ജെ.പി. അധികാരത്തിൽ വന്നത്. അതിന് കോൺഗ്രസ് കൂട്ടുനിൽക്കുകയാണ് ചെയ്തത്. മതപാതകമാണ് ചരിത്രത്തിൽ കോൺഗ്രസ്സിന്റെ ഭരണം ചെയ്തതെന്ന കാര്യം വിസ്മരിക്കരുത്. സി.പി.ഐ.(എം)-ന്റെ 216 പ്രവർത്തകരെയാണ് ബി.ജെ.പി., ആർ.എസ്.എസ്. സംഘപരിവാർ കേരളത്തിൽ കൊലപ്പെടുത്തിയിട്ടുള്ളത്. ആരാണ് യഥാർത്ഥത്തിൽ ആർ.എസ്.എസ്. ഉയർത്തുന്ന വെല്ലുവിളികളെ നേരിടുന്നതെന്നുള്ളതിന് കൂടുതൽ വിശദീകരണത്തിന്റെ ആവശ്യമില്ല. മറ്റൊരു കാര്യം, തലശ്ശേരിയിൽ വർഗ്ഗീയ കലാപമുണ്ടായപ്പോൾ പള്ളിയുടെ കാവലാളായി നിന്ന കുഞ്ഞിരാമനെ കൊലപ്പെടുത്തിയത് ആർ.എസ്.എസ്.-കാരാണ്. ആർ.എസ്.എസ്.-ന്റെ ആദ്യത്തെ കൊലപാതകം ആരംഭിക്കുന്നത് അവിടെ നിന്നാണ്. മതന്യൂനപക്ഷങ്ങളുടെ സുരക്ഷയ്ക്കും മതനിരപേക്ഷത സംരക്ഷിക്കാനുംവേണ്ടി ജീവൻകൊടുക്കുന്ന പ്രസ്ഥാനമാണ് സി.പി.ഐ.(എം) എന്ന് ഓർക്കുന്നത് നല്ലതാണ്. പള്ളി പൊളിക്കാൻ കൂട്ടുനിന്ന കോൺഗ്രസ്, ബി.ജെ.പി.യെ വളർത്താൻ എല്ലാ സഹായങ്ങളും ചെയ്ത കോൺഗ്രസുമായി കൂട്ടുകൂടിയാൽ എങ്ങനെയാണ് ജനങ്ങൾ അതിനെ വിശ്വാസത്തിലെടുക്കുക എന്നുള്ളത് മനസ്സിലാക്കേണ്ടതുണ്ട്.

വികസന രംഗത്ത് കേരളം ലോക ശ്രദ്ധയിലേയ്ക്ക് വീണ്ടും വരികയാണ്. നവകേരള സങ്കല്പം പിണറായി സർക്കാരിന്റെ തനത് സങ്കല്പമാണ്. നാല് മിഷനുകൾ ഇതിനുവേണ്ടി പ്രവർത്തിച്ചുവരികയാണ്. ഹരിത കേരളം, പാർപ്പിട മിഷൻ, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ മിഷനുകൾ പുതിയ വികസന സങ്കല്പങ്ങൾ യാഥാർത്ഥ്യമാക്കുകയാണ്. 2019 മാർച്ച് 31-നുമുമ്പ് കേരളം ഇന്ത്യയിലെ ആദ്യത്തെ ഹൈടെക് സംസ്ഥാനമായി മാറുമെന്നുള്ളത് വലിയ നേട്ടമാകും. പൊതുവിദ്യാഭ്യാസത്തിലൂടെ കേരളം മാതൃകയായിരുന്നുവെങ്കിൽ ഇപ്പോൾ പൊതുവിദ്യാഭ്യാസത്തിന്റെ ആധുനികവൽക്കരണത്തിനും മാതൃകയാകുകയാണ്. ആരോഗ്യ രംഗത്ത് കേരളം ലോകത്തിന് മാതൃകയാണ്. പക്ഷേ, ഈ രംഗത്തെ കച്ചവടവൽക്കരണത്തിലൂടെ ചില തിരിച്ചടികൾ നാം നേരിടുമ്പോഴാണ് പൊതു ആരോഗ്യത്തിന്റെ ജനകീയ ആധുനികവൽ ക്കരണത്തിലൂടെ വീണ്ടും മാതൃകയാകുന്നത്.

കാലാവസ്ഥാവ്യതിയാനം എല്ലാ രാജ്യങ്ങൾക്കും പൊതുഭീഷണിയാണ്. ചുഴലിക്കാറ്റും കൊടുങ്കാറ്റും പെരുമഴയും വരൾച്ചയും ലോകത്തെ ഭീഷണിയിലാഴ്ത്തിയിരിക്കുകയാണ്. ഇതിന് ഏക പ്രതിവിധി പരിസ്ഥിതി സന്തുലനം തിരിച്ചുകൊണ്ടുവരിക എന്നതാണ്. ഹരിത കേരളം പദ്ധതിയിലൂടെ അതിനുള്ള ശ്രമമാണ് നടത്തുന്നത്. നീർത്തട സംരക്ഷണത്തിലൂടെ പരിസ്ഥിതി സന്തുലനം നിലനിർത്താനുള്ള ശ്രമം ലോകശ്രദ്ധയാകർഷിച്ചുവരികയാണ്. എല്ലാ രാജ്യങ്ങളിലും അസമത്വം വർദ്ധിച്ചുവരികയാണ്. നവലിബറൽ സാമ്പത്തിക നയങ്ങളുടെ ഫലമായി പണക്കാർ കൂടുതൽ പണക്കാരായി മാറുന്നു. ജീവിക്കാൻ പറ്റാത്തവരുടെ എണ്ണം വർദ്ധിച്ചുവരുന്നു. ചിലർ 27 നിലകളുള്ള കെട്ടിടം പണിയുന്നു, ഭൂരിപക്ഷത്തിന്റെയും സ്വന്തം ഭവനമെന്ന സ്വപ്നം നഷ്ടപ്പെടുന്നു. ഈ പ്രശ്നം പരിഹരിക്കാൻ ഒരു ബദൽ സാമ്പത്തികനയം തന്നെ വേണം. അതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ സാമ്പത്തികനയം. അതിന്റെ ഫലമായുണ്ടായതാണ് പാർപ്പിട മിഷൻ. എല്ലാവർക്കും വീടെന്ന മനോഹര സ്വപ്നം സാക്ഷാത്കരിക്കുന്നതിനുവേണ്ടിയുള്ളതാണ് ഈ പദ്ധതി. രാജ്യം സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നീങ്ങുകയാണ്. ഉല്പാദനമേഖല തളരുകയാണ്. വ്യവസായ വളർച്ച മുരടിക്കുകയാണ്. നമുക്കൊരു ബദൽ സാമ്പത്തികരീതി വേണം. അതാണ് കിഫ്ബിയിലൂടെ നടപ്പിലാക്കാൻ ശ്രമിക്കുന്നത്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിലെ കോടിക്കണക്കിന് രൂപ ഖജനാവിന് പുറത്തുകൂടി ഉപയോഗിക്കുകയെന്ന പുതിയ രീതിയാണ് നാം സ്വീകരിക്കുന്നത്. കിഫ്ബിയിലൂടെ പതിനായിരം കോടി രൂപയാണ് നിർമ്മാണ മേഖലയിൽ അധികമായി വരിക. സർക്കാരിന്റെ എല്ലാ പദ്ധതികളിലൂടെയും

വർഗ്ഗീയതയ്ക്കെതിരായ ശക്തമായ നിലപാട് സ്വീകരിക്കാൻ ശ്രമിക്കുന്നു എന്നതാണ് മറ്റൊരു പ്രത്യേകത. എല്ലാ മേഖലകളുടെയും തനിമകളിലൂടെ ഒരു മതനിരപേക്ഷ ജനാധിപത്യ കേരളത്തെ സൃഷ്ടിക്കാനാണ് ശ്രമിക്കുന്നത്. ഇത് രാഷ്ട്രം ഇന്ന് ആഗ്രഹിക്കുന്നതാണ്.

എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് ജനങ്ങൾക്ക് കൊടുത്ത വാഗ്ദാനങ്ങൾ ഒന്നൊന്നായി നിറവേറ്റാനുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇതിലെ എല്ലാ വാഗ്ദാനങ്ങളും നിറവേറ്റാൻ നടപടി സ്വീകരിക്കുമ്പോൾത്തന്നെ പലതും ഇതിനകം പൂർത്തീകരിച്ചതായി കാണാൻ സാധിക്കും. ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്താൻ സർവ്വതല സ്പർശിയായ വികസന നയമാണ് ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുള്ളത്. അത് സാമൂഹ്യനീതിയിൽ അധിഷ്ഠിതമാണ്. വാലറ്റംവരെ വികസനമെന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. പിന്നോക്കം നിൽക്കുന്ന എല്ലാവരെയും മുന്നോക്കം കൊണ്ടു വരികയെന്നുള്ള കാഴ്ചപ്പാടോടുകൂടിയാണ് ഗവൺമെന്റ് പ്രവർത്തിക്കുന്നത്. മാതൃകാപരമായ നിരവധി വികസനങ്ങൾ നമ്മൾ രാജ്യത്തിന് സംഭാവന ചെയ്തിട്ടുണ്ട്. ഇന്ത്യയിലെ മറ്റേത് സംസ്ഥാനത്താണ് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കിയിട്ടുള്ളത്? ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയിട്ട് 70 വർഷം പിന്നിട്ടു. കേരളത്തിലാണ് ആദ്യമായി സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയിട്ടുള്ളത്. അതുപോലെ വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാനം കേരളമാണ്. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയിട്ട് 70 വർഷമായി. കോൺഗ്രസ് ദീർഘകാലം ഭരിച്ചു. ബി.ജെ.പി. ഭരിക്കുന്ന നിരവധി സംസ്ഥാനങ്ങളുണ്ട്. എവിടെയാണ് ഇത് നടപ്പാക്കിയിട്ടുള്ളതെന്ന് ഓർക്കണം.

നിരവധി വെല്ലുവിളികൾ ഈ ഗവൺമെന്റിന് നേരിടേണ്ടതായി വന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഖജനാവ് കാലിയായിരുന്നു. കരാറുകാർക്ക് നൽകാനുള്ള കോടിക്കണക്കിന് രൂപയും പെൻഷനുകളും കുടിശ്ശികയായിരുന്നു. അതെല്ലാം തീർത്തുകൊടുക്കാനുള്ള നടപടി സ്വീകരിച്ചു. നോട്ട് പ്രതിസന്ധി വന്നപ്പോൾ സഹകരണ മേഖലയെ രക്ഷിക്കാനുള്ള ധീരമായ നടപടിയാണ് നമ്മുടെ ഗവൺമെന്റ് സ്വീകരിച്ചത്. കടുത്ത വരൾച്ചയുണ്ടായപ്പോൾ അതിനെ നേരിടാനും പവർകട്ടില്ലാതെ കേരളത്തെ മുന്നോട്ടുകൊണ്ടുപോകാനും കഴിഞ്ഞു. ഓഖി ദുരന്തം വന്നപ്പോൾ മനുഷ്യസാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചത് നമുക്കറിയാം. ഗവൺമെന്റിനെക്കൊണ്ട് ചെയ്യാൻ കഴിയാവുന്ന പരമാവധി പരിശ്രമങ്ങൾ നടത്തി. ഇവ തമ്മിലുള്ള വ്യത്യാസം കാണണമെങ്കിൽ സുനാമിയെ നേരിട്ട യു.ഡി.എഫ്. സർക്കാരിന്റെ നിലപാടും ഓഖി ദുരന്തത്തെ നേരിടാനായി എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ച സമീപനവും തമ്മിൽ താരതമ്യ പഠനം നടത്തിയാൽ മാത്രം മതി. 2006-ൽ നിയമസഭാംഗമായി ഞാൻ

ഇവിടെ വന്നപ്പോൾ സുനാമി ഫണ്ട് ദുരുപയോഗം ചെയ്തതിനെയും കടലുമായി യാതൊരു ബന്ധവുമില്ലാത്ത മണ്ഡലങ്ങളിൽപ്പോലും സുനാമി ഫണ്ടുപയോഗിച്ച് വികസനം നടത്തിയതിനെയും ഫണ്ട് തിരിമറി നടത്തിയതിനെയും സംബന്ധിച്ച് നിരവധി വിമർശനങ്ങളും ചർച്ചകളും ഈ സഭയിൽ വന്ന കാര്യം ഞാൻ ഓർക്കുകയാണ്. അതുപോലെ ഷാർജയിലെ സുൽത്താൻ/ഭരണാധികാരി ഇവിടെ വന്നപ്പോൾ അദ്ദേഹവുമായി ചർച്ചചെയ്ത് ചെറിയ ചെറിയ കുറ്റങ്ങൾക്ക് ജയിലിലായ 149 തടവുകാരെ മോചിപ്പിക്കാൻ കഴിഞ്ഞുവെന്നുള്ളത് ചെറിയ കാര്യമല്ല. കേരളത്തിന്റെ മുഖ്യമന്ത്രിക്കാണ് ഇത്രയും കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞതെന്ന് നമ്മൾ ഓർക്കണം.

ക്ഷേത്രങ്ങളിൽ 62 അബ്രാഹ്മണരെ ശാന്തിമാരായി നിയമിച്ചു. ഇന്ത്യയിലെ മറ്റേത് സംസ്ഥാനത്താണ് അങ്ങനെ ചെയ്തിട്ടുള്ളത്? ബി.ജെ.പി. ഭരിക്കുന്ന ഏതെങ്കിലും സംസ്ഥാനത്തുണ്ടോ? കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനത്തുണ്ടോ? അതാണ് വ്യത്യാസമായി കാണേണ്ടത്. അതിൽ 12 പേർ എസ്.സി. വിഭാഗത്തിലുള്ളവരാണ്. വിദ്യാഭ്യാസ വായ്പയെടുത്ത് പഠിപ്പിച്ച മക്കൾക്ക് ജോലി കിട്ടാതെ കഷ്ടപ്പെടുന്ന മാതാപിതാക്കളെ സഹായിക്കാൻ ഇന്ത്യയിൽത്തന്നെ ആദ്യമായി നിയമം കൊണ്ടുവന്നത് ഇവിടെയാണ്. അപകടം സംഭവിച്ച് ആശുപത്രിയിലായാൽ പണം കിട്ടിയില്ലെങ്കിൽ പല സ്വകാര്യ ആശുപത്രികളും തിരിഞ്ഞുനോക്കുകയില്ല. എന്നാൽ ഈ ഗവൺമെന്റ് പണം വാങ്ങാതെ 48 മണിക്കൂർ ചികിത്സ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുകയുണ്ടായി. തമിഴ്നാട് സ്വദേശി മുരുകന്റെ മരണമാണ് അപകടത്തിൽപ്പെടുന്നവരെ സഹായിക്കാനുള്ള നടപടി സ്വീകരിക്കാൻ പിണറായി സർക്കാരിനെ പ്രേരിപ്പിച്ചത്. വികസനത്തിലുപരിയായി മതനിരപേക്ഷതയുടെ കാവലാളാണ് ഈ ഗവൺമെന്റ്. മതന്യൂനപക്ഷങ്ങൾക്കും ദളിതർക്കും കേരളത്തിലുള്ളതുപോലുള്ള പരിരക്ഷ ഇന്ത്യയിലെ മറ്റേത് സംസ്ഥാനത്താണുള്ളതെന്ന് നമ്മൾ പരിശോധിക്കേണ്ടതുണ്ട്.

ലോക കേരള സഭയിലൂടെ പ്രവാസികൾക്ക് അവരുടെ ദുഃഖങ്ങളും വിഷമങ്ങളും പറയാനും കേൾക്കാനും പങ്കിടാനുമുള്ള ഒരു നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്. ഇതിന്റെയൊക്കെ ഭാഗമായി ഗവൺമെന്റിനുള്ള ജനപിന്തുണ വർദ്ധിച്ചുവരികയാണ്. മലപ്പുറം ലോക്സഭാ ഉപതെരഞ്ഞെടുപ്പിലും നമ്മൾ അത് കണ്ടതാണ്. വേങ്ങര ഉപതെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.ന് പതിനായിരം വോട്ട് കുറയുകയും എൽ.ഡി.എഫ്.ന് പതിനായിരം വോട്ട് വർദ്ധിക്കുകയും ചെയ്തു. 86 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് ഉപതെരഞ്ഞെടുപ്പ് നടന്നപ്പോൾ ബി.ജെ.പി.യുടെയും കോൺഗ്രസ്സിന്റെയും പല വാർഡുകളിലും എൽ.ഡി.എഫ്. വിജയിച്ചു. 56 സീറ്റുകളിൽ എൽ.ഡി.എഫ്. ജയിക്കുന്ന ഒരവസ്ഥയുണ്ടായി. ഈ ഗവൺമെന്റിന്റെ ജനപിന്തുണ വർദ്ധിക്കുന്നതായി നമുക്ക് കാണാൻ കഴിയും. ഈ പ്രമേയത്തെ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു, വാക്കുകൾ ഉപസംഹരിക്കുന്നു.

4.18 PM]

ശ്രീ. പി. ടി. എ. റഹീം: സർ, ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. ഗവർണറുടെ പ്രസംഗത്തിലെ 3, 9 ഖണ്ഡികകളിലെ ഏതാനും ഭാഗം വിട്ടുപോയിട്ടുണ്ടെന്നും ആയത് ചർച്ചചെയ്യേണ്ടതില്ലെന്നുമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുന്നത്. ഗവർണറുടെ പ്രസംഗത്തിലെ മൂന്നാമത്തെ ഖണ്ഡിക, 'കഴിഞ്ഞ വർഷം, കേരള സംസ്ഥാനത്തിനെതിരെ നിരവധി പ്രചരണങ്ങൾ, പ്രത്യേകിച്ച്, സാമൂഹ്യ മാധ്യമങ്ങളിലും പരമ്പരാഗത മാധ്യമങ്ങളിലും വന്നുകൊണ്ടിരുന്നു. രാജ്യത്തെ മികച്ച ക്രമസമാധാനമുള്ള സംസ്ഥാനമായിരുന്നിട്ടുകൂടി ചില വർഗ്ഗീയ സംഘടനകൾ ചില നിസ്സാരകാരണങ്ങളാൽ ഭാരതത്തിലാകമാനം ഒരുമാസക്കാലം പ്രചരണം നടത്തുകയുണ്ടായി. കേരളീയർ ഒന്നടങ്കം ഈ പ്രചരണത്തിനെതിരെ ഹാഷ് ടാഗോടെ പ്രതികരിക്കുകയുണ്ടായി' എന്നതാണ്. ഒമ്പതാമത്തെ ഖണ്ഡികയിൽ പറയുന്ന, 'കഴിഞ്ഞ ഒരു വർഷക്കാലത്ത്, വിവിധ കേന്ദ്രങ്ങളിൽനിന്നും സംസ്ഥാനത്തിന്റെ മതേതര പാരമ്പര്യങ്ങൾക്കെതിരായി അപകീർത്തികരമായ ആക്രമണങ്ങൾ ഉണ്ടാകുകയും സാമൂഹ്യ മേഖലയിലെ നേട്ടങ്ങൾക്കെതിരെ സംശയങ്ങൾ ഉയർത്തുകയും ക്രമസമാധാനനില സംബന്ധിച്ച് ദുരാരോപണങ്ങൾ ഉന്നയിക്കുകയും ചെയ്തു. എന്നാൽ, നമ്മുടെ പാരമ്പര്യങ്ങളും നേട്ടങ്ങളും സംരക്ഷിക്കുന്നതിനായി കേരള ജനത ഐക്യത്തോടെ നിലകൊണ്ടു. രാജ്യത്തെ ക്രമസമാധാന പാലനത്തിൽ കേരളം പ്രഥമ സ്ഥാനത്ത് നിലകൊള്ളുന്നു എന്നും ജീവിത നിലവാരത്തിൽ രാജ്യത്ത് ഉന്നതസ്ഥാനത്ത് നില്ക്കുന്നു എന്നും ഒരിക്കൽകൂടി തിരിച്ചറിയുകയുണ്ടായി.

ചില വർഗ്ഗീയ സംഘടനകൾ ആസൂത്രണം ചെയ്തിരുന്നുവെങ്കിൽപോലും, നമ്മുടെ സംസ്ഥാനത്ത് യാതൊരു രീതിയിലുമുള്ള വർഗ്ഗീയ ലഹളകളും ഉണ്ടായിട്ടില്ല' എന്ന ഭാഗം ചർച്ചചെയ്യേണ്ടതില്ലെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ നേരത്തെ സൂചിപ്പിച്ചത്. ഞങ്ങൾ അതുമാത്രമേ ചർച്ചചെയ്യാൻ ഉദ്ദേശിക്കുന്നുള്ളൂ. അങ്ങനെ വിട്ടുപോയത് പൂരിപ്പിക്കാനാണ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഈ മന്ത്രിസഭയും ഞങ്ങൾ 92 ആളുകളും ഇവിടെ ഇരിക്കുന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മാത്രമല്ല ഗവർണ്ണറുടെ പ്രസംഗത്തിന്റെ നന്ദിപ്രമേയം പാസ്സാകുന്നതിനുമുമ്പുതന്നെ വിട്ടുപോയ രണ്ടു ഖണ്ഡികകൾ പൂരിപ്പിക്കാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ബാലൻ ഇന്ന് റൂൾ 300 അനുസരിച്ച് പ്രസ്താവന നടത്തുകയുണ്ടായി. മഹാത്മാഗാന്ധിയുടെ 70-ാം രക്തസാക്ഷി ദിനം ഒരുവർഷം നീണ്ടുനിൽക്കുന്ന പരിപാടികളോടുകൂടി ആഘോഷിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. അതിന്റെ ഉദ്ദേശ്യം എന്നത് ഗവർണ്ണറുടെ പ്രസംഗത്തിൽ വിട്ടുപോയ ഭാഗങ്ങൾ പൂരിപ്പിക്കൽ തന്നെയാണ്. ഒരു വർഷം നീണ്ടുനിൽക്കുന്ന രക്തസാക്ഷി ദിനാഘോഷത്തിന്റെ ലക്ഷ്യം തന്നെ

വിട്ടുപോയ ഭാഗം പൂരിപ്പിക്കാനാണ് എന്നുള്ളത് മാത്രമല്ല, ജനങ്ങളെ ബോധവത്കരിക്കാൻ കൂടിയാണ്. ഞങ്ങളുടെ വിമാനം ഒരിക്കലും ലേറ്റാകില്ല. അത് കൃത്യസമയത്ത് ഉദ്ദിഷ്ടസ്ഥലത്ത് എത്തുകതന്നെ ചെയ്യും. ബഹുമാനപ്പെട്ട ശ്രീ. ജോൺ ഫെർണാണ്ടസ് ഇവിടെ പറഞ്ഞതുപോലെ പ്രതിപക്ഷം വലിയ നിരാശയിലാണ്. ഇന്നാണ് പ്രതിപക്ഷം 'ഓഖി ദുരന്തം' അടിയന്തരപ്രമേയമായി അവതരിപ്പിക്കാൻ തയ്യാറായത്. ഇന്നലെ പെരിന്തൽമണ്ണയിലെ ലീഗ് ഹൗസ് തകർത്തതായിരുന്നു വലിയ വിഷയം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി റൂൾ 300 അനുസരിച്ച് ഇന്നൊരു പ്രസ്താവന നടത്തും എന്നു മനസ്സിലാക്കിയപ്പോഴാണ് ഓഖിയുടെ ഗൗരവത്തെ സംബന്ധിച്ച് പ്രതിപക്ഷത്തിന് ബോധം വന്നത്. ലീഗിനെ പേടിച്ചിട്ടാണോ എന്നറിയില്ല, ഓഖി ദുരന്തത്തെ സംബന്ധിച്ച് ഒരു അടിയന്തരപ്രമേയം അവതരിപ്പിക്കാൻ പ്രതിപക്ഷത്തിന് ഇന്നലെ സാധിച്ചില്ല. എല്ലാറ്റിലും നിരാശപൂണ്ട പ്രതിപക്ഷം ഓരോരോ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്. ലോക കേരള സഭയിൽ ഞാനും പങ്കെടുത്തിരുന്നു. ചില ആളുകൾ ഒന്നാം ക്ലാസ്സിലെ കുട്ടികൾ പറയുംപോലെ 'ഞങ്ങൾ പിന്നിലായിപ്പോയി, എന്നെ അങ്ങേപ്പുറത്താക്കി, ഇങ്ങേപ്പുറത്താക്കി' എന്നുപറയുകയാണ്. ആ യോഗത്തിൽ പങ്കെടുത്ത ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുവന്ന ആളുകൾ ആ സമ്മേളനത്തെ സംബന്ധിച്ച് പറഞ്ഞത് ലോകത്തുതന്നെ ഇതുപോലെ ഒരു സഭ ഇതുവരെ വിളിച്ചുകൂട്ടിയിട്ടില്ല എന്നാണ്. നമ്മൾ വിദേശത്തുപോയാൽ അവർ നമ്മളെ മാന്യമായി സ്വീകരിക്കുകയും ആർഭാടമായി കൊണ്ടുപോയി താമസിപ്പിച്ച് എല്ലാ സൗകര്യങ്ങളും ചെയ്തുതരികയും ചെയ്യുമ്പോൾ അവരെയും ആ രീതിയിൽ നമ്മൾ സ്വീകരിക്കണ്ടേ? അവർ കുറച്ച് മുന്നിലും നമ്മൾ കുറച്ച് പിന്നിലുമായിപ്പോയാൽ എന്താണ് കുഴപ്പം? എന്നെ പിന്നിലാക്കി എന്നുപറഞ്ഞ് ഇറങ്ങിപ്പോകുന്ന ആളുകൾ മനസ്സിലാക്കേണ്ടത് അവരോടുള്ള ബഹുമാനക്കുറവാണ് നിങ്ങൾ കാണിക്കുന്നത് എന്നാണ്.

പ്രതിപക്ഷം ഇവിടെ നടത്തുന്ന എല്ലാ സമരങ്ങളും പരാജയമാണ്. ഗെയിലിനെ സംബന്ധിച്ച് നേരത്തെ ഇവിടെ പറഞ്ഞു. ഗെയിലിനെ സംബന്ധിച്ചിടത്തോളം രണ്ട് അഭിപ്രായമുണ്ട്. അത് അഫക്ട് ചെയ്യുന്ന ആളുകൾക്ക് പ്രശ്നങ്ങളുണ്ട്, അത് പരിഹരിച്ചുകൊടുക്കണം. നേരത്തെ ഇടതുപക്ഷം ഗെയിൽ പദ്ധതി വേണ്ട എന്നാണ് പറഞ്ഞിരുന്നത്. പക്ഷേ, അതിനുശേഷം ഒരു കാര്യമുണ്ടായി. ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഒരു സർവ്വകക്ഷി യോഗം വിളിച്ചുകൂട്ടിയാണ് ഗെയിൽ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചത്. ആരാണ് അതിന് അലൈൻമെന്റുണ്ടാക്കിയത്? അലൈൻമെന്റ് ഉണ്ടാക്കിയപ്പോൾ നമ്മൾ ആലോചിക്കേണ്ടതായിരുന്നു. അതിന്റെ 90 ശതമാനം പ്രവൃത്തിയും പൂർത്തിയായതിനുശേഷം അവിടെ പ്രശ്നമുണ്ടാക്കുന്നതാണ് ഗുരുതരമായ വിഷയം. ഗെയിൽ സമരത്തിൽ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും പ്രതിപക്ഷനേതാവുമടക്കം എല്ലാവരും പോയിട്ട് അവസാനം

ഞങ്ങൾ ഈ സമരം ഏറ്റെടുക്കില്ല എന്നുപറയേണ്ട ഒരു സാഹചര്യമുണ്ടായി. കാരണം ജനങ്ങൾ ആ കാപട്യം മനസ്സിലാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി സർവ്വകക്ഷിയോഗം വിളിച്ച് ചർച്ചചെയ്തതിനുശേഷമാണ് 60 മീറ്ററുള്ള ദേശീയപാത 45 മീറ്ററിൽ മതിയെന്ന് തീരുമാനിച്ചത്. എല്ലാവരുംകൂടി തീരുമാനിച്ചതാണ്. വീണ്ടും അതിനെതിരായി ഒരു ശബ്ദമുണ്ടാക്കുന്നത് ശരിയല്ല. ഭരണപക്ഷത്തായാലും പ്രതിപക്ഷത്തായാലും വികസന കാര്യത്തിൽ ഒരേ അഭിപ്രായമാണ് വേണ്ടത്. ചുരം സമരം നടത്തിയത് എന്തിനാണ്? ചുരത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷമാണ് സമരം നടത്തിയത്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും പ്രതിപക്ഷനേതാവുമടക്കം എല്ലാവരും അവിടെചെന്ന് സമരം നടത്തിയിട്ടും അവസാനം ആ സമരവും പൊളിഞ്ഞ് പാപ്പരായി. സമരങ്ങളുണ്ടാക്കാൻ എന്തെല്ലാം ശ്രമങ്ങൾ നിങ്ങൾ നടത്തിയിട്ടുണ്ടോ അവയെല്ലാം പരാജയപ്പെടുകയാണ് ചെയ്തത്. ബാറിനെ സംബന്ധിച്ച് ചില അംഗങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആരാധനാലയങ്ങളിൽനിന്നും 200 മീറ്റർ അകലെ എന്നത് 50 മീറ്ററാക്കി കുറച്ചു. അങ്ങനെ ഒരു ഓർഡറില്ല. മതസംഘടനകളെ വിളിച്ച് യോഗം ചേർന്നു. ഇപ്പോൾ മതസംഘടനകൾക്ക് മുഖ്യമന്ത്രിയെ നേരിട്ട് ബന്ധപ്പെട്ട് കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. ഇതുസംബന്ധിച്ചുള്ള ഉത്തരവ് എവിടെ എന്നാണ് അവർ ചോദിച്ചത്. സ്കൂളുകളിൽനിന്നും ആരാധനാലയങ്ങളിൽ നിന്നും ബാറുകളുടെയും കള്ളുഷാപ്പുകളുടെയും ദൂരം 200 മീറ്ററിൽ നിന്നും 50 മീറ്ററാക്കി കുറച്ചിട്ടുണ്ടെന്നുപറഞ്ഞ് മതസംഘടനകളുടെ യോഗം വിളിച്ചുകൂട്ടി സമരം നടത്താൻ പുറപ്പെട്ടിട്ട് എന്തുകൊണ്ടാണ് നടക്കാതെ പോയത്? അങ്ങനെ ഒരു ഉത്തരവില്ല എന്നുള്ളതുകൊണ്ടാണ്. ഈ ഗവൺമെന്റിനോട് ചോദിക്കാൻ അവർ പ്രാപ്തരായിരിക്കുന്നു. അവർ ചോദിക്കുകയും കാര്യങ്ങൾ മനസ്സിലാക്കുകയും ചെയ്യുന്നുണ്ട്. മറ്റൊരു സമരം നടത്താൻ ലീഗ് ശ്രമിച്ചത് മദ്രസകൾ പൂട്ടാൻ വേണ്ടിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് മതനേതാക്കന്മാർ ചോദിച്ചത് അങ്ങനെയൊരു അഭിപ്രായമുണ്ടോ എന്നാണ്. അങ്ങനെയൊരു കാര്യത്തെക്കുറിച്ച് ആലോചിച്ചിട്ടുപോലുമില്ലെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. ഇപ്പോൾ ജുവനൈൽ ജസ്റ്റിസ് ആക്ടിനെ സംബന്ധിച്ച് സമരം ചെയ്യാൻ ലീഗ് എല്ലാ ആളുകളെയും വിളിച്ചുകൂട്ടി. ആ സമരം പരാജയപ്പെട്ടതിന് കാരണം എന്താണ്? ഡോ. എം. കെ മുനീർ ആ വകുപ്പ് ഭരിക്കുമ്പോഴാണ് അതെല്ലാമുണ്ടായത്. പണ്ഡിതന്മാർ ചോദിച്ചത് നിങ്ങൾ ഭരിക്കുമ്പോഴല്ലേ ആ ഉത്തരവുണ്ടായത് എന്നാണ്. നേരത്തെ ബഹുമാനപ്പെട്ട വി.എസ്. അച്ചുതാനന്ദന്റെ ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവ് മാറ്റിയത് കഴിഞ്ഞ ഗവൺമെന്റാണ്. അതുകൊണ്ടാണ് ഈ പ്രശ്നമുണ്ടായത്. മതസംഘടനകളെ യോജിപ്പിച്ച് നടത്താൻ തീരുമാനിക്കുന്ന എല്ലാ സമരങ്ങളും അതിദയനീയമായി പരാജയപ്പെട്ടു കൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് എന്ത് ചെയ്യണമെന്നറിയാതെ നട്ടം തിരിയുകയാണ് പ്രതിപക്ഷം എന്നുപറഞ്ഞത്. ബി.ജെ.പി. ആണ് മുഖ്യ ശത്രു എന്ന് സി.പി.ഐ.(എം) പ്രഖ്യാപിച്ചു. ലീഗ് പറയുന്നത് സി.പി.ഐ.(എം) ആണ്

മുഖ്യശത്രു എന്നാണ്. അതുകൊണ്ട് സി.പി.ഐ.(എം) പ്രഖ്യാപിച്ച നയം തന്നെയാണ് ശരിയെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മുത്തലാഖ് ശരിയായ ഒരു നടപടിക്രമമല്ല, പക്ഷേ അത് ഉയർത്തിക്കൊണ്ടുവരുന്ന ബി.ജെ.പി.-യുടെ ലക്ഷ്യം വേറെയാണ് എന്ന നിലപാടാണ് സി.പി.ഐ.(എം) സ്വീകരിച്ചത്. അവസാനം അത് അവിടെത്തന്നെ എത്തിയില്ലേ? അപ്പോൾ സി.പി.ഐ.(എം) സ്വീകരിച്ച നിലപാടാണ് ശരി. കോൺഗ്രസ്സാണ് ശരിയെങ്കിൽ എന്തുകൊണ്ടാണ് ശ്രീ. അഹമ്മദ് പട്ടേൽ ഗുജറാത്തിലെ ഒരു സ്റ്റേജിൽപോലും കയറി പ്രസംഗിക്കാത്തത്? ന്യൂനപക്ഷങ്ങളെ അകറ്റി നിർത്തിയാലേ ജയിക്കൂ എന്നാണ് കോൺഗ്രസ്സ് വിചാരിക്കുന്നത്. ബി.ജെ.പി.യെ തടുത്തുനിർത്താം, കാരണം അവർ ശത്രുക്കളാണ്. എന്നാൽ ന്യൂനപക്ഷങ്ങളോട് അകലം പാലിച്ചാൽ മാത്രമേ ഗുജറാത്ത് തെരഞ്ഞെടുപ്പിൽ ജയിക്കൂ എന്ന സമീപനമാണ് കോൺഗ്രസ്സുകൾ സ്വീകരിക്കുന്നത്. അതുകൊണ്ട് കോൺഗ്രസ്സിനെയാണ് യഥാർത്ഥത്തിൽ ഭയപ്പെടേണ്ടത്. ബി.ജെ.പി. ഏതായാലും നമ്മുടെ ശത്രുക്കളാണ്. മുസ്ലീം സംഘടനകളെ ഒരുമിച്ചുനിർത്താൻ കഴിയാത്ത ലീഗാണ്. ഏതെങ്കിലും ഒരു സംഘടനയുടെ യോഗത്തിൽ പോയാൽ 'അങ്ങോട്ട് പോകാൻ പാടില്ല' എന്നാണ് മറ്റുള്ള സംഘടനയിലുള്ളവർ പറയുന്നത്. മുസ്ലീം സംഘടനയിൽപ്പെട്ട എല്ലാവർക്കും വഖഫ് സ്വത്തുക്കളുണ്ട്. എന്നാൽ വഖഫ് ബോർഡിന്റെ ചെയർമാൻ മറ്റേ യോഗത്തിൽ പോകരുതെന്നാണ് ഇവർ പറയുന്നത്. ഇവരുടെ യോഗത്തിൽ പോകാൻ പാടില്ലെന്നാണ് മറ്റേ സംഘടനയിലുള്ളവർ പറയുന്നത്. ഇങ്ങനെ സ്വന്തം സമൂഹത്തിൽപ്പെട്ട ആളുകളുടെ യോഗത്തിൽ പരസ്പരം പങ്കെടുക്കാൻ സാധിക്കാത്ത, അതിന് ഏകീകരണം നടത്താൻ സാധിക്കാത്ത ലീഗ് എങ്ങനെയാണ് മുസ്ലീങ്ങളെ സംരക്ഷിക്കാൻ പോകുന്നത് എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി പ്രമേയത്തെ പിന്താങ്ങികൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. എതിർക്കാനുള്ള പ്രധാനപ്പെട്ട കാരണം ഗവർണറുടെ പ്രസംഗത്തിൽ പുതുമ വളരെ കുറവാണ് എന്നതാണ്. ഈ ഗവൺമെന്റിനെ അട്ടിമറിച്ചുകളയാം എന്നുള്ള തെറ്റിദ്ധാരണ വച്ചുകൊണ്ടല്ല ഞാൻ ഇങ്ങനെ വിമർശിക്കുന്നത്. ഈ ഗവൺമെന്റിന് കാലാവധി തീരുംവരെ നില്ക്കാൻ സാധിക്കട്ടെ. എന്നാൽ രണ്ടുകൊല്ലക്കാലംകൊണ്ട് ഈ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ഇതേ രൂപത്തിലാണ് മുന്നോട്ടു പോകുന്നതെങ്കിൽ കേരളത്തെ പിറകോട്ടടിക്കും എന്നുള്ളതാണ് കേരള സമൂഹത്തിന്റെ പുതുചിന്ത. നന്ദിപ്രമേയത്തിൽ എല്ലാവരും വാനോളം പുകഴ്ത്തിയ സ്വപ്നപദ്ധതികളായി നില്ക്കുന്ന കായിക ക്ഷമതാ മിഷൻ, ഓപ്പറേഷൻ ഒളിമ്പ്യ, സ്പോർട്സ് യൂണിവേഴ്സിറ്റി, ഗ്രീൻ പ്രോട്ടോക്കോളിന്റെ ഭാഗമായി വിറകിനു പകരം ഗ്യാസ്, മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടുകൂടി ഡാറ്റാ ബാങ്കിംഗ്, അമൂൽ മോഡലിൽ റബ്ബർ മേഖലയ്ക്കുവേണ്ടി

ഒരു സഹകരണ സംവിധാനം തുടങ്ങി കുറെ കാര്യങ്ങൾ ഗവർണർ കഴിഞ്ഞ പ്രാവശ്യവും ഇപ്രാവശ്യവും പറഞ്ഞു. അങ്ങനെ ആവർത്തനമാണെങ്കിൽ ഇനിവരുന്ന മൂന്നാം കൊല്ലവും നാലാം കൊല്ലവും പറയും. അങ്ങനെ ഒരു ആവർത്തനച്ചവയോടുകൂടി ഗവർണറെക്കൊണ്ട് പ്രസംഗിപ്പിച്ചത് ശരിയായില്ല. ഗവർണർതന്നെ അതിൽ പലതും ഒഴിവാക്കിയത് ഇവിടെ ചർച്ചചെയ്തു. ഒരിക്കൽ കൂടി അത് ആവർത്തിക്കുന്നില്ല. പക്ഷേ, ഗവർണർപറഞ്ഞ കാര്യങ്ങൾ നേരത്തെ പറഞ്ഞിട്ടുള്ളതാണ്. പറഞ്ഞതുതന്നെ വീണ്ടും പറഞ്ഞുകൊണ്ടിരിക്കുകയാണ്. പണ്ട് പറഞ്ഞത് നടപ്പാക്കിയിട്ടുമില്ല. അതുകൊണ്ടാണ് ഞാൻ ഇവിടെ വായിച്ച നേരത്തെ പറഞ്ഞ ആറേഴ് കാര്യങ്ങൾ ഗവർണറുടെ പ്രസംഗത്തിൽ വന്നിട്ടും ഒന്നും നടപ്പാക്കിയിട്ടില്ലെന്ന് ഞാൻ പറഞ്ഞത്. അപ്പോൾ വെറുതെ ചർവ്വിതചർവ്വണംപോലെ ഗവർണറെക്കൊണ്ട് ഇംഗ്ലീഷിൽ പറയിപ്പിക്കുന്നു എന്നുള്ളതല്ലാതെ അതിൽനിന്നും വ്യത്യസ്തമായി ഒന്നുമില്ല എന്നതാണ് പ്രധാനപ്പെട്ട പ്രശ്നം.

എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടാണ് സംസാരിക്കേണ്ടത്. ഇക്കൂട്ടത്തിൽ ടീമിന്റെ ക്യാപ്റ്റൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. സ്വാഭാവികമായും ടീമിനുണ്ടാകുന്ന ഒരു വിജയം മുഖ്യമന്ത്രിയുടെകൂടി വിജയമായി ഞാൻ കാണുന്നു. ഈ ടീമിന് മൊത്തത്തിലുണ്ടാകുന്ന ക്ഷീണം അത് മുഖ്യമന്ത്രി എങ്ങനെ ആഗ്രഹിച്ചാലും മുഖ്യമന്ത്രിക്കുകൂടി ചെറിയ ക്ഷീണമായിത്തന്നെ വരും. കയ്യേറ്റവുമായി ബന്ധപ്പെട്ടവരിൽ രണ്ടുമൂന്ന് പ്രധാനപ്പെട്ട ആളുകൾ ഈ സഭയിലുള്ളവരാണ്. അവരുടെ പേര് പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അവരെക്കുറിച്ചാണ് വിവാദങ്ങളുള്ളത്. സഭയിലുള്ളവരായതിനാൽ പേരെടുത്തു പറഞ്ഞ് എന്റെ പ്രസംഗത്തിൽ റെക്കോർഡ് ചെയ്യാൻ ആഗ്രഹിക്കാത്തതുകൊണ്ട് ആ പേരുകൾ പറയുന്നില്ല. കയ്യേറ്റത്തിന്റെ കാര്യത്തിൽ ഒരാൾ അല്ലെങ്കിൽ വേറൊരാൾ കോടതിയുടെ തിണ്ണ കയറിക്കൊണ്ടിരിക്കുന്നു. അത് സർക്കാരിന് ഭൂഷണമാണോ? സർക്കാർ അതിന് അതീതമായി നിൽക്കണം. കേരളത്തിലെ മൂന്നരക്കോടിയോളം വരുന്ന ജനങ്ങളുടെ അഭിലാഷങ്ങൾ സാധൂകരിക്കുന്ന വിധത്തിൽ ഉയർന്നുചിന്തിക്കേണ്ട ഒരു സർക്കാർ ഇങ്ങനെയുള്ള, വേണമെങ്കിൽ പ്രതിവർഗ്ഗത്തിൽ എന്നുപറയാവുന്ന ആളുകളുടെ കൂട്ടത്തിലേയ്ക്ക് പോകുന്നത് ഗുണകരമാണോ? വാട്ടർ തീം പാർക്ക്, ഹോട്ടൽ തുടങ്ങിയ കാര്യങ്ങളായാലും നമ്മുടെ സമൂഹത്തിന് ഗുണകരമായ സന്ദേശമാണോ അത് നൽകുന്നത്? സ്വാധീനമുള്ള ആളുകൾക്ക് എന്തും ചെയ്യാം എന്നൊരു നിലപാട് വരുന്നത് ഗുണകരമാണോ? അവിടെയാണ് പ്രധാനപ്പെട്ട പ്രശ്നം. ഒരു സർക്കാർ അധികാരത്തിൽ വന്നു, അധികാരത്തിലിരിക്കുന്നതിന് ഇനിയും അവകാശമുണ്ട്, കാലാവധി തീരുന്നതുവരെ അധികാരത്തിലിരിക്കുകയും ചെയ്യാം. പക്ഷേ സ്വാധീനമുള്ള ആളുകൾക്ക് എന്തും ചെയ്യാൻ കഴിയത്തക്കവിധത്തിൽ സർക്കാർ ഒരു സമീപനം സ്വീകരിക്കുന്നു എന്നുപറയുന്നത് ശരിയാണോ? അതുകൊണ്ട് അത് തിരുത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം.

നീലക്കുറിഞ്ഞി വിവാദത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കൊട്ടകമ്പൂർ വില്ലേജിൽ 344.50 ഏക്കർ ഭൂമിയുമായി ബന്ധപ്പെട്ട് 99 ഫയലുകൾ പണ്ട് വിജിലൻസ് വകുപ്പ് പിടിച്ചെടുത്തതാണ്; ഇതുസംബന്ധിച്ച് 45 എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുകയും ചെയ്തു. അങ്ങ് ചിലപ്പോൾ അതിനെക്കുറിച്ചെല്ലാം കൃത്യമായി പരിശോധിച്ചിട്ടുണ്ടാവില്ല എന്നാണ് എനിക്ക് തോന്നുന്നത്; അത് പരിശോധിക്കണം. അങ്ങനെ കയ്യേറ്റം നടന്നിട്ടുണ്ടെങ്കിൽ, അത് ആരുമാകട്ടെ, വലിയ ജനപ്രതിനിധി ആകട്ടെ, പാർലമെന്റിൽ പോകുന്ന ആളോ ആരുമാകട്ടെ, രണ്ട് കണ്ണും മൂടിക്കെട്ടി നീതിപൂർവ്വം ഒരു സ്ത്രീ വാളുമായി നിൽക്കുന്നതാണ് നിയമത്തിന്റെ ചിഹ്നം, അങ്ങനെയെങ്കിൽ ഈ തെറ്റ് ചെയ്തിട്ടുള്ളത് ആരാണെന്ന് പരിശോധിക്കണം, കയ്യേറ്റക്കാർ ആരാണെന്ന് പരിശോധിക്കണം; ഇഷ്ടക്കാരെന്നോ അടുപ്പമുള്ള ആളുകളെന്നോ നോക്കേണ്ട, നീതിപൂർവ്വം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം. അത് സ്വീകരിക്കാത്തതിന്റെ വിഷമവും അതിലുള്ള പ്രതിഷേധവുമാണ് ഞങ്ങൾ രേഖപ്പെടുത്തുന്നത്. അതല്ലാതെ ഞാൻ നേരത്തെ പറഞ്ഞതുപോലെ, ഇപ്പോൾ ഈ സർക്കാരിനെ അട്ടിമറിക്കണമെന്ന് ഞങ്ങൾക്കുമില്ല, ആർക്കും അങ്ങനെയൊരു താൽപ്പര്യമില്ല. പക്ഷേ സർക്കാർ മുന്നോട്ട് പോകുന്നിടത്തോളംകാലം ഇക്കാര്യങ്ങളൊക്കെ പരിശോധിച്ച് ഇതിലെ ശരിയും തെറ്റും മനസ്സിലാക്കി പോകുന്നതിനുള്ള നടപടിയുണ്ടാകണം.

ഒരു മന്ത്രി വായിൽ തോന്നുന്നത് എന്തും പറയുന്നത് ശരിയാണോ? ശ്രീ. അടൂർ പ്രകാശ് സംസാരിച്ചപ്പോൾ സബ് കളക്ടറെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. സബ് കളക്ടർ എന്നുപറയുന്നത് സിവിൽ സർവ്വീസിലെ ഹയറാർക്കിയിൽ എവിടെയാണ് നിൽക്കുന്നത്? സബ് കളക്ടർ എന്നുപറയുന്നത് ജൂനിയർ ഓഫീസർ അല്ലേ? ഒരു മന്ത്രി എന്നുപറയുന്നത് പ്രോട്ടോക്കോളിൽ എത്രയോ വലുതാണ്. അങ്ങനെ നിൽക്കുന്ന ഒരാൾ താഴെത്തട്ടിലുള്ള ഒരു ഉദ്യോഗസ്ഥനെക്കുറിച്ച് പരസ്യമായി പറയുന്ന കാര്യങ്ങൾക്ക് ചില പരിമിതികളുണ്ടാകണം. അയാളെ ഊളമ്പാറയ്ക്ക് വിടേണ്ടതാണ് എന്നൊക്കെ പറയുന്നത് ശരിയാണോ? ആ ഉദ്യോഗസ്ഥന്റെ ഔട്ട്പുട്ട് എന്തായിരിക്കും; ആ ഉദ്യോഗസ്ഥൻ ജനങ്ങളുടെ മുന്നിൽ എങ്ങനെ നിൽക്കും? മന്ത്രിതന്നെ പറയുകയാണ് അയാളെ ഊളമ്പാറയ്ക്ക് വിടണമെന്ന്. അങ്ങനെ വരുമ്പോൾ നാട്ടുകാർ അയാളെ 'വട്ടാ' എന്നല്ലേ വിളിക്കൂ. അങ്ങനെ വിളിക്കുന്ന ഒരു സബ് കളക്ടർക്ക് എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ? സബ് കളക്ടർ എന്നുപറയുന്നത് അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് ആണ്. അദ്ദേഹത്തിന് ലാ ആന്റ് ഓർഡറിന്റെ ചാർജ് കൂടിയുണ്ട്. ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് - കളക്ടർ, അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് -സബ് കളക്ടർ എന്നുള്ളതാണ് പദവി. അയാൾക്ക് ക്രിമിനൽ ആക്ടിവിറ്റിയിൽ വരുന്ന ആളുകളെ നിയന്ത്രിക്കുന്നതിന് നിയമത്തിന്റെ

പിന്തുണയുണ്ട്. ഞാൻ പറയുന്നതിനുള്ള മറുപടി മുഖ്യമന്ത്രി നിയമസഭയിൽ പറയണമെന്നില്ല. പക്ഷേ മുഖ്യമന്ത്രി ആ വകുപ്പുമന്ത്രിയെ വിളിക്കണം. ഇതുപോലുള്ള ആളുകളെ പരസ്യമായി അപമാനിച്ച് അവരുടെ മനസ്സ് കെടുത്തുന്ന നടപടി കേരളത്തിന് ഗുണകരമല്ല.

മൂന്നാർ മേഖലയെക്കുറിച്ച് പറയാൻ കാരണമെന്താണ്? മൂന്നാർ വളരെ സെൻസിറ്റീവ് ഏരിയയാണ്. തമിഴ്നാട്ടിലേയ്ക്ക് മൂന്നാർ കൊണ്ടുപോകണമെന്ന് പറയുന്ന ഒരു മൂവ്മെന്റ് അവിടെ നടക്കുന്നുണ്ട്. അതിൽ എത്ര ആളുകളുണ്ട് എന്നുള്ളത് മൂന്നാറിനെ പ്രതിനിധീകരിക്കുന്ന എം.എൽ.എ. ശ്രീ. എസ്. രാജേന്ദ്രന് അറിയാം. അത് വലിയ സെൻസിറ്റീവ് ഏരിയയാണ്. അതിൽനിന്നും കേരളത്തെയും കേരളത്തിന്റെ മണ്ണിനെയും കാത്തു സൂക്ഷിക്കേണ്ട ഒരു വ്യക്തിയെ പരസ്യമായി ജനങ്ങളുടെ മുന്നിൽ അപമാനിച്ച് 'അയാൾ വെറുമൊരു ഭ്രാന്തൻ' എന്നുള്ള നിലയിലാക്കുന്നത് ശരിയാണോ? കേരള ക്യാബിനറ്റിൽ വളരെ സ്വാധീനമുണ്ടെന്ന് ജനങ്ങൾ ധരിക്കുന്ന ഒരു മന്ത്രിയുടെ നാവിൽനിന്നും ഇതുപോലുള്ള വാചകങ്ങൾ വന്നാൽ ആ ഭരണകർത്താവിന് എന്ത് വിലയാണ് ഉണ്ടാകുക? അങ്ങനെ നമ്മുടെ സിവിൽ സർവ്വീസിനെ ചവിട്ടിത്തേച്ച്, ഉദ്യോഗസ്ഥവൃന്ദത്തെ അപമാനിക്കുന്നത് ശരിയാണോ? എന്റെ കൈവശം ഒരു പത്രമുണ്ട്. അതിൽ നമ്മുടെ പ്രിയപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി നടത്തിയ ഒരു പ്രസംഗത്തിൽ 'അവിടെ അവന്റെയൊക്കെ കൂടെ ആരാണ്......' എന്നുള്ളത് പത്രത്തിൽ വന്നതാണെങ്കിലും എനിക്ക് അത് വായിക്കാൻ മനസ്സ് തോന്നുന്നില്ല. കാരണം, നമ്മൾ ബഹുമാനിക്കുന്ന, ഞാൻ ബഹുമാനിക്കുന്ന, ഒട്ടനവധി ആളുകൾ ഇരിക്കുന്ന ഈ സ്ഥലത്ത്, ഇവിടെ റിപ്പോർട്ട് എഴുതുന്ന ഈ സഹോദരിമാർ ഇരിക്കുന്ന ഈ സ്ഥലത്ത് ഞാൻ അത് വായിക്കുന്നത് ശരിയല്ല. പക്ഷേ 'കാട്ടിലാണ് പണി, മറ്റേപണിയാണ്' എന്നൊക്കെ ഒരു മന്ത്രി പറയുന്നത് ശരിയാണോ? അങ്ങ് ശാസിക്കണം; അങ്ങാണ് ഈ ടീമിന്റെ ക്യാപ്റ്റൻ. അങ്ങ് ആ മന്ത്രിയെ വിളിച്ചുവരുത്തി അത് ശരിയല്ലെന്ന് പറയണം. ഇത് പിണറായി സർക്കാരിന്റെ പ്രതിച്ഛായയെ ബാധിക്കുമെന്നതുകൊണ്ട് അതിന് വിരുദ്ധമായി നിൽക്കുന്ന നടപടികൾ സാധ്യമല്ല എന്ന് അങ്ങ് പറയണം; അവരെ നിലയ്ക്ക് നിർത്തുന്നതിനുള്ള നടപടിയുണ്ടാകണം. അവരെ അറിഞ്ഞോ അറിയാതെയോ പ്രോത്സാഹിപ്പിക്കുന്ന സമീപനമെടുക്കരുത് എന്നാണ് എന്റെ ശക്തമായ അഭിപ്രായം.

ഇവിടെ ഒരു കേസ് പിൻവലിക്കാൻ പോകുകയാണെന്ന് പറഞ്ഞു. അങ്ങാണ് ഈ സഭയുടെ നായകൻ, ഈ സഭയുടെ നാഥൻ. 'ഈ സഭയിൽ 13-03-2015-ൽ രാവിലെ 8.50-ഓടുകൂടി ചില പ്രതിപക്ഷാംഗങ്ങൾ ആരോപണവിധേയനായ

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി ബജറ്റ് അവതരണത്തിൽനിന്ന് പിന്മാറണമെന്നാവശ്യപ്പെട്ട് മുദ്രാവാക്യം വിളിച്ച് ബഹളമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിൽ കയറി കൂട്ടംകൂടി ഡയസ്സിലുള്ള പ്രവേശനകവാടത്തിൽ മാർഗ്ഗതടസ്സം സൃഷ്ടിക്കുകയും സ്പീക്കറുടെ കസേര മറിച്ചിടുകയും മേശപ്പുറത്തുള്ള മൈക്ക്, കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഇലക്ട്രോണിക്സ് ഉപകരണങ്ങൾ നശിപ്പിക്കുകയും ചെയ്തു. തുടർന്ന് സഭയിലെ...' എന്നുതുടങ്ങി അന്നത്തെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളാണ്. എന്തിനാണ് ആ കേസ് പിൻവലിച്ചത്? അങ്ങ് ആവശ്യപ്പെട്ടിട്ടാണോ? അങ്ങാണ് ഈ സഭയുടെ നാഥൻ. 'Place of occurrence' എന്നുപറയുന്നത് ഈ സഭയാണ്. അതിന് ഏതാണ്ട് മൂന്നരക്കോടി മലയാളികൾ സാക്ഷികളാണ്. ലൈവ് ടെലികാസ്റ്റിൽ ഇതെല്ലാം അവർ കണ്ടതാണ്. പിണറായി സർക്കാരിന്റെ സൽപ്പേരിന് അത് ഗുണം ചെയ്യുമോ എന്നാണ് എനിക്ക് അങ്ങയോട് ചോദിക്കാനുള്ളത്. ഗുണം ചെയ്യില്ല എന്നുള്ളതാണ് എന്റെ പക്ഷം. കാരണം ഇത്രയും ജനങ്ങൾ, മൂന്നരക്കോടി ജനങ്ങൾ ഒരേപോലെ കണ്ട ഒരു കാര്യം, ആ കേസ്സിനകത്തെ പ്രതിവർഗ്ഗത്തിൽപ്പെട്ട ഒരാളുടെ അപേക്ഷ വാങ്ങിവച്ചുകൊണ്ട് അങ്ങ് നിയമോപദേശത്തിന് വിട്ടുവെന്നാണ് മാധ്യമത്തിൽനിന്നും അറിയുന്നത്. ഇത് ശരിയാണോ? ഉപ്പ് തിന്നവർ വെള്ളം കുടിക്കുമെന്ന് അങ്ങ് നേരത്തെ പറഞ്ഞിട്ടുണ്ട്. ഞാനും ആ അഭിപ്രായക്കാരനാണ്. ആ അഭിപ്രായത്തോട് ഒരു വിട്ടുവീഴ്ചയുമില്ലാത്ത ഒരാളാണ് ഞാൻ. തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അത് പോകേണ്ട വഴിക്കുതന്നെ പോകട്ടെ, അവിടെ വച്ച് നീതിന്യായ കോടതി തീരുമാനിക്കട്ടെ. അതല്ലാതെ ഭരണത്തിലെ സ്വാധീനം ഉപയോഗിച്ച് കുറുക്കുവഴിയിലൂടെ രക്ഷപ്പെടുത്തുന്നതിനുള്ള സമീപനം അങ്ങയെപ്പോലുള്ള ഒരാൾ സ്വീകരിക്കരുതെന്നാണ് എന്റെ അഭ്യർത്ഥന. നിയമസമാധാനം ആരംഭിക്കേണ്ടത് ജനാധിപത്യത്തിന്റെ ഈ കളരിയിൽ നിന്നാണ്. ഇത് ജനാധിപത്യത്തിന്റെ ഏറ്റവും വലിയ ക്ഷേത്രമാണ്. അതുകൊണ്ട് ജനാധിപത്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സ്ഥലത്ത് ഇത്രയും നിയമവിരുദ്ധമായൊരു പ്രവർത്തനം നടത്തിയിട്ട് കുറുക്കുവഴിയിലൂടെ കേസ് പിൻവലിച്ചാൽ സാധാരണക്കാരായ ജനങ്ങൾ ഇവിടത്തെ ലാ ആന്റ് ഓർഡറിനെക്കുറിച്ച് എന്താണ് ചിന്തിക്കേണ്ടത്? അതുകൊണ്ട് അതുപോലുള്ള തെറ്റുകൾ ഉണ്ടാകരുത്.

എന്റെ നിയോജകമണ്ഡലത്തിലും ശ്രീ. കെ. സുരേഷ് കുറുപ്പ് എം.എൽ.എ.-യുടെ നിയോജകമണ്ഡലത്തിലും രണ്ട് ദമ്പതികളെ കാണാതായിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ അറവുപുഴ ആറിന്റെ അപ്പുറത്തെ കര, പ്രാതിനിധ്യം കൃത്യമായി പരിശോധിച്ചാൽ ശ്രീ. കെ. സുരേഷ് കുറുപ്പ്. എം.എൽ.എ.യുടെ നിയോജകമണ്ഡലം, അവിടത്തെ ദമ്പതികളെ കാണാതായി. കൂടാതെ എന്റെ നിയോജകമണ്ഡലത്തിലെ കൊല്ലാട് നിന്നും ദമ്പതികളെ കാണാതായി. കാണാതായവരെക്കുറിച്ച് യാതൊരു വിവരവും ലഭിച്ചിട്ടില്ല. ദയവായി അവരെ

കണ്ടുപിടിക്കുന്നതിനുള്ള നടപടി ഊർജ്ജിതപ്പെടുത്തണം. അവരെ കണ്ടുപിടിക്കുന്നതിനായി ചില കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് എനിക്ക് അറിയാം. പക്ഷേ അവർ എങ്ങനെ തിരോധാനം ചെയ്തു എന്നതുസംബന്ധിച്ച് അറിയേണ്ടതുണ്ട്. അവരുടെ വീട്ടുകാരെല്ലാം വളരെയേറെ ആശങ്കയിലാണ്.

38000 ഏക്കർ ഇ.എഫ്.എൽ.-മായി ബന്ധപ്പെട്ട വിഷയത്തിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സുശീല ആർ. ഭട്ടിനെ നിയമിച്ച് കേസ് വാദിച്ച് ജയിച്ചതാണ്. ഇതുസംബന്ധിച്ച് വനം വകുപ്പുമന്ത്രി പറയുമെന്നാണ് ഞാൻ കരുതിയത്. കേരള ചരിത്രത്തിൽ ആദ്യമായാണ് അങ്ങനെയൊരു കേസ് വിജയിച്ചത്. ആ കേസുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ അപ്പീൽ നൽകുമ്പോൾ ഏറ്റവും പ്രഗത്ഭരായ വക്കീലൻമാരെ നിയമിക്കണം. ഇത്തരം കാര്യങ്ങളിൽ ഏറ്റവും പ്രഗത്ഭരായ വക്കീലൻമാരുടെ സഹായമാണ് അങ്ങ് തേടുന്നതെന്ന് അറിയാം. ഏറ്റവും പ്രഗത്ഭരായ വക്കീലൻമാരുടെ സഹായം തേടി കേരളത്തിന്റെ താൽപ്പര്യം പരിരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം, അതിനാവശ്യമായ നിർദ്ദേശം നൽകണമെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ നന്ദിപ്രമേയത്തെ എതിർക്കുകയാണ്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ബഹുമാന്യനായ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളം നാളിതുവരെ കൈവരിച്ച വികസന നേട്ടങ്ങളൊക്കെ നയപ്രഖ്യാപന പ്രസംഗത്തിൽ ഗവർണർ എണ്ണിയെണ്ണി അവതരിപ്പിച്ചിട്ടുണ്ട്. നമ്മൾ അഭിമാനപൂർവ്വം പറയുന്ന കേരള മോഡലിന്റെ ശക്തിയും ദൗർബല്യങ്ങളുമൊക്കെ വിശകലനം ചെയ്ത് പുതിയ കാലം ആവശ്യപ്പെടുന്ന വിധത്തിൽ നമ്മുടെ സാദ്ധ്യതകളും മുൻഗണനാക്രമങ്ങളുമെല്ലാം രൂപപ്പെടുത്തുന്നതിനുള്ള ശരിയായ കാഴ്ചപ്പാട് ഉൾച്ചേർത്തുകൊണ്ടുള്ള നയപ്രഖ്യാപനമാണ് ഇവിടെ നടന്നത്. അതുകൊണ്ടാണ് ഞങ്ങളൊക്കെ നയപ്രഖ്യാപനത്തെ പിന്തുണയ്ക്കുന്നത്. കഴിഞ്ഞ ഇരുപത് മാസക്കാലത്തെ സർക്കാരിന്റെ നേട്ടങ്ങളെക്കുറിച്ച് ഭരണപക്ഷത്തുനിന്ന് സംസാരിച്ചവർ എണ്ണിയെണ്ണി പറഞ്ഞിട്ടുണ്ട്. ആദ്യ നയപ്രഖ്യാപനത്തിലും പിന്നീട് അവതരിപ്പിച്ച ബജറ്റിലുമൊക്കെ പ്രഖ്യാപിച്ച കാര്യങ്ങൾ ഓരോന്നും യാഥാർത്ഥ്യ മാക്കുന്നതിനോ യാഥാർത്ഥ്യമാക്കുന്നതിന് തുടക്കമിട്ടതോ ആയ അനുഭവമാണ് നമ്മുടെ മുമ്പാകെയുള്ളത്. ഒരു ഉദാഹരണം നേരത്തെ ഇവിടെ ആരോ സൂചിപ്പിച്ചു. സമ്പൂർണ്ണ വൈദ്യുതീകരണത്തിന് പഴയ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തുടക്കമിട്ടെങ്കിലും പിന്നീട് അഞ്ച് വർഷക്കാലം യു.ഡി.എഫ്. ഭരിച്ചപ്പോൾ ഒന്നും ചെയ്തില്ല. അത് പൂർണ്ണതയിലേയ്ക്ക് എത്തിക്കാൻ ഈ ഗവൺമെന്റ് അധികാരത്തിൽ വരേണ്ടിവന്നു. ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ

വൈദ്യുതീകരണം യാഥാർത്ഥ്യമാക്കിയ സംസ്ഥാനമാണ് നമ്മുടേത്. അതുപോലെ ഇന്റർനെറ്റ് ലഭ്യതയെ സംബന്ധിച്ചും പറഞ്ഞു. ഇന്റർനെറ്റ് ലഭ്യത ഉറപ്പാക്കലല്ല, അത് വ്യക്തികളുടെ അവകാശമായി പ്രഖ്യാപിക്കുകയാണ് ചെയ്തത്. ഇത്രയും ജനസാന്ദ്രതയുള്ള സംസ്ഥാനമായിട്ടും വെളിയിട വിസർജ്ജ്യ വിമുക്ത സംസ്ഥാനം എന്നുള്ള സ്റ്റാറ്റസ് നേടിയെടുക്കാൻ നമുക്ക് കഴിഞ്ഞു. ഇന്ത്യയിൽ ആദ്യമായി ഒരു സംസ്ഥാനം ട്രാൻസ്ജെൻഡർ നയം ആവിഷ്കരിച്ച് നടപ്പാക്കിയത് ഈ ഗവൺമെന്റിന്റെ നേതൃത്വത്തിലാണ്. സ്ത്രീകൾക്ക് പ്രത്യേക വകുപ്പ്, ജെൻഡർ ബജറ്റിംഗ് തുടങ്ങിയവയ്ക്കായി ബജറ്റിൽ 16 ശതമാനം വിഹിതം മാറ്റിവച്ചത് ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തിനും അവകാശപ്പെടാനാവുന്നതല്ല.

ക്രമസമാധാനരംഗത്ത് ഒന്നാം സ്ഥാനം നേടിയത് ഇന്ത്യാ ടുഡേയിൽ വന്നുവെന്നുള്ളതല്ല പ്രത്യേകത. ഒരു സംസ്ഥാനത്തിന്റെ ക്രമസമാധാനം തുലച്ചുകളയാൻ കേന്ദ്രഭരണാധികാരികൾ തന്നെ നേരിട്ടുവന്ന അനുഭവം ഇവിടെയുണ്ടായിട്ടുണ്ട്. നാട്ടിലാകെ സംഘർഷമുണ്ടാക്കാൻ വിഷം ചീറ്റുന്ന വർഗ്ഗീയ പ്രചരണവുമായി കേന്ദ്രം ഭരിക്കുന്ന കക്ഷിയുടെ അഖിലേന്ത്യാദ്ധ്യക്ഷനും മറ്റുചില സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും കേന്ദ്ര മന്ത്രിമാരും എം.പി.മാരും കേരളത്തിലങ്ങോളമിങ്ങോളം നടന്നല്ലോ. അങ്ങനെയുള്ള ശ്രമങ്ങളെയൊക്കെ പ്രതിരോധിച്ചുകൊണ്ടാണ് ഈ നാട്ടിൽ സമാധാനവും ശാന്തിയും സർക്കാർ ഉറപ്പുവരുത്തിയത്. ഇതാണ് അതിന്റെ പ്രത്യേകത.

ഇവിടെ ശ്രീ. കെ. എൻ. എ. ഖാദർ സൂചിപ്പിച്ചു, ഈ ഗവൺമെന്റിന് ഒരു ബദൽ ഉണ്ടാകുമെന്ന്. പക്ഷേ ഒരു ബദലും ഉണ്ടായിട്ടില്ല. ഒരു ബദലുണ്ട്. അങ്ങ് നേരത്തെ ഓക്സ്ഫാമിന്റെ പഠനത്തെക്കുറിച്ച് പറഞ്ഞു. ആ പഠനത്തിൽ ലോകത്താകെയുള്ള സമ്പദ്ഘടനയിലുണ്ടായ മാറ്റങ്ങളെക്കുറിച്ചു മാത്രമല്ല ഇന്ത്യയെക്കുറിച്ചും പറഞ്ഞു. അതായത്, ലോകത്തെ സമ്പത്ത് മുഴുവൻ ഏതാനും ആളുകളുടെ കയ്യിൽ കേന്ദ്രീകരിക്കുന്ന പ്രവണത ഗ്ലോബലൈസേഷന്റെ ഭാഗമായി വരുന്നതാണ്. അത് ഏറ്റവും രൂക്ഷമായി നടപ്പായ ഒരു രാജ്യം ഇന്ത്യയാണ്. ഇന്ത്യയിലുള്ള ആകെ സമ്പത്തിന്റെ 73 ശതമാനം നിയന്ത്രിക്കുന്നത് ഒരു ശതമാനം വരുന്ന ഇന്ത്യക്കാരാണ്. ആ പഠനത്തിന്റെ ഭാഗമായി താങ്കൾ നിരീക്ഷിച്ചതൊക്കെ ശരിയാണ്. അക്കാര്യത്തിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി ഒരു ബദൽ ഉയർത്തുന്നത് കേരളമാണെന്നുള്ള പ്രത്യേകത കൂടിയുണ്ട്. കേരളത്തിലാണ് അത്തരത്തിലുള്ള കേന്ദ്രീകരണമില്ലാത്തത്. അതിനെ പ്രതിരോധിക്കാൻ കേരള സർക്കാർ എന്താണ് ചെയ്യുന്നത്? സർക്കാരിന്റെ എക്സ്പെൻഡിച്ചർ വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. അത് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിനുണ്ട്, ക്ഷേമപദ്ധതികളുടെ ഭാഗമായിട്ടുണ്ട്. ജനങ്ങളുടെ കയ്യിൽ

പണമെത്തിക്കാനുള്ള ബദൽ നയം ഈ സർക്കാർ നടപ്പിലാക്കുന്നതിനാലാണ് ഈ തോതിലുള്ള സമ്പത്തിന്റെ കേന്ദ്രീകരണം മറ്റ് സ്റ്റേറ്റുകളുമായി അനലൈസ് ചെയ്യുമ്പോൾ കേരളത്തിൽ കാണാൻ സാധിക്കാത്തത്. അങ്ങനെയുള്ള സ്റ്റേറ്റുകൾ കേരളവും ത്രിപുരയുമൊക്കെയാണ്. അതിൽ ത്രിപുര ഇപ്പോൾ അല്പം മുന്നിലാണെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ വളരെ നാളുകളായി ഇടതുപക്ഷ ഗവൺമെന്റ് ഭരിക്കുന്ന സംസ്ഥാനമായതുകൊണ്ടാണ്. കേരളത്തിൽ ഇടതുപക്ഷ ഭരണത്തിന് ഇടവേളകളുണ്ട്. കേരളത്തിൽ ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് ഇപ്പോൾ രണ്ടുവർഷമായിട്ടേയുള്ളൂ. ഈ ഭരണത്തിന് തുടർച്ചയുണ്ടായാൽ ഗംഭീരമായ മുന്നേറ്റം ഇവിടെയുമുണ്ടാകും. ഇവിടെ പ്രതിപക്ഷം എന്താണ് ചെയ്തു കൊണ്ടിരിക്കുന്നത് എന്നതും പരിശോധിക്കണമല്ലോ. ഭരണപക്ഷവും പ്രതിപക്ഷവും കൂടിച്ചേരുമ്പോഴാണല്ലോ ഒരു ജനാധിപത്യം സഫലവും സമ്പൂർണ്ണവുമായിത്തീരുന്നത്. എന്തെങ്കിലും ആത്മാർത്ഥതയോടുകൂടിയാണോ നിങ്ങൾ ഓരോ പ്രശ്നവും ഉന്നയിച്ച് സർക്കാരിനെ ആക്ഷേപിക്കാനും പ്രവർത്തനങ്ങൾ തടസ്സപ്പെടുത്താനും ശ്രമിക്കുന്നത്? ഓഖിയുടെ കാര്യത്തിൽ എന്ത് ആത്മാർത്ഥതയാണ് നിങ്ങൾക്കുള്ളത്? ആത്മാർത്ഥയുണ്ടായിരുന്നെങ്കിൽ റൂൾ 50 ആയി ആ വിഷയം ആദ്യമേ ഇവിടെ കൊണ്ടുവരേണ്ടതായിരുന്നു. ഞങ്ങൾ അതിന് പ്രാധാന്യം കൊടുത്തതുകൊണ്ടാണ് സഖാവ് എസ്. ശർമ്മ ഇന്നലെ ആ വിഷയം ശ്രദ്ധക്ഷണിക്കലായി കൊണ്ടുവന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദമായി മറുപടിയും പറഞ്ഞു. ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി റൂൾ 300 അനുസരിച്ച് പ്രത്യേക പ്രസ്താവന നടത്തുകയും ചെയ്തു. എല്ലാ സ്റ്റാറ്റിസ്റ്റിക്സും വിശദാംശങ്ങളും അതിലുണ്ടായിരുന്നു. നേരത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കയ്യിൽ ജീവൻ നഷ്ടപ്പെട്ടവരുടെയും മറ്റും കണക്കുകളില്ലെന്നാണ്. നിങ്ങളുടെ പ്രമേയാവതാരകന്റെ കയ്യിൽ എന്തെങ്കിലും കണക്കുണ്ടായിരുന്നോ; ഒന്നും ഉണ്ടായിരുന്നില്ല, വെറുതെ പറയുന്നതാണ്. നിങ്ങൾ ഇന്നലെ പറഞ്ഞത് ഒന്നേകാൽ രൂപയുടെ പൂട്ടിട്ട് പൂട്ടിയ ലീഗിന്റെ ഓഫീസിലെ ബഞ്ചൊടിഞ്ഞു, ഏതോ പോളിടെക്നിക്കിലെ കുട്ടികൾ അവിടേയ്ക്ക് കല്ലെറിഞ്ഞു എന്നൊക്കെയാണ്. അതായിരുന്നോ ഇന്നലെ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. വളരെ സങ്കുചിതമായ രാഷ്ട്രീയ കാര്യങ്ങൾക്കുവേണ്ടി നിങ്ങൾ തമ്മിലുള്ള തർക്കത്തിന്റെയും മറ്റും അടിസ്ഥാനത്തിലല്ലേ നിങ്ങൾ ആ പ്രശ്നം ഉന്നയിച്ചത്? ഇങ്ങനെയാണ് നിങ്ങൾ ഓരോ ജനകീയ പ്രശ്നങ്ങളെയും കാണുന്നത്. ഗവൺമെന്റിന്റെ നേട്ടങ്ങളോരോന്നുമായാണ് ഞങ്ങൾ വന്നത്. കഴിഞ്ഞ ദിവസം കേരളത്തിന്റെ വിദ്യാഭ്യാസ വകുപ്പുമന്ത്രി കോഴിക്കോട് വന്ന് ഒരു സ്കൂളിന്റെ ശിലാസ്ഥാപനം നടത്തിയിരുന്നു. അതാണ് യു.ഡി.എഫ്, എൽ.ഡി.എഫ്. ഗവൺമെന്റുകൾ തമ്മിലുള്ള വ്യത്യാസം.

ശ്രീ. എം. ഉമ്മർ: സർ, ഈ മാറിയ സാഹചര്യത്തിൽ കോടികളുടെ കണക്കുകൾ പറയുമ്പോൾ ഒന്നേകാൽ രൂപയുടെ പൂട്ടിട്ട് പൂട്ടിയ ലീഗിന്റെ ചെറിയ ഓഫീസ് നിങ്ങളുടെ കണ്ണിന് പിടിക്കുന്നുണ്ടാവില്ല. പഴയ കാലത്തെക്കുറിച്ച് നിങ്ങൾ ഓർത്താൽ മതി. അന്നത്തെ സി.പി.ഐ.(എം)-ന്റെ ഓഫീസ് തകർത്താലുണ്ടാകുന്ന വേദന എത്രയാണെന്ന് ആലോചിച്ചാൽ മതി.

ശ്രീ. എ. പ്രദീപ്കുമാർ: ഓഫീസിന്റെ വിലയല്ല പറഞ്ഞത്. ഒന്നേകാൽ രൂപയുടെ പൂട്ടിട്ട് പൂട്ടിയതാണെന്ന് നിങ്ങളാണ് പറഞ്ഞത്. അത് ഞാനിവിടെ പറഞ്ഞെന്ന് മാത്രമേയുള്ളൂ. എത്ര വിലമതിക്കുന്നതാണെങ്കിലും ഓഖി ചുഴലിക്കാറ്റുമായി ബന്ധപ്പെട്ട് ആളുകൾക്കുണ്ടായ ജീവഹാനിക്കും അവിടെയുണ്ടായ ദുരന്തത്തിനും ഞങ്ങൾ അതിനെക്കാൾ വിലമതിക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, 2013 നവംബർ 1-ാം തീയതി ശ്രേഷ്ഠഭാഷാ ദിനത്തിൽ അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ അടച്ചുപൂട്ടാൻ ഉത്തരവിടുകയും മാനേജർക്ക് ബുൾഡോസർ വച്ച് തകർക്കാൻ അരങ്ങൊരുക്കിക്കൊടുക്കുകയും ചെയ്ത സ്കൂൾ ഈ ഗവൺമെന്റ് വന്നപ്പോൾ ഏറ്റെടുത്തു. രണ്ട് കോടി രൂപ ചെലവിൽ കെട്ടിട നിർമ്മാണം ആരംഭിച്ചു. അതാണ് എൽ.ഡി.എഫ്.ഉം യു.ഡി.എഫ്.ഉം തമ്മിലുള്ള വ്യത്യാസം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലെ ഇവിടെ സംസാരിച്ച ആളുകൾ നയപ്രഖ്യാപനത്തെ അധികമൊന്നും വിമർശിച്ചിട്ടില്ല. അങ്ങ് സ്പോർട്സ് വകുപ്പ് കൈകാര്യം ചെയ്ത ആളാണ്. അന്ന് നിങ്ങൾ കൈകാര്യം ചെയ്തതുപോലെയല്ല ഇപ്പോഴത്തെ സ്ഥിതി. ഇന്ന് ഇൻഡ്യയിൽ ഏറ്റവും വിലപിടിപ്പുള്ള ഫുട്ബോൾ താരമായ ശ്രീ. സി. കെ. വിനീതിന് ജോലി നൽകിയത് ഈ ഗവൺമെന്റാണ്. നാഷണൽ ഗെയിംസിൽ സൈക്ലിംഗിൽ ഗോൾഡ് മെഡൽ നേടിയ മത്സ്യത്തൊഴിലാളി കുടുംബത്തിലെ കുട്ടിക്ക് സൈക്കിൾ വാങ്ങി നൽകണമെന്ന നിവേദനവുമായി വന്നിട്ട് അങ്ങ് അത് പരിഹരിച്ചില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, വസ്തുതാവിരുദ്ധമായ കാര്യങ്ങൾ പറയരുത്. വ്യക്തിഗത ഇനങ്ങളിൽ സ്വർണ്ണ മെഡൽ നേടിയ മുഴുവൻ ആളുകൾക്കും കഴിഞ്ഞ ഗവൺമെന്റ് ജോലി നൽകി. ഫയൽ പരിശോധിച്ചാൽ നിങ്ങൾക്ക് അക്കാര്യം മനസ്സിലാകും. ഗ്രൂപ്പ് ഐറ്റത്തിൽ സ്വർണ്ണ മെഡൽ നേടിയ ആളുകൾക്ക് മാത്രമാണ് ഈ ഗവൺമെന്റിന്റെ കാലത്ത് ജോലി നൽകേണ്ടിവന്നത്. കാരണം ഒരു ഗ്രൂപ്പിൽ 11 മുതൽ 18 വരെ അംഗങ്ങളുണ്ടാകും. ജോലി നൽകാനുള്ള തീരുമാനം ഞങ്ങളെടുത്തുവെങ്കിലും അത് നടപ്പിലാക്കിയത് നിങ്ങളായിരുന്നുവെന്ന് മാത്രമേയുള്ളൂ.

ശ്രീ. എ. പ്രദീപ്കുമാർ : എന്റെ മണ്ഡലത്തിൽ 'അഞ്ജിത' എന്ന കുട്ടി നാഷണൽ ഗെയിംസിൽ ഗോൾഡ് മെഡലിസ്റ്റായിരുന്നു. സ്വന്തമായി സൈക്കിളില്ലാതെ വായ്പയെടുത്ത് വാങ്ങിയ സൈക്കിൾ ഓടിച്ചാണ് ഗോൾഡ് മെഡൽ നേടിയത്. അവർക്ക് സ്വന്തമായി സൈക്കിൾ നൽകാനുള്ള നിവേദനവുമായി വന്നിരുന്നു. ഈ വിഷയം ഞാൻ മുമ്പ് ഉന്നയിച്ചിരുന്നതാണ്, വീണ്ടും പറയേണ്ടിവന്നു. അത് അന്നത്തെ ഗവൺമെന്റ് കൊടുത്തില്ല. അതിൽനിന്ന് ഈ ഗവൺമെന്റ് വ്യത്യസ്തമാണ്.

ഇവിടെ ശ്രീ. കെ. എൻ. എ. ഖാദർ, ശ്രീ. എൻ. ഷംസുദ്ദീൻ എന്നിവർ കുറച്ച് ക്ലാസ്സെടുത്തു. അത് രാഷ്ട്രീയമാണ്. ബി.ജെ.പി.-യെ തോൽപ്പിച്ച് ഇൻഡ്യയുടെ അധികാരത്തിൽനിന്ന് പുറന്തള്ളണമെന്നാണ് പറഞ്ഞത്. ഒരു മതേതര രാജ്യമായ ഇൻഡ്യയിൽ മതനിരപേക്ഷതയുടെ ശത്രുപക്ഷത്തുനിൽക്കുന്ന, സവർണ്ണ വർഗ്ഗീയ ഫാസിസത്തെ അംഗീകരിക്കുന്ന ഒരു കൂട്ടം ആളുകൾ നിൽക്കുന്നത് ഒട്ടും ശരിയല്ലെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. അതിന് കോൺഗ്രസുമായി ചേരുകയല്ലാതെ മാർഗ്ഗമില്ല എന്ന നിലയിലാണ് പറഞ്ഞത്. ഞാനൊരു കാര്യം ചോദിക്കട്ടെ, കോൺഗ്രസിന്റെ പ്രശ്നമെന്താണ്? ബി.ജെ.പി.-ക്കും വർഗ്ഗീയതയ്ക്കുമെതിരായ സമരത്തിൽ നയംകൊണ്ടും ചെയ്തികൾകൊണ്ടും വിശ്വാസ്യതയുള്ള ഒരു ക്രെഡിബിൾ ലീഡർഷിപ്പ് അല്ല കോൺഗ്രസ് എന്നുള്ളതാണ് പ്രശ്നം. അല്ലാതെ അവരുടെ വ്യക്തിപരമായ ഇഷ്ടാനിഷ്ടത്തിന്റെ പ്രശ്നമല്ല. മുസ്ലീംലീഗ് അഖിലേന്ത്യാതലത്തിൽ പടർന്നുപന്തലിച്ചിട്ടില്ലെങ്കിലും യു.പി., ബംഗാൾ എന്നിങ്ങനെ ചില സംസ്ഥാനങ്ങളിലെങ്കിലും ഐ.യു.എം.എൽ.-ന് യൂണിറ്റുണ്ടല്ലോ. ഒരു പഞ്ചായത്തിലെങ്കിലും ലീഗ് കോൺഗ്രസിനോടൊപ്പമുണ്ടോ? കോൺഗ്രസ് എവിടെയെങ്കിലും നിങ്ങളെ കൂട്ടാറുണ്ടോ? മൃദുഹിന്ദുത്വ നിലപാട് സ്വീകരിക്കുന്ന കോൺഗ്രസ് കേരളത്തിന് പുറത്തെവിടെയും ലീഗിനെ അടുപ്പിക്കാറില്ല. ബംഗാളിലെ മുസ്ലീം ലീഗിന്റെ മുൻ സംസ്ഥാന പ്രസിഡന്റായിരുന്ന നൂറുൽ സമാൻ കഴിഞ്ഞ പാർലമെന്റ് ഇലക്ഷനിൽ ബി.ജെ.പി. സ്ഥാനാർത്ഥിയായി മത്സരിച്ചിരുന്നു, അങ്ങനെയൊക്കെയുണ്ട്. ശ്രീ. കെ.എൻ.എ. ഖാദറും ശ്രീ. എൻ. ഷംസുദ്ദീനും നേരത്തെ ഭയങ്കര ക്ലാസ്സാണെടുത്തത്. അതുകൊണ്ട് നിങ്ങളാകെ കുഴപ്പമാണെന്നല്ല പറഞ്ഞത്. മുസ്ലീം ലീഗ് കോൺഗ്രസിന്റെ കൂടെകൂടിയിട്ട് ഒരു കാര്യവുമില്ല എന്നുള്ളതാണ് മനസ്സിലാക്കേണ്ടത്.

ശ്രീ. കെ. എൻ. എ. ഖാദർ നേരത്തെ കോർപ്പറേറ്റുകളുടെ ഭരണം എന്ന് പറഞ്ഞു, അതുതന്നെയാണ് പ്രശ്നം. ആ കോർപ്പറേറ്റുകളുടെ ഭരണമാണ് ഇവിടെ കോൺഗ്രസ് നടത്തിയതും ഇപ്പോൾ ബി.ജെ.പി. നടത്തുന്നതും. ആ സാമ്പത്തികനയം മാറ്റാൻ അവർ തയ്യാറുണ്ടോ? ഈ നാടിന്റെ സമ്പദ്ഘടനയെയും

പൊതുമേഖലയെയും തകർത്ത നയത്തിൽ കോൺഗ്രസും ബി.ജെ.പി.യും ഒന്നാണെന്ന കാര്യത്തിൽ അങ്ങേയ്ക്ക് വിയോജിപ്പുണ്ടോ? അതുപോലെതന്നെ കൽക്കരി കുംഭകോണം, സ്പെക്ട്രം കുംഭകോണം തുടങ്ങിയ അഴിമതികൾ നടത്താൻ ആഗ്രഹമുള്ളവർ അവിടെ ഇരുന്നതുകൊണ്ടുമാത്രം ഉണ്ടായതല്ല. അതിനെക്കാൾ അപ്പുറത്ത് അഴിമതിക്ക് കളമൊരുക്കുന്ന ഒരു സാമ്പത്തിക നയം നടപ്പിലാക്കിയതിന്റെ ഭാഗമായാണ്. ആ സാമ്പത്തികനയം പുനഃപരിശോധിക്കാൻ നിങ്ങൾ തയ്യാറാകുമോ? അതിന്റെ ഉപോൽപ്പന്നമാണ് വർഗ്ഗീയത. അതിന്റെ ഭാഗമായാണ് ഇവർ വന്നിരിക്കുന്നത്. അവിടെ നയമാണ് പ്രശ്നം. മൃദുഹിന്ദുത്വ സമീപനമല്ലേ കോൺഗ്രസിനുള്ളത്? നമുക്ക് സ്ട്രോങ്ങായ സെക്കുലറായ നയമുണ്ടാകണം. നിങ്ങളിവിടെ നേരത്തെ ഗുജറാത്തിലെ ഇലക്ഷനെപ്പറ്റി മികവോടെ അവതരിപ്പിച്ചല്ലോ. ഗുജറാത്തിലെ ഇലക്ഷനിൽ എവിടെ നിന്നാണ് ശ്രീ. രാഹുൽ ഗാന്ധി ഇലക്ഷൻ കാമ്പയിൻ തുടങ്ങേണ്ടിയിരുന്നത്? മഹാത്മജിയുടെ സബർമതി ആശ്രമത്തിൽനിന്നാണ് തുടങ്ങേണ്ടിയിരുന്നത്. അതിനുപകരം ഏതോ ശിവക്ഷേത്രത്തിൽ പോയി നെറ്റിപിളർന്നതുപോലെയുള്ള സിന്ദൂര തിലകവും ചാർത്തിയാണ് തുടങ്ങിയത്. അത് ആർക്കുവേണ്ടിയാണ് ചെയ്തത്? ജവഹർലാൽ നെഹ്റുവായിരുന്നെങ്കിൽ അങ്ങനെ ചെയ്യുമായിരുന്നോ? നേരത്തെ ബാബ്റി മസ്ജിദിന്റെ കഥ പറഞ്ഞു. ജവഹർലാൽ നെഹ്റുവിനോട് രാമ വിഗ്രഹം ബാബ്റി മസ്ജിദിൽ കൊണ്ടുവയ്ക്കാൻ പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു, 'ഇത് സരയൂ നദിയിലാണ് ഒഴുക്കേണ്ടത് എന്നാണ്. രാമൻ അവസാനകാലത്ത് സമാധിയായത് അവിടെയാണ്. അതുകൊണ്ട് അവിടെയാണ് കിടക്കേണ്ടത് ഇവിടെയല്ലെന്ന് പറഞ്ഞു. രാജീവ് ഗാന്ധി അധികാരത്തിൽ വന്നപ്പോൾ പതുക്കെ അവിടെ കൊണ്ടുവന്ന് പൂജ നടത്താൻ തുടങ്ങി. പിന്നീട് നരസിംഹ റാവുവിന്റെ കാലത്ത് പള്ളി പൊളിക്കാൻ കൂടപിടിച്ചു. ആ തെറ്റായ നിലപാടിൽനിന്ന് പാഠം ഉൾക്കൊള്ളാൻ ഇവർ തയ്യാറായില്ല എന്നല്ലേ ഗുജറാത്തിൽ ശ്രീ. രാഹുൽ ഗാന്ധി ഇലക്ഷൻ കാമ്പയിനിന്റെ സമയത്തെടുത്ത നിലപാടിൽനിന്ന് വ്യക്തമാകുന്നത്? അതാണ് പ്രശ്നം. ഇൻഡ്യൻ രാഷ്ട്രീയത്തിന്റെ പ്രശ്നമെന്താണ്? ഇന്നത്തെ ബി.ജെ.പി.യുടെ വർഗ്ഗീയതയ്ക്കെതിരെ ശക്തമായ മതേതര മുന്നേറ്റത്തിന്റെ നേതൃത്വമായി കോൺഗ്രസിന് നിൽക്കാനുള്ള ക്രെഡിബിലിറ്റി ഇല്ലാതെ പോകുന്നത് ഈ നയ വൈകല്യം മൂലമാണ്. ആ നയം തിരുത്തണം. ബി.ജെ.പി.ക്കെതിരെ ശക്തമായ നിലപാട് സി.പി.ഐ.(എം)-ഉം ഇടതുപക്ഷവും കൈക്കൊള്ളുന്നതു കൊണ്ടല്ലേ ആ സി.പി.ഐ.(എം.)-ന്റെ ഏറ്റവും പ്രധാന ശക്തികേന്ദ്രമായ കേരളത്തിൽനിന്ന് അതിനെ ഉന്മൂലനം ചെയ്യാൻ ശ്രീ. അമിത് ഷായും സംഘവും ഇവിടത്തെ ഇടവഴിയിലൂടെ നടക്കാൻ വന്നത്? അപ്പോൾ നിങ്ങൾ സി.പി.ഐ.(എം.)-ന്റെ നേതാക്കളെ ഇകഴ്ത്തിക്കാണാനും അപമാനിച്ച് തകർക്കാനുമാണ് ശ്രമിക്കുന്നത്.

സി.പി.ഐ.(എം.) പോളിറ്റ് ബ്യൂറോ അംഗവും സംസ്ഥാന സെക്രട്ടറിയുമായ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ മകനുമായി ബന്ധപ്പെട്ട് വസ്തുതകളുമായി ഒരു ബന്ധവുമില്ലാത്ത കാര്യങ്ങൾ ഇന്നിവിടെ പ്രതിപക്ഷ നേതാവ് അവതരിപ്പിച്ചു. ഏതെങ്കിലും മാധ്യമങ്ങൾ ഉത്തരവാദിത്വമില്ലാതെ എന്തെങ്കിലും പ്രചരിപ്പിച്ചാൽ അതേറ്റെടുത്തുകൊണ്ടുവരേണ്ട ആളല്ല പ്രതിപക്ഷ നേതാവ്. അങ്ങനെ നാട്ടിൽ എവിടെ നിന്നെങ്കിലും ചെളി കോരി സഭയിൽ കൊണ്ടുവരേണ്ട ആളല്ല പ്രതിപക്ഷ നേതാവ്. സി.പി.ഐ.(എം.)-ന്റെ സംസ്ഥാന സെക്രട്ടറിയുടെ മകനുമായി ബന്ധപ്പെട്ട ഒരു തെറ്റായ വിവരം ഇവിടെ പ്രതിപക്ഷ നേതാവ് അവതരിപ്പിച്ചതിന്റെ വസ്തുത അറിയിക്കാൻവേണ്ടിയാണ് ഞാൻ പറഞ്ഞത്. ഇത് ബിനോയ് കോടിയേരിയുടെ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റാണ്. (ഒരു പേപ്പർ ഉയർത്തിക്കാണിച്ചു.) ഇത് ഇന്ന് അവിടെനിന്ന് ഇഷ്യൂ ചെയ്തതാണ്, ദുബായ് പോലീസിന്റേതാണ്. 'Govt. of Dubai, General Department of Criminal investigation, Police Clearance Certificate' ഇന്നത്തെ തീയതിയിൽ ഇഷ്യൂ ചെയ്തിരിക്കുന്നു. ഞാനത് വായിക്കാം. കള്ളത്തരം രാവിലെ രേഖപ്പെടുത്തിയതാണ്. അതുകൊണ്ട് ഇതും ഇവിടെ രേഖപ്പെടുത്തണം. " General Department of Criminal Investigation certifies that the above mentioned individual is of good conduct and behaviour until the issuance date of this certificate. This certificate issued upon individual's request." കള്ളപ്രചരണം നടത്തുന്ന സാഹചര്യത്തിൽ അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ച് ലഭിച്ച സർട്ടിഫിക്കറ്റാണിത്. വസ്തുത ഇതാണെന്നിരിക്കെ എന്തെല്ലാം കാര്യങ്ങളാണ് കളവായി പറഞ്ഞത്. ദുബായിൽ കേസുണ്ട്, ഇന്റർപോൾ അന്വേഷിക്കുന്നു, ട്രാവൽ ബാൻ ഉണ്ട് എന്നീ കാര്യങ്ങളെല്ലാം തെറ്റാണെന്നാണ് ഇത് കാണിക്കുന്നത്. വസ്തുത ഇതായിരിക്കെ സി.പി.ഐ.(എം)-നെയും അതിന്റെ നേതൃത്വത്തെയും സംസ്ഥാന സെക്രട്ടറിയെയും ഇകഴ്ത്തിക്കാണിക്കാൻ പ്രതിപക്ഷ നേതാവ് ശ്രമിച്ചതുകൊണ്ടാണ് ഞാൻ ഇക്കാര്യം പറഞ്ഞത്. ഇതുപോലൊരു സഭയിൽ ഒരു ശ്രദ്ധക്ഷണിയുമായി വരേണ്ട ആളല്ല കേരളത്തിന്റെ പ്രതിപക്ഷ നേതാവ് എന്ന കാര്യം സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u> : ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 ജനുവരി 30-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.01-ന് പിരിഞ്ഞു.)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്